# ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രം (എ.ഡി. 52–2007)

## (കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി)

ഒരു കോട്ടയ്ക്കൽ പ്രസിദ്ധീകരണം

**Indian Orthodox Church**
**A.D. 52-2007**
(Church History for the young world)

**By**

**Fr. Dr. Joseph Cheeran**

| | | |
|---|---|---|
| Publisher | : | **K. V. Mammen Kottackal**<br>Kottackal Publishers, P. B. 10,<br>Manganam<br>Kottayam - 686018<br>Phone: 0481 - 2578936 |
| First Published | : | Feb. 23, 2007 |
| Copy Right Reserved | | |
| Typesetting & Printing | : | Sophia Print House, Kottayam Ph: 3255054 |
| Cover | : | Equations, Kottayam Ph: 3203114 |

**Rs. 200/-**

# ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രം (എ.ഡി. 52–2007)

## (കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി)

**ഫാ. ഡോ. ജോസഫ് ചീരൻ**

പ്രസാധകൻ:

**കെ. വി. മാമ്മൻ**

**കോട്ടയ്ക്കൽ പബ്ളിഷേഴ്സ്**

മാങ്ങാനം, കോട്ടയം 686 018 കേരളം

ഫോൺ: 0481 – 2578936

## ഫാ. ഡോ. ജോസഫ് ചീരന്റെ ഗ്രന്ഥങ്ങൾ

1. കുട്ടികളുടെ മലങ്കരസഭ
2. ജഗദീശ് ചന്ദ്രബോസ്
3. മാർ ഇഗ്നാത്തിയോസിന്റെ സപ്ത ലേഖനങ്ങൾ (വിവ.)
4. സഭാജ്യോതിസ് – പ്രബന്ധങ്ങൾ (എഡിറ്റർ)
5. സഭാജ്യോതിസ് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് I
6. ഇന്ത്യൻ ഓർത്തഡോക്സ് സഭ
7. മലങ്കരസഭയും കേരള സംസ്കാരവും
8. മലങ്കരസഭയുടെ പ്രവാചകൻ
9. സഭയിലെ പ്രതിസന്ധികൾ (എഡിറ്റർ)
10. ഭാരതത്തിലെ പ്രാചീന ബൈബിൾ (എഡിറ്റർ)
11. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് (സഹഗ്രന്ഥകാരൻ)
12. ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും
13. ഒരു പരദേശയാത്രയുടെ കഥ (എഡിറ്റർ)
14. ബൈബിൾ ആധുനിക കവിതയിൽ
15. മലങ്കരസഭാ ചരിത്രത്തിലെ പടിയോലകൾ (അച്ചടിയിൽ)
16. പാലൂർ പ്രദേശങ്ങൾ: ചരിത്രവും സംസ്കാരവും (അച്ചടിയിൽ)
17. ഓർത്തഡോക്സ് പള്ളിപ്പാട്ടുകൾ (അച്ചടിയിൽ)
18. കണ്ടനാട്ട് ഗ്രന്ഥവരി (സംശോധനം, വ്യാഖ്യാനം)
19. മഹാത്മാവായ കർമ്മയോഗി
20. മാർ ദീവന്നാസ്യോസ് പുലിക്കോട്ടിൽ II
21. മലങ്കരസഭയും സിറിയൻ പാത്രിയർക്കീസന്മാരുടെ
    അധികാര ദുർവിനിയോഗവും (സഹഗ്രന്ഥകാരൻ)
22. പ്രതിവാരചിന്തകൾ
23. തെരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ
24. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ
25. ഓർത്തഡോക്സ് സണ്ടേസ്കൂൾ സഹായി (എഡിറ്റർ)
26. സഭാചരിത്ര നിഘണ്ടു (അച്ചടിയിൽ)
27. ഓർത്തഡോക്സ് സഭ: സംസ്കാര പഠനങ്ങൾ (ജന. എഡിറ്റർ)

1. സഭാദർശൻ (വീഡിയോ കാസറ്റ്)
2. എക്കാറ (ഓഡിയോ കാസറ്റ്)

# ആമുഖവും സമർപ്പണവും

ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ ചരിത്രം പ്രതിപാദിക്കുന്ന പുസ്തകങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും ഒട്ടും കുറവല്ല. ദീർഘങ്ങളും നാതിദീർഘങ്ങളുമായ ഒട്ടേറെ രചനകൾ ഈ വിഭാഗത്തിൽ ലഭ്യമാണ്. എന്നാൽ അവ പലതും ഒരു നൂറ്റാണ്ടിനു മുമ്പ് നിലവിലുള്ള വിശ്വാസങ്ങളെയും ധാരണകളെയും ഗവേഷണങ്ങളെയും മാത്രം അടിസ്ഥാനപ്പെടുത്തി രചിക്കപ്പെട്ടവയാണ്. മറ്റു ചില ചരിത്രങ്ങൾ വ്യവഹാരചരിത്രവും സാക്ഷിവിസ്താരവും ആധാരമാക്കി തയാറാക്കിയവയാണ്. വേറെ ചിലതാകട്ടെ, നവീകരണം, അന്ത്യോഖ്യൻ സ്വാധീനം, പ്രാദേശിക താല്പര്യങ്ങൾ എന്നിവയെ മുൻനിർത്തി എഴുതിയവയും. ഒരു ചരിത്രരചനയിൽ ഇവയെല്ലാം ആകാമെങ്കിലും അവയുടെ അനുപാതക്രമം സത്യസന്ധതയിലധിഷ്ഠിതമാവേണ്ടതുണ്ട്. കുട്ടികളെയും യുവാക്കളുടെയും ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രം എന്ന പുതിയ രചനയിൽ ചരിത്രരംഗത്ത് – സഭാചരിത്രരംഗത്തും ദേശചരിത്രരംഗത്തും – നാളിതുവരെ ഗവേഷണഫലമായുണ്ടായ അറിവുകളെ പരമാവധി പ്രയോജനപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. വെളിച്ചം വീശാത്ത പല നൂറ്റാണ്ടുകളിലേക്ക് ലഭ്യമായ അറിവുകളും നിഗമനങ്ങളും ഉപയോഗിച്ച് കഴിയുന്നത്ര വെളിച്ചം പ്രസരിപ്പിക്കുവാൻ യത്നിച്ചിട്ടുണ്ട്. അനായാസമായി ഉദ്ധരണികളുടെ പ്രമാണങ്ങൾ അറിയുവാൻ അവ അതത് സ്ഥലത്ത് ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു. വിശദപഠനത്തിന് ഗ്രന്ഥസൂചികയും നൽകിയിരിക്കുന്നു.

മലയാളം, ഇംഗ്ലീഷ്, സുറിയാനി – പൗരസ്ത്യവും പാശ്ചാത്യവും, കർസോനിയും – തുടങ്ങിയ ഭാഷകളിലെ അച്ചടി ഗ്രന്ഥങ്ങളോടൊപ്പം പല ഗ്രന്ഥപ്പുരകളിലും വെളിച്ചംകാണാതെ കിടന്നിരുന്ന നിരവധി കൈയെഴുത്തു ഗ്രന്ഥങ്ങളും പരിശോധിച്ചതിന്റെ പിൻബലം ഈ പുസ്തകരചനയിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. നിരണം ഗ്രന്ഥവരി, കണ്ടനാട്ട് ഗ്രന്ഥവരി തുടങ്ങിയ അപൂർവ സഭാചരിത്രഗ്രന്ഥങ്ങൾ, വത്തിക്കാൻ ലൈബ്രറിയിൽ ശേഖരിച്ചിരുന്ന ചില മലങ്കരസഭാചരിത്ര സംബന്ധിയായ കൈയെഴുത്തു സുറിയാനിരേഖകൾ, വട്ടെഴുത്തിൽ രേഖപ്പെടുത്തിയ ചില പടിയോലകൾ, കാനോനാകൾ എന്നിവ പരിശോധിച്ചതു മൂലം പല സഭാചരിത്ര രഹസ്യപ്പൂട്ടുകളും തുറക്കുവാൻ ഈ രചനയിൽ സാധിച്ചിട്ടുണ്ട്. അപ്രകാരം കണ്ടെത്തിയ രേഖകളുടെ സാംപിളുകളും അവയെക്കുറിച്ചുള്ള കുറിപ്പുകളും ഒടുവിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സംഭവങ്ങളെ കഴിയുന്നത്ര ക്രോണോളജിക്കൽ – കാലഗണനാ – ക്രമത്തിൽ അവതരിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. സംഭവ പ്രവാഹങ്ങളുടെ ഗതി സുഗമമാക്കാനായി പല ചർച്ചകളും ഒഴിവാക്കുന്നു. കൂടുതൽ പഠനം ആഗ്ര

ഹിക്കുന്നവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാവസരം നൽകിയിട്ടുമുണ്ട്. കുട്ടികളുടെ സഭാചരിത്രം എന്നതുകൊണ്ട് ചിത്രകഥാരചന പോലെയുള്ള രചനയാകണം ഇത് എന്ന് ഉദ്ദേശിച്ചിട്ടില്ല. സഭാചരിത്രം സ്വന്തമായി വായിച്ച് പഠിക്കാനാഗ്രഹിക്കുന്ന നവാഗതരെയാണ് കുട്ടികളെന്ന് ഇവിടെ ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥിപ്രസ്ഥാനം, യുവജനപ്രസ്ഥാനം, വനിതാസമാജം, ദിവ്യബോധനം വിദ്യാർത്ഥികൾ, വൈദിക വിദ്യാർത്ഥികൾ എന്നിങ്ങനെ സമഗ്ര സഭാചരിത്ര വിജ്ഞാനം നേടുവാൻ ശ്രമിക്കുന്ന തുടക്കക്കാരെ മൊത്തത്തിൽ കണ്ടുകൊണ്ടാണ് ഈ പുസ്തകം എഴുതിയിട്ടുള്ളത്. 20 നൂറ്റാണ്ടുകളായി സാഗര സമാന വിസ്തൃതിയുള്ള ഒരു മഹാപ്രസ്ഥാനത്തെ ഒരു കുടത്തിൽ ഒതുക്കി സമഗ്രമായി സമർപ്പിച്ചു സഹായിക്കുക എന്ന രചനാലക്ഷ്യം നിറവേറ്റിയോ എന്ന് വായനക്കാരാണ് നിശ്ചയിക്കേണ്ടത്.

"ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും" എന്ന 2002 ൽ പ്രസിദ്ധീകരിച്ച ബൃഹത്തായ ചരിത്രരചനയുടെ പാഠങ്ങൾ ഞങ്ങളുടെ മുമ്പിലുണ്ട്. ആ ഗ്രന്ഥത്തിന്റെ പല വിശദാംശങ്ങളും ഈ പുസ്തകത്തിന്റെ പൂരണമായി ഉപയോഗിക്കാവുന്നതാണ്. ആ ഗ്രന്ഥത്തിന്റെ ചില പോരായ്മകൾ നിക ത്തുവാൻ ഈ രചനയിൽ ശ്രദ്ധിച്ചതിന്റെ ഭാഗമായാണ് പല വിശദചർച്ചക ളും ജീവചരിത്രഭാഗങ്ങളും ഒഴിവാക്കിയതും പദസൂചിക, ഗ്രന്ഥസൂചിക എന്നിവ ചേർത്തിട്ടുള്ളതും. പൂർണ്ണതയ്ക്കു വേണ്ടി പ്രയത്നം നടത്തിയിട്ടു ണ്ടെങ്കിലും ഇത് പരിപൂർണ്ണമാണെന്ന അവകാശവാദങ്ങളൊന്നും ഞങ്ങൾ ക്കില്ല. പോരായ്മകൾ സപ്രമാണം ചൂണ്ടിക്കാണിച്ചാൽ അടുത്ത പതിപ്പിൽ അവ പരിഹരിക്കാനാവും.

മഹത്തായ ജീവചരിത്രഗ്രന്ഥങ്ങളും സഭാചരിത്രഗ്രന്ഥങ്ങളും രചിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും ജീവിതപരാഹനത്തിലും തപസ്യയായി സ്വീകരിച്ച കെ. വി. മാമ്മനേയും കോട്ടയ്ക്കൽ പബ്ലിഷേഴ്സ് എന്ന അദ്ദേഹത്തിന്റെ പ്രസിദ്ധീകരണസ്ഥാപനത്തേയും അതീവ കൃതജ്ഞതയോടെയാണ് കാണുന്നത്. സഭയുടെ മേൽവിലാസത്തിലും ഉത്തരവാദിത്വത്തിലും സുരക്ഷിതമായി നടത്തേണ്ടുന്ന ഇത്തരം കർത്തവ്യങ്ങളെ സാഹസികമായി ഏറ്റെടുക്കുവാൻ അദ്ദേഹം കാണിക്കുന്ന നെഞ്ഞൂക്കും സഭാസ്നേഹവും ഉത്സാഹവും അനേകം നിഷ്ക്രിയ നേതൃസ്ഥാനികളെ കർമ്മനിരതരാക്കിയെങ്കിൽ എന്ന് ആശിച്ചുപോകുന്നു.

ജീവിതകാലം പൊതുവിലും വിശ്രമ പ്രധാനമായ സായാഹ്ന സംവത്സരങ്ങൾ സവിശേഷമായും വേദപുസ്തകപഠനത്തിലും ഗവേഷണത്തിലുമായി ചെലവഴിച്ച പ്രിയപിതാവിന്റെ – മുനിഞ്ഞ് കത്തുന്ന മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ ആധാരമെഴുത്തുകാരുടെ കൈയെഴുത്തു ശൈലിയിൽ എഴുതിക്കൊണ്ടിരിക്കുന്ന ചിത്രമാണ് എന്റെ മനസ്സ് നിറയെ.

പാശ്ചാത്യ പൗരസ്ത്യ സുറിയാനിയിലും ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ഒട്ടധികം വേദപുസ്തകങ്ങൾ മാറി മാറി പരിശോധിച്ച് തന്റെ കണ്ടെത്തലുകൾക്ക് ആവശ്യമായ കുറിപ്പുകൾ അവധാനപൂർവ്വം കുറിച്ചെടുക്കുന്ന - ഒരു വശം ആകെ പക്ഷവാതം പിടിച്ച് തളർന്ന് അവശനായ - അദ്ദേഹത്തിന്റെ അശാന്തവും അസംതൃപ്തവുമായ അന്വേഷണതൃഷ്ണ എന്റെ ഗവേഷണശ്രമങ്ങളിൽ എപ്പോഴും മാർഗ്ഗദീപമായിരുന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്വയപരിശ്രമമാർഗ്ഗം അവലംബിച്ചുകൊണ്ടാണ് സുറിയാനി അക്ഷരമാലയും അതിന്റെ കൂട്ടിവായനയും ഞാൻ സ്വയമായി പരിശീലിച്ചത്.

സ്നാന വ്യുല്പത്തി, ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നിങ്ങനെയുള്ള രണ്ടു മൂന്നു ലഘു പ്രസിദ്ധീകരണങ്ങളും വിശ്വാസസത്യങ്ങൾ എന്ന അപ്രകാശിത ഗ്രന്ഥവും അവശേഷിപ്പിച്ച് അദ്ദേഹം 1962 മാർച്ച് 21 ന് കളിക്കളം വിട്ടു. ചീരൻ ഗീവർഗീസ് കശ്ശീശായുടെ ഇളയമകൻ സി. വി. കെ. മാത്തപ്പൻ എന്ന എന്റെ വന്ദ്യപിതാവിന്റെ സ്മരണയുടെ മുമ്പിൽ ഈ ഗവേഷണരചന വിനയത്തോടും അതിലുപരി അഭിമാനത്തോടും സമർപ്പിച്ചുകൊള്ളുന്നു.

**ഫാ. ഡോ. ജോസഫ് ചീരൻ**
(ഗ്രന്ഥകർത്താവ്)

2006 നവം. 2
മാർ ഗ്രീഗോറിയോസിന്റെ ഓർമ്മപ്പെരുന്നാൾ

# പ്രസാധകന്റെ പ്രസാദം

ചരിത്രം ഗതകാലത്തിന്റെ കാലും നാക്കും മാറാത്ത സാക്ഷിയും സത്യത്തിന്റെ അണയാത്ത ദീപവും മനുഷ്യസമൂഹത്തിന്റെ ഓർമ്മയും ആയിരിക്കുന്നിടത്തോളം കാലം മാനവരാശിയുടെ പുരോഗതിക്കും യഥാർത്ഥ വികാസത്തിനും അനുഭവജ്ഞാന നിർഭരമായ ഭൂതകാലത്തെ ശരിക്കും വിശകലനം ചെയ്തു പഠിച്ചേ തീരൂ. ലോക സംസ്കാര ചരിത്രം വിശദമായി വീക്ഷിക്കുമ്പോൾ ലഭിക്കുന്ന ഗുണപാഠങ്ങൾ, അവ നാളത്തെ തലമുറയ്ക്കുള്ള ഉത്തമ വഴികാട്ടികളാണ്. ഈ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ ചരിത്ര പഠനം എല്ലാവർക്കും അനിവാര്യമാണ്. ചരിത്രം അറിയാത്ത ജനസമൂഹം പ്രാകൃതരായി തുടരും.

മാർത്തോമ്മാ ശ്ലീഹായുടെ ആഗമനത്തോടു കൂടി ആരംഭിക്കുന്ന ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തിന്റെ ചരിത്രം തികച്ചും സുദീർഘമാണ്. കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകൾക്കിടയിൽ മാർത്തോമ്മാ പാരമ്പര്യമുള്ള സഭ പിന്നിട്ട വഴികളെപ്പറ്റിയും പ്രതിസന്ധികളെപ്പറ്റിയും ശരിക്കും പഠിക്കുമ്പോൾ ദൈവത്തിന്റെ കരുതലിനെപ്പറ്റി നമുക്ക് കൂടുതൽ വ്യക്തമായ ഒരു ചിത്രം ലഭിക്കും. പൂർണ്ണചന്ദ്രനെ കാർമേഘം മറയ്ക്കുന്നതുപോലെ സഭാചരിത്ര സത്യത്തെ കുറേക്കാലത്തേക്കു വികലമാക്കാനും മാറ്റിമറിക്കാനും തെറ്റായി വ്യാഖ്യാനിക്കാനും സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കാനും ചില സ്ഥാനികൾ സ്ഥാനത്തും അസ്ഥാനത്തും നടത്തിയ കുടിലതന്ത്രങ്ങളുടെ തിക്തഫലം ഇന്നും മലങ്കരസഭയിലെ എപ്പിസ്ക്കോപ്പൽ സഭാന്തരീക്ഷത്തിൽ പ്രതിഫലിച്ചുകൊണ്ടാണിരിക്കുന്നത്. ക്രിസ്തുശിഷ്യനായ മാർത്തോമ്മാ ഒന്നാം നൂറ്റാണ്ടിൽ ഭാരതമണ്ണിൽ സഭ ആരംഭിക്കുകയും 16–ാം നൂറ്റാണ്ടുവരെ വിദേശസഭകളുടെ കടന്നാക്രമണങ്ങൾ കൂടാതെ സഭ ഇവിടെ ഏതാണ്ടു വംശ വിശുദ്ധിയോടു കൂടി നിലനിൽക്കുകയും ചെയ്തു. പിന്നീടു വന്ന പോർട്ടുഗീസുകാർ മുതൽ ഒരു മുസ്ലീം രാജ്യത്തു ദൗത്യബോധമില്ലാതെയും അർത്ഥം ഇല്ലാതെയും ശുഷ്കിച്ചും ക്ഷീണിച്ചും കഴിയുന്ന – മാർത്തോമ്മായെ വെട്ടിനിരത്തിയ – സിറിയൻ ഓർത്തഡോക്സ് സഭ വരെ മലങ്കരസഭയ്ക്കു ഒരു കണ്ഠകോടാലിയായി നിലകൊള്ളുന്ന ചരിത്രം പഠിച്ചാലേ അവരുടെ അക്രൈസ്തവ ദുഷ് ചെയ്തികളുടെ ആഴം അളക്കാൻ സാധിക്കുകയുള്ളൂ. ആദിമ സഭാപിതാക്കന്മാർക്കു ഒരിക്കലായി ഭരമേല്പിച്ചുകൊടുത്ത സനാതന സത്യ വിശ്വാസാചാരങ്ങൾ അന്യൂനം പാലിച്ചുവരവെ പണത്തിനും അധികാരത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി ചിലർ നടത്തിയ – ഇന്നും നടത്തുന്ന – വഞ്ചനയുടെയും കൊലയുടേയും ചുരുൾ അഴിക്കുന്നത് സഭയുടെ ആദിമകാല വിശുദ്ധിയിലേക്കും ദൗത്യത്തിലേക്കും തിരിച്ചുപോകുന്നതിന് പ്രേരകമാകട്ടെ എന്നു കരുതിയാണ്. ദൈവസ്നേഹത്തിന്റെ

കേന്ദ്രവും പ്രതീകവും ആയ സഭയെ വളർത്താൻ വേണ്ടി ചിലരെ പട്ടാപ്പകൽ വെട്ടിമാറ്റുന്ന രീതി മനുഷ്യൻ ഇത്രയധികം പുരോഗമിച്ചിട്ടും ഇന്നും പിന്തുടരുകയാണ്. ദൈവം നൽകിയ സ്വാതന്ത്ര്യം കൊണ്ട് ദ്രോഹിച്ച ആക്രമികളുടെ നീചകൃത്യങ്ങളെയും അവർ അനുഭവിച്ച യാതനകളെയും പറ്റി പറയുന്നത് മേലിൽ സഭാംഗങ്ങൾ തെറ്റായ - ഇരുണ്ട - പാതകൾ തെരഞ്ഞെടുക്കരുതെന്നു ഓർപ്പിക്കാനാണ്.

കേരളത്തിലെ ക്രൈസ്തവരുടെ എണ്ണം വർദ്ധിക്കാത്തതിന്റെ പ്രധാന കാരണം അവർ സുവിശേഷം അറിയാത്തവരുടെ ഇടയിൽ പ്രവർത്തിക്കുന്നതിനു പകരം മാതൃസഭയെ പിളർത്തുന്നതിൽ മാത്രം ശ്രദ്ധിക്കുന്നതാണ്. പിളരുന്തോറും സഭയും വളരുന്നത്രേ!

ഇന്നും കുട്ടി ഭദ്രാസനങ്ങളും കുഞ്ഞു രൂപതകളും ഒട്ടധികം മേല്പട്ട വേഷക്കാരും കാതോലിക്കാ നാമധാരികളും അപ്പം ചുട്ടെടുക്കുന്ന വേഗത്തിൽ സൃഷ്ടിക്കപ്പെടുന്നുണ്ട്. എല്ലാം മാതൃസഭയിൽ നിന്നുള്ള ആളുകളുടെ പുനഃക്രമീകരണങ്ങൾ മാത്രം. ഇതൊന്നും ലോകമെങ്ങും പോയി ചെയ്യേണ്ട സുവിശേഷവേലയോ ദൈവം ഇഷ്ടപ്പെടുന്ന പ്രവൃത്തിയോ ആണെന്നു വിവരമുള്ളവരെ ബോധ്യപ്പെടുത്താൻ പ്രയാസമാകയാൽ പുതിയ വാദഗതികൾ കണ്ടുപിടിക്കേണ്ടതുണ്ട്. അനുസരണവും ശിക്ഷണവും ദൈവസ്നേഹവും ഒന്നും ഇല്ലാതെ സ്വയമായി ചിലർ ഉന്നതസ്ഥാനങ്ങൾ എന്നു തെറ്റിധരിക്കപ്പെടുന്നവ സ്വീകരിക്കുകയും പലതരം നൂലാമാലകൾ അണിയുകയും ചെയ്യുന്നതിനാൽ പ്രസ്തുത സ്ഥാനങ്ങൾക്കു പണ്ടു മുതൽ നൽകി വന്ന മതിപ്പു കൂപ്പുകുത്തുകയും ഇത്തരം സ്ഥാനികളോടു ചിന്താശീലർക്കു ഏതാണ്ട് പുച്ഛഭാവമുണ്ടാകുകയും ചെയ്യുന്നു. “ചാക്കോയേ നീയും കാതോലിക്കാ ആയോ” എന്ന് തെക്കും വടക്കുമുള്ളവർ ചോദിച്ചു പോകുന്ന സ്ഥിതിവിശേഷം.

സഭ ദൈവത്തിന്റേതാണെന്നും ചില കുപ്പായക്കാരുടെയും കുപ്പായത്തേക്കാൾ നീളമുള്ള ഉടുപ്പുധാരികളുടെയും നവീന സൃഷ്ടിയല്ലെന്നും സഭാംഗങ്ങൾ ശരിക്കു മനസിലാക്കാത്തതു കൊണ്ടാണു സഭയ്ക്കുള്ളിൽ വിഭിന്ന ലക്ഷ്യങ്ങളോടു കൂടിയ പുത്തൻ സമൂഹങ്ങളും കൂട്ടായ്മകളും കൂണുപോലെ ഒരു സുപ്രഭാതത്തിൽ കുടപിടിച്ചു നിൽക്കുന്നത്.

പുരാതനസഭയിലെ അംഗങ്ങളുടെ അന്യൂനമായ വിശ്വാസത്തെയും കാഴ്ചപ്പാടുകളെയും ചിലർ മനഃപൂർവ്വം വികലമാക്കുന്ന ഒരു കാലഘട്ടമാണിത്. സഭാസംബന്ധമായ വിശ്വാസാചാരങ്ങൾക്കും പഠനങ്ങൾക്കും വേദപുസ്തകപഠനത്തിനും പല കാരണങ്ങളാൽ ചില കുറവ് സംഭവിച്ചതിനാൽ പുത്തൻ കൂട്ടായ്മകൾ പഴയസഭയിലെ അംഗങ്ങളെ പരുന്ത് കോഴിക്കുഞ്ഞുങ്ങളെ റാഞ്ചുന്നതുപോലെ കൊത്തിയെടുക്കുകയും “ഈ

കുഞ്ഞാടുകളുടെ” പേരും ചിത്രങ്ങളും അമേരിക്കയിലും മറ്റു മറുനാടുകളിലും ബഹുവർണ്ണങ്ങളിൽ അച്ചടിച്ചശേഷം അയച്ചുകൊടുത്ത് ഡോളർ സമ്പാദിക്കുകയും ചെയ്യുന്ന “ഒരു സുവിശേഷ വ്യവസായം” കേരളത്തിൽ കുറെ വർഷങ്ങളായി തഴച്ചുവളരുന്നുണ്ട്. ഇതൊരു രഹസ്യമല്ല. ഈ വൻ വ്യവസായത്തിൽ പലർക്കും പണവും പണിയും കിട്ടുന്നു. വിവിധ പേരുകളിലും ബ്രാൻഡുകളിലും പ്രത്യക്ഷപ്പെടുന്ന അത്യാധുനിക കൂട്ടായ്മകളുടെ ഒരു ലിസ്റ്റ് ആർക്കും തന്നെ തയ്യാറാക്കാൻ സാധ്യമല്ലാത്തവിധം അത് ബഹുലമാണ്. രോഗശാന്തി വരുത്തുന്ന ഈ കൂട്ടായ്മകൾ കേരളത്തിലെ ആതുരാലയങ്ങൾക്കു ഒരു ഭീഷണിയായിട്ടുണ്ടത്രെ!

മലങ്കരസഭയിലെ പ്രശ്നങ്ങളുടെയും തർക്കങ്ങളുടെയും കേസുകളുടെയും അടിസ്ഥാന കാരണം സഭാചരിത്രവും സത്യവിശ്വാസാചാരങ്ങളും അറിഞ്ഞുകൂടാത്ത (പഠിക്കാൻ ശ്രമിക്കാത്ത) വർക്ക് സഭയിൽ മൃഗീയ ഭൂരിപക്ഷം ഉണ്ടെന്നുള്ളതാണ്. ഇത് ഒരു പുതിയ കണ്ടുപിടിത്തമൊന്നുമല്ല. ഈ ദുർവിധി തെല്ലെങ്കിലും മാറ്റാനാണു ദീർഘനാളത്തെ പഠനഗവേഷണങ്ങളെ മുൻനിർത്തി “ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രം” മുതിർന്നവർക്കു വേണ്ടിയും യുവതലമുറയ്ക്കു വേണ്ടിയും ഞങ്ങൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നത്. സഭയുടെ ഔദ്യോഗിക പരിഗണനയും ആശീർവാദവും ഇല്ലാതെയാണു സാമ്പത്തികമായും മറ്റും ഒരു വലിയ അളവിൽ സാഹസികമെന്നു വിശേഷിപ്പിക്കാവുന്ന ഈ പഠന പദ്ധതിയിൽ ഞങ്ങൾ ബോധപൂർവ്വം പ്രവേശിച്ചിരിക്കുന്നത്. കൈനനയാതെ മീൻ പിടിക്കുന്നവരെപ്പോലെ മലങ്കരസഭാംഗങ്ങളെ മാർപ്പാപ്പായുടെ പേരിലും സ്നാനത്തിന്റെയും ചില്ലറ വേദവാക്യങ്ങളുടെയും പേരിലും മായാജാല ജലത്തിൽ മുക്കി ആകാശവിരുന്നിലേക്ക് ആനയിക്കുന്ന പാസ്റ്റർ പട ചെയ്യുന്നതു സുവിശേഷ വേലയാണോ അതോ പട്ടാപ്പകൽ തുട്ടിനുവേണ്ടിയുള്ള വെറും തട്ടിപ്പുവേലയാണോ എന്നു ചിന്തിക്കേണ്ട കാലം വളരെ വൈകി. പാദങ്ങളെ വരെ അലസമായി സ്പർശിക്കുന്ന കുപ്പായസമാനമായ ഉടുപ്പിട്ടു നടക്കുന്ന ഉപദേശിമാർ (പാസ്റ്റർ എന്ന പദമാണ് അവർക്കു പഥ്യം) ദൈവവചനം വിറ്റു ജീവിക്കുന്നതു വഴി ചെയ്യുന്ന ദ്രോഹം ക്രൈസ്തവലോകം വേണ്ടവിധത്തിൽ മനസ്സിലാക്കുന്നില്ല. ആഗോള ബുച്ചർ എന്നു വിശേഷിപ്പിക്കപ്പെടുന്ന ബുഷിന്റെ നാട്ടിൽ നിന്നുള്ള പണം പല വിധത്തിൽ നേടുകയും സ്വന്തം ആളുകളെ അങ്ങോട്ടു പറഞ്ഞു വിട്ടും അധാർമ്മിക ജീവിതത്തിന്റെ സോദോമായിരിക്കുന്ന അവിടെ കുടിയിരുത്തുകയും ചെയ്യുന്ന അത്യാധുനിക കൂട്ടായ്മകൾ ഒന്നും ലോകത്തെ ക്രിസ്തുവിനു വേണ്ടി വെട്ടിപ്പിടിക്കാൻ പോകുന്നില്ല. അമേരിക്കയുടെ ഭൗതിക പുരോഗതിയെപ്പറ്റി വാചാലമായി പ്രസംഗിച്ച ഒരു ബിഷപ്പ് അവിടുത്തെ ധാർമ്മികകാര്യങ്ങളെപ്പറ്റിയൊന്നും തന്നോടു ചോദിക്കരുതെന്നു ഈയിടെ ആമുഖമായി പറഞ്ഞ കാര്യം ഓർക്കുന്നു. അമേരിക്കയിലെ സോദോമ്യ ജീവിതത്തെ

പുകഴ്ത്തുന്നവരുടെ തൊണ്ട "തുറന്ന ശവക്കുഴി; നാവു കൊണ്ട് അവർ ചതിക്കുന്നു. സർപ്പവിഷം അവരുടെ അധരങ്ങൾക്കു കീഴിലുണ്ട്" എന്ന സത്യം ഓർക്കുന്നതു നന്ന്.

മലങ്കരസഭ കേസുകൾക്കും ചർച്ചകൾക്കും മറ്റും ചെലവാക്കുന്ന പണവും സമയവും മേലിൽ സഭാംഗങ്ങളെ ജീവിത വിശുദ്ധിയിൽ പരിപോഷിപ്പിക്കുന്നതിനും സഭാചരിത്ര വിശ്വാസ കാര്യങ്ങളിൽ ഉറപ്പിക്കുന്നതിനും വേണ്ടി ചെലവഴിച്ചാലേ ഈ സഭയെ ദൗത്യനിർവഹണത്തിനു സജ്ജമാക്കാൻ സാധിക്കുകയുള്ളൂ. ലക്ഷക്കണക്കിനു പുസ്തകങ്ങൾ, ലഘുലേഖകൾ, മാധ്യമം വഴിയുള്ള ബോധവൽക്കരണം, ക്ലാസുകൾ, സെമിനാറുകൾ മുതലായവകളിലൂടെ അത്യന്താധുനിക കൂട്ടായ്മകളുടേയും ആകാശവിരുന്നുകാരുടെയും ദുഷ്ട ലക്ഷ്യാധിഷ്ഠിത കടന്നാക്രമണങ്ങളെ തടയണം. പണപ്പിരിവിനും സഭാസംഘടനാസ്ഥാനികളുടെ തെരഞ്ഞെടുപ്പിനും പ്രഥമസ്ഥാനവും അമിത പ്രാധാന്യവും നൽകിയാൽ സഭ കുഞ്ഞാടുകൾ ഒഴിഞ്ഞ ആലയായി മാറിയേക്കും. ഇക്കാര്യങ്ങൾ സഭാസാരഥികളെ അസ്വസ്ഥചിത്തരാക്കിയില്ലെങ്കിൽ ജനങ്ങൾ ഇടയനില്ലാത്ത ആടുകൾക്കു തുല്യരാകും. അങ്ങനെ സംഭവിക്കാതിരിക്കട്ടെ.

ഈ സഭാചരിത്രം യുവലോകത്തെ മുൻകണ്ടുകൊണ്ടാണു രചിച്ചിരിക്കുന്നത്. അവരാണല്ലോ സഭയുടെ ഭാവി നിർണ്ണയിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കേണ്ടത്. അതേസമയം വായിക്കാത്ത ഇന്നത്തെ തലമുറയെപ്പറ്റി വലിയ പ്രതീക്ഷ വച്ചുപുലർത്തുന്നതിൽ കാര്യമില്ല. ഒരു പുസ്തകം പോലും വാങ്ങി വായിക്കാത്ത ചുരുക്കം ചില വൈദികരും ധാരാളം സണ്ടേസ്കൂൾ അധ്യാപകരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും സഭാംഗങ്ങളും മറ്റും മലങ്കരസഭയിൽ ഉണ്ടെന്നു പറഞ്ഞാൽ അതു നിഷേധിക്കാനാവില്ല. തൻനിമിത്തം പുസ്തക പ്രസിദ്ധീകരണരംഗം വളരാൻ പ്രയാസമാണ്. അർത്ഥവത്തായ ജീവിതം നയിക്കണമെങ്കിൽ അറിവു സമ്പാദിക്കാതെ കുറുക്കുവഴിയില്ല.

ഈ പുസ്തകം രചിച്ചിരിക്കുന്നത് മലങ്കരസഭയിൽ ഇന്നുള്ള ഏറ്റവും വലിയ സഭാചരിത്രകാരനായ റവ. ഫാ. ഡോ. ജോസഫ് ചീരനാണ്. സഭാചരിത്ര ഗവേഷണപഠനങ്ങളുടെയും ധന്യമായ സഭാജീവിത പ്രായോഗിക പരിശീലനങ്ങളുടെയും അന്യൂനമായ അസ്തിവാരത്തിൽ നിന്നു കൊണ്ടുള്ള ഈ ചരിത്രഗോപുര നിർമ്മാണം വഴി റിട്ട. പ്രൊഫസറും വാഗ്മിയും പത്രാധിപരും സുറിയാനി പണ്ഡിതനും ആദരണീയനുമായ അച്ചൻ ചെയ്തിരിക്കുന്ന തിളക്കമാർന്ന സേവനം ആചന്ദ്രതാരം വിലമതിക്കപ്പെടുമെന്നുള്ളതിനു രണ്ടു പക്ഷമില്ല. സഭയ്ക്കു വേണ്ടി ബ. അച്ചൻ അനുഷ്ഠിച്ചിരിക്കുന്ന അർത്ഥവത്തായ ഈ കഠിനാധ്വാനം അദ്ദേഹത്തെ കൂടുതൽ അനശ്വരനാക്കിയിരിക്കുന്നു എന്ന ചിന്ത ഒരെളിയ സഭാസ്നേഹിയായ


എന്നെ വളരെയധികം ധന്യനാക്കിയിരിക്കുന്നു എന്നു പറയാതിരിക്കാനാവില്ല. ഈ ഗ്രന്ഥത്തിന് ഭംഗിവാക്കുകൾ കൊണ്ടല്ലാതെ സമുചിതമായ ഒരവതാരിക എഴുതാൻ സമയവും അർഹതയുമുള്ള ആരെയും ഒറ്റ നോട്ടത്തിൽ കണ്ടെത്താൻ കഴിയാഞ്ഞതിനാൽ അതു വേണ്ടെന്നു വയ്ക്കാനുള്ള സ്വാതന്ത്ര്യം ഞാൻ ഉപയോഗിച്ചിട്ടുണ്ട്.

ഈ സഭാചരിത്ര പ്രസിദ്ധീകരണത്തിൽ ഞങ്ങളെ വളരെയധികം പ്രോത്സാഹിപ്പിച്ച തികഞ്ഞ സഭാസ്നേഹികളായ മുൻ എം. പി. തോമസ് കുതിരവട്ടം കല്ലിശ്ശേരി, എന്റെ ആത്മസുഹൃത്തായിരുന്ന പരേതനായ സ്ലീബാദാസൻ തൃപ്പൂണിത്തുറ പാടത്തു പി. പി. വർക്കിയുടെ പുത്രൻ പി. വി. പോൾ (ബഹ്റൈൻ) പ്രമുഖ ന്യൂസ് ഏജൻസിയായ യു. എൻ. ഐ. ന്യൂസ് കോ-ഓർഡിനേറ്റിംഗ് എഡിറ്ററും ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ (പ്രസാർഭാരതി) അംഗവുമായ ഡോ. ജോർജ് വറുഗീസ് (തുമ്പമൺ) എന്നിവരോടുള്ള സ്നേഹവും നന്ദിയും പ്രകാശിപ്പിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. മലങ്കരസഭാ ചരിത്ര രചന-പ്രസിദ്ധീകരണം എന്നീ രംഗങ്ങളിൽ കോട്ടയ്ക്കൽ പബ്ളിഷേഴ്സ് കാര്യക്ഷമമായി ശ്രദ്ധിക്കുന്നതിൽ സന്തോഷമുണ്ടെന്ന് അവർ ഞങ്ങളെ അനുസ്മരിപ്പിച്ചു.

മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യത്തിന്റെ അത്താണിയും കോട്ടയും ശക്തനായ വക്താവും പ്രതീകവും കാപട്യത്തിന്റെ അന്തകനും ആയിരുന്ന പരിശുദ്ധ വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ 73-ാം ശ്രാദ്ധപ്പെരുനാളിൽ, ബ. ചീരനച്ചനോടുള്ള എഴുതി ഫലിപ്പിക്കാനാവാത്ത സ്നേഹവും നന്ദിയും അറിയിച്ചുകൊണ്ട് ഈ സഭാചരിത്ര പൂച്ചെണ്ട് മലങ്കരസഭയിലെ കുട്ടികളുടേയും യുവജനങ്ങളുടേയും കർമ്മശേഷി തുടിക്കുന്ന വിമല കരങ്ങളിൽ സഹർഷം സമർപ്പിക്കുകയാണ്. മാർത്തോമ്മായുടെ സഭയെ ദൈവം ഒരിക്കലും കൈവിടുകയില്ലെന്ന് എന്നും നിങ്ങൾ ഓർമ്മിക്കുക.

**കെ. വി. മാമ്മൻ കോട്ടയ്ക്കൽ**

മാങ്ങാനം
23-2-2007



# ഉള്ളടക്കം

**അദ്ധ്യായം ഒന്ന്: പീഠിക: അവിഭക്ത മലങ്കരസഭാപാരമ്പര്യങ്ങൾ 10**

പശ്ചാത്തലം

A. മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻസഭ 10

B. സെന്റ് തോമസ് ബൈബിളും കേരള സംസ്കാരവും 16

C. ഇന്ത്യൻ സഭയുടെ ആദ്യകാല വിദേശ ബന്ധങ്ങൾ 22

D. ആദ്യകാല ആരാധനകൾ, പൗരോഹിത്യ സംവിധാനം 29

E. ആദ്യകാല മതസാഹിത്യം 39

F. ആദിമനൂറ്റാണ്ടുകളിലെ സാമൂഹ്യസ്ഥിതി 51

വില്ലാർവട്ടം രാജവംശം 60

G. ക്രൈസ്തവസ്വാധീനം കേരളത്തിൽ 62

H. മലങ്കരസഭയുടെ ഇതരബന്ധങ്ങൾ 69

I. അവിഭക്തസഭ ചില നിരീക്ഷണങ്ങൾ 72

**അദ്ധ്യായം രണ്ട്: ഉദയംപേരൂർസുന്നഹദോസും കൂനൻകുരിശ്സത്യവും**

A. പെറെദ്യൂത്താ 75

B. അർക്കദിയാക്കോൻ 82

C. പാപ്പായുടെ ദൂതന്മാർ മലങ്കരയിൽ 83

D. മലങ്കരസഭ നെസ്തോറിയാ വിശ്വാസം സ്വീകരിച്ചിരുന്നുവോ? 84

E. അവിഭക്ത മലങ്കരസഭയെപ്പറ്റി ഒരു നിരീക്ഷണം 87

F. പൗരസ്ത്യ മെത്രാന്മാർ 89

G. വാസ്കോഡിഗാമയുടെയും മറ്റും വരവും
അനന്തര സംഭവവികാസങ്ങളും 91

H. ആർച്ച് ബിഷപ്പ് മെനേസ്സിസ്; ആർച്ച് ഡീക്കൺ ഗീവറുഗ്ഗീസ് 99

I. ഉദയംപേരൂർ സുന്നഹദോസ്; അനന്തര സംഭവങ്ങൾ 102

J. മാർ അഹത്തള്ളായുടെ ആഗമനവും കൂനൻകുരിശ് സത്യവും 108

**അദ്ധ്യായം മൂന്ന്: പകലോമറ്റം മെത്രാന്മാർ** **117**

A. ഒന്നാം മാർത്തോമ്മാ, മാർ ഗ്രിഗോറിയോസ്, രണ്ടാം മാർത്തോമ്മാ 117

B. മാർ യൽദൊ മഫ്രിയാന, മാർ ഈവാനിയോസ്. 127

C. മൂന്നാം മാർത്തോമ്മായും നാലാം മാർത്തോമ്മായും 137

D. അഞ്ചാം മാർത്തോമ്മായും വിദേശ സഭാധ്യക്ഷന്മാരും 142

E. ആറാം മാർത്തോമ്മാ (വലിയ മാർ ദീവന്നാസ്യോസ്) 155

F. കാട്ടുമങ്ങാട്ട് കൂറിലോസ് 158

G. പാലൂർ (കുന്നംകുളം) വീണ്ടും സഭാചരിത്രത്തിലേക്ക് 166

H. ഏഴാം മാർത്തോമ്മാ 181

**അദ്ധ്യായം നാല്: കുടുംബത്തിന്റെ കിതപ്പും സഭയുടെ കുതിപ്പും** **183**

A. എട്ടാം മാർത്തോമ്മാ 183

B. കണ്ടനാട്ട് പടിയോല 185

C. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ (മാർ ദീവന്നാസ്യോസ്) 189

വൈദികസെമിനാരി 190

D. തൊഴിയൂരിലെ പിൻഗാമികൾ 215

E. പുന്നത്ര മാർ ദീവന്നാസ്യോസ് 219

F. ചേപ്പാട്ട് മാർ ദീവന്നാസ്യോസ് 224

G. മാവേലിക്കര സുന്നഹദോസ് 227

**അദ്ധ്യായം അഞ്ച്: മഹാത്മാവായ മാർ ദീവന്നാസ്യോസ്** **241**

A. പാലക്കുന്നത്ത് അബ്രഹാം മല്പാൻ 241

B. പാലക്കുന്നത്ത് മാർ അത്താനാസ്യോസ് 247

C. യൂയാക്കീം മാർ കൂറിലോസ് 249

D. തൊഴിയൂർ വ്യവഹാരങ്ങൾ 253

E. പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ (മാർ ദീവന്നാസ്യോസ് V) 258

F. പത്രോസ് തൃതീയൻ 268

**അദ്ധ്യായം ആറ്: മലങ്കരയുടെ കോട്ട** **329**

A. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്,

അബ്ദുള്ളാ പാത്രിയർക്കീസ് 329

B. അബ്ദുൽ മശിഹാ പാത്രിയർക്കീസ്, ഒന്നാം കാതോലിക്കാ 341

ദയറാ പ്രസ്ഥാനം 346

C. രണ്ടാം കാതോലിക്കാ 350

തിരുത്തു കാനോൻ 354

സ്ലീബാദാസസമൂഹം 359

D. മൂന്നാം കാതോലിക്കാ 361

**അദ്ധ്യായം 7: ആധുനികഘട്ടം** **371**

A. മൂന്നാം കാതോലിക്കോസ് (തുടർച്ച) 371

സഭാ സമാധാനം 383

B. നാലാം കാതോലിക്കോസ് 390

C. അഞ്ചാം കാതോലിക്കോസ് 402

D. ആറാം കാതോലിക്കോസ് 410

E. ഏഴാം കാതോലിക്കോസ് 416

**അദ്ധ്യായം എട്ട്: മലങ്കരസഭ ഒറ്റനോട്ടത്തിൽ** **427**

**അനുബന്ധം**

മലങ്കരസഭയെ 1653 മുതൽ നയിച്ച മേല്പട്ടക്കാർ 458

മലങ്കരയിൽ വന്ന് കബറടങ്ങിയ വിദേശ മേല്പട്ടക്കാർ 460

വി. മൂറോൻ കൂദാശകൾ 460

സഭയിലെ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ചരിത്രം 461

കുറിപ്പുകൾ 467

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ചരിത്രം 477

ഗ്രന്ഥസൂചിക 479

പദസൂചിക 515

# അദ്ധ്യായം 1

# പീഠിക

# അവിഭക്ത മലങ്കരസഭാ പാരമ്പര്യങ്ങൾ

## പശ്ചാത്തലം

ഇന്ത്യയുടെ തെക്കു പടിഞ്ഞാറെ അറ്റത്ത് സ്ഥിതിചെയ്യുന്ന കൊച്ചു സംസ്ഥാനമാണ് കേരളം. ഇന്ത്യയിൽ മറ്റൊരിടത്തും കാണാത്ത സ്വകീയമായ സംസ്കാര വിശേഷം കേരളത്തിൽ ദൃശ്യമാണ്. ഒരു കാലത്ത് സഹ്യപർവതത്തിന്റെ അടിവാരത്തോളം വ്യാപിച്ചിരുന്ന അറബിക്കടൽ പിൻവാങ്ങിയാണ് കേരളക്കര ചരിത്രത്തിൽ പ്രത്യക്ഷമാവുന്നത് (ബി. സി. 4000 ആണ്ടുകാലത്ത് (നോഹയുടെ കാലം) സംഭവിച്ച മഹാപ്രളയത്തിന് ശേഷം പ്രളയജലം പിൻവാങ്ങിയപ്പോൾ ഉണ്ടായ കരപ്രദേശമാകാം കേരളം). മഹാശില സംസ്കാരത്തിന്റെ (ബി. സി. 15-ാം നൂറ്റാണ്ടു മുതൽ എ. ഡി. 1-ാം നൂറ്റാണ്ട് വരെ) പ്രതിനിധികളായ നീഗ്രോ - ആസ്ട്രലോയ്ഡ് വർഗ്ഗക്കാരാണിവിടത്തെ ആദിമനിവാസികൾ. ബി. സി. 2000 ത്തിനപ്പുറത്തെ ഈ കേരള നിവാസികൾക്ക് സ്ഥിരമോ വ്യവസ്ഥാപിതമോ ഏകീകൃതമോ ആയ മത വിശ്വാസാനുഷ്ഠാനങ്ങളോ സാമൂഹിക ആചാരങ്ങളോ ഉണ്ടായിരുന്നില്ല. എങ്കിലും നിബിഡ വനപ്രകൃതിയുള്ള മലനാട്ടുവാസികളായ ഇവർ വൃക്ഷങ്ങളെയും പർവ്വതങ്ങളെയും മറ്റു പ്രകൃതി ശക്തികളെയും ആരാധിച്ചിരുന്നു. സമൃദ്ധമായ സമുദ്രതീരവും സമ്പന്നമായ വനസാഹചര്യവും അവരെ മീൻപിടുത്തം, വേട്ടയാടൽ തുടങ്ങിയ തൊഴിലുകളിലേക്ക് നയിച്ചു. പുറംലോകവുമായി ബന്ധമില്ലാതിരുന്ന ഇവരുടെ ജീവിതം ലളിതവും പ്രാകൃതവും ആയിരുന്നു. അംഗസംഖ്യയും തീരെ പരിമിതം ആയിരുന്നു.

ബി. സി. 18-ാം നൂറ്റാണ്ടിൽ ഉത്തരേന്ത്യയിലുണ്ടായ ആര്യാധിനിവേശത്തെത്തുടർന്ന് തകർന്നുപോയ സിന്ധുനദീതട സംസ്കാരത്തിന്റെ ഉടമകളായ ദ്രാവിഡർ ആര്യസംസ്കാരത്തോട് പരാജയപ്പെട്ടു. ചാതുർവർണ്യത്തിലെ ശൂദ്രവിഭാഗമായി കുറെ ദ്രാവിഡർ ആര്യസംസ്കാരത്തിൽ ലയിച്ചു. അതിന് തയാറാകാത്തവർ തെക്കോട്ട്, തെക്കോട്ട് പലായനം ചെയ്തു. അവരിൽ കുറെപ്പേർ സഹ്യന്റെ കിഴക്കുഭാഗത്തും (തമിഴ്നാട്) കുറെപ്പേർ സഹ്യന് പടിഞ്ഞാറു ഭാഗത്തും (മലനാട് - കേരളം) കുറെപ്പേർ ശ്രീലങ്കയിലുമെത്തി. ഹാരപ്പാ, മോഹൻജദാരോ തുടങ്ങിയ സ്ഥലങ്ങൾ വിശദമാക്കുന്ന മഹാനാഗരികതയുടെ ഉടമകളും അവകാശികളുമായിരുന്ന ഈ

വിഭക്ത ദ്രാവിഡവർഗ്ഗക്കാർ കൃഷിവേലകളിൽ പരിശീലനം നേടിയവർ ആയിരുന്നു. വനപ്രദേശങ്ങൾ അഗ്നിക്കിരയാക്കി അവർ കൃഷിഭൂമികൾ സജ്ജീകരിച്ചു.

കൃഷ്ണകഥയിലെ ഖാണ്ഡവദാഹം, ഈ 'കാട്ടക ദാഹ'ത്തെ സൂചിപ്പിക്കുന്നുവോ എന്ന് അന്വേഷിക്കാവുന്നതാണ് (ഖാണ്ഡവം = കാട്ടകം). വനവിഭവസമാഹരണ തല്പരനായ സോളമൻ രാജാവിനു വേണ്ടി (ബി. സി. 976–937) ഹീറാം മൂന്ന് വർഷത്തിലൊരിക്കൽ കേരളതീരത്തെത്തി മയിൽ, ആനക്കൊമ്പ്, കുരങ്ങ് തുടങ്ങിയ വനവിഭവങ്ങൾ ശേഖരിച്ചതായി ബൈബിൾ രേഖപ്പെടുത്തുന്നു (വിഭവങ്ങൾ മുഖ്യമായും കേരളത്തിലേതാകയാൽ ആണ് കേരളത്തിൽ നിന്നു ശേഖരിച്ചു എന്ന് അവകാശപ്പെടുന്നത്. തർശ്ശീശ് നമ്മുടെ തലശ്ശേരി ആയിക്കൂടെന്നില്ല. എരിശ്ശേരി, എലിശ്ശേരി എന്ന് പരിണമിക്കുന്നുണ്ടല്ലോ. ഹീറാം സ്വർണം ശേഖരിച്ചത് ഓഫീറിൽ നിന്നാണ്. ഈ ഓഫീർ ഭാരതപ്പുഴയുടെ തീരത്തുള്ള ബേപ്പൂർ ആണെന്ന് ഭാഷാ-ചരിത്രശാസ്ത്രജ്ഞർ ചൂണ്ടിക്കാണിച്ചിട്ടുണ്ട് (1 രാജാക്കന്മാർ 9:26–29, 10:22 ഇവ നോക്കുക).

ഇപ്രകാരം സാംസ്കാരിക ലോകത്ത് പ്രശസ്തിയാർജ്ജിച്ച മലനാട്ടിലേക്ക് വ്യാപാര സാധ്യതയെ പ്രതി അറബ് വംശജർ കുടിയേറിപ്പാർത്തു. ഹീറാമിന്റെ കാലത്ത് വിദേശ വാണിജ്യകേന്ദ്രമായ തലശ്ശേരി, ബേപ്പൂർ (ഓഫീർ), ഫറൂക്ക് (ബറക്കെ) എന്നിവിടങ്ങളിൽ നിന്ന് വിദേശവാണിജ്യ കേന്ദ്രം പൊന്നാനിയിലേക്ക് മാറിയത് അറബികൾ ഈ രംഗത്ത് ആധിപത്യം ഉറപ്പിച്ചതോടെയാണ്. പടിഞ്ഞാറൻ കടലിന്, നേരത്തെയുണ്ടായിരുന്ന എറിത്രിയൻ കടൽ എന്നത് അറബിക്കടൽ എന്ന് സ്ഥിരമായി പരിണമിക്കുവാൻ പോലും കേരള കടൽത്തീരത്തെ അറബി സാന്നിദ്ധ്യം കാരണമായിത്തീർന്നു.

പ്രാചീന സംസ്കാരകേന്ദ്രമായിരുന്ന ബാബിലോണിലെയും നിനുവയിലെയും സംസ്കാരങ്ങൾ (ബി. സി. 700–680) തകർന്നടിഞ്ഞപ്പോൾ അവയിലെ പല സംഘങ്ങളും ഇന്ത്യയുടെ പല ഭാഗങ്ങളിലും അഭയം തേടി (ബൈബിളിൽ വിവരിക്കുന്ന ബാബേൽ സംഭവം ഓർക്കുക. ഉല്പത്തി 11:1–11). മലനാട്ടിലെ വിഭവങ്ങളുടെ അനന്തസാദ്ധ്യതകൾ തിരിച്ചറിഞ്ഞ ഈ നവാഗതർ നേരത്തെ ഉണ്ടായിരുന്ന വ്യാപാര മേഖലകളെ വിശാലതരമാക്കി. ബാബിലോൺ - നിനുവാ കുടിയേറ്റക്കാരിൽ അധികവും അബ്രഹാമ്യ വംശപരമ്പരയിൽപ്പെട്ടവരായിരുന്നു. വ്യാപാരസംബന്ധമായ കേരളത്തിലെ കേന്ദ്രങ്ങൾ കാലാകാലങ്ങളായി തലശ്ശേരി, ഫറേക്ക്, കടലുണ്ടി, പൊന്നാനി, കൊടുങ്ങല്ലൂർ, കൊച്ചി എന്നിവയും വിദേശകേന്ദ്രങ്ങൾ അലക്സാന്ത്രിയാ - പേർഷ്യൻ തുറമുഖങ്ങൾ എന്നിവയും ആയിരുന്നു. വ്യാപാരാർത്ഥം ഗ്രീക്കുകാർ, പാർസികൾ, ചൈനക്കാർ, റോമ്മാക്കാർ

എന്നിങ്ങനെ നിരവധി നാടുകളിലെ സംസ്കാരങ്ങളെ കേരളതീരം പരിചയപ്പെട്ടിട്ടുണ്ട്. ബി. സി. എട്ടാം നൂറ്റാണ്ടിൽ അസ്സീറിയാക്കാരും ബി. സി. ആറാം നൂറ്റാണ്ടിൽ ബാബിലോണിയക്കാരും യിസ്രായേൽ രാജ്യവും യഹൂദാരാജ്യവും നശിച്ചപ്പോൾ അവരിൽ പലരും പ്രാണരക്ഷാർത്ഥം ഓടിയെത്തിയത് മലബാർ തീരത്താണ്. ഈ സംസ്കാര പ്രവാഹങ്ങൾ കേരളത്തെ അനുഗ്രഹിച്ചു. വ്യാപാര വികസനം കൂടാതെ ജ്യോതിശ്ശാസ്ത്രം, തച്ചുശാസ്ത്രം, ശില്പവിദ്യ, കല്പഗണിതം തുടങ്ങിയ ശാസ്ത്രശാഖകൾ കേരളം പരിചയപ്പെട്ടത് ഈ യഹൂദന്മാരായ അഭയാർത്ഥികളിൽനിന്നാണെന്ന് 'കേരളം' മഹാകാവ്യത്തിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ നിരീക്ഷിച്ചിട്ടുണ്ട്. ഇന്ത്യയുടെ പടിഞ്ഞാറൻ തീരപ്രദേശങ്ങളും ബാബിലോണിയൻ - അസ്സീറിയൻ പ്രദേശങ്ങളുമായി സാംസ്കാരിക വിനിമയം നടത്തിയിട്ടുള്ളതായി നമ്മുടെ പ്രാചീന പുരാണങ്ങളിൽ അനിഷേധ്യമായ പരാമർശങ്ങളുണ്ട്. നിനുവയെ ശോണിതപുരമെന്നാണ് പുരാണങ്ങളിൽ പരാമർശിച്ചിട്ടുള്ളത്. ശ്രീകൃഷ്ണന്റെ പൗത്രനായ അനിരുദ്ധൻ പടിഞ്ഞാറൻ കടൽ കടന്ന് ബാണാസുരപുത്രിയെ പ്രണയിച്ചതും ബാണാസുര രാജധാനിയിൽ തടവുകാരനാക്കപ്പെട്ടതും ശ്രീകൃഷ്ണൻ കടൽ കടന്നുചെന്ന് പൗത്രനെ സാഹസികമായി മോചിപ്പിച്ചതുമായ പുരാണ പരാമർശങ്ങളിൽ ഈ വിസ്മയ ബന്ധത്തിന്റെ ചരിത്രമാണുള്ളതെന്ന് എൻ. വി. കൃഷ്ണവാരിയർ അതിസൂക്ഷ്മവും അതിവിദഗ്ദ്ധവുമായ അപഗ്രഥന പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട് (കലോത്സവം). ഇന്ത്യയുടെ പ്രാചീന ഭാഷയായ ബ്രാഹ്മി ആദ്യകാലത്ത് വലത്തുനിന്ന് ഇടത്തോട്ടാണ് എഴുതിയിരുന്നതെന്ന് ലിപി ചരിത്രകാരന്മാർ വ്യക്തമാക്കിയിട്ടുള്ളതും ഈ സെമിറ്റിക്ക് പ്രവാഹത്തിന്റെ ചരിത്രപരമായ സാധുതയെ അംഗീകരിക്കുന്നുണ്ട്.

ക്രിസ്തുവിന് വളരെ വർഷങ്ങൾക്കു മുമ്പ് തന്നെ യഹൂദന്മാർ പാലൂരിലും കൊടുങ്ങല്ലൂരിലും മാളയിലും എയ്യാലിലും കുടിയേറിപ്പാർത്തിരുന്നു. ഏഴോ എട്ടോ പ്രബലമായ അധിവാസകേന്ദ്രങ്ങൾ കേരളത്തിൽ അവർക്ക് ഉണ്ടായിരുന്നതായി ചരിത്രരേഖയുണ്ട്. കേരളത്തിലേയ്ക്കുള്ള യഹൂദ കുടിയേറ്റങ്ങളെക്കുറിച്ച്, കൊച്ചിയിൽ ഉണ്ടായിരുന്ന യഹൂദ നേതാവ് എസ്. എസ്. കോഡർ എഴുതി പ്രസിദ്ധീകരിച്ച കേരളത്തിലെ *യഹൂദന്മാരുടെ ചരിത്രം* എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: "അസ്സിറിയാ സാമ്രാജ്യത്തിന്റെ പതനത്തോടു കൂടി ബി. സി. 605-ൽ പേർഷ്യൻ ചക്രവർത്തിയായിരുന്ന ഷൻമനേസ്സർ, ബാബിലോണിൽ നിന്നും യിസ്രായേൽ മക്കളെ അടിമകളായി കൊണ്ടുപോയപ്പോൾ കുറച്ചുപേർ സ്വതന്ത്രരായി രക്ഷപ്പെട്ടു. അവർ കൊടുങ്ങല്ലൂരിൽ വന്ന് വാസമുറപ്പിച്ചു. ബാബിലോണിലെ നെബുക്ക്ദനേസ്സർ രാജാവ് ബി. സി. 586-ൽ യഹൂദനാട് പിടിച്ചെടുത്തപ്പോൾ ഒരു കൂട്ടം യഹൂദന്മാർ കേരളത്തിൽ അഭയം തേടുകയുണ്ടായി. പേർഷ്യൻ ചക്രവർത്തിയായ സൈറസ് ബി. സി. 539-ൽ ബാബിലോൺ

പിടിച്ചെടുത്തപ്പോൾ മറ്റൊരു കൂട്ടം യഹൂദന്മാർ ഇവിടെ അഭയം പ്രാപിച്ചു. ...” (*നിരണം പള്ളി ചരിത്രം,* അഡ്വ. പി. സി. മാത്യു, പു. 38).

‘മഹാബലി എന്ന അസുര രാജാവ്’ എന്ന ലേഖനത്തിൽ (ഇടവക പത്രിക, പുസ്തകം 1, ലക്കം 6, 2003, പു. 11–15) എൻ. വി. കൃഷ്ണവാരിയർ നടത്തുന്ന ചില നിരീക്ഷണങ്ങൾ ഇവിടെ പ്രസക്തമാവുന്നു (കലോത്സവം):

“.... നമ്മുടെ പ്രപിതാമഹന്മാർ അസ്സീറിയാക്കാർ ആയിരുന്നു എന്നതിന് അസന്നിഗ്ദ്ധമായ തെളിവൊന്നുമില്ലെന്ന് ഞാൻ സമ്മതിക്കുന്നു. എന്നാലും ഊഹങ്ങൾക്ക് വഴി നൽകുന്ന ചില വസ്തുതകൾ ഇല്ലായ്കയില്ല. ഇന്ത്യൻ അർദ്ധ ദ്വീപിലെ കവിടികൾ സുമേറിൽ കുഴിച്ചപ്പോൾ കിട്ടിയിട്ടുണ്ട്. നീലഗിരിയിലെ കുന്നുകളിൽ നിന്ന് കൊണ്ടുപോയ ഒരു പച്ചക്കല്ല് അവിടെ മണ്ണിനടിയിൽ നിന്ന് സർ ലിയോണാർഡ് വൂളി കണ്ടെടുത്തിട്ടുണ്ട്. സുമേർ – ബാബിലോൺ – അസ്സീറിയാ പ്രദേശക്കാർക്ക് കേരളക്കര അതിപ്രാചീനകാലം മുതല്ക്ക് തന്നെ പരിചിതമായിരുന്നിരിക്കണം. അന്നുതന്നെ അവിടെനിന്ന് ആളുകൾ ഇവിടെ കുടിയേറിപ്പാർക്കാനും തുടങ്ങിയിരിക്കണം. വാമനകഥയിൽ സൂചിപ്പിക്കുന്നതുപോലെയുള്ള ഒരു വിദേശീയാക്രമണം ഈ കുടിയേറിപ്പാർപ്പിനെ ത്വരിപ്പിച്ചിട്ടുണ്ടാവാം. ഇത്തരം ആക്രമണങ്ങൾ മൂലമോ പ്രളയങ്ങൾ മൂലമോ ഈ കുടിയേറിപ്പാർപ്പുകാർക്ക് മൂലകുടുംബവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടു പോയിരിക്കണം. പുതിയൊരു ചതുപ്പുനിലത്തിലെത്തി അവിടത്തെ അർധനഗ്നരായ ആദിവാസികളോടും കല്ല്, കരട്, കാഞ്ഞിരക്കുറ്റി, മുള്ള്, മുരട്, മൂർഖൻ പാമ്പുകളോടും മല്ലിടുന്നതിനും ഇടയ്ക്ക് ആ പഴയ സ്വർഗ്ഗസമാനമായ സമ്പന്ന നഗരജീവിതത്തെ ഈ കുടിയേറ്റക്കാർ പേർത്തും പേർത്തും സ്വപ്നം കണ്ടുവന്നിരുന്നുവെങ്കിൽ അതിലെന്താണത്ഭുതം? ഈ ജീവിതത്തിന്റെ സ്മരണ നിലനിർത്തുവാനായി അവർ തങ്ങളുടെ പഴയ ദേശീയ മഹോത്സവത്തെ ഇവിടെയും ആഘോഷിച്ചു തുടങ്ങി എന്നതും അത് ക്രമേണ അവരുടെ മഹാനായൊരു പുരാതന രാജാവിന്റെ പേരുമായി ബന്ധപ്പെട്ടുവെന്നതും അത്ഭുതമല്ല. നിനുവെയിൽ ഇത്തരത്തിൽ ഒരു ദേശീയോത്സവം ഏതാണ്ടിക്കാലത്തു തന്നെ ആണ്ടുതോറും ആഘോഷിക്കപ്പെട്ടു വന്നിരുന്നുവെന്ന് ഈ ലേഖനത്തിന്റെ ഒടുവിൽ പ്രസ്താവിക്കുന്നതാണ്. ഈ ഉത്സവത്തിന്റെ കേരളപ്പതിപ്പാവണം ഓണം. ... അതുകൊണ്ടാവണം പൂർവ്വജന്മാർജിതമായോരു സംസ്കാരവിശേഷം പോലെ ഓണം ഇന്നും മലയാളികളുടെ ചോരയിൽ ഇഴുകിച്ചേർന്ന് കിടക്കുന്നത്” (കലോത്സവം).

കേരളത്തിലേക്കുള്ള വിദേശ കുടിയേറ്റങ്ങളെക്കുറിച്ച് അതേ ലേഖനത്തിലുള്ള മറ്റൊരു പരാമർശം കാണുക: “ഗ്രീസിലെ പീറ്റർ രാജകുമാരൻ എഴുതിയ “തോടരുടെ ആരാധനാച്ചടങ്ങുകളിൽ സംഭാവ്യമായ

സുമേറിയൻ ആചാരാവശിഷ്ടങ്ങൾ" എന്ന ഗ്രന്ഥമാണ് ഈ ലേഖനത്തിനാസ്പദമായ ചില സംഗതികളിലേക്ക് എന്റെ ശ്രദ്ധയാകർഷിച്ചത് എന്നും പ്രാസംഗികമായി പ്രസ്താവിച്ചുകൊള്ളട്ടെ. തോടരുടെ പതിനൊന്നു ദൈവങ്ങളുടെ മന്ത്രനാമങ്ങൾക്ക് സുമേറിയൻ ദൈവങ്ങളുടെ പേരുകളോടുള്ള അത്യാശ്ചര്യകരമായ സാദൃശ്യമാണ് പീറ്ററുടെ പുസ്തകത്തിന്റെ വിഷയം. ക്രി. മു. 2169 ന് മുമ്പ് സുമേറിയായിൽ നിന്ന് കേരളത്തിൽ വന്ന് കുടിപാർക്കുകയും പിന്നീട് എന്തോ കാരണത്താൽ മാതൃഭൂമിയോടുള്ള ബന്ധം നിശ്ശേഷം അറുത്ത് കിഴക്കോട്ടു നീങ്ങി നീലഗിരി കാടുകളിൽ ഏകാന്തജീവിതം അനുഷ്ഠിച്ചു തുടങ്ങുകയും ചെയ്ത ഒരു സുമേർ – അസ്സീറിയൻ – ബാബിലോണിയൻ കോളനിയുടെ സന്താനപരമ്പരയാണോ തോടർ എന്ന് ഈ ഗ്രന്ഥത്തിൽ പീറ്റർ ബലമായി സംശയിക്കുന്നുണ്ട്."

വിഷു, ഓണം തുടങ്ങിയ കേരളീയ ഉത്സവങ്ങൾ ബാബിലോണിയ – അസ്സീറിയ തുടങ്ങിയ നാടുകളിലെ ഉത്സവങ്ങൾ ആയിരുന്നുവെന്നും കേരളത്തിൽ ഓണവും വിഷുവും ആഘോഷിക്കുന്ന ജനതയ്ക്ക് ഈ പൂർവ സംസ്കൃതിയോട് ബന്ധമുണ്ടെന്നും എൻ. വി. കൃഷ്ണവാരിയർ കലോത്സവ ലേഖനത്തിൽ നിരീക്ഷിച്ചിട്ടുള്ളത് നമ്മുടെ ദേശ – സഭാ ചരിത്രകാരന്മാർ ഇനിയെങ്കിലും ശ്രദ്ധിച്ചാൽ കൊള്ളാം.

വടക്കേ ഇന്ത്യയിൽ നിന്ന് പില്ക്കാലത്ത് കേരളത്തിൽ കുടിയേറിപ്പാർത്ത ദ്രാവിഡ വംശജരിൽ ബുദ്ധ – ജൈന വിശ്വാസികൾ വളരെയുണ്ടായിരുന്നു. വനപ്രദേശങ്ങളിൽ നിന്ന് വനവിഭവങ്ങൾ ശേഖരിച്ച് തുറമുഖ പ്രദേശങ്ങളിലേക്ക് എത്തിക്കുന്നതിൽ ഇവർ വലിയ പങ്കാളിത്തം വഹിച്ചിരുന്നു. ബി. സി. ഒന്നാം നൂറ്റാണ്ടു മുതൽ സംഘകാലഘട്ടമായ എ. ഡി. ആദ്യ നൂറ്റാണ്ടുകൾ വരെ ജൈന – ബുദ്ധ (ശ്രമണ) പള്ളികൾ വ്യാപിച്ചത് ഇവരുടെ ബാഹുല്യത്തെ സൂചിപ്പിക്കുന്നു. വാർഡും കോണറും 1800 നോടടുത്ത് സർവേ റിപ്പോർട്ട് തയാറാക്കുമ്പോൾ തലപ്പള്ളി താലൂക്കിൽ മാത്രം രണ്ടായിരത്തോളം പഗോഡകൾ (ആരാധനാലയങ്ങൾ) ഉണ്ടായിരുന്നതായി അവർ രേഖപ്പെടുത്തിയിട്ടുണ്ട് (Geographical and statistical memoir of the survey of the Travancore and Cochi State, Vol. 2, Part II, Cochin, p. 276). പൊന്നാനി തുറമുഖത്തോടു ചേർന്നുകിടക്കുന്ന ചാവക്കാട്, തലപ്പള്ളി, വള്ളുവനാട് താലൂക്കുകളിൽ അസംഖ്യം ബുദ്ധ ജൈന ദേവാലയങ്ങളും അവയിലെ ചീരധാരികൾ (ചീവരം = മരവുരി) ആയ ബുദ്ധ – ജൈന സന്യാസിമാരും ഉണ്ടായിരുന്നു. തുറമുഖ പട്ടണമായ പാലൂരിൽ 'ചീരൻ കുളം' ഇപ്പോഴും ഉണ്ട്. ചീരൻകുളം ക്ഷേത്രവും ഉണ്ട്. ശൈവമത സംക്രമണകാലത്ത് പഗോഡ ഭഗവതിക്ഷേത്രമായി പരിണമിച്ചുവെന്ന് മാത്രം. ഉത്തരേന്ത്യയിൽ വച്ച് ജന്തുബലി സംസ്കാരം പുലർത്തിയ ആര്യന്മാരോട്

കലഹിച്ച് ഉടലെടുത്ത ബുദ്ധ - ജൈന പ്രസ്ഥാനങ്ങൾ നിരീശ്വരവാദക്കാർ ആയിരുന്നുവെങ്കിലും സാത്വികർ ആയിരുന്നു. കേരളക്കരയിൽ വലിയൊരു ജനസാമാന്യത്തെ ബുദ്ധ - ജൈന വിശ്വാസങ്ങളിലേക്കാകർഷിക്കുവാൻ ഇവർക്ക് കഴിഞ്ഞു. അറബികളും യഹൂദന്മാരും ഒഴികെ മറ്റു മിക്ക വിഭാഗങ്ങളും ക്രമേണ ബുദ്ധ-ജൈന വിശ്വാസികൾ ആയി. കേരളത്തിൽ ഇവരുടെ ആദ്യ ആസ്ഥാനം തലപ്പള്ളി താലൂക്കിൽ പാലൂർ പ്രദേശത്തുള്ള തിരുമറൈക്കാട് ആയിരുന്നു. പോർക്കളം എന്ന് ഇപ്പോൾ അറിയപ്പെടുന്ന ഈ സ്ഥലം മറയൂർ, മറൈക്കാട്, വേദവനം, വേദക്കാട് തുടങ്ങിയ പല പേരുകളിൽ അറിയപ്പെട്ടിട്ടുണ്ട്. ഭൂമിക്കടിയിലും മുകളിലുമായി വിവിധതരം പ്രാചീന ഗുഹകൾ ഇന്നും അവിടെ കാണപ്പെടുന്നുണ്ട്. പ്രകൃതി സുന്ദരവും പ്രശാന്ത ഗംഭീരവുമായ ഈ പ്രദേശം ബുദ്ധ-ജൈന മതസ്ഥരുടെയും ശൈവ - വൈഷ്ണവ - ബ്രാഹ്മണ മതസ്ഥരുടെയും വിശ്വാസ പരിശീലനവേദിയായി വർത്തിച്ചതിന്റെ സൂചനകൾ 12-ാം നൂറ്റാണ്ടിൽ ചേക്കിഴാർ രചിച്ച ശൈവപുരാണത്തിൽ - പെരിയ പുരാണം എന്ന് പേർ - വ്യക്തമായി കാണുന്നുണ്ട്. 28-ാം ഭാഗം. തിരുജ്ഞാന സംബന്ധ മൂർത്തീ നായനാർ, പു. 118-142).

പൊന്നാനി - അലക്സാന്ത്രിയ തുറമുഖങ്ങളെ കേന്ദ്രീകരിച്ച് നടന്നിരുന്ന വിദേശ വ്യാപാരത്തിൽ പങ്കെടുത്ത ഗ്രീക്കുകാർ പൊന്നാനിയുടെ തുറമുഖപട്ടണമായ പാലൂരിലും ബുദ്ധമതക്കാർ അലക്സന്ത്രിയായിലും കോളനികൾ സ്ഥാപിച്ചിരുന്നു. ബുദ്ധമത കോളനിക്ക് അലക്സന്ത്രിയായിൽ ഒരു ബുദ്ധ ശ്മശാനവും (സർ ഫ്ളിളേഴ്സ് പെട്രി - രാധാ കമൽ മുഖർജി, The Church and Art of India, p. 132) യവനക്കോളനിയ്ക്ക് പാലൂരിൽ അഗസ്ത്യ ദേവാലയവും ഉണ്ടായിരുന്നതായി ചരിത്രകാരന്മാർ സാക്ഷിക്കുന്നു (എ. ശ്രീധരമേനോൻ, എ സർവ്വേ ഓഫ് കേരള ഹിസ്റ്ററി, പു. 23). അഗസ്തി (അഗസ്റ്റസ്) ദേവാലയം സ്ഥിതിചെയ്തിരുന്ന സ്ഥലം അകതിയൂർ എന്ന പേരിൽ ഇന്നും പാലൂർ പ്രദേശത്ത് കാണുന്നുണ്ട്. ജൂതക്കോളനി സ്ഥിതിചെയ്തിരുന്ന പാലൂരിലെ ചാട്ടുകുളങ്ങര, മറ്റം എന്നിവിടങ്ങളിൽ ജൂതസിന്നഗോഗുകളും ഉണ്ടായിരുന്നു. ചാട്ടുകുളം (അതിപ്പോഴും ഉണ്ട്) ഒരു ലഘു തുറമുഖമാണ്. കുളം എന്നാൽ തമിഴിൽ തുറമുഖമെന്ന് അർത്ഥം (ജലാശയം എന്ന സാമാന്യാർത്ഥം പിന്നീടുണ്ടായതാണ്). മലബാറിലെ വനവിഭവങ്ങൾ നാട്ടുപാതകളിലൂടെ ചാട്ടുകുളങ്ങരെ എത്തും. ചാട്ടുകുളങ്ങരയിൽ നിന്ന് പാൽ മാർഗ്ഗം (പാൽ = വഞ്ചി എന്ന് പുരാതന തമിഴിൽ അർത്ഥം). പൊന്നാനിയിലെ വലിയ കപ്പലുകൾ നങ്കൂരമിട്ട് കിടക്കുന്ന കടൽത്തീരത്തെത്തും. പൊന്നാനിയിൽ കപ്പലിറങ്ങുന്ന വിഭവങ്ങൾ വഞ്ചിമാർഗ്ഗം ചാട്ടുകുളത്തെത്തും. സമീപത്തുള്ള ചാട്ടുകുളം, ചെമ്മണ്ണൂർ, ആലത്തൂർ എന്നീ പ്രസിദ്ധ അങ്ങാടികളിൽ വിപണനം നടക്കും.

എ. ഡി. ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ചേര രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന കർക്കാനാട് പരിണമിച്ചുണ്ടായതാണ് പില്ക്കാലത്തെ കക്കാട് എന്നും (പാലൂർ പ്രദേശം) ചേര തുറമുഖമായ വഞ്ചിമുത്തൂർ (പഴയ വഞ്ചിയാണ് പഴഞ്ഞി (പാലൂർ പ്രദേശം) എന്ന രൂപമായിത്തീർന്നതെന്നും നിരീക്ഷിക്കുവാൻ ആവശ്യമായ ഭാഷാപരവും സാഹചര്യപരവും ചരിത്രപരവുമായ തെളിവുകൾ ലഭ്യമാണ്. ക്രിസ്തുമതത്തിലേക്ക് മതം മാറിയ ഒരു പെരുമാളെ കക്കാട് നമ്പിടി വധിച്ചു എന്ന ഐതിഹ്യവും അതിന്റെ പാരിതോഷികമായി തലപ്പള്ളി പ്രദേശം കക്കാട് നമ്പിടിമാർക്ക് ലഭിച്ചു എന്ന ചരിത്രവും ഇതോടൊന്നിച്ച് വായിക്കാവുന്നതാണ്. കക്കാട് കോട്ടയും പഴഞ്ഞിയിലെ കോട്ടയും (കോട്ടോൽ) ഈ ചരിത്രകഥകൾ മൂകഭാഷയിൽ വിവരിക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ക്രിസ്തുവിന് മുമ്പ് ആരംഭിച്ച വിദേശ വ്യാപാരബന്ധത്തിന്റെ ചുക്കാൻ പിടിച്ചിരുന്നത് ചേര രാജാക്കന്മാരായിരുന്നു. പൊന്നാനി – അലക്സന്ത്രിയ തുറമുഖങ്ങളെ കേന്ദ്രീകരിച്ച് നടന്ന ഈ വ്യാപാരം കേരളത്തിലും അലക്സന്ത്രിയായിലും ഒരു മിശ്ര സംസ്കാരത്തെ ജനിപ്പിക്കുന്നതിൽ നിർണ്ണായകപങ്ക് വഹിക്കുകയും ചെയ്തു. പ്ലീനിയുടെ കാലത്ത് (എ. ഡി. 1–ാം നൂറ്റാണ്ടിൽ) ഈജിപ്തിൽ ഇന്ത്യാക്കാർ താമസിച്ചിരുന്നതായും ടോളമി എന്ന ശാസ്ത്രജ്ഞൻ അലക്സന്ത്രിയായിൽ വച്ച് ഇന്ത്യാക്കാരോട് സംസാരിച്ചതായും രേഖയുണ്ട് (ബോംബെ ഗസറ്റിയർ, വാള്യം 10, പു. 137, 138). ശലോമോൻ ചക്രവർത്തിയുടെ കാലത്ത് (ബി. സി. 8–ാം നൂറ്റാണ്ട്) ഹീറാമിന്റെ കപ്പലുകൾ ശേഖരിച്ച വിശിഷ്ട പദാർത്ഥങ്ങളിൽ ദന്തം ദക്ഷിണേന്ത്യയിലെ പ്രശസ്ത കയറ്റുമതി ചരക്കാണ്. മയിൽ, കുരങ്ങ് തുടങ്ങി ഹീറാം ശേഖരിച്ച മറ്റു പലതും കേരളത്തിലെ മലമ്പ്രദേശങ്ങളിലെ വിഭവങ്ങളാണ്. ഈജിപ്റ്റിലെ മമ്മികളെ കേരളത്തിലെ കാലിക്കോതുണി കൊണ്ടാണ് പൊതിഞ്ഞിരുന്നത്. ക്രിസ്തുവിന്റെ മൃതശരീരം പൊതിഞ്ഞ കേത്താന തുണികൾ കേരളത്തിൽ നിർമ്മിച്ചവയാണ് (Liddel and Scott's Great Lexicon). എബ്രായഭാഷയിലെ ടുക്കിയായി, ആൽമഗ്, ഷെൻഹാബിം, കോപ്പ് തുടങ്ങിയ പദങ്ങൾ യഥാക്രമം മയിൽ, ചന്ദനം, ദന്തം, കുരങ്ങ് എന്നിങ്ങനെ അർത്ഥമുള്ള ശുദ്ധദ്രാവിഡ ശബ്ദങ്ങളാണെന്ന് ഭാഷാ ശാസ്ത്രജ്ഞനായ ഡോ. കാൽഡ്വൽ സിദ്ധാന്തിച്ചിട്ടുണ്ട്. പഞ്ഞി, ഗുൽഗുലു, അമൃത് മുതലായവയുടെ ഹീബ്രു പദങ്ങൾ സംസ്കൃത തദ്ഭവങ്ങൾ ആണ്. ക്രിസ്തുവിന് മുമ്പ് 400 നിടയ്ക്ക് ജീവിച്ച ഒരു യവന ഡോക്ടർ കറുവാപട്ടയ്ക്കു പകരം കാർപ്പിയൻ എന്ന് ഉപയോഗിച്ചിട്ടുണ്ട്. ചുക്കിന്റെ (ഇഞ്ചി പേര്) ഗ്രീക്ക് നാമം സിഞ്ചിബേർ എന്നാണ്. ക്രിസ്തുവർഷത്തിനു മുമ്പ് പ്രചരിച്ചിരുന്ന ഫിനിഷ്യൻ ലിപിമാലയിൽ നിന്നാണ് തമിഴ് – മലയാളങ്ങളുടെ പൂർവ്വിക ലിപിമാല – വട്ടെഴുത്ത് – രൂപം കൊണ്ടത്. പാലൂരിലെ ഇയ്യാൽ ഗ്രാമത്തിലെ ഗുഹയിൽ നിന്ന് കണ്ടെത്തിയ റോമൻ സ്വർണ്ണനാണയ

ങ്ങളുടെ ശേഖരം ഈ ബന്ധത്തിന്റെ അനിഷേധ്യമായ തെളിവാണ്. പാലൂരിലെ പഴഞ്ഞിയിൽ (പഴയ വഞ്ചിയിൽ) ഒരു തെരുവിന്റെ പേർ ഇന്നും യവനന്റെ അങ്ങാടി (യോനോന്റെ) എന്നാണ്. കടൽ കടന്നുവരുന്നവരുടെ പൊതുനാമമായിട്ടാണ് യവനപദം അന്നുപയോഗിച്ചിരുന്നത്. പേർഷ്യാക്കാരും ഈ ഗണത്തിൽപ്പെടും. അവരുടെ ആരാധനാലയമായിരുന്നു പാലൂർ പ്രദേശമായ കാട്ടകാമ്പാൽ കായൽത്തീരത്തെ ക്ഷേത്രം. ദാരിയന്റെ (ഡേറിയസ് ചക്രവർത്തി) വകയായിരുന്ന ആ ക്ഷേത്രം ശൈവമത മുന്നേറ്റകാലത്ത് ഭഗവതിക്ഷേത്രമായി. ശൈവദേവതയായ കാളിയുടെ ഭക്തർ ഹിംസാത്മകമായ ഒരാക്രമണത്തിലൂടെയാണീ ക്ഷേത്രം കൈവശപ്പെടുത്തിയത്. ദാരിയന്റെ തല കൊയ്തെടുക്കുന്ന ആ സംഭവം ഒരു അനുഷ്ഠാന കലാരൂപമായി ഇന്നും വാർഷികപരിപാടിയായി ആചരിക്കുന്നുണ്ട്. മുടിയേറ്റ് എന്ന പേരിൽ ഈ 'വധ' നാടകം പില്ക്കാലത്ത് പല ക്ഷേത്രങ്ങളിലെയും ഉത്സവവേളകളിൽ അവതരിപ്പിച്ചു പോരുന്നു.

എ. ഡി 45-ൽ ഹിപ്പാലസ് കാലവർഷക്കാറ്റുകൾ കണ്ടുപിടിക്കുന്നതിന് വളരെ മുമ്പ് മുതൽ കേരളം, വിദേശ വ്യാപാരത്തിലൂടെ പാശ്ചാത്യ പൗരസ്ത്യനാടുകളിൽ പ്രസിദ്ധിയാർജ്ജിച്ചിരുന്നു എന്നാണ് ഈ ചർച്ച വ്യക്തമാക്കുന്നത്. ക്രിസ്തുവിനെ സന്ദർശിച്ച പൗരസ്ത്യ രാജാക്കന്മാരിൽ ഒരാൾ ഭാരതീയൻ ആയിരുന്നു എന്ന് സെന്റ് തോമസ് സുവിശേഷത്തിൽ (അപ്പോക്രൈഫൽ) വിവരിക്കുന്നുണ്ട്.

ഹിപ്പാലസിന്റെ ഈ കണ്ടുപിടുത്തം ഈ നാടുകൾ തമ്മിലുള്ള അകലം വീണ്ടും കുറച്ചു. കൊട്ടാരനിർമ്മാണത്തിനുള്ള ശില്പ കലാവിദ്യ അലക്സന്ത്രിയായിലൂടെ കേരളത്തിലേയ്ക്കൊഴുകിയതായി കുഞ്ഞുകുട്ടൻ തമ്പുരാൻ *കേരള*ത്തിൽ പരാമർശിച്ച വിവരം നേരത്തെ സൂചിപ്പിച്ചുവല്ലോ. ഗോണ്ടഫോറസ് രാജാവ് കൊട്ടാരം പണിയാൻ ശില്പിയെ അന്വേഷിക്കുവാൻ നിയോഗിച്ച ദൂതൻ അലക്സന്ത്രിയായിൽ എത്തിയതും മാർത്തോമ്മാശ്ലീഹായുടെ നേതൃത്വത്തിൽ ഒരു സംഘം ശില്പികൾ പൊന്നാനി വഴി (ഒന്നാം നൂറ്റാണ്ടിൽ പ്ലീനി വിവരിക്കുന്ന തുണ്ടി തുറമുഖം പൊന്നാനിയാണെന്ന് കെ. എ. നീലകണ്ഠശാസ്ത്രികൾ) കേരളത്തിലെത്തിയതും തന്മൂലം ഏറ്റവും സ്വാഭാവികമാണ്. പൊന്നാനിക്ക് വളരെ സമീപമായ പാലൂരിലെ ജൂതക്കുന്ന് ശ്ലീഹായുടെ ആദ്യത്തെ സുവിശേഷവയൽ ആയതും സ്വാഭാവികം (ഇസ്രായേൽ കുലത്തിൽ നിന്ന് നഷ്ടപ്പെട്ടവരോട് ആദ്യം സുവിശേഷം അറിയിക്കണമെന്നത് കർത്തൃ കല്പനയായിരുന്നുവല്ലോ). വിദേശ വ്യാപാരത്തിലേർപ്പെട്ട യഹൂദന്മാരുടെ കോളനിയാണ് ജൂതക്കുന്ന് എന്ന പേരിൽ അറിയപ്പെടുന്നത്. ചാട്ടുകുളങ്ങരയിലുള്ള ഈ യൂദക്കുന്നിൽ യഹൂദന്മാരുടെ ഒരു സിന്നഗോഗും ഉണ്ടായിരുന്നു. പാലൂരിലെ യഹൂദന്മാർക്ക് അവരുടെ ആരാധനാ ഭാഷയായ ഹീബ്രു, അവരുടെ

മാതൃഭാഷയായിരുന്ന സുറിയാനി (അരമായരൂപം) മലനാട്ടിലെ പ്രാചീന തമിഴ് എന്നീ ഭാഷകൾ നല്ലവണ്ണം അറിയാമായിരുന്നു. തന്മൂലം മാർത്തോമ്മായുടെ അരമായ ഭാഷയിലുള്ള പ്രഭാഷണങ്ങളും ആരാധനകളും അവർക്ക് ഗ്രഹിക്കുവാൻ കഴിയുമായിരുന്നു. യഹൂദന്മാർ നൂറ്റാണ്ടുകളായി കാത്തിരുന്ന വാഗ്ദത്ത പുരുഷനും വിമോചകനുമായ മശിഹാ, യേശു ക്രിസ്തുവല്ലാതെ മറ്റാരുമല്ല എന്ന സാക്ഷ്യം ജൂതക്കോളനിയിലെ പ്രവാസികൾക്ക് ഗ്രഹിക്കുവാൻ പ്രയാസമില്ലായിരുന്നു. അവർ കൂട്ടത്തോടെ തോമ്മാശ്ലീഹാ പരിചയപ്പെടുത്തിയ മതം സ്വീകരിച്ചു. പരിച്ഛേദനയിലൂടെ സഭാംഗത്വം വ്യക്തിപരമായി നേടുവാൻ അബ്രഹാമിന്റെ കാലം മുതൽ സ്വീകരിച്ച യഹൂദവംശത്തിന് 'ക്രിസ്തുവിൽ ആണെന്നോ പെണ്ണെന്നോ വ്യത്യാസം കൂടാതെ' മാമ്മൂദീസാ സ്വീകരിച്ച് സഭാംഗത്വം നേടാം എന്ന നവീനാശയത്തിന്റെ അർത്ഥവിശാലത സുഗ്രഹമായി. ബലികർമ്മത്തിനായി യരുശലേമിൽ സ്ഥിതിചെയ്യുന്ന ഏകദേവാലയത്തിൽ പോകണമായിരുന്ന യഹൂദന് പുതിയനിയമബലി സാർവദേശീയമായും സാർവകാലികമായും ബലിയർപ്പണം സാദ്ധ്യമെന്ന യാഥാർത്ഥ്യം സ്വീകാര്യമായി. ലേവ്യവംശക്കാരാരെന്നും അഹറോന്റെ പുത്രന്മാർ എവിടെയെന്നും യാഗാർപ്പണത്തിൽ അന്വേഷിക്കാൻ ബാദ്ധ്യസ്ഥരായ യഹൂദർ മാമ്മൂദീസാ സ്വീകരിച്ചവരെല്ലാം പുരോഹിതസ്ഥാനത്തിന് അർഹരാണെന്ന നവീന ദർശനം ആഹ്ലാദപൂർവ്വം സ്വീകരിച്ചു. പല്ലിന് പകരം പല്ല്, കണ്ണിന് പകരം കണ്ണ് എന്ന ന്യായപ്രമാണത്തിലെ രാജസഭക്തിയുടെ സ്ഥാനത്ത് ത്യാഗത്തിന്റെയും ക്ഷമയുടെയും സഹനത്തിന്റെയും ഉദാത്ത സാത്വികത അവർക്ക് ആദരണീയവും ആരാധ്യവും ആയിത്തോന്നി. അതോടെ പാലൂർ ജൂതക്കുന്നിലെ സിന്നഗോഗ് ഭാരതത്തിലെ ആദ്യത്തെ ക്രിസ്തുമത ദേവാലയമായിത്തീർന്നു. മതപരിവർത്തനം ചെയ്ത യഹൂദർ ആദ്യത്തെ ഭാരതീയ ക്രൈസ്തവരും ആയിത്തീർന്നു. ചാട്ടുകുളം (ജൂതക്കുന്നിന്റെ താഴ്വാരത്തിലെ കുളം) സ്നാനശുശ്രൂഷയുടെ ആദ്യവേദിയായി മാറി. അരമായ ഭാഷയിൽ അപ്പവും വീഞ്ഞും ഉപയോഗിച്ച് വി. കുർബാനയുടെ പ്രാക് (ആദിമ) രൂപം ദൈവമാതാവിന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ട് ക്രൈസ്തവ ദേവാലയമായിത്തീർന്ന ജൂത സിന്നഗോഗിൽ അർപ്പിക്കപ്പെട്ടു.

ബുദ്ധ - ജൈന മതങ്ങൾ ആഭ്യന്തര അപചയത്തിലേക്ക് വഴുതിവീണ ഒരു ഘട്ടമായിരുന്നു അത്. ജന്തുബലിയിൽ പ്രസാദിക്കുന്ന രക്തദാഹിയായ ഈശ്വരനെ നിഷേധിച്ചുകൊണ്ടാണ് ആ മതങ്ങൾ പിറവി കൊള്ളുന്നത്. ബുദ്ധ - ധർമ്മ - സംഘത്രയത്തിൽ വിശ്വാസമർപ്പിച്ച ആ പ്രസ്ഥാനങ്ങൾക്ക് ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോഴേയ്ക്കും ഒരു ശൂന്യതാബോധം അനുഭവപ്പെട്ടു. മനുഷ്യന്റെ ആത്മീയദാഹങ്ങളെ ശമിപ്പിക്കുവാൻ നിരീശ്വരവാദത്തിന് കഴിവില്ലെന്ന് ബോധ്യമായ ആ നിരീശ്വരപ്രസ്ഥാനങ്ങൾ ക്രമേണ ബുദ്ധ - ജൈനമത സ്ഥാപകരെ ഈശ്വരസ്ഥാനത്ത്

പ്രതിഷ്ഠിക്കുവാനാരംഭിച്ചു. ബുദ്ധന്റെയും ജൈനാചാര്യന്മാരുടെയും പ്രതിമകൾ സ്ഥാപിച്ച പള്ളികൾ നാടെങ്ങും ആവിർഭവിച്ചു. ഒരു ആത്മീയ പ്രതിസന്ധിയായിരുന്നു ഫലം. ഈശ്വരനിഷേധത്തിന്റെ താത്വികജ്ഞാനവും വിഗ്രഹപ്രതിഷ്ഠയുടെ പ്രായോഗിക കർമ്മാനുഷ്ഠാനങ്ങളും ഒത്തുപോകില്ലെന്ന് തീർച്ചയായി. ഈ ധർമ്മസങ്കടത്തെ അഭിമുഖീകരിക്കുന്നതിനിടയിലാണ് ക്രിസ്തുമതം അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത്. അവരുടെ പല ചോദ്യങ്ങൾക്കും ക്രിസ്തുമതദർശനത്തിൽ അനിഷേധ്യമായ ഉത്തരങ്ങൾ കണ്ടെത്തി. സാത്വികമായ ഒരു ദൈവസങ്കല്പം, ഉദാത്തമായ ധർമ്മസംഘ സങ്കല്പങ്ങൾ ഇവ അവരെ ആകർഷിച്ചു. അവരും ക്രിസ്തുമതത്തിലേക്ക് പതുക്കെ ആകർഷിക്കപ്പെടുവാൻ തുടങ്ങി. എ. ഡി. 52 ൽ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ക്രൈസ്തവസഭ വികാസത്തിന്റെ ചക്രവാളങ്ങൾ കണ്ടെത്തുകയായിരുന്നു.

## A. മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻ സഭ

ഇന്ത്യൻസഭയുടെ സ്ഥാപകൻ മാർത്തോമ്മാ ശ്ലീഹാ ആണെന്നു പൂർവ്വികവും സർവ്വാദൃതവും ആയ ദൃഢവിശ്വാസത്തെ ചില പാശ്ചാത്യ പണ്ഡിതർ ചോദ്യം ചെയ്തിട്ടുണ്ട്. റോമൻ കത്തോലിക്കാ ചരിത്രകാരന്മാരും അവരിൽ പ്രത്യേകമായി ജസ്യൂട്ട് ചരിത്രകാരന്മാരും പ്രോട്ടസ്റ്റന്റ് ചരിത്രകാരന്മാരായ വിഷർ, ഡോ. ബുക്കാനൻ, ഡോ. കേർ, ബിഷപ്പ് ഹീബർ, ആർച്ച് ഡീക്കൻ റോബിൻസൺ, ഹൗവ്വാർഡ്, കോളിൻസ്, വൈറ്റ് ഹൗസ് എന്നീ ചരിത്രകാരന്മാരും മാർത്തോമ്മാ പാരമ്പര്യത്തെ ശക്തമായി അനുകൂലിക്കുന്നു. “മാർക്കോപോളോ” തർജ്ജമ ചെയ്ത കേണൽ യൂളും പോർത്തുഗീസ് രേഖകൾ പരിശോധിച്ച അലക്സ് ഡോർസിയും ഈ പാരമ്പര്യത്തെ ചരിത്രപരമായി ന്യായീകരിച്ചിട്ടുണ്ട്. എന്നാൽ ലാക്രോസ്, ഹഫ് എന്നിവർ ഈ വിഷയങ്ങളിൽ സമകാല ചരിത്രരേഖകൾ ലഭ്യമല്ല എന്നതിൽ ദുഃഖിച്ചിട്ടുണ്ട്. റവ. ജി. എം. റെയ് തുടങ്ങിയ വിരലിലെണ്ണാവുന്ന പണ്ഡിതർ ഈ പാരമ്പര്യത്തെ ചോദ്യം ചെയ്തിട്ടുണ്ട്. രണ്ടു ന്യായങ്ങളാണ് അവർ ഇക്കാര്യത്തിൽ ഉന്നയിച്ചിട്ടുള്ളത്. ഒന്ന്. മാർത്തോമ്മാ ശ്ലീഹായോട് ബന്ധപ്പെട്ട ഇന്ത്യാ പരാമർശങ്ങൾ യഥാർത്ഥത്തിൽ എത്യോപ്യൻ പ്രദേശങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളാണ്. രണ്ട്: മാർത്തോമ്മാ ശ്ലീഹാ സന്ദർശിച്ചത് ഇന്ത്യയെ ആണെന്നിരുന്നാലും അദ്ദേഹം അഫ്ഗാനിസ്ഥാൻ, കാബൂൾ തുടങ്ങിയ വടക്ക് പടിഞ്ഞാറൻ ഭാഗങ്ങളല്ലാതെ തെക്കേ ഇന്ത്യയിൽ വന്നിട്ടില്ല.

ക്രിസ്തുവിന് ആയിരം വർഷങ്ങൾക്കു മുമ്പ് മുതലെങ്കിലും ഇന്ത്യയുടെ കടൽത്തീരം വിദേശ വാണിജ്യം മൂലം ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിൽ സുപരിചിതമായിരുന്നുവെന്നത് അവിതർക്കിതമായ ചരിത്രവസ്തുതയായി സെക്കുലർ ചരിത്രഗവേഷണ പരമ്പരകളിലൂടെ അനി

ഷേധ്യമായി തെളിയിച്ചുകഴിഞ്ഞിട്ടുണ്ട് (പി. കെ. ഗോപാലകൃഷ്ണൻ, *കേരളത്തിന്റെ സാംസ്കാരിക ചരിത്രം*). അതിനാൽ എതിർപ്പിന്റെ ആദ്യ ഭാഗം സാധുവല്ല. വടക്കുപടിഞ്ഞാറെ ഇന്ത്യയിൽ, ക്രിസ്തുമതമോ സെന്റ് തോമസ് പാരമ്പര്യമോ നിലവിലില്ലാത്തതിനാൽ രണ്ടാം ഭാഗം ഭാവനയിൽ അധിഷ്ഠിതമായ കഥ മാത്രമാണ്.

സമീപകാല നൂറ്റാണ്ടുകളിൽ മലയാള സാഹിത്യത്തിലെ കുലപതികളായി സാഹിത്യചരിത്രം വിശേഷിപ്പിച്ച ശങ്കരാചാര്യർ, ചീരാമൻ, നിരണം കവികൾ, ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ തുടങ്ങിയവരെക്കുറിച്ച് നമുക്കറിയാവുന്ന ചരിത്രവസ്തുതകൾ എന്തൊക്കെയാണ്? അവരുടെ കാലമോ, ജന്മ - കർമ്മസ്ഥലങ്ങളോ, വ്യക്തിനാമമോ, മാതാപിതാക്കളുടെ നാമമോ അജ്ഞാതമല്ലേ? അവരുടെ കൃതികളായി അറിയപ്പെടുന്ന പല കൃതികളുടെയും കർത്തൃത്വത്തെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ട്. പ്രായേണ ആധുനികമായ ഈ സാംസ്കാരിക പിതാക്കളെപ്പറ്റിപ്പോലും വേണ്ടത്ര ചരിത്ര വസ്തുതകൾ ലഭ്യമല്ലെങ്കിലും അവരുടെ പേരിൽ പ്രസിദ്ധമായ കൃതികളെ മുൻനിറുത്തി നാം അവരെ ചരിത്രപുരുഷന്മാരായി ഗണിക്കുന്നു. ഈ വെളിച്ചത്തിൽ നോക്കുമ്പോൾ രണ്ടായിരം കൊല്ലം പഴക്കമുള്ള മാർത്തോമ്മാശ്ലീഹായുടെ പേരിൽ ലഭിച്ച സമ്പന്നമായ പൈതൃകത്തെയും രേഖകളെയും കുറിച്ച് അഭിമാനിക്കുവാൻ വകയുണ്ട്.

തങ്ങളുടെ സഭയുടെ സ്ഥാപകൻ ആയി മാർത്തോമ്മാ ശ്ലീഹായെ അഭിമാനപൂർവ്വം അവകാശപ്പെടുന്ന ഇന്ത്യൻ ക്രൈസ്തവസഭയുടെ സാന്നിദ്ധ്യം തന്നെയാണ് ഇക്കാര്യത്തിൽ പ്രഥമവും പ്രധാനവും ആയ തെളിവ്. ലോകത്തിലൊരിടത്തും മാർത്തോമ്മായെ സഭാസ്ഥാപകനായി അവകാശപ്പെടുന്ന ക്രൈസ്തവസമൂഹം ഇല്ല തന്നെ. ഇന്ത്യയിലാകട്ടെ, 17-ാം നൂറ്റാണ്ട് മുതൽ പല തട്ടുകളിലായി നിലകൊള്ളുന്നുവെങ്കിലും മാർത്തോമ്മാ പൈതൃകത്തെ ഏകാഭിപ്രായമായി സാക്ഷിക്കുന്ന സഭകളാണെല്ലാം.

മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ചതായി അവകാശപ്പെടുന്ന ഏതാനും പ്രാചീന ദേവാലയങ്ങളാണ് ഇക്കാര്യത്തിലുള്ള മറ്റൊരു സാക്ഷ്യം. മാർത്തോമ്മാ ശ്ലീഹാ കേരളക്കരയിൽ ഏഴരപ്പള്ളികൾ സ്ഥാപിച്ചു എന്നത് അതിപുരാതനമായ ഒരു പാരമ്പര്യമാണ്. പ്രാദേശികമായ ചില താല്പര്യങ്ങൾ ആ അവകാശവാദങ്ങളെ കളങ്കപ്പെടുത്തിയിട്ടുണ്ടെങ്കിലും നാലു പള്ളികളുടെ കാര്യത്തിലെങ്കിലും കാര്യങ്ങൾ അനിഷേധ്യമാണ്. മാർത്തോമ്മാശ്ലീഹായുടെ തീരദേശ യാത്രകൾക്കും മദ്രാസിലേയ്ക്കുള്ള യാത്രകൾക്കും സാക്ഷ്യംവഹിച്ച പാലൂർ, കോട്ടക്കാവ്, നിരണം, ഗോക്കമംഗലം എന്നീ പള്ളികളെയാണിവിടെ വിവക്ഷിക്കുന്നത്. ഇവിടെ സ്ഥാപിതമായ ആരാധനാസമൂഹങ്ങൾ സെന്റ് തോമസ് പാരമ്പര്യത്തിന്റെ ചരിത്രസാക്ഷികൾ ആണ്. ഇവയുടെ കൈവശാവകാശം സംബന്ധിച്ച് വിവിധ

ക്രൈസ്തവസഭകൾ നടത്തിയ ലജ്ജാവഹമായ പ്രചാരണ കോലാഹലങ്ങൾ വ്യക്തമാക്കുവാൻ പാലൂർ പള്ളിയുടെ കഥ മാത്രം മതിയാവും. മാർത്തോമ്മാ ശ്ലീഹാ പാലയൂരിൽ എത്തി എന്നും അവിടെ കുളിയുംതേവാരവും നടത്തിക്കൊണ്ടിരുന്ന നമ്പൂതിരിമാരെ ചില അത്ഭുതപ്രവർത്തനങ്ങൾകൊണ്ട് ആകർഷിച്ച് സ്നാനപ്പെടുത്തി എന്നും അവരുടെ ക്ഷേത്രത്തെ ദേവാലയമാക്കി രൂപാന്തരപ്പെടുത്തി എന്നും, ചില നമ്പൂതിരിമാരെ പുരോഹിതന്മാരായി നിയമിച്ചു എന്നും ആണ് പാലയൂർ പള്ളിയുടെ ഇന്നത്തെ കൈവശാവകാശികൾ പ്രചരിപ്പിച്ചുപോരുന്നത്. ആ വാദത്തിന്റെ പിഴവുകൾ ഇന്ന് അവരെത്തന്നെ ആക്രമിച്ചു തുടങ്ങിയിട്ടുണ്ട്.

എ. ഡി. ഒന്നാം നൂറ്റാണ്ടിൽ നമ്പൂതിരിമാർ കേരളത്തിൽ പ്രത്യക്ഷപ്പെട്ടിട്ടില്ല. എ. ഡി. 16–ാം നൂറ്റാണ്ടിന് ശേഷം മാത്രം വിരചിതമായ കേരള മാഹാത്മ്യം, കേരളോല്പത്തി തുടങ്ങി നമ്പൂതിരിമാർ അവരുടെ പ്രാധാന്യം സ്ഥാപിക്കുവാൻ എഴുതിച്ചേർത്ത ശുദ്ധ അസംബന്ധകഥകളാണ് പരശുരാമൻ കേരളം കടലിൽ നിന്ന് വീണ്ടെടുത്ത് ബ്രാഹ്മണർക്ക് നല്കി എന്ന ഐതിഹ്യം. അതിൽ ചരിത്രഗന്ധമില്ല. എങ്കിലും അതിന്റെ പ്രചാരകന്മാർ രാജാധികാരത്തിന്റെ പിൻബലമുള്ള കുലീനവംശം ആയതിനാൽ ആ തന്ത്രം വിജയിക്കുക തന്നെ ചെയ്തു. 16–ാം നൂറ്റാണ്ടിൽ നമ്പൂതിരിമാരുടെ സ്ഥാനം ശ്രേഷ്ഠമായതിനാൽ വംശശ്രേഷ്ഠതയ്ക്ക് 'നമ്പൂതിരി'യുമായുള്ള ബന്ധം അനിവാര്യമായി. തുഞ്ചത്തെഴുത്തച്ഛന്റെ ജന്മത്തെ ഒരു നമ്പൂതിരിയുമായി ബന്ധപ്പെടുത്തിയത് ഇവിടെ ഓർക്കാം. 'ഋഷിയല്ലാത്തവൻ കവിയല്ല' എന്ന പ്രമാണത്തിന് സമാന്തരമായി 'നമ്പൂതിരിയല്ലാത്തവൻ കുലീനനല്ല' എന്ന ഒരു അലിഖിത പ്രമാണം പ്രചരിച്ചു. ഈ പശ്ചാത്തലത്തിലാണ് തങ്ങളുടെ പൂർവികർ നമ്പൂതിരിമാർ ആണെന്ന് സ്ഥാപിക്കുവാൻ ക്രിസ്ത്യാനികൾ തിടുക്കം കൂട്ടിയത്. ഇപ്രകാരം കുലീനത നേടുവാൻ കണ്ടെത്തിയ കുറുക്കുവഴി എന്ന നിലയിലാണ് തോമ്മാ ശ്ലീഹാ ഒന്നാം നൂറ്റാണ്ടിൽ നമ്പൂതിരിമാരെ ക്രിസ്ത്യാനികളാക്കി എന്ന കഥ ഐതിഹ്യരൂപത്തിൽ ചരിത്രത്തിന്റെ ഭാഗമാക്കിയത്. 18–ാം നൂറ്റാണ്ടിൽ നിരണത്തുകാരൻ തോമ്മാ റമ്പാൻ എഴുതിയ 'റമ്പാൻ പാട്ട്' എന്ന കൃതി കേരളോല്പത്തി - കേരള മാഹാത്മ്യം എന്നീ അബദ്ധപ്പഞ്ചാംഗങ്ങളുടെ കൂട്ടത്തിൽ ഗണിക്കാവുന്ന ഒരു ചരിത്രാഭാസ കൃതിയാണ്.

തങ്ങളുടെ ദേവാലയം സ്ഥാപിച്ചിടത്ത് ക്ഷേത്രമായിരുന്നു എന്ന് അവകാശപ്പെടുന്ന പാലയൂർകാർ അതിന്റെ സൂചനയും തെളിവുകളുമായി ഏതാനും കൽവിഗ്രഹങ്ങളും മറ്റും പ്രദർശിപ്പിക്കുന്ന ഒരു മ്യൂസിയം തന്നെ സ്ഥാപിച്ചിട്ടുണ്ട്. വിഗ്രഹങ്ങളുടെയും ക്ഷേത്രത്തിന്റെയും ഐതിഹ്യങ്ങൾ അവതരിപ്പിക്കുക വഴി അവർ പാലയൂർ പള്ളിയുടെ പഴക്കത്തെയല്ല, പഴക്കമില്ലായ്മയെയാണ് തെളിയിച്ചിട്ടുള്ളതെന്ന് പാലയൂർക്കാർ അറിഞ്ഞുതുട

ങ്ങിയിട്ടുണ്ട്. അതവരെ പരിഭ്രമിപ്പിക്കുവാനും തുടങ്ങിയിട്ടുണ്ട്. വാസ്തവമെന്താണെന്ന് ആധുനിക സെക്കുലർ ചരിത്രകാരനായ എ. ശ്രീധരമേനോൻ പറയട്ടെ: "…. കേരളീയ ക്ഷേത്രങ്ങൾ പലതും നിർമ്മിക്കപ്പെട്ടത് എ. ഡി. 8-ാം ശതകത്തിലാണ്. മഹോദയപുരം വാണ കുലശേഖര ചക്രവർത്തിമാരുടെ കാലത്ത് (800-1102) ഈ സമ്പ്രദായം അഭിവൃദ്ധമാകുകയും ചെയ്തു. ഈ ഘട്ടത്തിലാണ് കേരളത്തിലെ ഹിന്ദുക്ഷേത്രങ്ങളിൽ മിക്കവയും ഉണ്ടായത്. ഈ കാലമായപ്പോഴേക്കും ക്രിസ്തു - ഇസ്ലാം - ജൂതമതങ്ങളും സ്വന്തം ഈശ്വരാരാധനാ കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രാദേശിക ജനവിഭാഗങ്ങളെ ആകർഷിക്കത്തക്കവിധത്തിൽ ആരാധനയും വിശ്വാസങ്ങളും സംവിധാനം ചെയ്തു തുടങ്ങിയിരുന്നു. ഹിന്ദുമതത്തെ കൂടുതൽ ആകർഷകമാക്കുന്നതിന് അധികാരികൾ ബുദ്ധമതത്തിൽ നിന്നും (ക്രിസ്തുമതത്തിൽ നിന്നും - ഗ്രന്ഥകാരൻ. വൈദികേതരമായതെല്ലാം ബൗദ്ധം എന്നാണ് അക്കാലങ്ങളിൽ വിശേഷിപ്പിക്കപ്പെട്ടിരുന്നത്) ഉത്സവം, ഘോഷയാത്ര, വിദ്യാഭ്യാസപ്രവർത്തനം, ചികിത്സ തുടങ്ങിയ സേവനപരമായ കാര്യങ്ങൾ സ്വീകരിച്ചു" (*കേരള സംസ്കാരം*, പു. 36).

പാലയൂർ പള്ളി നമ്പൂതിരിമാരുടെ ആഗമനശേഷം ക്ഷേത്രം നിന്ന സ്ഥലത്ത് പണിതതാണെന്ന അവകാശവാദം ശരിയെങ്കിൽ ആ ദേവാലയം എ. ഡി. 9-ാം നൂറ്റാണ്ടിന് ശേഷമാണ് പണിയപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാകും. ഈ നിഗമനം ശരിയാവാനിടയുണ്ട്. അതിന്റെ വിശദീകരണം താഴെ ചേർക്കുന്നു.

എ. ഡി. 6-ാം നൂറ്റാണ്ടോടു കൂടി ആര്യവംശീയരായ നമ്പൂതിരിമാർ ഉത്തരേന്ത്യയിൽ നിന്ന് പടിഞ്ഞാറൻ കടൽ വഴി കേരളത്തിലെത്തി. അവരുടെ ആദ്യ കേരളീയ ആസ്ഥാനം പൊന്നാനിത്തുറമുഖവും സമീപപ്രദേശങ്ങളുമായിരുന്നുവെന്ന് *ആര്യന്മാരുടെ കുടിയേറ്റം* ഒന്നാം വാല്യത്തിൽ ഗ്രന്ഥകർത്താവ് കാണിപ്പയ്യൂർ നമ്പൂതിരിപ്പാട് നിരീക്ഷിച്ചിട്ടുണ്ട്. ക്രമേണ അവർ പാലൂർ പ്രദേശങ്ങളിലും പേരാർ, പെരിയാർ നദീതീരങ്ങളിലുമായി വ്യാപിക്കുകയായിരുന്നു. സാത്വികർ എന്ന് സ്വയം വിശേഷിപ്പിച്ച നവാഗതർ ക്രിസ്തുമത ദർശനത്തിന്റെ ആദർശങ്ങളിലും കർമ്മാനുഷ്ഠാനങ്ങളിലും കണ്ട ഉദാത്തമായ സാത്വികതയെ തിരിച്ചറിഞ്ഞു. അവരിൽ ചില വേദപണ്ഡിതർ യജ്ഞ സാധനവും യജ്ഞാനുഷ്ഠാനകനും യജ്ഞ സ്വീകാരകനുമായി ഋഗ്വേദം പ്രവചിച്ച ആദി പുമാൻ ആയ യാഗപുരുഷൻ (ഋഗ്വേദത്തിലെ പുരുഷ സൂക്തം പരിശോധിക്കുക) ക്രിസ്തുവാണെന്ന് തിരിച്ചറിഞ്ഞു. തദ്ഫലമായി പാലൂർ പ്രദേശത്ത് പാർപ്പുറപ്പിച്ചിരുന്ന നമ്പൂതിരിമാരിൽ ഒരു പ്രബല വിഭാഗം ക്രിസ്തുമതം സ്വീകരിക്കുകയും പാലൂർ പ്രദേശത്ത് ചാവക്കാട് ഉണ്ടായിരുന്ന ഭഗവതികാവ് ക്രിസ്ത്യൻ ദേവാലയമായി രൂപപ്പെടുത്തുകയും ചെയ്തു. കുറെ കുടുംബങ്ങൾ പൂണുനൂൽ

ഉപേക്ഷിച്ച് സ്നാനം സ്വീകരിച്ച് കൂടുതൽ ആഴമേറിയ അർത്ഥത്തിൽ ദ്വിജ ശബ്ദത്തിന് അർഹത നേടി (സമാവർത്തനവും ഉപനയനവും ബ്രാഹ്മണ പുരുഷന്മാർക്ക് നടത്തുന്നതിനാൽ ബ്രാഹ്മണരെ ദ്വിജർ എന്ന് വിശേഷിപ്പിക്കാറുണ്ട്. ദ്വിജ ശബ്ദത്തിന് രണ്ടു ജന്മം വരിച്ചവൻ എന്നർത്ഥമാണ്. സാക്ഷാൽ വീണ്ടും ജനനം എന്ന് കർമ്മത്തിലും അർത്ഥത്തിലും പറയാവുന്നത് സ്നാനത്തെയാണ്. അതു സ്ത്രീപുരുഷഭേദം കൂടാതെ ഏവർക്കും നൽകുന്നതിനാൽ സ്നാനകർമ്മം സ്വീകരിച്ച ക്രിസ്തീയസമൂഹമാണ് ദ്വിജർ എന്ന വിശേഷണത്തിന് കൂടുതൽ അർഹർ).

ഭൂരിഭാഗം ഇല്ലക്കാരും മതം മാറിയതോടെ ശേഷിച്ച ഇല്ലക്കാർ അവിടം ഉപേക്ഷിച്ചുപോയത് ശരിയാകാം. പാലൂർ പ്രദേശത്ത്, പനയ്ക്കൽ, കൂത്തൂർ, കോലാടി, മേക്കാട്ട്, തൈക്കാട്ട്, വാഴപ്പള്ളി, കിടങ്ങന, കൊള്ളന്നൂർ തുടങ്ങിയ കുടുംബാംഗങ്ങൾ ഇപ്പോഴുമുണ്ട്. ഈയിടെ അഡ്വ. കെ. വി. താരു, അഡ്വ. കെ. എസ്. സഖറിയാ എന്നിവർ പ്രസിദ്ധീകരിച്ച മൂലേപ്പാട് – കൊള്ളന്നൂർ കുടുംബചരിത്രത്തിൽ കൊള്ളന്നൂർ ക്ഷേത്രവും കൊള്ളന്നൂർ ഇല്ലവും പാലൂർ പ്രദേശത്ത് ഉണ്ടായിരുന്നതായി ഒരു ഗവേഷണ പഠനനിരീക്ഷണം കാണാനിടയായി. കാക്കശ്ശേരി ഭട്ടതിരി സാമൂതിരിയുടെ 'പതിനെട്ടരക്കവികളിൽ' ഒരംഗമായിരുന്ന ഈ ക്രിസ്തീയ കുടുംബങ്ങളിൽ പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ തുടങ്ങിയവ പാലൂർ നിന്ന് പല കാലങ്ങളിലായി അങ്കമാലി, കുറവിലങ്ങാട് തുടങ്ങിയ സ്ഥലങ്ങളിൽ കുടിയേറിപ്പാർത്തു. പാലൂർ പ്രദേശത്ത് നമ്പൂതിരി കുടുംബങ്ങളിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവരെ പില്ക്കാല ക്രിസ്ത്യാനികൾ എന്ന നിലയിൽ ഒന്നാംകിടക്കാരായി ഇപ്പോഴും കരുതുന്നില്ല. പുരാതന പുരോഹിത കുടുംബങ്ങളെപ്പറ്റി പരാമർശിക്കുമ്പോൾ പാലൂർ പ്രദേശങ്ങളിൽ ഇപ്പോഴും ആദരപൂർവ്വം പരാമർശിക്കപ്പെടുന്നത് പഴഞ്ചൻ പ്രായത്തിലുള്ള ഒരു പാട്ടിലൂടെ ചീരൻ, പുലിക്കോട്ടിൽ, ചെറുവത്തൂർ, മണ്ടുമ്പാല എന്നീ ക്രമത്തിൽ നാലു കുടുംബങ്ങളെയാണ്. പാലൂർ പ്രദേശത്തു നിന്ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം പ്രാപിച്ച കോട്ടയം എം.ഡി., പരുമല സെമിനാരികളുടെ സ്ഥാപകൻ ജോസഫ് മാർ ദീവന്നാസ്യോസിന്റെ കാലത്ത് കൊള്ളന്നൂർ കുടുംബത്തിൽ നിന്ന് വൈദികസ്ഥാനം സ്വീകരിക്കുവാൻ ആഗ്രഹിച്ച കാക്കു എന്ന യുവാവിന് സ്വന്തം ഇടവക കുടുംബ കുലീനതയുടെ പേരിൽ യോഗക്കുറി നിഷേധിച്ചതും മലങ്കര മെത്രാപ്പോലീത്താ നേരിട്ട് ഇടപ്പെട്ട് കാക്കുവിന് വൈദികസെമിനാരിയിൽ പ്രവേശനം അനുവദിച്ചതും അനേകരുടെ ഓർമ്മയിൽ ഇന്നും തങ്ങി നില്ക്കുന്ന സംഭവമാണ്.

ചാവക്കാട്ടുള്ള ഭഗവതിക്കാവ് നമ്പൂതിരിമാരുടെ ക്രിസ്തുമത പ്രവേശത്തോടെ ക്രിസ്തീയ ദേവാലയമായിത്തീർന്ന വിവരം നേരത്തെ പ്രസ്താ

വിച്ചുവല്ലോ. ബ്രാഹ്മണരുടെ അനേക ദൈവങ്ങളിലുള്ള വിശ്വാസത്തിന്റെ സ്ഥാനത്ത് അദ്വൈത ദർശനം ആവിഷ്ക്കരിച്ച് ആര്യമതത്തെ ശുദ്ധീകരിക്കുവാനും നിലവിലുള്ള പ്രബല മതവിഭാഗങ്ങളായ ശൈവ - വൈഷ്ണവ - ബ്രാഹ്മണ മതങ്ങളുടെ ആരാധ്യ ദേവതകളായ ശിവൻ, വിഷ്ണു, ബ്രഹ്മാവ് എന്നിവർ ഒരേ ഈശ്വരാംശമുള്ള ത്രിമൂർത്തികൾ ആണെന്ന് വ്യാഖ്യാനിച്ച് ഹിന്ദുമതം രൂപവൽക്കരിക്കുവാനും ജഗദ്ഗുരു ശങ്കരാചാര്യരെ പ്രേരിപ്പിച്ചത് ഈ കൂട്ട മതപരിവർത്തനമാകാം.

ക്രൈസ്തവ ദേവാലയമായിത്തീർന്ന ചാവക്കാട് ഭഗവതിക്കാവ് ആയിടെ നടന്ന സിറിയൻ കുടിയേറ്റത്തിലൂടെ പരിചയപ്പെട്ട മാർ കുറിയാക്കോസ് സഹദായുടെയും മർത് യൂലിത്തിയുടെയും (കുറിയാക്കോസ് സഹദായുടെ മാതാവ്) നാമത്തിൽ പ്രതിഷ്ഠിക്കപ്പെടുകയും മാർ കുറിയാക്കോസ് ദേവാലയം എന്ന പേരിൽ അറിയപ്പെടുകയും പാലൂരിലെ ക്രിസ്ത്യാനികളുടെ തലപ്പള്ളി കൂടിയായ ചാട്ടുകുളങ്ങര (ഇന്നത്തെ ആർത്താറ്റ്) പള്ളിയുടെ കീഴിൽ തുടരുകയും ചെയ്തു.

മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭാസ്ഥാപനത്തെക്കുറിച്ചാണല്ലോ നാം ചർച്ച ചെയ്തു വന്നത്. ഈ സന്ദർഭത്തിൽ മലങ്കരസഭ പ്രാചീനമായി ഉപയോഗിച്ചുവന്ന ആരാധനക്രമത്തിലെ ഒരു ഗാനശകലം പരിചയപ്പെടുത്തിക്കൊള്ളട്ടെ. ആരാധനക്രമങ്ങൾ അച്ചടിയിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് പരമ്പരാഗതമായി പകർത്തിയെഴുതി ഉപയോഗിച്ചുപോന്ന പെന്തിക്കോസ്തി ശുശ്രൂഷയിലേതാണീ ഗാനം. പൗരസ്ത്യ സുറിയാനി ലിപിയിലും പാശ്ചാത്യ സുറിയാനി ലിപിയിലും കൈയെഴുത്തു രൂപത്തിൽ കാലാകാലങ്ങളായി ഉപയോഗിച്ചുപോന്ന (രണ്ട് ലിപികളിലെഴുതപ്പെട്ട കൈയെഴുത്തു ക്രമങ്ങളും ഈ ഗ്രന്ഥകാരന്റെ പുസ്തകശേഖരത്തിലുണ്ട്) ഈ പുരാതന ആണ്ടുതക്സായിലെ ആരാധനക്രമം അലക്സന്ത്രിയൻ സഭയിലും പേർഷ്യൻ സഭയിലും ഉപയോഗിച്ചിരുന്നതും ഉദയംപേരൂർ സുന്നഹദോസിന്റെ കാലത്തിനു മുമ്പ് മുതൽ മലങ്കരസഭയിൽ - അവിഭക്ത സഭയിൽ - സാർവത്രികമായി ഉപയോഗിച്ചിരുന്നതുമാണ്. മലങ്കരസഭാ ചരിത്രമെഴുതിയ ഒരാളും ശ്രദ്ധിച്ചിട്ടില്ലാത്ത ആ സുറിയാനിഗാനം പെന്തിക്കോസ്തി ക്രമത്തിലെ മൂന്നാം ശുശ്രൂഷയിൽ 'കൂക്കോയോ' രാഗത്തിൽ പാടുന്ന ഗാനമാണ് (ഇ. എം. ഫിലിപ്പ് ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. 'മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ', പു. 38).

".... ഫർസോ ശെമുവൂൻ കീഫോ മെൻ റൂമീ
ഉതോമ്മാ ശ്ലീഹോ മെൻ അറവോ ദ് ഹിന്ദു
ഫറസോ യൂഹാനോൻ ഗബിയോ മെൻ എഫേസൂസ്...."

അർത്ഥം: ശെമവൂൻ കീഫാ റോമ്മിൽനിന്ന് (സുവിശേഷ) വല വിരിച്ചു.

ഹിന്ദുദേശത്ത് നിന്ന് തോമ്മാ ശ്ലീഹായും വല വിരിച്ചു. തെരഞ്ഞെടുക്കപ്പെട്ട യൂഹാനോൻ എഫേസോസിൽ നിന്ന് വല വിരിച്ചു...."

ക്രിസ്തുവിന്റെ അപ്പോസ്തോലന്മാരുടെ സുവിശേഷ പ്രവർത്തനത്തെപ്പറ്റി ആഗോള ക്രൈസ്തവസഭ പുലർത്തിയ ചരിത്രബോദ്ധ്യമാണ് ഈ പാട്ടിൽ പ്രതിഫലിച്ചിട്ടുള്ളത്.

മലങ്കരയിൽ ദേവാലയ സ്ഥാപനവും പൗരോഹിത്യ സംവിധാനവും ആരാധനക്രമീകരണവും ഏർപ്പാടാക്കിയശേഷം മാർത്തോമ്മാശ്ലീഹാ ചൈന വരെ സുവിശേഷയാത്ര നടത്തിയതായാണ് ക്രൈസ്തവസഭ മനസ്സിലാക്കുന്നത്. എ. ഡി. 1653-ൽ പോലും അലക്സന്ത്രിയൻ പോപ്പ്, മാർ അഹത്തള്ളായുടെ നിയമനപത്രത്തിൽ മലബാറിന്റെയും ചൈനയുടെയും പാത്രിയർക്കീസ് എന്നാണ് രേഖപ്പെടുത്തിയതായി മാർ അഹത്തള്ളായുടെ കത്തിൽ കാണുന്നത്. ചോള - പാണ്ഡ്യ നാടുകളിലും മാർത്തോമ്മാശ്ലീഹാ സഭാസമൂഹങ്ങൾ സ്ഥാപിച്ചിരിക്കാമെങ്കിലും അവയൊന്നും കാലത്തെ അതിജീവിച്ചതായി കാണുന്നില്ല. എ. ഡി. 72-ൽ മാർത്തോമ്മാശ്ലീഹാ രക്തസാക്ഷിയായി. മയിലാപ്പൂരിലെ ചിന്നമലയിൽ സംസ്കരിക്കപ്പെട്ടു. എ.ഡി. 4-ാം നൂറ്റാണ്ടിൽ പില്ക്കാലത്ത് കേരളത്തിലെത്തിയ പേർഷ്യൻ വ്യാപാരികൾ അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ മുഴുവൻ പേർഷ്യയിലെ എഡേസ്സായിലേക്ക് കൊണ്ടുപോയി അവിടെ ഭക്തിപൂർവ്വം സംസ്കരിച്ചു. ഈ സംഭവത്തെ ജൂലായ് മാസം 3-ാം തീയതി ഒരു പെരുന്നാൾ ആയി പൗരസ്ത്യ സഭാകലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർത്തോമ്മാശ്ലീഹായുടെ ഓർമ്മ (ജൂലായ് 3) മാറാനായ പെരുന്നാളായി മലങ്കരസഭയും കൊണ്ടാടിവരുന്നു. മാർത്തോമ്മായുടെ ദുക്റോനോ ആചരിക്കുന്ന ജൂലൈ മാസത്തിന് സുറിയാനി മാസപ്പേരുകളിൽ 'തോമ്മൂസ്' എന്നാണ് പേർ. ശ്ലീഹാ കുത്തേറ്റതിന്റെ ഓർമ്മദിവസം ഡിസം. 18-നും രക്തസാക്ഷിത്വം വഹിച്ചതിന്റെ ഓർമ്മ ഡിസംബർ 21 നും മലങ്കരസഭ പൂർവിക പെരുന്നാളായി ആചരിക്കുന്നു.

## B. സെന്റ് തോമസ് ബൈബിളും കേരള സംസ്കാരവും

മാർത്തോമ്മാ ശ്ലീഹായാണ് ഇന്ത്യൻ ക്രൈസ്തവസഭയുടെ സ്ഥാപകൻ എന്ന് തെളിയിക്കുന്ന ഒന്നാണ് സെന്റ് തോമസ് ബൈബിൾ. ഈ ഗ്രന്ഥകാരൻ പഴഞ്ഞിയിലുള്ള പിതാമഹൻ ചീരൻ ഗീവറുഗീസ് കശ്ശീശായുടെ പ്രാചീന ഗ്രന്ഥശേഖരത്തിൽ നിന്ന് കണ്ടെടുത്തു പ്രസിദ്ധീകരിക്കുന്നതുവരെ ഈ ബൈബിളിനെപ്പറ്റി ആരും അറിഞ്ഞിരുന്നില്ല. 1990-ൽ ഈ ഗ്രന്ഥകാരൻ അദ്ധ്യക്ഷനായ മലങ്കര ചർച്ച് ഹിസ്റ്ററി അസോസ്യേഷൻ 2000 മാർച്ച് 25-ന് ഭാരതത്തിലെ പ്രാചീന ബൈബിൾ എന്ന ശീർഷകത്തിൽ ഈ ബൈബിൾ പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി 1990 ഒക്ടോബർ

17-ന് ബുധനാഴ്ച മലയാള മനോരമയുടെ കൊച്ചി എഡീഷൻ 'പഴയകാല പരിഭാഷ ലഭിച്ചു' എന്ന ശീർഷകത്തിൽ ഈ ബൈബിൾ കണ്ടെടുത്തതിനെപ്പറ്റി ഒരു സചിത്ര വാർത്താ ലേഖനം പ്രസിദ്ധപ്പെടുത്തിയിരുന്നു. നാം ഉപയോഗിക്കുന്ന ബൈബിളിൽ നിന്ന് ഏറെ വ്യത്യസ്തമാണ് ഈ ബൈബിൾ. കാനോനിക ബൈബിളിൽ കാണുംപ്രകാരം പുസ്തക വിഭജനമോ അദ്ധ്യായവിഭജനമോ വാക്യവിഭജനമോ ഇല്ല. പ്രപഞ്ച സൃഷ്ടി മുതലുള്ള ബൈബിൾ ഭാഗങ്ങളും യിസ്രായേലിന്റെ സംക്ഷിപ്ത ചരിത്രവും തുടർച്ചയായി യേശുവിന്റെ വംശാവലിയും തുടർന്ന് ബാല്യകാല വിവരണകഥകൾ ഉൾപ്പെടെയുള്ള യേശുവിന്റെ ജീവചരിത്രവും ഇതിൽ പഴയ മലയാളം ലിപിയിൽ കൈയെഴുത്തായി രേഖപ്പെടുത്തിയിരിക്കുന്നു. പെന്തിക്കോസ്തിനാളിൽ പരിശുദ്ധാത്മദാനം ലഭിച്ച വിവരവും പത്രോസിന്റെ പ്രസംഗഫലമായി 3000 പേർ സ്നാനപ്പെട്ട വിവരവും രേഖപ്പെടുത്തുന്നതോടെ ബൈബിൾ അവസാനിക്കുന്നു. യഹൂദരെ ഉദ്ദേശിച്ച് എഴുതിയതാണ് ഈ ബൈബിൾ എന്നത് പ്രഥമദൃഷ്ട്യാ ആർക്കും ബോദ്ധ്യപ്പെടും. യഹൂദവംശത്തിന്റെ പ്രതീക്ഷിക്കപ്പെട്ട വാഗ്ദത്ത മശിഹായാണ് യേശു എന്ന ആശയത്തിലാണ് വിവരണങ്ങളിൽ ഊന്നൽ നൽകിയിട്ടുള്ളത്. പെന്തിക്കോസ്തിപ്പെരുന്നാളിന് ശേഷം യെരുശലേമിലോ മറ്റ് കേന്ദ്രങ്ങളിലോ നടന്ന യാതൊരു സഭാ വികസന പ്രവർത്തനവും ലേഖകൻ അറിഞ്ഞിട്ടില്ല. എന്നാൽ യിസ്രായേൽ ചരിത്രം അസ്സലായി അറിയാം. യേശുവിന്റെ ജീവചരിത്ര സംഭവങ്ങൾ ഒരു ദൃക്സാക്ഷിയുടെ കൃത്യതയോടെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓർത്തഡോക്സ് ക്രൈസ്തവ പാരമ്പര്യത്തിലുള്ളതും യാതൊരു സുവിശേഷവും രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ ചില ചരിത്ര ചിത്രങ്ങൾ ഇതിലുണ്ട്. മൂശാ, ശ്മൂയേൽ, യൂയേൽ, ഏശായ എന്നിങ്ങനെ പേരുകളെല്ലാം സുറിയാനിരൂപത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം നിരവധി കാരണങ്ങളാൽ ഈ ബൈബിൾ സെന്റ് തോമസ് കേരളത്തിലെ യഹൂദന്മാരെ ഉദ്ദേശിച്ചെഴുതിയ ബൈബിൾ ആണെന്ന് അഭ്യൂഹിക്കുവാൻ ന്യായമുണ്ട്. ഇപ്രകാരം അകാനോനിക ബൈബിൾ കേരളത്തിൽ സാർവത്രികമായി പ്രചരിച്ചിരുന്നതായി 1599-ലെ ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകളിൽ കാണുന്നുണ്ട്:

*"യൗസേപ്പ് എന്ന പുരുഷന് മർത്തമറിയത്തുമ്മായെ വഴങ്ങപ്പെട്ടപ്പോൾ യൗസേപ്പിന്.... മക്കൾ ഉണ്ടായിരുന്നുവെന്നും.... റബിമാരോട് പഠിച്ചു എന്നും .... മർത്തമറിയത്തുമ്മായ്ക്ക് അപരാധമുണ്ടോ (വ്യഭിചാരദോഷം - ഗ്രന്ഥകാരൻ) ഇല്ലയോ എന്ന് യൗസേപ്പ് സംശയിച്ച് അതിന് പരീക്ഷിപ്പാൻ പഴയമാർഗ്ഗത്തിലുണ്ടായിരുന്ന ഒരു വെള്ളം അന്നത്തെ പട്ടക്കാരനോട് പറഞ്ഞ് ഉമ്മായെക്കൊണ്ട് ആ വെള്ളം കുടിപ്പിച്ചു എന്നും.... ഇവ്വണ്ണം മറ്റു പല അറിവുകേടും പൊളിയും (അസത്യം) ആകവെ ഉണ്ട"* (സ്കറിയാ സക്കറിയാ, രണ്ടു പ്രാചീന ഗദ്യകൃതികൾ. ഉദയംപേരൂർ

കാനോനാകൾ 13-ാം സാഹാ. 13-ാം കാനോന. പു. 22).

ഉദയംപേരൂർ സുന്നഹദോസ് ചൂണ്ടിക്കാട്ടിയ "രണ്ടു അറിവുകേടുകൾ" ഉൾപ്പെടെ നിരവധി വ്യത്യസ്തതകൾ ഈ സെന്റ് തോമസ് ബൈബിളിൽ കാണുന്നുണ്ട്. സുന്നഹദോസ് ഈ അകാനോനിക ബൈബിൾ നിരോധിക്കുകയും പിന്നീട് ആർച്ച് ബിഷപ്പ് മെനേസ്സിസിന്റെ നേതൃത്വത്തിൽ അകാനോനിക മതഗ്രന്ഥങ്ങൾ പല സ്ഥലങ്ങളിലും ശേഖരിച്ച് അഗ്നിക്കിരയാക്കുകയും ചെയ്തപ്പോൾ സെന്റ് തോമസിന്റെ ബൈബിൾ നശിച്ചുപോയിരിക്കാം. ആർച്ച്ബിഷപ്പിനെ ധീരമായി ബഹിഷ്കരിച്ച പാലൂർ പ്രദേശത്ത് സെന്റ് തോമസ് ബൈബിളും മറ്റു മതഗ്രന്ഥങ്ങളും അഗ്നിപരീക്ഷകളെ അതിജീവിച്ചതുകൊണ്ടാവാം അതിന്റെ ഒരു കൈയെഴുത്തുപ്രതി പഴഞ്ഞിയിൽ നിന്നു ലഭിച്ചത്.

എ. ഡി. ഒന്നാം നൂറ്റാണ്ടിൽത്തന്നെ ശ്രേഷ്ഠ വിശ്വകൃതിയായ ബൈബിൾ കേരളത്തിൽ ലഭ്യമായി എന്നത് നിസ്സാര കാര്യമല്ല. വേദങ്ങളൊന്നും അന്ന് മലനാട്ടിൽ പ്രവേശിച്ചിരുന്നില്ല. തന്മൂലം കേരളത്തിന്റെ ധാർമ്മികവും മതപരവും സാംസ്കാരികവുമായ അടിത്തറ ബൈബിളിൽ അധിഷ്ഠിതമാണ് എന്ന നിരീക്ഷണം സംഗതമാവുന്നു. പില്ക്കാലങ്ങളിൽ കേരളത്തിലെത്തിയ ശൈവ - വൈഷ്ണവ - ബ്രാഹ്മണ മത സംസ്കാരങ്ങളെ വലിയൊരളവിൽ ശുദ്ധീകരിക്കുവാനും സംസ്കരിക്കുവാനും ബൈബിളിന് കഴിഞ്ഞിട്ടുണ്ട്. സംഹാരമൂർത്തിയും ശ്മശാന നടരാജനുമായ രുദ്രനും രക്തദാഹത്തിന്റെ പ്രതീകമായ കാളിയും ഈ സ്വാധീനം മൂലമാണ് മംഗള സ്വരൂപനായ ശിവനും ശക്തിസ്വരൂപിണിയായ ദേവിയുമായി പരിണമിച്ചത്. ശിവനെപ്പറ്റിയുള്ള ഒരു പില്ക്കാല പരാമർശത്തിൽ ബൈബിൾ സ്വാധീനം തുടിച്ചുനില്ക്കുന്നത് കാണുക:

"സ്നേഹവും ദൈവവും ഭിന്നമാണെന്ന് അജ്ഞർ പറയുന്നു,
സ്നേഹവും ദൈവവും ഒന്നു തന്നെയാണെന്ന് ആരും അറിയുന്നില്ല;
സ്നേഹവും ദൈവവും ഒന്നു തന്നെയാണെന്നറിയുമ്പോൾ,
അവർ ദൈവത്തിന്റെ സ്നേഹത്തിൽ ആശ്വസിക്കും."

(പതിനൊന്നാം നൂറ്റാണ്ടിൽ തിരുമൂലർ പാടിയ ശൈവ തേവാരം)

പാർവ്വതീ പരമേശ്വരന്മാർ വാക്കും അർത്ഥവും എന്ന പോലെ (വാഗാർത്ഥാവിവ സംപൃക്തൗ എന്ന് കുമാരസംഭവത്തിൽ കാളിദാസൻ) ഒന്നാണെന്ന അർദ്ധനാരീശ്വര സങ്കല്പം ബൈബിളിലെ 'ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യർ വേർപിരിക്കരുത്' എന്നും മണവാളനായ ക്രിസ്തു ശിരസ്സും മണവാട്ടിയായ സഭ വിശിഷ്ട ശരീരവുമായ ഏക വ്യക്തിത്വമാണ് എന്നുമുള്ള ബൈബിൾ ദർശനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയമാണ്.

എ. ഡി. 144 നും 222 നും മദ്ധ്യേ എഡേസ്സായിൽ ജീവിച്ച ബർദൈസോൻ 'മാർത്തോമ്മാ ശ്ലീഹായുടെ നടപടികൾ' (Acta Thoma) എന്ന ശീർഷകത്തിൽ രചിച്ച ഒരു സുറിയാനിഗ്രന്ഥത്തിൽ കൈസറിയായിൽ നിന്ന് കപ്പൽ കയറി കേരളത്തിലെത്തിയ മാർത്തോമ്മാ ശ്ലീഹായുടെ ഗോണ്ടഫോറോസ് ബന്ധം, കൊട്ടാരംപണി, അത്ഭുത പ്രവൃത്തികൾ, സഭാസ്ഥാപനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 1800 കൊല്ലം മുമ്പ് വിരചിതമായ ഗ്രന്ഥമെന്ന നിലയിൽ അതിൽ പല പില്ക്കാല കൂട്ടിച്ചേർക്കലുകളും സംഭവിച്ചിരിക്കാമെങ്കിലും കേരളത്തിൽ ശില്പികളെത്തേടി മദ്ധ്യപൗരസ്ത്യ ദേശങ്ങളിൽ ദൂതന്മാർ അയക്കപ്പെട്ടിരുന്നു എന്ന് "കേരളം" മഹാകാവ്യത്തിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ എഴുതിയ ചരിത്ര പ്രസ്താവനയോട് ബർദൈസാന്റെ മുഖ്യ പ്രസ്താവന യോജിച്ചിരിക്കുന്നു. കൊട്ടാരം പണിക്കാവശ്യമായ ദ്രവ്യം രാജാവിൽ നിന്ന് വാങ്ങിയ മാർത്തോമ്മാ സുവിശേഷപ്രവർത്തനങ്ങൾക്കായി ദ്രവ്യം ചെലവിട്ടു എന്നും രാജാവിന് വേണ്ടി സ്വർഗ്ഗത്തിൽ പണിയപ്പെട്ട കൊട്ടാരം, പെട്ടെന്ന് മരിച്ചുപോയ രാജസഹോദരൻ സ്വർഗ്ഗത്തിൽ കണ്ടു എന്നും ജീവിച്ചെഴുന്നേറ്റ സഹോദരന്റെ സാക്ഷ്യത്തെത്തുടർന്ന് മാർത്തോമ്മാശ്ലീഹായെ തടവിൽ നിന്ന് വിടുവിച്ച് രാജാവും കുടുംബവും സ്നാനമേറ്റു എന്നുമുള്ള ബർദൈസാന്റെ ചിത്രീകരണം പില്ക്കാലത്ത് അല്പം ഭേദഗതികളോടെ ശൈവമതപ്രചാരകന്മാർ തങ്ങളുടെ കഥയായി സ്വീകരിച്ച് പ്രചരിപ്പിച്ചിരുന്നു. തിരുവാചകത്തിന്റെ കർത്താവും എ. ഡി. 640 – 670 കാലഘട്ടത്തിൽ ജൈനമതത്തിൽ നിന്ന് ശൈവമതം സ്വീകരിച്ച് അതിന്റെ ശക്തനായ വക്താവായി ക്രിസ്തുമത മർദ്ദനം ചോള തലസ്ഥാനമായ കാവേരി പൂമ്പട്ടിണത്തിൽ നടത്തുവാൻ നേതൃത്വം നൽകുകയും പിന്നീട് കേരളത്തിൽ ശൈവമിഷണറിയായി വരികയും ചെയ്ത മാണിക്യവാചക പെരുമാന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തിയാണ് ഈ സമാന്തരകഥ പ്രചരിപ്പിച്ചിട്ടുള്ളത്. എ. ഡി. 12–ാം നൂറ്റാണ്ടിൽ ചേക്കിഴാർ രചിച്ച 'പെരിയ പുരാണം' എന്ന ശൈവപുരാണത്തിൽ കൊടുത്ത കഥകൾ സംക്ഷേപിക്കാം. "തങ്ങളുടെ കുതിരപ്പട ദുർബ്ബലമാണെന്നും ആയിടെ മ്ലേച്ഛരും (സെമിറ്റിക് വംശക്കാർ) യവനരും ലക്ഷണമൊത്ത കുതിരകളെ വില്പനയ്ക്കായി കടൽത്തീരത്ത് കൊണ്ടുവന്നിട്ടുണ്ടെന്നും അവയെ വിലകൊടുത്തു വാങ്ങി അശ്വസേനയെ ശക്തിപ്പെടുത്തണമെന്നും സേനാനായകന്മാർ ചോള രാജാവിനെ അറിയിച്ചു. രാജാവ് (പാണ്ഡ്യൻ) വിശ്വസ്തനായ വാതവൂരരെ (മാണിക്യ വാചകരെ) ആവശ്യമായ ധനം കൊടുത്ത് ഈ ദൗത്യം ഏല്പിച്ചു. ധനമെല്ലാം ക്ഷേത്രങ്ങളുടെ കേടുപാടുകൾ തീർത്തു മിഷനറി വേല ശക്തിപ്പെടുത്തുവാനാണ് മാണിക്യവാചകർ വിനിയോഗിച്ചത്. കലി കയറി രാജാവ് അയച്ച ദൂതന്മാരോട് ആവണി മാസ മൂലം തിങ്കളാഴ്ച മധുരയിൽ പടക്കുതിരകളെയും കൊണ്ട് എത്തിച്ചേരാമെന്ന് അദ്ദേഹം രാജാവിന് സന്ദേശം നൽകി.

പറഞ്ഞസമയം കുതിരകളുടെ പ്രവാഹം രാജസന്നിധിയിലെത്തി. ഏവരും സന്തോഷത്തോടെ പിരിഞ്ഞു. അന്ന് രാത്രി കുതിരകളെല്ലാം കുറുനരികളായി മാറി. രാജാവ് മാണിക്യവാചകരെ കാരാഗൃഹത്തിലടച്ചു. ഉടനെ നദിയിൽ വെള്ളപ്പൊക്കമുണ്ടായി. പ്രകൃതി ക്ഷോഭിച്ചു. മധുരയിൽ നാശനഷ്ടങ്ങളുണ്ടായി. പ്രവാചകരെ പീഡിപ്പിച്ചതിനാലാണ് പ്രകൃതി കോപിച്ചതെന്ന് അറിവായതിനാൽ അരിമർദ്ദനൻ എന്ന ആ രാജാവ് മാണിക്യവാചകരെ മോചിപ്പിച്ചു (പെരിയ പുരാണം, പു. 188–190).

മാർത്തോമ്മാ ശ്ലീഹായുടെ ആഗമനകാലത്ത് കേരളത്തിലെ ഭൂരിപക്ഷ ജനവിഭാഗം ബുദ്ധ – ജൈന മതവിശ്വാസികളാണെന്നും ആദ്യകാല ഭാരതീയ ക്രിസ്ത്യാനികൾ യഹൂദരും ബുദ്ധ – ജൈനമതക്കാരും (ഇവരെ പൊതുവായി ബൗദ്ധർ എന്ന സംജ്ഞയിലാണ് പില്ക്കാല ചരിത്രകാരന്മാർ വ്യവഹരിച്ചിട്ടുള്ളത്) ആണെന്ന് നേരത്തെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇവരുടെ പ്രധാന ആസ്ഥാനവും പരിശീലനകേന്ദ്രവും പാലൂർ പ്രദേശത്തുള്ള തിരുമറൈക്കാട് ആയിരുന്നു. പാലൂർ പ്രദേശത്ത് പ്രചരിച്ച ക്രിസ്തുമതം പ്രഥമദൃഷ്ട്യാ ബൗദ്ധർക്ക് സ്വീകാര്യമായി എങ്കിലും വിശ്വാസകാര്യങ്ങളിലെ വിശദാംശങ്ങൾ വിവാദവിഷയമായി. ബൗദ്ധ ക്രിസ്ത്യാനികളും യഹൂദ ക്രിസ്ത്യാനികളും തമ്മിൽ നടന്ന ആശയപരമായ സംഘർഷങ്ങൾ മതപ്രചാരണത്തിന് മങ്ങലേല്പിച്ചു. മതത്തിന്റെ താത്വികമായ അടിത്തറയെ സാധൂകരിക്കുന്ന ഒരു പശ്ചാത്തലം രൂപപ്പെട്ടിട്ടില്ലാതിരുന്ന അക്കാലത്ത് ഇന്ത്യൻസഭയ്ക്ക് ഏക ആശ്രയം അലക്സന്ത്രിയൻ സഭയായിരുന്നു. പൊന്നാനി കേന്ദ്രമായ വിദേശ വ്യാപാരത്തിന്റെ കാലമായിരുന്നതിനാൽ അലക്സന്ത്രിയൻ സഭയുമായി ബന്ധപ്പെടുവാൻ ഒരു വിഷമവുമില്ലായിരുന്നു. വിദേശ വ്യാപാരികളിൽ പലരും അലക്സന്ത്രിയൻ സഭാംഗങ്ങൾ ആയിരുന്നതിനാലും, ഇന്ത്യൻ ക്രൈസ്തവ പുരോഹിതർ വൈദിക പരിശീലനം നേടിയിരുന്നത് അലക്സന്ത്രിയൻ വൈദിക കലാശാലയിൽ നിന്നായിരുന്നതിനാലും ഈ പരസ്പര ബന്ധവും സംസർഗ്ഗവും സുദൃഢവുമായിരുന്നു. ബൗദ്ധരുമായുള്ള വിവാദങ്ങൾ അധികൃതർ അലക്സന്ത്രിയൻ വൈദികകലാശാലയുടെ അദ്ധ്യക്ഷനെ അറിയിച്ചപ്പോൾ അവിടുത്തെ ഉപാദ്ധ്യക്ഷനായ പാന്റീനസിനെ ഡിമിട്രയസ് ബിഷപ്പ് ഇന്ത്യയിലേക്കയച്ചതായി ക്രൈസ്തവ സഭാചരിത്രകാരനായ യൗസേബിയോസ് രേഖപ്പെടുത്തുന്നു (എക്ലിയാസ്റ്റിക്കൽ ഹിസ്റ്ററി ബുക്ക് 5, അദ്ധ്യായം 10). കൈസറിയായിലെ ബിഷപ്പും വിദ്യാവിശാരദനും ആയ യൗസേബിയോസിനോടൊപ്പം ചരിത്രകാരനായ ജെറോമും ഈ പാന്റീനസ് ചരിത്രം വിവരിക്കുന്നുണ്ട്. എ. ഡി. നാലാം നൂറ്റാണ്ടിലെ ഈ ചരിത്രകാരന്മാരുടെ സാക്ഷ്യം ആരും നിഷേധിച്ചിട്ടില്ല (Nicene and Post Nicene Fathers, Vol. I, p. 224, 225; ജെറോം Vol. I, Ch. III, p. 370; History of Christianity in India. Source Materials, M. K. Kuriakose, p. 4 കാണുക). ഈ ചരിത്രകാരന്മാർ

പരാമർശിക്കുന്ന ഇന്ത്യ മറ്റേതോ രാജ്യമാണെന്ന് ചില ഗ്രന്ഥകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്രിസ്തുവിന് മുമ്പ് ഇന്ത്യ-അലക്സന്ത്രിയ വ്യാപാരങ്ങളുടെ ചരിത്രം തെളിയിക്കപ്പെട്ടതോടെ നമ്മുടെ ഇന്ത്യ എ. ഡി. ആദ്യ നൂറ്റാണ്ടുകളിൽ പുറംലോകത്തിന് അജ്ഞാതമായിരുന്നു എന്ന വാദം ചീട്ടുകൊട്ടാരം പോലെ നിലംപതിച്ചിരിക്കുന്നു. വൈദിക സംവാദങ്ങൾ കേരളത്തിൽ പതിവുണ്ടായിരുന്നുവെന്ന് *പെരിയ പുരാണത്തിൽ* പല ഭാഗത്തും രേഖപ്പെടുത്തിയിട്ടുണ്ട്. ശൈവരും ബൗദ്ധരും തമ്മിൽ പല സ്ഥലത്തു വച്ചും മതസംവാദങ്ങൾ നടന്നിരുന്നുവെന്നും അവിടെയൊക്കെ ശൈവപണ്ഡിതർ വിജയം വരിച്ചു എന്നും എ. ഡി. നാലാം നൂറ്റാണ്ടു മുതൽ നടന്ന സംവാദങ്ങളെപ്പറ്റി ചേക്കിഴാർ രേഖപ്പെടുത്തിയിട്ടുണ്ട്. മതസംവാദത്തിലേർപ്പെടുന്നത് ബുദ്ധ - ജൈന മതങ്ങളുടെ ഒരു സ്വഭാവമായിരുന്നതിനാൽ ശൈവമതവുമായുള്ള സംവാദങ്ങൾക്കു മുമ്പേ ക്രിസ്തുമതവുമായും സംവാദം നടന്നു എന്ന് വരുന്നത് യുക്തിസഹമാണ്.

അലക്സന്ത്രിയൻ സഭയുമായി കേരളത്തിലെ സഭയ്ക്ക് ഒരു കാലത്തും ബന്ധമുണ്ടായിരുന്നതായി കേവലം അവകാശവാദം പോലുമുണ്ടായിട്ടില്ല എന്ന് പ്രസ്താവിച്ച് പാന്റീനസ് ചരിത്രത്തെ ഫാ. ഡോ. വി. സി. ശാമുവേൽ തള്ളിക്കളയുന്നത് ഉത്തമ ഗവേഷണത്തിൽ സ്വീകാര്യമോ എന്ന് സംശയമുണ്ട് (*സഭ വളരുന്നു*. ഭാഗം ഒന്ന്, പു. 18). അലക്സന്ത്രിയൻ സഭയുമായി കേരളസഭയ്ക്കു ബന്ധമുണ്ടെന്ന് ഇ. എം. ഫിലിപ്പ് 'ദക്ഷിണ ഇന്ത്യയിലേക്കുള്ള പാന്റീനസിന്റെ പ്രസംഗയാത്ര' എന്ന ശീർഷകം നൽകി നടത്തിയ ചർച്ചയെപ്പറ്റി (*മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻ സഭ*, പു. 43-45) പരാമർശിച്ചശേഷം ഫാ. ഡോ. വി. സി. ശമുവേൽ നടത്തുന്ന ഈ പ്രസ്താവന ഓർമ്മപ്പിശകായിട്ടേ കാണാനൊക്കൂ. തന്നെയുമല്ല സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയർ ആയിരുന്നുവോ എന്ന ശീർഷകത്തിൽ പി. റ്റി. ഗീവറുഗീസ് ശെമ്മാശൻ (പിന്നീട് ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്) 1907 ലെഴുതിയ ഗവേഷണ പ്രബന്ധത്തിൽ ഇപ്രകാരം കാണുന്നു (പു. 32):

".... അലക്സന്ത്രിയായിലെ യാക്കോബായ പാത്രിയർക്കീസിന്റെ അടുക്കൽ കേരളത്തിൽ നിന്നും അയച്ചിരുന്ന ഡപ്യൂട്ടേഷന്റെ പരിശ്രമഫലമായി ക്രിസ്ത്വാബ്ദം 696-ൽ അലക്സന്ത്രിയായിൽ നിന്ന് ഒരു യാക്കോബായ മെത്രാൻ കേരളത്തിൽ വന്നു എന്ന് വെളിവാകുന്നു. ക്രിസ്ത്വാബ്ദം 695-ൽ കേരളീയ സുറിയാനി സഭയിൽ നിന്ന് ഒരു സ്വദേശീയ പുരോഹിതനെ അലക്സന്ത്രിയാ പാത്രിയർക്കീസ് അഭിഷേകം ചെയ്തു" (ഫ്രാൻസിസ് ഡേയ്: ലാൻഡ് ഓഫ് പെരുമാൾസ്, പു. 216; നീൽ: *History of Holy Eastern Church' Alexandria Vol. II*, p. 88). മലങ്കര ഓർത്തഡോക്സ് സഭയിലെ ഒരു മേല്പട്ടക്കാരനായിത്തീർന്ന ഡീ. പി. റ്റി. ഗീവറുഗീസ് എഴുതിയ ഗവേ

ഷണപ്രബന്ധം (സഭാചരിത്ര വിഷയകമായത്) ഒരായുഷ്ക്കാലം മുഴുവൻ മലങ്കരസഭയുടെ വൈദികസെമിനാരിയിൽ ചരിത്രം പഠിപ്പിക്കുകയും അനേകം ഗവേഷണവിദ്യാർത്ഥികളെ ഗൈഡു ചെയ്യുകയും വിലപ്പെട്ട സഭാചരിത്ര ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്ത ഫാ. ഡോ. വി. സി. ശമുവേൽ ശ്രദ്ധിച്ചില്ല എന്നത് ഏറ്റവും ദൗർഭാഗ്യകരമായിപ്പോയി.

എ. ഡി. 370-ൽ അന്തരിച്ച സുറിയാനി കവിയായ മാർ അപ്രേം, മാർത്തോമ്മാ ശ്ലീഹായെ 'കഠിനമായ ആതപത്താൽ നിറഭേദം ഭവിച്ച ഇന്ത്യാക്കാരുടെ ഇടയിൽ വസിക്കുന്നവനായി' വർണ്ണിച്ചിട്ടുണ്ട്. ആധുനിക ചരിത്രകാരൻ അസ്സിമാൻ എഴുതുന്നു: "ഗ്രീക്ക്, ലത്തീൻ, സുറിയാനി എന്നീ ഭാഷകളിലുള്ള സകല വൈദികഗ്രന്ഥങ്ങളും മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയുടെ അപ്പോസ്തോലനായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു (*Dissert de Syro - Nestorieus Vol. IV*, p. 489, ഫിലിപ്പ് പു. 39). ബിഷപ്പ് ഹീബർ പ്രസ്താവിക്കുന്നു: 'അപ്പോസ്തോലൻ ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചുവെന്നും മയിലാപ്പൂരിൽ വച്ച് രക്തസാക്ഷിയായി മരിച്ചു എന്നും ഉള്ളതിന് ആവശ്യമായ തെളിവുകൾ ധാരാളമുള്ളതിനാൽ സംശയത്തിന് യാതൊരു കാരണവും കാണുന്നില്ല.' ഒരു നീണ്ട ചർച്ചയ്ക്കു ശേഷം ഡോ. ബുക്കാനൻ കാര്യങ്ങൾ ഉപസംഹരിക്കുന്നതിങ്ങനെയാണ്. പത്രോസ് അപ്പോസ്തോലൻ റോമിൽ വച്ച് നിര്യാതനായി എന്ന് വിശ്വസിക്കുന്നതിനുള്ളതുപോലെ തന്നെ തോമസ് അപ്പോസ്തോലൻ ഇന്ത്യയിൽ വച്ച് പരലോകപ്രാപ്തനായി എന്നുള്ളതിനു തക്ക സാക്ഷിയുണ്ട്" (ഫിലിപ്പ്, പു. 40).

രണ്ടു നൂറ്റാണ്ടിനു മുമ്പുള്ള ചരിത്ര സംഭവങ്ങളെപ്പറ്റിപ്പോലും വ്യക്തതയുള്ള ചരിത്രസാക്ഷ്യങ്ങൾ ലഭ്യമല്ല എന്നിരിക്കേ, ഇരുപതോളം നൂറ്റാണ്ടു പഴക്കമുള്ള ഒരു ചരിത്രസംഭവത്തെപ്പറ്റി ബാഹ്യവും ആഭ്യന്തരവും ദേശീയവും അന്തർദേശീയവുമായ ഇത്രയേറെ ചരിത്രസാക്ഷ്യങ്ങൾ ലഭ്യമാണ് എന്നതിൽ മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻ ക്രൈസ്തവസഭയ്ക്ക് ധാരാളം അഭിമാനിക്കുവാൻ വകയുണ്ട്.

## C. ഇന്ത്യൻസഭയുടെ ആദ്യകാല വിദേശബന്ധങ്ങൾ

പൊന്നാനി - അലക്സന്ത്രിയാ വ്യാപാരപാതയിലൂടെ കേരളത്തിലെത്തിയ മാർത്തോമ്മാ ശ്ലീഹായാണ് ഈ സഭയുടെ വൈദേശിക ബന്ധത്തിന്റെ ആദ്യ കണ്ണി. എ. ഡി. 45 ൽ ഹിപ്പാലസ് കണ്ടുപിടിച്ച വാണിജ്യവാതം ഈ ബന്ധത്തെ തുലോം സുഗമമാക്കി. മാർത്തോമ്മാ ശ്ലീഹായുടെ ശിഷ്യപ്രമുഖനായ മാർ ആദായി, മാർ മാറി എന്നിവർ സ്ഥാപിച്ച പേർഷ്യൻ പ്രദേശങ്ങളിലെ ക്രൈസ്തവസഭകളുമായി ഇന്ത്യൻസഭ സമ്പർക്കത്തിലായിരുന്നുവെങ്കിലും, ആദ്യ നൂറ്റാണ്ടുകളിൽ ആ ബന്ധം സജീവമായിരുന്നില്ല. എ. ഡി. 4-ാം നൂറ്റാണ്ടിൽ പേർഷ്യൻ വ്യാപാരബന്ധം ആരംഭിക്കുന്ന

തുവരെ അവിച്ഛിന്നമായും അതിനുശേഷം അവസരോചിതമായും ആ സംസർഗ്ഗം ഇന്ത്യൻസഭ നിലനിർത്തിപ്പോന്നു എന്നതിന് ചരിത്രത്തിൽ ധാരാളം തെളിവുകളുണ്ട്. ബി. സി. 332-ൽ മഹാനായ അലക്സാണ്ടർ സ്വന്തം നാമത്തിൽ സ്ഥാപിച്ച ഈ തുറമുഖ പട്ടണത്തിൽ വിശ്വമാനവികത രൂപപ്പെടുകയും പൗരസ്ത്യ, പാശ്ചാത്യ സംസ്കാരങ്ങൾ സംഗമിക്കുകയും ചെയ്തു. പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷ ബി. സി. 2-ാം നൂറ്റാണ്ടിൽ നടന്ന (സെപ്ത്വജിന്റ്) യഹൂദ തത്വചിന്തകനായ ഫൈലോ ഇവിടെ ജീവിച്ചു. അലക്സന്ത്രിയായിലെ ക്രിസ്ത്യൻ വേദപാഠശാലയിൽ നിന്നാവാം മലങ്കരസഭയിലെ ആദ്യകാല വൈദിക വിദ്യാർത്ഥികൾ വൈദിക പരിശീലനം നേടിയിരുന്നത്. ഈ ബന്ധമാണ് ആ കലാശാലയിൽ നിന്ന് പാന്റീനസിനെ ക്ഷണിക്കുവാൻ ഇടവരുത്തിയത്. സഭാസ്ഥാപകൻ മാർക്കോസിൽ നിന്ന് ലഭിച്ച സുറിയാനി പൈതൃകം മൂലം ഈ വൈദിക പരിശീലനം ഫലപ്രദമാക്കുവാൻ അലക്സന്ത്രിയൻ സഭയ്ക്ക് കഴിഞ്ഞിരുന്നു. എ. ഡി. 696-ൽ അലക്സന്ത്രിയയിൽ നിന്ന് ഒരു മെത്രാൻ മലങ്കരയിൽ വന്നതും (ഫ്രാൻസിസ് ഡേയ്, പു. 216) എ. ഡി. 695 ൽ ഒരു കേരളീയ പുരോഹിതനെ അലക്സന്ത്രിയാ പാത്രിയർക്കീസ് അഭിഷേകം ചെയ്തതും (നീൽ, വോള്യം 2, പു. 88) മാത്രമല്ല, എ. ഡി. 837 മുതൽ 852 വരെ ഭരണത്തിലിരുന്ന അലക്സന്ത്രിയൻ പാത്രിയർക്കീസ് മാർ യാക്കോബ് ഇന്ത്യാ സമുദ്രത്തിലെ ദ്വീപുകളിൽ സുവിശേഷപ്രചരണം നടത്തിയതും കേരള ക്രൈസ്തവസഭയുടെ അഭ്യർത്ഥനപ്രകാരം അലക്സന്ത്രിയൻ പാപ്പാ ഇന്ത്യയുടെയും ചൈനയുടെയും പാത്രിയർക്കീസായി നിയമിച്ച് മാർ ഇഗ്നാത്തിയോസ് അഹത്തള്ളായെ 1653-ൽ ഇന്ത്യയിലേക്കയച്ചതും ഈ ബന്ധത്തെ അവിതർക്കിതമാക്കുന്നു. ഈയിടെ അറിവായ ഒരു സംഭവവും ഈ കാര്യത്തെ പ്രസ്പഷ്ടമാക്കിയിട്ടുണ്ട്. 1976-ൽ ഫാ. കുറിയാക്കോസ് ഒ. ഐ. സി. പ്രസിദ്ധീകരിച്ച 'ഒരു വിദേശയാത്രയും കുറെ ചിതറിയ ചിന്തകളും' എന്ന പുസ്തകത്തിൽ (പു. 280) ആ വിവരം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ".... ഈഗുപ്തായ സഭാനേതാക്കളുമായി ഈ ചരിത്രസംഭവങ്ങളെ പരാമർശിച്ചുകൊണ്ട് സംസാരിക്കവേ, അവരിൽ ഒരു ചരിത്ര പണ്ഡിതൻ പുരാതനമായ ഒരറബിഗ്രന്ഥം എടുത്തുകൊണ്ടു വരികയും.... 1653-ൽ ഇന്ത്യയിൽ നിന്നും പത്രോസ് എന്ന ഒരു വൈദികൻ അലക്സന്ത്ര്യാ സിംഹാസനത്തിൽ സഹായഭ്യർത്ഥനയ്ക്കായി വന്നുവെന്നും അലക്സന്ത്ര്യാ സിംഹാസനത്തിൽ നിന്ന് ഇന്ത്യയിലേക്ക് ഒരു പ്രത്യേക മെത്രാനെ വാഴിച്ചു എന്നും ആ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. ..."

ഇന്ത്യൻസഭയോട് ബന്ധപ്പെട്ടിരുന്ന മറ്റൊരു പൗരാണികസഭ പേർഷ്യൻ സഭയാണ്. എ. ഡി. 325-ൽ നിഖ്യായിലെ ആദ്യത്തെ സാർവത്രിക സുന്നഹദോസിൽ സംബന്ധിച്ച ബിഷപ്പ് യൂഹാനോൻ പേർഷ്യയുടെയും വലിയ ഇന്ത്യയുടെയും ബിഷപ്പ് എന്ന സ്ഥാനനാമം രേഖപ്പെടുത്തിയ

തായി അഞ്ചാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സൈസിക്കസിലെ ഗലേഷ്യസ് രചിച്ച ചരിത്രഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാർത്തോമ്മാ ശ്ലീഹായുടെ ശിഷ്യരായിരുന്ന ആദായിയും മാറിയും സ്ഥാപിച്ച പേർഷ്യൻ സഭയുടെ അംഗങ്ങളും ഒരുപക്ഷേ അദ്ധ്യക്ഷന്മാർ തന്നെയും അലക്സന്ത്രിയാ വഴി ഇന്ത്യൻ സഭയുമായി ബന്ധം പുലർത്തുകയും തങ്ങളുടെ സംസർഗ്ഗത്തിലുള്ള സഭ എന്ന ഏകപക്ഷീയമായ അവകാശത്തിൽ പേർഷ്യൻ മെത്രാന്മാർ *പേർഷ്യയുടെയും ഇന്ത്യയുടെയും മെത്രാൻ* എന്ന പേരിൽ വാഴിക്കപ്പെടുകയും ചെയ്തിരിക്കാം (17-ാം നൂറ്റാണ്ടിൽ ഇന്ത്യയുടെയും ചൈനയുടെയും പാത്രിയർക്കീസ് എന്ന സ്ഥാനനാമത്തിൽ അലക്സന്ത്രിയാ പോപ്പ് അഭിഷേകം ചെയ്ത ഇഗ്നാത്തിയോസ് അഹത്തള്ളായുടെ കാര്യം ഇവിടെ ഓർക്കാം. അദ്ദേഹം വാഴിക്കപ്പെടുന്നത് ഇന്ത്യൻ സഭയുടെയോ ചൈനീസ് സഭയുടെയോ അറിവോടു കൂടിയായിരുന്നില്ല). ഗലേഷ്യസ് ഒഴിച്ച് മറ്റു ചരിത്രകാരന്മാർ ബിഷപ്പ് യോഹന്നാനെപ്പറ്റി പറയുമ്പോൾ ഇന്ത്യയുടെ കാര്യം പരാമർശിക്കുന്നില്ല എന്ന് റവ. ഡോ. വി. സി. ശാമുവേൽ പ്രസ്താവിക്കുന്നതിൽ കാര്യമില്ല (*സഭ വളരുന്നു*, പു. 22, 23). പ്രസ്താവിച്ച കാര്യങ്ങളല്ലാതെ പ്രസ്താവിക്കാത്ത കാര്യങ്ങളുടെ സാദ്ധ്യത അന്വേഷിച്ചുപോകുന്നത് വസ്തുനിഷ്ഠമായ ഗവേഷണ പദ്ധതിയാണെന്ന് പറയാനാവില്ല. ഇന്ത്യ എന്ന പരാമർശം നമ്മുടെ ഇന്ത്യയെക്കുറിച്ചല്ല എന്ന വാദഗതിയും ഗൗരവത്തിലെടുക്കാനാവില്ല (കാരണം നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്; ബർദൈസാന്റെ കൃതിയെപ്പറ്റി പരാമർശിച്ചപ്പോൾ).

എ. ഡി. 295 നും 300 നുമിടയിൽ പേർഷ്യൻ ഉൾക്കടലിന്റെ തീരപ്രദേശത്തുള്ള ബെസ്രയിലെ പണ്ഡിതനായിരുന്ന ബിഷപ്പ് ദൂദി (ദാവീദ്) തന്റെ ഭദ്രാസനം വിട്ട് ഇന്ത്യയിലേക്ക് പോവുകയും അവിടെ അനേകരെ ക്രിസ്തുമതത്തിലേക്ക് നയിക്കുകയും ചെയ്തതായി മദ്ധ്യശതകങ്ങളിൽ പേർഷ്യയിൽ വച്ച് സീയർട്ട് എഴുതിയ നാളാഗമത്തിൽ കാണുന്നു (ഫാ. ഡോ. വി. സി. ശമുവേൽ, *സഭ വളരുന്നു,* പു. 26). 5-ാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിൽ പേർഷ്യൻ സഭയിലെ വേദവ്യാഖ്യാതാവ് ഈശോദാദ് രചിച്ച റോമാ ലേഖന വ്യാഖ്യാനത്തിന്റെ മാർജിനിൽ എഴുതിയ കുറിപ്പ് ഇപ്രകാരമാണ്: "ഈ ലേഖനം ഇന്ത്യൻ പുരോഹിതനായ ദാനിയേലിന്റെ സഹായത്തോടെ കോമായി ഗ്രീക്കിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു" (മിങ്ങാന, Early spread of Christianity in India, p. 27). എ. ഡി 470-നടുത്തു പേർഷ്യയിൽ റിവാർഡഷീറിലെ മെത്രാനായ മാനാ പേർഷ്യൻ ഭാഷയിലെ മതപരമായ പ്രഭാഷണങ്ങളും ഗാനങ്ങളും അദ്ദേഹം ഗ്രീക്കിൽനിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത ഗ്രന്ഥങ്ങളും ഇന്ത്യൻ സഭയിലേക്കയച്ചുകൊടുത്തതായും മിങ്ങാന രേഖപ്പെടുത്തുന്നു (പു. 28). എ. ഡി. 535 ന് ശേഷം കോസ്മാസ് എഴുതിയ യൂണിവേഴ്സൽ

ക്രിസ്ത്യൻ ടോപോഗ്രഫി എന്ന ഗ്രീക്ക് ഗ്രന്ഥത്തിൽ ഇന്ത്യൻ സഭയെപ്പറ്റിയും അതിന്റെ പേർഷ്യൻ ബന്ധത്തെപ്പറ്റിയും പരാമർശമുണ്ട്. 520-നും 525-നും ഇടയിൽ തെക്കേ ഇന്ത്യ സന്ദർശിച്ച കോസ്മോസിന്റെ സാക്ഷ്യം ദൃക്സാക്ഷിയും സമകാലീനനുമായ ഒരു സഞ്ചാരിയുടെ സാക്ഷ്യം എന്ന നിലയിൽ വിവാദങ്ങൾക്ക് അതീതമാണ്. അദ്ദേഹം എഴുതുന്നു: 'റ്റപ്രോബെയിൻ (സിലോൺ) ദ്വീപിലും ഇന്ത്യൻ മഹാസമുദ്രതീരത്തുള്ള ഇന്ത്യയുടെ ഉൾഭാഗങ്ങളിലും പട്ടക്കാരും വിശ്വാസികളായ ജനസമൂഹവും ഉള്ള ക്രൈസ്തവസഭ സ്ഥിതിചെയ്യുന്നു. സഭ അവിടെനിന്ന് മറുരാജ്യങ്ങളിലേക്ക് വ്യാപിച്ചിട്ടുണ്ടോ എന്ന് നിശ്ചയമില്ല. എങ്കിലും കുരുമുളകു വളരുന്ന മാലി രാജ്യത്തും ക്രൈസ്തവസഭയുണ്ട് എന്ന് മാത്രമല്ല, കല്യാണ എന്ന സ്ഥലത്ത് പേർഷ്യയിൽ അഭിഷേകം ചെയ്യപ്പെട്ട ഒരു മെത്രാനുമുണ്ട്." പേർഷ്യൻ ബന്ധം ആരംഭിക്കുമ്പോൾ വിദേശ വാണിജ്യത്തിന്റെ കേരളീയകേന്ദ്രം പൊന്നാനിയിൽ നിന്ന് കൊടുങ്ങല്ലൂരിലേക്ക് മാറിയതായി കാണുന്നുണ്ട്. പഴയവഞ്ചിയിലും (പഴഞ്ഞി?) പിന്നീട് പാലൂർ പ്രദേശത്തു തന്നെയുള്ള പെരുമ്പടപ്പിലും തലസ്ഥാനമുറപ്പിച്ചിരുന്ന ഒന്നാം ചേരവംശ രാജാക്കന്മാർ ചോള-പാണ്ഡ്യ ചക്രവർത്തിമാരുടെ നിരന്തരമായ ആക്രമണത്തെത്തുടർന്ന് തലസ്ഥാന നഗരി കൊടുങ്ങല്ലൂരിലേക്ക് മാറ്റുകയായിരുന്നു. നൂറ്റാണ്ടു യുദ്ധം എന്ന് എ. ശ്രീധരമേനോൻ വിശേഷിപ്പിക്കുന്ന ഈ യുദ്ധപരമ്പരകൾ അരങ്ങേറിയത് പില്ക്കാലത്ത് പോർക്കളം എന്ന് പ്രസിദ്ധമായ പാലൂർ പ്രദേശത്തെ തിരുമറൈകാട്ടിലെ വിശാലമായ മൈതാനത്തു വച്ചാണ്. ഈ യുദ്ധനൈരന്തര്യം പഴയവഞ്ചിയിലും (പഴഞ്ഞി) പെരുമ്പടപ്പിലും (വന്നേരി) ഉണ്ടായിരുന്ന കോട്ടകളെയും കൊട്ടാരങ്ങളെയും തകർക്കുകയും പൊന്നാനി തുറമുഖത്തെ നശിപ്പിക്കുകയും ചെയ്തു. കൂടുതൽ സുരക്ഷിത താവളമായി പെരിയാർ തീരത്തുള്ള കൊടുങ്ങല്ലൂരിനെ ചേരന്മാർ ആസ്ഥാനമാക്കുകയും പുതിയവഞ്ചിയായി കൊടുങ്ങല്ലൂരിനെ പ്രഖ്യാപിക്കുകയും ചെയ്തു. പെരുമ്പടപ്പിലെന്നപോലെ (ചാട്ടുകുളങ്ങര = വഞ്ചിക്കുളം) കൊടുങ്ങല്ലൂർ പ്രദേശത്തും ഒരു വഞ്ചിക്കുളം ഉണ്ടായി. ഈ തലസ്ഥാനനഗരിയുടെ മാറ്റത്തോടനുബന്ധിച്ച് കൊടുങ്ങല്ലൂരിനെ തുറമുഖമായി വികസിപ്പിച്ചെടുക്കേണ്ടതുണ്ടായിരുന്നു. വ്യാപാരിയായ തോമസ് (കാന) ഈ തുറമുഖ നിർമ്മാണത്തിനാവശ്യമായ ശില്പികളെയും ആശ്രിതന്മാരെയും കൊടുങ്ങല്ലൂരിലെത്തിച്ചു. സാപ്പോർ ദ്വിതീയന്റെ കാലത്തു പേർഷ്യയിലുണ്ടായ ക്രിസ്ത്യൻ മതമർദ്ദനത്തെ തുടർന്ന് കുറെ അഭയാർത്ഥികളെയും കൊണ്ട് തോമസ് കാന കൊടുങ്ങല്ലൂരിലെത്തി എന്നാണ് ഇത് സംബന്ധിച്ച ഐതിഹ്യങ്ങൾ വിശേഷിപ്പിക്കുന്നത്. എ. ഡി. 345-ൽ നടന്ന ഈ സംഭവത്തെ ഫാ. ഡോ. വി. സി. ശമുവേലും (*സഭ വളരുന്നു*, പു. 36) ഇ. എം. ഫിലിപ്പും സിറിയൻ കുടിയേറ്റം എന്ന് (പു. 62) വിശേഷിപ്പിച്ചിരിക്കുന്നു. *മലങ്കരസഭാ വിജ്ഞാനകോശ*വും ഇദ്ദേഹത്തെ പേർഷ്യൻ

കാതോലിക്കാ നിയോഗിച്ച ഒരു ക്രിസ്ത്യൻ കുടിയേറ്റസംഘത്തിന്റെ നേതാവായും ഒരു ബിഷപ്പ് ഉൾപ്പെടെയുള്ള ക്രിസ്ത്യൻ കോളനിയെ കൊണ്ടുവന്ന് കേരളസഭയെ ശക്തിപ്പെടുത്തിയ രക്ഷകനായും വിവരിച്ചിട്ടുണ്ട് (പു. 379).

എന്നാൽ അഭയാർത്ഥികളെ സംരക്ഷിക്കുന്നതിനപ്പുറം സ്ഥാനമാനങ്ങൾ നൽകി ലോകാവസാനം വരെ ആദരിക്കുവാൻ ആവശ്യമായ ഏർപ്പാടുകൾ ചെയ്യുന്നതിന്റെ പിന്നിൽ വിലപ്പെട്ട ഏതാനും സംഭാവനകൾ ഉണ്ടാകാതെ വയ്യ. അപ്രകാശിതമായ ഒരു കൈയെഴുത്തു സഭാചരിത്രത്തിൽ അക്കാര്യം സൂചിപ്പിച്ചിരിക്കുന്നു:

“ഇങ്ങനെ ഒരു പട്ടണവും നഗരതോരണവും ചമച്ച് ശക്തിയോട് കൂടി ഇരിക്കുമ്പോൾ മലയാളത്തിൽ രാജകരത്തിന്റെ യശസ്സിനും ശക്തിക്കും അതിനു വേണ്ടുന്ന ദ്രവ്യങ്ങളും പ്രയത്നങ്ങളും ചെയ്ക കൊണ്ടും ചേരമാൻ പെരുമാൾ തമ്പുരാന് മുടിവച്ച് വാഴുവാൻ വേണ്ടുന്ന മുത്ത് രത്നങ്ങളും കൊടുക്കകൊണ്ടും ഈ വംശക്കാർ ഭൂമിയുടെ ഒടുക്കത്തോളം ഒരുത്തരും ഒരു ഏറക്കുറ (ദ്രോഹം) ചെയ്യരുതെന്ന് കല്പിച്ച് ആയതിനും മറ്റും ഒരു ചെപ്പേട് എഴുതുകയും ചെയ്തു.” “..... ക്രിസ്ത്യാനികൾക്ക് വേണ്ടുന്ന ഒത്താശകൾ ചെയ്തുകൊടുക്കുന്നതിന് കല്പന പുറപ്പെട്ടത് കൂടാതെ ആദിത്യചന്ദ്രാദികൾ ഉള്ളനാളും ഭേദം വരാതെ ഇരിക്കതക്കവണ്ണം നിശ്ചയിച്ച് ആദിത്യനും ചന്ദ്രനും സാക്ഷിയാകെ ബഹുമാനത്തിനടുത്ത പദവികൾ ഒക്കെയും ചെമ്പുതകിടിൽ എഴുതി തുല്യം ചാർത്തി ആയതും കൊടുങ്ങല്ലൂർ ദേശത്ത് ഒരു പറ നെല്ല് ചിതറിയതിനകം ആനക്കോലാൽ ഇരുനൂറ്റി നാല്പത്തിനാലു കോൽ ഭൂമി അളന്ന് തിരിച്ച് ആയതും നൽകി....” ചെപ്പേടിൽ വിവരിച്ച പദവികളുടെ വിവരം താഴെ ചേർക്കുന്നു.

“തണ്ടും പല്ലക്കും പരവതാനിയും പഞ്ചപടവും വെഞ്ചാമരവും ആലവട്ടം തഴയും കുടയും നടയും നടത്തും വായ്ക്കുരവയും തകിലും മുരശും വീരമദ്ദളവും അഞ്ച് പഞ്ചവാദ്യവും അഞ്ച് വണ്ണക്കുടയും പകൽവിളക്കും പാവാട മണക്കോലവും ചണ്ടയും ചണ്ടമേൽ മേൽക്കട്ടിയും, ഉച്ചിപ്പൂ, നെറ്റിപ്പട്ടം, കയ്യപുറാ, മുൻകൈപതക്കം, തോൾവള, വീരചങ്ങല, വീരദണ്ഡ്, കാൽചിലമ്പും, ചങ്കും, പൂണുനൂലും ചംകു, ചക്രം, ഇടുപടി, നഗരതോരണം, നന്താവിളക്ക്, കടകം, കനകമുടി, മുടിക്കീഴാഭരണങ്ങൾ എന്നിങ്ങനെ ആനമേൽമണ്ണ്, നീർ മുതലായി എഴുപത്തിരണ്ട് പദവികളും അതിനടങ്ങും സാധനങ്ങൾ, ആനിഭോഗം, തല, മുല, ചെല്ലി, ചെങ്കൊമ്പ്, ആദ്യവയ്പ്പും പാറ്റുമരവും തെക്കു കുമ്പിൾ ആനിയും നായും വലയും നായാട്ടും മാറ്റും എപ്പേർപ്പെട്ടതിനും കൂടെ ചെപ്പേട് എഴുതിച്ചുകൊണ്ട് കൊടുങ്ങല്ലൂർ ദേശത്ത്....” (ഫാ. ഡോ. ജോസഫ് ചീരൻ: *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും,* പു. 96, 97).

ക്രിസ്ത്യാനികൾക്ക് ചിറ്റാഴ്മക്കാരായി നിശ്ചയിച്ച ആളുകളുടെ വിവരം ഇട്ടൂപ്പ് റൈറ്റർ ഇപ്രകാരം നൽകുന്നു (പു. 92): "പാരതിൽ പാക്കനാർ, തമിശർ, തിരുവരങ്കൻ, നിറമേറും വില്ലൻ, തച്ചൻ, ഇരവിനങ്ങാൻ, ശമയത്തിൻ വിളക്കിത്തലയൻ എട്ടാകും വാണിഭം നാശം ധനം പേറും ചെട്ടിനാലും ശങ്കരൻ പെഷമാണ്ട കുരുക്കളും വിശ്വകർമ്മൻ പോയി ഈഴനാട് വാണകാലം വന്തതാം ചേകവനും ഊഴിയിൽ ഉറവാരൻ മുതലായി പതിനേഴു ജാതിക്കാരെ മാമ്മൂദീസാ ചമയക്കാർക്ക് വിഴയക്കാരായി കൊടുത്തു. ഈ പതിനേഴു ജാതിക്കാരിൽ ആരോടെങ്കിലും മാടമ്പിമാർ ആകട്ടെ എടപ്രഭുക്കന്മാരാകട്ടെ ക്ഷെത്ര ശക്തിയാകട്ടെ, ഗ്രാമശക്തിയാകട്ടെ, ഏതെങ്കിലും ഒരു ഉപദ്രവം ചെയ്താൽ ഈ പതിനേഴു ജാതിയും ക്രിസ്ത്യാനികളോടുകൂടെ ഒരു നിലയായി നിന്നും കൊണ്ട് ചെയ്യപ്പെട്ട കാര്യത്തിന് തക്കതിൻവണ്ണം പ്രായശ്ചിത്തം കെട്ടിവയ്പിക്ക എങ്കിലും ഒരു ക്രിസ്ത്യാനിയെ ഒരു ഹീനജാതിക്കാരൻ അടിച്ചാൽ അതിന്റെ അവസ്ഥപോലെ അവനെ കൊല്ലുകയെങ്കിലും തക്കപ്രായശ്ചിത്തം വാങ്ങി ശിക്ഷിച്ചയക്കയെങ്കിലും പതിവായിരുന്നു. ഇങ്ങനെ സ്വരുമയായി ഏകദേശം കൊല്ലം 920-ാമത് വരെയും നടന്നുവന്നു." ക്നായി തൊമ്മന്റെ വരവ് വിവരിച്ചശേഷം ഇട്ടൂപ്പ് റൈറ്റർ തുടർന്ന് എഴുതുന്നു: "ഈ കാലഘട്ടങ്ങളിൽ അലക്സാന്ത്രിയായും മലയാളവും തമ്മിൽ വൻകച്ചവടം നടന്നിരുന്നു എന്നും പേർഷ്യ, അലക്സാന്ത്രിയ മുതലായ ദിക്കിൽ നിന്നും വേദത്തലവന്മാർ ഈ മലയാളത്തിൽ വന്ന് ഉപദേശിച്ചിരുന്ന പ്രകാരവും കാണ്മാനുള്ളതല്ലാതെ ഏറിയകാലത്തെ സൂക്ഷ്മ വർത്തമാനങ്ങൾ ഒന്നും അറിവാൻ പാടില്ല."

ക്നായി തൊമ്മന്റെ നേതൃത്വത്തിൽ 4-ാം നൂറ്റാണ്ടിൽ നടന്ന കുടിയേറ്റവും മാർ സാപ്പോർ, മാർ അപ്രോദ് എന്നിവരുടെ നേതൃത്വത്തിൽ 9-ാം നൂറ്റാണ്ടിൽ നടന്ന കുടിയേറ്റവും അവയോടനുബന്ധിച്ച് ഉത്ഭവിച്ച് നിലനിന്നുപോരുന്ന പാരമ്പര്യങ്ങളും വിശേഷിച്ചും ക്നാനായ എന്ന പേരിലുള്ള ക്രിസ്ത്യൻ സമുദായത്തിന്റെ ചരിത്രവും മലങ്കരസഭയുടെ പേർഷ്യൻ ബന്ധത്തിന്റെ അധ്യായങ്ങളാണ്. 1129-ൽ ഒരു യോഹന്നാൻ മെത്രാൻ പേർഷ്യയിൽ നിന്ന് മലങ്കരയിലേക്ക് അയക്കപ്പെട്ടതായി മെക്കൻസി പറയുന്നു. 1295-ൽ കേരളം സന്ദർശിച്ച മാർക്കോപോളോ കേരളത്തിൽ നെസ്തോറിയൻ ക്രിസ്താനികളെ കണ്ടതായി പറഞ്ഞിട്ടുണ്ട്. 1301 ൽ വിരചിതമായ വേദവായനക്കുറിപ്പിൽ (ചേന്ദമംഗലത്തു വച്ച് തയ്യാറാക്കിയത്) പാത്രിയർക്കീസ് യാഹ്ബ് ആലോഹോ അഞ്ചാമന്റെയും ഇന്ത്യൻ മെത്രാൻ മാർ യാക്കോബിന്റെയും കാലത്ത് അത് എഴുതിയതായി കാണുന്നു. 1490-ൽ മലങ്കരസഭയിൽ നിന്ന് മൂന്ന് പ്രതിനിധികൾ പാത്രിയർക്കീസ് (പേർഷ്യൻ) ശീമോനെ സന്ദർശിക്കുകയും രണ്ടു മെത്രാന്മാരെ മലങ്കരസഭയ്ക്ക് ലഭ്യമാക്കുകയും ചെയ്തു. 1503-ൽ മൂന്ന് മെത്രാന്മാരെ പേർഷ്യയിൽ നിന്ന് ലഭിച്ചു. 1555-ന് ശേഷം മൂന്നോ നാലോ പൗരസ്ത്യ മെത്രാന്മാർ മലങ്കര

യിൽ വന്നു. 1597 വരെ മലങ്കരയിൽ ഉണ്ടായിരുന്ന മാർ അബ്രഹാം അവരിൽ ഒരാൾ ആയിരുന്നു. 1708-ൽ വന്ന മാർ ഗബ്രിയേലും പേർഷ്യൻ സഭാംഗമാണ്. പേർഷ്യൻ സഭ എ. ഡി. 5-ാം നൂറ്റാണ്ടിൽ നെസ്തോറിനെ അനുകൂലിച്ചു. ഇതുമൂലം തെഗ്രീസിൽ 628-29 ൽ ഒരു സമാന്തരസ്ഥാനി മഫ്രിയാന എന്നും കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ എന്നും ഉള്ള പേരുകളിൽ അവരോധിക്കപ്പെട്ടു. ഈ രണ്ടു സിംഹാസനങ്ങളിൽ നിന്നും വന്നവർ ആണ് മേൽപ്പറഞ്ഞ മെത്രാന്മാർ. അവരിലൂടെ നെസ്തോറിയാ പാരമ്പര്യങ്ങൾ മലങ്കരയുടെ ചില ഭാഗങ്ങളിൽ വേരു പിടിക്കുവാൻ സംഗതിയായി. പോർത്തുഗീസുകാർ വന്നപ്പോൾ ഇവിടെയുണ്ടായിരുന്ന മാർ അബ്രഹാം നെസ്തോറിയൻ ആയിരുന്നതിനാൽ മലങ്കരസഭ മുഴുവൻ നെസ്തോറിയൻ ഭരണത്തിലായിരുന്നു എന്ന നിഗമനത്തിലാണ് കത്തോലിക്കാസഭ നേതൃത്വം നൽകിയ ഉദയംപേരൂർ സുന്നഹദോസ് ഉൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും നടത്തിയത്.

എ. ഡി. ഏഴ്, എട്ട്, പത്ത് എന്നീ നൂറ്റാണ്ടുകളിൽ മലങ്കരസഭയും പേർഷ്യൻ സഭയും തമ്മിലുണ്ടായിരുന്ന ബന്ധത്തിന്റെ മൂകസാക്ഷികളായി ഏതാനും പേർഷ്യൻ കുരിശുകൾ മലങ്കരസഭയിൽ അവശേഷിച്ചിട്ടുണ്ട്. കോട്ടയം വലിയപള്ളിയിൽ രണ്ടെണ്ണം ഉണ്ട്. ഒരെണ്ണം കടമറ്റം ഓർത്തഡോക്സ് പള്ളിയിൽ. ഒരെണ്ണം മുട്ടുചിറ കത്തോലിക്കാ പള്ളിയിൽ. പേർഷ്യൻ ശില്പമാതൃകയിൽ കല്ലിൽ കൊത്തിയെടുത്ത കുരിശുകൾ. പേർഷ്യൻ രാജഭാഷയായിരുന്ന പാലവിയിൽ ലിഖിതങ്ങൾ കുരിശിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലിഖിതങ്ങളുടെ വ്യാഖ്യാനങ്ങളെപ്പറ്റി തർക്കങ്ങൾ ഉണ്ടെങ്കിലും പൊതുവെ സ്വീകാര്യമായ വിവർത്തനങ്ങൾ താഴെ ചേർക്കുന്നു: കോട്ടയം വലിയപള്ളിയിലെ വടക്കേ ത്രോണോസിന് അഭിമുഖ ഭിത്തിയിലെ കുരിശ്. "എന്റെ നാഥനായ ക്രിസ്തുവേ, ഇതിനെ കൊത്തിയുണ്ടാക്കിയ സുറിയാനിക്കാരൻ സഹർബുക്കിന്റെ മകൻ അഫ്റാസിനോട് കരുണ ചെയ്യേണമേ." രണ്ടാമത്തെ കുരിശ്. "നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കുരിശിലല്ലാതെ എനിക്ക് പ്രശംസിക്കുവാൻ ഇടവരരുതേ." കടമറ്റം പള്ളിയിലെ കുരിശ്. "നിനവേയിൽ നിന്നുള്ള സുന്ദരപക്ഷിയായ ഞാൻ ഈ നാട്ടിലേക്ക് വന്നിരിക്കുന്നു. എഴുതിയത് ക്ഷമിക്കുന്നവനായ മശീഹാ കഷ്ടതയിൽ നിന്ന് മോചിപ്പിച്ച ഷാപ്പർ എന്ന ഞാൻ" (കൂടുതൽ വിവരങ്ങൾക്ക് *സഭാവിജ്ഞാന കോശം*, പു. 509-512).

(ഈ പരാമർശങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മെത്രാന്മാർ ഇവിടെ സ്ഥിരമായി താമസിച്ച് ഭരണം നടത്തിയതായി ആരും അവകാശപ്പെടുന്നില്ല. മലങ്കരസഭയിൽ അവരുടെ കബറിടങ്ങൾ ഇല്ല. അവരുടെ സന്ദർശനം വ്യാപാരാർത്ഥം ആയിരുന്നുവോ എന്ന് സംശയിക്കണം. ഒരു മെത്രാനിൽ കേന്ദ്രീകൃതമായേ സഭാഭരണം നിർവഹിക്കാനൊക്കൂ എന്ന അനിവാര്യ

തയെ മലങ്കരസഭ അക്കാലങ്ങളിലും അംഗീകരിച്ചിരുന്നില്ല എന്നാണ് അർത്ഥമാക്കാവുന്നത്. എല്ലാ പള്ളികളിലും വൈദികരുടെ ഒരു സംഘം ഉണ്ടായിരുന്നു. 17-ാം നൂറ്റാണ്ടിൽപ്പോലും അവരുടെ തലവൻ പേറെദ്യൂത്താ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. അതത് പള്ളികൾക്ക് ആവശ്യമായ വൈദികരെ അദ്ദേഹം പട്ടം കൊടുത്തു നിയമിക്കുകയായിരുന്നു പതിവ് (ഈ അതിശക്തമായ പതിവിന്റെ പശ്ചാത്തലവും പിൻബലവുമാണ് ഒന്നാം മാർത്തോമ്മായെ പന്ത്രണ്ട് പട്ടക്കാർ ചേർന്ന് മെത്രാനായി അഭിഷേകം ചെയ്യുവാൻ ധൈര്യം പകർന്നത്).

പേർഷ്യയുമായി ബന്ധമുണ്ടായിരുന്ന നൂറ്റാണ്ടുകളിലും അലക്സാന്ത്രിയായിൽ നിന്ന് വേദത്തലവന്മാർ ഇവിടെ വന്നിരുന്നു എന്ന ഇട്ടൂപ്പ് റൈട്ടരുടെ പ്രസ്താവന ശ്രദ്ധാർഹമാണ്. അലക്സാന്ത്രിയാ ബന്ധം നേർത്തു വരികയും പേർഷ്യൻബന്ധം സുദൃഢമാവുകയും ചെയ്ത ഒരിടക്കാലത്തെയാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. ഒരു കാര്യം വളരെ തീർച്ച. അലക്സാന്ത്രിയായിൽ നിന്ന് 4-ാം നൂറ്റാണ്ടിന് ശേഷം വന്നവരിലും പേർഷ്യായിൽ നിന്ന് വന്നവരിലും മെത്രാന്മാർ ഉണ്ടായിരുന്നിരിക്കാം. ക്നായിത്തോമ്മായുടെ സംഘത്തിൽ മാർ യൗസേപ്പ് മെത്രാന് പിൻഗാമികളായി മെത്രാന്മാർ പേർഷ്യയിൽനിന്ന് വന്നിട്ടുണ്ടാകാം. കോസ്മസ് അഞ്ചാം നൂറ്റാണ്ടിൽ ഇവിടെ മെത്രാനുള്ള സഭയെയും വൈദികരും വിശ്വാസികളും മാത്രമുള്ള സഭയെയും കണ്ടുവെന്ന കാര്യം ഓർക്കാവുന്നതാണ് (അലക്സാന്ത്രിയൻ ബന്ധം മുഖ്യമായും മുചിരിയെ (പൊന്നാനി - ചാവക്കാട് - ചേറ്റുവാ) കേന്ദ്രമാക്കിയാണ് വികസിച്ചിരുന്നത്. ആ ബന്ധത്തിന്റെ ക്രൈസ്തവ കേന്ദ്രം പാലൂർ ആയിരുന്നു എന്ന് അനുമാനിക്കാം. തലപ്പള്ളിയെ ചുറ്റിപ്പറ്റി രൂപപ്പെട്ട ക്രിസ്തീയതയാണ് ഹൈദർ അലിയേയും ടിപ്പുവിനെയും നസ്രാണി ഗൂർ (പട്ടണം) എന്ന് ചാട്ടുകുളങ്ങര - പാലൂരിനെ വിശേഷിപ്പിക്കുവാൻ പ്രേരിപ്പിച്ചത്).

## D. ആദ്യകാല ആരാധനകൾ; പൗരോഹിത്യ സംവിധാനം

മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻസഭയിലെ ആദ്യനൂറ്റാണ്ടുകളിലെ ആരാധനയുടെ സമ്പ്രദായം എങ്ങനെയായിരുന്നു? ഒരു കാര്യം തീർച്ച. ആരാധനയും പൗരോഹിത്യവുമില്ലാതെ ക്രൈസ്തവസഭയില്ല. ക്രിസ്തു ശിഷ്യന്മാരെ ഏല്പിച്ച പ്രധാന ദൗത്യങ്ങൾ വി. കുർബ്ബാന, വി. സ്നാനം, എന്നിവയുടെ അനുഷ്ഠാനമായിരുന്നു. കൈവെപ്പിലൂടെ അതിനായി ലഭിക്കുന്ന അധികാരത്തെയും നൽവരത്തെയും പൗരോഹിത്യമെന്ന് അവർ മനസ്സിലാക്കി. ശെമ്മാശന്മാരുടെ നിയമനത്തിലും തീമോത്തിയോസ്, തീത്തോസ് തുടങ്ങിയ ആദ്യകാല പുരോഹിതന്മാരുടെ നിയമനത്തിലും ശ്ലീഹന്മാർ കൈവെപ്പിലൂടെയുള്ള പൗരോഹിത്യ ദാന ശുശ്രൂഷ പ്രാവർത്തികമാക്കുന്നതായി വിശുദ്ധ വേദം സാക്ഷിക്കുന്നു. കർത്താവ് അന്ത്യ

അത്താഴത്തിൽ അനുഷ്ഠിച്ച കർമ്മങ്ങളെ അടിസ്ഥാനമാക്കിയാവാം വി. കുർബാനയുടെ അനുഷ്ഠാനം നിർവഹിച്ചിരുന്നത്. യഹൂദന്മാരുടെ സിന്നഗോഗ് ആരാധനയുടെ സ്വാധീനഫലമായി വേദവായനകളും പ്രബോധനങ്ങളും ആരാധനയുടെ ഭാഗമായിരുന്നു. ഗ്രീക്ക്, റോമ്മാ സമ്പർക്കം സാധാരണമായിരുന്നതിനാൽ അപ്പവും വീഞ്ഞും കുർബാനയുടെ പദാർത്ഥങ്ങളായി ഉപയോഗിച്ച് ക്രിസ്തുവിനെ അനുകരിക്കുവാൻ കേരളീയ ക്രിസ്ത്യാനികൾക്കു ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ക്രിസ്തുവിന്റെ ഉയിർപ്പിനു ശേഷം ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ സഭ സമ്മേളിക്കുന്ന യെരുശലേമിലെ പതിവിന് പങ്കാളിയായിരുന്ന മാർത്തോമ്മാ ശ്ലീഹാ ഇവിടെയും ആരാധനയുടെ ദിവസമായി ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ – ഞായറാഴ്ച – വേർതിരിച്ചിട്ടുണ്ടാകാം. മാർത്തോമ്മാശ്ലീഹാ കപ്പലിറങ്ങിയ മുചിരിയിലെ പ്രധാന തുറമുഖമായ പാലൂരിൽ – ചാട്ടുകുളങ്ങരയിൽ – ക്രിസ്തുമത പ്രവേശനത്തെത്തുടർന്ന് ക്രൈസ്തവ ദേവാലയമായിത്തീർന്ന പൂർവിക സിന്നഗോഗിൽ വച്ചായിരിക്കാം കേരളത്തിലെ ആദ്യ ബലിയർപ്പണം നടന്നത്. പാലൂരിലെന്നപോലെ കൊച്ചു കൊച്ചു ആരാധനാ സമൂഹങ്ങൾ രൂപപ്പെട്ട എല്ലാ സ്ഥലങ്ങളിലും വി. കുർപ്പാന അർപ്പിക്കുവാൻ സൗകര്യം ലഭിക്കുമാറ് പുരോഹിതരെ മാർത്തോമ്മാശ്ലീഹാ കൈവെപ്പ് നൽകി നിയമിച്ചു. യഹൂദന്മാരിൽ നിന്നും ചീരധാരികളായ ബുദ്ധസന്യാസികളിൽ നിന്നും ആകണം ശ്ലീഹാ ആദ്യത്തെ പുരോഹിതന്മാരെ കണ്ടെത്തിയത്. പുരോഹിത കർമ്മാനുഷ്ഠാനം അതീവ ലളിതമായിരുന്ന അക്കാലത്ത് പ്രത്യേക പരിശീലനകേന്ദ്രങ്ങളൊന്നും ആവശ്യമായിരുന്നില്ല. ആവശ്യമായ പരിശീലനങ്ങൾ ആദ്യകാല പുരോഹിതന്മാർ ശ്ലീഹായിൽ നിന്ന് തന്നെ സ്വീകരിച്ചിട്ടുണ്ടാകാം. സ്നാനകർമ്മത്തിന് ദേവാലയസമീപത്തുള്ള ജലാശയങ്ങളെ ആശ്രയിച്ചു കാണും. വഴി വക്കിലുള്ള ഒരു ജലാശയത്തിൽ 'ഷണ്ഡനെ' ഫീലിപ്പോസ് ശെമ്മാശ്ശൻ സ്നാനപ്പെടുത്തിയ സംഭവം വി. വേദത്തിൽ നാം വായിക്കുന്നുണ്ട്. സ്നാന കർമ്മവും അതീവ ലളിതമായിരുന്നു. വിശ്വാസപ്രഖ്യാപനവും ത്രിത്വനാമത്തിലുള്ള സ്നാപനവും മാത്രമായിരിക്കണം ക്രിയകൾ. തൈലങ്ങളോ മറ്റ് ഉപകരണങ്ങളോ ആദ്യകാലത്ത് ഉണ്ടായിരിക്കുകയില്ല. കൂദാശകൾ അർപ്പിക്കുവാനുള്ള പുരോഹിതന്മാരും അനുഷ്ഠാനങ്ങളിൽ പുരോഹിതരെ സഹായിക്കാനുള്ള ശുശ്രൂഷകരും എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾ മാത്രമേ വൈദികഗണത്തിലുണ്ടായിരുന്നുള്ളൂ. ഈ ആദിമ സംവിധാനം മനസ്സിൽ വച്ചുകൊണ്ടാകാം പില്ക്കാലത്ത് രചിക്കപ്പെട്ട് ആചാര്യന്മാരെ ഓർക്കുന്ന ശനിയാഴ്ചയുടെ മൂന്നാം മണി നമസ്കാരത്തിൽ കർത്താവിനെ ശുശ്രൂഷിപ്പാനുള്ള വൈദികഗണത്തെ പരാമർശിക്കുമ്പോൾ 'കൊഹനേവമ്ശെംശോനെ ദ്ശമശുക് മോറാൻ' എന്ന ഗാനം പിതാക്കന്മാർ രചിച്ച് വിന്യസിച്ചത്. സുറിയാനി പാരമ്പര്യത്തിൽ ഈ ആചാര്യന്മാർ കഹനേന്മാരും അവരുടെ നൽവരം

കഹനൂസായുമാണ്. ഓരോ ആരാധനാ സമൂഹത്തിലും കുറഞ്ഞത് ഒരു ആചാര്യസ്ഥാനിയും ഏതാനും ശുശ്രൂഷാസ്ഥാനികളും ഉണ്ടായിരുന്നിരിക്കണം. ചിലപ്പോഴെല്ലാം പീലിപ്പോസിന്റെ മാതൃകയിൽ ശെമ്മാശന്മാർ സ്നാപനം നടത്തിയിരിക്കാമെങ്കിലും ആചാര്യസ്ഥാനീയർ കൈവെപ്പ് മൂലം പരിശുദ്ധാത്മദാനം പകരുമ്പോഴേ സ്നാപനം പൂർത്തിയാകുമായിരുന്നുള്ളു.

ആരാധനയുടെ ഭാഷ മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് ലഭിച്ച പൈതൃകമനുസരിച്ച് സുറിയാനി ഭാഷ – അരമായ – ആയിരിക്കാം. യഹൂദ പാരമ്പര്യത്തിൽനിന്ന് വന്ന ആദിമ ക്രൈസ്തവ പുരോഹിതന്മാർക്കും അനുയായികൾക്കും ആ ഭാഷ അന്യഭാഷയായി തോന്നിയിരുന്നില്ല. വൈദിക സ്ഥാനം സ്വീകരിച്ച ബുദ്ധഭിക്ഷുകൾ സുറിയാനിഭാഷ അഭ്യസിക്കുവാൻ യഹൂദ കേന്ദ്രങ്ങളിൽ സംവിധാനം ഉണ്ടായിരുന്നു.

ക്രിസ്തീയ ആരാധനാലയങ്ങൾ ബുദ്ധ–ജൈനമത സംജ്ഞയായ പള്ളി എന്ന പേർ സ്വീകരിച്ചു. സംസ്കൃത ഭാഷയോ മറ്റ് ദേവാലയ സംജ്ഞകമോ അന്ന് കേരളത്തിലുണ്ടായിരുന്നില്ല. യഹൂദന്മാർ അവരുടെ കേരളത്തിലെ സിന്നഗോഗുകളെ പള്ളി എന്നു വിളിച്ചിരുന്നതിനാൽ ഈ നാമ സ്വീകരണം വളരെ സ്വാഭാവികം ആയിരുന്നു. ബുദ്ധദേവാലയങ്ങൾ പള്ളി എന്നറിയപ്പെട്ടിരുന്നതിന്റെ ഏറ്റവും ആധികാരികമായ തെളിവ് ലഭ്യമാണ്. തൃശ്ശൂരിലെ വടക്കുനാഥൻ എന്ന ക്ഷേത്രം ശൈവാധിനിവേശത്തിനു മുമ്പ് ബുദ്ധപ്പള്ളിയായിരുന്നുവെന്ന് സർവ്വസമ്മതമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. തൃശൂരിലെ ആ ബുദ്ധ ദേവാലയത്തിന്റെ വടക്കേ താഴ്വാരം – ഇന്നത്തെ വടക്കേ ബസ്റ്റാന്റ് ഭാഗം – പള്ളിത്താമം എന്ന പേരിലാണ് ഈ തലമുറയിൽ പോലും അറിയപ്പെട്ടിരുന്നത്. സാർവത്രികമായി ഉപയോഗിക്കപ്പെട്ടിരുന്ന പള്ളി ശബ്ദത്തോടുള്ള ആദരം മൂലമാണ് പിന്നീട് രാജകീയ ബഹുമതിയുടെ പര്യായപദമായി പള്ളി ശബ്ദത്തെ സ്വീകരിച്ചത്. പള്ളിപ്പാണി, പള്ളിയുറക്കം, പള്ളിക്കെട്ട്, പള്ളിയെഴുന്നള്ളത്ത് തുടങ്ങിയ രാജകീയാർത്ഥം പള്ളി ശബ്ദത്തിന് ബുദ്ധ–ജൈന–ക്രൈസ്തവ ദേവാലയങ്ങൾക്ക് ജനങ്ങൾ നല്കിയിരുന്ന ആദരവിന്റെ പാരമ്യത്തെ സൂചിപ്പിക്കുന്നു. പില്ക്കാലത്ത് ഇസ്ലാം കേരളത്തിലെത്തിയപ്പോൾ അവരും അവരുടെ ദേവാലയത്തിന് പള്ളി എന്ന സംജ്ഞയാണ് സ്വീകരിച്ചത്. എ. ഡി. നാലാം നൂറ്റാണ്ടിൽപ്പോലും കേരളത്തിൽ ക്ഷേത്രം, അമ്പലം തുടങ്ങിയ സംജ്ഞകൾ ആവിർഭവിച്ചിരുന്നില്ല എന്നാണ് ഈ പള്ളി സംജ്ഞയുടെ കഥ തെളിയിക്കുന്നത്.

ഗാർഹിക ബന്ധവാചിയായ പിതൃശബ്ദത്തിനു പോലും ക്രിസ്ത്വബ്ദം ആദ്യത്തെ ആറേഴു നൂറ്റാണ്ടുകളിൽപ്പോലും ദ്രാവിഡപദങ്ങൾ അല്ലാതെ ആര്യപദങ്ങൾ ഉപയോഗിച്ചിരുന്നില്ല. പിതൃവാചിയായ അപ്പൻ തന്നെ

മികച്ച ഉദാഹരണം. ദ്രാവിഡ പദമായ 'അപ്പൻ' എന്നല്ലാതെ ആര്യശബ്ദത്തിന്റെ അപഭ്രംശരൂപമായ അച്ഛൻ ശബ്ദം പിതൃസൂചകമായി കേരളത്തിൽ ആരും ഉപയോഗിച്ചിരുന്നില്ല. ദ്രാവിഡ ഭാഷയുടെ പൊതുപൈതൃകം ക്രൈസ്തവർ സ്വീകരിച്ചു. എ. ഡി. മൂന്നാം നൂറ്റാണ്ടു മുതൽ ആറാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെത്തിയ ശൈവ-വൈഷ്ണവ പ്രസ്ഥാനങ്ങളും ഈ പൊതു പൈതൃകമാണ് സ്വീകരിച്ചത്. പില്ക്കാലത്ത് ശക്തിയായ ആര്യമത ഭാഷാവല്ക്കരണം നടന്നിട്ടുപോലും ഗുരുവായൂരപ്പനും (വിഷ്ണു) ഏറ്റുമാനൂരപ്പനും (ശിവൻ) വൈക്കത്തപ്പനും നൂറ്റാണ്ടുകളെ അതിജീവിച്ചിരിക്കുന്നു.

ആദ്യകാല പുരോഹിതന്മാർ ബുദ്ധഭിക്ഷുക്കളെപ്പോലെ ചീര (മരവുരി) ധാരികൾ ആയിട്ടോ ജൂത വേഷത്തിലോ ആയിരിക്കാം വിശുദ്ധകർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നത്.

മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ദേവാലയങ്ങൾ ഏഴാണെന്ന് പാരമ്പര്യമുണ്ട്; ഏഴരപ്പള്ളികൾ എന്ന പ്രയോഗവും നിലവിലുണ്ട്. അരപ്പള്ളിയ്ക്ക് പലരും അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. ഈ അവകാശവാദങ്ങളെല്ലാം പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ രൂപംപ്രാപിച്ചവയായതിനാൽ അവയുടെ ചരിത്രപരമായ സാധുതയിൽ ചരിത്രകാരന്മാർ സംശയം പ്രകടിപ്പിക്കുന്നുണ്ട്. എങ്കിലും പാലൂരിന് ശേഷം പറവൂർ (കോട്ടക്കാവ്), ഗോക്കമംഗലം, നിരണം തുടങ്ങിയ പള്ളികളുടെ ശ്ലൈഹിക പാരമ്പര്യങ്ങൾക്ക് സാഹചര്യത്തെളിവിന്റെ പിൻബലം വളരെയാണ്. മാർത്തോമ്മാ പൈതൃകം അവകാശപ്പെടുന്ന മറ്റു പള്ളികൾ കൊല്ലം, ചായൽ, മാലിയാംകര എന്നിവയാണ്. അരപ്പള്ളിയുടെ അവകാശവാദക്കാര്യത്തിൽ തിരുവിതാംകോടും, മലയാറ്റൂരും മുൻപന്തിയിലുണ്ട്. പില്ക്കാലത്ത് താലൂക്കുകൾ തിരിച്ചപ്പോൾ ക്രിസ്ത്യാനികളുടെ തലപ്പള്ളി സ്ഥിതിചെയ്യുന്ന പാലൂർ പ്രദേശത്തിന് തലപ്പള്ളി എന്നും ആ പ്രദേശം ഭരിച്ച രാജവംശത്തിന് തലപ്പള്ളി രാജവംശം എന്നു പേർ സിദ്ധിച്ചത് പ്രത്യേകം പരാമർശം അർഹിക്കുന്നുണ്ട്.

മാർത്തോമ്മാശ്ലീഹാ കുരിശുകൾ സ്ഥാപിച്ചു എന്ന് പല ഗ്രന്ഥകാരന്മാരും എഴുതിയിട്ടുണ്ട്. അക്കാലത്ത് കുരിശുസ്ഥാപനം സാധ്യമോ എന്ന് തീർച്ചയില്ല. ആദ്യകാല ദേവാലയ സംവിധാനത്തിൽ കുരിശിന് സ്ഥാനമുണ്ടായിരുന്നുവോ എന്ന് അറിഞ്ഞുകൂടാ. അനുഗ്രഹം പകരുവാൻ സ്ലീബായുടെ ആകൃതി ഉപയോഗിച്ചിരിക്കാം. സ്ലീബായിൽ പ്രശംസിക്കുന്നതിനെപ്പറ്റി വി. പൗലൂസ് ശ്ലീഹാ പറയുന്നുണ്ട്. കുരിശുമരണത്തെ വി. പത്രോസ് ശ്ലീഹാ സ്വാഗതം ചെയ്ത പാരമ്പര്യവും ഇവിടെ ഓർക്കാവുന്നതാണ്. പള്ളിയുടെ സ്ഥാപനവേളയിൽ ഏതെങ്കിലും മധ്യസ്ഥതാനാമങ്ങൾ പ്രഖ്യാപിച്ചിരുന്നുവോ എന്നും അറിഞ്ഞുകൂടാ. പ്രഖ്യാപിച്ചി

രുന്നുവെങ്കിൽ അത് ദൈവമാതാവിന്റെ മധ്യസ്ഥത മാത്രമേ ആകുവാൻ ന്യായമുള്ളൂ. മാർത്തോമ്മാ പൈതൃകമുള്ള പാലൂർ (ചാട്ടുകുളങ്ങര), നിരണം തുടങ്ങിയ അതിപുരാതന ദേവാലയങ്ങൾ ദൈവമാതാവിന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവയാണെന്ന് ഓർക്കാവുന്നതാണ്. രണ്ടാമത്തെ സ്വർഗ്ഗമെന്ന് പിതാക്കന്മാർ വിശേഷിപ്പിച്ച ദൈവമാതാവിനെ സഭയുടെ പ്രതീകമായി ആദിമസഭ ആദരിച്ചിരുന്നു.

പെന്തിക്കോസ്തിപ്പെരുന്നാൾ കഴിഞ്ഞ ആഴ്ചയിൽ ശ്ലീഹന്മാർ ദൈവമാതാവിനെ സ്നാനപ്പെടുത്തി എന്നും അടുത്ത ദിവസം വി. മൂറോൻ ശുദ്ധീകരിച്ചു എന്നും അതിനടുത്ത ദിവസം യെരുശലേമിൽ പള്ളികൂദാശ ചെയ്തു വി. കുർബാന അർപ്പിച്ചു എന്നും മറ്റും സിറിയൻ സഭയിൽ പ്രചരിപ്പിച്ച ഐതിഹ്യങ്ങൾ മലങ്കരസഭയിലും പ്രചരിച്ചിട്ടുണ്ട്. മാമ്മൂദീസായും കുർബ്ബാനയും മൂറോനും പള്ളികൂദാശയും പട്ടംകൊടയുമൊക്കെ വളരെ പ്രാചീനമായ ശ്ലൈഹിക പാരമ്പര്യമാണെന്നേ ആ ഐതിഹ്യങ്ങൾക്ക് അർത്ഥം കല്പിക്കേണ്ടതുള്ളൂ. ഏതായാലും മാർത്തോമ്മാ ശ്ലീഹാ ഏർപ്പെടുത്തിയ ശ്ലൈഹിക പാരമ്പര്യങ്ങൾ മലങ്കരസഭയിൽ വികാസം പ്രാപിച്ചത് അലക്സന്ത്രിയൻ സഭയുമായുള്ള ബന്ധത്തിന്റെ പശ്ചാത്തലത്തിലാണ്. ദേവാലയ സംവിധാനവും ആരാധനാ സംവിധാനവും പൗരോഹിത്യസംവിധാനവും അലക്സന്ത്രിയൻ  ശൈലിയിലും മാതൃകയിലുമാണ് നാം വളർത്തിയെടുത്തത്. കേരളസഭയുടെ പൗരോഹിത്യത്തെ സംബന്ധിച്ച ചർച്ചയിൽ ഈ കാര്യം ഊന്നി പ്രസ്താവിക്കേണ്ടതുണ്ട്. മലങ്കരസഭയിൽ ഒരിടത്തും 17-ാം നൂറ്റാണ്ടിന് മുമ്പ് അന്തരിച്ച ഏതെങ്കിലും ഒരു മേല്പട്ടക്കാരന്റെ കബറിടം ഒരു പള്ളിയും അവകാശപ്പെടുന്നില്ല. സഭയുടെ വിവിധ തലങ്ങളിലെ ഭരണക്രമീകരണത്തിന്റെ ഭാഗമായി ക്രൈസ്തവലോകത്തിന്റെ പല ഭാഗങ്ങളിൽ പലകാലങ്ങളായി രൂപംകൊണ്ട് വളർന്ന മേല്പട്ടസ്ഥാനങ്ങൾ മലങ്കരസഭയിൽ പ്രവേശിച്ചിരുന്നില്ല. അഥവാ ശ്ലീഹാ പട്ടംകൊടുത്ത പുരോഹിതസ്ഥാനികൾ മറ്റു പുരോഹിത സ്ഥാനികൾക്ക് കൈവെപ്പ് നൽകുവാൻ അധികാരമുള്ള സ്ഥാനികൾ ആയിരുന്നു. കഹനൂസായുടെ നൽവരം ലഭിച്ചവരെ കശ്ശീശ എന്നും എപ്പിസ്കോപ്പാ എന്നും അഭിസംബോധന ചെയ്തിരുന്നത് അവരുടെ നൽവരത്തെ മുൻനിർത്തിയല്ല, അവരുടെ അധികാരവ്യാപ്തിയെ മുൻനിർത്തിയായിരുന്നു. കശ്ശീശാ ഒരു പ്രാദേശിക ഇടവകയുടെ അധ്യക്ഷനും എപ്പിസ്കോപ്പാ (മേൽനോട്ടക്കാരൻ) ഒരു വിസ്തൃത ദേശത്തിന്റെ മേലന്വേഷണക്കാരനും ആയിരുന്നു. ഈ പശ്ചാത്തലത്തിലാണ് വി. പൗലൂസ് രണ്ടു പദങ്ങളും പര്യായാർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ളത്. രണ്ട് വിഭാഗങ്ങളുടെയും നൽവരം കഹനൂസാ തന്നെ (ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, *സ്നേഹം, സ്വാതന്ത്ര്യം പുതിയ മാനവികത*, സോഫിയാ ബുക്സ്, കോട്ടയം, 2006, പു. 553).

വി. പൗലൂസിന്റെ ഇടയലേഖനങ്ങൾ എന്ന് പ്രസിദ്ധമായ തിമോത്തി 4:14 ലും 5:22 ലും തീമോത്തിയോസിനെ കശ്ശീശ (മൂപ്പൻ) എന്ന് വിളിച്ചിരിക്കുന്നു. “മൂപ്പന്മാരുടെ കൈവെപ്പോടുകൂടി നിനക്ക് ലഭിച്ച കൃപാവരം ഉപേക്ഷയായി വിചാരിക്കരുത്” എന്നും ‘‘യാതൊരുവന്റെ മേലും വേഗത്തിൽ കൈവയ്ക്കരുത്” എന്നും പൗലൂസ് അവിടെ തീമോത്തിയോസിനെ ചട്ടം കെട്ടുന്നു. ചില കാര്യങ്ങൾ ഇവിടെ വ്യക്തം. 1. തീമോത്തിയോസിന് കൈവെപ്പ് നൽകിയത് മൂപ്പന്മാരാണ്. 2. മൂപ്പന്മാർ തീമോത്തിയോസിന് എപ്പിസ്ക്കോപ്പാസ്ഥാനമാണ് നല്കിയത്. 3. തിമോത്തിയോസിന് കൈവെപ്പ് നൽകുവാൻ അധികാരം ലഭിച്ചിരുന്നു. അപ്പോസ്തോല പ്രവൃത്തികൾ 20-ാം അദ്ധ്യായത്തിലെ 17 മുതൽ 35 വരെയുള്ള വാക്യങ്ങൾ ശ്രദ്ധിച്ചാൽ എഫേസൂസ് സഭയിലെ ഒരേ അധ്യക്ഷസ്ഥാനികളെ കശ്ശീശന്മാർ എന്നും (മൂപ്പന്മാർ) എപ്പിസ്കോപ്പന്മാർ (അധ്യക്ഷന്മാർ) എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. 1 പത്രോസിന്റെ 5:1 ൽ അദ്ദേഹം സ്വയം വിശേഷിപ്പിക്കുന്നത് ഒരു കൂട്ടു മൂപ്പൻ (കശ്ശീശ) എന്നാണ്. പുതിയനിയമ പണ്ഡിതനും ഓർത്തഡോക്സ് സെമിനാരി അദ്ധ്യാപകനുമായ ഫാ. ടി. ജെ. ജോഷ്വാ എഴുതുന്നു: “പൗലൂസ് ശ്ലീഹാ ലേഖനമെഴുതുന്ന കാലത്ത് കശ്ശീശ, എപ്പിസ്കോപ്പാ എന്നീ സ്ഥാനങ്ങൾ വ്യതിരിക്തം (വ്യത്യസ്തം) ആയിരുന്നുവെന്ന് തോന്നുന്നില്ല. ഒരേ സ്ഥാനികൾ ഉപയോഗിക്കുന്ന വ്യത്യസ്ത വിശേഷണങ്ങൾ ആയിട്ടാണ് മനസ്സിലാക്കുന്നത്. പൗലൂസ് ഫിലിപ്യയിലെ സഭയിലേക്ക് എഴുതുമ്പോൾ അവിടത്തെ എപ്പിസ്കോപ്പായേയും ശെമ്മാശന്മാരെയും കുറിച്ച് (ഫിലി. 1:1) മാത്രമേ പ്രസ്താവിക്കുന്നുള്ളൂ. പൗലൂസിന്റെ യാത്രയിൽ എഫേസ്യാസഭയിലെ കശീശന്മാരെ (പ്രസ്ബിറ്റർ- മൂപ്പൻ) വരുത്തി അവരോട് സംസാരിക്കുന്നു (പ്ര: 20:17) അവരെ അനുസ്മരിപ്പിക്കുന്നത് ‘പരിശുദ്ധാത്മാവ് നിങ്ങളെ എപ്പിസ്കോപ്പന്മാരാക്കി’ വച്ചിരിക്കുന്നു എന്നാണ്. പൗലൂസ് തന്റെ ശിഷ്യനായ തീത്തൂസിനെഴുതുമ്പോൾ കാശീശന്മാരെപ്പറ്റി പരാമർശിക്കുന്നു (1:5). അല്പം കഴിഞ്ഞ് അവരെ എപ്പിസ്കോപ്പാ എന്ന് വിളിച്ചിരിക്കുന്നതായി കാണാം. ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത് അപ്പോസ്തോലിക കാലത്ത് കാശീശായും എപ്പിസ്കോപ്പായും പരസ്പരം കൈമാറാവുന്ന പേരുകൾ ആണ് എന്നത്രേ (പുരോഹിതൻ, ത്രൈമാസിക. 1983 ജൂൺ. ലേഖനം, ‘പുരോഹിത കർത്തവ്യങ്ങൾ പൗലൂസിന്റെ ദർശനത്തിൽ’).

എ. ഡി. നാലാം നൂറ്റാണ്ടിൽ നിഖ്യായിൽ വച്ചാണ് ഈ സ്ഥാനങ്ങളെ നിർവചിച്ചതും അവ വ്യതിരിക്തങ്ങളാണെന്ന് വിശേഷിപ്പിച്ചതും. പ്രസിദ്ധ ദൈവശാസ്ത്രജ്ഞനും ഓർത്തഡോക്സ് സെമിനാരിയിലെ സഭാചരിത്ര വിഭാഗം തലവനുമായിരുന്ന ഫാ. ഡോ. വി. സി. ശമുവേൽ എഴുതുന്നു: “പട്ടക്കാർ മാത്രം ചേർന്ന് മേല്പട്ടക്കാരെ വാഴിക്കുന്ന സംഭവങ്ങൾ ക്രൈസ്തവസഭയുടെ ആദിമനൂറ്റാണ്ടുകളിലുണ്ടായിട്ടുണ്ട്. ഉദാഹരണമായി

അന്ന് സഭയുടെ സുപ്രസിദ്ധകേന്ദ്രമായിരുന്ന അലക്സന്ത്രിയായിൽ ബിഷപ്പുമാരെ വാഴിച്ചിരുന്നത് അവിടത്തെ പട്ടക്കാരുടെ കൗൺസിൽ ആയിരുന്നു എന്നതിന് അനിഷേധ്യമായ തെളിവുകൾ നമുക്ക് ലഭ്യമാണ്" (*സഭ വളരുന്നു,* പു. 143). നിഖ്യാ സുന്നഹദോസിൽ പങ്കെടുത്ത ബിഷപ്പ് അലക്സാണ്ടർ ഇപ്രകാരം 12 പട്ടക്കാർ അടങ്ങിയ കൗൺസിലിന്റെ കൈവെപ്പോടെ ബിഷപ്പായി അവരോധിക്കപ്പെട്ട ആൾ ആയിരുന്നു. ഈ പതിവിന്റെ വിശദാംശങ്ങൾ നോക്കുക:

"Mark, the evangelist appointed with Hananiah the Patriarch, twelve presbyters to be with the Patriarch. So that when he died they should choose one of the twelve presbyters and the other eleven should lay their hands upon his head and bless him and make him Patriarch. Afterwards they should elect another eminent man and make him presbyter with them eleven in the place of him who had been made Patriarch and they might be always twelve." (Charls Gore: *The Ministry of the Christian Church*, Alexandria, 1887, p. 358, 359).

മലങ്കരസഭയുമായി നിരന്തരം സമ്പർക്കത്തിലേർപ്പെട്ടിരുന്ന അലക്സന്ത്രിയൻ സഭയിലെ ഈ പൗരോഹിത്യക്രമം മലങ്കരസഭയിലും സംക്രമിച്ചു. മാർത്തോമ്മാ ശ്ലീഹാ പട്ടംകൊടുത്ത പുരോഹിതന്മാർ മറ്റു പുരോഹിതന്മാർക്ക് കൈവെപ്പ് നൽകി പുരോഹിതരായി അവരോധിക്കുവാൻ നൽവരവും അധികാരവുമുള്ള കഹനേന്മാർ ആയിരുന്നു. അതു ഗ്രഹിക്കാതെ മാർത്തോമ്മാ ശ്ലീഹാ പട്ടം കൊടുത്തത് ഇന്നത്തെ രൂപത്തിലുള്ള കശ്ശീശന്മാർക്കായിരുന്നുവെന്നും അവർക്ക് പട്ടം കൊടുക്കുവാൻ അധികാരമില്ലാത്തതുകൊണ്ടു മലങ്കരസഭയിൽ പൗരോഹിത്യവും കൂദാശകളും അന്യം നിന്നുപോയി എന്നും പിന്നീട് 4-ാം നൂറ്റാണ്ടിലോ മറ്റോ സിറിയയിൽ നിന്നോ പേർഷ്യയിൽ നിന്നോ വന്ന യൗസേപ്പ് മെത്രാന്റെ സഹായം കൊണ്ടാണ് കെട്ടുപോയ പൗരോഹിത്യത്തിന്റെ തിരിനാളം വീണ്ടും കൊളുത്തിയത് എന്നും മറ്റുമുള്ള പ്രസ്താവനകൾക്ക് ചരിത്രപരമായി ഒരു വിലയുമില്ല.

18-ാം നൂറ്റാണ്ടിലെ ധാരണകൾ വച്ച് 1-ാം നൂറ്റാണ്ടിലെ ചരിത്രത്തെ വ്യാഖ്യാനിക്കുവാൻ ശ്രമിച്ചതിന്റെ അബദ്ധമാണ് പല സഭാചരിത്രകാരന്മാരെയും വഴി തെറ്റിച്ചത്. പില്ക്കാല വികാസഘട്ടങ്ങളിൽ എപ്പിസ്കോപ്പായുടെ മേലന്വേഷണം കാര്യക്ഷമമാക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി കഹനൂസായുടെ ചില അധികാരങ്ങൾ എപ്പിസ്കോപ്പായിൽ ധ്രൂവീകരിക്കപ്പെട്ടു. പിന്നീട് മെത്രാപ്പോലീത്തായിലേയ്ക്കും പാത്രിയർക്കീസിലേക്കും അധികാരങ്ങൾ ധ്രൂവീകരിക്കപ്പെട്ടത് ഇപ്രകാരം മേലന്വേഷണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുവാൻ മാത്രമായിരുന്നു. കുർബ്ബാനയും

അതിന്റെ കാർമ്മികനും ഉള്ള സ്ഥലത്ത് സഭ അതിന്റെ പൂർണ്ണതയിൽ സ്ഥിതിചെയ്യുന്നു എന്ന നിലപാടാണ് ആദിമ ക്രൈസ്തവസഭ പുലർത്തിയിരുന്നത്.

നിഖ്യാ സുന്നഹദോസിലെ തീരുമാനപ്രകാരം റോമ്മാ സാമ്രാജ്യത്തിലെ സഭകളിൽ ത്രിവിധ വൈദികസ്ഥാനങ്ങൾ വ്യവസ്ഥാപിതമായി എങ്കിലും റോമ്മാ സാമ്രാജ്യത്തിന് വെളിയിൽ കിടക്കുന്ന മലങ്കരസഭയിൽ വീണ്ടും കുറെ നൂറ്റാണ്ടുകളിലേക്കു പഴയ ശ്ലൈഹിക സമ്പ്രദായം നീണ്ടുനിന്നു. അതിനിടയിൽ വ്യാപാരാർത്ഥവും മറ്റും സന്ദർശകരായെത്തുന്ന ഈ ബിഷപ്പുമാരെ സഭ പരിചയപ്പെടുകയും അംഗീകരിക്കുകയും ചെയ്തിരിക്കാമെങ്കിലും ബിഷപ്പിന്റെ സാന്നിദ്ധ്യത്തെ ഒരു അനിവാര്യതയായി മലങ്കരസഭ പോർത്തുഗീസ് സഭയുമായി പരിചയപ്പെടുന്ന 15-ാം നൂറ്റാണ്ടുവരെയും അംഗീകരിച്ചിരുന്നില്ല (കൂടുതൽ വിവരങ്ങൾക്ക് *ഇന്ത്യൻ ഓർത്തഡോക്സ് സഭ. ചരിത്രവും സംസ്കാരവും* എന്ന പേരിൽ ഈ ഗ്രന്ഥകാരൻ എഴുതിയ ഗ്രന്ഥം പരിശോധിക്കുക. പു. 76-87).

എ. ഡി. 52-ൽ സ്ഥാപിതമായ, മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭയ്ക്ക് നിയതമായ എന്തെങ്കിലും ആരാധനക്രമം ഉണ്ടായിരുന്നതായി നമുക്കറിഞ്ഞുകൂടാ. എന്നാൽ സംഘകാല സാഹിത്യത്തെക്കുറിച്ച് ഈയിടെ ഗവേഷണം നടത്തിയ ജെ. ജെ. മോറീസ് ഈ വിഷയത്തെക്കുറിച്ച് പുതുമയുള്ള ചില നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്. അദ്ദേഹത്തിന്റെ വിപ്ലവാത്മകമായ നിഗമനങ്ങൾ ഉപരി ഗവേഷണം അർഹിക്കുന്നുണ്ട്.

"ആദ്യത്തെ അഞ്ച് നൂറ്റാണ്ടുകളിലെ കേരളചരിത്രം കണ്ടെത്തുന്നതിന് സഹായകരമായ പുരാവസ്തുക്കൾ അധികമൊന്നും നമുക്ക് ഇതുവരെയും കണ്ടുകിട്ടിയിട്ടില്ല. ആകെക്കൂടി ലഭ്യമായിട്ടുള്ളത് നീലമ്പേരൂരിൽ നിന്നും കണ്ടെടുത്തിട്ടുള്ള ക്രൂശ് ധരിച്ച ഒരു പ്രതിമയും കുറച്ച് പുരാതന റോമ്മൻ നാണയങ്ങളും മാത്രമാണ്. എന്നാൽ നമുക്ക് ഇന്ന് ലഭ്യമായിട്ടുള്ള സംഘകാലകൃതികൾ ആ പോരായ്മ വേണ്ടുവോളം നികത്തുന്നുണ്ട്. തുടക്കത്തിൽത്തന്നെ ഇവിടെ പ്രസ്താവിച്ചത് പോലെ അന്നത്തെ കേരള സമുദായം അഭിവൃദ്ധി പ്രാപിച്ചതും വ്യവസ്ഥാപിതവുമായിരുന്നു. മതാടിസ്ഥാനത്തിലും അത് അപ്രകാരം തന്നെ ആയിരുന്നു. വേന്തരും വേളിരും അതായത് വൈദികരും വിശ്വാസികളും ഉൾക്കൊള്ളുന്ന ഒരു ഏകമത സംഘമായിരുന്നു അന്നത്തെ കേരളത്തിലുണ്ടായിരുന്നത്. അതിൽ ചേരരാജാവ് മുടിവേന്തരും (കിരീടധാരിയായ വൈദികനും) അഥവാ മുഖ്യപുരോഹിതനും ചിറ്ററചന്മാരും ഗോത്രത്തലവന്മാരും സാധാരണ വൈദികരുമായിരുന്നു. അവരുടെ ആദ്ധ്യാത്മിക നേതൃത്വത്തിൻകീഴിൽ അന്നത്തെ കേരള ജനത സൽഗുണ സമ്പൂർണ്ണമായ ഒരു ജീവിതമാണ് നയിച്ചിരുന്നത്.

അന്നത്തെ മതസിദ്ധാന്തങ്ങളും ബലിയാചാരങ്ങളും 'വചനം' ആയ ദൈവവും പന്ത്രണ്ട് ശിഷ്യന്മാരും വഴി സിദ്ധിച്ചതായിരുന്നു. ആ ദൈവത്തിന് ആദിമുതല്വൻ, അന്തം, അഭിഷിക്തൻ, ഐന്തവിത്താൻ എന്നും മറ്റുമുള്ള വിശേഷണങ്ങൾ കൂടി ഉണ്ടായിരുന്നു. സംഘകൃതികൾ നൽകുന്ന സുവ്യക്തമായ ഇപ്രകാരമുള്ള വസ്തുതകളിൽ നിന്നും ആ കാലയളവിൽ ദക്ഷിണേന്ത്യയിലുണ്ടായിരുന്ന മതവിശ്വാസത്തിന്റെ കേന്ദ്രബിന്ദു ക്രിസ്തുവായിരുന്നുവെന്ന് നിർണ്ണായകമായും പറയാം. എന്നാൽ അന്നത്തെ ദക്ഷിണേന്ത്യൻ ജനതയെ ക്രിസ്ത്യാനികൾ എന്നല്ലാ അറിഞ്ഞിരുന്നത്; പ്രത്യുത അന്തണർ എന്നും മറവർ എന്നുമായിരുന്നു. ദക്ഷിണേന്ത്യൻ ക്രിസ്ത്യാനികൾക്ക് അന്നുണ്ടായിരുന്ന അന്തണർ, മറവർ എന്ന നാമധേയങ്ങൾ അന്നത്തെ ദ്രാവിഡ ഭാഷാ പ്രയോഗങ്ങൾ ആണ്" (കേരളം സംഘകാല മതവിശ്വാസങ്ങളിലൂടെ). 'സംഘകാല കൃതികളെ വസ്തുനിഷ്ഠമായും അവധാനതയോടു കൂടെയും പഠിച്ച മോറീസ് എത്തിച്ചേർന്ന നിഗമനങ്ങൾ അത്യന്തം വിപ്ലവകരവും ഇന്നോളം ചരിത്രകാരന്മാർ ആരും കണ്ടെത്താത്തവയുമാണ്' എന്നും 'ഈ നിഗമനം അതി വിപ്ലവകരമാണ്, അതിനാൽ വിവാദപരവുമാണ്; പക്ഷേ, അത് ചിന്തനീയവും പഠനാർഹവും കൂടുതൽ ഗവേഷണത്തിന് വഴി തെളിയിക്കുന്ന മാർഗ്ഗരശ്മിയുമാണ്. മോറീസിന്റെ ഗ്രന്ഥം ഒരു ഡോക്ടറൽ തിസീസ് ആണ്' എന്നും കേരള ഹിസ്റ്ററി അസോസിയേഷൻ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥത്തിൽ അസോസിയേഷന്റെ ഭാരവാഹികളായ പി. എസ്. വേലായുധനും "എന്നാൽ ചേര രാജാക്കന്മാരുടെ അപദാനങ്ങൾ വാഴ്ത്തുന്ന ചില ഗാനങ്ങളിൽ, ഈ രാജാക്കന്മാർ ക്രിസ്തുമത വിശ്വാസികൾ ആയിരുന്നുവെന്നും അവർ ക്രിസ്തുമത പ്രകാരമുള്ള കുർബാന എന്ന ബലി അനുഷ്ഠിച്ചിരുന്നുവെന്നും വ്യക്തമാക്കുന്ന പരാമർശങ്ങൾ ഉണ്ട് എന്ന് ഈ പുസ്തകത്തിൽ ജെ. ജെ. മോറീസ് സ്ഥാപിച്ചിരിക്കുന്നു" എന്ന് അവതാരികയിൽ എൻ. വി. കൃഷ്ണവാരിയരും വിശേഷിപ്പിച്ചിട്ടുണ്ട്.

ചരിത്ര ഗവേഷകനായ കേസരി എ. ബാലകൃഷ്ണപിള്ള ഈ വിഷയത്തിൽ നടത്തിയ പഠനവും ശ്രദ്ധേയമാണ്: "..... മഹോദയ പട്ടണത്ത് ക്നായിത്തൊമ്മൻ ഒരു പള്ളി പണിയിച്ചശേഷം അതിൽ വച്ച് ആദ്യം നടത്തിയ ആരാധനയിൽ അന്നത്തെ ചേരരാജാവ് പങ്കുകൊണ്ടു എന്ന് ക്രൈസ്തവ ഐതിഹ്യം പറഞ്ഞിരിക്കുന്ന ചേരൻ ഈ കുലശേഖരപ്പെരുമാൾ ആണ് (എ. ഡി. 670 ചെങ്കുട്ടുവൻ രണ്ടാമൻ). മൂഷികവംശം കാവ്യത്തിൽ രാമവർമ്മൻ എന്ന് പേരിട്ടിരിക്കുന്നു. ഈ ഐതിഹ്യത്തെ 'ചിലപ്പതികാര'ത്തിലെ ചുവടെ ചേർക്കുന്ന വരികൾ പിന്താങ്ങുന്നുണ്ട്.

"ചതുക്കപ്പൂതരെ വഞ്ചിയൂട്ടന്തു
മതുക്കൊൾ വേൾവി വേട്ടോനായിനും."

ഇതിലെ ചതു (ഷ്) ക്കപ്പൂതർ എന്നത് ചതുഷ്ക്കം (നാല്) അറബിയിൽ 'അറബ' (സുറിയാനി ഭാഷയിലും നാല് എന്നതിന് 'അറബാ' എന്നാണ് പറയുക - ഗ്രന്ഥകാരൻ) എന്ന് പേരുണ്ടായിരുന്ന സുപ്രസിദ്ധ പ്രാചീന പരിഷ്ക്കാരകേന്ദ്രമായ 'പൂത്' എന്ന പ്രദേശത്തു നിന്ന് ക്നായിത്തൊമ്മൻ കൊണ്ടുവന്ന ക്രിസ്ത്യാനികൾക്ക് നൽകിയ പേരാകുന്നു. ചതുക്കപ്പൂതരെ വഞ്ചിനഗരത്തിൽ കൊണ്ടുവന്ന് അവരുടെ മധുകൊണ്ടുള്ള ആരാധനയിൽ (കുർബാനയിൽ എന്ന് കേസരി) ഈ ചേരൻ പങ്കുകൊണ്ടു എന്നാണ് ഈ വരികളുടെ അർത്ഥം." (കേസരി എ. ബാലകൃഷ്ണപിള്ള, 'കേസരിയുടെ ലോകങ്ങൾ.' കേരളം എന്ന ലേഖനം, പു. 89).

എ. ഡി. 4-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളം വാണിരുന്ന 9-ാം ചേരരാജാവായിരുന്ന ഇളംചേരൻ ഇരുമ്പൊറൈ പങ്കെടുത്ത ഒരു ബലിയെപ്പറ്റി ഇപ്രകാരം പതിറ്റുപത്തിൽ (ലഭ്യമായതിൽ വച്ച് ഏറ്റവും പ്രാചീനമായ സംഘകൃതി. എ. ഡി. ആദ്യത്തെ മൂന്നു നൂറ്റാണ്ടുകൾക്കകം ഇത് വിരചിതമായി) രേഖപ്പെടുത്തിയിരിക്കുന്നു:

"ആരുംതിറൽ മരപീർ പെരും ചതുക്കമർന്ത
വെന്തിറർ പൂതറൈ അത്തിവൺ നീറിതു
ആയ്ന്ത മരപീർ ശാന്തിവേട്ടു."

ഈ പദ്യഭാഗത്തിന് ഇടമറുക് ജോസഫ് നൽകുന്ന അർത്ഥം ഇപ്രകാരമാണ്:

"ചേര രാജധാനിയുടെ അങ്ങാടിയിൽ വന്ന് ചേർന്ന പൂതരെ ചേരൻ സ്വാഗതം ചെയ്തു. അവിടെ പാർപ്പിച്ച് അവരുടെ വേദമായ നാലാം വേദത്തിലെ (ബൈബിൾ) സിദ്ധാന്തമനുസരിച്ചുള്ള മതകർമ്മത്തിൽ പങ്കുകൊണ്ടു" (*കേരള സംസ്കാരം*, പു. 101).

(ക്നായിത്തോമ്മായുടെ ആഗമനം എ. ഡി. 669-ൽ ആണെന്ന് കേസരി അഭിപ്രായപ്പെട്ടിട്ടുണ്ട്. ക്രിസ്ത്യൻ ആരാധനയിൽ ആകൃഷ്ടനായി അഖണ്ഡകീർത്തിപ്രതാപൻ എന്നും വല്ലഭൻ I എന്നും പേരുണ്ടായിരുന്ന ബാണപ്പെരുമാൾ ക്രിസ്തുമതം സ്വീകരിച്ചു എന്നും അന്നുമുതൽ അദ്ദേഹം പള്ളിബാണപ്പെരുമാൾ എന്നും പൂ (ഭൂ) തരായ പെരുമാൾ എന്നും അറിയപ്പെട്ടു എന്നും ഇതിൽ രോഷംപൂണ്ട ബ്രാഹ്മണരുടെ ഒത്താശപ്രകാരം പെരുമാളുടെ വാളുനമ്പി (അംഗരക്ഷകൻ) ആയിരുന്ന കക്കാട് നമ്പിടി അദ്ദേഹത്തെ വധിച്ചു എന്നും പ്രതിഫലമായി വാളു നമ്പിടിയെ കക്കാട് പ്രദേശം ഉൾക്കൊള്ളുന്ന തലപ്പള്ളിയുടെ രാജാവായി നിയമിച്ചു എന്നും കാലാകാലങ്ങളിൽ കക്കാട്, അയിനിക്കാട്, മണക്കുളം, ചിറളയം, പുന്നത്തൂർ എന്ന ശാഖകളിലെ കാരണവരായ നമ്പിടി കക്കാട് കാരണവപ്പാട് എന്ന ബഹുമതിയോടെ തലപ്പള്ളി രാജ്യത്തിന്റെ ഭരണം കൊച്ചി

രാജാക്കന്മാരുടെ സമാന്തന്മാർ എന്ന നിലയിൽ കൈയാളിയിരുന്നതായും ഉള്ള കേസരിയുടെ വിവരണം വായിക്കുമ്പോൾ ബാണപ്പെരുമാളുടെ ആസ്ഥാനം പാലൂർ പ്രദേശത്തുള്ള കക്കാട് വട്ടക്കോട്ടയോ പഴഞ്ഞിയിലെ 'ആനറാഞ്ചൻ' കോട്ടയോ എന്ന് സംശയം ഉദിക്കുന്നു).

അലക്സന്ത്രിയ, പേർഷ്യാ എന്നിവിടങ്ങളിലെ സഭകളുമായുള്ള സംസർഗ്ഗം കൊണ്ട് ചിട്ടപ്പെടുത്തിയ സുറിയാനി ആരാധനക്രമങ്ങൾ മലങ്കരസഭയിൽ പ്രവേശിച്ചു എന്ന് ഉറപ്പിക്കാം. അതീവ ദുർലഭമായി കാണപ്പെടുന്ന ചില കൈയെഴുത്തു സുറിയാനിക്രമങ്ങൾ സൂചിപ്പിക്കുന്നത് അന്ത്യോഖ്യൻ ക്രമങ്ങൾ പ്രചരിക്കുന്നതിന് മുമ്പ് വ്യത്യസ്തമായ സുറിയാനിക്രമങ്ങൾ ഇവിടെ നിലവിലിരുന്നു എന്നാണ്. കിട്ടിയ ക്രമങ്ങൾ സാക്ഷിക്കുന്നത് അവ നെസ്തോറിയൻ ക്രമങ്ങൾ ആയിരുന്നില്ല എന്നാണ്. അന്ത്യോഖ്യൻ, പേർഷ്യൻ ക്രമങ്ങൾ ഉരുത്തിരിയുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ച ഒരു പൂർവ്വികമായ ക്രമം ഉണ്ടായിരുന്നു എന്ന് വേണം വിശ്വസിക്കുവാൻ.

## E. ആദ്യകാല മതസാഹിത്യം

എ. ഡി. ആദ്യത്തെ ആറു നൂറ്റാണ്ടുകളെ കേരളചരിത്രത്തിൽ സംഘകാലം എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ആര്യമതവും സംസ്കാരവും കേരളത്തിൽ ആഗമിക്കുന്നതിന് മുമ്പുള്ള കേരള സംസ്കാരചരിത്രം അന്വേഷിക്കുന്നവർക്ക് ആ ഘട്ടത്തിൽ വിരചിതമായ സംഘം കൃതികളെ ആശ്രയിക്കുകയേ കരണീയമായിട്ടുള്ളൂ. സംഘകൃതികളിൽ കാണുന്ന മറയോർ, മുരുകൻ, ദ്വിജർ എന്നീ ശബ്ദങ്ങളെ ആര്യസംസ്കാരവുമായി ബന്ധപ്പെടുത്തി ചരിത്രം രചിച്ചവർ കേരളോല്പത്തി – കേരള മാഹാത്മ്യം എന്നീ കൃതികളെ ചരിത്രമായി തെറ്റിദ്ധരിച്ചവരാണ്. എ. ഡി. ആറാം നൂറ്റാണ്ടിനപ്പുറം ആര്യൻ സാന്നിദ്ധ്യം കേരളത്തിലുണ്ടായിട്ടില്ലെന്ന് ആധുനിക ചരിത്രകാരന്മാർ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. മുരുക ശബ്ദത്തെ സുബ്രഹ്മണ്യദേവനായി വ്യാഖ്യാനിക്കുന്നവർ അതിന്റെ സാംഗത്യം വിശദീകരിച്ചിട്ടില്ല. മുരുകശബ്ദം ത്രിയേകൻ എന്ന അർത്ഥമാണ് നൽകുന്നത്. ഹിന്ദുമതത്തിലെ ത്രിമൂർത്തി സങ്കല്പം രൂപം പ്രാപിക്കുന്നത് എ. ഡി. 8–ാം നൂറ്റാണ്ടിന് ശേഷം നടന്ന ശൈവ – വൈഷ്ണവ – ബ്രാഹ്മണ പ്രസ്ഥാനങ്ങളുടെ സമന്വയഘട്ടത്തിലാണ്. അതിന് തൊട്ടുമുമ്പ് നടന്ന ശൈവ – വൈഷ്ണവ സമന്വയത്തിന്റെ ഫലമായി രൂപംകൊണ്ട ദേവസങ്കല്പമാണ് അയ്യപ്പൻ (ഹരിഹരസുതൻ). അതിന് മുമ്പ് മൂന്നു നാലു നൂറ്റാണ്ടുകളിൽ നടന്ന ശൈവാധിനിവേശ കാലഘട്ടത്തിലെ ദേവതാ സങ്കല്പമാണ് ശിവപുത്രനും താരകാസുര ഹന്താവുമായ സുബ്രഹ്മണ്യൻ. മുരുകൻ ശബ്ദം നിവേദിക്കുന്ന നിരുക്ത – വ്യാകരണ അർത്ഥങ്ങളൊന്നും ആ ദേവസങ്കല്പത്തിലില്ല. എന്നാൽ ക്രിസ്തുമതത്തിലെ ദൈവസങ്കല്പം അടിസ്ഥാ

നപരമായി ത്രിത്വാധിഷ്ഠിതമാണ്. തന്മൂലം സംഘസാഹിത്യ കൃതികളിൽ പ്രത്യക്ഷപ്പെടുന്ന മുരുകശബ്ദം ക്രിസ്തുമതത്തിലെ ത്രിയേകദൈവം എന്ന അർത്ഥത്തിലാണ് ഗ്രഹിക്കേണ്ടത്.

മറയോർ എന്ന ശബ്ദവും ക്രിസ്തുമത വൈദികരെക്കുറിക്കുന്ന പദമാണ്. ആര്യവേദമോ മുഹമ്മദീയ വേദമോ ക്രിസ്തുവർഷം ആദ്യ നൂറ്റാണ്ടുകളിൽ കേരളത്തിൽ പ്രവേശിച്ചിട്ടില്ലാത്ത അക്കാലത്ത് കേരളത്തിലെ വേദപരാമർശങ്ങൾ ബൈബിളിനെ മാത്രം കുറിക്കുന്നു. പിന്നീട് കേരളത്തിലെത്തിയ എല്ലാ മതപ്രസ്ഥാനങ്ങളും അവയുടെ വൈദികരെ ഈ പേരിൽ പരാമർശിക്കുകയാണുണ്ടായത്.

ദ്വിജർ എന്ന അർത്ഥത്തിൽ സംഘം കൃതികളിൽ ഉപയോഗിച്ച പദമെന്തെന്ന് വ്യക്തമല്ല. തമിഴിൽ മൃദു അക്ഷരങ്ങൾ ഇല്ലാത്തതിനാൽ ദ്വിജരൂപം ഉണ്ടാവാനിടയില്ല. എ. ഡി. 12- ാം നൂറ്റാണ്ടിലുണ്ടായ രാമചരിതത്തിൽ പോലും ആര്യാക്ഷരങ്ങളായ മൃദുവും മറ്റും ഇല്ലാതിരിക്കേ സംഘംകൃതികളിൽ അവ കാണാനിടയില്ല. രണ്ട് ജന്മമുള്ളവർ എന്ന് അവകാശപ്പെടുന്നവർ ക്രിസ്തു മതക്കാർ മാത്രമാണ്. ജ്ഞാനസ്നാനത്തെ വീണ്ടും ജനനം എന്ന പദപ്രയോഗത്താലാണ് വിവരിച്ചിട്ടുള്ളത്. എ. ഡി. 6-ാം നൂറ്റാണ്ടിന് ശേഷം മാത്രം കേരളത്തിലെത്തുകയും പുരുഷന്മാർക്ക് മാത്രമായി സമാവർത്തനവും ഉപനയനവും അനുഷ്ഠിക്കുകയും ചെയ്യുന്ന ബ്രാഹ്മണരേക്കാൾ ആ വിശേഷണം അക്ഷരാർത്ഥത്തിൽ പോലും യോജിക്കുന്നത് എ.ഡി. ആദ്യനൂറ്റാണ്ടിൽ കേരളത്തിൽ രൂപപ്പെട്ട ക്രൈസ്തവ സഭയ്ക്കാണ്. കേരളോല്പത്തിയും മറ്റും അവകാശപ്പെടുന്ന വ്യാജങ്ങളെ ചരിത്രമാക്കുവാൻ നടത്തിയ ശ്രമങ്ങളുടെ ഭാഗമായിട്ടാണ് ഇത്തരം വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുള്ളത്.

ജൂതന്മാരുടെ പഴയനിയമ വേദപുസ്തകം ക്രിസ്തുവിന് മുമ്പ് യഹൂദന്മാരോടൊപ്പം കേരളത്തിലെത്തിയിരുന്നു. എ. ഡി. ഒന്നാം നൂറ്റാണ്ടിൽ നേരത്തെ നാം കണ്ടതുപോലെ പുതിയനിയമ ബൈബിളും കേരളത്തിലെത്തി. ഈ വ്യത്യസ്ത സുവിശേഷത്തിന്റെ ഒരു കോപ്പി 190-ൽ പാന്റീനസ് മടങ്ങിപ്പോകുമ്പോൾ അലക്സന്ത്രിയായിലേക്ക് കൊണ്ടുപോയെങ്കിലും 1599 -ലെ ഉദയമ്പേരൂർ സുന്നഹദോസിന്റെ കാലത്തു പോലും ആ സുവിശേഷം ഉപയോഗിച്ചിരുന്നതായി ഉദയമ്പേരൂർ കാനോനാകളിൽ വ്യക്തമായ സൂചനയുണ്ട്. ഏതാനും വർഷങ്ങൾക്ക് മുമ്പ് അതിന്റെ ഒരു മലയാളവിവർത്തനം കൈയെഴുത്തുരൂപത്തിൽ ഈ ഗ്രന്ഥകാരൻ പാലൂരിലുള്ള പഴഞ്ഞിയിൽ നിന്ന് കണ്ടെടുത്തു. ഉദയമ്പേരൂർ ചൂണ്ടിക്കാണിച്ച അകാനോനിക പരാമർശങ്ങൾ എല്ലാം പഴഞ്ഞി ബൈബിളിൽ കാണുന്നുണ്ട്. യേശുവിന്റെ ബാല്യത്തെപ്പറ്റി സ്വദേശങ്ങളിൽ പ്രചരിച്ച അത്ഭുതകഥകളെല്ലാം ആ നാട്ടുകാരൻ തന്നെയായ മാർത്തോമ്മാശ്ലീഹാ ഈ സുവിശേ

ഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യേശുവിന്റെ സഹോദരന്മാർ, യേശുവിന്റെ ഓടിപ്പോക്ക് പില്ക്കാലത്തെ ക്രൂശിക്കപ്പെട്ട കള്ളന്മാർ അദ്ദേഹത്തെ കവർച്ച ചെയ്യാൻ ശ്രമിച്ചത് തുടങ്ങി മലങ്കരസഭയിൽ വിശുദ്ധ പാരമ്പര്യമായി സ്വീകരിക്കപ്പെട്ട പല മിത്തുകൾക്കും ഈ സെന്റ് തോമസ് സുവിശേഷത്തിൽ അടിസ്ഥാനം കാണുന്നു.

സംഘകാലത്ത് കേരളത്തിൽ പ്രവേശിച്ച ശൈവ - വൈഷ്ണവ പ്രസ്ഥാനങ്ങളിലെ ദേവതാ സങ്കല്പത്തെ ബൈബിൾ ഗണ്യമായി സ്വാധീനിച്ചു. അഹിംസയിൽ അധിഷ്ഠിതമായ ബൈബിളിലെ യാഗസങ്കല്പം ബുദ്ധ - ജൈന മതങ്ങളെ ഗണ്യമായി ആകർഷിച്ചു. എ. ഡി. രണ്ടാം നൂറ്റാണ്ടിൽ വിരചിതമായ 'സദ്ധർമ്മ പുണ്ഡരീക'വും അശ്വഘോഷന്റെ 'ബുദ്ധചരിത'വും ആര്യ ശൂര്യന്റെ 'ജാനക മാലയും' (ബുദ്ധസാഹിത്യ കൃതികൾ) ബൈബിൾ നൽകുന്ന ധർമ്മസന്ദേശവും ഉപമകളും മാതൃകയാക്കി രചിക്കപ്പെട്ടവയാണ്. മൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിലോ നാലാം നൂറ്റാണ്ടിലോ രചിക്കപ്പെട്ടതെന്ന് വ്യക്തമാക്കപ്പെട്ട തിരുവള്ളുവരുടെ തിരുക്കുറൾ ബൈബിളിനെ ആവോളം സ്വാംശീകരിച്ചിട്ടുണ്ട്. തമിഴകത്ത് പ്രവേശിച്ചിട്ടുള്ള സംസ്കാര വൈവിദ്ധ്യങ്ങളുടെ ഉദ്ഗ്രഥനം സാധിക്കുക എന്ന ചരിത്രപ്രധാനമായ കർത്തവ്യമാണ് തിരുക്കുറൾ നിറവേറ്റിയത്. അതിന്റെ ആദർശപരമായ ഉൾച്ചരട് ബൈബിൾ സന്ദേശങ്ങളാണ്. എ.ഡി. 5-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട സംഘസാഹിത്യകൃതിയായ 'ചിലപ്പതികാരം' എന്ന ഇതിഹാസ മഹാകാവ്യത്തിൽ ബൈബിളിന്റെ ധാർമ്മിക സന്ദേശങ്ങൾ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ട്.

കർമ്മം തൻ ഫലമൂട്ടും വേളയെ-
ന്നങ്ങ് ചൊല്ലിയതോർക്കുന്നേൻ (എസ്. രമേശൻ നായരുടെ വിവർത്തനം. കഥാരംഭം, പു. 11).

പാപങ്ങൾ ആചാരമാക്കാതിരിപ്പിൻ
പാപങ്ങൾ ചെയ്യാതൊഴിഞ്ഞു നടപ്പിൻ
ദുഷ്കർമ്മം ചെയ്യുന്നതാർ തന്നെയാകട്ടെ
ദുഃഖഫലം താനവർക്ക് ലഭിക്കും. (മധുരകാണ്ഡം, പു. 176)

ജ്ഞാനോപദേശം ചെവിക്കൊണ്ടിടാതെ
വാഴും ജനങ്ങൾക്ക് നന്മ ലഭിയ്ക്കാ
ദോഷപ്രദം പാപകർമ്മങ്ങളെല്ലാം
ശേഷകാലത്ത് പിണയ്ക്കുന്നു ദുഃഖം (പു. 176).

താൻ നിരന്തരമായ് നടത്തിയ കർമ്മമെങ്ങനെ, യങ്ങനെ
തന്റെ ഉയിർ വടിവാണ്ട് ജന്മമെടുക്കുമെന്നത് നിശ്ചയം (വഞ്ചികാണ്ഡം, പു. 326).

മനുഷ്യൻ വിതച്ചത് കൊയ്യും എന്ന ബൈബിൾ സന്ദേശമാണ് ഈ ഭാഗങ്ങളിൽ ആവർത്തിച്ച് നാം കാണുന്നത്. ചിലപ്പതികാരത്തിലെ ബൈബിൾ സ്വാധീനം പ്രകടമാക്കുന്ന മറ്റൊരു ഭാഗമിതാ:

'പൊൻവളയിട്ട സുന്ദരീ, പോയ
ജന്മപാപം നീയോർക്കുകാ' (കഥാരംഭം, പു. 12)

ക്രിസ്തുമത വേദം ഊന്നിപ്പറയുന്ന ഒരാശയമാണ് പാപത്തിന്റെ ജന്മാന്തര സ്വാധീനത. ആദാമ്യപാപം എന്ന പരാമർശം പര്യായപദമാണ്.

"അപരജനങ്ങൾക്കു ഭയവും വ്യഥകളുമുണ്ടാക്കാതെ നോക്കി
കരുതലോടെ ജീവിക്ക നല്ലൂ, കരുണയോട് വർത്തിക്ക നല്ലൂ
ഭഗവത് സാക്ഷാത്ക്കാരം നേടി, തികവാർന്ന മുനികളെ കൂപ്പി
കളവുകൾ പറയാതെ നോക്കി, കുടിലസംസർഗ്ഗമൊഴിവാക്കി
പരരെ പഴി പറയാൻ മുതിരാതെ, പ്രാണികളെ ഹിംസിച്ചിടാതെ
മാംസശനത്തിനൊരുങ്ങാതെ, ദാനധർമ്മങ്ങൾ തെറ്റാതെ
വേണ്ടും വ്രതങ്ങളനുഷ്ഠിപ്പിൻ; കള്ളമായ് സാക്ഷി പറയായ്വിൻ
ഉണ്മകളുടെ വഴിയെ ചരിപ്പിൻ, ഉണ്മക്കെതിരായവ നിരസിപ്പിൻ
ദുർമ്മദരുടെ സംഘം വിട്ടൊഴിവിൻ, സജ്ജനസംസർഗ്ഗങ്ങൾ ചെയ്വിൻ
പരതരുണിയിൽ ആസക്തിയുണ്ടായി പാതകം ചെയ്യാതിരിപ്പിൻ
ആർത്തരാം ജീവികളെയെല്ലാം കാത്തുരക്ഷിപ്പിൻ വഴിപോലെ
നന്നായ് ഗൃഹസ്ഥാശ്രമധർമ്മം നിങ്ങൾ പരിപാലിച്ചു കൊൾവിൻ
പടുപാപകർമ്മങ്ങളിൽ നിന്നും വഴി മാറുവിൻ ഒഴിവാക്കുവിൻ അവയെ
കള്ളവും കവർച്ചയും കളവും കൈവിടുവിൻ കാമവും പൊയ്യും
യൗവ്വനവും ധനശേഷിയും ഉടലും മണ്ണുലകിൽ നിലനില്ക്കില്ലോർപ്പിൻ
ആയുർദിനങ്ങളുടെയന്ത്യം മായിച്ചിടുന്നതുമസാധ്യം
വരുവാനുള്ളത് വെറുതേ വഴിയിൽ ഒരു വിധവും തങ്ങിയിരിക്കില്ല
പരലോകത്തെത്തുമ്പൊഴതവിടെ തുണയരുളും നീ മണ്ണിൽത്തന്നെ
ധർമ്മത്തെതേടുവിൻ നിങ്ങൾ പുണ്യഫലം നേടുവിന്നിവിടെ
(പു. 359, 60).

മോശയുടെ പത്തുകല്പനകളും സങ്കീർത്തനത്തിലെ ദാവീദിന്റെ കാവ്യദർശനങ്ങളും ക്രിസ്തുവിന്റെ ഗിരിപ്രഭാഷണവും പൗലൂസ് ശ്ലീഹായുടെ ലേഖനങ്ങളുടെ സന്ദേശ സംഗ്രഹവും ഈ വരികളിൽ തുളുമ്പി നിൽക്കുന്നു.

ദിഗംബരമൂർത്തിയും സംഹാരദേവതയും താണ്ഡവപ്രിയനുമായ രുദ്രൻ മംഗളസ്വരൂപിയായ ശിവൻ ആയി പരിണമിച്ചതിന്റെ പിന്നിലുള്ള ബൈബിൾസ്വാധീനം നേരത്തെ വിശദമാക്കിയിട്ടുണ്ട്. വർദ്ധിച്ചു വരുന്ന

ക്രിസ്തുമത സ്വാധീനത്തോടുള്ള പ്രതികരണമെന്ന നിലയിലാണ് കേരളത്തിലെ ശൈവ - വൈഷ്ണവ - ബ്രാഹ്മണ ഭക്തിപ്രസ്ഥാനങ്ങൾ രൂപംകൊണ്ടത്. ബഹുദേവതാ വിശ്വാസത്തിൽ അധിഷ്ഠിതമായ ദ്രാവിഡ ദേവതാസങ്കല്പങ്ങളും ആര്യവേദതത്വങ്ങളും അങ്ങനെയാണ് പരിണാമവിധേയമായത്. വിവിധ ദേവ സങ്കല്പങ്ങളെ ദശാവതാരങ്ങളെന്ന് നിജപ്പെടുത്തി അവയെല്ലാം വൈഷ്ണവ അവതാരങ്ങളാണെന്ന വ്യാഖ്യാനം ഉണ്ടായത് അപ്രകാരമാണ്. ക്രിസ്തു എന്ന വ്യക്തിഗത ദൈവസങ്കല്പത്തെ അനുകരിച്ച് രാമ - കൃഷ്ണന്മാരെ വ്യക്തിദൈവങ്ങളായി കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന ഭക്തിസാഹിത്യകൃതികൾ ഉണ്ടായി. ഭക്തിസാഹിത്യത്തിൽനിന്ന് ആരാധനക്രമങ്ങൾ രൂപംപ്രാപിച്ചു. പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും മദ്ധ്യസ്ഥതയിൽ ക്രിസ്തുമത ദേവാലയങ്ങൾ ആവിർഭവിച്ചതിനെ അനുകരിച്ച് ദേവ - ഉപദേവ പ്രതിഷ്ഠകളോടെ ക്ഷേത്രങ്ങൾ പ്രത്യക്ഷമായി. ആദ്യത്തെ ശൈവ - വൈഷ്ണവപ്പള്ളികൾ രൂപഭേദപ്പെടുത്തിയ ബുദ്ധ - ജൈന പ്രസ്ഥാനക്കാരുടെ പഗോഡകൾ തന്നെയായിരുന്നു. എ. ശ്രീധരമേനോന്റെ അഭിപ്രായം സ്വീകരിക്കുകയാണെങ്കിൽ ഈ ക്ഷേത്രപ്രതിഷ്ഠകൾ ഒരു സംഘടിത പ്രസ്ഥാനമായി മാറുന്നത് എ. ഡി. 8-ാം നൂറ്റാണ്ടിലാണ്. ശ്രീധരമേനോൻ അക്കാര്യം വിശദീകരിക്കുന്നത് ഇങ്ങനെയാണ്:

"കേരളത്തിൽ സംഘടിത മതങ്ങളുടെ ഉദയത്തോടു കൂടി മാത്രമാണ് മതാരാധനക്രമങ്ങൾ സ്ഥാപിതമായത്. പ്രാചീനമായ ദ്രാവിഡാചാരങ്ങളും ശീലങ്ങളും തുടർന്നിരുന്നിടത്തോളം സംഘടിതമായ ആരാധനകേന്ദ്രങ്ങളുടെ ആവശ്യമില്ലായിരുന്നു... അന്യമതങ്ങൾക്കെതിരായുള്ള നീക്കത്തിൽ അനേകം ഹൈന്ദവക്ഷേത്രങ്ങൾ ഉയർന്നു.... മതിലകം ക്ഷേത്രവും മറ്റു ജൈന ദേവാലയങ്ങളും ജൈനമതത്തിന്റെ അപചയകാലത്ത് ഹിന്ദുക്ഷേത്രങ്ങളായിത്തീർന്നു. ജൈനമതാനുയായികൾ ഹിന്ദുക്കളുമായി. ഇന്ന് ഭരതക്ഷേത്രമായി അറിയപ്പെടുന്ന ഇരിങ്ങാലക്കുടയിലെ കൂടൽ മാണിക്യ ക്ഷേത്രം ഒരു കാലത്ത് ജൈന ക്ഷേത്രമായിരുന്നു എന്ന് കരുതപ്പെടുന്നു. ജൈന ദിഗംബരനായ ഭരതേശ്വരനെയാണ് അന്ന് അവിടെ പ്രതിഷ്ഠിച്ചിരുന്നത്. ഭരതേശ്വരനാണ് ഹിന്ദു ദേവനായ ഭരതനായിത്തീർന്നത്...... വാസ്തവത്തിൽ സംഭവിച്ചത് ബുദ്ധമതം ഹിന്ദുമതത്തിൽ ലയിച്ചു ചേർന്നു എന്നതാണ്. ബുദ്ധമതത്തോടു ബന്ധപ്പെട്ട ആരാധനാ സമ്പ്രദായങ്ങളും പല ഉത്സവങ്ങളും ഹിന്ദുമതം സ്വീകരിച്ചു.... ബുദ്ധ - ജൈന ക്ഷേത്രങ്ങൾ ഹിന്ദുക്ഷേത്രങ്ങളായ കഥ നേരത്തെ തന്നെ പറഞ്ഞു കഴിഞ്ഞു" (*കേരള സംസ്കാരം*, പു. 23-29). ബുദ്ധ - ജൈനമതങ്ങളുടെ സ്ഥാനത്ത് ഹിന്ദുമതം എ. ഡി. എട്ടാം നൂറ്റാണ്ടോടുകൂടി ആധിപത്യം സ്ഥാപിച്ചത് അക്രമരഹിത മാർഗ്ഗങ്ങളിലൂടെയാണെന്ന് ശ്രീധരമേനോൻ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും കേരളത്തിന്റെ സാംസ്കാരിക ചരിത്രം എഴുതിയ ഗോപാലകൃ

ഷ്ണന്റെ ഗവേഷണം നൽകുന്ന ചിത്രം വ്യത്യസ്തമാണ്. അദ്ദേഹം എഴുതുന്നു: ".....ആരുടെ ജനനം കൊണ്ട് ഭാരതം ലോകജനതയ്ക്ക് എന്നും ആരാധ്യമായിത്തീർന്നുവോ ആ മഹാത്മാവിന്റെ - ബുദ്ധന്റെ - അപദാനങ്ങൾ നാമാവശേഷമാക്കുവാൻ ബ്രാഹ്മണമതം നടത്തിയ തീവ്രയത്നങ്ങൾക്കിടയിൽ ഇത്തരം കാവ്യരത്നങ്ങൾ ഭാരതത്തിന്റെ മണ്ണിൽനിന്നും ദൂരീകരിക്കപ്പെട്ടു. പ്രതിയോഗികൾക്കെതിരായി ബ്രാഹ്മണമതം കൈക്കൊണ്ട സാഹിത്യനിഷ്കാസനവും സാഹിത്യ പുനഃസൃഷ്ടിയുമായി താരതമ്യപ്പെടുത്തിയാൽ, മധ്യകാലങ്ങളിൽ കത്തോലിക്കാപള്ളി മതം ശാസ്ത്രജ്ഞാനത്തിന് നേരെ സ്വീകരിച്ച നടപടികൾ നിഷ്പ്രഭമായിത്തീരും. കത്തോലിക്കാ പള്ളി മതത്തിന് മൂന്നോ നാലോ നൂറ്റാണ്ടുകൾ മാത്രമാണ് വെളിച്ചം തടഞ്ഞുവയ്ക്കാൻ കഴിഞ്ഞതെങ്കിൽ ബ്രാഹ്മണമതത്തിന് സഹസ്രാബ്ദങ്ങൾ മഹാജ്യോതിസ്സുകളെ മറച്ചുവയ്ക്കാൻ കഴിഞ്ഞുവെന്നത് മനുഷ്യചരിത്രത്തിലെ അത്ഭുത പ്രതിഭാസമായി അവശേഷിക്കുന്നു...." (പി. കെ. ഗോപാലകൃഷ്ണൻ, *കേരളത്തിന്റെ സാംസ്കാരിക ചരിത്രം*, പു. 106–108).

തൃശ്ശൂർ - കൊടുങ്ങല്ലൂർ ബുദ്ധപ്പള്ളികളിൽനിന്ന് ബുദ്ധസന്ന്യാസികൾ വേട്ടയാടപ്പെട്ട് അവ യഥാക്രമം വടക്കുന്നാഥൻ ക്ഷേത്രവും കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രവുമായി പ്രഖ്യാപിക്കപ്പെട്ടതിന്റെ പരിണാമ ചരിത്രത്തെ ഉത്സവത്തിലെ അനുഷ്ഠാനമായി നിലനിർത്തുന്ന കൊടുങ്ങല്ലൂർ ഭരണി മഹോത്സവം വിലയിരുത്തുന്ന ഒരാൾക്ക് ഗോപാലകൃഷ്ണന്റെ അഭിപ്രായത്തെ അനുകൂലിക്കാതെ വയ്യ.

ജൈനമതത്തെ തുരത്തുവാൻ മനുഷ്യസാദ്ധ്യമായ എല്ലാ ആക്രമണമാർഗ്ഗങ്ങളും ഉപയോഗിച്ചതായി ശൈവപുരാണം തന്നെ - പെരിയപുരാണം - സാക്ഷ്യം നൽകുന്നുണ്ട്. ചില ഉദാഹരണങ്ങൾ കാണുക:

"..... ചോഴ മന്നവൻ തന്റെ അനുചാരികളെ വിളിച്ച് ദണ്ഡിയടികളെ ഉപദ്രവിച്ചവരെ തിരുവാരൂറിൽനിന്ന് തുരത്തിക്കളയുവാൻ കല്പിച്ചതോടുകൂടി അത് നടപ്പാകയും ജൈന മഠങ്ങളും മറ്റും ഇടിച്ച് നിലംപരിശാക്കപ്പെടുകയും ചെയ്തു" (പുറം 147).

".... അവരവർ തന്നെ വീരവാദത്തിൽ അറിയിച്ച പ്രകാരം ജൈനരെ കഴുവേറ്റുവാൻ രാജാവ് കല്പിക്കുകയും..... മന്ത്രിവര്യൻ അപ്രകാരം തന്നെ ദണ്ഡനീതി നടപ്പിലാക്കുകയും ചെയ്തു" (പു. 135).

"അത്രത്തോളം തന്നെ അവരുടെ ക്ഷേമത്തിലും ശ്രദ്ധ കാണിച്ച് താൻ തനിച്ച് പോയി ശ്രമണവർഗ്ഗക്കാരെ പാണ്ടി രാജാവിനെക്കൊണ്ടു തന്നെ ഉന്മൂലനം ചെയ്യിച്ചുകൊള്ളാമെന്നും വാക്കുകൊടുത്ത് ജ്ഞാനസംബന്ധർ മധുരയിലേക്ക് യാത്രയായി" (പു. 103).

എ. ഡി. ഏഴാം നൂറ്റാണ്ടു വരെയാണ് പുരാണ രചനയുടെ കാലഘട്ടം. ഒടുവിലത്തെ പുരാണമാണ് ഭാഗവതപുരാണം. മ്ലേച്ഛമതക്കാരെ വൈദികമതം കൊന്നൊടുക്കിയതിന്റെ വിവരണങ്ങൾ പുരാണങ്ങളിൽ ലഭ്യമാണ്. മ്ലിച് അപരിചയേത് എന്ന ധാത്വർത്ഥ നിർവചനപ്രകാരം മ്ലേച്ഛശബ്ദത്തിന് അപരിചിതൻ എന്നേ അർത്ഥമുള്ളൂ എങ്കിലും ഇന്ത്യയ്ക്ക് വെളിയിൽനിന്ന് വന്ന മതദർശനങ്ങളെ – ജൂത, ക്രൈസ്തവ, ഇസ്ലാം – ആ പേരിലാണ് ഭാരതീയ പുരാണങ്ങൾ വിശേഷിപ്പിച്ചിട്ടുള്ളത്. വൈദികമതം ശക്തിപ്പെട്ട കാലങ്ങളിൽ കടൽ കടന്ന് വന്ന എല്ലാ ദർശനങ്ങളെയും നശിപ്പിച്ചതിന്റെ സൂചനകൾ ഭവിഷ്യ മഹാപുരാണത്തിൽ ലഭ്യമാണ്. വ്യാസകൃതമായ ആ പുരാണത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം:

"ശൗനകൻ ചോദിക്കുന്നു: അല്ലയോ ത്രികാലജ്ഞനും മഹാമുനിയുമായവനേ, അങ്ങ് പ്രദ്യോതൻ നടത്തിയ മ്ലേച്ഛയജ്ഞം എപ്രകാരമെന്ന് വിശദമായി വർണ്ണിച്ചു തന്നാലും.... ശ്രീ നാരദ മഹർഷി അവിടെ എഴുന്നള്ളി. പ്രദ്യോതൻ അദ്ദേഹത്തെ വിധിയാംവണ്ണം പൂജിച്ചിരുത്തി. അങ്ങയുടെ പിതാവായ ക്ഷേമകൻ..... യമലോകത്തേക്കാണ് ഗമിച്ചത്. മ്ലേച്ഛയജ്ഞം നടത്തുകയാണെങ്കിൽ അദ്ദേഹത്തിന് സ്വർഗപ്രാപ്തി ലഭിക്കും.' ഇപ്രകാരമുള്ള നാരദവാക്യം കേട്ട് പ്രദ്യോതനന് മ്ലേച്ഛന്മാരുടെ നേരെ ക്രോധമുണ്ടാവുകയും വേദജ്ഞരായ ബ്രാഹ്മണരെക്കൊണ്ട് കുരുക്ഷേത്രത്തിൽ വച്ച് മ്ലേച്ഛയജ്ഞം നടത്തിക്കുകയും ചെയ്തു..... ഹാരന്മാർ, ഹൂണർ, ബർബ്ബരന്മാർ, ഗരുഡർ, ശകർ, ഖസർ, യവനന്മാർ, പല്ലവർ, രോമജർ, ഖരസംഭവർ, ദ്വീപുവാസികളായ കാമരുക്കൾ, ചീനക്കാർ, സമുദ്രവാസികൾ എന്നിങ്ങനെ അനേകം മ്ലേച്ഛസംഘങ്ങളെ അതിൽ ഹോമിച്ചു" (ഭവിഷ്യ മഹാപുരാണം, പു. 267). മ്ലേച്ഛധർമ്മം എന്ന ശീർഷകത്തിൽ വ്യാസഭഗവാൻ ആര്യന്മാരും മ്ലേച്ഛന്മാരും തമ്മിലുള്ള വ്യത്യാസത്തെ ഇപ്രകാരം നിർവചിച്ചിട്ടുണ്ട്:

'വിഷ്ണുഭക്തി, അഗ്നിപൂജ, അഹിംസ, തപസ്, ഇന്ദ്രിയ നിഗ്രഹം എന്നിവ മ്ലേച്ഛധർമ്മമായി മഹർഷിമാർ അംഗീകരിക്കുന്നു. ആര്യന്മാരും മ്ലേച്ഛന്മാരുമായി ഒരു അന്തരമേയുള്ളൂ. ആര്യന്മാർ വർണ്ണാശ്രമധർമ്മങ്ങൾക്ക് വിധേയർ ആണ്, മ്ലേച്ഛന്മാർ അതിന് അതീതമാണ്. ഭക്തി, അഹിംസ, ഇന്ദ്രിയ നിഗ്രഹം, തപസ് ഇത്യാദികൾക്ക് മ്ലേച്ഛന്മാരും അധികാരികൾ തന്നെ" (പു. 269).

മ്ലേച്ഛയജ്ഞം നടത്തി, ബ്രാഹ്മണ മതേതരരെ കൂട്ടക്കൊല ചെയ്ത സ്ഥലം കുരുക്ഷേത്രം ആണെന്ന് പുരാണം പറയുന്നു. വർണ്ണാശ്രമധർമ്മത്തിൽ ലയിക്കാൻ കൂട്ടാക്കാത്തവരെയാണ് കൂട്ടക്കൊല ചെയ്തത്. അപ്രകാരം കൊല്ലപ്പെട്ടവരിൽ ബുദ്ധ – ജൈന – ക്രൈസ്തവ മതസ്ഥരാകാം മുഖ്യവിഭാഗങ്ങൾ. ശാരീരികമായി അവരെ കൊന്നൊടുക്കിയെങ്കിൽ

അവരുടെ മതസാഹിത്യത്തെ എത്രമാത്രം നശിപ്പിച്ചിരിക്കാം? മതസാഹിത്യം നശിപ്പിക്കുന്നതിന് സമാന്തരമായി ഇതര മതസാഹിത്യങ്ങളെ സ്വാംശീകരിക്കുവാൻ ബ്രാഹ്മണർ ശ്രമിച്ചിട്ടുള്ളതിന്റെ നിരവധി ഉദാഹരണങ്ങൾ ഭവിഷ്യ മഹാപുരാണത്തിലുണ്ട്. ആദാം തൊട്ട് ക്രിസ്തു വരെയുള്ള ബൈബിൾ ഗായകരെ ഭാരതീയ വേഷങ്ങളിലും രൂപങ്ങളിലും പുരാണം സ്വന്തമാക്കിയിട്ടുണ്ട്. ആദം ആദമൻ ആയി; ഹവ്വ ഹവ്യവതിയായി. മോശ മൂശകൻ ആയി. യേശുമശിഹാ ഈശാ മസീഹൻ ആയി. കഥാപാത്രങ്ങളോടൊപ്പം കഥകളും പുരാണം സ്വീകരിച്ചു.

"ഇന്ദ്രിയാണി ദമിത്വാ യോഹി ആത്മധ്യാന പരായണ:
തസ്മാദ് ആദമനാമാ അസൗ പത്നി ഹവ്യവ്യതീ സ്മൃതാ"

"ഇന്ദ്രിയങ്ങളുടെ ദമനം, മനസ്സിൽ ആത്മധ്യാനം ഈ രണ്ടു വിഷയങ്ങളാണ് ആദമന: എന്ന പേരിന് അവലംബം. അദ്ദേഹം മഹായോഗി വര്യനായിരുന്നു എന്ന് സാരം. പ്രദാനം എന്ന നഗരത്തിന്റെ കിഴക്കു ഭാഗത്തായി ഈശ്വരൻ മനോഹരമായതും നാലു ക്രോശം വിസ്തീർണ്ണമുള്ളതുമായ ഒരു വനം (ഉദ്യാനം) സൃഷ്ടിച്ചു. തനിയ്ക്കൊരു പത്നിയെ ലഭിപ്പാനിച്ഛിച്ചുകൊണ്ട് ആദാം ആ ഉദ്യാനത്തിലെ ഒരു പാപവൃക്ഷച്ചുവട്ടിലെത്തി. ഒരു സർപ്പത്തിന്റെ രൂപം ധരിച്ചുകൊണ്ട് കലിയും അവിടെ എത്തിച്ചേർന്നു. ഭഗവാന്റെ ആജ്ഞയെ ലംഘിച്ച് ആദാം ആ സർപ്പത്തിന്റെ നിർദ്ദേശപ്രകാരം ആ വൃക്ഷത്തിന്റെ ഫലം ഭക്ഷിച്ചു (അതിന്റെ ഫലം ഭക്ഷിക്കരുതെന്ന് ഭഗവാൻ ആദമോട് ഉപദേശിച്ച ശ്ലോകം ഇപ്പോൾ ലഭ്യമായ മൂലത്തിൽ കാണാനില്ല. കാലാന്തരത്തിൽ നഷ്ടപ്പെട്ടുപോയതാകാനാണ് സാധ്യത). ആ ഫലം വളരെ സ്വാദുള്ളതായിരുന്നുവെങ്കിലും ലൗകികവിഷയാസക്തി ജനിപ്പിക്കുന്നതായിരുന്നു (ഹവ്യവതിയെ അവിടെ കണ്ടെത്തി). അത്തിവൃക്ഷത്തിന്റെ ഇലകളും കായുമാണ് അവരുടെ ഭക്ഷണം. അവർ ഭാര്യാഭർത്തൃബന്ധത്തിലേർപ്പെടുകയും മ്ലേച്ഛസന്തതികൾ ജനിക്കുകയും ചെയ്തു. തൊള്ളായിരത്തിമുപ്പത് വർഷമാണ് അവരുടെ ആയുസ്സ്. അവർ ഫലങ്ങൾ കൊണ്ട് ഹോമം ചെയ്ത് സ്വർഗ്ഗ പ്രാപ്തരായി.

ആദാം, ഹവ്യവതി ഇവരുടെ സന്താനങ്ങളിൽ ശ്രേഷ്ഠൻ ശ്വേതനാമാവ് (ശേത്ത് എന്ന് ബൈബിൾ) എന്ന പേരിൽ പ്രസിദ്ധനായി. അദ്ദേഹത്തിന്റെ പുത്രൻ അനൂഹൻ. പിന്നെ പുത്ര പൗത്ര പരമ്പര ഇപ്രകാരമാണ്. കീനാശൻ, മഹല്ലലൻ, വിരദൻ. വിരദൻ തന്റെ പേരിൽ ഒരു നഗരം നിർമ്മിച്ചു. അദ്ദേഹത്തിന്റെ പുത്രൻ ഹനൂകൻ (ഹാനോക്ക് - ബൈബിൾ) വിഷ്ണുഭക്തൻ ആയിരുന്നു. അദ്ദേഹം ഫലങ്ങൾ ഹോമിച്ച് ഉടലോടെ സ്വർഗ്ഗപ്രാപ്തി നേടി. ആചാരം, വിവേകം, ബ്രാഹ്മണ്യം, ദേവപൂജ ഇത്യാദികൾ നടത്തിയതിനാൽ അദ്ദേഹത്തെ വിവേകികൾ മ്ലേച്ഛനെന്ന് വിശേഷിപ്പിച്ചു.... ഹനൂകന്റെ പുത്രൻ മനോച്ഛീലൻ, പിന്നെ ലോമകൻ, ന്യൂഹൻ

(മനശ്ശെ, ലാമെക്, നോഹ എന്ന് ബൈബിൾ). വിഷ്ണു ഭക്തനായ ന്യൂഹന് ഭഗവാൻ ഒരിക്കൽ സ്വപ്നത്തിൽ ദർശനം നൽകി ഇപ്രകാരം അരുളിച്ചെയ്തു: "വത്സാ, ന്യൂഹാ ഇന്നു മുതൽ ഏഴാം ദിവസം പ്രളയമുണ്ടാകും. സ്വന്തക്കാരോടുകൂടി ഒരു കപ്പലിൽ അഭയം തേടിയാലും." ഇതു കേട്ട ന്യൂഹാൻ വലുതായ ഒരു കപ്പൽ നിർമ്മിച്ചു. തന്റെ ജനങ്ങളോടു കൂടി അതിൽ കേറി. ഇന്ദ്രനാൽ പ്രേരിതങ്ങളായ സംവർത്തകങ്ങൾ എന്ന മേഘങ്ങൾ നാല്പത് ദിവസം ഘോരമായി മഴ പെയ്യിച്ചു. ഭാരതഖണ്ഡം മുഴുവൻ സമുദ്രത്തിൽ മുങ്ങി. നാലു കടലും തമ്മിൽ യോജിച്ചു. ബദര്യാശ്രമം സമുദ്രം വിഴുങ്ങിയില്ല. അവിടെയുള്ള എൺപത്തി എണ്ണായിരം മഹർഷിവര്യന്മാരും ന്യൂഹനും സ്വജനങ്ങളും മാത്രം അവശേഷിച്ചു. അപ്പോൾ മുനിമാർ മഹാമായയെ സ്തുതിച്ചു. അതിൽ സന്തുഷ്ടയായ ദേവിയുടെ അനുഗ്രഹത്താൽ ഒരു സംവത്സരം കൊണ്ട് ഭാരതം പ്രളയവിമുക്തമായി. ന്യൂഹൻ അവിടെ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു.

സൂതൻ പറയുകയാണ്: ന്യൂഹൻ ഭഗവാനെ സന്തോഷിപ്പിച്ചു. ഭഗവാൻ അദ്ദേഹത്തിന്റെ വംശം അഭിവൃദ്ധിപ്പെടുത്തി. വേദവാക്യത്തിന് വിപരീതമായ മ്ലേച്ഛഭാഷയ്ക്ക് അദ്ദേഹം രൂപം കൊടുത്തു. വൈദികഭാഷയ്ക്ക് അപശബ്ദസംയോഗമുണ്ടായതാണ് മ്ലേച്ഛഭാഷ. ഇത് കലിയുടെ അഭിവൃദ്ധിയ്ക്കുവേണ്ടിയാണ്. ന്യൂഹൻ തന്റെ പുത്രന്മാരുടെ പേരുകൾ സിമൻ, ഹാമൻ, യാകൂതൻ (ശേം, ഹാം, യാഫേത്ത് - ബൈബിൾ) എന്നിങ്ങനെ യാഗം ചെയ്തു. യാകൂതന് ജൂമ്രർ, മാജ്ജൂജൻ, മാദി, യൂനാനസ്, തുവലൻ, മസകൻ, തിരാസൻ എന്നിങ്ങനെ ഏഴ് പുത്രന്മാരുണ്ടായി. രാജ്യം അവർക്ക് വിഭജിച്ചു. അവർക്കോരോരുത്തർക്കും പുത്രന്മാരുണ്ടായി. അവരുടെയെല്ലാം പേരുകളും രാജ്യവിഭാഗങ്ങളും ശൗനകാദികളെ കേൾപ്പിച്ചു...

മ്ലേച്ഛവംശത്തിലെ പ്രസിദ്ധനായ ഒരു രാജാവാണ് സിമൻ. അദ്ദേഹം അഞ്ഞൂറ് സംവത്സരം രാജ്യം ഭരിച്ചു. അദ്ദേഹത്തിന്റെ പുത്രനാണ് അർക്കൻ സദൻ. അദ്ദേഹത്തിന്റെ പുത്രൻ സിംഹ്ലൻ.... സരസ്വതിയുടെ ശാപം ഹേതുവായി മ്ലേച്ഛഭാഷ അധമമായി ഭവിച്ചു. അതോടെ ഭാരതത്തിൽ സംസ്കൃതഭാഷ ഉദ്ധരിക്കപ്പെട്ടു. അന്യരാജ്യങ്ങളിൽ മ്ലേച്ഛഭാഷയ്ക്ക് പ്രചാരം സിദ്ധിച്ചു.... മ്ലേച്ഛവംശം അഭിവൃദ്ധിപ്പെട്ടത് പറയാം. കലിയുഗം രണ്ടായിരം വർഷം ചെന്നപ്പോഴാണ് മ്ലേച്ഛവംശം അഭിവൃദ്ധിപ്പെട്ടത്. അന്ന് മുതൽ സരസ്വതീതീരത്തുള്ള ബ്രഹ്മാവർത്തം എന്ന പ്രദേശം ഒഴികെ ഭൂമി മുഴുവനും മ്ലേച്ഛാധിപത്യമായിരുന്നു. മൂശൻ (മോശ) എന്ന ഒരു മ്ലേച്ഛാചാര്യനുണ്ടായി. അദ്ദേഹത്തിന്റെ മതം ലോകം മുഴുവൻ വ്യാപിച്ചു..." (*ഭവിഷ്യ മഹാപുരാണം തർജ്ജിമ*, പു. 267-272).

മേൽക്കാണിച്ച ഭാഗങ്ങൾ ബൈബിൾ പഴയനിയമത്തിൽ നിന്നാണ് സ്വീകരിച്ചത്. പുതിയനിയമഭാഗവും ഭവിഷ്യപുരാണത്തിൽ ഉൾക്കൊള്ളി

ക്കുവാൻ ശ്രമിച്ചിട്ടുണ്ട്. 190-ൽ പാന്റീനസ് സ്വദേശത്തേക്ക് - അലക്സന്ത്രിയായിലേക്ക് - കൊണ്ടുപോയതായി യൂസേബിയോസ് - ജെറോം എന്നിവർ സാക്ഷിച്ച സംഭവത്തെ ശരിവക്കുന്നവയാണ് പുരാണത്തിലെ ഭാഗങ്ങൾ. ശ്രദ്ധിക്കുക:

'ഒരിക്കൽ ശകരാജാവ് ഹിമാലയ ശൃംഗത്തിൽ ചെന്നു. അത് ഹൂണദേശമാണ്. ആ രാജ്യമദ്ധ്യത്തിൽ പർവതത്തിന്മേൽ തേജസ്വിയായ ഒരു പുരുഷൻ നില്ക്കുന്നത് കണ്ടു. വെളുത്ത നിറമാണ്. ശുഭ്രവസ്ത്രധാരിയാണ്. മഹാബലവാനുമാണ്. അദ്ദേഹത്തോട് ശകരാജാവ് താങ്കൾ ആരാണെന്ന് ചോദിച്ചു. താൻ ഒരു കുമാരിയുടെ ഗർഭത്തിൽ ജനിച്ചവനും ദൈവപുത്രനുമാണെന്ന് മറുപടി പറഞ്ഞു:

കോ ഭവാൻ ഇതി തം പ്രാഹ<br>
സഃ ഉവാച മുദാന്വിതം<br>
ഈശപുത്രം ച മാം വിദ്ധ<br>
കുമാരീ ഗർഭസംഭവഃ

മാത്രമല്ല, അദ്ദേഹം മ്ലേച്ഛധർമ്മത്തിന്റെ വക്താവും സത്യനിഷ്ഠനുമാണ്....

മ്ലേച്ഛദേശത്ത് 'ഈശാമസി'യെന്ന ഭയങ്കരിയുടെ സ്വാധീനത്താൽ സത്യവും മര്യാദയും നശിച്ചു.... നാം അവളെ മ്ലേച്ഛരൂപത്തിൽ പരാജയപ്പെടുത്തി. എന്നിട്ട് 'മസീഹൻ' എന്ന പേർ സമ്പാദിച്ചു. നാം മ്ലേച്ഛദേശത്ത് ധർമ്മവും സത്യവും പുനഃസ്ഥാപിച്ചു... ഇപ്രകാരമുള്ള എന്റെ ധ്യാനത്തിന്റെ ഫലമായിട്ട് 'മസീഹാ' വിലയത്തെ പ്രാപിച്ചു. എന്റെ ഹൃദയത്തിൽ സർവ്വ മംഗള സ്വരൂപിയായ ഈശ്വരൻ പ്രത്യക്ഷപ്പെട്ടു. 'ഈശാമസീഹൻ' എന്നതാണ് എന്റെ പ്രസിദ്ധമായ നാമധേയം (പു. 322).

ആദ്യ നൂറ്റാണ്ടുകളിൽ മലങ്കരയിലുണ്ടായിരുന്ന സെന്റ് തോമസ് ബൈബിൾ പുരാണ രചയിതാവായ വ്യാസമഹർഷി ആഴത്തിൽ ഉൾക്കൊണ്ടു എന്ന് കാണാം.

1. നൂഹകൻ, ഹനുകൻ, മൂശകൻ എന്നിങ്ങനെ പുരാണത്തിൽ സ്വീകരിച്ച സംജ്ഞകൾ നൂഹ്, ഹനുക്ക്, മൂശ എന്നിങ്ങനെ സുറിയാനി മൂല സംജ്ഞകളുടെ ഭാരതവത്കരണമാണ്.

2. ഏദൻതോട്ടവും നോഹയുടെ കാലത്തെ പ്രളയ ഭൂമിയും ഭാരതത്തിലാണെന്നു സ്ഥാപിച്ച് ബൈബിൾ മിത്തിനെ ഭാരതീയ കഥയാക്കാൻ വേദവ്യാസൻ കഠിനശ്രമം നടത്തിയിരിക്കുന്നു. യഹോവയെ വിഷ്ണു എന്നും വിഷ്ണു കർദ്ദമ പ്രജാപതിയെന്നും സാത്താനെ കലി എന്നും വിവരിച്ചത് ഭാരതവത്ക്കരണശ്രമം ആണെന്ന് നിരീക്ഷിക്കാതെ വയ്യ.

3. അപരിചിതരായ ഏവരേയും മ്ലേച്ഛന്മാർ എന്ന് വിശേഷിപ്പിച്ച് അവരാണിവിടുത്തെ സർവ്വ ദുരന്തങ്ങൾക്കും കാരണമെന്ന് പില്ക്കാല രാജാക്കന്മാരെ തെറ്റിദ്ധരിപ്പിച്ച് അവരുടെ ക്രോധാഗ്നി വിദേശ സംസ്കാരങ്ങൾക്കെതിരെ തിരിച്ചുവിടുന്ന ഒരു മുഖം നാരദ മഹർഷിയ്ക്കുണ്ടെന്ന് ഈ പുരാണ കഥകൾ വ്യക്തമാക്കുന്നു (ഏഷണിവീരൻ എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് ഈ പശ്ചാത്തലത്തിൽ അർത്ഥവത്താകുന്നു).

4. ഭാരതചരിത്രത്തിൽ പലപ്പോഴും മ്ലേച്ഛ യജ്ഞമെന്ന മതപരിവേഷം നൽകി ആര്യമതം തങ്ങൾക്കിഷ്ടമില്ലാത്തവരെ കൂട്ടക്കൊല ചെയ്തിരുന്നു.

എ. ഡി. ഏഴാം നൂറ്റാണ്ടിൽ വിരചിതമായ (കേസരിയുടെ വിലയിരുത്തൽ) ഭാഗവതത്തിൽ കൃഷ്ണ കഥയ്ക്ക് ക്രിസ്തുവിന്റെ പരിവേഷം നൽകുവാൻ ശ്രമിച്ചിട്ടുള്ളത് സൂക്ഷ്മ നിരീക്ഷണത്തിൽ വ്യക്തമാകും.

| **ബൈബിൾ** | **ഭാഗവതം** |
|---|---|
| 1. ക്രിസ്തുവെന്ന പേർ | കൃഷ്ണനാമം |
| 2. യൂദകുലജാതൻ | യദുകുല ജാതൻ |
| 3. ജനനം രാത്രിയിൽ | ജനനം രാത്രിയിൽ |
| 4. ബാല്യ പ്രതികൂലതകൾ | ബാല്യ പ്രതികൂലതകൾ |
| 5. ശൈശവം മറ്റൊരു നാട്ടിൽ | ശൈശവം മറ്റൊരു നാട്ടിൽ |
| 6. ഹേരോദാവിന് സിംഹാസന നഷ്ടഭയം | കംസന് സിംഹാസന നഷ്ടഭയം |
| 7. ശിശുവധം | ശിശുവധം |
| 8. ഇടയന്മാർ ആരാധിക്കുന്നു | ഇടയന്മാർ ആദരിക്കുന്നു |
| 9. അത്ഭുത കഥകൾ | അത്ഭുതകഥകൾ |
| 10. നല്ല ഇടയൻ | ഗോപാലൻ |
| 11. യോർദ്ദാനിൽ സർപ്പത്തിന്റെ തല ചവിട്ടുന്നു. | കാളിന്ദിയിൽ സർപ്പത്തിന്റെ തല ചവിട്ടുന്നു. |
| 12. സഭാസമൂഹം മണവാട്ടി | ഗോപികമാർ കാമുകിമാർ |

വൈഷ്ണവ ഭക്തിപ്രസ്ഥാന നായകൻ രാമാനുജൻ ബ്രാഹ്മണൻ ആയിരുന്നിട്ടും മനുഷ്യരെല്ലാവരും തുല്യരെന്ന് സ്മൃതികൾക്കും ശ്രുതികൾക്കും വിരുദ്ധമായി പഠിപ്പിച്ചതും മുടിവെട്ടുകാരൻ, തുകൽപ്പണിക്കാരൻ തുടങ്ങിയവർ ഉൾപ്പെടെ പന്ത്രണ്ടു പേർ ഉൾക്കൊള്ളുന്ന (അംഗസംഖ്യ ശ്രദ്ധേയം) ശിഷ്യഗണത്തെ സംഘടിപ്പിച്ചതും ഈ സ്വാധീനത്തിന്റെ വ്യക്തമായ സൂചനയാണ് (ഡോ. പോൾ മണവാളൻ, *കേരള സംസ്കാരവും ക്രൈസ്തവ മിഷണറിമാരും*, പു. 43).

ഭാഗവതത്തിലെ മഹാപ്രസാദ പൂജയെപ്പറ്റി പ്രൊഫ. ഗാർബേ വിവരിക്കുന്നു: "നിശ്ചിത ദിവസം സായാഹ്നത്തിൽ ഭക്തഗണങ്ങൾ സമ്മേളിക്കും (ക്രൈസ്തവ സഭയിലെ വി. കുർബാനാനുഷ്ഠാനം ആദ്യകാലത്ത് സായാഹ്നത്തിലായിരുന്നുവെന്ന് ഓർക്കുക). മുഖ്യ പുരോഹിതൻ ഒരു പ്രഭാഷണം നൽകും. അതിനുശേഷം ആരാധകർ അല്പസമയം പ്രാർത്ഥനയിലും ധ്യാനത്തിലും കഴിയും. തുടർന്നുള്ള കർമ്മങ്ങളിൽ പങ്കെടുക്കുവാൻ വിമുഖതയുള്ളവർ പിരിഞ്ഞുപോകും. ശേഷിച്ചവർ ഓരോരുത്തരായി കാർമ്മികനെ സമീപിച്ച് ഓരോ ചെറിയ അടയും രണ്ട് അപ്പക്കഷണങ്ങളും വീതം വലതു കൈയിൽ സ്വീകരിക്കും. അനന്തരം വേറൊരു ഉപകാർമ്മികനെ സമീപിച്ച് അദ്ദേഹത്തിൽ നിന്ന് ഏതാനും ജലകണങ്ങളും കൈയിൽ സ്വീകരിക്കും. അവ ഉടനെ ഭക്ഷിക്കപ്പെടും. അവ വിശ്വാസികൾക്ക് നിത്യജീവദായകമായ ദിവ്യവസ്തുക്കളാണ്. ബലിസമർപ്പിതമായ ഈ ഭക്ഷ്യങ്ങൾ അല്പം രോഗികൾക്കും നൽകപ്പെടും (പ്രൊഫ. ഗാർബേ, പു. 263, 264; മാർട്ടിൻ ജോസഫ്: *ഭഗവത്ഗീതയും ബൈബിളും*, പു. 43). ഈ അനുഷ്ഠാനത്തിലെ ചടങ്ങുകളും സങ്കല്പങ്ങളും വിശ്വാസങ്ങളും ക്രൈസ്തവ മതകർമ്മങ്ങളിൽ മുഖ്യമായ കുർബ്ബാനയിലെ ഘട്ടങ്ങളോടും മറ്റും സമാനവും സമാന്തരവുമാണ്.

സംഘകാല സാഹിത്യങ്ങളിൽ ധർമ്മോപദേശ കൃതിയാണ് തിരുക്കുറൾ. അതിലെ ചില ഭാഗങ്ങൾ ബൈബിളിലെ സദൃശ്യവാക്യങ്ങൾ, പുതിയനിയമത്തിലെ ഗിരിപ്രഭാഷണം എന്നിവയെ ഓർമ്മിപ്പിക്കുന്നത് കാണുക:

"സ്നേഹവും ധർമ്മവും വിളയാടുന്ന ഗൃഹത്തിൽ ആനന്ദവും ഐശ്വര്യവും നിറഞ്ഞ ജീവിതം പ്രകാശിക്കും." കുറൾ 45.

'ഗുണവതിയായ ഭാര്യയുള്ള ഗൃഹം എല്ലാം തികഞ്ഞതാണ്. പിഴച്ച ഭാര്യയുള്ളേടം മുടിഞ്ഞതും." കുറൾ 53.

"ഭർത്താവിന്റെ നന്മയ്ക്കു പോലും ഭാര്യയാണുത്തരവാദി. ആ നന്മയുടെ തങ്കക്കട്ടകളാണ് നല്ല കുട്ടികൾ." കുറൾ 60.

"അന്യന്റെ ഭാര്യയെ ആഗ്രഹിക്കരുത്." കുറൾ 148.

"ചൂതുകളിക്കാരന്റെ പൈതൃകമായ സ്വത്തും ഉത്കൃഷ്ടമായ പ്രശസ്തിയും നാശഗർത്തത്തിൽ അതിവേഗം പതിക്കും." കുറൾ 937.

പി. കെ. ഗോപാലകൃഷ്ണൻ എഴുതുന്നു: "സംഘകാലത്തിന്റെ അന്ത്യദശയിൽ എ. ഡി. മൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിലോ നാലാം നൂറ്റാണ്ടിന്റെ ആദിയിലോ അത് വരെ തമിഴകത്ത് പ്രവേശിച്ച സംസ്കാരങ്ങളുടെ ഉദ്ഗ്രഥനം സാധിക്കുക എന്ന ചരിത്രപ്രധാനമായ കർത്തവ്യമാണ് തിരുവള്ളുവർ നിർവഹിച്ചത്. പില്ക്കാലത്ത് ശ്രീശങ്കരനും ശ്രീനാരായണനും മുഴക്കിയ അതേ ഉദ്ഗ്രഥനസന്ദേശം തന്നെയാണ് ഈ കർമ്മയോഗിയുടെ

അനശ്വരകൃതിയായ തിരുക്കുറലിലെ അമൃതവാണികളിൽ നമുക്ക് കേൾക്കാൻ കഴിയുന്നത്" (പു. 189, 190).

ഈ ചർച്ച വെളിപ്പെടുത്തുന്നത് എ. ഡി. ആദ്യനൂറ്റാണ്ടിൽ കേരളത്തിൽ പ്രവേശിച്ച ബൈബിൾ ആദ്യം ബുദ്ധ - ജൈനമതങ്ങളെയും പിന്നീട് ശൈവ - വൈഷ്ണവ - ബ്രാഹ്മണ പ്രസ്ഥാനങ്ങളെയും സ്വാധീനിക്കുകയും നവീകരിക്കുകയും തന്മൂലം കേരളസംസ്കാരത്തെ വളർച്ചയിലേക്കു നയിക്കുകയും ചെയ്യുന്നതിന് മുഖ്യ പങ്ക് വഹിച്ചു എന്നാണ്.

## F. ആദിമ നൂറ്റാണ്ടുകളിലെ സാമൂഹ്യസ്ഥിതി

എ. ഡി. 52-ൽ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കരസഭ ഒരു മിഷണറി സമൂഹമായിട്ടാണ് നിലവിൽ വന്നതെങ്കിലും ആദ്യത്തെ രണ്ടു നൂറ്റാണ്ടുകൾക്കുശേഷം കടുത്ത മതപീഡനത്തിന് വിധേയമായി. ഹിന്ദുമത രൂപീകരണത്തിനു മുമ്പ് ശൈവ - വൈഷ്ണവ - ബ്രാഹ്മണ പ്രസ്ഥാനങ്ങളുടെ ആഗമന - മുന്നേറ്റക്കാലങ്ങളിലാണ് ഈ പീഡനം ശക്തിപ്പെട്ടത്. ബുദ്ധമതത്തെ തോല്പിച്ച് അതിനെ സ്വാംശീകരിക്കുവാൻ ശ്രമിച്ച തന്ത്രങ്ങൾ തന്നെയാണ് ക്രിസ്തുമതത്തിനും നേരിടേണ്ടിവന്നത്. ഭവിഷ്യ മഹാപുരാണത്തിലും ഭാഗവതത്തിലും അതിന്റെ സൂചനകൾ അവശേഷിക്കുന്നതായി നേരത്തെ രേഖപ്പെടുത്തിയിരുന്നുവല്ലോ. ക്രിസ്തുമതം ഒരു സംഘടിതരൂപം ആദിമുതലേ കൈവരിച്ചിരുന്നതിനാൽ അതിന് നിയമങ്ങളും അധികാരികളും സമ്മേളനങ്ങളും ഉണ്ടായിരുന്നു. ബൈബിൾ ആയിരുന്നു അവരുടെ നിയമ സംഹിതകൾക്കാധാരം. അത് പഠിപ്പിക്കുവാൻ പ്രതിവാര ആരാധനകളും കൂട്ടായ്മകളും അവർക്കുണ്ടായിരുന്നു. വ്യക്തി - കുടുംബ - സമൂഹ മേഖലകളിൽ വിശുദ്ധിയെപ്പറ്റി ഊന്നിപ്പറഞ്ഞിരുന്ന ബൈബിൾ ആ മതത്തിന് പ്രകാശമരുളി. അതിലെ ചില ഇഴകൾ പ്രത്യേക പരാമർശം അർഹിക്കുന്നു.

'നെറ്റിയിലെ വിയർപ്പോടെ അപ്പം ഭക്ഷിക്കണം' എന്ന കല്പന ക്രിസ്തുമതം ശിരസാ വഹിച്ചു. ക്രൈസ്തവസഭയിലെ അംഗങ്ങൾ കഠിനാദ്ധ്വാനികൾ ആയിരുന്നു. ദ്വിമുഖമായ അദ്ധ്വാനസരണികൾ അവർ ആവിഷ്ക്കരിച്ചു. ആദ്യത്തേത് വിദേശ വ്യാപാര മേഖല തന്നെ. ക്രിസ്തുമതത്തിലേക്ക് ആദ്യം പ്രവേശിച്ച യഹൂദന്മാരും ബുദ്ധമതക്കാരും പൊന്നാനി - അലക്സന്ത്രിയ വ്യാപാര പ്രവർത്തനത്തിൽ വിവിധ നിലകളിൽ പങ്കാളിത്തം വഹിച്ചിരുന്നുവല്ലോ. മലമ്പ്രദേശങ്ങളിൽ നിന്നും ഉൾനാടുകളിൽ നിന്നും വ്യാപാര വിഭവങ്ങൾ ശേഖരിക്കുന്ന തൊഴിലിലൂടെയാണവർ വ്യാപാരത്തിന്റെ ഭാഗമായത്. യാതൊരുവിധ വാഹനവും കരയിൽ പ്രത്യക്ഷപ്പെടാതിരുന്ന ആ കാലങ്ങളിൽ തലച്ചുമടായി വിഭവങ്ങൾ സമാഹരിച്ച് തുറമുഖപ്രദേശത്ത് എത്തിക്കുന്നത് വലിയ ശ്രമകരമായ അദ്ധ്വാനമായിരുന്നു. ഒറ്റയ

ടിപ്പാതകളാണ് അന്നത്തെ റോഡുകൾ. കവർച്ചക്കാർ വിരളമല്ലാതിരുന്നതിനാൽ ആ അദ്ധ്വാനം അപകടകരം കൂടെയായിരുന്നു. കൂട്ടം കൂട്ടമായി യാത്രാസംഘങ്ങളെ സംഘടിപ്പിച്ചും ഭാരം ഇറക്കിവച്ച് ആശ്വാസം അനുഭവിക്കുവാൻ വഴിയോരങ്ങളിൽ കരിങ്കല്ലത്താണികൾ സ്ഥാപിച്ചും ചുമട്ടുകാർക്കും വഴിയാത്രക്കാർക്കും ദാഹജലവും മറ്റും വിതരണം ചെയ്യാൻ ഗ്രാമ ഗ്രാമാന്തരങ്ങളിൽ തണ്ണീർപന്തലുകൾ ഏർപ്പെടുത്തിയും സാഹസികമായ ഈ അദ്ധ്വാനമേഖലയിലെ അദ്ധ്വാനഭാരം ലഘൂകരിക്കുവാൻ അവർക്ക് കഴിഞ്ഞു. നാണയവ്യവസ്ഥ ആരംഭിച്ചിട്ടില്ലാത്ത അക്കാലങ്ങളിൽ റോമ്മൻ നാണയങ്ങൾ മാത്രമായിരുന്നു വിനിമയോപാധി. വൻ വ്യാപാരികളിൽനിന്നും നാണയനിധി കടമെടുത്തോ പലിശക്കെടുത്തോ മലമ്പ്രദേശത്തും ഉൾനാടുകളിലുമുള്ള കൃഷിക്കാരിൽനിന്നും പ്രതിഫലം കൊടുത്ത് അവർ വിഭവങ്ങൾ ആവശ്യാനുസരണം വാങ്ങും. വിദേശ വ്യാപാരച്ചരക്കുകൾ മാത്രമല്ല, പ്രാദേശികമായി പ്രവർത്തിച്ചിരുന്ന ചന്തകളിലേക്ക് ആവശ്യമായ വിഭവങ്ങൾ ശേഖരിക്കുന്നതും ഇവർ തന്നെ. ഗ്രാമീണ ജീവിതത്തിനാവശ്യമായ വിഭവങ്ങളുടെ കൈമാറ്റവും വില്പനയും നടത്തിയിരുന്നത് അക്കാലങ്ങളിൽ ഗ്രാമം തോറും പ്രവർത്തിച്ചിരുന്ന ചന്തകൾ മുഖേന ആയിരുന്നു. ചന്തയിലെ കച്ചവടക്കാരും ചന്തയിൽ ദൂരദേശങ്ങളിൽനിന്നും വിഭവങ്ങളെത്തിക്കുന്നവരും ക്രൈസ്തവർ ആയിരുന്നു. ദൈവം തങ്ങളെ ഏല്പിച്ച ഭാരിച്ച ഉത്തരവാദിത്തമാണ് അധ്വാനത്തിന്റെ മാർഗ്ഗം എന്ന് വിശ്വസിച്ചിരുന്ന അവർക്ക് ഈ അദ്ധ്വാനം ഒരു ദൈവവിളി തന്നെയായിരുന്നു.

കുടുംബഭാരം എന്ന ഭാരിച്ച ഉത്തരവാദിത്തം മൂലം ഈ ദേഹാദ്ധ്വാനം അവർ ലഘുവായി കരുതി. ഏക ഭാര്യാ – ഭർത്തൃബന്ധം പാലിച്ചിരുന്ന ക്രൈസ്തവർക്കു സുദൃഢമായ കുടുംബ ബന്ധമാണുണ്ടായിരുന്നത്. സാഹസികമായി കഠിനാദ്ധ്വാനം ചെയ്തു കുടുംബഭദ്രത ഉറപ്പു വരുത്തുവാൻ അവർക്ക് മതപരമായ ബാദ്ധ്യത ഉണ്ടായിരുന്നു. വിവാഹ ജീവിതത്തിന്റെ പവിത്രതയും അതേല്പിക്കുന്ന ഉത്തരവാദിത്വങ്ങളും മതജീവിതത്തിന്റെ ഭാഗമായിരുന്നു. മക്കത്തായ വ്യവസ്ഥ പിതാവിന്റെ ഉത്തരവാദിത്വബോധത്തെ ആശ്രയിച്ചേ വിജയിക്കൂ. മറ്റൊരു മത സമൂഹത്തിലും ദൃശ്യമല്ലാത്ത ചുമതലകൾ കുടുംബനാഥനിൽ ക്രിസ്തുമതം അർപ്പിച്ചിരുന്നു. 'മുട്ട ചോദിക്കുന്ന മക്കൾക്ക് തേളിനെ കൊടുക്കുമോ' തുടങ്ങിയ ബൈബിൾ വാക്യങ്ങളെ ആധാരമാക്കി ഗൃഹനാഥന്റെ കടമ സ്രഷ്ടാവായ ദൈവത്തിന്റെ പരിപാലനകർമ്മം കൂടിയാണെന്ന ഉദ്ബോധനം ക്രൈസ്തവകുടുംബബന്ധങ്ങളെ ബലപ്പെടുത്തി. സഹോദരങ്ങൾ പരസ്പരം കാവൽക്കാരാണ് എന്ന ബൈബിൾ ദർശനം അവതരിപ്പിച്ച കുടുംബ സങ്കല്പം പരിപാവനവും അധ്വാനം ആവശ്യപ്പെടുന്നതും ആയിരുന്നു. ഭദ്രമായ കുടുംബസങ്കല്പത്തിന്റെ അഭാവം മൂലം ശിഷ്ടസമുദായങ്ങൾ അജാഗ്രത

യിലും ആലസ്യത്തിലും സമയം പാഴാക്കിയപ്പോൾ ക്രിസ്തുമതം ജാഗ്രത യുടെയും അധ്വാനത്തിന്റെയും മാർഗ്ഗത്തിലൂടെ മുന്നേറുകയായിരുന്നു. മക്കളെ വളർത്തുക, അവരെ തൊഴിൽ പരിശീലനത്തിലൂടെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുക എന്നീ കർത്തവ്യങ്ങൾ ഗൃഹനാഥനിൽ അധിഷ്ഠിതമായിരുന്നു. മക്കളുടെ വിവാഹത്തിൽ പോലും തങ്ങളുടെ പങ്കാളിത്തവും മാർഗ്ഗദർശനവും ക്രിസ്തീയ കുടുംബനാഥന്മാർ ഉറപ്പാക്കുവാൻ ശ്രമിച്ചിരുന്നു.

കുടുംബ ബഡ്ജറ്റ് എന്ന ആധുനിക സംജ്ഞകൾ ഒന്നും ഇല്ലായിരുന്നെങ്കിലും വരവ് ചെലവുകളെ കൂട്ടിമുട്ടിക്കുന്നതിലുള്ള അതീവജാഗ്രതയെപ്പറ്റി ബൈബിൾ പരാമർശിക്കുന്നുണ്ട്. വേണ്ടത്ര വകയില്ലാതെ ഗൃഹനിർമ്മാണം ആരംഭിച്ച് പണമില്ലായ്മ മൂലം നിർമ്മാണം നിർത്തേണ്ടിവന്ന് പരിഹാസ്യമായിത്തീരുന്ന ഗൃഹനാഥൻ, മണലിന്മേൽ വീട് പണിത് പ്രതികൂല കാലാവസ്ഥയിൽ വീട് തകർന്നതിനെത്തുടർന്ന് പരിതപിക്കുന്ന ബുദ്ധിശൂന്യനായ ഗൃഹനാഥൻ തുടങ്ങി ജീവിതത്തിന്റെ പ്രായോഗിക കാര്യങ്ങൾ പഠിപ്പിക്കുവാനുതകുന്ന നിരവധി ഉപമകൾ ബൈബിളിൽ ഉണ്ട്. ആഴ്ചതോറും നടത്തുന്ന കൂട്ടായ്മകളിൽ ഇത്തരം ഉപമകളെ സോദ്ദേശ്യമായി വ്യാഖ്യാനിക്കുന്ന പ്രബോധനങ്ങൾ വിശ്വാസികൾക്ക് ലഭിച്ചു. അതൊരു പരോക്ഷമായ പ്രായോഗിക ജീവിത പരിശീലനക്കളരി കൂടി ആയിരുന്നു. അത് ക്രൈസ്തവരെ മിതവ്യയക്കാരും സമ്പാദ്യശീലികളും ആക്കി. സമ്പാദ്യം വർദ്ധിച്ചപ്പോൾ കൈവശമുള്ള ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുവാനും ഹുണ്ടിക വ്യാപാരം ആരംഭിക്കുവാനും പ്രേരകമായി. ഇതായിരുന്നു രണ്ടാമത്തെ അദ്ധ്വാനമേഖല. യഹൂദ പാരമ്പര്യത്തിൽ ആവശ്യമായ പശ്ചാത്തലവും ഉണ്ടായിരുന്നു. പ്രാകൃതമായ തോതിലാണെങ്കിലും കേരളത്തിലാദ്യമായി ബാങ്കിംഗ് വ്യാപാരം ആരംഭിച്ചത് ക്രൈസ്തവർ ആയിരുന്നു. തൃശൂർ ജില്ലയിലെ പാലൂർ പ്രദേശമാണ് ചിട്ടികളുടെയും ബാങ്കുകളുടെയും ജന്മഭൂമി എന്ന് ആ വിഷയത്തിൽ ഗവേഷണ പഠനം നിർവഹിച്ച ഡോ. പി. പി. വർഗീസ് കണ്ടെത്തിയിട്ടുണ്ട്. ജൂതത്തെരുവിന്റെ മാതൃകയിൽ തെരുവുകൾ സംവിധാനം ചെയ്തു വീടിന്റെ മുൻഭാഗത്ത് വ്യാപാര സൗകര്യം ക്രമീകരിക്കുകയും പിൻഭാഗത്ത് വാസസൗകര്യം ക്രമീകരിക്കുകയും ചെയ്യുന്ന രീതി ക്രൈസ്തവർ പിന്തുടർന്നു. പ്രാചീനമായ ചന്തകളുടെയും കമ്പോളങ്ങളുടെയും സമീപത്ത് യഹൂദ മാതൃകയിൽ ക്രൈസ്തവരുടെ തെരുവീഥികൾ ഉയർന്ന് വന്നത് അങ്ങനെയാണ്.

മലമ്പ്രദേശങ്ങളിൽ സഞ്ചരിച്ച് അവിടങ്ങളിലെ വിഭവങ്ങൾ ശേഖരിച്ച് തുറമുഖ പ്രദേശത്ത് എത്തിക്കുന്ന സാഹസികതയും അധ്വാനവും ആവശ്യമായ വ്യാപാരവും കമ്പോളങ്ങളിലും വീടുകളിലും നടത്തുന്ന ആയാസരഹിതമായ വ്യാപാരവും; ഇത് രണ്ടും ക്രൈസ്തവരുടെ സാമ്പത്തിക

മുഖം തേജോമയമാക്കി. കുടുംബ ഭദ്രതയും ലക്ഷ്യബോധവും ആദർശശുദ്ധിയും ഗിരിപ്രഭാഷണത്തെ മാതൃകയാക്കി ചിട്ടപ്പെടുത്തിയ സാമൂഹ്യബന്ധങ്ങളും അവരെ സമൂഹത്തിൽ നിലയും വിലയും ഉള്ളവരാക്കി. അസംഘടിതരും അശിക്ഷിതരുമായ ശേഷം ജനവിഭാഗങ്ങൾക്ക് അസൂയയുണ്ടാക്കുന്ന ഒരവസ്ഥയിലായിരുന്നു ക്രൈസ്തവർ. അസംഘടിത വിഭാഗങ്ങളുടെ അസൂയയും അസഹിഷ്ണുതയും ആക്രമണരൂപം പ്രാപിച്ചപ്പോൾ അവർക്ക് പ്രതിരോധാവശ്യം മുൻനിർത്തി ആയുധാഭ്യാസം ശീലിക്കേണ്ടത് ആവശ്യമായിത്തീർന്നു. വീടുകളും ദേവാലയങ്ങളും കൊള്ളയടിക്കുന്ന സാഹചര്യങ്ങൾ നേരിടുവാൻ സദാ സമയവും നസ്രാണി പുരുഷന്മാർ ആയുധപാണികളായി സഞ്ചരിച്ചിരുന്നു. ദേവാലയങ്ങളിൽ പോകുവാൻ പോലും ആയുധപാണികളായി പോകേണ്ടുന്ന സാഹചര്യം നിലവിലിരുന്നു. അരക്ഷിതാവസ്ഥ ഒരനുഗ്രഹമായി. ഓരോ ഗ്രാമത്തിലും ദേവാലയം, കമ്പോള സ്ഥാപനങ്ങൾ, ഗൃഹങ്ങൾ ഇവയെ സംരക്ഷിക്കുവാൻ ആയുധാഭ്യാസം നേടിയ യോദ്ധാക്കൾ ക്രമീകരിക്കപ്പെട്ടു.

എ. ഡി. ആറാം നൂറ്റാണ്ടിനു ശേഷം ആര്യ ബ്രാഹ്മണർ കേരളത്തിലെത്തിയപ്പോൾ വർണ്ണവിഭജനത്തെ അസാധ്യമാക്കുന്ന അവസ്ഥയായിരുന്നു കേരളത്തിൽ. വൈശ്യധർമ്മം അനുഷ്ഠിക്കുവാൻ ഇവിടെ ക്രൈസ്തവരും അവരെ അനുകരിച്ച് ഇസ്ലാമും ഉണ്ടായിരുന്നു. അവർ ആര്യവല്ക്കരണത്തെ ചെറുത്തതുകൊണ്ടും അവരുടെ ശക്തി അവഗണിക്കാനാവാത്തവിധം ശക്തമായിരുന്നതുകൊണ്ടും ആര്യ ശ്രേണിയിലെ വൈശ്യവിഭാഗം കേരളത്തിലുണ്ടായില്ല. ക്ഷത്രിയരുടെ കാര്യവും അപ്രകാരമായിരുന്നു. നസ്രാണി യോദ്ധാക്കൾ ആയുധപരിശീലനം നടത്തുന്ന കാലമായതുകൊണ്ടും അവർക്ക് സ്വന്തമായി കളരിപ്രസ്ഥാനങ്ങൾ ഉണ്ടായിരുന്നതുകൊണ്ടും ഭരണക്കാരായ ഏതാനുംപേരെ ക്ഷത്രിയരായി പ്രഖ്യാപിക്കാനേ ആര്യ ബ്രാഹ്മണർക്ക് കഴിഞ്ഞുള്ളൂ. അത് തന്നെ ആവശ്യമുള്ളിടത്തോളം ലഭിക്കാത്ത പശ്ചാത്തലത്തിൽ ശൂദ്രവിഭാഗത്തിൽപ്പെട്ട യോഗ്യന്മാരെ ‘ഹിരണ്യ ഗർഭം’ നടത്തി ക്ഷത്രിയന്മാരാക്കേണ്ടിയും വന്നിരുന്നു (സ്വർണ്ണം കൊണ്ട് വലിയ ഗോബിംബമുണ്ടാക്കി അതിലൂടെ മന്ത്രാനുഷ്ഠാനപൂർവ്വം പുറത്തുവന്നാൽ അയാൾ ക്ഷത്രിയനായി എന്നു പ്രഖ്യാപിച്ചിരുന്ന അനുഷ്ഠാനം). നസ്രാണി വൈദികർ വീര്യത്തിലും വിശ്വസ്ഥതയിലും ആരേയും അതിശയിക്കുംവിധം ബൈബിൾ ദർശനത്തിന്റെ പശ്ചാത്തലം ഉള്ളവർ ആയിരുന്നു. പല രാജാക്കന്മാരും നാടുവാഴികളും അംഗരക്ഷകരായും കൊട്ടാര സംരക്ഷണത്തിനായും വ്യാപാര പുരോഗതിക്കായും ക്രൈസ്തവരെ സമൂഹമായി ക്ഷണിച്ചുകൊണ്ടുപോയി അവർക്ക് തെരുവുകളും ദേവാലയങ്ങളും നിർമ്മിച്ചുകൊടുത്തതിന്റെ വ്യക്തമായ സൂചനകൾ സമീപകാല കേരളചരിത്രത്തിൽ പോലും ദൃശ്യമാണ്.

ക്രൈസ്തവരുടെ തച്ചുശാസ്ത്ര പ്രാവീണ്യവും അവരെ ആദരണീയരാക്കി. മഹാശിലായുഗത്തിലും നവീനശിലായുഗത്തിലും പാർപ്പിട നിർമ്മാണം വലിയ പ്രശ്നമായിരുന്നു. ഗൃഹനിർമ്മാണത്തിന് മരം ഉപയോഗിക്കാമെന്ന് വന്നതോടെ ഭവനനിർമ്മാണം ഒരു കലയായി വികസിച്ചു. കേരളം തച്ചുശാസ്ത്രവും ജ്യോതിശാസ്ത്രവും പരിചയപ്പെട്ടത് മധ്യപൂർവ്വ ദേശത്തുനിന്നു വന്ന അസ്സീറിയൻ - കല്ദായ വംശജരിലൂടെയാണെന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ 'കേരളം' മഹാകാവ്യത്തിൽ പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധേയം. ബാബിലോണിയരും അവരെത്തുടർന്ന് യഹൂദരും അവരുടെ പൈതൃകമുള്ള ക്രൈസ്തവരും ഈ രംഗത്ത് പ്രവർത്തിച്ചവരാണ്. ഗോണ്ടഫോറസ് രാജാവിന്റെ കൊട്ടാരം പണിയും മാർത്തോമ്മാ ശ്ലീഹായുടെ വരവും സംബന്ധിച്ച് നിലവിലുള്ള ഐതിഹ്യം ഈ യാഥാർത്ഥ്യത്തിലേക്കാണ് സൂചന നല്കുന്നത്. ഭാരതീയ പുരാണങ്ങൾ നൽകുന്ന സൂചനകൾ പ്രകാരം തക്ഷകർ (തച്ചന്മാർ) വിദേശത്തുനിന്ന് വന്നവരാണ്. അവരുടെ ഗണിതശില്പ വിജ്ഞാനീയത്തിൽ പ്രകടമായ പ്രതിഭാവിലാസത്തെ മുനിർത്തിയാണോ തച്ചന്മാരെ തക്ഷകന്മാർ എന്ന സംജ്ഞ നൽകി പുരാതന രചയിതാക്കൾ ആദരിച്ചത് എന്ന് അറിഞ്ഞുകൂടാ. (ബൈബിളിൽ സർപ്പം ബുദ്ധിയുടെ പര്യായം; ഹവ്വായെ ബുദ്ധിയുപദേശിച്ചത് സർപ്പം; പാമ്പിനെപ്പോലെ ബുദ്ധിയുള്ളവർ ആയിരിക്കണമെന്ന് ക്രിസ്തുവചനം). എ. ഡി. നാലാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിന്ന് കേരളത്തിലെത്തിയ നൂറുകണക്കിന് ആളുകൾ അടങ്ങിയ വിവിധ ശില്പികളുടെ സംഘത്തെ നയിച്ച ക്നായിത്തോമ്മാ മികച്ച ഒരു തച്ചുശാസ്ത്ര വിദഗ്ദ്ധൻ ആയിരുന്നുവെന്നും അദ്ദേഹമാണ് പറയിപെറ്റ പന്തിരുകുലത്തിലെ പ്രസിദ്ധനായ പെരുന്തച്ചൻ എന്നും കേരള ചക്രവർത്തി അദ്ദേഹത്തെ തന്റെ മരാമത്ത് ചുമതല വഹിക്കുന്ന മന്ത്രിയായി നിയമിച്ചു എന്നും കേസരി നിരീക്ഷിച്ചിട്ടുള്ളത് ഇത്തരുണത്തിൽ സ്മരണീയം. കേരളത്തിലാദ്യമായി ശില്പസുന്ദരമായ കൊട്ടാരക്കെട്ടുകളും പ്രഭുമന്ദിരങ്ങളും നിർമ്മിക്കുവാൻ നേതൃത്വം നല്കിയതിലൂടെ ക്രൈസ്തവരുടെ സാമ്പത്തികസ്ഥിതി മെച്ചമായി. സാമൂഹികമായ അന്തസ്സും അംഗീകാരവും അവരെത്തേടിവന്നു. വീരരാഘവ ചക്രവർത്തി ഇരവികൊത്തന് നല്കിയ ചെമ്പുപട്ടയത്തെ ഈ പശ്ചാത്തലത്തിൽ വിലയിരുത്തണം (പ്രഭു എന്ന അർത്ഥത്തിൽ സുറിയാനിയിൽ ഉപയോഗിക്കുന്ന പദമാണ് കൊത്തൻ. ഇംഗ്ലീഷിലെ lord, മലയാളത്തിലെ യജമാനൻ, അച്ചൻ എന്നീ പദങ്ങൾ തൽസമാനങ്ങളാണ്. ഇരവി ബഹുമാന്യനായ വൈദികൻ ആയിരുന്നു. കൊത്തൻ എന്ന സുറിയാനിപദത്തിൽ 'ആർ' എന്ന പൂജക ബഹുവചനക്കുറി ചേർത്തു തൽഭവമാക്കിയാൽ രൂപം 'കത്തനാർ' ആയി). ക്നായിത്തൊമ്മൻ ചെപ്പേട് വഴി ക്രിസ്ത്യാനികൾക്ക് ലഭിച്ച പദവികളും അവകാശങ്ങളും ആനുകൂല്യങ്ങളും അവർ ചെയ്ത സേവനങ്ങൾക്ക് ലഭിച്ച അംഗീകാരമായി വേണം പരിഗ

ണിക്കുവാൻ. ചോള - പാണ്ഡ്യ ആക്രമണങ്ങളെത്തുടർന്ന് പഴയവഞ്ചിയിൽ നിന്നും (പഴഞ്ഞി) വന്നേരി നാട്ടിലെ പെരുമ്പടപ്പിൽ നിന്നും രക്ഷപെട്ട് കൊടുങ്ങല്ലൂരിൽ ആവാസമുറപ്പിച്ച നിസ്വനായ ചേരചക്രവർത്തിക്ക് സൈന്യബലവും ഭണ്ഡാര നിറവും നൽകി ധൈര്യപ്പെടുത്തുകയും നഗരവും തുറമുഖവും സംവിധാനം ചെയ്ത് രാജോചിത ജീവിതം സാധ്യമാക്കുന്നതിൽ ക്രൈസ്തവർ നല്കിയ വിലമതിക്കാനാവാത്തതും ത്യാഗനിർഭരവുമായ സേവനങ്ങൾക്കുള്ള പാരിതോഷികമായിരുന്നു ആ ചെപ്പേടുകൾ. ചേന്ദമംഗലവും കൊടുങ്ങല്ലൂരും രാജകീയ കേന്ദ്രങ്ങളാകുന്ന നാലാം നൂറ്റാണ്ടിനും അഞ്ചാം നൂറ്റാണ്ടിനും ശേഷമാണ് പറവൂർ, അങ്കമാലിയും അതെത്തുടർന്ന് കോതമംഗലം, കുറുപ്പമ്പടി തുടങ്ങിയ സ്ഥലങ്ങളും ക്രൈസ്തവ നഗരങ്ങളായി മാറിയത്. പെരിയാറിലൂടെയും പോഷക നദികളിലൂടെയും സഞ്ചരിച്ച് വനവിഭവങ്ങൾ ശേഖരിച്ച് വിദേശവ്യാപാരവും തദ്ഫലമായ രാജഭണ്ഡാരവും പുഷ്ടിപ്പെടുത്തുവാൻ ക്രൈസ്തവർ മുൻപന്തിയിലുണ്ടായിരുന്നു. ബൈബിൾ സംസ്കാരം അവരെ ഉത്തമരും വിശ്വസ്തരുമായ പൗരസഞ്ചയമാക്കിത്തീർത്തു. ഞായറാഴ്ച തോറും സമ്മേളിച്ചിരുന്ന കൂട്ടായ്മയോഗങ്ങളിൽ ബൈബിൾ പാരായണവും ബൈബിൾ പ്രഭാഷണവും ആരാധനയുടെ ഭാഗമായിരുന്നു. അക്കാലത്ത് ബൈബിളിന് നിരവധി കൈയെഴുത്ത് പകർപ്പുകളുണ്ടായി. മ്ലേച്ഛസാഹിത്യമെന്ന് മുദ്രചാർത്തി അവ നശിപ്പിക്കപ്പെടുമെന്ന അവസ്ഥയിൽ ബൈബിളിന് ബുദ്ധചരിതം എന്ന് വ്യാജനാമം നല്കി പോലും സംരക്ഷിക്കുന്ന സമ്പ്രദായമുണ്ടായി. ഇന്നും തൃപ്പൂണിത്തുറ മാനുസ്ക്രിപ്റ്റ് ഗ്രന്ഥശാലയിൽ ബുദ്ധചരിതങ്ങളുടെ പല പകർപ്പുകൾ കാണാം. ബുദ്ധചരിതമെന്നാണ് ഗ്രന്ഥശീർഷകമെങ്കിലും ക്രിസ്തുചരിതമാണ് അവയുടെ ഉള്ളടക്കം. “കേരളത്തിൽ ആര്യവത്ക്കരണം നടന്ന അഞ്ചു മുതൽ എട്ടു നൂറ്റാണ്ടുകളുടെ മദ്ധ്യേ അവൈദിക സാഹിത്യം നശിക്കപ്പെട്ട കൂട്ടത്തിൽ ബൈബിൾ നശിച്ചുപോയിരിക്കാനിടയുണ്ട്” (എൻ. കെ. ജോസ്, *ചില കേരള സഭാചരിത്ര പ്രശ്നങ്ങൾ*, പു. 58, 64). ഈ സാധ്യതയും സാഹചര്യവും പി. കെ. ഗോപാലകൃഷ്ണൻ കൂടുതൽ വ്യക്തതയോടെ വരച്ചു കാണിച്ചിട്ടുണ്ട്: പ്രതിയോഗികളെ നശിപ്പിക്കുവാൻ ബ്രാഹ്മണർ എല്ലാക്കാലത്തും സ്വീകരിച്ചിട്ടുള്ള കുപ്രസിദ്ധ മാർഗ്ഗം അവരുടെ സാഹിത്യം നശിപ്പിക്കലാണ്. ബ്രാഹ്മണമതത്തിന്റെ ശാഖയിൽ വിടർന്ന ചിന്താപദ്ധതികളുടെ പുഷ്പങ്ങളല്ലാതെ മറ്റൊന്നും തന്നെ ഭാരതോദ്യാനത്തിൽ വിടർന്ന് വിലസുവാൻ യാഥാസ്ഥിതിക ബ്രാഹ്മണർ അനുവദിച്ചില്ല...” ഈ പരിതഃസ്ഥിതിയിൽ പ്രച്ഛന്നവേഷം നൽകി ബൈബിൾ സംരക്ഷിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാവാം ക്രിസ്തുചരിതത്തിന് ബുദ്ധചരിതം എന്ന പേർ നൽകിയത്.

കൊടുങ്ങല്ലൂർ കേന്ദ്രമായി വിദേശവാണിജ്യം വികസിപ്പിച്ചകാലത്ത് തന്നെയാണ് കേരള ക്രൈസ്തവർ തെക്കുംഭാഗക്കാർ, വടക്കുംഭാഗക്കാർ

എന്ന് വിഭജിക്കപ്പെട്ടത്. കൊടുങ്ങല്ലൂരിനെ തുറമുഖമായും രാജപട്ടണമായും സംവിധാനം ചെയ്യുവാൻ ക്നായിത്തൊമ്മൻ നല്കിയ സേവനങ്ങളുടെ പേരിൽ പദവികളും അവകാശങ്ങളും നൽകുന്ന ചെപ്പേട് സമ്മാനിച്ച കാര്യം നേരത്തെ പ്രസ്താവിച്ചുവല്ലോ. കൊടുങ്ങല്ലൂർ പ്രദേശത്ത് ക്രൈസ്തവർക്ക് നൽകിയ വാസകേന്ദ്രത്തിന് മഹാദേവർപട്ടണം എന്ന് പേരായി. പട്ടണത്തിന്റെ വടക്കുഭാഗത്ത് നാട്ടുക്രിസ്ത്യാനികളും തെക്കുഭാഗത്ത് ക്നായിത്തൊമ്മന്റെ അനുയായികളും വസിച്ചിരുന്നു. അവരുടെ ആചാരങ്ങളും ജീവിതശൈലികളും വ്യത്യസ്തമായിരുന്നു. ഒരു പ്രാചീന കൈയെഴുത്ത് സഭാചരിത്രഗ്രന്ഥം അക്കാര്യങ്ങൾ ഇപ്രകാരം വിശദീകരിക്കുന്നു: കൊടുങ്ങല്ലൂർ ദേശത്ത് ആറ് വളഞ്ഞതിനകം ആനക്കോലാൽ 244 കോൽ ഭൂമി അളന്ന് 'അരചനിരിക്കും നരപതി ചേരകോൻ തേവരി തൃക്കരത്താൽ പൂവും നീരോടും കൂടെ വാങ്ങിച്ചുകൊണ്ടാൻ പരദേശിയായ നസ്രാണിത്തോമ്മാ ഇപ്പരിശെ പള്ളിയും പട്ടണത്തിനും തീർച്ച തട്ടിയപ്പൊഴുത് വാങ്ങീത കുംഭമാസം 29 ന് ശനിയാഴ്ച പക്കം സപ്തമിയും അതിനോടടുത്ത നാൾ ആയില്യവും രാശി കർക്കിടകവും. അപ്പരിഷ നമ്മുടെ കർത്താവിനുടെ ആണ്ട് 345-ൽ ഊർശ്ലേമിൽ നിന്ന് വന്ന് നിന്ന നസ്രാണികളും മലയാളത്തിൽ ഉണ്ടായിരുന്ന നസ്രാണികളും തമ്മിൽ ബന്ധുക്കളായി. അവ്വണ്ണം കുലഹീനത വരായ്വാൻ വന്നതിൽ അടിമപെട്ടവരും നിന്നതിൽ പരിചപ്പെട്ടവരേയും തങ്ങളിൽ ബന്ധുക്കളായ് ചമച്ച് പെരിയോരുടെ ഊരു (വ്) നാനൂറ് പീടിക വടക്കേ പന്തിയിലും ചെറിയോരുടെ ഊരു (വ്) എഴുപത്തിരണ്ടു പീടിക തെക്കേപന്തിയിലും എന്നത് പുരുഷാന്തരത്തിനും മാറ്റാതിരിപ്പാൻ പെരിയോരിടത്ത് ഇല്ല പിതൃവഴിയും ചെറിയോരിടത്ത് ഇല്ല മാതൃവഴിയും പെരിയോരിടത്തുള്ള പെണ്ണുകെട്ട് നെലെ നിന്ന്, ചെറിയോരിടത്തുള്ള പെണ്ണുകെട്ട് മുട്ടിന്മേൽ നിന്നും പെരിയോരിടത്തുള്ള പെണ്ണുകെട്ടിന് കുരിശും ചെറിയോരിടത്തുള്ള പെണ്ണുകെട്ടിന് തലുവവും....." (അജ്ഞാതകർത്തൃകമായ സഭാചരിത്രം കൈയെഴുത്ത് പ്രതി, അസ്സൽ ഈ ഗ്രന്ഥകാരന്റെ ഗ്രന്ഥശേഖരത്തിലുണ്ട്).

ഈ പേർഷ്യൻ സംഘത്തോടൊപ്പമാണ് മാർ ഗീവറുഗ്ഗീസ്, മാർ കുറിയാക്കോസ് സഹദേന്മാരുടെ പേരുകൾ കേരളത്തിലെത്തിയത്. ഇവരുടെ നാമത്തിലുള്ള പ്രസിദ്ധ പ്രാചീന പള്ളികൾ ആയ പാലയൂർ (ചാവക്കാട്), അങ്കമാലി, കരിങ്ങാച്ചിറ ദേവാലയങ്ങൾ അക്കാലത്തിന് ശേഷം ഉണ്ടായവയാണ് (പി. വി. മാത്യു, *കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ*, പു. 226).

ഈ വിഷയത്തെപ്പറ്റി കേസരി നടത്തിയ ഗവേഷണപഠനങ്ങൾ ശ്രദ്ധേയമാണ്. എ. ഡി. 671 ലോ ഇതിനടുത്ത ആണ്ടിലോ മരിച്ച കുലശേഖരപ്പെരുമാളിന് ശേഷം അദ്ദേഹത്തിന്റെ പുത്രനും പള്ളിബാണപ്പെരുമാൾ

എന്നും ഭൂതപ്പെരുമാൾ എന്നും പേരുകളുള്ള ചേരനുമായ ചന്ദ്രവർമ്മൻ നാടു വാഴുകയുണ്ടായി. ഇദ്ദേഹത്തിന്റെ മന്ത്രിയായിരുന്നു ക്നായിത്തൊമ്മൻ. പ്രസ്തുത പള്ളിബാണപ്പെരുമാളിന്റെ പൊതു മരാമത്ത് വകുപ്പിന്റെ മേൽനോട്ടം വഹിച്ചിരുന്ന ശില്പകലാ വിദഗ്ധനായ മന്ത്രിയായിരുന്നു എന്നതുകൊണ്ടാണ് കേരളത്തിലെ ഹൈന്ദവ ഐതിഹ്യം അദ്ദേഹത്തിന് ഉളിയന്നൂർ പെരുന്തച്ചൻ എന്ന് പേരിട്ടത്. പള്ളിബാണപ്പെരുമാൾ തന്റെ അന്ത്യകാലത്ത് ക്നായിത്തൊമ്മന്റെ പ്രേരണയാൽ പ്രസ്തുത പൂതരുടെ മതമായ (പൂതർ = പൂത് എന്ന സ്ഥലത്തുനിന്ന് ക്നായിത്തൊമ്മൻ കൊണ്ടുവന്ന ക്രിസ്ത്യാനികൾ – ഗ്രന്ഥകാരൻ) ക്രിസ്തുമതം സ്വീകരിക്കുകയുണ്ടായി. ഈ മതപരിവർത്തനം നിമിത്തം ഇദ്ദേഹത്തെ കക്കാട് നമ്പിടി വധിക്കുകയും ചെയ്തു (കക്കാട് എവിടെയാണെന്നോ കക്കാട് നമ്പിടി ആരാണെന്നോ കേസരി വ്യക്തമാക്കിയിട്ടില്ല. പാലൂർ പ്രദേശത്ത് കുന്നംകുളത്തുള്ള ഒരു പ്രാചീന ജനപദമാണ് കക്കാട്. ചേരപ്പെരുമാളിന്റെ വാളുനമ്പിയായിരുന്ന കക്കാട് നമ്പിടി. ബ്രാഹ്മണരുടെ താല്പര്യ സംരക്ഷണാർത്ഥം നടന്ന ഈ സംഭവത്തിന് പ്രത്യുപകാരമായി കക്കാട് നമ്പിടിയെ തലപ്പള്ളി രാജാവായി അഭിഷേകം ചെയ്യുകയും കക്കാട് നമ്പിടി കുടുംബത്തിലെ കക്കാട്, ചിറളയം, മണക്കുളം, പുന്നത്തൂർ കുടുംബനാഥന്മാരെ തലപ്പള്ളിരാജാക്കന്മാർ എന്ന് ബിരുദം നൽകുകയും ചെയ്തു. അധികാരമൊന്നുമില്ലെങ്കിലും ബിരുദം ഇന്നും നിലനിൽക്കുന്നുണ്ട്. മേല്പറഞ്ഞ കുടുംബത്തിലെ പൊതു കാരണവർ കക്കാട് കാരണവപ്പാട് എന്ന പേരിൽ കൊച്ചി രാജാക്കന്മാർക്ക് വിധേയമായി തലപ്പള്ളിയെ സംരക്ഷിച്ചു പോന്നു. ആ പ്രദേശത്തുള്ള കോട്ടോൽ, കക്കാട് വട്ടക്കോട്ട, എയ്യാൻ ചെമ്മൻതിട്ട എന്നിവിടങ്ങളിലെ കോട്ടകൾ ചേരവംശരാജാക്കന്മാരുടെ ആസ്ഥാനങ്ങൾ ആയിരുന്നുവെന്നും പഴയ വഞ്ചി (പഴഞ്ഞി) ആ വംശത്തിന്റെ തലസ്ഥാനമായിരുന്നുവെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പൊന്നാനി തുറമുഖപട്ടണപ്രദേശത്താണ് കക്കാട് സ്ഥിതിചെയ്യുന്നത്). ബൗദ്ധനായിരുന്ന പള്ളിബാണപെരുമാൾ ക്രിസ്തുമതമാണ് സ്വീകരിച്ചിരുന്നതെന്ന് കുറെ മുമ്പ് കോട്ടയത്തിനടുത്ത് കിളിരൂരിലെ ഭഗവതിക്ഷേത്രത്തിൽ നിന്ന് കണ്ടെടുത്ത പള്ളിബാണപ്പെരുമാളുടെ കുരിശുധരിച്ച വിഗ്രഹം പിൻതാങ്ങുന്നുണ്ട് (കേസരിയുടെ ലോകങ്ങൾ, പു. 89, 90).

കേരളത്തിലെ ക്രൈസ്തവർക്ക് ലഭിച്ചിരുന്ന അംഗീകാരത്തിന്റെയും ബഹുമതിയുടെയും മറ്റൊരു തെളിവാണ് തരീസ്സാപ്പള്ളി ചെപ്പേടുകൾ. ത്രീസായ് എന്ന സുറിയാനിപദത്തിന്റെ തത്ഭവരൂപമായ തരീസാ ശബ്ദത്തിന് വെടിപ്പാക്കപ്പെട്ടവർ (ഓർത്തഡോക്സ് എന്ന് ഗ്രീക്കു രൂപം) എന്ന് അർത്ഥമാണ്. കൊടുങ്ങല്ലൂരിനെപ്പോലെ കൊല്ലം പട്ടണത്തിന്റെയും തുറമുഖത്തിന്റെയും നിർമ്മാണ സംവിധാനങ്ങളുടെ പേരിൽ വേണാട് അധിപൻ കൊല്ലത്തെ ക്രൈസ്തവർക്ക് നല്കിയ പദവികളെയും അവകാശങ്ങ

ളെയും വിവരിക്കുന്ന രേഖയാണ് തരീസാ പള്ളി ചെപ്പേട്. കൊടുങ്ങല്ലൂരിന്റെ ആധിപത്യം അസ്തമിക്കുന്നതിനു മുമ്പായി കൊല്ലം നഗരം പ്രശസ്തിയിലെത്തി. 9-ാം നൂറ്റാണ്ടിന്റെ (എ. ഡി.) പ്രഥമാർദ്ധത്തിൽ തന്നെ കൊല്ലം ഒരു പ്രധാന തുറമുഖമായി മാറി. സഞ്ചാരിയായ സുലൈമാന്റെ അഭിപ്രായത്തെ അക്കാലത്തെ തെക്കേ ഇന്ത്യയിലെ ഏറ്റവും നല്ല തുറമുഖം കൊല്ലം ആയിരുന്നു (ഇളംകുളം കുഞ്ഞൻപിള്ള, *അന്നത്തെ കേരളം*, പു. 155). അഞ്ചുവണ്ണം, മണിഗ്രാമം എന്നീ വാണിജ്യസംഘടനകളുടെ കേരളത്തിലെ ആസ്ഥാനം കൊല്ലമായിരുന്നു. പുന്നത്തലപ്പതി, ചോളൈക്കുടിപ്പതി എന്നീ പ്രഭുക്കന്മാർക്കും കൊല്ലം പട്ടണത്തിന്റെ ഭരണത്തിൽ പങ്കുണ്ടായിരുന്നു (തരീസാപ്പള്ളിശാസനം). ചൈനക്കാരുടെ പ്രധാന വ്യാപാരകേന്ദ്രം കൊല്ലം ആയിരുന്നു. മഹോദയപുരത്തിന് സമാനവും സമാന്തരവുമായ പ്രാധാന്യമാണ് തന്മൂലം വേണാട്ടരചന്റെ തലസ്ഥാനമായ കൊല്ലത്തിന് കരഗതമായത്. എ. ഡി. 825-ൽ കൊല്ലത്തെത്തിയ ശാബാർ ഈശോ എന്ന വ്യാപരിയും അദ്ദേഹത്തോടൊപ്പം വന്ന മാർ സാബോർ, മാർ അപ്രോത്ത് എന്നീ രണ്ട് മെത്രാന്മാരുമാണ് കൊല്ലം നഗരത്തിന്റെ പ്രസക്തിയുടെ പ്രമുഖ ശില്പികൾ. കൊല്ലത്തെ വൻ വ്യാപാര സാധ്യതകളുള്ള തുറമുഖപട്ടണമാക്കാമെന്ന് ഈ വിദേശികൾ വേണാട്ടരചനെ ബോധ്യപ്പെടുത്തി. അവരുടെ നിർദ്ദേശപ്രകാരം അക്കൊല്ലം തന്നെ കൊല്ലത്ത് വിപുലമായ ഒരു തുറമുഖം നിർമ്മിച്ചു. 'കൊല്ലം തോന്റി' എന്ന പ്രശസ്തമായ പ്രസ്താവന ഈ കൊളംതോണ്ടലിനെ (തുറമുഖനിർമ്മാണം) സൂചിപ്പിക്കുന്നു. കൊല്ലം തോണ്ടിയതോടെ കൊടുങ്ങല്ലൂർ വാണിജ്യത്തേക്കാൾ കൊല്ലം വാണിജ്യം പ്രബലമായി. കൊടുങ്ങല്ലൂർ വാണിജ്യം മുഖ്യമായി ആഫ്രിക്കാ, യൂറോപ്പ് തുടങ്ങിയ പ്രദേശങ്ങളുടെ കിഴക്കു ഭാഗവുമായിട്ടായിരുന്നു. ചൈനീസ് വ്യാപാരകേന്ദ്രം കൊല്ലം ആയിരുന്നതിനാൽ കൊല്ലത്തിന്റെ പ്രശസ്തി ഏറെ വർദ്ധിച്ചു. അക്കൊല്ലം തന്നെ വേണാടിന്റെ തലസ്ഥാനം കൊല്ലത്തേക്കു മാറി. വിദേശ വ്യാപാരികളുടെയും മതാധ്യക്ഷന്മാരുടേയും ആഗമനം അവരുടെ നേതൃത്വത്തിലുള്ള തുറമുഖ നിർമ്മാണം, വ്യാപാരാഭിവൃദ്ധി, തുറമുഖ പട്ടണനിർമ്മാണം, തലസ്ഥാന ക്രമീകരണം എന്നീ വിവിധ സംഭവങ്ങൾ മൂലം എ. ഡി. 825 അവിസ്മരണീയമായി. കൊല്ലവർഷം എന്ന പേരിൽ നൂതനമായ ഒരു അബ്ദം ആരംഭിക്കുവാൻ ഇതാണ് ശരിയായ പശ്ചാത്തലം.

പില്ക്കാലത്ത് ആര്യന്മാരായ നമ്പൂതിരി ബ്രാഹ്മണർ പൊന്നാനി തുറമുഖം മുഖേന കേരളത്തിൽ കുടിയേറിപ്പാർത്ത് സർവ്വാധിപത്യം നേടുകയും വർഗ്ഗശുദ്ധിയുടെ പാരമ്യം അവകാശപ്പെട്ട് ഇതര സമുദായങ്ങളെ അശുദ്ധ ജാതിക്കാരായി - അയിത്തജാതിക്കാരായി - വേർതിരിച്ചപ്പോഴും ക്രിസ്ത്യാനികളെപ്പറ്റി ഉയർന്ന ആദരവും അംഗീകാരവുമാണ് അവർ നൽകിയത്. "തൈലാദിവസ്തുക്കൾ അശുദ്ധമായാൽ, പൈലോത് തൊട്ടാൽ

അത് ശുദ്ധമാകും" എന്ന അനുഷ്ഠുപ്പ് ശ്ലോകം നമ്പൂതിരിമാർ പ്രമാണ മാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തിരുന്നതായി ഋഗ്വേദാചാര്യ നായ ഒരു സഹപ്രവർത്തകനിൽ നിന്നു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഭവിഷ്യ മഹാപുരാണത്തിൽ മ്ലേച്ഛ നിർവചനം നൽകിയപ്പോഴും ഈ ആദരവ് സാക്ഷ്യപ്പെടുത്തുവാൻ വ്യാസമുനി മടിച്ചിട്ടില്ല.

## വില്ലാർവട്ടം രാജവംശം

ഈ അദ്ധ്യായത്തിൽ വിവരിച്ച ഇരവികൊത്തൻ ചെപ്പേട്, ക്നായി ത്തൊമ്മൻ ചെപ്പേട്, തരീസാപ്പള്ളി ചെപ്പേട് എന്നിവയിൽ ബഹുമതികളും പദവികളും ദാനം ചെയ്തിട്ടുള്ളത് സൂര്യചന്ദ്രാദികൾ നിലനില്ക്കുന്ന കാല ത്തേക്കായിട്ടാണെങ്കിലും അവയുടെ പ്രസക്തിയെല്ലാം ഇന്ന് പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്നു. എന്നാൽ കേരള ക്രൈസ്തവർക്ക് പുരാതനകാലം മുതൽത്തന്നെ സാമൂഹിക - സാമ്പത്തിക - സാംസ്കാരിക ജീവിത ത്തിന്റെ അടിസ്ഥാനത്തിൽ സമുന്നതമായ നിലയും വിലയും ഉണ്ടായി രുന്നു എന്ന് അവ വ്യക്തമാക്കുന്നു. കേരളത്തിന്റെ ചരിത്രത്തിലും തദ്വാര ഭാരത സംസ്കാരത്തിലും ശാശ്വതസ്മരണക്കർഹമായ സംഭാവനകൾ നൽകിയവരാണ് കേരളത്തിലെ തനി പുരാതന ക്രൈസ്തവ ജനത എന്ന പരമാർത്ഥം അഭിമാനപൂർവം ഓർക്കുവാൻ ഈ ചെപ്പേടുകൾ സഹായക മാണ്. ഈ ഔചിത്യവും അംഗീകാരവും പ്രതിഫലിപ്പിക്കുന്ന മറ്റൊരു സ്ഥാപനമാണ് വില്ലാർവട്ടം രാജവംശം. ചേന്ദമംഗലം, ഗോതുരുത്ത്, കടൽവാതുരുത്ത്, ചാത്തേടം, കല്ലൂർ, കഴൂർ, തൃക്കൂർ, കരുമല്ലൂർ, നീറി ക്കോട്, മുളവ്കാട്, നായരമ്പലം, പള്ളിപ്പുറം തുടങ്ങിയ സ്ഥലങ്ങൾ അട ങ്ങിയ ഒരു പ്രദേശം വില്ലാർവട്ടം എന്ന ക്രൈസ്തവ രാജവംശത്തിന്റെ ഭരണത്തിലായിരുന്നു. ഈ രാജവംശം പെരുമ്പടപ്പ് സ്വരൂപത്തിന്റെ ഒരു ശാഖയിൽപ്പെട്ടതാണെന്ന് പാലിയം ഗ്രന്ഥവരിയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (പി. വി. മാത്യു, *കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ വാല്യം 1,* പു. 324). അവസാനത്തെ വില്ലാർവട്ടം രാജാവിന്റെ കല്ലറയിൽ പ്രതിഷ്ഠിച്ചി ട്ടുള്ള ശിലയിലെ വട്ടെഴുത്ത് ലിഖിതം ഏതാണ്ടിങ്ങനെ വായിക്കാം: 'ചേന്ന ങ്ങലത്ത് പുറത്ത് വില്ലാർവെട്ടം തോമ്മാ രാജാവ്.' ഇദ്ദേഹത്തിന്റെ രാജ ചിഹ്നമായ ചെങ്കോൽ ക്രിസ്ത്യാനിനേതാക്കൾ വളരെക്കാലം നിധിപോലെ സൂക്ഷിച്ചു. പോർച്ചുഗീസുകാർ വന്നപ്പോൾ അത് ഗാമയെ ഏല്പിച്ചതായി പറയപ്പെടുന്നു.

എ. ഡി. ഒമ്പത് മുതൽ പതിന്നാലു വരെ നൂറ്റാണ്ടുകളിൽ ഇപ്രകാരം ഒരു രാജവംശം ഉണ്ടായിരുന്നുവെന്നതിന് മേൽക്കൊടുത്ത ശിലാലിഖിതം ഒരു പ്രധാന തെളിവു തന്നെയാണ്. 1439 ൽ യൂജീനിയസ് പാപ്പാ "മശിഹാ യിൽ നമ്മുടെ ഏറ്റവും പ്രിയപുത്രൻ ഭാരതീയരുടെ പ്രശസ്ത ചക്രവർത്തി യായ തോമ്മായ്ക്ക്" ഒരു കത്തയച്ചിട്ടുണ്ട്. ഈ വക സാഹചര്യങ്ങൾ പരി

ഗണിച്ച് അസ്സീമാൻ, ഉദയംപേരൂർ സുന്നഹദോസിന്റെ ചരിത്രകാരൻ ഗുവയാ എന്നിവരും 1911-ൽ വിരചിതമായ കൊച്ചി സെൻസ്സസ് റിപ്പോർട്ടിന്റെ ലേഖകനും ക്രൈസ്തവ രാജവംശത്തെ ഒരു ചരിത്രസത്യമായി അംഗീകരിച്ചിട്ടുണ്ട്. തലസ്ഥാനനഗരി കൊടുങ്ങല്ലൂർ, ഉദയംപേരൂർ, ചേന്ദമംഗലം എന്നിവിടങ്ങളിലേയ്ക്കൊക്കെ മാറിയത് ചില മത സംഘർഷങ്ങളെ തുടർന്നായിരുന്നു.

ഉദയംപേരൂരിലെ പള്ളി ക്രിസ്ത്വബ്ദം 510-ൽ വില്ലാർവട്ടം രാജാവ് പണിയിച്ചതാണെന്ന് പാരമ്പര്യമുണ്ട്. 'വില്ലാർവട്ടം പാന'യിൽ ഈ രാജവാഴ്ച നിന്നുപോയ വിവരം പരാമർശിച്ചിരിക്കുന്നത് ഡോ. കുടപ്പുഴ അച്ചൻ വിവരിക്കുന്നുണ്ട്. അവസാനമായി വാണിരുന്ന തോമ്മാ രാജാവ് മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യ മാത്രം രാജവംശത്തിലവശേഷിച്ചു. ആ റാണിയെ കൊച്ചിരാജവംശ കുടുംബത്തിലെ രാജകുമാരൻ ക്രിസ്ത്യാനിയായ ശേഷം വിവാഹം ചെയ്തു. കൊച്ചിരാജാവിന്റെ അതൃപ്തിയ്ക്കു പാത്രമായ കുമാരന് നാടുവിടേണ്ടതായി വന്നു. ഹൃദയഭേദകമായ ഈ അവസ്ഥയിൽ റാണി അന്തരിച്ചു.

ഈ സന്ദർഭത്തിൽ സാമൂതിരികോവിലകത്തു നിന്നു എൻ. എം നമ്പൂതിരി കണ്ടെടുത്ത് പ്രസിദ്ധീകരിച്ച 4-ാം നമ്പർ ഗ്രന്ഥത്തിലെ അവസാനത്തെ ഓല നമ്മുടെ സവിശേഷ ശ്രദ്ധയ്ക്ക് വിഷയമാവേണ്ടതാണ്: "....ാമത് വൃശ്ചിക ഞായർ 2 ന് വില്ലാർവട്ടം സ്വരൂപത്തിങ്കേന്ന് അടൂർ ഗ്രാമത്തിൽ കൊള്ളിവച്ചതിനും ദേവന്റെ തോണി കൊണ്ടുപോയതിനും മറ്റും ബ്രാഹ്മണരോട് അന്യായം വ്യാപരിച്ചതിനും കൂടി പെഴ പരീക്കകളും (?) എഴുതീട്ടവന്റെ തോണിയും തൊടന് കെട്ടി മാപ്ലമ്പള്ളീൽ പാലിയത്തച്ചൻ ഇരുന്ന് കല്പിച്ചു...." (*സാമൂതിരി ചരിത്രത്തിലെ കാണാപ്പുറങ്ങൾ*, വള്ളത്തോൾ വിദ്യാപീഠം, 1987, പു. 246. അനുബന്ധം 3:2).

ഈ രേഖയിൽ പറയുംപ്രകാരം വില്ലാർവട്ടം രാജവംശം ഹൈന്ദവേതരമാണ്. ഈ രേഖ വില്ലാർവട്ടം എന്ന ക്രൈസ്തവ രാജവംശം ചരിത്രത്തിൽ നിലനിന്നിരുന്നു എന്ന് വ്യക്തമാക്കുന്നു. ക്രിസ്തുമതത്തിന്റെ വളർച്ചയും ശക്തിയും അതിന്റെ പാരമ്യത്തിലെത്തിയ ചിത്രമാണ് ഈ രാജവംശം അനാവരണം ചെയ്യുന്നത്.

എൻ. കെ. അനന്തകൃഷ്ണയ്യർ എഴുതിയ *ആന്ത്രോപ്പോളജി ഓഫ് സിറിയൻ ക്രിസ്ത്യൻസ്* എന്ന ഗ്രന്ഥത്തിലെ ഒരു പ്രസ്താവന ഇത്തരത്തിൽ ശ്രദ്ധേയം: "സുറിയാനി ക്രിസ്ത്യാനികൾ വളരെ ഊർജ്ജസ്വലരും മെയ് സ്വാധീനമുള്ളവരും ആയിരുന്നു.... മുൻകാലങ്ങളിൽ നല്ലവണ്ണം ആയുധം ധരിക്കാതെ ചുരുക്കമായേ പുറത്തു സഞ്ചരിച്ചിരുന്നുള്ളൂ. ... അവരിൽ മഹാ ഭൂരിഭാഗവും വലതുകയ്യിൽ ഉറയൂരിയ വാളും ഇടതുകയ്യിൽ

പരിചയുമാണ് ധരിച്ചിരുന്നത്. എട്ടു വയസ്സുള്ളപ്പോൾ തന്നെ ഈ ആയുധങ്ങൾ ഉപയോഗിക്കുവാൻ അവർ പരിശീലിക്കപ്പെടുന്നു. ഇരുപത്തിഅഞ്ചു വയസ്സു വരെ അവർ ഇവ തുടർന്ന് ഉപയോഗിച്ചിരുന്നു... അവർ വിദഗ്ദ്ധരായ നായാട്ടുകാരും പടയാളികളും ആയിരുന്നു. ആകയാൽ രാജ്യത്തിലെ ഭരണാധികാരികൾ അവരെ വളരെ ബഹുമാനത്തോടുകൂടിയാണ് വീക്ഷിച്ചിരുന്നത്. തന്റെ രാജ്യത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സംഖ്യ അനുസരിച്ചാണ് ഒരു തദ്ദേശീയ രാജാവിനെ അയൽ രാജാക്കന്മാർ ബഹുമാനിക്കുകയോ ഭയപ്പെടുകയോ ചെയ്തിരുന്നത്.... അവരുടെ പൊതുവായ വിശ്വസ്തതയും സത്യതൽപരതയുമെന്നപോലെ, അവരുടെ സാമർത്ഥ്യവും സൈനികപരാക്രമവും നിമിത്തം ഭരണാധികാരികൾ എല്ലായ്പ്പോഴും അവരെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നു" (പു. 54–56). ക്രൈസ്തവവിജ്ഞാനകോശം, പ്രകാശം പബ്ലിക്കേഷൻസ്, പു. 193–199). 'രാജാക്കന്മാർ പലപ്പോഴും അവരുടെ ഉപദേശം തേടിയിരുന്നു' (എം. ഒ. ജോസഫ്: *തച്ചിൽ മാത്തുതരകൻ*).

## G. ക്രൈസ്തവരുടെ സ്വാധീനം കേരളത്തിൽ

കേരളത്തിൽ ക്രിസ്തുമതം ആവിർഭവിക്കുന്ന കാലത്ത് കേരളം അവ്യവസ്ഥകളുടെ നാടായിരുന്നു. കടൽ പിൻമാറിയതിന് ശേഷം പല കാലങ്ങളിലായി പല അസംഘടിത സംസ്കാരങ്ങളും കേരളത്തിലെത്തി. ആദ്യ നിവാസികൾ വനത്തെയും വന്യവിഭവങ്ങളെയും ആശ്രയിച്ചിരുന്നു. നവരസങ്ങളിൽ രതിയും (ശൃംഗാരവും) ഉത്സാഹവും (വീരം) ആയിരുന്നു അവരെ മുഖ്യമായി നയിച്ചത്. കുടിയേറ്റക്കാരുടെ പുതിയ സംഘങ്ങൾ വരുമ്പോൾ പഴയ നിവാസികൾ ഉൾവനങ്ങളിലേക്ക് പിന്മാറപ്പെട്ടുകൊണ്ടിരുന്നു. വടക്കേ ഇന്ത്യയിൽ നിന്ന് ദ്രാവിഡരും ബാബിലോണിയ പ്രദേശങ്ങളിൽ നിന്ന് കൽദായരും തുടർന്ന് അറബികളും യഹൂദന്മാരുമൊക്കെ എത്തിയപ്പോഴാണ് കേരളത്തിൽ പരിഷ്കാരം കണ്ണു തുറന്നത്. മഹാശിലാ സംസ്കാരത്തിൽ നിന്ന് ലോഹയുഗത്തിലേക്കുള്ള കാൽവെയ്പ്പായിരുന്നു അത്. വിദേശവ്യാപാര ഫലമായി സാമ്പത്തിക അഭിവൃദ്ധിയോടൊപ്പം വിദേശസംസർഗ്ഗവും സംസ്കാര പുരോഗതിയും കൈവന്നു. ബുദ്ധ – ജൈന മതങ്ങളും വിദേശ സംസ്കാരവും ചേർന്ന് ഒരു പുത്തൻ ഭൗതിക സംസ്കാരം കേരളത്തിലുദയംകൊള്ളുന്ന കാലത്താണ് ക്രിസ്തുമതം കേരളത്തിലെത്തുന്നത്. ഒരു മിഷനറി മതം എന്ന നിലയിൽ ക്രിസ്തുമതം സമൂഹത്തോട് സംവദിക്കുന്ന ഒരു പ്രസ്ഥാനം ആയിരുന്നു. സ്ത്രീ പുരുഷ ബന്ധത്തിന്റെ ധാർമ്മിക വിശുദ്ധിയും അപരനെ അയൽക്കാരനായി കരുതുന്ന സാമൂഹിക ഉത്തരവാദിത്വവും ആ മത ദർശനത്തിന്റെ കാതൽ ആയിരുന്നു. സ്രഷ്ടാവായ ദൈവത്തിന്റെ പിതൃത്വവും സൃഷ്ടി മുഴുവന്റെയും സാഹോദര്യവും ആയിരുന്നു ആ മത ദർശനത്തിന്റെ ഉൾച്ചരടു

കൾ. വ്യക്തി പ്രാർത്ഥനകളും സമൂഹപ്രാർത്ഥനകളും ഈ ദർശനത്തെ പ്രാവർത്തികമാക്കുന്ന ശക്തി സ്രോതസുകൾ മാത്രം. ആ സ്വാധീനം ബുദ്ധ - ജൈന മതങ്ങളിലെ നാസ്തിക ചിന്തയെ ആസ്തികത്വത്തിലേയ്ക്ക് നയിച്ചു. അർദ്ധനാരീശ്വര സങ്കല്പത്തിലൂടെ ശൈവദർശനത്തിന്റെ കുടുംബസങ്കല്പം പവിത്രമാക്കുവാൻ ആ ദർശനം പ്രേരണയായി. ഏക ഭർത്തൃ - ഭാര്യാ വ്രതം സ്വീകാര്യമാക്കുവാൻ ആ സ്വാധീനം ഇന്നും സമൂഹത്തെ വെല്ലുവിളിക്കുന്നു. പുരുഷന്റെ കുടുംബത്തെ കേന്ദ്രീകരിച്ചുള്ള ഗൃഹസംവിധാനം, സ്ത്രീപുരുഷ ബന്ധത്തിന്റെ സാമൂഹിക അംഗീകാരം അനിവാര്യമാക്കുന്ന മതകർമ്മങ്ങൾ, പുരോഹിത സാന്നിദ്ധ്യം, ദേവാലയ സാന്നിദ്ധ്യം, സാക്ഷികളുടെ സാക്ഷ്യം രേഖപ്പെടുത്തൽ, ബന്ധുജനങ്ങളുടെയും അയൽക്കാരുടെയും സാന്നിദ്ധ്യം ഉറപ്പാക്കൽ, വിവാഹമോചനം കഴിയുന്നത്ര അസാധ്യമാക്കുന്ന വിവാഹ വ്യാഖ്യാനങ്ങൾ, പിതാവിന്റെ മേൽവിലാസവും അവകാശവും മക്കൾക്ക് ലഭിക്കുന്ന നിയമ നിർമ്മാണങ്ങൾ തുടങ്ങി കുടുംബജീവിതത്തിന്റെ സാമൂഹിക മാനവും പവിത്രതയും ഉറപ്പുവരുത്തുന്ന അവസ്ഥയിലേക്ക് കേരളീയ സമുദായങ്ങൾ ഇന്നും വളർന്നുകൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ക്രിസ്തുമതത്തിന്റെ പരോക്ഷ സ്വാധീനം അനിഷേധ്യമാണ്.

വൈഷ്ണവ പ്രസ്ഥാനം അവതാര സിദ്ധാന്തത്തിലൂടെ ഭാരതത്തിലെ വിവിധ ജനവിഭാഗങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ നേതൃത്വം നൽകിയ വീര കഥാപാത്രങ്ങളെ കോർത്തിണക്കി വളരുവാൻ ആവശ്യമായ താത്വികമായ ഉപദേശം സ്വീകരിച്ചത് ക്രിസ്തുവിന്റെ മനുഷ്യാവതാര സംഭവത്തെ ആസ്പദമാക്കിയാണ്. അവതാര കൃത്യം വിമോചനവും വീണ്ടെടുപ്പും ധർമ്മസംസ്ഥാപനവും ആണെന്ന പ്രഖ്യാപനത്തിൽ ക്രിസ്ത്വവതാര മർമ്മം ദൃശ്യമാണ്. അസംഖ്യം ഗോപികമാർ നായികമാരും കൃഷ്ണൻ നായകനുമായ കല്പനയുടെ പിന്നിലും ക്രിസ്തു മണവാളനും സഭാംഗങ്ങൾ മണവാട്ടികളുമാണ് എന്ന ദർശനമാണുള്ളത്. ബ്രാഹ്മണ - വൈഷ്ണവ - ശൈവ പ്രസ്ഥാനങ്ങളെ ഏകമതമാക്കി കോർത്തിണക്കി ഹിന്ദുമത രൂപീകരണം നടത്തിയപ്പോഴും അതിന്റെ അടിസ്ഥാന സങ്കല്പമായി വർണ്ണിച്ചത് ക്രിസ്തുമതത്തിന്റെ ത്രിത്വ ദർശനമാണ്. ഏക ദൈവം പിതൃപുത്ര പരിശുദ്ധാത്മാവ് എന്നിങ്ങനെ ഏക സാരാംശവും ത്രിവിധ വ്യാപാരങ്ങളും ഉള്ള ത്രീയേകൻ ആകുന്നു എന്ന ദർശനമാണ് സ്രഷ്ടാവായി ബ്രഹ്മാവിനേയും പരിത്രാണകർമ്മ നായകനായി വിഷ്ണുവിനെയും സംഹാരകർത്താവായി രുദ്രനേയും സങ്കല്പിച്ചപ്പോൾ സമന്വയവക്താക്കൾ സ്വീകരിച്ചത്. ശങ്കരാചാര്യർ അദ്വൈതസിദ്ധാന്തത്തിന് ഊന്നൽ കൊടുത്തപ്പോൾ ക്രിസ്തുമതത്തിലേയും ഏക ദൈവവിശ്വാസത്തെ സ്വാംശീകരിക്കുകയാണ് ചെയ്തത്. ക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ ആധാരമാക്കി ക്രിസ്തുമതം ഉത്സവങ്ങൾ ആവിഷ്കരിച്ചതിന് സമാന്തരമായി മറ്റു മതസ്

തർക്കും ആഘോഷമുണ്ടായി. വ്യക്തിഗത ദേവസങ്കല്പവും ആ വ്യക്തി ദൈവത്തിന്റെ ജീവിത സംഭവങ്ങളോടും ബന്ധപ്പെടുത്തി ദിനാഘോഷങ്ങളും മറ്റും കേരളത്തിൽ ഉത്ഭവിച്ചത് ഈ പശ്ചാത്തലത്തിൽ ചിന്തിക്കാവുന്നതാണ്. ബൈബിളിലെ മിത്തുകളും മതാനുഷ്ഠാന സങ്കല്പങ്ങൾ പോലും പുരാണരചനകളിലെ കഥകൾ ആയി രൂപപ്പെട്ടു. ക്രിസ്തു യോർദ്ദാനിൽ പഴയ സർപ്പത്തിന്റെ തല ചവിട്ടി മർദ്ദിച്ചു എന്ന സ്നാനശുശ്രൂഷയുടെ മിത്ത് ആണ് കാളിയമർദ്ദനം കഥയായി ഭാഗവതത്തിൽ പ്രത്യക്ഷപ്പെട്ടത്. ക്രിസ്തുവും ശമര്യാക്കാരിയുമായി കിണറ്റുവക്കിൽ വച്ചുണ്ടായ സംഭാഷണം ചണ്ഡാലഭിക്ഷുകിയുടെ ഇതിവൃത്തമായി ബുദ്ധമത പുരാണരചയിതാക്കൾ സ്വീകരിച്ചു.

കേരളീയ മതങ്ങളെയും മതസാഹിത്യങ്ങളെയും എന്നപോലെ സംഘകാല സാഹിത്യകൃതികളെ ബൈബിൾ സ്വാധീനിച്ചു. തിരുക്കുറൾ തൊട്ടു ചിലപ്പതികാരം വരെ നീണ്ടുകിടക്കുന്ന സംഘം കൃതികളുടെ സന്മാർഗ്ഗികവും ധാർമ്മികവുമായ സന്ദേശത്തിന്റെ ഉൾച്ചരട് ബൈബിൾ ആണെന്ന് നേരത്തെ നാം നിരീക്ഷിച്ചുവല്ലോ. എ. ഡി. ആദ്യ നൂറ്റാണ്ടിൽ തന്നെ ദേവാലയ നിർമ്മാണവുമായി മതജീവിതമാരംഭിച്ച ക്രിസ്തുമതമാണ് കേരളത്തിലെ ഇതര മത ദേവാലയങ്ങൾക്ക് ജന്മം നൽകിയ പ്രേരണ. ആരാധകർക്ക് പങ്കാളിത്തം നൽകുന്ന ആരാധനകൾ വികസിക്കാത്തതിനാൽ ക്രിസ്ത്യൻ ദേവാലയങ്ങളിലെ പ്രധാന ഭാഗം – മദ്ബഹാ – മാത്രം ഗർഭഗൃഹമായി സംവിധാനം ചെയ്യപ്പെട്ടു. പിന്നീട് ഭക്തിരസ പ്രധാനമായ ഇതിവൃത്തങ്ങൾ കാണികളെയും ശ്രോതാക്കളെയും പങ്കെടുപ്പിച്ച് നടത്തേണ്ടി വന്നപ്പോൾ കൂത്തമ്പലങ്ങളും പള്ളികളിലെപ്പോലെ നാടകശാലകളും ഉണ്ടായി.

ഭക്തജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പില്ക്കാലത്ത് ഭജനകളും പ്രഭാഷണങ്ങളും സംവിധാനം ചെയ്തു ആരാധനയിലെ പ്രബോധനാംശത്തെ ഇതരമതങ്ങൾ ഇപ്പോൾ ആരാധനയിലൂടെ പോഷിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. വൈദിക വിദ്യാപാഠശാലയ്ക്കു സമാന്തരമായി രണ്ടാം ജന്മം എന്ന പേരിൽ (ദ്വിജശബ്ദം ഓർക്കുക) സമാവർത്തനവും ഉപനയനവും ക്രമീകരിച്ചതും പല ക്ഷേത്രങ്ങളിലും രവിവാരപാഠശാലകൾ (Sunday School) എന്ന പേരിൽ കുട്ടികൾക്കായി മതപ്രബോധനക്ലാസുകൾ ക്രമീകരിച്ചുവരുന്നതും ഇവിടെ ഓർക്കാവുന്നതാണ്. മൃഗബലി വൈദികകർമ്മമായി അംഗീകരിച്ച സനാതന വേദങ്ങളെപ്പോലും മറികടന്ന് രക്തരഹിതയാഗങ്ങൾ ക്രിസ്തുമതത്തെ അനുസ്മരിക്കുംവിധം നടത്തി തുടങ്ങിയിട്ടുള്ളതും ഓർക്കാവുന്നതാണ്. സന്ധ്യാ – പ്രഭാത യാമങ്ങളിൽ വീടുകളിൽ നടത്തുവാൻ പ്രാർത്ഥനകൾ ക്രമീകരിച്ചതും ഉത്സവങ്ങളോടനുബന്ധിച്ച് മതഗ്രന്ഥപാരായണ പരിപാടികൾ ആവിഷ്കരിച്ചതും ഭാഗവതസപ്താഹം പോലെ ദിവസങ്ങ

ളോളം നീണ്ടുനിൽക്കുന്ന ഭക്തി മാമാങ്കങ്ങൾ ആവിഷ്കരിച്ചതിന്റെ പിന്നിലും ക്രിസ്തുമതത്തിന്റെ പ്രേരണയാണുള്ളത്.

എ. ഡി. പന്ത്രണ്ടാം നൂറ്റാണ്ടിന് ശേഷം കേരളത്തിൽ ആരംഭിച്ച കൂത്ത്, കൂടിയാട്ടം തൊട്ട് കഥകളി, തുള്ളൽ തുടങ്ങിയ കലാരൂപങ്ങളുടെ ഉദയത്തിന്റെ പിന്നിലും ക്രിസ്തുമതത്തിന്റെ പരോക്ഷവും പ്രത്യക്ഷവുമായ സ്വാധീനം ദൃശ്യമാണ്. പുരാണേതിഹാസ കൃതികൾ മിക്കവയും പിറവിയെടുത്തത് ഉത്തരേന്ത്യൻ സാഹചര്യങ്ങളിലായിരുന്നുവെങ്കിലും അവയെ ആധാരമാക്കി പിറവിയെടുത്ത എല്ലാ കലാരൂപങ്ങളും അരങ്ങേറിയത് ക്രിസ്തുമതത്തിന്റെ പിറവി വീടായ പാലൂർ (വള്ളുവനാട് – തലപ്പള്ളി താലൂക്കുകളുടെ ഹൃദയഭാഗം) ആണെന്ന ചരിത്രവസ്തുത ഇവിടെ ഓർക്കാവുന്നതാണ്. കൂത്ത് എന്ന ദൃശ്യകലാരൂപവും അതിന്റെ പ്രയോക്താക്കളായ ചാക്യാന്മാരും ഉത്ഭവിച്ച പ്രദേശം ഏതാണെന്ന് കൃത്യമായി നിർദ്ദേശിപ്പാൻ ആർക്കും ഇതുവരെ കഴിഞ്ഞിട്ടില്ല. പാലൂർ പ്രദേശത്ത് പഴഞ്ഞിയിലെ (പഴയവഞ്ചി) ഓർത്തഡോക്സ് പള്ളിയുടെ പടിഞ്ഞാറുഭാഗത്ത് സ്ഥിതിചെയ്യുന്ന (ഇപ്പോൾ പുതിയപള്ളി പണിതുയർത്തിയ പുരയിടം) പറമ്പ് ഇന്നും അറിയപ്പെടുന്നത് 'ചാക്യത്തെ പറമ്പ്' എന്ന പേരിലാണെന്ന വസ്തുത കൗതുകമുണർത്തുന്നു. ഈ പ്രദേശത്തുള്ള പല ക്രിസ്ത്യൻ കുടുംബങ്ങളുടെയും വീട്ടുപേർ 'കൂത്തൂർ' എന്നാണെന്നത് കൗതുകം വർദ്ധിപ്പിക്കും. കൂത്തൂരിന് കൂത്തുമായും ചാക്യത്ത് പറമ്പിന് ചാക്യാരുമായും ഉള്ള ബന്ധം ഈ പശ്ചാത്തലത്തിൽ സവിശേഷ പഠനം അർഹിക്കുന്നുണ്ട്.

ക്രിസ്തു ഇതിവൃത്തമായ ക്രൈസ്തവാരാധനയെ – വി. കുർബ്ബാനയെ – ക്രിസ്തു നാടകമെന്ന് വിലയിരുത്താവുന്നതാണ്. അവതരിപ്പിക്കുന്ന ഉയർന്ന വേദി (മദ്ബഹാ), കാർമ്മികനും മറ്റു പരികർമ്മികളും (പ്രധാന നടനും ഉപനടനും) കാർമ്മിക വസ്ത്രങ്ങൾ (വേഷവിധാനം), കാർമ്മിക വാക്യങ്ങളും പ്രതിവാക്യങ്ങളും (സംഭാഷണം), ഗാനങ്ങൾ, ദീപാലങ്കാരങ്ങൾ (മെഴുകുതിരികളും നിലവിളക്കുകളും), വിവിധ മണികൾ, മറുവഹസാ മുതലായവയുടെ ശബ്ദസാന്നിദ്ധ്യം (വാദ്യോപകരണങ്ങൾ) ക്രിയാനുഷ്ഠാനങ്ങൾ (ആംഗിക – വാചിക – ആഹാര്യ അഭിനയങ്ങൾ) സംഗീതത്തോടു ചായ്‌വുള്ള സുറിയാനി ഗദ്യപ്രാർത്ഥനകളും അവയുടെ വ്യാഖ്യാനമായി മാതൃഭാഷയിലെ പ്രസംഗങ്ങളും (സംസ്കൃത ശ്ലോകോച്ചാരണവും മാതൃഭാഷയിലെ വ്യാഖ്യാനവും) പ്രേക്ഷകരെ കാർമ്മികരിൽ നിന്ന് പലപ്പോഴും വേർതിരിക്കുന്ന തിരശീല, കാർമ്മികർ ആവാൻ പ്രത്യേകം പരിശീലനം നേടിയ വൈദികർ (കൂത്ത് കുലത്തൊഴിലായി പരിശീലിക്കുന്ന ചാക്യാന്മാർ) ഇങ്ങനെ താരതമ്യം ചെയ്താൽ കേരളത്തിലെ ക്ഷേത്രകലകളായി ഉത്ഭവിച്ച് വികസിച്ചു വന്ന എല്ലാ ദൃശ്യകലകളും എ.

ഡി. ഒന്നാം നൂറ്റാണ്ടു മുതൽ ഇവിടെ അനുഷ്ഠിച്ചു വരുന്ന ക്രിസ്തു നാടകത്തിന്റെ മാതൃകയിൽ രൂപം കൊണ്ടവയാണെന്ന് കാണാം. ക്രിസ്തുമതം അവയെ ആരാധനയുടെ അനുഷ്ഠാനമെന്ന് ഭക്തിപൂർവ്വം വിശേഷിപ്പിക്കുന്നു; ഇതര സമുദായങ്ങൾ അവയെ അനുഷ്ഠാനകലകൾ എന്ന് ഭക്തിപൂർവ്വം വിശേഷിപ്പിക്കുന്നു. ഈ താരതമ്യം ആവശ്യമെങ്കിൽ കൂടുതൽ ആഴങ്ങളിലേക്കും വിസ്തൃതിയിലേക്കും വ്യാപിപ്പിക്കാവുന്നതാണ്.

എ. ഡി. 9-ാം നൂറ്റാണ്ടിൽ മലയാളം സ്വതന്ത്രഭാഷയായി വികസിക്കുന്നതിന് മുമ്പ് കേരളത്തിലെത്തിയ ക്രിസ്തുമതം ഭാഷാപരമായ വളർച്ചയ്ക്ക് ഗണ്യമായ സംഭാവന നൽകി. ദ്രാവിഡഭാഷയേയും തജ്ജന്യമായ മലയാളത്തെയും സമ്പന്നമാക്കുവാൻ ക്രിസ്ത്യാനികൾക്ക് കഴിഞ്ഞു. സുറിയാനി പശ്ചാത്തലമുള്ള അവരുടെ ആരാധനയുമായി ബന്ധപ്പെട്ടും ക്രൈസ്തവ നാമങ്ങളോട് ബന്ധപ്പെട്ടും ബൈബിളിനോടും വിശ്വാസത്തോടും ബന്ധപ്പെട്ടാണ് ഈ ഭാഷാപോഷണം മുഖ്യമായും നടന്നത്. മലയാളം സ്വന്തമാക്കിയ ചില പദങ്ങൾ കാണുക.

അല്പാന്തി ചുങ്കം = കപ്പൽ നികുതി
എൽപ്പോ (സുറി) = കപ്പൽ.
അന്നദ (സുറി) = മരിച്ചവരുടെ ഓർമ്മ, അതുമായി ബന്ധപ്പെട്ട സദ്യ, തത്സംബന്ധിയായ ആരാധനകൾ.
അപ്പിസ്ക്കോപ്പാ (സുറി) = എപ്പിസ്ക്കോപ്പാ, മേലദ്ധ്യക്ഷൻ.
മിത്രാൻ (അറബി) = മെത്രാൻ, നഗരപ്രദേശങ്ങളിലെ അദ്ധ്യക്ഷൻ.
അർക്കദിയാക്കോൻ = ശെമ്മാശന്മാരുടെ തലവൻ, വൈദിക നേതാവ്.
ശെമ്മാശൻ = ശുശ്രൂഷകൻ.
അൽമേനി (അറബി) = അവൈദികൻ.
ഏവൻഗേലിയോൻ = സുവിശേഷം.
ഏവൻഗേലിസ്തൻ = സുവിശേഷ രചയിതാവ്.
കത്തനാർ - കൊത്തൻ + ആർ = പ്രഭു. പുരോഹിതൻ.
കന്ദീശങ്ങൾ - കാദീശേ, വിശുദ്ധന്മാർ.
യൽദാ = യൽദോ = ജനനം.
കപ്യാർ = കാപ്പോറെ. ദേവാലയ പരിചാരകൻ.
കമ്മീസ് = വൈദികന്റെ സാധാരണ വസ്ത്രം.
കശ്ശീശാ = കാശീശോ = മൂപ്പൻ, പുരോഹിതൻ.
കഹന = കൊഹനോ = ആചാര്യൻ.
കാനോൻ = മാനദണ്ഡം = നിയമസംഹിത
കാവ്യർ = കാഫിർ = അവിശ്വാസി.
കാസാ = കോസോ. പാനപാത്രം
പീലാസാ = പരന്ന പാത്രം, പ്ലെയിറ്റ് (ത്ത്)

കുർബ്ബാന = കുർബോനോ = കാഴ്ച.
കൂദാശ = കൂദാശോ = ശുദ്ധീകരണം.
കേത്താന = കേത്താനോ, കോട്ടൺ = പരുത്തി.
കൃംതാ = കൃംതൊ = ഉയിർത്തെഴുന്നേല്പ്.
തക്സാ = തക്സൊ, ക്രമം, ക്രമങ്ങൾ അടങ്ങിയ പുസ്തകം.
തബിലൈത്താ = തബിലൈത്തോ, പീഠം, ചെറിയ മേശ (ടേബിലെറ്റ്)
ത്രോണോസ് = സിംഹാസനം, സ്വർണ്ണോസ് (പ്രാദേശികഭേദം)
തോറാന = ദുക്റോനോ = ഓർമ്മ.
നിബിയന്മാർ = ന്ബീയേ = പ്രവാചകന്മാർ.
മാലാഖ - മാലാഖൊ = ദൂതൻ.
പന്തക്കുസ്തി - പെന്തക്കൊസ്തി = അമ്പതാം നാൾ.
പാത്രിയർക്കീസ് = ഗോത്രപിതാവ്.
മെത്രാപ്പോലീത്താ = പ്രധാന നഗരത്തിലെ സഭാദ്ധ്യക്ഷൻ.
കാതോലിക്കാ = കാതോലിക്കോസ് = സാർവത്രിക (പിതാവ്)
ബാവാ = പിതാവ്.
ആബൂൻ = ഞങ്ങളുടെ പിതാവ്.
പ്രുമിയോൻ = മുഖവുര.
മദ്ബഹാ - മദ്ബഹോ = ബലിപീഠം.
മാർ = മോർ = പ്രഭു.
മർത്ത് = മൊർത്ത് = പ്രഭ്വി.
മല്പാൻ - മല്പോനോ = ഗുരുനാഥൻ.
മഹറോൻ = ശാപം.
മാമ്മൂദീസാ - മാമ്മൂദീസോ = സ്നാനം.
ഈശോ - യേശു = രക്ഷകൻ.
സുന്നഹദോസ് = സമ്മേളനം.
സൈത്ത് - സൈത്തോ = ഒലിവെണ്ണ.
മൂറോൻ = സുഗന്ധ തൈലം.
സ്ലീബാ - സ്ലീബോ = കുരിശ്.
ഗാഗുൽത്താ - ഗോഗുൽത്താ = ക്രിസ്തുവിനെ കുരിശിച്ച കുന്നിന്റെ പേർ.
അമ്മീറ = പുളിപ്പുള്ള അപ്പം.
പത്തീറ = പുളിപ്പില്ലാത്ത അപ്പം.
ഹൂലാല = ഹൂലോലോ. സങ്കീർത്തന ഭാഗം.
റമ്പാൻ = റാബാൻ. സന്ന്യാസി.
ദയറാ = ദയറൊ = ആശ്രമം.
റൂഹാ - റൂഹോ = ആത്മാവ്.
പറുദീസാ = പറുദൈസാ. പറുദീസാ തോട്ടം.

ദ്രാവിഡ സംഘാതാക്ഷര നിബദ്ധമായ തമിഴിലേക്ക് സുറിയാനി നാമ ങ്ങൾ തത്ഭവങ്ങളായി പകർത്തുവാൻ നടന്ന ശ്രമങ്ങൾ സർവ്വസാധാര ണമാണ്.

യാക്കോബ് - ചാക്കോ - ചാക്കപ്പൻ, ചാക്കോച്ചൻ, ചാക്കുണ്ണി ('ബ' തമിഴിലില്ല).

അബ്രഹാം - അവറാൻ - അവിരാ - അവറാച്ചൻ, അയ്പ്പൂരു - അയ്പ്പോര.

ഇസഹാക്ക് - സാക്കു - ചാക്കു, ഇത്താക്ക്.

ഗീവറുഗീസ് - കീവറീയ്ത - വറീയ്തു - വറതു - വറതപ്പൻ - വാറു - വാറപ്പൻ.

യൗസേഫ് - ഔസേപ്പ് - ഇട്ടൂപ്പ് - ഉതുപ്പ്.

സഖറിയ - ചെറിയ - ചേറു - ചേറപ്പൻ - ചെറിയാൻ.

യൂഹാനോൻ - ഓനച്ചൻ.

ആദാം - ആതൻ.

മലയാളീകരിച്ച ക്രിസ്ത്യൻ നാമങ്ങൾ വേറെയും നിരവധിയുണ്ടെങ്കി ലും മലയാളം സ്വതന്ത്ര ഭാഷയാകുന്നതിനു മുമ്പ് രൂപപ്പെട്ട ഈ നാമ രൂപങ്ങൾ പ്രത്യേകം പഠനീയങ്ങൾ തന്നെ.

ബൈബിളിൽ നിന്നും ക്രിസ്തീയാരാധനാനുഷ്ഠാനങ്ങളിൽ നിന്നും ഭാഷയുടെ വാചികവും ലിഖിതവുമായ സ്വരൂപങ്ങളിലേക്ക് പകർന്നു കിട്ടി യിട്ടുള്ള ശൈലികളും സവിശേഷ പ്രയോഗങ്ങളും ബിംബങ്ങളും നിരവ ധിയാണ്. ആധുനിക മലയാള കവിതയിലെ മുഖ്യസ്വാധീന ധാര ബൈബി ളാണെന്ന് ഒരു ഗവേഷണ പ്രബന്ധത്തിൽ നിരീക്ഷിച്ചിട്ടുണ്ട് (ഫാ. ഡോ. ജോസഫ് ചീരൻ, *ആധുനിക മലയാള കവിതയിലെ ബൈബിൾ സ്വാധീ നം*). ഏതാനും ഉദാഹരണങ്ങൾ കാണുക:

അലിവിന്റെ വീഞ്ഞു, മുൾക്കിരീടം, കുരിശ്, മെഴുകുതിരി, ഉയിർത്തെ ഴുന്നേല്പ്, കുരിശിക്കുക, മുടിയനായ പുത്രൻ, കുഞ്ഞാട്, ലോകത്തിന്റെ പാപം ചുമക്കുന്ന കുഞ്ഞാട്, കൂട്ടം തെറ്റിയ കുഞ്ഞാട്, ഇടയനും കുഞ്ഞാ ടുകളും, രോമം കത്രിക്കുന്നവന്റെ മുമ്പിൽ കുഞ്ഞാട്, ജ്ഞാനസ്നാനം, രക്ഷകൻ, കുറുനരികൾക്ക് കുഴികൾ, ആകാശത്തിലെ പറവകൾക്ക് കൂട്, തലചായ്ക്കാനിടമില്ല, മനുഷ്യപുത്രൻ, ഗോഗുൽത്താ, പറുദീസാ, ഇതെന്റെ മാംസം, ഇതെന്റെ രക്തം, അയൽക്കാരന്റെ കുഞ്ഞാട്, ആദിപിതാക്കൾ, പറുദീസാ നഷ്ടം, പഴം തിന്നുക, പച്ചവെള്ളത്തെ മുന്തിരിച്ചാറാക്കുക, പാമ്പുകൾക്ക് മാളമുണ്ട്, അത്താണി, പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ, ആണിപ്പഴുതുകൾ, വഴികാട്ടിയ നക്ഷത്രം, അറിവിൻ കനി തിന്നുക, പിതാ വേ.. ഇവനോട് പൊറുക്കേണമേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറി

യുന്നില്ല, കടലിനു മീതെ നടക്കുക, ഒടുവിലത്തെ അത്താഴം, ഉപ്പ്, വാഗ്ദത്തഭൂമി, പാപത്തിന്റെ കനി, അപ്പവും വീഞ്ഞും, സത്യത്തെ ക്രൂശിക്കുക, ജീവന്റെ വൃക്ഷം, അയൽക്കാരന്റെ തോട്ടം, മാംസവും രക്തവും, നിലവിളിക്കുന്ന രക്തം, തിരുമുറിവ്, ഈ രക്തത്തിൽ എനിയ്ക്കു പങ്കില്ലാ, ആദ്യത്തെ കൊലയാളി, തൃക്കോവിൽ മാലിന്യം, കൈ കഴുകുക, വ്യാകുല മാതാവ്, പഞ്ചക്ഷതം, കുരിശിന്റെ ഗാനം, നാണയ സഞ്ചിയുടെ താളം, മുപ്പതു വെള്ളിക്കാശ്, യൂദാസിന്റെ ചുംബനം, ചാട്ടവാർ ചുഴറ്റുക, നിന്റെ വസ്ത്രങ്ങൾക്കായി നറുക്കിടുന്നു, നെറ്റിയിൽ പാപത്തിൻ പഴകിയ കുറി, നോഹയുടേ മഴവില്ല്, പാറ, സോദോം – ഗോമോറാകൾ, ഉപ്പുതൂണ്, ബലിയ്ക്കുള്ള ആട്ടിൻകുട്ടി, അൾത്താര, പുഴ രണ്ടായ് കീറുക, വടി പാമ്പായ് മാറ്റുക, ഒരു ചെകിട്ടത്തടിച്ചാൽ മറ്റേ ചെകിടും കാട്ടിക്കൊടുക്കുക, ബാബേൽ, ബെത്‌ലഹേം, ലബനോൻ, ശാരോൻ, സീനായ്, ഹോരേബ്, നർത്തകിയുടെ ചിരി, ബധിരമായ കുരിശ്, രണ്ടു നാവ്, ഓശാന പാടുക, അഗ്നി, ദുഖഃവെള്ളി ഇപ്രകാരം ക്രിസ്തുമതം, ഭാഷയിലേക്ക് സംക്രമിച്ച പദ – ബിംബാവലികളും ശൈലികളും സന്ദേശങ്ങളും ദർശനങ്ങളും അനന്തമായ ചർച്ചകൾക്കും ഗവേഷണങ്ങൾക്കും വേദിയൊരുക്കിയിട്ടുണ്ട്.

## H. മലങ്കരസഭയുടെ ഇതര ബന്ധങ്ങൾ

മലങ്കരസഭയുടെ പൗരാണിക വിദേശബന്ധങ്ങളെപ്പറ്റിയുള്ള ചർച്ചയിൽ പരാമർശം അർഹിക്കുന്ന ഒന്നുരണ്ട് ഖണ്ഡികകൾ കൂടെയുണ്ട്. അതിലൊന്നാണ് പേർഷ്യയിലെ നെസ്തോറിയൻ സഭയുമായിട്ടുള്ള ബന്ധം. അലക്സന്ത്രിയൻ സഭയുമായി സംസർഗ്ഗം പുലർത്തിയിരുന്ന കാലഘട്ടത്തിന്റെ ഒടുവിൽ നാലും അഞ്ചും നൂറ്റാണ്ടുകളിൽ വിദേശബന്ധത്തിന്റെ കേന്ദ്രങ്ങൾ അലക്സന്ത്രിയായിൽ നിന്ന് പേർഷ്യയിലെ ബെസ്രാ മുതലായ തുറമുഖങ്ങളിലേക്കും പൊന്നാനിയിൽ നിന്ന് കൊടുങ്ങല്ലൂരിലേയ്ക്കും മാറിയതിനെത്തുടർന്ന് പേർഷ്യൻ സഭയുമായി മലങ്കരസഭ സംസർഗ്ഗം ആരംഭിച്ചതായി നേരത്തെ പ്രസ്താവിച്ചുവല്ലോ. ഈ ബന്ധം ആരംഭിക്കുമ്പോൾ പേർഷ്യൻസഭയുടെ തലവൻ സെല്യൂക്യ ആസ്ഥാനമായി ഭരണം നടത്തിയിരുന്ന കാതോലിക്കാ ആയിരുന്നു. എന്നാൽ എ. ഡി. 486 മുതൽ കാതോലിക്കേറ്റ് നെസ്തോറിയാ വിശ്വാസം അംഗീകരിച്ചു. ഇതിൽ പ്രതിഷേധിച്ച ഒരു ന്യൂനപക്ഷം തെഗ്രീസിൽ മോറൂസോയെ ഒന്നാമത്തെ മഫ്രിയാന ആയി വാഴിച്ചു. മലങ്കരസഭ പേർഷ്യൻ സഭയോട് ബന്ധപ്പെട്ട കാലങ്ങളിൽ കാതോലിക്കായോടാണോ മഫ്രിയാനയോടാണോ ബന്ധപ്പെട്ടതെന്ന ചോദ്യം പ്രസക്തമാണ്. മാർത്തോമ്മായിൽ നിന്നും അലക്സന്ത്രിയാ സംസർഗ്ഗത്തിൽ നിന്നും ലഭിച്ച വിശ്വാസപരമായ പൈതൃകത്തിൽ ഭാരതസഭ അടിസ്ഥാനപ്പെട്ടിരുന്നതിനാൽ പിന്നീടുണ്ടായ സംസർഗ്ഗം കൊണ്ട് ഭാരതസഭ നെസ്തോറിയാ വിശ്വാസം സ്വീക

രിച്ചു എന്ന് പറയാവുന്നതല്ല. നിശ്ചയമായും സെല്യൂഷ്യൻ കാതോലിക്കേറ്റിന് കീഴിലുള്ള സഭ കൂടുതൽ മിഷണറി സ്വഭാവം പ്രദർശിപ്പിച്ചിരുന്നതിനാൽ ആ സഭയിലെ മെത്രാന്മാർ മലങ്കരസഭയെ സന്ദർശിച്ചിരുന്നു എന്ന ചിന്തയെ നിരാകരിക്കേണ്ടതില്ല. എന്നാൽ ഒൻപതാംനൂറ്റാണ്ടിന് ശേഷം 14 -ാം നൂറ്റാണ്ടുവരെ സെല്യൂഷ്യൻ കാതോലിക്കായുടെ സഭയെപ്പറ്റി ചരിത്രം മൗനം അവലംബിക്കുന്നതിനാൽ നെസ്തോറിയൻ ബന്ധത്തെ സ്വീകരിക്കുവാൻ ചരിത്രപരമായ ന്യായങ്ങളില്ല. എ. ഡി. 628 ൽ സ്ഥാപിക്കപ്പെട്ട മോറൂസോ മഫ്രിയാന ഇന്ത്യയ്ക്കുവേണ്ടി ഒരു മെത്രാപ്പോലീത്തായെയും അദ്ദേഹത്തെ സഹായിക്കാൻ ഏതാനും മെത്രാന്മാരെയും നിയോഗിച്ചു. നെസ്തോറിയൻ കാതോലിക്കായും മെത്രാന്മാരെ ഇന്ത്യയിലേയ്ക്ക് നിയോഗിച്ചിട്ടുണ്ട്. 1490-ൽ മലങ്കരയിലെ ഒരു നിവേദക സംഘം നെസ്തോറിയൻ കാതോലിയ്ക്കായെ സമീപിച്ചു. 7-ാം നൂറ്റാണ്ടിൽ യേശുയാഹ്ബ് ശെമവൂൻ, എട്ടാം നൂറ്റാണ്ടിൽ സാലിബ്സാക്കാ, 15-ാം നൂറ്റാണ്ടിലെ മാർത്തോമ്മാ, മാർ യൂഹാനോൻ തുടങ്ങിയ മെത്രാന്മാർ നെസ്തോറിയർ ആയിരിക്കാം. ഈ മെത്രാന്മാർ ആരും ഇവിടെ അന്തരിച്ച ചരിത്രമില്ല. അവർ നടത്തിയത് ഹ്രസ്വമായ സന്ദർശനങ്ങൾ മാത്രം. അവരുടെ സന്ദർശനവേളയിൽ അവർ ഇവിടെ പട്ടക്കാരെ വാഴിച്ചിരിക്കാമെങ്കിലും സാധുവായ കൈവെപ്പ് സ്വീകരിച്ചു എന്നതുകൊണ്ട് നൂറ്റാണ്ടുകളായി വേരോടിയ വിശ്വാസപാരമ്പര്യങ്ങൾ കൈവിട്ടു എന്ന് അർത്ഥമാകുന്നില്ല. പട്ടക്കാരെ വാഴിക്കുവാൻ ഇവിടെ ഒരു സ്ഥിരസംവിധാനം രൂപപ്പെട്ടിരുന്നത് വല്ലപ്പോഴുമൊരിക്കൽ ഒരു മെത്രാൻ വന്ന് പട്ടക്കാരെ വാഴിച്ചതുകൊണ്ട് അപ്രത്യക്ഷമായിരുന്നില്ല. 17-ാം നൂറ്റാണ്ടിൽപ്പോലും വലിയ ഇടവകകളിൽ പേറെദ്യൂത്താ സ്ഥാനികൾ ഉണ്ടായിരുന്നതായി രേഖയുണ്ട്. ഈ സ്ഥാനികൾ മെത്രാന്മാരല്ലെങ്കിലും മെത്രാന്മാരുടെ അഭാവത്തിൽ സഭയുടെ പൊതുനിയോഗമുണ്ടെങ്കിൽ അവർക്ക് പട്ടം കൊടുക്കാമെന്ന് കാനോനുകൾ അനുശാസിക്കുന്നുണ്ട്. അലക്സന്ത്രിയൻ സഭയുടെ പാരമ്പര്യം പേർഷ്യൻ സംസർഗ്ഗത്തിൽ പേറെദ്യൂത്താ എന്ന സ്ഥാനനാമമായി ഉറച്ചതായിരിക്കാം. 1665-ൽ അബ്ദുൾ ജലീൽ ഗ്രിഗോറിയോസ് വരുമ്പോൾ പോലും വലിയ ഇടവകകളിൽ പേറെദ്യൂത്താ സ്ഥാനികൾ ഉണ്ടായിരുന്നതായി അദ്ദേഹത്തിന്റെ കല്പനകൾ സ്ഥിരീകരിക്കുന്നുണ്ട്. രാജസദസുകളിലും മറ്റും സമുദായത്തെ പൊതുവായി പ്രതിനിധാനം ചെയ്യുവാൻ ജാതിയ്ക്കുകർത്തവ്യൻ എന്ന പേരിൽ ഒരു അർക്കദിയാക്കോൻസ്ഥാനം നിലവിലിരുന്നതും പേർഷ്യൻ സംസർഗ്ഗം കൊണ്ട് സിദ്ധിച്ച സംവിധാനം ആയിരുന്നിരിക്കാം. ഏതായാലും പോർത്തുഗീസുകാർ കേരളത്തിലെത്തിയപ്പോൾ നെസ്തോറിയൻ മെത്രാനെയാണ് കണ്ടത്. ഇദ്ദേഹത്തെ പിൻഗമിച്ചതും മാർ അബ്രഹാം എന്ന നെസ്തോറിയ മെത്രാൻ ആയിരുന്നു. ആരാധനയ്ക്ക് ഉപയോഗിച്ചിരുന്ന പൗരസ്ത്യ

സുറിയാനി നെസ്തോറിയരുടേത് മാത്രമാണെന്ന ധാരണയിൽ മലങ്കര നെസ്തോറിയാ ആണെന്ന് അവർ വിധിയെഴുതി. അവർ പരിചയപ്പെട്ട ചില മലങ്കരസഭാകേന്ദ്രങ്ങളിൽ ചില നെസ്തോറിയൻ ആചാരങ്ങൾ കണ്ടതു മൂലം ഈ ധാരണ ശക്തിപ്പെടുകയും ചെയ്തു.

1653 മുതൽ മലങ്കരയിലെത്തിയ വിദേശ സഭാദ്ധ്യക്ഷന്മാർ എല്ലാവരും അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ അയക്കപ്പെട്ടു എന്ന് പില്ക്കാല സഭാ ചരിത്രകാരന്മാർ നിരാധാരമായി വാദിച്ച് തെളിവുകൾ ചമയ്ക്കുന്നതുപോലെ 9-ാം നൂറ്റാണ്ടു മുതൽ മലങ്കരയിലെത്തിയ വിദേശ സഭാദ്ധ്യക്ഷന്മാരെല്ലാവരും നെസ്തോറിയാ പാത്രിയർക്കീസിനാൽ അയക്കപ്പെട്ടവരാണെന്ന് ചില സഭാചരിത്രകാരന്മാർ അഭ്യൂഹിച്ചിട്ടുണ്ട്. മലങ്കരസഭ നെസ്തോറിയമായിരുന്നു എന്ന് നിലപാടെടുത്ത കത്തോലിക്കാ ഗ്രന്ഥകാരന്മാർ ചമച്ച ചില ലിഖിതങ്ങൾ അവർ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടു കാര്യങ്ങളെക്കുറിച്ച് അവർ മറുപടി നൽകേണ്ടതുണ്ട്.

1. മലങ്കര സന്ദർശിച്ച മെത്രാന്മാർ എവിടെയാണ് ആസ്ഥാനമാക്കിയത്? അവരുടെ ചെയ്തികളെപ്പറ്റി ഇന്ത്യൻ സഭയിൽ വല്ല രേഖകളും ഉണ്ടോ?

2. അവരുടെ അന്ത്യവിശ്രമരംഗങ്ങൾ ഏതെല്ലാം? അതോ അവർ ഹ്രസ്വ സന്ദർശനങ്ങൾക്കു ശേഷം തിരിച്ചുപോകുവാൻ വന്ന വ്യാപാരികളായിരുന്നുവോ?

3. കാതോലിക്കാ - മഫ്രിയാനാ സ്ഥാപനങ്ങൾ ഒരാളിൽ ഒത്തുചേർന്ന സംഭവങ്ങൾ ഉണ്ടോ? (1685-ൽ വന്ന യൽദൊ മാർ ബസ്സേലിയോസ് അദ്ദേഹം എഴുതിയ തക്സാകളിൽ അപ്രകാരം അവകാശപ്പെട്ടിട്ടുണ്ട്).

4. കാതോലിക്കാ - മഫ്രിയാനാ സ്ഥാനങ്ങൾ വഹിച്ച ആൾ അലക്സന്ത്രിയ പാത്രിയർക്കീസിന്റെ സംസർഗ്ഗത്തിലായിരുന്ന ഒരു കാലത്തെപ്പറ്റി എന്തെങ്കിലും സൂചനകൾ ലഭ്യമാണോ?

കോസ്മോസ് തുടങ്ങിയ പല സഞ്ചാരികളും മലങ്കരയിൽ മെത്രാന്റെ സാന്നിദ്ധ്യം സാക്ഷിക്കുന്നുവെങ്കിലും അതൊരു സ്ഥിര സാന്നിദ്ധ്യം ആയിരുന്നില്ല. വ്യാപാരാവശ്യങ്ങളോടൊപ്പം സഭാ സേവനവും നടത്തി അവർ തിരിച്ചുപോവുകയല്ലാതെ ഒരാൾ പോലും ഈ മണ്ണിൽ അന്ത്യവിശ്രമം കൊള്ളുന്നതായി ആരും അവകാശപ്പെട്ടിട്ടില്ല. എ. ഡി. ഒന്നാം നൂറ്റാണ്ടു മുതൽ പിന്തുടർന്നു വന്ന കൈവെപ്പു സമ്പ്രദായമാണ് മലങ്കരയിൽ പോർച്ചുഗീസ് ആഗമനം വരെ നടന്നിട്ടുള്ളത്. പല പാത്രിയർക്കീസന്മാരെയും കാതോലിക്കാ മഫ്രിയാനാമാരെയും മെത്രാപ്പോലീത്തന്മാരെയും എപ്പിസ്കോപ്പന്മാരെയും പരിചയപ്പെട്ടതിന് ശേഷവും കണ്ടനാട് പടിയോല എഴുതിയ (1809) പ്പോൾ പട്ടം കൊടുക്കുന്ന സ്ഥാനിയെ മലങ്കരസഭയുടെ

ഔദ്യോഗിക പ്രതിപുരുഷയോഗം 'യജമാന സ്ഥാനം' എന്ന് മാത്രമാണ് വിശേഷിപ്പിച്ചത്. ഇടവകയിലെ സാധാരണ വൈദികർ കത്തനാർ എന്നും ഈ യജമാന സ്ഥാനികൾ കത്തനാരച്ചനെന്നും അക്കാലങ്ങളിൽ ആദര പൂർവം വിശേഷിപ്പിക്കപ്പെട്ടു. ഈ കത്തനാരച്ചനെയാണ് അബ്ദുൾ ജലീൽ ഗ്രിഗോറിയോസിന്റെയും തോമ്മാ അർക്കദിയാക്കോന്റെയും കത്തുകളിൽ പേറെദ്‌യൂത്താ എന്ന് വിശേഷിപ്പിച്ചിട്ടുള്ളത്. മെത്രാന്മാർ സഭയിലുണ്ടായ ശേഷവും ഒരധികാരവും ഇല്ലെങ്കിലും ഓരോ ഇടവകയിലെയും സീനി യർ പുരോഹിതൻ കത്തനാരച്ചൻ എന്ന് 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദ ത്തിൽ പോലും വിളിക്കപ്പെട്ടിരുന്നു. 15-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ യാബ് ആലോഹോ, ദനഹ, യോഹന്നാൻ, തോമസ്, യൗസേപ്പ് എന്നി ങ്ങനെ അഞ്ചു മെത്രാന്മാർ ഏകകാലത്തു മലങ്കരയിൽ സന്ദർശിച്ചതായി അറിയാം. അവരെയും ഈ സന്ദർശകപ്പട്ടികയിലാണുൾപ്പെടുത്തേണ്ടത്. ഇവരിൽ മാർ ജോസഫ് പോർത്തുഗീസ് പ്രീതി സമ്പാദിച്ചു. അദ്ദേഹം 1569-ൽ യൂറോപ്പിൽ വെച്ച് മരിച്ചു. 1568-ൽ മാർ അബ്രഹാം മലങ്കരയി ലെത്തി. അദ്ദേഹം സൗകര്യംപോലെ പാപ്പായോടും നെസ്തോറിയൻ പാത്രിയർക്കീസ് അബ്ദീശോയോടും കൂറുപ്രഖ്യാപിക്കുവാൻ വൈമ നസ്യം കാട്ടിയില്ല. ഔപചാരികമായി ഈ വിധേയത്വ നടപടി തുടരുമ്പോ ഴും മലങ്കരയോട് ചേർന്നുനിൽക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. പതിവു പോലെ അദ്ദേഹത്തിൽ നിന്ന് കൈവെപ്പ് സ്വീകരിക്കുവാൻ മലങ്കരസഭ സന്നദ്ധമായി. അപ്പോഴും സഭയുടെ പൊതു ഭരണം ഗീവർഗീസ് അർക്കദി യാക്കോനിൽ നിക്ഷിപ്തമായിരുന്നു. അവിഭക്ത മലങ്കരസഭയിൽ ഏറ്റവും ഒടുവിൽ സന്ദർശനം നടത്തിയ മാർ അബ്രഹാം 1597-ൽ അന്തരിച്ചു.

## I. അവിഭക്തസഭ: ചില നിരീക്ഷണങ്ങൾ

1. പൊന്നാനി - അലക്സന്ത്രിയാ തുറമുഖങ്ങൾ മുഖേന വിപുലമായി നടന്നിരുന്ന വിദേശവ്യാപാരത്തിന്റെ ഫലമായി ക്രിസ്തുവിന് മുമ്പ് കേരളം ദ്രാവിഡവംശജരായ ബുദ്ധ - ജൈന വിശ്വാസികളുടെയും അറബികൾ, ഗ്രീക്കുകാർ, പേർഷ്യക്കാരായ അസുരവംശക്കാർ, മദ്ധ്യപൂർവ്വ ദേശങ്ങളി ലെ യഹൂദന്മാർ, പ്രാചീന ബാബിലോണിയക്കാർ എന്നിവരുടെയും സംഗമ ഭൂമിയായിരുന്നു. ഏക മുഖമായ സംസ്കാരമായിരുന്നില്ല കേരളത്തിലേത്.

2. എ.ഡി 52-ൽ മാർത്തോമ്മാശ്ലീഹായുടെ നേതൃത്വത്തിൽ പൊന്നാ നിയുടെ തുറമുഖ പ്രദേശമായ പാലൂരിൽ (ഇന്നത്തെ തലപ്പള്ളി - വള്ളുവ നാട് താലൂക്കുകളുടെ ഹൃദയഭാഗം) ക്രിസ്തുസഭ സ്ഥാപിതമായി. പാലൂ രിലെ ജൂതക്കുന്നിലുണ്ടായിരുന്ന ജൂതസംഘാലയം - സിന്നഗോഗ് - ആദ്യ ത്തെ ക്രൈസ്തവ ദേവാലയമായി. യഹൂദന്മാരും ബുദ്ധ - ജൈന വിശ്വാ സികളുമായിരുന്നു ആദ്യകാലത്ത് ക്രിസ്തുമതം സ്വീകരിച്ചത്. സുറിയാ നിഭാഷയിൽ പരിമിതമായ ആരാധനകളും ബൈബിളും പൗരോഹിത്യ

നൽവരവും മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് ലഭിച്ചു.

3. വ്യാപാരബന്ധത്തിന്റെ ഫലമായി ആദ്യം അലക്സന്ത്രിയൻ സഭയും പിന്നീട് പേർഷ്യൻ സഭയും മലങ്കരസഭയോട് സംസർഗ്ഗം പുലർത്തി. കൂദാശകളുടെ വികസനം, പൗരോഹിത്യ പിന്തുടർച്ചയുടെ സംവിധാനം, വിശ്വാസ പരിശീലനം ഇവ മലങ്കരസഭയിൽ അടിസ്ഥാനപരമായി രൂപപ്പെട്ടത് അലക്സന്ത്രിയൻ സംസർഗ്ഗത്തിന്റെ പശ്ചാത്തലത്തിലാണ്.

4. തച്ചുശാസ്ത്രം, ജ്യോതിഷവിദ്യ, കല്പഗണിതം, ദൃശ്യകലകൾ എന്നിവയിൽ പ്രാവീണ്യം നേടിയവരെ ഒന്നാം ചേരവംശരാജാക്കന്മാർ കേരളത്തിലേക്ക് ക്ഷണിച്ചിരുന്നു. അവരുടെ സംഘങ്ങൾ കൊടുങ്ങല്ലൂരിലും പിന്നീട് കൊല്ലത്തും തുറമുഖങ്ങളും തുറമുഖപട്ടണങ്ങളും സംവിധാനം ചെയ്തത് രാജാക്കന്മാരുടെ ധനപുഷ്ടി വർദ്ധിപ്പിച്ചു. ധന – സൈനികസഹായത്തിലും ഈ വിദേശ ക്രിസ്ത്യാനികൾ ചെയ്ത ത്യാഗപൂർവ്വമായ സേവനങ്ങളെ മുൻനിർത്തി അതത് സ്ഥലത്തെ ഭരണകർത്താക്കൾ ക്രിസ്ത്യാനികൾക്ക് സ്വന്തമായ ഗ്രാമങ്ങളും ദേവാലയങ്ങൾ നിർമ്മിക്കുവാനുള്ള സഹായങ്ങളും അവകാശങ്ങളും പദവികളും സമ്മാനിച്ചു.

5. തദ്ദേശീയ സംസ്കാരത്തോട് ഇണങ്ങുകയും അവയെ ശുദ്ധീകരിച്ച് പരിഷ്കരിക്കുകയും ചെയ്ത ക്രിസ്തുമതം ദേവാലയ നിർമ്മാണം, ധാർമ്മിക – സദാചാരനിയമങ്ങൾ, സാമൂഹികബോധം, അദ്ധ്വാനശീലം, സമ്പാദ്യശീലം തുടങ്ങിയ കർമ്മമേഖലകളിൽ മറ്റുള്ളവർക്ക് മാതൃകയായി. മാർത്തോമ്മാ രചിച്ച് നൽകിയ ബൈബിൾ സംഗ്രഹം അവരുടെ ജീവിതത്തെ പ്രകാശത്തിലേക്ക് നയിച്ചതിനാൽ ആ മതത്തിന്റെ വികാസം ദ്രുതഗതിയിൽ സംഭവിച്ചു.

6. യഹൂദ – ബുദ്ധ – ജൈന വിശ്വാസികളിൽ നിന്ന് ആദ്യ പുരോഹിതരെ നിയമിച്ചു. സംഘകാല സാഹിത്യ കൃതികളുടെ സന്ദേശപരമായ ഉൾച്ചരട് ബൈബിൾ ആയിരുന്നു. അലക്സന്ത്രിയൻ മാതൃകയിൽ പട്ടക്കാർ കൈവെപ്പ് നൽകി പട്ടക്കാരെ വാഴിച്ചിരുന്നു. പില്ക്കാലത്ത് ഈ അധികാരം ഓരോ ഇടവകയിലേയും പ്രധാന – സീനിയർ – പുരോഹിതനിൽ നിക്ഷിപ്തമായി. പേർഷ്യൻ സംസർഗ്ഗം പ്രബലപ്പെട്ടപ്പോൾ ഈ മുഖ്യ പുരോഹിതൻ 'പേറെദ്യൂത്താ' എന്ന് അറിയപ്പെട്ടു. സമുദായത്തെ മുഴുവനായി രാജസഭകളിലും മറ്റും പ്രതിനിധാനം ചെയ്യുവാൻ പട്ടക്കാരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി പേർഷ്യൻ മാതൃകയിൽ അർക്കദിയാക്കോൻ എന്നോ ജാതിക്ക്കർത്തവ്യൻ എന്ന പേരിലോ അറിയപ്പെട്ടു.

7. പില്ക്കാലത്ത് കൈവെപ്പ് സമ്പ്രദായങ്ങളിൽ നിഖ്യയിൽ ചേർന്ന റോമ്മാസാമ്രാജ്യത്തിലെ സാർവത്രിക സിനഡ് (എ. ഡി. 325) നിയമങ്ങൾ നടപ്പാക്കിയെങ്കിലും മലങ്കരസഭയിൽ പൂർവ്വിക പതിവ് നിർത്തലാക്കുവാൻ

കഴിയുമായിരുന്നില്ല. പലപ്പോഴും വ്യാപാരാർത്ഥവും മിഷനറി പ്രവർത്തനം ഉദ്ദേശിച്ചും പല സഭകളിലേയും – അലക്സന്ത്രിയൻ, പേർഷ്യൻ – മെത്രാന്മാർ മലങ്കരയിൽ സന്ദർശനം നടത്തിയ ഘട്ടങ്ങളിൽ അവരിൽ നിന്ന് കൈവെപ്പ് സ്വീകരിക്കുവാനും മടിച്ചിരുന്നില്ല. അവർ പ്രതിനിധാനം ചെയ്യുന്ന വിശ്വാസ വൈവിധ്യങ്ങളെപ്പറ്റി മലങ്കരസഭ കാര്യമായി ഗൗനിച്ചിരുന്നില്ല. ഏതായാലും ചില പ്രദേശങ്ങളിൽ ഉപദേശപരവും അനുഷ്ഠാനപരവും ആചാരപരവുമായ വൈവിധ്യം (ചിലപ്പോൾ വൈരുദ്ധ്യം പോലും) ആവിർഭവിക്കുവാൻ ഇത് കാരണമായെങ്കിലും സഭയുടെ പൊതു ധാരയിൽ ഇത് കാര്യമായ ചലനങ്ങളൊന്നും ഉണ്ടാക്കിയില്ല.

8. വിദേശസന്ദർശകരായ പല എഴുത്തുകാരും മലങ്കരസഭയിൽ പ്രാദേശികമായി വ്യത്യസ്ത സമ്പ്രദായങ്ങളുള്ള ക്രൈസ്തവ സമൂഹങ്ങളെ കണ്ടതായി വായിക്കുമ്പോൾ ഈ സാഹചര്യം വിസ്മരിച്ചുകൂടാ.

9. ശൈവ – വൈഷ്ണവ – ബ്രാഹ്മണപ്രസ്ഥാനങ്ങൾ പല കാലഘട്ടങ്ങളിലായി കേരളത്തിൽ ആധിപത്യമുറപ്പിക്കുന്ന അവസരങ്ങളിൽ ബുദ്ധ – ജൈന – ക്രൈസ്തവ പ്രസ്ഥാനങ്ങൾ പീഡിപ്പിക്കപ്പെടുകയും അവരുടെ മതസാഹിത്യങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പുരാണരചയിതാക്കളും മറ്റും ബൈബിൾ ഉൾക്കൊണ്ട് തങ്ങളുടെ പുരാണത്തിന്റെ ഭാഗമാക്കുവാൻ യത്നിച്ചതിന്റെ മികച്ച ഉദാഹരണം ഭവിഷ്യ മഹാപുരാണത്തിൽ (വ്യാസമഹർഷി രചിച്ചത്) കാണാം. ഈ പീഡനങ്ങൾ പാലൂരിലെ ക്രൈസ്തവസഭയുടെ ചിതറലിനും തന്മൂലം സഭയുടെ വികസനത്തിനും സഹായകമായി. വിദേശവ്യാപാര കേന്ദ്രങ്ങളായിരുന്ന പൊന്നാനി – കൊടുങ്ങല്ലൂർ തുറമുഖങ്ങൾ പിടിച്ചെടുത്ത് വ്യാപാരത്തിന്റെ കുത്തക സ്വന്തമാക്കുവാൻ ചോള – പാണ്ഡ്യ ചക്രവർത്തിമാർ പോർക്കളം കേന്ദ്രമായി നടത്തിയ യുദ്ധ പരമ്പരകളും ക്രൈസ്തവസഭ കേരളത്തിലെങ്ങും വ്യാപിക്കുവാൻ പരോക്ഷമായി സഹായിച്ചു.

10. പോർത്തുഗീസുകാരുടെ ആഗമനം വരെയും അവിഭക്തമായിരുന്ന മലങ്കരസഭ കേരളത്തിലെ മത – സാമൂഹിക – സാംസ്കാരിക – കലാജീവിത മേഖലകളെ സഫലമായി സ്വാധീനിച്ചതിന്റെ ഉദാഹരണങ്ങൾ കേരളത്തിലെ ഉത്സവങ്ങൾ, ഭാഷാസാഹിത്യകൃതികൾ, കുടുംബസംവിധാനം, അദ്ധ്വാനാഭിമുഖ്യം, ദേശീയബോധം, സദാചാര നിയമങ്ങളോടുള്ള ആഭിമുഖ്യം, ദേശീയ നവോത്ഥാന ശ്രമങ്ങൾ, ഭക്തിപ്രസ്ഥാനങ്ങൾ എന്നിവയിൽ ദൃശ്യമാണ്.

### അദ്ധ്യായം 2

# ഉദയംപേരൂർ സുന്നഹദോസും കൂനൻകുരിശ് സത്യവും

## A. പേറെദ്‌യൂത്താ

മാർത്തോമ്മാശ്ലീഹാ എ. ഡി. 52-ൽ കേരളത്തിൽ സ്ഥാപിച്ച ക്രിസ്തു സഭയ്ക്ക് പൈതൃകമായി ലഭിച്ച സമ്പത്താണ് സുറിയാനി പാരമ്പര്യവും സംസ്കാരവും. ഈ സംസ്കാര പാരമ്പര്യങ്ങൾ വേരുറപ്പിച്ച് പടർന്നു പന്തലിക്കുവാൻ ആവശ്യമായ ധൈഷണിക പിന്തുണ അലക്സന്ത്രിയൻ സംസർഗ്ഗത്തിൽനിന്നും പിന്നീടുണ്ടായ പേർഷ്യൻ ബന്ധത്തിൽ നിന്നും ലഭിച്ചു. ഔപചാരികമായി പില്ക്കാലത്ത് പല സഭകളിലും രൂപപ്പെട്ടു വന്ന മെത്രാന്മാരുടെ സാന്നിദ്ധ്യം കൂടാതെ കൈവെപ്പു മൂലം പൗരോഹിത്യ പിന്തുടർച്ച നൽകുന്ന ശ്ലൈഹിക പാരമ്പര്യമാണ് അപ്രകാരം മലങ്കരസഭയിൽ വേരുറച്ച സുറിയാനി പാരമ്പര്യത്തിന്റെ പ്രമുഖ ധാര. ഈ അടിസ്ഥാന പുരോഹിതസ്ഥാനത്തെ കൊഹനൂസോ എന്നാണ് സുറിയാനി സംസ്കാരം വിശേഷിപ്പിച്ചു പോന്നിട്ടുള്ളത്. ആചാര്യന്മാരെ പൊതുവായി സ്മരിക്കുന്ന ശനിയാഴ്ചയിലെ ശ്ഹീമ്മാ നമസ്കാരത്തിൽ ആചാര്യന്മാർ, ശെമ്മാശന്മാർ എന്നീ രണ്ടു വിഭാഗങ്ങളെയാണ് ദേവാലയ ശുശ്രൂഷകരായി വിഭാവനം ചെയ്തിട്ടുള്ളത് (കൊഹനെ വമ് ശെമ്ശോനെ ദ്ശമശുക്മോറാൻ....) കൂദാശാനുഷ്ഠാനകരായ കഹനേന്മാരും അവരുടെ സഹായികളായ ശെമ്മാശന്മാരും. മേല്പട്ടക്കാരും പട്ടക്കാരും ഉൾപ്പെടെയുള്ള ആചാര്യസ്ഥാനികളുടെ ശവസംസ്കാരക്രമത്തിന്റെ പേർ കഹനൈത്തായുടെ ക്രമം എന്നാണ് (ഈ ക്രമം ഇന്ന് ശെമ്മാശന്മാരുടെ സംസ്കാരത്തിനും ഉപയോഗിക്കുവാൻ നിർദ്ദേശമുണ്ട്. ക്രമങ്ങളിലെ യാതൊരു വിശേഷണവും ശുശ്രൂഷകൻ മാത്രമായ ശെമ്മാശന് ചേരുന്നവയല്ല. ശെമ്മാശന്മാരുടെ മരണം താരതമ്യേന അതീവ വിരളമായതിനാൽ ഈ അനൗചിത്യം ആരും പരസ്യമായി ശ്രദ്ധിച്ചിട്ടില്ല. ശെമ്മാശൻ വൈദികഗണത്തിൽ ഉൾപ്പെടുമെങ്കിലും കഹനൂസായുടെ പ്രത്യേക നൽവരങ്ങളായി പുരാതനസഭകൾ പ്രഖ്യാപിച്ച ശുദ്ധീകരണം - ദക്കിയോനോ - പ്രകാശനം - നഹറോനോ - എന്നീ താലന്തുകൾ പ്രാപിച്ചവനല്ല). ഈ ക്രമത്തിൽ ആചാര്യസ്ഥാനിക്ക് (കഹനാ സ്ഥാനിക്ക്) പട്ടക്കാരൻ എന്നോ മേല്പട്ടക്കാരൻ എന്നോ പരിഗണനാഭേദം കല്പിച്ചിട്ടില്ല. സുറിയാനി പശ്ചാത്തലത്തിലുള്ള ഈ കൊഹനോ നൽവരമാണ് ഗ്രീക്കു പാരമ്പര്യമുള്ള സഭക

ളിൽ പ്രസ്ബിറ്റർക്കും എപ്പിസ്ക്കോപ്പായ്ക്കും ലഭിക്കുന്നത്. സുറിയാനി പാരമ്പര്യത്തിൽ ഇത് കൊഹനോ – റീശ് കൊഹനെ സ്ഥാനങ്ങളാണ്. കാശീശോ – മെത്രാൻ എന്ന് അറിയപ്പെടുന്ന സ്ഥാന ദ്വന്ദ്വവും ഇത് തന്നെ. ഇവ തമ്മിൽ അധികാരപരിധിയിലല്ലാതെ നൽവരങ്ങളിൽ വ്യത്യാസമുള്ളതായി ആദിമസഭ പഠിപ്പിക്കാതിരുന്നതുകൊണ്ടാണ് ഇവ പര്യായപദങ്ങളായി വി. പൗലൂസും വി. പത്രോസും അവരുടെ ലേഖനങ്ങളിലും മറ്റും ഉപയോഗിച്ചിട്ടുള്ളത്. കഹനാസ്ഥാനി പ്രാദേശിക ഇടവകയിലും റീശ് കൊഹനെ സ്ഥാനി ഒരു പ്രവിശ്യയിലെ ഇടവകകളിൻമേലും ആദ്ധ്യക്ഷ്യം വഹിച്ചുപോന്നു. ഈ മേൽനോട്ടത്തിന്റെ പ്രതീകവും സ്ഥാനചിഹ്നവുമാണ് എപ്പിസ്ക്കോപ്പൽ സഭകളിലെ അംശവടി. റീശ് കൊഹനെയുടെ അധികാരപരിധി മെത്രാപ്പോലീത്താ, പാത്രിയർക്കീസ് എന്നിങ്ങനെ വിശാലതരമാവുമ്പോഴും സ്ഥാനചിഹ്നം അംശവടി മാത്രമാണ്.

ഇന്ന് പട്ടംകൊട പുസ്തകങ്ങളിൽ പ്രയോഗിക്കുന്ന സുറിയാനി പദങ്ങൾ കാശീശാ – എപ്പിസ്കോപ്പാ എന്ന് വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും രണ്ടു ശുശ്രൂഷകളിലും ലഭിക്കുന്ന പൗരോഹിത്യ നൽവരം രണ്ടല്ല, ഒന്നു തന്നെ എന്ന് ശുശ്രൂഷാക്രമം ശ്രദ്ധാപൂർവ്വം വായിച്ചാൽ ആർക്കും ഗ്രഹിക്കാം. കശ്ശീശാസ്ഥാനം ഏറ്റ ആൾ മെത്രാൻസ്ഥാനത്തേക്കു വിളിക്കപ്പെടുമ്പോൾ പട്ടംകൊട ക്രമമല്ല; സുന്ത്രോണിസോയുടെ ക്രമമാണ് ആദികാലങ്ങളിൽ നടത്തിയിരുന്നത്. ശെമ്മാശുപട്ടം ഏറ്റ ആളുടെ മേൽത്തന്നെ കശ്ശീശാപട്ടവും എപ്പിസ്കോപ്പാ പട്ടവും നൽകുമ്പോൾ ഓരോ വട്ടവും സാക്ഷാൽ പട്ടംകൊടയുടെ ശുശ്രൂഷക്രമം നടത്തണമെന്നത് ബാർ എബ്രായ ആവിഷ്കരിച്ച പരിഷ്കാരമാണ്. തന്മൂലം ഒരേ സ്ഥാനിയുടെ മേൽ ഓരോ പട്ടംകൊടയിലും ഒരേ ഗാനങ്ങളും കാർമ്മികക്രിയകളും ആവർത്തിക്കേണ്ടി വരുന്നതിലെ അനൗചിത്യം നാം അവഗണിക്കുന്നു. പണ്ട് കശീശാപട്ടവും എപ്പിസ്കോപ്പാ പട്ടവും നൽകിയിരുന്നത് പൗരോഹിത്യസ്ഥാനമൊന്നും ഏറ്റിട്ടില്ലാത്ത ദയറായക്കാർക്ക് – റമ്പാന്മാർക്ക് – നേരിട്ടാണ്. തന്മൂലം യാതൊരു ആവർത്തനവും സംഭവിക്കുന്നില്ല. അമാലോഗിയാ വായനയും കുക്കിലിയോനുകളും വാഴ്വ് ഗാനങ്ങളും കോറൂസൂസോകളും അഭിഷേകക്രിയകളും ഇപ്പോൾ ഒരേ ആളുടെ മേൽ ഓരോ സ്ഥാനം നൽകുമ്പോഴും ആവർത്തിക്കുകയാണ് (മാമ്മൂദീസായിലെന്നപോലെ പട്ടംകൊടയിലെ ക്രിയകളും ആവർത്തിക്കുവാൻ പാടില്ലാത്തതാകയാൽ ഈ ആവർത്തനം പുനഃപരിശോധനാർഹമാണ്).

അലക്സന്ത്രിയ സഭയിലും, മറ്റു പ്രാചീന ശ്ലൈഹിക പാരമ്പര്യമുള്ള സഭകളിലും എന്ന പോലെ മലങ്കരസഭയിലും പുരോഹിതന്മാർ സാധുവായ കൈവെപ്പ് നൽകിയിരുന്നു. പില്ക്കാലത്തു പേർഷ്യൻ സഭയിൽ നിന്നും മറ്റും മെത്രാന്മാരെ പരിചയപ്പെട്ടപ്പോൾ അവരുടെ സേവനം മലങ്കര

സഭ പ്രയോജനപ്പെടുത്തിയപ്പോഴും സ്വന്തം സമ്പ്രദായം തുടർന്നുവന്നു. മെത്രാന്റെ സാന്നിദ്ധ്യമുള്ള സഭയെന്നപോലെ മെത്രാൻ സ്ഥാനികൾ ഇല്ലാത്ത സമൂഹങ്ങളെയും സ്വന്തം സഞ്ചാരാനുഭവങ്ങളിൽ കണ്ടതായി കോസ്മസും മറ്റും രേഖപ്പെടുത്തിയ സംഭവങ്ങളെ ഈ പശ്ചാത്തലത്തി ലാണ് ഗ്രഹിക്കേണ്ടത്. കോസ്മസ് ഇന്ത്യൻ മഹാസമുദ്രത്തിൽ ടാപ്രോ ബാനിയായിൽ - സിലോണിൽ - പുരോഹിതന്മാരും വിശ്വാസികളും ചേർന്ന ഒരു സഭയെയാണ് കണ്ടത്. കുരുമുളക് വിളയുന്ന മാലെയിലും അദ്ദേഹം കണ്ട സഭയിൽ മെത്രാന്മാരില്ല. ഒരു സഭയുടെ നിലനില്പിന് മെത്രാൻ അനിവാര്യനല്ല എന്ന വസ്തുതയാണ് ഇത് വ്യക്തമാക്കുന്നത്. എ. ഡി. 325 ലെ നിഖ്യാ സുന്നഹദോസ് ഈ സമ്പ്രദായത്തെ നിരോധി ക്കുകയും പട്ടം കൊടുക്കാനുള്ള അനുവാദം ബിഷപ്പിനു മാത്രമായി പരി മിതപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ബിഷപ്പിന്റെ സൂപ്പർവിഷൻ സഫലവും കാര്യക്ഷമവും ആകുന്നതിന് ഈ ക്രമീകരണം സഹായിച്ചിട്ടുണ്ട്. അപ്പോഴും അതൊരു സാങ്കേതികമായ ക്രമീകരണമാണെന്നും റോമ്മാ സാമ്രാജ്യത്തിൽപ്പെട്ട അംഗസഭകൾക്ക് മാത്രം ബാധകമായ സംവിധാന മാണെന്നതും മറക്കാനാവില്ല. റോമ്മാ സാമ്രാജ്യത്തിനു വെളിയിൽ ആ നിയമത്തിന് നിയമ പ്രാബല്യമില്ലാതിരിക്കെ ഇന്ത്യൻ സഭ നിഖ്യായുടെ തീരുമാനം അറിഞ്ഞുവെന്നോ പ്രാവർത്തികമാക്കിയെന്നോ വരാവുന്നതല്ല. തന്നെയുമല്ല, നിഖ്യയുടെ കാനോനാകൾ പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. സഭാവികസനത്തിന്റെ പ്രായോഗിക വശമാണ് കൗൺസിൽ പരിഗണിച്ചിട്ടുള്ളത്. ധാരാളം അയവുള്ള സമീപനമാണ് ഭരണകാര്യങ്ങ ളിൽ അത് സ്വീകരിച്ചത്. വിശ്വാസകാര്യങ്ങളിൽ കാണിച്ച കടുംപിടുത്ത ങ്ങൾ ഭരണസംവിധാനത്തിൽ നിഖ്യ നിഷ്കർഷിച്ചിട്ടില്ല. തന്മൂലം സുവ്യവ്യ സ്ഥാപിതമായ പല സഭകളോടും നിരന്തരവും അവിച്ഛിന്നവുമായ സംസർഗ്ഗം പുലർത്തുവാൻ കഴിയാത്ത സഭകൾക്ക് ആവശ്യമായ സൗജ ന്യങ്ങൾ ആ സിനഡ് അനുവദിച്ചിട്ടുണ്ട്. അറിയപ്പെട്ടിരുന്ന അന്നത്തെ സഭാ കേന്ദ്രങ്ങളിൽ നിന്ന് അതിവിദൂരസ്ഥലത്ത് സ്ഥിതിചെയ്യുന്ന കേരളം റോമ്മാ സാമ്രാജ്യാതിർത്തിക്കു പുറത്തായതിനാലും സഭാവികസനം സഭ യുടെ പൊതു താല്പര്യം ആയതിനാലും നിയമങ്ങൾ കൊണ്ട് മലങ്കരസ ഭയെ വരിഞ്ഞുമുറുക്കുവാൻ ആരും ശ്രമിച്ചില്ല. അതേസമയം പൊതുസഭ യുടെ കാനോനാകൾക്ക് സമാന്തരമായി ഇക്കാര്യത്തിൽ ഒരു ക്രമീകരണം മലങ്കരസഭയിലും ഉണ്ടായി. പാത്രിയർക്കീസ് - കാതോലിക്കാ - പാപ്പാ എന്നീ സമാന്തര സാർവ്വത്രിക പിതാക്കന്മാരെപ്പോലെ കോർ എപ്പിസ് കോപ്പാ, പേറെദ്യൂത്താ സ്ഥാനികൾ പൗരസ്ത്യ സഭകളിലുണ്ടായി. നഗര ഇടവകകളിലെ അദ്ധ്യക്ഷൻ മെത്രാപ്പോലീത്തൻ എപ്പിസ്കോപ്പാ (= നഗര ത്തിലെ മേൽനോട്ടക്കാരൻ) എന്ന് വിളിക്കപ്പെട്ടപ്പോൾ ഗ്രാമീണ ഇടവക കളിലെ അദ്ധ്യക്ഷൻ കോറി എപ്പിസ്കോപ്പാ (ഗ്രാമത്തിലെ മേൽനോ

ട്ടക്കാരൻ) എന്ന് വിളിക്കപ്പെട്ടു. ബിഷപ്പിന്റെ അഭാവത്തിൽ സഭ അധികാരപ്പെടുത്തുന്നപക്ഷം പുരോഹിതസ്ഥാനികളെ പട്ടംകൊടുത്ത് നിയമിക്കുവാൻ കോറെപ്പിസ്കോപ്പന്മാരെ പല സിനഡുകളും അധികാരപ്പെടുത്തിയിട്ടുണ്ട്. റോമാ സാമ്രാജ്യത്തിലെ ആദ്യത്തെ സാർവ്വത്രിക സുന്നഹദോസ് മെത്രാന്മാർ മാത്രം പട്ടം കൊടുക്കണം എന്ന ആശയം എ. ഡി. 325 – ൽ പ്രാവർത്തികമാകുന്നതിന് ഒരു വ്യാഴവട്ടക്കാലം മുമ്പ് ഏഷ്യാമൈനറിലെ ഗലാത്തിയായിലെ അൻസീറ എന്ന സ്ഥലത്ത് (ആധുനിക തുർക്കിയിലെ അങ്കാറ) വച്ച് 314–ൽ ഒരു പ്രാദേശിക സുന്നഹദോസ് ഇപ്രകാരം തീരുമാനിച്ചു: "മെത്രാന്റെ രേഖാമൂലമായ അനുവാദം കൂടാതെ പട്ടണത്തിലെ മറ്റൊരു ഇടവകയിൽ പ്രസ്ബിറ്റർമാരെ വാഴിക്കുവാൻ നിശ്ചയമായും കോർ എപ്പിസ്കോപ്പായ്ക്ക് അനുവാദമില്ല."

ഈ കാനോൻ ചില ചിത്രങ്ങൾ നമുക്ക് നൽകിയിട്ടുണ്ട്.

1. ഗ്രാമങ്ങളിലെ ഇടവകകളിൽ പ്രസ്ബിറ്റർമാരെ (കാശീശന്മാരെ) വാഴിക്കുവാൻ കോർഎപ്പിസ്കോപ്പായ്ക്ക് അനുവാദമുണ്ട്.

2. മെത്രാൻ രേഖാമൂലം അധികാരപ്പെടുത്തിയാൽ പട്ടണ ഇടവകകളിലേക്കും പ്രസ്ബിറ്റർമാരെ വാഴിക്കുവാൻ കോറെപ്പിസ്കോപ്പായ്ക്ക് അനുവാദമുണ്ട്.

ഇവിടെ പ്രയോഗിച്ച പദം നൽവരമെന്നോ അധികാരമെന്നോ അല്ല; അനുവാദം എന്നാണെന്നത് പ്രത്യേകം ശ്രദ്ധേയം. ഈ കാനോൻ നൽകുന്ന ഉൾക്കാഴ്ച ഇതാണ്. 'സഭ ആവശ്യപ്പെട്ടാൽ പ്രസ്ബിറ്റർമാർക്ക് – കാശീശന്മാർക്ക് – പട്ടം കൊടുക്കുവാൻ കോർഎപ്പിസ്കോപ്പായ്ക്ക് നൽവരവും അധികാരവും ഉണ്ട്.

(ഇപ്പോൾ നമ്മുടെ സഭയിൽ കോർഎപ്പിസ്കോപ്പായ്ക്ക് പ്രത്യേക അധികാരമൊന്നും പ്രയോഗത്തിലില്ല. കോനാട്ട് മാത്തൻ കോർഎപ്പിസ്കോപ്പാ മെത്രാന്മാരെപ്പോലെ മത്തങ്ങാ മുടി ധരിച്ചിരുന്നതായും പെസഹായ്ക്ക് കാൽകഴുകൽ ശുശ്രൂഷയുടെ പ്രധാന കാർമ്മികത്വം വഹിച്ചിരുന്നതായും കേട്ടിട്ടുണ്ട്. എന്നാൽ അടുത്തകാലം വരെയും കോറൂയോ, യൗപ്പദ്യക്കീനോ തുടങ്ങിയ സ്ഥാനങ്ങളുടെ പട്ടംകൊടകൾ കോർഎപ്പിസ്കോപ്പാ നടത്തിയിരുന്നു)

സിറിയൻ സഭയിൽ രൂപംപ്രാപിച്ച കോർ എപ്പിസ്കോപ്പായ്ക്ക് സമാന്തരമായി പേർഷ്യൻ സഭയിൽ വികസിച്ചുവന്ന സ്ഥാനമാണ് പേറെദ്യൂത്താ. മഫ്രിയാനയുടെയും പേറെദ്യൂത്തായുടേയും ക്രിയാധാതുരൂപം ഒന്നാണ്. മ്ഫ്രേ. ഫലം നൽകുന്നവൻ, വർദ്ധിപ്പിക്കുന്നവൻ എന്നൊക്കെയാണ് ആ പദങ്ങളുടെ അർത്ഥം. പാത്രിയർക്കീസിലെ പെട്രി (പിതൃ) എന്നത് ജനി

പ്പിക്കുക എന്ന അർത്ഥത്തിലും മഫ്രിയാന, പേറെദ്‌യൂത്താ എന്നിവ ഫലം നൽകുക എന്ന അർത്ഥത്തിലും ഉപയോഗിച്ചിരിക്കുന്നുവെങ്കിലും സഭാ പശ്ചാത്തലത്തിൽ അവ അർത്ഥമാക്കുന്നത് പട്ടംകൊടുത്ത് സഭയെ വർദ്ധിപ്പിക്കുക എന്നു തന്നെയാണ്. നിഖ്യാ സുന്നഹദോസിന് മുമ്പ് ആവിർഭവിച്ച പേറെദ്‌യൂത്താ സ്ഥാനികൾ ബിഷപ്പുമാർ അധികാരപ്പെടുത്താതെ പട്ടം കൊടുക്കരുത് എന്ന കാനോൻ കാതോലിക്കായോ മെത്രാപ്പോലീത്തായോ പാത്രിയർക്കീസോ ഉള്ള സഭയിൽ എപ്പിസ്കോപ്പാ വിശുദ്ധ മൂറോൻ കൂദാശ നടത്തുകയോ മെത്രാനെ വാഴിക്കുകയോ ചെയ്യരുത് എന്ന സഭാഭരണഘടനാ നിയമത്തിന് സമാനം ആണ്. ഈ നിയമം ലംഘിക്കപ്പെടുന്നതിനെതിരെയാണ് അൻസീറാ സുന്നഹദോസ് 314 -ൽ നേരത്തെ ഉദ്ധരിച്ച കാനോൻ അംഗീകരിക്കുന്നത്.

മലങ്കരസഭയിലെ വൈദികഘടന പ്രാചീന കാലത്ത് വ്യത്യസ്തമായിരുന്നു. അന്നത്തെ ഇടവകകൾ അതീവ വിസ്തൃതം ആയിരുന്നു. വൈദികവൃത്തിയിൽ നിന്ന് വരുമാനം ലഭിച്ചിരുന്നുവെങ്കിലും അതിനെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്നവർ ആയിരുന്നില്ല വൈദികർ. തന്മൂലം ഒരിടവകയിൽ അനേകം വൈദികർ ഒരേസമയം തവണ വ്യവസ്ഥയിൽ വൈദികവൃത്തി അനുഷ്ഠിച്ചിരുന്നു. ഒരു പൂർണ്ണ ഇടവകയിൽ ഒരു എപ്പിസ്കോപ്പായും പന്ത്രണ്ട് കശീശന്മാരും ഏഴു ശെമ്മാശന്മാരും എന്ന പ്രാചീന മദ്ബഹാ സംവിധാനം ഇവിടെ ഓർക്കാവുന്നതാണ്. വൈദികസംഘത്തിലെ പ്രധാനി – മിക്കവാറും സീനിയർ – പേറെദ്‌യൂത്താ ആയി പ്രവർത്തിക്കും. അതത് കാലത്തെ മൂപ്പ് സ്ഥാനി പ്രത്യേക കൈവെപ്പ് ശുശ്രൂഷകളൊന്നും കൂടാതെ പേറെദ്‌യൂത്താ ആയി പ്രവർത്തിക്കും. മറ്റു വൈദികർ കത്തനാർ എന്ന് അറിയപ്പെടുമ്പോൾ പേറദ്‌യൂത്തായെ കത്താനാരച്ചൻ എന്ന് വിളിക്കും. അച്ചൻ എന്ന ശബ്ദം ശ്രേഷ്ഠൻ, തലവൻ, യജമാനൻ എന്നീ അർത്ഥങ്ങൾ വഹിക്കുന്നു. ഒരർത്ഥത്തിൽ ഇന്നത്തെ മെത്രാൻ തന്നെയായിരുന്നു അന്നത്തെ അച്ചൻ. സാധാരണ വൈദികരെ അച്ചൻ എന്ന് അക്കാലങ്ങളിൽ വിശേഷിപ്പിച്ചിരുന്നില്ല. മെത്രാൻ, എപ്പിസ്കോപ്പാ, മെത്രാപ്പോലീത്താ എന്നീ പദങ്ങൾ മലങ്കരയിൽ പരിചിതമായതിനു ശേഷം പോലും പകലോമറ്റം മെത്രാന്മാരെ പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ അച്ചൻ എന്ന് വിശേഷിപ്പിച്ചതിന്റെ ധാരാളം ഉദാഹരണങ്ങൾ *നിരണം ഗ്രന്ഥവരി*യിൽ ദൃശ്യമാണ്. ജൂണിയർ മെത്രാനായിരുന്ന കാലത്ത് 7–ാം മാർത്തോമ്മായെ ഇളയ അച്ചൻ എന്നാണ് *നിരണം ഗ്രന്ഥവരി*യിൽ പരാമർശിച്ചിട്ടുള്ളത്.

കോട്ടയം പഴയസെമിനാരി സ്ഥാപകനെന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായെ കാലം ചെയ്ത അച്ചൻ എന്ന് ഇപ്പോഴും അദ്ദേഹത്തിന്റെ നാട്ടുകാർ വിശേഷിപ്പിക്കുന്നു.

അച്ചൻ എന്നാൽ പ്രഭു എന്നോ യജമാനൻ എന്നോ ആണ് അക്കാലങ്ങളിൽ അർത്ഥമാക്കിയിരുന്നത്. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും കായംകുളം പീലിപ്പോസ് റമ്പാനും ചേർന്നു വിവർത്തനം ചെയ്തു ബുക്കാനൻ 1811-ൽ ബോംബെ കൊറിയർ പ്രസിൽ നിന്നും അച്ചടിച്ച് പ്രസിദ്ധീകരിച്ച പ്രഥമ മലയാളം ബൈബിളിൽ (റമ്പാൻ ബൈബിൾ) യജമാനൻ എന്ന പദം ഉപയോഗിക്കുന്ന സന്ദർഭങ്ങളിലെല്ലാം അച്ചൻ എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. വീട്ടച്ചൻ - വീട്ടജെമാനൻ, രണ്ട് അച്ചന്മാർ = രണ്ട് യജമാനന്മാർ എന്നീ പ്രയോഗങ്ങൾ കാണുക. കണ്ടനാട്ട് പടിയോല 1809-ൽ തയ്യാറാക്കിയതിൽ പട്ടംകൊടുക്കുന്ന സ്ഥാനിയെ യജമാനൻ എന്ന പദം ഉപയോഗിച്ചാണ് പരാമർശിച്ചിട്ടുള്ളത് (*ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും,* പുറം. 430). ക്രൈസ്തവസഭയിൽ മാത്രമല്ല അതിനു പുറത്തും യജമാനൻ എന്ന അർത്ഥത്തിൽ 'അച്ചൻ' എന്ന പദം ഉപയോഗിച്ചിരുന്നു. നമ്പൂതിരിയച്ചൻ, മങ്ങാട്ടച്ചൻ എന്നീ പ്രയോഗങ്ങളും കുഞ്ചൻ നമ്പ്യാർ ഉപയോഗിച്ച കുരങ്ങച്ചൻ (വൃദ്ധവാനരൻ - കല്യാണസൗഗന്ധികം തുള്ളൽ) എന്ന പദപ്രയോഗവും ഈ പ്രകരണത്തിൽ ഓർക്കാവുന്നതാണ്. ഓരോ ഇടവകയിലെ വൃദ്ധപുരോഹിതൻ - മൂപ്പച്ചൻ - ആ ഇടവകയിൽ പേറെദ്യൂത്താ എന്ന് ആദരപൂർവ്വം വിളിക്കപ്പെടുകയും ഇടവകയിലേക്കാവശ്യമായ വൈദികരെയും ശെമ്മാശന്മാരെയും സ്ഥാനം നൽകി - കൈവെപ്പ് നൽകി - നിയമിക്കുകയും ചെയ്തു വന്നു.

മലങ്കരസഭയിൽ പേറെദ്യൂത്തെ സ്ഥാനികൾ ഉണ്ടായിരുന്നു എന്ന് അസന്ദിഗ്ദ്ധമായി തെളിയിക്കുന്ന രണ്ടു സുറിയാനി കത്തുകൾ ഈ ഗ്രന്ഥകാരൻ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1647-ൽ തോമ്മാ അർക്കദിയാക്കോൻ (1653 മുതൽ ഒന്നാം മാർത്തോമ്മാ) റോമ്മിലേക്കയച്ച കത്താണ് ഒരു രേഖ. ഹിന്ദുദേശം മുഴുവന്റെയും അർക്കദിയാക്കോൻ തോമ്മാ എന്നും ക്രിസ്തുവിന്റെ തോമ്മാ കശീശാ എന്നും എഴുതി ഒപ്പിട്ടിട്ട് സീൽ വച്ച് പൗരസ്ത്യസുറിയാനിയിൽ എഴുതപ്പെട്ട കത്താണ് ഈ രേഖ. വത്തിക്കാനിൽ നിന്ന് ബഹു. കോര വർഗ്ഗീസച്ചൻ ശേഖരിച്ച ഈ കത്തിന്റെ ഫോട്ടോ കോട്ടയം പഴയസെമിനാരിയുടെ ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുണ്ട്. അതിൽ റോമ്മിലെ ശുദ്ധമുള്ളതും ബഹുമാന്യവുമായ പത്രോസിന്റെ മഹിമയുള്ള സിംഹാസനത്തെ പ്രാപിച്ച പിതാവിനെ ഹിന്ദു ദേശത്തിലെ അർക്കദിയാക്കോൻ മുഴുവൻ കശ്ശീശന്മാരോടും ഇടവകകളിലെ പേറെദ്യൂത്തെന്മാരോടും ഒന്നിച്ച് സമാധാനാശംസകൾ അയയ്ക്കുന്നു എന്നാണ് ഉപക്രമ ഭാഗത്തുള്ള അഭിവാദന വാക്യം (ഫാ. പ്രൊഫ. ജോസഫ് ചീരൻ: *മലങ്കരസഭയും കേരളസംസ്കാരവും,* അനുബന്ധം സുറിയാനി ഫോട്ടോ കോപ്പി. വിവരണം. പു. 5). 1665-ൽ കേരളത്തിലെത്തി വടക്കൻപറവൂർ പള്ളിയിൽ കബറടങ്ങിയ അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസിന്റെ പ്രബോധന ലേഖനമാണ് രണ്ടാമത്തെ കത്ത്. കൽദായ സുറിയാനിയിലെ

ഴുതിയ ഈ കത്തിന്റെ ഫോട്ടോകോപ്പി ഗ്രന്ഥകാരന്റെ കൈവശമുണ്ട്. മുളന്തുരുത്തിയിൽ നിന്നും ശേഖരിച്ച തൊഴിയൂർ ആർക്കൈവ്സിൽ നിന്നാണ് ഇത് കണ്ടെടുത്തത് (ഫോട്ടോകോപ്പി, മേൽ പുസ്തകം, അനുബന്ധം, വിശദീകരണക്കുറിപ്പ്, പു. 6). സുദീർഘമായ ഈ ലേഖനം 1668 കുംഭം 5-ാം തീയതി പറവൂർ, മുളന്തുരുത്തി, കണ്ടനാട് എന്നീ പള്ളികളിലെ പട്ടക്കാരെ അഭിസംബോധന ചെയ്ത് മാർ ഗ്രിഗോറിയോസ് എഴുതിയ ലേഖനമാണ്. ഈ ലേഖനത്തിലെ മറ്റു ചില പ്രസക്തഭാഗങ്ങൾ ഇ. എം. ഫിലിപ്പ് അദ്ദേഹത്തിന്റെ സഭാചരിത്രത്തിൽ വിവർത്തനം ചെയ്ത് ചേർത്തിട്ടുണ്ട് (പു. 154-158 കാണുക). ആ കല്പനയുടെ - ലേഖനത്തിന്റെ - ആമുഖഭാഗത്ത് ഇടവകകളിലെ കശീശന്മാർക്ക് മുമ്പായി പേറെദ്യൂത്തെന്മാരെ സംബോധന ചെയ്തിരിക്കുന്നു. സമഗ്രമായ ഒരു ഗവേഷണമോ അന്വേഷണമോ പോലും നടത്തുവാൻ ഈ ഗ്രന്ഥകാരന് കഴിഞ്ഞിട്ടില്ല. മേലുദ്ധരിച്ച രണ്ടു രേഖകൾ മലങ്കരസഭയിലെ ഇടവകകളിൽ പേറെദ്യൂത്തെ സ്ഥാനികളുടെ സാന്നിദ്ധ്യത്തെ അനിഷേധ്യമാംവിധം തെളിയിക്കുന്നുണ്ട്.

നിർഭാഗ്യകരമെന്നേ പറയാവൂ. നമ്മുടെ സഭാചരിത്രകാരന്മാരാരും പേറെദ്യൂത്താ സ്ഥാനികൾ മലങ്കരസഭയിലുണ്ടായിരുന്നതായി പ്രസ്താവിച്ചിട്ടില്ല. എന്താവാം അതിന് കാരണം?

1. അക്കാലത്തെ സഭാരേഖകൾ അധികം ആരും അന്വേഷിച്ചിട്ടില്ല. മലങ്കരസഭയുടെ രേഖകൾ ഉദയംപേരൂർ സുന്നഹദോസിന് ശേഷം ആർച്ച് ബിഷപ്പ് മെനേസ്സിസിന്റെ നേതൃത്വത്തിൽ അഗ്നിക്കിരയാക്കപ്പെട്ടു എന്ന പൊതു പ്രസ്താവനയുടെ മറവിൽ നമ്മുടെ ചരിത്രഗവേഷണം ഉദാസീനമായി.

2. സംഹാരത്തെ അതിജീവിച്ച രേഖകൾ പല ഭാഗത്തും ഇന്നും ലഭ്യമാണ്. അവ പക്ഷേ സുറിയാനിയിലും കർസോനിയിലുമാണ്, അതും പൗരസ്ത്യ സുറിയാനിയിൽ. പൗരസ്ത്യ സുറിയാനി കണ്ടാലുടനെ നാം അതിനെ നെസ്തോറിയം എന്ന് വിശേഷിപ്പിച്ച് തള്ളുകയല്ലാതെ വായിക്കുവാൻ ശ്രമിക്കാറില്ല. മദ്ധ്യശതകങ്ങളിൽ പ്രയോഗത്തിലിരുന്ന പൗരസ്ത്യ സുറിയാനി ഭാഷയിലെ രചനകൾ മലങ്കരയിലെ നെസ്തോറിയാ വിഭാഗത്തിന്റെ തെളിവുകളായി ചില സഭാചരിത്രകാരന്മാരെങ്കിലും തെറ്റിദ്ധരിച്ചിട്ടുണ്ട്.

3. പല സഭാചരിത്രകാരന്മാരെയും മുൻവിധികൾ വഴി തെറ്റിച്ചു. മെത്രാനല്ലാത്ത ഒരു സ്ഥാനി പട്ടംകൊടുക്കുന്ന പതിവിനെപ്പറ്റി അവർ കേട്ടിരുന്നില്ല. കേട്ടപ്പോൾ തന്നെ അതിനെ അരോചകം എന്ന് വിശേഷിപ്പിച്ച് തള്ളിക്കളയുവാനല്ലാതെ അതിന്റെ ചരിത്രം പരിശോധിക്കുവാൻ ആരും ഒരുങ്ങിയില്ല. തോമ്മാ ശ്ലീഹായ്ക്ക് ശേഷം മലങ്കരയിൽ പൗരോഹിത്യം അസ്തമിച്ചു

എന്നും പേർഷ്യൻ സഭയും അന്ത്യോഖ്യൻ സഭയും ആണ് ആ ദീപം വീണ്ടും കൊളുത്തിയത് എന്നുമുള്ള മുൻവിധികൾ അവരെ അന്ധരാക്കിയിരുന്നു.

4. മെത്രാനല്ലാത്ത ഒരു സ്ഥാനി പട്ടംകൊടുത്തു എന്നു വരുന്നത് എപ്പിസ്കോപ്പസിയുടെ മഹത്വത്തെ കളങ്കപ്പെടുത്തുമെന്ന് കരുതിയ ചില എപ്പിസ്കോപ്പൽ ഭ്രമക്കാർ ഈ ചരിത്ര വസ്തുതയുമായി പൊരുത്തപ്പെടുന്നത് അസാധ്യം. സുറിയാനി ആഴത്തിൽ ഗ്രഹിക്കുവാൻ അവസരം ലഭിക്കുന്നത് മേല്പട്ടക്കാർക്കും മേല്പട്ടസ്ഥാനികൾക്കും ആണെന്നിരിക്കേ, എപ്പിസ്കോപ്പസിയുടെ അനിവാര്യതയെ ഗൗരവം കുറച്ച് കാണാൻ പ്രേരിപ്പിക്കുന്ന ഈ യാഥാർത്ഥ്യം പരസ്യപ്പെടുത്തുവാൻ അവർ ശ്രമിച്ചില്ലെന്നത് സ്വാഭാവികം.

ഏതായാലും മലങ്കരസഭയിൽ നിർവിഘ്നം പട്ടക്കാരെ വാഴിക്കുന്ന പേറെദ്യൂത്താ സ്ഥാനികൾ മിക്ക ഇടവകകളിലും സന്നിഹിതരായിരുന്നു എന്ന ചരിത്രവസ്തുത തമസ്കരിക്കപ്പെടുകയാണുണ്ടായത്.

## B. അർക്കദിയാക്കോൻ

ശെമ്മാശന്മാരുടെ തലവൻ എന്ന് അർത്ഥം. ഹൂദായ കാനോൻ ഈ സ്ഥാനിയെ എപ്പിസ്കോപ്പായുടെ വക്താവായി വിവരിച്ചിട്ടുണ്ട്. മദ്ബഹായിലെ ഭരണം എപ്പിസ്കോപ്പായ്ക്ക് വേണ്ടി ഇദ്ദേഹമാണ് നിർവഹിക്കുന്നത്. ഈ സ്ഥാനദാനത്തിന് പ്രത്യേക ശുശ്രൂഷാക്രമമുണ്ട്. സ്ഥാനചിഹ്നമായി ശുശ്രൂഷാമദ്ധ്യേ അംശവടി കൊടുക്കുന്നു. പട്ടംകൊട, മൂറോൻ കൂദാശ തുടങ്ങിയ പ്രധാന ശുശ്രൂഷകളിൽ അർക്കദിയാക്കോന് പ്രത്യേകം ചുമതലകളുണ്ട്. ഇന്ന് അർക്കദിയാക്കോൻ സ്ഥാനികളെ ഔദ്യോഗികമായി സ്ഥാനംകൊടുത്ത് നിയമിക്കുന്ന പതിവ് നിർത്തലാക്കിയിരിക്കുന്നു. അർക്കദിയാക്കോന് പ്രത്യേക അംശവടി നൽകുന്ന പതിവ് നിർത്തലാക്കിയതു മൂലം അദ്ദേഹം ഔദ്യോഗിക കൃത്യനിർവഹണ സമയങ്ങളിൽ മെത്രാന്റെ അംശവടി ഉപയോഗിക്കുന്നു. കശ്ശീശന്മാർ ശെമ്മാശന്മാരുടെ തലവന്മാർ ആയതിനാൽ അർക്കദിയാക്കോന്റെ കൃത്യങ്ങൾ കശ്ശീശ തന്നെ നിർവഹിക്കുന്ന പതിവാണ് മലങ്കരസഭയിൽ ഇപ്പോൾ ഉള്ളത്. മദ്ധ്യശതകങ്ങളിലും മലങ്കരസഭയിലെ അർക്കദിയാക്കോന്മാർ കശ്ശീശാസ്ഥാനികൾ ആയിരുന്നു. ഇവർക്ക് മറ്റൊരു സഭയിലും ഇല്ലാത്ത വൻ ചുമതലകളാണ് മലങ്കരസഭയിൽ നിർവഹിക്കുവാൻ ഉണ്ടായിരുന്നത്. അതത് ഇടവകകളിൽ എപ്പിസ്കോപ്പായുടെ പുരോഹിത കർമ്മാനുഷ്ഠാനങ്ങൾ പേറെദ്യൂത്തെ സ്ഥാനികൾ നടത്തുമ്പോൾ മെത്രാന്റെ ഭരണപരമായ ചുമതലകൾ പൊതുസഭയിൽ നിർവഹിച്ചിരുന്നത് അതത് കാലത്തെ അർക്കദിയാക്കോന്മാർ ആയിരുന്നു. അതത് കാലത്തെ അർക്കദിയാക്കോന്മാർ പള്ളി പ്രതിപുരുഷ

യോഗത്തിന്റെ നേതാവും സമുദായത്തിന്റെ പൊതുഭരണകർത്താവും ആയിരുന്നു. ഈ ദൗത്യനിർവഹണത്തിന്റെ പേരിൽ ഇദ്ദേഹത്തെ പല പ്പോഴും ജാതിയ്ക്ക് കർത്തവ്യൻ എന്ന് വിശേഷിപ്പിച്ചിരുന്നു. രാജസദസ്സു കളിൽ ഇദ്ദേഹമാണ് സമുദായത്തെ പ്രതിനിധാനം ചെയ്തിരുന്നത്. ആവശ്യം വരുമ്പോൾ വിദേശത്തുള്ള സഹോദരീസഭകളുമായി എഴുത്തു കുത്തുകൾ നടത്തുന്നതും ഇദ്ദേഹത്തിന്റെ ചുമതലയായിരുന്നു. ഇടവക കളിൽ മാത്രം കർത്തവ്യമുണ്ടായിരുന്ന പേറെദ്യൂത്തെ സ്ഥാനികളെ ക്കാളധികം ബഹുമാനം അർക്കദിയാക്കോൻ സ്ഥാനിക്ക് ലഭിച്ചിരുന്നു. മലങ്കരസഭയിൽ മദ്ധ്യശതകങ്ങളിൽ ഉണ്ടായിരുന്ന അർക്കദിയാക്കോൻ എന്ന ജാതിക്ക് കർത്തവ്യന്റെ കാലോചിത വികസിതരൂപം തന്നെയാണ് മലങ്കര മെത്രാന്റെ സ്ഥാനം. പതിനാറാം നൂറ്റാണ്ടിൽ അർക്കദിയാക്കോന്റെ സ്ഥാനം വഹിച്ചിരുന്നത് പകലോമറ്റം കുടുംബത്തിലെ അംഗങ്ങൾ ആയി രുന്നു. കുറേക്കാലത്തേയ്ക്ക് പകലോമറ്റം കുടുംബങ്ങളിൽ നിന്ന് തുടർ ച്ചയായി അർക്കദിയാക്കോന്മാരെ സഭ നിയമിച്ചു. ക്രമേണ ആ പദവിയും സ്ഥാനവും ആ കുടുംബത്തിലെ അംഗങ്ങളുടെ പിന്തുടർച്ചാവകാശമായി മാറി. ആ പിൻതുടർച്ച നിലനിർത്തുവാൻ ആ കുടുംബം മാർത്തോമ്മാ ശ്ലീഹായിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു എന്നും അക്കാലം മുതൽ ആ കുടുംബമാണ് സഭയിലെ മെത്രാൻ – അർക്കദിയാക്കോൻ ചുമതലകൾ നിർവഹിച്ചുപോന്നത് എന്ന അവകാശവാദങ്ങൾ പുറപ്പെട്ടു. പരശുരാമ കഥ എന്നപോലെ ആ പാരമ്പര്യം ചരിത്രത്തിന്റെ ഭാഗമാവുകയും ചെയ്തു. മെത്രാന്റെ അനിവാര്യത സ്വീകരിച്ചതോടെ 1653-ൽ ഈ അർ ക്കദിയാക്കോൻ മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ മെത്രാൻ ആയ തോടെ മലങ്കരസഭയിൽ മെത്രാന്റെ സാന്നിദ്ധ്യം സ്ഥിരമായി ആവിർഭവിച്ചു. ഒടുവിലത്തെ അർക്കദിയാക്കോന്മാരുടെ ഭരണകാലത്ത് അവരുടെ ആസ്ഥാനം അങ്കമാലി ആയിരുന്നു.

## C. പാപ്പായുടെ ദൂതന്മാർ മലങ്കരയിൽ

ഇന്നസെന്റ് മൂന്നാമൻ മാർപാപ്പാ (1288–1294) പൗരസ്ത്യദേശങ്ങളിൽ ക്രിസ്തുമത പ്രചാരണം നടത്തുവാൻ ഒരു സുവിശേഷ സംഘത്തിന് രൂപം നൽകി. ആ സംഘത്തിലെ ഒരു സുവിശേഷകൻ മോണ്ടി കോർവിനോയി ലെ യോഹന്നാൻ - തന്റെ പ്രേഷിത സ്ഥലമായ ചൈനയിലേയ്ക്കു പോകുംവഴി 1291-ൽ ഏതാനും മാസക്കാലം തെക്കേ ഇന്ത്യയിൽ താമ സിച്ചു. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഒരു സഭയെ കണ്ടെത്തി യതായും നൂറു പേരെയോളം ജ്ഞാനസ്നാനം ചെയ്യിച്ചതായും അദ്ദേഹം യൂറോപ്പിലേക്ക് എഴുതി അയച്ചു. അതിനുശേഷം ജോർഡാനസ് എന്ന മിഷനറി ചൈനയിൽ നിന്നുള്ള മടക്കയാത്രയിൽ കുറെക്കാലം തെക്കേ ഇന്ത്യയിൽ (1319-ൽ) താമസിച്ചു. അദ്ദേഹത്തോടൊപ്പം ചില അനുയാ

യികളും ഉണ്ടായിരുന്നു. അനുയായികൾ മുഹമ്മദീയരാൽ വധിക്കപ്പെട്ടു. ജോർഡാനസ് രക്ഷപ്പെട്ട് സ്വദേശത്തെത്തി. 1330-ൽ അദ്ദേഹം (1328-ൽ എന്ന് ഫാ. ഡോ. വി. സി. ശമുവേൽ. *സഭ വളരുന്നു,* പു. 82) കൊല്ലം ബിഷപ്പായി നിയമിതനായി വീണ്ടും ഇന്ത്യയിലെത്തി. ഒരു ഡൊമിനിക്കൻ സന്ന്യാസഭാംഗം കൂടി ആയിരുന്ന അഭിനവ മെത്രാന്റെ കൈവശം വേദ വിപരീതം ഉപേക്ഷിച്ച് കത്തോലിക്കാസഭയുടെ ഐക്യത്തിലേയ്ക്ക് പ്രവേശിക്കുന്നതിന് സുറിയാനിക്കാരെ ക്ഷണിക്കുന്ന പാപ്പായുടെ ഒരു ബൂളായും ഉണ്ടായിരുന്നു.

വേറൊരു ലത്തീൻ സഞ്ചാരിയായ ഫ്രയർ ഒഡൊറിക് 1321-ൽ മലബാർ തീരം വഴി തെക്കോട്ട് യാത്ര ചെയ്ത് കൊല്ലത്ത് എത്തുകയും അവിടെ ധാരാളം ക്രിസ്ത്യാനികളെയും മയിലാപ്പൂരിൽ പതിനഞ്ച് നെസ്തോറിയൻ ക്രിസ്ത്യൻ ഭവനങ്ങളെയും കാണുകയും ചെയ്തു (Cathay and the way thither. 1. p. 73-81). 1439 ൽ 'ക്രിസ്തുവിൽ എന്റെ വാത്സല്യപുത്രനും പ്രശംസാർഹനും ഇന്ത്യാക്കാരുടെ ചക്രവർത്തിയുമായ തോമസിന്' എന്ന വിലാസത്തിൽ ഒരു കത്തോടു കൂടി യൂജീൻ നാലാമൻ പാപ്പാ ഏതാനും പ്രതിനിധികളെ അയച്ചു. വില്ലാർവട്ടം തോമ്മാ രാജാവിനെ ആകാം ഇന്ത്യാക്കാരുടെ ചക്രവർത്തി എന്ന് പാപ്പാ വിശേഷിപ്പിച്ചത്. ഏതായാലും ഈ കത്തുമായി അയച്ചതായി പറയപ്പെടുന്ന പ്രതിനിധികൾ ഇന്ത്യയിൽ എത്തിയതായി അറിവില്ല (ഇ. എം. ഫിലിപ്പ്, പു. 90-91 കാണുക). ഇപ്രകാരം പല പാപ്പാമാരും മലങ്കരസഭയെ ഉന്നം വച്ച് പലപ്പോഴായി പല ദൂതന്മാരെയും അയച്ചുവെങ്കിലും അതൊന്നും വിജയം വരിച്ചില്ല.

### D. മലങ്കരസഭ നെസ്തോറിയാ വിശ്വാസം സ്വീകരിച്ചിരുന്നുവോ?

ഉദയംപേരൂർ സുന്നഹദോസ് 1599-ൽ വിളിച്ചുകൂട്ടിയ ആർച്ച് ബിഷപ്പ് അലക്സിസ് ഡി മെനേസ്സിസും അതിനെ അനുകൂലിക്കുന്ന ചരിത്രകാരന്മാരും അന്നത്തെ മലങ്കരസഭ പൊതുവെ നെസ്തോറിയാ വിശ്വാസം സ്വീകരിച്ചിരുന്നു എന്ന നിലപാടിലാണ് മലങ്കരസഭാ കാര്യങ്ങളെ സമീപിച്ചിട്ടുള്ളത്.

ആധുനിക കാലത്തു ഫാ. ഡോ. വി. സി. ശാമുവേൽ ആ നിലപാട് സ്വീകരിച്ചുകൊണ്ട് എഴുതുന്നു: ".... ഈ രേഖയിൽ നിന്നും 1301 ൽ മലങ്കര സഭ പേർഷ്യൻ നെസ്തോറിയൻ സഭയുമായി ചേർന്ന് കഴിഞ്ഞിരുന്നു എന്ന് വ്യക്തമാണല്ലോ" (*സഭ വളരുന്നു*, പു. 75, 76). വീണ്ടും അദ്ദേഹം എഴുതുന്നു. ".... മലങ്കരസഭ 4-ാം നൂറ്റാണ്ടു മുതലെങ്കിലും പേർഷ്യൻ സഭയുടെ സമ്പർക്കത്തിൽ കഴിഞ്ഞിരുന്നു. 5-ാം നൂറ്റാണ്ടിന്റെ ഒമ്പതാം ദശകത്തിൽ ആ സഭ ഔദ്യോഗികമായി നെസ്തോറിയോസിനെ സഭാപി

താവായി അംഗീകരിച്ചതിന് ശേഷം 16-ാം നൂറ്റാണ്ടുവരെയും മലങ്കരസഭ അതുമായുള്ള ബന്ധത്തിൽ മാത്രമായിരുന്നു നിലനിന്നിരുന്നത്" (അതേ പുസ്തകം, പു. 86).

ആദരണീയനായ മല്പാൻ ഫാ. ഡോ. വി. സി ശാമുവേൽ വളരെ ധൃതഗതിയിൽ എടുത്ത ഒരു നിഗമനമാണിത്. പേർഷ്യയിലെ സഭ നെസ്തോറിയോസിനെ സ്വീകരിക്കുന്നതിന് മുമ്പും പിമ്പും സെലൂഷ്യാസിംഹാസനത്തിൽ നിന്ന് വളരെ ഇടവേളകളോടുകൂടി മെത്രാന്മാർ കേരളത്തിൽ വന്നിരുന്നു എന്നത് ശരിതന്നെ. എന്നാൽ അവരുടെ സ്വാധീനം ചില പ്രദേശങ്ങളിൽ പ്രകടമായിട്ടുണ്ട് എന്നതൊഴിച്ചാൽ മലങ്കരസഭയെ ആകമാനം നെസ്തോറിയൻ മുദ്ര ചാർത്തുവാൻ അത് മതിയായ കാരണമാകുന്നില്ല.

ഇത്തരുണത്തിൽ ഈ വിഷയം മുഖ്യമായി ചർച്ച ചെയ്യുന്ന ഒരു പ്രബന്ധം പി. റ്റി. ഗീവറുഗീസ് ശെമ്മാശൻ (പിന്നീട് ബഥനി സ്ഥാപകരിലൊരാളും മലങ്കര റീത്ത് സ്ഥാപകനുമായ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്) എഴുതി തയ്യാറാക്കി 1907-ൽ പ്രസിദ്ധീകരിച്ചത് പരിഗണിക്കാതെ തരമില്ല. മലങ്കര മെത്രാപ്പോലീത്താ പ. വട്ടശ്ശേരിൽ തിരുമേനിയുടെ ശിഷ്യൻ പരുമല സെമിനാരിയിൽ താമസിക്കുന്ന കാലത്തെഴുതിയ പുസ്തകം പഴയസെമിനാരിയിൽ നിന്ന് സി. പി. തരകന്റെ ആമുഖ ഉപന്യാസത്തോടുകൂടിയാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ചരിത്ര ഗവേഷകനും പഴയ സെമിനാരിയിലെ സഭാചരിത്ര വിഭാഗം തലവനുമായ ഫാ. ഡോ. വി. സി. ശമുവേൽ അദ്ദേഹം പരിശോധിച്ച ഗ്രന്ഥങ്ങളുടെ സൂചികയിൽ ഇന്ത്യയിലും വിദേശത്തും മലയാളത്തിലും ഇംഗ്ലീഷിലും സുറിയാനിയിലും ലഭ്യമായ എഴുപതോളം പുസ്തകങ്ങളുടെ ലിസ്റ്റ് നൽകിയിട്ടുണ്ടെങ്കിലും 'സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയർ ആയിരുന്നുവോ' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ചതും ഈ വിഷയം സമഗ്രമായി ചർച്ച ചെയ്തതുമായ - ഒരു തരത്തിൽ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം എന്നു തന്നെ പറയാം - ഒരു ഗ്രന്ഥം ശ്രദ്ധിക്കാതെ പോയതെന്തുകൊണ്ട് എന്ന ചോദ്യം നമ്മെ അത്ഭുതപ്പെടുത്തുന്നു. 58 ഖണ്ഡികകളിലായി സംവിധാനം ചെയ്ത ആ പ്രൗഢ പ്രബന്ധം മലങ്കരസഭ നെസ്തോറിയം ആയിരുന്നില്ല എന്ന് പണ്ഡിതോചിതമായി തെളിയിച്ചിരിക്കുന്നു. ഇതിൽ ഹാജരാക്കിയ യാതൊരു തെളിവിനെയും ഫാ. ഡോ. വി. സി. ശാമുവേൽ ഖണ്ഡിച്ചിട്ടില്ലാത്തതിനാൽ അദ്ദേഹം ഈ വിഷയത്തെ സമഗ്രമായ പഠനാന്വേഷണാപഗ്രഥനങ്ങൾക്ക് വിധേയമാക്കിയിട്ടില്ല എന്നല്ലേ വ്യക്തമാകുന്നത്? തന്നെയുമല്ല അദ്ദേഹം ഗ്രന്ഥസൂചികയിൽ ഉൾപ്പെടുത്തിയ ഇ. എം. ഫിലിപ്പിന്റെ സഭാചരിത്രത്തിലെ പ്രസക്തഭാഗത്തെ അദ്ദേഹം സ്പർശിക്കാതെ വിട്ടിരിക്കുന്നതും നമ്മെ അതിശയിപ്പിക്കുന്നു. ഇ. എം. ഫിലിപ്പ് എഴുതുന്നു: ".... മലബാർ ക്രിസ്ത്യാനികൾക്ക് സുന്നഹദോസ് നോമ്പ് നിശ്ചയിക്കുന്ന കൂട്ട

ത്തിൽ മലയാളത്ത് ആചരിച്ച് വരുന്നതായ താഴെപ്പറയുന്ന അഞ്ച് നോമ്പുകളെപ്പറ്റി മെനേസ്സിസ് പ്രസ്താവിക്കുന്നു. 1. പരിശുദ്ധവും ഭക്തിജനകവുമായ വലിയനോമ്പ്. ഈ ഭദ്രാസന ഇടവകയിലെ നടപ്പനുസരിച്ച് ഇത് ക്വിൻക്വജെസിമാ (കൊത്തിനെ) ഞായറാഴ്ചയ്ക്കു ശേഷം വരുന്ന തിങ്കളാഴ്ച ആരംഭിക്കുന്നു. 2. ആഗമനത്തിന്റെ പരിശുദ്ധ നോമ്പ്. ഇത് ധനു 1-ാം തീയതിയ്ക്ക് ശേഷം വരുന്ന ഞായറാഴ്ച മുതൽ ഈ ഭദ്രാസന ഇടവകയിൽ ആചരിച്ച് വരുന്നു. 3. ചിങ്ങം 1 ന് ആരംഭിക്കുന്ന നമ്മുടെ മാതാവിന്റെ വാങ്ങിപ്പിന്റെ നോമ്പ്. 4. പെന്തിക്കോസ്തി ആഴ്ച കഴിഞ്ഞു വരുന്ന ഒന്നാം ദിവസം ആരംഭിക്കുന്ന ശ്ലീഹന്മാരുടെ നോമ്പ്. 5. വലിയ നോമ്പ് തുടങ്ങുന്നതിന് പതിനെട്ട് ദിവസം മുമ്പ് ആരംഭിക്കുന്ന യോനാ ദീർഘദർശിയുടെ മൂന്ന് നോമ്പ് (Geddes 350, 351). ഈ അഞ്ചു നോമ്പുകളും ഓർത്തഡോക്സ് (യാക്കോബായ) സഭയിൽ ആചരിക്കണമെന്ന് ആ സഭയുടെ കാനോനാകൾ നിശ്ചയിച്ചിട്ടുള്ളവയാണ്. മേൽപ്പറഞ്ഞ തീയതികളും ഓർത്തഡോക്സ് (യാക്കോബായ) സഭ നോമ്പ് ആചരിക്കുന്ന തീയതികളോട് യോജിക്കുന്നുണ്ട് (ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചതോടെയാണ് 1950-കളിൽ ഈ തീയതികളിൽ ജൂലിയൻ കലണ്ടറിൽ നിന്നും വ്യത്യാസപ്പെട്ടത്). ഈ അഞ്ചു നോമ്പുകൾ കൂടാതെ നെസ്തോറിയ സഭ വേറെ നാലു നോമ്പുകൾ കൂടി ആചരിക്കുന്നുണ്ട്. അവ 1. മാർ സെയ്യായുടെ മൂന്ന് ദിവസത്തെ നോമ്പ്. 2. കന്യകമാരുടെ മൂന്ന് ദിവസത്തെ നോമ്പ്. 3. മാർ ഏലിയായുടെ ഏഴ് ആഴ്ചത്തെ നോമ്പ്. 4. മോശയുടെ ഒരാഴ്ച മുതൽ നാല് ആഴ്ച വരെയുള്ള നോമ്പ് ഇവയാകുന്നു (Badger Vol. 2. pp. 187, 188). ഉദയംപേരൂർ സുന്നഹദോസ് രേഖകളിൽ നെസ്തോറിയരുടെ ഈ പ്രത്യേക നോമ്പുകളെപ്പറ്റി ഒരു പ്രസ്താവനയും നാം കാണുന്നില്ല." ഉദയംപേരൂർ സുന്നഹദോസിന്റെ കാലം വരെയും മലങ്കര സഭയിൽ നെസ്തോറിയാ അനുഷ്ഠാനങ്ങൾ പ്രവേശിച്ചിരുന്നില്ല എന്നാണ് ഈ കാര്യം വ്യക്തമാക്കുന്നത്." ഇ. എം. ഫിലിപ്പിന്റെ പല വാദമുഖങ്ങളെയും ഖണ്ഡിക്കുവാൻ പ്രത്യേക ഉത്സാഹം പ്രദർശിപ്പിക്കുന്ന ഫാ. ശാമുവേൽ ഈ ഭാഗത്ത് കാണിക്കുന്ന ഉദാസീനത ദുരൂഹമായിരിക്കുന്നു.

കേംബ്രിഡ്ജ് സർവകലാശാലയിൽ സൂക്ഷിച്ചിരിക്കുന്ന ഒരു സുറിയാനി കൈയെഴുത്ത് ബൈബിളിനെക്കുറിച്ച് ഇത്തരുണത്തിൽ അല്പം പ്രസ്താവിപ്പാനുണ്ട്. കേരളത്തിലെ ബൈബിൾ പാരമ്പര്യത്തെപ്പറ്റി ഗവേഷണം നടത്തുവാൻ കൽക്കട്ടയിൽ നിന്നും മലങ്കരസഭ സന്ദർശിച്ച ക്ലോഡിയസ് ബുക്കാനന് അന്നത്തെ മലങ്കര മെത്രാൻ ആറാം മാർത്തോമ്മാ 1806-ൽ സമ്മാനിച്ച ഈ ഗ്രന്ഥം, എ. ഡി. ആറാം ശതാബ്ദത്തിനും പന്ത്രണ്ടാം ശതാബ്ദത്തിനും ഇടയിൽ പകർത്തിയെഴുതിയതാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ പി. റ്റി. ഗീവറുഗീസ് ശെമ്മാശന്റെ വാദമുഖം കേൾക്കുക: "വിശുദ്ധ മറിയാമിന്റെ ഓർമ്മദിവസങ്ങളെ ഘോഷി

ക്കുന്ന അവസരങ്ങളിൽ വൈദിക ശുശ്രൂഷയ്ക്കു വേണ്ടതായി ഇതിൽ പന്ത്രണ്ടിലധികം കുറിപ്പുകൾ ഉണ്ട്. ഈ കുറിപ്പുകളിൽ നെസ്തോറിയാ രീതി അനുസരിച്ച് വിശുദ്ധ കന്യകമറിയാമെന്നോ ക്രിസ്തുവിന്റെ മാതാവെന്നോ അല്ല, എന്നാൽ നെസ്തോറിയർ തന്നെ ഒരിക്കലെങ്കിലും വിളിച്ചിട്ടില്ലാത്ത വിധത്തിൽ ദൈവമാതാവ് എന്നത്രേ വിശുദ്ധ മറിയാമിനെ നാമകരണം ചെയ്തിരിക്കുന്നത്. വി. മത്തായി 12:33 ലും വി. മർക്കോസ് 3:31 ലും വി. ലൂക്കോസ് 8:16 ലും ആരംഭിക്കുന്ന വായനകളുടെ മുമ്പിലുള്ള കുറിപ്പുകൾ ഇതിന് സാക്ഷികൾ അത്രേ." "വീണ്ടും നെസ്തോറിയരുടെ ആചാരപ്രകാരം നോമ്പുദിവസങ്ങളിൽ ശനിയാഴ്ച വിശുദ്ധ കുർബാന പാടില്ല. എന്നാൽ ഓർത്തഡോക്സുകാരും (യാക്കോബായക്കാരും) ഇതര പൗരസ്ത്യ ക്രിസ്ത്യാനികളും നോമ്പുസമയങ്ങളിൽ ശനിയാഴ്ച ദിവസം കുർബ്ബാന അണയ്ക്കുന്നവരാണ്. ഈ കൈയെഴുത്തു വേദപുസ്തകത്തിൽ നോമ്പ് സമയം ശനിയാഴ്ച ദിവസങ്ങളിൽ വി. കുർബാനയ്ക്കു വേണ്ടുന്ന കുറിപ്പുകൾ കാണുന്നുണ്ട്." "... ഡോ. ബുക്കാനന് കൊടുത്തതായ വേദപുസ്തകത്തിൽ നെസ്തോറിയരുടെ വക വെള്ളിയാഴ്ച മഹോത്സവങ്ങളിൽ വായിക്കേണ്ടതായ ഭാഗങ്ങളെ സൂചിപ്പിക്കുന്നതായ കുറിപ്പുകൾ ഒന്നുപോലുമില്ല...." (മേൽപ്പുസ്തകം, പു. 55-57). ആയിരം കൊല്ലമായി മലങ്കരസഭ നൽകുന്ന ഉൾക്കാഴ്ച മലങ്കരസഭയുടെ പൊതുധാര നെസ്തോറിയം ആയിരുന്നില്ല എന്നാണ്.

## E. അവിഭക്ത മലങ്കരസഭയെപ്പറ്റി ഒരു നിരീക്ഷണം

എ. ഡി. പതിമൂന്ന്, പതിനാലു നൂറ്റാണ്ടുകളിൽ സഞ്ചാരികൾ തയ്യാറാക്കിയ കുറിപ്പുകൾ, റിപ്പോർട്ടുകൾ, ഗ്രന്ഥങ്ങൾ തുടങ്ങിയവയിൽ നിന്ന് കേരളക്രിസ്ത്യാനികളെക്കുറിച്ച് ലഭിക്കുന്ന ചില വിവരങ്ങൾ നമുക്ക് ശേഖരിക്കാം. മുൻവിധികൾ, താല്പര്യങ്ങൾ, സമഗ്രമായ അന്വേഷണമില്ലായ്മ, ധൃതഗതിയിലുള്ള നിഗമനങ്ങൾ തുടങ്ങിയ ചില ദോഷങ്ങൾ പരിഗണിച്ചു വേണം അവയെ വിലയിരുത്തുവാൻ. അപരിഷ്കൃതമായ ഒരു നാട് എന്ന നിലയിൽ വിദേശികൾ തയ്യാറാക്കിയ നിരീക്ഷണങ്ങളുടെ കാര്യമാകുമ്പോൾ ഈ നിലപാട് വിശേഷാൽ സംഗതമാകുന്നു. കേരളീയ ജീവിതത്തിലും സംസ്കാരത്തിലും സാഹിത്യകലകളിലും ക്രിസ്തുമതം ചെലുത്തിയ നിർണ്ണായക സ്വാധീനത്തെപ്പറ്റി യാതൊരാളും ഉപരിപ്ലവമായ അന്വേഷണങ്ങൾ പോലും നടത്തിയിട്ടില്ലെന്നോർക്കുക.

1. സാമൂഹ്യജീവിതത്തിൽ കേരളക്രിസ്ത്യാനികൾക്ക് സമുന്നതമായ സ്ഥാനമാനങ്ങൾ ഉണ്ടായിരുന്നു. ക്രിസ്തുമതത്തെപ്പറ്റി ചില പൊതു ധാരണകളല്ലാതെ വിശേഷജ്ഞാനം സാധാരണ ക്രൈസ്തവമതാനുയായികളിൽ അപൂർവ്വമായിരുന്നു. തന്മൂലം സമൂഹത്തോട് മിഷനറി ദൗത്യം നിർവഹിക്കുവാൻ അവർ അപ്രാപ്തരായിരുന്നു.

2. പ്രാർത്ഥനയുടേയും ആരാധനകളുടെയും ആദിമ രൂപഘടനകളിൽ മതം പരിമിതപ്പെട്ടു. ആരാധനകൾക്കും പ്രാർത്ഥനാസാഹിത്യത്തിനും ഉണ്ടായ വളർച്ചകൾ കേരളത്തിലെ ക്രിസ്ത്യാനികൾ ഗ്രഹിച്ചുവോ എന്ന് സംശയമാണ്. വ്യവസ്ഥാപിതമായ മതപരിശീലനപരിപാടികൾ വേണ്ടത്ര ലഭ്യമായിരുന്നില്ല. സമീപസ്ഥമായ ഇതര മതപ്രസ്ഥാനങ്ങളോട് സംവാദം നടത്തുവാനുള്ള പരിജ്ഞാനമൊന്നും അവർ നേടിയിരുന്നില്ല.

3. പുരുഷന്മാരോടൊപ്പം സ്ത്രീകളും ദേവാലയാരാധനകളിൽ പങ്കെടുത്തിരുന്നു. പ്രസവാനന്തരം ശിശു ആണായിരുന്നാൽ നാല്പത് ദിവസക്കാലവും പെണ്ണായിരുന്നാൽ എൺപത് ദിവസക്കാലവും പള്ളിയിൽ പോകുമായിരുന്നില്ല. അതിന് ശേഷം കുഞ്ഞുങ്ങൾക്ക് പള്ളിയിൽ ചെന്ന് മാമ്മൂദീസാ നൽകും.

4. പള്ളികളിൽ ഒന്നിലധികം പട്ടക്കാർ ഉണ്ടായിരുന്നു. അവരിൽ പ്രായക്കൂടുതൽ ഉള്ള ആളിന് പ്രത്യേക ബഹുമാനം നൽകിയിരുന്നു. വികാരി തുടങ്ങിയ സ്ഥാനപ്പേരുകൾ അജ്ഞാതമായിരുന്നു.

5. പരേതർക്ക് വേണ്ടി ശ്രാദ്ധാരാധനകൾ പ്രചാരത്തിലിരുന്നു. അത് പട്ടക്കാരുടെ ഒരു വരുമാനമാർഗ്ഗവുമായിരുന്നു.

6. പട്ടക്കാരുടെ നവപൂജാർപ്പണം ആഘോഷപൂർവ്വം നടത്തിയിരുന്നു.

7. മതത്തിനകത്തും പുറത്തും വൈദികർ ആരാധിക്കപ്പെട്ടിരുന്നു.

8. കോപ്റ്റിക് സഭയുടെ മാതൃകയിൽ പെന്തിക്കോസ്തിയുടെ അടുത്ത ദിവസം മുതൽ ശ്ലീഹാ നോമ്പ് ആചരിച്ചു വന്നു.

9. ഓരോ ഇടവകയിലെ ആവശ്യാനുസരണം പട്ടക്കാരെ സ്ഥാനം കൊടുത്ത് നിയമിക്കുവാൻ പേറെദ്‌യൂത്തെ എന്ന സ്ഥാനികൾ ഉണ്ടായിരുന്നു.

10. സഭയുടെ പൊതുഭരണം ആർച്ച് ഡീക്കൻ എന്ന് കൂടി പറയുന്ന ജാതിക്ക്കർത്തവ്യനിൽ നിക്ഷിപ്തമായിരുന്നു.

11. വ്യാപാരം, ബാങ്കിംഗ്, ശില്പവേലകൾ തുടങ്ങിയ മേഖലകളിലും ആയുധാഭ്യാസത്തിലും അവർ നേതൃത്വം നൽകി.

12. സന്മാർഗ്ഗനിഷ്ഠ, വസ്ത്രധാരണം, കുടുംബബന്ധങ്ങൾ ഇവയിൽ ഉയർന്ന നിലവാരം പുലർത്തി.

13. പലപ്പോഴും മതപീഡനങ്ങൾ അനുഭവിക്കേണ്ടി വന്നു. അവയെ വിജയകരമായി അതിജീവിക്കുകയും ചെയ്തു.

14. സമകാല പ്രാദേശിക സംസ്കാരവുമായി സമരസപ്പെട്ടുപോകാൻ ശ്രമിച്ചിരുന്നു. പേരുകളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിൽപ്പോലും ദേശീയധാരയിൽ അലിഞ്ഞുചേരാൻ ശ്രമിച്ചു.

## F. പൗരസ്ത്യ മെത്രാന്മാർ

വിദേശ വ്യാപാരം ആദ്യം അലക്സന്ത്രിയായുമായും പിന്നീട് പേർഷ്യ യുമായും കേരളത്തിന് വൻ സമ്പർക്ക സാധ്യതയുണ്ടാക്കിയ വിവരം നേരത്തെ പ്രസ്താവിച്ചുവല്ലോ. വ്യാപാരികളിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിവിധ ക്രൈസ്തവ സഭാസമൂഹങ്ങളിൽപ്പെട്ടവരും ഉണ്ടായി രുന്നു. അവർ മുഖേന അവരുടെ രാജ്യങ്ങളിൽ മലങ്കരസഭയെപ്പറ്റി അറിവും ലഭിച്ചിരുന്നു. അവരുടെ സമൂഹങ്ങളെപ്പറ്റി മലങ്കരസഭയിലും അറിവു ണ്ടായി. പുറം രാജ്യങ്ങളിലെ വിശ്വാസ വൈജാത്യങ്ങളെക്കുറിച്ച് മലങ്കര സഭ എന്നും ഉദാസീനമായിരുന്നു. എന്നാൽ മിഷനറിസ്വഭാവമുള്ള പല വിദേശസഭകളും മലങ്കരസഭയെ തങ്ങളുടെ കോളനി സഭയാക്കുവാൻ കിണഞ്ഞു ശ്രമിച്ചിരുന്നു. ആദ്യകാലങ്ങളിൽ ഇക്കാര്യത്തിൽ മുൻപന്തി യിൽ നിന്നിരുന്നത് പേർഷ്യയിലെ സെലൂഷ്യൻ സഭയായിരുന്നു. പ്രത്യേ കിച്ചും ആ സഭ നെസ്തോറിയാ വിശ്വാസം സ്വീകരിച്ചതിന് ശേഷം കൂടു തൽ മിഷനറി താല്പര്യം പ്രദർശിപ്പിച്ചു പോന്നു. ബാഗ്ദാദിൽ ആസ്ഥാ നമുറപ്പിച്ച ശേഷം ഈ നെസ്തോറിയൻ സിംഹാസനത്തിൽ നിന്ന് ഒരു യോഹന്നാൻ മെത്രാൻ മലബാറിലേക്കയക്കപ്പെട്ടതായി ജി. റ്റി. മെക്കൻസി Christianity in Travancore (p.7) ൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ അദ്ദേ ഹത്തെപ്പറ്റി – അദ്ദേഹം മലബാറിൽ എത്തിയതായോ എന്തെങ്കിലും പ്രവർ ത്തിച്ചതായോ കേരളത്തിൽ രേഖകളൊന്നുമില്ല. 1295 –ൽ കേരളം സന്ദർ ശിച്ച മാർക്കോ പോളോ കണ്ട ഏതാനും നെസ്തോറിയൻ വിശ്വാസികളും 1321 –ൽ ലത്തീൻ സഞ്ചാരിയായ ഒഡൊറിക് മയിലാപ്പൂരിൽ കണ്ട പതി നഞ്ച് നെസ്തോറിയൻ കുടുംബങ്ങളും ഒരു ദേശീയസഭയിലെ പൊതു ധാരയുടെ ചിത്രമല്ല സമ്മാനിക്കുന്നത്. നെസ്തോറിയന്മാരായ പേർഷ്യൻ വ്യാപാരികൾക്ക് കേരളത്തിൽ ഒരു കോളനിയും അവർക്ക് സ്വന്തമായ ദേവാലയങ്ങളും ഉണ്ടാകാവുന്നതാണല്ലോ (അർമ്മീനിയൻ സഭയ്ക്ക് അപ്ര കാരം കോളനികളും ദേവാലയങ്ങളും ഇന്ത്യയിൽ ഉണ്ടായിരുന്നതായി രേഖയുണ്ട്. വ്യാപാരത്തിനിടെ ഉണ്ടായ ചില സംവിധാനങ്ങളും ക്രമീകര ണങ്ങളും ആയിട്ടേ അതിനെ കാണേണ്ടതുള്ളൂ). വത്തിക്കാൻ സുറിയാനി രേഖകളിലുള്ളതായി എ. മിങ്ങാന സാക്ഷിക്കുന്ന 1301 –ലെ വേദവായ നക്കുറിപ്പും (ശിംഗള – ചേന്ദമംഗല – ത്തുവച്ച് എഴുതപ്പെട്ടത്) ഈ പശ്ചാ ത്തലത്തിലാണ് പരിഗണിക്കേണ്ടത്.

എന്നാൽ ഈ വിദേശ സംസർഗങ്ങൾ ലോക ക്രൈസ്തവ സഭകളിൽ രൂപപ്പെട്ടുകൊണ്ടിരുന്ന എപ്പിസ്കോപ്പൽ ഹയറാർക്കിയെപ്പറ്റി മലങ്കര സഭയുടെ ബോധ്യങ്ങളിൽ ചോദ്യങ്ങളുയർത്തുവാൻ പര്യാപ്തമായിരുന്നു. ബിഷപ്പിന്റെ കൈവെപ്പ് കൂടാതെയുള്ള പട്ടംകൊടകൾ അസാധുവായി ട്ടാണ് പല സഭകളും ഗണിക്കുന്നതെന്ന അറിവ് മലങ്കരസഭയെ ചില വീണ്ടു

വിചാരങ്ങളിലേക്ക് പ്രേരിപ്പിച്ചു. തൽഫലമായാണ് 1490 –ൽ ഒരു മെത്രാന് വേണ്ടി ഒരു നിവേദകസംഘം തങ്ങൾക്ക് പരിചിതമായിരുന്ന മൂസലിലെ (പേർഷ്യാ) പാത്രിയർക്കീസിനെ സന്ദർശിച്ചത്. മൂന്നുപേർ അടങ്ങിയ സംഘത്തിലെ ജോർജ്ജ്, ജോസഫ് എന്നീ രണ്ടു പേർ ലക്ഷ്യസ്ഥാന ത്തെത്തി (ഒരാൾ മാർഗ്ഗമദ്ധ്യേ അന്തരിച്ചു). ശെമവൂൻ പാത്രിയർക്കീസ് അവരെ രണ്ടുപേരെയും കശീശന്മാരാക്കി. മാർ തോമസ്, മാർ യോഹ ന്നാൻ എന്നീ രണ്ടു മെത്രാന്മാരെ അവരോടു കൂടെ കേരളത്തിലേക്കയച്ചു. മലങ്കരസഭയിൽ മെത്രാന്മാർക്ക് ഭരണമില്ലെന്ന സത്യം തിരിച്ചറിഞ്ഞ മാർ തോമസ് മൂസലിലേക്ക് മടങ്ങിപ്പോയി. അദ്ദേഹത്തെ അനുഗമിച്ച ജോസഫ് 1493 –ൽ തിരിച്ചെത്തി. മാർ യോഹന്നാന്റെ ഇന്ത്യൻ പ്രവർത്തനങ്ങളെപ്പറ്റി യാതൊരു വിവരവും ലഭ്യമല്ല. 1502 –ൽ മാർ ഏലിയാസ് പാത്രിയർക്കാ സ്ഥാനം പ്രാപിച്ചു. അദ്ദേഹം മാർ തോമസിനോടൊപ്പം ദാവീദ്, ദനഹാ, യാക്കോബ് എന്നീ മെത്രാന്മാരെ മലങ്കരയിലേക്കയച്ചു. അവർ വന്നപ്പോൾ നേരത്തെ വന്ന മാർ യോഹന്നാൻ ഇവിടെ ഉണ്ടായിരുന്നതായി ഇ. എം. ഫിലിപ്പ് രേഖപ്പെടുത്തുന്നു (പു. 88). 1504 –ൽ അവർ പാത്രിയർക്കീസി നയച്ച റിപ്പോർട്ടിൽ ഇപ്രകാരം കാണുന്നു: “നമ്മോട് വിശ്വാസത്തിൽ യോജിപ്പുള്ള കുടുംബങ്ങൾ ഇവിടെ ഏകദേശം മുപ്പതിനായിരത്തോളം ഉണ്ട്. അവർ അവിടുത്തെ ശ്രേയസുകൾക്കായി ദൈവത്തോട് പ്രാർത്ഥി ക്കുന്നു. ഇപ്പോൾ അവർ കൂടുതൽ പള്ളികൾ പണിയുന്നതിന് ശ്രമിക്കുന്നു. ഇവിടെ എല്ലാവക സാധനങ്ങളും സുലഭമാകുന്നു. ജനങ്ങൾ സൗമ്യശീല ന്മാരും സമാധാനപ്രിയന്മാരും ആകുന്നു. ദൈവത്തിന് സ്തുതി. മാർ ത്തോമ്മാ ശ്ലീഹായുടെ പള്ളിയും ഇതാ ഇവിടെ വീണ്ടും ക്രിസ്ത്യാനിക ളുടെ അധിവാസത്താൽ പ്രശോഭിക്കുന്നു. അത് ഇവിടെ നിന്ന് ഇരുപത്തി അഞ്ചു ദിവസത്തെ വഴിയകലെ സമുദ്രതീരത്ത് സിലാൻ പ്രദേശത്ത് മലി യാപ്പൂർ എന്ന സ്ഥലത്താകുന്നു. ക്രിസ്ത്യാനികൾ അധിവസിക്കുന്ന നമ്മുടെ പ്രവിശ്യയിൽ ഇരുപത് പട്ടണങ്ങളോളമുണ്ട്. അതിന്റെ പേർ മല ബാർ എന്നാകുന്നു. അവിടുത്തെ പ്രധാന പട്ടണങ്ങൾ കൊടുങ്ങല്ലൂർ, പാലൂർ, കൊല്ലം ഇവയാകുന്നു. ഇവയോട് മിക്കവാറും സമമായ മറ്റ് പട്ടണ ങ്ങളും ഉണ്ട്. ഇവിടെയെല്ലാം പള്ളികളും ക്രിസ്ത്യാനികളുടെ ഭവനങ്ങളും കാണപ്പെടുന്നു. അടുത്തുതന്നെ വലിയതും ധാരാളം ധനപുഷ്ടിയുള്ളതു മായ കോഴിക്കോട് എന്ന ഒരു പട്ടണമുണ്ട്. അവിടെ പുറജാതികൾ വസി ക്കുന്നു” (ഇ. എം. ഫിലിപ്പ്, പു. 89).

ഈ അഞ്ചു മെത്രാന്മാർ എവിടെയൊക്കെയാണ് ആസ്ഥാനമുറപ്പിച്ചതെ ന്ന് അറിഞ്ഞുകൂടാ. കൊടുങ്ങല്ലൂരിനും കൊച്ചിക്കും സമീപമുള്ള പള്ളിക ളിൽ കുറെ അനുയായികളെ സൃഷ്ടിക്കുവാൻ ഇവർക്ക് കഴിഞ്ഞു. മലങ്കര സഭയുടെ ചില പ്രദേശങ്ങളിൽ നെസ്തോറിയാ വിശ്വാസങ്ങളും ആചാര ങ്ങളും പ്രചരിപ്പിക്കുവാൻ പൗരസ്ത്യ മെത്രാന്മാർക്ക് കഴിഞ്ഞു.

## G. വാസ്കോഡിഗാമയുടെയും മറ്റും വരവും അനന്തര സംഭവ വികാസങ്ങളും

റോമൻ സാമ്രാജ്യത്തിന്റെ പതനത്തോടെ ഇന്ത്യാ - യൂറോപ്പ് വ്യാപാരം അറബികളുടെ നിയന്ത്രണത്തിലായി. സ്വതന്ത്രമായ ഒരു കപ്പൽ മാർഗ്ഗം കണ്ടെത്തുവാനുള്ള ശ്രമത്തിൽ വാസ്കോഡിഗാമ എന്ന പോർത്തുഗീസ് നാവികൻ രാജകീയ പിന്തുണയോടെ സാമൂതിരിയുടെ ആസ്ഥാനമായ കോഴിക്കോടിനടുത്ത പന്തലായനിയിൽ 1498 മെയ് 20 ന് എത്തി. കോഴിക്കോട് അന്ന് ക്രിസ്ത്യാനികളോ ക്രിസ്തുമത ദേവാലയങ്ങളോ ഉണ്ടായിരുന്നില്ല. മുൻവിധിമൂലം ഒരു ക്ഷേത്രത്തെ പള്ളിയാണെന്ന് തെറ്റിദ്ധരിക്കുകയും കാളീവിഗ്രഹത്തെ കന്യകമറിയാമെന്ന ധാരണയിൽ വണങ്ങുകയും ചെയ്തതിന്റെ വിവരങ്ങൾ കേരളപ്പഴമയിലും (ഗുണ്ടർട്ട്, പു. 3-4) മറ്റും കാണുന്നുണ്ട്. സാമൂതിരിയുമായി ചില പ്രാഥമിക ചർച്ചകൾക്ക് ശേഷം കുറെ ചരക്കുകൾ വാങ്ങി അവർ വന്ന നാലു കപ്പലുകളും നിറച്ച് ഗാമ നവം. 4 ന് മടങ്ങിപ്പോയി. പുതിയ വ്യാപാരികളുടെ വരവ് അന്നത്തെ കോഴിക്കോട് തുറമുഖത്തെ കുത്തക കച്ചവടക്കാരായിരുന്ന മുസ്ലീം വ്യാപാരികൾക്കു രുചിച്ചില്ല. തിരിച്ചെത്തിയ വാസ്ക്കോഡിഗാമയിൽ നിന്ന് ലഭിച്ച അറിവുകളെ ആധാരമാക്കി 1200 ഭടന്മാരോടു കൂടെ അൽവാറീസ് കബ്രാളിന്റെ നേതൃത്വത്തിൽ 13 കപ്പലുകൾ അടങ്ങിയ ഒരു വ്യൂഹത്തെ പോർത്തുഗൽ രാജാവ് മലബാറിലേക്കയച്ചു. 1500 സെപ്തംബറിൽ കബ്രാളും സംഘവും കോഴിക്കോട്ടെത്തി. അവിടെവച്ച് അറബികളുമായുണ്ടായ വൻ സംഘർഷത്തെത്തുടർന്ന് സംഘം കൊച്ചിയിലെത്തി. കൊച്ചിരാജാവ് അവർക്ക് വൻസ്വാഗതം നൽകി. വ്യാപാരച്ചരക്കുകൾ ശേഖരിക്കുന്നതിനിടയിൽ കൊടുങ്ങല്ലൂരിൽ വച്ച് നാട്ടു ക്രിസ്ത്യാനികളുടെ സമൂഹത്തെ കബ്രാൾ പരിചയപ്പെട്ടു. അവരിൽ ജോസഫ് എന്നൊരാൾ കേരളസഭയെപ്പറ്റി ഇപ്രകാരം പറഞ്ഞുവത്രേ: "ഞങ്ങളെല്ലാം ക്രിസ്ത്യാനികൾ, നിങ്ങളുടെ കൂടെ കപ്പലേറി യൂറോപ്പും റോമ്മാ മുതലായ ദേശങ്ങളെ കണ്ടും വച്ച് യരുശലേമിലേക്ക് പോയെങ്കിൽ കൊള്ളാമായിരുന്നു. തോമ്മാശ്ലീഹാ ഈ രാജ്യത്ത് വന്ന് പള്ളി വച്ചു എന്ന് കേട്ടിരിക്കുന്നു. ഞങ്ങൾക്ക് പള്ളിയിൽ കുരിശല്ലാതെ മറ്റു രൂപങ്ങളില്ല. ഇപ്പോൾ ഞങ്ങൾക്ക് മെത്രാന്മാരെ അയയ്ക്കുന്നത് അസ്സീറിയായിലെ കാതോലിക്കായാണ്.

പട്ടക്കാർക്ക് പട്ടമായിട്ട് തലയിൽ വട്ടത്തിൽ മുടി നിർത്തുന്നു. കുട്ടികളെ നാല്പത് നാൾ കഴിഞ്ഞ് സ്നാനം കഴിക്കും. മരിച്ചാൽ എട്ടു ദിവസം പുലകുളിയുണ്ട്. നോമ്പുകൾ വളരെയുണ്ട്. കർക്കിടകം മൂന്നിന് മാർത്തോമ്മായുടെ പെരുന്നാളാകുന്നു. വേദപുസ്തകങ്ങളും വ്യാഖ്യാനങ്ങളും വളരെയുണ്ട്. ഞങ്ങൾ പണ്ടേ കൊടുങ്ങല്ലൂരിൽ കുടിയേറിയിരിക്കുന്നു. യഹൂദന്മാരും മിസ്ര, പാഴ്സി, അറബി മുതലായ കച്ചവടക്കാരുമുണ്ട്. ഞങ്ങൾ

ക്കും വൃത്തി കച്ചവടം തന്നെ. അതിന് കൊടുങ്ങല്ലൂർ രാജാവിന് കപ്പംകൊടുക്കുന്നു" (ബർണാദ് തോമ്മാ കത്തനാർ: *മാർത്തോമ്മാ ക്രിസ്ത്യാനികൾ*, പു. 97).

കബ്രാൾ മടക്കയാത്രയിൽ ജോസഫിനെയും അദ്ദേഹത്തിന്റെ സഹോദരൻ മത്ഥിയാസിനെയും അവരുടെ ആഗ്രഹപ്രകാരം പോർച്ചുഗലിലേക്ക് കൊണ്ടുപോയി. മലങ്കര നസ്രാണികളെക്കുറിച്ച് ആദ്യമായി ഒരു ഗ്രന്ഥം ചമച്ച ആളാണ് അദ്ദേഹം. കേരളത്തിലെ അന്നത്തെ സഭയെപ്പറ്റി – പോർത്തുഗീസുകാരുടെ വരവിന് മുമ്പുള്ള സഭയെപ്പറ്റി – അദ്ദേഹം യൂറോപ്പിൽ പ്രസ്താവിച്ചതിങ്ങനെ: "... മേൽപ്പറഞ്ഞ ക്രിസ്ത്യാനികൾക്ക് ആത്മീയ മേലധ്യക്ഷനായി ഒരു മഹാചാര്യനും (പോണ്ടിഫ് എന്ന് ഇംഗ്ലീഷിൽ. പാപ്പാ എന്നും അർത്ഥം ആകാം) പന്ത്രണ്ട് മുഖ്യ ആചാര്യന്മാരും (കർദ്ദിനാൾ എന്നാണ് പദം) രണ്ടു പാത്രിയർക്കീസന്മാരും ബിഷപ്പുമാരും ആർച്ചു ബിഷപ്പുമാരും ഉണ്ട്. മുൻപറഞ്ഞ കൊടുങ്ങല്ലൂർ പട്ടണത്തിൽ നിന്ന് മേലധികാരിയായ ബിഷപ്പും ഒരുമിച്ചു പുറപ്പെട്ട് കപ്പലിൽ ഒർമ്മൂസ് ദ്വീപിൽ എത്തി. അവിടെ നിന്ന് കര ഇറങ്ങി മൂന്നു മാസം യാത്ര ചെയ്തു. അങ്ങനെ ബിഷപ്പും ഒരുമിച്ച് മഹാപുരോഹിതനെ കാണാൻ ആർമ്മീനിയാ വരെ ജോസഫ് പോയി. ആ മഹാപുരോഹിതൻ ബിഷപ്പിന് സ്ഥാനം നൽകുകയും ജോസഫിനെ പുരോഹിതനാക്കുകയും ചെയ്തു. ഈ വിധമാണ് ഇന്ത്യയിലേയും കാഥേ (ചൈന) യിലേയും ക്രിസ്ത്യാനികൾ എല്ലാവരും ചെയ്യുന്നത്. ജോസഫിന്റെ മഹാപുരോഹിതന്റെ സ്ഥാനനാമം കാതോലിക്കാ എന്നാണ്. അദ്ദേഹത്തിന്റെ തല കുരിശിന്റെ ആകൃതിയിൽ ക്ഷൗരം ചെയ്യുന്നു. അദ്ദേഹം മുകളിൽ പറഞ്ഞിട്ടുള്ള വിധത്തിൽ കീഴിലുള്ള പാത്രിയർക്കീസന്മാരെ ഒരാളെ ഇന്ത്യയിലും മറ്റേ ആളെ കാഥേ (ചൈന) യിലും നിയമിക്കുന്നു. മറ്റു ബിഷപ്പന്മാരെയും ആർച്ച് ബിഷപ്പന്മാരെയും ഇഷ്ടാനുസരണം ഓരോ പ്രവിശ്യയിലേക്ക് അയയ്ക്കുന്നു." "... അവർക്ക് (ഇന്ത്യയിലെ ക്രിസ്ത്യാനികൾക്ക്) പുരോഹിതന്മാരും ശെമ്മാശന്മാരും ഉപശെമ്മാശന്മാരും ഉണ്ട്. കുർബ്ബാന കൈക്കൊള്ളലും കുമ്പസാരവും ഉണ്ട്. രോഗികളുടെ തൈലാഭിഷേകം ഇല്ല. അതിന് പകരം വേണ്ട പ്രാർത്ഥനകളോടുകൂടെ ശവം സംസ്കരിക്കും." "... മലങ്കര പള്ളിയിൽ പ്രതിമകളില്ല. കുരിശുകളാണ് പള്ളികളെ അലങ്കരിക്കുന്നത്. കുട്ടികളെ ജ്ഞാനസ്നാനം ചെയ്യും. പുളിപ്പിച്ച അപ്പമാണ് കുർബ്ബാനയ്ക്ക് ഉപയോഗിക്കുക..... ക്രിസ്മസിനും ഈസ്റ്ററിനും മുമ്പുള്ള നോമ്പുകാലത്ത് ഉപവസിക്കും. സന്യാസിമഠങ്ങളും പുസ്തകങ്ങളും ഉന്നതന്മാരായ ഉപദേഷ്ടാക്കളും ഉണ്ട്. കോഴിക്കോട് സാമൂതിരിയുടെ കൊട്ടാരത്തിൽ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും യൂദന്മാർക്കും ക്രിസ്ത്യാനികൾക്കും ഓരോ നടപ്പുര ഉണ്ട്" (പാറേട്ട്, *മലങ്കരനസ്രാണികൾ വാല്യം 2*, പു. 134.).

ജോസഫിന്റെ ഈ സമകാലസാക്ഷ്യം ആരും ഗൗരവത്തിലെടുത്തതായി കാണുന്നില്ല. ഭാഷാപരിചയക്കുറവുകൊണ്ട് അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വേണ്ടതു പോലെയല്ല ഗ്രന്ഥകാരൻ ഗ്രഹിച്ചത് എന്ന് പറഞ്ഞ് അക്കാര്യങ്ങൾ പലരും അവഗണിച്ചിരിക്കുന്നു. 'ഇന്ത്യാക്കാരൻ ജോസഫ് ഒരു അസാധാരണ വ്യക്തിയായിരുന്നു' എന്ന് പാറേട്ടും "ജോസഫ് ബുദ്ധിശാലിയും സത്യസന്ധനും പരിപൂർണ്ണമായി വിശ്വസിക്കാൻ കൊള്ളാവുന്നവനും മാതൃകായോഗ്യമായ ജീവിതവും അഗാധമായ ദൈവവിശ്വാസവും ഉള്ളവനുമാണെന്ന്" അദ്ദേഹവുമായി മാസങ്ങളോളം ഒരുമിച്ച് താമസിച്ച് റിപ്പോർട്ടുകൾ ശേഖരിച്ച ഫ്രാക്കൻ മൊന്തൻ ബോഡോ (1507) യും സാക്ഷ്യപ്പെടുത്തിയ കാര്യം ഓർക്കുമ്പോൾ അദ്ദേഹം വെളിപ്പെടുത്തിയ കാര്യങ്ങൾക്ക് ഗൗരവാവഹമായ പരിഗണന നൽകേണ്ടതുണ്ട് എന്ന് തോന്നുന്നു. അദ്ദേഹത്തിന്റെ വെളിപ്പെടുത്തലുകൾ നമ്മുടെ പല ധാരണകളെയും തിരുത്തുവാൻ പര്യാപ്തമാണ്.

ഒരു നിവേദകസംഘം 1490 -ൽ നെസ്തോറിയാ പാത്രിയർക്കീസിനെ മൂസലിൽ സന്ദർശിച്ചു എന്ന് ഇ. എം. ഫിലിപ്പും (അസ്സീമാൻ III 589 ആധാരമാക്കി. പു. 88) ഫാ. ഡോ. വി. സി. സാമുവലും (*സഭ വളരുന്നു,* പു. 76) രേഖപ്പെടുത്തുന്നു. 1687 മുതൽ 1769 വരെ ജീവിച്ച അസീമാനി വത്തിക്കാൻ ലൈബ്രറിയുടെ പ്രഗത്ഭന00ായ ഉദ്യോഗസ്ഥനും കത്തോലിക്കാ സഭയിലെ ആർച്ച്ബിഷപ്പും ആയിരുന്നു. 1490 -ൽ മലങ്കരയിൽ നിന്ന് പോയ നിവേദകസംഘത്തെപ്പറ്റി രണ്ടരനൂറ്റാണ്ടിന് ശേഷം രചിച്ച ഒരു കൃതിയേക്കാൾ ആശ്രയിക്കാവുന്നത് ആ നിവേദകസംഘത്തിലെ ഒരു പ്രമുഖാംഗമായ 'ഇന്ത്യാക്കാരൻ ജോസഫ്' 1507 നോടടുപ്പിച്ചു പറഞ്ഞ പ്രസ്താവനകൾ തന്നെയാണ്. മലങ്കരസഭ നെസ്തോറിയമാണെന്നു വിധിച്ച ഉദയംപേരൂർ സുന്നഹദോസിനെ ന്യായീകരിക്കുവാൻ കൃത്രിമ പ്രസ്താവനകൾ ആവശ്യമില്ല എന്നതാണ് 1507 -ലെ ഗ്രന്ഥത്തിന്റെ വിശ്വാസ്യതയ്ക്ക് നിദാനം. അസ്സീമാനി പറയുംപ്രകാരം 1490 -ലെ നിവേദകസംഘം നെസ്തോറിയാ പാത്രിയർക്കീസിനെയല്ല അർമ്മീനിയൻ കാതോലിക്കായെയാണ് സന്ദർശിച്ചത് എന്ന ജോസഫിന്റെ ദൃക്സാക്ഷിവിവരണം സത്യസന്ധമാവാനാണ് സാദ്ധ്യത. കാതോലിക്കായുടെ കീഴിൽ രണ്ടു പാത്രിയർക്കീസന്മാരുണ്ട് എന്ന പ്രസ്താവന ശരിയാണ്. അർമ്മീനിയൻ കാതോലിക്കായുടെ കീഴിൽ കുസ്തന്തീനോപ്പോലീസിലും യെരുശലേമിലുമായി രണ്ടു പാത്രിയർക്കീസന്മാർ ഉണ്ടായിരുന്നു (1653 -ൽ വന്ന അഹത്തള്ളാ ബാവാ മലങ്കരയിലേക്കയച്ച കത്തിൽ സ്വന്ത സ്ഥാനനാമം 'ഇന്ത്യയുടെയും ചൈനയുടെയും പാത്രിയർക്കീസായ ഇഗ്നാത്തിയോസ്' എന്നാണ് രേഖപ്പെടുത്തിയതെന്ന് സാന്ദർഭികമായി ഇവിടെ ഓർക്കാവുന്നതാണ്. പേർഷ്യക്കാരെപ്പോലെ തന്നെ അർമ്മീനിയാക്കാരും വ്യാപാരാർത്ഥം കേരളക്കരയിൽ വന്നിരുന്നു എന്ന പരമാർത്ഥമോർക്കുമ്പോൾ നെസ്തോറിയാ കാതോലിക്കാമാരെന്ന്

ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട പല സഭാദ്ധ്യക്ഷന്മാരും അർമ്മീനിയൻ കാതോലിക്കാമാർ ആയിരുന്നുവോ എന്ന പുനരാലോചന നമ്മോട് ആവശ്യപ്പെടുന്നു. 1685 –ൽ വന്ന മാർ ഈവാനിയോസ് മലങ്കരയിൽ പുളിപ്പില്ലാത്ത അപ്പം കുർബ്ബാനയ്ക്കുപയോഗിക്കരുതെന്ന് കല്പനയിലൂടെ വിലക്കിയിട്ടുണ്ട്. 1665 –ൽ വന്ന അബ്ദുൾ ജലീൽ ഗ്രീഗോറിയോസ് അർമ്മീനിയൻ കാതോലിക്കായുടെ കീഴിലുള്ള യെരുശലേം പാത്രിയർ ക്കീസ് ആയിരുന്നുവെന്നും അദ്ദേഹത്തിന്റെ സ്വാധീനത്താലാണ് പുളിപ്പില്ലാത്ത അപ്പം കുർബ്ബാനയ്ക്കുപയോഗിക്കുന്ന സമ്പ്രദായം മലങ്കരസഭയിൽ പ്രചരിച്ചതെന്നും ന്യായമായി ഊഹിക്കാവുന്നതാണ്.

1685 –ൽ കേരളത്തിലെത്തിയ മാർ ബസ്സേലിയോസ് യൽദോ മഫ്രിയാന, മാർ ഈവാനിയോസ് തുടങ്ങിയവരെ കൊണ്ടുവന്നത് അർമ്മീനിയൻ വ്യാപാരികൾ ആയിരുന്നുവെന്ന് മാർ ഈവാനിയോസിന്റെ പ്രാർത്ഥനാപുസ്തകത്തിലെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളതും 1751 –ൽ വന്ന വിദേശസഭാദ്ധ്യക്ഷ സംഘത്തിൽ ഉള്ളവർ 'വേഷവും പ്രകൃതിയും കണ്ടിട്ട് അർമ്മീനിയക്കാരാണെന്നതിൽ ഒരു സംശയവുമില്ല' എന്ന് 'വേദതർക്കം' എന്ന കൃതിയിൽ കരിയാറ്റി യൗസേപ്പ് മല്പാൻ (പിന്നീട് കരിയാറ്റി ബിഷപ്പ്) രേഖപ്പെടുത്തിയതും ഒക്കെ കൂട്ടിച്ചേർത്തു വായിക്കുമ്പോൾ മലങ്കരസഭാ ചരിത്രത്തിലെ ചില അദ്ധ്യായങ്ങൾക്ക് പുനർനിർമ്മിതി അനിവാര്യമെന്ന് വരുന്നു. ഉദയംപേരൂർ സുന്നഹദോസിന് തൊട്ടുമുമ്പ് മലങ്കരസഭ നെസ്തോറിയൻ പാഷാണ്ഡതയ്ക്കു വിധേയമായിരുന്നു എന്ന ധാരണയ്ക്കു ബലം നൽകുവാൻ ബോധപൂർവ്വം വത്തിക്കാൻ അധികൃതരുടെ അറിവോടെ സൃഷ്ടിക്കപ്പെട്ടതാകാം നെസ്തോറിയൻ ബന്ധത്തിന്റെ പല കഥകളും).

'ഇന്ത്യാക്കാരൻ ജോസഫ്' എന്ന പേരിൽ ചരിത്രപ്രസിദ്ധനായ ഈ പുരോഹിതൻ മലങ്കരസഭയുടെ പ്രതിനിധിയായി 1490 –ൽ വിദേശത്തേക്ക് അയയ്ക്കപ്പെട്ടു എന്ന് പറഞ്ഞാൽ അതൊരു വലിയ ബഹുമതി തന്നെ. ജനസമ്മതനും വാഗ്മിയും കാര്യപ്രാപ്തനും പ്രതിഭാസമ്പന്നനും കാര്യങ്ങളെ അപഗ്രഥിക്കുവാൻ സൂഷ്മതയും ധൃതഗതിയും ഉള്ളവനും ഒക്കെയായ അദ്ദേഹത്തിന്റെ പ്രസ്താവനകളെ ഒരു മന്ദബുദ്ധിയുടെ പ്രസ്താവനകളെ എന്ന വിധം അവഗണിക്കാനാവില്ല തന്നെ. മലങ്കരയിലെ പൗരോഹിത്യ സംവിധാനത്തെ പാശ്ചാത്യരാജ്യങ്ങളിലും പൗരസ്ത്യരാജ്യങ്ങളിലുമുള്ള പൗരോഹിത്യ സംവിധാനത്തോട് താരതമ്യം ചെയ്ത് വിവർത്തനം ചെയ്ത അദ്ദേഹത്തെ ആരും ശരിയായി മനസ്സിലാക്കിയില്ലെന്നതാണ് കാര്യം. അദ്ദേഹത്തിന്റെ പ്രസ്താവനകളെ താഴെപ്പറയുംവിധം മനസ്സിലാക്കാവുന്നതാണ്.

1. മലബാറിലെ ക്രിസ്ത്യാനികൾക്ക് ആത്മീയ മേലദ്ധ്യക്ഷനായി ഒരു

മഹാചാര്യനുണ്ട് (പാപ്പാ എന്ന് അർത്ഥം പറയാവുന്ന പോണ്ടിഫ് എന്ന പദമാണ് മഹാചാര്യൻ എന്ന സ്ഥലത്ത് ഉപയോഗിച്ചിരിക്കുന്നത്).

കത്തോലിക്കാസഭയിലെ പാപ്പായ്ക്ക് സമസ്ഥാനീയനാണ് മലങ്കരസഭയിലെ ജാതിയ്ക്ക് കർത്തവ്യൻ കൂടിയായ അർക്കദിയാക്കോൻ എന്നാവാം അദ്ദേഹം ഉദ്ദേശിച്ചത്. ക്രിസ്തുവിന്റെ കശ്ശീശാ എന്ന സ്ഥാനപ്പേർ ഉപയോഗിച്ചാണ് അർക്കദിയാക്കോൻ ഒപ്പ് വച്ചിരുന്നത്. ക്രിസ്തുവിന്റെ വികാരി എന്ന പേപ്പൽ പ്രയോഗംപോലെ ഈ പ്രയോഗത്തെ ജോസഫ് കരുതിയിരിക്കണം. അദ്ദേഹം മലങ്കര പള്ളി പ്രതിപുരുഷയോഗത്തിന്റെ അദ്ധ്യക്ഷനും കാര്യദർശിയും ആയിരുന്നുവല്ലോ. രാജകീയസദസ്സുകളിൽ സഭയെ പ്രതിനിധാനം ചെയ്ത അദ്ദേഹം പോപ്പിന്റെ സ്ഥാനത്ത് മലങ്കരയിൽ ബഹുമാനിക്കപ്പെട്ടിരുന്നു. ഗീവറുഗീസ് അർക്കദിയാക്കോനെ പാലൂരിന്റെ മെത്രാനായി റോം നിയമിച്ചപ്പോൾ അദ്ദേഹം ആ റോമ്മൻ ബഹുമതി നന്ദിപുരസ്സരം തിരസ്കരിച്ചത് ബിഷപ്പ് എന്ന സ്ഥാനം മലങ്കരയിലെ മാർപ്പാപ്പാ തന്നെയായ അർക്കദിയാക്കോന് ഒട്ടും ആകർഷകമായി തോന്നാത്തതിനാലാകാം. ആത്മീയമേൽനോട്ടത്തിലും ലൗകിക പൊതുഭരണത്തിലും അദ്ദേഹം ക്രിസ്തുവിന്റെ വികാരി എന്ന സ്ഥാനം ഇന്ത്യയിൽ അനുഭവിച്ചിരുന്നു. ഇടവകകളിന്മേൽ പരോക്ഷമായും പ്രവിശ്യകളിൽ പ്രത്യക്ഷമായും അദ്ദേഹത്തിന് കർത്തവ്യമുണ്ടായിരുന്നു. അർക്കദിയാക്കോൻ ബിഷപ്പിന്റെ മേലധികാരിയാണ് എന്ന ഉത്തമ ബോദ്ധ്യത്തിലാകാം എപ്പിസ്കോപ്പാസ്ഥാനാർത്ഥിയായ നാലാം മാർത്തോമ്മാ തന്നെ ഇന്ത്യ മുഴുവന്റെയും കശ്ശീശാ എന്ന സ്ഥാനപ്പേരിൽ വാഴിക്കുവാൻ മാർ ഈവാനിയോസിനോടാവശ്യപ്പെട്ടത് (4-ാം മാർത്തോമ്മായുടെ സ്ഥാനം ഹിന്ദുദേശം മുഴുവന്റെയും കാശീശാ - കാശീശോ ദുകുലേ ഹിന്ദു - എന്നാണ് പട്ടംകൊട പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തുന്ന സ്ഥാനത്ത് രേഖപ്പെടുത്തിയിട്ടുള്ളത്). അന്നത്തെ മലങ്കരസഭയിലെ പൗരോഹിത്യ ഹയറാർക്കി ആർച്ച് ഡീക്കൻ (അർക്കദിയാക്കോൻ = ജാതിയ്ക്കു കർത്തവ്യൻ), പേറെദ്യൂത്താ, കാശീശാ, ശെമ്മാശൻ, ഉപശെമ്മാശൻ എന്നിങ്ങനെ ആയിരുന്നത് പാപ്പാ, കർദ്ദിനാൾ, ബിഷപ്പ്, ശെമ്മാശൻ, ഉപശെമ്മാശൻ എന്ന് പാശ്ചാത്യസഭയ്ക്ക് മനസ്സിലാകുംവിധം ജോസഫ് കത്തനാർ ഭാഷാന്തരപ്പെടുത്തിയതാവാം. 1800 - ൽ പാലൂർ ഇടവക സന്ദർശിച്ച ഡോ. ഫ്രാൻസിസ് ബുക്കാനൻ തന്നെ വന്ന് കണ്ട ചാട്ടുകുളങ്ങര (ആർത്താറ്റ്) ഇടവകയിലേയും ചാവക്കാട് ഇടവകയിലെയും വൈദികരെ പാപ്പാ എന്ന പദം കൊണ്ടാണ് വിശേഷിപ്പിച്ചിട്ടുള്ളത് എന്നോർക്കുക (*ഫ്രാൻസിസ് ബുക്കാനന്റെ കേരളം*, വിവ. ഡോ. സി. കെ. കരീം, പു. 44, 46, 61 എന്നീ പുറങ്ങൾ കാണുക).

2. പന്ത്രണ്ട് മുഖ്യ ആചാര്യന്മാർ.....

കർദ്ദിനാൾ എന്ന പദമാണ് ഈ സ്ഥാനത്ത് ഉപയോഗിച്ചിട്ടുള്ളത്.

പാപ്പായുടെ കീഴിൽ 222 കർദ്ദിനാൾമാർക്ക് സമാനവും സമാന്തരവുമായി മലങ്കരസഭയിൽ ഉണ്ടായിരുന്ന സ്ഥാനികൾ പേറെദ്യൂത്തെ സ്ഥാനികൾ ആണ്. പതിനേഴാം നൂറ്റാണ്ടിൽ അങ്കമാലി, മുളന്തുരുത്തി, കണ്ടനാട് എന്നീ പള്ളികളിലെങ്കിലും കശീശന്മാരുടെ മേൽസ്ഥാനികൾ ആയി പേറെദ്യൂത്തെസ്ഥാനികൾ ഉണ്ടായിരുന്നുവെന്നതിന്റെ രണ്ടു രേഖകളെപ്പറ്റി മുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. മലങ്കരസഭയിലെ പ്രധാനപ്പെട്ട പന്ത്രണ്ടു പള്ളികളിലായി പന്ത്രണ്ട് പേറെദ്യൂത്തെ സ്ഥാനികൾ ഉണ്ടായിരുന്നെന്നാവാം ജോസഫ് കശീശാ അർത്ഥമാക്കിയത്. അലക്സന്ത്രിയായിലും പന്ത്രണ്ട് പട്ടക്കാരടങ്ങിയ ഒരു കൗൺസിലാണ് എ. ഡി. 4-ാം നൂറ്റാണ്ടിൽപ്പോലും എല്ലാ പട്ടംകൊടയും നടത്തിയിരുന്നതെന്ന് നാം കണ്ടുവല്ലോ. തൽസമാനമായി പന്ത്രണ്ട് പേറെദ്യൂത്തെന്മാരുടെ കൗൺസിൽ ശ്ലൈഹിക സംഖ്യപ്രകാരം മലങ്കരയിലും രൂപം കൊണ്ടിരിക്കാം.

3. രണ്ടു പാത്രിയർക്കീസന്മാരും ആർച്ചു ബിഷപ്പുമാരും ബിഷപ്പുമാരും.

ഇതൊന്നും അക്കാലത്ത് മലങ്കരസഭയിൽ നിലനിന്നു പോന്ന സ്ഥാനങ്ങളല്ല. ജോസഫ് കശ്ശീശായുടെ പ്രസ്താവന അവഗണിക്കപ്പെട്ടു പോയത് തന്മൂലമാണ്. കൊച്ചിയിലും തിരുവിതാംകൂറിലുമായി രണ്ട് പ്രത്യേക പുരോഹിത സ്ഥാനികൾ അർക്കദിയാക്കോന്റെ ഉപദേശകരായി ഉണ്ടായിരിക്കാവുന്നതാണ്. ഡോ. ക്ലോഡിയസ് ബുക്കാനൻ ആറാം മാർത്തോമ്മായെ സന്ദർശിച്ചപ്പോൾ ഉന്നയിച്ച കാര്യങ്ങളിൽ ഉപരിചർച്ച നടത്തുവാൻ തെക്കും വടക്കുമുള്ള ഓരോ വൈദികനെ ആറാം മാർത്തോമ്മാ നിയോഗിക്കുന്നുണ്ട്. വടക്ക് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും (കോട്ടയം പഴയ സെമിനാരി സ്ഥാപകൻ) തെക്ക് കായംകുളം പീലിപ്പോസ് റമ്പാനും ആയിരുന്നു ആ പ്രതിനിധികൾ എന്നാണ് കേട്ടിട്ടുള്ളത്. 8-ാം മാർത്തോമ്മായുടെ അദ്ധ്യക്ഷതയിൽ 1809 ചിങ്ങം 1 ന് മലങ്കരസഭയുടെ പള്ളിപ്രതിപുരുഷയോഗം കണ്ടനാട് ചേർന്നപ്പോൾ മേല്പറഞ്ഞ രണ്ടു വൈദികശ്രേഷ്ഠരെയും 8-ാം മാർത്തോമ്മായുടെ ഉപദേശകർ ആയി നിയമിക്കുന്നുണ്ട്. ഒന്നാം മാർത്തോമ്മായെ വാഴിച്ചപ്പോൾ (1653-ൽ) പണ്ഡിതരായ നാലു കശ്ശീശന്മാരെ ഒന്നാം മാർത്തോമ്മായുടെ ഉപദേശക സ്ഥാനത്ത് സഭ നിയമിച്ചിട്ടുണ്ട്. ഉപദേശക നിയമനം പണ്ടു മുതലേ സഭയിൽ നിലനിന്നുപോന്ന ഒരു സമ്പ്രദായമാകണം. പ്രധാന ഉപദേഷ്ടാക്കൾ എന്നാവാം രണ്ട് പാത്രിയർക്കീസന്മാർ എന്ന പദം കൊണ്ട് യൗസേഫ് കശ്ശീശാ അർത്ഥമാക്കിയത്.

ആർച്ച് ബിഷപ്പുമാർ എന്ന് അദ്ദേഹം ഉദ്ദേശിച്ചത് പ്രവിശ്യകളിലെ മേൽനോട്ടക്കാരായ പുരോഹിതരെ ആകാം. നഗര ഇടവകകൾ കേന്ദ്രമാക്കി പണ്ഡിതരായ മല്പാന്മാരെ മെത്രാപ്പോലീത്തന്മാർ എന്ന സ്ഥാനത്ത് നിയമിച്ചിരിക്കാം. അർക്കദിയാക്കോന്റെ ഭരണസംവിധാനം ഈ അടിസ്ഥാനത്തിലാവാം അന്ന് മലങ്കരയിൽ ക്രമീകരിക്കപ്പെട്ടിരുന്നത്. ബിഷപ്പുമാർ

ഇടവകകളിലെ സാധാരണ കശ്ശീശന്മാർ തന്നെ. ശ്ലൈഹിക കാലത്തെ അനുസ്മരിക്കുന്ന പദങ്ങളും ഈ ഹയരാർക്കിയിൽ പുനർജനിച്ചിരിക്കുന്നത് കാണാം. പിന്നീടുണ്ടായ സംഭവവികാസങ്ങൾ മൂലം ഈ സംവിധാനം ആകെ സമൂല പരിവർത്തനത്തിന് വിധേയമായതോടെ ജോസഫ് കശ്ശീശായുടെ സാക്ഷ്യം കെട്ടുകഥകളേക്കാൾ അവിശ്വസനീയമായി.

വാസ്കോഡിഗാമ 1502 നവംബർ 7-ന് കപ്പൽ വ്യൂഹവുമായി കൊച്ചിയിലെത്തി. സത്ക്കരിച്ച രാജാവിന് അദ്ദേഹം തിരുമുൽക്കാഴ്ചകൾ സമർപ്പിച്ചു. കൊടുങ്ങല്ലൂരിലെ ക്രിസ്ത്യാനികൾ, ക്രിസ്ത്യൻ രാജ്യത്തെ ക്രിസ്ത്യൻ രാജാവിന്റെ പ്രതിനിധിയെ ഒരു സംരക്ഷകനെ ലഭിച്ച ആശ്വാസത്തോടെ കാഴ്ചകളുമായി സന്ദർശിച്ചു. അവർ പറഞ്ഞു: "ഞങ്ങൾ എല്ലാവരും നിങ്ങളുടെ വരവുകൊണ്ട് സന്തോഷിച്ചിരിക്കുന്നു. പണ്ട് ഈ രാജ്യത്ത് ഞങ്ങളുടെ വംശത്തിൽ ഒരു തമ്പുരാൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന് പുരാണ പെരുമാക്കന്മാർ കൊടുത്ത ചെങ്കോലും രാജപത്രികയും ഇതാ നിങ്ങൾക്ക് തരുന്നു. 30,000 പേരോളം ഞങ്ങൾ എല്ലാവരും ഒത്തിരിക്കുന്നു. ഇനി പോർച്ചുഗൽ രാജാവിന് ഞങ്ങളിൽ മേൽക്കോയ്മ ഉണ്ടായിരിക്കും. അവിടത്തെ നാമം ചൊല്ലിയല്ലാതെ ഇനി യാതൊരു കുറ്റക്കാരനെയും ഞങ്ങൾ വധിക്കുകയില്ല." ഇങ്ങനെ പറഞ്ഞ് ആധാരവും ഒരു ദണ്ഡും കൊടുത്തു. അത് ചുവന്നതും രണ്ടു വെള്ളി വളകളും ഒരു വളയിൽ മൂന്ന് വെള്ളി മണികളും ഉള്ളതും ആകുന്നു. പിന്നെയും അവർ ഇപ്രകാരം പറഞ്ഞു: "ഞങ്ങളുടെ അരികിൽ ഒരു കോട്ടയെ എടുപ്പിച്ചാൽ ഹിന്ദുരാജ്യം മുഴുവനും കരസ്ഥമാക്കുവാൻ സംഗതി വരും." ഇത് കേട്ട് ഗാമ വളരെ സന്തോഷിച്ചു..... അദ്ദേഹം പ്രതിവചിച്ചു: "നിങ്ങളെ സകല ശത്രുക്കളുടെ കൈയിൽ നിന്നും വിശേഷാൽ മുസൽമാന്മാരുടെ കൈയിൽ നിന്നും അതിക്രമത്തിൽ നിന്നും ഉദ്ധരിക്കേണ്ടതിന് ദൈവം മേലിൽ സംഗതിവരുത്തും. നിങ്ങൾ അല്പവും ഭയപ്പെടരുത്" (ഗുണ്ടർട്ട്, *കേരളപ്പഴമ*, പു. 33).

കൊല്ലം തരീസാപള്ളി ശാസനത്തിൽ നൽകിയിരുന്ന അവകാശാധികാരങ്ങൾ ക്രിസ്ത്യാനികൾക്ക് പുനഃസ്ഥാപിച്ച് കിട്ടുവാൻ പോർച്ചുഗീസ് നേതാക്കൾ ശ്രമിച്ച് വിജയം നേടി. അവർക്ക് ഇതോടെ കേരളത്തിൽ വേരോട്ടം സുഗമമായി.

പോർച്ചുഗീസ് ആഗമനകാലത്ത് കൊല്ലത്തെ ക്രിസ്ത്യാനികൾ മാർ യാക്കോബിന്റെ ഭരണത്തിലായിരുന്നു. അദ്ദേഹത്തെ ബാബിലോൺ പാത്രിയർക്കീസ് അയച്ചു എന്ന് പറയുന്നുണ്ടെങ്കിലും 1530 ഡിസം 17-ന് അദ്ദേഹം പോർച്ചുഗലിലെ രാജാവിന് അയച്ച കത്തിൽ താൻ അർമ്മീനിയൻ സ്വദേശി ആണെന്നും തന്നെ അയച്ചത് കാതോലിക്കാ ആണെന്നും പറയുന്നുവെന്ന് ഫെറോളി ചൂണ്ടിക്കാട്ടുന്നു (*ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും*, പു. 161). ഈ അവകാശവാദം ഇന്ത്യാക്കാ

രൻ ജോസഫ് കശ്ശീശായുടെ വെളിപ്പെടുത്തലിനെ സാധൂകരിക്കുന്നുണ്ട്. അദ്ദേഹം പോർച്ചുഗീസ് അധികാരികളോട് മതപരമായ കാര്യങ്ങളിൽ ഒത്തുപോയിരുന്നു എന്ന് വി. ഫ്രാൻസിസ് സേവ്യർ 1549 ജനുവരിയിൽ പോർച്ചുഗൽ രാജാവിനെഴുതിയ ഒരു കത്തിൽ കാണുന്നു. മാർ യാക്കോബ് 1549-ൽ അന്തരിച്ചു. കൊച്ചിയിൽ ഫ്രാൻസിസ്ക്കൻ വൈദികരുടെ ആശ്രമ ദേവാലയത്തിൽ അദ്ദേഹത്തെ സംസ്കരിച്ചു.

ജോൺ ആൽബുക്കേർക്ക് 1503-ൽ ഗോവയിലെ മെത്രാനായി ചുമതലയേറ്റതു മുതൽ കേരള ക്രിസ്ത്യാനികളെ റോമ്മൻ സഭയിലേക്ക് വലവീശിപ്പിടിക്കാനുള്ള പ്രലോഭനങ്ങൾ ആരംഭിച്ചിരുന്നു. 1493-ലെ പേപ്പൽ ബൂളാ ഇന്ത്യ ഉൾപ്പെടെയുള്ള കിഴക്കൻ രാജ്യങ്ങളുടെ മേലധികാരം പോർച്ചുഗലിന് നൽകിയിരുന്നു. തന്റെ അധികാര പരിധിയിൽപ്പെട്ട കേരളത്തിലേക്ക് വിൻസെന്റ് എന്ന ഫ്രാൻസിസ്ക്കൻ വൈദികനെ ഗോവ മെത്രാൻ നിയോഗിച്ചു. കൊച്ചി ദൗത്യം പരാജയപ്പെട്ടപ്പോൾ അദ്ദേഹം കൊടുങ്ങല്ലൂരിലെത്തി. അവിടെയും അദ്ദേഹം വേണ്ടത്ര വിജയിച്ചില്ല. 1541-ൽ കൊടുങ്ങല്ലൂരിൽ അദ്ദേഹം ഒരു വൈദികസെമിനാരി ആരംഭിച്ചു. ഉയർന്ന പ്രഭുകുടുംബാംഗങ്ങൾ ആയി നൂറോളം കേരളീയ യുവാക്കളെ വൈദിക വിദ്യാഭ്യാസത്തിന് അവിടെ പ്രവേശിപ്പിക്കുന്നതിൽ ഫാ. വിൻസെന്റ് വിജയിച്ചു. എന്നാൽ പരിശീലനം കഴിഞ്ഞ് റോമ്മാ ബിഷപ്പിൽ നിന്ന് പട്ടം സ്വീകരിച്ച നവ വൈദികരെ മലങ്കരസഭ നിരാകരിച്ചു. നവ വൈദികർക്കു പോർച്ചുഗീസുകാരുടെ ദേവാലയങ്ങളിൽ പ്രവർത്തനം പരിമിതപ്പെടുത്തേണ്ടിവന്നു. കൊടുങ്ങല്ലൂർ സെമിനാരിയിൽ സുറിയാനി അവഗണിച്ചത് കൊണ്ടാണിങ്ങനെ സംഭവിച്ചതെന്ന് വിലയിരുത്തിയ ജസ്യൂട്ട് അധികാരികൾ ആ പരാതി പരിഹരിക്കുംവിധം വൈപ്പിക്കോട്ടയിൽ പുതിയ ഒരു സെമിനാരി ആരംഭിച്ചു. എന്നാൽ ആ നീക്കവും വേണ്ടത്ര വിജയിച്ചില്ല.

നെസ്തോറിയൻ സഭയിൽ 1551-ൽ ഉണ്ടായ പിളർപ്പിനെ തുടർന്നു പാപ്പായുടെ ആശീർവാദത്തോടെ സൂലാക്കാ 1553-ൽ മൂസലിലെ സിംഹാസനം പ്രാപിച്ചു. 1555 ൽ അദ്ദേഹം മറുപക്ഷത്തിന്റെ ഒത്താശയോടെ വധിക്കപ്പെട്ടു. തൽസ്ഥാനത്ത് റോമ്മിന്റെ അംഗീകാരത്തോടെ മാർ അബ്ദീശോ സ്ഥാനമേറ്റു. അദ്ദേഹം വധിക്കപ്പെട്ട സൂലാക്കായുടെ സഹോദരനെ - യൗസേപ്പ് മെത്രാനെ - പട്ടംകൊടുത്ത് കേരളത്തിലേക്കയച്ചു. 1556-ൽ ഗോവയിലെത്തിയ മാർ യൗസേപ്പിനെയും അനുചരൻ മാർ ഏലിയാസിനെയും 18 മാസം ബസൈനിലെ ഫ്രാൻസിസ്ക്കൻ സന്ന്യാസാശ്രമത്തിൽ പാർപ്പിച്ചു. കേരള സന്ദർശനത്തിനിടയിൽ ലിസ്ബണിലേക്കും വീണ്ടും മലബാറിലേക്കും പോർച്ചുഗലിലേക്കും അദ്ദേഹം അയക്കപ്പെട്ടു. 1569-ൽ മാർ ജോസഫ് രക്തസാക്ഷിത്വം വരിച്ചതായി മിക്ക ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് നെസ്തോറിയാ പാത്രിയർക്കീസ് ശിമ

യോൻ, മാർ അബ്രഹാമിനെ കേരളത്തിലേക്ക് നിയോഗിച്ചു. ഒളിവിൽ കേരളത്തിലെത്തിയ അദ്ദേഹം ബന്ധനസ്ഥനായി പോർച്ചുഗലിലേക്ക് അയക്കപ്പെട്ടു. മാർഗ്ഗമദ്ധ്യേ രക്ഷപ്പെട്ട അദ്ദേഹം റോമ്മൻ അംഗീകാരവും അബ്ദീശോമിൽ നിന്ന് പുനരഭിഷേകവും പ്രാപിച്ച് അങ്കമാലിയുടെ ആർച്ച് ബിഷപ്പായി നിയമിക്കപ്പെട്ടു. പക്ഷേ പറങ്കികൾ അദ്ദേഹത്തെ സ്വീകരിച്ചില്ല. അദ്ദേഹം കത്തോലിക്കാ ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രാവർത്തിക മാക്കിയില്ല. 1583 -ൽ അദ്ദേഹം ഒരു സുന്നഹദോസ് വിളിച്ചു കൂട്ടി റോമിനെ പ്രീതിപ്പെടുത്തുവാൻ വിഫലമായി യത്നിച്ചു. വൈപ്പിക്കോട്ട സെമിനാരി വിദ്യാഭ്യാസം കഴിഞ്ഞവർക്ക് പട്ടം കൊടുക്കുവാൻ അദ്ദേഹം വിസമ്മതിച്ചു. 1597-ൽ അദ്ദേഹം നിര്യാതനായി. അദ്ദേഹം തന്നെ പണിയിച്ച അങ്കമാലി കിഴക്കേപള്ളിയിൽ സംസ്കരിക്കപ്പെട്ടു.

പകലോമറ്റം ഗീവർഗ്ഗീസ് അർക്കദിയാക്കോന്റെ ഭരണകാലമായിരുന്നു അത്. മാർ അബ്രഹാമിന്റെ അന്ത്യകാലത്തു മാർ ശെമവൂൻ എന്ന പൗര സ്ത്യമെത്രാൻ മലങ്കരയിലെത്തി. നീരസത്തെ തുടർന്ന് രണ്ടു പേരും പര സ്പരം മുടക്കി. പറങ്കികൾ മാർ ശിമഓനെ ലിസ്ബണിലേക്കയച്ചു. അവിടെ ഫ്രാൻസിസ്ക്കൻ സന്ന്യാസാശ്രമത്തിൽ വച്ച് 1599-ൽ അദ്ദേഹം അന്ത രിച്ചു.

## H. ആർച്ച് ബിഷപ്പ് മെനേസ്സിസ്, ആർച്ച് ഡീക്കൺ ഗീവറുഗീസ്

മാർ അബ്രഹാമിന്റെ അന്ത്യകാലത്ത് 1595-ൽ അലക്സി ഡോ മെനേ സ്സിസ് ഗോവയിൽ ചുമതലയേറ്റു. മാർ അബ്രഹാം 1597-ൽ നിര്യാതനായ വിവരം അറിഞ്ഞ ഉടനെ അദ്ദേഹം ആദ്യം വൈപ്പിൻകോട്ട സെമിനാരി യിലെ ഫാ. ഫ്രാൻസിസ് റോസിനെയും ജനരോഷത്തെ തുടർന്ന് പിന്നീട് അദ്ദേഹത്തിന് പകരം ഗീവറുഗീസ് അർക്കദിയാക്കോനെയും അങ്കമാലിയു ടെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിച്ചു. മെനസ്സിസ് ആവശ്യപ്പെട്ട വിധേ യത്വ പ്രതിജ്ഞയിൽ ഒപ്പിടുവാൻ അർക്കദിയാക്കോൻ വിസമ്മതിച്ചു. ഈ പശ്ചാത്തലത്തിൽ അദ്ദേഹം അങ്കമാലിയിൽ ഒരു പ്രതിപുരുഷയോഗം കൂടി. യോഗം അംഗീകരിച്ച പടിയോലയിൽ പൂർവിക വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാൻ അർക്കദിയാക്കോന്റെ നിലപാടുകൾക്ക് ശക്തി പകരു വാനുള്ള പ്രതിജ്ഞയും ആഹ്വാനവും അടങ്ങിയിരുന്നു. ലത്തീൻ വൈദി കർ പല സ്ഥലത്തുനിന്നും ഇതോടെ ബഹിഷ്കരിക്കപ്പെട്ടു. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെ റോമ്മാസഭയുടെ കീഴിൽ കൊണ്ടുവരുവാൻ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾക്ക് ഫലം കിട്ടുവാൻ പ്രയാസമാണെന്ന് കണ്ടപ്പോൾ താൻ തന്നെ മലബാറിലേക്ക് പോകാമെന്ന് ആർച്ചുബിഷപ്പ് നിശ്ചയിച്ചു. പറങ്കികളുടെ സൈനികബലം അനുകൂലമായും പ്രതികൂലമാ യും അനുഭവിച്ചറിഞ്ഞ കേരള ഭരണാധികാരികൾ പറങ്കികളെ പിണക്കു വാൻ ഭയപ്പെട്ടിരുന്നു. ആവർത്തിച്ചുണ്ടായ സമ്മർദ്ദങ്ങൾക്കൊടുവിൽ

നിരുപദ്രവമെന്ന് തോന്നിച്ച പ്രതിജ്ഞാപത്രത്തിൽ അർക്കദിയാക്കോൻ ഒപ്പു വച്ചു. സുശക്തമായ പട്ടാള അകമ്പടിയോടെ 1599 ഫെബ്രുവരി 1 ന് ആർച്ച്ബിഷപ്പ് കൊച്ചിയിൽ കപ്പലിറങ്ങി. മൂന്ന് ലക്ഷ്യങ്ങൾ തന്റെ സന്ദർശനത്തിനുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

1. മലങ്കരയെ റോമ്മായുടെ ആജ്ഞാനുവർത്തിയാക്കുന്നതിന് കീഴ്പ്പെടുത്തുക. 2. വിശ്വാസാചാരങ്ങളിൽ വന്നിട്ടുള്ള തെറ്റുകളിൽ നിന്ന് ഉദ്ധരിക്കുക. 3. വൈദിക – അത്മായ സദാചാരനിഷ്ഠ നവീകരിച്ച് കളങ്കരഹിതമാക്കുക.

ആർച്ച്ബിഷപ്പ് ആവശ്യപ്പെട്ടതനുസരിച്ച് കൂടിക്കാഴ്ചയ്ക്കായി വന്ന അർക്കദിയാക്കോൻ സൈന്യസമേതനായിട്ടാണ് വന്നതെങ്കിലും ഒടുവിൽ ഏകനായി ചേന്ദമംഗലത്തു വച്ച് ആർച്ച്ബിഷപ്പുമായി സന്ദർശനം നടത്തി. ഒരു കൊടുങ്കാറ്റുയർത്തിയേക്കാമായിരുന്ന ആ കൂടിക്കാഴ്ചയെ, നയചാതുര്യം കൊണ്ടും വ്യക്തിത്വ ദീപ്തികൊണ്ടും ഔദ്യോഗിക പ്രൗഢി കൊണ്ടും ആർച്ച് ബിഷപ്പ് പ്രശാന്ത സുന്ദരമാക്കി. ക്രമേണ ആർച്ച് ബിഷപ്പ് കർമ്മനിരതനായി.

നിയമപ്രകാരമുള്ള പ്രാർത്ഥനകളിൽ പാപ്പായെ ഓർക്കണമെന്ന നിർദ്ദേശം മലങ്കരസഭ സ്വീകരിച്ചില്ല. ഈ ശീതസമരത്തിന്റെ ഭാഗമായി അർക്കദിയാക്കോനെതിരെ 38 പേർക്ക് ആർച്ച്ബിഷപ്പ് ഉദയംപേരൂർ വച്ച് പട്ടം കൊടുത്തു. സാമാന്യജനങ്ങളിൽ മതിപ്പ് വർദ്ധിക്കുമാറ് പകിട്ടേറിയ വിധത്തിൽ കടുത്തുരുത്തിയിൽ വച്ച് വിശുദ്ധ വാരാചാര ശുശ്രൂഷകൾ നടത്തി. ആഡംബരപൂർവ്വം സപരിവാരമുള്ള ആർച്ച് ബിഷപ്പിന്റെ എഴുന്നള്ളത്തുകൾ താരതമ്യേന ലളിതാചാര സ്വഭാവമുള്ള സഭാവിശ്വാസികളെ അത്ഭുത സംഭ്രമ ഭയാധീനരാക്കി. പലരും പാപ്പായുടെ പ്രതിനിധിയെ അനുസരിച്ചു കൊള്ളാമെന്ന് സത്യം ചെയ്തത് അർക്കദിയാക്കോനെ ക്ഷുഭിതനാക്കി. മലങ്കരയിൽ പാപ്പായുടെ സ്ഥാനത്ത് – ഇന്ത്യാക്കാരൻ ജോസഫ് കശ്ശീശായുടെ പ്രസ്താവന ഓർക്കുക – അധികാരം വഹിച്ച അർക്കദിയാക്കോൻ റോമ്മാ പാപ്പായുടെ പ്രതിനിധിയെ പേരെടുത്തു പറഞ്ഞ് മുടക്കി.

വ്യാപാരമാന്ദ്യവും തൽഫലമായുണ്ടായേക്കാവുന്ന സാമ്പത്തികമാന്ദ്യവും ഭയന്ന കൊച്ചീ രാജാവ് ആർച്ച് ബിഷപ്പിനെ അനുസരിക്കുവാൻ തന്റെ ക്രിസ്ത്യൻ പ്രജകളോടാജ്ഞാപിച്ചു. അർക്കദിയാക്കോൻ പത്തു വ്യവസ്ഥകൾ അംഗീകരിക്കണമെന്ന് ആർച്ച് ബിഷപ്പ് ശഠിച്ചു.

1. നെസ്തോറിയൻ വിശ്വാസം പാടെ ഉപേക്ഷിക്കുക. 2. തോമസിന്റെയും പത്രോസിന്റെയും ഉപദേശങ്ങൾ തുല്യമാണെന്ന് സമ്മതിക്കുക. 3. അർക്കദിയാക്കോനായി പാപ്പാ നിയമിച്ച കാലത്ത് ചെയ്ത വ്യവസ്ഥ അനുസരിച്ചുള്ള വിശ്വാസ പ്രതിജ്ഞയിൽ ഒപ്പു വയ്ക്കുക (മലങ്കര നസ്രാ

ണികളെ റോമ്മായുടെ കീഴിൽ ആക്കണമെങ്കിൽ ഗീവറുഗ്ഗീസ് അർക്കദിയാക്കോനെ പാട്ടിലാക്കണമെന്ന് ജെസ്വീത്തർ പാപ്പായെ ധരിപ്പിച്ചു. അതിൻപ്രകാരം മാർപ്പാപ്പാ ഗീവറുഗ്ഗീസ് അർക്കദിയാക്കോനെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിച്ചു. ആ നിയമന കല്പനയെയാണ് ഈ വ്യവസ്ഥയിൽ പരാമർശിക്കുന്നത്). 4. അർക്കദിയാക്കോന്റെയും മെത്രാപ്പോലീത്തായുടെയും വക ഗ്രന്ഥങ്ങളെല്ലാം ഏല്പിച്ചു കൊടുക്കുക; മത വിരുദ്ധമായതെല്ലാം തീവച്ചു നശിപ്പിക്കുക. 5. പാപ്പായെ സാർവ്വത്രിക സഭയുടെ അധിപനായി അംഗീകരിക്കുക. 6. നെസ്തോറിയൻ സഭയുടെ അധിപൻ എന്ന നിലയിൽ ബാബിലോൺ പാത്രിയർക്കീസിന്റെ അധികാരത്തെ നിഷേധിക്കുക. 7. പാപ്പാ അനുവദിക്കുന്ന മെത്രാന്മാരെ മാത്രം മലങ്കരയിൽ പ്രവേശിപ്പിക്കുക. 8. പുതുതായി ആർച്ച്ബിഷപ്പിനെ നിയമിക്കുന്നതുവരെ ഗോവൻ ആർച്ച് ബിഷപ്പിനെ നിയമാനുസൃത മേലധികാരിയായി അനുസരിക്കുമെന്ന് ശപഥം ചെയ്യുക. 9. കത്തനാരന്മാർ കൗൺസിലിൽ സംബന്ധിക്കണമെന്ന് ആജ്ഞാപിക്കുന്ന 'ഓലകൾ' പ്രസിദ്ധപ്പെടുത്തുക. ഇടവക സന്ദർശനത്തിൽ അർക്കദിയാക്കോൻ ആർച്ച്ബിഷപ്പിനെ ഏകനായി അനുഗമിക്കണം.

വ്യവസ്ഥകൾ ചർച്ച ചെയ്യാൻ വൈപ്പിക്കോട്ടയിലെ ബിഷപ്പിന്റെ അരമനയിൽ ആദ്യ കൂടിക്കാഴ്ച നടന്നു. അംഗരക്ഷകരായി 3000 ഭടന്മാരും രണ്ടു പടത്തലവന്മാരും അർക്കദിയാക്കോനെ അനുഗമിച്ചിരുന്നു. സൗഹാർദ്ദപരമായ ചർച്ചയ്ക്ക് ശേഷം ഇരുവരും പിരിഞ്ഞു. ആർച്ച് ബിഷപ്പ് ഉദയംപേരൂർ, കടുത്തുരുത്തി, കാഞ്ഞൂർ, പറവൂർ തുടങ്ങിയ കേന്ദ്രങ്ങളിൽ പലർക്കും പട്ടംകൊടുത്ത് അനുകൂലമായ ഗ്രൂപ്പുകൾ സൃഷ്ടിച്ചു. പലയിടത്തും ആശയ പ്രചാരണം നടത്തി. പറവൂരിൽ ആദ്യത്തെ ഉപ്പ്രുശ്മാ (സ്ഥൈര്യലേപനം) നടത്താൻ ശ്രമിച്ചു; ഭാഗികമായി വിജയിച്ചു. കല്ലൂർക്കാട് പരുന്തിന്റെ മുകളിൽ പണം പറന്നു. അവിടെയും ഗ്രൂപ്പുണ്ടായി. 'കുഴലുണ്ടെങ്കിൽ കൊക്കു പിടിക്കാം. കൊഴുക്കട്ടയുണ്ടെങ്കിൽ കല്ലൂർക്കാട് പിടിക്കാം' എന്നൊരു പഴഞ്ചൊല്ലും ഉണ്ടായി (ആ നാട്ടുകാർക്ക് കൊഴുക്കട്ടയിൽ തങ്കനാണയം അടക്കം ചെയ്ത് വിതരണം ചെയ്താണ് ഗ്രൂപ്പു സൃഷ്ടിച്ചത്). ആലങ്ങാട്, ചൊവ്വര എന്നിവിടങ്ങൾ സന്ദർശിച്ചു. ചൊവ്വരയിൽ താമസിച്ചിരുന്ന അർക്കദിയാക്കോനെ കൂടിക്കാഴ്ചയ്ക്ക് ആർച്ച് ബിഷപ്പ് ക്ഷണിച്ചു. കാലിനടിയിലെ മണ്ണ് ഇളകി ഒഴുകിപ്പോകുന്നതായി അർക്കദിയാക്കോന് തോന്നി. ചൊവ്വരയിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ ഒന്നു രണ്ട് കാര്യങ്ങളിൽ ധാരണയായി.

1. വിശ്വാസം സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ ഒരു സുന്നഹദോസ് വിളിച്ചു കൂട്ടാം. 2. ആർച്ച് ബിഷപ്പിന് പള്ളികളിൽ സന്ദർശനം നടത്തി ജനങ്ങളെ ആശീർവദിക്കാം.

3. ബിഷപ്പിനടുത്ത കർമ്മങ്ങളൊന്നും ആർച്ച് ബിഷപ്പ് മലങ്കരയിൽ ചെയ്തു കൂടാ.

എന്നാൽ ധാരണകൾ തെറ്റി. കാഞ്ഞൂരിൽ ആർച്ച് ബിഷപ്പ് പ്രകോപന പരമായ പ്രസംഗം നടത്തി. അദ്ദേഹം അർക്കദിയാക്കോന്റെ വിലക്കുകളെ ലംഘിച്ച് നിർബ്ബാധം പള്ളികളെ സന്ദർശിച്ചു കൊണ്ടിരുന്നു. പൊറക്കാട്ടു പള്ളിയിൽ സൈഥര്യലേപനം നടത്തി. പൊറക്കാട്ട് രാജാവിന്റെ പിന്തുണ യുള്ളതിനാൽ ആരും എതിർത്തില്ല. മുളന്തുരുത്തിയിൽ പലർക്കും പട്ടം കൊടുത്ത് ഗ്രൂപ്പ് സൃഷ്ടിച്ചു. ഉദയംപേരൂരിലെ പട്ടം കൊടയ്ക്ക് രാജാവി ന്റെ നിരോധനാജ്ഞ ആദ്യം പുറപ്പെട്ടുവെങ്കിലും 38 പേർക്ക് അദ്ദേഹം ആഘോഷമായി പട്ടം കൊടുക്കുക തന്നെ ചെയ്തു. കടുത്തുരുത്തിയിലെ ഹാശാ ശുശ്രൂഷകൾ അനുഗ്രഹപ്രദമാകുവാൻ ചില പൗരപ്രമുഖരെ ആർച്ച് ബിഷപ്പ് ഉദാരമായി പ്രീണിപ്പിച്ചു. പ്രതിഷേധിച്ച പ്രജകളെ പിന്തു ണച്ച വടക്കുംകൂർ റാണിയുടെ അന്ത്യശാസനത്തെ അദ്ദേഹം തൃണവൽ ഗണിച്ചു. സർവാധികാരിയെ ആർച്ച് ബിഷപ്പ് വിലയ്ക്കു വാങ്ങി. വിലക്ക് പുറപ്പെടുവിച്ച റാണി ഒടുവിൽ ആർച്ച്ബിഷപ്പിന്റെ സംരക്ഷകനായി. സ്വർ ണ്ണനാണയങ്ങൾ കൊണ്ടും പറങ്കി സൈനികശക്തിയുടെ പ്രകടനങ്ങൾ കൊണ്ടും തന്ത്രം കൊണ്ടും ഭീഷണി കൊണ്ടും പൊങ്ങച്ച പ്രദർശനങ്ങൾ കൊണ്ടും പല പ്രദേശങ്ങളെയും അദ്ദേഹം വരുതിയിലാക്കി. ഈസ്റ്ററിന്റെ തലേനാൾ അനവധിപേർക്ക് പട്ടം കൊടുത്ത് അനുയായികളെ അദ്ദേഹം വർദ്ധിപ്പിച്ചു. അർക്കദിയാക്കോനെ പിന്തുണച്ചാൽ പോർച്ചുഗീസ് സഹായം പിൻവലിക്കുമെന്ന ഭീഷണി ഫലിച്ചു. രാജാക്കന്മാർ അർക്കദിയാക്കോനെ കൈവിട്ടു (യഥാ രാജാ തഥാ പ്രജാ). അനുയായികളും അദ്ദേഹത്തെ ഒറ്റ പ്പെടുത്തുവാൻ നിർബ്ബദ്ധരായി. നിസ്സഹായത അതിന്റെ പൂർണ്ണതയിലെ ത്തിയപ്പോൾ രാജാക്കന്മാരുടെയും മറ്റും ഉപദേശപ്രകാരം അർക്കദിയാ ക്കോൻ കീഴടങ്ങുവാൻ തീരുമാനിച്ചു. ചേന്ദമംഗലം വൈദിക സെമിനാരി യിൽ അർക്കദിയാക്കോൻ ചെന്ന് സർവാപരാധങ്ങളും ഏറ്റുപറയുകയും ആർച്ച് ബിഷപ്പിന്റെ ദശമുഖ വ്യവസ്ഥകളിൽ ഒപ്പുവയ്ക്കുകയും ജൂൺ 20 ന് ഉദയംപേരൂർ വച്ച് സുന്നഹദോസ് കൂടത്തക്കവണ്ണം തീർച്ചയാക്കു കയും അടുത്ത ദിവസം മെയ് 11-ന് അക്കാര്യം അറിയിച്ച ഓലകൾ എല്ലാ പള്ളികൾക്കും അയയ്ക്കുകയും ചെയ്തു.

## I. ഉദയംപേരൂർ സുന്നഹദോസ്: അനന്തര സംഭവങ്ങൾ

സുന്നഹദോസ് കൂടുന്നത് സംബന്ധിച്ച് ചേന്ദമംഗലത്തു നിന്ന് മെയ് 14 ന് ആർച്ച് ബിഷപ്പ് ഒരു സർക്കുലർ അയച്ചു. സുന്നഹദോസിലെ ഭൂരി പക്ഷം ഉറപ്പാക്കുവാൻ പെന്തിക്കോസ്തി ഞായറാഴ്ച പറവൂരിൽ വച്ച് അമ്പത് പേർക്ക് പട്ടം കൊടുത്തു. സുന്നഹദോസ് പാസ്സാക്കിയ രൂപത്തിലു ള്ള കാനോനാകൾ മെനേസ്സിസ് സ്വന്തം കൈപ്പടയിൽ എഴുതി തയ്യാറാക്കി.

ഏതാനും വിശ്വസ്ത അനുയായികൾ അതു കേട്ട് അംഗീകരിച്ചു. ആർച്ച് ബിഷപ്പിന്റെ ജീവചരിത്രകാരൻ ആന്റണി ഗുവയാ സുന്നഹദോസിന്റെ പശ്ചാത്തലം, നടപടികൾ തുടങ്ങിയവ ജൊർണാദ എന്ന പോർച്ചുഗീസ് ഭാഷയിലുള്ള ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ഉദയംപേരൂർ കാനോനാകൾ മീഖായേൽ ഗിഡ്സ്സിന്റെ *ഹിസ്റ്ററി ഓഫ് ദി ചർച്ച് ഓഫ് മലബാർ* എന്ന ഗ്രന്ഥത്തിലും ജെയിംസ് ഹൗവിന്റെ *ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യാ* എന്ന ഗ്രന്ഥത്തിലും കാണാം.

സുന്നഹദോസ് 1599 ജൂൺ 10 ന് ആരംഭിച്ചു. 20 ശെമ്മാശന്മാർ ഉൾപ്പെടെ 153 വൈദികരും 671 അവൈദികരും അതിൽ സംബന്ധിച്ചു. ഗീവറുഗീസ് അർക്കദിയാക്കോന്റെ സാന്നിദ്ധ്യം അപ്രസക്തമായിരുന്നു. അദ്ദേഹം പങ്കെടുത്തെന്നും ഇല്ലെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ചാട്ടുകുളങ്ങര – പാലൂർ ഇടവകയും തിരുവിതാംകോട് ഇടവകയും സുന്നഹദോസിൽ സംബന്ധിച്ചില്ല എന്ന് ഇട്ടൂപ്പ് റൈട്ടർ രേഖപ്പെടുത്തുന്നു (പു. 105).

ആദ്യമായി ആർച്ച് ബിഷപ്പ് വി. കുർബ്ബാന അർപ്പിച്ചു. അദ്ദേഹം തന്നെ പാപ്പായുടെ അധികാരപത്രം വായിച്ചു. മാർ പാപ്പായുടെ സാർവലൗകിക അധികാരത്തെക്കുറിച്ച് ഫാ. ഫ്രാൻസിസ് റോസ് പ്രസംഗിച്ചു. കാനോനാകൾ മലയാളത്തിൽ പരിഭാഷപ്പെടുത്തുവാൻ പള്ളുരുത്തി യാക്കോബ് കത്തനാരെ ആർച്ച് ബിഷപ്പ് ഏർപ്പാടാക്കിയിരുന്നു. ആദ്യം വിശ്വാസപ്രതിജ്ഞ വായിക്കുകയും പിന്നീട് എഴുതി തയാറാക്കിക്കൊണ്ടുവന്ന കാനോനാകൾ വായിക്കുകയും അവ പാസ്സാക്കിയതായി പ്രഖ്യാപിക്കുകയും ചെയ്തു. ഇ. എം. ഫിലിപ്പ് എഴുതുന്നു: '150 പട്ടക്കാരും 663 അത്മായക്കാരും അവരുടെയും അവരെ നിയോഗിച്ച ഇടവകകളുടെയും നാമത്തിൽ, അതൃപ്തിയുടെ പ്രതിഫലനമായ പിറുപിറുപ്പോടുകൂടി നിശ്ചയങ്ങൾക്ക് ഒപ്പു വച്ചു.' 1599 ജൂൺ 26 ന് സുന്നഹദോസ് പര്യവസാനിച്ചു. ഒമ്പത് ഭാഗങ്ങളിലായി 267 നിശ്ചയങ്ങൾ യോഗം പാസ്സാക്കി. റോമ്മൻ പാപ്പായെ സാർവത്രിക സഭാതലവനായി അംഗീകരിക്കുന്നുവെന്നും ആ സഭയുടെ വിശ്വാസം, ആചാരം, അനുഷ്ഠാനം, ഭരണ സമ്പ്രദായം എന്നിവ അംഗീകരിക്കുന്നു എന്നും ബാബിലോൺ പാത്രിയർക്കീസ് ഉൾപ്പെടെ മലങ്കരയുമായി ബന്ധം പുലർത്തിയിട്ടുള്ള എല്ലാ പൗരസ്ത്യപിതാക്കന്മാരെയും അവർ ഏർപ്പെടുത്തിയ വിശ്വാസ, ആചാര, അനുഷ്ഠാന, ഭരണ ശൈലികൾ സഹിതം ശപിച്ചു ബഹിഷ്കരിക്കുന്നു എന്നുമാണ് കാനോനാകളുടെ പൊതു സമീപനം. കേരള സംസ്കാരത്തിന്റെ ഭാഗമായി മലങ്കര സഭ അനുഷ്ഠിച്ചു പോന്ന ദേശീയ ജീവിതചര്യകളെ നിഷേധിക്കുവാനും തൽസ്ഥാനത്ത് റോമ്മൻ ശൈലികൾ ആവിഷ്ക്കരിക്കുവാനും കാനോനാ കൾ ശ്രമിച്ചിട്ടുണ്ട്. ആരാധനയ്ക്ക് കൽദായ സുറിയാനി തുടർന്നും ഉപ യോഗിക്കുവാൻ അനുവദിച്ചുവെങ്കിലും പുതിയ കാനോനുകൾ പ്രകാരം അവ തിരു

ത്തുകയോ തിരുത്തുവാൻ സാധിക്കുന്നില്ലെങ്കിൽ ദഹിപ്പിച്ചുകളയുകയോ ചെയ്യുവാൻ കാനോനാകളിൽ വ്യവസ്ഥയുണ്ട്. വികാരി എന്ന സ്ഥാനനാമം പ്രതിഷ്ഠിക്കുകയും വികാരിമാർക്ക് അതുല്യമായ ആത്മീയ - ലൗകിക ഭരണാധികാരങ്ങൾ വിഭാവനം ചെയ്യുകയും ചെയ്തു. മഹ റോൻ എന്ന ശാപം ഡെമോക്ലിസിന്റെ വാൾ പോലെ വിശ്വാസികളുടെ തലയ്ക്ക് മീതെ സുന്നഹദോസ് തൂക്കിയിട്ടു. വൈദികരുടെ ബ്രഹ്മചര്യം നിയമമാക്കുകയും വിവാഹിതരായ വൈദികർ ബസ്ക്യാമ്മാമാരെ ഉപേ ക്ഷിക്കണമെന്ന് ശഠിക്കുകയും ചെയ്തു. പള്ളികളിൽ വിഗ്രഹങ്ങൾ സ്ഥാപിക്കുവാനും അവയെ വണങ്ങുവാനും നിർദ്ദേശിച്ചു. മലങ്കരസഭ നേരത്തെ അംഗീകരിച്ച പല വിശുദ്ധന്മാരും ശപിക്കപ്പെട്ടവരുടെ പട്ടികയി ലായി. പല പള്ളികളിലെയും മധ്യസ്ഥന്മാർ മാറ്റി പ്രതിഷ്ഠിക്കപ്പെട്ടു. കെ. എൻ. ദാനിയേൽ, ഡോ. സ്ക്കറിയാ സക്കറിയ എന്നിവർ ഉദയംപേരൂർ കാനോനാകൾ പൂർണ്ണരൂപത്തിൽ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയി ട്ടുണ്ട് (*രണ്ട് പ്രാചീന ഗദ്യകൃതികൾ* കാണുക). പോർച്ചുഗീസ് - കർസോനി - മലയാണ്മ എന്നീ ഭാഷകളിൽ കാനോനാകൾ എഴുതപ്പെട്ടിരു ന്നതായി സുന്നഹദോസ് ചരിത്രങ്ങളിൽ കാണുന്നുണ്ട്.

സുന്നഹദോസ് തീരുമാനങ്ങൾ നടപ്പിലാക്കുന്ന ഭഗീരഥയത്നം ഉദയംപേരൂർ പള്ളിയിൽത്തന്നെ മെനേസിസ് ആരംഭിച്ചു. അവിടുത്തെ സാബോർ, അഫ്രോത്ത് എന്നീ പരിശുദ്ധന്മാരുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ട പള്ളി എല്ലാ പരിശുദ്ധന്മാരുടെയും നാമത്തിൽ എന്ന് മാറ്റി പ്രതിഷ്ഠിച്ചു (സാബോർ, അഫ്രോത്ത് പിതാക്കന്മാർ അഭിശപ്തരെന്ന് സിനഡ് വിധിച്ചിരുന്നു). കേരള ക്രിസ്ത്യാനികളുടെ മാമ്മൂദീസാ അസാധുവെന്ന് വിധിച്ച മെനേസിസ് ഒട്ടനവധി വിശ്വാസികളെയും വൈദികരെയും രണ്ടാം മാമ്മൂദീസായ്ക്ക് വിധേയരാക്കി. രണ്ടാം മാമ്മൂദീസായ്ക്ക് കഠിനമായി എതിർപ്പ് നേരിട്ട സ്ഥലങ്ങളിൽ സ്ഥൈര്യലേപന ശുശ്രൂഷ (ഒന്നാമത്തെ ഉപ്പുറൂശ്മാ) നടത്തി മാമ്മൂദീസായെ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചു. സുന്നഹദോസിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ നടത്തിയ ജൈത്രയാത്രയിൽ, വിവാഹിതരായ വൈദികർ ബസ്ക്യാമ്മാമാരെ ഉപേക്ഷിക്കുവാൻ നിർബ്ബദ്ധരായി. അനുകൂലിക്കാത്തവർ മുടക്കപ്പെട്ടു. കോട്ടയം, കുടമാളൂർ, തെക്കൻപറവൂർ, മുളന്തുരുത്തി തുടങ്ങിയ കേന്ദ്രങ്ങളിലെ സന്ദർശനങ്ങൾക്കിടയിൽ സുന്നഹദോസിൽ സംബന്ധിക്കാത്ത വൈദികരെ സത്യപ്രതിജ്ഞ ചെയ്യിക്കുകയും റോമ്മൻ രീതിയിൽ കർമ്മങ്ങൾ നടത്തുവാൻ പരിശീലിപ്പിക്കുകയും ചെയ്തു. കേരള ക്രിസ്ത്യാനികളുടെ രണ്ടാം തലപ്പള്ളി എന്ന് പ്രസിദ്ധമായ അങ്കമാലിയിൽ മദ്ധ്യസ്ഥ വിശുദ്ധന്മാരിൽ ഇളക്കി പ്രതിഷ്ഠ നടത്തി. അവിടുത്തെ പ്രാചീന ഗ്രന്ഥപ്പുരയിലെ ശേഖരത്തെ അഗ്നിക്കിരയാക്കി. തുടർന്ന് അകപ്പറമ്പ്, ആലങ്ങാട്, ചേന്ദമംഗലം പ്രദേശങ്ങളിലേക്ക് ജൈത്രയാത്ര തുടർന്നു. പിന്നീട് കൊടുങ്ങല്ലൂർ, പൊറക്കാട്,

കൊല്ലം, കാർത്തികപ്പള്ളി, മാവേലിക്കര, നിരണം, ചെങ്ങന്നൂർ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു. ചെങ്ങന്നൂർപള്ളിയിലും ഗ്രന്ഥസഞ്ചയം അഗ്നിക്കിരയായി. സന്ദർശനങ്ങൾക്കിടയിൽ ചെങ്ങനാട്ടെ (കൊല്ലം) രാജാവിനെയും പെരുമ്പടപ്പ് (കൊച്ചി) വലിയ തമ്പുരാനെയും ക്രിസ്തുമതത്തിലേക്ക് ആകർഷിക്കുവാൻ ആർച്ച് ബിഷപ്പ് വിഫലശ്രമം നടത്തി. സന്ദർശനത്തിന്റെ ഒടുവിൽ ഉദയംപേരൂർ സുന്നഹദോസിനെ ബഹിഷ്കരിച്ച പാലൂർ ചാട്ടുകുളങ്ങര ഇടവക സന്ദർശിച്ചു. കേരള ക്രിസ്ത്യാനികളുടെ ഒന്നാമത്തെ തലപ്പള്ളി എന്ന് പ്രസിദ്ധമായ പാലൂരിലെ ക്രിസ്ത്യാനികളെ റോമ്മിന്റെ കീഴിലാക്കുവാനും അവിടുത്തെ അതി പ്രാചീന ഗ്രന്ഥപ്പുരയിൽ അഗ്നിചുംബനം വർഷിക്കുവാനും അദ്ദേഹം പ്രതിജ്ഞാബദ്ധനായിരുന്നു. എന്നാൽ സുന്നഹദോസിനെ ബഹിഷ്കരിച്ച പാലൂർ ക്രിസ്ത്യാനികൾ പുതുമയുള്ള മറ്റൊരു ബഹിഷ്കരണ മഹോത്സവമാണ് പാലൂരിൽ സംഘടിപ്പിച്ചത്. ആഘോഷപൂർവ്വമായ വരവേല്പ്പിന് ശേഷം രംഗകലാചതുരരായിരുന്ന പാലൂർ നിവാസികൾ മൂന്ന് മുഖ്യ കഥാപാത്രങ്ങളും മൂന്ന് പ്രധാന അങ്കങ്ങളുമുള്ള ഒരു പ്രഹസന നാടകം അതിഥിയുടെ മുമ്പിൽ കാഴ്ചവെച്ചു. തന്റെ ബഹുമാനാർത്ഥം അവതരിപ്പിച്ച ആ കലാവിരുന്ന് ആസ്വദിക്കുവാൻ കലാരസികൻ കൂടെയായിരുന്ന ആർച്ച് ബിഷപ്പ് ഉത്സാഹം കാണിച്ചു.

പ്രഹസനത്തിന്റെ ഒന്നാം രംഗത്തിൽ പത്രോസ് ശ്ലീഹായുടെയും തോമ്മാ ശ്ലീഹായുടെയും വേഷമിട്ട രണ്ടു പേർ രംഗത്തു വന്നു. അതിഥിയായി വന്ന പത്രോസിനെ ആദരപൂർവ്വം തോമസ് സൽക്കരിച്ചു. കുശലപ്രശ്നങ്ങൾക്കു ശേഷം പത്രോസ് അതിഥിക്ക് ചേരാത്തവിധം ക്രിസ്തു നൽകിയ പ്രത്യേക അധികാരങ്ങളെപ്പറ്റിയും ലോകസഭകൾ റോമ്മിലെ സഭയ്ക്ക് കീഴ്വഴങ്ങുന്നതിന്റെ ആവശ്യകതയെപ്പറ്റിയും റോമ്മൻ പാപ്പാ ക്രിസ്തുവിന്റെ സർവ്വകാല വികാരിയും അപ്രമാദിത്വ നൽവരമുള്ള ആളുമാണെന്നും മറ്റും തോമസിനെ പ്രബോധിപ്പിച്ചത് ആർച്ച്ബിഷപ്പിനെ രസിപ്പിച്ചു. രണ്ടാം രംഗത്തിലെ മുഖ്യ കഥാപാത്രങ്ങൾ മുൻ രംഗങ്ങളിലേതു തന്നെയായിരുന്നുവെങ്കിലും അതിൽ തോമസ് വക്താവും പത്രോസ് ശ്രോതാവുമായിരുന്നു. മുൻ രംഗത്തിൽ പത്രോസ് ഉന്നയിച്ച അവകാശവാദങ്ങളെ ഓരോന്നായി തോമസ് ഖണ്ഡിച്ചു. സുവിശേഷ ഘോഷണം എന്ന വ്യാജവേഷത്തിൽ അജമോഷണത്തിനായി തന്റെ അജസംഘത്തിൽ നുഴഞ്ഞുകയറ്റം നടത്തുവാൻ ചെയ്യുന്ന ശ്രമങ്ങൾ അഭിശപ്തമാണെന്ന് ക്രിസ്തുവചനങ്ങൾ ആധാരമാക്കി തോമസ് പ്രതിവചിച്ചു. അധികാരത്തെക്കുറിച്ചും വലിയസ്ഥാനി ആരെന്നതിനെക്കുറിച്ചും ഉണ്ടായ പഴയ തർക്കങ്ങൾക്ക് ക്രിസ്തു നൽകിയ മറുപടിയും വ്യാഖ്യാനങ്ങളും ഉപമകളും വൃദ്ധനായ പത്രോസിനെ തോമസ് സന്ദർഭോചിതമായി ഓർമ്മപ്പെടുത്തി. ഉദ്വേഗപൂർണ്ണമായ ആ രംഗം സശ്രദ്ധം വീക്ഷിച്ച ആർച്ച്

ബിഷപ്പ് വിയർത്തു. നാടകത്തിലെ പല സംഭാഷണങ്ങളും താനും അർക്കദിയാക്കോനും തമ്മിൽ നടത്തിയ സംവാദങ്ങളിലേത് തന്നെയാണല്ലോ എന്ന് മെനേസിസ് സംഭ്രമത്തോടെ ഓർത്തു.

നാടകത്തിന്റെ അടുത്ത രംഗത്തിൽ മുൻ രംഗങ്ങളിൽ മൂകസാക്ഷി മാത്രമായി ഒരു മൂലയിലിരുന്ന മാർ കുറിയാക്കോസ് സഹദാ ഒരു ന്യായാധിപന്റെ ഗൗരവത്തോടെ സംസാരം ആരംഭിച്ചു. യേശുവിന്റെ ഉപദേശങ്ങൾ, മാതൃകകൾ, ഉപമകൾ, സഭാചരിത്രത്തിലെ ആദ്യനൂറ്റാണ്ടുകളുടെ ഭരണസംവിധാനം എന്നിവയുടെ അടിസ്ഥാനത്തിൽ പത്രോസിന്റെ വാദമുഖങ്ങൾ അസത്യജടിലവും അക്രൈസ്തവവും ആണെന്ന് ചൂണ്ടിക്കാട്ടിയ ന്യായാധിപൻ പത്രോസ് എത്രയുംവേഗം സത്യ അനുതാപത്തിലേക്ക് വളർന്ന് അജപാലനത്തിന്റെ മേൽവിലാസത്തിൽ നടത്തുന്ന അജമോഷണശ്രമങ്ങൾ നിറുത്തുകയാണ് വേണ്ടതെന്ന ഉപദേശത്തോടെ ദീർഘഭാഷണം അവസാനിപ്പിച്ചു. നാടകത്തിന്റെ അന്ത്യതിരശ്ശീല വീഴുകയും ചെയ്തു. ഇതോടെ പ്രേക്ഷകർ വീർപ്പടക്കി നാടകം വീക്ഷിച്ച ആർച്ച് ബിഷപ്പിനെയും പരിവാരത്തെയും പള്ളിയിൽനിന്ന് ആർത്ത് ആട്ടിയിറക്കി. ആർച്ച്ബിഷപ്പ് പള്ളിയുടെ തൊട്ടുതാഴെയുള്ള ചാട്ടുകുളങ്ങരെയിലെത്തി ജലവാഹനമാർഗ്ഗം ചാവക്കാട്ടേയ്ക്കും തുടർന്നു കൊടുങ്ങല്ലൂരിലേയ്ക്കും യാത്രയായി (കൂടുതൽ വിവരങ്ങൾക്ക് ബിഷപ്പ് എൽ. ഡബ്ല്യു. ബ്രൗൺ എഴുതിയ *ദി ഇന്ത്യൻ ക്രിസ്ത്യൻസ് ഓഫ് സെന്റ് തോമസ്,* പു. 38; പ്രൊഫ. ഫാ. ജോസഫ് ചീരൻ എഴുതിയ *മലങ്കരസഭയും കേരള സംസ്കാരവും,* പു. 22 എന്നീ രേഖകൾ പരിശോധിക്കുക).

(പാലൂർ - ചാട്ടുകുളങ്ങര പ്രദേശത്തുകാർ എന്നും ഇങ്ങനെയാണ്; അവർക്കൊരിക്കലും ഉഭയമുഖത്വമില്ല. ഇതവരുടെ ഗുണവും അതേസമയം ദോഷവും ആണ്. ഇഷ്ടപ്പെടുന്നവരെ കുരവയിട്ട് ആർത്ത് സ്വീകരിക്കും. ഇഷ്ടപ്പെടാത്തവരെ ആർത്തു ആട്ടി പുറത്താക്കും. ആർച്ച് ബിഷപ്പിനെ ആർത്ത് ആട്ടി പുറത്താക്കിയതോടെ പാലൂർ നിവാസികൾക്ക് പുതിയ ഒരു പേരുണ്ടായി. ആർത്താട്ടുകാർ. അത് പിന്നീട് ദേശപ്പേരായി മാറി. ഇന്ന് പാലൂർ എന്ന പേർ മാഞ്ഞുപോയി തൽസ്ഥാനത്ത് ആർത്താട്ട് (ആർത്താറ്റ്) എന്ന പേർ സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു)

മലങ്കരസഭ മുഴുവൻ റോമ്മിന്റെ കീഴിലായിട്ടും പാലൂർ ഇടവക പൂർവിക പാരമ്പര്യങ്ങളിൽ നിലനില്ക്കാനിടയായത് ഇപ്രകാരമാണ്.

സ്വസഹോദരിയും പോർച്ചുഗൽ രാജാവും അന്തരിച്ചതായി വിവരം ലഭിച്ചതിനെത്തുടർന്ന് പര്യടന പരിപാടികൾ ഒരു വിധം പൂർത്തിയാക്കി ആർച്ച് ബിഷപ്പ് 1599 നവംബർ 16-ന് എട്ട് മാസത്തെ മലബാർ പര്യടനത്തിനുശേഷം ഗോവയിൽ തിരിച്ചെത്തി. പോകുന്നതിനു മുമ്പ് വടക്കൻ

പറവൂർ പള്ളിയിൽ വൈദിക - അവൈദിക നേതൃസ്ഥാനികളെ വിളിച്ചു വരുത്തി. അർക്കദിയാക്കോനെ അഡ്മിനിസ്ട്രേറ്ററായും ചേന്ദമംഗലം സെമിനാരി റെക്ടർ ഫാ. റോസിനെ കോ-അഡ്ജ്യൂട്ടർ ആയും നിയമിച്ചതായി പ്രഖ്യാപിച്ചു. 1605-ൽ മേനേസ്സിസ് യൂറോപ്പിലേക്ക് തിരിച്ചുപോയി. പോർച്ചുഗലിലെ വൈസ്രോയി ആയും മാഡ്രിഡിലെ പോർച്ചുഗൽ കൗൺസിൽ അദ്ധ്യക്ഷനായും അദ്ദേഹം നിയമിതനായി. ഒടുവിൽ ദുഷ്കീർത്തി സമ്പാദിച്ച് ലജ്ജാകരമായ അന്ത്യം വരിച്ചതായി പോർച്ചുഗീസ് ചരിത്രകാരൻ മാനുവൽ ഡി. ഫാറിയാ രേഖപ്പെടുത്തിയിട്ടുണ്ട് (*ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും,* പു. 243).

(ഇന്ത്യയിലെ സെന്റ് തോമസ് ക്രിസ്ത്യാനികളെ റോമ്മിന് കീഴിൽ കൊണ്ടുവരാൻ നടത്തിയ ശ്രമങ്ങൾക്ക് സമാന്തരമായി നേരിട്ടുള്ള സുവിശേഷവേലയും റോം ഇന്ത്യയിൽ നടത്തി. കത്തോലിക്കാ സഭയിലെ ഫ്രാൻസിസ്ക്കൻ സന്ന്യാസിമാരും (1500 മുതൽ) ജസ്യൂട്ട് സന്ന്യാസിമാരും (1541 മുതൽ) ഈ പ്രവർത്തനത്തിന് നേതൃത്വം നൽകി. കൊച്ചിയിലെ സുവിശേഷവേല, കൊച്ചീക്കോട്ടയുടെ നിർമ്മാണം, കൊടുങ്ങല്ലൂരിലെ വൈദിക പരിശീലന കേന്ദ്ര നിർമ്മാണം, കൊടുങ്ങല്ലൂർ - കൊല്ലം നഗരങ്ങളിലെ സുവിശേഷവേല തുടങ്ങിയ രംഗങ്ങളിൽ ഫ്രാൻസിസ്ക്കൻ സമൂഹത്തിന്റെ പ്രവർത്തനം നിർണ്ണായകമായിരുന്നു. 1542 മുതൽ 1553 വരെ വി. ഫ്രാൻസിസ് സേവിയർ, ജസ്യൂട്ട് പ്രസ്ഥാനത്തിന് ഉന്മേഷം നൽകി. കടലോരത്തെ മുക്കുവരെ ക്രിസ്തുമതത്തിൽ ചേർക്കുക, അവർക്കായി പള്ളികൾ നിർമ്മിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏർപ്പെടുത്തുക എന്നീ പ്രവർത്തനങ്ങൾക്ക് വി. സേവിയർ നേതൃത്വം നൽകി. മൈലാപ്പൂരിലും നാഗപട്ടണത്തിലും വ്യാപാരാർത്ഥം പോർട്ടുഗീസുകാർ അധിവാസം ഉറപ്പിച്ചപ്പോൾ അവിടുത്തെ മതപ്രചരണത്തിന് അഗസ്തീനിയൻ, ഡോമിനിക്കൻ, ഫ്രാൻസിസ്കൻ, ജസ്യൂട്ട് എന്നീ നാല് സന്ന്യാസ പ്രസ്ഥാനങ്ങളും നേതൃത്വംനൽകി. വേളാങ്കണ്ണി, മൈലാപ്പൂർ, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളുടെ പ്രസിദ്ധിയുടെ ലിസ്റ്റിൽ ഈ പ്രസ്ഥാനങ്ങളുണ്ട്. 1606-ൽ വന്ന റോബർട്ട് ഡി. നോബിലി മധുര കേന്ദ്രമാക്കി പ്രവർത്തിച്ചു. ഇന്ത്യൻ പശ്ചാത്തലവുമായി ബന്ധപ്പെട്ട ഒരു മതശൈലി ഇദ്ദേഹം ആവിഷ്കരിച്ചു. തൃശിനാപ്പിള്ളി, ഡിണ്ടിഗൽ, തഞ്ചാവൂർ എന്നീ സ്ഥലങ്ങളിൽ നൊബിലിയുടെ പ്രസ്ഥാനം പ്രവർത്തിച്ചു. 1510-ൽ പോർച്ചുഗീസുകാർ പിടിച്ചെടുത്ത ഗോവ ആസ്ഥാനമായാണ് ഈ വിവിധ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ നടന്നത്. റോമിന് കീഴിൽ തന്നെ ലത്തീൻ പാരമ്പര്യത്തിലാണ് ഈ കേന്ദ്രങ്ങൾ മുഖേന സ്ഥാപിതമായ ദേവാലയങ്ങളും രൂപതാകേന്ദ്രങ്ങളും പ്രവർത്തിച്ചിരുന്നത്).

## മാർ അഹത്തള്ളായുടെ ആഗമനവും കൂനൻകുരിശ് സത്യവും

ജസ്വീട്ട് സഭ 1599 മുതൽ 1653 വരെ കേരള സഭയെ ഭരിച്ചു. 1599 ഡിസംബർ 20 ന് ഫ്രാൻസിസ് റോസിനെ അങ്കമാലിയുടെ മെത്രാൻ ആയി റോം നിയമിച്ചു. റോസിന്റെയും കൂടെ ശ്രമഫലമായി അങ്കമാലിയെ ഗോവയുടെ കീഴിൽ നിന്ന് റോം 1608 ഡിസംബർ 28-ന് വിടർത്തി. റോസ് തന്റെ ആസ്ഥാനം അങ്കമാലിയിൽ നിന്ന് കൊടുങ്ങല്ലൂരിലേക്ക് മാറ്റി. 1558-ൽ സ്ഥാപിതമായ കൊച്ചിയിലെ ലത്തീൻ രൂപതാധികൃതർക്ക് ഇത് തൃപ്തികരമായിരുന്നില്ല. 1603-ൽ റോസ് അങ്കമാലിയിൽ മലങ്കരസഭയുടെ ഒരു സുന്നഹദോസ് കൂടി. 300 പട്ടക്കാരും അതിലേറെ അത്മായരും പല ദിവസങ്ങളോളം നീണ്ടുനിന്ന സുന്നഹദോസിൽ സംബന്ധിച്ചു. ഉദയംപേരൂർ സുന്നഹദോസിന്റെ നിശ്ചയങ്ങളെ ലാഘവപ്പെടുത്തുവാൻ ചേർന്ന ഈ യോഗത്തിന്റെ നിശ്ചയങ്ങൾ റോസിന് സ്വീകാര്യമായില്ല. അദ്ദേഹം റോസിന്റെ കാനോനാകൾ എന്ന പേരിൽ 1606-ൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഇടവകതലത്തിലുള്ള മിഷണറിവേലയ്ക്ക് റോസ് നേതൃത്വം നൽകി. ആദ്യകാലത്ത് റോസ് അർക്കദിയാക്കോനുമായി സമരസപ്പെട്ടു പോയെങ്കിലും അതു നീണ്ടുനിന്നില്ല. റോസ് അർക്കദിയാക്കോനെ മുടക്കി. 1624 ഫെബ്രുവരി 16 ന് റോസ് നിര്യാതനായി കൊടുങ്ങല്ലൂർ പള്ളിയിൽ സംസ്കരിച്ചു; പിൻഗാമിയായി സ്റ്റീഫൻ ബ്രിട്ടോ 1624 സെപ്തം. 24 ന് ഗോവയിൽ വച്ച് സ്ഥാനം പ്രാപിച്ച് നവംബർ 20-ന് ചുമതലയിൽ പ്രവേശിച്ചു. ബിഷപ്പും അർക്കദിയാക്കോനും തമ്മിൽ നല്ല ബന്ധം ആദ്യകാലത്തുണ്ടായി. വി. തോമസ് അപ്പോസ്തോലന്റെ സമൂഹം എന്ന പേരിൽ ഒരു സന്ന്യാസപ്രസ്ഥാനം സ്ഥാപിച്ച് അതിനു റോമിന്റെ അംഗീകാരം നേടുവാൻ ശ്രമിച്ചപ്പോൾ ബ്രിട്ടോ എതിർത്തു. 1640 ജൂലൈ 25-ന് അർക്കദിയാക്കോൻ നിര്യാതനായി അങ്കമാലിയിൽ കബറടക്കി. അർക്കദിയാക്കോന്റെ സ്ഥാനത്ത് മുൻ അർക്കദിയാക്കോന്റെ അനന്തിരവൻ പറമ്പിൽ തോമസിനെ ബിഷപ്പ് ബ്രിട്ടോ നിയമിച്ചു. 1641 ഡിസംബർ 2 ന് ബിഷപ്പ് ബ്രിട്ടോ നിര്യാതനായി. പിൻഗാമിയായി നേരത്തെ സഹായിയായി നിയമിതനായ ഫ്രാൻസിസ് ഗാർസിയാ ഭരണം ഏറ്റെടുത്തു. അർക്കദിയാക്കോൻ സ്ഥാനത്തിന്റെ ചരിത്രാധിഷ്ഠിതമായ അവകാശങ്ങളെ നിഷേധിക്കുന്ന റോമൻ നയങ്ങളോട് പൊരുത്തപ്പെടുവാൻ തോമസ് അർക്കദിയാക്കോന് കഴിഞ്ഞില്ല. അസംതൃപ്തനായി അദ്ദേഹം റോമ്മൻ സംവിധാനവുമായുള്ള സംസർഗ്ഗത്തിലും ഐക്യത്തിലും തുടർന്നുകൊണ്ട് പ്രശ്നപരിഹാരത്തിന് ശ്രമിച്ചെങ്കിലും നിരാശയായിരുന്നു ഫലം. ഈ പരിതഃസ്ഥിതിയിൽ റോമ്മൻ ശൈലിയോട് ഇണങ്ങുവാൻ കഴിയാതിരുന്ന സെന്റ് തോമസ് ക്രിസ്ത്യാനികളെ അദ്ദേഹം സംഘടിപ്പിച്ചു. കേരള സഭയ്ക്ക് നേരത്തെ ബന്ധമുണ്ടായിരുന്ന പൗരസ്ത്യ സഭാകേന്ദ്രങ്ങളിലേയ്ക്ക് കൊച്ചിയിൽ വ്യാപാരാർത്ഥം വന്നുകൊണ്ടിരുന്ന വിദേശികൾ മുഖേന സഹായം

അഭ്യർത്ഥിച്ചുകൊണ്ട് തോമസ് അർക്കദിയാക്കോൻ കത്തുകൾ എഴുതി അയച്ചു. ബിഷപ്പ് ഗാർസിയാ ഈ നീക്കങ്ങൾ ശ്രദ്ധിച്ചു. ഇന്ത്യയുടെ പടിഞ്ഞാറൻ തുറമുഖ പ്രദേശങ്ങൾ പോർത്തുഗീസുകാരുടെ നിരീക്ഷണത്തിലായി. ഈ പരിതഃസ്ഥിതിയിൽ 1652-ൽ ഇന്ത്യയിലെത്തിയ മാർ ഇഗ്നാത്തിയോസ് എന്ന ബിഷപ്പിനെ സൂറത്തിൽ വച്ച് പോർട്ടുഗീസുകാർ ബന്ധനസ്ഥനാക്കി. ഇദ്ദേഹത്തെ ചരിത്രകാരന്മാർ അഹത്തള്ളാ എന്നും അയിത്താലോ ഹോ എന്നും പേരിട്ടിരിക്കുന്നതിന്റെ അടിസ്ഥാനമെന്തെന്ന് ആരും വിശദീകരിച്ചിട്ടില്ല. അദ്ദേഹം കൽദായ സുറിയാനിയിലെഴുതിയതും വേങ്ങൂർ ഗീവറുഗീസ് കത്തനാർ - പില്ക്കാലത്ത് മാർത്തോമ്മാ ഒന്നാമന്റെ നാലു ഉപദേഷ്ടാക്കളിൽ പ്രമുഖ വൈദികൻ - സാക്ഷ്യപ്പെടുത്തിയതുമായ ഒരു കത്ത് വത്തിക്കാൻ ലൈബ്രറിയിൽ നിന്ന് ഫോട്ടോ രൂപത്തിൽ പകർത്തി കോട്ടയം പഴയസെമിനാരി ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ളത് ഈ ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട്. അതിൽ അദ്ദേഹത്തിന്റെ പേർ അഗ്നാത്തെയോസ് - ഇഗ്നാത്തിയോസ് എന്നും വായിക്കാം - പാത്രിയർക്കീസ് എന്നാണ് അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്. ഇഗ്നാത്തിയോസ് പാത്രിയർക്കീസ് എന്ന് പാതി കേൾക്കുമ്പോഴേക്കും അത് അന്ത്യോഖ്യൻ പാത്രിയർക്കീസ് ആണെന്ന് സംശയലേശമെന്യേ തീരുമാനിക്കുക പതിവുള്ള ചരിത്രകാരന്മാർ പില്ക്കാലത്ത് ഇദ്ദേഹത്തെ അന്ത്യോഖ്യൻ പാത്രിയർക്കീസ് എന്ന് വിശേഷിപ്പിച്ചിട്ടുണ്ടെങ്കിലും ആ പേരിൽ ഒരു പാത്രിയർക്കീസ് - അഹത്തള്ളാ, അയിത്താലോഹോ, ഈത്തോലാഹോ എന്നീ പേരുകളിൽ - അന്ത്യോഖ്യൻ സുറിയാനി സഭയിലുണ്ടായിരുന്നതായോ, ആ കാലങ്ങളിൽ ഏതെങ്കിലും (അന്ത്യോഖ്യാ) പാത്രിയർക്കീസ് ഇന്ത്യ സന്ദർശിച്ചതായോ രേഖയില്ലെന്ന് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് അബ്ദുൾ ആഹാദ് റമ്പാൻ എന്ന പേരിൽ മഞ്ഞിനിക്കരയിൽ താമസിക്കുമ്പോൾ സഹ മല്പാൻ ആയിരുന്ന തന്നോട് വ്യക്തമാക്കിയതായി ഫാ. ഡോ. വി. സി. ശാമുവേൽ രേഖപ്പെടുത്തിയിട്ടുണ്ട് (*സഭ വളരുന്നു,* പു. 136).

മലങ്കരയിൽ 1652-ൽ എത്തിയ മാർ ഇഗ്നാത്തിയോസിനെക്കുറിച്ച് കൂടുതൽ അറിയാൻ സഹായിക്കുന്ന രണ്ട് രഹസ്യവാതിലുകൾ ഉണ്ട്. അദ്ദേഹം തന്നെ എഴുതിയതും വേങ്ങൂർ ഗീവറുഗീസ് കത്തനാർ സാക്ഷ്യപ്പെടുത്തി റോമ്മിലേക്കയച്ചതുമായി നേരത്തെ പ്രസ്താവിച്ച കൽദായ സുറിയാനിയിലുള്ള കത്ത് ആണ് ഒരു വാതിൽ. അതിൽ ഇന്ത്യയുടെയും ചൈനയുടെയും പാത്രിയർക്കീസായി പാപ്പാ തന്നെ അയച്ചു എന്നാണ് ലേഖകൻ അവകാശപ്പെട്ടിട്ടുള്ളത്. ആരാണീ പാപ്പാ? റോമ്മാ പാപ്പാ ആണോ? ആണെന്ന് ചില ചരിത്രകാരന്മാർ നിരാധാരമായി വിശേഷിപ്പിച്ചിട്ടുണ്ട്. റോമ്മാ പാപ്പാ അയച്ച ഒരു പാത്രിയർക്കീസിനെ റോമ്മൻ പാപ്പായുടെ കീഴിലുള്ള പോർച്ചുഗീസുകാർ ബന്ധനസ്ഥനാക്കി പീഡിപ്പിക്കുമോ? ഒരി

ക്കലുമില്ല. ആരാണ് കത്തിൽ പരാമർശിക്കുന്ന പാപ്പാ? റോമ്മിലെ പാത്രിയർക്കീസ് പാപ്പാ എന്ന വിശേഷണം അവകാശപ്പെടുന്നതിനു മുമ്പ് ആ പദം അലക്സാന്ത്രിയാ (കോപ്റ്റിക്) പാത്രിയർക്കീസ് ഉപയോഗിച്ചിരുന്നു. ഇന്നും ഉപയോഗിക്കുന്നു. മാർ ഇഗ്നാത്തിയോസ് പരാമർശിക്കുന്ന പാപ്പാ അലക്സാന്ത്രിയായിലെ പാപ്പാ ആണ്. ഇന്ത്യയുടെയും ചീനയുടെയും പാത്രിയർക്കീസ് എന്ന സ്ഥാനനാമം നേരത്തെ ഉള്ളതാണ്. ഇക്കാര്യം കത്തിൽ തുറന്ന് വെളിപ്പെടുത്തുന്നപക്ഷം ഉണ്ടാകാവുന്ന ആപത്തുകളെ സംശയിച്ചാവാം കത്തിൽ ആ പരാമർശം ഒഴിവാക്കിയത്. അലക്സാന്ത്രിയായിലെ പാപ്പാ മലങ്കരസഭയിൽ സുപരിചിതനായതു മൂലം ഒരു പ്രത്യേക പരാമർശം അനിവാര്യമല്ലെന്ന് ലേഖകൻ ചിന്തിച്ചിരിക്കാം.

മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് മലങ്കരസഭയിലേക്കയച്ച മറ്റൊരു കത്താണ് രണ്ടാമത്തെ രഹസ്യവാതിൽ. മലങ്കരയിലേയ്ക്കുള്ള തന്റെ ആഗമനം മാർഗ്ഗമദ്ധ്യേ അസാധ്യമായി വന്നാൽ പന്ത്രണ്ട് പട്ടക്കാർ ചേർന്ന് തോമസ് അർക്കദിയാക്കോനെ മെത്രാനായി വാഴിക്കണമെന്ന് ആ കത്തിൽ നിർദ്ദേശിച്ചിരുന്നു. അലക്സാന്ത്രിയൻ പശ്ചാത്തലമുള്ള ഒരു മേല്പട്ടക്കാരനു മാത്രമേ ഈ നിർദ്ദേശം നൽകുവാൻ കഴിയുമായിരുന്നുള്ളൂ. അലക്സാന്ത്രിയായിൽ പ്രാചീനകാലത്ത് പ്രയോഗത്തിലിരുന്ന കൈവെപ്പ് സമ്പ്രദായം ഒരനിവാര്യഘട്ടത്തിൽ പ്രയോഗിച്ചുകൊള്ളുവാനുള്ള രേഖാമൂലമായ നിർദ്ദേശം നൽകുവാൻ പതിനേഴാം നൂറ്റാണ്ടിൽ മറ്റൊരു സഭാപശ്ചാത്തലത്തിൽ നിന്നും ധൈര്യം ലഭിക്കുകയില്ല. ഈ രണ്ട് വാതിലുകൾ നൽകുന്ന വെളിച്ചത്തിൽ മാർ ഇഗ്നാത്തിയോസ് - അഹത്തള്ളാ എന്നത് അദ്ദേഹത്തിന്റെ വ്യക്തിനാമമാകാം - അലക്സാന്ത്രിയൻ പാപ്പായാൽ അയക്കപ്പെട്ട ആളാണെന്ന് നിസംശയം പറയാനാവും.

ഫ്രാൻസിസ് റോസിന്റെ സുറിയാനി പരിജ്ഞാനമോ സ്റ്റീഫൻ ബ്രിട്ടോയുടെ അനുരഞ്ജന മനോഭാവമോ അല്ല പിൻഗാമിയുടെ ശൈലിയെ സ്വാധീനിച്ചത്. ഗാർസ്യായുടെ ധാർഷ്ട്യം പ്രകോപനപരമായിരുന്നു. സുറിയാനിഭാഷ, ആരാധനകളിൽ നിന്നും പൂർണ്ണമായും എടുത്തുകളഞ്ഞ് തൽസ്ഥാനത്തു ലത്തീൻ പ്രാർത്ഥനാക്രമവും ആരാധനക്രമങ്ങളും പ്രയോഗത്തിൽ വരുത്തുവാൻ അദ്ദേഹം കാണിച്ച ധൃതിയും അർക്കദിയോക്കോന്റെ പ്രസക്തിയും അധികാരവ്യാപ്തിയും ഇല്ലാതാക്കുവാൻ ലത്തീൻ ഭരണം ആവിഷ്ക്കരിച്ച കുതന്ത്രങ്ങളും സുറിയാനിക്രിസ്ത്യാനികളെ വേദനിപ്പിച്ചു. മെനേസിസിന്റെ കാലത്ത് പോർച്ചുഗീസ് ശക്തി ഉദയസ്ഥാനത്തായതിനാൽ രാജാക്കന്മാർക്ക് അദ്ദേഹത്തെ പിൻതുണയ്ക്കാതെ നിവൃത്തിയില്ലായിരുന്നു. എന്നാൽ ഗാർസ്യായുടെ കാലത്ത് പോർച്ചുഗൽ ശക്തി അസ്തമിക്കുന്ന കാലമായിരുന്നു. തൊട്ടുപിന്നാലെ വന്ന ഡച്ചുകാരുടെ മതനയം ഉദാരവുമായിരുന്നു. പോർച്ചുഗീസ്ശക്തി ക്ഷയിച്ചപ്പോൾ രാജാക്ക

ന്മാർ പ്രജകളുടെ ഹിതം പരിഗണിക്കുവാൻ തുടങ്ങി. പൂർവ്വികമായി പിൻതുടർന്നു വന്ന സഭാശൈലി പരിത്യജിക്കേണ്ടി വരുന്ന പ്രജകളുടെ വേദനയുടെ ആഴം ഭരണാധികാരികൾ ശ്രദ്ധിച്ചു. ഈ അനുകൂല പരിതഃസ്ഥിതികൾ തോമസ്സ് അർക്കദിയോക്കോൻ അതിവേഗം ശ്രദ്ധിച്ചു. അധികാരത്തിന്റെ ഇരുമ്പുമുഷ്ടികൾക്ക് കീഴിൽ ജനം റോമ്മാനുകം വഹിക്കുവാൻ നിർബ്ബദ്ധരായപ്പോഴും അവരിൽ അസംതൃപ്തി പുകയുന്നുണ്ടായിരുന്നു. പോർച്ചുഗീസ് ശക്തി ക്ഷയിക്കുകയും നാട്ടുരാജാക്കന്മാരുടെ അനുഭാവം പ്രകടമാവുകയും ചെയ്തതോടെ അവരുടെ പ്രതിഷേധം മറനീക്കി പുറത്തു വരുവാൻ തുടങ്ങി. പാലൂർ ഇടവക പ്രതാപിയായ ആർച്ച് ബിഷപ്പ് മെനേസ്സിസിനെ ആട്ടിപ്പുറത്താക്കിയിട്ടും അവർക്ക് കാര്യമായ അപകടമൊന്നും വന്നില്ലെന്നും അവർ പൂർവ്വികമായ ശൈലിയിലും കൈവെപ്പിലും പിൻതുടർന്നതും എല്ലാവരെയും ധൈര്യപ്പെടുത്തുവാൻ പ്രാപ്തമായിരുന്നു. ചാവക്കാട് തുറമുഖത്തിന്റെ ഉടമസ്ഥരായ പാലൂർ - ചാട്ടുകുളങ്ങര ക്രിസ്ത്യാനികൾ കൊച്ചിയുമായി നിരന്തരം വാണിജ്യബന്ധത്തിലേർപ്പെട്ടിരുന്നതിനാൽ അതത് സമയം തന്നെ ആശയവിനിമയം നടത്തുവാൻ അവർ ശ്രദ്ധിച്ചു. പാലൂർ - ചാട്ടുകുളങ്ങര ഇടവകയുടെ സംരക്ഷകരായ തലപ്പള്ളി രാജാക്കന്മാർ സ്വീകരിച്ച ഉദാരനയങ്ങൾ മറ്റു രാജാക്കന്മാരെയും സ്വാധീനിച്ചിട്ടുണ്ടാവാം. പൂർവ്വിക സുറിയാനികേന്ദ്രങ്ങളിൽ റോമ്മൻ നേതൃത്വത്തോട് വർദ്ധിച്ചുവരുന്ന അതൃപ്തി വ്യാപകമായി. അവർ തോമസ് അർക്കദിയാക്കോന്റെ പിന്നിൽ അണിനിരന്നു. ഇതിനിടയിൽ തോമസ് അർക്കദിയാക്കോനെ വധിക്കുവാനും ഗോവയിലെ ഇൻക്വിസിഷൻ നടപടികൾക്ക് വിധേയനാക്കി ലിസ്ബണിൽ തുറുങ്കിലടയ്ക്കുവാനും ബിഷപ്പ് ഗാർസിയ നടത്തിയ വിഫലശ്രമങ്ങൾ സുറിയാനി ക്രിസ്ത്യാനികളുടെ വീര്യത്തെ ഉണർത്തി.

ഇതിനിടയിൽ കേരളത്തിലെത്തിയ കർമ്മലീത്താ സന്ന്യാസ സമൂഹം സുറിയാനി സഭാപാരമ്പര്യങ്ങളെ പുച്ഛിച്ചുകൊണ്ടു നടത്തിയ മതപ്രചരണപ്രവർത്തനങ്ങൾ സഭാതലത്തിലൊരു സ്ഫോടനം ആസന്നമാണെന്ന് വ്യക്തമാക്കി. ഈ പശ്ചാത്തലത്തിലാണ് തോമസ്സ് അർക്കദിയാക്കോന്റെ സഹായാഭ്യർത്ഥനപ്രകാരം അലക്സാന്ത്രിയാ പാപ്പാ ഇന്ത്യയുടേയും ചീനയുടേയും ചുമതലയേല്പ്പിച്ച് മാർ ഇഗ്നാത്തിയോസ് അഹത്തുള്ളാ പാത്രിയർക്കീസിനെ അയച്ചത് (പി. റ്റി. ഗീവർഗീസ്സ് ശെമ്മാശൻ, *സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയർ ആയിരുന്നോ?* പു. 85, 1907. മാർ അഹത്തള്ളായുടെ വരവിനെപ്പറ്റി ഇത്ര വ്യക്തമായി ഒരു ഗവേഷണ വിദ്യാർത്ഥി പ്രബന്ധം തയ്യാറാക്കുകയും ആ പ്രബന്ധം ഔദ്യോഗികമായി കോട്ടയം പഴയസെമിനാരിയിൽ നിന്ന് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടും 1929-ൽ പ്രസിദ്ധീകരിച്ച ഇ. എം. ഫിലിപ്പിന്റെ സഭാചരിത്രം ആ തലമുറയിലെ മികച്ച പണ്ഡിതനായ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്

അവിഭക്ത സഭയിലെ ശെമ്മാശനായിരുന്ന കാലത്ത് – അന്ന് പാത്രിയർക്കീസ് കക്ഷിയോ റീത്ത് (മലങ്കര കത്തോലിക്കാ) പ്രസ്ഥാനമോ ആവിർഭവിച്ചിട്ടില്ല – അതിനെ അവഗണിച്ചു എന്നത് അദ്ദേഹത്തിന്റെ അന്ത്യോഖ്യാഭ്രമത്തിൽ വന്നുപോയ സ്ഖലിതം ആകാം. ആധുനിക സഭാ ചരിത്രകാരന്മാർ പീലിപ്പോസിന്റെ വഴിയെ അന്ധമായി അനുഗമിച്ചു. പണ്ഡിതനും വൈദികസെമിനാരിയിലെ സഭാചരിത്ര വിഭാഗം മേധാവിയുമായിരുന്ന ഫാ. ഡോ. വി. സി. ശാമുവൽ പോലും മലങ്കരസഭ നെസ്തോറിയമായിരുന്നു എന്നു സ്ഥാപിക്കുവാനുള്ള അതിശ്രമത്തിൽ, താൻ ജോലി ചെയ്യുന്ന സ്ഥാപനം നേരത്തെ പ്രസിദ്ധീകരിച്ച ഗവേഷണപ്രബന്ധം കാണാൻ കൂട്ടാക്കാതിരിക്കുകയും ചെയ്തത് ദൗർഭാഗ്യകരമായിപ്പോയി. ആധുനികരായ യുവ ചരിത്രകാരന്മാരെങ്കിലും മുൻഗാമികൾക്ക് ബോധപൂർവ്വമോ അബോധപൂർവ്വമോ ആയി സംഭവിച്ച ഈ അബദ്ധം തിരുത്താനുള്ള ആർജ്ജവം കാണിക്കേണ്ടതല്ലേ?)

സൂററ്റിൽ നിന്ന് ബന്ധനസ്ഥനായി മൈലാപ്പൂരിലെത്തിച്ച മാർ ഇഗ്നാത്തിയോസിനെ മൈലാപ്പൂരിലെ സെന്റ് തോമസ് കബറിടം സന്ദർശിക്കുവാൻ പോയ രണ്ടു വൈദികർ കണ്ടുമുട്ടി എന്നും പാത്രിയർക്കീസ് അവർ വശം രണ്ടു കത്തുകൾ തോമസ് അർക്കദിയാക്കോന് കൊടുത്തയച്ചു എന്നും ഉള്ള കാര്യത്തിൽ ചരിത്രകാരന്മാർ ഏകാഭിപ്രായക്കാരാണ് (ഇതിലൊരു കത്ത് വേങ്ങൂർ ഗീവർഗീസ് കത്തനാരുടെ സാക്ഷ്യപത്രത്തോടെ വത്തിക്കാനിലെത്തിയതാണ് നേരത്തെ പ്രസ്താവിച്ച ഒരു രേഖ). ചെങ്ങന്നൂർ കല്ലിശ്ശേരി ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ, കുറവിലങ്ങാട് കിഴക്കേടത്ത് കുര്യൻ ശെമ്മാശൻ ഇവർ മുഖേന അയച്ച കത്തുകളിൽ രണ്ടു സന്ദേശങ്ങൾ അടങ്ങിയിരുന്നു. ഒന്ന്: പോർച്ചുഗീസ് തടവിലായ തന്നെ മോചിപ്പിക്കുക. രണ്ട്: തന്റെ ആഗമനം അസാധ്യമാകുന്ന പക്ഷം പന്ത്രണ്ട് വൈദികർ കൈവെച്ച് തോമസ് അർക്കദിയാക്കോനെ മെത്രാനായി വാഴിക്കുക. തുടർന്നുള്ള സംഭവവികാസത്തെ *സഭാവിജ്ഞാനകോശം* (പു. 252) ഇപ്രകാരം വിവരിച്ചിട്ടുണ്ട്: "മലങ്കരയിൽ ഈ വിവരം അറിഞ്ഞപ്പോൾ തോമ്മാ അർക്കദിയാക്കോൻ ആലങ്ങാട് ഒരു യോഗം വിളിച്ചുകൂട്ടി മാർ അഹത്തള്ളായെ വിട്ടുകിട്ടുവാൻ റോമൻ സഭാ അധികാരികളോടും (ആർച്ച് ബിഷപ്പ് ഗാർസിയാ) പോർട്ടുഗീസ് സൈനിക അധികാരികളോടും ആവശ്യപ്പെട്ടു. ഈ അഭ്യർത്ഥന അവർക്ക് സ്വീകാര്യമായില്ല. പോർട്ടുഗീസുകാരെ പിണക്കി നാട്ടുക്രിസ്ത്യാനികളെ സഹായിക്കുവാൻ കൊച്ചി രാജാവ് മുതിർന്നതുമില്ല. ഈ സാഹചര്യത്തിൽ കൊച്ചിയിലെത്തിയ മാർ അഹത്തള്ളായെ വിട്ടുകിട്ടിയില്ല. കൂടാതെ അദ്ദേഹത്തെ കൊച്ചി അഴിമുഖത്ത് കെട്ടിത്താഴ്ത്തി എന്നൊരു കിംവദന്തിയും പ്രചരിച്ചു." "സുറിയാനിക്കാരുടെ നേരെ പറങ്കികൾ വിരോധമായി ചെയ്ത കഠിനപ്രവൃത്തികൾക്ക് ദ്രവ്യലാഭം വിചാരിച്ച് രാജാവ് മനസ്സുവച്ച് ശുദ്ധ

മാകപ്പെട്ടവനെ കൊല്ലിക്കയാൽ സ്വർഗ്ഗത്തിൽ ഇരിക്കുന്ന രാജാക്കളുടെ രാജാവായ സർവ്വശക്തിയുള്ള ദൈവം ആ നാഴികയിൽ തന്നെ രാജാവിൻമേലും ശിക്ഷ ഇറക്കി. എന്തെന്നാൽ കെട്ടിത്താഴ്ത്തുന്നതിന് പറങ്കികൾ കോട്ടയിൽ വട്ടംകൂട്ടിയ സമയം തന്നെ രാജാവ് കോവിലകത്ത് മാളികയുടെ ഗോവണിമേൽ വീണ് തലകീറി ഉടനെ തീപ്പെടുകയും ചെയ്തു" (ഇട്ടൂപ്പ് റൈട്ടർ, പു. 115). "ആദ്യം സ്വപ്രജകളുടെ അപേക്ഷ അനുസരിച്ച് പാത്രിയർക്കീസിനെ വിട്ടയക്കുന്നതിന് പോർച്ചുഗീസുകാരുടെ അടുക്കൽ ആവശ്യപ്പെടുകയും പിന്നീട് അവരുടെ പണത്തിൽ ഭ്രമിച്ച് നിശബ്ദനായിത്തീരുകയും ചെയ്ത കൊച്ചീ രാജാവ് പാത്രിയർക്കീസിനെ സമുദ്രത്തിൽ കെട്ടിത്താഴ്ത്തി എന്നുള്ള വാർത്ത പ്രചരിച്ച ഉടൻ തന്നെ പെട്ടെന്ന് തീപ്പെട്ടു. അതിനാൽ ഒരേസമയത്തു തന്നെ കൊച്ചികായലിന്റെ ഇരുകരെ നിന്നും വിലാപങ്ങൾ പ്രതിധ്വനിച്ചു. രാജാവിന്റെ നിര്യാണം ദൈവകോപത്തിന്റെ പ്രത്യക്ഷ പ്രതിഫലനമായി ഗണിച്ച സുറിയാനിക്കാർക്ക്, റോമാക്കാരോടുള്ള മത്സരത്തിൽ ഉത്സാഹം വർദ്ധിച്ചു" (ഫിലിപ്പ്, പു. 144.).

ഈ പ്രതിസന്ധിയിൽ മലങ്കര ക്രിസ്ത്യാനികൾ ജസ്വീത്ത് മേലധികാരികളോട് രോഷാകുലരാകുകയും അവരുമായുള്ള സഹവർത്തിത്വം വിച്ഛേദിക്കുന്നതിന് തയ്യാറെടുക്കുകയും ചെയ്തു. മാർ അഹത്തള്ളാ സംഭവം ഒരു സ്വതന്ത്ര സമുദായത്തിന്റെ സ്വാതന്ത്ര്യവിപ്ലവമായി മാറി. കൊച്ചിയിൽ സമ്മേളിച്ച ആയിരക്കണക്കിന് ക്രിസ്ത്യാനികൾ മട്ടാഞ്ചേരിപള്ളി മുമ്പാകെ സന്നിഹിതരായി അവിടെയുണ്ടായിരുന്ന ഒരു കൽക്കുരിശിൽ നാനാ ഭാഗങ്ങളിലേക്കും നീട്ടിയിരുന്ന ആലാത്തിൽ പിടിച്ചുകൊണ്ട് വിപ്ലവാത്മകമായ ഒരു സത്യം പ്രഖ്യാപിച്ചു: "സന്തതിയുള്ള കാലംവരെ തോമ്മാ ക്രിസ്ത്യാനികൾ റോമ്മാവിശ്വാസം സ്വീകരിക്കുകയോ മാർപാപ്പായുടെ അധികാരത്തിന് വിധേയരാകുകയോ ചെയ്യുകയില്ല." ഇട്ടിത്തൊമ്മൻ കത്തനാർ ചൊല്ലിക്കൊടുത്ത സത്യം ഏറ്റുപറഞ്ഞു എന്നാണ് ചരിത്രരേഖകൾ പറയുന്നത്. ഇപ്രകാരം ഒരു പടിയോല എഴുതിയെന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടു ലക്ഷം അംഗസംഖ്യ ഉണ്ടായിരുന്ന ക്രിസ്ത്യാനികളിൽ കേവലം നാനൂറ് പേർ ഒഴിച്ച് എല്ലാവരും ഈ നില സ്വീകരിച്ചു എന്നു ചരിത്രകാരന്മാർ പറയുന്നു. 1653 ജനുവരി മൂന്നാം തീയതിയായിരുന്നു ഈ സംഭവം എന്നു കണക്കാക്കപ്പെടുന്നു" (*വിജ്ഞാനകോശം*, പു. 252).

ഈ സംഭവം ലത്തീൻകാരോട് മാത്രമുള്ള പ്രതിഷേധ പ്രഖ്യാപനമായിരുന്നു എന്ന് പില്ക്കാല റോമൻ ചരിത്രകാരന്മാർ ഒരു ഞെട്ടലോടെ രേഖപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഉദയംപേരൂരിലെ വൻ വിജയത്തിന്റെ കണ്ണാടിമാളിക തകരുന്ന ചിത്രം അംഗീകരിക്കുവാനുള്ള ബോധമനസ്സിന്റെ വൈമനസ്യം ആയേ ഇതിനെ കാണാനാവൂ.

അഹത്തള്ളാ പാത്രിയർക്കീസിന്റെ കല്പനപ്രകാരവും ഭാരതത്തിലെ പുരാതന സമ്പ്രദായം അനുസരിച്ചും ആഗോള ക്രൈസ്തവ സഭകളിലെ ആദ്യ നൂറ്റാണ്ടിന്റെ ശൈലി അനുസരിച്ചും പന്ത്രണ്ട് വൈദികർ - പേറെ ദ്യൂത്തെ സ്ഥാനികൾ ആയിരിക്കാനാണ് സാധ്യത - ആലങ്ങാട് പള്ളിയിൽ 1653 മെയ് 22 ന് സമ്മേളിച്ച് തോമസ് അർക്കദിയാക്കോനെ മാർത്തോമ്മാ ഒന്നാമൻ എന്ന സ്ഥാനനാമത്തിൽ മെത്രാനായി വാഴിച്ചു. ഫാ. ഡോ. വി. സി. ശാമുവൽ എഴുതുന്നു: "പട്ടക്കാർ മാത്രം ചേർന്ന് മേൽപട്ടക്കാരെ വാഴിക്കുന്ന സംഭവങ്ങൾ ക്രൈസ്തവസഭയുടെ ആദിമ നൂറ്റാണ്ടുകളിൽ ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി, അന്ന് സഭയുടെ സുപ്രസിദ്ധ കേന്ദ്രമായിരുന്ന അലക്സാന്ത്രിയയിൽ ബിഷപ്പന്മാരെ വാഴിച്ചിരുന്നത് അവിടുത്തെ പട്ടക്കാരുടെ കൗൺസിൽ ആയിരുന്നുവെന്നതിനു അനിഷേധ്യമായ തെളിവ് നമുക്ക് ലഭ്യമാണ്. ബിഷപ്പന്മാരെ വാഴിക്കുന്നത് സംബന്ധിച്ചുള്ള നിയമം ആദ്യമായിട്ട് ആവിഷ്കരിച്ചത് 325-ൽ നടന്ന നിഖ്യാ സുന്നഹദോസ് ആയിരുന്നു. ആ സുന്നഹദോസിൽ പങ്കുകൊണ്ട അലക്സാന്ത്ര്യൻ സഭാദ്ധ്യക്ഷനായിരുന്ന അലക്സാണ്ടറിനെപ്പോലും എപ്പിസ്കോപ്പൽ സ്ഥാനത്ത് അവരോധിച്ചത് അവിടുത്തെ പട്ടക്കാരുടെ കൗൺസിൽ ആയിരുന്നു" (*സഭ വളരുന്നു*, പു. 143).

ഈ വെളിച്ചത്തിൽ നോക്കുമ്പോൾ മലങ്കരസഭയുടെ പൊതു നിശ്ചയമനുസരിച്ചും തെരഞ്ഞെടുപ്പനുസരിച്ചും മാർ ഇഗ്നാത്തിയോസ് അഹത്തള്ളായുടെ നിയോഗമനുസരിച്ചും ഒരു അനിവാര്യ പരിതഃസ്ഥിതിയിൽ പാരമ്പര്യാനുസരണമായി മലങ്കരസഭ നിർവഹിച്ച ഈ അതിമഹത്തായ കർമ്മം സാധുവും നിയമാനുസൃതവും മലങ്കരസഭയുടെ സ്വതഃസിദ്ധമായ സ്വാതന്ത്ര്യത്തിന്റെ ഒരു പ്രഖ്യാപനം കൂടിയും ആയിത്തീർന്നു.

പുതിയ മെത്രാന്റെ ഉപദേശകരായി ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ, കുറവിലങ്ങാട് പറമ്പിൽ ചാണ്ടി കത്തനാർ, വേങ്ങൂർ ഗീവറുഗ്ഗീസ് കത്തനാർ, കടുത്തുരുത്തി കടവിൽ ചാണ്ടി കത്തനാർ എന്നീ പ്രമുഖ വൈദികരെ മലങ്കരസഭ തെരഞ്ഞെടുത്തു നിയോഗിച്ചതോടെ അമ്പത്തിനാലു വർഷം നീണ്ടുനിന്ന റോമ്മൻ അധീശത്വത്തിന് വിരാമമായി; ഉദയംപേരൂരിൽ ആരംഭിച്ച മലങ്കരയിലെ ആദ്യ വിഭജനം ഇതോടെ പൂർത്തിയാവുകയും ചെയ്തു. പോർച്ചുഗീസ് കാലഘട്ടത്തിൽ 1498 മുതൽ 1653 വരെ കേരളത്തിൽ ക്രിസ്തുമതത്തിന് അഭൂതപൂർവ്വമായ വളർച്ച ഉണ്ടായി. നിലവിലിരുന്ന ജീർണ്ണിച്ച മത വ്യവസ്ഥകൾ അതിനു അനുകൂല കാലാവസ്ഥ പ്രദാനം ചെയ്തു. ആര്യാധിനിവേശം എ. ഡി. ആറാം നൂറ്റാണ്ടിൽ ആരംഭിച്ചു. ഒമ്പതാംനൂറ്റാണ്ട് ആയപ്പോഴേക്കും അതൊരു വൻ ശക്തി പ്രവാഹമാകുകയും ആ പ്രവാഹത്തിൽ ശൈവ - വൈഷ്ണവ - ബ്രാഹ്മണ പ്രസ്ഥാനങ്ങൾ ഭാഗികമായി ലയിക്കുകയും ചെയ്തു. ഇന്ത്യ

യിലാകെത്തന്നെ ഹിന്ദുമതം എന്ന മതം സംയുക്തമായി വളരുവാൻ 9-ാം നൂറ്റാണ്ടിൽ കേരളത്തിൽ ശങ്കരാചാര്യരുടെ നേതൃത്വത്തിൽ നടന്ന അദ്വൈത പ്രസ്ഥാനം നേതൃത്വം നൽകി. വർണ്ണാശ്രമ ധർമ്മങ്ങളിൽ മുഖ്യ മായും അധിഷ്ഠിതമായ ആ നവീന സംരംഭത്തിന് ദേശനാമം ലഭിച്ച തോടെ ആ മത സമന്വയശ്രമത്തിന് ഒരു ദേശീയ പരിവേഷം ലഭിച്ചു. ഭൂമി ക്ഷേത്രങ്ങൾക്ക് നൽകി അവയ്ക്ക് ദേവസ്വത്തിന്റെ പരിവേഷം നൽകു വാനും ദേവപരികർമ്മികൾ എന്ന നിലയിൽ ദേവസ്വഭൂമികൾ ബ്രഹ്മസ്വ മാകുവാനും ജന്മി സമ്പ്രദായം ആവിർഭവിച്ച് ശക്തിപ്പെടുവാനും ഇത് സഹായകമായി. വർണ്ണ വ്യവസ്ഥയെ അംഗീകരിക്കാത്ത മഹാഭൂരിപക്ഷ സമുദായങ്ങൾ അവർണ്ണരെന്ന് വിശേഷിപ്പിക്കപ്പെട്ട് മുഖ്യധാരയിൽ നിന്ന് ബഹിഷ്കൃതരായി. കേരളത്തിലെ നായർ വിഭാഗം ശൂദ്രരായി അംഗീക രിക്കപ്പെട്ടു. ആദ്യത്തെ മൂന്ന് വർണ്ണങ്ങൾക്കായിരുന്നു സ്ഥാനമാനങ്ങൾ അധികവും. ഈ വർണ്ണവിഭജനം അവർണ്ണ വർഗ്ഗങ്ങളെ മൃഗപ്രായരും ആദ്യത്തെ മൂന്ന് വർണ്ണക്കാരെ - ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ വിഭാഗ ങ്ങൾ അടങ്ങിയ ത്രൈവർണ്ണികരെ - ഭോഗപ്രിയരും ആക്കിത്തീർത്തു. ത്രൈവർണ്ണികർ സദാചാരത്തകർച്ചയിലേക്കും അവർണ്ണർ അപരിഷ്കൃ തത്വത്തിന്റെ അന്ധതയിലേക്കും കൂപ്പുകുത്തി വീണു. മദ്ധ്യശതകങ്ങൾ - പ്രധാനമായും പന്ത്രണ്ടു മുതലുള്ള നൂറ്റാണ്ടുകൾ - ഈ തകർച്ചയുടെ നൂറ്റാണ്ടുകൾ ആയിരുന്നു കേരളത്തിൽ.

ഈ കാലഘട്ടത്തിലാണ് ക്രിസ്തുമത സന്ദേശ പ്രചാരകരായ ഫ്രാൻ സിസ്ക്കൻ, ഡൊമിനിക്കൻ, ജസ്യൂട്ട്, കർമ്മലീത്താ പ്രസ്ഥാനങ്ങൾ കേര ളത്തിൽ പ്രവർത്തനമാരംഭിക്കുന്നത്. സാമൂഹ്യ അസമത്വങ്ങളെ നിഷേ ധിക്കുന്ന ക്രിസ്തുമതം അവർണ്ണർക്ക് രക്ഷാമാർഗ്ഗമായി. അവർണ്ണ വിഭാ ഗങ്ങൾ കൂട്ടംകൂട്ടമായി മതപരിവർത്തനം നടത്തി. ക്രമംകെട്ട ജീവിത ത്തോട് മടുപ്പുതോന്നിയ ത്രൈവർണ്ണികരിൽ നിന്നു പോലും പലരും ക്രിസ് തുമതം സ്വീകരിച്ചു. മതങ്ങളുടെ ഏകീകരണത്തിന് ശ്രമിച്ചിരുന്ന ധിഷ ണാശാലികൾക്ക് ഇത് തിരിച്ചടിയായി. ഈ പുതിയ ക്രിസ്ത്യാനികളെ കൂടി ഉൾക്കൊണ്ട ക്രിസ്ത്യൻ സമുദായം ഉദയംപേരൂർ സുന്നഹദോസി ലൂടെ കരുത്താർജ്ജിക്കുന്നതായി ഇതര മതപ്രസ്ഥാനങ്ങൾക്ക് ബോദ്ധ്യ മായി. ഭവനങ്ങളിൽ പ്രാർത്ഥന, നോമ്പ്, സദാചാരനിയമങ്ങൾ എന്നിവയും ദേവാലയങ്ങളിൽ കൂട്ടായ്മയും ആരാധനകളും മത പ്രബോധനവും ആയി ജീവിതത്തിന്റെ സമസ്ത ഭാവങ്ങളിലും ക്രിസ്തുമതം സന്നിഹിതമാ കുന്നത് സമകാല കേരളം ശ്രദ്ധിച്ചു. ഇത് കേരളത്തിലെ നവോത്ഥാന സംരംഭങ്ങൾ പിറവിയെടുക്കുവാൻ കാരണമായി. ചാക്യാർകൂത്ത്, കൂടി യാട്ടം തുടങ്ങിയ ദൃശ്യകലകൾ മുഖേന ക്ഷേത്രസന്നിധിയിൽ ഉത്സവ ങ്ങൾക്കും മറ്റും സമ്മേളിക്കുന്ന ആൾക്കൂട്ടത്തിനു മുമ്പിൽ അവതാരപുരു ഷന്മാരുടെ ജീവിതകഥകൾ അടിസ്ഥാനമാക്കി ജീവിതവിമർശവും നട

ത്തുവാൻ ത്രൈവർണ്ണികർ തന്നെ തയാറായി. ക്ഷേത്ര പ്രവേശനത്തിന് അർഹത ലഭിക്കാതിരുന്ന ശൂദ്രർ ഉൾപ്പെടെയുള്ള താഴ്ന്നവിഭാഗങ്ങൾ അവതാര പുരുഷന്മാരുടെ ജീവിതഗാഥകൾ പ്രാദേശിക ഭാഷയിൽ രചിച്ച് അവയെ ഭവനങ്ങളിൽ സ്തോത്രപ്രാർത്ഥനകളായി ഉരുവിടുന്ന സമ്പ്രദായം ആവിഷ്ക്കരിച്ചു. പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ ശക്തമായി ആരംഭിച്ച ഭക്തിപ്രസ്ഥാനത്തിന്റെയും കഥകളി, തുള്ളൽ തുടങ്ങിയ കലകളുടെയും ആവിർഭാവത്തിന്റെ പശ്ചാത്തലം ഇതാണ്. ചീരാമന്റെ രാമചരിതവും കണ്ണശന്മാർ എന്ന് വിശ്രുതരായ രാമപ്പണിക്കർ, ശങ്കരപ്പണിക്കർ, മാധവപ്പണിക്കർ എന്നീ നിരണം കവികളുടെ രാമായണ – ഭാരത, ഭാഗവത, ഭഗവത് ഗീതകളും തുടങ്ങിയ ശ്രമം വിജയിച്ചത് തുഞ്ചത്തെഴുത്തച്ഛനിലാണ്. ഭക്തിരസപ്രധാനമായ അദ്ദേഹത്തിന്റെ അദ്ധ്യാത്മ രാമായണം കിളിപ്പാട്ടും വീരരസപ്രധാനമായ ഭാരതം കിളിപ്പാട്ടും കേരളീയ ജീവിതത്തിൽ വൻ സ്വാധീനം ഉളവാക്കുവാൻ പര്യാപ്തമായി. വീടുകളിലും ക്ഷേത്രങ്ങളിലും രാമായണപാരായണവും പ്രബോധനങ്ങളും സംഘടിപ്പിക്കപ്പെട്ടു. ചാക്യാർകൂത്ത് ധാർമ്മിക അധഃപതനത്തെ അതിനിശിതമായി വിമർശിച്ചു. തുള്ളൽ ഈ വിമർശന പദ്ധതിയെ ജനകീയമാക്കി. ഇരുപതാം നൂറ്റാണ്ടിൽ പോലും ഈ സ്വാധീനങ്ങൾ തുടരുന്നു. ക്ഷേത്രപ്രവേശനം അനുവദിച്ചില്ലെങ്കിൽ തങ്ങളുടെ സമുദായം ഒട്ടാകെ ക്രിസ്തുമതം സ്വീകരിക്കുമെന്ന് ഈഴവ സമുദായം പ്രമേയം പാസ്സാക്കിയത് ക്ഷേത്രപ്രവേശനം സാദ്ധ്യമാക്കി. ഏക ഭാര്യാ – ഭർത്തൃ വ്യവസ്ഥ, വിവാഹത്തിന്റെ പരസ്യ സ്വഭാവവും ക്ഷേത്ര സാന്നിദ്ധ്യവും, മരുമക്കത്തായത്തിന്റെ അസ്തമയം, സംബന്ധ വിവാഹത്തിന്റെ നിഷേധം, സ്ത്രീ സമത്വത്തിന്റെ ചർച്ചകൾ എന്നിങ്ങനെ വിവിധ തലങ്ങളിൽ എന്തിന് ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളിൽപ്പോലും ഉദയംപേരൂർ സുന്നഹദോസിന്റെയും കൂനൻകുരിശ് വിപ്ലവത്തിന്റെയും സ്വാധീനം പ്രകടമാണ്.

## അദ്ധ്യായം 3

# പകലോമറ്റം മെത്രാന്മാർ

### A. ഒന്നാം മാർത്തോമ്മാ, മാർ ഗ്രീഗോറിയോസ്, രണ്ടാം മാർത്തോമ്മാ

കൂനൻകുരിശ് വിപ്ലവത്തിന്റെ മുന്നേറ്റത്തെ പ്രതിരോധിക്കുവാൻ ബിഷപ്പ് ഗാർസിയാ പോർച്ചുഗീസുകാരുടെയും നാട്ടുരാജാക്കന്മാരുടെയും സഹായം തേടി. ഗോവൻ അധികാരികൾ സന്ധിയാലോചനകൾക്കായി ആദ്യം ജോൺ റംഗേലിനെയും പിന്നീട് ജോൺ ഡിലിസ് ബോവായെയും അയച്ചു. ഇവ വിഫലമായപ്പോൾ മറ്റു രണ്ടു മാർഗ്ഗങ്ങൾ ബിഷപ്പ് ഗാർസിയാ അവലംബിച്ചു. ധനപുഷ്ടി ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്ന മാർഗ്ഗമാണ് അതിലൊന്ന്. അത് സഫലമായി. സമാന്തരമായി മറ്റൊരു മാർഗ്ഗവും പരീക്ഷിച്ചു. ഒന്നാം മാർത്തോമ്മായുടെ സ്ഥാനം അസാധുവാണെന്നും അദ്ദേഹം നടത്തുന്ന കൂദാശകൾ വ്യർത്ഥമാണെന്നും ഉള്ള വിപുലമായ പ്രചാരവേലയായിരുന്നു രണ്ടാം മാർഗ്ഗം. പ്രചരണകലാതന്ത്രജ്ഞരായ കത്തോലിക്കാ നേതൃത്വം സംഘടിതമായും ബോധപൂർവ്വമായും നടത്തിയ വിപുലമായ ഈ പ്രചാരവേലയും ഫലം കണ്ടു. മാർത്തോമ്മാ മെത്രാന്റെ നാലു ഉപദേശകരിൽ പ്രധാനിയായ പറമ്പിൽ ചാണ്ടിക്കത്തനാർ - മെത്രാന്റെ പിതൃസഹോദരപുത്രൻ - പോലും റോമ്മൻ ക്യാമ്പിൽ അഭയംതേടിയെങ്കിൽ സാധാരണക്കാരന്റെ കഥ പറയേണ്ടതുണ്ടോ? 1653-ൽ തന്നെ മാർത്തോമ്മാ, ഒരു പട്ടക്കാരൻ - പത്രോസ് കശ്ശീശാ - മുഖേന പ്രശ്നങ്ങൾ അലക്സാന്ത്രിയൻ സഭാദ്ധ്യക്ഷനെ അറിയിച്ചു. തന്റെ യാത്രാവിവരണ ഗ്രന്ഥത്തിൽ ഫാ. കുറിയാക്കോസ് O.I.C എഴുതുന്നു: "ഈഗുപ്തായ സഭാനേതാക്കളുമായി ഈ ചരിത്ര സംഭവങ്ങളെ പരാമർശിച്ച് കൊണ്ട് സംസാരിക്കവേ, അവരിൽ ഒരു ചരിത്രപണ്ഡിതൻ പുരാതനമായ ഒരറബി ഗ്രന്ഥം എടുത്തുകൊണ്ട് വരികയും..... 1653-ൽ ഇന്ത്യയിൽ നിന്നും പത്രോസ് എന്ന ഒരു വൈദികൻ അലക്സാന്ത്ര്യാ സിംഹാസനത്തിൽ സഹായാഭ്യർത്ഥനക്കായി വന്നുവെന്നും അലക്സാന്ത്ര്യാ സിംഹാസനത്തിൽ നിന്ന് ഇന്ത്യയിലേക്ക് ഒരു പ്രത്യേക മെത്രാനെ വാഴിച്ചു എന്നും ആ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്" (*ഒരു വിദേശയാത്രയും കുറെ ചിതറിയ ചിന്തകളും*, 1976, പു. 280).

1653-ൽ വാഴിക്കപ്പെട്ട ആ മെത്രാൻ കേരളത്തിലെത്തിയില്ല. ഇതിനിടയിൽ പ്രതിസന്ധിയെ നേരിടുവാൻ റോം ഏതാനും കർമ്മലീത്താ സന്യാസവൈദികരെ അയച്ചു. 1622 ൽ റോമ്മൻ നിയന്ത്രണത്തിൽ സ്ഥാപിതമായ ഡീ പ്രോപ്പഗൻഡാ ഫീഡെ (വിശ്വാസ പ്രചരണസഭ) യുടെ കീഴിലുള്ള

നവാഗതരെ ഹിയാസിന്ത്, ജോസഫ് സെബസ്റ്റ്യാനി എന്നീ വൈദികർ നയിച്ചു. പോർച്ചുഗീസ് അധികാരികളും കൊച്ചി രാജാവും ഈ നൂതന സംരംഭങ്ങൾക്ക് പിന്തുണ നല്കി. ഇവരുടെയെല്ലാം ബഹുമുഖ പ്രവർത്ത നങ്ങളുടെ ഫലമായി കൂനൻകുരിശ് പ്രതിജ്ഞയിൽ പങ്കുകൊണ്ട നിര വധി ഇടവകകൾ പകലോമറ്റം മെത്രാനെ കൈവെടിഞ്ഞ് ഗാർസിയാ ബിഷപ്പിന്റെ കുഞ്ഞാടുകളായി മാറി. 1659 സെപ്തംബർ 3 ന് ആർച്ച് ബിഷപ്പ് ഗാർസിയാ നിര്യാതനായി. കൊച്ചി, വടക്കുംകൂർ രാജാക്കന്മാരുടെ ഭരണസീമയിൽ മാർത്തോമ്മാ മെത്രാൻ പ്രവേശിച്ചുകൂടെന്ന് അതത് രാജാ ക്കന്മാർ നിരോധനാജ്ഞ പുറപ്പെടുവിച്ചു.

മലങ്കരയുടെ ആർച്ച്ബിഷപ്പായി 1659 ഡിസംബറിൽ വാഴിക്കപ്പെട്ട ജോസഫ് സെബസ്ത്യാനി 1661 മെയ് 14 ന് കൊച്ചിയിലെത്തി. മാർ ത്തോമ്മാ 'ചുമ്മാ മെത്രാൻ' ആണെന്ന പ്രചരണം ഇതോടെ ശക്തമായി. പറമ്പിൽ ചാണ്ടിക്കത്തനാരെ അനുഗമിച്ച് കടവിൽ ചാണ്ടി കത്തനാരും വേങ്ങൂർ ഗീവറുഗ്ഗീസ് കത്തനാരും കത്തോലിക്കാ ക്യാമ്പുകളിലെത്തി. വാസ്തവത്തിൽ മാർത്തോമ്മാ ഒന്നാമൻ 'ചുമ്മാ മെത്രാൻ' ആയിരു ന്നുവോ എന്ന പ്രശ്നം ജെയിംസ് ഹൗ അദ്ദേഹത്തിന്റെ സഭാ ചരിത്ര ത്തിൽ ചർച്ച ചെയ്തിട്ടുണ്ട്: ".... ancient Canon of the Syrian Churches sanctioned such an action in case of necessity and that it was not without precedent in their churches, as instances of such a consecration having, it is said, occurred in the churches of Alexandria in the 10th century" (p. 306). ബിഷപ്പ് ദേവാനന്ദ് ഇക്കാര്യത്തിൽ നൽകുന്ന വിശദീകരണം ഇപ്രകാര മാണ്: അത്യാവശ്യം നേരിട്ടാൽ കീഴ്പുരോഹിതസ്ഥാനികൾക്ക് ബിഷ പ്പിനെ വാഴിക്കാമോ? എന്റെ മറുപടി ഇതാണ്: അപ്പോസ്തോലിക സഭ യുടെ ക്രമീകരണമെന്ന നിലയിൽ പട്ടം കൊടുക്കുന്നത് ബിഷപ്പുമാരാണ്. വ്യവസ്ഥാപിത സഭയിൽ ഒരു പ്രസ്ബിറ്റർ പട്ടം കൊടുത്താൽ അത് നിയ മാനുസരണമല്ലെന്ന് മാത്രമല്ല, വ്യർത്ഥവും അസാധുവും ആണ്... എന്നാൽ അസ്വസ്ഥമായ ഒരു സഭയിൽ ബിഷപ്പുമാരെല്ലാം വേദവിപരീതികളോ വിഗ്രഹാരാധികളോ ആവുകയോ ഓർത്തഡോക്സ് വിശ്വാസമുള്ള വൈദി കരെ പട്ടം കെട്ടുവാൻ വിസമ്മതിക്കുകയോ ചെയ്താൽ.... സഭ നശിക്കാ തിരിക്കുവാൻ പ്രസ്ബിറ്റർമാരെ വാഴിക്കുക അത്യന്താപേക്ഷിതമാണെന്ന് പ്രസ്ബിറ്റർമാർക്ക് ബോധ്യപ്പെടുകയും ചെയ്താൽ അത് വ്യർത്ഥവും അസാധുവും ആണെന്ന് പ്രഖ്യാപിക്കുവാൻ മാത്രം സാഹസം ഞാൻ കാട്ടിക്കൂടാ" (അതേ പുസ്തകം, പു. 307).

കാര്യങ്ങൾ ഇങ്ങനെയെല്ലാം ആണെങ്കിലും ഭരണാധികാരികളും ബഹു ഭൂരിഭാഗം ജനങ്ങളും റോമ്മൻ പ്രചരണം സ്വീകരിച്ചു. മെത്രാനും വിശ്വസ്ത അനുയായിയായ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരും ആപത്തു

കളാൽ വലയം ചെയ്യപ്പെട്ടു. അവർക്ക് കുറേക്കാലം ഒളിച്ചു പാർക്കേണ്ടി വന്നു. അദ്ദേഹത്തെ പിടിച്ചു കൊടുക്കുവാൻ കൊച്ചിരാജാവ് മുളന്തുരുത്തി, കണ്ടനാട്ട് പള്ളിക്കാരെ ചുമതലപ്പെടുത്തി. മെത്രാൻ ഒരു പള്ളിയിൽ അഭയം പ്രാപിച്ചിരിക്കുന്നുവെന്ന് ഒരു ശ്രുതി പുറപ്പെട്ട മാത്രയിൽ പ്രസ്തുത പള്ളിയുടെ ചുറ്റും കൊച്ചിയിലെ ഒരു രാജകുമാരൻ കാവൽ നിർത്തി. ഉടൻ തന്നെ ആയുധപാണികളായ ഭടന്മാരോടു കൂടി ആർച്ച്ബിഷപ്പ് കുമാരന്റെ സഹായത്തിനെത്തി. ഒടുവിൽ മാർത്തോമ്മായെയും വിശ്വസ്ത സ്നേഹിതനും ഉപദേഷ്ടാവുമായിരുന്ന ഇട്ടിത്തൊമ്മൻ കത്തനാരെയും പിടികൂടി അവരെ പോർച്ചുഗീസുകാരെ ഏല്പിക്കുവാൻ കൊച്ചിരാജാവിന്റെ വക ഒരു കൊട്ടാരത്തിൽ ബന്ധനസ്ഥരായി പാർപ്പിച്ചു. തടവുകാരനായ മെത്രാനെയും ഉപദേഷ്ടാവിനെയും സന്ദർശിക്കുന്നതിനും അവസാന യാത്ര പറയുന്നതിനുമായി മുളന്തുരുത്തിക്കാരായ രണ്ട് വൃദ്ധ അത്മായക്കാർ ഭാഗ്യവശാൽ അവിടെ വരികയുണ്ടായി. തടവിൽ വസിച്ചിരുന്ന മഹാപുരുഷന്മാരെ സ്വതന്ത്രരാക്കുന്നതിന് വേണ്ടി ജീവനെപ്പോലും ത്യജിക്കുന്നതിന് അവർ സന്നദ്ധത കാണിച്ചു. അതിനാൽ കുശാഗ്രബുദ്ധിയായ ഇട്ടിത്തൊമ്മൻ കത്തനാരുടെ അഭിപ്രായമനുസരിച്ച് അവർ പരസ്പരം വേഷം മാറി. അത്മായക്കാർ ഇരുവരും മെത്രാന്റെയും കത്തനാരുടെയും വേഷം ധരിച്ച് അവിടെ താമസിക്കുകയും സാക്ഷാൽ മെത്രാനും കത്തനാരും അത്മായ വേഷധാരികളായി, ഹിന്ദുക്കളായ കാവൽക്കാർക്ക് അത് മനസ്സിലാവാതെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്തു. സ്വല്പദിവസങ്ങൾക്കു ശേഷം വേഷപ്രച്ഛന്നരായ അത്മായക്കാർ പോർച്ചുഗീസ് ഗവർണറുടെ പക്കൽ ഏല്പിക്കപ്പെട്ടു. കബളിപ്പിക്കപ്പെട്ടു എന്ന വസ്തുത ഗ്രഹിച്ച ഗവർണർ അവരെ കഠിനമായി താഡിച്ച് സ്വഭവനങ്ങളിലേക്കയച്ചു. ബന്ധനവിമുക്തരായ ഉടൻ തന്നെ മാർത്തോമ്മായും ഇട്ടിത്തൊമ്മൻ കത്തനാരും പോർച്ചുഗീസുകാരുടെ സ്വേച്ഛാധികാരപ്രവണതയെയും ജോസഫ് മെത്രാന്റെ കുതന്ത്രങ്ങളെയും ഭയന്ന് ഉൾനാടുകളിലെ മലമ്പ്രദേശങ്ങളിൽ അഭയം പ്രാപിച്ചു. ശത്രുക്കളുടെ അപ്രതീക്ഷിതമായ സ്വാതന്ത്ര്യപ്രാപ്തിയിൽ വൈരാഗ്യം വർദ്ധിച്ച ജോസഫ് മെത്രാൻ മുളന്തുരുത്തിയിൽ വന്ന് മാർത്തോമ്മായുടെ സകല സ്വത്തുക്കളും കൈവശപ്പെടുത്തി. അവയിൽ ചില ആഭരണങ്ങൾ അദ്ദേഹം സ്നേഹിതനായ കൊച്ചിരാജാവിന് സമ്മാനിക്കുകയും പുസ്തകങ്ങൾ, വി. തൈലം, കുപ്പായങ്ങൾ, പല്ലക്ക് മുതലായവ അഗ്നിക്കിരയാക്കുകയും ചെയ്തു. ഇവയെ ദഹിപ്പിച്ച അവസരത്തിൽ അതേ വിധത്തിൽത്തന്നെ മാർത്തോമ്മായുടെ ശരീരത്തോട് പ്രവർത്തിക്കുന്നതിന് സാധിച്ചില്ലല്ലോ എന്ന് അദ്ദേഹം ക്ലേശിച്ചതായി പറയപ്പെടുന്നു. “മെത്രാനിരുന്ന തണ്ടോട് ഇത്ര എങ്കിൽ മെത്രാനെ കണ്ടാലെത്ര” എന്ന പഴമൊഴിയുടെ ഉത്ഭവകാരണം ഈ സംഭവമാണ് (ഇ. എം. ഫിലിപ്പ്, പു. 148–150).

ഒളിവിടങ്ങൾ മാറിക്കൊണ്ടേയിരുന്ന മാർത്തോമ്മാ മെത്രാനും അനുചരനും ഒടുവിൽ പാലൂർ ചാട്ടുകുളങ്ങര ഇടവകയിൽ (ഇന്നത്തെ ആർത്താറ്റ്) അഭയം പ്രാപിച്ചു. ആർച്ച്ബിഷപ്പ് മെനേസിസിനെ ആർത്താട്ടിയിറക്കിയ ആ മാർത്തോമ്മാ പൈതൃകമുള്ള ഇടവകയുടെ സമീപപ്രദേശങ്ങളിൽ അക്കാലത്തു കത്തോലിക്കാ സ്പർശം അശേഷവും ഇല്ലായിരുന്നു. അക്കാലങ്ങളിൽ സാമൂതിരിയുടെ ഭരണത്തിലായിരുന്ന പാലൂർ പ്രദേശം കൊച്ചി രാജാവിന് കൈയെത്താത്ത ദൂരത്തിലായിരുന്നു. സാമൂതിരിയുടെ സാമന്തന്മാരെന്നനിലയിൽ തലപ്പള്ളി രാജാക്കന്മാരിൽ പ്രബലനായ പുന്നത്തൂർ രാജാവിന്റെ സംരക്ഷണം പാലൂർ ക്രിസ്ത്യാനികൾക്ക് ലഭിച്ചിരുന്നു. പറങ്കികളോട് പുറംതിരിഞ്ഞു നില്ക്കുവാൻ പാലൂർ - ചാട്ടുകുളങ്ങര നസ്രാണികളെ ധൈര്യപ്പെടുത്തിയത് ഈ സാഹചര്യമായിരുന്നു. പൊന്നാനി തുറമുഖത്തിന്റെ പ്രാധാന്യം കൊടുങ്ങല്ലൂർ, കൊല്ലം, കൊച്ചി എന്നിവിടങ്ങളിലേക്കായി ധ്രുവീകരിക്കപ്പെട്ടുവെങ്കിലും ചാട്ടുകുളങ്ങര, ആലത്തൂർ, ചെമ്മണ്ണൂർ തുടങ്ങിയ കമ്പോളങ്ങളിലെ വ്യാപാരവുമായി ബന്ധപ്പെട്ട് വിദേശികൾ പൊന്നാനി തുറമുഖം മുഖേന ക്രിസ്ത്യാനികളുടെ തുറമുഖമായ ചാവക്കാട് ഉപതുറമുഖത്ത് വിദേശവാണിജ്യം ലഘുവായ തോതിൽ നടത്തിയിരുന്നു. 1789 ലെ ടിപ്പുവിന്റെ ആക്രമണം മൂലം ഈ കമ്പോളങ്ങൾ നശിപ്പിക്കപ്പെടുന്നതുവരെയും വ്യാപാരികളായി അർമ്മീനിയ, ബെസ്രാ തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് വിദേശികൾ ഈ പ്രദേശം സന്ദർശിച്ചിരുന്നു. ഇവർ മുഖേന ഒരു മെത്രാന് വേണ്ടി മാർത്തോമ്മാ മെത്രാൻ അർമ്മീനിയ, അലക്സാന്ത്രിയാ സഭാകേന്ദ്രങ്ങളിലേക്ക് സഹായാഭ്യർത്ഥനയുമായി കത്തുകളയച്ചു. മുമ്പ് പലപ്പോഴുമെന്നപോലെ അർമ്മീനിയൻ കാതോലിക്കാ മലങ്കരസഭയെ സഹായിക്കുവാൻ സന്നദ്ധനായി.

ഇതിനിടയിൽ 1663-ൽ പോർച്ചുഗീസുകാരിൽ നിന്ന് കൊച്ചിക്കോട്ട ഡച്ചുകാർ പിടിച്ചെടുത്തു. സുറിയാനിക്കാരുടെ നിലവിളി ദൈവം കേട്ടു. ഒന്നര നൂറ്റാണ്ടോളമായി മലങ്കരസഭയെ അക്ഷരാർത്ഥത്തിൽ വേട്ടയാടിക്കൊണ്ടിരുന്ന പോർച്ചുഗീസുകാരുടെ അധികാരം കേരളത്തിൽ അതോടെ അസ്തമിച്ചു. ജസ്വീത്ത്, കർമ്മലീത്താ മിഷണറിമാരോടൊപ്പം ജോസഫ് സെബസ്ത്യാനി മെത്രാനും ഡച്ച് ഉത്തരവനുസരിച്ച് ഇന്ത്യ വിടുവാൻ നിർബ്ബദ്ധനായി. ഗത്യന്തരമില്ലാതെ വന്നപ്പോൾ പറമ്പിൽ ചാണ്ടിക്കത്തനാരെ പിൻഗാമിയായി വാഴിച്ച് - ഇദ്ദേഹം ആർച്ച്ബിഷപ്പ് അലക്സാണ്ടർ ഡി കാമ്പോ എന്നറിയപ്പെടുന്നു - ബിഷപ്പ് ജോസഫ് സെബസ്ത്യാനി കേരളം വിട്ടു. ഈ അനുകൂല പരിതഃസ്ഥിതിയിൽ മാർത്തോമ്മാ മെത്രാൻ സ്വന്തം ആസ്ഥാനമായിരുന്ന അങ്കമാലിയിലെത്തി. പത്തുകൊല്ലം കൊണ്ട് സഭയിൽ വന്ന മാറ്റങ്ങൾ ആ പകലോമറ്റം മെത്രാനെ ഭയസംഭ്രമങ്ങൾക്കധീനനാക്കി. കൂദാശകളുടെ സാധുത്വത്തിന് ഉയർന്ന പരിഗണന എല്ലാക്കാലത്തും നൽകിവന്ന മലങ്കരസഭ തന്റെ കൈവെപ്പിന്റെ പേരിലുള്ള ചൂഷ

ണംമൂലം എത്രവേഗം തനിമയെയും പൈതൃകത്തെയും വിസ്മരിച്ചു എന്ന് അദ്ദേഹം വ്യാകുലപ്പെട്ടു. ഉദയംപേരൂർ സുന്നഹദോസിന്റെ നിലപാടിൽ നില്ക്കുന്നവരെ പഴയകൂറ്റുകാർ എന്നും കൂനൻകുരിശ് വിപ്ലവത്തിൽ പങ്കു കൊണ്ടവരെ പുത്തൻകൂറ്റുകാർ എന്നും വിശേഷിപ്പിക്കുന്ന മറ്റൊരു സമര തന്ത്രവും കർമ്മലീത്തർ പ്രചരിപ്പിച്ചു. സാധാരണക്കാരുടെ ചരിത്രബോധ മില്ലാത്ത മനസ്സിൽ ഈ തന്ത്രം ഫലിക്കുകതന്നെ ചെയ്തു. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ പള്ളി സ്ഥാപിക്കുവാൻ സഭയുടെ പൊതു ഖജനാ വിലേക്ക് പോർച്ചുഗൽ - റോം വർഷിച്ച ധനശക്തി പ്രയോജനപ്പെട്ടു എന്നത് കൂടുതൽ ദേവാലയങ്ങൾ പുതുതായി ഉണ്ടാകുവാൻ സഹായക മായി. ദേവാലയ സ്ഥാപനത്തിലെന്നപോലെ വൈദികരുടെ ശമ്പളത്തി നും പണം ചെലവിടുന്നതുകൊണ്ട് മതജീവിതം ചെലവു കുറഞ്ഞതായി ത്തീർന്നു. റോമ്മൻ ക്യാമ്പുകളിലേയ്ക്ക് ആളുകളെ ആകർഷിക്കുവാൻ അതും കാരണമായി. പറമ്പിൽ ചാണ്ടി കത്തനാർ മെത്രാൻ സ്ഥാനത്തു പ്രവേശിച്ചതോടെ സ്വദേശീയനും പകലോമറ്റം കുടുംബാംഗവുമായ ഒരു മതാദ്ധ്യക്ഷൻ എന്ന നിലയിൽ കത്തോലിക്കാ മതം അന്യമല്ലെന്ന നില കൈവരിച്ചതും ആ സഭയുടെ വികസനത്തിന് അനുകൂലമായ ഘടകമാ യിത്തീർന്നു.

ഈ പരിതഃസ്ഥിതിയിലാണ് അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസ് പൊന്നാനി തുറമുഖത്ത് കപ്പലിറങ്ങിയത് (വടക്കൻപറവൂർ, മാർ ഗ്രീഗോ റിയോസ് സുവനിർ, ഫാ. റോയ് കൊച്ചാട്ട് എഴുതിയ ലേഖനം, പു. 10). അവിടെനിന്ന് ചാവക്കാട് ഉപ തുറമുഖത്തേക്കും പിന്നീട് 'നസ്രാണികളുടെ നഗരം' എന്ന് ഹൈദർ ആലിയും ടിപ്പു സുൽത്താനും ശക്തൻ തമ്പുരാനും ഫ്രാൻസിസ് ബുക്കാനനും വിശേഷിപ്പിച്ച തുറമുഖപട്ടണമായ പാലൂർ - ചാട്ടുകുളങ്ങര പള്ളിയിലേക്കും മെത്രാൻ സ്വീകരിക്കപ്പെട്ടു. 1665-ൽ വന്ന ഈ ഗ്രീഗോറിയോസും കൂടെയുണ്ടായിരുന്ന രണ്ട് സന്യാസ വൈദികരും കുന്നംകുളം നസ്രാണികളുടെ ഉടമസ്ഥതയിലായിരുന്ന ചാവക്കാട് തുറമു ഖത്തുനിന്ന് പറവൂരിലേക്കും അവിടെനിന്ന് ഒന്നാം മാർത്തോമ്മായുടെ ആസ്ഥാനമായ അങ്കമാലിയിലേക്കും അയക്കപ്പെട്ടു.

ഈ ഗ്രീഗോറിയോസ് യെരുശലേമിലെ അഞ്ചാം പാത്രിയർക്കീസ് (ഹൂദായകാനോൻ പ്രകാരം) ആണെന്നും ഇദ്ദേഹത്തെ മലങ്കരയിലേക്ക് നിയോഗിച്ചത് അന്ത്യോഖ്യാ പാത്രിയർക്കീസ് ആണെന്നും ഇദ്ദേഹത്തിന്റെ ആഗമനത്തോടു കൂടി അന്ത്യോഖ്യൻ ബന്ധം മലങ്കരയിൽ ആരംഭിച്ചു എന്നും ഏറ്റവും ഒടുവിൽ ചരിത്രമെഴുതിയ ഫാ. ഡോ. വി. സി. ശാമുവേൽ ഉൾപ്പെടെ എല്ലാ ചരിത്രകാരന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേട്ടുകേൾവിയല്ലാതെ പ്രമാണമൊന്നുമില്ല. 1991-ൽ വടക്കൻപറവൂർ പള്ളി യിൽ നിന്ന് പ്രസിദ്ധീകരിച്ച - ആ പള്ളിയിലാണ് മാർ ഗ്രീഗോറിയോസ്

കബറടങ്ങിയത് – മാർ ഗ്രീഗോറിയോസ് സുവനിറിൽ നിന്ന് വായിച്ച ചില വിവരങ്ങളെപ്പറ്റി നേരിട്ടന്വേഷിക്കുവാൻ ആ പള്ളിയിൽ ചെന്ന സമയത്ത് – 1991–ൽ – വികാരി ബഹു. മുളയിരിക്കൽ ഗീവറുഗീസ് കോറെപ്പിസ്കോപ്പായുമായുണ്ടായ സംഭാഷണത്തിൽ നിന്നും നേരിട്ടുള്ള വിശദ പരിശോധനയിൽ നിന്നും താഴെപ്പറയുന്ന കാര്യങ്ങൾ ഗ്രഹിക്കുവാൻ സാധിച്ചു.

1. പ. അബ്ദുൾ ജലീൽ ബാവായെ കബറടക്കിയിരുന്നത് മദ്ബഹായിലായിരുന്നു. ശീമയിൽ നിന്നും വന്ന ഏതോ ഒരു ബാവാ മദ്ബഹായിലെ കബർ പൊളിച്ചു കളഞ്ഞതിനാൽ ഭൗതികാവശിഷ്ടം മദ്ബഹായിൽ നിന്നെടുത്ത് ഹൈക്കലായിൽ വടക്കുഭാഗത്ത് സ്ഥാപിച്ചതിനെ തുടർന്ന് പണിയിച്ചതാണിന്ന് കാണുന്ന കബറിടം (കബർ പൊളിച്ച ശീമ ബാവാ ആരെന്ന് അദ്ദേഹത്തിന് അറിയില്ലത്രേ).

2. പഴയ കബർ മദ്ബഹായുടെ തെക്കേ ഭിത്തിയോട് ചേർന്നായിരുന്നു. അവിടെ തെക്കേ ഭിത്തിയിൽ അദ്ദേഹത്തിന്റേത് എന്ന് പറയപ്പെട്ടുവന്ന ഒരു ഛായാചിത്രം ഉണ്ടായിരുന്നു പോൽ. മുഖച്ഛായയും വേഷവിധാനങ്ങളും തിരിച്ചറിയാനാവാത്തവിധം അവ്യക്തമായതിനാൽ അദ്ദേഹം അന്ത്യോഖ്യൻ പിതാവാണെന്ന ധാരണയിൽ അന്ത്യോഖ്യൻ വേഷവിധാനങ്ങൾ അണിഞ്ഞ രൂപത്തിൽ വരച്ചെടുത്ത ഭാവനാചിത്രമാണ് അദ്ദേഹത്തിന്റേതായി പ്രചരിപ്പിച്ചിട്ടുള്ളത്. ആ ചിത്രത്തിന്റെ പിറവിക്ക് കാൽനൂറ്റാണ്ടിലേറെ പഴക്കമില്ല.

3. ജലീൽ ബാവാ  ഉപയോഗിച്ചതെന്ന് അസന്ദിഗ്ദ്ധമായി തെളിവുള്ള യാതൊരു രേഖയും (കല്പനകൾ, പുസ്തകങ്ങൾ) വടക്കൻപറവൂർ പള്ളിയിലില്ല. 'പ. പിതാവ് മലങ്കരയിലേക്ക് എഴുന്നള്ളി വന്നപ്പോൾ കൊണ്ടുവന്നതായ സുറിയാനിഗ്രന്ഥങ്ങൾ ഇന്നും പള്ളി സൂക്ഷിപ്പിൽ ഇരിക്കുന്നു' എന്ന് സുവനിറിൽ കണ്ടതുകൊണ്ട് ബഹു. വികാരിയച്ചന്റെ അനുവാദത്തോടെ മദ്ബഹായുടെ കിഴക്കേ ഭിത്തിയോട് ചേർന്ന അലമാരിയിൽ – പ്രസ്തുത പുസ്തകങ്ങൾ ആ അലമാരയിലുണ്ടെന്നാണ് അധികൃതർ പറഞ്ഞത് – സൂക്ഷിച്ച എല്ലാ സുറിയാനി ഗ്രന്ഥങ്ങളും ഈ ഗ്രന്ഥകാരൻ സൂക്ഷ്മമായി പരിശോധിച്ചു. മാർ ഗ്രീഗോറിയോസുമായി ബന്ധപ്പെട്ട യാതൊരു രേഖയും അതിലില്ല എന്ന് ബോദ്ധ്യപ്പെട്ടു.

4. ഇന്ന് കാണുംവിധം ബാവായുടെ ഓർമ്മപ്പെരുന്നാൾ എല്ലാ മാസവും 27–ന് ആഘോഷിക്കുവാൻ തുടങ്ങിയത് 1983 നവംബർ മുതലാണ്. അതിന് മുമ്പ് ആണ്ടിലൊരിക്കലേ പെരുന്നാൾ ആഘോഷിച്ചിരുന്നുള്ളൂ.

ഈ പശ്ചാത്തലത്തിൽ 1990 കളിൽ യുണൈറ്റഡ് ബോർഡ് ഓഫ് ക്രിസ്ത്യൻ ഹയർ എഡ്യുക്കേഷൻ ഇൻ ഏഷ്യ (UBCHEA) യുടെ റിസർച്ച് സ്കോളർഷിപ്പിന്റെ സഹായത്തോടെ ഈ ഗ്രന്ഥകാരൻ പകലോമറ്റം

മെത്രാന്മാരുടെ കാലഘട്ടത്തിലെ മലങ്കരസഭയെപ്പറ്റി നടത്തിയ വിപുലമായ അന്വേഷണം ഇക്കാര്യത്തിൽ നൽകിയ അറിവുകൾ ഇവയാണ്. മൂന്ന് രേഖകളാണ് മാർ ഗ്രീഗോറിയോസിന്റേതായി കണ്ടെടുക്കുവാൻ കഴിഞ്ഞത്.

1. അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസിന്റെ അറബി ഗാർസൂനിയിലെഴുതിയ സുസ്താത്തിക്കോൻ.

2. അബ്ദുൽ ജലീൽ ബാവാ കൊണ്ടുവന്ന കുർബ്ബാന തക്സാ.

3. അദ്ദേഹം എഴുതിയ സുദീർഘമായ ഒരു കല്പനയുടെ കൈയെഴുത്ത് പകർപ്പ് (കൽദായ സുറിയാനിയിൽ).

തൊഴിയൂർ ആർക്കൈവ്സിൽ നിന്ന് കണ്ടെടുക്കപ്പെട്ട സുസ്താത്തിക്കോന്റെ ആദ്യഭാഗവും അന്ത്യഭാഗവും ജീർണ്ണിച്ച നിലയിലാണ് കണ്ടെത്തിയത്. തന്മൂലം സ്ഥാനം നൽകിയ ആൾ, സ്ഥലം, തീയതി എന്നിവയൊന്നും ലഭ്യമല്ല. സുസ്താത്തിക്കോനിൽ അദ്ദേഹത്തെ ഊർശ്ലേമിന്റെ മെത്രാപ്പോലീത്താ എന്നാണ് പല ഭാഗത്തും വിവരിച്ചിട്ടുള്ളത്. ഹൂദായ കാനോൻ വിശദീകരിക്കുംപ്രകാരം അഞ്ചാം പാത്രിയർക്കീസ്, ബഹുമതിയിൽ പാത്രിയർക്കീസും നൽവരത്തിൽ എപ്പിസ്കോപ്പായും ഭരണപരമായി കൈസര്യായിലെ മെത്രാപ്പോലീത്തായ്ക്ക് വിധേയനുമാണ്; അദ്ദേഹം മെത്രാപ്പോലീത്താ അല്ല. എന്നാൽ അബ്ദുൽ ജലീൽ ഗ്രീഗോറിയോസിനെ അദ്ദേഹത്തിന്റെ നിയമനപത്രമായ സുസ്താത്തിക്കോനിൽ മെത്രാപ്പോലീത്താ എന്ന സ്ഥാനനാമം നൽകിയാണ് വിശേഷിപ്പിച്ചിട്ടുള്ളത്. തന്മൂലം അദ്ദേഹത്തിന് സിറിയൻ സഭയുമായോ അതിന്റെ അദ്ധ്യക്ഷനുമായോ ബന്ധമില്ല എന്നത് തീർച്ചയാണ്.

അദ്ദേഹം ഉപയോഗിച്ച കുർബ്ബാനതക്സാ 1660-ൽ റോമ്മിൽ അച്ചടിച്ചതുമാണ്. ഓരോ പേജിലുമുള്ള രണ്ടു കോളങ്ങളിൽ ഒന്നിൽ അറബി ഗാർസൂനിയിലും ഒന്നിൽ പാശ്ചാത്യ സുറിയാനിയിലുമാണ് പ്രാർത്ഥനകൾ എഴുതിയിട്ടുള്ളത് (പാമ്പാക്കുട തക്സായിൽ ഒരു കോളത്തിൽ സുറിയാനിയും ഒരു കോളത്തിൽ മലയാളവും എന്ന പോലെ). മാർ ഗ്രീഗോറിയോസ് പൊന്നാനിയിൽ കപ്പലിറങ്ങി തുറമുഖ നഗരമായ പാലൂർ - ചാട്ടുകുളങ്ങര പള്ളിയിൽ ആദ്യമായി വി. കുർബ്ബാന അർപ്പിച്ചപ്പോൾ ആരാധനയുടെ അപരിചിതത്വം മൂലം ജനങ്ങൾ പിറുപിറുത്തതായി എൽ. ഡബ്ല്യു. ബ്രൗൺ അദ്ദേഹത്തിന്റെ സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇവിടെ ഓർക്കാവുന്നതാണ്. മാർ ഗ്രീഗോറിയോസിന്റെ തക്സായിലെ വിശ്വാസപ്രമാണത്തിലെ ഒരു വാക്യം ശ്രദ്ധേയമാണ്. “ഹാവ് ദ് മേത്തൂലോസാൻ ബനായ്നോശോ ന്ഹെസ് മെൻ ശ്മായോ വെസ്ഗാശാം മെൻ റൂഹോകാദീശോ ഉമെൻ മറിയാം ബ്സുൽത്തോ വഹവോ ബർനോശോ....

മറിയാമ്മിനെ 'കന്യകം മറിയാം' എന്നല്ലാതെ 'ദൈവമാതാവായ' എന്ന വിശേഷണവാക്യം ഇതിൽ കാണുന്നില്ല (ഇത് വിശ്വാസപ്രമാണത്തിന്റെ നെസ്തോറിയാ ചായ്വിനെയല്ലേ സൂചിപ്പിക്കുന്നത്?) വിശ്വാസപ്രമാണ ത്തിന്റെ അന്ത്യഭാഗത്ത് റൂഹായുടെ പുറപ്പാടിനെ 'ഹവ് ദ് മെൻ ആബോ വബ്റോ നോഫെക് എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. പിതാവിൽ നിന്നും പുത്രനിൽ നിന്നും റൂഹാ പുറപ്പെടുന്നു എന്നത് കത്തോലിക്കാ വിശ്വാസ പ്രമാണത്തിന്റെ ശൈലിയാണ്. ഈ തക്സാ മാർ ഗ്രീഗോറിയോസിന്റെ കല്ദായ - കത്തോലിക്കാ പശ്ചാത്തലം വിശദമാക്കുന്നു.

1668 കുംഭം 5-ാം തീയതി പറവൂർ, മുളന്തുരുത്തി, കണ്ടനാട് എന്നീ പള്ളികളിലെ പട്ടക്കാർക്ക് മാർ ഗ്രീഗോറിയോസ് അയച്ച സുദീർഘമായ കല്പനയാണ് തൊഴിയൂർ ആർക്കൈവ്സിൽ നിന്ന് കണ്ടെടുത്ത മൂന്നാമ ത്തെ രേഖ. ഈ കല്പനയുടെ പകർപ്പ് ഇ. എം. ഫിലിപ്പ് കാണുകയും സുദീർഘമായി വിവർത്തനം ചെയ്തു ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ അദ്ദേഹം പറയുന്നു: '... വീണ്ടും നമ്മുടെ പ്രാർത്ഥനാ പുസ്തക ത്തിൽ വ്യാഴാഴ്ച ദിവസത്തെ സന്ധ്യാ പ്രാർത്ഥനയിൽ രക്തസാക്ഷിക്കാ രെക്കുറിച്ച് പറയുന്നിടത്ത് 'ഞങ്ങൾ അവനെയോ അവന്റെ പുത്രനെയോ ഉപേക്ഷിക്കുന്നില്ല. ഞങ്ങൾ അബ്രഹാമിന്റെ വംശക്കാരും ഇസഹാക്കിന്റെ അവകാശികളുമാകുന്നു. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവത്തെ പ്രതി ഞങ്ങൾ മരിക്കുകയും നിത്യജീവന് അവകാശികളായിത്തീരുകയും ചെ യ്യുന്നു എന്ന് രക്തസാക്ഷികൾ പറയുന്നതായി എഴുതിയിരിക്കുന്നു."

ഇപ്രകാരമൊരു പ്രാർത്ഥന സിറിയൻ സഭയുടെ കാനോനാ (ശ്ഹീമ്മാ) നമസ്കാരത്തിൽ കാണുന്നില്ല. തന്മൂലം മാർ ഗ്രീഗോറിയോസിന് സിറിയൻ സഭയുമായി ബന്ധമില്ല എന്നത് തീർച്ച തന്നെ.

1685-ൽ ഇരുപത് വർഷങ്ങൾക്ക് ശേഷം മലങ്കരയിലെത്തിയ മാർ ഈവാനിയോസ് പുളിപ്പില്ലാത്ത അപ്പം വി. കുർബ്ബാനയ്ക്കുപയോഗിക്കുന്ന മലങ്കരസഭയിലെ പതിവിനെ ഒരു കല്പന മൂലം ശാസിച്ച് തിരുത്തുന്നു ണ്ട്. അതിന്റെ അർത്ഥം ലത്തീൻ പാരമ്പര്യപ്രകാരം ആർച്ച്ബിഷപ്പ്, പുളി പ്പില്ലാത്ത അപ്പം കുർബ്ബാനയിലുപയോഗിക്കണമെന്ന് പ്രചരിപ്പിച്ചത് മാർ ഗ്രീഗോറിയോസ് തിരുത്തിയില്ല എന്നാണല്ലോ. പുളിപ്പില്ലാത്ത അപ്പം വി. കുർബ്ബാനയിലുപയോഗിക്കുന്ന പാരമ്പര്യമാണ് അബ്ദുൽ ജലീൽ ഗ്രീഗോ റിയോസിനുണ്ടായിരുന്നതെന്ന് ഇത് തെളിയിക്കുന്നില്ലേ?

അന്ത്യോഖ്യൻ ബന്ധം ആരംഭിക്കുന്നതിന് മുമ്പ് മലങ്കരസഭ ഉപയോ ഗിച്ചിരുന്ന മെത്രാൻ ചമയങ്ങൾ ഇന്നത്തേതിൽ നിന്നും വ്യത്യസ്തമാണ്. തൊഴിയൂർ സഭയും മാർത്തോമ്മാ സഭയും ആ ചമയങ്ങളാണ് ഇന്നും ഔദ്യോഗികവേഷമായി ഉപയോഗിക്കുന്നത്. മുതലവായൻ കിരീടവും സൂർ

പ്ലീസും ഒക്കെ ആയിരുന്നു ആ വേഷം. സാധാരണ ഉപയോഗിക്കുക പതിവില്ലെങ്കിലും മലങ്കര മെത്രാപ്പോലീത്താ ചിലപ്പോഴെല്ലാം ആ പഴയ ഔദ്യോഗിക വസ്ത്രങ്ങൾ അണിയാറുണ്ട് (പാലക്കുന്നത്ത് വലിയ മെത്രാച്ചൻ വരെ ഈ ഔദ്യോഗിക സ്ഥാനചിഹ്നങ്ങളാണ് മലങ്കര മെത്രാന്മാർ ഉപയോഗിച്ചിരുന്നത്). ഈ ചമയങ്ങൾ അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസിൽ നിന്നാണ് മലങ്കരസഭ അനുകരിച്ചത്. അന്ത്യോഖ്യൻ ചമയങ്ങളിൽ നിന്ന് വ്യത്യസ്തമായ ഈ മെത്രാൻ ചമയങ്ങൾ, മാർ ഗ്രീഗോറിയോസിന് സിറിയൻ സഭയുമായി ഒരു ബന്ധവുമില്ല എന്ന് വ്യക്തമാക്കുന്നു. മാർ ഗ്രീഗോറിയോസിന്റെ റോമ്മൻ ബന്ധത്തെപ്പറ്റി ഒന്നാം മാർത്തോമ്മാ തന്നെ പ്രസ്താവിച്ചിട്ടുണ്ട് (ഫാ. വി. സി. ശമുവേൽ, പു. 158).

മേൽക്കൊടുത്ത ചർച്ചയിൽ ഈ ഗ്രന്ഥകാരൻ അനുമാനിക്കുന്നത് അബ്ദുൾ ജലീൽ മാർ ഗ്രീഗോറിയോസ് ലത്തീൻ സഭയോട് സഹകരിച്ച് പ്രവർത്തിച്ചുപോന്ന അർമ്മീനിയൻ സഭയിലെ സിസ് കാതോലിക്കായുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഊർശ്ലേം മെത്രാപ്പോലീത്താ ആയിരിക്കണം എന്നാണ്. സിസിലെ കാതോലിക്കായ്ക്ക് സമാന്തരമായി പ്രവർത്തിക്കുന്ന എച്ച്മിയാഡ്സെനിലെ കാതോലിക്കായുടെ കീഴിലുള്ള ഊർശ്ലേം പാത്രിയർക്കീസിന്റെ സമാന്തര സ്ഥാനിയെന്ന് ഇദ്ദേഹം അവകാശപ്പെട്ടിരുന്നതിനാലാവാം പാത്രിയർക്കീസ് എന്ന പദം, അദ്ദേഹത്തിന്റേതെന്ന് സംശയരഹിതമായി തെളിയിക്കപ്പെട്ടിട്ടുള്ള സുസ്താത്തിക്കോനിൽ കാണാത്തതും അദ്ദേഹത്തിന്റെ കല്പനയിൽ പ്രത്യക്ഷപ്പെടുന്നതും. അന്യ സഭാപാരമ്പര്യത്തിൽപ്പെട്ട ഒരു മേല്പട്ടക്കാരന്റെ കബറിടം വി. മദ്ബഹായിൽ കണ്ടതുകൊണ്ടാവാം പില്ക്കാലത്ത് 1876-ൽ വടക്കൻപറവൂർ പള്ളി സന്ദർശിച്ച പത്രോസ് തൃതീയൻ ബാവാ ആ കബറിടം പൊളിച്ചുമാറ്റിയത് (കബറിടം പൊളിച്ചുമാറ്റിയത് ആരാണെന്ന് അറിഞ്ഞുകൂടെന്ന് മുളയിരിക്കൽ കോറെപ്പിസ്കോപ്പാ ഇതെഴുതുന്ന ആളിനോട് പറഞ്ഞുവെങ്കിലും സമകാല ചരിത്രമായ *കണ്ടനാട് ഗ്രന്ഥവരി* കബറിടം പൊളിച്ച ആൾ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ആണെന്ന് ദൃക്സാക്ഷിവിവരണമായി രേഖപ്പെടുത്തിയിട്ടുണ്ട്). പത്രോസ് തൃതീയൻ ബാവായുടെ ഇപ്പോഴത്തെ പിൻഗാമി സാഖാ പ്രഥമൻ പാത്രിയർക്കീസ് 2000-ൽ മാർ ഗ്രീഗോറിയോസിനെ പരിശുദ്ധൻ എന്ന് പ്രഖ്യാപിച്ചത് ആ ഭാഗത്ത് നിലയുറപ്പിച്ച വടക്കൻപറവൂർ പള്ളിയെ പ്രീണിപ്പിക്കുവാനും ക്രമമായ വരുമാനം ഉറപ്പുവരുത്തുവാനും ഉദ്ദേശിച്ചുമാകാം.

മാർ ഗ്രീഗോറിയോസ്, മാർത്തോമ്മാ മെത്രാന് വീണ്ടും പട്ടംകൊടുത്തതായോ പട്ടത്തിന്റെ ന്യൂനത തീർത്തതായോ എങ്ങും പരാമർശമില്ല. എന്നാലും പട്ടത്വത്തിന്റെ ന്യൂനതയെപ്പറ്റിയുള്ള പ്രചാരണ കോലാഹലം ക്രമേണ നിലച്ചു. മാർ ഗ്രീഗോറിയോസ് ആതിഥേയരുടെ നിലപാട് ഉറപ്പിച്ചു

കൊണ്ടു മൂന്ന് കാര്യങ്ങൾ പ്രബോധിപ്പിച്ചു: ഒന്ന്. റോമ്മാ സഭയുടെ അവകാശവാദങ്ങളെ എതിർത്ത് കാതോലികസഭയുടെ (സാർവ്വത്രികസഭയുടെ) വക്താവെന്ന നിലയിൽ പ്രബോധനം നൽകുന്നു.

2. പട്ടക്കാരുടെ വിവാഹം അനുവദിച്ചുകൊണ്ട് പ്രബോധനം നല്കുന്നു.

3. ഇന്ത്യൻ സഭയെ നിരന്തരം സുറിയാനി സഭയെന്ന് മാത്രം - യാക്കോബായ, അന്ത്യോഖ്യൻ പരാമർശങ്ങൾ ഒഴിവാക്കി പരാമർശിച്ചിരിക്കുന്നു.

ഒന്നാം മാർത്തോമ്മായും മാർ ഗ്രീഗോറിയോസുമൊന്നിച്ച് മാർത്തോമ്മായുടെ അനന്തരവനെ മാർത്തോമ്മാ രണ്ടാമൻ എന്ന സ്ഥാനനാമത്തിൽ വാഴിച്ചു. 1671 മേടം 14-ന് അബ്ദുൾ ജലീൽ മാർ ഗ്രീഗോറിയോസ് അന്തരിച്ചു വടക്കൻപറവൂർ പള്ളിയിൽ കബറടക്കപ്പെട്ടു. 1673 മേടം 12 ന് ശനിയാഴ്ച ഒന്നാം മാർത്തോമ്മാ അന്തരിച്ചു, അങ്കമാലി പള്ളിയിൽ കബറടക്കപ്പെട്ടു (രണ്ടു പേരുടെ നിര്യാണ തീയതികളും വിവിധ ചരിത്രകാരന്മാർ വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നു. വടക്കൻപറവൂർ പള്ളിയിൽ ഏറെക്കാലം സൂക്ഷിച്ചിരുന്ന ഒരു കൽദായ സുറിയാനി കൈയെഴുത്ത് പുസ്തകത്തിൽ കർസോനിയിലും സുറിയാനിയിലും എഴുതിയ സമകാല രേഖകളാണ് ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിട്ടുള്ളത്).

ഒന്നാം മാർത്തോമ്മായുടെ ഉപദേഷ്ടാക്കളിൽ പ്രധാനിയായിരുന്ന പറമ്പിൽ ചാണ്ടി കത്തനാർ കൂനൻകുരിശ് സത്യത്തെ തള്ളിപ്പറഞ്ഞു കത്തോലിക്കരോട് ചേരുകയും പിന്നീട് അലക്സാണ്ടർ ഡി കാമ്പോ എന്ന പേരിൽ മെത്രാനാവുകയും ചെയ്തെങ്കിലും സഭ വിഭക്തമായതിൽ ഏറെ ദുഃഖിതനായിരുന്നു. തന്റെ കാലശേഷം മാർത്തോമ്മാ രണ്ടാമനെ പിൻഗാമിയായി സ്വീകരിച്ച് സംഭവിച്ചുപോയ സഭാ ഭിന്നത പരിഹരിക്കാമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ചാണ്ടി മെത്രാന്റെ അർക്കദിയാക്കോൻ മാത്യു, മാർത്തോമ്മാ രണ്ടാമനെ പാലായിൽ വച്ച് കണ്ട് സംസാരിച്ചുവെങ്കിലും ആ ദൗത്യം വിജയിച്ചില്ല. 1687-ൽ ആർച്ച് ബിഷപ്പ് അലക്സാണ്ടർ ഡി കാമ്പോ അന്തരിച്ചു.

രണ്ടാം മാർത്തോമ്മായുടെ കാലത്ത് 1678-ൽ അന്ത്രയോസ് എന്നു പേരായ ഒരു വിദേശി കേരളത്തിലെത്തി. അദ്ദേഹത്തിന്റെ സ്വദേശം ഏതെന്നോ അദ്ദേഹത്തിന്റെ സ്ഥാനം ഏതെന്നോ തിട്ടമില്ല. പാത്രിയർക്കീസ് എന്ന് ഇട്ടൂപ്പ് റൈട്ടറും അവൈദികൻ എന്ന് ഇ. എം. ഫിലിപ്പും രേഖപ്പെടുത്തുന്നു. മദ്യാസക്തനായിരുന്ന ഇദ്ദേഹം കല്ലടയാറ്റിൽ കുളിക്കുമ്പോൾ നിലതെറ്റി വെള്ളത്തിൽ വീണ് മരിച്ചതായും (1892 കുംഭം 19) കല്ലടമുത്തപ്പൻ എന്ന് അറിയപ്പെട്ടതായും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. നിരണംപള്ളി ആസ്ഥാനമാക്കി ഭരണം നടത്തിവന്ന രണ്ടാം മാർത്തോമ്മാ 1686 മേടം 3-ന് നിര്യാതനായി. നിരണം പള്ളിയിൽ കബറടക്കപ്പെട്ടു.

### B. മാർ യൽദൊ മഫ്രിയാന; മാർ ഈവാനിയോസ്

കൈവെപ്പിന്റെ വിഷയത്തിൽ മലങ്കരസഭയ്ക്കുണ്ടെന്ന് പോർച്ചുഗീസ് അധികൃതരും റോമ്മാക്കാരും ചൂണ്ടിക്കാണിച്ച ന്യൂനതയ്ക്കും തത്സംബന്ധമായ പ്രചാരണത്തിനും മാർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവായുടെ ആഗമനത്തോടെ പരിഹാരമായെങ്കിലും വിശ്വാസാചാരങ്ങളിൽ വ്യത്യസ്തത പുലർത്തിയിരുന്ന അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സഭ അസംതൃപ്തയായിരുന്നു. മലങ്കരസഭയ്ക്ക് കൂടുതൽ സ്വീകാര്യനായ ഒരു മേലദ്ധ്യക്ഷനെ അന്വേഷിക്കുവാനുള്ള ചുമതല കൊച്ചിയിൽ വ്യാപാരികളായി എത്തിയിരുന്ന അർമ്മീനിയാക്കാരെ സഭാ പ്രതിനിധികൾ ഏല്പിച്ചു. അറിവാസ് എന്നും കുസ്തന്തീൻ എന്നും പേരുള്ള രണ്ടു വ്യാപാരികളുമായാണ് യാത്രച്ചിലവിന്റെ കാര്യത്തിൽ കരാറുണ്ടാക്കിയത്. മുളന്തുരുത്തി ഇടവകക്കാർ മുൻകൈ എടുത്ത് ഏർപ്പാടാക്കിയ കരാർ അനുസരിച്ച അർമ്മീനിയൻ വ്യാപാരികൾ മാർ ബസ്സേലിയോസ് യൽദോ മഫ്രിയാന, മാർ ഈവാനിയോസ് എന്നീ സഭാദ്ധ്യക്ഷന്മാരെ കൊണ്ട് തലശ്ശേരി തുറമുഖത്ത് കപ്പലിറങ്ങി (പോർച്ചുഗീസുകാരെപ്പറ്റിയുള്ള ഭയം നിമിത്തമാണ് തലശ്ശേരിയിൽ കപ്പലിറങ്ങിയതെന്നും അവിടെനിന്ന് കരമാർഗ്ഗം വഴിയറിയാതെ ഈ പിതാക്കന്മാർ വനത്തിലൂടെ സഞ്ചരിച്ച് കോതമംഗലത്തെത്തി എന്നൊക്കെയുള്ള ഐതിഹ്യങ്ങളിൽ ചരിത്രപരമായ സത്യസന്ധതയോ വിശ്വാസ്യതയോ ഇല്ല. 1663-ൽ കേരളത്തിലെ പോർച്ചുഗീസ്ശക്തി ക്ഷയിക്കുകയും പോർച്ചുഗീസ് മിഷണറിമാരും അധികാരികളും കേരള തീരം വിടുകയും ചെയ്തിരുന്നു. 22 കൊല്ലത്തിന് ശേഷവും കേരള തുറമുഖങ്ങളുമായി നിരന്തരം വ്യാപാരം മൂലം സമ്പർക്കത്തിലായിരുന്ന അർമ്മീനിയൻ വ്യാപാരികൾ ഇക്കാര്യങ്ങൾ അറിയാതെ പോയി എന്ന് പറയുന്നത് വിശ്വാസ്യമല്ല. ഇരുപതാംനൂറ്റാണ്ടിൽ ഐതിഹ്യങ്ങൾ ചമച്ചവർക്ക് ചരിത്രബോധം വേണ്ടത്ര ഇല്ലായിരുന്നു എന്നാണ് ഈ കഥ വ്യക്തമാക്കുന്നത്. യൽദോ ബാവായുടെ പെരുന്നാളിൽ നടത്തുവാൻ തയ്യാറാക്കിയ പെങ്കീസാ പ്രുമിയോനുകളിലും ഈ ചരിത്രാവബോധത്തിന്റെ അഭാവം ദൃശ്യമാണ്. മുളന്തുരുത്തിപ്പള്ളി വികാരിയായിരുന്ന എം. എം. ജേക്കബ് അച്ചന്റെ (പിന്നീട് യാക്കോബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ) ഗ്രന്ഥശേഖരത്തിൽ നിന്ന് ഇതെഴുതുന്ന ആൾ കണ്ടെടുത്ത ചില രേഖകൾ ഈ വിഷയത്തിൽ അഭൂതപൂർവ്വമായ വെളിച്ചം നൽകുന്നു. ഈ പിതാക്കന്മാരുടെ വരവിനെപ്പറ്റി വിവരിക്കുന്ന ഒരു ഡയറിക്കുറിപ്പാണ് ആദ്യ രേഖ. 1993 ലെ മാതൃഭൂമി (തൃശൂർ) ഒന്നാം പേജിൽ - ആഗസ്റ്റ് 4 ബുധൻ - പരാമർശ രേഖയുടെ ഫോട്ടോ സഹിതം 'സഭാചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന രേഖ കണ്ടെത്തി' എന്ന ശീർഷകത്തിൽ രണ്ടു കോളം വാർത്ത താഴെ കാണുംരൂപത്തിൽ പ്രസിദ്ധപ്പെടുത്തി:

## സഭാചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന രേഖ കണ്ടെത്തി

സ്റ്റാഫ് റിപ്പോർട്ടർ

തൃശ്ശൂർ: മലങ്കര സുറിയാനിസഭയിലെ ഓർത്തഡോക്സ് – യാക്കോബായ വിഭാഗങ്ങൾ ഒരുപോലെ വിശുദ്ധനായി അംഗീകരിച്ച് വണങ്ങുന്ന 'കോതമംഗലം ബാവാ' യൽദോ ബസ്സേലിയോസ് മഫ്രിയാനായുടെ കേരള സന്ദർശനത്തിന്റെ യഥാർത്ഥ ചരിത്ര പശ്ചാത്തലത്തിലേയ്ക്ക് വെളിച്ചം വീശുന്ന അമൂല്യമായ ചരിത്രരേഖ കണ്ടെത്തി. നിലവിലുള്ള ഐതിഹ്യാധിഷ്ഠിതമായ വിശ്വാസങ്ങളുടെ സാധുത ചോദ്യം ചെയ്യുന്നതാണ് ഈ പരാമർശരേഖ.

കേരളത്തിൽ നിന്ന് 17–ാം നൂറ്റാണ്ടിൽ സിറിയയിലെത്തിയ സഭാ നിവേദക സംഘത്തോടൊപ്പം അന്നത്തെ പാത്രിയർക്കീസ്, യൽദൊ ബസ്സേലിയോസ് ബാവായെയും മാർ ഈവാനിയോസിനെയും കേരളത്തിലേക്കയച്ചുവെന്നാണ് സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നൂറ്റാണ്ടുകളായി മലങ്കര സുറിയാനിസഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ഈ വിശ്വാസത്തിന്റെ സാധുതയെയാണ് സഭാചരിത്രഗവേഷകനായ ഫാ. ജോസഫ് ചീരൻ കണ്ടെത്തിയ രേഖ ചോദ്യം ചെയ്യുന്നത്.

സുറിയാനി ഭാഷയിലെഴുതപ്പെട്ട ഒരു പ്രാർത്ഥനാപുസ്തകത്തിന്റെ മുഖക്കുറിപ്പായി മലങ്കര വികാരിയായിരുന്ന കളപ്പുരയ്ക്കൽ ചാക്കോ കത്തനാർ കുറിച്ചിട്ടതാണ് സഭാചരിത്രത്തിൽ അമൂല്യമായേക്കാവുന്ന ഈ രേഖ.

യൽദൊ ബസ്സേലിയോസ് മഫ്രിയാനയും മാർ ഈവാനിയോസും അർമ്മീനിയൻ വ്യാപാരികളോടൊപ്പമാണ് കേരളത്തിലെത്തിയതെന്ന് രേഖ വ്യക്തമാക്കുന്നു. ഒരു വ്യാപാരക്കരാറിന്റെ അടിസ്ഥാനത്തിൽ യാത്രച്ചെലവ് നൽകാൻ പോലും കഴിയാത്ത അവസ്ഥയിലാണ് ഇരുവരും കേരളത്തിലെത്തിയതെന്നും രേഖ സാക്ഷ്യപ്പെടുത്തുന്നു. അർമ്മീനിയൻ വ്യാപാരികളോടൊപ്പം ഇരുവരും ആദ്യം കോതമംഗലത്തും പിന്നീട് മുളന്തുരുത്തിയിലുമാണ് വന്നുചേർന്നത്.

യൽദൊ മഫ്രിയാനായും മാർ ഈവാനിയോസും അളവറ്റ ധനവുമായാണ് കേരളത്തിൽ വന്നതെന്നും ആ ധനം ഉപയോഗിച്ചാണ് കേരളത്തിലെ പല പ്രമുഖ പള്ളികളും പണിതതെന്നും സഭാചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ധാരണ പുതിയ രേഖ പാടെ പൊളിച്ചെഴുതുന്നു.

മുളന്തുരുത്തി പള്ളിയുടെ വികാരിയായിരുന്ന കൊച്ചി ഭദ്രാസന സഹായ മെത്രാപ്പോലീത്താ യാക്കോബ് മാർ പോളിക്കാർപ്പോസിന്റെ ഗ്രന്ഥശേഖരത്തിൽ നിന്നാണ് ആലുവാ യു. സി. കോളജ് അദ്ധ്യാപകനും പഴഞ്ഞി സ്വദേശിയും പെരുന്തുരുത്തി – കോട്ടോൽ ഓർത്തഡോക്സ് പള്ളിയുടെ

അസി. വികാരിയുമായ ഫാ. ജോസഫ് ചീരൻ പരാമർശരേഖ കണ്ടെത്തിയത്. രേഖയുടെ ചുരുക്കം ഇപ്രകാരമാണ്:

"കൊല്ലം എണ്ണൂറ്റിഅറുപതാമാണ്ട് മഫ്രിയാനായും മാർ ഈവാനിയോസും വന്നപ്പോൾ അവരെ കൊണ്ടുവന്ന അറിവാസും കുത്തന്തീനും എന്ന രണ്ട് അർമ്മീനിയക്കാർ ചെലവിട്ട് കൊണ്ടുവന്ന പണം 26-ാം തീയതി കൊടുക്കായ്കകൊണ്ട്, ദേശക്കാർ കുറിച്ച് കുറിച്ച് (അവധി കുറിച്ച്) പോകുന്നതല്ലാതെ പണം കിട്ടുകയില്ലെന്ന് ആ കച്ചോടക്കാർ കണ്ടപ്പോൾ മുളന്തുരുത്തി പള്ളിയുടെ പൂമത്തിന്റെ (പൂമുഖത്തിന്റെ) എറയ്ക്ക് വെട്ടി ഒറ്റ നാൽ വിരൽ മരം കണ്ടിച്ചപ്പോൾ കൂടെ പോരാമെന്ന് പറഞ്ഞ് മാർ ഈവാനിയോസ് കൂടെ ഇറങ്ങിപ്പോയി. അപ്രകാരം കളപ്പുരയ്ക്കൽ ചാക്കോ കത്തനാർ കേട്ടപ്പോൾ ഓടിച്ചെന്ന് കച്ചോടക്കാർക്ക് കയ്യേറ്റ് (ഉത്തരവാദിത്തം ഏറ്റെടുത്ത്) തിരിച്ചു കൊണ്ടുവന്ന് മാർ ഈവാനിയോസിനെ പള്ളിയിലിരുത്തി പീടികതോറും നടന്ന് ഉള്ള പണ്ടപ്പാടുകളും പണവും പെണ്ണുങ്ങളുടെ കാതിലയും തളയും കൂടെ വാങ്ങിച്ച് പണയം വെച്ച് കച്ചവടക്കാരുടെ കടവും വീട്ടി. 'മലങ്കര വികാരി' എന്ന് കല്പിച്ച് പേരും സാധനവും (ബിരുദവും ഉത്തരവും) കൊടുത്ത് പള്ളികളിൽ ഒക്കെയും നടന്ന് കണക്ക് കേട്ട് പണം ഉണ്ടാക്കിക്കൊടുത്ത് പണയപ്പാടുകൾ അവരവരുടേത് എടുപ്പിച്ച് കൊടുത്ത കളപ്പുരയ്ക്കൽ ചാക്കോ കത്തനാർക്ക് തമ്പുരാൻ മനഗുണം ചെയ്യും."

കോതമംഗലത്ത് കബറടക്കിയിട്ടുള്ള യൽദൊ ബസ്സേലിയോസ് മഫ്രിയാനയും മുളന്തുരുത്തി പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന മാർ ഈവാനിയോസുമാണ് രേഖകളിൽ പരാമർശിക്കപ്പെടുന്നവർ.

കേരളസഭ അക്കാലത്ത് സിറിയൻ പാത്രിയർക്കീസിന്റെ കീഴിലാകയാൽ കീഴ്വഴക്കമനുസരിച്ച് കേരളസഭയിലേക്ക് സിറിയയിൽ നിന്ന് മെത്രാന്മാരെ അയച്ചിരുന്നതിന്റെ ഭാഗമായിട്ടാണ് ഇവരെ കേരളത്തിലേക്കയച്ചതെന്നാണ് സഭാചരിത്രത്തിൽ പറയുന്നത്. പക്ഷേ, പരാമർശരേഖ ഈ നിഗമനത്തിന്റെ സാധുത ചോദ്യം ചെയ്യുന്നു.

മാർ ഈവാനിയോസ് പേർഷ്യൻ സാമ്രാജ്യത്തിൽപ്പെട്ട നിനവേ സ്വദേശിയാണെന്ന് 1686-ൽ അദ്ദേഹം കടമറ്റംപള്ളിയിൽ വച്ചെഴുതിയ ഒരു രേഖയിൽ കാണാം. മഫ്രിയാനാ പേർഷ്യൻസഭയുടെ ഔദ്യോഗികതലവനുമാണ്. ഈ സാഹചര്യത്തിൽ 1685-ൽ കേരളത്തിലെത്തിയവർ രണ്ടുപേർക്കും സിറിയായിലെ സഭാഅധികൃതരുമായി ബന്ധമുണ്ടായിരുന്നിരിക്കാൻ ഇടയില്ലെന്നാണ് ഫാ. ചീരൻ കരുതുന്നത്.

ഇട്ടൂപ്പ് റൈട്ടർ, ഇം. എം. ഫിലിപ്പ്, കണിയാമ്പറമ്പിൽ കുറിയൻ കോർ എപ്പിസ്കോപ്പാ തുടങ്ങിയവരുടെ സഭാചരിത്രത്തിലും നെടുന്തള്ളിൽ

സ്കറിയാ കത്തനാർ, ഡി. ബാബു പോൾ എന്നിവർ രചിച്ച കോതമംഗലം മഫ്രിയാനയുടെ ജീവചരിത്രഗ്രന്ഥത്തിലും സിറിയൻ പാത്രിയർക്കീസിന്റെ പ്രതിനിധികളാണിരുവരുമെന്ന് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

1751-ൽ കേരളത്തിലെത്തിയ വിദേശ സഭാദ്ധ്യക്ഷന്മാരായ മൂന്നു പേർ അർമ്മീനിയൻ സഭാദ്ധ്യക്ഷന്മാർ ആയിരുന്നുവെന്ന് അവരുടെ സമകാലിക നായിരുന്ന കരിയാറ്റിൽ യൗസേഫ് മല്പാൻ 'വേദതർക്കം' എന്ന ഗ്രന്ഥ ത്തിൽ പറഞ്ഞിട്ടുള്ള കാര്യവും ഫാ. ചീരൻ ചൂണ്ടിക്കാട്ടുന്നു."

മേൽക്കാണിച്ചപ്രകാരം പ്രസിദ്ധീകരിച്ച വസ്തുതകളെ ഫലപ്രദമായി നാളിതുവരെ ആരും ഖണ്ഡിച്ചിട്ടില്ല (കണിയാമ്പറമ്പിലച്ചൻ ഇത് സംബ ന്ധിച്ചെഴുതിയ പ്രതികരണവും അതിന് ഈ ഗ്രന്ഥകാരൻ നൽകിയ മറു പടിയും പൂർണ്ണരൂപത്തിൽ 1993 സെപ്തംബർ 8-ന് ആറുകോളം തലക്കെ ട്ടിൽ പ്രസിദ്ധീകരിച്ചത് *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ് കാരവും* എന്ന ഗ്രന്ഥത്തിൽ കാണുക, പു. 299-306).

1685-ൽ മലങ്കരയിലെത്തിയ ഈ വിദേശസഭാധ്യക്ഷന്മാരെപ്പറ്റി ഐതി ഹ്യങ്ങളല്ലാതെ യാതൊരു രേഖയും ലഭ്യമായിരുന്നില്ല. ബൃഹത്തായ മല ങ്കര സഭാചരിത്രം എഴുതിയ ഇസ്സഡ്. എം. പാറേട്ട് (*മലങ്കര നസ്രാണികൾ*) മാർ ബസ്സേലിയോസ് ഒരു മഫ്രിയാനാ അഥവാ കാതോലിക്കോസ് അല്ലാ യിരുന്നു എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത് (വാല്യം 3, 1976, പു. 21, 22) 'ഭാരത ക്രൈസ്തവസഭയ്ക്ക് സമർഹമായ പരിഗണന കൊടുത്തു എന്നവകാശപ്പെട്ട് രണ്ടായിരത്തോളം ശീർഷകങ്ങൾ ഉൾപ്പെടുത്തി ഡോ. മാർ അപ്രേമിന്റെ മുഖ്യചുമതലയിൽ 1985-ൽ തിരുവല്ലായിലെ ദൈവശാ സ്ത്ര സാഹിത്യസമിതി പ്രസിദ്ധപ്പെടുത്തുകയും ക്രിസ്ത്യൻ ലിറ്ററേച്ചർ സൊസൈറ്റി (CLS) വിതരണം ഏറ്റെടുക്കുകയും കേരളത്തിലെ എല്ലാ ക്രൈസ്തവ സഭകളുടെയും സഹകരണത്തോടെ തയ്യാറാക്കിയതെന്ന് പരിചയപ്പെടുത്തുകയും ചെയ്ത സഭാചരിത്ര നിഘണ്ടുവിൽ ഇന്ത്യൻ ഓർത്തഡോക്സ് - യാക്കോബായസഭകൾ പരിശുദ്ധൻ എന്ന് ഔദ്യോ ഗികമായി പ്രഖ്യാപിച്ച ബസേലിയോസ് യൽദൊയുടെ പേർ ശീർഷകമായി ചേർത്തിട്ടില്ല!! ഓർത്തഡോക്സ് സഭ ഔദ്യോഗികമായി 1993-ൽ പ്രസി ദ്ധീകരിച്ച *സഭാവിജ്ഞാനകോശ*ത്തിൽ ഇദ്ദേഹത്തെപ്പറ്റി എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്: '..... മാർ ബസേലിയോസ്, മാർ ഈവാനിയോസ് ഹിദാ യത്തുള്ള എന്നീ മെത്രാന്മാരും രണ്ടു പട്ടക്കാരും സൂററ്റിൽ ഇറങ്ങി കര മാർഗ്ഗമാണത്രേ മലങ്കരയിലേക്ക് വന്നത്. ... ഇദ്ദേഹം മഫ്രിയാന ആയി രുന്നു എന്നാണ് പ്രബലമായ വിശ്വാസം. എന്നാൽ ഇദ്ദേഹം നെസ്തോ റിയൻ കാതോലിക്കാ ആയിരുന്നു എന്നും ചിലർ വാദിക്കുന്നുണ്ട്" (പു. 559).

ആധുനിക മലങ്കരസഭാ ചരിത്രപണ്ഡിതരിൽ പ്രമുഖനായ ഫാ. ഡോ. വി. സി. ശാമുവൽ എഴുതുന്നു: "അതിനകം 1685-ൽ അന്ത്യോഖ്യൻ സുറിയാനിസഭയിൽ മേൽപ്പട്ടക്കാരായിരുന്ന മാർ ബസ്സേലിയോസ്സും മാർ ഈവാനിയോസ്സും കേരളത്തിൽ വന്നു" (*സഭ വളരുന്നു,* പു. 162). മാർ ബസ്സേലിയോസ് അന്ത്യോഖ്യൻ സുറിയാനിസഭയിലെ മേൽപ്പട്ടക്കാരനെന്ന് പൂർവ്വികരിൽ നിന്ന് അറിവ് സ്വീകരിച്ച അദ്ദേഹം പക്ഷേ, അദ്ദേഹം പൂർവ്വികർ അദ്ദേഹത്തെ മഫ്രിയാന ആയിട്ടാണ് പരിചയപ്പെടുത്തിയത് എന്ന അറിവ് തിരസ്കരിച്ചു, അകാരണമായി.

"ഇതിനിടയിൽ 1685-ന് കൊല്ലം 861-ൽ മാർ ബസ്സേലിയോസ് കാതോലിക്കായും മാർ ഈവാനിയോസ് എപ്പിസ്കോപ്പായും രണ്ട് അർമ്മനായ പട്ടക്കാരും ഒരു ഗ്രീക്ക് പട്ടക്കാരനും... വന്ന് തലശ്ശേരിയിൽ ഇറങ്ങി എന്ന് ഇട്ടൂപ്പ് റൈട്ടറും (പു. 122) 'മാർ ബസ്സേലിയോസ് ഒരു മഫ്രിയാനയും മാർ ഈവാനിയോസ് ഒരു മെത്രാനുമായിരുന്നു' എന്ന് ഇ. എം. ഫിലിപ്പും (പു. 162) സംശയരഹിതമായി പ്രസ്താവിച്ചിരിക്കേ ഈ രണ്ടു പ്രശസ്ത പൂർവ്വഗാമികളുടെ അറിവുകളെ യാതൊരു പ്രമാണത്തിന്റെയും പിൻബലമില്ലാതെ തമസ്ക്കരിക്കുവാനും തിരസ്ക്കരിക്കുവാനും പ്രാമാണികരായ ചരിത്രകാരന്മാരെ പ്രേരിപ്പിച്ച മുൻവിധികളും നിസ്സംഗതകളും ദൗർഭാഗ്യകരമായി എന്നു രേഖപ്പെടുത്താതെ വയ്യ.

ഈ ഗ്രന്ഥകാരൻ കണ്ടെടുത്ത് പ്രസിദ്ധീകരിച്ച കൈയെഴുത്തുരേഖ മാർ ബസ്സേലിയോസ് ഒരു മഫ്രിയാന ആണെന്ന ഇട്ടൂപ്പ് റൈട്ടറുടെയും ഇ. എം. ഫിലിപ്പിന്റെയും പ്രസ്താവനകളെ നൂറു ശതമാനവും ശരിവയ്ക്കുന്നു. മഫ്രിയാനയുടെ കൂടെ രണ്ട് അർമ്മീനിയൻ പട്ടക്കാർ ഉണ്ടായിരുന്നു എന്ന പ്രസ്താവന, അർമ്മീനിയൻ വ്യാപാരികൾ ആണ് മഫ്രിയാനയെ കൊണ്ടുവന്നതെന്ന പരമാർശരേഖയുടെ ഉള്ളടക്കത്തിന് കൂടുതൽ ആധികാരികത നൽകുന്നു.

മാർ ബസ്സേലിയോസ് മഫ്രിയാന മൂസലിലെ അദ്ദേഹത്തിന്റെ ആസ്ഥാനമായിരുന്ന മാർ മത്തായിയുടെ ദയറായിൽ വച്ച് ഉപയോഗിച്ചിരുന്നതും അദ്ദേഹത്തോടൊപ്പം വന്ന മാർ ഈവാനിയോസ് മലങ്കരയിൽ മരണപര്യന്തം ഉപയോഗിച്ചിരുന്നതുമായ പള്ളിക്രമപുസ്തകങ്ങൾ ഈ ഗ്രന്ഥകാരൻ കണ്ടെടുത്തിട്ടുണ്ട്. പള്ളിക്കൂദാശ, വിവിധ പട്ടംകൊടകൾ, വിവിധ കുർബാനാ തക്സാകൾ, തൈലം - ഐക്കൺ കൂദാശകൾ എന്നിവയുടെ ക്രമങ്ങൾ പാശ്ചാത്യ സുറിയാനിയിൽ - കുറേ ഭാഗങ്ങൾ ഗാർസുനിയിലും - പകർത്തിയെഴുതിയവയാണ് ക്രമങ്ങൾ. ക്രമങ്ങളുടെ പകർപ്പിനെപ്പറ്റി അറബി ഭാഷയിൽ ഇപ്രകാരം ഒരു കുറിപ്പും ഉണ്ട്. കോഴിക്കോട് സർവ്വകലാശാലയിലെ അറബി ഭാഷാവിഭാഗം പണ്ഡിതൻ ഡോ. വീരാൻ മൊയ്തീൻ 2-2-1989 ൽ വിവർത്തനം ചെയ്തുതന്ന രൂപത്തിൽ ആ കുറിപ്പ് താഴെ

ചേർക്കുന്നു: "രാജാധിരാജനും ഉദാരനുമായ ദൈവസഹായത്താൽ പുസ്തകം പൂർത്തിയായി. റബ്ബാൻ അബ്ദൻ ഫറജിന്റെ പകർപ്പ്. പരിശുദ്ധ മാർ മീഖായേൽ പാത്രിരീ മന്നീഹിന്റെ പകർപ്പിൽ നിന്ന്. നാം പാവപ്പെട്ടവർ. മാർ ഗ്രീഗോറിയോസിന്റെ പകർപ്പിൽ നിന്ന് പരിശുദ്ധ പുരോഹിതൻ യൂസഫ് കർജിയുടെ പകർപ്പിൽ നിന്ന്. ദിവംഗതനായ മന്നീഹ് റബ്ബാൻ അബ്ദുല്ല അൽ കഫലിന്റെ കൈയക്ഷരത്തിൽ (അദ്ദേഹം എന്റെ പിതാവിന്റെ – ദിവംഗതനായ കോറിയുടെ – പിതൃവ്യനാണ്, ദൈവത്തിന്റെ പ്രകാശവും കരുണയും അദ്ദേഹത്തിനെന്നും ഉണ്ടായിരിക്കട്ടെ. വർഷം 1973 (യൗനായ).

(യവനായ വർഷം ക്രിസ്തുവർഷത്തിലാക്കിയാൽ എ. ഡി. 1662. ഇതിൽ പരാമർശിച്ച അബ്ദൽ ഫറജ് എ. ഡി. 1264 മുതൽ 1286 വരെ കിഴക്കിന്റെ കാതോലിക്കാ ആയിരുന്ന മാർ ഗ്രീഗോറിയോസ് ബാർ എബ്രായയും മാർ മീഖായേൽ പാത്രീരി 1126 മുതൽ 1199 (എ. ഡി.) വരെ ജീവിച്ച മഹാനായ മിഖായേൽ റാബോ പാത്രിയർക്കീസുമാണ്. സിറിയൻ സഭാചരിത്രത്തിലെ രണ്ടു പ്രാമാണികന്മാർ. ഈ കുറിപ്പനുസരിച്ച് ഗ്രന്ഥത്തിന്റെ പകർപ്പുകാരൻ മഫ്രിയാനയുടെ പിതൃസഹോദരനായ അബ്ദുൾ അൽ കഫൽ റമ്പാനും പിതാവ് ഒരു കോർഎപ്പിസ്കോപ്പായുമാണ്).

ഈ പള്ളിക്രമങ്ങൾ നൽകുന്ന ചില വിവരങ്ങൾ ശ്രദ്ധേയവും പഠനാർഹവുമാണ്.

1. അദ്ദേഹം സ്വന്തം പേർ രേഖപ്പെടുത്തിയിട്ടുള്ളത് 'മഫ്രിയാന എന്ന് കൂടെ പേരുള്ള ബസേലിയോസ് കാതോലിക്കാ' എന്നാണ്.

സെലൂഷ്യ എന്ന് പേരുള്ള പേർഷ്യൻ പട്ടണത്തിലെ എപ്പിസ്കോപ്പാ കാതോലിക്കാ എന്ന പേരിൽ മെത്രാന്മാരെ വാഴിക്കാനുള്ള അധികാരമുള്ള പാത്രിയർക്കീസിന് തുല്യനായ കിഴക്കിന്റെ സഭാധ്യക്ഷനായി അംഗീകരിക്കപ്പെട്ടു എന്നും എ. ഡി. 5–ാം നൂറ്റാണ്ടിന്റെ ഒടുവിൽ കാതോലിക്കേറ്റ് ഔദ്യോഗികമായി നെസ്തോറിയാ വിശ്വാസം സ്വീകരിച്ചതിനെ തുടർന്ന് ഒരു ന്യൂനപക്ഷം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ വിധേയത്വത്തിൽ തെഗ്രീസ് ആസ്ഥാനമാക്കി മഫ്രിയാന എന്ന സ്ഥാനിയായി മോറൂസോയെ നിയമിച്ചു എന്നൊക്കെയാണ് ഔദ്യോഗിക സഭാചരിത്രം പഠിപ്പിച്ചു പോന്നിട്ടുള്ളത്. കാതോലിക്കാ – മഫ്രിയാന സ്ഥാനങ്ങൾ ഒരാളിൽ ഔദ്യോഗിക നാമമായി ഏകോപിച്ച ചരിത്രം നമുക്ക് അജ്ഞാതമാണ്. ഇതിനാൽ ഈ പുസ്തകം വെളിപ്പെടുത്തുന്ന വസ്തുതാപരമായ മറ്റു തെളിവെടുപ്പുകളുടെ പിൻബലത്തോടെ ചില നിഗമനങ്ങൾ സാധ്യമാണ്. തെഗ്രീസിലെ മഫ്രിയാനാ അന്ത്യോഖ്യാ പാത്രിയർക്കീസിനോടുള്ള വിധേയത്വത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അലക്സാന്ത്ര്യാ പാത്രിയർക്കീസ്

തെഗ്രീസിലെ സഭാദ്ധ്യക്ഷനെ കാതോലിക്കായും മഫ്രിയാനയും എന്ന സ്ഥാനനാമത്തിൽ പാത്രിയർക്കീസിന്റെ സമസ്ഥാനീയനായ പേർഷ്യൻ സഭാദ്ധ്യക്ഷനായി അംഗീകരിച്ചു. തെഗ്രീസിലെ സഭാധ്യക്ഷൻ അന്തോഖ്യൻ സഭാദ്ധ്യക്ഷനുമായുള്ള സംസർഗ്ഗം വെടിഞ്ഞു അലക്സാന്ത്രിയൻ സംസർഗ്ഗം സ്വീകരിച്ചു എങ്കിലും തെഗ്രീസിന്റെ കീഴിൽ ഇക്കാര്യത്തിൽ അതൃപ്തിയുള്ളവരും ഉണ്ടായിരുന്നു.

2. ബസേലിയോസ് ബാവായുടെ കുർബ്ബാനക്രമത്തിൽ യാക്കോബിന്റെ ക്രമത്തിൽ തുബ്ദേന്റെ സമയത്ത് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നാമം ഓർക്കുവാൻ ടെക്സ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തൽസ്ഥാനത്ത് മാർജിനിൽ അലക്സാന്ത്രിയൻ പാത്രിയർക്കീസിനെ ഓർക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

1662-ൽ പുസ്തകം പകർത്തിയെഴുതുമ്പോൾ തെഗ്രീസിലെ സിംഹാസനം അന്ത്യോഖ്യൻ സംസർഗ്ഗത്തിലായിരുന്നുവെന്നും അതിനുശേഷവും 1685-നു മുമ്പായി അലക്സാന്ത്രിയൻ ബന്ധം ആരംഭിച്ചു എന്നും ഇത് വ്യക്തമാക്കുന്നു.

3. കോതമംഗലത്ത് ബാവായുടെ തൈലം കൂദാശാക്രമം അതീവ ഹ്രസ്വവും സിറിയൻക്രമത്തിൽ നിന്ന് വ്യത്യസ്തവുമാണ്.

4. സിറിയൻ പാരമ്പര്യത്തിലില്ലാത്തതും കോപ്റ്റിക് - അലക്സാന്ത്രിയൻ പാരമ്പര്യത്തിലും മറ്റു കിഴക്കൻ ഓർത്തഡോക്സ് പാരമ്പര്യങ്ങളിലും ഉള്ള ഐക്കൺ കൂദാശയുടെ ക്രമം ഇതിൽ ഉണ്ട്.

5. കശ്ശീശാ പട്ടംകൊടയുടെ ക്രമത്തിൽ സ്ഥാനചിഹ്നങ്ങളായി സ്ലീബാ, ഐക്കൺ, തിരുശേഷിപ്പ് പേടകം, തൊപ്പി എന്നിവ നൽകുവാൻ നിർദ്ദേശിച്ചിരിക്കുന്നു. ഈ നിർദ്ദേശങ്ങൾ സിറിയൻ പാരമ്പര്യത്തിലില്ല.

6. പൂർണ്ണ ശെമ്മാശന്റെ പട്ടംകൊടക്രമത്തിൽ അദ്ദേഹത്തിന് സ്ഥാനചിഹ്നങ്ങളായി കുരിശുമാലയും ഏവൻഗേലിയോനും നൽകുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

(പട്ടംകൊടയിലെ ഈ സ്ഥാനചിഹ്നങ്ങൾ അന്ത്യോഖ്യൻ പട്ടംകൊട പുസ്തകത്തിൽ കാണുന്നില്ലെങ്കിലും അവ പൊതുസഭയുടെ പട്ടംകൊടയുടെ തത്വങ്ങളെ വിശദീകരിക്കുന്നുണ്ട്. കശ്ശീശായ്ക്ക് രണ്ട് നൽവരങ്ങൾ ലഭിക്കുന്നു. രണ്ടു കാൽമുട്ടുകളും കുത്തിനിന്ന് സ്ഥാനം പ്രാപിക്കുവാൻ കശ്ശീശാ സ്ഥാനാർത്ഥിയോട് നിർദ്ദേശമുള്ളത് ഈ പ്രതീകാത്മകാർത്ഥത്തിലാണ് - പ്രകാശിപ്പിക്കുക, ശുദ്ധീകരിക്കുക ഇവയാണാ നൽവരങ്ങൾ എന്ന് കത്തോലിക്കാ - കൽദായ - ഓർത്തഡോക്സ് പട്ടംകൊടക്രമങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ നൽവരങ്ങളെ സൂചിപ്പിക്കുവാൻ ഏവൻഗേലി

യോൻ, വി. സ്ലീബാ ഇവ നൽകുന്നു. കശ്ശീശാ ഏവൻഗേലിയോൻ വ്യാഖ്യാനത്തിലൂടെ പ്രകാശിപ്പിക്കുന്നു; സ്ലീബാകൊണ്ട് കൂദാശകളെയും മറ്റും ശുദ്ധീകരിക്കുന്നു. ശെമ്മാശൻ ഒരു താലന്ത് – നൽവരം – പ്രാപിക്കുന്നു: ശുശ്രൂഷാ നൽവരം. വലത് കാൽമുട്ട് കുത്തിനിന്ന് അയാൾ നൽവരം പ്രാപിക്കുവാൻ മേൽപ്പറഞ്ഞ സഭകൾ പട്ടംകൊട ക്രമത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു. ശെമ്മാശൻ ഏവൻഗേലിയോൻ ആരാധനാ മദ്ധ്യേ വായിക്കുവാൻ ചുമതലപ്പെട്ടവനാണ്. അതുകൊണ്ടാണ് സ്ഥാനചിഹ്നമായി അയാൾക്കു ഏവൻഗേലിയോൻ നൽകുന്നത്. മിക്ക ഓർത്തഡോക്സ് സഭകളിലും പരസ്യാരാധനകളിൽ ഏവൻഗേലിയോൻ വായിക്കുന്നത് ശെമ്മാശനാണ്.)

7. കോതമംഗലം ബാവായുടെ പട്ടംകൊട പുസ്തകത്തിൽ കോർഎപ്പിസ്കോപ്പായുടെ സ്ഥാനദാനക്രമം ഇല്ല. 1668 മുതൽ മൂസലിലെ ദൈവമാതാവിന്റെ പള്ളിയിൽ നടന്ന കശീശാ പട്ടംകൊട മുതലുള്ള സ്ഥാനദാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തോടൊപ്പം മലങ്കരയിലെത്തിയ മാർ ഈവാനിയോസ് എപ്പിസ്കോപ്പായുടെ സ്ഥാനദാനം മാത്രമേ മെത്രാൻ സ്ഥാനദാനമായി അതിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. സ്ഥാനദാന വർഷം 1685 ആണ്. ഇക്കാര്യവും ഗവേഷണപ്രാധാന്യമുള്ളതാണ്. ഈ പുസ്തകം മാർ ഈവാനിയോസ് ഉപയോഗിച്ചതുകൊണ്ട് മേലിലും പുസ്തകത്തെപ്പറ്റി ചില പരാമർശങ്ങൾ നടത്തുന്നതാണ്. മുളന്തുരുത്തിയിലെത്തുന്നതിന് മുമ്പായി കോതമംഗലത്ത് എത്തിയപ്പോഴേക്കും യാത്രക്കാർ അവശരായി; മഫ്രിയാന രോഗിയുമായി. മഫ്രിയാന 1685 കന്നി 7–ാം തീയതി, കോതമംഗലം പള്ളിയിലെത്തുകയും 14–ന് ഈവാനിയോസ് എപ്പിസ്കോപ്പായെ മെത്രാപ്പോലീത്താ ആയി നിയമിക്കുന്ന സുസ്താത്തിക്കോൻ എഴുതി അദ്ദേഹത്തെ ഏല്പിക്കുകയും ചെയ്തു. അവശനിലയിൽ അദ്ദേഹം കന്നി 19–ന് നിര്യാതനാവുകയും 20–ന് കോതമംഗലം ചെറിയപള്ളിയുടെ മദ്ബഹായിൽ തെക്കുഭാഗത്ത് കബറടക്കപ്പെടുകയും ചെയ്തു.

അദ്ദേഹത്തെ വിശുദ്ധനായി മലങ്കരസഭ പരിഗണിച്ചുവരുന്നു. എന്നാൽ സിറിയൻ പിതാക്കന്മാർ അദ്ദേഹത്തെ ആ നിലയിൽ കണ്ടിരുന്നില്ല. മലങ്കര സഭയിൽ ആദ്യമായി സന്ദർശനം നടത്തിയ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ആഴ്ചകളോളം തൊട്ടടുത്ത കുറുപ്പംപടി പള്ളിയിൽ താമസിച്ചിട്ടും കോതമംഗലത്തുള്ള വിശുദ്ധന്റെ കബറിടം സന്ദർശിച്ചില്ല. അടുത്ത തലമുറയിൽ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുവാൻ മലങ്കരയിലെ പാത്രിയർക്കീസ് ഭാഗത്തെ എപ്പിസ്കോപ്പൽ സിനഡ് ഏകകണ്ഠമായി അപേക്ഷിച്ചതിനെ തുടർന്ന് കോതമംഗലം പള്ളിയിൽ വിശുദ്ധന്റെ പെരുനാളിൽ സംബന്ധിക്കുവാനെത്തിയ ഏലിയാസ് തൃതീയൻ പാത്രിയർക്കീസും കോതമംഗലംബാവായെ വിശുദ്ധനായി പ്രഖ്യാപിക്കുവാൻ കാരണ

മൊന്നും പറയാതെ വിസമ്മതിച്ചു. ഓർത്തഡോക്സ് സഭ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചതിനെ തുടർന്ന് അന്നത്തെ പാത്രിയർക്കീസ് ഭാഗത്തെ മലങ്കര മെത്രാൻ കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ് ആണ് വിശുദ്ധ പദവിയെ പറ്റിയുള്ള പ്രഖ്യാപനം പിന്നീട് നടത്തിയത് (കോതമംഗലത്ത് മാർ ബസ്സേലിയോസ് കാതോലിക്കാ ബാവായുടെ ജീവചരിത്രം, നെടുന്തള്ളിൽ പൗലൂസ് സ്കറിയാ കത്തനാർ, പു. 23–27). ഒടുവിൽ സാഖാ പ്രഥമൻ ബാവാ 1987 ഒക്ടോബർ 20–ന് യൽദോ ബാവായെ വിശുദ്ധനായി പ്രഖ്യാപിച്ചു (മാതൃഭൂമി വാർത്ത, 1993 സെപ്തം. 30, വ്യാഴം, പു. 8).

മാർ ബസ്സേലിയോസിന്റെ നിര്യാണാനന്തരം മാർ ഈവാനിയോസ് തങ്ങളെ കൊണ്ടുവരാൻ അർമ്മീനിയാക്കാരുമായി കരാറുണ്ടാക്കിയ മുളന്തുരുത്തിപ്പള്ളിയിൽ താമസിച്ചുവരുമ്പോഴാണ് വ്യാപാരികളും ഇടവകക്കാരുമായി സംഘർഷം ഉണ്ടായതും കളപ്പുരയ്ക്കൽ ചാക്കോ കത്തനാർ കഠിനാദ്ധ്വാനം ചെയ്ത് പ്രശ്നം പരിഹരിച്ചതും. ഒരുപക്ഷേ ഒരാളെ കൊണ്ടുവരുവാനുള്ള കരാറിലേർപ്പെട്ട അർമ്മീനിയക്കാർ കുറഞ്ഞത് അഞ്ചു പേരെയെങ്കിലും കൊണ്ടുവന്നതിന്റെ പേരിൽ ഉണ്ടായ വർദ്ധിച്ച യാത്രച്ചിലവാകാം സംഘർഷത്തിലേക്ക് വഴിതെളിച്ചത്. മഫ്രിയാനയുടെ സംഘത്തിൽ ഒരു ഗ്രീക്കു പട്ടക്കാരൻ കൂടെ ഉണ്ടായിരുന്നുവെന്ന ഇട്ടൂപ്പ് റൈട്ടറുടെ പ്രസ്താവന സംഘത്തിന് കോപ്റ്റിക് സഭയുമായുള്ള (അലക്സാന്ത്രിയാ) ബന്ധം കൂടുതൽ വ്യക്തമാക്കുന്നു.

മാർ ഈവാനിയോസ് മത്തായിയുടെ ദയറായിൽ സിറിയൻ ബന്ധങ്ങളോട് കൂറുള്ള ഒരു മേല്പട്ടക്കാരനും പ്രഗത്ഭ സുറിയാനി പണ്ഡിതനും ആയിരുന്നു. കാനോനിൽ അസാമാന്യ വ്യുൽപ്പത്തി നേടിയ അദ്ദേഹമാണ് മലങ്കരസഭയെ സിറിയൻ സഭയോടും തദ്വാര അന്ത്യോഖ്യാ പാത്രിയർക്കീസിനോടും ബന്ധമുള്ള സഭയാകുവാൻ മാർഗ്ഗനിർദ്ദേശം നൽകിയത്. രണ്ടാം മാർത്തോമ്മായുടെ അന്ത്യകാലത്ത് മലങ്കരയിലെത്തിയെങ്കിലും നിരണം പ്രദേശങ്ങളിൽ ആസ്ഥാനമാക്കുകയും രാഷ്ട്രീയ കാരണങ്ങളാൽ യുദ്ധസാഹചര്യങ്ങൾ മിക്കപ്പോഴും നിലനിന്നതു മൂലം കൊച്ചി പ്രദേശത്തേക്കുള്ള സന്ദർശനം അപകടകരമാവുകയും ചെയ്ത സാഹചര്യത്തിൽ രണ്ടാം മാർത്തോമ്മായും മാർ ഈവാനിയോസും തമ്മിൽ സമാഗമം ഉണ്ടായോ എന്ന് സംശയമാണ്. യുദ്ധക്കെടുതികൾ സൃഷ്ടിച്ച അസ്വസ്ഥതകൾ മൂലം പാലൂരിൽ നിന്ന് അങ്കമാലി പ്രദേശങ്ങളിലേക്കും അവിടെനിന്ന് കുറവിലങ്ങാട് പ്രദേശത്തേക്കും പിന്നീട് നിരണം മുതലായ പ്രദേശങ്ങളിലേക്കും സുറിയാനി ക്രിസ്ത്യാനികൾ വ്യാപിച്ചുകൊണ്ടേയിരുന്ന കാലമായിരുന്നു അത്. ഈ ചിതറിപ്പാർക്കൽ പല പ്രാചീന കുടുംബങ്ങളെയും എന്നപോലെ പകലോമറ്റം കുടുംബത്തെയും തെക്കൻ പ്രദേശങ്ങളിലെ

ത്തിച്ചു. നാടിന്റെ മാറുന്ന മുഖം മാർ ഈവാനിയോസ് സൂക്ഷ്മമായി ശ്രദ്ധിച്ചു. യൽദോ ബാവായുടെ പള്ളിക്രമപുസ്തകങ്ങൾ താൻ പകർത്തിയെഴുതിയതാണ് എന്ന് വരുത്തിത്തീർക്കുവാൻ ആവശ്യമായ തിരുത്തലുകൾ എല്ലാ ക്രമങ്ങളിലും അദ്ദേഹം നടത്തിയതായി കാണുന്നു. സത്യസന്ധമായ ചരിത്രഗതിയെ തന്റെ ഇച്ഛയ്ക്കനുസരിച്ചും തനിക്ക് കേന്ദ്രസ്ഥാനം ലഭിക്കത്തക്കവിധവും ഗതിമാറ്റി ഒഴുക്കുവാൻ ത്രാണിയുള്ള ഒരു മനസ്സിന്റെ ഉടമയായ മാർ ഈവാനിയോസ് തന്റെ അന്ത്യോഖ്യൻ ആഭിമുഖ്യത്തെ ന്യായീകരിക്കുവാൻ ആവശ്യമായ ഐതിഹ്യങ്ങൾ ചമച്ച് മലങ്കരസഭാചരിത്രത്തിന് സ്വകപോലകല്പിതമായ ഒരു പുത്തൻ ഭാഷ്യം വാങ്മയമായി രചിച്ചു. അതുപ്രകാരം മലങ്കരസഭാ ചരിത്രത്തെ മൂന്നു കാലഘട്ടമായി വിഭജിച്ചു. പോർച്ചുഗീസ് ആഗമനം വരെ അന്ത്യോഖ്യൻ സംസർഗ്ഗത്തിന്റെ കാലഘട്ടം, 1498 മുതൽ 1665 വരെ പോർച്ചുഗീസ് കാലഘട്ടം, 1665 മുതൽ വീണ്ടും അന്ത്യോഖ്യൻ കാലഘട്ടം. ഇതാണ് അദ്ദേഹത്തിന്റെ ഘട്ടവിഭജനം. പരശുരാമകഥയും പേറി പ്രത്യക്ഷപ്പെട്ട കേരളോല്പത്തി, കേരളമാഹാത്മ്യം എന്നിങ്ങനെയുള്ള ദേശചരിത്രങ്ങളെപ്പോലെ അതീവ ലളിതമായ ഈ ചരിത്രവും പ്രചരിച്ചു. ചരിത്രത്തിലെ ഏതു ചോദ്യങ്ങൾക്കും ഈ കഥ ലളിതമായ ഉത്തരം നൽകി. പട്ടംകൊടകൾക്കും പള്ളിപ്പെരുനാളുകൾക്കുമായി പോകുന്ന എല്ലാ ഇടവകകളിലും അദ്ദേഹം ഈ ചരിത്രം പ്രചരിപ്പിച്ചു. എല്ലാ വൈദികരെയും ഈ കഥ പഠിപ്പിച്ചു. മലങ്കരയുടെ പ്രതിയോഗിയായിരുന്ന റോമ്മാ പാപ്പായുടെ സ്ഥാനത്ത് സമാന്തരമായി അന്ത്യോഖ്യാ പാത്രിയർക്കീസിനെ പ്രതിഷ്ഠിച്ചതോടെ തങ്ങൾ സനാഥരാണെന്ന രക്ഷാബോധമാണ് മലങ്കരയിൽ ആവിർഭവിച്ചത്.

ഭാവനാശാലിയും കവിയും മല്പാനുമായ മാർ ഈവാനിയോസ് കഠിനാദ്ധ്വാനിയും സ്ഥിരോത്സാഹിയുമായിരുന്നു. ഹൂദായ കാനോനും പുതിയ മലങ്കരസഭാചരിത്രവും മാത്രമല്ല അദ്ദേഹം പഠിപ്പിച്ചത്. സുറിയാനിയും ഒരു പരിധിവരെ അറബിയും ഗാർസുനിയും അദ്ദേഹം കേരളത്തിലെ വൈദികരെ പരിശീലിപ്പിക്കുവാൻ ശ്രമിച്ചു. പരിമിതമായ തോതിലെങ്കിലും മലയാളം ഉപയോഗിക്കുവാൻ അദ്ദേഹം പരിശീലിക്കുകയും ചെയ്തു. ഇക്കാര്യങ്ങൾ വേണ്ടത്ര വ്യക്തമാക്കുന്ന തെളിവുകൾ തൊഴിയൂരിലെ ഗ്രന്ഥപ്പുരയിൽ ഇതെഴുതുന്ന ആൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രബോധനങ്ങൾക്ക് ആറു മുഖങ്ങൾ ഉണ്ടായിരുന്നതായി ചരിത്രകാരന്മാർ ഗ്രഹിച്ചിട്ടുണ്ട്:

1. നിഖ്യാ വിശ്വാസപ്രമാണത്തിൽ പ്രസ്താവിച്ചിരിക്കുന്ന കാതോലികവും ശ്ലൈഹികവുമായ സഭ ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നതു പോലെ റോമ്മാ സഭയല്ല; പിന്നെയോ നിഖ്യാ, കുസ്തന്തീനോസ്പോലീസ്, എഫേസൂസ് എന്നീ മൂന്ന് പരിശുദ്ധ സുന്നഹദോസുകളിൽ നിശ്ചയിച്ച സ്തുതി

ചൊവ്വാക്കപ്പെട്ട സഭാതത്വങ്ങളിന്മേൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പൊതു സഭയാകുന്നു.

2. നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ഏക ആളും ഏകസ്വഭാവവുമേ ഉള്ളൂ. അതായത് കലർപ്പോ കുഴച്ചിലോ കൂടാതെയും ഒന്നിന്റെയും പൂർണ്ണതക്കോ ഗുണത്തിനോ ഭംഗം വരാതെയും അവിഭാജ്യമായ വിധത്തിൽ ദൈവത്വവും മനുഷ്യത്വവും തമ്മിൽ യോജിച്ചിരിക്കുന്നു.

3. പരിശുദ്ധറൂഹാ പിതാവിൽ നിന്ന് പുറപ്പെടുകയും പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നു.

4. വന്ദനയ്ക്ക് വിഗ്രഹങ്ങൾ ഉപയോഗിക്കുന്നത് തെറ്റാകുന്നു.

5. പുരോഹിതന്മാരുടെ അവിവാഹിത ജീവിതം കാതോലികമോ കാനോനികമോ അല്ല.

6. വി. കുർബ്ബാനയുടെ അനുഷ്ഠാനത്തിന് പുളിപ്പുള്ള അപ്പമാകുന്നു ഉപയോഗിക്കേണ്ടത്.

ഇതിൽ മൂന്നും നാലും ആറും പ്രസ്താവനകൾ 1665-ൽ വന്ന മാർ ഗ്രീഗോറിയോസിന്റെ അന്ത്യോഖ്യാ ബന്ധത്തെ നിഷേധിക്കുകയും പ്രത്യക്ഷമായോ പരോക്ഷമായോ അദ്ദേഹത്തിന് ലത്തീൻ പാരമ്പര്യങ്ങളോട് ഭാഗികമായ ബന്ധമുണ്ടായിരുന്നുവെന്ന നിഗമനത്തെ ബലപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

മലങ്കരയ്ക്കു അന്ത്യോഖ്യയുമായി ചരിത്രാതീതകാലം മുതലേ ബന്ധമുണ്ടെന്ന പ്രചാരണം തന്റെ കാലം കൊണ്ട് അവസാനിക്കാതിരിക്കുവാൻ നയചതുരനായ അദ്ദേഹം ഉപായം കണ്ടെത്തി. പകലോമറ്റം മെത്രാന്മാരെ ഈ പ്രചാരവേലയ്ക്ക് ഉപയോഗപ്പെടുത്തുക എന്ന തന്ത്രമാണ് അദ്ദേഹം പ്രയോഗിച്ചത്. പകരം പകലോമറ്റം കുടുംബത്തിന്റെ പൗരോഹിത്യ പിന്തുടർച്ച മാർത്തോമ്മാശ്ലീഹായുടെ കാലത്തുതന്നെ ആരംഭിച്ചു എന്ന പ്രചാരണം അദ്ദേഹവും ഏറ്റെടുത്തു. 17-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ രൂപപ്പെട്ടുവന്ന ഈ പാരസ്പര്യം ഈ രണ്ട് ചരിത്രാഭാസ കഥകളെയും പൊടിപ്പും തൊങ്ങലും വച്ച് പ്രചരിപ്പിക്കുന്നതിൽ ആവേശപൂർവ്വം നേതൃത്വം നൽകി. ഒട്ടൊക്കെ അത് ഫലിക്കുകയും ചെയ്തു.

## C. മൂന്നാം മാർത്തോമ്മായും നാലാം മാർത്തോമ്മായും

രണ്ടാം മാർത്തോമ്മായുടെ പിൻഗാമിയായി അദ്ദേഹത്തിന്റെ ഭാഗിനേയനെ മൂന്നാം മാർത്തോമ്മാ ആയി 1686-ൽ വാഴിച്ച വിവരം ഇ. എം. ഫിലിപ്പും (പു. 163) *സഭാവിജ്ഞാനകോശവും* (പു. 658) ഫാ. ഡോ. വി.

സി. ശാമുവേലും (പു. 163) രേഖപ്പെടുത്തിയിട്ടും എന്റെ യുവസ്നേഹിതൻ ശ്രീ. എം. കുര്യൻ തോമസ് പ്രമാണരഹിതമായി അക്കാര്യം നിഷേധിച്ചിരിക്കുന്നു. കോട്ടയം സോഫിയാ ബുക്സ് 2000-ൽ പ്രസിദ്ധീകരിച്ച *നിരണം ഗ്രന്ഥവരി*യിലാണ് നിരാസ്പദമായ ഈ പ്രസ്താവന കാണുന്നത്. നിരാധാരമായും നിരുത്തരവാദിത്തപരമായും പ്ലാസിഡിനെപ്പോലെയുള്ള കത്തോലിക്കാ സഭാചരിത്രകാരന്മാരുടെ മുൻവിധി വിഷം കലർത്തിയ അന്ധതയെയും പകലോമറ്റം കുടുംബഡയറി എന്ന് ഇതിനോടകം കുപ്രസിദ്ധി നേടിയ *നിരണം ഗ്രന്ഥവരി*യെ അന്ധമായി പിൻതുടർന്നതിനാലും ഒരു കപ്പ് ചായ കുടിച്ച അനുഭവം മാത്രം ആധാരമാക്കി തേയിലക്കൃഷിയെപ്പറ്റി ഗവേഷണം നടത്തുന്നതുപോലെ അതീവ ലളിതമാണ് സഭാചരിത്ര ഗവേഷണം എന്ന ധാരണ വച്ചുപുലർത്തുന്നതിനാലുമാണ് ഇത്തരം നിരാധാരമായ നിഗമനങ്ങളിലേക്ക് വഴിതെറ്റി വീഴുന്നത്. ശ്രീ. കുര്യൻ തോമസ് എഴുതുന്നു: "... മൂന്നാം മാർത്തോമ്മായെ വാഴിച്ചതാരാണെന്ന് തെളിവില്ല. നാളാഗമത്തിലെ പരാമർശപ്രകാരം രണ്ടും മൂന്നും മാർത്തോമ്മാമാരെ വാഴിച്ചത് അന്ത്രയോസ് പാത്രിയർക്കീസാണ്. ... അന്ത്യോഖ്യൻ പക്ഷപാതിയായ ഇ. എം. ഫിലിപ്പിന്റെ 'അജ്ഞതയും' അന്ത്യോഖ്യൻ ബന്ധം ഉറച്ചതിന്റെ ശേഷം രചിച്ച ഗ്രന്ഥവരിയിലെ നിശ്ശബ്ദതയും ഇദ്ദേഹം കൽദായ മെത്രാൻ (അന്ത്രയോസ്) ആണെന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ... മാർത്തോമ്മാ മൂന്നാമനെ ആര്, എന്ന് വാഴിച്ചു എന്ന് ഗ്രന്ഥവരിയിൽ ഇല്ല. മാർത്തോമ്മാ മൂന്നാമനെ വാഴിച്ചത് മണർകാട്ട് പള്ളിയിൽ വച്ചാണെന്ന് ഒരു പാരമ്പര്യമുണ്ട്. അന്ത്രയോസ് പാത്രിയർക്കീസിന്റെ മണർകാട് ബന്ധവും ഇതിനോട് യോജിക്കുന്നുണ്ട്. മാർത്തോമ്മായെ വാഴിച്ചത് മാർ ഈവാനിയോസ് ഹിദായത്തുള്ള ആണെന്ന് ചില ചരിത്രകാരന്മാർ പറയുന്നുവെങ്കിലും അദ്ദേഹം നാലാം മാർത്തോമ്മായെ പട്ടമന പറവൂർ വച്ച് വാഴിച്ചതായി മാത്രമേ ഈ കൃതിയിൽ (*നിരണം ഗ്രന്ഥവരി*) ചേർത്തിട്ടുള്ള മാർ ഈവാനിയോസിന്റെ മെമ്രായിൽ കാണുന്നുള്ളൂ. ഇതിൽ നിന്നെല്ലാം മാർ അന്ത്രയോസ് എന്ന കൽദായ (നെസ്തോറിയൻ) മെത്രാനായിരുന്നു മൂന്നാം മാർത്തോമ്മായെ വാഴിച്ചത് എന്ന നിഗമനത്തിൽ എത്തുന്നു" (എം. കുര്യൻ തോമസ് (എഡിറ്റർ), *നിരണം ഗ്രന്ഥവരി*, 2000, പു. 200–201).

1994-ൽ ഈ ഗ്രന്ഥകാരൻ പ്രസിദ്ധീകരിച്ച *മലങ്കരസഭയും കേരള സംസ്കാരവും*, *ഇന്ത്യൻ ഓർത്തഡോക്സ് സഭ* എന്നീ ചരിത്രഗ്രന്ഥങ്ങളിൽ, കോതമംഗലം മഫ്രിയാനായും അദ്ദേഹത്തിന്റെ കാലശേഷം മാർ ഈവാനിയോസും ഉപയോഗിച്ച പട്ടംകൊട പുസ്തകം കണ്ടുകിട്ടിയെന്നും മൂന്നാം മാർത്തോമ്മായെ എപ്പിസ്കോപ്പാ ആയി പട്ടംകെട്ടിയ വിവരവും മറ്റും അതിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും വിശദമായി രേഖപ്പെടുത്തുകയും പട്ടംകൊട രേഖപ്പെടുത്തിയ പേജിന്റെ ഫോട്ടോ അനുബന്ധമായി

കൊടുക്കുകയും ചെയ്തിരുന്നു (36-ാം പുറവും അനുബന്ധം 12-ാം പുറവും കാണുക). മൂന്നാം മാർത്തോമ്മായെ പട്ടംകെട്ടിയത് മാർ ഈവാനിയോസ് ആണെന്ന് സ്ഥാനം ഏല്ക്കുന്ന മദ്ബഹായിൽ വച്ച് സ്ലീബാ ഭാഷയിൽ ഒപ്പിട്ട രേഖ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചിട്ടും നാളത്തെ മലങ്കരസഭാചരിത്ര സാഹിത്യ രചനയെ ശരിയായ ദിശാബോധം നൽകി നയിക്കുവാൻ ശേഷിയും ശേമുഷിയും ഉള്ള ഒരു സംഘം ഗവേഷകപ്രതിഭകൾക്ക് ത്യാജ്യഗ്രാഹ്യവിവേചനാശേഷിയുടെ പുറംവാതിലുകൾ ആഘോഷപൂർവ്വം കൊട്ടിയടയ്ക്കുവാൻ തോന്നിയത് ദൗർഭാഗ്യകരമായിപ്പോയി എന്ന് നിരീക്ഷിക്കാതെ വയ്യ.

മൂന്നാം മാർത്തോമ്മായുടെ പ്രവർത്തനങ്ങൾ വിവരിക്കുന്ന രേഖകൾ നമുക്ക് ലഭിച്ചിട്ടില്ല. അദ്ദേഹം 1688 മേടം 9-ന് കാലം ചെയ്ത് കടമ്പനാട് പള്ളിയിൽ സംസ്കരിക്കപ്പെട്ടു. മൂന്നാം മാർത്തോമ്മായെക്കുറിച്ച് പരാമർശിക്കുമ്പോൾ ഒന്നുരണ്ട് കാര്യങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. മലങ്കരസഭയുടെ ആസ്ഥാനം പാലൂർ, അങ്കമാലി, കണ്ടനാട് എന്നിവിടങ്ങളിൽ നിന്ന് നിരണം പ്രദേശത്തേക്കു മാറ്റുവാൻ രണ്ടാം മാർത്തോമ്മാ നടത്തിയ ശ്രമങ്ങളെ മൂന്നാം മാർത്തോമ്മാ പിൻതുടർന്നതായി അനുമാനിക്കുവാൻ അനുകൂലമായ സാഹചര്യങ്ങളുണ്ട്. ഈ ശ്രമം വീണ്ടുമൊരു കലഹത്തിലേക്ക് സഭയെ നയിക്കുന്നതിന്റെ അവ്യക്ത സൂചനകൾ ചരിത്രത്തിൽ സൂക്ഷ്മദൃക്കുകൾക്ക് കാണാം. മൂന്നാം മാർത്തോമ്മാ എപ്പിസ്കോപ്പാസ്ഥാനമേറ്റ് ദിവംഗതനാകുന്നതുവരെയുള്ള രണ്ടു വർഷക്കാലം മാർ ഈവാനിയോസ് ഒരു പട്ടംകൊട പോലും നടത്തിയിട്ടില്ല. തന്റെ പ്രവിശ്യയിൽ മാർ ഈവാനിയോസ് പട്ടം കൊടുക്കേണ്ടതില്ല എന്ന നിലപാട് മാർത്തോമ്മാ മൂന്നാമൻ സ്വീകരിച്ചിരുന്നുവോ? തന്റെ കാലത്തോടെ ഒരു വിദേശ മെത്രാന്റെ പ്രസക്തി മലങ്കരയിൽ ഇല്ലാതാകുമാറ് താൻ തന്നെ പിൻഗാമിയെ വാഴിച്ച് എപ്പിസ്കോപ്പൽ പിൻതുടർച്ചയ്ക്കു ഒരു പുതിയ പരമ്പര സൃഷ്ടിച്ചുകൊള്ളാമെന്ന് അദ്ദേഹം ചിന്തിച്ചിരുന്നുവോ? മാർ ഈവാനിയോസിൽ നിന്ന് പട്ടം ഏല്ക്കുന്നവരെ പള്ളികളിൽ നിയമിക്കുകയില്ല എന്ന നിലപാടാണോ മാർ ഈവാനിയോസിനെ പട്ടംകൊടകൾ നിർത്തിവയ്ക്കുവാൻ നിർബന്ധിച്ചത്? വിപുലമായ അന്വേഷണം ആവശ്യമായ അനുമാനങ്ങളാണിവ.

മൂന്നാം മാർത്തോമ്മായുടെയും അദ്ദേഹത്തെ അനുകൂലിച്ചവരുടെയും നിലപാടുകൾ മാർ ഈവാനിയോസിന് ഹിതകരമായിരുന്നില്ല. മൂന്നാം മാർത്തോമ്മാ ഒരു പിൻഗാമിയെ വാഴിക്കുന്നതിനെപ്പറ്റി ചിന്തിക്കുന്നതിന് മുമ്പ് അദ്ദേഹം നാടുനീങ്ങി. അതോടെ അദ്ദേഹത്തിന്റെ ദേശീയ സ്വപ്നങ്ങൾ ചീട്ടുകൊട്ടാരം പോലെ നിലംപതിച്ചു. മൂന്നാം മാർത്തോമ്മായെ വാഴിച്ചതിന്റെ കയ്പേറിയ പാഠങ്ങൾ അനുഭവിക്കേണ്ടിവന്ന മാർ ഈവാനിയോസ്

മൂന്നാം മാർത്തോമ്മായുടെ പിൻഗാമിയായി ഒരു മെത്രാന്റെ ആവശ്യമില്ലെന്ന് തീരുമാനിച്ചു. മൂന്നാം മാർത്തോമ്മായുടെ നിര്യാണം കഴിഞ്ഞ ഉടൻ അദ്ദേഹം പട്ടംകൊടകൾ പുനരാരംഭിച്ചതായി അദ്ദേഹത്തിന്റെ പട്ടംകൊട പുസ്തകം സാക്ഷിക്കുന്നുണ്ട്. അപ്പോഴേക്കും ഇന്ത്യൻ സഭയുടെ മുൻകാല ചരിത്രം പഠിക്കുവാൻ ആവശ്യമായ സമയം മാർ ഈവാനിയോസിന് ലഭിച്ചു. മലങ്കരസഭയിൽ തദ്ദേശീയരായ മെത്രാന്മാർ ഉണ്ടായിരുന്നില്ലെന്നും കശ്ശീശാസ്ഥാനമുള്ള അർക്കദിയാക്കോന്മാർ ആണ് സഭാഭരണം നിർവ്വഹിച്ചതെന്നും അദ്ദേഹം ഗ്രഹിച്ചു. വിദേശ മെത്രാന്മാരുടെ സാന്നിധ്യമുള്ളപ്പോൾ അവർ പട്ടം കൊടുക്കയും അർക്കദിയാക്കോൻ മറ്റു ഭരണ കാര്യങ്ങൾ നിർവ്വഹിക്കുകയും എന്ന സ്ഥിതിയിലേക്ക് മലങ്കരസഭയെ പിന്നോട്ട് നയിച്ച് ഒരു പാഠം പഠിപ്പിക്കുവാൻ മാർ ഈവാനിയോസ് നിശ്ചയിച്ചുവോ? പട്ടം കൊടുക്കുന്ന ജോലി നിർവഹിക്കുവാനുള്ള പരിമിതമായ അധികാരത്തിന്റെ പേരിലെങ്കിലും മലങ്കരസഭ സിറിയൻ സഭയുടെ ഒരു കോളനിയായിത്തീരുന്നത് അദ്ദേഹം വിഭാവനം ചെയ്തിട്ടുണ്ടാകാം. മാതൃ സഭയുടെ അതിരുകൾ വിശാലമാക്കുവാൻ ഒരു അറബി സംസ്കാരമുള്ള മെത്രാൻ ഒരുക്കിയ (സുവിശേഷ) വേല.

ഏതായാലും മൂന്നാം മാർത്തോമ്മായുടെ പട്ടംകൊട രേഖപ്പെടുത്തിയ ശൈലിയിലല്ല നാലാം മാർത്തോമ്മായുടെ പട്ടംകൊട രേഖപ്പെടുത്തിയത് എന്നത് ആരെയും അത്ഭുതപ്പെടുത്തും. മൂന്നാം മാർത്തോമ്മായെ ഇന്ത്യയുടെ എപ്പിസ്കോപ്പാ ആയി പരിശുദ്ധ റൂഹാ അഭിഷേകം ചെയ്തു എന്ന് രേഖപ്പെടുത്തിയ മാർ ഈവാനിയോസ്, തോമ്മായെ ഇന്ത്യയിലുള്ള എല്ലാ പള്ളികളുടെയും കശ്ശീശയായി പരിശുദ്ധ റൂഹാ അഭിഷേകം ചെയ്തു എന്നാണ് നാലാം മാർത്തോമ്മായുടെ കാര്യത്തിൽ രേഖപ്പെടുത്തിയത്. നാലാമൻ എന്ന പിന്തുടർച്ചയുടെയും എപ്പിസ്കോപ്പാ എന്ന സ്ഥാനനാമത്തിന്റേയും സൂചന ആ വാകൃത്തിൽ കാണുന്നില്ല (പട്ടംകൊട രേഖപ്പെടുത്തി സ്ഥാനാർത്ഥി സ്ലീബാഭാഷയിൽ ഒപ്പ് രേഖപ്പെടുത്തിയ ഭാഗത്തിന്റെ ഫോട്ടോ *മലങ്കരസഭയും കേരളസംസ്കാരവും* എന്ന ഗ്രന്ഥത്തിന്റെ അനുബന്ധത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്). പൗരോഹിത്യം ഏകമാണെന്നും കൈവെപ്പ് ശുശ്രൂഷ ഏകമെന്നും കശ്ശീശാ സ്ഥാനത്തിലെന്ന പോലെ എപ്പിസ്കോപ്പാ സ്ഥാനത്തിലും ലഭിക്കുന്ന നൽവരം കഹനൂസായുടേത് തന്നെയാണെന്ന കാതോലികവും ശ്ലൈഹികവുമായ ബോധത്തിൽ ഇന്ത്യ മുഴുവന്റെയും ചുമതലയേൽപ്പിക്കപ്പെട്ട തോമ്മാ കശ്ശീശാ മൂന്നാം മാർത്തോമ്മായുടെ പിൻഗാമിയായി നാലാം മാർത്തോമ്മാ എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ചു. 1689-ൽ മണർകാട് വച്ച് നടന്ന ആ സ്ഥാനദാനത്തിന് ശേഷം മൂന്നു പട്ടംകൊട ശുശ്രൂഷകളേ മാർ ഈവാനിയോസ് നടത്തിയതായി കാണുന്നുള്ളൂ. മാർത്തോമ്മാ നാലാമൻ മുൻഗാമിയെപ്പോലെ മാർ ഈവാനിയോസിനെ പട്ടം കൊടുക്കുന്നതിൽ നിന്നും വിലക്കിയ

താണോ? അതോ ഒടുവിലത്തെ നാലു വർഷക്കാലം മാർ ഈവാനിയോസ് വാർദ്ധക്യം മൂലം കിടപ്പിലായതിനാൽ സുദീർഘമായ പട്ടംകൊട ശുശ്രൂഷകളും മറ്റും നടത്താതിരുന്നതാണോ? ഏതായാലും നാലാം മാർത്തോമ്മാ തന്റെ എപ്പിസ്ക്കോപ്പൽ വാഴ്ച അഭംഗുരം തുടർന്നത് സഭയിൽ പല ഭാഗങ്ങളിലും പ്രതികൂലത തലപൊക്കുവാൻ കാരണമായി. മലങ്കരസഭയിൽ അസ്വസ്ഥതകൾ നിലവിലിരിക്കെ, സിറിയൻ സഭാപാരമ്പര്യങ്ങൾക്കനുകൂലമായ ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനശിലകൾ മലങ്കരയിൽ സ്ഥാപിച്ചുറപ്പിച്ചു എന്ന സംതൃപ്തിയോടെ 1693 ചിങ്ങം മൂന്നിന് മാർ ഈവാനിയോസ് അന്തരിക്കുകയും മുളന്തുരുത്തി പള്ളിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

### മാർ ഗബ്രിയേൽ

നാലാം മാർത്തോമ്മായുടെ കാലത്ത് 1708-ൽ ഗബ്രിയേൽ എന്ന് പേരായ ഒരു നെസ്തോറിയാ മെത്രാൻ കൊച്ചിയിൽ കപ്പലിറങ്ങി. മലങ്കരയിലെ റോമൻ വിഭാഗത്തോടും പൂർവ്വിക സുറിയാനിക്കാരോടും പൊരുത്തപ്പെടുവാൻ ആവശ്യമായ കപടതന്ത്രങ്ങളും വ്യത്യസ്ത മുഖംമൂടികളും മാറിമാറി അണിഞ്ഞുവെങ്കിലും അദ്ദേഹം ആ ഉദ്യമത്തിൽ വേണ്ടത്ര വിജയിച്ചില്ല. കേരളത്തിലേക്ക് തിരിച്ചപ്പോൾ തന്നെ അദ്ദേഹം റോമ്മാവിശ്വാസം സ്വീകരിക്കുന്നതായി പ്രഖ്യാപിച്ചും തന്നെ മലങ്കര മെത്രാനായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചും ഒരു കത്ത് ഇദ്ദേഹം പാപ്പായ്ക്കയച്ചത് വിഫലമായപ്പോൾ തന്റെ ആരാധനകളിൽ യാക്കോബായ കർമ്മാചാരങ്ങളെ അനുകരിച്ച് പൂർവ്വിക സുറിയാനിക്കാരുടെ സ്നേഹാദരങ്ങൾ നേടാൻ ശ്രമിച്ചു. മാർ ഈവാനിയോസ് ഉപയോഗിച്ച പട്ടംകൊടയിൽ മാർ ഗബ്രിയേൽ നടത്തിയ ചുരുക്കം ചില പട്ടംകൊടകളും കൽദായ സുറിയാനിയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (മാർ യൽദൊ മഫ്രിയാന മൂസൽ മുതലായ പ്രദേശങ്ങളിൽ നടത്തിയതും മാർ ഈവാനിയോസ് മലങ്കരയിൽ നടത്തിയതുമായ പട്ടംകൊടകൾ പാശ്ചാത്യ സുറിയാനിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്).

നാലാം മാർത്തോമ്മാ, മാർ ഗബ്രിയേലിനെ അംഗീകരിച്ചില്ല. മതവിപരീതിയായ അദ്ദേഹത്തിന്റെ അനാശാസ്യവും അനുചിതവുമായ കൃത്യങ്ങൾക്കെതിരെ പരാതി ഉന്നയിച്ചും അദ്ദേഹത്തെ തന്റെ മഹാ ഇടവകയിൽ നിന്ന് പുറത്താക്കണമെന്നും അഭ്യർത്ഥിച്ചും നാലാം മാർത്തോമ്മാ കൊച്ചിയിലെ ഡച്ചു ഗവർണർക്ക് പരാതി അയച്ചു. എന്നാൽ നാലാം മാർത്തോമ്മായുടെ സ്ഥാന സാധുതയെ ചോദ്യം ചെയ്ത പല ഇടവകകളും സാധുവായ കൈവെപ്പിന്റെ പേരിൽ മാർ ഗബ്രിയേലിനെ സ്വീകരിച്ചു. നാലാം മാർത്തോമ്മായുമായി രസക്ഷയമുണ്ടായിരുന്ന ഒരു സുറിയാനിക്കാരൻ, മാർ ഗബ്രിയേലിന്റെ ആഗമനവൃത്താന്തം കേട്ട് കൊച്ചിയിൽ പോയി അദ്ദേഹത്തെ കണ്ടതിന്റെ ശേഷം പറഞ്ഞുവത്രേ: "അയാൾ അപ്പനുമല്ല, ചിറ്റപ്പനുമല്ല,

എങ്കിലും ഇപ്പോഴത്തെ കാര്യത്തിന് കൊള്ളാം" (ഫിലിപ്പ്, പു. 163). അന്നു മലങ്കരയിലുണ്ടായിരുന്ന പള്ളികളിൽ 20 എണ്ണം കർമ്മലീത്തരുടെയും ശേഷം 44 എണ്ണം സുറിയാനിക്കാരുടെയും കൈവശമെന്ന് ഡച്ച് അധികാരികൾക്കെഴുതിയ ഒരു കത്തിൽ (1721) മാർ ഗബ്രിയേൽ പ്രസ്താവിച്ചിട്ടുണ്ട് (ഇന്ത്യൻ... ചരിത്രവും സംസ്കാരവും, പു. 322). മാർത്തോമ്മാ നാലാമനെക്കുറിച്ച് 'ഡച്ച് ഇൻ മലബാർ' എന്ന ഗ്രന്ഥത്തിൽ വിഷർ ഇപ്രകാരം ഒരു ചിത്രം നൽകിയിട്ടുണ്ട്: "He is a black man, dull and slow of understanding. He lives in great state and when he came to the city to visit the commandant, he was attended by a number of soldiers, in imitation of the princes of Malabar. ... According to his own account he has 45 churches under his own authority."

42 ഇടവകകൾ മാർ ഗബ്രിയേലിനെ അനുകൂലിച്ചപ്പോൾ 22 ഇടവകളേ നാലാം മാർത്തോമ്മായെ അനുകൂലിച്ചിരുന്നുള്ളൂ എന്ന് ബിഷപ്പ് ബ്രൗൺ രേഖപ്പെടുത്തുന്നു (പു. 116). റോമ്മൻ ആധിപത്യത്തിലായിരുന്ന ചില പള്ളികൾ പോലും മാർ ഗബ്രിയേലിനെ സ്വീകരിച്ചിരുന്നതായും മാർ ഗബ്രിയേൽ അന്തരിച്ചതോടെ അവർ റോമ്മൻ വിശ്വാസത്തിലേക്ക് തിരികെ പോയതും ഒരു പ്രാചീന കൈയെഴുത്ത് സഭാചരിത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. പിൽക്കാലത്ത് അഞ്ചാം മാർത്തോമ്മാ ഇപ്രകാരം എഴുതുന്നുണ്ട്: "ഊർശ്ലേമിൽ നിന്ന് മാർ ഗബ്രിയേൽ മെത്രാൻ വരികയുണ്ടായി. കൊല്ലം, പറവൂർ, കായംകുളം എന്നീ മൂന്ന് പട്ടണങ്ങളിലേക്കായി മൂന്ന് കത്തുകൾ അദ്ദേഹം കൊണ്ടുവന്നിരുന്നു. മശിഹായിൽ രണ്ടു സ്വഭാവങ്ങളും രണ്ടു ക്നൂമ്മാകളും എന്ന് അവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തന്മൂലം ഇന്ത്യയിലെ ജനങ്ങളുടെ ഇടയിൽ ഭിന്നതയുണ്ടായി. സുറിയാനിക്കാരും പറങ്കികളുമായ ഇരു ഭാഗക്കാരെയും യോജിപ്പിക്കുവാൻ അദ്ദേഹം താല്പര്യം പ്രദർശിപ്പിച്ചു...."

1728 മീനം 13 ന് (മാർച്ച് 24) മാർത്തോമ്മാ നാലാമൻ അന്തരിച്ച് കണ്ടനാട്ട് മർത്ത് മറിയം പള്ളിയിൽ സംസ്കരിക്കപ്പെട്ടു. 1731 ഫെബ്രുവരി 19-ന് മാർ ഗബ്രിയേൽ അന്തരിച്ച് കോട്ടയം ചെറിയപള്ളിയിൽ സംസ്കരിക്കപ്പെട്ടു. പിന്നീട് ചെറിയപള്ളിക്കാർ അദ്ദേഹത്തിന്റെ കല്ലറ പൊളിച്ചുകളയുകയും പള്ളിമുറിയുടെ ഒരു കോവണി പണിയുന്നതിനായി ആ കല്ലുകൾ ഉപയോഗിക്കുകയും ചെയ്തു (വൈറ്റ് ഹൗസ്, ലിംഗറിംഗ്സ് ഓഫ് ലൈറ്റ് ഇൻ എ ഡാർക്ക് ലാൻഡ്, പു. 45, 46).

## D. അഞ്ചാം മാർ തോമ്മായും വിദേശ മേലദ്ധ്യക്ഷന്മാരും

മാർത്തോമ്മാ നാലാമന്റെ സ്ഥാന സാധുതയെപ്പറ്റി സഭയിൽ വിവാദം തുടരുന്നതിനിടയിൽ അദ്ദേഹം 1728-ൽ പിൻഗാമിയായി പകലോമറ്റം പള്ളിപ്പുറത്ത് സ്വന്തം ഭാഗിനേയനെ അഞ്ചാം മാർത്തോമ്മാ ആയി പട്ടം കെട്ടി.

സഭയിൽ പുകഞ്ഞുനിന്ന അതൃപ്തി വർദ്ധിക്കുവാൻ ഇത് ഇടയാക്കി. പകലോമറ്റം കുടുംബത്തോട് ഏതുപ്രകാരമെങ്കിലും ബന്ധപ്പെട്ടിരുന്നാൽ മെത്രാൻ സ്ഥാനത്തിന് അർഹരായി എന്ന നിലപാട് സഭയിലാകെ ഉത്കണ്ഠയുളവാക്കി. സ്ഥാനസാധുതയില്ലെന്ന ആരോപണമദ്ധ്യേ നാലാം മാർത്തോമ്മാ ഏകപക്ഷീയമായി നടത്തിയ മെത്രാൻ വാഴ്ചയെ അനുയായികൾ പോലും വിമർശിക്കുവാൻ തുടങ്ങി. 1728-ൽ നടന്നതായി പറയുന്ന ഈ മെത്രാൻ വാഴ്ച ഉദയംപേരൂർ സുന്നഹദോസിനെ ബഹിഷ്ക്കരിക്കുകയും ആർച്ച് ബിഷപ്പ് മെനേസ്സിസിനെ ആർത്താട്ടിയോടിക്കുകയും ചെയ്ത പാലൂർ ചാട്ടുകുളങ്ങര ഇടവകയിൽപ്പോലും ഭിന്നതയ്ക്ക് വിത്ത് പാകി. പാലൂർ ഇടവകയിലെ ചാവക്കാട് പ്രദേശത്ത് കർമ്മലീത്താ മിഷണറിമാരുടെ ശ്രമഫലമായി ക്രിസ്തുമതം സ്വീകരിച്ചവർ പാലൂരിനടുത്ത് പുന്നത്തൂർ കോട്ടയുടെ സമീപത്ത് കോട്ടപ്പടിയിൽ ഒരു ദേവാലയം പണിത് കത്തോലിക്കാ സഭയുടെ കീഴിൽ മതജീവിതം നയിച്ചുവന്നു. ചാവക്കാട് നേരത്തെയുണ്ടായിരുന്ന സുറിയാനിക്കാർ പാലൂർ ഇടവകയിൽ ചാവക്കാട് തോടിന്നടുത്ത് മാർ കുറിയാക്കോസ് സഹദായുടെ നാമത്തിലുള്ള പള്ളിയിൽ മതജീവിതം നിർവഹിച്ചു. അഞ്ചാം മാർത്തോമ്മായുടെ സ്ഥാനസാധുതയെക്കുറിച്ച് തർക്കം ഉണ്ടായതോടെ പാലൂർ പള്ളിയിലെ തർക്കങ്ങൾ കൊടുമ്പിരിക്കൊണ്ടു. അഞ്ചാം മാർത്തോമ്മായെ എതിർത്തവർ കത്തോലിക്കാ വൈദികരെ പള്ളിയിൽ പ്രവേശിപ്പിക്കുവാൻ വാശിയോടെ ശ്രമം തുടർന്നു. മറുഭാഗം ഇതിനെ ചെറുക്കുവാനും ശ്രമം തുടർന്നതോടെ മാർത്തോമ്മാ ശ്ലീഹായുടെ പ്രഥമ ദേവാലയത്തിലെ ആരാധനകൾ മുടങ്ങി. അവിടെ കലാപഭൂമിയായി. കത്തോലിക്കാ അനുഭാവികൾ ചാവക്കാടും പൂർവിക ക്രിസ്ത്യാനികൾ ചിറളയം പ്രദേശത്തുമുള്ള ദേവാലയങ്ങളിൽ ധ്രുവീകരിക്കപ്പെട്ടു. 1829 -ൽ ആർത്താറ്റ് പള്ളിപ്പാട്ട് എന്ന കൃതി രചിച്ച ഇക്കാക്കു കുരിയപ്പൻ എന്ന കവി അക്കാലത്ത് പാലൂർ (ആർത്താറ്റ്) പള്ളിയ്ക്ക് വന്നുചേർന്ന ച്യുതികളെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു:

“റോമ്മാ പാപ്പാ ജനസംഘം, സുറിയാനിക്കാരുമൊന്നായ്
സോമേശൻ മാതാവു തന്റെ പള്ളിയിലേറി - ഒരു കാലവും കഴിഞ്ഞശേഷം
കലഹത്താൽ റോമ്മാ വൃന്ദം കലഹിച്ചു മുടിപ്പാനായ്
ആലാഹാ നീതി മര്യാദകൾ ഹനിച്ചിട്ട് - ദുഃഖിതരായി വാഴുമ്പോൾ

..........................................................................................

അന്നുതൊട്ടു തിരുശാല തെളിയിപ്പാനാരുമില്ല
നിന്ദയായി സകലവും പള്ളിയും പറങ്കിയും ലോകരും പിരിഞ്ഞു നന്നായി
കൂറു രണ്ടിൽ മൃത്യു വന്നാൽ നരദേഹമവിടത്തിൽ
കൂറോടടക്കുന്നല്ലാതെ, യാതൊരു കാര്യവുമില്ലാതെ കഴിഞ്ഞ ശേഷം...”

പാലൂർ പള്ളിയുടെ കാര്യം മാത്രമാണിവിടെ വർണ്ണ്യവിഷയമെങ്കിലും

മലങ്കരയിലെ പല പള്ളികളിലും ഭിന്നതകൾ മറനീക്കി പുറത്തുവരുന്ന കാലമായിരുന്നു അത്. ഇട്ടൂപ്പ് റൈട്ടർ എഴുതുന്നു: "(അഞ്ചാം മാർത്തോമ്മായ്ക്ക്) കൊടുക്കപ്പെട്ട സ്ഥാനം വാസ്തവമല്ലെന്ന് വ്യവഹാരപ്പെടുകയും കമ്പനിയാരോട് സങ്കടം ബോധിപ്പിക്കുകയും ഉണ്ടായി.... എന്നാൽ അഞ്ചാമത്തെ മാർത്തോമ്മാ മെത്രാന്റെ സ്ഥാനം കൈക്കൊള്ളപ്പെടുന്നതല്ല എന്ന് ബഹുജനം കൂടി നിശ്ചയിക്കുകയും പരദേശത്ത് നിന്ന് ഒരു സുറിയാനി മെത്രാനെ വരുത്തിക്കൊടുക്കണമെന്ന് ലന്തക്കമ്പനിയാരോട് അപേക്ഷിച്ചത് സാധിക്കയും ചെയ്യായ്കയാൽ എസക്കിയേൽ റാബി എന്ന വലിയ യഹൂദ കച്ചവടക്കാരന്റെ വ്യാപാരം ഏത് ദിക്കിലും നടപ്പായിരിക്കേ അയാളോട് മുട്ടിച്ച്, ഈ യഹൂദ കച്ചവടക്കാരന്റെ ശുപാർശ നിമിത്തം ബസ്സറായിൽ നിന്നും മാർ ഈവാനിയോസ് മഫ്രിയാനയെ വരുത്തി. ഇദ്ദേഹം 1748 ന് കൊല്ലം 922-ൽ (?) കച്ചവടക്കാരൻ അന്തോണിയോസ് ശെമ്മാശന്റെ ഉരുവിൽക്കൂടെ മലയാളത്തിൽ വന്നു" (പുറം 124). "ഈ മാർ ഈവാനിയോസ് മഫ്രിയാന സുറിയാനിപ്പള്ളികളിൽ സഞ്ചരിച്ചാറെ പള്ളികളിൽ രൂപങ്ങൾ വച്ചിരിക്കുന്നത് കണ്ട് ശാസിക്കുകയും രൂപം വയ്ക്കയും ആചരിക്കുകയും ചെയ്യുന്നത് ദൈവകല്പനയ്ക്ക് വിരോധം എന്ന് ജനങ്ങളെ ബോദ്ധ്യം വരുത്തി പള്ളികളിൽ നിന്ന് രൂപങ്ങളെ മിക്കവാറും നീക്കിക്കളഞ്ഞു. ഇത് നിമിത്തം മെത്രാനും ജനങ്ങളും ഒന്നായി ബാവായോട് വിരോധം തുടങ്ങി. അതിനെ ബാവാ പ്രമാണിക്കാതെ ചില പള്ളികളിൽ ചെന്നാറെ രൂപങ്ങളെ എടുത്ത് തല്ലി പൊട്ടിക്കുകയും തീയ്യിലിട്ട് ചുടുകയും ചെയ്കയാൽ താൻ അഞ്ചാമത്തെ മാർത്തോമ്മാ മെത്രാന്റെയും നസ്രാണികളുടെയും കോപത്തിന് പാത്രവാനായിട്ടും തീർന്നു. താൻ ആരുടെ ഇഷ്ടത്തേയും നോക്കാതെ ഓരോരോ ക്രമക്കേടുകളെ നീക്കുന്നതിന് വളരെ ഉത്സാഹിച്ചു. കത്തങ്ങളെയും അയ്മേനികളിൽ വയസ്സന്മാരേയും പട്ടത്തൊപ്പിയും ധരിപ്പിച്ചു" (ഇട്ടൂപ്പ് റൈട്ടർ, പു. 124). ഇ. എം. ഫിലിപ്പ് എഴുതുന്നതിപ്രകാരമാണ്: "..... മാർത്തോമ്മാ അന്ത്യോഖ്യായ്ക്ക് കത്തുകൾ അയച്ചുകൊണ്ടിരുന്നു. ഒരു യഹൂദ വ്യാപാരിയായ ഹെസക്കിയേൽ 1739-ൽ ഈവാനിയോസ് എന്ന് പേരായ ഒരു മെത്രാനെ കേരളത്തിലേക്ക് കൊണ്ടുവന്നു. അദ്ദേഹം ഒരു മുൻകോപിയും നയമില്ലാത്തവനും ആയിരുന്നതിനാൽ വേഗത്തിൽ സമുദായാംഗങ്ങളുടെ അതൃപ്തി സമ്പാദിച്ചു. കൂടാതെ നാട്ടുമെത്രാനെ സ്ഥാനാഭിഷേകം ചെയ്യുന്നതിന് അദ്ദേഹത്തിന് അധികാരം ഇല്ലാതിരുന്നതിനാൽ മാർത്തോമ്മാ പിന്നീട് തന്റെ സ്ഥാനം സ്ഥിരീകരിക്കുന്നതിന് അധികാരമുള്ള പ്രതിനിധികളെ അയയ്ക്കുന്നതിനുവേണ്ടി പാത്രിയർക്കീസിന് അപേക്ഷ അയച്ചു" (പു. 167). ഇട്ടൂപ്പ് റൈട്ടറുടെ പക്ഷപാതിത്വവും ഫിലിപ്പിന്റെ അന്ത്യോഖ്യായോടുള്ള ആഭിമുഖ്യവും ഇവിടെ കാണാം. മാർ ഈവാനിയോസിന്റെ സ്ഥാനം, അദ്ദേഹം വന്ന വർഷം, അദ്ദേഹത്തിന്റെ ചെയ്തികൾ, അദ്ദേഹത്തെ അയച്ച ആൾ എന്നീ കാര്യ

ങ്ങളിൽ രണ്ടു പേരും വ്യത്യസ്തത പുലർത്തുന്നു. *നിരണം ഗ്രന്ഥവരി* യുടെ സാക്ഷ്യം ഇപ്രകാരമാണ്: "1748-നു ചെന്നു കൊല്ലം 923-ാം ആണ്ട് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വന്നു" (പു. 86). *മാർത്തോമ്മാ ക്രിസ്ത്യാനികൾ* എന്ന ഗ്രന്ഥത്തിൽ ഫാ. തോമ്മാ ബർണാഡ് എഴുതുന്നു: "ഡച്ചു അധികാരികളുടെ അനുമതിയോടുകൂടി യോഹന്നാൻ എന്ന് പേരുള്ള (ഈവാനിയോസ് തന്നെ) ഒരു മെത്രാനെ ഒരു ഡച്ചു കപ്പലിൽ 1747-ാമാണ്ട് കൊച്ചിയിൽ കൊണ്ടുവന്നിറക്കി. ഈ മാർ യോഹന്നാൻ ഒരു യൂദൻ മാത്രമല്ലാതെ മെത്രാൻ പദത്തിലുള്ള ഒരാൾ അല്ലായിരുന്നെന്നും മറ്റും ചില ഗ്രന്ഥകാരന്മാർ പറയുന്നുണ്ട്. ... വാസ്തവത്തിൽ അദ്ദേഹം ഒരു മെത്രാൻ തന്നെ ആയിരുന്നു എങ്കിലും ഗുണവാൻ ആയ ഒരാൾ അല്ലായിരുന്നു എന്ന് താഴെ വിവരിക്കുന്ന സംഗതികളിൽ നിന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. മാർ യോഹന്നാൻ മുളന്തുരുത്തി, കണ്ടനാട്, പിറവം, കായംകുളം ആദിയായ പള്ളികളിലെ കുരിശുരൂപങ്ങളും കൊത്തുരൂപങ്ങളും തകർത്തു കളയുകയും ദഹിപ്പിക്കുകയും ചെയ്തു. ലഹരി പദാർത്ഥങ്ങളിൽ അദ്ദേഹത്തിന് അത്യധികമായ ആസക്തി ഉണ്ടായിരുന്നു. ഒരു പള്ളിയിലെ വെള്ളി സാമാനങ്ങളെല്ലാം മോഷ്ടിച്ച് കൊച്ചിയിലെ യൂദന്മാർക്ക് അദ്ദേഹം കൊടുക്കേണ്ടിയിരുന്ന പണത്തിന് പകരം കൊടുക്കുകയുണ്ടായി. എങ്കിലും പള്ളിക്കാർ വിവരം അറിഞ്ഞ് സാമാനങ്ങളെല്ലാം തിരിച്ചെടുത്തു. പല പള്ളികളിൽ നിന്നും പണം അപഹരിക്കുക മൂലം രാജാവ് മാർ യോഹന്നാനെ ബന്ധനത്തിൽ ആക്കുകയും അദ്ദേഹത്തിന്റെ ഉന്മാദാസക്തിയും അദ്ദേഹം വരുത്തിക്കൂട്ടിയ ക്ഷോഭങ്ങളും ഹേതുവായിട്ട് കൊച്ചിയിലെ ഡച്ച് അധികാരി 1751-ൽ അദ്ദേഹത്തെ ബസ്രായിലേക്ക് അയച്ചുകളയുകയും ചെയ്തു" (പു. 176).

തനിക്കെതിരെ ജനരോഷം ഉയരുന്നത് കണ്ട് അഞ്ചാം മാർത്തോമ്മാ അസ്വസ്ഥനായി. റോമൻ ആധിപത്യവുമായി അനുരഞ്ജനപ്പെടുവാൻ മുൻഗാമിയെപ്പോലെ അദ്ദേഹവും ചിന്തിച്ചു (നാലാം മാർത്തോമ്മാ 1704 ഡിസംബറിൽ 29 പള്ളിക്കാരുടെയും 12 വൈദിക പ്രതിനിധികളുടെയും ഒപ്പിട്ട ഒരപേക്ഷ മാർപാപ്പായ്ക്ക് അയച്ചിരുന്നു. അഗസ്റ്റിൻ എന്ന കർമ്മലീത്താ വൈദികൻ മുഖേന അയച്ച കത്തിൽ അഞ്ചു കാര്യങ്ങൾ അദ്ദേഹം വ്യക്തമാക്കി. ഒന്ന്. പുത്തൻകൂറുകാർ കത്തോലിക്കാ സഭയെ പരിത്യജിക്കുവാനുണ്ടായ കാരണം പോർച്ചുഗീസുകാരായ ജസ്യൂട്ട്സ് മുഖേനയുണ്ടായ ഉപദ്രവങ്ങളാണ്. രണ്ട്. കർമ്മലീത്താ വൈദികരെ കേരളത്തിലേയ്ക്കയച്ചതിൽ മാർപ്പാപ്പായോട് കൃതജ്ഞത പ്രകാശിപ്പിക്കുന്നു. മൂന്ന്. സുറിയാനി ക്രമം മലങ്കരയിലെങ്ങും ആചരിക്കപ്പെടുവാൻ അനുവാദം നൽകണം. നാല്. വരാപ്പുഴയിലെ ആഞ്ചലോസ് ഫ്രാൻസിസ് മെത്രാനോടൊന്നിച്ച് മലങ്കരയിലെ കത്തോലിക്കരെ ഭരിക്കുവാനുള്ള അധികാരപത്രം അയച്ച് കിട്ടണം. അഞ്ച്. വി. കുർബ്ബാനയിൽ പുളിപ്പില്ലാത്ത അപ്പം എന്നപോലെ

പുളിപ്പുള്ള അപ്പവും ഉപയോഗിക്കുവാൻ അനുവദിക്കണം. ഈ വ്യവസ്ഥ കൾക്ക് വിധേയമായി മാർപാപ്പായുടെ കീഴിൽ മലങ്കരയിലെ ഇരുകൂറു കാരും ഒന്നിക്കാൻ തയാറാണെന്ന് നാലാം മാർത്തോമ്മാ അപേക്ഷയിൽ വ്യക്തമാക്കി (ഫാ. ഇഞ്ചക്കലോടി, *മാർ ഈവാനിയോസ്,* പു. 214).

അഞ്ചാം മാർത്തോമ്മായും റോമ്മിലേക്ക് 1748-ൽ തത്തുല്യമായ അപേക്ഷ താഴെ പറയുംപ്രകാരം അയച്ചു: “ശ്ലീഹന്മാരുടെ തലവൻ എന്ന് പത്രോസിന്റെ കുർബ്ബാനക്രമത്തിൽ വിവരിക്കുന്ന വി. പത്രോസിന്റെ നാമ ത്തിൽ അങ്ങയോട് അപേക്ഷ ചെയ്യുന്നു. അത് എന്തെന്നാൽ ഗ്രീക്കുകാർ ക്ക് അനുവദിച്ചിട്ടുള്ളതുപോലെ “പുളിച്ച അപ്പം” ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്ക് തരണം. .... ഞങ്ങളുടെ അപേക്ഷയെ അവിടുന്ന് സ്വീകരിക്കുന്നപക്ഷം ഞങ്ങൾ എല്ലാവരും ഉടൻതന്നെ അവിടുത്തെ സിംഹാസനത്തിന് അനുസരണമുള്ളവരായിത്തീരുന്നതാണ് (ഇഞ്ചക്കലോ ടി, പു. 216).

ഈ അപേക്ഷയും നിരസിക്കപ്പെട്ടു എന്ന് ബോദ്ധ്യമായപ്പോൾ അതേ കൈകൾ കൊണ്ടു തന്നെ അദ്ദേഹം മറ്റ് സഭാകേന്ദ്രങ്ങളിലേക്കും അപേ ക്ഷകൾ എഴുതി. അദ്ദേഹം എഴുതിയ മൂന്ന് കത്തുകളുടെ പകർപ്പുകൾ 1751 -ൽ കേരളത്തിൽ വന്ന വിദേശ സഭാദ്ധ്യക്ഷന്മാരുടെ പുസ്തകങ്ങ ളിൽ നിന്ന് കണ്ടെടുത്ത് ഈ ലേഖകൻ പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരി ച്ചിട്ടുള്ളത് *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും* എന്ന ഗ്രന്ഥത്തിന്റെ 328-338 പുറങ്ങളിലും *മലങ്കരസഭയും കേരള സം സ്കാരവും* എന്ന ഗ്രന്ഥത്തിന്റെ 41-47 പുറങ്ങളിലും ചേർത്തിട്ടുണ്ട് (വിവർ ത്തനത്തിന് ബഹു. മലങ്കര മല്പാൻ കോരുത് മല്പാനോട് കടപ്പാട്). ആദ്യത്തെ കത്ത് യൗനായ വർഷം 2049 കോനൂൻക്ദീം മാസം 2-ാം ദിവസം വെള്ളിയാഴ്ച കണ്ടനാട്ട് വിശുദ്ധ മർത്ത മറിയാമ്മിന്റെ പള്ളിയിൽ വച്ച് എഴുതപ്പെട്ടു (എ. ഡി. 1738 ഡിസംബർ 2 ന്).

5-ാം മാർത്തോമ്മായെപ്പറ്റി ചില ചിത്രങ്ങൾ ഈ കത്ത് സമ്മാനിക്കു ന്നുണ്ട്:

1. 1685-ൽ വന്ന ബസ്സേലിയോസിനെ പാത്രിയർക്കീസ് എന്ന് വിശേ ഷിപ്പിക്കുന്നു. സഭാദ്ധ്യക്ഷന്റെ അവ്യക്ത ബോധ്യങ്ങൾ!!

2. കേരളത്തിൽ പരിമിതപ്പെട്ട സഭയെ ഇന്ത്യൻ സഭയെന്ന് പരാമർശി ക്കുന്നു: സഭയുടെ ദേശീയതയെപ്പറ്റിയുള്ള ബോദ്ധ്യം.

3. ഇന്ത്യയിലെ സുവിശേഷവത്ക്കരണത്തെപ്പറ്റിയുള്ള ഉത്കണ്ഠകൾ കത്തിൽ പ്രകടമാണ്.

4. അപകർഷബോധമില്ലാതെ സ്വസഭയെ വിദേശസഭയോട് സമസ്വഭാ

വത്തിൽ പരിചയപ്പെടുത്തുന്നു.

5. തന്റെ സ്ഥാനന്യൂനതയെപ്പറ്റിയുള്ള തർക്കങ്ങൾ കത്തിൽ വിശദമാക്കുന്നില്ല. പാകതയും മനഃസാന്നിദ്ധ്യവും കാണിക്കുന്നു.

6. സഭയുടെ ആരോഗ്യകരമായ പോഷണത്തിന് ഗ്രന്ഥങ്ങൾ അനിവാര്യമാണെന്ന ബോദ്ധ്യം പ്രകടമാകുന്നു.

7. കൊച്ചിയിലെ നാവിക മേധാവികളുമായി അടുത്ത സമ്പർക്കം ഉണ്ട്.

8. വേദഭാഗങ്ങൾ ഔചിത്യപൂർവ്വം ഉദ്ധരിച്ച് ശ്രോതാവിന്റെ ആദരം ആർജ്ജിക്കാനുള്ള കഴിവ് പ്രകടം.

9. അനുഗൃഹീതമായ അലങ്കാരശൈലിയും സാഹിത്യ സുഷമയും കത്തിനെ കടാക്ഷിച്ചിട്ടുണ്ട്.

10. വാചംയമിത്വം മുഖമുദ്രയാക്കിയ ഒരെഴുത്തുകാരനെ കത്തു വെളിപ്പെടുത്തുന്നു.

രണ്ടാമത്തെ കത്ത് 1745-ൽ എഴുതി. ബെസ്രാ തുറമുഖത്തു വച്ച് ഞങ്ങൾ എഴുത്ത് കണ്ടു. ഈ കത്തും ചില നിരീക്ഷണങ്ങൾ സാദ്ധ്യമാക്കുന്നുണ്ട്.

1. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനനാമമല്ലാതെ വ്യക്തിനാമം ലേഖകനറിഞ്ഞുകൂടാ.

2. മാർ ബസേലിയോസ്സിനെ ഊർശ്ലേമിന്റെ കാതോലിക്കാ എന്നാണ് അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നത്.

3. അഞ്ചാം മാർത്തോമ്മായുടെ കാലത്ത് സഭയിൽ പേറെദ്‌യൂത്തെ സ്ഥാനം നിലച്ചിരുന്നു.

4. തന്റെ മെത്രാൻ സ്ഥാനത്തിന് ന്യൂനതയുള്ളതായി അദ്ദേഹം കരുതുന്നില്ല.

5. സിറിയൻ പിതാക്കന്മാരിൽ ഒന്നാമതായി മാർ ഗ്രീഗോറിയോസിനെ (അഹത്തള്ളയെ അല്ല) പരിഗണിക്കുന്നു.

6. സംബോധനയിൽ ഒരു സഭാദ്ധ്യക്ഷന്റെ ഗൗരവവും ശൈലിയും പ്രകടമാവുന്നുണ്ട്.

7. മാർ ഗ്രീഗോറിയോസിന്റെ സംഭാവന സാന്നിധ്യം മാത്രമായിരുന്നുവെന്ന് സൂചിപ്പിക്കുന്നു.

8. ഉപദേശപരമായ അടിയുറപ്പ് മലങ്കരസഭയ്ക്ക് നൽകിയത് 1685-ൽ വന്ന മാർ ഈവാനിയോസ് ആണ്.

9. മുൻഗാമികളുടെ ജീവചരിത്രാവതരണത്തിൽ കൃത്യതയും നിഷ്ഠയും കാണിച്ചിട്ടില്ല.

10. മലങ്കരസഭ ക്ഷയിച്ചുവരുന്നു എന്ന കാര്യത്തിൽ അദ്ദേഹം ബോധവാൻ ആണ്; ദുഃഖിതനുമാണ്.

മൂന്നാമത്തെ കത്ത് 1746-ൽ ഇന്ത്യയുടെ മുഴുവൻ വാതിലായ മൻറത്ത് (?) മാർ ഗീവർഗീസ് സഹദായുടെ പള്ളിയിൽ വച്ചെഴുതി കോനൂൻക്ദീം (ഡിസംബർ) 7-ാം തീയതി, ഈ കത്തുകളുടെ ആമുഖമായി എഴുതപ്പെട്ട അറബിഭാഷയിലുള്ള ഒരു കുറിപ്പും ലഭിച്ചിട്ടുണ്ട്. അതിന്റെ വിവർത്തനം ഇപ്രകാരമാണ്:

"ഇത് ഇന്ത്യയിൽ നിന്ന് വന്ന എഴുത്തിന്റെ രൂപം. ബാതഷ്ക്കായുടെ മകൻ മൂസാ ഈ കത്തുകൾ കൊച്ചിയിൽ നിന്ന് കൊണ്ടുവന്നു. ബെസ്രാ തുറമുഖത്തുനിന്നു കിട്ടി." 1751-ൽ വിദേശ മെത്രാന്മാർ കൊണ്ടുവന്ന പുസ്തകങ്ങളിലൊന്നിന്റെ ആദ്യ പേജുകളിലായി പാശ്ചാത്യ സുറിയാനിയിൽ എഴുതപ്പെട്ട ഈ മൂന്നു കത്തുകൾ (അതോ പകർപ്പുകളോ?) കണ്ടെത്തി. ചില നിരീക്ഷണങ്ങൾ ചേർത്ത് കൊള്ളട്ടെ.

1. മലങ്കരസഭാ ചരിത്രത്തെപ്പറ്റി 1685-ൽ വന്ന മാർ ഈവാനിയോസ് നൽകിയ ഭാഷ്യം 5-ാം മാർത്തോമ്മായുടെ കത്തുകളിൽ നിറഞ്ഞു നിൽക്കുന്നു. രണ്ട് അടിസ്ഥാനങ്ങളിലാണ് ആ ചരിത്രം കെട്ടിപ്പൊക്കിയിട്ടുള്ളത്. ഒന്ന് മാർത്തോമ്മായ്ക്ക് ശേഷം മലങ്കരസഭയിലെ കൈവെപ്പും വിശ്വാസവും പരിരക്ഷിച്ചത് അതത് കാലത്തെ അന്ത്യോഖ്യൻ സഭയാണ്. രണ്ട്. മാർത്തോമ്മാശ്ലീഹായുടെ കാലം മുതൽ മലങ്കരസഭയുടെ ഭരണം പകലോമറ്റം കുടുംബക്കാർ നിർവഹിച്ചുപോന്നു.

2. 1751-ൽ വന്ന മൂന്ന് വിദേശ സഭാധ്യക്ഷന്മാരുടെ ആഗമനം സംബന്ധിച്ച് നിലവിലുള്ള എല്ലാ ഐതിഹ്യങ്ങളും ഭാവനാ നിർമ്മിതങ്ങളാണ്. 1746-ലെ കത്ത് വ്യക്തമാക്കുംപ്രകാരം 'പ്രസിദ്ധമായ ബാബേലിൽ ഇരിക്കുന്ന യാക്കൂബ് കശീശായുടെ പുത്രൻ സ്കറിയാ കശീശായുമായി അഞ്ചാം മാർത്തോമ്മാ നടത്തിയ കരാർ അടിസ്ഥാനമാക്കിയാണ് അവർ ഇവിടെ വന്നിട്ടുള്ളത്. കത്തിൽ യാത്രച്ചിലവിനെക്കുറിച്ചും വ്യക്തമായി മുൻധാരണയുണ്ടാക്കിയിട്ടുണ്ട്. പ്രസക്ത ഭാഗം കാണുക: "വീണ്ടും പ്രിയ സ്നേഹിതനായ സ്കറിയാ കശീശായേ, രൂപായുടെ കാര്യം ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളിലാരും കടലിൽ കപ്പൽ യാത്ര ചെയ്തിട്ടില്ല. തന്മൂലം താങ്കളുടെ എഴുത്തിലെ താല്പര്യപ്രകാരം രൂപാ ഞങ്ങളുടെ അടുക്കൽ വന്ന കപ്പൽക്കാരുടെ പക്കൽ കൊടുക്കുവാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. ഞങ്ങൾ അവരെ അറിയുകയുമില്ല. ഇപ്പോൾ മലബാറിലെ കൊച്ചിക്കോട്ടയിൽ ഭരണം നടത്തുന്ന ബഹുമാനപ്പെട്ട കുമദോർ ഇന്ത്യയിലെ സുറി

യാനി സത്യവിശ്വാസികളെ അവരുടെ ആവശ്യങ്ങളിൽ വളരെ സഹായിക്കുന്നുണ്ട്. തന്മൂലം താങ്കളുടെ എഴുത്തിൽ നിർദ്ദേശിച്ച രൂപാ കൊച്ചിക്കോട്ടയിലെ ബഹുമാനപ്പെട്ട കുമദോറിനെ ഏല്പിക്കുന്നു. എപ്പിസ്കോപ്പാ ഞങ്ങളുടെ പക്കൽ വരുമ്പോൾ ഏല്പിക്കാനായി. അപ്പോൾ താങ്കൾ താല്പര്യപ്പെടുന്ന പണം തരും. ... ഞങ്ങളിൽ നിന്ന് പണം കിട്ടുകയില്ലെന്ന് നീ നിരൂപിക്കുന്നെങ്കിൽ, പാത്രിയർക്കീസ് വരുമ്പോൾ അധികം പണം കൊടുക്കാം. ..."

3. ഈ കത്തുകളെഴുതുമ്പോൾ പ്രതിമാ ധ്വംസകൻ മാർ ഈവാനിയോസ് മലങ്കരയിലുണ്ടായിരുന്നു. കത്തുകളിൽ അദ്ദേഹത്തിന്റെ സാന്നിധ്യത്തെക്കുറിച്ചും അദ്ദേഹം അസ്വീകാര്യനായതിനെക്കുറിച്ചും തികഞ്ഞ നിശബ്ദത പുലർത്തുന്നു.

4. മാർത്തോമ്മാശ്ലീഹായുടെ കാലം മുതൽ അന്ത്യോഖ്യായിൽ പാത്രിയർക്കാ സിംഹാസനമുണ്ടെന്നാണ് അദ്ദേഹം ധരിച്ചിട്ടുള്ളത്. കത്തിലുപയോഗിച്ച സുറിയാനി ഭാഷയുടെ നിലവാരം പ്രശംസാവഹമല്ല.

5. എപ്പിസ്കോപ്പാ ഇല്ലാത്തതല്ല ഇവിടുത്തെ പ്രശ്നം. പറങ്കികളുടെ സ്വാധീനം മൂലം ചിലർ തന്റെ എപ്പിസ്കോപ്പാ സ്ഥാനത്തെ സ്വീകരിക്കുന്നില്ല എന്നതാണ് പ്രശ്നം എന്ന അപഗ്രഥനം ആത്മവിശ്വാസത്തെയും അപകർഷബോധമില്ലായ്മയെയും കുറിക്കുന്നു.

6. നിനവേ, സൂറത്ത്, ബെസ്രാ എന്നീ പ്രദേശങ്ങളിൽ നിന്ന് കൊച്ചിയിൽ വന്ന കച്ചവടക്കാർ മുഖേനയാണ് മലങ്കരസഭാധ്യക്ഷൻ പൗരസ്ത്യ സഭാകേന്ദ്രങ്ങളെ കത്തു മൂലം ബന്ധപ്പെടുന്നത് (1738-ലെ കത്ത്).

കത്തുകളുടെ ഉള്ളടക്കം കണ്ടിട്ട് വേറെയും കത്തുകൾ മലങ്കരസഭ അയച്ചിട്ടുള്ളതായി സൂചനയുണ്ട്. കത്തിലെ താല്പര്യ പ്രകാരം ബാബേലിലെ സ്കറിയാ കശീശാ പ്രവർത്തിച്ചു. ഒരു മെത്രാനെ ആവശ്യപ്പെട്ട സ്ഥലത്തേക്ക് അരഡസനിൽ കുറയാത്ത ഒരു സംഘത്തെയാണ് സ്കറിയ കശ്ശീശ അയച്ചത്. 1751-ൽ ഒരു സംഘം മലങ്കരയിലെത്തുന്നു. നിഷ്പ്രയാസം ഒരു സംഘത്തെ സംഘടിപ്പിക്കുവാൻ സാധിച്ചത് കേരളത്തിലെ വ്യാപാരസാധ്യത അറിയാവുന്നതിനാലും യാത്രച്ചിലവ് എത്രയായാലും അഞ്ചാം മാർത്തോമ്മാ കൊടുത്തുകൊള്ളുമെന്ന് ഉറപ്പു ലഭിച്ചിരുന്നതിനാലുമാകണം.

1748 മീനമാസത്തിൽ ഒരു അന്തോണീസ് ശെമ്മാശൻ മാർത്തോമ്മായുടെ കത്ത് അന്ത്യോഖ്യാ പാത്രിയർക്കീസിനെ ഏല്പിച്ചതനുസരിച്ച് 1748 ചിങ്ങമാസത്തിൽ അദ്ദേഹം ശക്രുള്ള റമ്പാനെ പട്ടം കെട്ടി എന്നും 1750 ൽ കിട്ടിയ കത്തിന് 1749 ചിങ്ങം 15 ന് പാത്രിയർക്കീസ് മറുപടി അയച്ചു എന്നും 'ശീമക്കാരായ പിതാക്കന്മാരുടെ' ഗ്രന്ഥകർത്താവായ അപ്രേം

പൗലൂസ് റമ്പാനും, റമ്പാച്ചനെ പിമ്പേ ഗമിക്കുന്ന ഗോവിനെപ്പോലെ വന്ദ്യ കണിയാമ്പറമ്പിലച്ചനും എഴുതിയ ഭാവനാവിലാസങ്ങൾ പുതിയ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ കള്ളനാണയങ്ങളെന്ന് തെളിഞ്ഞിരിക്കുന്നു.

(അഞ്ചാം മാർത്തോമ്മായെ മാർ ദീവന്നാസ്യോസ് എന്ന പേരിൽ വാഴിക്കുവാനുള്ള കല്പനയും തദവസരത്തിൽ കൊടുക്കുവാനുള്ള സുസ്താത്തിക്കോനും വടി, മുടി, സ്ലീബാ, മൂറോൻ, നിരവധി ഗ്രന്ഥങ്ങൾ ഇവ സഹിതം മെത്രാന്മാരെ പാത്രിയർക്കീസ് 1751-ൽ അയച്ചു എന്ന് ഇട്ടൂപ്പ് റൈട്ടർ, ഇ. എം. ഫിലിപ്പ് തുടങ്ങിയ ചരിത്രകാരന്മാർ എഴുതിയിട്ടുള്ളതും, മെത്രാന്മാരെ വാഴിക്കുവാനും മൂറോൻ കൂദാശ ചെയ്യുവാനും പാത്രിയർക്കീസിനു മാത്രമേ അധികാരമുള്ളു എന്ന വാദം മലങ്കരയിൽ രൂപംകൊണ്ട സെമിനാരി വ്യവഹാര കാലത്ത് ചമച്ചിട്ടുള്ള കൃത്രിമരേഖകളെ അടിസ്ഥാനമാക്കിയുള്ളതാണ്. സിറിയൻ സഭയിൽ എക്കാലവും ഉപയോഗിച്ചുപോന്നിട്ടുള്ള ഹൂദായ കാനോൻ പ്രകാരം മഫ്രിയാന, മെത്രാപ്പോലീത്താ എന്നിവർക്ക് മൂറോൻ കൂദാശ ചെയ്യാം. മെത്രാന്മാരെ വാഴിക്കുകയും ചെയ്യാം (സംശയമുള്ളവർ ഈയിടെ കാലം ചെയ്ത സിറിയൻ മെത്രാൻ അഭി. ശീശക് മെത്രാപ്പോലീത്താ ഹോളണ്ടിൽ നിന്ന് അച്ചടിച്ചിറക്കിയ സുറിയാനി ഭാഷയിലുള്ള ഹൂദായ കാനോൻ പരിശോധിക്കുക. കോനാട്ട് ഏബ്രഹാം മല്പാൻ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയ ഹൂദായ കാനോനും – എ. അക്കം – ശീശക് മെത്രാച്ചൻ ഹോളണ്ടിൽ പ്രസിദ്ധീകരിച്ച സുറിയാനി കാനോനും ഒന്നു തന്നെ). പാത്രിയർക്കീസിന്റേതായി പ്രചരിച്ചിട്ടുള്ള ഈ വിഷയത്തിലുള്ള കത്തുകൾ വ്യവഹാരത്തിന്റെ ആവശ്യത്തിനായി തല്പരകക്ഷികൾ സൃഷ്ടിച്ചെടുത്ത വ്യാജരേഖകളാണ്. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കോളനിയായി മലങ്കരസഭയെ വിഭാവനം ചെയ്ത പകലോമറ്റം കുടുംബ ഡയറിയുടെ – *നിരണം ഗ്രന്ഥവരി*യുടെ – രചയിതാക്കളും ഈ നിലപാട് സ്വീകരിച്ചത് അന്ത്യോഖ്യാ – പകലോമറ്റം അവിശുദ്ധ ബന്ധത്തെ ബലപ്പെടുത്തുവാനാണ് എന്ന് ഗ്രഹിക്കുവാൻ പ്രയാസമില്ല. അഞ്ചാം മാർത്തോമ്മായുടെ ദേശീയ പ്രബുദ്ധതയേക്കാൾ എത്രയോ തരംതാണതായിരുന്നു *നിരണം ഗ്രന്ഥവരി*യുടെ രചയിതാക്കളെ സ്വാധീനിച്ച വിദേശക്കോയ്മയോടുള്ള വിധേയത്വവും ദാസ്യഭാവവും).

1751 മേടം 24 ന് ഡച്ചുകപ്പലിൽ കൊച്ചിയിലെത്തിയ വിദേശ സംഘത്തിൽ ശക്രള്ളാ മാർ ബസ്സേലിയോസ്, മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നീ മൂന്ന് മേല്പട്ടക്കാരും ഒരു ഗീവറുഗീസ് കോറെപ്പിസ്കോപ്പായും (കാട്ടുമങ്ങാട്ട് ഒന്നാം കൂറിലോസ് ഇദ്ദേഹത്തെ ഗുരുനാഥനായി സ്മരിച്ചിട്ടുണ്ട്), ഈശോ റമ്പാനും (ഇദ്ദേഹം ദയറോയൂസോ സ്ഥാനം പ്രാപിച്ചത് മലങ്കരയിൽ വച്ചാണ്. കൊട്ടാരക്കര പള്ളിയിൽ വച്ച് 30-ാം വയസ്സിൽ 1758 വൃശ്ചികം 29 ന് ഇദ്ദേഹം നിര്യാതനായി), ഹിദായത്തുള്ള ശെമ്മാശൻ (ഇദ്ദേഹം 1792 മിഥുനം 11 ന് 73-ാം വയസ്സിൽ കൊച്ചിയിൽ

വച്ച് മരണമടഞ്ഞു. കണ്ടനാട് പള്ളിയിൽ സംസ്കരിച്ചു) എന്നിവരുൾപ്പെട്ടിരുന്നതായി രേഖകൾ ലഭിച്ചിട്ടുണ്ട്. ബെസ്രാ തുറമുഖത്തുനിന്ന് കപ്പൽ വഴി കൊച്ചിയിലെത്തുവാൻ ഒരാളിന് ഭക്ഷണച്ചെലവും യാത്രച്ചെലവും ഉൾപ്പെടെ നൂറ് രൂപാ പോലും 18-ാം നൂറ്റാണ്ടിൽ വരികയില്ല. ആ സ്ഥാനത്ത് യാത്രച്ചിലവിനത്തിലും മറ്റുമായി 12000 രൂപായുടെ ബാധ്യതയാണ് ഇവരുടെ വരവ് മൂലം 5-ാം മാർത്തോമ്മായുടെ മേൽ പതിച്ചത്. യാത്രച്ചിലവിന്റെ വിശദീകരണം തയാറാക്കിയ സുറിയാനി കത്ത് ഈ അദ്ധ്യക്ഷന്മാരുടേതായി ഇ. എം. ഫിലിപ്പ് വിവർത്തനം ചെയ്തു ചേർത്തിട്ടുണ്ട് (പുറം 169 - 173). അതിൽ പത്തോളം പേർ എഴുപത്തിരണ്ടു ദിവസം താമസിച്ചതിന് ഭക്ഷണച്ചെലവും വാടകയും ചേർത്ത് 429 രൂപ ഡച്ചുകാർ ആവശ്യപ്പെട്ടതായി കാണുന്നു. അപ്പോൾ ഒരു ദിവസത്തേക്ക് രണ്ടിനത്തിലും കൂടെ 60 പൈസാ മാത്രമേ ചിലവ് വന്നിട്ടുള്ളു. അപ്രകാരമുള്ള നിരക്കുകൾ കണക്കു കൂട്ടിയാവാം ചിലവുകൾ താൻ കൊടുത്തുകൊള്ളാമെന്ന് 5-ാം മാർത്തോമ്മാ കരാർ ചെയ്തത്. 1750-ൽ കത്തുകൾ കിട്ടി യാത്ര പുറപ്പെട്ട അവർ 1748-ൽ യാത്ര പുറപ്പെട്ടു എന്നും യാത്രയിൽ കവർച്ചകൾക്ക് വിധേയരായി എന്നും ആയിരക്കണക്കിന് മോചനദ്രവ്യം ചെലവായി എന്നും മറ്റും എഴുതിയത് വാസ്തവവിരുദ്ധമായ ഒരു പില്ക്കാല സൃഷ്ടിയായി വിദേശ സഭാദ്ധ്യക്ഷന്മാരെ ന്യായീകരിക്കുവാൻ ചമച്ച ഒരു വ്യാജ രേഖയാണെന്നത് തീർച്ച. ഒരാളുടെ സ്ഥാനത്ത് പത്തുപേർ വന്നതും സഭയെ സഹായിക്കുക എന്നതിലുമുപരി വ്യാപാര ലക്ഷ്യമാണ് അവർക്കുണ്ടായിരുന്നത് എന്ന് വ്യക്തമാക്കുന്നു. വ്യാപാരാവശ്യം കഴിഞ്ഞു അവരിൽ ചിലർ സ്വദേശത്തേക്ക് മടങ്ങിപ്പോയതിന് രേഖയുണ്ട്. വിദേശ സഭാദ്ധ്യക്ഷന്മാർ ഏകപക്ഷീയമായി വരുത്തിവച്ച ഭീമമായ കടത്തിന്റെ അടിസ്ഥാനത്തിൽ ഡച്ച് അധികൃതർ ആവശ്യമുള്ള പന്തീരായിരത്തോളം രൂപ - കൃത്യമായി പറഞ്ഞാൽ 11454 രൂപ - മലങ്കരസഭയെ സംബന്ധിച്ചിടത്തോളം കൊടുത്തു തീർക്കുവാൻ അസാദ്ധ്യമായ തുകയായിരുന്നു. കൊച്ചിയിലിറങ്ങിയ സഭാദ്ധ്യക്ഷന്മാർ തന്നെക്കാണുന്നതിനു മുമ്പ് കോതമംഗലത്ത് നെല്ലിമറ്റത്ത് കത്തനാർക്ക് പട്ടംനൽകിയ സംഭവം മാർത്തോമ്മാ മെത്രാന് വിദേശ മെത്രാന്മാരോടുള്ള നീരസം വർദ്ധിക്കുവാനിടയാക്കി. കരാർ പാലിക്കാത്തതിന്റെ പേരിൽ ഡച്ച് സർക്കാർ അഞ്ചാം മാർത്തോമ്മായ്ക്കെതിരെ നിയമനടപടികൾക്കൊരുങ്ങിയതോടെ അദ്ദേഹത്തിനു ഒളിവിൽ പോകേണ്ടി വന്നു. വിദേശ സഭാദ്ധ്യക്ഷന്മാർ ബന്ധനത്തിലുമായി. സഭയ്ക്കാകെ നാണക്കേടുണ്ടാക്കിയ ഈ സാഹചര്യത്തിൽ എല്ലാവരുടേയും സഭാസ്നേഹം ഉണർന്നു. മൂന്ന് അദ്ധ്യക്ഷന്മാരിൽ പിന്നീട് ഒരാൾ - ശക്രുള്ളാ മഫ്രിയാന - പാലൂരിലും മാർ ഗ്രീഗോറിയോസ് മുളന്തുരുത്തിയിലും മാർ ഈവാനിയോസ് ചെങ്ങന്നൂരിലും പിന്നീട് പ്രത്യക്ഷപ്പെടുന്നതിനാൽ ഈ മൂന്ന് പ്രബല ഇടവകകളും അഞ്ചാം മാർത്തോമ്മായുടെ വൻ ബാദ്ധ്യതയെ

മൂന്നായി പങ്കിട്ടെടുത്ത് കടം വീട്ടി എന്നും തദനുസരണം മൂന്നു പേർ മൂന്നു സ്ഥലങ്ങളിലേയ്ക്കുമായി ധ്രുവീകരിക്കപ്പെട്ടു എന്നുമാണ് അനുമാനിക്കാവുന്നത്. ഈ മൂന്ന് ഇടവകകളും അഞ്ചാം മാർത്തോമ്മായുടെ സ്ഥാന സാധുത്വത്തെച്ചൊല്ലി ഉണ്ടായ വിവാദങ്ങളുടെ തിക്തഫലങ്ങൾ അനുഭവിക്കുന്ന കാലമായിരുന്നു അത് എന്നതിനാൽ സാധുത്വമുള്ള മേല്പട്ടക്കാരുടെ സാന്നിദ്ധ്യം അവർക്കായിരുന്നു കൂടുതൽ ആവശ്യം എന്നത് ഈ നടപടിയെ ത്വരിതപ്പെടുത്തി (പാലൂർ - ചാട്ടുകുളങ്ങരപ്പള്ളിയിലെ വിഭാഗീയതയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ട്. അഞ്ചാം മാർത്തോമ്മായുടെ കാലത്ത് കക്ഷി ഭിന്നതയുണ്ടായപ്പോൾ പാലൂർ പള്ളിയുടെ ചാപ്പൽ ആയി പ്രവർത്തിച്ചുപോന്ന ചാവക്കാട് സെന്റ് കുറിയാക്കോസ് പള്ളിയെ - ഇന്നത്തെ പാലയൂർ പള്ളി - കേന്ദ്രീകരിച്ച് കത്തോലിക്കാ വിഭാഗം രൂപപ്പെടുകയായിരുന്നു. 1800 ൽ പോലും ആ പള്ളി മാർത്തോമ്മാ മെത്രാന്റെ ഭരണസീമയിൽപ്പെട്ടതും പാലൂർ - ചാട്ടുകുളങ്ങര ഇടവകയുടെ കീഴിലുമായിരുന്നു. 1770-കളിൽ കാട്ടുമങ്ങാട്ട് കൂറിലോസ് ശക്തൻ തമ്പുരാന് അയച്ച അപേക്ഷയിൽ പാലൂർ - ചാട്ടുകുളങ്ങര പള്ളിയോടനുബന്ധിച്ചുള്ള കുരിശുപള്ളിയിലൊന്നായിട്ടാണ് ചാവക്കാട് പള്ളിയെ പരിഗണിച്ചിട്ടുള്ളത്. 1800-ൽ ചാവക്കാട് പള്ളി മാർത്തോമ്മാ മെത്രാന്റെ ഭരണത്തിൻ കീഴിലാണെന്ന് ഡോ. ബുക്കാനൻ (*ബുക്കാനന്റെ കേരളം*, വിവ. ഡോ. കെ. സി. കരീം) രേഖപ്പെടുത്തിയിട്ടുണ്ട്. ചാട്ടുകുളങ്ങരയിലെ വൈദികർ ചാവക്കാട് മാർ കുറിയാക്കോസ് ചാപ്പലിലെ ആരാധനകൾ നടത്തുമ്പോഴും അവരുടെ ശ്മശാനം ചാട്ടുകുളങ്ങര പള്ളി ആയിരുന്നുവെന്ന് ആർത്താറ്റ് പള്ളിപ്പാട്ടിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഭിന്നതയുണ്ടായപ്പോൾ ഈ പതിവിനെ എതിർക്കുവാൻ കത്തോലിക്കാ വിഭാഗം വിഫലമായി ശ്രമിച്ചു. 1607-ൽ ഇറ്റലിയിലെ മിഷണറി ഫെനിച്ചിയോയുടെ സഹായത്തോടെ അവർ ആ ചാപ്പലിനെ വിസ്തൃതമായ ഒരു ദേവാലയമായി പുതുക്കിപ്പണിതുവെങ്കിലും ചാട്ടുകുളങ്ങരപ്പള്ളിയെ തലപ്പള്ളിയായി ആദരിക്കുകയും അവിടുത്തെ വൈദികർ മുൻപതിവുപോലെ കർമ്മാനുഷ്ഠാനങ്ങൾ മാറി മാറി നടത്തുകയും ചെയ്തിരുന്നു. 'കുറിയാക്കോസ് സഹദായുടെ - എ. ഡി. നാലാം നൂറ്റാണ്ടിലെ വിശുദ്ധൻ - നാമത്തിൽ സ്ഥാപിതമായിരുന്ന ചാവക്കാട് - പാലയൂർ - പള്ളി മലബാറിലെ ദേവാലയങ്ങളിൽ വച്ച് ഏറ്റവും പ്രാചീനമാണ്. പുണ്യവാളന്റെ മദ്ധ്യസ്ഥത മൂലം അനേകം അനുഗ്രഹങ്ങൾ ലഭിക്കാറുള്ളതുകൊണ്ട് ധാരാളം ഭക്തജനങ്ങൾ അവിടെ വന്നുചേരുന്നു. അതുകൊണ്ട് അവിടുത്തെ പള്ളി പുതുക്കിപ്പണിയാനാണ് ഞാൻ കൂടുതൽ ശ്രദ്ധിച്ചത്. ... മനോഹരമായ പുതിയ ദേവാലയം അനേകം ഹിന്ദുക്കളെയും മുസ്ലീമുകളെയും യഹൂദന്മാരെയും ആകർഷിച്ചുകൊണ്ടിരിക്കുന്നു' (1607-ൽ ചാവക്കാട് - പാലയൂർ - പള്ളി പുതുക്കിപ്പണിയാൻ നേതൃത്വം നൽകിയ ഈശോ സഭാ മിഷണറിയായ

ജെയിംസ് ഫെനിച്ചിയോ അക്കാര്യം രേഖപ്പെടുത്തി അയച്ച ഒരു കത്ത് (വിവ. പ്രൊഫ. സി. എൽ. ആന്റണി, സെന്റ് തോമസ് സുവനീർ, പാലയൂർ, 1972, പു. 13–14). ആർത്താറ്റ് പള്ളിയിലും പാലയൂർ പള്ളിയിലും സുറിയാനിക്കാരും കത്തോലിക്കരും തവണമുറ അനുസരിച്ചാണ് ആരാധനകൾ നടത്തി വന്നിരുന്നത് (കുന്നംകുളത്തെ പ്രബലമായ പാരമ്പര്യം. ഫാ. പി. എം. ജോസ്, പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസ്യോസ്, രണ്ടാം പതിപ്പ്, 1987, പു. 11). 'പറങ്കികളുടെ കാലത്ത് റോമ്മാ മതത്തിലേക്ക് സുറിയാനിക്കാരിൽ ഒരു വലിയ വിഭാഗം ചേർന്നുനിന്ന കൂട്ടത്തിൽ ആർത്താറ്റ് ഇടവകയിലും ആ കക്ഷികൾ ഉണ്ടാകാതെയിരുന്നില്ല. റോമ്മാക്കാരുടെ ബലവും സ്വാധീനവും മൂലം അവരെ പള്ളിയിൽ നിന്നിറക്കാൻ കഴിഞ്ഞില്ല. എങ്കിലും റോമ്മാക്കാരും സുറിയാനിക്കാരും തമ്മിൽ ഉണ്ടായിരുന്ന വിരുദ്ധം മൂത്ത് പള്ളി വളരെക്കാലത്തോളം ശുശ്രൂഷ കൂടാതെ പൂട്ടിക്കിടക്കേണ്ടി വന്നു (ഇടവകപത്രിക, 1905 ചിങ്ങം, പുസ്തകം 4).

പാലൂർ – ചാട്ടുകുളങ്ങര പള്ളി പൂട്ടിക്കിടന്നിരുന്നതിനാൽ ശക്രള്ളാ മഫ്രിയാനയും മറ്റും കുന്നംകുളം ചിറളയം മാർ ലാസറസ് പള്ളിയിലാണ് താമസിച്ചത്. തലപ്പള്ളി രാജാവായ ചിറളയം തമ്പുരാന്റെ സംരക്ഷണം അദ്ദേഹത്തിന് ലഭിച്ചു. ഏതാനും മാസങ്ങൾക്കു ശേഷം മഫ്രിയാന കൊച്ചിയിലെത്തി മട്ടാഞ്ചേരിയിൽ സ്വന്തമായി ഒരു പള്ളി പണിയിച്ച് അവിടെ പാർത്തു.

4-ാം മാർത്തോമ്മായുടെ കാലം മുതൽ വിവാദങ്ങളെത്തുടർന്ന് പട്ടമേൽക്കുവാൻ വിസമ്മതിച്ചിരുന്ന അനേകർ പുതിയ മെത്രാന്മാരിൽ നിന്ന് പട്ടമേൽക്കുവാൻ തയാറായതോടെ അഞ്ചാം മാർത്തോമ്മാ പരിഭ്രാന്തനായി. ഡച്ചു സർക്കാരിലെ ബാധ്യത തീർന്നതോടെ മെത്രാൻ സ്വതന്ത്രനായി. പുതിയ മെത്രാന്മാരുടെ അനധികൃത പട്ടംകൊടയെപ്പറ്റി മാർത്തോമ്മാ മെത്രാൻ കൊടുത്ത പരാതിയെത്തുടർന്ന് ഡച്ചു സർക്കാരിന്റെ മധ്യസ്ഥതയിൽ ശക്രള്ളാ മഫ്രിയാനയും 5-ാം മാർത്തോമ്മായും തമ്മിൽ ഒരു ഉടമ്പടി രൂപംകൊണ്ടു. ".... മാർത്തോമ്മായുടെ അനുമതി കൂടാതെ മാർ ബസ്സേലിയോസ് പട്ടക്കാരെയും ശെമ്മാശന്മാരെയും വാഴിക്കുന്നതല്ല. തോമസ് എപ്പിസ്കോപ്പായിൽ നിന്ന് പട്ടക്കടലാസ് ഇല്ലാതെ ഒരാൾക്കും പട്ടം കൊടുത്തു കൂടാ....." (സെമിനാരി കേസ് ഡയറി, എക്സിബിറ്റ്സ് ഭാഗം 2, പു. 258, 259. പാറേട്ട്, *മലങ്കര നസ്രാണികൾ വാല്യം 3*, പു. 29). ഇതാണ് 1754 ധനു 18-ന് രൂപംകൊണ്ട പ്രധാന വ്യവസ്ഥ. ഈ ഉടമ്പടിയിൽ മാർത്തോമ്മാ മെത്രാൻ തൃപ്തനായില്ല. സ്ഥാനവിവാദങ്ങൾ മൂലവും കൂനൻകുരിശ് സത്യത്തോട് പുറംതിരിഞ്ഞു റോമിനോട് അനുരഞ്ജനശ്രമം നടത്തിയതും അദ്ദേഹത്തെ ജനങ്ങളിൽ നിന്ന് ഒറ്റപ്പെടുത്തി.

1751-ൽ വന്ന വിദേശ സഭാധ്യക്ഷന്മാരെ അന്ത്യോഖ്യാ പാത്രിയർക്കീ

സ് അയച്ചതാണെന്ന് വരുത്തിത്തീർക്കുവാൻ ചമച്ച വ്യാജരേഖകളെ നാം കണ്ടു. വാസ്തവത്തിൽ ഇവർ ആരാണ്?

ഈ വിദേശ മെത്രാന്മാർ വേദവിപരീതികൾ ആയിരുന്നുവെന്ന് അഞ്ചാം മാർത്തോമ്മാ മെത്രാൻ സുറിയാനിക്കാരോട് പറയുമായിരുന്നു (പ്രൊഫ. ജോർജ്ജ് മേനാച്ചേരി, ദി സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപ്പീഡിയ ഓഫ് ഇന്ത്യ, പു. 45).

ലോകസഭകളെപ്പറ്റി സൂഷ്മവിവരം സമ്പാദിച്ചിരുന്ന കരിയാറ്റിൽ ജോസഫ് മല്പാൻ 'വേദതർക്കം' എന്ന കൃതിയിലെഴുതിയ പരാമർശം വർത്തമാനകാല സാക്ഷ്യം എന്ന നിലയിൽ അവഗണിക്കാനാവില്ല: 'അവർ തുലുക്കന്റെ നാട്ടിൽ അല്ലാ പിന്നെയോ... തുലുക്കന്റെ കീഴ്വഴങ്ങിയ അർമ്മീനിയാ രാജ്യത്തിൽ നിന്നും വന്നു എന്ന് നിർണ്ണയം തന്നെ. അത് എന്നതായ്? അവർ നടക്കുന്ന ഭാഷയും പ്രകൃതിയും സൂക്ഷിച്ചാൽ അറിയാമല്ലോ" (ഡോ. സാമുവേൽ ചന്ദനപ്പള്ളി, *മിഷനറി ഗദ്യമാതൃകകൾ*, പു. 110. ഈ രചനകൾ കർസോനിയിൽ എഴുതപ്പെട്ടവയാണ്).

മാർ ഗ്രീഗോറിയോസിന്റെ പള്ളിക്രമങ്ങളുടെ ബൃഹത്തായ ഒരു പതിപ്പ് തൊഴിയൂരിലുള്ളത് ഈ ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട്. അതിൽ കശ്ശീശായുടെ പട്ടംകൊട പ്രഖ്യാപനവാക്യം കഴിഞ്ഞ ഉടനെ തിരുശരീരവും തിരുരക്തവും അടങ്ങിയ കാസാ പീലാസാകൾ ഒരു പ്രത്യേക വാക്യം ചൊല്ലി അഭിനവ കശ്ശീശായെ ഏല്പിക്കുന്ന ചടങ്ങ് രേഖപ്പെടുത്തിയിട്ടുണ്ട്. ആചാര്യൻ പട്ടം കെട്ടപ്പെട്ട് കഴിഞ്ഞാൽ തലയ്ക്കു ചുറ്റും ധൂപം ആഘോഷിച്ച് വീശുന്ന ഒരു ചടങ്ങ് ഈ പട്ടംകൊട പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. പട്ടമേറ്റ കശ്ശീശായ്ക്കു സ്ഥാനചിഹ്നങ്ങളായി സ്ലീബാ, ഏവൻഗേലിയോൻ, ഐക്കൺ, തിരുശേഷിപ്പ് പേടകം എന്നിവ നൽകുവാൻ ഈ ക്രമത്തിൽ നിർദ്ദേശമുണ്ട്.

1789-ന് മുമ്പ് മലങ്കരയിൽ കൂദാശാനുഷ്ഠാനങ്ങൾ നടത്തുമ്പോൾ കാപ്പാ ധരിച്ചിരുന്നില്ല. 1789-ൽ പുത്തൻകാവിൽ ചേർന്ന ഒരു സമ്മേളനത്തിലാണ് കാപ്പാ ധരിക്കണമെന്ന് തീരുമാനമുണ്ടായത്. കാപ്പാ ധരിക്കാതെ കുർബ്ബാന ചൊല്ലുന്ന സമ്പ്രദായം കോപ്റ്റിക്ക് സഭയിലുണ്ട് (പാറേമ്മാക്കൽ തോമ്മാ കത്തനാർ, *വർത്തമാനപുസ്തകം,* പു. 74).

കാട്ടുമങ്ങാട്ട് കുരിയൻ ശെമ്മാശന് കശ്ശീശാ പട്ടം നൽകിയപ്പോൾ ശക്രള്ളാ മഫ്രിയാന അഭിനവ കശ്ശീശായെ കൂറിലോസ് കശ്ശീശാ എന്ന് പ്രഖ്യാപിച്ചു. തുടർന്ന് അദ്ദേഹം തന്റെ ഔദ്യോഗിക നാമമായി സ്വീകരിച്ചത് കൂറിലോസ് കശ്ശീശാ എന്ന നാമമാണ്. അദ്ദേഹം പകർത്തിയെഴുതിയ കുർബ്ബാന തക്സാകളിൽ മൂന്നിലധികം സ്ഥലങ്ങളിൽ പകർത്തിയെഴുത്തുകാരൻ കൂറിലോസ് കശ്ശീശായാണെന്ന് സ്വന്തനാമം രേഖപ്പെടുത്തിയിട്ടു

ണ്ട്. സുറിയാനി പാരമ്പര്യത്തിൽ കൂറിലോസ് എന്നത് എപ്പിസ്ക്കോപ്പൽ നാമമാണ്, അതൊരു കശ്ശീശാ സ്ഥാനത്തിന് നൽകാറില്ല. സിറിയൻ പാരമ്പര്യത്തിൽ കുറിയാക്കോസ് എന്നേ ആക്കൂ. തന്മൂലം ശാക്രള്ളാ മഫ്രിയാനയ്ക്ക് സിറിയൻ പാരമ്പര്യമല്ല ഉള്ളത് എന്ന് വ്യക്തം.

ശാക്രള്ളാ മഫ്രിയാന കാട്ടുമങ്ങാട്ട് കൂറിലോസ് കശീശായ്ക്ക് മാർ ഗീവർഗ്ഗീസ് സഹദായുടെ തിരുശേഷിപ്പുകൾ നൽകിയതായും അദ്ദേഹം അത് തൊഴിയൂർ പള്ളിയിൽ സ്ഥാപിച്ചതായും തൊഴിയൂർ ആർക്കൈവ്സിലെ ഒരു കൈയെഴുത്തുഗ്രന്ഥത്തിൽ ഈ ഗ്രന്ഥകാരൻ വായിച്ചിട്ടുണ്ട്. മാർ ഗീവറുഗ്ഗീസ് സഹദായുടെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിട്ടുള്ളത് കോപ്റ്റിക് സഭയിലെ സെന്റ് ജോർജ്ജ് കത്തീഡ്രലിൽ ആണ്. ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിഗമനങ്ങൾ സാധ്യമാണ്.

1. മാർ ശാക്രള്ളാ പേർഷ്യൻ സഭയുമായി ബന്ധമുള്ള പേർഷ്യൻ മഫ്രിയാന ആണ്.

2. സംഘത്തിലെ പ്രധാനിയായ മാർ ഗ്രീഗോറിയോസ് അർമ്മീനിയൻ പാരമ്പര്യമുള്ള മെത്രാൻ ആണ്.

3. ജൂനിയർ ആയ മാർ ഈവാനിയോസ് സിറിയൻ സഭയിലെ മെത്രാനാണ്. രണ്ട് സീനിയർ മേല്പട്ടക്കാരും നിര്യാതരായതിനു ശേഷം ഇദ്ദേഹം സിറിയൻ സമ്പ്രദായങ്ങൾ മലങ്കരയിൽ നടപ്പാക്കുവാൻ ഉത്സാഹിച്ചു.

വിദേശ മെത്രാന്മാരുമായുള്ള ഉടമ്പടി അസ്വീകാര്യമാവുകയും റോമ്മുമായി അനുരഞ്ജനപ്പെടുവാനുള്ള ശ്രമം വിഫലമാവുകയും ചെയ്തതോടെ 5-ാം മാർത്തോമ്മാ നിരാശനായി. പകലോമറ്റം കുടുംബ പാരമ്പര്യം നിലനിർത്തുവാൻ ഒരൊറ്റ വഴിയേ അദ്ദേഹം കണ്ടുള്ളൂ. അനന്തരവനെ മെത്രാനാക്കുക. അതദ്ദേഹം ചെയ്തു. കൊല്ലം 936-ൽ (1760) മാർത്തോമ്മാ മെത്രാൻ തന്റെ അനന്തരവനെ ആറാം മാർത്തോമ്മാ എന്ന എപ്പിസ്കോപ്പൽ നാമത്തിൽ നിരണത്തു വച്ച് വാഴിച്ചു (ഇട്ടൂപ്പ് റൈട്ടർ, പു. 129).

1764 കൊല്ലം 929 തുലാം 9 ന് മാർ ബസ്സേലിയോസ് ശാക്രള്ളാ മഫ്രിയാന കണ്ടനാട് വച്ച് കാലം ചെയ്തു. അവിടെ അടക്കപ്പെട്ടു. നാലാം മാർത്തോമ്മായുടെ കാലത്ത് ആരംഭിച്ച ഭിന്നത അഞ്ചാം മാർത്തോമ്മായുടെ കാലത്ത് വളർന്ന് ആറാം മാർത്തോമ്മായുടെ കാലത്ത് സഭയിലൊരു പ്രതിസന്ധിക്ക് കാരണമായി. 1765 ൽ 6-ാം മാർത്തോമ്മാ സംഭവ ബഹുലമായ അദ്ദേഹത്തിന്റെ ഭരണം ആരംഭിച്ചു.

### E. ആറാം മാർത്തോമ്മാ (വലിയ മാർ ദീവന്നാസ്യോസ്)

1728 മുതൽ 1765 വരെയുള്ള 37 വർഷം 5-ാം മാർത്തോമ്മാ സഭാ ഭരണം നിർവ്വഹിച്ചു. 1765-ൽ അദ്ദേഹം അന്തരിച്ചു. മെയ് 8 ന് അദ്ദേഹം നിരണം

വലിയപള്ളിയിൽ കബറടക്കപ്പെട്ടു. പൂർവ്വിക മലങ്കരസഭയിലെ വിഭജന ങ്ങൾ ആറാം മാർത്തോമ്മാ മെത്രാനെ ദുഃഖിപ്പിച്ചു. മാതൃ താവഴി മുഖേന അദ്ദേഹത്തിന് മെത്രാൻ സ്ഥാനം ലഭിച്ചുവെങ്കിലും ആ പകലോമറ്റം മെത്രാൻ കുറവിലങ്ങാട് കത്തോലിക്കാ ഇടവകയിൽ ജനിച്ച് വളർന്ന പൈ തൃകത്തിന്റെ ഉടമ ആയിരുന്നതിനാൽ സഭാപരമായ കടുംപിടുത്തങ്ങ ളൊന്നും അദ്ദേഹത്തെ അലട്ടിയില്ല. അനുരഞ്ജനത്തിന്റെ സംസ്കാര മാണ് അദ്ദേഹത്തിന്റെ മുഖമുദ്രയായി കണക്കാക്കാവുന്നത്. നാലാം മാർ ത്തോമ്മായുടെ കാലം മുതൽ സ്ഥാന സാധുതയെ ചൊല്ലി ഉണ്ടായ വിവാ ദങ്ങൾ അവസാനിപ്പിക്കുവാനാണ് ആദ്യം അദ്ദേഹം ശ്രമിച്ചത്. 1751-ൽ വന്ന അധ്യക്ഷന്മാരിൽ മഫ്രിയാന കാലം ചെയ്തിരുന്നുവെങ്കിലും മറ്റു രണ്ടു പേർ അവശേഷിച്ചിരുന്നു. അവരുടെ കൈവെപ്പ് സ്വീകരിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. "..... പള്ളി എടപെട്ടും ജാതിമര്യാദ എടപെട്ടും ഉള്ള കാര്യങ്ങളൊക്കെയും കീഴ്മര്യാദ നടന്നു വന്നതിൻവണ്ണം നടന്നു കൊള്ളത്തക്കവണ്ണം കല്പിച്ച് നീട്ടും സമ്പ്രയ്യൻ ദളവായുടെ സാധനവും വാങ്ങിച്ച് ദൈവസഹായത്താൽ ഏറിയ ബഹുമാനത്തോടുകൂടെ പള്ളിക ളിലൊക്കെയും ചെന്ന് വിചാരിച്ച് സ്ഥാനികളായിട്ടും ഇടപ്രഭുക്കളായിട്ടും ഉള്ള ആളുകളെ കണ്ടും പറഞ്ഞും നടത്തിവരുമ്പോൾ" (*നിരണം ഗ്രന്ഥ വരി,* പു. 90, 91) തന്നെ ആദ്യം സ്വന്തം ക്യാമ്പിലെ ഭിന്നതകൾ പരിഹരി ക്കുവാൻ അദ്ദേഹം മുൻകൈ എടുത്തത് അഭിനന്ദനീയം തന്നെ. സുറി യാനി സഭയിൽ അവിടവിടെ രൂപപ്പെട്ട പ്രാദേശിക ഗ്രൂപ്പുകളെ നിശ ബ്ദമാക്കുവാൻ ഈ യത്നം അനിവാര്യവുമായിരുന്നു. നിരണം പള്ളി യിൽ വച്ച് മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസിന്റെ സഹകരണ ത്തിൽ 1770 മിഥുനം 29 ന് 6-ാം മാർത്തോമ്മായെ മാർ ദീവന്നാസ്യോസ് എന്ന സ്ഥാനപ്പേരിൽ മെത്രാനായി വാഴിച്ചു. ഇതോടെ വിദേശ മെത്രാന്മാ രോടും സുറിയാനിസഭയിലെ ഗ്രൂപ്പുകളോടും അദ്ദേഹം ഐക്യപ്പെട്ടു. അതോടെ സഭയിലെ സ്ഥാന വിവാദങ്ങൾ അവസാനിച്ചു.

മാർ ദീവന്നാസ്യോസിന് വിദേശ മെത്രാന്മാർ നൽകിയ സുസ്താത്തി ക്കോൻ കണ്ടതായോ പരിശോധിച്ചതായോ യാതൊരു ചരിത്രകാരനും നാളിതുവരെ അവകാശപ്പെട്ടിട്ടില്ലെങ്കിലും ആ സുസ്താത്തിക്കോൻ 5-ാം മാർത്തോമ്മായ്ക്ക് കൊടുക്കുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസ് അയച്ച താണെന്ന് ഐതിഹ്യത്തിന്റെ ഭാഗമായി, ചരിത്രകാരന്മാർ ചേരുംപടി ചേർ ത്തെഴുതിയിട്ടുണ്ട്. എന്നാൽ 1751-ലെ സഭാധ്യക്ഷന്മാരിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് യാതൊരു പങ്കാളിത്തവും ഉണ്ടായിട്ടില്ലെന്ന് മുൻ ചർച്ച യിൽ വ്യക്തമാക്കപ്പെട്ടതോടെ അന്ത്യോഖ്യൻ പാത്രിയർക്കീസ് കൊടുത്ത യച്ചതായി ഐതിഹ്യം പറയുന്ന സുസ്താത്തിക്കോന്റെ കഥ പില്ക്കാല സൃഷ്ടിയാണെന്ന് വ്യക്തമാണ് (ആ സുസ്താത്തിക്കോൻ എവിടെയുണ്ടെ ന്ന് ആരും പറഞ്ഞിട്ടില്ല. 1665 ലെ ഗ്രീഗോറിയോസ് മുതലുള്ളവരുടെ പല

സുസ്താത്തിക്കോനുകളും ശേഖരിച്ചു വച്ചിട്ടുള്ള തൊഴിയൂർ ഗ്രന്ഥപ്പുരയിൽ ഇപ്രകാരമൊരു സുസ്താത്തിക്കോൻ ഇല്ല (ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും* എന്ന ഗ്രന്ഥത്തിന്റെ 352–355 പുറങ്ങളിൽ ഈ ഗ്രന്ഥകാരൻ ചർച്ച ചെയ്തിട്ടുണ്ട്). 1770–ൽ സ്ഥാന സാധുതയുടെ പ്രശ്നം രമ്യമായി പരിഹരിച്ചശേഷം സർക്കാരിന്റെ പ്രീതിയും പിന്തുണയും അദ്ദേഹം നേടി. “മാർത്തോമ്മാ മെത്രാൻ (നിശ്ചിത സംഖ്യ) സർക്കാരിൽ അടിയറ തീർത്ത് പ്രീതി വരുത്തി” എന്ന് ഈ ശ്രമത്തെ ഇട്ടൂപ്പ് റൈട്ടർ വിവരിച്ചിട്ടുണ്ട് (പു. 130). അങ്ങനെയാണ് സർക്കാരിന്റെ നീട്ടും ദളവായുടെ സാധനവും (ഉത്തരവും) ലഭിച്ചത് (മുൻ ഖണ്ഡിക കാണുക).

സുറിയാനി സഭയിൽ ഐക്യമായി. സർക്കാരിന്റെ പ്രീതിയുമായി. അടുത്തശ്രമം കത്തോലിക്കാ വിഭാഗവുമായുള്ള ഐക്യമാണ്. അവിഭക്ത മലങ്കരസഭയുടെ മെത്രാനാവുക എന്ന സ്വപ്ന സാക്ഷാത്കാരത്തിന് അതൊരനിവാര്യതയായിരുന്നു. പകലോമറ്റം കുടുംബവാഴ്ചയ്ക്കെതിരായി അങ്ങിങ്ങു നടക്കുന്ന വിയോജിപ്പുകളുടെ മുനയൊടിക്കുവാൻ ഈ ഐക്യത്തിന് കഴിഞ്ഞേക്കുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. കുറവിലങ്ങാട് കത്തോലിക്കാ ഇടവകയുടെ പൈതൃകമുള്ള അദ്ദേഹത്തിന് ഇക്കാര്യത്തിൽ കൂനൻകുരിശ് സത്യം ഒരു പ്രതിബന്ധമായിരുന്നില്ല. റോമ്മിലേക്ക് അദ്ദേഹം അയച്ച ആദ്യ അപേക്ഷയ്ക്ക് (വരാപ്പുഴ മെത്രാപ്പോലീത്താ മുഖേന അയച്ചത്) റോം 1771 ആഗസ്റ്റ് 31–ന് മറുപടി നൽകി. പ്രോനോട്ടറി എന്ന പദവിയും സഭയുടെ ലൗകിക അധികാരവും നൽകുന്ന ഓഫർ അദ്ദേഹം നിരസിച്ചു.

1772–ൽ അദ്ദേഹം രണ്ടാം ശ്രമം നടത്തി. ഇതിന് വരാപ്പുഴ മെത്രാൻ മുഖേന റോം നൽകിയ മറുപടിയിൽ ലൗകികാധികാരത്തോടൊപ്പം ഉപജീവനബത്തയായ 100 സ്ക്കൂദി വാർഷിക അലവൻസ് വാഗ്ദാനം ചെയ്തു. 6–ാം മാർത്തോമ്മായ്ക്ക് ഇതും സ്വീകാര്യമായില്ല. മൂന്നാം ശ്രമം കരിയാറ്റി യൗസേപ്പ് മല്പാൻ മുഖേന ആയിരുന്നു. “അച്ചൻ (6–ാം മാർത്തോമ്മാ) നിരണത്തിരിക്കുമ്പോൾ മല്പാനും ശിഷ്യനും കൂടെ 953 ചിങ്ങം 30 ന് വന്ന് റോമ്മായ്ക്ക് എഴുത്തും വാങ്ങിക്കൊണ്ടുപോയതിന്റെ ശേഷം ഇടവമാസത്തിൽ കരിയാറ്റിൽ മല്പാനും പാറേമ്മാക്കൽ തോമ്മാ കത്തനാരും അല്ലാതെ രണ്ടു കത്തങ്ങളും വാലിഭക്കാരും കൂടെ റോമ്മായ്ക്ക് പോയി” (*നിരണം ഗ്രന്ഥവരി,* പു 81). മല്പാൻ വശം കൊടുത്തയച്ച കത്ത് മെക്കൻസിയുടെ *ക്രിസ്ത്യാനിറ്റി ഇൻ ട്രാവൻകൂർ* എന്ന കൃതിയിലും ടി. കെ. വേലുപ്പിള്ള തയ്യാറാക്കിയ *ദി ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ* എന്ന കൃതിയുടെ രണ്ടാം പതിപ്പിലും, വിവർത്തനം *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും* എന്ന കൃതിയിലും (പു. 357–59) ഫാ. ഇഞ്ചക്ക

ലോടിയുടെ *മാർ ഈവാനിയോസ്* എന്ന ഗ്രന്ഥത്തിലും (പു. 220-22) ഉണ്ട്. റോമ്മിന്റെ നിർദ്ദേശപ്രകാരം ഗോവൻ ബിഷപ്പ് റോമ്മിൽ നൽകിയ അന്വേഷണ റിപ്പോർട്ടിൽ മാർത്തോമ്മായെ മെത്രാനടുത്ത അധികാരത്തോടുകൂടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തു. തദനുസരണം നടപടികൾക്കായി റോം കരിയാറ്റിൽ മെത്രാപ്പോലീത്തായെ അധികാരപ്പെടുത്തി. കൊച്ചിയിലെ കത്തോലിക്കാ മെത്രാനും അനുയായികൾക്കും കരിയാറ്റി മല്പാന്റെ (അദ്ദേഹം മെത്രാപ്പോലീത്താ ആയി സ്ഥാനമേറ്റിരുന്നു) ശ്രമം സഫലമാകുന്നത് സമ്മതമല്ലായിരുന്നു. മാർഗ്ഗമദ്ധ്യേ 1786-ൽ ഗോവയിൽ വച്ച് ദുരൂഹസാഹചര്യത്തിൽ കരിയാറ്റി മെത്രാൻ ചരമമടഞ്ഞു. ഈ യാത്രയുടെ ഫലമായി മലയാളത്തിലെ പ്രഥമ യാത്രാവിവരണ സാഹിത്യകൃതി - *വർത്തമാന പുസ്തകം* - മലയാളത്തിന് ലഭിച്ചത് മാത്രം മിച്ചമായി.

## F. കാട്ടുമങ്ങാട്ട് കൂറിലോസ്

കാട്ടുമങ്ങാട്ട് കൂറിലോസ് സഭാചരിത്രത്തിലേക്ക് വിവാദകോലാഹലങ്ങളോടെ പ്രവേശിക്കുന്നത് 6-ാം മാർത്തോമ്മായുടെ കാലത്താണ്. കല്ലടമുത്തൻ എന്ന പേരിൽ മദ്യലഹരിയിൽ കല്ലടയാറ്റിൽ വീണ് മരിച്ച അന്ത്രയോസിന്റെ രണ്ടു സഹോദരങ്ങളിൽ ഒരാൾ പിറവത്തും അപരൻ മുളന്തുരുത്തിയിലും കപ്യാർ ജോലി സ്വീകരിച്ച് ഉപജീവനം നടത്തി. മുളന്തുരുത്തിയിലെ ശുശ്രൂഷകർ അവിടത്തെ പാലത്തിങ്കൽ കുടുംബത്തിൽ നിന്ന് വിവാഹം കഴിച്ചു. അയാൾക്ക് രണ്ടു പുത്രന്മാർ ജനിച്ചു. മൂത്തയാൾ കണ്ടനാട്ടും അനുജൻ കാട്ടുമങ്ങാട്ടും താമസിച്ചു. ഇതാണ് കാട്ടുമങ്ങാട്ട് കുടുംബചരിത്രം. അതിൽ ഒരു അബ്രഹാമിന് ജനിച്ച പത്തു മക്കളിൽ (എട്ട് ആണ്, രണ്ട് പെണ്ണ്) അഞ്ചാമൻ ആണ് കാട്ടുമങ്ങാട്ടു കൂറിലോസ് എന്ന് പിൽക്കാലത്ത് അറിയപ്പെട്ട കുരിയൻ (കാട്ടുമങ്ങാട്ട് യോഹന്നാൻ എഴുതിവച്ച കൈയെഴുത്ത് കുടുംബചരിത്രത്തിൽ കാണുന്ന വംശാവലി തൊഴിയൂരിന്റെ സഭാചരിത്രമെഴുതിയ ഫാ. കെ. സി വർഗ്ഗീസ് പകർത്തിയെഴുതിയപ്പോൾ കുരിയൻ എന്ന് ചേർത്ത് ബ്രാക്കറ്റിൽ അബ്രഹാം എന്ന് കൂട്ടിച്ചേർത്തെഴുതിയിട്ടുണ്ട്). കുരിയനും സഹോദരൻ ഗീവർഗ്ഗീസും പള്ളിശുശ്രൂഷകർ എന്ന നിലയിൽ മുളന്തുരുത്തി പള്ളിയിലെ മല്പാൻ പാഠശാലയിൽ പഠിപ്പിച്ചിരുന്ന വൈദിക വിദ്യാർത്ഥികൾക്ക് സുപരിചിതർ ആയിരുന്നു. ഈ പള്ളിക്കൂടത്തിൽ മാർ ഈവാനിയോസ് (ഇദ്ദേഹത്തെയാണ് 1751-ൽ സർക്കാർ ഇടപെട്ട് കൊച്ചിയിൽ നിന്ന് സ്വദേശത്തേക്ക് മടക്കി അയച്ചത്) അദ്ധ്യാപകനായിരിക്കേ ഈ ബാലന്മാർ അദ്ദേഹത്തിന്റെ പരിചരണത്തിനായി നിയോഗിക്കപ്പെടുകയും സ്വല്പം അറബിയും സ്വല്പം സുറിയാനിയും പള്ളിക്രമങ്ങളും വശമാക്കുകയും ചെയ്തു. മട്ടാഞ്ചേരിയിൽ താമസമാക്കിയ ശക്രള്ളാ മഫ്രിയാനയെ കുരിയനും മുളന്തുരുത്തിയിൽ താമസിച്ച ഗ്രീഗോറിയോസിനെ ഗീവർഗ്ഗീസും പരിചരിക്കുകയും

ദ്വിഭാഷിയുടെ ജോലിയിലേർപ്പെടുകയും അചിരേണ ശെമ്മാശ്, കശ്ശീശാ പട്ടങ്ങൾ സ്വീകരിക്കുകയും ചെയ്തു. ബെന്യാമിൻ, യാക്കോബ് എന്ന് പേരുകളുള്ള സഹോദരങ്ങൾ ഉൾപ്പെട്ട ആ കുടുംബത്തിൽ നിന്ന് നാലു വൈദികർക്ക് ശക്രുള്ളാ ബാവാ കശ്ശീശാ സ്ഥാനം നൽകി. ഇടവകയുടെ യോഗക്കുറിയോ സമ്മതപത്രമോ മലങ്കരമെത്രാന്റെ നിയോഗമോ കൂടാതെ പട്ടമേല്ക്കുന്നവർക്ക് അക്കാലങ്ങളിൽ പള്ളികളിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. കപ്യാർ പാരമ്പര്യമുള്ള കുടുംബത്തിലെ വൈദികരെ സഹപ്രവർത്തകരായി പരിഗണിക്കുവാൻ പുരാതന ഇടവകയായ മുളന്തുരുത്തിയിലേയും സമീപ ദേവാലയങ്ങളിലെയും കുലീന പാരമ്പര്യത്തിന്റെ അവകാശികളായ വൈദികർ വിസമ്മതിക്കുകയും ചെയ്തതുകൊണ്ടാവാം അവരെ സഹായിക്കുവാൻ ആരും സന്നദ്ധരായതുമില്ല. 1763 ൽ അദ്ദേഹം കാലംചെയ്തതോടെ അവരുടെ നില പരുങ്ങലിലായി. 1767–ൽ നിർജ്ജനമായ തേവനൽ മലമ്പ്രദേശത്ത് - മുളന്തുരുത്തിയ്ക്കു സമീപം - മാർ ബഹനാം സഹദായുടെ നാമത്തിൽ ഒരു ദയറായും പള്ളിയും സ്ഥാപിച്ച് അവിടെ അവർ ജീവിച്ചുപോന്നു. പ്രാചീന ഇടവകകളിലെ ഇടവകപട്ടക്കാരുടെ നിലപാടിൽ മനംനൊന്ത് വനവാസം സ്വീകരിക്കുവാൻ പ്രേരിതരായ ഈ സന്യാസവൈദികർ ദയറായിലിരുന്ന് സുറിയാനി കയ്യെഴുത്ത് പുസ്തകങ്ങൾ പകർത്തിയെഴുതുക, ആദിവാസി വൈദ്യന്മാരോട് സമ്പർക്കം പുലർത്തി അവരുടെ ചികിത്സാവിധികളും ഒറ്റമൂലികളെപ്പറ്റിയുള്ള അറിവുകളും സമ്പാദിക്കുക, മന്ത്രവാദ ചികിത്സാവിധികൾ പരിശീലിക്കുക, ആവശ്യാനുസരണം സമീപ ഇടവകകളിലെ വൈദികരെ സഹായിക്കുക – അങ്ങനെ കാലം കഴിച്ചു കൂട്ടി. അഞ്ചാം മാർത്തോമ്മാ കാലം ചെയ്തതും ആറാം മാർത്തോമ്മാ ഭരണത്തിൽ പ്രവേശിച്ചതും മാർ ദീവന്നാസ്യോസ് എന്ന പേരിൽ പട്ടമേറ്റതും അവർ സസൂഷ്മം ശ്രദ്ധിച്ചിരുന്നു.

മുളന്തുരുത്തി ഇടവകയിൽ പ്രവേശിക്കുന്നതിനുള്ള ശ്രമങ്ങൾ അവസാനിപ്പിച്ച് തേവനൽ തടത്തിൽ ദയറായും ദേവാലയവും പണിത് അവിടെ താമസം തുടങ്ങിയതോടെ സമീപ പ്രദേശങ്ങളിലെ കുടുംബസ്ഥരായ വൈദികരുടെ ആശങ്കകളും നീരസങ്ങളും ക്രമേണ അകന്നു. പല വിധ ചികിത്സകൾക്കായി മുളന്തുരുത്തി, കണ്ടനാട് പ്രദേശത്തുള്ള ആളുകൾ ചികിത്സ തേടി തേവനാൽ ആശ്രമത്തിലെത്തി. സർപ്പബാധ, ഭൂതബാധ തുടങ്ങിയ രോഗചികിത്സയിൽ കാട്ടുമങ്ങാട്ട് വൈദികർ ക്രമേണ പ്രസിദ്ധരായി.

ആറാം മാർത്തോമ്മാ നിരണം ആസ്ഥാനമാക്കി ഭരണം നിർവഹിച്ചുപോന്നു. മാർ ഈവാനിയോസ് ചെങ്ങന്നൂരിൽ താമസിച്ചുവന്നു. മട്ടാഞ്ചേരിൽ താമസിച്ചുവന്ന മാർ ഗ്രീഗോറിയോസ് ക്രമേണ അന്ധനായിത്തീർന്നു. നേത്രരോഗ ചികിത്സയ്ക്കായി കാട്ടുമങ്ങാട്ട് കൂറിലോസ് കത്തനാർ മാർ ഗ്രീഗോറിയോസിനെ മാർ ദീവന്നാസ്യോസിന്റെ അനുമതിയോടെ മുളന്തു

രുത്തിപ്പള്ളിയിലേക്ക് കൊണ്ടുവന്നു. വൃദ്ധനും അന്ധനുമായ മാർ ഗ്രീഗോറിയോസിന് അറബി സുറിയാനി ഭാഷകൾ അല്പാല്പം അറിയുന്ന ആളും വൈദ്യനും സരസനുമായ കൂറിലോസ് കത്തനാർ ഒരനുഗ്രഹമായി. ആ സൗഹൃദം അനുദിനം ശക്തിപ്പെട്ടു. കൂറിലോസ് കത്തനാർ, മാർ ഗ്രീഗോറിയോസിന്റെ ശുശ്രൂഷാർത്ഥം മുളന്തുരുത്തിപ്പള്ളിയിൽ താമസിക്കുന്നത് എല്ലാവർക്കും ഹിതകരമായിരുന്നു. അവിടെ വച്ച് 1772 വൃശ്ചികം 17 ന് കൂറിലോസ് കശ്ശീശായ്ക്ക് മാർ ഗ്രീഗോറിയോസ് ദയറോയൂസോയുടെ സ്ഥാനം നൽകി. മാർ ഗ്രീഗോറിയോസ് അന്ധനായിരുന്നതിനാൽ കാറ്റാടി കുരുവിള കത്തനാരാണ് ശുശ്രൂഷകൾ നടത്തിയത്. സ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ചത് മാർ ഗ്രീഗോറിയോസും. അതീവ രഹസ്യമായി നടന്ന ഈ ശുശ്രൂഷയെ മെത്രാൻസ്ഥാന ശുശ്രൂഷയെന്ന് പലരും തെറ്റായി പരാമർശിച്ചു. മരിക്കുന്നതിന് മുമ്പ് കൂറിലോസ് കശ്ശീശായെ ശക്രള്ളാ മഫ്രിയാന റമ്പാനാക്കിയിരുന്നു എന്ന പരാമർശവും ഉണ്ട്. ശാക്രള്ളാ ബാവാ 1764 –ൽ കാലം ചെയ്തതിനുശേഷം തേവനാൽ ആശ്രമത്തിൽ വച്ച് കാട്ടുമങ്ങാട്ട് കൂറിലോസ് 1769 ഡിസംബർ 19 ന് എഴുതി പൂർത്തിയാക്കിയ കൽദായ സുറിയാനി ലിപിയിലുള്ള കുർബാന തക്സായിൽ സ്വന്തം പേർ രേഖപ്പെടുത്തിയിരിക്കുന്നത് കൂറിലോസ് കശ്ശീശാ എന്നാണ്. 374 പുറങ്ങളുള്ള പുസ്തകത്തിൽ മാർ ഈവാനിയോസിന്റെ ക്രമം (പു. 296), യൂഹാനോൻ പാത്രിയർക്കീസിന്റെ ക്രമം (പു. 315), ക്സൊസ്ത്തോസിന്റെ ക്രമം (പു. 332) എന്നിങ്ങനെ മൂന്ന് വ്യത്യസ്ത ഭാഗങ്ങളിൽ കൂറിലോസ് കശ്ശീശാ എന്ന് സ്വന്തം പേർ രേഖപ്പെടുത്തിയ തക്സാ കോട്ടയം 'സീറി'യുടെ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട് (പുസ്തകത്തിന്റെ ഫോട്ടോകോപ്പി ഈ ഗ്രന്ഥകാരൻ സൂക്ഷിക്കുന്നു). തന്റെ ഗുരുനാഥൻ വിജ്ഞാനിയും സമർത്ഥനുമായ കോറെപ്പിസ്കോപ്പാ ആണെന്ന് സമാപനക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂറിലോസ് എന്നത് എപ്പിസ്കോപ്പൽ നാമമാണെന്ന ധാരണയിലും താൻ മെത്രാനാണെന്ന് അദ്ദേഹം പില്ക്കാലത്ത് അവകാശപ്പെടുന്നതിനാലും വ്യാജമായി ഒരാൾ മെത്രാൻ സ്ഥാനം അവകാശപ്പെടുകയില്ല എന്ന ബോധ്യത്തിലുമാണ് ചരിത്രകാരന്മാർ അദ്ദേഹത്തെ മെത്രാനെന്ന് വിശേഷിപ്പിച്ചിട്ടുള്ളത്. മാർ ഗ്രീഗോറിയോസിന്റെ വിൽപ്പത്രത്തിലും കൂറിലോസ് എന്ന പേരിനെ ആബൂൻ എന്നോ മാർ എന്നോ മെത്രാന്മാരെ വിശേഷിപ്പിക്കുന്ന ഏതെങ്കിലും പദം കൊണ്ടോ വിശേഷിപ്പിച്ചിട്ടില്ല. കൂറിലോസ് രണ്ടാമൻ തേവനൽ വച്ച് പകർത്തിയെഴുതിയ സുറിയാനി പുതിയ നിയമത്തിന്റെ ഒരു ഭാഗത്ത് വടിവൊത്ത മാറാനായ സുറിയാനി ലിപിയിൽ എഴുതിയ കുറിപ്പ് ഈ ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട്. അതിപ്രകാരമാണ്: "ജീവസമ്പൂർണ്ണമായ ഈ പുസ്തകം എഴുതിതീർന്നത് തേവനൽ മലയിലുള്ള മാർ ബഹനാൻ സഹദായുടെ ദയറായിൽ വച്ച് ക്രിസ്ത്വബ്ദം 1771 നീസാൻ (ഏപ്രിൽ) മാസം 16–ാം തീയതി ശനിയാഴ്ചയായിരുന്നു.....

ഈ പരിശുദ്ധമായ അദ്ധ്വാനത്തിനായി ക്ലേശിച്ചത്..... കർത്താവിന്റെ കൃപയാൽ ...... ഗീവർഗീസ് എന്ന് നാമധേയമുള്ളവനും ആയ ഒരാളാണ്. സമർത്ഥനും വിജ്ഞാനിയുമായ മാർ ബസ്സേലിയോസ് കാതോലിക്കായുടെ ശിഷ്യനും അദ്ദേഹത്താൽ പട്ടംകെട്ടപ്പെട്ടവനുമാണ് ഈ എഴുത്തുകാരൻ. ..... ആകയാൽ എന്റെ സഹോദരന്മാരെ, ക്രിസ്തീയ സ്നേഹത്താൽ നിങ്ങളോട് ഞാൻ അപേക്ഷിക്കുന്നു. അരിഷ്ടനായ എന്റെ ആത്മാവിന് വേണ്ടിയും വൈദികരായ എന്റെ സഹോദരൻ ബന്യാമിന്റെ ആത്മാവിന് വേണ്ടിയും യാക്കോബിന്റെ ആത്മാവിന് വേണ്ടിയും കൂറിലോസിന്റെ ആത്മാവിന് വേണ്ടിയും പാപമോചന വചനം ആശംസിക്കണമേ. അവർ ക്രിസ്ത്വബ്ദം 1767 ഈയോർ മാസം (മെയ്) 10-ാം തീയതി ബാഹ്യലോകം വിട്ട് മലയിലേക്ക് ഓടിപ്പോവുകയും മാർ ബഹനാമിന്റെ നാമത്തിൽ അവിടെ ഒരു ദയറാ പണിയുകയും ചെയ്തു. ഈ പുസ്തകം അവിടെ വച്ച് എഴുതപ്പെടുകയും മാർ ബഹനാമിന്റെ സഹായത്താൽ അവിടെത്തന്നെ പാർക്കയും ചെയ്തു. അദ്ദേഹത്തിന്റെ പ്രാർത്ഥന നമ്മോടുകൂടെയും അവരോടു കൂടെയും ഉണ്ടായിരിക്കട്ടെ" (പു. 37). ഈ പ്രസ്താവനയിൽ ഇളയ ബാവാ എന്ന് പില്ക്കാലത്ത് പ്രസിദ്ധനായ കാട്ടുമങ്ങാട്ട് ഗീവർഗീസ് കത്തനാർ തന്റെ ഗുരുവും ജ്യേഷ്ഠ സഹോദരനുമായ ആളെ മാർ എന്നോ, ആബൂൻ എന്നോ മെത്രാൻ എന്ന അർത്ഥത്തിൽ എപ്പിസ്കോപ്പാ എന്നോ മെത്രാപ്പോലീത്താ എന്നോ പരാമർശിക്കാതെ എല്ലാ വൈദികരെയും 'ബ്നായ് ക്ലീ റൂസ് (പൗരോഹിത്യത്തിന്റെ മക്കൾ) എന്ന് പൊതുവായിട്ടൊരു വിശേഷണമേ ഉപയോഗിച്ചിട്ടുള്ളൂ. മലബാർ സുറിയാനി സഭാചരിത്രകാരൻ ഫാ. കെ. സി വർഗ്ഗീസും കാട്ടുമങ്ങാട്ട് ബാവാമാരുടെ ജീവചരിത്രം എഴുതിയ എം. പി. കൊച്ചുമോനും ഇദ്ദേഹം മെത്രാൻസ്ഥാനം ഏറ്റത് '1767 ലോ അതിനു മുമ്പോ' (പു. 37) 1766-ൽ തന്നെയായിരുന്നു (പു. 26) എന്നാണ് യഥാക്രമം സിദ്ധാന്തിച്ചിട്ടുള്ളത്. 1767 ലോ 1766-ൽ തന്നെയോ മെത്രാൻ സ്ഥാനമേറ്റതായി ഈ ഗ്രന്ഥകാരന്മാർ വിശേഷിപ്പിക്കുന്ന കൂറിലോസ് 1769-ൽ താൻ പകർത്തിയെഴുതിയ കുർബ്ബാന തക്സായിൽ സ്വന്തം പേർ എഴുതുന്നത് കൂറിലോസ് കശ്ശീശാ എന്നാണ് എന്ന അറിവ് കാട്ടുമങ്ങാട്ട് കൂറിലോസിനെപറ്റി ഒരു പുനർവായന ആവശ്യമെന്ന് നമ്മെ നിർബ്ബന്ധിക്കുന്നു. കൂറിലോസ് എന്ന പേരാണ് ഭ്രമത്തിന് കാരണം. മെത്രാന്മാർക്ക് മാത്രമല്ല എല്ലാ വൈദികസ്ഥാനികൾക്കും ഇത്തരം പേരുകൾ നൽകുന്ന പതിവ് പല ലോകസഭകളിലുമുണ്ട്. യൽദൊ ബാവായുടെ പട്ടംകൊട ലിസ്റ്റിൽ ദീവന്നാസ്യോസ് ശെമ്മാശൻ (പട്ടംകൊട 1671), കൂറിലോസ് കശ്ശീശാ (പട്ടംകൊട 1676) എന്നിവരുടെ പട്ടംകൊടകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആ പതിവനുസരിച്ച് ശാക്രള്ളാ ബാവാ കശ്ശീശാ പട്ടംകൊടയിലോ ശെമ്മാശന്റെ പട്ടംകൊടയിലോ കുരിയൻ എന്ന പേരിനെ കൂറിലോസ് എന്ന് പ്രഖ്യാപിക്കുകയാണ് ചെയ്തത്. തക്സാ എഴുതുമ്പോൾ അദ്ദേഹം

റമ്പാനായിട്ടുണ്ടെങ്കിൽ സ്വന്തം പേർ ദയറോയോ കൂറിലോസ് എന്നാണ് രേഖപ്പെടുത്തേണ്ടിയിരുന്നത്. തന്മൂലം ശാക്രുള്ളാ അദ്ദേഹത്തെ റമ്പാനാക്കിയിരുന്നു എന്ന കഥ കെട്ടുകഥയുടെ ഭാഗമാകാനേ തരമുള്ളൂ. കൂറിലോസ് 1769-ലും 1771-ലും കശ്ശീശയായിരുന്നു എന്ന് സമകാല സാക്ഷ്യമുള്ളതിനാൽ 1772-ൽ അദ്ദേഹം സ്വീകരിച്ച സ്ഥാനം റമ്പാൻ സ്ഥാനമാകാനേ നിവർത്തിയുള്ളൂ. റമ്പാൻ സ്ഥാനത്തിന് പൗരോഹിത്യ നൽവരമില്ല. അത് നൽകുന്നതിന് കുർബ്ബാനാർപ്പണം പോലും ആവശ്യമില്ല. ചൊല്ലുന്നെങ്കിൽത്തന്നെ അതിലും സ്ഥാനദാനത്തിലും മേല്പട്ടക്കാരന്റെ കാർമ്മികത്വം ആവശ്യമില്ല. തന്മൂലം 1772-ലെ സ്ഥാനദാന ശുശ്രൂഷയിൽ കാറ്റാടി കുരുവിള റമ്പാൻ കുർബ്ബാന അർപ്പിച്ചു എന്ന പരാമർശം സത്യമാകാം. ഒരു ദയറാക്കാരന് മറ്റൊരാളെ ദയറായക്കാരനാക്കുവാൻ കാനോനികമായി അധികാരമുണ്ട്. ശുശ്രൂഷയുടെ അന്ത്യത്തിൽ സ്ഥാനവസ്ത്രം മാർ ഗ്രീഗോറിയോസ് വാഴ്ത്തിക്കൊടുത്ത് ധരിപ്പിച്ചിട്ടുണ്ടാകാം. മസ്നപ്സാ എന്ന ശിരോവസ്ത്രം മെത്രാന്റെ സ്ഥാനവസ്ത്രമെന്നു ഭ്രമിച്ച ആരെങ്കിലും അത് മെത്രാൻ സ്ഥാനദാന ശുശ്രൂഷയാണെന്ന് പരാമർശിച്ചിട്ടുണ്ടാകാം. ഈ സഭാചരിത്ര രഹസ്യം വന്ദ്യ കണിയാമ്പറമ്പിലച്ചന്റെ സഭാചരിത്രത്തിൽ ഇപ്രകാരം കാണുന്നുണ്ട്. “മാർ ഗ്രീഗോറിയോസ് ആണ് കാറ്റാടി കുരുവിള കത്തനാർക്കും ഇദ്ദേഹത്തിനും (കാട്ടുമങ്ങാട്ട് കുരിയൻ കത്തനാർ) റമ്പാൻ സ്ഥാനം നൽകിയതെന്ന് പാലപ്പിള്ളിലച്ചന്റെ സഭാചരിത്രത്തിൽ കാണുന്നു” (പു. 171).

സമകാല ചരിത്രരചനയായ *നിരണം ഗ്രന്ഥവരി*യിലെ പ്രസ്താവനയും ഇക്കാര്യം പ്രസ്പഷ്ടമാക്കുന്നുണ്ട്: “..... ഇക്കാര്യങ്ങളൊക്കെയും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും മാർ ഈവാനിയോസ് എപ്പിസ്കോപ്പായും കേൾക്കകൊണ്ട്, മുമ്പിലത്തെ കുഴപ്പങ്ങൾ തീർത്തു നടന്നു വരുമ്പോൾ പിന്നെയും ഇതിൻവണ്ണം ഉണ്ടായതിന് എന്ത് വേണ്ടൂ എന്ന് രണ്ടു പേരും കൂടി നിരണത്ത് പള്ളിയിൽ ചെന്ന് വിചാരിച്ച് വടക്കോട്ടു യാത്രയെന്ന് നിശ്ചയിച്ച് മശിഹാകാലം 1772-ന് കൊല്ലം 947-ാം മാണ്ട് മീനമാസം 12-ന് കണ്ടനാട് പള്ളിയിൽ ചെന്നിരുന്നതിന്റെ ശേഷം ഇക്കാര്യംകൊണ്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായോട് ചോദിപ്പാൻ .... ഏതാനും കത്തങ്ങളും മാപ്പിളമാരും മുളന്തുരുത്തിയിൽ ചെന്ന് അറിയിച്ചാറെ ‘ഞാൻ ഒന്നും ചെയ്തില്ല’ എന്ന് കല്പിച്ചതിനെ കേട്ട് ആളുകൾ പോരികയും ചെയ്തു” (പു. 91). ഗ്രന്ഥവരി തുടരുന്നു: “പിന്നത്തേതിൽ ഒരുത്തരെയും മുറിയിൽ കരേറ്റേണ്ടതില്ലെന്ന് ചട്ടംകെട്ടി പാർക്കുമ്പോൾ അദ്ദേഹത്തിന് ദീനമാകകൊണ്ട് കണ്ടനാട്ടേയ്ക്കു ഒരെഴുത്തെഴുതിയാറെ കൊടുത്തയച്ചതുമില്ല (പു. 91). ഒന്നര കിലോമീറ്റർ മാത്രം ദൂരെയുള്ള കണ്ടനാട്ട് പള്ളിയിൽ പാർക്കുന്ന മാർ ദീവന്നാസ്യോസിനും മാർ ഈവാനിയോസിനും കൊടുക്കുവാനായി മാർ ഗ്രീഗോറിയോസ് എഴുതിച്ച് കൊടു

ത്ത കത്ത് എന്തിനാണ് കൂറിലോസ് പൂഴ്ത്തിവച്ചത്? കാട്ടുമങ്ങാടന്റെ യഥാർത്ഥ വിവരങ്ങൾ ആ കത്തിലൂടെ വെളിപ്പെടുമെന്ന ഭയമാണ് കൂറിലോസിനെ അപ്രകാരം ചെയ്യുവാൻ പ്രേരിപ്പിച്ചത്. വീണ്ടും ഗ്രന്ഥവരി എഴുതുന്നു: "മശിഹാകാലം 1773-ന് ചെന്ന കൊല്ലം 948 മാണ്ട് മിഥുനമാസം 27-ന് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തു; മുളന്തുരുത്തിയിൽ വടക്കേ കബറുങ്കൽ അടങ്ങുകയും ചെയ്തു. കണ്ടനാട് സമീപം ആക കൊണ്ടും രണ്ടു പേർ (മാർ ദീവന്നാസ്യോസും, മാർ ഈവാനിയോസും) അവിടെ ഇരിക്കകൊണ്ടും എഴുത്തും ആളും ചെന്നില്ല. കാലം ചെയ്തതിന്റെ മൂന്നാം ദിവസം അത്രേ അറിവാൻ ഇടവന്നുള്ളൂ. ഉടൻതന്നെ സങ്കടമായിട്ട് മാർ ഈവാനിയോസ് എപ്പിസ്കോപ്പാ ചെന്നപ്പോൾ കബറടക്കിയിരിക്കുന്നതുകൊണ്ടും മറ്റേ ദേഹം (കൂറിലോസ്) മാളികയിൽ നിന്ന് എറങ്ങായ്ക കൊണ്ടും ഉടൻ കണ്ടനാടിന് പോരികയും ചെയ്തു" (പു. 91, 92). ഈ ചരിത്രങ്ങളിലെല്ലാം ദുരൂഹത നിറഞ്ഞുനില്ക്കുന്നു. ഈ ദുരൂഹതകൾക്കെതിരെ മറ്റു രണ്ടു മെത്രാന്മാരും പ്രതികരിച്ചു. ഗ്രന്ഥവരി തുടരുന്നു: "ഇപ്രകാരം കാട്ടുമങ്ങാടൻ ചെയ്തത് സങ്കടമെന്നും മുമ്പിൽ മുളന്തുരുത്തിയിൽ കബറടങ്ങിയ മാർ ഈവാനിയോസിന്റെയും മഫ്രിയാന മാർ ബസ്സേലിയോസിന്റെയും ഇപ്പോൾ ഗ്രീഗോറിയോസിന്റെയും മുതൽകാര്യങ്ങളും പുസ്തകങ്ങളും അടക്കിയിരിക്കകൊണ്ടും ബോധിപ്പിക്കേണ്ടുന്ന സ്ഥലങ്ങളിൽ ബോധിപ്പിച്ച് നില വരുത്തിയല്ലാതെ നമുക്കിവിടെ നിന്ന് പോയിക്കൂട എന്ന് ബാവാ (ഈവാനിയോസ്) കല്പിക്കകൊണ്ടും വരുത്തേണ്ടുന്ന ആളുകളെ ഒക്കെയും വരുത്തി വിചാരണ ചെയ്ത് തിരുവനന്തപുരത്തിന് കത്തങ്ങളെയും മാപ്പിളമാരെയും അയച്ച് തിരുമനസ്സറിയിച്ചാറെ പട്ടരുണ്ണി വലിയ സർവാധികാരിക്കാർക്ക് നീട്ട് വരിക കൊണ്ട് അദ്ദേഹം പെരുമ്പടപ്പിൽ ചെന്ന് തിരുമനസ്സ് അറിയിച്ചതിന്റെ ശേഷം കോട്ടയിൽ... ബോധിച്ച് ചെയ്തിരിക്കുന്നതാകകൊണ്ട് അവിടെവച്ച് തന്നെ കേട്ട് തീരുന്നു എന്ന കല്പന വന്ന് പിറത്തേട്ട് കത്തനാരും അയിപ്പ് കോരത്തരകനും മുതൽപേർ കൊച്ചിയിൽ ചെന്ന് കാട്ടുമങ്ങാടനെയും വരുത്തി കുമുദസലിൽ കേട്ടാറെ കീഴ്മര്യാദ ഇല്ലാത്തതാകകൊണ്ട് കാട്ടുമങ്ങാട്ട് കൂറിലോസിനെ മെത്രാന്മാരുടെ അടുക്കൽ കൂട്ടി അയക്കണമെന്നും മേലിൽ ഇപ്രകാരമുള്ള ദുഷ് പ്രയത്നം ചെയ്യരുതെന്നും നിശ്ചയിച്ച് കോട്ടയിൽ നിന്ന് കടുദാസും വല്യതമ്പുരാന്റെ തീട്ടൂരവും പാലിയത്തച്ചന്റെ നീട്ടും വാങ്ങിച്ച് കൊല്ലം 949-ാമാണ്ട് മിഥുനമാസം 22-ന് റമ്പാനെയും കൂട്ടി അയച്ച് കണ്ടനാട്ട് പള്ളിയിൽ വന്നാറെ അദ്ദേഹം പ്രവർത്തിച്ചതിന് ശേഷമായിട്ടൊന്നും ചെയ്തില്ല" (പു. 92).

വിചാരണയ്ക്ക് ശേഷം കൂറിലോസിനെ റമ്പാൻ എന്ന് സമകാലീന ചരിത്രമായ ഗ്രന്ഥവരി വിശേഷിപ്പിച്ചത് വിശേഷാൽ ശ്രദ്ധേയം. കൂറിലോസ് അവകാശപ്പെട്ട മെത്രാൻ സ്ഥാനദാനച്ചടങ്ങിന് സാക്ഷികളോ

സുസ്താത്തിക്കോൻ എന്ന സ്ഥാനപത്രമോ ഹാജരാക്കുവാൻ സാധിക്കാത്തതുകൊണ്ടും മാർ ഗ്രീഗോറിയോസ് സ്ഥാനദാനത്തിന്റെ അവകാശവാദത്തെ നിഷേധിച്ചതായി സാക്ഷിമൊഴി ഉള്ളതുകൊണ്ടുമാണ് അദ്ദേഹം റമ്പാൻ മാത്രമെന്ന് വിചാരണയിൽ തീരുമാനിക്കപ്പെട്ടത്.

മലങ്കര മെത്രാന്റെ അനുവാദം കൂടാതെ പട്ടമേറ്റതിനെതിരെയാണ് ഈ വ്യവഹാരം നടന്നതെന്ന് ചരിത്രകാരന്മാർ സംഭവത്തെ പില്ക്കാലത്ത് വളച്ചൊടിച്ചിട്ടുണ്ട്. ആ പ്രചാരണം ശരിയല്ല. കൂറിലോസ് മെത്രാനു സ്ഥാനമില്ല എന്ന പരാതിയാണ് കോടതിയിലെത്തിയത്. ആ പരാതി ശരിയെന്ന് തന്നെയാണ് ഡച്ചു ഭരണാധിപന്മാർ വിധി പ്രസ്താവിച്ചത്. തൊഴിയൂരിൽ കാട്ടുമങ്ങാട്ട് കൂറിലോസ് കർസോനിയിലെഴുതിയ ഒരു ഡയറിക്കുറിപ്പ് ഈ ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട്. 'തനിക്ക് മെത്രാന്റെ പട്ടമില്ല എന്ന് ദീവന്നാസ്യോസ് അധികാരികൾക്ക് പരാതി നൽകി' എന്നു തന്നെയാണ് സംഭവത്തെക്കുറിച്ച് അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്.

(*നിരണം ഗ്രന്ഥവരി*, കാട്ടുമങ്ങാട്ട് കൂറിലോസിന്റെ കുർബ്ബാന തക്സാ, തൊഴിയൂർ ഗ്രന്ഥപ്പുരയിലെ ഡയറിക്കുറിപ്പുകൾ, ഇളയ ബാവാ പകർത്തിയെഴുതിയ സുറിയാനി പുതിയനിയമം, പാലപ്പിള്ളിലച്ചന്റെ സഭാചരിത്രം എന്നീ ചരിത്രരേഖകൾ പരിശോധിക്കുന്നതുവരെയും ഈ ഗ്രന്ഥകാരൻ ഗ്രഹിച്ചതും എഴുതിയതും കൂറിലോസിന്റെ നിലപാടുകൾക്ക് അനുകൂലമായിട്ടായിരുന്നു. എന്നാൽ മേൽക്കാണിച്ച രേഖകൾ മുൻധാരണകളെ തിരുത്തുന്നവയായിരുന്നു).

6–ാം മാർത്തോമ്മാ ആസ്ഥാനം നിരണം പള്ളിയിൽ ക്രമീകരിച്ചതിനെത്തുടർന്നു തങ്ങൾ അവഗണിക്കപ്പെട്ടതായി വടക്കൻ ഇടവകക്കാർക്കു അനുഭവപ്പെട്ടതും 6–ാം മാർത്തോമ്മാ റോമുമായി അനുരഞ്ജനപ്പെടുവാൻ നിരന്തരം ശ്രമിച്ചതു മൂലം അവർക്ക് അദ്ദേഹത്തോട് അകൽച്ച തോന്നിയതുമായ പശ്ചാത്തലത്തിന്റെ ആനുകൂല്യമാണ് തൽക്കാലത്തേക്കെങ്കിലും കൂറിലോസിന് വടക്കൻ ഇടവകകളിൽ വേരോട്ടമുണ്ടാക്കിയത്. മാർ ഗ്രീഗോറിയോസിന്റെ ഒസ്യത്ത് പ്രകാരം കാട്ടുമങ്ങാട്ട് കൂറിലോസിന് 2000 പത്താക്കും കനകപ്പൊടി തുടങ്ങിയ വിലയേറിയ സമ്മാനങ്ങളും ലഭിച്ചിരുന്നു. ഒരു പത്താക്കിന് അന്നത്തെ നിരക്കിൽ 36 രൂപാ കണക്കാക്കിയാൽ 72,000 രൂപാ പത്താക്കിന് തന്നെ ലഭിക്കും. 1774–ലെ 72,000 രൂപയ്ക്ക് ഇന്നത്തെ ഏഴ് കോടിയിലധികം മൂല്യം കണക്കാക്കാം.

ഈ അളവറ്റ ധനവുമായി കൂറിലോസ് വിധിയെ മറികടക്കുവാൻ വരാപ്പുഴയിലെ കത്തോലിക്കാമെത്രാന്റെ സഹായം തേടി. "ഒരു രാത്രിയിൽ അദ്ദേഹം മട്ടാഞ്ചേരിയും അവിടെ നിന്ന് റോമ്മാ മെത്രാന്റെ സഹായത്തോടെ വരാപ്പുഴയ്ക്കും പോകാനായി പോഞ്ഞിക്കര എത്തിയപ്പോൾ പിടിക്ക

പ്പെട്ടു. കണ്ടനാട്ട് മാർ ദീവന്നാസ്യോസിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടു. വടി, മുടി, സ്ലീബാ എന്നിവയെല്ലാം ഉപേക്ഷിക്കുവാൻ അദ്ദേഹം നിർബന്ധി തനായി. റമ്പാൻ എന്ന നിലയിൽ പിറ്റേദിവസം കുർബ്ബാന ചൊല്ലണമെ ന്നും നിശ്ചയിച്ചു. പക്ഷേ, അദ്ദേഹം രാത്രിയിൽ നനച്ച തുണി തലയിൽ ഇട്ട് സ്വയം പനി പിടിപ്പിച്ച് അതിൽ നിന്നും രക്ഷപ്പെട്ടു" (കണിയാമ്പറമ്പില ച്ചൻ, പു. 172).

ആറാം മാർത്തോമ്മായുടെ റോമ്മൻ ആഭിമുഖ്യത്തിന്റെ പശ്ചാത്തല ത്തിൽ കാട്ടുമങ്ങാട്ട് കൂറിലോസിനെ അനുകൂലിച്ചവരിൽ പ്രമുഖർ പാലൂർ ഇടവക ആയിരുന്നു. കൊച്ചി സംസ്ഥാനത്തിന്റെ വടക്കേ അറ്റത്തായിരുന്ന തുകൊണ്ട് മുളന്തുരുത്തി - കണ്ടനാട് പ്രദേശങ്ങളിൽ നടന്ന സംഭവവികാ സങ്ങളെപ്പറ്റി അവർക്ക് കൃത്യമായ അറിവുകളുണ്ടായിരുന്നില്ല. പകലോ മറ്റം കുടുംബാധിപത്യത്തോടുള്ള പ്രതിഷേധം, കൊച്ചി രാജ്യത്തെ പ്രജ എന്ന പരിഗണന ഇവയുടെ പേരിൽ പാലൂർ ഇടവകയുടെ യുവനേതാ വായ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പ്പാൻ (കോട്ടയം ഓർത്തഡോക്സ് സെമി നാരി സ്ഥാപകൻ) കൂറിലോസിനെ സഹായിക്കുവാനെത്തി. തിരുവിതാം കൂർ, കൊച്ചി പ്രദേശങ്ങളിൽ മെത്രാനായി പ്രവർത്തിച്ചുകൂടാ എന്ന നിരോ ധനം ഏറ്റുവാങ്ങിയ കൂറിലോസിനെ ഇട്ടൂപ്പ് മല്പാൻ അതി സാഹസിക മായി കുന്നംകുളത്തു കൊണ്ടുവന്നു. കൂറിലോസും അനുചരന്മാരും സുര ക്ഷിതരായി മല്പാന്റെ മേൽനോട്ടത്തിൽ പനയ്ക്കൽ കുടുംബക്കാരുടെ ഒരു ഇരുനില കെട്ടിടത്തിൽ താമസിച്ചു. 'കുന്നംകുളങ്ങര കൊച്ചി ശീമ യായതുകൊണ്ട് അവിടെയും അദ്ദേഹത്തിന് അധികകാലം ഗൂഢമായി താമസിക്കുവാൻ തരമില്ലാത്തതിനാൽ ഭരിക്കപ്പെടുന്നതിന് ജനങ്ങളില്ലാത്ത ഈ മെത്രാന് നിരുപദ്രവമായിരിക്കുവാൻ ബ്രിട്ടീഷ് മലബാറിൽ ഒരു പള്ളി പണിയിക്കുവാൻ തീർച്ചയാക്കി. അക്കാലത്ത് ഒരു പ്രഭുവിനെപ്പോലെ അഞ്ഞൂരിന് സമീപം പാർത്തിരുന്ന ഔസർക്കുട്ടി മൂപ്പനെ ചെന്ന് കണ്ട് സ്വാധീനപ്പെടുത്തി ചാവക്കാട് താലൂക്കിൽ ചേർന്ന തൊഴിയൂരിൽ ഒരു പള്ളിയ്ക്ക് സ്ഥലം വാങ്ങി. 949-ൽ (1774) ഒരു ചെറിയ പള്ളിയും മുറിയും പണിയിക്കയും മാർ കൂറിലോസ് അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു (എം. പി. വർക്കി, *മാർ ദീവന്നാസ്യോസ്,* പു. 13). പുന്നത്തൂർ രാജാവിൽ നിന്ന് പനയ്ക്കൽ താരുവിന്റെ പേരിൽ വില കൊടുത്തു വാങ്ങി യ ഈ ഭൂമിയുടെ ആധാരം പില്ക്കാലത്ത് യൂയാക്കീം മാർ കൂറിലോസു മായുള്ള വ്യവഹാരത്തിൽ ആലത്തൂർ പനയ്ക്കൽ യൗസേഫ് മാർ കൂറി ലോസ് ഹാജരാക്കിയതായി മദ്രാസ് ഹൈക്കോടതിയുടെ വിധിയിൽ കാണുന്നുണ്ട്. 1774-ൽ വാങ്ങിയതായി ഈ ആധാരത്തിൽ കാണിച്ച സ്ഥല ത്ത് '1772 ഇടവം 15-ന് തൊഴിയൂർ ഭദ്രാസന പള്ളിയ്ക്ക് അടിസ്ഥാനമിട്ടു' എന്ന് തൊഴിയൂർ സഭാചരിത്രം ചരിത്രവിദ്യാർത്ഥികളെ വഴിതെറ്റിക്കുവാൻ ഉദ്യമിച്ചിട്ടുണ്ട് (പു. 46). (തൊഴിയൂരിലേക്ക് പെങ്ങാമുക്ക് വഴിയായി 1774-ൽ

സഞ്ചരിച്ചതിനെപ്പറ്റി മൂലേപ്പാട് കുടുംബചരിത്രത്തിൽ കുടുംബരേഖകളെ ആധാരമാക്കി എഴുതിയിരുന്നതായും അതിന്റെ കയ്യെഴുത്തുപ്രതി വായിച്ച ഫാ. കെ. സി. വർഗ്ഗീസ് - ഇദ്ദേഹമാണ് തൊഴിയൂർ ചരിത്രത്തിന്റെ ഗ്രന്ഥ കർത്താവ് - നിർബന്ധപൂർവ്വമായി അപേക്ഷിച്ചതനുസരിച്ച് 1772 എന്ന് തിരുത്തിഎഴുതിയതായും കുടുംബചരിത്രത്തിന്റെ മുഖ്യഗ്രന്ഥകാരൻ അഡ്വ. കെ. സി. സഖറിയ ഈ ഗ്രന്ഥകാരനോട് സമ്മതിച്ചിട്ടുണ്ട്).

### G. പാലൂർ (കുന്നംകുളം) വീണ്ടും സഭാചരിത്രത്തിലേക്ക്

സാങ്കേതികമായി കാട്ടുമങ്ങാട്ട് കൂറിലോസിന്റെ ആസ്ഥാനം ബ്രിട്ടീഷ് മലബാറിലെ തൊഴിയൂരിൽ ആയിരുന്നെങ്കിലും അതിന്റെ സംരക്ഷകർ പാലൂർ - കുന്നംകുളം ഇടവകയായിരുന്നു. എം. പി. വർക്കി എഴുതുന്നു: "ഈ തൊഴിയൂർ പള്ളി അതിന്റെ യോഗക്കാരെന്ന് പറയപ്പെടുന്നവരുടെ യോ അവരുടെ കാരണവന്മാരുടെയോ അപേക്ഷയോ ആവശ്യമോ പ്രകാരം സ്ഥാപിക്കപ്പെട്ടതല്ലെന്നും ഇത് കാട്ടുമങ്ങാട്ട് മെത്രാന്റെ അഭയസ്ഥാന മായി പരിരക്ഷിക്കപ്പെട്ടതാണെന്നും.... വിവരിച്ചിട്ടുണ്ടല്ലോ.... ഈ പള്ളിയു ടെ രക്ഷയും അഭിവൃദ്ധിയും മിക്കവാറും ആർത്താറ്റ് യോഗത്തിൽ ചേർന്ന വരായ കുന്നംകുളങ്ങര മുതലായ സ്ഥലങ്ങളിലെ ജനങ്ങളിൽ നിന്നുണ്ടാ യിട്ടുള്ളതാണ്. ... തൊഴിയൂർ പള്ളി സ്ഥാപിച്ചനാൾ മുതൽക്ക് ആ പള്ളി യിൽനിന്ന് ധർമ്മശേഖരണത്തിനായി ഒരു ചെപ്പ് കുന്നംകുളങ്ങര അങ്ങാ ടിയിലേക്ക് ശനിയാഴ്ചതോറും അയയ്ക്കുക പതിവുണ്ടായിരുന്നു. ഈ വിധത്തിൽ നാലും അഞ്ചും രൂപാ ആഴ്ചതോറും തൊഴിയൂർ പള്ളിക്ക് കിട്ടിക്കൊണ്ടിരുന്നു. തേവനൽ കാട്ടുപ്രദേശത്തുനിന്ന് ലഭിച്ച പേപ്പട്ടി വിഷ ചികിത്സ, സർപ്പ വിഷ ചികിത്സ, ഭൂതബാധയ്ക്കുള്ള ചികിത്സ തുടങ്ങിയ ചികിത്സകളും ആയുർവേദ വിധിപ്രകാരമുള്ള നെയ്യ്, എണ്ണ തുടങ്ങിയ ഔഷധങ്ങളുടെ നിർമ്മാണവും ആ അഭയാർത്ഥി കുടുംബത്തെ ക്രമേണ പ്രസിദ്ധിയിലേക്ക് വളർത്തി. ഗുരുവായ ശക്രള്ളാ മഫ്രിയാന നൽകിയ വി. ഗീവർഗ്ഗീസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിതമായതിനാൽ തൊഴി യൂർ പള്ളി ക്രമേണ തീർത്ഥാടനകേന്ദ്രമായി വളർന്നു. ഇക്കാലത്ത് പാലൂർ പ്രദേശത്ത് മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പാലൂർ ചാട്ടുകുളങ്ങര ദേവാല യവും അതിന്റെ കീഴിൽ ചാവക്കാടും (ഇന്നത്തെ പാലയൂർ) കുന്നംകു ളത്തും പഴഞ്ഞിയിലുമായി മൂന്ന് ചെറു കുരിശുപള്ളികളുമാണുണ്ടായി രുന്നത്. ഈ ദേവാലയങ്ങൾ തന്റെ അധീനതയിലാക്കിത്തരുവാൻ കാട്ടുമ ങ്ങാട്ട് കൂറിലോസ് ശക്തൻ തമ്പുരാനെഴുതിയ കത്തിൽ അപേക്ഷിച്ചതായി ശക്തൻ തമ്പുരാൻ എന്ന ജീവചരിത്ര ഗ്രന്ഥത്തിൽ പുത്തേഴത്ത് രാമ മേനോൻ പറയുന്നുണ്ട് (പു. 286, 287). അപേക്ഷ സഫലമായില്ല.

1775-ൽ കേരളം ആക്രമിക്കുവാനെത്തിയ മൈസൂർ സുൽത്താൻ ഹൈദർ ആലി കുന്നംകുളത്ത് പ്രവേശിച്ചു. അഞ്ചാം മാർത്തോമ്മായുടെ

കാലത്തുണ്ടായ വിവാദങ്ങളെത്തുടർന്ന് പാലൂർ - ചാട്ടുകുളങ്ങര പള്ളി പൂട്ടിയിടേണ്ടിവന്നതിന് ശേഷം കുന്നംകുളം പ്രദേശത്ത് കുരിശാകൃതിയിൽ അങ്ങാടിയും കമ്പോളവും നിർമ്മിച്ച് തലപ്പള്ളി രാജാക്കന്മാരുടെ ആശ്രിതന്മാരായി പാലൂരിലെ പുരാതന ക്രിസ്ത്യാനികൾ കഴിയുന്ന കാലമായിരുന്നു അത്. റോഡുകളുടെ രണ്ടു ഭാഗത്തുമായി നിരയൊപ്പിച്ച് മുൻഭാഗത്ത് കച്ചവടസൗകര്യവും പിൻഭാഗത്ത് പാർപ്പിട സൗകര്യവും ക്രമീകരിച്ച് പണിയിക്കപ്പെട്ട നഗരസംവിധാന ചാരുതയിൽ ഹൈദർ ആലി ആകൃഷ്ടനായി. സുറിയാനി ക്രിസ്ത്യാനികൾ അല്ലാതെ യാതൊരാളും ആ ചത്വരവീഥികളിൽ പാർപ്പുണ്ടായിരുന്നില്ല എന്നത് ഹൈദർ ആലിയെ ആശ്ചര്യഭരിതനാക്കി. അദ്ദേഹം ആ ആവാസ കേന്ദ്രത്തെ 'നസ്രാണി ഗൂർ' (നസ്രാണികളുടെ ഗ്രാമം) എന്ന് ബഹുമാനപൂർവ്വം വിളിച്ചതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

ഹൈദർ ആലിയുടെ മോഹം സഫലമാക്കുവാൻ അദ്ദേഹത്തിന്റെ പ്രശസ്ത പുത്രൻ ടിപ്പു സുൽത്താൻ തിരുവിതാംകൂറിനെ ആക്രമിച്ചു കീഴ്പ്പെടുത്തുക എന്ന പ്രഖ്യാപിത ലക്ഷ്യവുമായി 1789-ൽ കുന്നംകുളത്തെത്തി. മത വൈരാഗ്യവും നയതന്ത്രജ്ഞതയും കൂടിക്കലർന്ന ഒരു നയമാണ് ടിപ്പുവിന്റെ നടപടികളുടെ പ്രേരണ. മാർത്തോമ്മാ പൈതൃകമാണ് പാലൂർ പ്രദേശത്തിന്റെ ഹൃദയ ഭാഗമായിരുന്ന കുന്നംകുളത്തെ 'നസ്രാണികളുടെ ഗ്രാമം' എന്ന വിശേഷണത്തിന് അർഹമാക്കിയതെന്ന് ഗ്രഹിച്ച ടിപ്പു ആ പൈതൃകത്തിന്റെ അടിസ്ഥാനകാരണമായ പാലൂർ - ചാട്ടുകുളങ്ങര പള്ളിയ്ക്ക് തീവച്ചു. നേരത്തെ ആഭ്യന്തര തർക്കങ്ങൾ മൂലം പൂട്ടിക്കിടന്ന പള്ളിയുടെ നേരെ നടന്ന ആക്രമണത്തെ പ്രതിരോധിക്കുവാൻ ആർക്കും ധൈര്യമുണ്ടായില്ല. 1800-ൽ കുന്നംകുളം സന്ദർശിച്ച ഫ്രാൻസിസ് ബുക്കാനൻ കുന്നംകുളത്തെപ്പറ്റിയും മേല്ക്കൂര കത്തി നശിച്ചുനിൽക്കുന്ന പള്ളിയെപ്പറ്റിയും അദ്ദേഹത്തിന്റെ യാത്രാവിവരണത്തിൽ വർണ്ണിച്ചിട്ടുണ്ട്. 1800 ഡിസംബർ 8-ന് കക്കാട് എന്ന ശീർഷകത്തിലെഴുതിയ ഡയറിക്കുറിപ്പ്:

"ഞങ്ങൾ കൂടാരമടിച്ചതിന്റെ എതിർവശത്തായി നസ്രാണികളുടെ - ക്രിസ്ത്യാനികളുടെ - ഒരു ഗ്രാമമുണ്ട്. കുന്നംകുളങ്ങരെ അങ്ങാടി എന്നാണതിന്റെ പേർ. മനോഹരമായ വെറ്റിലത്തോട്ടങ്ങൾക്കിടയിൽ അല്പം ഉയർന്നസ്ഥലത്ത് സ്ഥിതിചെയ്യുന്ന ഈ പ്രദേശം കാഴ്ചയിൽ കൗതുകമുള്ളതാണ്. അവിടത്തെ പാപ്പാ, അല്ലെങ്കിൽ പുരോഹിതൻ എന്നെ വന്നു കണ്ടു. അദ്ദേഹത്തിന്റെ കൂടെ ഒരു ശിഷ്യനുമുണ്ടായിരുന്നു. തന്റെ ഗുരുവിനോട് ശിഷ്യൻ കാണിക്കുന്ന ബഹുമാനാദരവുകൾ അവിസ്മരണീയമാണ്. നീല നിറത്തിലുള്ള മനോഹരമായ അങ്കിയാണ് പാപ്പാ ധരിച്ചിരുന്നത്. അദ്ദേഹത്തിന്റെ മുൻഗാമികൾ അനേക തലമുറകളായി ഇവിടെ ജീവിച്ച് പോന്നവരാണെങ്കിലും അദ്ദേഹത്തിൽ ജൂതന്മാരുടെ ശരീരപ്രകൃതി

വളരെ വ്യക്തമായി കാണുന്നുണ്ട്. ... അദ്ദേഹത്തിന് സുറിയാനിയും മലയാളവുമല്ലാതെ വേറൊരു ഭാഷയും വശമില്ല. മലയാളഭാഷയിലാണ് അദ്ദേഹം മതപ്രസംഗങ്ങൾ ചെയ്യുന്നത്. എന്നാൽ പള്ളിയിലെ മതപരമായ ചടങ്ങുകളെല്ലാം സുറിയാനി ഭാഷയിലാണ് നടത്തുക. ഇവരുടെ പള്ളികളിൽ വിഗ്രഹങ്ങളോ പടങ്ങളോ ഇല്ല. നസ്രാണികൾ കുരിശിനെ ആരാധിക്കുന്നവരാണ്. അവരുടെ പുരോഹിതന്മാർക്ക് വിവാഹം കഴിക്കുവാൻ അനുമതിയുണ്ട്. എന്നാൽ എന്നെ വന്നു കണ്ട പുരോഹിതൻ ബ്രഹ്മചര്യം അനുഷ്ഠിക്കുന്നതിൽ അഭിമാനം കൊള്ളുന്നവനും തികഞ്ഞ സസ്യഭുക്കുമാണ്. ... പാപ്പാ പറയുന്നത് 1740 കൊല്ലങ്ങൾക്കപ്പുറം തോമസ്സ് എന്ന് പേരുള്ള ഒരു പുണ്യവാന്റെ പ്രവർത്തനത്തെത്തുടർന്നാണ് ഈ പ്രദേശത്ത് നസ്രാണികളുടെ ഉത്ഭവം  എന്നാണ്. .... നസ്രാണികൾ വളരെ അദ്ധ്വാനശീലന്മാരും അച്ചടക്കം ഉള്ളവരുമാണ്. ... പ്രധാനമായും കൃഷിയും കച്ചവടവും ചെയ്താണ് അവർ ജീവിക്കുന്നത്. ... വൈകുന്നേരം ഞങ്ങൾ ഈ നസ്രാണികൾ താമസിക്കുന്ന വില്ലേജ് സന്ദർശിച്ചു. ധാരാളം വീടുകൾ വളരെ ചിട്ടയിലും ഒതുക്കത്തിലും നിർമ്മിച്ചിട്ടുണ്ട്. ജനങ്ങൾ ഈ വീടുകളിൽ തിങ്ങിപ്പാർക്കുന്നു. ഇന്ത്യൻ പട്ടണങ്ങളുടെ നിലവാരം വച്ചു നോക്കിയാൽ ഇവിടം വളരെ ഭംഗിയായി സംവിധാനം ചെയ്തിരിക്കുന്നതായും മറ്റുള്ളവയെ അപേക്ഷിച്ച് വൃത്തിയുള്ളവയായിട്ടും അനുഭവപ്പെട്ടു. അല്പം ഉയർന്നു കിടക്കുന്ന ഭംഗിയുള്ള സ്ഥലത്ത് ഒരു പഴയ പള്ളി കാണുന്നുണ്ട്. അതിന്റെ മേൽക്കൂര ഇപ്പോൾ ഇല്ല. ചുമരുകൾ ചളിയും കളിമണ്ണും കുഴച്ചുണ്ടാക്കിയതും പഴയതുമാണെങ്കിലും ഇപ്പോഴും വളരെ ഉറപ്പുള്ളതായും പുതിയതായും തോന്നുന്നു. അൾത്താരയുടെ മുകൾഭാഗം ഉണ്ടാക്കിയിരിക്കുന്നതും ഇവ കൊണ്ടു തന്നെയാണ്. പക്ഷേ, കാഴ്ചയിൽ പ്രൗഢി തോന്നിക്കുന്ന നിർമ്മാണവിശേഷം അതിനുണ്ട്. പള്ളിയുടെ പ്രധാന വാതിലിന് നേരെയായിട്ടാണ് ശ്മശാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഈ സെമിത്തേരി വളരെ ചെറുതായതുകൊണ്ട് എല്ലുകൾ ദ്രവിക്കുന്നതിന് മുമ്പുതന്നെ തുറന്ന് അവ മാറ്റേണ്ടതായി വരുന്നു. പുതിയ ശവശരീരങ്ങൾ എത്തുമ്പോൾ ശ്മശാനത്തിലെ പഴയ കല്ലറകൾ തുറന്ന് അവയിലുള്ള എല്ലുകളെല്ലാം ശേഖരിച്ച് പള്ളിയുടെ അരികിലായുള്ള ഒരു തുറന്ന കുഴിയിൽ അവ ഇടുകയാണ് പതിവ്. ആ വഴിയെ പോകുന്ന ആർക്കും ഇവ കാണാവുന്ന വിധമാണ് ഈ കുഴി ഒരുക്കിയിരിക്കുന്നത്. ... (*ബുക്കാനന്റെ കേരളം*, വിവ. ഡോ. സി. കെ. കരീം, പു. 43–62). 'കുന്നംകുളങ്ങര എന്ന നസ്രാണികളുടെ പട്ടണത്തിന്റെ കീഴിലുള്ളതാണ് ഇവിടത്തെ (ചാവക്കാട്) തുറമുഖം" (പു. 64).

1789–ൽ മൈസൂർ വ്യാഘ്രം ടിപ്പു സുൽത്താന്റെ പടനായകന്മാർ അഗ്നിക്കിരയാക്കിയതു മൂലം മേൽക്കൂരയില്ലാത്ത ദേവാലയമാണ് പതിനൊന്നു വർഷം കഴിഞ്ഞ് ഫ്രാൻസിസ് ബുക്കാനന് 1800–ൽ കാണുവാൻ കഴിഞ്ഞത്.

തർക്കദേവാലയമായതിനാൽ കേടുപാടുകൾ പോക്കാൻ ആരും സന്നദ്ധരായില്ല. കുന്നംകുളം പ്രദേശത്തുതന്നെ വേറെയും ക്രിസ്ത്യൻ ദേവാലയങ്ങൾ ഉണ്ടായിരുന്നുവെങ്കിലും മാർത്തോമ്മാ പൈതൃകമുള്ള പള്ളി എന്ന നിലയിലാകാം മൈസൂർ സൈന്യം പാലൂർ - ചാട്ടുകുളങ്ങര പള്ളിയെ മാത്രം കുന്നംകുളത്ത് അഗ്നിക്കിരയാക്കിയത്. പറവൂരിൽ മാർത്തോമ്മാ പൈതൃകമുള്ള കോട്ടക്കാവ് പള്ളിയും ഈ സൈന്യം അഗ്നിക്കിരയാക്കിയത് പ്രത്യേകം സ്മരിക്കാവുന്നതാണ്.

1825-ൽ വിരചിതമായ 'ആർത്താറ്റ് പള്ളിപ്പാട്ടി'ൽ ഈ സംഭവത്തിന്റെ ദൃക്സാക്ഷിവിവരണം ശ്രീ ഇക്കാക്കു കുരിയപ്പൻ എന്ന കവി ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്:

'ദുഷ്ടരിൽ ദുർഘട മുഖ്യശഠൻ
മഹമ്മദ വേദ ശ്രേഷ്ഠനാം നൃപൻ
ദുഷ്ഠൻ പഠാണി വന്ന്
പന്തം കത്തിച്ചു ചുട്ടു പള്ളിയും.'

1789 ധനു മാസത്തിൽ നടന്ന ഈ പടയോട്ടം പാലൂർ - ചാട്ടുകുളങ്ങര പള്ളിയെ മാത്രമല്ല പാലൂരിലെ കമ്പോളത്തെയും അഗ്നിക്കിരയാക്കി. പ്രാണഭയത്തോടെ ചാട്ടുകുളങ്ങര - ചെമ്മണ്ണൂർ കമ്പോളക്കാർ കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിലേക്ക് പലായനം ചെയ്തു. ചാട്ടുകുളങ്ങരയിലെ തലപ്പള്ളി (പില്ക്കാലത്ത് തലപ്പിള്ളി എന്ന് ഉച്ചാരണ വൈലക്ഷണ്യം വന്നുപോയെങ്കിലും എ. ഡി. 14-ാം നൂറ്റാണ്ടിന്റെ ഒടുവിൽ ഉണ്ടായ ഉണ്ണിയാടീ ചരിതം മണിപ്രവാളചമ്പുവിൽ തലപ്പള്ളി എന്ന് തന്നെയാണുപയോഗിച്ചിരിക്കുന്നത് - ചോനകനിവഹ നമസ്ക്കാരത്താലിച്ചമിയന്റ തലപ്പള്ളി കുളം (ലം) എന്നിങ്ങനെ വർണ്ണിക്കുന്ന 19-ാം ഗദ്യം നോക്കുക). ഇടവകയിലെ അനേകം പേർ മതം മാറ്റത്തിന് നിർബദ്ധരായി. മതം മാറ്റത്തെ ചെറുത്തവർ ആർത്താറ്റുള്ള ഉയർന്ന വൃക്ഷശിഖരങ്ങളിൽ തൂക്കിക്കൊല്ലപ്പെട്ടു. ഭാരത ക്രൈസ്തവസഭയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തിൽ ക്രൈസ്തവ സാക്ഷ്യത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ഈ വീര നസ്രാണികളുടെ കഥ മലങ്കരസഭാചരിത്രകാരന്മാർ വിസ്മരിച്ചുവെങ്കിലും ഡോ. ക്ലോഡിയസ് ബുക്കാനൻ അതുല്യവും അനന്വയവുമായ ഈ സംഭവത്തെ തന്റെ സ്മരണകളിൽ തങ്കലിപികളിൽ ആലേഖനം ചെയ്തിരിക്കുന്നു. ആ പരാമർശം ഇപ്രകാരമാണ്: "ഈ പട്ടണം കൊച്ചി രാജാവിന്റെ ഭരണാതിർത്തിയിൽ ഉൾപ്പെട്ടതാണ്. രണ്ടാഴ്ച മുമ്പ് അദ്ദേഹത്തെ ഞാൻ സന്ദർശിച്ചിരുന്നു. സുറിയാനിക്കാരുടെ ഈ താവളത്തെ 1789-ൽ ടിപ്പു ആക്രമിച്ചു. ക്രിസ്ത്യാനികളെ തൂക്കിക്കൊന്ന വൃക്ഷശിഖരങ്ങൾ ജനങ്ങൾ എനിക്ക് ചൂണ്ടിക്കാണിച്ചു തന്നു" (മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ, പു. 154, 155). ബുക്കാനൻ രേഖപ്പെടുത്തിയതിനപ്പുറം

ഈ ചരിത്രസംഭവത്തെക്കുറിച്ച് നമുക്കൊന്നും അറിവില്ല. പാലൂർ പ്രദേശം ഉൾപ്പെട്ട പ്രദേശം 1985 മുതൽ കുന്നംകുളം ഭദ്രാസനം എന്ന പേരിൽ ഒരു പ്രത്യേക മെത്രാസനമായി പ്രഖ്യാപിക്കപ്പെട്ട് അവിടേക്ക് മാത്രമായി തദ്ദേശീയൻ കൂടിയായ ഒരു മേല്പട്ടക്കാരനെ വളരെ പ്രതീക്ഷകളോടെ നിയോഗിച്ചുവെങ്കിലും ചരിത്രം ഉറങ്ങിക്കിടക്കുന്ന ആ പ്രദേശത്തെ പുരാതന പള്ളികളുടെ ഇരുട്ടറകളിലും തലമുറകളായി പുരോഹിതവൃത്തിയിലേർപ്പെട്ട പുരോഹിത ഭവനങ്ങളിലും ചിതലിനും പുഴുവിനും ഭക്ഷണമായിത്തീർന്നുകൊണ്ടേ ഇരിക്കുന്ന ഗ്രന്ഥങ്ങളെയും രേഖകളെയും കണ്ടെത്തി പരിശോധിച്ച് ഗവേഷണം നടത്തുവാൻ ഒരു ശ്രമവും നാളിതുവരെ ആരംഭിക്കാതിരുന്നത് സഭയുടെ ആത്മഹത്യാപരമായ നിസ്സംഗതയെപ്പറ്റി 'മൂകമാണെങ്കിലും ഉച്ചത്തിൽ വർണ്ണിക്കുക'യല്ലേ ചെയ്യുന്നത്?

(പാപം ചെയ്ത ആദ്യ മനുഷ്യൻ ജീവവൃക്ഷത്തിന്റെ ഫലം പറിച്ച് തിന്ന് എന്നേക്കും ജീവിക്കാതിരിക്കേണ്ടതിന് ഏദൻതോട്ടത്തിൽ തിരിയുന്ന വാളുകളുമായി കെരൂബുകളെ കാവൽ നിർത്തി ആദിമ മനുഷ്യനെ അവന്റെ ജന്മഗൃഹത്തിൽ നിന്ന് ആട്ടിപുറത്താക്കിയതുപോലെ ഗവേഷണശേഷിയും അഭിരുചിയും കഠിനാധ്വാന സന്നദ്ധതയും പ്രതിഫലേച്ഛ കൂടാതെ അക്ഷരപൂജ ചെയ്യാനുള്ള മനസ്സും ഉള്ള പ്രതിഭാവാന്മാരായ വൈദികരെ, വൈതാളികരാകുവാൻ കിട്ടുന്നില്ല എന്ന കുറ്റം ചുമത്തി ഗവേഷണസാധ്യതയുള്ള ദേവാലയങ്ങളുടെ നാലയലത്ത് പോലും ഞാൻ ജീവനോടു കൂടിയിരിക്കുമ്പോൾ പ്രവേശിപ്പിക്കുകയില്ല എന്ന് ത്രിത്വനാമത്തിൽ ത്രോണോസിൽ തൊട്ട് ആഘോഷമായി പ്രതിജ്ഞയെടുത്ത അധ്യക്ഷന്മാർ ദൈവത്തെപ്പോലെ നാടു വാഴുമ്പോൾ സഭാചരിത്രസാഹിത്യം എങ്ങനെ പുഷ്ടിപ്പെടാനാണ്? ശാന്തം പാപം!!)

പാലൂർ പള്ളി പൂട്ടിയിടുകയും പിന്നീട് തീവച്ച് കത്തി നശിക്കുകയും ചെയ്തതിനെത്തുടർന്ന് അവിടെ പ്രവർത്തിച്ചിരുന്ന മല്പാൻ പള്ളിക്കൂടം കുന്നംകുളം സെന്റ് ലാസറസ് പള്ളിയിൽ പ്രവർത്തിച്ചു വന്നതായി രേഖയുണ്ട്. കോട്ടയം 'സീറി'യിൽ കൽദായ സുറിയാനിയിൽ എഴുതിയ ഒരു കയ്യെഴുത്തു പുതിയനിയമം സൂക്ഷിച്ചിട്ടുണ്ട്. അതിന്റെ ഒടുവിൽച്ചേർത്ത കുറിപ്പിൽ അതിന്റെ എഴുത്തുകാരൻ കുത്തൂർ ഗീവർഗ്ഗീസ് ശെമ്മാശനാണെന്നും അദ്ദേഹം പുലിക്കോട്ടിൽ യൗസേപ്പ് കശ്ശീശായുടെ (പില്ക്കാലത്ത് കോട്ടയം ഓർത്തഡോക്സ് സെമിനാരി സ്ഥാപകൻ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ) ശിഷ്യനാണെന്നും പുസ്തകം എഴുതിയത് എ. ഡി. 1794-ൽ കുന്നംകുളം മാർ ലാസറസ് പള്ളിയിൽ വച്ച് ആണെന്നും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ആ കുറിപ്പിന്റെ ഫോട്ടോ *മലങ്കരസഭയും കേരള സംസ്കാരവും* എന്ന ഗ്രന്ഥത്തിന്റെ അനുബന്ധം 10-ാം പേജിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്). ഫ്രാൻസിസ് ബുക്കാനന്റെ സന്ദർ

ശകരായ ഗുരുവും ശിഷ്യനും തന്നെയാണ് ഈ കുറിപ്പിലെ ഗുരുവും ശിഷ്യനും. ഗുരു മാർ ദീവന്നാസ്യോസ് യൗസേപ്പ് (പുലിക്കോട്ടിൽ പ്രഥമൻ) എന്ന പേരിൽ മലങ്കര മെത്രാനായി, ശിഷ്യൻ കുത്തൂർ കൂറിലോസ് എന്ന പേരിൽ തൊഴിയൂരിലെ മെത്രാനായി; മാവേലിക്കര സുന്നഹദോസിൽ പങ്കെടുത്തു. ആർത്താറ്റ് പള്ളിപ്പാട്ട് ഈ ഗുരുവിനെ കുന്നംകുളം നസ്രാണികളുടെ കർത്തവ്യൻ എന്നും കഹനാ യൗസേപ്പ് എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. 1811 ലെ ബൈബിൾ വിവർത്തനത്തിന്റെ മുഖ്യ പങ്കാളിയും 8-ാം മാർത്തോമ്മായുടെ മുഖ്യ ഉപദേഷ്ടാവുമായ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ - റമ്പാൻ - ഇദ്ദേഹമാണ്.

1786 മെയ് 1-ന് കരിയാറ്റി യൗസേപ്പ് മെത്രാൻ ഗോവയിൽ വച്ച് ദുരൂഹമായ സാഹചര്യത്തിൽ അന്തരിച്ചതിനെത്തുടർന്ന് റോമ്മാ സുറിയാനിക്കാർ കടുത്ത അമർഷത്തിലായി. മാർത്തോമ്മാ പൈതൃകമുള്ള ക്രൈസ്തവർ ഐക്യത്തിലേക്ക് വരണമെന്ന അവരുടെയും കൂട്ടായ ആഗ്രഹം റോമ്മിന്റെ അനുഗ്രഹാശിസ്സുകളോടെ ഫലപ്രാപ്തിയിലെത്തി എന്ന് സുനിശ്ചിതമായ ഘട്ടത്തിലാണ് ഐക്യത്തിന്റെ നേതാവും വക്താവുമായ കരിയാറ്റി മെത്രാൻ അസ്തമിച്ചത്. അവർ അങ്കമാലിയിൽ യോഗം ചേർന്ന്, വരാപ്പുഴയിലും കൊടുങ്ങല്ലൂരിലുമുള്ള ലത്തീൻ മെത്രാന്മാരുടെ അധീനതയിൽ അവർ ഇരിക്കുന്നതല്ലെന്നും ബാബിലോണിലെ കൽദായ പാത്രിയർക്കീസിനാൽ മെത്രാനായി അഭിഷേകം ചെയ്യപ്പെടുന്നതുവരെ വികാരി ജനറലിനെത്തന്നെ അവരുടെ നേതാവായി നിശ്ചയിച്ചിരിക്കുന്നുവെന്നും നിശ്ചയങ്ങൾ സ്വീകരിച്ചു. അങ്കമാലി പടിയോല എന്ന് പ്രശസ്തി നേടിയ ഈ യോഗനിശ്ചയങ്ങൾ ഇട്ടൂപ്പ് റൈട്ടർ പൂർണ്ണരൂപത്തിൽ നൽകിയിട്ടുണ്ട് (പു. 135-139). ഈ സംരംഭത്തിന്റെ നേതാവ് മാത്തു തരകൻ ആയിരുന്നു. റോമ്മായിൽ സ്വീകരിക്കപ്പെട്ടിരുന്ന കൽദായ വിശ്വാസാചാരങ്ങളെ അംഗീകരിക്കുന്നപക്ഷം മാർ ദീവന്നാസ്യോസിനെ സംയുക്തസഭയുടെ ഭരണകർത്താവായി നിയമിക്കാമെന്ന് അയാൾ സമ്മതിച്ചത് വീണ്ടും ഐക്യശ്രമങ്ങളെ ഉണർത്തി. തൽസംബന്ധമായ ചർച്ചകൾ നടന്നുകൊണ്ടേയിരുന്നു. സമാന്തരമായി മലങ്കരസഭയിലെ ആചാരാനുഷ്ഠാനങ്ങളെ ഏകീകരിക്കാനുള്ള ശ്രമവും നടന്നു. 1789-ൽ പുതിയകാവ് പള്ളിയിൽ മാർ ദീവന്നാസ്യോസും മാർ ഈവാനിയോസും നേതൃത്വം നൽകിയ പള്ളി പ്രതിപുരുഷയോഗം ഒരു പടിയോല തയാറാക്കിയതായി ഗ്രന്ഥവരിയിൽ (പു. 97) കാണുന്നു: "..... 964-ാമാണ്ട് പുതിയകാവ് പള്ളിയിൽ വച്ച് പുത്തൻ ക്രമം നമസ്കാരവും പട്ടംകെട്ടുകയും കാപ്പയിട്ട് കുർബ്ബാന ചൊല്ലുകയും പെൺകെട്ടും മാമ്മോദീസായും പഴയ ക്രമം നടന്ന് കൊള്ളത്തക്കവണ്ണവും ഒരു പടിയോല എഴുതി അതിൻവണ്ണം നടന്നു വരുന്നു." മലങ്കരസഭ അന്ത്യോഖ്യൻക്രമങ്ങളിലേക്ക് ചായുന്ന സുപ്രധാന ഘട്ടമായിരുന്നു ഇത്.

1794 മേടം 6–ന് മാർ ദീവന്നാസ്യോസിന്റെ അനന്തരവൻ മാത്തൻ കത്തനാരെയും കായംകുളത്ത് ഫിലിപ്പോസ് കത്തനാരെയും ചെങ്ങന്നൂരിൽ താമസിച്ചിരുന്ന മാർ ഈവാനിയോസ് റമ്പാന്മാരാക്കി. പിറ്റേദിവസം മേടം 7–ന് മാർ ഈവാനിയോസ് നിര്യാതനായി. ചെങ്ങന്നൂർ പള്ളിയിൽ കബറടക്കി. ഇക്കാലത്ത് 1793 വൃശ്ചികം 17 ന് വെള്ളിയാഴ്ച പുത്തൻകാവ് പള്ളിയുടെ നിർമ്മാണത്തിന് മാർ ദീവന്നാസ്യോസ് നേതൃത്വം വഹിക്കുകയും 1795 കുംഭം 2–ന് പൂർത്തിയാക്കി കൂദാശ ചെയ്ത് കുർബ്ബാന അർപ്പിക്കുകയും ചെയ്തു. മാത്തൻ റമ്പാനെ 1796 ഏപ്രിൽ മാസത്തിൽ (മേടം 24) ഏഴാം മാർത്തോമ്മാ എന്ന സ്ഥാനനാമത്തിൽ അഭിഷേകം ചെയ്ത് തന്റെ സഹായിയായി മാർ ദീവന്നാസ്യോസ് നിയമിച്ചു.

1791 ൽ കായംകുളത്തു വച്ചും നിരണത്തു വച്ചും 1796–ൽ കൊല്ലത്തു വച്ചും മാത്തു തരകന്റെ നേതൃത്വത്തിൽ നടന്ന അനുരഞ്ജന ചർച്ചകൾ വിജയിച്ചില്ല. പകലോമറ്റം കുടുംബത്തിന്റെ പിൻതുടർച്ചാവകാശത്തിൽ 6–ാം മാർത്തോമ്മാ ഉറച്ചുനിന്നതിനാലാണ് ചർച്ച പരാജയപ്പെട്ടത്. (തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ, ടി. കെ. വേലുപിള്ള, പു. 719). ഒടുവിൽ 1799–ൽ ആലപ്പുഴ മാർ സ്ലീബാ പള്ളിയിൽ വച്ച് അദ്ദേഹം അനുരഞ്ജന പടിയോലയിൽ ഒപ്പുവച്ചു. "......ശുദ്ധമാന മാർപ്പാപ്പായെ കീഴ്വഴങ്ങി ഉദയംപേരൂർ സുന്നഹദോസിൽ കല്പിച്ചതിൻവണ്ണം കുർബ്ബാനയും നമസ്കാരവും നോമ്പും ശേഷം കാര്യങ്ങളും ക്രമങ്ങളും നാം രണ്ടു കൂറ്റുമ്പുറത്തുകാരും ഒന്നായിട്ട് അനുസരിച്ച് നടന്ന് കൊള്ളത്തക്കവണ്ണം ശുദ്ധ മാർപ്പാപ്പായുടെ തിരുമനസ്സറിയിച്ച് അനുവാദം നടത്തിക്കൊണ്ട് ശുദ്ധ റോമ്മാ പള്ളിക്ക് വഴക്കമുള്ള കൽദായ സുറിയാനിക്രമം പോലെ എല്ലാ കാര്യങ്ങളും നടന്നു കൊള്ളത്തക്കവണ്ണവും ഇപ്പോൾ യാക്കോബായക്കാരുടെ വിശ്വാസവും ക്രമവും എടുത്ത് നടന്നുവരുന്നത് ഉപേക്ഷിച്ച് ഉർബാനോസ് എന്ന 8–ാം മാർപ്പാപ്പായുടെ കാലത്തിൽ കിഴക്കിനടുത്ത പള്ളികൾക്ക് കല്പിച്ചിരിക്കുന്ന വിശ്വാസ സത്യങ്ങൾക്ക് തക്കവണ്ണം അനുസരിച്ച് സത്യവും ചെയ്ത് മാർപ്പാപ്പായുടെ കല്പനപോലെ വഴങ്ങി നടന്ന് കൊള്ളുമാറ് സമ്മതിച്ച്" എന്നാണ് 1799 ഇടവമാസം 20–ാം തീയതി ത്രിത്വനാമത്തിൽ എഴുതിവച്ച പടിയോല (*മാർത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം*, പു. 200, ഫാ. ഇഞ്ചക്കലോടി: *മാർ ഈവാനിയോസ്,* പു. 226).

ഇട്ടൂപ്പ് റൈട്ടർ എഴുതുന്നു: ".... ഒടുവിൽ സർക്കാർ മുഖാന്തിരം ഉത്തരവയച്ച് മെത്രാപ്പോലീത്തായെ ആലപ്പുഴക്ക് വരുത്തി. തത്തമ്പിള്ളി പള്ളിയിൽ താമസിച്ചുകൊണ്ട് സുറിയാനിക്കാരിൽ പ്രമാണപ്പെട്ട കത്തങ്ങളെയും അയ്മേനികളെയും ഉത്തരവിൻപ്രകാരം.... ചെന്ന് കൊണ്ടുവന്ന് അവിടെ വച്ച് അമ്മീറാ വച്ച് പത്തീറ എടുത്ത് സുറിയാനിക്കാരെക്കൊണ്ട് കുർബ്ബാന ചൊല്ലിക്കുന്നതിനും അതിൻ മുമ്പിനാലെ നടപ്പായി ആചരിച്ച്

വരുന്ന ബുധനാഴ്ച നോമ്പിൽ അവരെ ഇറച്ചി തീറ്റിച്ച് നോമ്പ് ലംഘിപ്പിക്കുന്നതിനും കല്പിച്ചു കൂട്ടിയുംകൊണ്ട് ബുധനാഴ്ച ദിവസത്തെ വലിയ സദ്യവട്ടം കൂട്ടിയതിൽ മനസ്സില്ലാമനസ്സോടെ ചെന്നവരിൽ ചിലർ സദ്യയിൽ കൂടി. എന്നാൽ മെത്രാപ്പോലീത്തായ്ക്ക് തന്നെയും മാത്തു തരകന്റെ ഉപദ്രവത്തെയും മറ്റ് ചില അന്തരങ്ങളെപ്പറ്റിയും റോമ്മായ്ക്ക് കീഴ്വഴങ്ങിക്കൊള്ളാമെന്ന ഒരു ചെറുമനസ്സുണ്ടായിരുന്നു. സമ്മതം വരായ്കയാൽ ഖണ്ഡിച്ച് ഒന്നും പ്രവർത്തിപ്പാൻ പാടില്ലായിരുന്നു. തരകന്റെ നിർബ്ബന്ധത്താൽ എന്ന ഭാവം നടിച്ചുകൊണ്ട് 'അമ്മീറാ വച്ച് പത്തീറാ എടുത്ത് കുർബ്ബാന ചൊല്ലട്ടേ' എന്ന് പള്ളിയുടെ മദ്ബഹായിൽ നിന്നുകൊണ്ട് ദുഃഖത്തോടെ കൂട്ടരോട് വിട ചോദിച്ചുംകൊണ്ട് തുടങ്ങുമ്പോഴേക്ക്, അന്നത്തെ പ്രമാണക്കാരൻ കോട്ടയത്ത് താടിക്കാരൻ എടവഴിക്കൽ കുഞ്ചെറിയാൻ, കിഴക്കേതിൽ കൊച്ചുപോത്തൻ, വെട്ടിക്കുന്നേൽ വേങ്കടത്ത് അലക്സന്ത്രയോസ് കത്തനാർ മുതൽപേരുടെ ഭാഗം സുറിയാനിക്കാരിൽ മിക്ക കത്തങ്ങളും മൂപ്പന്മാരും ജനങ്ങളും ഒത്തുനില്ക്കയാൽ 'അങ്ങ് തന്നെ കഴിച്ചുകൊണ്ടാട്ടെ, ഞങ്ങൾ ഇതാ പോകുന്നു' എന്ന് പറഞ്ഞുംവച്ച് ചിലർ ഉടൻ വള്ളം കയറി അതുവഴി നിരണത്ത് ചെന്ന് ഈ വസ്തുത അറിയിച്ച് നമുക്കിനി വേറെ ഒരു മെത്രാനെ നിശ്ചയിക്കണമെന്ന് അവിടെ കൂട്ടരുമായി ആലോചിച്ചു" (പു. 143-145).

വിജയാഹങ്കാരത്താൻ ഉന്മത്തനായ മാത്തു തരകന്റെ ശുക്രദശ ഇതോടെ അവസാനിച്ചു. ഉപ്പിന് ക്ഷാമം വരികയാൽ ഉപ്പിന്റെ കുത്തകക്കാരനായ തരകനോട് ജനം പ്രക്ഷോഭം കൂട്ടി. അഞ്ചുതെങ്ങിൽ പള്ളിയിലൊളിച്ച തരകനെ ജനം പിടിച്ചുകെട്ടി അയാളുടെ ഒരു ചെവി അറുത്ത് ഉപ്പില്ലാത്ത തകര വേവിച്ചത് തരകനെ ബലം പ്രയോഗിച്ച് തീറ്റിച്ചു. സുറിയാനി സമുദായത്തെ ദ്രോഹിച്ചതിന്റെ ഫലമായിട്ടാണ് ഇപ്രകാരമെല്ലാം സംഭവിച്ചതെന്ന് ആളുകൾക്ക് ബോധ്യമായി. കത്തോലിക്കാ സഭയിൽ ചേർന്ന ആറാം മാർത്തോമ്മായും ഈ സംഭവവികാസങ്ങൾ അറിയുന്നുണ്ടായിരുന്നു. "ഈ ഉണ്ടായ വിവരങ്ങൾ ഒക്കേയും നിരണത്ത് കൂട്ടം കൂടിയിരിക്കുന്നേടത്ത് കേൾക്കപ്പെടുകയാൽ ഉടനെ മെത്രാപ്പോലീത്തായെ അവിടെ വരുത്തി. പത്തീറ എടുത്ത് മെത്രാപ്പോലീത്താ തത്തമ്പിള്ളിയിൽ കുർബ്ബാന ചൊല്ലിയതിന് തനിക്ക് പ്രായശ്ചിത്തമായി അന്നത്തെ എഴുപത്തിരണ്ട് പള്ളികൾക്കും ഇരുപത് മൂന്നിന്മേൽ കുർബ്ബാന വീതം മെത്രാപ്പോലീത്താ ചെലവ് ചെയ്ത് കഴിപ്പിക്കത്തക്കവണ്ണം യോഗം നിശ്ചയിക്കയാൽ അതിൻവണ്ണം പള്ളികൾക്ക് സാധനം അയച്ച് തിരികെ മെത്രാപ്പോലീത്തായെ സ്വീകരിക്കുകയും ചെയ്തു' (ഇട്ടൂപ്പ് റൈട്ടർ, പു. 245).

ആറു മാസക്കാലം റോമ്മാസഭയിൽ ചേർന്ന് ജീവിച്ച താൻ (L. W. Brown, p. 124) എങ്ങുമെത്തിയില്ല എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. റോമ്മാ

സഭയിൽ അദ്ദേഹം ആദരിക്കപ്പെട്ടില്ല. ഒരിടവകയും റോമ്മാസഭയിൽ ചേർന്ന് അദ്ദേഹത്തെ അനുഗമിക്കുകയോ പിന്തുണക്കുകയോ ചെയ്തില്ല. ആറു മാസത്തെ ത്രിശങ്കു സ്വർഗ്ഗവാസശേഷം മാതൃസഭയിലെത്തിയ ഈ സംഭവം അദ്ദേഹത്തിൽ ഏല്പിച്ച കളങ്കം മറച്ചുവക്കാനാവും *നിരണം ഗ്രന്ഥവരി* ഉൾപ്പെടെ പല സഭാചരിത്രങ്ങളും ഈ സംഭവം തമസ്കരിച്ചി ട്ടുണ്ട്. കുടുംബ മേൽവിലാസത്തിന്റെ മാത്രം യോഗ്യത പരിഗണിച്ച് മെത്രാൻ പദവിയിൽ വന്ന ഒരു പകലോമറ്റം മേൽപ്പട്ടക്കാരൻ കുറവില ങ്ങാട് പള്ളിയിലെ കത്തോലിക്കാ പൈതൃകത്തിന്റെ സ്വാധീനങ്ങൾക്ക് അനുകൂല പരിതഃസ്ഥിതിയിൽ വിധേയനാവുന്നതിന്റെ ചിത്രമാണ് ഇവിടെ കാണാവുന്നത്.

സഭാദ്ധ്യക്ഷൻ ഏക ഭാര്യയുടെ ഭർത്താവും മക്കളെ ജാഗ്രതയോടെ വളർത്തി പരിപാലിക്കുന്നവനും ആയിരിക്കണമെന്ന വേദ നിർദ്ദേശത്തെ പരിഷ്കരിച്ച് അവിവാഹിതരെ മാത്രം സഭാദ്ധ്യക്ഷ സ്ഥാനത്തേക്ക് പരിഗ ണിച്ചാൽ മതി എന്ന് പുരാതനസഭകൾ നിശ്ചയിച്ചത് കുടുംബ ബന്ധങ്ങ ളുടെയും പൈതൃകത്തിന്റെയും സ്വാധീനങ്ങളിൽ നിന്ന് ഒരു സഭാദ്ധ്യക്ഷൻ സ്വതന്ത്രനായിരിക്കണം എന്ന സദുദ്ദേശ്യത്തോടെയാണ്. എന്നാൽ സഭയു ടെ പൊതുവേദികളിലും ഔദ്യോഗിക വേദികളിലും മേല്പട്ടക്കാരുടെ സാർവ്വത്രികമായ സ്ഥലംമാറ്റം പ്രാവർത്തികമാക്കണമെന്ന സഭാ താല് പര്യം പലവട്ടം പ്രകടമായപ്പോഴും സഭയോട് വിധേയത്വം പ്രഖ്യാപിച്ച് അധികാരമേറ്റ മേല്പട്ടക്കാരിൽ ചിലർ സഭയുടെ താല്പര്യത്തെ പരസ്യ മായിപ്പോലും പ്രതികൂലിച്ചതോടെ 'അവിവാഹിത എപ്പിസ്കോപ്പസി' യെപ്പ റ്റിയുള്ള സഭയുടെ ഉയർന്ന കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുവാൻ സഭാദ്ധ്യ ക്ഷസ്ഥാനികൾ പരാജയപ്പെട്ടതായി സമീപകാലത്ത് നാം കണ്ടതാണ്. എപ്പിസ്കോപ്പസിയെപ്പറ്റിയുള്ള സഭയുടെ പ്രതീക്ഷകൾ എവിടെ? എപ്പി സ്കോപ്പൽ സ്ഥാനികളുടെ താല്പര്യം എവിടെ?

1805 കന്നി 18 ന് പരദേശത്ത് നിന്ന് ഒരു ദീയസ്ക്കോറോസ്, അന്തോണീ സ് ശെമ്മാശനുമൊത്ത് കൊച്ചിയിലെത്തി. രണ്ടു മെത്രാന്മാർ മലങ്കരസഭ യിൽ ജീവിച്ചിരിക്കേ മാർ ദീയസ്ക്കോറോസിന് ഇവിടെ ദൗത്യമൊന്നും നിർവഹിപ്പാനില്ലായിരുന്നു. ഇദ്ദേഹം ദ്രവ്യാഗ്രഹിയും ചിത്തഭ്രമം പിടിപെ ട്ടുപോയ ആളുമായിരുന്നു. ഇദ്ദേഹം കാണിച്ച വിക്രിയകളെപ്പറ്റി *നിരണം ഗ്രന്ഥവരി*യിൽ വിശദമായ പ്രസ്താവനയുണ്ട് (പു. 110–118). ഏതാനും മാസങ്ങൾക്ക് ശേഷം അദ്ദേഹം സ്വദേശത്തേക്ക് കപ്പൽ കയറ്റി അയയ്ക്ക പ്പെട്ടു.

1806–ൽ റവ. ഡോ. ക്ലോഡിയസ് ബുക്കാനൻ മലങ്കരസഭ സന്ദർശിച്ചു. രണ്ട് ഉദ്ദേശ്യങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു: 1. ഇന്ത്യയിലെ സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രവും സാഹിത്യവും പഠന വിഷയമാക്കുക.

ബൈബിൾ കൈയെഴുത്തുപ്രതികൾ ശേഖരിക്കുക. 2. തെക്കേ ഇന്ത്യയിലെ ജനങ്ങളെ പ്രകാശിപ്പിക്കുവാനുള്ള യത്നങ്ങളിൽ ഈ പ്രാചീന സുറിയാനി ക്രിസ്ത്യാനികളെ ഉപയോഗപ്പെടുത്തുക; അവരുടെ ബൈബിൾ പ്രാദേശിക ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്തുകൊണ്ട്.

നവംബർ 23, 24 തീയതികളിൽ ബുക്കാനൻ 6-ാം മാർത്തോമ്മായെ കണ്ടനാട്ട് പള്ളിയിൽ കണ്ട് സംസാരിച്ചു. 'ക്ഷയോന്മുഖമായ ഒരു സഭയെയാണ് നിങ്ങൾ സന്ദർശിച്ചിരിക്കുന്നത്' എന്ന മെത്രാപ്പോലീത്തായുടെ വാക്യം നാലു പതിറ്റാണ്ടുകാലം ഏകശാസനമായി മലങ്കരസഭയെ ഭരിച്ച പകലോമറ്റം ശ്രേണിയിലെ ഏറ്റവും പ്രഗത്ഭനായ മെത്രാപ്പോലീത്തായുടെ ആത്മവിമർശനപരമായ അവലോകനവും യഥാർത്ഥ വസ്തുസ്ഥിതി കഥനവും ആയിരുന്നു. ബൈബിൾ വിവർത്തനം, ആംഗ്ലിക്കൻ സഭയുമായുള്ള സംയോജനം ഇവയായിരുന്നു സംഭാഷണ വിഷയം. രണ്ടിലും മെത്രാപ്പോലീത്താ താല്പര്യം പ്രദർശിപ്പിച്ചു. സഭയിലെ തെക്കും വടക്കുമുള്ള രണ്ട് പ്രഗത്ഭ മല്പാന്മാരെ തുടർ ചർച്ചകൾക്കായി മെത്രാപ്പോലീത്താ നിയോഗിച്ചു. കായംകുളം ഫിലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനുമായിരുന്നു ഈ പ്രതിനിധികൾ എന്ന് കേട്ടിട്ടുണ്ട്. രണ്ടാഴ്ച കഴിഞ്ഞു കേണൽ വെല്ലസ്ലിയുമൊത്ത് ബുക്കാനൻ വീണ്ടും 6-ാം മാർത്തോമ്മായെ സന്ദർശിച്ചു. മലങ്കരസഭ ആയിരം വർഷത്തിലേറെക്കാലം പണിപ്പെട്ട് സൂക്ഷിച്ച സുറിയാനി കൈയെഴുത്ത് വേദപുസ്തകം മെത്രാപ്പോലീത്താ ബുക്കാനന് സമ്മാനിച്ചു. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ ഗ്രന്ഥശാലയിൽ അത് സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

റമ്പാൻ ബൈബിൾ എന്നും ബുക്കാനൻ ബൈബിൾ എന്നും അറിയപ്പെടുന്ന ഒന്നാമത്തെ മലയാളം ബൈബിൾ പരിഭാഷ ആരംഭിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. പ്രതിമാസ വേതനം പറ്റുന്ന മൂന്ന് പേർ വിവർത്തനത്തിൽ വ്യാപൃതരായിരിക്കുന്നതായും തന്റെ അസാന്നിധ്യത്തിൽ കേണൽ മെക്കാളെ വിവർത്തന യജ്ഞത്തിന് മേൽനോട്ടം വഹിക്കുന്നതായും ബുക്കാനൻ 1807 ജനുവരി 29-ന് കൊച്ചിയിൽ നിന്ന് എഴുതിയ ഒരു കത്തിൽ വ്യക്തമാക്കിയിട്ടുണ്ട് (*മെമ്മോയേഴ്സ് ഓഫ് ഡോ. ബുക്കാനൻ*, പു. 97). തിമ്മയ്യാപ്പിള്ളാ, കായംകുളം പീലിപ്പോസ് റമ്പാൻ, കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ എന്നിവരാണ് ആ മൂന്ന് പേർ എന്ന് റവ. ടി. വി തോമസും (ചർച്ച് വീക്കിലി, ബൈബിൾ സ്പെഷ്യൽ പതിപ്പ്, 1983, മെയ് 29) ശ്രീ. പി. ടി. കുരുവിളയും (*ബൈബിൾ നൂറ്റാണ്ടുകളിലൂടെ* - ദൈവശാസ്ത്ര സാഹിത്യ സമിതി, 1971, പു. 108) റവ. മാത്യു ഡാനിയേലും (*കേരള ക്രൈസ്തവ സംസ്കാരം*, പു. 88) പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായും (മലങ്കരസഭാ മാസിക, 1948, കുംഭം ലക്കം), സെറാമ്പൂർ കോളജിലെ പുസ്തക സഞ്ചയത്തിൽ കണ്ട 1811 ലെ വിവർത്ത

നത്തെപ്പറ്റി പഴയ ഒരു ലിഖിതം ഇപ്രകാരം കാണുന്നു: മലയാളം വേദപുസ്തകം, നാലു സുവിശേഷങ്ങൾ. തിമ്മയ്യാപ്പിള്ളയും റമ്പാന്മാരും കൂടി തർജ്ജിമ ചെയ്തത്. മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വക. ഫാബ്രീഷ്യസിന്റെ തമിഴ് തർജ്ജിമയിൽ നിന്ന്. ബോംബെ. 1811... കായംകുളത്ത് മനങ്ങനഴിയം കുടുംബത്തിലെ ഒരംഗമായിരുന്നു പീലിപ്പോസ് റമ്പാൻ. പിന്നീട് മെത്രാപ്പോലീത്താ ആയ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരും വേറൊരു കത്തനാരും ഭാഷാന്തരത്തിൽ റമ്പാനെ സഹായിച്ചു) സാക്ഷിച്ചിട്ടുള്ളത് ബുക്കാനന്റെ സമകാലരേഖയെ പിന്താങ്ങുന്നുണ്ട്. ബോംബെ കൊറിയർ പ്രസ്സിൽ നിന്ന് 1811-ൽ അച്ചടിച്ചിറങ്ങിയ പുസ്തകത്തിൽ ആരുടെയും (വിവർത്തകരുടെയും പ്രസാധകന്റെയും) പേരുകൾ ചേർത്തിട്ടില്ല.

ശക്തൻ തമ്പുരാന്റെ കുന്നംകുളം സന്ദർശനവും ഇവിടെ പരാമർശം അർഹിക്കുന്നു. അദ്ദേഹം കുന്നംകുളം പഴയപള്ളിയിൽ നിന്ന് ആർത്താറ്റ് പള്ളിയിലേക്കു പോകുമ്പോൾ വലിയങ്ങാടിയിൽ 'നടുപ്പന്തി'യിലെത്തി. ഹൈദരാലി ഖാനെക്കൊണ്ട് 'നസ്രാണിക്കമ്പോളം' എന്ന് പറയിച്ച അങ്ങാടിയെ നോക്കിക്കണ്ടു. അന്വേഷണത്തിൽ അവിടത്തെ ജന്മാവകാശം തലപ്പള്ളി രാജാക്കന്മാർക്കാണെന്ന് കേട്ട ആ കൊച്ചിരാജാവ് തെക്കേ അങ്ങാടിയിലേക്ക് കൈചൂണ്ടി 'ഇനി മേൽ ഇവിടന്നങ്ങോട്ട് നമ്മുടെ ജന്മം'എന്ന് കല്പിച്ചു. ആ അങ്ങാടിയിലെ സുറിയാനിക്കാരുടെ ഉപയോഗത്തിനായി അവിടെ ഉണ്ടായിരുന്ന അന്തിമാളൻകാവ് അദ്ദേഹം വിട്ടുകൊടുക്കുകയും ചെയ്തു (*ശക്തൻതമ്പുരാൻ*, പു. 293, 294). അന്തിമാളൻകാവ് മാർ കുറിയാക്കോസ് സഹദായുടെ നാമത്തിൽ പ്രതിഷ്ഠിച്ച് അവിടെ ആരാധന തുടങ്ങി. തൊട്ടടുത്ത് പിന്നീട് പള്ളി വന്നെങ്കിലും അന്തിമാളൻകാവ് ഇന്നും അതേ രൂപത്തിൽ സംരക്ഷിക്കപ്പെടുകയും പെരുനാളാരാധനകൾ നടത്തി വരികയും ചെയ്യുന്നു.

ആർത്താറ്റുള്ള പാലൂർ ചാട്ടുകുളങ്ങര പള്ളിയിലെ ദശാബ്ദങ്ങൾ നീണ്ടുനിന്ന തർക്കങ്ങൾ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ അഭ്യർത്ഥനയെത്തുടർന്ന്, ശക്തൻ തമ്പുരാൻ ഇടപെട്ട് പരിഹരിച്ചതും പ്രസ്താവ്യമാണ്. രണ്ടു ഭാഗക്കാരേയും വിളിച്ച് നറുക്കെടുപ്പിലൂടെ പ്രശ്നം രമ്യമായി പരിഹരിക്കുവാൻ ഉഭയ സമ്മതപ്രകാരം തീരുമാനമായി. രാജനിയോഗ പ്രകാരം പാലിയത്തച്ചൻ സ്ഥലത്തെത്തി രണ്ടു കൂട്ടരുടെയും സാന്നിധ്യത്തിൽ നറുക്കിടുകയും സുറിയാനിക്കാർക്ക് അനുകൂലമായി നറുക്ക് വീണതിനെത്തുടർന്ന് കത്തോലിക്കർ ഒഴുമുറി എഴുതികൊടുത്ത് മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളിയിലെ അവകാശം വിട്ടുകൊടുത്തു. തൊട്ടടുത്ത് കുറച്ച് സ്ഥലവും ചാവക്കാടുള്ള കുരിശുപള്ളിയും സുറിയാനിക്കാർ അവർക്കായി വിട്ടുകൊടുത്തു. പാലൂരിലെ മാർത്തോമ്മാ പൈതൃകം നഷ്ടപ്പെട്ട റോമ്മാക്കാർ ചാവക്കാട് പള്ളി നില്ക്കുന്ന സ്ഥലത്തെ സംഘടിതമായി

പാലയൂർ എന്ന് പ്രചരിപ്പിക്കുകയും ഐതിഹ്യങ്ങളും കഥകളും രചിച്ച് ചാവക്കാട് മാർ കുറിയാക്കോസ് പള്ളിയെ പാലയൂർ സെന്റ് തോമസ് പള്ളി എന്ന് രേഖകൾ സൃഷ്ടിക്കുകയും ചെയ്തത് വലിയൊരളവിൽ ഫലം സൃഷ്ടിച്ചു. 1805 തുലാം മാസം 7 ന് തർക്കമൊഴിഞ്ഞു കിട്ടിയ പള്ളി പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ നേതൃത്വത്തിൽ ദ്രുതഗതിയിൽ കേടുപാടുകൾ തീർത്തു. 1806–ൽ പുതുക്കിപ്പണിത പള്ളി സന്ദർശിച്ച മാർ ദീവന്നാസ്യോസിന്റെ മുമ്പിൽ അവർ ഒരു പ്രതിജ്ഞാപത്രം ചെപ്പേടിലെഴുതി സമർപ്പിച്ചു. അതിന്റെ പൂർണ്ണരൂപം വട്ടെഴുത്തിലെഴുതിയതിന്റെ വിവർത്തനം താഴെ ചേർക്കുന്നു:

“കൊല്ലം 981–ാമത് മകരം ഞായററിൽ പുത്തൻകൂർ സുറിയാനിക്കാരായ ആർത്താറ്റ് ഇടവകക്കാർ എല്ലാവരും കൂടി നമ്മുടെ ബാവാ ദീവന്നാസ്യോസ് തിരുമുമ്പിൽ എഴുതിവച്ച പടിയോലയാവിത്:

നമ്മുടെ ജനങ്ങളിൽ ചിലർ പരദേശക്കാരുടെ എടത്തൂട് ഉപദേശം കേക്കയാൽ റോമ്മാ വിച്ചാതത്തിലേക്ക് തിരിഞ്ഞുപോയി വഴക്കുപിടിച്ച് പള്ളിയും പറമ്പും പകുത്ത് നറുക്കിട്ട് എടുപ്പാൻ എടവന്നു. അബദ്ധം കൊണ്ട് വളരെ വ്യാകുലത്തിന് എടവന്നതിനാൽ മേലാൽ അങ്ങനെ വരാതിരിപ്പാൻ വേണ്ടി, റോമ്മായിൽ നിന്നോ ബാബേലിൽ നിന്നോ അന്തിയോഖ്യായിൽ നിന്നോ മറ്റു വല്ല പരദേശത്തുനിന്നോ യാതൊരു മെത്രാന്മാരുടെയും ഉപദേശവും നടപ്പുകളും ഒരു നാളും കേട്ട് വഴങ്ങി നടക്കാതെ നമ്മുടെ മാർത്തോമ്മാശ്ലീഹായുടെ പൂർവ്വിക വിച്ചാതവും ചട്ടങ്ങളും അനുസരിച്ച് നടന്ന് കൊള്ളുമാറ് സമ്മതിച്ച് തമ്പുരാനെ പെറ്റ അമ്മയുടെ ആർത്താറ്റ് പള്ളിനടയിൽ വച്ച് എഴുതിയത്.

മേക്ക് വികാരി തെക്കെക്കര കുരിയത് കത്തനാർ (ഒപ്പ്)

1. ചെറുവത്തൂർ കുഞ്ഞാത്തു (ഒപ്പ്). 2. പനക്കൽ താരു (ഒപ്പ്). 3. കൂത്തൂർ ചുമ്മാർ (ഒപ്പ്). 4. കോലാടി ഇട്ടൂപ്പ് (ഒപ്പ്). 5. കാക്കശ്ശേരി മാത്തു (ഒപ്പ്). 6. ചുങ്കത്ത് ഇയ്യാവു (ഒപ്പ്). 7. തോലത്ത് പാത്തു (ഒപ്പ്). 8. ചീരൻ പാത്തു (ഒപ്പ്). 9. പുലിക്കോട്ടിൽ താരു (ഒപ്പ്). 10. കിടങ്ങൻ ചേറുണ്ണി (ഒപ്പ്). 11. മണ്ടുമ്പാൻ കുഞ്ഞാത്തു (ഒപ്പ്). 12. തെങ്ങുങ്ങൽ കുരിയാക്കു (ഒപ്പ്).

(പടിയോല കണ്ടെടുത്ത് ഭാഷാന്തരം ചെയ്തത് ഫാ. ഡോ. ജോസഫ് ചീരൻ. ഏതാനും വർഷങ്ങൾക്കു മുമ്പ് പ്രചരിച്ച വിവർത്തനത്തിലെ തെറ്റുകൾ ഇതിൽ പരിഹരിച്ചിട്ടുണ്ട്. ഭാഷയും മറ്റും ആധുനികമാക്കിയിട്ടുണ്ട്)

ഇതാണ് ആർത്താറ്റ് പടിയോലയുടെ അസ്സൽ ഉള്ളടക്കം. പടിയോല എന്നാണ് എഴുതിയിട്ടുള്ളതെങ്കിലും കട്ടിയുള്ള ചെമ്പു തകിടിൽ വട്ടെഴുത്ത് ലിപി ഉപയോഗിച്ചെഴുതിയ ചെപ്പേട് ആണിത്. ആധുനിക മലയാളം

ലിപി പ്രചരിച്ചിരുന്നെങ്കിലും കാലാകാലങ്ങളിൽ നിലനില്ക്കുവാൻ ഉദ്ദേശിച്ചെഴുതിയ രാജശാസനങ്ങളുടെ മാതൃക അനുകരിച്ചാണ് ഈ രേഖ ചെപ്പേടിൽ വട്ടെഴുത്ത് ലിപിയിലെഴുതിയത്. വട്ടെഴുത്തിലെഴുതിയ രേഖ മാർ ദീവന്നാസ്യോസിനെ ഏല്പിച്ചെങ്കിലും ആ വിവരം അക്കാലത്ത് പകലോമറ്റം മെത്രാന്മാരുടെ അനുഗ്രഹാശിസുകളോടെ എഴുതപ്പെട്ട *നിരണം ഗ്രന്ഥവരി*യിൽപ്പോലും രേഖപ്പെടുത്തിയിട്ടില്ല. കൊച്ചിരാജാവിനെ ഏല്പിച്ച കോപ്പി അദ്ദേഹത്തിന്റെ മന്ത്രി പാലിയത്തച്ചന്റെ സൂക്ഷിപ്പിലായിരുന്നു. ഇപ്പോൾ ഈ ചെപ്പേട് കണ്ടെടുക്കപ്പെട്ടത് പാലിയം ഗ്രന്ഥശേഖരത്തിൽ നിന്നാണ്. ഒരിടവകയുടെ മാത്രം പ്രതിജ്ഞയാണ് ചെപ്പേടിൽ രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും അതിന്റെ പ്രാതിനിധ്യ സ്വഭാവം അവഗണിക്കാവതല്ല. ആർത്താറ്റ് ഇടവകയിൽ റോമ്മാബന്ധത്തിന്റെ പേരിൽ മാത്രമേ അക്കാലം വരെ ഭിന്നതയുണ്ടായിട്ടുള്ളൂ. എന്നാൽ ചെപ്പേടിൽ റോമ്മിനോടൊപ്പം ബാബേൽ, അന്ത്യോഖ്യാ, മറ്റ് പരദേശങ്ങൾ എന്ന് രേഖപ്പെടുത്തിയതിനാൽ മലങ്കരസഭാചരിത്രം മുഴുവൻ ആ ചെപ്പേട് ഉൾക്കൊണ്ടു എന്ന് വ്യക്തമാണ്. കൂനൻകുരിശു പ്രതിജ്ഞയിൽ മലങ്കരസഭ റോമ്മിനെ മാത്രമേ തള്ളിപ്പറയുവാൻ ശ്രമിച്ചിട്ടുള്ളൂ. ഒന്നര നൂറ്റാണ്ടു കഴിഞ്ഞപ്പോഴേക്കും ആദികാലം മുതൽ മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻസഭയെ കൂച്ചുവിലങ്ങിട്ടു പൂട്ടുവാൻ ഒരുങ്ങിവന്ന എല്ലാ വിദേശ കൊളോണിയൽ ആധിപത്യശ്രമങ്ങളെയും പേരെടുത്ത് പറഞ്ഞ് അവയ്ക്കെതിരെ ബഹിഷ്കരണ പ്രതിജ്ഞ പ്രഖ്യാപിച്ച ആർത്താറ്റ് ചെപ്പേട് - പടിയോല മലങ്കരയുടെ തലപ്പള്ളി ബോധപൂർവ്വം നടത്തിയ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ 'മാഗ്നാക്കാർട്ടാ' തന്നെയായിരുന്നു. ആയിടെ റോമ്മൻ സഭയിൽ താവളം തേടിച്ചെന്ന് ആറു മാസത്തെ തിരിച്ചറിവുകളുമായി പ്രായശ്ചിത്തം ചെയ്തു മലങ്കരസഭയിലേക്ക് തിരിച്ചുവന്ന 6-ാം മാർത്തോമ്മായെ മാത്രമല്ല, മലങ്കര സഭയുടെ മാർത്തോമ്മാ പൈതൃകം വിറ്റ് കാശാക്കാൻ ഒരുങ്ങുന്ന ഏതൊരു ഭാവിമെത്രാനെയും ആർത്താറ്റ് പടിയോല ലക്ഷ്യം വച്ചിട്ടുണ്ട്. വിദേശ സഭകളുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് മോചനം നേടി മാർത്തോമ്മാ വിശ്വാസ പൈതൃകത്തിൽ സാഭിമാനം ദേശീയബോധത്തോടെ വളരുക – ഇതാണ് ആർത്താറ്റ് പടിയോലയുടെ സർവ്വകാല പ്രസക്തിയുള്ള സന്ദേശം. കോളനൈസേഷൻ ആധിപത്യത്തോട് ശിപ്പായി ലഹളയിലൂടെ ഭാരതം ആദ്യമായി പ്രതികരിച്ചത് വീണ്ടും അഞ്ചു ദശാബ്ദങ്ങൾ കഴിഞ്ഞിട്ടാണ് എന്നോർക്കുമ്പോൾ ആർത്താറ്റ് പടിയോല പ്രദർശിപ്പിച്ച പൗരുഷവും പ്രവാചകസഹജമായ ക്രാന്തദർശിത്വവും എത്രമേൽ ആദരണീയമല്ല? മലങ്കരസഭയുടെ ആധുനിക പ്രവാചകൻ എന്ന് അംഗീകാരം നേടിയ യൂഹാനോൻ മാർ സേവേറിയോസ് പിതാവിന്റെ ഒരു മഹത് പ്രസ്താവന ഓർമ്മയിലുയരുന്നു: "…. യെരുശലേമിലും അന്ത്യോഖ്യായിലും റോമ്മിലും സഭ സ്ഥാപിക്കപ്പെട്ട അതേ കാലഘട്ടത്തിൽത്തന്നെ കുന്നംകുളത്തും

അപ്പോസ്തോലിക സ്ഥാപിതമായ ഒരു സഭ ഉണ്ടായി എന്നത് ഏവർക്കും അഭിമാനകരമാണ്. പൊടിപടലം കൊണ്ട് മൂടപ്പെട്ടും സൂര്യപ്രകാശം ഏല്ക്കാതെയും കിടന്നിരുന്ന അന്നത്തെ കേരളത്തിന്റെയും വിശിഷ്യാ കുന്നംകുളത്തിന്റെയും.... ചരിത്രങ്ങൾ തെളിഞ്ഞു വരുമ്പോൾ കുന്നംകുളത്തിനെ ആർക്കും അവഗണിക്കുവാൻ സാധ്യമാവുകയില്ല" (ഫാ. പി. എം. ജോസ്, *കാലം ചെയ്ത അച്ചൻ*, പു. 2).

ഗർജ്ജന സ്വഭാവമുള്ള ആർത്താറ്റ് പടിയോലയുടെ അണിയറശില്പി കുന്നംകുളം ക്രിസ്ത്യാനികളുടെ ആ തലമുറയിലെ 'കർത്തവ്യൻ' ആയിരുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ ആയിരുന്നു; പടിയോലയിൽ ഒപ്പിട്ടത് അന്നത്തെ മൂപ്പച്ചനും പന്ത്രണ്ട് കസേരക്കാരും ആയിരുന്നു. ഈ പള്ളി ഭരണസംവിധാനം അതേ ദശകത്തിൽ രൂപംകൊണ്ട കണ്ടനാട്ട് പടിയോലയിൽ കാണുന്നുണ്ട്. സമകാല സഭാചരിത്ര സംഭവങ്ങളാണ് ആർത്താറ്റ് പടിയോലയെ അനിവാര്യമാക്കിയത്. മെത്രാന്മാർക്ക് യാതൊരു സഭാനിയമവും ബാധകമല്ലെന്നും അവർ നിയമങ്ങൾക്ക് അതീതരെന്നും ഉള്ള എപ്പിസ്കോപ്പൽ അഹന്തയാണ് പകലോമറ്റം മെത്രാന്മാരെ പൊതുവിലും അവരിൽ അതിപ്രഗത്ഭനായ 6-ാം മാർത്തോമ്മായെ പ്രത്യേകിച്ചും നയിച്ചിരുന്നത്.

പരുമല സെമിനാരിയും കോട്ടയം എം. ഡി. സെമിനാരിയും സ്ഥാപിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാൻ 1873-ലെ പരുമല പടിയോലയിൽ 'മെത്രാന്മാരുടെ ഏകനായകശക്തി' എന്ന് വിശേഷിപ്പിച്ചത് ഈ എപ്പിസ്കോപ്പൽ അഹന്തയെ ആണ്. പൊതു സഭയുടെ അറിവും അനുമതിയും കൂടാതെ മെത്രാന്മാരാവുക, ആരോടും ആരായാതെ പുനരഭിഷേക വേദിയൊരുക്കുക, മാർത്തോമ്മാ എന്ന എപ്പിസ്കോപ്പൽ സ്ഥാനനാമ പാരമ്പര്യം റദ്ദാക്കുക, റോമ്മുമായി സഭാലയന ചർച്ചകൾ നടത്തുക, തൽ സാധ്യത്തിനായി വ്യയം ചെയ്തു പ്രതിനിധികളെ ഏകപക്ഷീയമായി റോമ്മിലേക്കയക്കുക, മാതൃസഭയെ ത്യജിച്ച് പടിയോലയെഴുതുക, റോമ്മൻ തണലിൽ ആറേഴുമാസം പരദാരത്തോടൊത്തെന്നപോലെ സുഖമായി വാഴുക എന്നിങ്ങനെ മലങ്കരസഭയുടെ മേൽവിലാസമുള്ള മലങ്കര മെത്രാൻ ഏകപക്ഷീയമായി ജനഹിതമാരായാതെ മുന്നോട്ടുപോയാൽ അതിനെതിരെ പ്രതികരിക്കുവാനും പ്രതിഷേധിക്കുവാനും ആർത്താറ്റ് ഇടവക മലങ്കരസഭയ്ക്കു നേതൃത്വം നൽകുമെന്ന മുന്നറിയിപ്പ് ധ്വനി മര്യാദയിൽ പടിയോല അർത്ഥമാക്കുന്നുണ്ട്. പുലിക്കോട്ടിൽ മല്പാൻ തയാറാക്കിയ പടിയോലയുടെ സന്ദേശം തെക്കൻ ഇടവകകളുടെ പ്രതിനിധിയും ബൈബിൾ വിവർത്തനത്തിലെ സഹപ്രവർത്തകനുമായ കായംകുളം പീലിപ്പോസ് റമ്പാനും സ്വീകാര്യമായി. ഒരു പുതിയ സുപ്രഭാതത്തിന്റെ ശംഖ ധ്വനി മുഴക്കുന്നതിൽ അവർ സഹകരിച്ചു. ആ ശംഖനാദമാണ്

ആർത്താറ്റ് പടിയോലയുടെ സഭാചരിത്ര മൂല്യം. കേവലം ആറു വർഷങ്ങ ൾക്കകം പകലോമറ്റം കുടുംബവാഴ്ച ചരിത്രത്തിൽ എന്നെന്നേക്കുമായി അസ്തമിച്ച് അപ്രത്യക്ഷമായത് ഈ പടിയോലയുടെ ധ്വന്യാത്മക സന്ദേശം മലങ്കര സഭയ്ക്കു മുഴുവൻ സ്വീകാര്യമായതിനാലാണ്.

രക്തസാക്ഷികളുടെയും പടിയോലയുടെയും നഗരമെന്ന് പ്രസിദ്ധമായ പാലൂർ പ്രദേശത്തെ ആർത്താറ്റ് - ചാട്ടുകുളങ്ങര പുനർനിർമ്മാണം പൂർ ത്തിയാക്കിയ ദേവാലയം 1808 ജനുവരിയിൽ ഡോ. ക്ലോഡിയസ് ബുക്കാ നൻ സന്ദർശിച്ചു. ജനു. 14-ന് തലശ്ശേരിയിൽ നിന്നെഴുതിയ കത്തിൽ ആ സന്ദർശനത്തെപ്പറ്റി അദ്ദേഹം ഇപ്രകാരം എഴുതി: "കേണൽ മെക്കാളെ ഇതുവരെയും എന്നെ അനുഗമിച്ചിരുന്നു. കൊച്ചിയിൽനിന്ന് പുറപ്പെട്ട ഞങ്ങൾ ആദ്യം സന്ദർശിച്ചത് തൃശ്ശൂരിലെ പ്രസിദ്ധമായ സംസ്കൃത കോള ജ് ആണ്. പിന്നീട് ഞങ്ങൾ പോയത് ഞാൻ മുമ്പ് സന്ദർശിക്കാതിരുന്നതും സുറിയാനി ക്രിസ്ത്യാനികളുടെ ജില്ല എന്ന് പരാമർശിക്കാവുന്നതും ആയ ഒരു സ്ഥലത്തേക്കാണ്. ഹൈദരാലി ഈ സ്ഥലത്തെ നസ്രാണി ഗൂർ - നസ്രാണികളുടെ പട്ടണം - എന്ന് വിളിച്ചിട്ടുണ്ട്. ജനനിബിഡവും ഫലഭൂയി ഷ്ഠവും സുന്ദരവും ആയ ഒരു സ്ഥലമാണത്. ചതുരാകൃതിയിലുള്ള പട്ട ണത്തിന് നാലു പ്രവേശന കവാടങ്ങൾ ഉണ്ടായിരുന്നു. ഇവ ഒരു കുന്നിന്റെ താഴ്വാരത്തിൽ പണിയപ്പെട്ടിരുന്നു. തെരുവുകളിൽ നിന്ന് തെരുവുകളി ലേക്ക് പാറയിൽ പടവുകൾ കൊത്തിയിരുന്നു. നാലു ഭാഗത്തും സമൃദ്ധ മായ ഇലകളുള്ള പനകളും മറ്റു മരങ്ങളും സ്ഥിതി ചെയ്തിരുന്നു. കുന്നി ന്റെ താഴ്വരയുടെ ചുറ്റിലും പുൽമൈതാനികൾ ഉണ്ടായിരുന്നു. പട്ടണം മുഴുവൻ കുന്നുകളും താഴ്വരകളും ആയിരുന്നു. അവിടത്തെ പുരോഹി തർക്കും ജനങ്ങൾക്കും എന്നെ നന്നായി അറിയാമായിരുന്നു. അവർ എനിക്ക് ഊഷ്മളമായ സ്വീകരണമാണ് നൽകിയത്. പ്രധാന ദേവാലയം വരെ എന്നെ അനുഗമിച്ചു. മലങ്കരയിലുള്ള എല്ലാ ദേവാലയങ്ങളുടെയും പേരിൽ ഒരു വലിയ സുവർണ്ണ മെഡൽ ആ പള്ളിക്കു സമ്മാനിക്കാനുള്ള എന്റെ ഉദ്ദേശ്യത്തെ ഗ്രഹിക്കുകയാൽ വലിയൊരു ജനക്കൂട്ടം അവിടെ സമ്മേളിച്ചിരുന്നു. ഈ ടൗണിൽ നസ്രാണികളല്ലാത്ത ഒരു മനുഷ്യരുമില്ല. ഞാൻ കൽക്കട്ട വിടുന്നതിന് മുമ്പ് മിസ്സിസ് ജെ. എനിക്ക് നൽകിയ പത ക്കമാണ് ഞാൻ ആ ദേവാലയത്തിന് സമ്മാനിച്ചത്. ഒരു സാധാരണ കോള ജ് മെഡലിന്റെ മൂന്നിരട്ടി വലിപ്പമുള്ള ആ മെഡലിന്റെ ഒരു ഭാഗത്ത് യോർ ദ്ദാൻ നദിയിലെ യേശുവിന്റെ സ്നാനം പ്രൗഢമായി ആലേഖനം ചെയ് തിരിക്കുന്നു; മറുഭാഗത്ത് സ്നാനത്തിനായി ഉപനയിക്കപ്പെടുന്ന ഒരു ശിശുവിന്റെ രൂപവും. ജനങ്ങളുടെ മുമ്പിൽ വച്ച് ഭക്ത്യാദരവോടെ ഞാൻ അത് മദ്ബഹായിൽ സമർപ്പിച്ചു. സാധുജനങ്ങൾക്കായി ഒരു സമ്മാനപ്പൊ തിയും അതോടൊപ്പം സമർപ്പിച്ചു. ഈ പട്ടണം കൊച്ചി രാജാവിന്റെ ഭരണാ തിർത്തിയിൽ ഉൾപ്പെട്ടതാണ്. രണ്ടാഴ്ച മുമ്പ് അദ്ദേഹത്തെ ഞാൻ സന്ദർ

ശിച്ചിരുന്നു. സുറിയാനിക്കാരുടെ ഈ താവളത്തെ 1789-ൽ ടിപ്പു ആക്രമിച്ചു. ക്രിസ്ത്യാനികളെ തൂക്കിക്കൊന്ന വൃക്ഷശിഖരങ്ങൾ എനിക്ക് ചൂണ്ടിക്കാണിച്ചുതന്നു" (*സ്മരണകൾ,* പു. 154, 155).

6-ാം മാർത്തോമ്മായുടെ ദീനം വർദ്ധിച്ചതോടെ കായംകുളം റമ്പാച്ചൻ അദ്ദേഹത്തിന് തൈലാഭിഷേക ശുശ്രൂഷ നടത്തി. 1808 മീനം 27 ന് നാല്പതാം വെള്ളിയാഴ്ച നിര്യാതനായി. ഭൗതികദേഹം നിരണത്ത് നിന്ന് അദ്ദേഹം സ്ഥാപിച്ച പുത്തൻകാവ് പള്ളിയിൽ വച്ച് ഓശാന ഞായറാഴ്ച കബറടക്കി. സുദീർഘമായ നാലു പതിറ്റാണ്ടുകൾ അദ്ദേഹം മെത്രാനായി ജീവിച്ചു. 1751-ൽ വന്ന വിദേശ മെത്രാന്മാരോടുള്ള പോരാട്ടം, കാട്ടുമങ്ങാട്ട് കൂറിലോസിനെ നേരിടുവാനുള്ള നെട്ടോട്ടം, റോമ്മാ സഭയെ പുണരുവാനുള്ള അഭിനിവേശം എന്നിങ്ങനെ മരീചികകൾക്ക് പിന്നാലെ ഓടുമ്പോൾ സഭയുടെ മാർഗ്ഗദർശിയാകലാണ് തന്റെ പ്രധാന ദൗത്യം എന്ന് അതത് കാലത്തെ മാർത്തോമ്മാ മെത്രാന്മാരെപ്പോലെതന്നെ ആറാം മാർത്തോമ്മായും വിസ്മരിച്ചു. അത് സഭയെ പ്രതിദിനം ക്ഷീണിപ്പിച്ചു. റോമ്മൻ ക്യാമ്പുകളെ പുഷ്ടിപ്പെടുത്തുകയും ചെയ്തു. കുടുംബ താല്പര്യം, പ്രാദേശിക താല്പര്യം, എപ്പിസ്കോപ്പൽ താല്പര്യങ്ങൾ എന്നീ ചതിക്കുഴികളിൽ വീഴുന്ന ഏതൊരു മെത്രാന്റെ കാലഘട്ടത്തിലും സംഭവിക്കാവുന്നത് ഈ ക്ഷയോന്മുഖതയാണ്.

## H. ഏഴാം മാർത്തോമ്മാ

ഈ സത്യങ്ങൾ തിരിച്ചറിഞ്ഞ ഒരാൾ ആയിരുന്നു 7-ാം മാർത്തോമ്മാ. അദ്ദേഹം 1808 മേടം 23 ന് നിരണത്ത് ചെന്ന് ആറാം മാർത്തോമ്മായുടെ മുറി തുറപ്പിച്ച് സഭാഭരണം ആരംഭിച്ചു. 1806-ൽ *നിരണം ഗ്രന്ഥവരി*യുടെ രചന ആരംഭിച്ചത് തുടരുവാൻ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. അദ്ദേഹം ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് 3000 പൂവരാഹൻ എട്ട് ശതമാനം പലിശയ്ക്ക് കടം കൊടുത്ത് ആദ്യമായി സഭയ്ക്കൊരു പൊതുവരുമാന മാർഗ്ഗം - വട്ടിപ്പണപ്പലിശ - സൃഷ്ടിച്ചു. പകലോമറ്റം മെത്രാന്മാരിൽ ഏറ്റവും വിവേകമതിയായി സഭയെ നയിക്കുവാൻ ശ്രമിച്ചത് ഏഴാം മാർത്തോമ്മാ ആണ്. കാലത്തിന്റെ ചുവരെഴുത്തുകൾ വായിക്കുവാൻ അദ്ദേഹം തയ്യാറായി. എപ്പിസ്ക്കോപ്പസിയും ജനാധിപത്യവും കൂടി ആരോഗ്യകരമായ ഒരനുപാതത്തിൽ സമ്മിശ്രമാക്കിയാൽ മലങ്കരയ്ക്ക് ഏറ്റവും അനുയോജ്യമായ ഭരണരീതിയാവും അതെന്ന് അദ്ദേഹത്തിന് ബോധ്യമായി (ഇക്കാലത്താണ് മലങ്കരസഭയിൽ നിരന്തരശല്യമായിത്തീർന്ന മാർ ദീയസ്കോറോസിനെ 1809 മേടം 3 ന് കേണൽ മെക്കാളെ കപ്പൽ കയറ്റി തിരിച്ചയച്ചത്).

തന്റെ മുൻഗാമി സഭാഭരണത്തിൽ നിന്ന് ബോധപൂർവ്വം ഒഴിവാക്കു

വാൻ ജാഗ്രത പുലർത്തിയ രണ്ട് പ്രഗത്ഭ വൈദിക പ്രതിനിധികളെ - കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെയും കായംകുളം ഫീലിപ്പോസ് റമ്പാനെയും - ഏഴാം മാർത്തോമ്മാ തന്റെ ഉപദേശകരായി ഗൗരവപൂർവ്വം പരിഗണിച്ചു. മെത്രാനും ഉപദേശകരും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായ ചില സന്ദർഭങ്ങൾ *ഗ്രന്ഥവരി*യിലുണ്ട്. ഉപദേശകർക്ക് മെത്രാനോട് വിയോജിക്കുവാനും ആവശ്യമെങ്കിൽ ശാസിക്കുവാനും സ്വാതന്ത്ര്യം ഉണ്ടായിരുന്നു എന്നത് മെത്രാന്റെ വലിയ മനസ്സിനെ പ്രതിബിംബിക്കുന്നുണ്ട്. വിനയവും ജനാധിപത്യബോധവുമുള്ള പരിഷ്കൃത മനസ്സിന്റെ ഉടമയായിരുന്നു 7-ാം മാർത്തോമ്മാ. അദ്ദേഹത്തിന്റെ ഭരണം പൊതുവിൽ ശാന്തമായിരുന്നു. പക്ഷേ അദ്ദേഹം ഹ്രസ്വായുഷ്മാനായിരുന്നു. അദ്ദേഹത്തിന്റെ കാലത്തെ ശാന്തത കൊടുങ്കാറ്റിന് മുമ്പുള്ള ശാന്തതയായിരുന്നുവെന്ന് പില്ക്കാല സഭാചരിത്രം തെളിയിച്ചു.

1809 ജൂലായ് 4 ന് അദ്ദേഹം ദിവംഗതനായി. കോലഞ്ചേരി പള്ളിയിൽ കബറടക്കപ്പെട്ടു, സാധുവായ കൈവെപ്പോടു കൂടി മെത്രാൻ സ്ഥാനമേറ്റ് സഭാ ഭരണം നിർവ്വഹിച്ച പകലോമറ്റം മെത്രാന്മാരുടെ യുഗം ഇതോടെ അവസാനിച്ചു. ജനങ്ങൾ മാറ്റങ്ങൾക്കു വേണ്ടി ദാഹിച്ചു തുടങ്ങിയിരുന്നു. ചിലർ ഉറക്കം നടിച്ചു. മറ്റു ചിലർക്കു ഉറക്കം ഉണരുവാൻ അല്പകാലം കൂടെ വേണ്ടി വന്നു എങ്കിലും സഭ ഒന്നടങ്കം സഭാ താല്പര്യം മുൻനിർത്തി മുന്നോട്ട് വച്ച മാറ്റങ്ങൾ ആദ്യം തത്വം എന്ന നിലയിലും പിന്നീട് പ്രയോഗം എന്ന നിലയിലും യാഥാർത്ഥ്യമാവുക തന്നെ ചെയ്ത് ചരിത്രത്തിലൊരു പാഠമായിത്തീർന്നു.

## അദ്ധ്യായം 4

# കുടുംബത്തിന്റെ കിതപ്പും സഭയുടെ കുതിപ്പും

### A. എട്ടാം മാർത്തോമ്മാ

മെത്രാൻ സ്ഥാനത്തേയ്ക്കുള്ള പകലോമറ്റം കുടുംബവാഴ്ച അവസാനിപ്പിക്കുവാൻ സഭ ആഗ്രഹിച്ചു. സഭാ ദർശനമുള്ള ഇടയന്മാരെ കണ്ടെത്തുവാൻ ഈ കുടുംബവാഴ്ച തടസം സൃഷ്ടിച്ചു. പല പകലോമറ്റം മെത്രാന്മാരും ആ കുടുംബത്തിലെ ദത്തുപുത്രന്മാർ ആയിരുന്നു. പകലോമറ്റം എന്ന മന്ത്രസമാനമായ പദത്തിന്റെ മുമ്പിൽ മറ്റെല്ലാം വിസ്മരിക്കപ്പെടുകയായിരുന്നു. ഏഴാം മാർത്തോമ്മായുടെ നിര്യാണത്തിന്റെ അവസാന നിമിഷങ്ങളിൽ ചലനമറ്റുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ കൈകൾ തന്റെ ശിരസ്സിലർപ്പിക്കപ്പെട്ടു എന്നവകാശപ്പെട്ടുകൊണ്ട് ഒരു പുതിയ തോമ്മാ മെത്രാൻ പ്രത്യക്ഷപ്പെട്ടത് സഭയിലാകെ ചിന്താക്കുഴപ്പമുണ്ടാക്കി. ഏഴാം മാർത്തോമ്മായുടെ ഉപദേശകർ ആയിരുന്ന കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരും കായംകുളത്ത് പീലിപ്പോസ് റമ്പാനും ഇക്കാര്യത്തിൽ സംയുക്തമായി കേണൽ മൺറോയ്ക്ക് നൽകിയ പരാതിയിൽ കാര്യങ്ങൾ ഇപ്രകാരം വിശദീകരിച്ചിട്ടുണ്ട്: "…. മാർ ദീവന്നാസ്യോസ് ബിഷപ്പിന്റെ അനന്തിരവൻ മാർത്തോമ്മാ ബിഷപ്പിന് രോഗം പിടിച്ച് പരവശമായപ്പോൾ തന്റെ അടുക്കൽ ഉണ്ടായിരുന്ന ചിലർ 'ഇനി കടമറ്റത്തു' തൊമ്മൻ കത്തനാരെ വരുത്തി ഈ സ്ഥാനം കൊടുക്കണമെന്ന്' ചിന്തിച്ചത് ദീനത്തിൽ കിടക്കുന്ന ബിഷപ്പ് കേട്ടപ്പോൾ അരിശപ്പെടുകയും അയാൾ ഈ സ്ഥാനത്തിന് തെരഞ്ഞെടുപ്പാൻ യോഗ്യനല്ലെന്ന് കല്പിക്കുകയും ചെയ്കയാൽ തല്ക്കാലം ഈ ആലോചനക്കാർ ഒഴിഞ്ഞുമാറി നില്ക്കയും പിന്നെ നാലഞ്ച് ദിവസം കഴിഞ്ഞ് മെത്രാന് ദീനം കൂടുതലായി ബോധക്കേടായി കിടക്കുമ്പോൾ അങ്കമാലി ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാർ മുതൽപേർ രഹസ്യമായി മേലെഴുതിയ തൊമ്മൻ കത്തനാരെ വരുത്തി 'ഇനി നമുക്ക് ഒരു വേദത്തലവൻ വേണമല്ലോ. ഇയാളെ ഇപ്പോൾ മാർത്തോമ്മാ മെത്രാൻ എന്ന് പേർ വിളിക്കാഞ്ഞാൽ പല കൂട്ടം വൈഷമ്യം ഉണ്ടെന്നു പറഞ്ഞതിനെ ആ ശേഖരത്തിലുള്ളവർ അനുസരിക്കുകയും അതിലേക്കു വേണ്ടുന്ന വട്ടം കൂട്ടുന്നത് കണ്ട് കോനാട്ട് മല്പാനും മറ്റ് കത്തങ്ങളും കൂടെ 'ഈ കാര്യം ഒരു പ്രകാരവും ചെയ്തു കൂടാ' എന്ന് പ്രസ്താവിച്ചുകൊണ്ടിരിക്കുമ്പോൾ സിദ്ധാന്തികളുടെ കൗശലത്താൽ ആളുകൾ വന്ന് 'അയ്യോ ബിഷപ്പ് മരിക്കാറായി. വേഗത്തിൽ എല്ലാവരും വരുവിൻ' എന്ന് വ്യസനധൃതിയോടെ പറയുന്ന സ്വരം കേട്ട് മുറിത്തട്ടേൽ നിന്ന് എല്ലാവരും ചമയ

പ്പുരയിൽ ചെല്ലുമ്പോൾ ഇട്ടൂപ്പ് കത്തനാർ മുതൽപേർ തൊമ്മൻ കത്ത നാരെ മെത്രാന്റെ ചമയങ്ങൾ ഇടുവിച്ച് മെത്രാന്റെ വിരലിന്മേൽ കിടന്ന വാഴ്ച മോതിരം ഊരിയെടുത്ത് അയാളുടെ വിരലിന്മേൽ ഇടുവിക്കുകയും, പട്ടം കൊടുക്കുകയും സൈത്ത് റൂശ്മാ ചെയ്യാൻ വരട്ടെ എന്ന് പറയുകയും ചെയ്തുകൊണ്ട് കട്ടിലിന്റെ അരികെ മുട്ടുകുത്തിച്ച് ബിഷപ്പിന്റെ കൈ ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാർ എടുത്ത് അദ്ദേഹത്തിന്റെ തലയിൽ വയ്ക്കുകയും ചിലർ വടിയും, മുടിയും, സ്ലീബായും കൊടുത്ത് ഏതാനും മൊഴികൾ ചൊല്ലി 'മാർത്തോമ്മാ എപ്പിസ്കോപ്പാ' എന്ന് സ്ഥാനപ്പേർ വിളിക്കുകയും വലത്തുകൈ മുത്തുവാൻ സംഗതിയാകാതെ ഇടത്തുകൈ മുത്തി മുട്ടിന്മേൽ നിന്ന് എഴുന്നേല്ക്കുകയും ചെയ്തു. എന്തുകൊണ്ട് ഇപ്രകാരം ചെയ്യിക്കുന്നു എന്ന് ഫീലിപ്പോസ് റമ്പാൻ മുതൽപേരോട് കൂടിയ ജനങ്ങളിൽ ചിലർ ചോദിച്ചാറെ, 'തന്റെയും മറ്റും ആലോചന കേൾക്കാതെ തന്നിഷ്ടമായി പ്രവർത്തിക്കുന്നു' എന്നത്രേ മറുപടി പറ ഞ്ഞത്. ബിഷപ്പുമാർ ശുദ്ധമാന കുർബ്ബാന ചൊല്ലുമ്പോൾ, കൂടെ മെത്രാന് സ്ഥാനം നൽകുകയും വാഴിക്കുന്ന മൊഴികൾ ചൊല്ലി ഈ സ്ഥാനം തികയ്ക്കേണ്ടതുമായിരിക്കുമ്പോൾ അതിന് സംഗതി വരാതെ ഇരിക്കു ന്നമുറയിൽ ഈ ആളിന്റെ സ്ഥാനം പുസ്തകവിധിയാൽ ശരിയല്ലാത്തതും അതിനാൽ അംഗീകരിക്കപ്പെടാവുന്നതുമല്ല എന്ന പ്രസ്താവം നീളെ പര ക്കുന്നു" (ഇട്ടൂപ്പ് റൈട്ടർ, പു. 168).

1809 ജൂലായ് 4-ന് 7-ാം മാർത്തോമ്മാ കോലഞ്ചേരി പള്ളിയിൽ സംസ്ക രിക്കപ്പെട്ടതോടെ അഭിനവ പകലോമറ്റം ദത്തു മെത്രാൻ അനുഭാവികളാ യും കുടുംബക്കാരായും ഉള്ള ഏതാനും ഇടവകകളുടെ പിന്തുണയോടെ ഭരണത്തിൽ പ്രവേശിച്ചു. കശ്ശീശാപട്ടം സാധുവായി സ്വീകരിച്ച എട്ടാം മാർത്തോമ്മായുടെ മെത്രാൻസ്ഥാന സ്വീകരണശൈലിയിലെ അകാനോ നികതയും ഭൂരിഭാഗം ജനങ്ങൾക്കും അദ്ദേഹം അനഭിമതൻ ആണെന്ന വസ്തുതയും ഒരു പ്രക്ഷോഭത്തിന് പശ്ചാത്തലമൊരുക്കി. പുതിയ മെത്രാ ന്റെ കൈകളിൽ സഭയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഭാവി ഇരു ളടഞ്ഞതായിരിക്കുമെന്ന് തീർച്ചയായ സാഹചര്യത്തിൽ 7-ാം മാർത്തോ മ്മായുടെ ഉപദേശകർ ആയി വർത്തിച്ചിരുന്ന കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരും കായംകുളം ഫീലിപ്പോസ് റമ്പാനും ക്ഷോഭജനകമായ അന്തരീക്ഷത്തെ വ്യക്തിപ്രശ്നമായി കളങ്കപ്പെടുത്താതെ സഭയുടെ ഭാവി ശോഭനമാക്കുവാനുള്ള ഒരവസരമായി പ്രയോജനപ്പെടുത്തുവാൻ പരിപക്വ മായ നേതൃത്വം നൽകി. അവരുടെ ദീർഘവീക്ഷണവും സഭാ ദർശനവും ഏകത്ര സമ്മേളിച്ചപ്പോൾ ഒരു അനുരഞ്ജന ഫോർമുല രൂപപ്പെട്ടു: അതാ ണ് കണ്ടനാട് പടിയോല. *നിരണം ഗ്രന്ഥവരി* ഒരൊറ്റ വാക്യത്തിൽ പടിയോ ലയെ ഒതുക്കി. ഇട്ടൂപ്പ് റൈട്ടർ തന്റെ നവീകരണചിന്തകൾക്കനുകൂലമായി പടിയോലയെ നവീകരിച്ച് തന്റെ സഭാചരിത്രത്തിൽ ചേർത്തു. പുരാതന

മായ ഒരു കയ്യെഴുത്ത് സഭാചരിത്രത്തിലും പിന്നീട് കണ്ടെടുക്കപ്പെട്ട *കണ്ട നാട് ഗ്രന്ഥവരി*യിലും കാണുന്ന ശരിയായ പാഠം താഴെ ചേർക്കുന്നു. മലങ്കരസഭാ ഭരണഘടനയുടെ പ്രാഗ്രൂപം എന്ന് അതിനെ ന്യായമായും വിശേഷിപ്പിക്കാവുന്നതാണ്.

## B. കണ്ടനാട് പടിയോല

7-ാം മാർത്തോമ്മായുടെ 40-ാം അടിയന്തിരം പ്രമാണിച്ച് 1809 ചിങ്ങം ഒന്നിന് കണ്ടനാട്ട് പള്ളിയിൽ ചേർന്ന സഭയിലെ അമ്പത്തിഅഞ്ച് ഇടവക കളിലെ പള്ളിപ്രതിപുരുഷന്മാരുടെ സമ്മേളനത്തിൽ 8-ാം മാർത്തോമ്മാ ക്കെതിരായ നിലപാടുകൾ വ്യക്തമാക്കപ്പെട്ടു. തന്റെ നില പരുങ്ങലിലാ ണെന്ന് പകലോമറ്റം ദത്തുമെത്രാന് ബോദ്ധ്യമായി. കൃത്യമായി നിർവചി ക്കപ്പെട്ട നിയമവ്യവസ്ഥകൾക്ക് വിധേയമായി മാത്രം 8-ാം മാർത്തോമ്മായെ സഭയുടെ ഭരണാധികാരിയായി അംഗീകരിക്കാമെന്ന് ഉഭയസമ്മതത്തോടെ സമ്മേളനം തീരുമാനിച്ചു. വടക്കൻ ഇടവകകളുടെ വൈദിക പ്രതിനിധി യായി കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെയും തെക്കൻ ഇടവക കളുടെ പ്രതിനിധിയായി കായംകുളം ഫീലിപ്പോസ് റമ്പാനെയും യോഗം തെരഞ്ഞെടുത്തു. ഇട്ടൂപ്പ് മല്പാനെ റമ്പാൻ സ്ഥാനത്തേക്ക് യോഗം തെര ഞ്ഞെടുത്തു. യോഗം അംഗീകരിക്കുന്ന നിയമവ്യവസ്ഥകൾക്കും റമ്പാന്മാ രുടെ ഉപദേശങ്ങൾക്കും വിധേയമായി മലങ്കര സഭാഭരണം നിർവ്വഹിക്കു വാൻ 8-ാം മാർത്തോമ്മായെ യോഗം ചുമതലപ്പെടുത്തി. മലങ്കരസഭയുടെ കാനോൻ എന്ന വിശേഷണം പോലും അർഹിക്കുന്ന കണ്ടനാട്ട് പടിയോല പൂർണ്ണരൂപത്തിൽ താഴെ ചേർക്കുന്നു:

മശിഹാ പെറന്നിട്ട് 1809 -ാം കാലം 985-മാണ്ട് ചിങ്ങ മാസം 1 -ാം തീയ്യതി എഴുതിവച്ച പടിയോല.

1. ഉണ്ണികൾ പിറന്നാൾ 90 ദിവസത്തിനകം മാമ്മൂദീസാ മുക്കുകയും

2. പൈതങ്ങൾ ആകാശത്തിൽ ഇരിക്കുന്ന നമസ്കാരവും നന്മ നിറഞ്ഞ മറിയവും വിശ്വസിക്കുന്നതും ഞായറാഴ്ചയും മാറാനായയും പ്രമാണ ങ്ങളും ഭൂഷകളും കൂദാശകളും പഠിക്കുകയും

3. കുരിശുമണി നേരത്ത് ഓരോരോ നന്മനിറഞ്ഞ മറിയവും ഒരു ആകാ ശത്തിലിരിക്കുന്നതും ചൊല്ലുന്ന കൗമ്മാപ്പടി നമസ്കാരങ്ങളിലും ജനങ്ങൾ എല്ലാവരും കൂടി അന്തിയിലും മയ്യലിലും കൂടി നമസ്കരിക്കുകയും

4. ഞായറാഴ്ചകളിലും പെരുന്നാളുകളിലും പള്ളിയിൽ കുർബ്ബാന കാണുകയും

5. കല്പിക്കപ്പെട്ട നോമ്പുകൾ അഞ്ചും നോൽക്കുകയും 25 നോമ്പിലും

50 നോമ്പിലും കുമ്പസാരിച്ച് കുർബ്ബാന കൊള്ളുകയും ദ്രോഹപ്പെട്ടവർക്കു (രോഗികൾക്ക്) നോമ്പ് നോൽക്കുന്നതിന് വശമില്ലെങ്കിൽ വികാരിയും ദേശത്ത് പട്ടക്കാരും ബോദ്ധ്യം വന്നാൽ അനുവാദം പോലെ നടന്നുകൊൾകയും

6. പെണ്ണുങ്ങളെ പതിനാലു വയസ്സിന്നകം കെട്ടിക്കയും പെണ്ണുകെട്ടുന്ന തലേ ഞായറാഴ്ച വന്ന് നമസ്കാരങ്ങൾ കേൾപ്പിച്ച് കുമ്പസാരിപ്പിക്കുകയും തലേ ഞായറാഴ്ച തന്നെ വിളിച്ചുചൊല്ലുകയും പെണ്ണുകെട്ടുന്നതിന് തൊട്ടുമുമ്പ് ചെറുക്കന് ഒരു കുരിശും മൂന്ന് മുടുകും (?) പെണ്ണിന് കാതിലയും മൂന്നു കൂട്ടം കാശും ഒറ്റഴയും (?) കൊടുത്തു കൊന്തയും ഇടുവിച്ച് വടക്കേ ദിക്കിൽ ചെറുക്കനെ ഏഴു മൊടുകും ഒരു കുരിശും അരഞ്ഞാണവും നെറ്റിപ്പട്ടവും കഴുത്തിൽ ഏഴുരു പൊന്നിട്ടു കൊൾകയും പെണ്ണുകെട്ടി കരേറിയാൽ ഞായറാഴ്ച ഒരു നേരത്തെ വിരുന്നു കൊടുക്കുകയും കുർബ്ബാനയുടെ മുമ്പ് പെണ്ണുകെട്ടുകാർ പള്ളിയിൽ വരികയും പസാരം കെട്ടിപ്പാൻ തുടങ്ങുമ്പോൾ മുമ്പും പിറകും തർക്കിക്കുന്ന കാര്യം മരിയാദ അല്ലാത്തതാക കൊണ്ടും കൂദാശകൾക്കും തമ്പുരാന്റെ മനോഗുണങ്ങൾക്കും ഭേദാഭേദം ഇല്ലാത്തതാക കൊണ്ടും വയസ്സുമൂപ്പ് പോലെ നിറുത്തി കെട്ടിച്ചുകൊൾകയും പിറ്റേ ഞായറാഴ്ചയ്ക്കകം കുടിവക്കലും വിരുന്നും കൂടാതെ തേനുണ്ടു കുളിക്കയും പുളി കുടിക്കുകയും വാവൂസാവാഴ്ചയ്ക്കു (?) ഓണപ്പുടവ കൊടുക്കയും വേണം.

7. പട്ടക്കാർ രണ്ടു നേരം കൂടി നമസ്കരിച്ച് പള്ളിയിൽ പാർക്കയും മദ്യപാനം ചെയ്യാതെയും ആൾക്കാരുള്ള പള്ളിയിൽ ഞായറാഴ്ചയും പെരുന്നാൾക്കും കാലത്തും ഉച്ചനേരത്തും കുർബ്ബാന ചൊല്ലുകയും ഇടവകക്കാർ പട്ടക്കാർക്കു പസാരം കൊടുക്കുകയും

8. തെക്കും വടക്കും രണ്ട് പഠിത്തവീട്ടിൽ ഓരോരോ മല്പാന്മാർ ഇരുന്ന് പൈതങ്ങളെയും ശെമ്മാശന്മാരെയും പഠിപ്പിക്കുകയും പള്ളിയിൽ നിന്നും വരിയിട്ടെടുത്ത് അവർക്കു വേണ്ടത് ആണ്ടുതോറും കൊടുക്കയും പട്ടക്കാർ പള്ളിയ്ക്കടുത്ത ക്രമങ്ങൾ ഒക്കെയും തഴക്കി കുറവ് തീർത്തു മല്പാന്മാരുടെ എഴുത്തു യജമാനസ്ഥാനത്തു കൊണ്ടുവന്ന് കൊടുത്ത് കൂദാശ പ്രവൃത്തികൾക്കു അനുവാദം വാങ്ങിച്ചു കൊൾകയും

9. പള്ളി മര്യാദകളും നടത്തേണ്ടതിന്നുള്ള ആണ്ടുതക്സാ ക്രമപ്പെടുത്തിയ പുസ്തകം പള്ളിക്കാര്യത്തിൽ നിന്നും വാങ്ങിച്ചുകൊള്ളുകയും

10. എല്ലാ പള്ളികളിലും തിര (ശ്ലീല) തുറക്കുകയും പതിനാറ് പേരെ തെരഞ്ഞെടുത്ത് അവരുടെ പേർക്കു മുറി (നറുക്ക്) എഴുതി നടയിൽ വച്ച് അതിൽ മുറിയെടുത്തു വരുന്ന ആൾ ആ വത്സരം കൈസ്ഥാനം നടന്ന് പതിവിൻപടി ചെലവിട്ട്, വിശേഷാൽ ഉള്ളതിന് യോഗത്തെ ബോധിപ്പിച്ച്

ചിലവർത്ത് (ചെലവാക്കി) ആണ്ട് തെകയുമ്പോൾ വികാരിയെയും യോഗ ത്തെയും ബോധിപ്പിച്ച് മുതൽ ചെലവിന്റെ കണക്കു എഴുതിത്തീർത്ത് ഇരിപ്പുള്ള പണവും കെട്ടിവച്ച് കൈസ്ഥാനവും മാറ്റി വീണ്ടും മുറിയിട്ടെ ടുത്ത് വരുന്ന ആളിന്റെ പറ്റിൽ (പക്കൽ) പണവും മുണ്ട് കൃതിയും (തുണി ത്തരങ്ങൾ) പെട്ടിപ്രമാണവും ശേഷമുള്ള മുതൽ കാരിയാൾ വശം ഏല്പിച്ച് മേല്പൂട്ടിൽ വച്ച്, യജമാനസ്ഥാനത്തെ ആളായിട്ട് ഇടവക കത്ത ങ്ങളിൽ ഒരുത്തനെ നിശ്ചയിച്ച് മൂന്ന് പേരും തെരട്ടും പടിയോലയും കണ്ടിട്ട് അതിനോട് (ഒപ്പ്) വച്ച് മൂന്ന് പൂട്ടും പൂട്ടി സൂക്ഷിച്ചുകൊൾകയും ആ വക പൂട്ടിൽ നിന്ന് എടുത്തുവെക്കേണ്ടും നാളിൽ യജമാനസ്ഥാനത്തേയും വികാരിയേയും യോഗവും ബോധിപ്പിച്ച് ചെലവിട്ടുകൊൾകയും പതിനാറ് പേർ പ്രാപ്തിയുള്ളവർ ഇല്ലാത്ത പള്ളികളിൽ നാലു പേരായിട്ടെങ്കിലും എഴുതിവച്ച മുറയ്ക്കു നടത്തിക്കൊള്ളുകയും കൈസ്ഥാന ചീട്ടിൽ ഉൾപ്പെട്ട ആളുകളും വികാരിയും ഇടവക പട്ടക്കാരും കൂടി നിരൂപിച്ച് യോഗ ക്കുറി എഴുതുകയും യോഗക്കാരിയം വിചാരിച്ചുകൊള്ളുകയും നമസ്കാ രവും കുർബ്ബാനയും മാമ്മൂദീസായും പെൺകെട്ടും യൽദായും ദനഹായും ഓശാനയും ദുഃഖവെള്ളിയാഴ്ചയും കൃംതായും പന്തെക്കുസ്തിയും യാക്കോബായക്കാർ സുറിയാനിക്കാരുടെ ക്രമത്തിൽ നടന്നുകൊള്ളുകയും

ഈ എഴുതിവച്ച ക്രമങ്ങൾ ഒന്നിനും ഭേദം വരുത്താതെ നടന്നുകൊ ള്ളുമാറും ആയതിന് ഭേദം വരുത്തി നടക്കുന്നുവെങ്കിൽ പള്ളിക്കു പുറ ത്തുനിന്ന്, കല്പിച്ച് ചെയ്യുന്ന ശിക്ഷയും പ്രായശ്ചിത്തവും ചെയ്തു വീണ്ടും ഈ എഴുതിവച്ചതിൻവണ്ണം നടന്നുകൊള്ളുമാറ് സമ്മതിച്ച് ഈ പടിയോല എഴുതിവച്ച് അങ്കമാലി മുതൽപേർ ശേഷം അമ്പത്തിനാലു പള്ളിക്കാരും കൂടി എഴുതിവച്ച പടിയോല.

(ഇട്ടൂപ്പ് റൈട്ടർ പടിയോലയിൽ വരുത്തിയ പരിഷ്കാരങ്ങളും അതിന്റെ പിന്നിലുള്ള നവീകരണച്ചായ്വുകളും *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ച രിത്രവും സംസ്കാരവും* എന്ന ഗ്രന്ഥത്തിൽ വിശദമായി ചർച്ച ചെയ്തി ട്ടുണ്ട്. പു. 428–438).

1809–ന് മുമ്പ് ലോകത്ത് ഏതെങ്കിലും സഭയിൽ ഇത്രയും സർവതല സ്പർശിയായ ഒരു നിയമ സംവിധാനം രൂപപ്പെട്ടതായി അറിവില്ല. ലോക രാഷ്ട്രങ്ങളിൽത്തന്നെയും അലിഖിതമായ ബ്രിട്ടീഷ് ഭരണഘടനയും അമേരിക്കൻ ഭരണഘടനയും മാത്രമേ വ്യാപകമായി അറിയപ്പെട്ടിരുന്നു ള്ളൂ. കണ്ടനാട്ട് പടിയോലയിൽ തെളിയുന്ന ചില സഭാ ദർശനങ്ങൾ ശ്രദ്ധേ യമാണ്:

1. പകലോമറ്റം കുടുംബവാഴ്ചയെപ്പറ്റി പടിയോല അർത്ഥഗർഭമായ മൗനം ദീക്ഷിച്ചിരിക്കുന്നു.

2. മെത്രാൻ എന്ന പദം അക്കാലങ്ങളിൽ മലങ്കരയിൽ പരിചിതമായിരുന്നിട്ടുപോലും ആ പദം പടിയോലയിൽ ഉപയോഗിച്ചിട്ടില്ല. പകരം അർക്കദിയാക്കോൻ, പേറെദ്‌യൂത്താ, അദ്ധ്യക്ഷൻ, മെത്രാൻ എന്നീ സ്ഥാനികൾക്കെല്ലാം ഉപയോഗിക്കാവുന്ന 'യജമാനൻ' എന്ന പദമാണ് പടിയോലയിൽ ഉപയോഗിച്ചിട്ടുള്ളത്.

3. 8-ാം മാർത്തോമ്മായുടെ പൗരോഹിത്യ സാധുതയിൽ പടിയോല സംശയം സൂചിപ്പിച്ചിട്ടുപോലുമില്ല. അദ്ദേഹത്തെ മെത്രാനായിത്തന്നെ തുടരുവാൻ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെങ്കിലും സഭ അനുവദിച്ചു. കശ്ശീശാ പട്ടംകൊടയിൽ സാധുവായ പൗരോഹിത്യവും കൈവെപ്പും ഒരിക്കലായി സ്വീകരിച്ച ഒരാളിന് മെത്രാൻ സ്ഥാനത്തേക്കു വരുമ്പോൾ ജനങ്ങളുടെ തെരഞ്ഞെടുപ്പും അതിന്റെ സൂചനയായി ഔപചാരികമായി സ്ഥാനാരോഹണവും ഔപചാരികമായ കൈവെപ്പും മാത്രമേ ആവശ്യമായിരുന്നുള്ളൂ എന്ന് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽപ്പോലും ചിന്തിക്കത്തക്കവിധം ആദിമ നൂറ്റാണ്ടുകളിൽ അലക്സാന്ത്രിയൻ സഭയിൽ നിന്ന് പകർന്നു കിട്ടിയ പൗരോഹിത്യ സംവിധാന സങ്കല്പം മലങ്കരസഭയുടെ ഉപബോധമനസ്സിൽ ശക്തമായിരുന്നു എന്ന് സാരം. എട്ടാം മാർത്തോമ്മാ എപ്പിസ്കോപ്പൽ കർമ്മങ്ങൾ നടത്തുന്നതിനെ കണ്ടനാട്ട് സമ്മേളനം തടഞ്ഞിട്ടില്ല.

4. ഇടവകയിലെ അനുദിന ഭരണം നിർവഹിക്കുന്നത് കൈക്കാരൻ. വിശേഷാൽ ചെലവുകൾ ചെയ്യുന്നത് യോഗത്തിന്റെയും വികാരിയുടേയും അറിവോടെയാകണം. ഇരിപ്പുമുതൽ ചെലവു ചെയ്യുമ്പോൾ യജമാനസ്ഥാനി അറിഞ്ഞിരിക്കണം (യജമാനസ്ഥാനി മെത്രാനുമാകാം).

5. അവൈദികർക്ക് മതപരവും മതേതരവുമായ വിദ്യാഭ്യാസം വിഭാവനം ചെയ്യുന്നു. അതിനാവശ്യമായ ചെലവുകൾ എല്ലാ ഇടവകകളും ചേർന്ന് പങ്കിട്ടെടുക്കുവാൻ ആവശ്യപ്പെടുന്നു.

6. പട്ടക്കാരുടെ സേവന വേതന സംവിധാനത്തെ സൂക്ഷ്മമായി പ്രതിപാദിച്ചിരിക്കുന്നു.

7. ജനങ്ങളുടെ വ്യക്തിഗതവും സാമൂഹികവും ആത്മീയവുമായ ജീവിതത്തെപ്പറ്റി പടിയോല ആഴമായ ഉത്കണ്ഠ പ്രദർശിപ്പിച്ചിരിക്കുന്നു.

8. ഏതെങ്കിലും വിദേശ മേലദ്ധ്യക്ഷന്മാരുമായി ഈ സഭയ്ക്ക് ബന്ധമുണ്ടെന്നോ ബന്ധമുണ്ടായിരുന്നെന്നോ പടിയോല സൂചിപ്പിച്ചിട്ടില്ല.

9. ആരാധനക്രമങ്ങൾ ഏകീകരിക്കുവാൻ ഉള്ള ആഹ്വാനം നടത്തിയിട്ടുണ്ട്.

10. സഭയിൽ പലപ്പോഴും സമരസപ്പെടാൻ കൂട്ടാക്കാത്ത രണ്ട് പ്രാദേ

ശിക സംസ്കാരങ്ങളെ പടിയോല ഗൗരവമായി കണക്കിലെടുത്തു. തെക്കും വടക്കും ഓരോ പഠിത്തവീട് എന്ന നിശ്ചയം ഇത് സൂചിപ്പിക്കുന്നു.

കണ്ടനാട് പടിയോലയിലെ മാർഗ്ഗനിർദ്ദേശകതത്വം അനുസരിച്ച് സഭാഭരണം നിർവ്വഹിച്ചുകൊള്ളാമെന്ന് യോഗത്തിൽ ഉറപ്പ് നൽകിയ 8-ാം മാർത്തോമ്മായെ സഭ മോതിരമിട്ട് അംഗീകാരം പ്രഖ്യാപിച്ചു. കണ്ടനാട് പടിയോലയെ 8-ാം മാർത്തോമ്മാ ഗൗരവത്തിലെടുത്തില്ലെന്ന് *നിരണം ഗ്രന്ഥവരി*യുടെ ഉദാസീനമായ പരാമർശം വ്യക്തമാക്കുന്നത് കാണുക: ".... പുല കുടിയും കഴിച്ച്, നാൽപതാം ദിവസം കണ്ടനാട്ടു വച്ച് കഴിക്കയെന്നു നിശ്ചയിച്ച്, പള്ളിക്കാരെ ഒക്കെയും അവിടെ വരുത്തി. കുന്നംകുളങ്ങരെ ഇട്ടൂപ്പു കത്തനാർ തൊമ്മൻ മെത്രാച്ചനോട് റമ്പ സുഖവും (റമ്പാൻ സ്ഥാനം) ഏറ്റ് അയാളുടെ അനന്തിരവൻ ഇട്ടൂപ്പിനു പട്ടവും കൊടുപ്പിച്ച് യാക്കോബായക്കാരുടെ മര്യാദപോലെ ഒക്കെയും നടന്നുകൊള്ളത്തക്കവണ്ണം എല്ലാ കാര്യങ്ങൾക്കും ഒരു പടിയോലയും എഴുതിവച്ച് 85-ാമാണ്ടു ചിങ്ങമാസം മുതൽ ഒരു സംവത്സരം ഒരു വിധത്തിൽ നടന്നു" (പു. 120).

കണ്ടനാട് സുന്നഹദോസിന്റെ രണ്ടു തീരുമാനങ്ങൾ ഇവിടെ സ്മരണീയമാണ്: ഒന്ന്. കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരെ റമ്പാൻ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. രണ്ട്. ".... അപ്പോൾ കൂടിയവരെല്ലാവരും ഈ പടിയോലയിൽ ഒപ്പിട്ടു കൊടുത്തശേഷം മെത്രാനെ മോതിരം ഇടുവിച്ചു. കുന്നംകുളങ്ങരക്കാരൻ ഇട്ടൂപ്പ് കത്തനാർക്കു റമ്പത്വം കൊടുത്ത് അദ്ദേഹത്തെയും കായംകുളത്തുകാരൻ പീലിപ്പോസ് റമ്പാനെയും മേലിൽ മെത്രാന്റെ കൂടെ കാര്യവിചാരത്തിനായി നിശ്ചയിച്ചുവച്ച് യോഗം പിരിയുകയും ചെയ്തു" (ഇട്ടൂപ്പ് റൈട്ടർ, പു. 157).

## C. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ

1809 ചിങ്ങം 15-ന് ആർത്താറ്റ് മാർത്തോമ്മാശ്ലീഹായുടെ പള്ളിയിൽ വച്ച് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ 8-ാം മാർത്തോമ്മായിൽ നിന്ന്, കണ്ടനാട് സുന്നഹദോസിന്റെ തീരുമാനപ്രകാരം റമ്പാൻ സ്ഥാനം സ്വീകരിച്ചു. ആർത്താറ്റ് പള്ളിയുടെ വടക്കേ വരാന്തയിൽ കബറടങ്ങിയ പുലിക്കോട്ടിൽ മറ്റൊരു ഇട്ടൂപ്പ് കത്തനാർ ആദ്യ ശെമ്മാശ്ശുപട്ടവും അന്ന് സ്വീകരിച്ചു. റമ്പാൻ സ്ഥാനത്തേയ്ക്ക് ഒരു തെരഞ്ഞെടുപ്പ് ആവശ്യമില്ല; അപ്രകാരമൊരു കീഴ്വഴക്കവുമില്ല. പൊതുജനസമ്മതിയുടെ പ്രഖ്യാപനമായ ആ തെരഞ്ഞെടുപ്പിനെ മെത്രാൻ സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പായി മിഷണറിമാർ പില്ക്കാലത്ത് വിശേഷിപ്പിച്ചു (പി. ചെറിയാൻ ജഡ്ജി എഴുതിയ സഭാചരിത്രത്തിന്റെ അനുബന്ധമായി കൊടുത്ത കത്തുകൾ കാണുക).

പാരമ്പര്യമായി ഒന്നര നൂറ്റാണ്ടു കാലമെങ്കിലും തങ്ങൾ കയ്യാളിവന്ന

കുടുംബാവകാശമായ മെത്രാൻവാഴ്ചയെ വേരോടെ പിഴുതുകളയാനുള്ള ശ്രമമാണ് കണ്ടനാട് സുന്നഹദോസിൽ പ്രകടമായതെന്നും എന്തുവില കൊടുത്തും ആ പ്രവണതയെ ചെറുക്കണമെന്നും എട്ടാം മാർത്തോമ്മാ നിശ്ചയിച്ചതായി പില്ക്കാല സഭാചരിത്രം വ്യക്തമാക്കുന്നു. പള്ളികളിലെ ദൈനംദിന പ്രവർത്തനത്തിൽ തന്റെ നേരിട്ടുള്ള മേൽനോട്ടം നിർബന്ധമാക്കുവാൻ കണ്ടനാട് പടിയോലയെ മറികടന്ന് അദ്ദേഹം ശ്രമിച്ചു. ഉപദേശകർ ഇതിനെ നിരുത്സാഹപ്പെടുത്തിയപ്പോൾ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഉപദേശകരിലൊരാളായ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെതിരെ മെത്രാൻ കേണൽ മൺറോയ്ക്ക് പരാതി നൽകി. ഇട്ടൂപ്പ് റൈട്ടർ എഴുതുന്നു: ".... എന്നാൽ മെത്രാപ്പോലീത്താ, പടിയോലയിൽ പറയുന്ന കാര്യങ്ങളിൽ താല്പര്യം വക്കാതെയും അന്ത്യോഖ്യയ്ക്കു സാധനം അയയ്ക്കാൻ ഉത്സാഹിക്കാതെയും ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാരുടെ ദുരാലോചന നിമിത്തം നൂതനമായി ചിലതൊക്കെയും നടത്തുവാൻ ആരംഭിക്കുകയാൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും പീലിപ്പോസ് റമ്പാനും ഏതാനും ചില പള്ളിക്കാരും കൂടെ മെത്രാൻ പ്രവർത്തിക്കുന്നത് ശരി അല്ലെന്ന് പ്രസ്താവം തുടങ്ങുക കൊണ്ട് മെത്രാനും ഇവരും രണ്ടു പക്ഷമായിത്തീർന്നു." കണ്ടനാട് സമ്മേളനം ഉഭയസമ്മതപ്രകാരം പ്രഖ്യാപിച്ച തീരുമാനങ്ങൾ എട്ടാം മാർത്തോമ്മാ ഏകപക്ഷീയമായി ലംഘിച്ചതിനാൽ കണ്ടനാട്, മുളന്തുരുത്തി, കരിങ്ങാച്ചിറ, തൃപ്പൂണിത്തുറ, നടമേൽ ഇടവകകളും കോലഞ്ചേരി ഇടവകയിൽ പാലാ കൊച്ചിട്ടൻ മുതൽപ്പേരും റമ്പാന്മാരോട് യോജിച്ച് മെത്രാനെതിരെയും മെത്രാന് കീഴ്പ്പെടാതെയും യോഗത്തെ അനുസരിക്കാതെയും നടക്കുന്നതായി മെത്രാൻ റമ്പാന്മാർക്കെതിരായും ആദ്യം മെക്കാളിയുടെ അടുക്കലും പിന്നീട് മൺറോയുടെ അടുക്കലും 986 മുതൽ 922 വരെ തുടർച്ചയായി വ്യവഹാരങ്ങൾ നടത്തി.

## വൈദിക സെമിനാരി

1809 ധനു 1 ന് വട്ടിപ്പണത്തിന്റെ ആ വർഷത്തെ പലിശ 240 വരാഹൻ കേണൽ മെക്കാളിയുടെ ഉത്തരവിൻപ്രകാരം 8-ാം മാർത്തോമ്മാ ഒപ്പിട്ട് വാങ്ങി. ആ സംഖ്യ പഠിത്തവീടുകളുടെ നിർമ്മാണത്തിനായി ഉപയോഗിക്കുവാൻ റമ്പാന്മാർ ഉപദേശിച്ചു. പൊതുസഭയുടെ ആഗ്രഹമായിരുന്നു അത്. മെത്രാൻ ആദ്യം അതിനെ അനുകൂലിച്ചുവെങ്കിലും ഓരോ കാരണം പറഞ്ഞ് പണം ചെലവു ചെയ്യാതിരുന്നത് റമ്പാന്മാരുടെ അതൃപ്തി വർദ്ധിപ്പിച്ചു. 1811 മിഥുനമാസത്തിൽ മെത്രാനും പള്ളിക്കാരും മാവേലിക്കരയിൽ കൂടി കാര്യങ്ങൾ ചർച്ച ചെയ്തു എങ്കിലും തീരുമാനമാവാതെ യോഗം കന്നിയിൽ കൂടാൻ പിരിഞ്ഞു. കണ്ടനാട് വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതോടെ മെത്രാന്റെ സ്ഥാനസാധുതയെപ്പറ്റിയും പരാതിയുയർന്നു. ഇതി

നിടയിൽ റമ്പാന്മാർ സുറിയാനി മൂലത്തിൽ നിന്ന് വിവർത്തനം ചെയ്ത മലയാളം ബൈബിളിന്റെ നൂറ് പ്രതികൾ ബോംബെ കൊറിയർ പ്രസിൽ അച്ചടിച്ചത് വിതരണത്തിനായി കൊച്ചിയിലെത്തി. പുസ്തകത്തിൽ വിവർത്തകരുടെയും പ്രസാധകന്റെയും പേരുകൾ ചേർത്തിരുന്നില്ല. കേരളത്തിന്റെ സാംസ്കാരിക രംഗത്ത് നൂറ്റാണ്ടുകളായി അനുഭവപ്പെട്ടിരുന്ന ദാർശനിക ശൂന്യത ഇതോടെ പരിഹരിക്കപ്പെട്ടു തുടങ്ങി. 1811 ൽ ഭാഗികവും 1829 ൽ പൂർണ്ണമായും മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ട ബൈബിൾ ആണ് പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലായി സംഭവിച്ച കേരളീയവും ഒരുപക്ഷേ ഭാരതീയവുമായ നവോത്ഥാനത്തിന്റെ പ്രധാന പശ്ചാത്തലം. ഇംഗ്ലീഷ് ഭാഷയും സാഹിത്യവും ഈ പശ്ചാത്തലത്തിലേക്ക് കൂടുതൽ വെളിച്ചവും വിസ്തൃതിയും നൽകി. *നമുക്ക് സന്യാസം നൽകിയത് ബ്രിട്ടീഷുകാരാണെന്ന* നാരായണഗുരുവിന്റെ പ്രസ്താവനയുടെയും അവകാശവാദത്തിന്റെയും പൊരുൾ ഈ ബൈബിൾ ലഭ്യതയിൽ അന്തർഭവിച്ചിട്ടുണ്ട്. ബംഗാളിൽ രാജാറാം മോഹൻറോയ് തൊട്ടുള്ള നവോത്ഥാനനായകന്മാരുടെയും കേരളത്തിൽ ചന്തുമേനോനും നാരായണഗുരുവും മറ്റും തുടങ്ങിവച്ച സമുദായ പരിഷ്കാരണ വിപ്ലവങ്ങളുടെയും പ്രചോദനം മലയാളത്തിലും ഇംഗ്ലീഷിലും മറ്റു ഭാരതീയ ഭാഷകളിലും വിവർത്തനരൂപത്തിൽ 19-ാം നൂറ്റാണ്ടിൽ ലഭിച്ച ബൈബിൾ സാഹിത്യമാണ്. ഇന്നും ഭാരതത്തിലെ പ്രാദേശിക സാഹിത്യങ്ങൾക്ക് സാന്ദ്രത പകരുന്നത് ബൈബിളിലെ മിത്തുകളും കഥാപാത്രങ്ങളും സന്ദേശങ്ങളും തന്നെ എന്ന് നിരവധി ഗവേഷണ പ്രബന്ധങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്.

1811 തുലാം 28-ന് കായംകുളം പീലിപ്പോസ് റമ്പാൻ നിര്യാതനായി അടൂർ കണ്ണങ്കോട്ട് പള്ളിയിൽ കബറടക്കപ്പെട്ടു. ബൈബിൾ വിവർത്തനം, മലങ്കരയിലെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിച്ച മല്പാൻ പാഠശാലകളിലെ അദ്ധ്യാപനം, കണ്ടനാട് പടിയോലയുടെ രൂപകല്പന, ഏഴാം മാർത്തോമ്മായുടെയും എട്ടാം മാർത്തോമ്മായുടെയും ഉപദേശകസമിതി തുടങ്ങി നിരവധി പ്രവർത്തനങ്ങളിൽ തന്റെ സഹപ്രവർത്തകനായിരുന്ന കായംകുളം പീലിപ്പോസ് റമ്പാന്റെ നിര്യാണം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനിൽ ഉണ്ടാക്കിയ സമ്മിശ്ര വികാരങ്ങളും സ്മരണകളും ഒരു വിലാപകാവ്യത്തിന്റെ ശില്പത്തിൽ ആവിഷ്കാരം കണ്ടു. സുറിയാനി ഭാഷയിൽ കൂക്കോയോ രാഗത്തിൽ വിരചിതമായ ഈ കൃതിയാണ് കേരളത്തിൽ വിരചിതമായ ഒന്നാമത്തെ വിലാപകാവ്യം. സുറിയാനി ഭാഷയിലായതുകൊണ്ട് നാളിതുവരെ അത് സാഹിത്യചരിത്രകാരന്മാരുടെ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിട്ടില്ല. തൊഴിയൂർ ഗ്രന്ഥപ്പുരയിൽ നിന്ന് ആയിരത്തിതൊള്ളായിരത്തി എൺപതുകളിൽ ഈ ഗ്രന്ഥകാരൻ കണ്ടെടുത്ത നിരവധി ചരിത്രരേഖകളിൽ ഈ വിലാപകാവ്യം ഉൾപ്പെടുന്നു.

സുറിയാനി സമുദായവും എട്ടാം മാർത്തോമ്മായും പരസ്പരം നൽകിയ പരാതികൾ പരിഗണിക്കുന്നതിന്റെ ഭാഗമായി 17 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി ബ്രിട്ടീഷ് റസിഡണ്ട് മെത്രാന് അയച്ചുകൊടുത്തു. മലങ്കരയിൽ അന്ന് നിലവിലിരുന്ന ബോധ്യങ്ങളെയും ഐതിഹ്യങ്ങളെയും ആധാരമാക്കി 8-ാം മാർത്തോമ്മാ ചോദ്യങ്ങൾക്ക് ഉത്തരം നൽകി (ചോദ്യങ്ങളും ഉത്തരങ്ങളും *മലങ്കരസഭ: ചരിത്രവും സംസ്കാരവും* എന്ന ഗ്രന്ഥത്തിൽ പൂർണ്ണരൂപത്തിൽ കാണുക. പു. 457 - 465). തർക്കങ്ങളും പരാതികളും തുടർന്നുകൊണ്ടിരിക്കെ 55 പള്ളികളുടെ പ്രതിനിധികളെ സായിപ്പ് വിളിച്ചുവരുത്തി. മെത്രാന്റെ അനുകൂലികളെയും റമ്പാന്റെ അനുകൂലികളെയും കുരിശും ഏവൻഗേലിയോനും പിടിച്ച് സത്യം ചെയ്യിച്ച് വിസ്താരം നടന്നു. "ഈ വിസ്താരത്തിലും മറ്റും മെത്രാന് അധികം അനുകൂലമായി ഒന്നും തെളിവില്ലാതെ മെത്രാൻ കടമറ്റത്ത് ദത്തുവച്ച തറവാട്ടിൽ നിന്നുള്ള ആളെന്നും കഴിഞ്ഞിരിക്കുന്ന മെത്രാന്മാരുടെ മുതലിനും സ്ഥാനത്തിനും അവകാശി അല്ലെന്നും നടത്തിവരുന്ന മര്യാദകളിലും ഭേദങ്ങളായി കാണുന്നു എന്നും അതിനാൽ മെത്രാന്റെ സ്ഥാനക്കടലാസ് വയ്പിച്ച് ഇനി അന്ത്യോഖ്യായിൽനിന്നും ഒരു മേല്പട്ടക്കാരൻ വരുന്നതുവരെ ഈ മെത്രാൻ മേല്പട്ടത്തിനുടെ ക്രിയകൾ ഒന്നും നടത്തിക്കൂടെന്നും ഒരു സ്ഥിതി നിശ്ചയിച്ചശേഷം കണ്ടനാട്, കടമറ്റം, അങ്കമാലി, മാമ്മലശ്ശേരി, ചെങ്ങന്നൂർ, കോലഞ്ചേരി ഈ ആറ് പള്ളികൾ ഒഴികെ ശേഷം എല്ലാവരും പോകുന്നതിന് അനുവദിക്കുകയും ചെയ്തു. ഉടനെ മെത്രാനോട് സ്ഥാനക്കടലാസും മെത്രാന്മാരുടെ മുതൽവിവരത്തിന്റെ കണക്കും എടുപ്പിച്ച് കൊണ്ടുവരുന്നതിന് ഉത്തരവും കൊടുത്ത് ഹജൂർ ശിപായികളെ അയച്ചു. അവർ നിരണത്ത് വന്ന് ഉത്തരവ് കാണിച്ചാറെ സ്ഥാനക്കടലാസ് മുതലായത് കൊടുക്കായ്കയിൽ അവർ മെത്രാന്റെ മുറി പൂട്ടി മുദ്ര വച്ച് പോയി" (ഇട്ടൂപ്പ് റൈട്ടർ, പു. 186-187).

'ഒരു പഠിത്തവീട് തീർന്ന് പഠിത്തം നടക്കായ്കയാൽ സുറിയാനിക്കാർക്കുള്ള ഞെരുക്കങ്ങളും ബുദ്ധിമുട്ടും മെത്രാൻ ഇടപെട്ട വഴക്കിന്റെ സ്വഭാവവും സായിപ്പ് അവർകൾക്ക് നല്ലവണ്ണം മനസ്സിലാകയാൽ സുറിയാനിക്കാർക്ക് പൊതുവിൽ ഉപകാരത്തിന് വേണ്ടി ഒരു പഠിത്തവീട് പണിയിക്കുന്നതിന് ഇട്ടൂപ്പ് റമ്പാനെ ഭരമേല്പിച്ച് പണി വകയ്ക്ക് 1809-ാമാണ്ട് മുതൽ 1813-ാമാണ്ട് വരെ നാലാണ്ടത്തെ വട്ടിപ്പണം കൂടിയിരുന്ന വരാഹൻ 960-ക്ക് തല രൂപ 3360 കണ്ടനാട്, മുളന്തുരുത്തി, നടമേൽ, കരിങ്ങാച്ചിറ, ചാട്ടുകുളങ്ങര ഈ പള്ളിക്കാരോടും പാലാ കൊച്ചിട്ടൻ ഇട്ടിമാത്തു തരകൻ ഇവരോടും പറ്റുശീട്ട് എഴുതി വാങ്ങിച്ചുംകൊണ്ട് രൂപാ മൂവായിരത്തിമുന്നൂറ്റി അറുപതും ഇട്ടൂപ്പ് റമ്പാനെ ഏല്പിച്ച് പഠിത്തവീടിന് കോട്ടയത്ത് റമ്പാന് ബോധിച്ച സ്ഥലത്ത് ആറ് ദണ്ഡ് സ്ഥലം അളന്ന് കൊടുക്കത്തക്കവണ്ണം തഹസീൽദാർക്ക് ഉത്തരവും കൊടുത്തു. ഇട്ടൂപ്പ് റമ്പാനെയും ആ ശേഖ

രത്തിലുള്ള പള്ളിക്കാരെയും 989 മകരം (1814) ആദിയിൽ യാത്ര പറഞ്ഞയച്ചു' (ഇട്ടൂപ്പ് റൈട്ടർ).

തെക്കൻ ഇടവകകളുടെ അനിഷേധ്യ നേതാവായിരുന്ന കായംകുളം റമ്പാന്റെ നിര്യാണവും തെക്കൻ ദിക്കുകളിൽ സ്വാധീനമുണ്ടായിരുന്ന അസംതൃപ്ത മെത്രാൻ 8-ാം മാർത്തോമ്മായുടെ സഹകരണക്കുറവും മൂലം കണ്ടനാട് പടിയോലയിലെ രണ്ടു പഠിത്തവീട് എന്ന ആശയം സഭയുടെ മദ്ധ്യസ്ഥാനമായ കോട്ടയത്ത് ഒരു പഠിത്തവീട് എന്ന് പ്രയോഗത്തിൽ പരിമിതപ്പെട്ടു. സ്ഥാപനത്തിന് പഠിത്തവീട് എന്നാണ് പൊതുവായ പേർ എങ്കിലും വിവിധോദ്ദേശ്യങ്ങൾക്കു അവിടം വേദിയാകണമെന്ന് റമ്പാൻ സ്വപ്നം കണ്ടു. ഒരേസമയം വൈദിക വിദ്യാർത്ഥികളുടെ അദ്ധ്യയനവേദി, കേരളത്തിലെ ഒന്നാമത്തെ ഇംഗ്ലീഷ് പാഠശാല, മലങ്കര മെത്രാന്റെ ഔദ്യോഗിക ആസ്ഥാനം, സഭയുടെ കേന്ദ്രീകൃത സെക്രട്ടറിയേറ്റ്, ഒന്നാന്തരം ഒരു സന്യാസാശ്രമം എന്നിങ്ങനെ നിരവധി സ്വപ്നങ്ങൾ പഠിത്തവീടിന്റെ പുറകിൽ ഉണ്ടായിരുന്നു. അതത് കാലത്തെ മലങ്കര മെത്രാന്റെ ആസ്ഥാനങ്ങൾ മലങ്കര മെത്രാനെ നിയന്ത്രിച്ചിരുന്ന അവസ്ഥ മാറ്റിയെടുക്കുവാൻ ഒരു പൊതു ആസ്ഥാനം അനിവാര്യമായിരുന്നു. പഠിത്തവീടിന്റെ പ്ലാൻ തയാറാക്കിയപ്പോൾ ഈ വിവിധ ലക്ഷ്യങ്ങൾക്ക് അതിൽ അർഹമായ സ്ഥാനങ്ങൾ നൽകിയിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാൻ ആഗ്രഹിച്ച തിരുവിതാംകൂർ റാണി തെക്കുവടക്ക് 120 ദണ്ഡും കിഴക്കുപടിഞ്ഞാറ് 60 ദണ്ഡും സ്ഥലം സൗജന്യമായി നൽകി. കൊല്ലം 989 കുംഭം 3 ന് (1814 ഫെബ്രുവരി 15) ചൊവ്വാഴ്ച സെമിനാരിക്ക് കല്ലിട്ട് പണി തുടങ്ങി. നൂതന സംരംഭം സഭയിൽ പുത്തൻ ഉണർവ് സൃഷ്ടിച്ചു. പള്ളികൾ ഉദാരമായി പണം നൽകി. സർക്കാരും സഹായിച്ചു. ഇട്ടൂപ്പ് റൈട്ടർ എഴുതുന്നു: “സായിപ്പ് അവർകൾ മുഖാന്തിരം സർക്കാരിൽ നിന്നുണ്ടായ സഹായവും റമ്പാന്റെ ഉത്സാഹവും കൊണ്ട് ഒരു മെത്രാനും നാലു റമ്പാന്മാരും ഇരിക്കാൻ തക്കവണ്ണവും ശെമ്മാശന്മാർക്കും പിള്ളേർക്കും വെവ്വേറെ മുറികളും തെക്കും വടക്കും ഓരോ നിലയും കിഴക്കും പടിഞ്ഞാറും രണ്ട് നിലയും നാലുകെട്ടുമായിട്ട് റമ്പാന്റെ ചട്ടപ്രകാരം 990 മീനമാസത്തിൽ (1815) പണികൾ മിക്കവാറും തീർത്തശേഷം....” (പു. 188).

സർക്കാരിൽനിന്ന് സ്ഥലത്തിന് പുറമേ 2000 രൂപായും തടിയും ലഭിച്ചു. ഒരു ജീവിതകാലം മുഴുവൻ ഹൃദയത്തിലേറ്റി നടന്ന മഹാസ്വപ്നം നിറവേറുവാൻ താൻ ദിവ്യമായ ഒരു ശക്തിയുടെ പരിലാളനയിൽ നയിക്കപ്പെടുന്നു എന്ന് റമ്പാന് ബോദ്ധ്യമായി. ആത്തുങ്കൽ ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ കുറുപ്പമ്പടിപ്പള്ളിച്ചരിത്രത്തിലെഴുതി: “അക്കാലത്ത് പുലിക്കോട്ടിൽ റമ്പാച്ചന് ഈ പള്ളിയിൽ നിന്ന് ചെലവിന് കൊടുത്തയച്ചു. ... സെമിനാരിപണിയുടെ ആവശ്യത്തിന് ഈ പള്ളിയിൽ നിന്ന് ആവശ്യമായ സഹ

കരണം ചെയ്തുകൊണ്ടിരുന്നു" (പു. 111). കുറുപ്പംപടി പള്ളിക്കാർ സെമിനാരി പണിയെ പിന്തുണച്ചതുപോലെ മലങ്കരസഭയിൽ അന്നുണ്ടായിരുന്ന മിക്ക പള്ളികളും ഈ മഹാ ഉദ്യമത്തിൽ യഥാശക്തി സഹകരിച്ചു. വൈദിക സെമിനാരി മലങ്കരസഭയുടെ മുഴുവൻ സ്വപ്നമായിരുന്നു എന്ന് ഈ സഹകരണം തെളിയിച്ചു. 1815-ൽ തിരുവല്ലായിൽ പണിത കുരിശുപള്ളി തീവെച്ചു നശിപ്പിക്കുകയും അതിലെ പുരോഹിതനെ വെട്ടി പരിക്കേല്പിക്കുകയും ചെയ്ത ക്രിമിനൽകുറ്റം തെളിഞ്ഞതിനാൽ ബ്രിട്ടീഷ് റസിഡണ്ട് പ്രതികളായ പോറ്റിമാർക്കും പട്ടന്മാർക്കും പിഴ വിധിച്ച 60000 കലിയൻ പകുതി സെമിനാരിപണിക്കും ബാക്കി പകുതി പള്ളിയുടെ പുനർനിർമ്മാണത്തിനുമായി സർക്കാർ നൽകി (ഇട്ടൂപ്പ്, പു. 190). അങ്ങനെ മീനച്ചിലാറിന്റെ തീരത്തുള്ള പതിനാറ് ഏക്കർ സ്ഥലത്ത് ഒന്നാന്തരമൊരു വൈദിക പരിശീലനക്കളരി രൂപപ്പെട്ടു. തൊഴിയൂരിലെ കിടങ്ങൻ ഗീവറുഗീസ് മാർ പീലക്സീനോസിനെ കോട്ടയം സെമിനാരിയിൽ താമസിപ്പിച്ച് വൈദിക വിദ്യാഭ്യാസം ആരംഭിക്കാമെന്ന കണക്കു കൂട്ടൽ എട്ടാം മാർത്തോമ്മായുടെ എതിർപ്പു മൂലം ഉപേക്ഷിച്ചു. 1815 മീനമാസത്തിൽ (മാർച്ച് – ഏപ്രിൽ) 25 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചുകൊണ്ട് സെമിനാരി പ്രവർത്തനം ആരംഭിച്ചു. ജീവിതകാലം മുഴുവൻ മല്പാനായി പ്രവർത്തിച്ച ആ എഴുപത്തിഅഞ്ചുകാരൻ റമ്പാച്ചൻ തന്നെയായിരുന്നു പ്രിൻസിപ്പലും മുഖ്യ അദ്ധ്യാപകനും. തൊഴിയൂരിലെ മെത്രാൻ സെമിനാരി സന്ദർശിക്കുമായിരുന്നു (ഇട്ടൂപ്പ്, പു. 188, 193).

വൈദികസെമിനാരിയിൽ നിന്ന് പരിശീലനം നേടി പുറത്തുപോകുന്നവരെപ്പറ്റി സെമിനാരി സ്ഥാപകന് വലിയ പ്രതീക്ഷകൾ ഉണ്ടായിരുന്നു. പള്ളിക്രമങ്ങൾ മാത്രം പരിശീലിച്ച് വൈദിക ശിക്ഷണം അവസാനിപ്പിച്ചിരുന്ന മല്പാൻ പള്ളിക്കൂടങ്ങളുടെ പരിമിതി സ്വാനുഭവത്തിൽ നിന്ന് അദ്ദേഹം വേണ്ടുവോളം ഗ്രഹിച്ചിരുന്നു. ആ പരിമിതികൾ പരിഹരിച്ച് അധുനാതന ധാരകൾ ഉൾക്കൊണ്ട ദർശനശേഷിയുള്ള വൈദികരുടെ ഒരു തലമുറയെ അദ്ദേഹം വിഭാവനം ചെയ്തു. ഇംഗ്ലീഷ് ഭാഷയും വേദവ്യാഖ്യാനങ്ങളും അഭ്യസിപ്പിക്കുവാൻ ഇംഗ്ലീഷ് മിഷണറി റവ. തോമസ് നോർട്ടനെ അദ്ദേഹം നിയമിച്ചു. തന്റെ സഭയിലെ വൈദികർ പണ്ഡിതരായിരിക്കേ തന്നെ സുറിയാനിസഭയുടെ വിശ്വാസാചാരങ്ങളോടും ആരാധനാനുഷ്ഠാനങ്ങളോടു കൂറും വിശ്വസ്തതയും പുലർത്തണമെന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം ഒരുക്കമായിരുന്നില്ല. സെമിനാരി സ്ഥാപിക്കുവാനും പരിരക്ഷിക്കുവാനും ഗണ്യമായ സഹായസഹകരണങ്ങൾ നൽകിയ മിഷണറിമാർ സുറിയാനിസഭയുടെ സംസ്കാര പാരമ്പര്യങ്ങളെ വിമർശിക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. റവ. തോമസ് നോർട്ടൻ സെമിനാരിയിൽ സകുടുംബം താമസിച്ച് പ്രവർത്തിക്കുന്ന കാര്യം കേണൽ മൺറോ നേരിട്ട് നിർദ്ദേശിച്ചപ്പോൾ,

'ഞങ്ങളുടെയും അദ്ദേഹത്തിന്റെയും വിശ്വാസങ്ങൾ വ്യത്യസ്തമാകയാൽ അദ്ദേഹം സെമിനാരിയിൽ താമസിക്കുന്നത് മതപരമായ തർക്കങ്ങൾക്കും തന്മൂലം അനിഷ്ട സംഭവങ്ങൾക്കും (ഇ. എം. ഫിലിപ്പ്, പു. 195) ഇടയാക്കിയേക്കുമെന്നതിനാൽ 'സാദ്ധ്യമല്ല' എന്ന് മുഖംനോക്കാതെ പറഞ്ഞ സെമിനാരി സ്ഥാപകന്റെ മറുപടിയിലെ സ്ഥൈര്യവും ദീർഘവീക്ഷണവും നിഷ്കളങ്കമായ സഭാസ്നേഹവും ലോകാവസാനംവരെ സെമിനാരിയിൽ മുഴങ്ങേണ്ടതാണ്. പില്ക്കാലത്തു പ്രോട്ടസ്റ്റന്റ് സെമിനാരികളിൽ ഉപരി വിദ്യാഭ്യാസം കഴിഞ്ഞ് സെമിനാരിയിലെ അദ്ധ്യാപകരും പ്രഭാഷകരുമായി വേദികൾ കൈയടക്കുന്ന വ്യക്തികൾ ഉപരിപ്ലവമായ പഠനവും കുരുടന്മാരുടെ ആന നോട്ടവും മാത്രം കൈമുതലാക്കി ആരാധനകളിലെ ചടങ്ങുകളെയും പ്രതീകങ്ങളെയും ഘട്ടങ്ങളെയും ഘടകങ്ങളെയും വിമർശിക്കുകയും പരിഹസിക്കുകയും പരിഷ്കരിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നതു കാണുമ്പോൾ സെമിനാരി സ്ഥാപകന്റെ കൈയും നാവും തരിക്കുന്നുണ്ടായിരിക്കണം.

നാലു കൊല്ലത്തെ വട്ടിപ്പണപലിശ മെത്രാനല്ലാത്ത ഇട്ടൂപ്പ് റമ്പാനെ ഏല്പിച്ചത് നിയമാനുസൃതമല്ലെന്ന എട്ടാം മാർത്തോമ്മായുടെ പരാതി സർക്കാർ പരിഗണിച്ചു. ക്രമക്കേട് പരിഹരിക്കുവാൻ സഭയുടെ മുമ്പിൽ രണ്ടു പോംവഴികളേ ഉണ്ടായിരുന്നുള്ളു.

ഒന്ന്: വാങ്ങിയ വട്ടിപ്പണപ്പലിശ തിരിച്ചടയ്ക്കുക.

രണ്ട്: റമ്പാൻ, മെത്രാൻസ്ഥാനം സ്വീകരിച്ച് നിയമപരമായ വശം ഭദ്രമാക്കുക.

ലഭിച്ച തുക മുഴുവനും സെമിനാരി നിർമ്മാണാർത്ഥം ചെലവഴിച്ചു പോയതിനാൽ ഒന്നാമത്തെ പോംവഴി അസാദ്ധ്യം തന്നെയായിരുന്നു. ഉർവ്വശീശാപം ഉപകാരമായെന്ന് സഭ ചിന്തിച്ചു. ഇട്ടൂപ്പ് റമ്പാൻ മെത്രാൻ സ്ഥാനം ഏല്ക്കുകയാണ് പ്രശ്ന പരിഹാരത്തിന് അഭികാമ്യമെന്ന് തീരുമാനമായി. മെത്രാൻ സ്ഥാനത്തേക്ക് റമ്പാൻ തെരഞ്ഞെടുക്കപ്പെട്ടതിനെ കുറിച്ച് സഭാചരിത്രങ്ങളിൽ അനുകൂലമായും പ്രതികൂലമായും പരാമർശങ്ങൾ കണ്ടിട്ടില്ല. എന്നാൽ 1810 മുതൽ 1819 വരെ തിരു - കൊച്ചിയിലെ ബ്രിട്ടീഷ് റസിഡണ്ട് ആയിരുന്ന കേണൽ മൺറോ ചർച്ച് മിഷണറി സൊസൈറ്റിക്കയച്ച ഒരു കത്തിൽ ഈ തെരഞ്ഞെടുപ്പിന്റെ വിവരം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്:

".... I am sorry to say that the internal dessensions among the Syrians have increased since Ramban Joseph has been elected to the office of Bishop" (പി. ചെറിയാൻ, *ദി മലബാർ സിറിയൻസ് ആൻഡ് ദി ചർച്ച് മിഷണറി സൊസൈറ്റി,* 1816 – 1846, അപ്പൻഡിക്സ് എ, ലെറ്റർ നമ്പർ 1, പു. 340–341).

തന്റെ ആത്മ മാതാവായ പഴഞ്ഞി പള്ളിയിൽ വച്ച് 1815 മാർച്ച് 21 ന് ഇട്ടൂപ്പ് (ജോസഫ്) റമ്പാൻ ജോസഫ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ കാട്ടുമങ്ങാട്ട് കൂറിലോസിന്റെ പിൻഗാമിയായ കിടങ്ങൻ മാർ പീലക്സീനോസിൽ നിന്ന് മെത്രാൻ സ്ഥാനമേറ്റതോടെ വട്ടിപ്പണപ്പലിശ വാങ്ങിയതിലെ സാങ്കേതിക ക്രമക്കേടിന് പരിഹാരമായി. തിരുവിതാംകൂർ - കൊച്ചി പ്രദേശങ്ങളിലെ പള്ളികളിൽ മെത്രാൻ സ്ഥാനോചിത കർമ്മങ്ങൾ നടത്തിക്കൂടാ എന്ന് കാട്ടുമങ്ങാട്ട് കൂറിലോസിനുണ്ടായ നിരോധനം പിൻഗാമികളെക്കൂടി ബാധിച്ചേക്കാവുന്നതിനാലാണ് അക്കാലങ്ങളിൽ സാമൂതിരിയുടെ കീഴിലായിരുന്ന പഴഞ്ഞിയിൽ വച്ച് മെത്രാൻ സ്ഥാനദാന ശുശ്രൂഷ ക്രമീകരിച്ചത്. മെത്രാൻസ്ഥാനം ഏറ്റതിനുശേഷം പുലിക്കോട്ടിൽ മെത്രാച്ചൻ കേണൽ മൺറോയെ കണ്ട് വട്ടിപ്പണത്തിന്റെ പലിശ വാങ്ങി സെമിനാരിയുടെ പണി തുടങ്ങി എന്ന് *നിരണം ഗ്രന്ഥവരി*യിൽ (കൈയെഴുത്ത് പ്രതി, പു. 166, 167) കാണുന്നത് യാഥാർത്ഥ്യമല്ല; പട്ടംകൊട നടന്നത് തൊഴിയൂരിൽ വച്ചാണെന്ന ഗ്രന്ഥവരിയിലെ പ്രസ്താവനയും സത്യവിരുദ്ധമാണ്. പട്ടമേറ്റത് 991 മീനമാസം 9-ാം തീയതി (1816) ആണെന്ന ഇട്ടൂപ്പ് റൈട്ടറുടെ വർഷഗണനയും ശരിയല്ല. *നിരണം ഗ്രന്ഥവരി*യും 991 മീന മാസം 9 ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. പഴഞ്ഞി പള്ളിയിൽ ഇട്ടൂപ്പ് റൈട്ടർ നൽകിയ തീയതി ശിലാഫലകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഴയസെമിനാരി സ്ഥാപകന്റെ കബറിടത്തിലെ ശിലാഫലകത്തിൽ ശരിയായ വർഷം ചേർത്തിട്ടുണ്ട്. ശരിയായ സ്ഥാനാരോഹണ വർഷം കണ്ടെത്തുവാൻ ചരിത്രരേഖകൾ ലഭ്യമാണ്. 991 മീനം ഇംഗ്ലീഷ് മാസം 1816 മാർച്ച് ആണ്.

1816 ജനുവരി 10 ന് എട്ടാം മാർത്തോമ്മാ അന്തരിച്ചു. ഇട്ടൂപ്പ് റൈട്ടർ എഴുതുന്നു: "..... അഞ്ഞൂർ ചെന്ന് പീലക്സീനോസ് മെത്രാനോട് പഴഞ്ഞി പള്ളിയിൽ വച്ച് മാർ ദീവന്നാസ്യോസ് എന്ന് പേരും മെത്രാന്റെ സ്ഥാനവും ഏറ്റുകൊണ്ട് തിരിയെ കോട്ടയത്തു വന്ന് താമസിച്ചു. ഈ വിവരം മാർത്തോമ്മൻ മെത്രാൻ കേട്ടാറെ വളരെ വിഷാദത്തിനും ഖേദത്തിനും ഇടയായി. എന്ന് തന്നെയുമല്ല, ഈ വിചാരം നിമിത്തം ദേഹസുഖം ഇല്ലാതെ തീർന്നു.... നമ്മുടെ കാരണവന്മാരല്ലാതെ ഈ ജാതിയ്ക്ക് വേദത്തലവന്മാർ ഉണ്ടായിട്ടില്ലെന്നും അപ്രകാരം ഇപ്പോഴും നടത്തിത്തരുമാറാകണമെന്നും ഓരോ സങ്കടങ്ങൾ സായിപ്പവർകളെ ബോധിപ്പിച്ചാറെ അതിന് ഒന്നിനും ഒരു മറുപടി ഉണ്ടായിട്ടില്ല. ... പിന്നീട് ഇട്ടൂപ്പ് റമ്പാൻ മെത്രാന്റെ സ്ഥാനം ഏറ്റ സംഗതിയും ബോധിപ്പിച്ചാറെ ഒരു തീർച്ച കൂടാതെയും കാൺകയാൽ മാർത്തോമ്മാ മെത്രാൻ വളരെ വിഷാദത്തിനും രോഗവർദ്ധനയ്ക്കും ഇട ആയാറെ കടമറ്റത്ത് തന്റെ ചിറ്റപ്പൻ ഐപ്പ് കശ്ശീശായെ വരുത്തി മെത്രാൻ എന്ന് പേരും കൊടുത്തു വാഴിക്കുകയും 1816-ന് നിര

ണത്ത് വച്ച് കഴിഞ്ഞ് പുത്തൻപള്ളിയിൽ അടങ്ങുകയും ചെയ്തു” (പു. 190, 191). ബിഷപ്പ് ബ്രൗൺ തന്റെ സഭാചരിത്രത്തിൽ ഇങ്ങനെ രേഖപ്പെടുത്തി: “In 1815 Ittoop Ramban took further steps of receiving consecration with the title of Mar Dionysius II at the hands of Mar Philexinos. Mar Thoma naturally complained to the Resident but no action was taken. He died on 10th Jan. 1816” (p. 129).

കാര്യങ്ങളുടെ ക്രമം രേഖകൾപ്രകാരം ഇങ്ങനെയാണ്:

1815 മാർച്ച് 21 ന് ഇട്ടൂപ്പ് റമ്പാൻ പഴഞ്ഞിയിൽവച്ച് മെത്രാൻ സ്ഥാനമേല്ക്കുന്നു.

2. ഇതിനെതിരെ എട്ടാം മാർത്തോമ്മാ 1815 മാർച്ച് 21 ന് ശേഷം പരാതികൾ അയച്ച് നിഷ്ഫലമായി കാത്തിരിക്കുന്നു.

3. ഏതാനും മാസങ്ങളിലെ നിഷ്ഫലമായ കാത്തിരിപ്പിന് ശേഷം തന്റെ ചിറ്റപ്പൻ ഐപ്പ് കശ്ശീശായെ ഒമ്പതാം മാർത്തോമ്മായായി വാഴിക്കുന്നു.

4. രോഗം വർദ്ധിച്ച് 1816 ജനുവരി 10 ന് നിര്യാതനാവുന്നു.

കാര്യങ്ങൾ സ്വാഭാവികമായും ഇപ്രകാരം ആയിരിക്കേ സ്ഥാനാരോഹണം 1816 മാർച്ചിൽ ആണ് നടന്നതെന്ന് എഴുതിയിട്ടുള്ളത് നിശ്ചയമായും ഒരു പ്രമാദമാണ്. നിരാധാരമായി എഴുതപ്പെട്ട മറ്റൊരു ലേഖനത്തിലും ഈ പ്രമാദം ആവർത്തിക്കപ്പെട്ടിട്ടുണ്ട്: “എട്ടാം മാർത്തോമ്മായുടെ കാലശേഷം മലങ്കരസഭയ്ക്ക് ശരിയായ നേതൃത്വത്തിന് ആരും ഇല്ലാതിരുന്ന സാഹചര്യത്തിൽ മലങ്കരസഭയുടെ സാരഥ്യം ഏറ്റെടുക്കുകയും സഭയ്ക്ക് ഇന്നും അഭിമാനിക്കുവാൻ ഉതുകുമാറ് പ്രശസ്തിയാർജ്ജിച്ചിരിക്കുന്ന വൈദികസെമിനാരിയ്ക്ക് അഥവാ പഴയസെമിനാരിക്ക് തുടക്കം കുറിക്കുകയും ചെയ്ത പരിശുദ്ധനായ ജോസഫ് മാർ ദീവന്നാസ്യോസ് ആയിരുന്നു പുലിക്കോട്ടിൽ തറവാട്ടിൽനിന്നുള്ള ആദ്യത്തെ മെത്രാപ്പോലീത്താ” (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ എന്ന് ഫാ. പി. എം. ജോസ് എഴുതിയ പുസ്തകത്തിന് ജോസഫ് മാർ പക്കോമിയോസ് എഴുതിയ അവതാരിക, 1985). ചരിത്രം ഐച്ഛികവിഷയമായി മാസ്റ്റർ ബിരുദം സമ്പാദിച്ച ഒരു മെത്രാപ്പോലീത്തായുടെ ചരിത്രബോധമില്ലാത്ത ഉദാസീനത ഈ വാകൃത്തിൽ അതീവ പ്രകടം.

മലങ്കര മെത്രാനായി പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമനെ അനുസരിച്ചുകൊള്ളണം എന്ന് രാജകീയ വിളംബരം പ്രസിദ്ധീകൃതമായി. ഏതെങ്കിലും ഒരു മെത്രാന് അനുകൂലമായ സർക്കാർ വിളംബരം മലങ്കരസഭയിൽ ഉണ്ടാകുന്നത് ആദ്യമായിട്ടാണ്. പുതിയ തർക്കങ്ങൾ ആവിർഭവിക്കാതിരിക്കാനാകാം എട്ടാം മാർത്തോമ്മാ അന്തരിച്ചതിന്

ശേഷമാണ് വിളംബരം പ്രസിദ്ധീകരിച്ചത്. കുറുപ്പമ്പടി പള്ളിചരിത്രത്തിൽ ആ സംഭവം ഇപ്രകാരം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു: 'എട്ടാം മാർത്തോമ്മാ അശക്തൻ ആയിരുന്നതിനാൽ സെമിനാരിയിലെ പഠിത്തത്തിന് വട്ടിപ്പണം വാങ്ങിക്കാൻ തൊഴിയൂർ ഇടവകയുടെ മാർ പീലക്സീനോസിനോട് പുലിക്കോട്ടിൽ യൗസേപ്പ് റമ്പാച്ചൻ, എട്ടാം മാർത്തോമ്മായുടെ അന്ത്യത്തിൽ, മാർ ദീവന്നാസ്യോസ് എന്ന സ്ഥാനപ്പേരിൽ മെത്രാൻ പട്ടം ഏറ്റു. ഇദ്ദേഹത്തെ അനുസരിച്ചുകൊള്ളണമെന്ന് തിരുവിതാംകൂർ - കൊച്ചി ഗവണ്മെണ്ടുകൾ ഒരു വിളംബരം പുറപ്പെടുവിച്ചു. ഇപ്രകാരം തിരുവെഴുത്ത് വിളംബരം നടപ്പായി. മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ സ്ഥാനാരോഹണം മലങ്കരയുടെ എല്ലാ പള്ളിക്കാർക്കും സന്തോഷമായിരുന്നു. കീഴ്നടപ്പനുസരിച്ച് തിരുമേനിയെ മോതിരം ഇടുവിക്കാനായി ഈ പള്ളിയിൽ നിന്ന് .... യോഗക്കാർ പോയിരുന്നു' (പുറം 118).

ഇട്ടൂപ്പ് റമ്പാൻ മെത്രാൻസ്ഥാനം ഏല്ക്കേണ്ടിവന്ന സാഹചര്യത്തെപ്പറ്റി അദ്ദേഹത്തിന്റെ ജന്മനാട്ടിൽ പ്രചരിച്ചു പോന്നിട്ടുള്ള ഒരു പാരമ്പര്യം അദ്ദേഹത്തിന്റെ ജീവചരിത്രകാരനും രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്: ".... റസിഡണ്ട് മൺറോ സായിപ്പ്.... റമ്പാച്ചനെ കാണുകയും മെത്രാപ്പോലീത്താ സ്ഥാനം റമ്പാച്ചൻ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. പക്ഷേ സായിപ്പിന്റെ അഭ്യർത്ഥന അദ്ദേഹം നിരസിക്കുകയാണുണ്ടായത്. 'ഒരു മെത്രാപ്പോലീത്താ ആകുന്നതിനുള്ള യോഗ്യതകളൊന്നും തന്നെ എനിക്കില്ല. ഒരു സന്യാസിയായി എന്റെ ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടണമെന്നാണ് എന്റെ ആഗ്രഹം.' റമ്പാച്ചന്റെ മറുപടി കേട്ട് സായിപ്പ് അത്ഭുതപ്പെട്ടു. മലങ്കരസഭയുടെ പരമോന്നത പദവി ലഭിക്കുവാൻ എല്ലാ സാഹചര്യങ്ങളും ഉണ്ടായിട്ടും ആ ഉന്നത പദവി തനിക്കാവശ്യമില്ല എന്ന് മറുപടി നൽകിയ റമ്പാച്ചന്റെ മുമ്പിൽ ആ ഇംഗ്ലീഷുകാരൻ തലകുനിച്ചു. ... പുലിക്കോട്ടിൽ യൗസേപ്പ് റമ്പാച്ചനോടു തന്നെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിക്കുന്നതിന് വീണ്ടും അഭ്യർത്ഥിക്കുവാൻ യോഗം ഐകകണ്ഠ്യേന നിശ്ചയിച്ചു. അന്നുതന്നെ അവർ എല്ലാവരും ഒന്നിച്ചു ചേർന്ന് സെമിനാരിയിലെത്തി റമ്പാച്ചനെ കണ്ടു: 'അങ്ങയെപ്പോലെ മറ്റൊരാളെയും ഈ സ്ഥാനത്തേക്ക് അവരോധിക്കുവാൻ ഞങ്ങൾ കാണുന്നില്ല. ഞങ്ങളുടെ അപേക്ഷ നിരസിക്കരുതേ.' അവർ റമ്പാച്ചനോട് വിനയപൂർവ്വം അഭ്യർത്ഥിച്ചു. മൺറോ സായിപ്പും തദവസരത്തിൽ സന്നിഹിതനായിരുന്നു. നിരന്തരമായ അവരുടെ അഭ്യർത്ഥന കേട്ട് റമ്പാച്ചൻ അവരോടു പറഞ്ഞു: 'നാളെ ഈ സമയത്ത് ഞാൻ നിങ്ങളെ കാണാം. സർവശക്തനായ ദൈവത്തിന്റെ കല്പന എന്താണെന്ന് അപ്പോൾ നിങ്ങളെ ഞാൻ അറിയിക്കാം.' അവരെല്ലാവരും തിരിച്ചുപോയി. പിറ്റേദിവസം ഉച്ചകഴിഞ്ഞാണ് ചാപ്പലിന്റെ വാതിൽ തുറന്നത്. റമ്പാച്ചൻ കതക് തുറന്ന് പുറത്തു വന്നപ്പോൾ റസിഡണ്ടും മറ്റുള്ളവരും അവിടെ ഹാജരുണ്ടായിരുന്നു. റമ്പാ

ച്ചൻ മന്ദസ്മിതത്തോടെ പറഞ്ഞു. "നിങ്ങളുടെ ആഗ്രഹപ്രകാരം നടക്ക ട്ടെ.' (*കാലം ചെയ്ത അച്ചൻ*, ഫാ. പി. എം. ജോസ്, പു. 27, 28).

ഈ ഐതിഹ്യത്തെ ശരിവയ്ക്കും മട്ടിലാണ് കാര്യങ്ങളെ ഇ. എം. ഫിലിപ്പ് പ്രതിപാദിച്ചിട്ടുള്ളത്: "..... അദ്ദേഹം എപ്പിസ്ക്കോപ്പാ സ്ഥാനത്തെ കാംക്ഷിച്ചിരുന്നില്ല എന്ന് മാത്രമല്ല .... ഇപ്രകാരം ഒരാവശ്യം നേരിടാതിരു ന്നുവെങ്കിൽ നിശ്ചയമായും അദ്ദേഹം ജീവിതാന്ത്യം വരെയും സന്തോഷ ത്തോടുകൂടി ഒരു റമ്പാനായി തന്നെ കഴിച്ച് കൂട്ടുമായിരുന്നു. അദ്ദേഹത്തിന് സഭയുടേയും സമുദായത്തിന്റേയും അഭിവൃദ്ധിയിൽ ഹാർദ്ദമായ ഔൽ സുക്യമുണ്ടായിരുന്നു എന്നും തദുദ്ദേശ്യസാധ്യത്തിന് വേണ്ടി അദ്ദേഹം അക്ഷീണയത്നം ചെയ്തിരുന്നു എന്നും ഉള്ള വസ്തുതകൾ അദ്ദേഹ ത്തിനനുകൂലമായി സ്മരണീയമാകുന്നു. നിഷ്കളങ്ക മനസ്സോടും നിർമ്മല മനസ്സാക്ഷിയോടും കൂടിയ ആ ദൈവഭക്തൻ പക്ഷപാതരഹിതനും നിർ ഭയനും ആയിരുന്നത് കൂടാതെ അദ്ദേഹത്തിന്റെ ജീവിതരീതിയും നിർമ്മല മായിരുന്നുവെന്നത് പ്രത്യേകാൽ പ്രസ്താവാർഹമാണ്. അദ്ദേഹം വിദ്യാ ഭ്യാസത്തിന് ഒരു സഹായിയും സുറിയാനിഭാഷാ പണ്ഡിതനും പ്രസിദ്ധ വാഗ്മിയും ആയിരുന്നു. ചുരുക്കിപ്പറയുന്നതായാൽ അദ്ദേഹം സുറിയാനി സമുദായത്തിന്റെ എന്നല്ല ഏതദ്ദേശീയ രാജ്യങ്ങളായ തിരുവിതാംകൂറി ലേയും കൊച്ചിയിലേയും വിദ്യാഭ്യാസത്തിന്റെ പ്രാരംഭപ്രവർത്തകനാ യിരുന്നുവെന്നുള്ളത് അവിതർക്കിതമാകുന്നു. എങ്ങനെയെന്നാൽ വളരെ നാളുകൾക്കു മുമ്പ് തന്നെ നിർത്തലായിപ്പോയ പോർത്തുഗീസുകാരുടെ വക കൊടുങ്ങല്ലൂർ, വൈപ്പിക്കോട്ട എന്നീ സ്ഥലങ്ങളിലെ സെമിനാരികൾ ഒഴിച്ചാൽ ദീവന്നാസ്യോസ് രണ്ടാമന്റെ ഈ സെമിനാരി വിദ്യാപ്രചാരണോ ദ്ദേശ്യത്തോടുകൂടി നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ള സ്ഥാപനങ്ങളിൽ പ്രഥ മമായിരുന്നുവെന്ന് നിർവിശങ്കം പ്രസ്താവിക്കാം' (പു. 195).

റോയൽക്കോടതി വിധിയിൽ (1889) "..... This Pulikkot Dionysious, prete- nding to have had proper consecration..." Pub. 1977, p. 40) എന്ന് തിരുവി താംകൂർകാരായ രണ്ട് ജഡ്ജിമാരുടെ ഭൂരിപക്ഷ വിധിയിൽ പ്രമാണരഹി തമായ ഒരു പ്രസ്താവന കാണുന്നുണ്ട്. തിരുവിതാംകൂർ പ്രജകളായ എട്ടാം മാർത്തോമ്മായും ഒമ്പതാം മാർത്തോമ്മായും കൊച്ചീക്കാരായ പുലിക്കോട്ടിൽ മെത്രാച്ചനോട് പരാജയപ്പെട്ടതിന്റെ പ്രാദേശികമായ പ്രതി ഷേധം ന്യായാധിപന്മാരെപ്പോലും അന്ധരാക്കുവാൻ കരുത്തുറ്റതായിരു ന്നുവെന്ന് ആ പ്രസ്താവന തെളിയിച്ചു. തിരുവിതാംകൂറുകാരനായ ഇട്ടൂപ്പ് റൈട്ടറും തിരുവിതാംകൂറുകാരനായ *നിരണം ഗ്രന്ഥവരി*യുടെ എഴുത്തു കാരനുമാണ് നിരാധാരമായ ഈ അഭിപ്രായ പ്രകടനത്തിന് പ്രേരണയായി ത്തീർന്നത്. പട്ടംകൊടയുടെ അനന്തരസംഭവവികാസത്തെപ്പറ്റി കുന്നംകു ളത്തുള്ള പാരമ്പര്യം ഇപ്രകാരമാണ്: ".... പഴഞ്ഞിപള്ളിയിൽ നിന്ന് ആർ

ത്താറ്റ് പള്ളിയിലേക്ക് അതിഗംഭീരമായ ഘോഷയാത്രയുടെ അകമ്പടി യോടെ രാജകീയമായ ഒരു സ്വീകരണമാണ് തിരുമേനിയ്ക്ക് നൽകപ്പെട്ടത്. കുന്നംകുളത്തുനിന്ന് ഉദ്ദേശം അഞ്ചു കിലോമീറ്റർ ദൂരമുള്ള പഴഞ്ഞിയി ലേക്ക് കുന്നംകുളത്തെ എല്ലാ ക്രിസ്ത്യാനികളും കാൽനടയായും കാളവ ണ്ടികളിലുമായി എത്തിച്ചേർന്നു. ..... ഘോഷയാത്ര കുന്നംകുളത്ത് മണ ക്കുളം രാജകൊട്ടാരത്തിന് മുമ്പിൽ എത്തിയപ്പോൾ രാജാവ് പരിവാരസ മേതം കത്തിച്ച എണ്ണവിളക്കുകളുമായി കാത്തുനില്ക്കുന്നുണ്ടായിരുന്നു. തിരുമേനി പല്ലക്കിൽ നിന്നിറങ്ങി. രാജാവ് അദ്ദേഹത്തെ പൂമാല ചാർത്തി സ്വീകരിച്ചു. ... മണക്കുളം സൈന്യത്തിന്റെ അധിപനായിരുന്ന പുലിക്കോ ട്ടിൽ തറവാട്ടിലെ പഴയ കാരണവർ ചുമ്മാരിനെ സ്മരിച്ചുകൊണ്ട് മണ ക്കുളം രാജാവ് തിരുമേനിയുടെ വിരലിൽ പച്ച രത്നം പതിച്ച ഒരു തങ്കമോ തിരം അണിയിച്ചു" (ഫാ. പി. എം. ജോസ്, പു. 30, 31. ഇന്നും മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനചിഹ്നങ്ങളിൽ ഒരിനം ആ മോതിരമാണെ ന്ന് പറയപ്പെടുന്നു).

പകലോമറ്റം കുടുംബവാഴ്ചയുടെ പത്മവ്യൂഹം വിജയകരമായി ഭേദിച്ച അഭിനവ അഭിമന്യു രാജകുമാരനെപ്പോലെ ആ വൃദ്ധ മഹാപുരോഹിതൻ ഏവർക്കും പ്രിയങ്കരനായിത്തീർന്നു. വാർദ്ധക്യത്തിൽ – എഴുപത്തിയഞ്ചാം വയസ്സിൽ – മെത്രാൻപദം പ്രാപിച്ച അദ്ദേഹത്തിന് കയ്പുള്ള ചില ദൗത്യ ങ്ങൾ കൂടി നിർവ്വഹിക്കേണ്ടി വന്നു. തന്റെ സ്ഥാനാരോഹണത്തിനെതിരെ നൽകിയ പരാതി വിഫലമായതിന്റെ അരിശം തീർക്കാൻ എട്ടാം മാർ ത്തോമ്മാ പിൻഗാമിയായി വാഴിച്ച 9–ാം മാർത്തോമ്മായ്ക്കെതിരായ കടുത്ത നടപടികളായിരുന്നു ആ ദൗത്യം. ഇട്ടൂപ്പ് റൈട്ടർ എഴുതുന്നു: "മേലെഴുതിയ ഐപ്പ് മെത്രാന് അധികമായ ഒരു പഠിത്തവും സാമർത്ഥ്യ വും ഇല്ലാതെ വയസ്സ് ചെന്നതിൽ ഒരു സാധുശീലക്കാരൻ ആയിരുന്നു. തനിയ്ക്ക് മെത്രാന്റെ സ്ഥാനം കിട്ടിയതിനുശേഷം വെട്ടിക്കൽ ഒരു കുരിശ് റൂശ്മാ ചെയ്തതല്ലാതെ (കുരിശ് റൂശ്മാ ചെയ്യുന്നത് മെത്രാനടുത്ത കർമ്മമല്ല. അത് കശീശയ്ക്ക് ചെയ്യാം) മെത്രാനടുത്ത പ്രവൃത്തികൾ അധികമായി ഒന്നും നടത്തുന്നതിനും ആർക്കും പട്ടംകൊടുക്കുന്നതിനും സംഗതി വരുന്നതിന് മുമ്പിൽ..... സ്ഥാനം കൊടുത്തത് ശരി അല്ലെന്നും താൻ ദത്ത് എടുക്കപ്പെട്ടതിൽ നിന്നുള്ള ആളാകയാൽ ഈ സ്ഥാനത്തിന വകാശി അല്ലെന്നും ഈ പാർശ്വത്തിലുള്ള പട്ടക്കാർ റോമ്മാ വഴക്കത്തോട് ചേർന്നവരായി പല സംഗതികളാലും കാണപ്പെടുകയും ചെയ്കകൊണ്ട് ആയത് അഴിപ്പിക്കണമെന്നും മേലെഴുതിയ പുലിക്കോട്ടിൽ ദീവന്നാസ്യോ സ് മെത്രാൻ വാദിച്ചു. മൺറോ സായിപ്പ് അവർകളെയും ബോധിപ്പിച്ചു. ആ മുഖാന്തരത്തിൽ സർക്കാർ ആളുകളെയും കൂട്ടി കടമറ്റത്ത് ചെന്ന് മേലെഴുതിയ മാർത്തോമ്മൻ മെത്രാന്റെ വടിയും മുടിയും സ്ലീബായും ചുവന്ന കുപ്പായവും വയ്പിച്ചു. ആയതും മെത്രാന്മാരുടെ വകയായി

അവിടെ ഉണ്ടായിരുന്ന അല്പവൃത്തി മുതൽകാര്യങ്ങളും എടുപ്പിച്ചും കൊണ്ട് മാർ ദീവന്നാസ്യോസ് മെത്രാൻ തിരിയെ വന്ന് മലങ്കര ഇടവകയെ വിചാരിക്കുകയും സെമിനാരിയിലെ പഠിത്തം അന്വേഷിക്കുകയും ചെയ്തു വന്നു" (പു. 190, 191).

*നിരണം ഗ്രന്ഥവരി* കാര്യങ്ങളെ നിരീക്ഷിക്കുന്നത് ഇപ്രകാരമാണ്. "..... പാർക്കുമ്പോൾ അദ്ദേഹത്തിന് സ്ഥാനമില്ലെന്നും മുതൽ കാര്യങ്ങളൊക്കെയും കണ്ടു കെട്ടി എടുത്ത് കോട്ടയത്ത് സെമിനാരി വകയ്ക്കു ഏല്പിക്കണമെന്നും സായിപ്പിന്റെ ഉത്തരവ് വന്നു. മുതൽകാര്യങ്ങൾ എടുപ്പിച്ച് അദ്ദേഹത്തെ കോട്ടയത്തു കൊണ്ടുപോയി കുപ്പായവും ഊരിവച്ച് കടമറ്റത്തേക്കു പോവുകയും ചെയ്തു" (പുറം 167, 168). റോയൽക്കോടതി വിധിയെഴുതിയ തിരുവിതാംകൂറിലെ ഭൂരിപക്ഷ ന്യായാധിപന്മാർ ഇവിടെയും മാർ ദീവന്നാസ്യോസിന്റെ നടപടിയെ പ്രമാണരഹിതമായി വിമർശിക്കുന്നുണ്ട്: ".... മാർത്തോമ്മാ 9-ാമനെ വാഴിച്ചശേഷം 8-ാം മാർത്തോമ്മാ 1816 ൽ നിര്യാതനായി. 9-ാം മാർത്തോമ്മാ വൃദ്ധനായിരുന്നു. അദ്ദേഹം വൃദ്ധനായതിനാലും ജനങ്ങളുടേയും അധികാരികളുടേയും പിന്തുണ അദ്ദേഹത്തിന് ഇല്ലാതിരുന്നതിനാലും മാർ പീലക്സീനോസിൽ നിന്ന് മാർ ദീവന്നാസ്യോസ് എന്ന് നാമം സ്വീകരിച്ച ഇട്ടൂപ്പ് റമ്പാൻ 9-ാം മാർത്തോമ്മാ താമസിച്ചിരുന്ന കടമറ്റത്ത് ചെന്ന് ബലമായി അദ്ദേഹത്തിന്റെ വടിയും മുടിയും സ്ലീബായും സ്ഥാനവസ്ത്രങ്ങളും കൈവശപ്പെടുത്തുകയും അവയും മെത്രാന്റെ വസ്തുവകകൾ എല്ലാം എടുത്ത് സെമിനാരിയിലേക്ക് മടങ്ങുകയും ചെയ്തു. കേണൽ മൺറോയുടെ പിന്തുണ ഉണ്ടായിരുന്നതിനാലാണ് മാർ ദീവന്നാസ്യോസിന് ഇതൊക്കെ ചെയ്യാൻ സാധിച്ചത്. അല്ലാത്തപക്ഷം ജനങ്ങൾ ഈ നടപടിയെ അനുകൂലിക്കുമായിരുന്നില്ല" (1. 40. പാര. 134, 135).

സെമിനാരിയുടെ ഉദയം ദേശീയ പ്രബുദ്ധത കേരളം ഉൾക്കൊള്ളാൻ തയ്യാറായതിന്റെ സൂചന കൂടെയാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പൊൻപ്രഭയേറ്റ് ഭാരതമാകെ ഒരു നവോന്മേഷത്തിലേക്ക് കുതിപ്പ് ആരംഭിച്ച കാലം ആയിരുന്നു അത്. മെക്കാളിയുടെ വിദ്യാഭ്യാസ പരിഷ്കരണങ്ങളുടെ ഫലമായി ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചവർക്ക് സർക്കാർ ജോലികളിൽ സാധ്യത വർദ്ധിച്ചിരുന്നു. ശാസ്ത്രവും ഇതര വിജ്ഞാന മേഖലകളും പരിചയപ്പെടുവാനും അവയിൽ പ്രാവീണ്യം സമ്പാദിക്കുവാനും ഇംഗ്ലീഷ് ഭാഷ അനിവാര്യം തന്നെയായിരുന്നു. ഇംഗ്ലീഷ് ഭാഷാപഠനം ആരംഭിച്ച ബംഗാൾ പുതിയ ഭാഷാസംസ്കാരത്തിന്റെ കൈത്താങ്ങലോടെ നവോത്ഥാനത്തിലേക്ക് ഉയിർത്തെഴുന്നേൽക്കുന്നതായി എല്ലാവർക്കും അനുഭവപ്പെട്ടു. കേരളീയ നവോത്ഥാനത്തിന് ഇംഗ്ലീഷ് പഠനം അനിവാര്യമെന്ന് 'ഇന്ദുലേഖ'യിലൂടെ ഒയ്യാരത്ത് ചന്തുമേനോൻ പ്രചാരണം ആരം

ഭിച്ചത് വീണ്ടും ഒരു മുക്കാൽ നൂറ്റാണ്ട് കഴിഞ്ഞതിന് ശേഷമാണെന്നോർക്കുമ്പോൾ കോട്ടയം പഴയസെമിനാരിയിൽ ഇംഗ്ലീഷ് ഭാഷാധ്യാപന സൗകര്യത്തിന് വേദിയൊരുക്കിയതിൽ പ്രകടമായ ക്രാന്തദർശിത്വം നമ്മെ വിസ്മയഭരിതരാക്കുന്നു. കേരളത്തെ സമ്പൂർണ്ണ സാക്ഷരതയിലേക്കും കോട്ടയം നഗരത്തെ കേരളത്തിന്റെ വിദ്യാഭ്യാസ തലസ്ഥാനം എന്ന ബഹുമതിയിലേക്കും നയിച്ചതിന്റെ ആദ്യത്തെ കാൽവെയ്പ്പായി ഈ നടപടിയെ വീക്ഷിക്കാവുന്നതാണ്. പുലിക്കോട്ടിൽ മെത്രാച്ചന്റെ നേതൃത്വത്തിലും കേണൽ മൺറോയുടെ പിൻബലത്തിലും മലങ്കരസഭ സാക്ഷാത്ക്കരിച്ച കേരളത്തിന്റെ ചിരകാലസ്വപ്നം എന്ന പരിഗണനയിലാണ് തിരുവിതാംകൂർ റാണി ഈ സംരംഭത്തെ ഹൃദയപൂർവ്വം പ്രോത്സാഹിപ്പിച്ചത്. ഇന്ത്യൻ നവോത്ഥാനത്തിന്റെ പ്രഥമ പ്രവാചകൻ രാജാറാം മോഹൻ റോയ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ അനുകൂലിച്ചത് റാണിയ്ക്ക് പ്രചോദനം നൽകി. അക്കാലത്തെ റാണിയുടെ ഉപദേഷ്ടാവിന്റെ സ്ഥാനം കൂടെ വഹിച്ചിരുന്ന റസിഡണ്ട് മൺറോ ഈ വിഷയത്തിൽ റാണിയെ പ്രബുദ്ധയാക്കിയിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കുവാൻ ഒരു ഏജൻസിയും അക്കാലത്ത് ധൈര്യപ്പെട്ടിരുന്നില്ല. മാമ്മൂൽപ്രിയരായ കേരളീയർ ഇംഗ്ലീഷ് വിദ്യാഭ്യാസം മൂലം തങ്ങളുടെ പരമ്പരാഗതമായ വിശ്വാസങ്ങൾക്കും സ്ഥാനങ്ങൾക്കും സങ്കല്പങ്ങൾക്കും മൂല്യങ്ങൾക്കും തകർച്ച സംഭവിക്കുമോ എന്ന് ഭയപ്പെട്ടു. കേരള സംസ്കാരത്തിന്റെ കുത്തകയായിരുന്ന നമ്പൂതിരിമാരുടെയും നായർ പ്രഭുക്കന്മാരുടേയും ഈ ധർമ്മസങ്കടം *ഇന്ദുലേഖ*യിൽ പ്രകടമാണ്. യാഥാസ്ഥിതിക നിലപാടുകളുടെ പ്രതിനിധികളായി ആ നോവലിൽ പ്രത്യക്ഷപ്പെടുന്ന പഞ്ചുമേനോനും സൂരി നമ്പൂതിരിപ്പാടും ഇംഗ്ലീഷ് ഭാഷാഭ്യസനം നേടിയ ഇന്ദുലേഖയേയും മാധവനേയും ആചാരധ്വംസനം നടത്തുന്നവരായി ചിത്രീകരിക്കുകയും ചിന്നനെ ഇംഗ്ലീഷ് പഠിപ്പിക്കുന്ന നിലപാടിൽ ഉറച്ചുനിന്ന മാധവനു ഇന്ദുലേഖയെ വിവാഹം കഴിപ്പിച്ചു കൊടുക്കുവാനുമുള്ള മുൻ തീരുമാനം പിൻവലിച്ച് ശിക്ഷിക്കാനുമാണ് വിഫലമായി ശ്രമിച്ചത്. അന്ധവിശ്വാസങ്ങളുടെ നാടായിരുന്നുവല്ലോ കേരളം. ജാതിയും ഉപജാതിയും അയിത്തവും നരബലിയും കൊടികുത്തിവാണിരുന്ന ഈ നാട്ടിൽ മേലാളർ അനുഭവിച്ചുപോന്നിരുന്ന പദവികൾ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ നിർബദ്ധരാവുന്ന ഒരു സ്ഥിതിവിശേഷം ഇംഗ്ലീഷ് വിദ്യാഭ്യാസംമൂലം സംജാതമാകുമെന്ന് അവർ ഭയപ്പെട്ടു. ശൂദ്രർ തുടങ്ങിയവരും അവർണ്ണവിഭാഗങ്ങളും ഇംഗ്ലീഷ് പഠിച്ച് സർക്കാർ ഉദ്യോഗങ്ങളിൽ കയറിപ്പറ്റി തങ്ങളെ ഭരിക്കുന്ന ദുർദിനങ്ങളെ ഫ്യൂഡൽകേരളം ഞെട്ടലോടെ വിഭാവനം ചെയ്തു. സ്ത്രീ വിദ്യാഭ്യാസം, ഏകപത്നീവ്രതം, വസ്ത്രധാരണ സമ്പ്രദായം, ഏക ദൈവവിശ്വാസം എന്നീ പുത്തൻ മൂല്യസങ്കല്പങ്ങളിലേക്ക് സാധാരണജനങ്ങൾ ആകർഷിക്കപ്പെടുകയും കേരളത്തിലെ അനാചാരങ്ങളെ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ യുവതലമുറ ചോദ്യം

ചെയ്യുകയും ചെയ്യുന്ന അവസ്ഥ മേലാളർക്ക് അചിന്ത്യമായിരുന്നു. ക്ഷേത്ര പ്രവേശനം, വസ്ത്രധാരണ സ്വാതന്ത്ര്യം, അടിമപ്പണികളിൽ നിന്നുള്ള മോചനം തുടങ്ങിയ മുദ്രാവാക്യങ്ങളിലൂടെ കേരളീയ ജനത ഉയരുന്നതിനെ സ്വാഗതം ചെയ്യുവാൻ, വിവേകാനന്ദന്റെ കാലത്തുപോലും 'ഭ്രാന്താലയം' എന്ന് വിശേഷിപ്പിക്കപ്പെട്ട ഫ്യൂഡൽ കേരളത്തിന് കഴിയുമായിരുന്നില്ല. തന്മൂലം വിദ്യയുടെ കുത്തകക്കാർ ഏറ്റെടുക്കുവാൻ ഭയപ്പെട്ട രംഗത്തേക്കാണ് മലങ്കരസഭ സെമിനാരി സ്ഥാപനത്തിലൂടെ പ്രതീക്ഷാപൂർവ്വം പ്രവേശിച്ചത്. ബ്രിട്ടീഷുകാരാണ് നമുക്ക് സന്യാസം നൽകിയത് എന്ന നാരായണഗുരുവിന്റെ സുചിന്തിത പ്രസ്താവനയെ ഈ പരിപ്രേക്ഷ്യത്തിൽ വേണം കാണുവാൻ.

മലങ്കരയിൽ ഒരൊറ്റ മെത്രാൻ മാത്രം ഉണ്ടായിരുന്ന കാലമായിരുന്നു അത്. എന്നിട്ടും മലങ്കര മെത്രാന് സ്ഥിരമായ ആസ്ഥാനം അതുവരെയും ഉണ്ടായിരുന്നില്ല. ആദിമസഭയിൽ പൊതുസഭയുടെ തലപ്പള്ളിയായ പാലൂർ പള്ളിയായിരുന്നു ഭരണപരമായ ആസ്ഥാനമെങ്കിൽ പില്ക്കാലത്ത് രാഷ്ട്രീയമായ കാരണങ്ങളാൽ കൊടുങ്ങല്ലൂരിലേക്കും ചേന്ദമംഗലത്തേക്കും മാറ്റി ക്രമീകരിച്ചിട്ടുണ്ട്. അങ്കമാലി, പറവൂർ, മുളന്തുരുത്തി, കടമറ്റം, കണ്ടനാട്, നിരണം തുടങ്ങി അതത് കാലത്തെ മെത്രാന്മാർക്ക് അഭയസ്ഥാനമായിരുന്ന പള്ളികൾ അതത് കാലത്തെ ഭരണ തലസ്ഥാനമായിരുന്നു. അതത് ആസ്ഥാനങ്ങളുടെ നിയന്ത്രണത്തിൽ കഴിയുവാൻ ഈ സാഹചര്യം മെത്രാന്മാരെ നിർബന്ധിച്ചു. വടക്ക് കണ്ടനാട്, മുളന്തുരുത്തി എന്നിവിടങ്ങളിലും തെക്ക് നിരണം, ചെങ്ങന്നൂർ ഇടവകകളും ആസ്ഥാനങ്ങളുടെ പേരിൽ അലിഖിതവും അവിഹിതവുമായ അവകാശവാദങ്ങൾ പലപ്പോഴും അവലംബിച്ചിരുന്നു. പകലോമറ്റം മെത്രാന്മാർ ഈ അസ്വാതന്ത്ര്യം കാര്യമായി പരിഗണിച്ചിരുന്നില്ല. പകലോമറ്റം ബന്ധത്തിൽ നിന്ന് വിമുക്തി നേടിയ ഒന്നാമത്തെ മലങ്കര മെത്രാൻ എന്ന നിലയിൽ ഈ ദുഃസ്വാധീനങ്ങളുടെ കയറുകൾ അറുത്ത് മെത്രാൻസ്ഥാനിയെ സ്വതന്ത്രനാക്കുവാൻ പുലിക്കോട്ടിൽ മെത്രാൻ പ്രതിജ്ഞാബദ്ധനായിരുന്നു. അതുകൊണ്ടാണ് കോട്ടയം സെമിനാരിയെ മലങ്കരമെത്രാന്റെ സ്ഥിരം ആസ്ഥാനമായി അദ്ദേഹം സംവിധാനം ചെയ്തത്. ആസ്ഥാനങ്ങളെ നിയന്ത്രിച്ചിരുന്ന ഇടവകകളുടെ ഔദാര്യത്തിന് കാത്തുനില്ക്കാതെ മലങ്കരമെത്രാനോട് ഇടപെട്ട് സമ്പർക്കം പുലർത്തുവാൻ സൗകര്യം ഒരുക്കിയ ഈ പരിഷ്ക്കാരം പൊതുസഭയ്ക്കു സമ്മതവും സ്വീകാര്യവുമായി. ഇത് അചിരേണ ഒരു കേന്ദ്രീകൃത സെക്രട്ടറിയേറ്റിന്റെ പ്രയോഗരംഗമായി വളരാൻ സജ്ജമായി. മലങ്കരസഭയ്ക്ക്വൻ ഇടവകകളിൽ അല്ലാതെ അവയുടെ സംഘാതമായ ഒരു സഭയുടെ പ്രവർത്തനം അതുവരെ ഇല്ലായിരുന്നു. വൈദികർക്ക് പട്ടംകൊടുത്ത് ഇടവകയിലേക്ക് നിയമനം നൽകിയാൽ മെത്രാന് ഇടവകയിന്മേലുള്ള കർത്തവ്യവും മേൽനോട്ടവും അവസാനിച്ചിരുന്നു. വൈദികർ ആയുഷ്കാല

വികാരിമാർ ആയിരുന്നതിനാൽ അവർ മരണം വരെ ഇടവകയുടെ ദാസന്മാർ ആയിരുന്നു. ഇടവക പൊതുയോഗങ്ങളുടെ നിയന്ത്രണത്തിൽപ്പെട്ട് അവരുടെ സഭാ ദർശനങ്ങൾ ചതഞ്ഞരഞ്ഞു പോകുക പതിവായിരുന്നു. നിഷ്ക്രിയത്വമായിരുന്നു അക്കാലങ്ങളിൽ ഇടവകയുടെ മുഖമുദ്ര. പ്രവർത്തനങ്ങൾ പ്രശ്നങ്ങൾക്കു കാരണമാകുമെന്നതിനാൽ എല്ലാ ഇടവകകളിലും ആത്മീയ കർമ്മാനുഷ്ഠാനങ്ങൾ മാത്രമേ നടത്തിയിരുന്നുള്ളൂ. മലങ്കരസഭയിൽ വൻവൃക്ഷങ്ങൾ ഉണ്ടായിരുന്നു; പക്ഷേ കാടില്ലായിരുന്നു. കോട്ടയം പഴയസെമിനാരി മെത്രാന്റെ ആസ്ഥാനമാവുകയും കേന്ദ്രീകൃത സെക്രട്ടറിയേറ്റിന്റെ ഭാവം കൈയ്യേൽക്കുകയും ചെയ്തതോടെ ഇടവകകൾക്ക് ഒരു സംഘടനയുടെ സ്വഭാവം കൈവന്നു. മരങ്ങൾ ചേർന്ന് സുശക്തമായ വനം രൂപംകൊള്ളുന്നതിന്റെ കുതിപ്പ് ഇവിടെ ആരംഭിക്കുന്നു. എല്ലാ പള്ളികളുടെയും വാർഷികകണക്കുകൾ മലങ്കരമെത്രാന്റെ പരിഗണനയിലേക്ക് വരുന്നത് ഇവിടം മുതലാണ്. കുറുപ്പംപടിപള്ളിയുടെ ചരിത്രകാരൻ അക്കാര്യം വിശദീകരിക്കുന്നത് കാണുക: "ഇദ്ദേഹത്തിന്റെ കാലത്ത് (പുലിക്കോട്ടിൽ പ്രഥമൻ) ഈ പള്ളിയുടെ തെരട്ട് കോട്ടയം സെമിനാരിയിൽ തിരുമുമ്പാകെ പള്ളിയോഗം ഹാജരാക്കി. ഇക്കാലം മുതല്ക്കാണ് മലങ്കര മെത്രാപ്പോലീത്താമാർക്ക് കോട്ടയത്ത് ആസ്ഥാനമുണ്ടായത്" (പു. 118).

സഭയിൽ ഒരു കേന്ദ്രീകൃത ഭരണമുണ്ടാകുന്നതിന്റെയും ഒരു മെത്രാന്റെ സാന്നിദ്ധ്യവും പ്രസക്തിയും ഇടവകതലത്തിൽ മേലന്വേഷണരൂപത്തിൽ അംഗീകരിക്കപ്പെട്ടതിന്റെ രജതരേഖയാണീ പ്രസ്താവന. ആർത്താറ്റ് പടിയോലയിൽ നിന്ന് ആരംഭിച്ച് കണ്ടനാട് പടിയോലയിലൂടെ വികാസം പ്രാപിച്ച ഒരു സഭാദർശനം പ്രയോഗക്ഷമമാവുകയായിരുന്നു. 1934-ൽ രൂപം കൊണ്ട ആധുനിക സഭാ ഭരണഘടനയുടേയും 1873-ൽ പരുമലയിലും 1876-ൽ മുളന്തുരുത്തിയിലും ചേർന്ന പള്ളിപ്രതിനിധിയോഗങ്ങൾ രൂപം കൊടുത്ത കാനോനുകളുടേയും അടിസ്ഥാനതത്ത്വങ്ങൾക്ക് വൈദിക സെമിനാരി സ്ഥാപകൻ 1815-ൽ അടിത്തറ പാകുന്നതിന്റെ ഉജ്ജ്വല ചിത്രമാണിത്. വിദ്യയുടെ വിതരണരംഗം എന്ന നിലയിൽ കോട്ടയം സെമിനാരി മലങ്കരയുടെ മസ്തിഷ്കമായി വർത്തിച്ചപ്പോൾത്തന്നെ, ഒരേകീകൃത ഭരണത്തിന്റെ സെക്രട്ടറിയേറ്റായി വർത്തിച്ചതു മൂലം സഭയുടെ രക്തപരിവാഹ ധർമ്മം നിറവേറ്റുന്ന ഹൃദയധർമ്മവും അത് നിറവേറ്റി. ഒന്നര നൂറ്റാണ്ടിന്റെ നീണ്ട രാത്രിയുടെ ആധിപത്യങ്ങൾക്കന്ത്യം കുറിച്ച് ഒരു പ്രഭാതത്തിന്റെ സാന്നിദ്ധ്യം സഭയിൽ അനുഭവപ്പെടുകയായിരുന്നു. ആധുനിക മലങ്കരസഭയുടെ മസ്തിഷ്കവും ഹൃദയവും മെനഞ്ഞെടുത്ത രാജശില്പി എന്നതാണ് തെരഞ്ഞെടുപ്പിന്റെ പിൻബലത്തോടെ അധികാരത്തിലെത്തിയ, പകലോമറ്റം കുടുംബവാഴ്ചയിൽ നിന്ന് സഭയെ മോചിപ്പിച്ച ഈ മലങ്കരമെത്രാൻ മലങ്കരസഭാചരിത്രത്തിൽ നേടിയ അതുല്യമായ സ്ഥാനം.

ആധുനിക മലങ്കരസഭയുടെ പിതാവ് എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാം. 'സഭാജ്യോതിസ്സ്' എന്ന ബിരുദം നൽകി അദ്ദേഹത്തെ പില്ക്കാലത്ത് ആദരിച്ച മലങ്കരസഭ പില്ക്കാലത്ത് നേടിയ എല്ലാ വളർച്ചകൾക്കും ആരംഭം ഇട്ടത് ഈ കുതിപ്പ് ആണ്. പൊതുസഭയുടെ ചുമതലയിൽ മലങ്കരയിലുണ്ടായ ആദ്യത്തെ പൊതു സ്ഥാപനം കോട്ടയം പഴയസെമിനാരിയാണെന്നത് ഇവിടെ പ്രസ്താവ്യമാണ്. മലങ്കരസഭയുടെ പില്ക്കാല ചരിത്ര മുഹൂർത്തങ്ങൾക്ക് പ്രധാനവേദിയും സാക്ഷിയും പഴയസെമിനാരി തന്നെ.

സെമിനാരിയുടെ പ്രവർത്തനം സ്ഥാപകന്റെ ജീവിതാന്ത്യകാലത്തിൽ നിരവധി അന്തഃസംഘർഷങ്ങൾക്ക് ഹേതുവായിത്തീർന്നിട്ടുണ്ട്. സെമിനാരിസ്ഥാപനത്തിലും അതിന്റെ വളർച്ചയിലും മുഖ്യസഹായി ആയ കേണൽ മൺറോയും അദ്ധ്യാപകരായി നിയമിക്കപ്പെട്ട മിഷണറിമാരും ക്രമേണ ക്രമംവിട്ട് അധീശഭാവം ഭാവിക്കുന്നത് അദ്ദേഹത്തെ കണക്കിലധികം വേദനിപ്പിച്ചു. അപ്രകാരമുള്ള ഒരു സംഭവം ഇ. എം. ഫിലിപ്പ് വർണ്ണിക്കുന്നത് കാണുക:

"ഒരു ദിവസം ദീവന്നാസ്യോസ് രണ്ടാമൻ കൊല്ലത്തേക്കു ചെല്ലുന്നതിനായി കേണൽ മൺറോയുടെ ക്ഷണക്കത്ത് അദ്ദേഹത്തിനു കിട്ടി. അദ്ദേഹത്തിന്റെ യാത്രയിൽ വികാരിജനറൽ ഉൾപ്പെടെ (പിന്നീട് മാർ ദീവന്നാസ്യോസ് മൂന്നാമനായിത്തീർന്ന പുന്നത്തറ ജോർജ് കത്തനാർ) രണ്ടു പട്ടക്കാരും രണ്ട് ശെമ്മാശന്മാരും അനുചരന്മാരായി ഉണ്ടായിരുന്നു. ശെമ്മാശന്മാരിലൊരാൾ ഈ പുസ്തകകർത്താവിന്റെ വലിയപ്പൻ ആയിരുന്നു (ഇടവഴിക്കൽ വല്യച്ചൻ - പീലിപ്പോസ് കത്തനാർ - ആയിരുന്നു ഇ. എം. ഫിലിപ്പ് സൂചിപ്പിക്കുന്ന വലിയപ്പൻ. അദ്ദേഹം സെമിനാരിയിലെ ആദ്യ ബാച്ചിലെ വിദ്യാർത്ഥിയായിരുന്നു). ആദ്യ ദിവസം സന്തോഷ സല്ലാപങ്ങളിൽ വിനിയോഗിച്ചതിന്റെ ശേഷം അടുത്ത ദിവസവും റസിഡൻസിയിൽ ചെല്ലണമെന്ന ക്ഷണത്തോടു കൂടി മെത്രാനെ അയച്ചു. ... അടുത്ത ദിവസം കേണൽ മൺറോ മെത്രാനോട്, താൻ മെത്രാനെയും സമുദായത്തെയും യഥാശക്തി കൂടുതലായി സഹായിക്കുന്നതിനായി ഉദ്ദേശിക്കുന്നതായും അവർ തമ്മിലുള്ള ഇടപാടുകൾക്കു മധ്യസ്ഥനായി ഒരു യൂറോപ്യനെ സെമിനാരിയിൽ മെത്രാനോടു കൂടെ താമസിപ്പിക്കുവാൻ ആഗ്രഹിക്കുന്നതായും പ്രസ്താവിച്ചു. ഈ പ്രസ്താവനയോടു കൂടി റവ. നോർട്ടനെ ഭാര്യയോടും കുട്ടിയോടും കൂടി മെത്രാന് പരിചയപ്പെടുത്തി. വീണ്ടും ഉണ്ടായ സംഭാഷണത്തിൽ നിന്ന് പുതിയ ധ്വര, ആംഗ്ലിക്കൻ സഭയിലെ ഒരു വൈദികനാണെന്നും സുറിയാനി സമുദായത്തിന്റെ സാമൂഹ്യവും മതപരവും ആയ അഭിവൃദ്ധിയെ ലാക്കാക്കി വേല ചെയ്യുന്നതിലേക്കു സെമിനാരിയിൽ താമസിക്കുന്നതിന് വന്നിരിക്കുന്ന ആളാണെന്നും മെത്രാന് മനസിലായി. ശുദ്ധമാനസനായ മെത്രാൻ റസിഡണ്ടിന്റെ സദു

ദ്ദേശ്യങ്ങൾക്കു ഉടൻ വന്ദനം പറഞ്ഞെങ്കിലും സഭയിൽ ജോലി ചെയ്യുന്നതിന് ഈ മിഷനറിയെ അനുവദിക്കുവാൻ നിവൃത്തിയില്ലെന്നറിയിച്ചു. കേണൽ മൺറോയോടുള്ള മെത്രാന്റെ മറുപടി ഇപ്രകാരമായിരുന്നു: "..... അദ്ദേഹം ഒരു ഭിന്നമതാവലംബി ആകുന്നു. അദ്ദേഹം സെമിനാരിയിൽ താമസിക്കുന്നത് പല അനിഷ്ട സംഭവങ്ങൾക്കും ഇടയാക്കിയേക്കും." മെത്രാന്റെ മറുപടി അദ്ദേഹത്തെ അമ്പരപ്പിച്ചു. സെമിനാരി തന്റെ സ്ഥാപനമാണെന്നും മെത്രാൻ തന്റെ ഉദ്യോഗസ്ഥനാണെന്നും ധരിച്ചുവശായ മൺറോ ഒരു സഭാതലവന്റെ ഇടയബോധം തുടിച്ചുനിന്ന മറുപടി ഞെട്ടലോടെ കേട്ടു. "ഇപ്പോൾ (ഇപ്പോൾ എന്ന് ഫിലിപ്പ് ഉദ്ദേശിക്കുന്നത് 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മിഷണറിമാർ മൂലം വന്ന ഭിന്നതയും നവീകരണവും അനുഭവിച്ച കാലത്തെയാണ്) സഭ അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങളെ മുൻകൂട്ടി കണ്ടിരുന്ന മെത്രാൻ സഭ നശിക്കുന്നതിനേക്കാൾ കേണൽ മൺറോയുടെ അപ്രീതിയ്ക്ക് പാത്രീഭവിക്കുക തന്നെയാണ് നല്ലതെന്ന് നിശ്ചയിച്ചു. "എന്നാൽ മിഷണറി ആലപ്പുഴ താമസിച്ചുകൊണ്ട് ഇടയ്ക്കിടയ്ക്ക് സെമിനാരി സന്ദർശിക്കട്ടെ" എന്ന് കേണൽ മൺറോ പിന്നീട് അഭിപ്രായപ്പെടുകയും മാർ ദീവന്നാസ്യോസ് വളരെ വൈമനസ്യത്തോടെ അത് സമ്മതിക്കുകയും ചെയ്തു" (ഫിലിപ്പ്, പു. 199).

സെമിനാരി സ്ഥാപനത്തെപ്പറ്റി മിഷണറിമാർ സൗഹൃദത്തോടെ കാണിച്ചിരുന്ന സ്നേഹവും മമതയും സെമിനാരി ഭരണത്തിലെ കൈകടത്തലുകളായി വളരുന്നുവോ എന്ന് സംശയിക്കാവുന്നവിധമാണ് മിഷണറിമാരുടെ വാക്കും പ്രവൃത്തിയും എന്ന് മെത്രാച്ചന് തോന്നി. സെമിനാരി തങ്ങളുടേതാണെന്നും തങ്ങൾ അതിന്റെ ഉടമസ്ഥന്മാരാണെന്നും അവിടെ ആരെ താമസിപ്പിക്കണം, ആരെ നിയമിക്കണം എന്നൊക്കെ തീരുമാനിക്കുവാനുള്ള അവകാശം തങ്ങൾക്കാണെന്നും ധാർഷ്ട്യം നിറഞ്ഞ നിലപാടുകൾ കേണൽ മൺറോയുടെ വാക്കുകളിൽ പ്രകടമായിരുന്നു. മെത്രാച്ചന്റെ മറുപടിയോടെ ധാരണകൾ തൽക്കാലത്തേക്കെങ്കിലും തിരുത്തപ്പെട്ടു. സെമിനാരി മലങ്കരസഭയുടേതാണ്. അതിന്റെ ഉടമസ്ഥൻ അതത് കാലത്തെ മലങ്കര മെത്രാനാണ്. അവിടെ ആര് താമസിക്കണമെന്നും എന്ത് പഠിപ്പിക്കണമെന്നും നിശ്ചയിക്കുന്നത് താനല്ല, മെത്രാച്ചനാണ് എന്ന് മൺറോയ്ക്ക് ബോദ്ധ്യമായി. മെത്രാച്ചനും അത്രയേ ഉദ്ദേശിച്ചുള്ളു.

സെമിനാരിയെപ്പറ്റി മിഷണറിമാർ വച്ചുപുലർത്തിയ ധാരണകൾ വെളിപ്പെടുത്തുന്ന ചില കത്തുകൾ മൺറോയും മറ്റും എഴുതിയിട്ടുള്ളത് വിവർത്തനം ചെയ്തു ചേർക്കുന്നു:

"സുറിയാനി സമുദായത്തിലെ വൈദികരെയും അത്മായരെയും പരിശീലിപ്പിക്കുവാൻ തിരുവിതാംകൂറിൽ കോട്ടയത്ത് ഒരു കോളജ് കമ്പനി റസിഡന്റ് മേജർ മൺറോ സ്ഥാപിച്ചു. ജോസഫ് റമ്പാന്റെ മേൽനോട്ടത്തിൽ

പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നു. .... അദ്ദേഹമാണ് പുതിയ ബിഷപ്പ്" (1815 ആഗസ്റ്റിലെ കത്ത്). കത്ത് തുടരുന്നു:

"ഇതിനിടയിൽ ബിഷപ്പ് ജോസഫിന്റെ മേൽനോട്ടത്തിൽ കോളജിന്റെ പ്രവർത്തനം തുടരുന്നു. കാര്യക്ഷമമായി പ്രവർത്തിക്കുവാൻ എന്റെ അധികാരത്തിലുള്ള ഏറ്റവും മികച്ച മാർഗ്ഗങ്ങൾ സ്വീകരിക്കുകയാണ് എന്റെ ഉദ്ദേശ്യം."

"കോളജ് നിർമ്മാണം പൂർത്തിയായതോടെ മെത്രാന്റെ ചുമതലയിൽ ഏല്പിക്കപ്പെട്ടു എങ്കിലും കൂടുതൽ നിയന്ത്രണം ആവശ്യമെന്ന് റസിഡന്റിന് വൈകാതെ ബോദ്ധ്യമായി" (W. S. Hunt, The Anglican Churches in Travancore and Cochin 1816 - 1919, Vol. I, 1920, p. 11).

മെത്രാപ്പോലീത്താ ആയതിന്ശേഷം ഒരിക്കൽ കൂടി മാർ ദീവന്നാസ്യോസ് വട്ടിപ്പണത്തിന്റെ പലിശ സ്വീകരിച്ചു. ആയത് സെമിനാരിയുടെ നടത്തിപ്പിനായി വിനിയോഗിക്കുകയും ചെയ്തു. കേണൽ മൺറോയുമായുള്ള ബന്ധവും സൗഹൃദവും ക്രൈസ്തവരുടെ പൊതുജീവിത നിലവാരം ഉയർത്തുന്നതിന് പുലിക്കോട്ടിൽ മെത്രാച്ചൻ ഫലപ്രദമായി ഉപയോഗിച്ചു. സമുദായത്തിന്റെ സാമ്പത്തികവും സാംസ്കാരികവും സാമൂഹികവുമായ അന്തസ്സും ആഭിജാത്യവും ഉയർത്തുന്നതിന് അദ്ദേഹം റസിഡന്റിൽ ചെലുത്തിയ സ്വാധീനത്തിന്റെ ഫലമായി, ഹൈന്ദവ ക്ഷേത്രങ്ങളുടെ ഉത്സവങ്ങളോടനുബന്ധിച്ച് നിർബന്ധപൂർവ്വം ചെയ്യിച്ചിരുന്ന സൗജന്യ സേവനം - ഊഴിയവേല - നടപ്പിലാക്കിയ രാജ്യനിയമം പുതിയൊരു നിയമം മൂലം റദ്ദാക്കി. ഞായറാഴ്ച ഒഴിവുദിനമായി പ്രഖ്യാപിച്ചതും ആ വിശുദ്ധദിനത്തിൽ ജോലി ചെയ്യണമെന്നുള്ള നിർബന്ധത്തിൽ നിന്ന് ക്രൈസ്തവർ ഒഴിവാക്കപ്പെട്ടതിന്റെ പിന്നിലും ആ സ്വാധീനം പ്രകടമായിരുന്നു. സർക്കാർ ഓഫീസുകളിൽ ആദ്യമായി ക്രിസ്ത്യാനികൾക്ക് നിയമനം ലഭിച്ചത് അക്കാലത്താണ്. 1816-ൽ എല്ലാ സിവിൽ കോടതികളിലും ഓരോ ക്രിസ്ത്യൻ ന്യായാധിപനെ നിയമിക്കുന്ന ഭരണപരിഷ്കാരത്തിൽ മെത്രാന്റെ പ്രേരണ സ്വാധീനം ചെലുത്തി. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ *മലങ്കര നസ്രാണികൾ - പദവികളും ജാത്യാചാരങ്ങളും* എന്ന ഗ്രന്ഥത്തിൽ ഇസ്സഡ്. എം. പാറേട്ട് വിവരിച്ചിട്ടുണ്ട് (പു. 247-257). 1813-ൽ ക്രിസ്ത്യാനികളുടെ സ്ഥിതിയെക്കുറിച്ച് അന്വേഷിക്കുവാൻ ഒരു കമ്മീഷൻ നിയോഗിക്കപ്പെട്ടു. വിദ്യാഭ്യാസ സൗകര്യങ്ങൾ ക്രമീകരിക്കുവാനുള്ള ശുപാർശകൾ ആ കമ്മീഷൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് അന്ന് നിലവിലുണ്ടായിരുന്ന സുറിയാനിക്കാരുടെ അമ്പത്തിരണ്ടു പള്ളികളോടു ചേർന്ന് 52 സ്കൂളുകൾ ആരംഭിക്കുവാൻ ഉത്തരവുണ്ടായത്. ഇപ്രകാരം കേണൽ മൺറോയുടെ കാലത്തുണ്ടായ എല്ലാ ഭരണപരിഷ്കാരങ്ങൾക്കും പിന്നിൽ സെമിനാരിസ്ഥാപകന്റെ പ്രേരണയും പ്രോത്സാഹ

നവും മാർഗ്ഗദർശനവും ഉണ്ടായിരുന്നു. കൽക്കട്ടായിലെ ഒന്നാമത്തെ ആംഗ്ലിക്കൻ ബിഷപ്പായ ഡോ. മിഡിൽട്ടൺ തോമസ് സുറിയാനിഭാഷയിലുള്ള ഒരു പുതിയനിയമം അദ്ദേഹത്തിന് സമ്മാനിച്ചു. അതിൽ ഇപ്രകാരം കുറിച്ചിട്ടിരുന്നു: "പ്രഥമ സന്ദർശനത്തിൽ കൊച്ചിയിൽ വച്ച് കൽക്കട്ടായുടെ പ്രഥമ ബിഷപ്പ് മാർ തോമസ്, മാർ ദീവന്നാസ്യോസിന് (സമ്മാനിച്ചത്)" ( The Anglican Churches in Travancore and Cochin 1816 - 1919, Vol. I, p. 40).

മെത്രാൻ പദത്തിൽ പാദമൂന്നിയപ്പോഴും ആ സന്യാസിവര്യന്റെ സന്യാസനിഷ്ഠകൾക്ക് തരിമ്പും ലംഘനമുണ്ടായില്ല. മെത്രാൻസ്ഥാനം പ്രാപിക്കുന്നതോടെ സഞ്ചാരം, സംസാരം, സമീപനം തുടങ്ങിയ കാര്യങ്ങളിൽ കൃത്യവും കൃത്രിമവുമായ പ്രൗഢിയും ആർഭാടവും സ്വീകരിക്കുവാൻ നിർബന്ധബുദ്ധി കാണിച്ചുപോന്ന മെത്രാന്മാരെ കണ്ടു പരിചയിച്ച മലങ്കര സഭ അഭിനവ മെത്രാന്റെ ആസ്ഥാനം അരമനശൈലിയിലേക്ക് തരംതാഴാതെ ആശ്രമശൈലിയിൽ അഭിരമിക്കുന്നതുകണ്ട് കോരിത്തരിച്ചു. ഭക്ഷണകാര്യങ്ങളിലും വ്രതാനുഷ്ഠാനങ്ങളിലും അദ്ദേഹം പുലർത്തിയ സന്യാസചര്യകൾ പാശ്ചാത്യ ബിഷപ്പുമാരെ കണ്ടു പരിചയിച്ച മിഷണറിമാർക്ക് അത്ഭുതമായി. സംയമശീലനും തപോധനനുമായ മെത്രാപ്പോലീത്തായ്ക്ക് രോഗശാന്തിവരം ഉൾപ്പെടെ പല നൽവര സിദ്ധികളും ഉണ്ടായിരുന്നതായി പലരും സാക്ഷിച്ചിട്ടുണ്ട്. ഒരു രോഗിയുടെ ശിരസ്സിൽ അദ്ദേഹം കൈവച്ച് പ്രാർത്ഥിച്ചാൽ ആ രോഗി സൗഖ്യം പ്രാപിക്കുക പതിവായിരുന്നുവെന്ന് മൺറോ പറയാറുണ്ടായിരുന്നുവത്രേ. പഴയസെമിനാരിയിൽ നിത്യവും സന്ധ്യാനമസ്കാരത്തോടനുബന്ധിച്ച് രോഗികളെ അദ്ദേഹത്തിന്റെ പ്രാർത്ഥനയ്ക്കായി സമർപ്പിക്കാറുണ്ടായിരുന്നു.

മെത്രാനായി അധികകാലം അദ്ദേഹം ജീവിച്ചിരുന്നില്ല. മൂന്ന് അഭിലാഷങ്ങൾ കൂടി അദ്ദേഹത്തിന് പൂർത്തീകരിക്കാനുണ്ടായിരുന്നു.

1. ദയറാ സ്ഥാപനം. വ്യവസ്ഥാപിതമായ ദയറാ പ്രസ്ഥാനം സഭയിൽ ആരംഭിക്കുവാൻ അദ്ദേഹം അഭിലഷിച്ചു. മിഷണറിമാരുടെ സകുടുംബ പ്രവേശം സെമിനാരിയിൽ അദ്ദേഹം നിരോധിക്കുമ്പോൾ മനസ്സിൽ വച്ചു പുലർത്തിയ സ്വപ്നങ്ങളിൽ ഒന്നായിരുന്നു അത്. പ്രാർത്ഥിക്കുവാനും പള്ളിക്രമ പുസ്തകങ്ങൾ പകർത്തിഎഴുതുവാനും സഭയ്ക്കാവശ്യമായ മെത്രാന്മാരെ പ്രദാനം ചെയ്യുവാനും സുശിക്ഷിതമായ ഒരു ദയറാ അനിവാര്യമെന്ന് അദ്ദേഹം ചിന്തിച്ചു. പക്ഷേ ആ സ്വപ്നം പൂവണിഞ്ഞില്ല. അവിവാഹിതരായ വൈദികർ സഭയിൽ ചുരുക്കമായി ഉണ്ടായിരുന്നുവെങ്കിലും അവർ ഇടവക ഭരണത്തിന്റെ സൗകര്യങ്ങൾ ഉപേക്ഷിക്കുന്നതിൽ വിമുഖർ ആയിരുന്നു. പുന്നത്ര കത്തനാർ, ചേപ്പാട്ട് ഫീലിപ്പോസ് കത്തനാർ എന്നിങ്ങനെ ചുരുക്കംപേർ സെമിനാരിയിൽ ആശ്രമാന്തരീക്ഷം

സൃഷ്ടിച്ച് ജീവിച്ചു എങ്കിലും ഔപചാരികമായ ഒരു ദയറാ പ്രസ്ഥാനം തുടരുവാൻ അദ്ദേഹത്തിന്റെ കാലത്ത് കഴിഞ്ഞില്ല. ഏതാനും ദശാബ്ദ ങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ അനന്തരഗാമിയായി വന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ വെട്ടിക്കൽ ദയറാ, പരുമല സെമിനാരി എന്നിവ സ്ഥാപിച്ചപ്പോഴാണ് ആ പൂർവ്വികന്റെ സ്വപ്നം സഫലമായത്.

2. ചാപ്പൽ നിർമ്മാണം. വൈദികസെമിനാരിയ്ക്ക് ഒരു സ്ഥിരം ചാപ്പൽ വേണമെന്നുള്ള രണ്ടാമത്തെ ആഗ്രഹം പൂർത്തീകരിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. 13-3-1817 ൽ കേണൽ മൺറോ എഴുതിയ ഒരു കത്ത് ഈ കാര്യം ഇപ്രകാരം വെളിപ്പെടുത്തുന്നു: 'കാലം ചെയ്ത മെത്രാപ്പോലീത്താ, കോളജിൽ ഒരു ചാപ്പലിന്റെ നിർമ്മാണം തുടങ്ങിയതായി എന്നെ അറിയിച്ചിരുന്നു. അതിന്റെ നിർമ്മാണം ഏത് ഘട്ടം വരെ പുരോഗമിച്ചു എന്ന് എനിക്കറിഞ്ഞുകൂടാ' (പി. ചെറിയാൻ, അനുബന്ധം). പിന്നീട് ബെഞ്ചമിൻ ബെയിലിയുടെ കാലത്താണ് അതിന്റെ പണി പൂർത്തീകരിച്ചത്.

3. ബൈബിൾ വിവർത്തനം. 1811-ൽ ബോംബെയിൽ നിന്ന് ഡോ. ബുക്കാനന്റെ ഉത്സാഹത്തിൽ പ്രസിദ്ധീകരിച്ച റമ്പാൻ ബൈബിളിൽ നാലു സുവിശേഷങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. മുൻവിവർത്തനത്തിൽ പങ്കാളിയായിരുന്ന കായംകുളം റമ്പാൻ നിര്യാതനായിരുന്നു. ബൈബിളിന്റെ ശിഷ്ട ഭാഗം കൂടി വിവർത്തനം ചെയ്യുവാൻ മൺറോ പുലിക്കോട്ടിൽ മെത്രാച്ചനോട് ആവശ്യപ്പെട്ടു. 1815 ആഗസ്റ്റ് 7 ലെ കത്തിൽ കേണൽ മൺറോ രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്: ".... ഞാൻ മദ്രാസിലേക്ക് പുറപ്പെട്ടപ്പോൾ, വിശുദ്ധ ഗ്രന്ഥം പൂർണ്ണമായും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുവാൻ പ്രതിഫലേച്ഛ കൂടാതെ അദ്ധ്വാനിച്ചുകൊള്ളാമെന്ന് സുറിയാനിക്കാരുടെ മെത്രാൻ എനിക്ക് ഉറപ്പ് തന്നിട്ടുണ്ട്." പക്ഷേ, ആ സ്വപ്നവും പൂർത്തീകരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. സെമിനാരിയിലെ അദ്ധ്യാപനം, കെട്ടിടങ്ങളുടെ പൂർത്തീകരണം, പള്ളി ഭരണത്തിന്മേലുള്ള മേൽനോട്ടം, ഒരു സെക്രട്ടറിയേറ്റിലെ കാര്യനിർവഹണങ്ങൾ, വിവിധ പള്ളികളിലും വൈദികഭവനങ്ങളിലുമായി അവശേഷിക്കുന്ന ഗ്രന്ഥങ്ങളും പുരാരേഖകളും സഞ്ചയിച്ച് ഒരു ലൈബ്രറി നിർമ്മാണം എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ ഏകകാലത്ത് നിർവഹിക്കേണ്ടി വന്നതിനാൽ ആ യത്നവും അപൂർണ്ണമായിപ്പോയി. സങ്കീർത്തനപ്പുസ്തകവും പഴയനിയമത്തിലെ ഒട്ടുമിക്ക പുസ്തകങ്ങളും അദ്ദേഹം വിവർത്തനം ചെയ്തത് കൈയെഴുത്തുരൂപത്തിൽ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. 1816 ജൂലൈ 19 ന് കേണൽ മൺറോ വീണ്ടും എഴുതി:

"വിശുദ്ധ ഗ്രന്ഥത്തിന്റെ വിവർത്തനയത്നം ത്വരിതപ്പെടുത്തുവാൻ ബിഷപ്പിനെ ഞാൻ ആവർത്തിച്ച് പ്രേരിപ്പിക്കുന്നുണ്ട്."

മുൻ സൂചിപ്പിച്ചതിൻപ്രകാരം ചിതറിക്കിടക്കുന്ന സുറിയാനിഗ്രന്ഥങ്ങൾ സെമിനാരിയിൽ ശേഖരിച്ച് ഒരു ഗ്രന്ഥപ്പുരയും പുസ്തകസഞ്ചയത്തിന് ഒരു കാറ്റലോഗും തയാറാക്കി. ഭാവനാപൂർവം ശേഖരിക്കപ്പെട്ട അമൂല്യ ഗ്രന്ഥങ്ങൾ പലതും സ്ഥാപകന്റെ നിര്യാണാനന്തരം നഷ്ടപ്പെട്ടു. മൺറോ 1817 മാർച്ച് 13 ന് എഴുതുന്നു:

"…. നിങ്ങൾ അയച്ചുതന്ന പുസ്തകലിസ്റ്റിൽ പല സുറിയാനി പുസ്തകങ്ങളും കാണുന്നില്ല. പ്രത്യേകിച്ചു പഴയനിയമവേദപുസ്തകങ്ങൾ. നഷ്ടപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കുവാൻ മെത്രാച്ചന് (കിടങ്ങൻ മാർ പീലക്സിനോസ്) നിർദ്ദേശം നൽകണം. അന്തരിച്ച മെത്രാൻ (പുലിക്കോട്ടിൽ മെത്രാച്ചൻ) പുസ്തകങ്ങളുടെ ഒരു ലിസ്റ്റ് അയച്ചുതന്നിരുന്നു. നിങ്ങൾ ഇപ്പോൾ അയച്ചുതന്ന ലിസ്റ്റ് പരിശോധിച്ചതിൽ മുൻലിസ്റ്റിലെ പല പുസ്തകങ്ങളും കാണുന്നില്ല. …" പുലിക്കോട്ടിൽ മെത്രാച്ചൻ നിര്യാതനായി കിടങ്ങൻ മെത്രാച്ചൻ നിയമിക്കപ്പെട്ട് നാല് മാസത്തിനകം പല പുസ്തകങ്ങളും അപ്രത്യക്ഷമായി എന്ന മൺറോയുടെ പ്രസ്താവന പല അഭ്യൂഹങ്ങൾക്കും വഴിനൽകുന്നുണ്ട്.

### പിൻഗാമിയെ കണ്ടെത്തുന്നു

സെമിനാരിയിലെ തിരക്കുപിടിച്ച പ്രവർത്തനങ്ങളിൽ മുഴുകുമ്പോഴും അദ്ദേഹം ഒരു പിൻഗാമിയെ അന്വേഷിക്കുന്നുണ്ടായിരുന്നു. ആർത്താറ്റ് ഇടവകയിൽ അദ്ദേഹത്തിന്റെ സഹോദരപുത്രൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരും സഹോദരീപുത്രനായി ഒരു ചാക്കുണ്ണി (കോലാടി) കത്തനാരും അവിവാഹിതരായിട്ടുണ്ടായിരുന്നു. അവരിലൊരാളെ പിൻഗാമിയായി നിർദ്ദേശിക്കുവാൻ അദ്ദേഹത്തിന്റെമേൽ സമ്മർദ്ദങ്ങളും ഉണ്ടായിരുന്നു. ആർത്താറ്റ് ഇടവകയിൽ തന്നെ അദ്ദേഹത്തിന്റെ പ്രിയ ശിഷ്യൻ കൂത്തൂർ ഗീവറുഗീസ് മല്പാൻ സഹപ്രവർത്തകനും അവിവാഹിതനും ആയിരുന്നു. പാരമ്പര്യവാഴ്ചയ്ക്കും പ്രാദേശിക താല്പര്യങ്ങളും മെത്രാൻവാഴ്ചയെ മലിനമാക്കിയ മുൻ പ്രവണതകളെ ജീവിതകാലം മുഴുവൻ എതിർത്ത താൻ പുതിയ മാതൃകകൾ കാണിക്കണമെന്ന് തീർച്ചയാക്കി. ഈ ശ്രമത്തിലും അദ്ദേഹത്തിന്റെ വ്യക്തിത്വവും ആത്മാർത്ഥതയും സത്യസന്ധതയും സഭാദർശനവും ജ്വലിച്ചുനില്ക്കുന്നു.

കോട്ടയം ചെറിയപള്ളിയിൽ പുന്നത്ര ജോർജ്ജ് കത്തനാരെ അദ്ദേഹം പിൻഗാമി എന്ന നിലയിൽ സന്തത സഹചാരിയാക്കി. *പുന്നത്ര കുടുംബ ചരിത്രത്തിൽ* ഈ കാര്യം പരാമർശിച്ചിട്ടുള്ളത് ഇപ്രകാരമാണ്:

"….. ഈ കുര്യൻ (ജോർജ്) കത്തനാർ ഇടവകയ്ക്ക് തന്നെയല്ല സമുദായകാര്യങ്ങളിലും താല്പര്യമുള്ളവനാകയാൽ അക്കാലത്ത് ജീവിച്ചിരുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ തന്റെ ആലോചനക്കാരനായിട്ട് കൂടെ വച്ചു

കൊണ്ടിരുന്നു. അക്കാലത്ത് നമ്മുടെ മേലദ്ധ്യക്ഷനായി ഭവിച്ചിരുന്നത് പകലോമറ്റത്തുള്ള ഒടുവിലത്തെ ഒരു മെത്രാനായിരുന്നു. അക്കാലത്ത് മെത്രാന്റെ സ്ഥാനത്തെക്കുറിച്ച് ആക്ഷേപമുണ്ടായി. ഒരു ഭാഗക്കാർ ഇട്ടൂപ്പ് റമ്പാനെയും ഏതാനുംപേർ പകലോമറ്റം മെത്രാനെയും സ്വീകരിച്ചു. മെത്രാന്റെ നടപടി വളരെ മോശവും ഇട്ടൂപ്പ് റമ്പാന്റെ നടത്തത്തിൽ ജനങ്ങൾക്ക് താല്പര്യവും വർദ്ധിച്ച് വന്നു. .... ജനങ്ങളുടെ താല്പര്യം കൊണ്ട് വയോധികനായ ഇട്ടൂപ്പ് റമ്പാനെ ..... മെത്രാനായി നിയമിക്കുകയും പുന്നത്ര ജോർജ് കത്തനാരെ തന്റെ സഹായ വികാരിജനറാൾ ആയി നിയമിക്കുകയും ചെയ്തു" (പുരയ്ക്കൽ മാത്യു, *പുന്നത്ര കുടുംബ ചരിത്രം,* പു. 76, 1966). 1816 ഒക്ടോബറിൽ കരിങ്ങാച്ചിറ പള്ളിയിൽ ചേർന്ന വൈദിക കോൺഫറൻസിൽ തന്നെ പ്രതിനിധീകരിച്ച് ബിഷപ്പ് മിഡിൽട്ടനോട് സംസാരിക്കുവാൻ പുലിക്കോട്ടിൽ മെത്രാച്ചൻ പുന്നത്ര കത്തനാരെ നിയോഗിച്ചതായി പി. ചെറിയാൻ രേഖപ്പെടുത്തിയിട്ടുണ്ട് (പു. 102).

ഈദൃശങ്ങളായ മാതൃകാപരവും കളങ്കരഹിതവുമായ പ്രവർത്തനങ്ങൾ മൂലം "പുത്തൻകൂർ സമുദായത്തിൽ ഇതഃപര്യന്തമുണ്ടായിട്ടുള്ള മഹാന്മാരായ മേലദ്ധ്യക്ഷന്മാരിൽ പ്രഥമഗണനീയൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പ്രഥമൻ ആണെന്ന്" പി. ചെറിയാൻ നിസ്സംശയം രേഖപ്പെടുത്തി (*മലബാർ സിറിയൻസ് ആൻഡ് സി. എം. എസ്.,* 1935, പു. 102).

1816 നവംബർ 24 ന് സംഭവബഹുലമായ ആ ജീവിതത്തിന് അന്തിമ തിരശ്ശീല വീണു. 25 ന് അദ്ദേഹം പണി തുടങ്ങിയ സെമിനാരി ചാപ്പലിൽ ആ യുഗപുരുഷൻ കബറടക്കപ്പെട്ടു. സത്യവിശ്വാസത്തിന് വിപരീതമായ ഒരു ശബ്ദവും സെമിനാരിയിൽ പ്രവേശിച്ചു കൂടാ എന്ന് നിർബന്ധബുദ്ധി കാണിച്ച മെത്രാച്ചന്റെ സ്വപ്നങ്ങൾക്ക് പിന്നീട് സംഭവിച്ച പ്രഹരങ്ങൾ ആരെയാണ് വേദനിപ്പിക്കാത്തത്? വൈദികസെമിനാരി ഫാക്കൽട്ടി അംഗമായി രണ്ടു വ്യാഴവട്ടക്കാലത്തിലധികമായി സേവനം അനുഷ്ഠിച്ചുവരുന്ന ഒരു വൈദികൻ എഴുതുന്നു: "നമ്മുടെ സഭയുടെ പാരമ്പര്യങ്ങൾക്കും വിശ്വാസാചാരങ്ങൾക്കും താല്പര്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുസരിച്ച് സെമിനാരി പരിശീലനം രൂപപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യം ഇന്ന് സെമിനാരിയ്ക്ക് നഷ്ടമായിരിക്കുന്നു. പ്രോട്ടസ്റ്റന്റ് വീക്ഷണഗതി പുലർത്തുന്ന സെറാമ്പൂർ യൂണിവേഴ്സിറ്റിയോട് നമ്മുടെ സെമിനാരി 1965-ൽ അഫിലേയറ്റ് ചെയ്തത് ശുഭപ്രതീക്ഷകളോടെ ആയിരുന്നു. എന്നാൽ ഇന്ന് ഓർത്തഡോക്സ് വിശ്വാസത്തെ നിരാകരിക്കുക മാത്രമല്ല, പുച്ഛിക്കുക കൂടി ചെയ്യുന്ന സാഹചര്യം സെമിനാരി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നേരിടുന്നു. സെറാമ്പൂർബന്ധം തുടർന്നാൽ നമ്മുടെ സഭയിലെ വൈദികർ ഓർത്തഡോക്സ് വിശ്വാസത്തെയും രീതികളെയും അറിയാത്തവരും അവയെ നിരാകരിക്കുന്നവരും ആയിത്തീരും. ..." (ഫാ. സി.

സി. ചെറിയാൻ, 'സഭാജ്യോതിസ്' ജൂബിലി സ്മാരക സെമിനാർ പ്രബന്ധങ്ങൾ എന്ന ഗ്രന്ഥത്തിലെഴുതിയ ലേഖനത്തിൽ നിന്നും, 1991, പു. 41). സെമിനാരി സ്ഥാപകന്റെ സ്വപ്നങ്ങൾക്കു പകരം ആശങ്കകളെ സഫലമാക്കുവാനുള്ള നീക്കങ്ങളെ ചൊല്ലി സഭയ്ക്കാകമാനം ഉറക്കെ പ്രതികരിക്കുവാൻ സമയമായി. സഭാ ഭിന്നതയുടെ പശ്ചാത്തലത്തിൽ നമ്മുടെ പല വൈദികർക്കും പ്രോട്ടസ്റ്റന്റ് സെമിനാരികളെ ആശ്രയിക്കേണ്ടി വന്നിട്ടുണ്ട്. പ്രോട്ടസ്റ്റന്റ് സെമിനാരികളിൽ ഇന്ത്യയ്ക്കകത്തും പുറത്തും ഉപരിവിദ്യാഭ്യാസം നടത്തിയ പലരും മേലദ്ധ്യക്ഷസ്ഥാനത്ത് വിരാജിക്കുന്നുണ്ട്. സുറിയാനിസഭയുടെ ദൈവശാസ്ത്രവും അനുഷ്ഠാനങ്ങളും അർത്ഥമില്ലാത്ത വെറും ചടങ്ങുകളാണെന്ന് അവർ പലപ്പോഴും വിലയിരുത്തുന്നുണ്ട്. കപ്പലിനുള്ളിൽ പ്രവേശിച്ചിട്ടുള്ള ഈദൃശ മാരകരോഗങ്ങളെ ചികിത്സിക്കാൻ ശ്രമിക്കാതെ വെളിയിലുള്ള സുവിശേഷ പ്രവർത്തനങ്ങളെപ്പറ്റി മാത്രം കണ്ഠക്ഷോഭം നടത്തുന്ന അഭിനേതാക്കളെ അഭിനന്ദിക്കുന്നതെങ്ങനെ? ധ്വനിമധുരവും അവർണ്ണ്യവുമായ അനുഷ്ഠാന ചാരുതകളെപ്പറ്റി അന്ധഹസ്തിന്യായേന (കുരുടൻ ആനയെ കാണാൻ പോയതുപോലെ) അവർ പുറപ്പെടുവിക്കുന്ന മുറിവൈദ്യചികിത്സകൾ ആരെയാണ് വേദനിപ്പിക്കാതിരിക്കുക? നമ്മുടെ തോളിലിരുന്ന് ചെവി തിന്നുവാൻ ആരെയും നാം അനുവദിച്ചുകൂടാ. 'നമുക്ക് ഒരു സെമിനാരി ഉള്ളതുകൊണ്ട് മാത്രം നാം നമ്മുടെ തനിമ നഷ്ടപ്പെടുത്തുവാൻ നിർബദ്ധരാവുന്നു' എന്ന് മലങ്കരയുടെ പ്രവാചകൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന യൂഹാനോൻ മാർ സേവേറിയോസ് കാര്യങ്ങളെ നിരീക്ഷിച്ചത് സഭാനേതൃത്വത്തിന്റെ സത്വര പരിഗണനയ്ക്ക് വിഷയീഭവിക്കേണ്ടതല്ലേ?

സഭയുടെ മേൽവിലാസത്തിൽ തന്റെ കൈവശം വന്നുചേരുന്ന എല്ലാ വരുമാനങ്ങളും സഭയുടെ പൊതു ട്രസ്റ്റിലേക്കുള്ള സഭാംഗങ്ങളുടെ പങ്കാളിത്തത്തിന്റെ പ്രതീകമാണെന്നും അപ്രകാരം ലഭിക്കുന്ന വരവിനങ്ങൾക്ക് കൃത്യമായ കണക്ക് സൂക്ഷിക്കണമെന്നും അത് സ്വന്തക്കാർക്കോ സ്വന്തതാല്പര്യപ്രകാരമുള്ള ട്രസ്റ്റ് രൂപീകരണങ്ങൾക്കോ ആർഭാട പ്രകടനങ്ങൾക്കോ വിനിയോഗിക്കുവാനുള്ളതല്ല എന്നും സംശയാതീതമായ ബോദ്ധ്യം സെമിനാരി സ്ഥാപകനെ ആജീവനാന്തം ഭരിച്ചിരുന്നു. നിസ്വാർത്ഥവും പക്ഷപാതരഹിതവും അനുപമവും ആയ അദ്ദേഹത്തിന്റെ ട്രസ്റ്റ് വിനിയോഗശൈലിയെ ഉദാഹരിക്കുന്ന ഒരു സംഭവം ഉദ്ധരിക്കാനുണ്ട്:

"ഒരിക്കൽ സ്വന്തം കുടുംബത്തിൽ നിന്ന് വളരെ അടുത്ത ബന്ധമുള്ള ചില ബന്ധുക്കൾ സെമിനാരിയിൽ എത്തി. സാമ്പത്തികമായും മറ്റുമുള്ള അവരുടെ പ്രയാസങ്ങൾ അദ്ദേഹത്തെ അറിയിച്ചു. അവർക്ക് ഒരു നേരത്തെ ആഹാരം കൊടുത്തു. എത്രയുംവേഗം അവർ തിരിച്ചു പോകും എന്ന് പ്രതീക്ഷിച്ചു. എങ്കിലും പോകാഞ്ഞതിനാൽ വീണ്ടും ഞെരുങ്ങി ഒരു

നേരത്തെ ആഹാരം കൂടി കൊടുത്തു. പിന്നെയും താമസിക്കുന്നതു കണ്ട പ്പോൾ അത് അത്ര പന്തിയല്ലെന്ന് കണ്ട് അദ്ദേഹം നിസ്സങ്കോചം അവ രോട് പറഞ്ഞു: 'നിങ്ങൾ കുടുംബത്തേയ്ക്ക് പോകണം. ബുദ്ധിമുട്ടുകൾ മുകളിൽ നിന്ന് തീർക്കണം. ഈ സ്വത്ത് നിങ്ങൾക്കുള്ളതല്ല. തീയ്യാണിത്' എന്നു പറഞ്ഞ് യാത്രാച്ചെലവിന് നാലഞ്ച് ചക്രം കൊടുത്തുവിട്ടു" (പാറേട്ട്, വാല്യം 3, പു. 116).

കൈമുത്തായി തനിക്കു ലഭിക്കുന്ന വൻതുകകൾ സഭയുടെ കണക്കിൽ നിക്ഷേപിക്കാതെ വ്യക്തിഗതമായ സ്വകാര്യ അക്കൗണ്ടിൽ നിക്ഷേപിക്കുക യും അത് യഥേഷ്ടം കുടുംബക്കാർക്കും മറ്റും വാരിക്കോരി കൊടുക്കുക യും ചെയ്യുന്ന കീഴ്നടപ്പില്ലാത്ത നടപടി ഒരു മലങ്കര മെത്രാപ്പോലീത്താ യിൽ കണ്ട് പകച്ചുപോയ അവിവാഹിത വൈദികട്രസ്റ്റി തൽസ്ഥാനം രാജി വക്കാനിടയായ സാഹചര്യം ആരെയാണ് വേദനാപൂർവം ചിന്തിപ്പിക്കാ ത്തത്. പല മേല്പട്ടക്കാരും ചില വൈദികരും ഉള്ളതും ഇല്ലാത്തതുമായ പ്രോജക്ടുകൾ തയാറാക്കി ഭൂഖണ്ഡങ്ങളിൽ പറന്ന് നടന്ന് പണപ്പിരിവു കൾ നടത്തുകയും അപ്രകാരം ലഭിക്കുന്ന ലക്ഷങ്ങളും കോടികളും സഭയു ടെ യാതൊരു കണക്കിലും ഉൾപ്പെടാതെ സ്വകാര്യ അക്കൗണ്ടുകളിൽ നിക്ഷേപിക്കപ്പെടുകയും അവ സഭേതര ട്രസ്റ്റുകൾക്കും കുടുംബനിധികൾ ക്കും മൂലധനമാകുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്ന ഇക്കാലത്ത് സെമിനാരി സ്ഥാപകന്റെ ധനവിനിയോഗ ശൈലിയിലെ സൂക്ഷ്മതയും നിസ്വാർത്ഥതയും കാര്യവിചാരകത്വബോധവും നമ്മെ അത്ഭുതപ്പെടു ത്തുന്നു. കുടുംബക്കാർക്ക് കൊടുക്കുവാൻ സ്വന്തം മരണപത്രത്തിൽ അദ്ദേഹം നിർദ്ദേശിച്ചത് കാണുക: "..... കുടുംബത്തുനിന്നും കൊണ്ടുവന്ന മുരിക്കുകൊണ്ടുള്ള കാപ്പപ്പെട്ടി, ഒരു ചെറിയ (തുപ്പൽ) കോളാമ്പി, ഒരു പിച്ചാത്തി, നാരായം. ഇത്ര മാത്രം" (*സെമിനാരി 175-ാം വാർഷിക സുവ നീർ*, പു. 23).

ജന്മദേശമായ പാലൂർ - ചാട്ടുകുളങ്ങര ഇടവകയിൽ അദ്ദേഹത്തെ 'കാലം ചെയ്ത അച്ചൻ' എന്നാണ് ജനം വിളിച്ചുപോരുന്നത്. അക്കാല ങ്ങളിൽ വൈദികരെ കത്തനാർ എന്നും മെത്രാന്മാരെ അച്ചൻ (അർത്ഥം = യജമാനൻ) എന്നും ഉപയോഗിക്കുക പതിവായിരുന്നു എന്ന് *നിരണം ഗ്രന്ഥവരി* സാക്ഷിക്കുന്നുണ്ട്. കാലം ചെയ്ത അച്ചന് അവർ കുന്നംകുളം പഴയപള്ളിയിൽ ഒരു സ്മാരക കബറിടമുണ്ടാക്കി. ക്രമേണ അതൊരു തീർത്ഥാടന കേന്ദ്രമായി. പില്ക്കാലത്തു ഒരു ശീമ ബാവാ കബർ പൊളി ച്ചപ്പോൾ കബറിടത്തിലെ കുരിശു സ്ഥാപിക്കുവാൻ അവർ ഒരു പള്ളി പണിതു: കുന്നംകുളം കിഴക്കേ പുത്തൻപള്ളി. കാലം ചെയ്ത അച്ചന്റെ ഓർമ്മ (വൃശ്ചികം 12) ആ പള്ളിയിലെ പ്രധാന പെരുനാൾ ആയും കുന്നം കുളത്തിന്റെ ദേശീയോത്സവമായും ആഘോഷിക്കപ്പെടുന്നു. അദ്ദേഹ

ത്തിന്റെ സ്മാരകമാണ് കോട്ടയം എം. ഡി. സെമിനാരിയും, കുന്നംകുളം എം. ജെ. ഡി. ഹൈസ്കൂളും പഴഞ്ഞിയിലെ എം. ഡി. കോളജും.

കോട്ടയം പഴയസെമിനാരിയുടെ ചാപ്പലിന്റെ അകത്ത് തെക്കുപടിഞ്ഞാറായി പലവട്ടം പുതുക്കിപ്പണിത അദ്ദേഹത്തിന്റെ കബറിടം സ്ഥിതിചെയ്യുന്നു. അദ്ദേഹത്തെപ്പറ്റി പില്ക്കാലത്ത് നടന്ന ചില നിരീക്ഷണങ്ങൾ രേഖപ്പെടുത്തി ഈ പ്രകരണം അവസാനിപ്പിക്കാം.

പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ: "മലങ്കരസഭയുടെ വളർച്ചയ്ക്ക് ആരംഭം കുറിച്ച രണ്ട് മലങ്കര മെത്രാപ്പോലീത്തന്മാരെ പ്രസവിച്ച മാതാവാണ് കുന്നംകുളം പട്ടണം. പഴയസെമിനാരിയും പതിനാറ് ഏക്കർ സ്ഥലവും ഒന്നാമത്തെ തിരുമേനിയുടെ പരിശ്രമം കൊണ്ടായിരുന്നുവെങ്കിൽ എം. ഡി. സെമിനാരിയും (കോട്ടയം) അതിന്റെ സ്ഥലങ്ങളും പരുമല സെമിനാരിയും രണ്ടാമത്തെ തിരുമേനി സഭയ്ക്ക് നേടിത്തന്നിട്ടുള്ളവയാകുന്നു. ആദ്യത്തെ മെത്രാപ്പോലീത്താ കത്തോലിക്കാ സഭയുടെ ഭീഷണിയേയും രണ്ടാമത്തെ മെത്രാപ്പോലീത്താ നവീകരണക്കാരുടെ ഭീഷണിയേയും തടഞ്ഞുനിർത്തി വിജയം കണ്ടവരായിരുന്നു. ദേവലോകം അരമന ഉണ്ടാകുന്നതിന് മുമ്പ് ദീർഘകാലം നാം പഴയസെമിനാരിയിൽ താമസിച്ചിട്ടുണ്ട്. അപ്പോഴെല്ലാം 'കാലം ചെയ്ത അച്ചൻ' എന്ന് നിങ്ങൾ പറയുന്ന മെത്രാച്ചന്റെ പരിശുദ്ധി സെമിനാരിയിലും സെമിനാരി ചാപ്പലിലും ഓളംവെട്ടുന്നതായ പല സംഭവങ്ങളും നമുക്ക് അനുഭവപ്പെട്ടിട്ടുണ്ട്. പരിശുദ്ധനായ ആ തിരുമേനിയുടെ പ്രാർത്ഥന ഇന്നും നമുക്കൊരു കോട്ടയാണെന്ന് നാം വിശ്വസിക്കുന്നു" (കുന്നംകുളം പ്രസംഗത്തിൽ നിന്ന്).

മലങ്കരസഭയിലെ പണ്ഡിതനായ എഴുത്തുകാരനും മലങ്കരസഭാ മാസികയുടെ പത്രാധിപരുമായിരുന്ന എം. സി. കുറിയാക്കോസ് റമ്പാച്ചൻ എഴുതുന്നു: ".... മലങ്കരസഭയിൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനം കോട്ടയം പഴയസെമിനാരി ആണെങ്കിൽ മലങ്കരസഭയിൽ എഴുന്നേറ്റിട്ടുള്ള ഏറ്റവും വലിയ മഹാൻ അതിന്റെ സ്ഥാപകനായ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ ആകുന്നു. രാജ്യത്തിന്റെ പുരോഗമനത്തിന് ഇംഗ്ലീഷ് വിദ്യാഭ്യാസവും സഭയുടെ പുരോഗമനത്തിന് ശെമ്മാശന്മാരുടെ വൈദികപഠനവും ആവശ്യമാണെന്ന് ഒരു ദർശനം അദ്ദേഹം കണ്ടു. ഒരു താപസശ്രേഷ്ഠനായിരുന്നു അദ്ദേഹം. മെത്രാപ്പോലീത്തായുടെ ശക്തമായ ഉപവാസവും നിരന്തരമായ പ്രാർത്ഥനകളും സഭാന്തരീക്ഷത്തിൽ പുതിയൊരു ആത്മീയ ഉണർവ് ഉണ്ടാക്കി. റസിഡണ്ടും ദിവാനുമായിരുന്ന കേണൽ മൺറോ സായിപ്പിന്റെ പിന്തുണ, മഹാറാണിയുടെ സഹായം, ജനത്തിന്റെ സഹകരണം, തിരുമേനിയുടെ കാര്യപ്രാപ്തി ഇവയൊക്കെയും ഒത്തിണങ്ങിയ സമാധാനപരമായ ഒരു സുവർണ്ണകാലം അതിന് മുമ്പോ പിമ്പോ മലങ്കരസഭയ്ക്ക് ഉണ്ടായിട്ടില്ല" (ഫാ. പി. എം. ജോസ്, പു. 40-44).

യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ: "ആർത്താറ്റ് കുന്നംകുളം പള്ളിയുടെ ഉദ്ധാരകനെന്നും കോട്ടയം പഴയസെമിനാരി സ്ഥാപകനെന്നും ആണ് അദ്ദേഹത്തെക്കുറിച്ച് സങ്കല്പിക്കാറുള്ളത്. എന്നാൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി തെക്കെന്നോ വടക്കെന്നോ ഭേദമില്ലാതെ ഒരു പൊതുവീക്ഷണത്തോടെ രാപകൽ അത്യദ്ധ്വാനം ചെയ്ത് ക്ലേശിച്ച ഒരു നേതാവ് എന്നുള്ള നിലയിൽ ഇന്നുള്ള അനേകർ അദ്ദേഹത്തെ മനസ്സിലാക്കിയിട്ടില്ല. മാത്രമല്ല, പ്രാർത്ഥനയിലും തീവ്രമായ ഉപവാസത്തിലും രാപകൽ സുധീരം പോരാട്ടം നടത്തിയ അതികായകനായിട്ടും അദ്ദേഹത്തെ മനസ്സിലാക്കിയിട്ടില്ല. സേവനനിരതരായ വൈദികരുടെ ഒരു വൃന്ദം സഭയ്ക്കുവേണ്ടി ഉണ്ടാകണമെന്നുള്ള അദ്ദേഹത്തിന്റെ ചിരകാലാഭിലാഷം ഇന്നും വേണ്ടത്ര നിറവേറിയിട്ടില്ല എന്നത് ഒരു ചോദ്യചിഹ്നമായി നമ്മുടെ മുമ്പിൽ ഉയർന്ന് നില്ക്കുന്നു" (മേൽ പുസ്തകത്തിന്റെ അവതാരിക).

നാശോന്മുഖമായി ജീർണ്ണിച്ചിരുന്ന ഒരു സമൂഹത്തിന് അഗ്നിശലാകയുടെ ചൂടും വെളിച്ചവും ആത്മവിശ്വാസവും നൽകി ഏത് പരീക്ഷണഘട്ടങ്ങളെയും അതിജീവിക്കുവാൻ അവരെ പ്രാപ്തരാക്കിത്തീർത്ത ഗ്രീക്ക് ഇതിഹാസവീരനായ പ്രൊമിത്യൂസിനെയാണ് അദ്ദേഹം ഓർമ്മിപ്പിക്കുന്നത്. അതെ, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്താ 'ആധുനിക മലങ്കരസഭയുടെ പ്രൊമിത്യൂസ്' തന്നെ. അദ്ദേഹത്തിന്റെ നിസ്വാർത്ഥ നേതൃത്വത്തിൽ മലങ്കരസഭ പില്ക്കാല നൂറ്റാണ്ടുകളിലേക്ക് നടത്തിയ ആവേശോജ്ജ്വലമായ കുതിപ്പിനെ തിരിച്ചറിയാൻ തുടങ്ങിയതിന്റെ ഭാഗമായിട്ടാണ് അദ്ദേഹത്തിന്റെ 175-ാം വാർഷിക ജൂബിലിയുടെ സമാപനം കുന്നംകുളത്തു വച്ച് നടത്തിയതിന്റെ ഭാഗമായി 1991 ഡിസംബർ 1-ാം തീയതി ഞായറാഴ്ച അദ്ദേഹത്തിന് സഭ ആദരപൂർവം നൽകിയ 'സഭാജ്യോതിസ്' എന്ന ബഹുമതി അദ്ദേഹം പുനർ നിർമ്മാണം ചെയ്തതും മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ചതുമായ പാലൂർ - ചാട്ടുകുളങ്ങര ദൈവമാതാവിന്റെ പള്ളിയിൽ വച്ച് പൗരസ്ത്യ കാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായുമായ പ. മാത്യൂസ് ദ്വിതീയൻ ബാവാ വി. കുർബാന മദ്ധ്യേ മൂന്ന് തവണ പ്രഖ്യാപിച്ച് ചരിത്രം സൃഷ്ടിച്ചത്.

## D. തൊഴിയൂരിലെ പിൻഗാമികൾ

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമനെ മെത്രാനായി അഭിഷേചിച്ച കിടങ്ങൻ മെത്രാച്ചനെപ്പറ്റി പ്രസ്താവിച്ചുവല്ലോ. കാട്ടുമങ്ങാട്ട് കൂറിലോസും സഹോദരൻ ഗീവറുഗീസ് കത്തനാരും മറ്റും നാടുകടത്തപ്പെടുകയും ആദ്യം കുന്നംകുളത്തും പിന്നീട് തൊഴിയൂരിലും പാർക്കുകയും 1774-ൽ ഒരു പള്ളി സ്ഥാപിക്കുകയും ചെയ്ത വിവരം പ്രസ്താവിച്ചുവല്ലോ. ഇവർ 1751-ൽ വന്ന ശക്രള്ളാ ബാവായിൽ നിന്ന് കശ്ശീശാ

പട്ടവും വി. ഗീവറുഗീസ് സഹദായുടെ തിരുശേഷിപ്പുകളും സ്വീകരിച്ച വിവരം തൊഴിയൂർ രേഖകളിൽ പ്രതിപാദിച്ചിട്ടുണ്ട്. 1794-ൽ സ്വസഹോദരനെ കൂറിലോസ് രണ്ടാമൻ എന്ന പേരിൽ കാട്ടുമങ്ങാട്ട് കൂറിലോസ് വാഴിച്ചു. വീണ്ടുമൊരു കുടുംബവാഴ്ച തന്റെ സംരക്ഷണയിൽ അഭയംതേടിയ തൊഴിയൂരിൽ അരങ്ങേറുന്നത് പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരെ ദുഃഖിപ്പിക്കുക തന്നെ ചെയ്തു. കൂറിലോസ് രണ്ടാമൻ ഭക്തനും പണ്ഡിതനുമായി അക്കാലത്ത് എല്ലാവരാലും ആദരിക്കപ്പെട്ടിരുന്നു. അദ്ദേഹം മാറാനായ സുറിയാനിയിൽ എഴുതിയ പുതിയനിയമ വേദപുസ്തകത്തിലെ വടിവൊത്ത കൈയക്ഷരം പരിപാകതയുള്ള ഒരു ദയറാക്കാരന്റെ ചിത്രം നമുക്ക് സമ്മാനിക്കുന്നു. 1802 ജൂലായ് 10-ന് കാട്ടുമങ്ങാട്ട് കൂറിലോസ് നിര്യാതനായി. തൊഴിയൂരിൽ മദ്ബഹായുടെ വടക്കുഭാഗത്ത് കബറടങ്ങി. ഒരു മെത്രാൻ ശൃംഖലയിൽ പങ്കാളിയാവാൻ താല്പര്യമില്ലാതെ ജ്യേഷ്ഠന്റെ ഹിതത്തിന് വിധേയപ്പെട്ട് കഴിഞ്ഞിരുന്ന കൂറിലോസ് രണ്ടാമൻ ഒന്നാം കൂറിലോസിന്റെ സഹചാരിയും പകലോമറ്റം മെത്രാന്മാരാൽ ബഹിഷ്കൃതനുമായ പനവേലിൽ (കണിയവെള്ളിക്കാരൻ എന്ന് *നിരണം ഗ്രന്ഥവരി*) കോട്ടയത്ത് ജോസഫ് റമ്പാനെ ഈവാനിയോസ് എന്ന പേരിൽ വാഴിച്ച് തൊഴിയൂരിന്റെ ചുമതലയേല്പിച്ചു. കൂറിലോസ് രണ്ടാമൻ വാഴിച്ച ഈ മെത്രാൻ 1802-ൽ തന്നെ നിര്യാതനായി. പള്ളിയിൽ സ്ത്രീകൾ നില്ക്കുന്ന ഭാഗത്ത് ഇദ്ദേഹത്തെ കബറടക്കിയതായാണ് ഐതിഹ്യം. പിന്നീട് പഴഞ്ഞി ഇടവകയിൽ ചീരൻ സ്കറിയാ കത്തനാരെ മാർ പീലക്സീനോസ് എന്ന പേരിൽ കൂറിലോസ് രണ്ടാമൻ മെത്രാനായി വാഴിച്ചു. പിന്നീട് കൂറിലോസ് രണ്ടാമനും സഹോദരപുത്രനും ശിഷ്യനുമായ അബ്രഹാം റമ്പാനും തൊഴിയൂരിൽ നിന്ന് ജന്മദേശത്ത് തിരിച്ചെത്തി. കരിങ്ങാച്ചിറ, മുളന്തുരുത്തി, തൃപ്പൂണിത്തുറ, വെട്ടിക്കൽ എന്നീ സ്ഥലങ്ങളിൽ അവർ വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിച്ചിരുന്നതായി രേഖയുണ്ട്. 1809 മേയ് 29 ന് ഈ രണ്ടാം കൂറിലോസ് അന്തരിച്ചു. മുളന്തുരുത്തിയിൽ കബറടക്കുന്നതിനെ ചൊല്ലി അഭിപ്രായവ്യത്യാസം ഉണ്ടായതിനാൽ വെട്ടിക്കൽ കുരിശുപള്ളിയിൽ കബറടക്കി. അക്കാലങ്ങളിൽ വെട്ടിക്കലിൽ ദയറാ സ്ഥാപിതമായിരുന്നില്ല. *നിരണം ഗ്രന്ഥവരി* എഴുതുന്നു: '889-ാമാണ്ട് ചീരൻ മാർ പീലക്സീനോസിന് ദീനമായപ്പോൾ കിടങ്ങൻ കത്തനാരെ പീലക്സീനോസ് മെത്രാപ്പോലീത്താ ആയി വാഴിച്ചിട്ട് ചീരൻ മെത്രാപ്പോലീത്താ കാലം ചെയ്തു' (പു. 166). ആർത്താറ്റ് പള്ളി വികാരിമാരിലൊരാളായിരുന്ന ഈ ഗീവറുഗീസ് മാർ പീലക്സീനോസ് ആണ് തുടർച്ചയായി മൂന്ന് മലങ്കര മെത്രാന്മാരെ മലങ്കരസഭയിൽ വാഴിച്ചത്. ആധുനിക പരിതഃസ്ഥിതിയിൽ മെത്രാൻസ്ഥാനം ഏല്ക്കാതിരുന്ന കാട്ടുമങ്ങാട്ടു കൂറിലോസിന്റെ പട്ടംകൊടകൾ വ്യർത്ഥമെന്ന് ഉപരിപ്ലവമായി ചിന്തിക്കുന്നവർക്ക് പറയാമെങ്കിലും നിഖ്യാ സുന്നഹദോസിന് മുമ്പ് സാർവത്രിക സഭ

യിൽ പൊതുവെയും അലക്സാന്ത്രിയാ - ഇന്ത്യൻ സഭകളിൽ സവിശേഷമായും നടന്നിരുന്ന പട്ടംകൊടകളുടെ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ അതിന് ന്യൂനതയൊന്നും പറയാനാവില്ല. കശ്ശീശായുടെ കഹനൂസായ്ക്കു പൂർണ്ണതയുണ്ട്. കാട്ടുമങ്ങാട്ട് കൂറിലോസിന്റെ കശ്ശീശാസ്ഥാനം സാധുവായിരുന്നതിനാൽ ആദ്യകാല പൗരോഹിത്യ സമ്പ്രദായത്തിന്റെ മുറയനുസരിച്ച് അദ്ദേഹം നൽകിയ കശ്ശീശാ - മെത്രാൻ സ്ഥാനങ്ങളിലെ കൈവെപ്പിനെ വിലയുള്ളതായിത്തന്നെ കരുതണം. മെത്രാനായി എന്ന അദ്ദേഹത്തിന്റെ അവകാശവാദത്തെ നിരാകരിക്കുമ്പോൾ തന്നെ അദ്ദേഹത്തിന്റെ പട്ടംകൊടകളെ സാധുവായി ഗണിക്കുന്നത് ഈ അടിസ്ഥാനത്തിലാണ്. ഈ അടിസ്ഥാനം സ്വീകരിക്കുന്നപക്ഷം തൊഴിയൂർ - മാർത്തോമ്മാ സഭയുടെ പൗരോഹിത്യ സാധുത്വത്തെ ചൊല്ലിയുള്ള വിവാദങ്ങൾ അവസാനിപ്പിക്കുവാൻ കഴിയും.

പുലിക്കോട്ടിൽ മെത്രാപ്പോലീത്താ കാലം ചെയ്തതിനെ തുടർന്ന് കിടങ്ങൻ മാർ പീലക്സീനോസ് കോട്ടയം സെമിനാരിയിൽ താമസമാക്കി. 1817-ൽ തോമസ് നോർട്ടൻ എഴുതിയ കത്തിൽ ഇപ്രകാരം കാണുന്നു: "…. മെത്രാനെ കണ്ട് അഭിപ്രായം ആരാഞ്ഞ കത്തനാർമാർക്ക് പൊതുവെ അനുകൂല അഭിപ്രായമെങ്കിൽ പീലക്സീനോസിനെ (മലങ്കര) മെത്രാനായി നിയമിക്കുന്നതിന് അവരോട് അഭിപ്രായപ്പെടാൻ റസിഡന്റ് ആവശ്യപ്പെട്ടു. പ്രാർത്ഥനാ മനുഷ്യൻ ആയ പീലക്സീനോസിനെ മെത്രാനായി കിട്ടണമെന്നായിരുന്നു കത്തനാർമാരുടെ ആഗ്രഹം. സഭയുടെ യഥാർത്ഥ നന്മയ്ക്ക് പീലക്സീനോസ് പറ്റിയ ആളാണെന്ന് എനിക്കും ബോദ്ധ്യമായി. റസിഡണ്ടിന്റെ നിർദ്ദേശം അനുസരിച്ച് ആലപ്പുഴ വരണമെന്ന് ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിച്ചു. റസിഡണ്ടും ഞങ്ങളും എല്ലാവിധത്തിലും സഹകരിക്കുമെങ്കിൽ മലങ്കര മെത്രാൻ പട്ടം സ്വീകരിക്കാമെന്നും ഞങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കലവറ കൂടാതെ സ്വീകരിക്കുന്നത് തന്റെ ധർമ്മമായി ഗണിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു" (മിഷണറി രജിസ്റ്റർ 1818, പു. 104, പി. ചെറിയാൻ പു. 106, 107).

1818 ധനു 26 ന് കിടങ്ങൻ മെത്രാച്ചന് അനുകൂലമായി രാജകീയ വിളംബരം പുറപ്പെട്ടു. വൃദ്ധനായ മാർ പീലക്സീനോസ് മലങ്കര മെത്രാനായി രംഗത്തുവന്നതിന്റെ പിന്നിൽ മിഷണറി താല്പര്യം പ്രകടമായിരുന്നു. സെമിനാരി തങ്ങളുടേതെന്ന മട്ടിലുള്ള മിഷണറിമാരുടെ നടപടികൾ പുലിക്കോട്ടിൽ മെത്രാച്ചൻ ചെറുത്ത് തോല്പിച്ചിരുന്നു. ദിവംഗതനാകുന്നതിന് ആറു മാസം മുമ്പ് നടത്തിയ പ്രസ്താവനയിൽ അതിന്റെ അന്തഃസംഘർഷങ്ങൾ കാണുന്നുണ്ട്: "സെമിനാരി സ്ഥാപനത്തിന് സായിപ്പിന്റെ സഹായം അഭ്യർത്ഥിച്ചതിനെപ്പറ്റി ഞാൻ പശ്ചാത്തപിക്കുന്നു. ബുക്കാനന്റെ കാലം മുതൽ ഒരു പരുന്ത് കോഴിക്കുഞ്ഞുങ്ങളുടെമേൽ ദൃഷ്ടി പതിപ്പിക്കുന്നതു

പോലെ യൂറോപ്യന്മാർ പാവപ്പെട്ട നമ്മുടെ സഭയിന്മേൽ കണ്ണെറിഞ്ഞു കൊണ്ടാണിരിക്കുന്നത്. ഇതെല്ലാം എങ്ങനെ അവസാനിക്കുമെന്ന് സർവ്വ ശക്തനായ ദൈവം മാത്രം അറിയുന്നു. ദൈവകൃപയാൽ ഞാൻ ജീവിച്ചി രിക്കുന്നിടത്തോളം കാലം ഈ പാവപ്പെട്ട സഭയെ ഞാൻ സംരക്ഷിക്കും. സർവശക്തനായ ദൈവം അതിനെ എന്നേക്കും നിലനിർത്തട്ടെ." തദവസ രത്തിൽ ആ മഹാപുരോഹിതന്റെ വൃദ്ധനയനങ്ങളിൽ നിന്ന് ചുടുചുടെ ബാഷ്പകണങ്ങൾ പൊഴിയുന്നുണ്ടായിരുന്നു എന്ന് ഈ സംഭവത്തിന് ദൃക്സാക്ഷിയായ ഒരു വ്യക്തി തന്റെ ഡയറിയിൽ പ്രത്യേകം എടുത്തെ ഴുതിയിട്ടുണ്ട് (ഇ. എം. ഫിലിപ്പ്, പു. 200). പുലിക്കോട്ടിൽ മെത്രാച്ചൻ ദിവംഗതനായതോടെ മാസങ്ങളോളമായി മനസ്സിൽ താലോലിച്ചിരുന്ന സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ സമയമായി എന്ന് കേണൽ മൺറോ യ്ക്ക് തോന്നി. വിധേയത്വമുള്ള കിടങ്ങൻ മെത്രാച്ചൻ തങ്ങളുടെ ഇംഗിത ത്തിന് വഴങ്ങുമെന്നതിനാൽ അദ്ദേഹത്തെ മലങ്കര മെത്രാനായി നിയമിക്കു കയായിരുന്നു. തന്റെ പൂർവ്വികൻ കാട്ടുമങ്ങാട്ട് കൂറിലോസിന് നിഷേധിക്ക പ്പെട്ട സ്ഥാനം ലഭിച്ചു എന്ന നിർവൃതിയിൽ അദ്ദേഹം ആഹ്ലാദിക്കുന്നതി നിടയിൽ സെമിനാരി മിഷണറിമാരുടെ താവളമായി മാറി. '..... ഒരു യൂറോ പ്യൻ മിഷണറി കോട്ടയം കേന്ദ്രമാക്കി താമസിക്കുകയും സുറിയാനിക്കാ രുടെയും സെമിനാരിയുടെയും മേൽ കാര്യക്ഷമമായ മേൽനോട്ടം വഹി ക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്' (പി. ചെറിയാൻ, പു. 342). ഒരു ഇംഗ്ലീഷ് വൈദികനെ കോട്ടയത്ത് താമസിപ്പിച്ച് പൊതുവെ സുറിയാനി സഭയെയും പ്രത്യേകിച്ച് കോളജ് (സെമിനാരി) കാര്യങ്ങളെയും നേരിട്ട് കാര്യക്ഷമമായ മേൽനോട്ടത്തിൽ ആക്കുന്നില്ലെങ്കിൽ സെമിനാരിയുടെ കാര്യത്തിലും ബൈബിൾ വിവർത്തനത്തിന്റെ കാര്യത്തിലും കാര്യക്ഷമ മായ കണക്കുകൂട്ടലുകളും നടത്തിപ്പുകളും അസാദ്ധ്യമായി തീർന്നേക്കും' (1817 ജനുവരി 16-ലെ കത്ത്. പി. ചെറിയാൻ, പു. 348). സഭയിലും സെമി നാരിയിലും മിഷണറിമാർ പിടിമുറുക്കുന്ന ചിത്രം ഇവിടെ കാണാം. 1817 മാർച്ച് 13 ന് മൺറോ എഴുതുന്നു: 'കാലം ചെയ്ത ബിഷപ്പിന്റെ ഏത് രൂപത്തിലും വിധത്തിലും ഉള്ള സ്വത്തുക്കൾ പിൻഗാമിക്ക് കൈമാറണം. പുസ്തകങ്ങൾ, അംശവടി തുടങ്ങിയ എല്ലാ ഔദ്യോഗിക ചിഹ്നങ്ങളും പുതിയ മെത്രാന് കൈമാറണം' (പു. 356). 1817 ആഗസ്റ്റ് 6 ലെ കത്ത് കാണുക: "സഭയുടെ അച്ചടക്കത്തിന്റെ സമഗ്ര വിഷയങ്ങളിന്മേലും നിയ ന്ത്രണം ഏറ്റെടുത്ത് മാർഗ്ഗനിർദ്ദേശങ്ങൾ നൽകണം. നിശ്ചയമായും മെത്രാ നെ സഹപ്രവർത്തകനാക്കി ഭരണകാര്യങ്ങളിൽ ജാഗ്രത പാലിക്കണം. അങ്ങയുടെ ഉത്തരവുകളോട് അനുസരണശീലം ജനിപ്പിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. മെത്രാപ്പോലീത്തായുമായി ചേർന്ന് എല്ലാ പള്ളിക ളിലേക്കും ഒരു സർക്കുലർ അയക്കണം. സഭയിൽ ഒരുപോലെ അച്ചട ക്കവും ലംഘനത്തിന് ഉചിതമെന്ന് അങ്ങേയ്ക്ക് തോന്നുന്ന ശിക്ഷാക്രമ

ങ്ങളും അതിലൂടെ എല്ലാവരെയും അറിയിക്കണം. ഏതെങ്കിലും കത്തനാരന്മാരുടെ ഭാഗത്തുനിന്ന് ഉദാസീനതയോ അവഗണനയോ ഉണ്ടായാൽ അവരെ സസ്പെൻഡ് ചെയ്തേക്കണം. വിവരം റസിഡണ്ടിനെ അറിയിക്കുകയും വേണം. അദ്ദേഹം ആവശ്യമായ വിചാരം നടത്തി ശിക്ഷാനടപടികൾ സ്വീകരിച്ചുകൊള്ളും. വൈദികരാവാനുള്ള വിദ്യാർത്ഥികളെ, മെത്രാപ്പോലീത്താ പട്ടം കൊടുക്കുന്നതിനു മുമ്പായി വിശദമായി താങ്കൾ പരിശോധിക്കണം. അയോഗ്യരെന്ന് കണ്ടാൽ അവരെ ഒഴിവാക്കണം. കുറ്റകൃത്യങ്ങൾക്കുള്ള പിഴ തുടങ്ങി സഭയുടെ ആഭ്യന്തര ഭരണം സംബന്ധിച്ച് എല്ലാ കാര്യങ്ങളുടെയും റിപ്പോർട്ട് താങ്കൾക്ക് ലഭിച്ചിരിക്കണം. അവ താങ്കളുടെ പരിഗണനയിൽ വരികയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും വേണം" (മിഷണറി ബെഞ്ചമിൻ ബയിലിക്ക് മൺറോ അയച്ച കത്ത്. പി. ചെറിയാൻ, പു. 363).

## E. പുന്നത്ര മാർ ദീവന്നാസ്യോസ്

മിഷണറിമാർ സെമിനാരിയിൽ താമസം ഉറപ്പിക്കുകയും തങ്ങൾ ആഗ്രഹിച്ച ദിശയിൽ സെമിനാരിയുടെ ഭരണം ഉറപ്പുവരുത്തുകയും ചെയ്തതിന്റെ ശേഷം 1817 ഒക്ടോബർ 19 ന് വികാരി ജനറലിനെ പുന്നത്ര മാർ ദീവന്നാസ്യോസ് എന്ന പേരിൽ കോട്ടയം ചെറിയപള്ളിയിൽ വച്ച് മാർ പീലക്സീനോസ് മെത്രാനായി വാഴിച്ചു. കിടങ്ങൻ മെത്രാച്ചൻ തൊഴിയൂരിലേക്ക് മാറുന്നതിനു മുമ്പായി ഗ്രന്ഥപ്പുരയിലെ പുസ്തകങ്ങളുടെ ലിസ്റ്റ് അദ്ദേഹത്തിൽ നിന്ന് മിഷണറിമാർ വാങ്ങി. പുലിക്കോട്ടിൽ മെത്രാച്ചൻ നേരത്തെ നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന പല സുറിയാനി കൈയെഴുത്തുഗ്രന്ഥങ്ങളും രേഖകളും പുതിയ ലിസ്റ്റിൽ ഉണ്ടായിരുന്നില്ല (1817 മാർച്ച് 16-ലെ മൺറോയുടെ കത്ത് പരിശോധിക്കുക). മിഷണറിമാർ സകുടുംബം സെമിനാരിയിൽ താമസമാക്കിയിരുന്നതിനാൽ പുതിയ മലങ്കര മെത്രാൻ തന്റെ ആസ്ഥാനത്ത് താമസിക്കുവാൻ ആവാത്ത അവസ്ഥയിലായി. സായിപ്പന്മാർക്കും മെത്രാപ്പോലീത്തായ്ക്കും ഒന്നിച്ച് സെമിനാരിയിൽ താമസിക്കുന്നതിന് സ്ഥലം പോരായ്കയാൽ ചെറിയപള്ളിയുടെ കിഴക്കേവശത്ത് മെത്രാപ്പോലീത്തായുടെ താമസത്തിനായിട്ട് ഒരു മുറി പണിയിക്കണമെന്ന് നിശ്ചയിച്ചു. അന്നുമുതൽ പള്ളിമുറിയിൽ താമസമാക്കുകയും പകൽ സെമിനാരിയിൽ പോയി സായിപ്പന്മാരുമായി ആലോചിച്ച് പല കാര്യങ്ങളും അന്വേഷിക്കുകയും ചെയ്തുവന്നു" (*പുന്നത്ര കുടുംബചരിത്രം*, പു. 78-79).

സ്വന്തം ആസ്ഥാനത്തു നിന്ന് മലങ്കര മെത്രാപ്പോലീത്തായ്ക്ക് പുറത്തുപോകേണ്ടി വന്ന ഇക്കാലത്ത് മൺറോ തുരുത്ത്, മങ്കോട്ട മുതലായ സമ്പാദ്യങ്ങൾ ഉണ്ടായി. മെത്രാച്ചന്റെയും സായിപ്പന്മാരുടെയും പേരിലാണ് അവ റജിസ്റ്റർ ചെയ്തത്. ജോസഫ് ഫെൻ സെമിനാരി വിദ്യാഭ്യാസത്തിലും ഹെൻറി ബെക്കർ ഇടവകകളിലെ സുവിശേഷഘോഷണം, സ്കൂൾ സ്ഥാ

പനം എന്നിവയിലും ബെഞ്ചമിൻ ബെയിലി പുസ്തകപ്രസിദ്ധീകരണ ത്തിലും ബൈബിൾ വിവർത്തനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചു. 1820-ൽ ബെയിലി രൂപകല്പന ചെയ്ത ഒരു പ്രസ്സ് സെമിനാരിയിൽ സ്ഥാപിതമാ യി. ബെയിലി വിവർത്തനം ചെയ്ത മത്തായിയുടെ സുവിശേഷം 1825-ൽ ഈ പ്രസ്സിൽനിന്ന് അച്ചടിച്ചു പ്രസിദ്ധീകരിച്ചു. 1821-ൽ ഇംഗ്ലണ്ടിൽ നിന്ന് കൊണ്ടുവന്ന പ്രസ്സിൽനിന്ന് 1829-ൽ പുതിയനിയമവും 1839-ൽ സങ്കീർത്ത നവും അച്ചടിച്ചു. 1842-ൽ പഴയനിയമവും മലയാളത്തിൽ അച്ചടിച്ചു. 1859-ൽ സമ്പൂർണ്ണ ബൈബിളിന്റെ ഒരു പരിഷ്കരിച്ച പതിപ്പ് ബെയിലി പ്രസിദ്ധീ കരിച്ചു. ദക്ഷിണേന്ത്യയിലെ ആദ്യത്തെ അച്ചടികേന്ദ്രം 1820-ൽ സ്ഥാപി തമായതിന്റെ ബഹുമതി സെമിനാരിക്ക് കൈവന്നു. പഴയസെമിനാരിയിൽ നേരത്തെ ആരംഭിച്ചിരുന്ന ഇംഗ്ലീഷ്, സുറിയാനി ഭാഷകൾക്കു പുറമെ, ഹീബ്രു, സംസ്കൃതം, ഗ്രീക്ക്, ലത്തീൻ ഭാഷകളും പാഠ്യവിഷയത്തി ലുൾപ്പെടുത്തി. തിരു - കൊച്ചി സംസ്ഥാനങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസ ത്തിന്റെ ആദ്യവേദി എന്നപോലെ വനിതാ വിദ്യാഭ്യാസം ആദ്യമായി ആരം ഭിച്ച പുണ്യഭൂമി എന്ന പദവിയും സെമിനാരിക്ക് ഇക്കാലത്ത് കൈവന്നു. വിദ്യാഭ്യാസം നേടിയ വനിതകൾക്ക് വിവാഹ സാദ്ധ്യത കുറഞ്ഞേക്കുമെ ന്നഭീതിയിൽ അധികമാരും ഈ സൗകര്യം പ്രയോജനപ്പെടുത്തിയില്ല. ഒടു വിൽ അവരുടെ വിവാഹം നടത്തിക്കൊടുക്കുവാനുള്ള ചുമതലയും സെമി നാരി അധികൃതർ ഏറ്റെടുത്തപ്പോൾ പ്രശ്നം പരിഹൃതമായി. ബൈബിളി ന്റെ ഇംഗ്ലീഷ്, മലയാളം വിവർത്തനങ്ങൾ, ഇംഗ്ലീഷ് വിദ്യാഭ്യാസം, സ്ത്രീ വിദ്യാഭ്യാസം എന്നിങ്ങനെ കേരള നവോത്ഥാനത്തെ സാദ്ധ്യമാക്കിയ മൂന്ന് അടിസ്ഥാന പാരമ്പര്യങ്ങൾക്കും കോട്ടയം സെമിനാരി ആദ്യവേദിയായി ത്തീർന്നു.

സുറിയാനി പള്ളികളോട് അനുബന്ധിച്ചും അല്ലാതെയും ഇംഗ്ലീഷ് വിദ്യാലയങ്ങൾ തുടർന്ന് സ്ഥാപിതമായി. ജാതിമത ലിംഗഭേദമെന്യേ ഏവർക്കും അവിടങ്ങളിൽ പ്രവേശനം ലഭിച്ചു. അവർണ്ണ സമുദായങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തി. ഈ വിദ്യാലയങ്ങളിലൂടെ ബൈബിൾ സന്ദേശങ്ങൾ ഗ്രാമം തോറും ജനഹൃദയങ്ങളെ കീഴടക്കി. ഇതിന് രണ്ട് പ്രതികരണങ്ങൾ ഉണ്ടായി. അവർണ്ണ വിഭാഗങ്ങളിലെ ഒട്ടധികം പേർ ക്രിസ് തുമതം സ്വീകരിച്ചു. ബ്രിട്ടീഷ് ഭരണത്തിൽ ക്രിസ്തുമതം സ്വീകരിച്ച അവർ ണ്ണരെ സവർണ്ണനിയമങ്ങൾ ആയ അയിത്തം തുടങ്ങിയ വിവേചനം കൊ ണ്ട് പീഡിപ്പിക്കുവാൻ ആർക്കും കഴിയുമായിരുന്നില്ല. മാനവികതയെപ്പറ്റി പുത്തൻ ചിന്തകൾ അവിടവിടെ മുളപൊട്ടി. അവ ക്രമേണ സമുദായ ശുദ്ധീ കരണ വിപ്ലവ സംരംഭങ്ങളായി വളർന്നുവന്നു. കേരള നവോത്ഥാനത്തിന് തിരികൊളുത്തിയ വിപ്ലവബോധം കേരളത്തിലെ സാംസ്കാരിക നായക ന്മാരുടെ ആദ്യതലമുറ കൊളുത്തിയെടുത്തത് ബൈബിൾ ജ്വാലയിൽ നിന്നായിരുന്നു. സാംസ്കാരിക പ്രബുദ്ധതയ്ക്ക് ശേഷം സംഭവിച്ച

രാഷ്ട്രീയ കോളിളക്കങ്ങൾക്കും മാനവികതയിൽ ഊന്നിയ വിപ്ലവ പ്രസ്ഥാനങ്ങൾക്കും ബംഗാളും കേരളവും പടപൊരുതുവാൻ മുന്നിട്ടിറങ്ങിയതിന്റെ ചരിത്രപരമായ സാഹചര്യവും ബൈബിൾ സൃഷ്ടിച്ച ചിന്താതരംഗങ്ങളിൽനിന്ന് രൂപം കൊണ്ടതാണ്. 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ആരംഭിച്ച അഗ്നിസ്ഫുലിംഗം ഒരു മഹാപ്രസ്ഥാനമാക്കാൻ ആറേഴു പതിറ്റാണ്ടുകൾ വേണ്ടി വന്നു എന്ന് മാത്രം. ഈ സവിശേഷ പശ്ചാത്തലത്തിൽ സെമിനാരി സ്ഥാപകനെ കേരളത്തിന്റെ രാജാറാം മോഹൻ റോയ് എന്ന് വിശേഷിപ്പിക്കാവുന്നതാണ്.

കേരളത്തെ പ്രബുദ്ധതയിലേക്കും സുറിയാനി സമുദായത്തെ ശുദ്ധീകരണത്തിലേക്കും നയിക്കുന്ന മിഷണറിമാരുടെ പ്രവർത്തനങ്ങളോട് പുന്നത്ര മാർ ദീവന്നാസ്യോസിന് ആഭിമുഖ്യം ഉണ്ടായിരുന്നു. എന്നാൽ ശുദ്ധീകരണത്തിന്റെ അതിർവരമ്പുകൾ ലംഘിക്കപ്പെടുമോ എന്ന ആശങ്കയും ഉത്കണ്ഠയും അദ്ദേഹത്തിനുണ്ടായിരുന്നു. 1818 ഡിസംബർ 3 ന് മാവേലിക്കര വച്ച് മിഷണറിമാരെ സ്വാഗതം ചെയ്യുവാൻ മലങ്കര മെത്രാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് പോകുന്ന മെത്രാച്ചന്റെ അന്തർഗതം ഇപ്രകാരം ഇ. എം. ഫിലിപ്പ് കേട്ടറിവായിട്ട് രേഖപ്പെടുത്തിയിട്ടുണ്ട്: "..... യോഗത്തിന് പോകുന്നതിന് മുമ്പായി അദ്ദേഹം ചെറിയപള്ളിയിൽ കയറി ദീർഘമായി പ്രാർത്ഥിച്ചു. വള്ളത്തിൽ കയറിയ അവസരത്തിൽ സമീപമുള്ളവരോട് പറഞ്ഞു: ഞാനിപ്പോൾ ഒരു തിണ്ണയിലാണ് നില്ക്കുന്നത്. നാളെ ഒന്നുകിൽ സായിപ്പന്മാരോട് പിണങ്ങിപ്പിരിയുകയോ അല്ലാത്തപക്ഷം എന്റെ സഭയെ ഒറ്റിക്കൊടുക്കുകയോ വേണം. അവരുടെ ഉദ്ദേശ്യം നമ്മുടെ വിശ്വാസം ഭേദപ്പെടുത്തണമെന്നുള്ളതാകുന്നു. എന്റെ മാനം നഷ്ടപ്പെട്ടാലും ഞാൻ വഞ്ചകനായിത്തീരുകയില്ല" (പു. 201).

യോഗത്തിൽ ഫെൻ അവതരിപ്പിച്ച നവീകരണ പദ്ധതികളെ താഴെ പറയുംപ്രകാരം സംഗ്രഹിക്കാം:

1. നീതിപൂർവകമായ നിയമങ്ങൾക്ക് വിധേയമായി അച്ചടക്കവും ഐക്യവും പുലരണം.

2. നിയമങ്ങൾക്കു ദിവ്യവചനവും വൈദിക വിധികളും നിയാമകമായിരിക്കണം.

3. വൈദികർ ഭൗതിക കൈകാര്യകർത്തൃത്വത്തിൽ നിന്ന് ഒഴിഞ്ഞ് പ്രാർത്ഥനയിലും വചന പ്രഘോഷണത്തിലും മുഴുവൻ സമയവും ചെലവഴിക്കണം.

4. സഭയിലെ പല അനുഷ്ഠാനങ്ങളും മലിനപ്പെട്ടിരിക്കുന്നു. ചിലതൊക്കെ ദൈവനാമത്തിന് അപമാനകരവും കാനോനാകൾക്ക് നിരക്കാത്തതുമാണ്. പലപ്പോഴും അവ ജാതീയമാണ്.

5. ദൈവത്തിനും മനുഷ്യനും മദ്ധ്യേ ക്രിസ്തു എന്ന ഏക മദ്ധ്യസ്ഥനേ ഉള്ളൂ. അതിനാൽ മറ്റു മദ്ധ്യസ്ഥത ഏതു രൂപത്തിൽ ആയാലും വിഗ്രഹാ രാധനയാണ്.

6. ആരാധന പ്രബോധനത്തിന്റെ മാധ്യമം കൂടെയാണ്. സുറിയാനി യിലുള്ള ആരാധന ഈ പ്രബോധനധർമ്മം നിറവേറ്റുന്നില്ല.

7. തിരുവചനപ്രകാരം വൈദികർ വിവാഹിതർ ആയിരിക്കണം.

8. മെത്രാപ്പോലീത്താ നിയമിക്കുന്ന ആറ് പ്രഗത്ഭ വൈദികർ ഇക്കാര്യ ങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് റിപ്പോർട്ട് തയാറാക്കണം.

9. ശാബത് ലംഘനം ഒഴിവാക്കണം.

(പി. ചെറിയാൻ, പു. 370–374).

ഈ നിർദ്ദേശങ്ങൾ സഭയിൽ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടു. പുന്നത്ര മെത്രാച്ചൻ കാര്യങ്ങളെക്കുറിച്ച് നേരിട്ട് ഒന്നും സൂചിപ്പിക്കാതെയും എന്നാൽ സഭയുടെ സുദൃഢമായ നിലപാട് ധ്വനിപ്പിച്ചും ഇംഗ്ലണ്ടിലെ മിഷ ണറി സംഘം അദ്ധ്യക്ഷന് 1821 ഡിസംബർ 3 ന് കോട്ടയം സെമിനാരി യിൽ നിന്നയച്ച കത്തിന്റെ സംഗ്രഹം ഇപ്രകാരമാണ്: "..... പറങ്കികളുടെ വരവ് വരെ ഞങ്ങൾ, മാർത്തോമ്മാ ശ്ലീഹായുടെ മക്കൾ, മലബാർ പ്രദേ ശത്ത് അവിഭക്ത സഭയായി കഴിയുന്ന യാക്കോബായ സുറിയാനിക്കാരാ ണ്. അന്ത്യോഖ്യാ മെത്രാന്മാരുടെ വരവ് പറങ്കികൾ തടഞ്ഞപ്പോൾ ഞങ്ങൾ ഇടയനില്ലാത്ത ആടുകൾ പോലെ ആയി. റോമ്മിന്റെ കീഴിൽ ഞങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു. 1653-ൽ അന്ത്യോഖ്യയിൽ നിന്ന് മലബാറിലേക്ക് ഇഗ്നാ ത്തിയോസ് പാത്രിയർക്കീസ് ആഗതനായി. അദ്ദേഹം കൊല്ലപ്പെട്ടതിനെ ത്തുടർന്ന് ഞങ്ങൾ ത്രിത്വനാമത്തിൽ ശപഥം ചെയ്തു. റോമ്മാ പാപ്പാ യുടെ വിശ്വാസം ഞങ്ങൾക്ക് സ്വീകാര്യമല്ല. 1753-ൽ (?) അന്ത്യോഖ്യാ (?) യിൽനിന്ന് പിതാക്കന്മാർ വന്ന് ഞങ്ങളെ ക്രമപ്പെടുത്തി. ഞങ്ങൾക്കിപ്പോൾ മലബാറിൽ 55 പള്ളികൾ ഉണ്ട്. ഞങ്ങളുടെ വിമോചനത്തിന് ദൈവം ഞങ്ങൾക്ക് മെക്കാളിയേയും ബുക്കാനനെയും അയച്ചുതന്നു. ഇപ്പോൾ ഇതാ മോശയെപ്പോലെ മൺറോയെ അയച്ചിരിക്കുന്നു. കോട്ടയത്ത് ഞങ്ങൾക്ക് ഒരു സെമിനാരി സ്ഥാപിച്ച് കിട്ടി. വീണ്ടും നിങ്ങൾ അയച്ച പുരോഹിതന്മാർ ബെഞ്ചമിൻ, ജോസഫ്, ഹെൻറി ഇവർ ഞങ്ങളുടെ സെമി നാരിയിൽ അദ്ധ്യാപനം നിർവഹിക്കുന്നു. നിങ്ങൾ അയച്ചുതന്ന ബൈബി ളുകൾ എല്ലാ പള്ളികൾക്കുമായി വിതരണം ചെയ്തു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഒരു പഴമൊഴി ഓർക്കട്ടെ. ബുദ്ധിയുള്ളവർ ഒറ്റനോട്ട ത്തിൽ കാര്യങ്ങൾ ഗ്രഹിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ' (മിഷ ണറി രജിസ്റ്റർ 1822, പു. 431, 432).

മിഷണറിമാർ മലങ്കരയിൽ നടപ്പാക്കുവാൻ ആഗ്രഹിച്ച കാര്യങ്ങളെപ്പറ്റി റവ. ജെയിംസ് ഹഫ് പുന്നത്ര മാർ ദീവന്നാസ്യോസുമായി ദീർഘ സംഭാഷണം നടത്തി: “മെത്രാൻ യാതൊന്നും സ്വയം സമ്മതിക്കുകയോ ഭരമേല്ക്കുകയോ ചെയ്യുന്നില്ല. ഇതേവരെ ചെയ്തിട്ടുള്ളതിനെ അദ്ദേഹം സ്വീകരിച്ചു എങ്കിലും സഭയുടെ കാനോനാകളെ അതിലംഘിക്കുന്നതിൽ അദ്ദേഹം യാതൊരു താല്പര്യവും കാണിക്കുന്നില്ല” (Collins, Missionery Enterprises in the East, p. 108; ഫിലിപ്പ്, പു. 206).

ഈ ശീതസമരത്തിനിടയിൽ 40-ാം വയസ്സിൽ പുന്നത്ര മെത്രാച്ചൻ 1825 ഇടവം 5 ന് വിഷൂചിക ബാധിച്ച് നിര്യാതനായി. കോട്ടയം ചെറിയ പള്ളിയിൽ അടക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഭരണകാലത്തെപ്പറ്റി ഇട്ടൂപ്പ് റൈട്ടർ ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ട്: “ഇക്കാലം സെമിനാരിയിൽ പഠിത്തം നല്ലപോലെ നടത്തിവരുന്നു. ഏറിയ ശെമ്മാശന്മാരും പൈതങ്ങളും ഉണ്ടായിരുന്നവരെ ഇംഗ്ലീഷ്, മലയാളം, സംസ്കൃതം, സുറിയാനി മുതലായവ അഭ്യസിപ്പിക്കുന്നതിന് മിഷണറി സായിപ്പന്മാരിൽ രണ്ടാളും രണ്ടു സുറിയാനിമല്പാന്മാരും എബ്രായ ഭാഷയ്ക്ക് ഒരു വാധ്യാരും മലയാളത്തിനും സംസ്കൃതത്തിനും കൂടെ രണ്ടു നാട്ടുകാരും ഉണ്ടായിരുന്നു. പുന്നത്ര മെത്രാൻ കാഴ്ചയ്ക്ക് ബഹുയോഗ്യനായിരുന്നതുപോലെ തന്നെ കാര്യത്തിന് നല്ല പ്രാപ്തിമാനും റസിഡണ്ട് സായിപ്പിനോടും ദിവാൻജി മുതലായ ഉദ്യോഗസ്ഥന്മാരോടും വളരെ സ്നേഹവും അടുപ്പവുമായി വരികയാൽ സുറിയാനിക്കാരിൽ കാര്യപ്രാപ്തിയും യോഗ്യതയും ഉള്ള അനേകം ആളുകൾക്ക് സർക്കാരിൽ മുതൽപ്പിടി - തഹസീൽദാർ - ജഡ്ജി മുഖാന്തിരം തിരുവിതാംകോട്ട് നടത്തിച്ച് നടന്നുവന്നു. അക്കാലങ്ങളിൽ ജോനകരുടെ കഠിനമായ കവർച്ചയേയും ദീവെട്ടിക്കൊള്ള മുതലായ അക്രമങ്ങളെയും ഒതുക്കം വരുത്തിയും നീതിയോടെ അവർ കാര്യങ്ങൾ വിചാരിച്ച് പോന്നതും സർക്കാരിലേക്ക് തന്നെ ബോധ്യം വന്നിട്ടുള്ളതുമാകുന്നു. എന്നാൽ ബഹുമാനപ്പെട്ട മൺറോ സായിപ്പ് അവർകൾ 1819 ന് കൊല്ലം 994-ൽ മലയാളത്ത് നിന്ന് പോകുകയും അതിന് പകരമായി കേണൽ മാക്ഡ്വൽ സായിപ്പ് അവർകൾ വരികയിൽ ആ സായിപ്പിന് സുറിയാനിക്കാരോട് നല്ല സഹവാസ പരിചയം ഇല്ലായ്കയാൽ അവരുടെ സന്മാർഗ്ഗസ്ഥിതി വേണ്ടുംവണ്ണം ഗ്രഹിക്കുന്നതിന് ഇടവരായ്ക നിമിത്തം താൻ ആയിട്ട് പിന്നീട് സുറിയാനിക്കാരിൽ അധികം ആളുകൾക്ക് ഉദ്യോഗം കൊടുത്തില്ല. ... കൊലക്കുറ്റം, കുത്തിക്കവർച്ച മുതലായ വലിയ കുറ്റങ്ങളിൽ ഏർപ്പെട്ട് ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുള്ളവർ സുറിയാനിക്കാരിൽ തുലോം ചുരുക്കമേ കാണുകയുള്ളൂ” (പു. 194).

മിഷണറിമാരുമായുള്ള പോരാട്ടത്തിൽ ബലം പകരാൻ ഒരു അന്ത്യോഖ്യൻ മെത്രാന്റെ സഹായം പുന്നത്ര മെത്രാച്ചൻ ആവശ്യപ്പെട്ടു; പക്ഷേ

ലഭിച്ചില്ല (ഇട്ടൂപ്പ്, പു. 195, 196; ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇൻഡ്യാ വാല്യം 2, ഹൗ, പു. 389). റോമ്മാക്കാരുമായി കൈവശാവകാശം പങ്കുവച്ചിരുന്ന കോട്ടയം വലിയപള്ളി, പിറവം വലിയപള്ളികൾ എന്നിവയിലെ റോമ്മൻ പങ്കാളിത്തം രാജകീയ വിളംബരത്തിന്റെ പിൻബലത്തോടെ ഒഴിവാക്കിയത് ജോസഫ് ഫെന്നിന്റെ ഉത്സാഹത്തിൽ ഇക്കാലത്താണ്. നിരണം പള്ളിയുടെ കുരിശുപള്ളികൾ ആയിരുന്ന ചങ്ങനാശ്ശേരിപ്പള്ളിയും ആലപ്പുഴ പള്ളിയും ഇപ്രകാരം ഒഴിപ്പിക്കാൻ പട്ടാളത്തിന്റെ പിൻബലത്തോടെ ശ്രമിച്ചെങ്കിലും നാട്ടുകാരുടെ കടുത്ത ചെറുത്തുനില്പ് മൂലം സാധിച്ചില്ല. ഇക്കാലത്ത് പട്ടക്കാർക്ക് സ്ഥിരമായ വരുമാനത്തിന് ക്രമീകരണം ഉണ്ടായി. കർമ്മാനുഷ്ഠാനങ്ങൾക്ക് ദക്ഷിണയായി ലഭിക്കുന്ന വരുമാനത്തിന്റെ അനിശ്ചിതത്വം മാറ്റി ഇത്തരം സംവിധാനം ഏർപ്പെടുത്തിയതിൽ മിഷണറി നേതൃത്വത്തെ ഏവരും പ്രശംസിച്ചു.

## F. ചേപ്പാട്ട് മാർ ദീവന്നാസ്യോസ്

മാമ്മലശ്ശേരിൽ കോനാട്ട് ഏബ്രഹാം മല്പാൻ, ചേപ്പാട്ട് ആഞ്ഞിലിമൂട്ടിൽ ഫീലിപ്പോസ് മല്പാൻ, കല്ലൂപ്പാറ അടങ്ങപ്രത്ത് യൗസേഫ് കശീശ്ശാ, കോട്ടയത്ത് എരുത്തിക്കൽ മർക്കോസ് കശ്ശീശാ എന്നീ നാല് മെത്രാൻ സ്ഥാനാർത്ഥികളിൽ നിന്ന് രണ്ടാം വട്ടവും നറുക്കെടുപ്പ് നടത്തി ചേപ്പാട്ട് ഫീലിപ്പോസ് മല്പാനെ മെത്രാൻ സ്ഥാനത്തേക്ക് സ്ഥിരീകരിച്ചു. കോട്ടയം ചെറിയപള്ളിയിൽ വച്ച് മാർ പീലക്സീനോസ് 1825 ചിങ്ങം 15 ന് അദ്ദേഹത്തെ മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. 1825 വൃശ്ചികം 3 ന് സിറിയൻ സഭയിൽ നിന്നെത്തിയ മാർ അത്താനാസ്യോസ് മെത്രാനെയും ഇസഹാക്കു റമ്പാനെയും മാർ പീലക്സീനോസും മാർ ദീവന്നാസ്യോസും ചേർന്ന് സ്വീകരിച്ചു. 1825 ധനു 29 ന് പീലക്സീനോസിന്റെ അറിയിപ്പനുസരിച്ച് പള്ളിപ്രതിനിധികൾ കോട്ടയം ചെറിയപള്ളിയിൽ സമ്മേളിച്ച് മാർ അത്താനാസ്യോസിന്റെ സുസ്ത്താത്തിക്കോൻ വായിച്ചുകേട്ട് അദ്ദേഹത്തെ ഔപചാരികമായി സ്വാഗതം ചെയ്തു. തങ്ങളുടെ നവീകരണശ്രമങ്ങൾക്ക് പുതിയ സംഭവവികാസങ്ങൾ പ്രതിബന്ധമാകുമോ എന്ന് മിഷണറിമാർ സംശയിച്ചു. മലങ്കരയിലെ മെത്രാന്മാരും മാർ അത്താനാസ്യോസും നവീകരണത്തെ നേരിടുവാൻ ഒരുങ്ങുന്ന ഘട്ടത്തിൽ പുതിയൊരു വിവാദത്തിന് സാഹചര്യമുണ്ടായി. കാട്ടുമങ്ങാട്ട് കൂറിലോസ് മേല്പട്ടം സ്വീകരിച്ച ആളല്ലെന്ന് മാർ ഈവാനിയോസ് (1851–ൽ ചെങ്ങന്നൂരിൽ കബറടങ്ങി) അറബി ഭാഷയിൽ എഴുതിവച്ച ഒരു ഗ്രന്ഥം സെമിനാരി ലൈബ്രറിയിൽ ഇസഹാക്കു റമ്പാൻ വായിക്കാൻ ഇടയായതാണ് ആ സാഹചര്യം. നാട്ടുമെത്രാന്മാർ കൂറിലോസിന്റെ പിൻമുറക്കാരിൽനിന്ന് സ്ഥാനം പ്രാപിച്ചവരാകയാൽ അവർ വീണ്ടും പട്ടമേല്ക്കണമെന്ന് അത്താനാസ്യോസ് ശഠിച്ചതിനെ പല പട്ടക്കാരും അനുകൂലിക്കു

കയും ഇടവഴിക്കൽ പീലിപ്പോസ് കത്തനാർ, കോനാട്ട് ഏബ്രഹാം കത്തനാർ എന്നിങ്ങനെ പല പ്രാമാണികരായ വൈദികർ വീണ്ടും പട്ടമേല്ക്കുകയും ചെയ്തത് വിവാദങ്ങൾക്ക് ശക്തി വർദ്ധിപ്പിച്ചു. പാലക്കുന്നത്ത് അബ്രഹാം മല്പാൻ, കടമറ്റത്ത് ചെറിയ തേക്കിലക്കാടൻ കത്തനാർ, വടകര ഓണാശ്ശേരിൽ കത്തനാർ, പിറവത്തു കാരാമയിൽ കത്തനാർ, കരിങ്ങാട്ടിൽ കത്തനാർ, കൊച്ചിട്ടി കുരുവിള കത്തനാർ, തെക്കേത്തല കത്തനാർ, കോതമംഗലത്ത് പിലാമൂട്ടിൽ കത്തനാർ എന്നിങ്ങനെ അഴിച്ച് പട്ടമേല്ക്കൽ സാർവത്രികമായപ്പോൾ നാട്ടുമെത്രാന്മാർ റസിഡണ്ടിന്റെ ആലോചനയോടെ രാജാക്കന്മാരുടെ മുമ്പിൽ പരാതി സമർപ്പിച്ചു. രാജകീയ വിളംബരത്തിന്റെ പിൻബലത്തോടെ സഭാഭരണം നിർവഹിക്കുന്ന മലങ്കര മെത്രാനെ നിരോധിച്ച അത്താനാസ്യോസിനെയും റമ്പാനെയും കപ്പലിൽ തിരിച്ചയയ്ക്കുവാനും അഴിച്ചു പട്ടമേറ്റ വൈദികരെ 'പാറാവ് വച്ച് കൊല്ലത്ത് കൊണ്ടുപോയി ആറു മാസം പാറാവിൽ കിടത്തുകയും ചെയ്തു. ഒടുവിൽ എല്ലാ വൈദികരെ കൊണ്ടും പ്രായശ്ചിത്തത്തിന് തീർപ്പ് ചെയ്തു മെത്രാന്മാരെ അനുസരിച്ച് നടന്ന് കൊള്ളത്തക്കവണ്ണം പറഞ്ഞയക്കുകയും ചെയ്തു' (*നിരണം ഗ്രന്ഥവരി* കൈയെഴുത്തു പ്രതി, പു. 174, ഇട്ടൂപ്പ്, പു. 203). മാർ അത്താനാസ്യോസുമായി ബന്ധപ്പെട്ട ഏതാനും കത്തുകൾ ഇട്ടൂപ്പ് റൈട്ടർ നൽകുന്നുണ്ട് (പു. 204, 226) ഈ കത്തുകൾ '.... ചരിത്രവും സംസ്കാരവും' എന്ന ഗ്രന്ഥത്തിൽ പൂർണ്ണരൂപത്തിൽ കാണാം. പുറം 507–526).

1829 മകരം 25 ന് കിടങ്ങൻ ഗീവറുഗീസ് പീലക്സീനോസ് അന്തരിച്ചു; തൊഴിയൂർ പള്ളിയിൽ കബറടക്കപ്പെട്ടു. അതോടെ പുതിയ മലങ്കര മെത്രാനായി ചേപ്പാട്ട് മാർ ദീവന്നാസ്യോസിനെ നിയമിച്ചുകൊണ്ട് രാജകീയ വിളംബരം പുറപ്പെട്ടു. കിടങ്ങൻ മെത്രാച്ചൻ അന്തരിച്ചതോടെ തൊഴിയൂരിലെ ആസ്ഥാനം പൂട്ടി മുദ്ര വച്ച് താക്കോലുകൾ കീഴ്നടപ്പു പ്രകാരം പാലൂർ – ചാട്ടുകുളങ്ങര വികാരിയെ ഏല്പിച്ചു. പുലിക്കോട്ടിൽ മെത്രാച്ചന്റെ പ്രശസ്ത ശിഷ്യൻ കുത്തൂര് ഗീവറുഗീസ് മല്പാനെ ചാട്ടുകുള്ളങ്ങര ഇടവകയുടെ തീരുമാനപ്രകാരം 1829 മീനം 15 ന് ചേപ്പാട്ട് മാർ ദീവന്നാസ്യോസ് മെത്രാനായി വാഴിച്ച് സുസ്താത്തിക്കോൻ നൽകി. ഈ സുസ്താത്തിക്കോനിൽ സ്ഥാനം നൽകിയ മലങ്കര മെത്രാപ്പോലീത്തായെ മാർത്തോമ്മായുടെ സിംഹാസനത്തിന്റെ അധിപതി എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

അന്ത്യോഖ്യൻ സഭയെപ്പറ്റിയോ അതിന്റെ അദ്ധ്യക്ഷൻ പാത്രിയർക്കീസിനെപ്പറ്റിയോ സുസ്താത്തിക്കോനിൽ പരാമർശമില്ല. ഈ രണ്ട് പ്രത്യേകതകൾ ഈ സുസ്താത്തിക്കോന്റെ ചരിത്രമൂല്യം വർദ്ധിപ്പിച്ചിട്ടുണ്ട്. പുതിയ മെത്രാന്റെ പേർ കൂറിലോസ് എന്നായിരുന്നു.

മിഷണറിമാരുടെ നവീകരണ പ്രവണത വർദ്ധിച്ചുകൊണ്ടേ ഇരുന്നു. 1835 വൃശ്ചികത്തിൽ കൽക്കട്ടയിലെ ബിഷപ്പ് ഡാനിയേൽ വിത്സൺ ആവശ്യപ്പെട്ടതനുസരിച്ച് സഭയിലെ ശുചീകരണം അർത്ഥപൂർണ്ണമായി നടപ്പാക്കുന്നതിനെപ്പറ്റി ആലോചിക്കുവാൻ മെത്രാന്മാരും മല്പാന്മാരും വൈദിക – അത്മായ പ്രമുഖരും കോട്ടയത്ത് യോഗം ചേർന്നു. ബിഷപ്പ് വിത്സൺ ചില നിർദ്ദേശങ്ങൾ അവതരിപ്പിച്ചു:

1. സെമിനാരി പഠനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് വാങ്ങുന്നവർക്കേ മെത്രാപ്പോലീത്താ ഭാവിയിൽ പട്ടം കൊടുക്കാവൂ.

2. പള്ളികളുടെ കണക്ക് കേട്ട് കണക്കിന്റെ ഒരു പ്രതി റസിഡണ്ടിന്റെ പരിശോധനക്കായി അയക്കണം.

3. കുർബാനപ്പണം മുതലായി ഇപ്പോൾ വാങ്ങിവരുന്ന അനുഭവത്തിന് പകരം അവർക്ക് സ്ഥിരമായ അനുഭവം കൊടുപ്പാനുള്ള വഴി കണ്ടെത്തണം.

4. സുറിയാനിപ്പള്ളികൾ ഉള്ള എല്ലായിടത്തും പള്ളിക്കൂടങ്ങൾ ഉണ്ടാക്കണം.

5. മലയാള ഭാഷയിൽ കത്തങ്ങൾ ജനങ്ങളോട് വേദപുസ്തകത്തെ വ്യാഖ്യാനിക്കേണ്ടതാകുന്നു.

6. നമസ്കാരങ്ങൾ പൊരുൾ തിരിച്ച് സുറിയാനി അറിയാത്തവർക്ക് കൊടുത്ത് നടത്തിക്കേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ പലതും പില്ക്കാലത്ത് സഭ പ്രാവർത്തികമാക്കി. പക്ഷേ അന്നത്തെ പരിതഃസ്ഥിതിയിൽ പല പരിഷ്കാരങ്ങളും സ്വീകാര്യമായിരുന്നില്ല. ഒന്നാം നിർദ്ദേശം നിരുപദ്രവമെന്ന് തോന്നാം. പക്ഷേ സർട്ടിഫിക്കറ്റ് കൊടുക്കുന്ന പ്രിൻസിപ്പാൾ മിഷണറി ആയിരുന്നതിനാൽ ആ നിർദ്ദേശം പട്ടം കൊടുക്കുവാനുള്ള മെത്രാപ്പോലീത്തായുടെ അവകാശത്തെ പരിമിതപ്പെടുത്തുന്ന ഒന്നായി വ്യാഖ്യാനിക്കപ്പെട്ടു. രണ്ടാം നിർദ്ദേശത്തിൽ മലങ്കരയിലെ ഇടവകകളുടെ മേലധികാരം റസിഡണ്ട് കൈവശമാക്കുന്നു എന്ന ധ്വനി ഉൾക്കൊള്ളുന്നുണ്ട്. മൂന്നാം നിർദ്ദേശം ആകർഷകം തന്നെ. 4–ാം നിർദ്ദേശവും അഭികാമ്യമാണ്. അഞ്ചും ആറും നിർദ്ദേശങ്ങളുടെ പുരോഗമന സ്വഭാവത്തിൽ ആർക്കും തർക്കമില്ല. അവയൊക്കെയിന്ന് സഭയിൽ സ്വീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ആയിടെ സെമിനാരിയിൽ പ്രിൻസിപ്പൽ ആയി നിയമിക്കപ്പെട്ട റവ. പീറ്റ് സായിപ്പിന്റെ അക്ഷമയാണ് കാര്യങ്ങൾ വഷളാക്കിയത് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മലങ്കരസഭയെ നവീകരിക്കുവാൻ ദൈവം തന്നെ നിയോഗിച്ചു എന്ന് ആധാര വിശ്വസിച്ചു. മാംസഭക്ഷണം വിലക്കപ്പെട്ടിരുന്ന നോമ്പുദിവസങ്ങളിൽ

സെമിനാരി വിദ്യാർത്ഥികൾക്ക് മാംസം മാത്രം ലഭിക്കത്തക്കവിധം സെമിനാരിയിലെ ഭക്ഷണരീതികൾ അദ്ദേഹം പരിഷ്കരിച്ചു. സുറിയാനിസഭയുടെ ആചാരരീതികളെയും വിശ്വാസതത്വങ്ങളെയും അവർ പ്രസംഗങ്ങളിലും ക്ലാസുകളിലും അധിക്ഷേപിച്ച് വന്നു. ബിഷപ്പ് വിത്സൺ കോട്ടയം യോഗത്തിൽ അവതരിപ്പിച്ചതിൽ നിന്ന് വ്യത്യസ്തമായി പല പരിഷ്കാര നിർദ്ദേശങ്ങളും പൊതുവേദികളിലെ പ്രസംഗങ്ങളിൽ ആവശ്യപ്പെട്ടിരുന്നു. ഇ. എം. ഫിലിപ്പ് എഴുതുന്നു: “അദ്ദേഹത്തിന്റെ – ബിഷപ്പ് വിത്സന്റെ – ചാപ്ലയിനും ബ്രിട്ടീഷ് റസിഡണ്ടിന്റെ അസിസ്റ്റന്റും കൂടി സംബന്ധിച്ചിരുന്ന ഒരു രഹസ്യ കൂടിക്കാഴ്ചയുടെ അവസരത്തിൽ അദ്ദേഹം മെത്രാനോട് സഭയുടെ ആരാധനാരീതിയിലും കൂദാശാക്രമത്തിലും ചില ഭേദഗതികൾ വരുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സംസാരിക്കുകയും ആ നിർദ്ദേശങ്ങൾ പ്രവൃത്തിപഥതിയിലെത്തിക്കുന്നതിന് ആയിരം രൂപാ സംഭാവന ചെയ്യാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. ബിഷപ്പിന്റെ നിർദ്ദേശങ്ങളെ മെത്രാൻ മര്യാദയായും യാതൊരു എതിർപ്പും പ്രത്യക്ഷപ്പെടുത്താതെയും സ്വീകരിച്ചുവെങ്കിലും അദ്ദേഹം അഭിപ്രായം പ്രത്യക്ഷപ്പെടുത്തുകയാകട്ടെ ഏതെങ്കിലും തീരുമാനം പറയുകയാകട്ടെ ചെയ്തില്ല. കോട്ടയത്തും കണ്ടനാട്ടും ഉള്ള പള്ളികളിൽ ബിഷപ്പ് വിത്സൻ ചെയ്ത പ്രസംഗങ്ങളിൽ അദ്ദേഹം സഭയിൽ വരുത്തിക്കൂട്ടാൻ ഉദ്ദേശിച്ചിരുന്ന താത്വിക പരിഷ്കാരങ്ങളെപ്പറ്റി പ്രസ്താവിച്ചിരുന്നു. അവയിൽ, വിശ്വാസികളായി മരിച്ചുപോയവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകളും പൂജാർപ്പണങ്ങളും നിർത്തുക, പുരാതന കുർബാന തക്സായിൽ നിന്ന് ആംഗ്ലിയാസഭയിലെ പ്രോട്ടസ്റ്റന്റ് കക്ഷിയുടെ അഭിപ്രായപ്രകാരം സ്വീകാര്യങ്ങളല്ലെന്ന് തോന്നുന്ന ഭാഗങ്ങളെല്ലാം നീക്കി തക്സാ പരിഷ്കരിക്കുക എന്നിവ ഉൾപ്പെട്ടിരുന്നു. ...” (പു. 213, 214). പല ഘട്ടങ്ങളായി നവീകരണം പ്രാവർത്തികമാക്കുവാനാണ് മിഷണറിമാർ പ്ലാൻ ചെയ്തത്. നവീകരണത്തിന്റെ ഒന്നാം തലമുറയിലെ നേതാക്കൾ സ്വപ്നം പോലും കാണാത്ത പരിഷ്കാരങ്ങൾ ഒടുവിലെ ഘട്ടമായപ്പോൾ നവീകരണത്തിന്റെ പില്ക്കാല തലമുറകൾ നടപ്പിൽ വരുത്തിയതിനെപ്പറ്റി ആദ്യ നവീകരണതലമുറയിലെ നേതാവായ താഴത്തച്ചൻ (താഴത്ത് പുന്നത്ര ചാണ്ടപ്പിള്ള കത്തനാർ) ‘വിലാപങ്ങൾ’ എന്ന ഗ്രന്ഥത്തിൽ ദുഃഖത്തോടെ രേഖപ്പെടുത്തിയിട്ടുണ്ട്.

## G. മാവേലിക്കര സുന്നഹദോസ്

കോട്ടയം യോഗത്തിൽ അവതരിപ്പിച്ചവയും മെത്രാനോട് കൂടിക്കാഴ്ചകളിൽ ആവശ്യപ്പെട്ടവയും കോട്ടയം, കണ്ടനാട് പ്രസംഗങ്ങളിൽ ന്യായീകരിച്ചവയുമായ നിർദ്ദേശങ്ങളെപ്പറ്റി വ്യക്തമായ തീരുമാനം പ്രഖ്യാപിക്കുവാൻ ബിഷപ്പ് വിത്സൺ ചേപ്പാട്ട് മാർ ദീവന്നാസ്യോസിനെ നിർബന്ധിച്ചു വന്നു. സെമിനാരിയിൽ ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞ മിഷണറിമാർ

നവീകരണ നിർദ്ദേശങ്ങൾ അഭിപ്രായ രൂപീകരണത്തിനായി എല്ലാ പള്ളികൾക്കും അയച്ചുകൊടുത്തിരുന്നു. ആ സാഹചര്യത്തിലാണ് 1846 മകരം 5-ന് മലങ്കരസഭയുടെ മഹാ സുന്നഹദോസ് മാവേലിക്കരയിൽ മലങ്കര മെത്രാപ്പോലീത്താ വിളിച്ചുകൂട്ടിയത്. സുന്നഹദോസിന് മുമ്പിൽ രണ്ട് വഴികളേ ഉണ്ടായിരുന്നുള്ളു. ഒന്ന്, മലങ്കരസഭയെ പ്രോട്ടസ്റ്റന്റ് സഭയായി നവീകരിക്കുക. രണ്ട്, ബിഷപ്പ് വിത്സന്റെ നിർദ്ദേശങ്ങളെ നിരാകരിച്ചുകൊണ്ട് മിഷണറിബന്ധം വിച്ഛേദിക്കുക. രണ്ടാമത്തെ പോംവഴിയാണ് സുന്നഹദോസ് സ്വീകരിച്ചത്. ഒരു സൗഹാർദ്ദബന്ധത്തെ മുറിച്ചുകളയുമ്പോൾ മിഷണറിമാരുടെ ഭാഗത്തുണ്ടാവുന്ന വേദനയെ ലഘൂകരിക്കുവാനും മലങ്കരസഭയോട് അവർക്കുണ്ടാവുന്ന നീരസം ഒഴിവാക്കുവാനുമായി ഒരു തന്ത്രം സുന്നഹദോസ് സ്വീകരിച്ചു: അന്ത്യോഖ്യാ പാത്രിയർക്കീസിനെ മറയായി നിർത്തുക എന്ന തന്ത്രം.

മാവേലിക്കര സുന്നഹദോസിൽ സ്വീകരിക്കാവുന്ന പരിഷ്ക്കാര നിർദ്ദേശങ്ങൾ പോലും തിരസ്കരിക്കപ്പെട്ടു. ശാന്തരും നയക്കാരും ആയ ബെയ്ലി, ഫെൻ, ബേക്കർ എന്നിവർക്ക് പകരം വന്ന വുഡ്കോക്കും പീറ്റും പുലർത്തിയ അക്ഷമയും അസഹിഷ്ണുതയും കാര്യങ്ങളെ വേഗത്തിൽ വഷളാക്കി. ബിഷപ്പ് ബ്രൗൺ എഴുതുന്നു: "സുറിയാനിക്കാർ പിന്തുടർന്ന് വന്ന തെറ്റുകളെ പരസ്യമായി ആക്ഷേപിക്കാതെ സെമിനാരിയിലെ സ്വകാര്യ ചർച്ചകളിൽ സ്വന്തം നിലപാട് മിഷണറിമാർ വ്യക്തമാക്കിയിരുന്നു. കൂടുതൽ ഫലപ്രദമായ നടപടികൾ ആവശ്യമെന്ന് ചില പില്ക്കാല മിഷണറിമാർക്ക് തോന്നി. സുറിയാനിക്കാരുടെ തെറ്റുകളെ അവർ പരസ്യമായി വിമർശിച്ചുതുടങ്ങി. അനുരഞ്ജനത്തിന് സഹായകമല്ലാത്ത നിലപാടാണ് ജോസഫ് പീറ്റിനെപ്പോലെയുള്ളവർ സ്വീകരിച്ചത്. ... മണർകാട് പള്ളിയിൽ പെരുന്നാൾദിവസം അസംഖ്യം ജനം സമ്മേളിച്ചിരിക്കേ, പീറ്റ് ഇത് അന്ധവിശ്വാസമാണെന്നും അശുദ്ധാചാരമാണെന്നും പ്രസംഗിച്ച് ബഹളമുണ്ടാക്കി. അദ്ദേഹത്തിന്റെ വെളുത്ത തൊലി ഒന്നുകൊണ്ടുമാത്രം അദ്ദേഹം രക്ഷപ്പെട്ടു. ഇപ്രകാരം അനവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്" (ബ്രൗൺ എൽ. ഡബ്ല്യു., പു. 138). മറ്റൊരു സംഭവം മിഷണറിമാർ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. "പീറ്റ് സെമിനാരിയുടെ പ്രിൻസിപ്പൽ ആയിരുന്ന കാലം. പീറ്റ് ക്ലാസ് കഴിഞ്ഞ് വെളിയിൽപ്പോയി അപ്രതീക്ഷിതമായി തിരിച്ചെത്തിയപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ അരിശപ്പെടുത്തി. പീറ്റ് അല്പം മുമ്പ് പഠിപ്പിച്ച സഭാചരിത്ര വസ്തുതകൾക്ക് വിരുദ്ധമായി ചില തിരുത്തലുകൾ മാമ്മലശ്ശേരി അബ്രഹാം മല്പാൻ ചുറ്റും കൂടിയ വിദ്യാർത്ഥികൾക്ക് ഉപദേശിക്കുന്നു. മിഷണറിമാരുടെ ഏതു പ്രസ്താവനകളും വിമർശനബുദ്ധിയോടെ കേൾക്കുവാൻ മല്പാൻ വിദ്യാർത്ഥികളെ ഉപദേശിച്ചു. പീറ്റ് പൊട്ടിത്തെറിച്ചു" (W. S. Hunt, The Anglican Churches Travancore and Cochin 1816 - 1916 Vol. 1., 1920, p. 82). സ്ഫോടനാത്മ

കമായ ആ അന്തരീക്ഷത്തെപ്പറ്റി മാർ ബർന്നബാസ് ഇപ്രകാരം വിലയിരുത്തി: "സഭയിൽ മിഷണറിപ്രവർത്തനം ശക്തിപ്പെടുത്തുകയും സുവിശേഷവേല ഊർജ്ജിതപ്പെടുത്തുകയും ചെയ്യണമെന്ന മിഷണറിമാരുടെ ആഹ്വാനം മെത്രാൻ ചെവിക്കൊണ്ടില്ല. സ്വന്തം നാട്ടിൽ ഓക്സ്ഫോർഡ് മൂവ്മെന്റിനോട് ഉണ്ടായിരുന്ന എതിർപ്പിന്റെയും വിരോധത്തിന്റെയും ആത്മാവ് അവരിൽ കുടികൊണ്ടിരുന്നു. ആരാധനകളിലെ പ്രതീകാത്മകമായ കർമ്മങ്ങളും ആചാരാനുഷ്ഠാനങ്ങളും അവർക്ക് ദുസ്സഹമായിരുന്നു. ഗ്രീക്കുസഭയുടെ തെറ്റുകളായി അവയെ അവർ പരിഗണിച്ചു. അവരുടെ തർക്കപ്രിയം സംഗതികളെ കൂടുതൽ വഷളാക്കി. പരിശുദ്ധന്മാരോടുള്ള അപേക്ഷകൾക്കും മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾക്കും നമ്മുടെ ആരാധനാക്രമങ്ങൾക്കും എതിരായി അവർ ശക്തിയുക്തം പ്രസംഗിക്കുവാൻ തുടങ്ങി. സെന്റ് മേരിയുടെ ഒരു പെരുന്നാളിൽ റവ. പീറ്റ് തന്റെ ഉജ്ജ്വലമായ പ്രസംഗം കൊണ്ട് ജനത്തിൽ ഒരു കലഹം തന്നെയുണ്ടാക്കി. മണർകാട് സെന്റ് മേരിയുടെ രൂപം തല്ലിപ്പൊട്ടിക്കുകയുണ്ടായി. സെമിനാരിയിൽ നോമ്പുകാലത്തു വിദ്യാർത്ഥികൾക്ക് മത്സ്യമാംസാദികൾ വിളമ്പി. ഒരു ഞായറാഴ്ച ദൈവമാതാവിന് മറ്റു മക്കൾ ഉണ്ടായിട്ടുണ്ടെന്ന് പള്ളിയിൽ പ്രസംഗിച്ചിട്ട് പോയിക്കഴിഞ്ഞപ്പോൾ കോനാട്ട് മല്പാൻ അതിനെതിരായി പ്രസംഗിച്ചു. രണ്ടു പേരിൽ ഒരാളേ സെമിനാരിയിൽ പാടുള്ളൂ എന്ന് സായിപ്പ് ഗർജ്ജിച്ചു. കോനാട്ടച്ചൻ പാമ്പാക്കുടയ്ക്ക് പോവുകയും ചെയ്തു. .... അകൽച്ച മൂർദ്ധന്യത്തിലെത്തിയപ്പോൾ റവ. പീറ്റ് ചെപ്പേടുകളും റിക്കാർഡുകളും പുസ്തകങ്ങളും പഴയസെമിനാരിയിൽ നിന്ന് എടുത്തുകൊണ്ടുപോയി. ..." (ഓർത്തഡോക്സ് സെമിനാരി 175 -ാം വാർഷിക സുവനീർ, 1990, പു. 37). ഒടുവിലത്തെ സംഗതിയെപ്പറ്റി ഫാ. കെ. ഡേവിഡ് നൽകുന്ന വിവരണം ഇപ്രകാരമാണ്: "ഒരു ഓശാന ഞായറാഴ്ച മെത്രാപ്പോലീത്താ കോട്ടയം ചെറിയപള്ളിയിൽ ശുശ്രൂഷ നടത്തിക്കൊണ്ടിരിക്കുമ്പോൾ പീറ്റ് സായിപ്പ് പഴയസെമിനാരിയിൽ മെത്രാപ്പോലീത്തായുടെയും സായിപ്പിന്റെയും കൂട്ടു കൈവശമായിരുന്ന ബെസ്ഗാസാ മുറി കുത്തിത്തുറന്ന് റിക്കാർഡുകൾ, പുസ്തകങ്ങൾ, ചെപ്പേടുകൾ ആദിയായ സാധനങ്ങൾ എടുത്തുകൊണ്ട് കടന്നുകളഞ്ഞു" (പു. 85). മലങ്കരസഭയെ ബോധവത്കരിച്ച് നവീകരണം ആവശ്യമെങ്കിൽ സഭയുടെ നേതൃത്വത്തിൽ അവ ചെയ്യുന്നതിന് സുറിയാനിക്കാരെ സഹായിക്കാൻ എന്ന ഭാവത്തിൽ ക്ലോഡിയസ് ബുക്കാനൻ തൊട്ട് ഇവിടെ വന്നിരുന്ന എല്ലാ മിഷണറിമാരുടെയും ഉദ്ദേശ്യശുദ്ധിയിൽ കളങ്കമാരോപിക്കുവാൻ ഈദൃശ സംഗതികൾ ഇടയാക്കി. ഇതോടെ അവർ പറയുന്ന ന്യായമായ പ്രസക്ത കാര്യങ്ങൾപോലും പരിഗണിക്കാനാവാത്ത മാനസിക കാലാവസ്ഥയിലേക്ക് മലങ്കരസഭ എത്തിച്ചേർന്നു. തങ്ങളുടെ കാഴ്ചപ്പാടിൽ മലങ്കരസഭയെ നവീകരിക്കും എന്ന് മിഷണറിമാരും മിഷണറിമാരെ ബഹിഷ്കരിക്കുമെന്ന്

മലങ്കരസഭാ നേതൃത്വവും തീരുമാനത്തിലെത്തിയതങ്ങനെയാണ്.

പ്രോട്ടസ്റ്റന്റ് സഭയുടെ തലവനായ കാന്റർബറി ആർച്ച് ബിഷപ്പിന്റെ കീഴിൽ ഹൈ ചർച്ച്, ലോ ചർച്ച് എന്നീ രണ്ടു വിഭാഗങ്ങൾ ഉണ്ട്. ഹൈ ചർച്ച് വിഭാഗത്തിന് പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥതയും മരിച്ചുപോയവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയും സ്വീകാര്യമാണ്. കേരളത്തിൽ വന്ന ലോ ചർച്ച് വിഭാഗം അവരുടെ മാതൃഭൂമിയിൽ ഹൈ ചർച്ചുകാരെ അംഗീകരിക്കുന്നതിന് സമാന്തരമായി മലങ്കരസഭയിലെ വിശ്വാസാചാരാനുഷ്ഠാനങ്ങളെ പരിഗണിച്ചിരുന്നുവെങ്കിൽ പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നു. ഹൈ ചർച്ച് വിഭാഗം ഇന്നും ഈ വിശ്വാസാനുഷ്ഠാനങ്ങൾ റദ്ദാക്കിയിട്ടില്ല.

സുറിയാനിസഭയുടെ ഓരോ ആരാധനയിലും നടത്തുന്ന പ്രുമിയോൻ – സെദ്റാകൾ കിഴക്കോട്ട് തിരിഞ്ഞു നടത്തുന്ന പ്രഭാഷണങ്ങൾ തന്നെയാണ്. അത് തിരിച്ചറിയുവാൻ മിഷണറിമാർക്ക് കഴിഞ്ഞില്ല. ആരാധനയിൽ പ്രഭാഷണവും പ്രബോധനവും പാലും വെള്ളവുമെന്ന പോലെ – നീരക്ഷീരന്യായേന – അലിയിച്ചുചേർക്കുന്ന പാരമ്പര്യം അവരെ പരിചയപ്പെടുത്തി കൊടുക്കുന്നതിൽ സഭാനേതൃത്വവും പരാജയപ്പെട്ടു. ആരാധനാക്രമങ്ങൾ സുറിയാനിയിൽ നടത്തുവാനുള്ള കഴിവ് വൈദികരിൽ കുറഞ്ഞുകൊണ്ടേ ഇരുന്നുവെങ്കിലും അത് സമ്മതിക്കുവാൻ ദുരഭിമാനം അവരെ അനുവദിച്ചില്ല. മലയാളത്തിലെ പ്രാർത്ഥനകൾ സുറിയാനി ലിപിയിൽ എഴുതിവായിക്കുന്ന കൃത്രിമഗൗരവം ദീക്ഷിക്കുവാനും അവർ ധൈര്യപ്പെട്ടു. മലയാളം സുറിയാനി ലിപിയിലെഴുതി – കർസോനി എന്ന് ഈ ഭാഷാസങ്കേതം അറിയപ്പെടുന്നു – ആരാധനയുടെ ഗാംഭീര്യം നിലനിർത്തുന്നത് അക്കാലങ്ങളിൽ ഒരു പതിവായിരുന്നു. സുറിയാനിയോടുള്ള വിധേയത്വം അത്രമേൽ ശക്തമായിരുന്നു. മുക്കിയും മൂളിയും സുറിയാനി പ്രാർത്ഥനകൾ തത്സമയ വിവർത്തനം നടത്തുന്നവരും അന്നുണ്ടായിരുന്നു. ഒരു മേശയ്ക്കു ചുറ്റുമിരുന്ന് ചർച്ച ചെയ്താൽ പരിഹരിക്കാവുന്ന പലതും ബിഷപ്പ് വിത്സന്റെ നിർദ്ദേശങ്ങളിൽ ഉണ്ടായിരുന്നുവെങ്കിലും ഇരു വിഭാഗവും തമ്മിലുള്ള റാപ്പോട്ടു (Rapport) നഷ്ടപ്പെട്ടിരുന്നതിനാൽ അത്തരം ശ്രമങ്ങൾ രണ്ടു ഭാഗത്തുനിന്നും ഉണ്ടായില്ല. വിഭവവും പാത്രവും ഒരുപോലെ ശുദ്ധമായിരിക്കണം. പാത്രം അശുദ്ധമെങ്കിൽ അതിൽ വിളമ്പിയ വിഭവം ശുദ്ധമായിരുന്നാൽപ്പോലും അസ്വീകാര്യമാവാനിടയുണ്ട്. അതാണ് മാവേലിക്കര സുന്നഹദോസിനെ നയിച്ച പ്രബലമായ വികാരം.

### മാവേലിക്കര പടിയോല

ചേപ്പാട്ട് മാർ പീലക്സീനോസ് അദ്ധ്യക്ഷത വഹിച്ചു. കുത്തൂർ കൂറിലോസ് സഹകരിച്ചു. മാവേലിക്കരയിലെ പൂർണ്ണ സുന്നഹദോസ് താഴെ

വിവരിക്കുന്നപ്രകാരം തീരുമാനങ്ങൾ സ്വീകരിച്ചു. അതാണ് മാവേലിക്കര പടിയോല.

'ബാവായും പുത്രനും റൂഹാദ്കുദിശായുമായ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാന്റെ തിരുനാമത്താലെ, പള്ളികൾ ഒക്കെയുടേയും മാതാവായ അന്ത്യോഖ്യായുടെ പത്രോസിനടുത്ത സിംഹാസനത്തിൽ മുഷ്ക്കരപ്പെട്ടിരിക്കുന്ന, ബാവാമാരുടെ ബാവായും തലവന്മാരുടെ തലവനുമായ മാർ ഇഗ്നാത്തിയോസിന്റെ കൈവാഴ്ചകീഴിൽ മലങ്കര യാക്കോബായ സുറിയാനിപ്പള്ളി ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും അനന്തിരവൻ കൂറിലോസ് മെത്രാപ്പോലീത്തായും തങ്ങളുടെ വിചാരത്തിൽപ്പെട്ട അങ്കമാലി മുതലായ പള്ളികളുടെ വികാരിമാരും പട്ടക്കാരും ജനങ്ങളും കൂടി മശിഹാകാലം 1836 ക്ക് ചെന്ന കൊല്ലം 1011–ാമാണ്ട് മകര മാസം 5–ാം തീയതി തമ്പുരാനെപ്പെറ്റ കന്യാസ്ത്രീ അമ്മയുടെ നാമത്തിലുള്ള മാവേലിക്കര പള്ളിയിൽ വച്ച് നിശ്ചയിച്ച് എഴുതിവച്ച പടിയോല.

കൽക്കത്തായിൽ ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന ലോർഡ് ബിഷപ്പ് ദാനിയേൽ സായിപ്പവർകൾ കഴിഞ്ഞ വൃശ്ചിക മാസത്തിൽ കോട്ടയത്തു വന്ന് മെത്രാപ്പോലീത്തായുമായി കണ്ടശേഷം നമ്മുടെ സുറിയാനിപ്പള്ളികളിൽ നടന്ന് വരുന്ന കുർബ്ബാന, നമസ്കാരം മുതലായ പള്ളിക്രമങ്ങളിലും ചട്ടങ്ങളിലും ചില വ്യത്യാസങ്ങൾ വരുത്തി നടത്തണമെന്നും പറഞ്ഞാറെ എല്ലാ പള്ളിക്കാരുമായി വിചാരിച്ച് നിശ്ചയിച്ച് ബോധിപ്പിച്ച് കൊള്ളാമെന്നും പറഞ്ഞ സംഗതിക്ക്.

യാക്കോബായ സുറിയാനിക്കാരായ നാം അന്ത്യോഖ്യായുടെ പാത്രിയാർക്കീസിന്റെ വാഴ്ച കീഴുൾപ്പെട്ടവരും അദ്ദേഹത്തിന്റെ കല്പനയാൽ അയക്കപ്പെട്ട മേല്പട്ടക്കാരാൽ നടത്തപ്പെട്ടിരിക്കുന്ന പള്ളിക്രമങ്ങളും ചട്ടങ്ങളും നടന്ന് വരുന്നതുമാകയാൽ ആയതിന് യാതൊരു വ്യത്യാസമെങ്കിലും വരുത്തി നമ്മുടെ പള്ളികളിൽ നടക്കയും അവരവരുടെ പാത്രിയർക്കീസന്മാരുടെ അനുവാദം കൂടാതെ ഒരു മതക്കാരുടെ പള്ളിയിൽ വേറൊരു മതക്കാർ അർപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് ഒരുത്തർക്കും അധികാരമില്ലായ്കയാൽ, ആയതിൻവണ്ണം നടത്തിക്കുകയും ചെയ്യുന്നതിന് പാടില്ലാത്തതാകുന്നു. നമ്മുടെ പള്ളികൾ പാത്രിയർക്കീസിന്റെ കല്പനയാൽ അയക്കപ്പെട്ടിരിക്കുന്ന മേൽപ്പട്ടക്കാരുടെ സഹായത്താലും അതത് ഇടവകയിലുള്ള ജനങ്ങളുടെ മനസ്സാലും പണിയപ്പെട്ട് അവരുടെ വസ്തുക്കളാൽ അലങ്കരിക്കപ്പെട്ട് ആണ്ടുതോറും കാണിക്ക, വഴിപാട് മുതലായിട്ടുണ്ടാകുന്ന നടവരവുകൾ എന്നിവകളാൽ നടന്നുവരുന്നവയാകുന്നു. അന്ത്യോഖ്യയിലുള്ള പള്ളികളിലും ഇവിടെയും മറ്റു ദിക്കുകളിലുമുള്ള പള്ളികളിലും നടന്ന്വരുന്ന പ്രകാരം, നമ്മുടെ പള്ളികളുടെ കണക്കു നമ്മുടെ മേല്പട്ടക്കാരെ കേൾപ്പിക്കത്തക്കവണ്ണം ശട്ടം കെട്ടി

നടന്നുവരുന്നതിൻവണ്ണം അല്ലാതെ വ്യത്യാസമായിട്ട് നടക്കുന്നതിനും നടത്തുന്നതിനും നമുക്ക് അധികാരവും സമ്മതവും ഇല്ല.

കൊല്ലം 983 -ാമാണ്ട് കാലം ചെയ്ത വന്ദ്യ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോട് ബഹു. കേണൽ മെക്കാളെ സായിപ്പവർകൾ മൂവായിരം പൂവരാഹൻ കടം വാങ്ങി കടം മുറി എഴുതിയതും കൊടുത്തു പലിശ പറ്റി വന്ന വകയിൽ മുടങ്ങിക്കിടന്ന വട്ടിപ്പണം 992 -ാം ആണ്ട് കാലം ചെയ്ത മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഏറ്റവും ബഹു. കേണൽ മൺറോ സായിപ്പവർകളെ ബോധിപ്പിച്ച് കോട്ടയത്തു സിമ്മനാരി പണിയിച്ച് മുൻ അന്ത്യോഖ്യായിൽ നിന്നു വന്നിരുന്ന മേല്പട്ടക്കാർ കൊണ്ടുവന്നിരുന്ന വസ്തുക്കളും പാലമറ്റത്തറവാട്ടിൽ കഴിഞ്ഞ മേൽപ്പട്ടക്കാരുടെ വസ്തുവകകളും സെമിനാരിയിൽ വരുത്തി. ആ വകയിലും ഏതാനും ദ്രവ്യവും സുറിയാനി പൈതങ്ങൾക്കു വേണ്ടി ധർമ്മമായിട്ട് തമ്പുരാൻ തിരുമനസ്സു കൊണ്ട് കല്പിച്ചുതന്ന രൂപായും (കാണംവക) കൊണ്ട്, പഠിച്ചുവരുന്ന പൈതങ്ങളുടെ ചെലവ് കഴിക്കയും, അവരുടെ ധാരാളമായ കൃപകൾ കൊണ്ടു തന്നെ കോട്ടയത്ത് വന്നിരിക്കുന്ന ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന മിഷനറി സായിപ്പന്മാരവർകൾ, ഈ സെമിനാരിയിൽ ഇംഗ്ലീഷ് മുതലായ ഭാഷകൾ പഠിപ്പിച്ച് കൃപയുള്ള പിതാക്കന്മാരെപ്പോലെ നമ്മുടെ പൈതങ്ങളെ രക്ഷിക്കുകയും സകല ജാതിക്കാർക്കും ഉപകാരത്തിനായിട്ട് പുസ്തകങ്ങൾ അച്ചടിപ്പിക്കുകയും നമ്മുടെ പള്ളികൾ നടന്നുവരുന്ന സുറിയാനി മര്യാദ പോലെ നടക്കുന്നതിന് സായിപ്പന്മാരവർകൾ വേണ്ടുന്ന ഒത്താശകൾ ചെയ്യുകയും ആണ്ടുതോറും വരുവാനുള്ള വട്ടിപ്പണം മെത്രാപ്പോലീത്താ പറ്റുശീട്ടെഴുതിക്കൊടുത്തു വാങ്ങിച്ച് സെമിനാരിയിൽ ഉൾപ്പെട്ട കാര്യങ്ങൾ വിചാരിക്കുകയും ജനങ്ങളുടെ അപേക്ഷപ്രകാരവും മേല്പട്ടക്കാരുടെ കർത്തവ്യപ്രകാരവും പട്ടംകൊടുക്കുകയും ചെയ്തുവരുമ്പോൾ, മെത്രാപ്പോലീത്തായെ ബോധിപ്പിക്കാതെ, സെമിനാരിയിൽപ്പെട്ട കാര്യങ്ങൾ നടത്തുകയും മെത്രാപ്പോലീത്തായുടെ പറ്റുശീട്ടിൻ പ്രകാരം വാങ്ങിക്കുന്ന വട്ടിപ്പണം സായിപ്പന്മാർ തന്നെ ചെലവിടുകയും, പഠിച്ച് പാർത്തിരുന്ന ശെമ്മാശന്മാരെ സിമ്മനാരിയിൽ നിന്ന് പിരിച്ച് അയക്കുകയും നമ്മുടെ വക മര്യാദയ്ക്ക് വിരോധമായിട്ട് വിചാരിക്കുകയും തമ്മിൽ ഛിദ്രങ്ങളെ ഉണ്ടാക്കുകയും ചെയ്തുവരുന്നതു ഏറ്റവും സങ്കടകരവും ബുദ്ധിമുട്ടും ആയിത്തീർന്നിരിക്കുന്നതിനാലെ, എന്നേക്കും ഭാഗ്യം നിറയപ്പെട്ടവളും ശുദ്ധമാക്കപ്പെട്ടവളും വാഴ്ത്തപ്പെട്ടവളും ആവലാതി ഒക്കെയിൽ നിന്നും തണുപ്പിക്കുന്നവളുമായ തമ്പുരാനെപ്പെറ്റ അമ്മയുടെ നമസ്കാരത്താലെയും ശുദ്ധമാകപ്പെട്ടവരുടെ നമസ്കാരങ്ങളാലെയും നാം രക്ഷപ്പെടേണ്ടതിന് സ്തുതിചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനിക്കാരുടെ പഠിത്തത്തിലും ക്രമവിശ്വാസത്തിലുമല്ലാതെ വേറെ യാതൊരു പഠിത്തവും ക്രമവിശ്വാസവും നമ്മൾ അനുസരിച്ചുകൊള്ളു

ന്നില്ല. ഇവ മേൽ ബാവായും പുത്രനും റൂഹാദ്കുദിശായും സാക്ഷ്യം. ആമ്മീൻ' (ഓർത്തഡോക്സ് സെമിനാരി 175 -ാം വാർഷിക സുവനീർ, 1990, പുറം 39-41).

മൂന്നു കാര്യങ്ങൾ വിശദമാക്കുവാൻ പടിയോല ശ്രമിച്ചു.

1. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുമതി കൂടാതെ ഒരു പരിഷ് കാരവും സ്വീകരിക്കാൻ അനുവാദമില്ല.

2. വട്ടിപ്പണം മെത്രാപ്പോലീത്തായുടെ അധികാരത്തിൽപ്പെട്ട വരുമാന മാണ്. അതിന്റെ വിനിയോഗത്തിൽ മറ്റാർക്കും അവകാശമില്ല.

3. മെത്രാപ്പോലീത്തായെ അവഗണിച്ച് സ്വയമായി സെമിനാരിയിലെ വരവ് ചെലവുകൾ കൈകാര്യം ചെയ്യുക, ശെമ്മാശന്മാരെ പിരിച്ചുവിടുക തുടങ്ങി സ്വേച്ഛാപരമായി മിഷണറിമാർ സ്വീകരിക്കുന്ന നടപടികളിൽ ദുഃഖം രേഖപ്പെടുത്തുന്നു.

മലങ്കരസഭയിൽ അനധികൃതമായി മിഷണറിമാർ ദുഃസ്വാതന്ത്ര്യം കാണിക്കുന്നതിനെപ്പറ്റി സമകാല രേഖകൾ ലഭ്യമാണ്.

ഒരു ഫിലിപ്പ് കത്തനാരെ ശിക്ഷിപ്പിക്കുവാൻ മെത്രാപ്പോലീത്തായുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതിന്റെ വ്യക്തമായ സൂചനകൾ 1818 മെയ് 23 -ന് മൺറോ എഴുതിയ കത്തിലുണ്ട് (പി. ചെറിയാൻ, പു. 365).

മെത്രാനെ തെരഞ്ഞെടുക്കുന്നതിലും മിഷണറിമാർ കൈ കട ത്തിയതിന്റെ സൂചനകൾ കാണുന്നുണ്ട്: ".... തങ്ങളുടെ ഉദ്ദേശ്യങ്ങളോട് കടുതൽ ആനുകൂല്യങ്ങൾ ഉള്ളവരെന്ന് തോന്നിയ ഒരാളെ തെരഞ്ഞെടു ക്കണമെന്ന് മിഷണറിമാർ നിർബന്ധിക്കുകയും......" (ഇ. എം. ഫിലിപ്പ്, പു. 207).

1818-ൽ മാവേലിക്കര യോഗത്തിൽ പുന്നത്ര മെത്രാച്ചന്റെ ഇരുവശങ്ങളി ലുമായി ഫെന്നും ബെയിലിയും ഉപവിഷ്ടരായതും അവരുടെ ആവശ്യ പ്രകാരം വിശുദ്ധ ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ സഭയിലെ ആരാധ നാക്രമങ്ങളെ വിലയിരുത്തുവാൻ മെത്രാനോടൊപ്പം ചില വൈദികർ തെര ഞ്ഞെടുക്കപ്പെടണമെന്നും അതിൻപ്രകാരം സഭയെ നവീകരിക്കണമെന്ന് പ്രമേയം അവതരിപ്പിക്കപ്പെട്ടതായും ബിഷപ്പ് ബ്രൗൺ രേഖപ്പെടുത്തിയി ട്ടുണ്ട്" (പു. 136).

മിഷണറിമാർ മലങ്കരസഭയിലെ ദുഷിപ്പുകളായി ചിത്രീകരിച്ചിരുന്നവ ഇവയാണ്.

1. ഏഴു കൂദാശകളിലുള്ള വിശ്വാസം, 2. കന്യകമറിയാമ്മിനോടും പരി ശുദ്ധന്മാരോടും മദ്ധ്യസ്ഥത അർത്ഥിക്കുന്ന പാരമ്പര്യം, 3. മരിച്ചവർക്കു

വേണ്ടിയുള്ള പ്രാർത്ഥന, 4. വാഴ്ത്തപ്പെട്ട എണ്ണയുടെ ഉപയോഗം, 5. പട്ടക്കാരന്റെ മുമ്പാകെയുള്ള കുമ്പസാരം, 6. പട്ടക്കാരുടെ നിർബന്ധിത ബ്രഹ്മചര്യം, 7. വി. കുർബാന ബലിയാണെന്ന ഉപദേശം (പി. ചെറിയാൻ, പു. 117).

മാവേലിക്കര പടിയോലയിൽ രണ്ടു പ്രമാദങ്ങൾ ഉണ്ട്. 1. മലങ്കരസഭയുടെ മുൻകാല ചരിത്രത്തെപ്പറ്റിയുള്ള അജ്ഞത. 2. മലങ്കരസഭയും വിദേശസഭകളും തമ്മിലുള്ള ബന്ധങ്ങൾ, സഭയിൽ ആരാധനാക്രമങ്ങൾ നടപ്പാക്കിയതിന്റെ ചരിത്ര പശ്ചാത്തലം ഇവയെപ്പറ്റിയുള്ള അജ്ഞത.

ചരിത്രപരമായ കാരണങ്ങളാൽ ഉണ്ടായിട്ടുള്ള സകല വിദേശബന്ധങ്ങളെയും വിച്ഛേദിക്കുന്നതായി പ്രഖ്യാപിക്കുന്ന ആർത്താറ്റ് പടിയോലയും (1806) അന്ത്യോഖ്യൻ സഭയെപ്പറ്റിയോ മറ്റേതെങ്കിലും വിദേശ സഭയെപ്പറ്റിയോ യാതൊരു പരാമർശവും നടത്താത്ത കണ്ടനാട് പടിയോല (1809) യും കൈക്കൊണ്ട ദേശീയബോധത്തെ അറിയാത്ത ഒരു തലമുറയിലെ നേതൃത്വമാണ് മാവേലിക്കര പടിയോലയ്ക്ക് രൂപംനൽകിയത് എന്ന് നിരീക്ഷിക്കാതെ വയ്യ. സ്വന്തം സിംഹാസനത്തിന്റെ നിലനില്പിന്റെ തല്ക്കാല പ്രശ്നങ്ങളിൽ ശ്രദ്ധിക്കുവാനല്ലാതെ അടിസ്ഥാനപരമായ സഭാ പൈതൃകത്തിന്റെ അഭിമാനപൂർണ്ണമായ ചൈതന്യധാരയിലേക്ക് സഭയെ പരിശീലിപ്പിക്കുവാനും വളർത്തുവാനും സഭാനേതൃത്വം എക്കാലവും പ്രദർശിപ്പിച്ച് പോരുന്ന അനാസ്ഥയുടെയും അജാഗ്രതയുടെയും ചിത്രമാണ് ചേപ്പാട്ട് മെത്രാച്ചനും കുത്തൂർ മെത്രാച്ചനും അനാവരണം ചെയ്യുന്നത്.

1825-ൽ പാത്രിയർക്കീസ് അയച്ച മാർ അത്താനാസ്യോസിനെതിരായി സർക്കാരിൽ പരാതി കൊടുത്ത് അദ്ദേഹത്തെ നാടുകടത്തിയ ചേപ്പാട്ട് മെത്രാച്ചൻ മലങ്കരസഭ പാത്രിയർക്കീസിന്റെ ഭരണത്തിൻകീഴിലാണെന്ന് 1836 ൽ പറയുന്നത് കൗതുകകരം തന്നെ. അലക്സാന്ത്രിയാ, പേർഷ്യാ, അന്ത്യോഖ്യാ എന്നീ സഭാ പാരമ്പര്യങ്ങൾ പൊതുവായി യാക്കോബായ എന്ന് വിശേഷിപ്പിക്കുന്ന പരിതഃസ്ഥിതിയാണ് മലങ്കരയിലെ യാക്കോബായ പാരമ്പര്യത്തെ അന്ത്യോഖ്യൻ എന്ന് മുദ്ര കുത്തുന്നതിന്റെ അനൗചിത്യവും മാവേലിക്കര പടിയോല ഗൗരവത്തിലെടുത്തിട്ടില്ല. മാവേലിക്കര സുന്നഹദോസിന്റെ സമീപനം വികാരപരമായിരുന്നു. പാലക്കുന്നത്തെ അബ്രഹാം മല്പാനെപ്പോലെയുള്ള പ്രഗത്ഭർ അതിനെ ബഹിഷ്കരിച്ചു. 'പഴഞ്ഞി ഇടവകക്കാരനും ഒരു കാശും കൈയിലില്ലാതെ മദ്രാസ് പട്ടണം വരെ സുവിശേഷം പ്രസംഗിച്ചവനും അസാധാരണ ധീരതയും ആത്മീയ ശുഷ്കാന്തിയും ഉള്ളവനുമായ കുരിയത് എന്ന സാധു ദീർഘയാത്ര ചെയ്ത് മാവേലിക്കര യോഗത്തിലെത്തി *സുവിശേഷത്തിന് വിരോധമായി വാതിൽ അടച്ച് കളയുന്നത് ഭയങ്കരമാണെന്ന് ഓർത്തുകൊള്ളണമെന്ന്* ശക്തിമത്തായ ഒരു ഭയനിർദ്ദേശം കൊടുത്തു (*മലങ്കരസഭയും നവീകരണവും*,

കെ. എൻ. ദാനിയേൽ, പു. 37).

മിഷണറി കാലഘട്ടത്തിലെ മലങ്കരസഭയെപ്പറ്റി ഫിലിപ്പ് ഇപ്രകാരം രേഖപ്പെടുത്തി: "മലങ്കരസഭ ആദ്യമായി പരിചയപ്പെട്ട പ്രോട്ടസ്റ്റന്റ് മിഷണറി 18-ാം ശതാബ്ദത്തിന്റെ ആരംഭഘട്ടത്തിൽ ഇവിടെ എത്തിയ വിഷർ എന്ന ഡച്ച് ചാപ്ലയിൻ ആയിരുന്നു. നാം സ്വീകരിച്ച ആദ്യത്തെ ആംഗ്ലിക്കൻ മിഷണറി മദ്രാസിലെ സിറിയൻ ചാപ്ലെൻ ആയ ഡോ. കേർ ആയിരുന്നു. മദ്രാസ് ഗവർണർ വില്യം ബെന്റിക്ക് പ്രഭുവിനാൽ അയക്കപ്പെട്ട അദ്ദേഹം തയ്യാറാക്കിയ റിപ്പോർട്ടിൽ, മലബാറിൽ സുറിയാനിക്കാർ, കത്തോലിക്കർ, ലത്തീൻകാർ എന്നിങ്ങനെ മൂന്നു വിഭാഗങ്ങൾ ഉള്ളതിൽ സുറിയാനിക്കാർ പാപ്പായുടെ സർവാധികാരത്തെ നിഷേധിക്കുന്നു എന്നും വസ്തുഭേദം സ്വീകരിച്ചിട്ടില്ലെന്നും സ്വരൂപങ്ങളെ ആരാധിക്കുന്നത് വിഗ്രഹാരാധനയും ബെസ്പുർക്കാന കഥയില്ലാത്ത വിശ്വാസമാണെന്നും കരുതുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. അന്ത്യകൂദാശ, വിവാഹം, സ്ഥിരീകരണം ഇവയെ സുറിയാനിക്കാർ കൂദാശകളായി ഗണിച്ചിട്ടില്ലത്രേ. നെസ്തോറിയരാണ് അവരെന്ന് പലരും കരുതുന്നെങ്കിലും അവർ അത്താനാസ്യോസിന്റെ വിശ്വാസപ്രമാണമാണുപയോഗിക്കുന്നത്. റിപ്പോർട്ടിലെ മറ്റു കാര്യങ്ങൾ ഇവയാണ്: സാന്മാർഗ്ഗികമായ എല്ലാ വിഷയങ്ങളിലും അവർ ഉയർന്നവരാണ്. സത്യസന്ധതയും തുറന്ന പെരുമാറ്റവും ഉള്ളവരാണ്. മതകാര്യങ്ങളിൽ ശ്രദ്ധയുള്ളവരും ആത്മീയവും ലൗകീകവും ആയ എല്ലാ കാര്യങ്ങളിലും പട്ടക്കാരെയും മേല്പട്ടക്കാരെയും അനുസരിക്കുന്നവരുമാകുന്നു. നായന്മാർ അവരെ ഏറ്റവും ബഹുമാനിക്കുന്നു. നായന്മാർ കഴിഞ്ഞാൽ അടുത്ത സ്ഥാനമാണ് തിരു - കൊച്ചി രാജാക്കന്മാർ അവർക്ക് നൽകിയിട്ടുള്ളത്. അവരുടെ സംഖ്യ 80,000 ത്തോളം വരും. ഇരു സഭകളും തമ്മിലുള്ള യോജിപ്പിന്റെ പ്രത്യാശ പ്രകടിപ്പിച്ചപ്പോൾ മെത്രാപ്പോലീത്താ സന്തുഷ്ടി പ്രകടിപ്പിച്ചതായും റിപ്പോർട്ടിലുണ്ട്. ഡോ. ബുക്കാനൻ ആണ് അടുത്ത ആൾ. അദ്ദേഹം എഴുതി: ഇംഗ്ലീഷുകാരുടെ പട്ടത്വത്തിന്റെ സാധുതയെപ്പറ്റി സംശയമുള്ളതായി മെത്രാന്റെ ചാപ്ലെൻ എന്നോട് പറഞ്ഞു. ഇംഗ്ലീഷുകാർ യുദ്ധശാലികളും ഒരു വലിയ ജാതിയും ആയിരിക്കാമെങ്കിലും അവരുടെ സഭ നിങ്ങളുടെ സമ്മതപ്രകാരം തന്നെ അടുത്തകാലത്ത് ഉത്ഭവിച്ചതാണല്ലോ. നിങ്ങൾക്ക് കൈവെപ്പ് എവിടെനിന്ന് കിട്ടി എന്നിപ്രകാരം സുറിയാനിക്കാർ ചോദിച്ചു. റോമ്മായിൽ നിന്ന് കിട്ടി എന്ന് മറുപടി പറഞ്ഞപ്പോൾ 'ഞങ്ങളുടെ പൂർവ്വ ശത്രുവും ഞങ്ങൾക്ക് ഒരിക്കലും യോജിക്കാൻ നിവൃത്തിയില്ലാത്തതുമായ ഒരു സഭയിൽ നിന്നാണല്ലോ നിങ്ങൾക്ക് കൈവെപ്പ് കിട്ടിയത്' എന്ന് അവർ മറുപടി പറഞ്ഞു. ക്രിസ്തുവിന്റെ നാമം വിളിക്കപ്പെടുന്ന എല്ലാ സഭയിലും രക്ഷയുണ്ടായിരിക്കുമെന്ന് അവർ സമ്മതിച്ചു. എന്നാൽ അവർ പുരാതനകാലം മുതൽ ഒരു നിർമ്മല ക്രിസ്തീയസഭയായി സ്ഥിതിചെയ്തിരുന്നുവെന്നും അപ്പോസ്തോലന്മാ

തിൽ നിന്ന് തുടർച്ചയായി കിട്ടുന്ന കൈവെപ്പ് മൂലമുള്ള ആചാര്യത്വം എന്ന ഒന്ന് ലോകത്തിൽ ഉണ്ടെങ്കിൽ ആയത് അവർ പരിപാലിച്ച് വരുന്നുവെന്ന് വിചാരിക്കേണ്ടതാണെന്നും അവരുടെ കൈവെപ്പിനെ ആക്ഷേപിക്കത്തക്ക ചരിത്രരേഖയോ ഐതിഹ്യമോ ഇല്ലെന്നും ഐക്യത്തെപ്പറ്റി ആലോചിക്കുമ്പോൾ നാം ഓർക്കേണ്ടതാണ്. മിഷണറിമാരുമായി ബന്ധപ്പെട്ട ആദ്യ അവസരത്തിൽത്തന്നെ ആറാം മാർത്തോമ്മാ വ്യക്തമാക്കി: 'തന്റെ സഭയുടെ അഭിമാനത്തിനോ വിശുദ്ധിയ്ക്കോ കുറവ് വരത്തക്ക യാതൊന്നും ചെയ്വാൻ തന്നോട് ആവശ്യപ്പെടരുത്.'

ഈ യോജിച്ചുള്ള പ്രവർത്തനത്തിന് നിയോഗിക്കപ്പെട്ട ആദ്യത്തെ മിഷണറി റവ. തോമസ് നോർട്ടൺ ആയിരുന്നു. പുലിക്കോട്ടിൽ മെത്രാച്ചൻ ധീരമായ നിലപാട് സ്വീകരിച്ചത് മൂലം അദ്ദേഹത്തിന് ആലപ്പുഴ താമസിക്കേണ്ടതായി വന്നു. പുന്നത്ര മെത്രാച്ചന്റെ കാലത്ത് 1817-ലാണ് ബെയിലിയും ഫെന്നും ബേക്കറും ഇവിടെയെത്തിയത്. ക്രമേണ ആദ്യ ലക്ഷ്യങ്ങളും സമീപനങ്ങളും വിസ്മൃതമായി. കർക്കശമായ നിലപാടിലേക്ക് നീങ്ങുവാൻ മിഷണറിമാർ ധൈര്യപ്പെട്ടു. ആദ്യകാലങ്ങളിൽ മിഷണറിമാരെ പിന്താങ്ങിപ്പോന്ന പുന്നത്ര മെത്രാച്ചന് ക്രമേണ കാര്യങ്ങൾ തന്റെ പിടിയിൽനിന്ന് വഴുതിപ്പോകുന്നതായി അനുഭവപ്പെട്ടു. ചേപ്പാട്ട് മെത്രാച്ചന്റെ കാലത്ത് മെത്രാച്ചൻ അനുവാദം നൽകാതിരുന്നിട്ടും മല്ലപ്പള്ളിയിൽ മിഷണറിമാരുടെ അനുവാദത്തോടെ ഒരു സമാന്തര ദേവാലയം പണിയപ്പെട്ടു" (ഫിലിപ്പ്, പു. 239-254).

മാവേലിക്കര സുന്നഹദോസ് കഴിഞ്ഞ ഉടൻ നാലു സുറിയാനി കത്തനാരന്മാരെ മിഷണറിമാർ തക്സാ പരിഷ്കരണത്തിനായി ശമ്പളം കൊടുത്ത് 'അരകുർബാന' എന്ന് പരിഹസിക്കപ്പെട്ട ഒരു വികൃതി (വികൃത) തക്സാ അങ്ങനെയാണുണ്ടായത്. ഓർത്തഡോക്സ് തക്സായിൽ മിഷണറിമാർ കണ്ടെത്തിയ അബദ്ധങ്ങൾ ഇവയാണ്:

1. വിശ്വാസികളായ മരിച്ചുപോയവർക്ക് വേണ്ടി നടത്തുന്ന പ്രാർത്ഥന (ഇതിൽ ബസ്പുർക്കാന ഉൾപ്പെടുന്നില്ല).

2. വി. കുർബാനയിൽ ദൈവസാന്നിദ്ധ്യം ഉണ്ടെന്നുള്ള വിശ്വാസം (വസ്തുഭേദം അക്ഷരാർത്ഥത്തിൽ സ്വീകരിക്കുന്നില്ല എന്ന് മാത്രം).

3. വി. കന്യകമറിയാമിനോടും പരിശുദ്ധന്മാരോടും 'ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ' എന്നു പ്രാർത്ഥിക്കുക.

4. വി. കുർബാന രക്തം കൂടാത്ത ബലിയാണ് എന്ന വിശ്വാസം.

5. കുർബാനയിലെ വാഴ്ത്തപ്പെട്ട അപ്പം വാഴ്ത്തപ്പെട്ട വീഞ്ഞിൽ മുക്കി അത്മായക്കാർക്ക് കൊടുക്കുന്നത്.

6. മാർ യാക്കോബ് അപ്പോസ്തോലന്റെ ഉപദേശം അനുസരിച്ച് പട്ടക്കാർ രോഗിയുടെ ആത്മശരീര സൗഖ്യത്തിന് തൈലം പൂശി പ്രാർത്ഥിക്കുന്നത്.

ഇപ്രകാരം പരിഷ്കരിക്കപ്പെട്ട തക്സാ ഉപയോഗിച്ച് കുർബ്ബാന അർപ്പിച്ചുവോ എന്ന് തീർച്ചയില്ല. ഏതായാലും ഒരു സഭാവിഭജനം അനിവാര്യമായി. 1836 ജനുവരി 19 ന് മിഷണറിമാർ യോഗം ചേർന്ന് മലങ്കരസഭയുമായുള്ള ബന്ധം വിച്ഛേദിക്കുന്നതായി പ്രമേയം പാസ്സാക്കി. "കാലം കടന്നുപോകുന്നു. ഒന്നും സംഭവിക്കുന്നില്ല. 20 വർഷത്തെ കഠിന പ്രയത്നത്തിന് ശേഷവും സുറിയാനിസഭ അതിന്റെ ആചാരാനുഷ്ഠാനങ്ങളിലോ അച്ചടക്ക കാര്യങ്ങളിലോ സ്വല്പമെങ്കിലും ഭേദഗതി വരുത്തുവാൻ സന്നദ്ധമാവുന്നില്ല. ഒരു മിഷണറി ചൈതന്യം സഭയിൽ കാണപ്പെടുന്നില്ല. ... " ഇതാണ് മിഷണറിമാരുടെ അവലോകനം (ഹണ്ട്, പു. 86–88).

ഏറെ വൈകാതെ ഇരു കൂട്ടരുടെയും കൂട്ടുത്തരവാദിത്തത്തിലുള്ള സ്വത്തുക്കൾ വിഭജിക്കുവാൻ ബാരൻ ഡി അൽ ബിഡൻ, ജോൺ സിപ്പിയോ വെർണീഡ, വില്യം ഹെന്റി ഹോഴ്സിലി എന്ന് മൂന്ന് യൂറോപ്യന്മാർ അടങ്ങിയ ഒരു കമ്മിറ്റി ഉണ്ടായി. കമ്മറ്റി തീരുമാനം 1840-ലെ കൊച്ചിൻ അവാർഡ് എന്ന് അറിയപ്പെടുന്നു.

അതിന്റെ സംഗ്രഹം ഇപ്രകാരം (പൂർണ്ണരൂപം *മലങ്കരസഭ: ചരിത്രവും സംസ്കാരവും* എന്ന ഗ്രന്ഥത്തിൽ 556–570 പുറങ്ങളിൽ കാണാം).

1. മൂവായിരം പൂവരാഹന്റെ പലിശ സുറിയാനി സമുദായത്തിന് അവകാശപ്പെട്ടതാണ്. മെത്രാപ്പോലീത്തായും തെരഞ്ഞെടുക്കപ്പെട്ട ഒരു വൈദികനും അയ്മേനിയും ചേർന്നു അത് സ്വീകരിക്കുക.

2. 8000 രൂപ 1816-ൽ തിരുവിതാംകൂർ സർക്കാർ ദാനമായി നൽകിയത് വേദപുസ്തക പരിഭാഷ, വേദവ്യാഖ്യാനങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുവാൻ മെത്രാപ്പോലീത്താ - വൈദിക - അത്മായ ട്രസ്റ്റിമാർ കൈവശം വയ്ക്കുകയും വാർഷിക കണക്ക് സർക്കാരിലേയ്ക്ക് ബോധിപ്പിക്കേണ്ടതും ആകുന്നു.

3. 1818-ൽ തിരുവിതാംകൂർ സർക്കാർ ദാനമായി നൽകിയ 20,000 രൂപ ചർച്ച് മിഷൻ സൊസൈറ്റിയുടെ ചുമതലയിലായിരിക്കും.

4. യൂറോപ്പിൽനിന്ന് കിട്ടിയ 14035 രൂപായും ചില്ലറയും മിഷൻ സൊസൈറ്റിക്കു നൽകുന്നു.

5. കടമറ്റം നിലവും അതിന്റെ മുതലും മെത്രാന് നൽകുന്നു.

6. സെമിനാരിസ്ഥലം മെത്രാൻ - വൈദിക - അത്മായ ട്രസ്റ്റികൾ കൈവശം ഇരിക്കണം.

7. കോട്ടയം സെമിനാരി മെത്രാൻ - വൈദിക - അത്മായ ട്രസ്റ്റിലെ കൈവശം ഇരിക്കുന്നു.

8. സെമിനാരിയോട് ചേർന്ന പള്ളി സുറിയാനിക്കാർക്ക് നൽകുന്നു. അതിന് മുടക്കിയ 500 രൂപ മിഷണറിമാർക്ക് നൽകുന്നു.

9. സെമിനാരിയോട് ചേർന്ന ഊട്ടുപുരയും നെൽപ്പുരയും മെത്രാൻ - വൈദിക - അത്മായ ട്രസ്റ്റികൾക്കിരിക്കണം.

10. ആഭരണങ്ങൾ വിറ്റ 4139 രൂപ 3 പൈസാ മെത്രാന്റെ ചുമതലയിലിരിക്കണം.

11. മൺറോ തുരുത്ത് (കല്ലട സ്ഥലം) ചർച്ച് മിഷൻ സൊസൈറ്റിക്ക് ഇരിക്കണം.

12. വട്ടിപ്പണപ്പലിശ 1835, 36, 37 കൊല്ലങ്ങളിലെ പലിശ 2520 രൂപ സെമിനാരി കണക്കിൽ ചേർക്കണം.

13. ഗവൺമെന്റ് കമ്മീഷണർ എത്തിയശേഷം വട്ടിപ്പണപ്പലിശയും സെമിനാരി കണക്കിൽ ചേർക്കണം.

14. ഫെൻ സെമിനാരിക്ക് നൽകിയ 1000 രൂപ ദാനം പള്ളി പണിക്കു ചെലവിട്ടു. അതിന്റെ അവകാശം കൈവശക്കാർക്കിരിക്കണം.

15. പണിക്കാരുടെ ശമ്പളം സെമിനാരിയിൽനിന്ന് കൊടുക്കണം (2279 രൂപ 3 അണ 11 പൈസ).

16. സർക്കാർ ദാനം 1000 രൂപാ സെമിനാരിക്ക് ഇരിക്കണം.

ഖജനാവിലെ ഇരിപ്പുതുകയിൽ 6088 രൂപാ 15 അണ 5 പൈസാ മെത്രാനും 9156 രൂപ 7 പൈസ സൊസൈറ്റിക്കും നൽകണം.

17. ചെപ്പേടുകളും സ്ഥാനപ്പട്ടയങ്ങളും മെത്രാപ്പോലീത്തായ്ക്കിരിക്കണം.

1840 ഏപ്രിൽ 4 ന് കൊച്ചിയിൽ വച്ച് തീർപ്പ് ചെയ്തത്. ഈ രേഖ ഇട്ടൂപ്പ് റൈട്ടറുടെ പുസ്തകത്തിലും (പു. 232 - 245) കാണാം.

സ്വത്തു വിഭജന കമ്മറ്റിയിൽ ഒരു മലയാളി പോലും ഉണ്ടായിരുന്നില്ല. മെത്രാപ്പോലീത്തായുടെ അധികാരം പരിമിതപ്പെടുത്തുവാൻ വൈദിക - അത്മായ ട്രസ്റ്റി സ്ഥാനങ്ങളെ കൊച്ചിൻ അവാർഡ് വിഭാവനം ചെയ്തു.

കമ്മിറ്റിയുടെ തീരുമാനത്തിൽ അസംതൃപ്തനായ മലങ്കര മെത്രാപ്പോലീത്താ പഞ്ചായത്ത് തീർപ്പിന്മേൽ അപ്പീൽ ബോധിപ്പിച്ചെങ്കിലും അതിന് യാതൊരു പരിഗണനയും ലഭിച്ചില്ല. മിഷണറിമാരുമായുണ്ടായ സമ്പർക്കം സൃഷ്ടിച്ച ഗുണദോഷങ്ങളെ മാർ ബർന്നബാസ് മെത്രാച്ചൻ ഇപ്രകാരം അവലോകനം ചെയ്തിട്ടുണ്ട് (സെമിനാരി സുവനീർ, 1990,

പു. 43-48): "ഗുണങ്ങൾ: 1. മലയാളത്തിൽ വേദപുസ്തകം ലഭിച്ചു. 2. ആരാധന മാതൃഭാഷയിലായി. 3. പ്രസംഗം സാധാരണമായി. 4. വൈദികസെമിനാരിയുണ്ടായി. 5. സ്കൂളുകളും സണ്ടേസ്കൂളും ഉണ്ടായി. 6. സുവിശേഷവേലയ്ക്ക് പ്രചോദനം ഉണ്ടായി. 7. കണക്കു പരിശോധനയുടെ ആവശ്യം ബോദ്ധ്യമായി. ദോഷങ്ങൾ: 1. സഭയുടെ വിശ്വാസാചാരങ്ങൾക്കെതിരെ പ്രസംഗിച്ചു. 2. ആരാധനയിൽ കേന്ദ്രീകൃതമായ ജീവിതത്തെ വേദപുസ്തകത്തിൽ കേന്ദ്രീകൃതമാക്കി. 3. ജനത്തെ ഭിന്നിപ്പിച്ചു. 4. പാത്രിയർക്കീസ് ആത്മീയ മേലധികാരിയാണെന്ന് പരോക്ഷമായി രേഖയുണ്ടാക്കുവാൻ കാരണമായി."

പല പുരാതന ഇടവകകളിലും മിഷണറിമാരോട് അനുഭാവമുള്ള സമാന്തര ഇടവകകൾ ഉടലെടുത്തു. മാർ ദീവന്നാസ്യോസിനെതിരായി മിഷണറിമാർ ചില നടപടികൾ പരോക്ഷമായി സ്വീകരിച്ചതായി ഫിലിപ്പ് പ്രസ്താവിക്കുന്നുണ്ട്. മലങ്കരസഭയുടെ ഭരണപരമായ ചില വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ടി വന്ന സഭാദ്ധ്യക്ഷനെ സർക്കാരിന്മേൽ രാഷ്ട്രീയ സമ്മർദ്ദം ചെലുത്തി ബന്ധനസ്ഥനാക്കുവാനും മറ്റും റസിഡന്റിനെ മിഷണറിമാർ സ്വാധീനിച്ചുവത്രേ (ഫിലിപ്പ്, 216-219). "മിഷണറിമാരെയുള്ള ഭയം നിമിത്തം അദ്ദേഹത്തിന് സ്വാതന്ത്ര്യമായി ഭരണം നടത്തുവാൻ നിവൃത്തിയില്ലായിരുന്നു. അദ്ദേഹത്തോട് വല്ല നീരസത്തിനും കാരണമുണ്ടായാൽ അവർ ഉടൻ ശക്തന്മാരായ മിഷണറിമാരുടെ അടുക്കൽ എത്തി സഹായം ചോദിക്കുകയും അവർക്ക് സഹായം ലഭിക്കുകയും ചെയ്തിരുന്നു. പണമില്ലായ്കയാൽ സെമിനാരിയിലെ പഠിത്തം നിന്നുപോയി. ട്രസ്റ്റ് മുതലിൽ സുറിയാനിക്കാരുടെ വീതമായി പഞ്ചായത്ത് കോടതിയിൽ നിശ്ചയിച്ചനുവദിച്ച ആ തുച്ഛമായ സംഖ്യ കൊടുക്കാമെന്ന് റസിഡണ്ട് പറഞ്ഞു. എന്നാൽ അനീതിയായ തീരുമാനമാകയാൽ അദ്ദേഹം ആ മുതലിനെ തൊടുവാൻ മനസ് വക്കാതെ മദ്രാസ് ഗവൺമെന്റിലേക്കും ഇംഗ്ലണ്ടിലെ കോർട്ട് ഓഫ് ഡയറക്ടേഴ്സിനും വൃഥാ ഹർജികൾ അയച്ചുകൊണ്ടിരുന്നു" (ഫിലിപ്പ്, പു. 218).

മഹാനായ സഭാജ്യോതിസ് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായെയും പ്രതിഭാശാലിയായ റവ. ഡോ. ക്ലോഡിയസ് ബുക്കാനനെയും ആഴത്തിൽ മനസ്സിലാക്കുവാനും അനുകരിക്കുവാനും കഴിയാതെപോയ ഇരുഭാഗത്തുമുള്ള അനന്തരഗാമികൾക്ക് നേരിട്ട അനിവാര്യമായ പരാജയം എന്നേ ഈ സംഭവവികാസങ്ങളെ ഒറ്റ വാക്യത്തിൽ വിലയിരുത്തുവാൻ കഴിയുന്നുള്ളൂ.

മാവേലിക്കര പടിയോലയിൽ അന്ത്യോഖ്യൻ അധീശത്വത്തെ പരോക്ഷമായി സമ്മതിച്ചതിനെപ്പറ്റി മാർ ബർന്നബാസും മറ്റും പറഞ്ഞിട്ടുള്ളത് ചരിത്രം വേണ്ടതുപോലെ പരിശോധിക്കാതെയാണ്.

1812 മേടം 20 ന് നിരണം പള്ളിയിൽ നിന്ന് 8-ാം മാർത്തോമ്മാ കേണൽ മൺറോയ്ക്ക് രേഖാമൂലം നൽകിയ ഒരു മറുപടിയിൽ 'മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ വാഴ്ചക്കീഴ്, മലങ്കര ഇടവകയുടെ മാർത്തോമ്മാ മെത്രാൻ' എന്നും 'അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ മുഷ്കരത്തത്തിൻകീഴിൽ അത്രേ മലയാളത്തിലെ ചട്ടവട്ടങ്ങൾ പ്രമാണിച്ച് നടന്നിരിക്കുന്നത്' എന്നും മറ്റും എഴുതിയിട്ടുണ്ട് (ഇട്ടൂപ്പ്, പു. 195. *മലങ്കരസഭ: ചരിത്രവും സംസ്കാരവും*, പു. 457-465). എല്ലാവരും അന്ത്യോഖ്യായെ മറപിടിച്ചിരുന്നത് തല്ക്കാല ആവശ്യത്തിനുള്ള തന്ത്രം എന്ന നിലയിൽ മാത്രമായിരുന്നു. പകലോമറ്റം തറവാട്ടിൽ മെത്രാൻ സ്ഥാനം നിലനിർത്തുവാൻ 1812-ൽ 8-ാം മാർത്തോമ്മാ ആ തന്ത്രം ഉപയോഗിച്ചു. മാവേലിക്കര സുന്നഹദോസിൽ മിഷണറിമാരെ തള്ളിപ്പറയുവാൻ 1836-ൽ ആ മറ ഉപയോഗിച്ചു. 1876-ൽ നവീകരണക്കാരെ പുറന്തള്ളുവാൻ മുളന്തുരുത്തിയിൽ തീരുമാനമെടുത്തപ്പോഴും ആ മറ തന്നെയാണ് മലങ്കര സഭ ഉപയോഗിച്ചത്. ഇതിലുമപ്പുറം ആ ബന്ധത്തിന്റെ ചരിത്രപരമായ സാംഗത്യം ആരെങ്കിലും അന്വേഷിച്ചതായി ചരിത്രത്തിൽ തെളിവുകളില്ല.

1599-ലെ ഉദയംപേരൂർ സുന്നഹദോസ് മലങ്കരസഭയിൽ ആദ്യത്തെ ഭിന്നത സൃഷ്ടിച്ചപ്പോൾ തന്നെ കേരളത്തിലെ സഹോദര സമുദായങ്ങളെ ഉന്മേഷം കൊള്ളിച്ച് ഭക്തിപ്രസ്ഥാനത്തിലൂടെ മതനവീകരണത്തിന് ശക്തമായ പ്രേരണ ചെലുത്തിയതുപോലെ മിഷണറി സ്വാധീനം അധഃകൃത സമുദായങ്ങളെയും ഉന്നതസമുദായങ്ങളിലെ അവശ വിഭാഗങ്ങളെയും ഉന്മേഷം കൊള്ളിച്ച് അവിടങ്ങളിലൊക്കെ അഭികാമ്യമായ പരിവർത്തനങ്ങൾ ഉളവാക്കി മാനവീകരണത്തിന്റെ ഒരു പുതിയ മുഖം സൃഷ്ടിക്കുവാൻ യത്നിച്ചിട്ടുണ്ട്. അവശ സമുദായങ്ങളുടെയും പതിതരുടെയും ഉയിർത്തെഴുന്നേല്പ് കേരളം ദർശിച്ചതും വിമോചന പ്രക്രിയയുടെ ആശയം മത പശ്ചാത്തലത്തിൽ വളർന്ന് വികസിച്ചതും ഇക്കാലത്താണ്. ദേശീയ വിമോചന പ്രസ്ഥാനങ്ങളിലേക്ക് പടർന്ന് പന്തലിച്ച ഈ ആരോഗ്യകരമായ കാലാവസ്ഥ കേരളത്തിൽ സൃഷ്ടിച്ച പ്രമുഖ ഘടകങ്ങളിൽ ഒന്ന് മിഷണറിപ്രവർത്തനം തന്നെയായിരുന്നു. ബൈബിളും അതിന്റെ കൈവശക്കാരായ ക്രൈസ്തവസഭകളും ആ പ്രവർത്തനങ്ങളുടെ ന്യൂക്ലിയസ് ആയിരുന്നു. രണ്ട് ദിശകളിൽ അതിന്റെ മുന്നേറ്റം ദൃശ്യമായി. ക്രിസ്തുമതത്തിലേക്ക് ശക്തമായ പ്രവാഹം ഉണ്ടായതാണ് ഒന്ന്. ക്രിസ്തു മതത്തിന്റെ നിർമ്മാണ ഘടകങ്ങൾ ഉപയോഗിച്ച് കേരളീയ മതങ്ങളെയും സമുദായങ്ങളെയും സംസ്കാരങ്ങളെയും പുനനിർമ്മിക്കുകയാണ് മറ്റൊരു മുഖം. ആ പുനർനിർമ്മാണം കേരളത്തിലാകെ ഇന്നും നിർവിഘ്നം നടന്നുകൊണ്ടിരിക്കുന്നു.

## അദ്ധ്യായം 5

# മഹാത്മാവായ മാർ ദീവന്നാസ്യോസ്

### A. പാലക്കുന്നത്ത് അബ്രഹാം മല്പാൻ

മാവേലിക്കര സുന്നഹദോസ് മലങ്കരസഭയിലെ നവീകരണ പ്രശ്നങ്ങൾക്കും മറ്റും അന്തിമ പരിഹാരമാവുമെന്ന് വിചാരിച്ചവർക്ക് തെറ്റുപറ്റി. സങ്കീർണ്ണവും ദൂരവ്യാപകവുമായ മറ്റൊരു കലക്കത്തിന്റെയും വിഭജനത്തിന്റെയും നാളുകളാണ് സഭയെ കാത്തിരുന്നത്. നവീകരണത്തിന്റെ മറ പിടിച്ചാണ് പ്രശ്നങ്ങൾ വളർന്നതെങ്കിലും അതിന് ശക്തി പകർന്ന ഘടകങ്ങൾ പലതായിരുന്നു.

1. നവീകരണചിന്തകൾ. 2. പൗരോഹിത്യത്തിന്റെ സാധുതയെപ്പറ്റിയുള്ള സംശയം. 3. മാർ അത്താനാസ്യോസിനെ നാടു കടത്തിയതിൽ സഭയുടെ ഔദ്യോഗിക നേതൃത്വത്തോടുള്ള പ്രതിഷേധം. 4. അഴിച്ചു പട്ടമേറ്റതിന്റെ പേരിൽ നിരവധി പ്രാമാണിക വൈദികർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിച്ച ചേപ്പാട്ട് മെത്രാച്ചനോടുള്ള പ്രതിഷേധം. 5. മെത്രാൻ സ്ഥാനം ലഭിക്കാതെ പോയ മെത്രാൻ സ്ഥാനാർത്ഥികളുടെ അസംതൃപ്തി. 6. തങ്ങളുടെ പതിറ്റാണ്ടുകാലത്തെ അദ്ധ്വാനത്തെ ജലരേഖയായി മാറ്റിയ മലങ്കര സഭയോട് മിഷണറിമാരിൽ പലരും അടക്കിവച്ച പകയും വിദ്വേഷവും.

1836 ലെ മാവേലിക്കര സുന്നഹദോസ് ഒരു വിഭജനരേഖയായി. മിഷണറിമാർ സുറിയാനി ഇടവകകൾ സന്ദർശിച്ച് തങ്ങളുടെ സ്വാധീനത്തിൽപ്പെട്ടവരെ പ്രത്യേക സഭാവിഭാഗമായി സംഘടിപ്പിച്ചു. അപ്രകാരം പിരിഞ്ഞുപോയവർ സി. എം. എസ്. (ചർച്ച് മിഷൻ സൊസൈറ്റി) എന്ന പേരിൽ മലങ്കരസഭയിലെ പ്രോട്ടസ്റ്റന്റ് വിഭാഗമായിത്തീർന്നു. എന്നാൽ പ്രത്യേക സഭാവിഭാഗമാവാൻ കൂട്ടാക്കാതെ നവീകരണാശയങ്ങൾ കൊണ്ട് മലങ്കര സഭയെ നവീകരിക്കുവാൻ പ്രതിജ്ഞാബദ്ധരായ ഒരു വിഭാഗം മലങ്കരസഭയിൽ രൂപംകൊണ്ടിരുന്നു. മാവേലിക്കര സുന്നഹദോസിൽ പങ്കെടുക്കാതെ വിട്ടുനിന്ന പാലക്കുന്നത്ത് അബ്രഹാം മല്പാൻ ആയിരുന്നു ഈ വിഭാഗത്തിന്റെ നേതാവ്. ചേപ്പാട്ട് മാർ ദീവന്നാസ്യോസിനെ സ്ഥാനത്യാഗം ചെയ്യിച്ച് നവീകരണത്തോട് ആഭിമുഖ്യമുള്ള – സ്ഥാനസാധുതയിൽ തർക്കമില്ലാത്ത – ഒരു മെത്രാൻ ഉണ്ടാകുവാൻ അവർ ആഗ്രഹിച്ചു. മെത്രാച്ചന്റെ പേരിൽ ഒരു അഴിമതിപ്പട്ടിക തയ്യാറാക്കി അവർ റസിഡണ്ടിന് നൽകി (ബ്രൗൺ, പു. 140). അതിന്റെ സംക്ഷിപ്തരൂപം ഇപ്രകാരമാണ്:

1. കാനോനാകൾക്കും കീഴ്നടപ്പുകൾക്കും വിരോധമായി പ്രതിഫലം

വാങ്ങി അയോഗ്യരായ സ്ഥാനമോഹികൾക്ക് പട്ടം കൊടുത്ത് ഇടവകകളിൽ ഭിന്നതയുണ്ടാക്കുന്നു. 2. ശിക്ഷണത്തിലും വിചാരണയിലും കൈക്കൂലി നിർണ്ണായക മാനദണ്ഡമാവുന്നു. 3. സഭേതര വ്യവഹാരങ്ങളിൽ മെത്രാൻ ഇടപെട്ട് കൈക്കൂലി വാങ്ങി പക്ഷപാതപരമായി കാര്യങ്ങൾ വിധിക്കുന്നു. 4. ഇടയത്വ പരിപാലനം നിർവ്വഹിക്കാതെ ദ്രവ്യലാഭം മുൻനിർത്തി പണക്കാർക്ക് അടിമപ്പെട്ട് തർക്കങ്ങൾ ഉണ്ടാക്കുന്നു. 5. പള്ളികളിലെ അനാത്മീയ ആഘോഷങ്ങളെ മെത്രാപ്പോലീത്താ അനുകൂലിക്കുന്നു. 6. ഇടവകകളുടെ കണക്കുകളും തെരട്ടും പരിശോധിക്കുവാൻ 1816 മുതൽ ഏർപ്പെടുത്തിയിരുന്ന കേന്ദ്രീകൃത ഭരണശൈലി മെത്രാപ്പോലീത്താ തകർക്കുന്നു. 7. പള്ളികൾക്ക് ഏർപ്പാടാക്കിയിരുന്ന വ്യവസ്ഥാപിത ചട്ടങ്ങളെ ലംഘിച്ച് സ്വേച്ഛാധിപത്യപരമായി മെത്രാൻ സഭയിൽ ആഭ്യന്തര കലഹങ്ങൾ ജനിപ്പിക്കുന്നു. 8. ദ്രവ്യസമ്പാദനത്തിന് ആത്മീയസ്ഥാനം ദുരുപയോഗപ്പെടുത്തുകയും സമ്പാദ്യങ്ങൾ സ്വകുടുംബക്കാർക്ക് നൽകുകയും ചെയ്യുന്നു. 9. നിയമാനുസൃത ഉപദേശകസമിതിയെ മെത്രാൻ നോക്കുകുത്തിയാക്കി മാറ്റുന്നു. 10. സഭ മുമ്പാകെ മെത്രാൻ നടത്തിയ ഉടമ്പടിയും സത്യപ്രതിജ്ഞയും അവഗണിക്കുകയും അതിലെ വ്യവസ്ഥകളെ ഏറിയകൂറും ലംഘിക്കുകയും ചെയ്തിരിക്കുന്നു (ഇട്ടൂപ്പ് റൈട്ടർ, പു. 245; *മലങ്കരസഭ: ചരിത്രവും സംസ്കാരവും*, പു. 584–586).

(എപ്പിസ്കോപ്പൽ സ്ഥാനങ്ങളിൽ കാലഭേദമെന്യേ കണ്ടുപോരുന്ന മാലിന്യങ്ങളെയാണ് ഒരു വിഭാഗം ശുദ്ധീകരണവാദം എന്ന പേരിൽ എതിർത്തത്. വരുമാന സാദ്ധ്യതകൾ കൂടുതലുള്ള പള്ളികളിലെ ഇടവക പട്ടക്കാർ ഏകീകൃത ശമ്പളപദ്ധതി, സ്ഥലംമാറ്റം, റിട്ടയർമെന്റ് എന്നീ കാലോചിത പരിഷ്ക്കാരങ്ങളെ സ്ഥാർത്ഥലാഭങ്ങളുടെ പേരിൽ എതിർക്കുന്നതുപോലെ മേല്പട്ടക്കാർ സ്ഥലംമാറ്റം, റിട്ടയർമെന്റ്, മേല്പട്ടക്കാരുടെ ശമ്പളപദ്ധതി എന്നിവയെ സഭയുടെ താല്പര്യങ്ങൾക്കു വിരുദ്ധമായി എതിർക്കുന്നതും സഭയുടെ പൂർണ്ണ സുന്നഹദോസ് എന്ന സ്ഥാനം അർഹിക്കുന്ന മാനേജിംഗ് കമ്മിറ്റികളിൽ അത്തരം സഭാ താല്പര്യങ്ങൾ ഭൂരിപക്ഷാഭിപ്രായമായി പ്രതിഫലിക്കുമ്പോൾ എപ്പിസ്കോപ്പസിയുടെ വീറ്റോ അധികാരം എന്ന ഭരണഘടനാനുസൃതമല്ലാത്ത ന്യായവാദങ്ങളുടെ മുഖംമൂടി ധരിച്ച് അനേകരുടെ സഭാസ്നേഹത്തെ ഇല്ലാതാക്കുന്നതും ഇത്തരം മാലിന്യങ്ങളുടെ കാലാതീത സാന്നിദ്ധ്യം മൂലമല്ലേ എന്ന് ചിന്തിക്കുന്നവരുടെ സംഖ്യ സഭയിൽ പ്രതിദിനം പെരുകുന്നു എന്നത് ഒരു സത്യമാണ്. അഗ്നിപർവതത്തിന്മേൽ സംവിധാനം ചെയ്യപ്പെട്ട ഉദ്യാനശോഭയാണ് സഭയിലിന്ന് കാണുന്ന പുറംപകിട്ടുകൾ എന്ന് പ്രവാചകോചിതമായ അന്യാപദേശ ശൈലിയിൽ യൂഹാനോൻ മാർ സേവേറിയോസ് പിതാവിനെപ്പോലെയുള്ളവർ ആവർത്തിച്ച് പറഞ്ഞിട്ടുള്ളത് ഓർമ്മയിൽ വരുന്നു).

ചേപ്പാട്ട് മെത്രാച്ചന്റെ പേരിൽ നൽകിയ അഴിമതിയാരോപണങ്ങൾക്ക് നടപടിയൊന്നും ഉണ്ടായില്ല. മിഷണറിമാരെ പള്ളികളിൽ പ്രവേശിപ്പിക്കരുതെന്നും ഈ കല്പന ലംഘിക്കുന്നവരെ മുടക്കുമെന്നും ചേപ്പാട്ട് മെത്രാൻ 1837 മാർച്ചിൽ ഒരു സർക്കുലർ ഇറക്കി (പി. ചെറിയാൻ, പു. 285). നവീകരണാനുകൂലികൾ ആ സർക്കുലർ അവഗണിച്ചു.

ഇതിനിടയിൽ തക്സാ പരിഷ്ക്കരണത്തിന് നിയോഗിക്കപ്പെട്ട കമ്മിറ്റി പരിഷ്ക്കരണം പൂർത്തിയാക്കി. നവീകരണനേതാവും തക്സാ പരിഷ്ക്കരണ കമ്മിറ്റിയിൽ പ്രമുഖനുമായ പാലക്കുന്നത്ത് അബ്രഹാം മല്പാൻ പരിഷ്കരിച്ച തക്സാ പ്രകാരം കുർബ്ബാന അർപ്പിച്ചു. കോഴഞ്ചേരി, അയിരൂർ, മാരാമണ്ണ് എന്നീ ഇടവകകൾ ഇതിനെ സ്വാഗതം ചെയ്തു.

ഒമ്പത് തിരുത്തലുകൾ തക്സായിൽ വരുത്തി എന്നാണ് പൊതുവെ അഭിപ്രായം.

1. പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനകൾ നീക്കം ചെയ്തു. 2. മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾ നീക്കി. 3. ലോകാതിർത്തികളെ അധീനമാക്കിയിരിക്കുന്ന നിന്നെ...., അഗാധങ്ങളെ ഭരിക്കുന്ന നിന്നെ...., ദൈവമായ നിന്നെ.... തുടങ്ങിയുള്ള പ്രാർത്ഥന ഉപേക്ഷിച്ചു. 4. 'രക്തം കൂടാത്ത ബലി' എന്നത് 'പ്രാർത്ഥനകൾ' എന്ന് വ്യത്യാസപ്പെടുത്തി. 5. 'ജീവനുള്ള ബലിയെ' എന്നതിന് പകരം 'കൃപയും സ്തോത്രവും സമാധാനവുമാകുന്ന ബലിയെ' എന്ന് ഭേദപ്പെടുത്തി. 6. 'ഈ കുർബ്ബാന.... ബലിയും സ്തോത്രവുമാകുന്നു' എന്ന പ്രഖ്യാപനം നീക്കി. 7. 'റൂഹാ ധൂപകലശത്തെ ശുദ്ധീകരിക്കുന്നവനാകുന്നു' എന്ന പ്രഖ്യാപനം നീക്കി. 8. 'രക്ഷകന്റെ കല്ലറ മേൽ വയ്ക്കപ്പെട്ട തീക്കൽപ്പാറ നീയാകുന്നു' എന്നതിന് പകരം 'പണിക്കാർ നിരവധി ശോധന ചെയ്തതും വിലയേറിയതുമായ ആ തീക്കൽപാറയും നീയാകുന്നു' എന്ന് ചേർത്തു. 9. കുർബ്ബാന രണ്ടായിട്ട് കൊടുക്കുവാൻ നിശ്ചയിച്ചു. 10. പട്ടക്കാരനോട് പാപം ഏറ്റുപറഞ്ഞു പാപമോചനം വാങ്ങിക്കണമെന്ന ഏർപ്പാട് നിർത്തലാക്കി. 11. കൈക്കൊള്ളാൻ ആളില്ലാത്തപ്പോൾ കുർബ്ബാന ചൊല്ലേണ്ടതില്ല എന്ന് നിശ്ചയിച്ചു (കെ. എൻ. ദാനിയേൽ, *മലങ്കരസഭയും നവീകരണവും,* പു. 45–47).

ഈ ഭേദഗതികൾക്ക് വാമൊഴി പാരമ്പര്യമേ ഉള്ളൂ. അബ്രഹാം മല്പാൻ പോലും ഈ ഭേദഗതികൾ എഴുതിയ രൂപത്തിൽ ഉപയോഗിച്ചില്ല എന്നും പൂർവ്വിക തക്സായിൽ ലിഖിത ഭേദഗതികൾ വരുത്താതെ ആവശ്യമായ ഭാഗങ്ങളിൽ വ്യത്യാസം വരുത്തി ഉപയോഗിക്കുകയും ഒഴിവാക്കേണ്ട ഭാഗങ്ങൾ ചൊല്ലാതിരിക്കുകയുമായിരുന്നു പതിവ് എന്ന് അദ്ദേഹത്തിന്റെ ശിഷ്യന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഭേദഗതികൾ പില്ക്കാലത്തു നവീകരണക്കാർ തക്സായിൽ രേഖപ്പെടുത്തിയപ്പോൾ നവീകരണത്തിന്റെ

ആദ്യ തലമുറയിലെ പ്രബലന്മാർ അതിനെ കഠിനമായി എതിർത്തിരുന്നു. നവീകരണ നേതാവായ പാലക്കുന്നത്ത് വലിയ മെത്രാച്ചനിൽ നിന്ന് പട്ടമേല്ക്കുകയും പാലക്കുന്നത്ത് രണ്ട് മെത്രാന്മാരോടും ചേർന്ന് നവീകരണ പ്രസ്ഥാനത്തിന് നേതൃത്വം നൽകുകയും അവിഭക്തസഭയുടെ വൈദിക ട്രസ്റ്റിയായിരുന്ന് ആലപ്പുഴയിലും തിരുവനന്തപുരത്തുമായി നടന്ന വ്യവഹാരങ്ങൾ നടത്തുകയും ചെയ്ത കോട്ടയം ചെറിയപള്ളി വികാരി പുന്നത്ര താഴത്ത് ചാണ്ടപ്പിള്ളക്കത്തനാർ (താഴത്തച്ചൻ) അദ്ദേഹത്തിന്റെ 81-ാം വയസ്സിൽ എഴുതി പ്രസിദ്ധപ്പെടുത്തിയ 'വിലാപങ്ങൾ' എന്ന ചെറുഗ്രന്ഥം കാര്യങ്ങളുടെ നിജസ്ഥിതി വെളിപ്പെടുത്തുന്നുണ്ട്. അദ്ദേഹം എഴുതുന്നു: "നമ്മുടെ സഭയ്ക്ക് വല്ല പരിഷ്ക്കാരവും ആവശ്യമെന്ന് വിചാരിക്കുന്ന പക്ഷം നമ്മുടെ സകല പള്ളിക്രമങ്ങളെയും തർജിമ ചെയ്ത് അറിയാവുന്ന ഭാഷയിൽ വരുത്തി സഭയുടെ മഹാ വലിയ സുന്നഹദോസ് വിളിച്ചുകൂട്ടി സഭ മുഴുവന്റെയും സമ്മതം നിയമപ്രകാരം വരുത്തി പൂർവ്വികമായിട്ടുള്ളതും മുഖ്യമായിട്ടുള്ളതുമായ വിശ്വാസാചാരങ്ങളെയും ക്രമങ്ങളെയും പരിഷ്ക്കരിക്കയല്ലാതെ ഈ വിധം നടത്തുന്ന കമ്മിറ്റിയുടെയോ കമ്മിറ്റിയുടെ മെജോറിട്ടിയുടെയോ നിശ്ചയങ്ങളെ ഈ വലിയ സമുദായം ഒരിക്കലും സമ്മതിക്കുന്നതല്ലെന്ന് ഞാൻ ധൈര്യമായി പറഞ്ഞുകൊള്ളുന്നു."

(പാലക്കുന്നത്ത് അബ്രഹാം മല്പാൻ മാത്രമല്ല പല മല്പാന്മാരും ഇപ്രകാരം സ്വകപോലകല്പിതമായ പല ആശയങ്ങളും പരിഷ്കാരങ്ങളും ചേർത്ത് പൂർവിക ആരാധനക്രമങ്ങളെയും നടപടിക്രമങ്ങളെയും അനധികൃതമായി പരിഷ്ക്കരിച്ചിട്ടുള്ളത് സഭയിൽ ദൃശ്യമാണ്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. സ്നാനാർത്ഥിയെ മൂറോൻ അഭിഷേകം ചെയ്യുമ്പോൾ പാടുന്ന 'ദൈവം ചൊന്നാൽ അഹറോനെ പൂശുക' എന്നാരംഭിക്കുന്ന ഗാനം 1876-ൽ പത്രോസ് ബാവാ ദുരുദ്ദേശ്യത്തോടെ കൂട്ടിച്ചേർത്തതാണ്.

2. സ്നാനമേറ്റ കുഞ്ഞുങ്ങളെ മദ്ബഹായിൽ പ്രവേശിപ്പിച്ചിരുന്നില്ല. പത്രോസ് ബാവാ ആൺകുഞ്ഞുങ്ങളെ കയറ്റിത്തുടങ്ങി. ആൺ-പെൺ സമത്വം ഉറപ്പു വരുത്തുവാൻ ഇപ്പോൾ എല്ലാവരെയും കയറ്റുന്നു.

3. ഭവനകൂദാശയിൽ വെള്ളം ഉപയോഗിച്ചിരുന്നില്ല. പിന്നീട് വെള്ളം അനൗദ്യോഗികമായി രംഗപ്രവേശം ചെയ്തു. ഇപ്പോൾ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണവകുപ്പുകാരുടെ ക്രമത്തിൽ വെള്ളം ഔദ്യോഗികമായി. അതിന്മേൽ ഒരു പ്രാർത്ഥനയും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഭാവിയിൽ പെന്തിക്കോസ്തിയുടെ വെള്ളത്തിന്മേലും കന്തീലായെണ്ണയിന്മേലും പുതിയ പ്രാർത്ഥനകളും റൂശ്മാകളും പ്രത്യക്ഷപ്പെട്ടേക്കും. ഓർത്തഡോ

ക്സ് ആരാധനപരിഷ്ക്കാരം പലപ്പോഴും വാനരഹസ്ത സ്ഥിതയായ പൂമാല പോലെ ആവുന്നു.

4. വിവാഹകൂദാശയിൽ മന്ത്രകോടി ധരിപ്പിക്കുമ്പോൾ പുതിയ ഗാനം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. കിരീടവാഴ്വിന് വരനും വധുവിനും പ്രത്യേകമായി ചൊല്ലിയിരുന്ന പ്രതിവാക്യ ഗാനങ്ങൾ അപ്രത്യക്ഷമായി. ഗാനങ്ങൾ ആവർത്തനമായി.

5. പെന്തക്കോസ്തിയുടെ വെള്ളം തളിക്കൽ മുമ്പില്ലായിരുന്നു.

6. യാക്കോബിന്റെ ബോവൂസോയിലെ ഹാശായുടെ ഉപസംഹാര ഭാഗം യൂദന്മാരെ ശപിക്കുന്ന ഭാഗമാണെന്ന് ചിലർ വിമർശിച്ചതിന്റെ പേരിൽ അത് എടുത്തുമാറ്റി പകരം മറ്റൊരു ഈരടി തൽസ്ഥാനത്ത് ചേർത്തു. എടുത്തു മാറ്റിയ ഈരടിയിൽ ഒരു ശാപവുമില്ല; അതൊരു പ്രസ്താവനമാത്രമാണ്.

7. കുർബ്ബാനയ്ക്ക് ദർഗായിൽ കയറിയാൽ ഇറങ്ങുന്നതു വരെ പാട്ടുകളില്ല. മൗതോക് മോറാൻ എന്ന ഗദ്യത്തിന്റെ പദ്യവത്ക്കരണം, കൈകസ്തൂരി സമയത്തെ ഗാനങ്ങൾ, ഖണ്ഡിപ്പുസമയത്തെ ഗാനങ്ങൾ, ഹൂത്തോമ്മോ ഗാനങ്ങൾ ഇവയൊക്കെ വിവിധ കാലങ്ങളിൽ മല്പാന്മാർ അനധികൃതമായി കൂട്ടിച്ചേർത്തവയാണ്.

8. കുർബ്ബാനയിലെ സമാധാനാശംസകളിലെ റൂശ്മാ ഇല്ലാതാക്കി. പടിഞ്ഞാറോട്ടുള്ള തൽസമയത്തെ കൈകാണിക്കൽ അർത്ഥമില്ലാത്ത ചടങ്ങാക്കിക്കളഞ്ഞു.

9. ശോശപ്പായുടെ കോൺ മടക്കിയിടുമ്പോൾ 'പുത്രൻ സ്ക്കീപ്പായിൽ മരിച്ചു' എന്നും കോൺ നിവർത്തിയിടുമ്പോൾ 'കബറിൽ നിന്ന് ഉത്ഥാനം ചെയ്തു' എന്നും ചൊല്ലിയിരുന്ന പതിവ് നിന്നുപോയി. കോൺ മടക്കുന്നതും നിവർത്തുന്നതും ചിലർ നിർത്തലാക്കി.

10. ത്രിത്വ വാക്യമായി ശുബഹോ ചൊല്ലി കാർമ്മികൻ ജനത്തിന് നേരെ റൂശ്മ ചെയ്യുന്ന പതിവ് ഇല്ലാതായി. ജനങ്ങളുടെ നേരെ ഈ റൂശ്മാ നടത്തുവാനാണ് പണ്ട് എല്ലാ ഗാന ശുശ്രൂഷകളിലും കാർമ്മികൻ പാട്ടു പാടുമ്പോൾ പടിഞ്ഞാറോട്ട് തിരിഞ്ഞ് അവ ചൊല്ലിയിരുന്നത്. ഇപ്പോൾ അത് പട്ടംകൊടയിലും മാമൂദീസായിലും വിവാഹത്തിലും മറ്റും മാത്രമായി ചുരുങ്ങിയിരിക്കുന്നു. നമസ്കാരവേളകളിലും കുർബ്ബാനയിലും മറ്റും കുക്കിലിയോനുകൾ ചൊല്ലുമ്പോൾ പോലും പടിഞ്ഞാറോട്ട് തിരിയുകയാണ് വേണ്ടത്.

11. കുർബ്ബാനയിലെ റൂശ്മാകൾക്ക് കാർമ്മികർ ഇടത് കൈ ത്രോണോസിൽ വയ്ക്കണമെന്ന തത്വം റൂശ്മാ വേളകളിൽ അംശവടി പിടിക്കുന്ന പതിവുണ്ടായതോടെ നിന്നുപോയി.

12. പള്ളിക്കൂദാശയിൽ സ്ലീബാമുദ്രണം ചെയ്ത പന്ത്രണ്ട് ചെറിയ കല്ലുകൾ മൂലക്കല്ലിനോട് ചേർത്ത് ശിലാസ്ഥാപന സ്ഥാനത്ത് പ്രതിഷ്ഠിച്ചിരുന്നു. മൂലക്കല്ലിലെ ചെപ്പിൽ സ്ലീബാ മുദ്രണം ചെയ്യാത്ത പന്ത്രണ്ട് കൃത്രിമ രത്നകല്ലുകൾ നിക്ഷേപിക്കുന്ന പതിവ് പ്രചരിച്ചതോടെ ആ അനുഷ്ഠാനത്തിന്റെ പ്രതീകാത്മകാർത്ഥം വികലവും വികൃതവുമായി.

13. കൂദാശ ചെയ്ത തബിലൈത്തായിൽ എഴുതുവാൻ കാനോനിൽ നിർദ്ദേശിക്കപ്പെട്ട വാക്യം പലരും എഴുതാതെ ആയിട്ടുണ്ട്. എഴുതുന്നവർ തന്നെ അതിന്റെ പദപ്രയോഗങ്ങൾ അനധികൃതമായി വ്യത്യാസപ്പെടുത്തി.

14. പട്ടംകൊടയിലെ താഴ്ന്ന ശെമ്മാശുസ്ഥാനികളെ മുട്ടുകുത്തി നില്ക്കുവാൻ അനധികൃതമായി നിർബ്ബന്ധിക്കുന്നു.

15. ശിരസിലെ രോമം കത്രിക്കുന്ന ചടങ്ങ് ദയറായ സ്ഥാനികൾക്ക് മാത്രമായിരുന്നത് സാർവ്വത്രികമാക്കി.

16. പട്ടംകൊടയിൽ 'നീസേറൂഹോ കാദീശോ' എന്ന ഗാനാലാപവും ക്രൊയ്ത്തോദ്റൂഹോ കാദീശോയുടെ രഹസ്യപ്രാർത്ഥനയും രഹസ്യങ്ങളിന്മേലും സ്ഥാനാർത്ഥികളിന്മേലും ഉള്ള കൈ ആഘോഷിക്കലും ഒരേ സമയത്ത് നടക്കേണ്ടതാണ്. അതിന്റെ അർത്ഥവും പ്രസക്തിയും ഔചിത്യവും നഷ്ടപ്പെടുത്തിയിരിക്കുന്നു.

17. മദ്ധ്യസ്ഥപ്രാർത്ഥന എന്ന പേരിൽ ഒരു പ്രത്യേക ശുശ്രൂഷക്രമം അല്പകാലമായി പ്രചരിച്ചിട്ടുണ്ട്. ഇപ്പോൾ പരിശുദ്ധന്മാരുടെ പേരിലും ഒരു മദ്ധ്യസ്ഥപ്രാർത്ഥന പ്രചരിച്ചു തുടങ്ങിയിട്ടുണ്ട്.

18. വലിയനോമ്പാരംഭത്തിലെ ശുബ്ക്കോനോ ശുശ്രൂഷ പത്രോസ് ബാവാ കൂട്ടിച്ചേർത്തതാണ്.

19. യൽദൊ, സ്ലീബാ പെരുനാൾ, സ്വർഗ്ഗാരോഹണം തുടങ്ങിയ ദിനങ്ങളിലെ സ്ലീബാ ആഘോഷങ്ങളും മറ്റും പില്ക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടവയാണ്.

20. കുർബ്ബാന ആഘോഷപൂർവ്വം പടിഞ്ഞാറോട്ട് മറ നീക്കി കൊണ്ടുവരുന്നതിന് മുമ്പ് പകുതി മറ നീക്കി പടിഞ്ഞാറോട്ട് വന്ന് കുർബ്ബാന കൊടുക്കുന്നത് പുതിയ പതിവാണ്.

21. ആണ്ടാരംഭത്തിലെ ഉറക്കമൊഴിഞ്ഞുള്ള കുർബ്ബാനയും സ്വയം പ്രതിഷ്ഠാക്രമവും ആത്മഹത്യക്കാരുടെയും ദയറായക്കാരുടെയും മറ്റും ശവസംസ്കാര ശുശ്രൂഷക്രമങ്ങളും നവീന സൃഷ്ടികളാണ്).

പാലക്കുന്നത്ത് അബ്രഹാം മല്പാൻ മനഃസാക്ഷിക്കനുസൃതമായാണ് ആരാധനയെ പരിഷ്കരിച്ചത്. ഇതേ ന്യായീകരണത്തിൽ ഇന്ന് ആരാധന

ക്രമങ്ങൾ പരിഷ്കരിക്കുന്നവരും പാലക്കുന്നത്ത് മല്പാൻ ചെയ്ത തെറ്റ് ആവർത്തിക്കുകയാണ്. തക്സാ നിവർത്തിവച്ച് തക്സായിലില്ലാത്ത വാക്യങ്ങളും പ്രാർത്ഥനകളും ചൊല്ലുന്നതിനായി ചിലർ കാണിക്കുന്ന മിടുക്കും തന്റേടവും അബ്രഹാം മല്പാന്റെ വഴിയിലുള്ളതാണ്. നൂറ്റാണ്ടുകളായി നിരവധി ദേശ - കാല - ഭാഷാ - പരിണാമങ്ങൾ സംഭവിച്ച് രൂപംകൊണ്ട അനുഷ്ഠാനശൈലികൾ സ്വന്തം മസ്തിഷ്ക്കത്തിന്റെ പരിമിതിയിൽ ന്യായീകരിക്കുവാൻ കഴിയാത്തതിന്റെ പേരിൽ നിസ്സാരമായി കാണുന്നത് ഒരു തരം രോഗമാണ്. ആ രോഗം നവീകരണനേതാക്കളെയും വലിയൊരളവിൽ ബാധിച്ചിരുന്നു.

തിരുത്തിയ തക്സാ വച്ച് അർപ്പണം നടത്തിയ അനധികൃത നടപടി മെത്രാപ്പോലീത്താ നിരോധിച്ചു; മല്പാൻ മുടക്കപ്പെട്ടു. മല്പാന്റെ ശിഷ്യർക്ക് മേലിൽ പട്ടം കൊടുക്കുകയില്ലെന്ന് പരസ്യപ്പെടുത്തി. മല്പാനച്ചനോട് ചേർന്ന് മെത്രാനെ ധിക്കരിച്ച ജോർജ്ജ് മാത്തൻ, പാലക്കുന്നത്ത് മാത്യൂസ് എന്നീ ശെമ്മാശന്മാർ മുടക്കപ്പെട്ടു. ജോർജ്ജ് മാത്തൻ പിന്നീട് തിരുവിതാംകോട്ടെ ഒന്നാമത്തെ നാട്ടു പാദ്രിയായിത്തീർന്നു. മാത്യൂസ് ശെമ്മാശൻ മദ്രാസിലെ ബിഷപ്പ് കോറീസ് ഗ്രാമർ സ്കൂളിൽ പഠിച്ച് കോഴ്സ് പൂർത്തിയാക്കുന്നതിന് മുമ്പ് പട്ടത്തിന് അയോഗ്യനെന്ന് കണ്ട് പുറത്താക്കപ്പെട്ടു. പിന്നീട് മർദ്ദീനിലെത്തി. അബ്രഹാം മല്പാന്റെ ശുപാർശ കത്തുകളും കൈവശമുണ്ടായിരുന്നു.

## B. പാലക്കുന്നത്ത് മാർ അത്താനാസ്യോസ്

ചേപ്പാട്ട് മെത്രാച്ചൻ സഭയിൽ അസ്തമിക്കാൻ തുടങ്ങിയ കാലമായിരുന്നു അത്. മിഷണറിമാരുടെ ശത്രുത മൂലം സഭാഭരണം അദ്ദേഹത്തിന് തലവേദനയായി. ആഭ്യന്തര ചിദ്രങ്ങൾ ശക്തിപ്പെട്ടു. നവീകരണത്തിന്റെ നിരർത്ഥകത ചർച്ച ചെയ്യാൻ ഒരു വേദിയും ഉണ്ടായില്ല. പട നയിക്കാനൊരു നേതാവിന്റെ ആവശ്യം അനുഭവപ്പെട്ട കാലത്താണ് പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശൻ മർദ്ദീനിൽ പോയത്. സഭയുടെ അറിവും അനുമതിയും കൂടാതെ പോയ അതിസമർത്ഥനായ അദ്ദേഹം അവിടെ എന്തെല്ലാം നാടകങ്ങൾ സംവിധാനം ചെയ്തു എന്ന് അറിവില്ല. ഏതായാലും കുടുംബക്കാരുടെ ചെലവിൽ വിദേശത്ത് പോയ അദ്ദേഹം തിരിച്ച് 1843-ൽ കൊച്ചിയിലെത്തിയത് മെത്രാൻ സ്ഥാനമേറ്റതിന്റെ അവകാശവാദവുമായിട്ടാണ്. തങ്ങളെ സർക്കാരിനെക്കൊണ്ട് ശിക്ഷിപ്പിച്ച ചേപ്പാട്ട് മെത്രാച്ചനെ ഒരു പാഠം പഠിപ്പിക്കുവാൻ പുതിയ മെത്രാന്റെ നേതൃത്വം ലഭിക്കുമെന്നതിൽ പല വൈദികശ്രേഷ്ഠരുടെയും പ്രതികാരവാഞ്ഛ പീലി വിടർത്തിയാടി. കൊച്ചിയിൽ വന്ന യുവമെത്രാൻ പൂർവ്വിക മാതൃകയിൽ - നവീകരണം കൂടാതെ - കുർബ്ബാന അർപ്പിച്ചത് അദ്ദേഹത്തിന്റെ പിന്തുണ വർദ്ധിക്കാൻ കാരണമായി. മലങ്കര മെത്രാനെ സന്ദർശിക്കുകയോ തന്റെ സുസ്താ

ത്തിക്കോൻ അദ്ദേഹത്തെ കാണിക്കുകയോ ചെയ്യാതെ യുവ മെത്രാൻ പള്ളികൾ സന്ദർശിച്ചതും പള്ളികളിൽ അദ്ദേഹത്തിന് സ്വാഗതം ലഭിച്ചതും വൃദ്ധനായ മലങ്കര മെത്രാപ്പോലീത്താ നിസ്സഹായനായി വീക്ഷിച്ചു. എങ്കിലും ഒരു യുദ്ധത്തിന് അദ്ദേഹത്തിന്റെ മനസ് മടിച്ചു. യുവ മെത്രാനോട് അനുരഞ്ജനപ്പെടുവാൻ അദ്ദേഹം സന്നദ്ധനായി. തന്മൂലം പുതിയ മെത്രാന്റെ സുസ്താത്തിക്കോൻ വായിച്ച് കേട്ട് അദ്ദേഹത്തെ ഓക്സിയോസ് പാടി സ്വീകരിക്കുവാൻ മലങ്കരയിലെ പൂർവിക സമ്പ്രദായമനുസരിച്ച് അദ്ദേഹം കണ്ടനാട് ഒരു പള്ളിപ്രതിപുരുഷയോഗം 1843 ചിങ്ങം 3 ന് വിളിച്ചുകൂട്ടി. സുസ്താത്തിക്കോൻ മലങ്കര മെത്രാനെ ഏല്പിക്കുകയും അദ്ദേഹത്തിന്റെ നിയോഗപ്രകാരം മല്പാന്മാരിലൊരാൾ അത് യോഗത്തെ വായിച്ചു കേൾപ്പിക്കുകയും അതിന്റെ ഒടുവിൽ ഓക്സിയോസ് പാടി സ്വീകരണം പ്രഖ്യാപിക്കുകയും ആണ് വേണ്ടിയിരുന്നത്. എന്നാൽ യോഗത്തിൽ ഉണ്ടായ ചില തർക്കങ്ങളുടെ മറവിൽ പുതിയ മെത്രാൻ സുസ്താത്തിക്കോൻ ഏല്പിക്കാതിരുന്നു. ലക്ഷ്യം നേടാതെ പള്ളിപ്രതിപുരുഷയോഗം കലഹത്തിൽ കലാശിച്ചു. സുസ്താത്തിക്കോൻ കൃത്രിമമാണെന്ന് അതോടെ ശ്രുതി പരന്നു. *നിരണം ഗ്രന്ഥവരി*യിലെ സമകാല സാക്ഷ്യം ഇപ്രകാരമാണ്: "... അത്താനാസ്യോസ് മെത്രാപ്പോലീത്തായും സ്ഥാനമേറ്റ് മശിഹാകാലം 1844 (?) ഇടവമാസം 4 ന് കൊച്ചിയിലെത്തി. കോനാട്ട് അബ്രഹാം മല്പാൻ മുതൽപേർ ചെന്ന് കണ്ടാറെ അത്താനാസ്യോസ് മെത്രാപ്പോലീത്താ കൊണ്ടുവന്നിരിക്കുന്ന സ്താത്തിക്കോനിൽ 'നിങ്ങളിൽ നിന്ന് മത്തായി കശ്ശീശാ ഞങ്ങൾക്കവൻ അടുത്തു എന്നും മറ്റും ചില ഭേദങ്ങൾ കാണുകയാൽ നിരണത്ത് പള്ളിയിൽ ചെന്ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കണ്ടാറെ പള്ളിക്കാർ എല്ലാവരും കൂടി നിശ്ചയിപ്പാനുള്ളതാകയാൽ എല്ലാ പള്ളിക്കാരും ചിങ്ങമാസം 19 ന് കണ്ടനാട്ട് പള്ളിയിൽ കൂടത്തക്കവണ്ണം സാധനം എഴുതിയതും അദ്ദേഹവും അദ്ദേഹം വാഴിച്ച തൊഴിയൂർ പള്ളിയിൽ ഇരുന്നിരുന്ന കൂറിലോസ് മെത്രാപ്പോലീത്തായും പള്ളിക്കാരും വന്ന് കൂടിയശേഷം അത്താനാസ്യോസ് മെത്രാപ്പോലീത്താ സ്താത്തിക്കോൻ കാണിക്കാതെ വിവദിച്ച് പിരിയുകയും ചെയ്തു' (പു. 96).

(കാട്ടുമങ്ങാട്ട് കൂറിലോസിന്റെ കാര്യത്തിൽ എന്ന പോലെ പാലക്കുന്നത്ത് അത്താനാസ്യോസിന്റെ മെത്രാൻ സ്ഥാനാവകാശവാദവും വ്യാജമായിരുന്നുവോ? അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് സ്ഥാനമേറ്റു എന്ന അദ്ദേഹത്തിന്റെ പ്രസ്താവനയല്ലാതെ അക്കാര്യം സ്ഥിരീകരിക്കുവാൻ രേഖകളോ സാക്ഷികളോ ഇല്ല. പിൽക്കാലത്ത് കോടതിയിൽ സുസ്താത്തിക്കോൻ ഹാജരാക്കേണ്ടതായി വന്നപ്പോൾ അതിന്റെ ഒറിജിനൽ നഷ്ടപ്പെട്ടു എന്ന കഥ ചമച്ച് പകർപ്പ് എന്ന പേരിൽ ഒരു സാക്ഷ്യപ്പെടുത്താത്ത രേഖയാണ് സമർപ്പിച്ചത്. കളവ് കഥ അവിശ്വസനീയമെന്ന് കേസ് കേട്ട

ജഡ്ജിമാർ ഏകകണ്ഠമായി പരിഹസിച്ചിട്ടുണ്ട്. മർദ്ദീനിൽ നിന്ന് മലങ്കരയിൽ ശിഷ്ടകാലം ജീവിച്ച യൂയാക്കീം കൂറിലോസ് മെത്രാനും പിന്നീട് വന്ന പത്രോസ് തൃതീയൻ പാത്രിയർക്കീസും അത്താനാസ്യോസിനെ മെത്രാൻ എന്ന് പോലും ഒരിക്കലും വിശേഷിപ്പിച്ചിട്ടില്ല. അത്താനാസ്യോസിൽ നിന്ന് പട്ടമേറ്റവർ പിന്നീട് മാതൃസഭയിലേക്ക് വന്നപ്പോൾ അവർക്ക് വീണ്ടും പട്ടം കൊടുത്താണ് കൂറിലോസ് സ്വീകരിച്ചത്. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മെത്രാൻസ്ഥാനമേറ്റ് വന്നു എന്ന് അഭിമാന പൂർവ്വം അവകാശപ്പെട്ടിരുന്ന അത്താനാസ്യോസ്, പാത്രിയർക്കീസ് അയച്ച കൂറിലോസിനെ അഭിമുഖീകരിക്കാതെ ഒഴിഞ്ഞുമാറി. പിന്നീട് പത്രോസ് തൃതീയൻ വന്നപ്പോഴും ഒഴിഞ്ഞുമാറി. ഇടനിലക്കാർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഒഴിഞ്ഞുമാറൽ തുടർന്നു. അത്താനാസ്യോസ് താമസിക്കുന്ന നിരണം പള്ളിയിൽ അദ്ദേഹത്തെ കാണുവാൻ പത്രോസ് ബാവാ എത്തിയപ്പോൾ മുറിയുടെ കതകടച്ച് പുറത്തിറങ്ങാതെ അകത്തിരുന്നു. സർക്കാരുദ്യോഗസ്ഥന്റെയും രാജഭടന്മാരുടെയും സംരക്ഷണയിൽപ്പോലും പത്രോസ് പാത്രിയർക്കീസിനെ - തന്നെ കാണാൻ വന്ന പാത്രിയർക്കീസിനെ/ എഴുപത്തിആറ് വയസ്സ് തികഞ്ഞ വൃദ്ധ മഹാപുരോഹിതനെ - കാണുവാൻ അത്താനാസ്യോസ് ഭയപ്പെട്ടതെന്തിന് എന്ന ചോദ്യത്തിന് തൃപ്തികരമായ സമാധാനം ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. നവീകരണ വിഭാഗത്തിന്റെ പുരോഹിതസ്ഥാനങ്ങളുടെ നിജസ്ഥിതിയിൽ മലങ്കരസഭ തുടക്കം മുതലേ ഉന്നയിച്ച ആശങ്കകൾ അടിസ്ഥാനരഹിതമല്ല എന്നാണ് ഈ സാഹചര്യങ്ങൾ തെളിയിക്കുന്നത്).

## C. യൂയാക്കിം മാർ കൂറിലോസ്

അത്താനാസ്യോസിന്റെ നവീകരണാഭിമുഖ്യം വിശദീകരിച്ചുകൊണ്ട് മാർ ദീവന്നാസ്യോസ് പാത്രിയർക്കീസിന് മലങ്കരസഭയുടെ പരാതി അയച്ചു. അതിനുള്ള മറുപടി എന്നവണ്ണം യൂയാക്കീം മാർ കൂറിലോസ് മെത്രാൻ സ്വസഹോദരൻ ഗബ്രിയേലുമൊന്നിച്ച് 1845 ചിങ്ങം 26 ന് കൊച്ചിയിലെത്തി. മലങ്കരയിലെ സ്ഥിതിഗതികൾ അദ്ദേഹം സൂക്ഷ്മമായി നിരീക്ഷിച്ചു. നവീകരണാഭിമുഖ്യം മൂലം അത്താനാസ്യോസിന് ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള സർക്കാരിലെ സ്വാധീനവും ക്ഷീണനും നിരാശനും വൃദ്ധനും ആയ മാർ ദീവന്നാസ്യോസിനോട് പൊതുവിലുണ്ടായിരുന്ന അസംതൃപ്തിയും മാർ കൂറിലോസിനെ ചിന്താധീനനാക്കി. സുദീർഘമായ ഒരു നിയമയുദ്ധം മുന്നിൽക്കണ്ട മാർ ദീവന്നാസ്യോസ് തന്റെ സ്ഥാനവും ചുമതലയും മാർ കൂറിലോസിനെ ഏല്പിക്കുന്നതായി കല്പന പുറപ്പെടുവിച്ചു. അതിന്റെ പകർപ്പ് അധികൃതർക്ക് നൽകുകയും ചെയ്തു. അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട ആൾ എന്ന നിലയിൽ മാർ ദീവന്നാസ്യോസിനെ മാറ്റി തൽസ്ഥാനത്ത് മലങ്കര മെത്രാപ്പോലീത്താ

എന്ന നിലയിൽ തനിക്കനുകൂലമായി രാജകീയ വിളംബരം പുറപ്പെടുവിക്കാൻ അത്താനാസ്യോസ് സർക്കാരിലേക്ക് അപേക്ഷ നൽകിയിരുന്നു. ഇതറിഞ്ഞ കൂറിലോസ്, അത്താനാസ്യോസിനെ മുടക്കിയിരിക്കുന്നതായും മാർ ദീവന്നാസ്യോസിന്റെ സ്ഥാനത്ത് കൂറിലോസിനെ നിയമിച്ചതായും പാത്രിയർക്കീസിന്റേതായി രണ്ട് കല്പനകൾ പുറപ്പെടുവിച്ചു. അത്താനാസ്യോസ് മെത്രാൻ പട്ടമേറ്റു എന്ന വാദം വ്യാജമാണെന്ന ബോധ്യമാകാം വിചാരണ കൂടാതെ അത്താനാസ്യോസിനെതിരായി മുടക്കുകല്പന പുറപ്പെടുവിക്കുവാൻ കൂറിലോസിന് ധൈര്യം നൽകിയത്. മാർ ദീവന്നാസ്യോസ് സ്ഥാനത്യാഗം ചെയ്തതോടെ രണ്ട് അപേക്ഷകരിൽ ആരെ മലങ്കര മെത്രാനായി നിയമിക്കണമെന്ന് തീരുമാനിക്കുവാൻ കൊല്ലം കച്ചേരിയിൽ ഒരു യോഗം സർക്കാർ വിളിച്ചു. കോലഫ് സായിപ്പ്, വൈറ്റ് സായിപ്പ്, മേലെഴുത്ത് അനന്തൻപിള്ള, പോലീസ് ശിരസ്തദാർ വെങ്കിട്ട രാമയ്യൻ എന്നിവർ അടങ്ങിയ കമ്മിറ്റി മുമ്പാകെ തൊഴിയൂർ കൂറിലോസ് ഉൾപ്പെടെ നാലു മെത്രാന്മാരും പള്ളിക്കാരും ഹാജരായി. 1847 മീനം 1 ന് സമ്മേളിച്ച കൊല്ലം കമ്മിറ്റിയിൽ "... തെക്കേ ദിക്കിൽ ഉള്ള ഒന്ന് രണ്ട് പള്ളിക്കാർ അല്ലാതെ ശേഷം പള്ളിക്കാർ ഒക്കെയും മാർ കൂറിലോസിനെ അനുകൂലിച്ചു." കമ്മിറ്റിക്കാർക്ക് അത്താനാസ്യോസിനോട് അനുഭാവം ഉള്ളതു കൊണ്ട് അന്ന് തീരുമാനം ഉണ്ടായില്ല (*കണ്ടനാട്ട് ഗ്രന്ഥവരി*, പു. 98).കണ്ടനാട്ട് കരോട്ടുവീട്ടിൽ ശെമവൂൻ കോർഎപ്പിസ്കോപ്പായുടെ ദൃക സാക്ഷി വിവരണമെന്ന നിലയിൽ ഈ കാലഘട്ടത്തിലെ സംഭവങ്ങളെപ്പറ്റി കണ്ടനാട്ട് ഗ്രന്ഥവരി വെളിച്ചം പകരുന്നുണ്ട് (പിന്നീട് കടുങ്ങമംഗലത്ത് കബറടങ്ങിയ കൊച്ചിയുടെ പ്രഥമ മെത്രാൻ മാർ ദീവന്നാസ്യോസ് ആണ് അതിന്റെ ഗ്രന്ഥകാരൻ). കമ്മിറ്റിയെ സ്വാധീനിക്കുവാൻ അത്താനാസ്യോസ് പല ഉപായങ്ങളും പ്രയോഗിച്ചു; പല വ്യാജരേഖകളും ചമച്ചു; ഭാവനാസൃഷ്ടികളായ കഥകൾ പ്രചരിപ്പിച്ചു. സുസ്താത്തിക്കോന്റെ പകർപ്പിൽത്തന്നെ അപ്രകാരമുള്ള വ്യാജകഥകൾ കാണുക: "... നിങ്ങൾ അയച്ചിരുന്ന കത്തുകളിൽ ഞങ്ങൾക്ക് ഇടയനും പൗരോഹിത്യവും മാമ്മൂദീസായും ഭരണകർത്താവും ഇല്ല എന്നും മറ്റും പരാതിയായി അറിയിച്ചിരുന്നുവല്ലോ. ... മലയാളത്തേയ്ക്ക് ആരെ അയക്കേണ്ടു എന്ന് നാം മനോവിഷമത്തിലായിരിക്കുമ്പോൾ നിങ്ങളുടെ അടുത്തുനിന്ന് മത്തായി കശ്ശീശാ സമാധാനത്തോടെ നമ്മുടെ അടുത്ത് വന്നു. ... ആദ്യം ശെമ്മാശനായും പിന്നീട് കശ്ശീശ ആയും റമ്പാനായും മെത്രാപ്പോലീത്താ ആയും അദ്ദേഹത്തെ പട്ടം കെട്ടി" (റോയൽക്കോടതി വിധി, പു. 47).

റസിഡണ്ടിന് അത്താനാസ്യോസ് എഴുതി: "... അന്ത്യോഖ്യാ പാത്രിയർക്കീസ് തിരുമനസ് കൊണ്ട് അവിടുത്തെ വരുതിയും അറിവും കൂടാതെ പ്രവർത്തിക്കുന്ന മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ മുടക്കിയിരിക്കുന്നു." മറ്റൊരു കത്ത് ഇപ്രകാരമാണ്: "പേഷ്ക്കാർ കൊച്ചുശങ്കരപിള്ള

വളരെ സൂത്രമായ വിധത്തിൽ കാര്യങ്ങൾ ഒന്നൊന്നായി തിരുമനസ്സറിയിച്ച് വിളംബരം കിട്ടാതിരിക്കുന്നതിന് വേണ്ട യത്നം ചെയ്തു. എനിക്ക് കിട്ടിയിരിക്കുന്ന വിശ്വാസയോഗ്യമായ അറിവിൽ, ഈ വിധം പ്രവർത്തിപ്പാൻ കൊച്ചുശങ്കരപിള്ളയെ ഉത്സാഹിപ്പിച്ചത് എന്റെ സത്യമായും ന്യായമായും ഉള്ള അപേക്ഷയെ ഉപേക്ഷിച്ച് മാർ ദീവന്നാസ്യോസിന്റെ നഷ്ടപ്പെട്ടിരിക്കുന്ന സ്ഥാനത്തെ നിലനിറുത്തുന്നതിലേക്ക് 300 രൂപാ കൈക്കൂലി ആയി മാർ ദീവന്നാസ്യോസിനോട് വാങ്ങിച്ചിട്ടുള്ളതുകൊണ്ടാകുന്നു."

1848 മീന മാസത്തിൽ നടന്ന വിസ്താരത്തിന് ശേഷം മിഥുനം 9 ന് കമ്മിറ്റിക്കാർ അത്താനാസ്യോസിന് അനുകൂലമായി തീരുമാനം പ്രഖ്യാപിച്ചതിനെത്തുടർന്ന് രാജകീയ വിളംബരം പുറപ്പെടുമെന്ന് തീർച്ചയായി. തീരുമാനം നിഷ്പക്ഷമെന്ന് വരുത്തുവാൻ ഒരു പുനർ വിചാരണ ക്രമീകരിച്ചു. കൂറിലോസ് ഹാജരാക്കിയ രേഖകളിൽ മഷിഭേദം കാണുന്നുവെന്ന് കണ്ട് വിചാരണയിൽ അവ തള്ളിക്കളഞ്ഞു (ഇട്ടൂപ്പ് റൈറ്റർ, പു. 255–266). വൈദികരോട് കൂടുതൽ അനുഭാവം പുലർത്തിയവൻ, നവീകരണാനുകൂലി, ബഹുഭാഷാ പണ്ഡിതൻ എന്നീ നിലകളിൽ അത്താനാസ്യോസ് യഥാക്രമം വൈദികർ, മിഷണറിമാർ, സർക്കാർ എന്നിവർക്ക് കൂടുതൽ സ്വീകാര്യനായി. ശീമയിൽ നിന്ന് അചിരേണ വന്ന സ്തേഫാനോസ് മാർ അത്താനാസ്യോസിനും ഫലപ്രദമായി ഒന്നും ചെയ്യാനായില്ല. മാർ അത്താനാസ്യോസും യൂയാക്കീം കൂറിലോസും തിരുവിതാംകൂറിൽ പ്രവർത്തിക്കരുതെന്ന് സർക്കാർ വിലക്കിയതിനെ തുടർന്ന് കൂറിലോസ് മലബാറിൽ ആദ്യം പോർക്കളത്തും പിന്നീട് ചാലശ്ശേരിയിലും ഓരോ പള്ളി പണിയിച്ച് അവിടെ താമസമാക്കി. മാർ അത്താനാസ്യോസും അനുചരൻ ശിമയോൻ റമ്പാച്ചനും പാലൂർ ചാട്ടുകുളങ്ങര പള്ളിയിൽ താമസിച്ച് വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ച് വന്നു.

1849 ൽ ഉണ്ടായ നിരോധന ഉത്തരവിനെതിരെ 1849 മേട മാസത്തിൽ മ ദ്രാസിൽ ചെന്ന് പരാതി നൽകിയെങ്കിലും ഫലമുണ്ടായില്ല. റസിഡണ്ട് കല്ലൻ സായിപ്പിന്റെ ശുപാർശയനുസരിച്ച് തിരുവിതാംകൂർ മഹാരാജാവ് അത്താനാസ്യോസിന് അനുകൂലമായി വിളംബരം പ്രസിദ്ധീകരിച്ചു:

ശ്രീ പത്മനാഭദാസ വഞ്ചി ബാല മാർത്താണ്ഡവർമ്മ കുലശേഖര കിരീടപതി മന്നെ സുൽത്താൻ മഹാരാജ രാജ ഭാഗ്യോദയ രാമ രാജ ബഹദൂർ ഷംഷ്യർ ജംഗ മഹാരാജാവ് അവർകൾ സകലമാന പേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളബരം എന്തെന്നാൽ,

കോട്ടയത്ത് പാർക്കുന്ന മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് വയസ്സു കാലമായി സ്ഥാനം ഒഴിഞ്ഞിരിക്ക കൊണ്ടും ആ സ്ഥാനത്തേയ്ക്ക് അന്ത്യോഖ്യായിൽ നിന്ന് എഴുത്തും വാങ്ങിച്ചുകൊണ്ടു വന്നിരിക്കുന്ന മാർ

അത്താനാസ്യോസിനെ മെത്രാപ്പോലീത്താ ആയിട്ട് നിശ്ചയിച്ചിരിക്ക കൊണ്ട് ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ മലങ്കരയിടവക യിൽ പുത്തൻകൂറ്റിൽ സുറിയാനിക്കാരിൽ ഉൾപ്പെട്ട എല്ലാവരും മേലെഴു തിയ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ അനുസരിച്ച് കീഴ് മര്യാദ പോലെ നടന്നുകൊൾകയും വേണം.

എന്ന് 1027-മാണ്ട് കർക്കിടകം 15-ാം തീയ്യതി (എ. ഡി. 1852).

തങ്ങൾക്കെതിരെ പുറപ്പെടുവിച്ച നിരോധന ഉത്തരവിനെതിരെ മാർ സ്തേഫാനോസ് ഇംഗ്ലണ്ടിൽ ചെന്ന് ഡയറക്ടർമാരുടെ കോടതിയിൽ സങ്കടം ബോധിപ്പിച്ചു. അദ്ദേഹം സ്വദേശത്തേയ്ക്ക് പോയി. പരാതിയ്ക്ക് 1857 മെയ് 13 ന് താഴെ പറയുംപ്രകാരം ഡയറക്ടർ കോടതി ഉത്തരവിട്ടു:

"... ഇനി മേലിൽ ആ നാട്ടിലേക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ അയക്കപ്പെടാവുന്ന മേല്പട്ടക്കാരുടെ വാദങ്ങളെ അംഗീകരിക്കുകയോ നിഷേധിക്കുകയോ ചെയ്യേണ്ടത് അവർ തന്നെയാകുന്നു. ...." (കണ്ടനാട്ട് ഗ്രന്ഥവരി). ഇതോടെ മാർ യൂയാക്കീം കൂറിലോസിന് സഞ്ചാര സ്വാത ന്ത്ര്യം ലഭ്യമായി.

രാജകീയ വിളംബരം കലുഷിതമായ സഭാന്തരീക്ഷത്തെ ശാന്തമാക്കി. അംഗീകാരം ലഭിച്ചതോടെ അത്താനാസ്യോസ് നവീകരണശ്രമങ്ങൾ പര സ്യമായി ആരംഭിച്ചു. ഇത് വീണ്ടും ജനരോഷത്തിനിടയാക്കി. കലഹം ഒതുക്കുവാൻ തിരുവിതാംകൂർ ദിവാൻ 1863-ൽ 'നിയമാനുസൃത മെത്രാ പ്പോലീത്തായെ എതിർക്കുന്നവർ പട്ടക്കാരായാലും അത്മായക്കാരായാലും അവരെ ശിക്ഷിക്കുന്നതിനും പള്ളികളിൽ നിന്ന് ദീർഘവിചാരണ കൂടാതെ ബഹിഷ്കരിക്കുന്നതിനും താണതരം മജിസ്ട്രേട്ട്മാരെ ചുമതലപ്പെടുത്തി' (ഫിലിപ്പ്, പു. 224). സ്ഥാനത്തിന് അംഗീകാരം കിട്ടുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസിനെ മറയാക്കി ഉപയോഗിച്ച അത്താനാസ്യോസ് സ്ഥാനം അംഗീകരിക്കപ്പെട്ടതോടെ പാത്രിയർക്കീസിനെ പരസ്യമായി നിഷേധിക്കു വാനും സഭയിൽ നിർബ്ബന്ധപൂർവ്വം നവീകരണം അടിച്ചേല്പിക്കുവാനും ശ്രമം തുടങ്ങി.

1853 കുംഭം 2 ന് പാലക്കുന്നത്ത് അത്താനാസ്യോസ് കോട്ടയം പഴയ സെമിനാരിയിൽ ഒരു പള്ളിപ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. തെക്കുള്ള മിക്ക പള്ളികളും വടക്കു നിന്ന് ഏതാനും പള്ളികളും പങ്കെടുത്തു. പള്ളി നടത്തിപ്പിനെക്കുറിച്ച് 103 വ്യവസ്ഥകൾ അടങ്ങിയ ചട്ടവര്യോല യോഗം അംഗീകരിച്ചു (*മലങ്കരസഭ: ചരിത്രവും സംസ്കാരവും*, പു. 613-631 ഭാഗത്ത് ചട്ടവര്യോല പൂർണ്ണരൂപത്തിൽ കാണാം).

ഈ കോട്ടയം പടിയോല ഒരു ഭരണഘടനയുടെയും കാനോന്റെയും ഗൗരവം പുലർത്തിയിട്ടുണ്ട്. എന്നാൽ പട്ടംകൊടയുടെയും വികാരി നിയ

മനത്തിന്റെയും കാര്യങ്ങളിൽ മെത്രാപ്പോലീത്താ സ്വന്തം താല്പര്യങ്ങൾക്ക് ഊന്നൽ നൽകിയതിനാൽ ചട്ടവര്യോലയിലെ ഇതര വ്യവസ്ഥകളും പ്രായോഗികമായില്ല.

ചേപ്പാട്ട് മാർ ദീവന്നാസ്യോസ് 1855 ഒക്ടോബർ 9 ന് നിര്യാതനായി. ചേപ്പാട്ട് പള്ളിയിൽ സംസ്കരിക്കപ്പെട്ടു. മാവേലിക്കര സുന്നഹദോസിനെത്തുടർന്നുണ്ടായ സഭാവിഭജനത്തിന്റെ പേരിൽ അദ്ദേഹത്തിന് നിരവധി പീഡനങ്ങൾ സഹിക്കേണ്ടി വന്നു. താൻ മുടക്കിയ ഒരു ശെമ്മാശൻ മെത്രാൻ സ്ഥാനം അവകാശപ്പെട്ട് പുതിയ ഭിന്നത വിളയിച്ചെടുക്കുന്നത് അദ്ദേഹത്തിന് കാണേണ്ടിവന്നു. സ്വസ്ഥാനം യൂയാക്കീം കൂറിലോസിന് ഒഴിഞ്ഞു കൊടുത്തിട്ടും അർഹമായ യാതൊരു പരിഗണനയും അദ്ദേഹത്തിന് ലഭിച്ചില്ല. ഏവരുടെയും അവഗണനയ്ക്കു പാത്രമായ അദ്ദേഹത്തിന്റെ അന്ത്യം പരിതാപകരമായിരുന്നു.

രാജകീയ വിളംബരത്തിന്റെ പിൻബലം നേടിയ അത്താനാസ്യോസിനെ തെക്കൻ ഇടവകൾ മിക്കവാറും പിന്തുണച്ചു. കൂറിലോസിന് ആത്മീയകാര്യങ്ങൾ നിർവഹിക്കാമായിരുന്നുവെങ്കിലും ഭരണപരമായ അധികാരങ്ങൾ അദ്ദേഹത്തിനില്ലായിരുന്നു. എന്നാലും വടക്കൻ പ്രദേശങ്ങളിലെ പ്രാചീന ഇടവകകൾ അദ്ദേഹത്തിന് സ്വർണ്ണഖനിയായിത്തീർന്നു. സഹോദരൻ മക്കുദിശാ ഗബ്രിയേൽ വ്യാപാരം വഴിയായും മെത്രാച്ചൻ ആത്മീയ ശുശ്രൂഷകൾ വഴിയായും ദ്രവ്യസമ്പാദനത്തിൽ തല്പരരായതോടെ നവീകരണത്തെ ചെറുക്കുവാൻ ആളില്ലാതെയായി. നവീകരണം സ്വീകരിക്കാത്ത ഇടവകകൾ ഇടയനില്ലാത്ത ആടുകളുടെ അവസ്ഥയിലായി. വിവാഹം, മാമ്മൂദീസാ, പെരുന്നാളുകൾ, അടിയന്തിരങ്ങൾ തുടങ്ങിയ അനുഷ്ഠാനങ്ങൾക്കായി വടക്കൻ പ്രദേശങ്ങളിൽ സഞ്ചാരം നടത്തിക്കൊണ്ടേയിരുന്ന യൂയാക്കീം കൂറിലോസിന് മറ്റു കാര്യങ്ങൾ ശ്രദ്ധിക്കുവാൻ സമയവും താല്പര്യവും ഉണ്ടായിരുന്നില്ല.

## D. തൊഴിയൂർ വ്യവഹാരങ്ങൾ

കോട്ടയം പഴയസെമിനാരി സ്ഥാപകന്റെ ശിഷ്യൻ കുത്തൂർ ഗീവറുഗീസ് മാർ കൂറിലോസ് ആയിരുന്നു അക്കാലത്തെ തൊഴിയൂരിലെ മെത്രാൻ. മുൻഗാമികളെപ്പോലെ അദ്ദേഹം പാലൂർ – ചാട്ടുകുളങ്ങര ഇടവക വികാരിമാരിലൊരാളും ആ ഇടവകയുടെ സംരക്ഷണയിൽ ജീവിച്ച ആളുമായിരുന്നു. അക്കാലങ്ങളിൽ തൊഴിയൂരിലെ പള്ളി, ഇടവകപ്പള്ളി പോലും ആയിരുന്നില്ല. മലങ്കരസഭയുടെ എല്ലാ സന്തോഷങ്ങളിലും പ്രതിസന്ധികളിലും അദ്ദേഹം മുൻഗാമികളെപ്പോലെ ചാട്ടുകുളങ്ങര പള്ളിയുടെ നിലപാടിൽ ഉറച്ചുനിന്നു. ചാട്ടുകുളങ്ങര ഇടവക പിന്തുണച്ചത് യൂയാക്കീം കൂറിലോസിനെ ആയിരുന്നതിനാൽ തൊഴിയൂരിലെ കൂറിലോസും യൂയാക്കീം കൂറിലോ

സിനെ സ്വീകരിച്ചു. കുത്തൂർ കൂറിലോസ് 1856 ജൂൺ 16 ന് അന്തരിച്ചു. തൊഴിയൂരിൽ കബറടക്കി. പതിവുപോലെ തൊഴിയൂരിലെ എല്ലാ വസ്തു വകകളും പൂട്ടി മുദ്ര വച്ച് താക്കോൽ ചാട്ടുകുളങ്ങര യോഗത്തിന്റെ വികാരി ആലത്തൂർകാരൻ പനയ്ക്കൽ യൗസേപ്പ് കശ്ശീശായെ ഏല്പിച്ചു (എം. പി. വർക്കി, *മാർ ദീവന്നാസ്യോസ്,* പു. 14). കോട്ടയം പഴയ സെമിനാരി സ്ഥാപകന്റെ മാതൃതാവഴിക്കാരൻ കോലാടി ചാക്കുണ്ണി കത്തനാരെ തൊഴിയൂർ മെത്രാന്റെ പിൻഗാമിയായി ഇടവക നിശ്ചയിച്ചു. ഇടവകയിലെ മറ്റൊരു പ്രബല ഗ്രൂപ്പ് ആയ പാറേമ്മൽ (കുത്തൂർ) കുടുംബക്കാർ മെത്രാൻ സ്ഥാനത്തേയ്ക്ക് പനയ്ക്കൽ യൗസേപ്പ് കത്തനാരെയാണ് അനുകൂലി ച്ചത്. ഭൂരിപക്ഷ ഗ്രൂപ്പിന് നേതൃത്വം നൽകിയ പനയ്ക്കൽ കുടുംബക്കാരെ യും അവരുടെ മെത്രാൻ സ്ഥാനാർത്ഥിയെയും തോല്പിക്കുവാൻ അവർ ചാട്ടുകുളങ്ങര ഇടവകയ്ക്ക് അസ്വീകാര്യനായിരുന്ന പാലക്കുന്നത്തു മെത്രാച്ചനെ ബന്ധപ്പെട്ടു. അദ്ദേഹം തൊഴിയൂർ ആസ്ഥാനം കൈവശപ്പെ ടുത്തിത്തരുമെന്ന വ്യവസ്ഥയിലാകാം അവരോട് യോജിച്ചത്. ഇടവക യിലെ ഔദ്യോഗികവിഭാഗം ഇതറിഞ്ഞ ഉടനെ യൂയാക്കീം കൂറിലോസിനെ ബന്ധപ്പെട്ടുവെങ്കിലും സ്വസഹോദരന്റെ വിവാഹം പ്രമാണിച്ച് അദ്ദേഹം ഏതാനും നാളുകൾ മുളന്തുരുത്തിയിൽ കഴിച്ചുകൂട്ടി. അതിനിടയിൽ തന്ത്ര ശാലിയായ പാലക്കുന്നത്ത് മെത്രാച്ചൻ തൊഴിയൂരിലെത്തി. മുൻധാരണ പ്രകാരമാവാം ആലത്തൂർ കശ്ശീശാ തന്നെ വിശ്വാസപൂർവ്വം ഏല്പിച്ച താക്കോലുകൾ അനധികൃതമായി നവീകരണമെത്രാന് കൈമാറി. അദ്ദേഹം തൊഴിയൂരിൽ ആസ്ഥാനത്തിന്റെ മുദ്ര പൊട്ടിച്ച് വാതിൽ തുറന്ന് ആ സ്ഥാപനം കൈവശപ്പെടുത്തി (*മലബാർ സ്വതന്ത്ര സുറിയാനി സഭാചരിത്രം*, പു. 74). അക്കാലത്ത് ചാവക്കാട് മുൻസിഫ് പാലക്കുന്നത്ത് മെത്രാച്ചന്റെ ഉറ്റ മിത്രം ആയിരുന്ന പുത്തൻകാവ് ആലുംമൂട്ടിൽ ജോർ ജ്ജിന്റെ പിൻബലമാണ് ഈ കൈയേറ്റത്തിന് മെത്രാച്ചനെ ധൈര്യപ്പെടു ത്തിയത്. ന്യൂനപക്ഷമെങ്കിലും ഇടവകയിലെ ഒരു ഗ്രൂപ്പിന്റെ പിന്തുണയും വികാരിയുടെ ഒത്താശയും ഒത്തു ചേർന്നപ്പോൾ കൈയേറ്റ നാടകം സമ്പൂർണ്ണ വിജയമായി.

ഇടവകയുടെ കൈവശാവകാശത്തെ നഗ്നമായി കയ്യേറ്റം ചെയ്ത മെത്രാച്ചനെയും ഇടവക വികാരിയെന്ന നിലയിൽ ഏല്പിക്കപ്പെട്ട താക്കോ ലുകൾ അനധികൃതമായി കൈമാറി ട്രസ്റ്റ് ലംഘനം നടത്തിയ വികാരി യെയും തൊഴിയൂർ ആസ്ഥാനത്ത് നിന്ന് പുറത്തിറക്കുവാൻ ചാട്ടുകുളങ്ങര – പാലൂർ (ആർത്താറ്റ്) ഇടവകക്കാർ സംഘം ചേർന്ന് തൊഴിയൂരിലെത്തി. മെത്രാനും സംഘവും ഭയചകിതരായി പള്ളിമാളികയിൽ വാതിലടച്ചി രുന്നു. അടങ്ങപ്പുറത്ത് യൗസേഫ് കശ്ശീശാ വാതിലടച്ചതിനാൽ മെത്രാപ്പോ ലീത്തായുടെ മാളികമുറിയിൽ കയറുവാൻ ആർക്കും സാധിച്ചില്ല. ധീരനായ വേങ്കടത്ത് ശെമ്മാശൻ മെത്രാച്ചന്റെ എഴുത്തും വാങ്ങി രാത്രിയിൽ കയറ്

വഴി താഴത്തിറങ്ങി ചാവക്കാട്ടെത്തി. ആലുംമൂട്ടിൽ ജോർജ്ജ് മുൻസിഫ് മജിസ്ട്രേട്ടിന് കത്ത് കൊടുത്തു. പ്രഭാതമായപ്പോഴേക്കും പോലീസുകാരും മജിസ്ട്രേട്ടും എത്തി (ഫാ. കെ. സി. വർഗ്ഗീസ്, പു. 75). സുഹൃത്തായ അധികാരിയുടെ സഹായത്തോടെ മെത്രാച്ചൻ വിജയശ്രീലാളിതനായി. മുൻധാരണയനുസരിച്ചാവാം ആലത്തൂർ യൗസേഫ് കശ്ശീശായെ പാലക്കുന്നത്ത് മെത്രാച്ചൻ തൊഴിയൂരിന്റെ മെത്രാനായി വാഴിച്ചു. സഹോദരന്റെ വിവാഹ കോലാഹലമെല്ലാം കഴിഞ്ഞ് യൂയാക്കീം കൂറിലോസ് കുന്നംകുളത്തെത്തിയപ്പോഴേക്കും തൊഴിയൂരിലെ നാടകത്തിന് തിരശ്ശീല വീണു കഴിഞ്ഞിരുന്നു. രാജകീയ വിളംബരത്തിന്റെ പിൻബലമുള്ള ഔദ്യോഗിക മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ പാലക്കുന്നത്തു മെത്രാച്ചനെ സ്വീകരിച്ചു എന്ന് പില്ക്കാല തൊഴിയൂർ സഭാചരിത്രം ആലത്തൂർ കത്തനാരുടെ ട്രസ്റ്റ് വഞ്ചനയെ ന്യായീകരിച്ചുവെങ്കിലും മാതൃസഭയിൽ നിന്ന് വേർപെട്ട് ഒരു സ്വതന്ത്ര സഭയുടെ പേരും സ്വഭാവവും സ്വീകരിക്കുവാൻ ഇതോടെ തൊഴിയൂർ മെത്രാൻ നിർബ്ബന്ധിതനായി. ഒരിടവക പോലും അതുവരെയും സ്വന്തമായിട്ടില്ലാതിരുന്ന അദ്ദേഹം ഏതാനും ഇടവകകൾ സ്വന്തമാക്കുവാനുള്ള വഴി തേടി. അപ്പോഴാണ് തൊഴിയൂർ പള്ളിയുടെ ആദ്യ വ്യവഹാരം ആവിർഭവിച്ചത്. തൊഴിയൂരിലെ പട്ടംകൊടയ്ക്കെതിരെ 1857 ചിങ്ങം 17 ന് കോഴിക്കോട് സിവിൽക്കോടതിയിൽ യൂയാക്കീം കൂറിലോസ് വാദിയായി ചാട്ടുകുളങ്ങരപള്ളി ഒരു കേസ് ആരംഭിച്ചു. യൂയാക്കീം കൂറിലോസിന്റെ പ്രധാന വാദമുഖങ്ങൾ അന്ത്യോഖ്യായുടെ മേലധികാരത്തിലും മെത്രാന്റെ തെരഞ്ഞെടുപ്പിലും അധിഷ്ഠിതമായിരുന്നു.

തൊഴിയൂരിലെ വസ്തുവഹകൾ കുന്നംകുളം പനക്കൽ താരു എന്ന ആൾ 1775 ഇടവത്തിൽ പുന്നത്തൂർ രാജാവിൽ നിന്ന് വില കൊടുത്ത് വാങ്ങിയ തീറാധാരം ആലത്തൂർ മെത്രാച്ചൻ നാലാം നമ്പ്ര രേഖയായി കോടതിയിൽ ഹാജരാക്കുകയും അതിന് അന്ത്യോഖ്യാ പാത്രിയർക്കീസുമായോ അദ്ദേഹം അയച്ച യൂയാക്കീം കൂറിലോസുമായോ യാതൊരു ബന്ധവും ഇല്ലെന്നും അതൊരു സ്വതന്ത്ര ഇടവകയാണെന്നും വാദിക്കുകയും ചെയ്തു. പട്ടംകൊടുത്ത പാലക്കുന്നത്ത് മെത്രാച്ചൻ രാജകീയ വിളംബരം സിദ്ധിച്ച ഔദ്യോഗിക മലങ്കര മെത്രാപ്പോലീത്താ ആണെന്നും സ്ഥാനം ഏറ്റ ആളെ മുൻഗാമിയായ തൊഴിയൂരിലെ കുത്തൂർ മെത്രാച്ചൻ മരണപത്രം മൂലം പിൻഗാമിയായി നിശ്ചയിച്ചിരുന്നു എന്നും വാദിച്ച അദ്ദേഹം ഇക്കാര്യത്തിലേക്ക് മുൻഗാമി എഴുതിയതെന്ന് അവകാശപ്പെട്ടുകൊണ്ട് ഒരു മരണപത്രം ഹാജരാക്കുകയും ചെയ്തു. സിവിൽകോടതി ചെലവ് സഹിതം കേസ് തള്ളി. 1862-ൽ മദ്രാസ് ഹൈക്കോടതിയിൽ നൽകിയ അപ്പീലും ചെലവ് സഹിതം തള്ളി. ചെലവിലേക്ക് യൂയാക്കീം മാർ കൂറിലോസ് പണിയിച്ചിരുന്ന ചാലശ്ശേരി പള്ളിയും പോർക്കളം പള്ളിയും ആലത്തൂർ പനക്കൽ മെത്രാച്ചന് (കൂറിലോസ് എന്നായിരുന്നു അദ്ദേഹത്തിന്റെ

സ്ഥാനനാമം) ലഭിച്ചു. ഈ രണ്ടു പള്ളികളാണ് തൊഴിയൂർ സഭയുടെ ആദ്യത്തെ രണ്ട് ഇടവകകൾ.

യൂയാക്കീം കൂറിലോസിന് വേണ്ടി ഈ വ്യവഹാരങ്ങൾ നടത്തിയത് യൂയാക്കീം കൂറിലോസിൽ നിന്ന് 1852-ൽ ചാലിശ്ശേരിയിൽ വച്ച് കശ്ശീശാ പട്ടം ഏല്ക്കുകയും ചിറളയം പള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയും പഴഞ്ഞിപ്പള്ളിയിൽ വികാരിയായി നിയമിക്കപ്പെടുകയും ചെയ്ത കുന്നംകുളം സ്വദേശി പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ ആയിരുന്നു (ഈ വ്യവഹാരത്തോടെ മലങ്കരസഭയും തൊഴിയൂർ മെത്രാനും തമ്മിലുള്ള ബന്ധം അസ്തമിച്ചു. സെമിനാരി സ്ഥാപകനും കിടങ്ങൻ മെത്രാച്ചനും ചേർന്ന് ഭാവനാപൂർവ്വം വളർത്തിയെടുത്ത ഒരു ഐക്യ സൗധമാണ് ഈ സംഭവത്തോടെ തകർന്നത്. തൊഴിയൂരിന്റെ വിജയമായി ഈ സംഭവത്തെ തൊഴിയൂരിന്റെ സഭാചരിത്രകാരൻ പ്രകീർത്തിക്കുന്നുണ്ടെങ്കിലും മലങ്കര സഭയുമായി അനുരഞ്ജനപ്പെട്ടാൽ മാത്രമേ തൊഴിയൂർ സഭ രക്ഷപ്പെടുകയുള്ളൂ എന്ന് അതിന്റെ പില്ക്കാല സാരഥികൾ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നുവെന്ന് ഇതെഴുതുന്ന ആൾക്ക് നേരിട്ടറിയാം).

ഉഭയമുഖത്വമുള്ള പാലക്കുന്നത്ത് മെത്രാച്ചൻ സാധ്യമാകുന്ന സ്ഥലങ്ങളിൽ നവീകരണം വരുത്തിയും അനുകൂലമല്ലാത്ത പരിതഃസ്ഥിതികളിൽ നവീകരണം വരുത്താതെയും ആരാധനകൾ നടത്തിവന്നു. അദ്ദേഹത്തിന്റെ പിതൃവ്യൻ അബ്രഹാം മല്പാൻ നവീകരണ മെത്രാനിൽ നിന്ന് കുർബ്ബാന സ്വീകരിച്ചില്ല. നവീകരിച്ച തക്സാ ഉപയോഗിച്ച് തനിക്കു കുർബ്ബാന നൽകിയാലും പിന്നീട് നവീകരിക്കാത്ത തക്സാ ഉപയോഗിക്കുവാൻ മടിക്കാത്ത സഹോദരപുത്രൻ കൂടിയായ മെത്രാനെ ഒഴിവാക്കി, കൈതയിൽ ഗീവറുഗ്ഗീസ് മല്പാനിൽ നിന്നാണ് അബ്രഹാം മല്പാൻ ഒടുവിൽ വി. കുർബ്ബാന സ്വീകരിച്ചത്. കോതമംഗലം മുത്തപ്പന്റെ പ്രതിമ മാരാമണ്ണ് പള്ളിയിൽ നിന്ന് നീക്കം ചെയ്ത് യൽദോ ബാവായുടെ പെരുനാൾ ആ പള്ളിയിൽ നിർത്തലാക്കിയ മല്പാൻ മലങ്കരയിൽ നവീകരണത്തിന് ശക്തമായ അടിത്തറ പാകി എന്ന സംതൃപ്തിയോടെ മാരാമണ്ണ് പള്ളിയിൽ അന്ത്യവിശ്രമം കൊണ്ടു. നവീകരണചരിത്രത്തിന്റെ ആധികാരിക വക്താവായ കെ. എൻ. ദാനിയേൽ എഴുതുന്നു: "ഏബ്രഹാം മല്പാൻ, കൈതയിൽ ഗീവറുഗ്ഗീസ് മല്പാൻ മുതലായ മഹാന്മാർ മെത്രാപ്പോലീത്തായുടെ വിരോധത്തെയും പലവിധമായ പീഡകളെയും വകവയ്ക്കാതെ തങ്ങളുടെ ഇടവകകളിൽ നവീകരിച്ച തക്സാ 1012 (1837) മുതൽ ഉപയോഗിച്ചുവന്നു. പിന്നീട് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ മലങ്കരസഭയുടെ ഭരണം കൈയേറ്റത്തോടുകൂടി നവീകരണത്തിന് പ്രചാരമുണ്ടായി" (*മലങ്കരസഭയും നവീകരണവും*, പു. 38). കുമ്പനാട് മാർത്തോമ്മാ വലിയ പള്ളിയുടെ സുവനീർ പറയുന്നു: "നവീകരണ കർത്താവായ അബ്രഹാം

മല്പാനച്ചന്റെ പിൻഗാമിയും മലങ്കര സുറിയാനിസഭയിലെ മുടിചൂടാ മന്നനുമായ മേല്പറഞ്ഞ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ വാഴ്ചയുടെ കാലത്താണ് ഈ ആത്മീയ വ്യാപാരം സഭയിൽ പൊതുവെ ഉണ്ടായത്'' (ദ്വിതീയ ശതവത്സരാഘോഷ സ്മാരകഗ്രന്ഥം. പു.16). ഇത്രയും വ്യക്തമായ ഔദ്യോഗിക പ്രസ്താവനകൾ കൺമുമ്പിലിരിക്കെ, മാർ അത്താനാസ്യോസ് നവീകരണാനുകൂലിയല്ല, ഓർത്തഡോക്സ് വിശ്വാസിയായിരുന്നുവെന്ന് വിഫലമായി വിശദീകരിക്കുന്ന ഒരു പുസ്തകം ജോർജ്ജ് വർഗ്ഗീസ്, മദ്രാസ് രചിക്കുകയും ആ ഗ്രന്ഥം സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണവിഭാഗമായ എം. ഒ. സി. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുകയും ചെയ്തത് ഏതോ കറുത്ത മനസ്സിന്റെ പ്രേരണ മൂലമാണെന്നേ പറയാനാവൂ.

1865-ൽ മൂന്നാം പതിപ്പായി മാർ അത്താനാസ്യോസ് പ്രസിദ്ധപ്പെടുത്തിയ നമസ്കാരപ്പുസ്തകത്തിന്റെ വിവർത്തനത്തിൽ നവീകരണത്തിന്റെ ഉദാഹരണങ്ങൾ കാണാം. 'കോട്ടയത്ത് സുറിയാനി സെമിനാരിയിൽ മലങ്കര ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അച്ചുകൂടത്തിൽ അടിക്കപ്പെട്ട" ഈ പുസ്തകം അതിൽ അവകാശപ്പെട്ടതുപോലെ 'സുറിയാനി ക്രിസ്ത്യാനികളുടെ നമസ്കാരപ്പുസ്തകത്തിന്റെ ശരി തർജ്ജിമ" അല്ല. കൗമ്മാപ്രാർത്ഥനയുടെ അന്ത്യത്തിൽ ചൊല്ലുന്ന 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ഈ തർജ്ജിമയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഒമ്പതാം മണി നമസ്കാരത്തിൽ മരിച്ചുപോയവരെ ഓർക്കുന്ന 'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ..." എന്നാരംഭിക്കുന്ന മാർ ബാലായിയുടെ അപേക്ഷയും വിട്ടുകളഞ്ഞിരിക്കുന്നു. സൂത്താറാ നമസ്കാരത്തിലെ മാർ അപ്രേമിന്റെ രാഗത്തിൽ ചൊല്ലുന്ന ശയന പ്രാർത്ഥനയിൽ

'നിന്നെപ്പെറ്റെന്നമ്മയുടെ
നിന്നോടുള്ള അപേക്ഷയാലെ
എനിക്കുള്ള ശയനത്തിന്മേൽ
തിന്മപ്പെട്ടവനണയരുതേ'

എന്ന വരികൾ തർജ്ജിമയിൽ താഴെ കാണുംപ്രകാരം ഭേദപ്പെടുത്തിയിരിക്കുന്നു:

'കാരുണ്യ ഉടയവനോട്
നിനക്കുള്ള അപേക്ഷയാലെ
എനിക്കുള്ള ശയനത്തിന്മേൽ
തിന്മപ്പെട്ടവനണയരുതേ'


ആരാധാനക്രമങ്ങൾ മൂലഭാഷയിൽ നിന്ന് സ്വഭാഷയിലേക്ക് വിവർത്തനം ചെയ്ത് കിട്ടിയ ആഹ്ലാദവായ്പിൽ, വിവർത്തനത്തിന്റെ മറപിടിച്ച്

നടത്തിയ നവീകരണശ്രമങ്ങളെ പലരും കണ്ടില്ല; കണ്ട പലരും കണ്ട തായി ഭാവിച്ചുമില്ല.

## F. പുലിക്കോട്ടിൽ ഇട്ടൂപ്പ് (ജോസഫ്) കത്തനാർ

1832 നവംബർ 12 ന് കുരിയൻ - താണ്ടമ്മ ദമ്പതികളുടെ മകനായി ജനിച്ച കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ ആണ് പാലക്കു ന്നത്ത് വലിയ മെത്രാച്ചന്റെ നവീകരണത്തോട് തുറന്ന യുദ്ധം പ്രഖ്യാപി ച്ചത്. വലിയപ്പൻ ഇട്ടൂപ്പ് കത്തനാരിൽ നിന്നും മാതുലൻ കുത്തൂർ കൂറിലോ സിൽ നിന്നും യൂയാക്കീം കൂറിലോസ്, സ്തേഫാനോസ് അത്താനാസ്യോ സ്, ശെമവൂൻ റമ്പാൻ തുടങ്ങിയവരിൽ നിന്നും വൈദികശിക്ഷണം നേടിയ അദ്ദേഹം നവീകരണ മെത്രാന്റെ നമസ്കാരപ്പുസ്തകത്തെ ചെറുക്കുവാൻ കോഴിക്കോട് കളഹസ്തിയപ്പാ ചെട്ടിയാരുടെ പ്രസ്സിൽ നിന്ന് നവീകരണം കലരാത്ത പ്രാർത്ഥനാ പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തു (ഈ ക്രമത്തിന്റെ കുറഞ്ഞത് പതിമൂന്ന് പതിപ്പുകളെങ്കിലും സ്വജീവിതകാലത്ത് അദ്ദേഹം പ്രസിദ്ധീകരിച്ചതിൽ ആറേഴു പതിപ്പുകൾ ഈ ഗ്രന്ഥകാരൻ സൂക്ഷിക്കുന്നു). 1850 കളിൽ ഈ ജോസഫ് കത്തനാർ കുന്നംകുളത്ത് പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ് എന്ന പേരിൽ ഒരച്ചടികേന്ദ്രം സ്ഥാപിക്കുകയും അവിടെനിന്ന് സുറിയാനി കുർബ്ബാന തക്സാ പ്രസി ദ്ധീകരിക്കുകയും ചെയ്തു (കുർബ്ബാന, മാമ്മൂദീസാ, വിവാഹം എന്നീ ക്രമങ്ങൾ ഉൾപ്പെട്ട പ്രസ്തുത തക്സാ ഗ്രന്ഥകാരന്റെ കൈവശം ഉണ്ട്). തലശ്ശേരിയിലെ ജർമ്മൻ മിഷണറിമാരിൽ നിന്ന് വാങ്ങിയ ഈ കല്ലച്ച് പ്രസാണ് പ്രസ്സുകളുടെ നാടായ കുന്നംകുളത്തെ ആദ്യത്തെ പ്രസ്. കേരള ത്തിലെ ഒന്നാമത്തെ സുറിയാനി പ്രസ്സും ഇത് തന്നെ. തൊഴിയൂർ പള്ളിക്കേ സിൽ നവീകരണമെത്രാനോട് പരാജയപ്പെട്ടുവെങ്കിലും അദ്ദേഹം നിരാശ പ്പെട്ടില്ല. അച്ചടിച്ച നമസ്കാരപ്പുസ്തകങ്ങളും കുർബ്ബാനക്രമവും പ്രചരിപ്പി ക്കുവാൻ മലങ്കരയിലെ പള്ളിതോറും സഞ്ചരിച്ച യുവവൈദികനെ മല ങ്കരസഭ സകൂതം ശ്രദ്ധിച്ചു. നവീകരണത്തോട് ആഭിമുഖ്യമില്ലാത്ത അനേ കം സുറിയാനിക്കാർ എതിർക്കാനാവാതെ നവീകരണ മെത്രാന്റെ കീഴിൽ അനുസരണം ഭാവിച്ചുകൊണ്ട് കഴിയുന്നത് ഈ യാത്രകളിൽ പുലിക്കോ ട്ടിൽ ഇട്ടൂപ്പ് കത്തനാർ ശ്രദ്ധിച്ചു. കോട്ടയം പഴയസെമിനാരി സ്ഥാപകന്റെ കുടുംബക്കാരൻ എന്ന ഖ്യാതി അദ്ദേഹത്തിന്റെ പ്രയത്നങ്ങളെ ലഘൂക രിച്ചു. വടക്കൻ ഇടവകകളിൽ വൈദികരും അത്മായക്കാരുമായ അനേകം പേർ അദ്ദേഹത്തിന്റെ സുഹൃത്തുക്കളായി. കൊച്ചിയിലും ചാവക്കാട്ടും വ്യാപാരാർത്ഥം വന്നിരുന്ന ഉത്തരേന്ത്യക്കാരിൽ നിന്നും ഹിന്ദുസ്ഥാനിയും വിദേശികളായ ഗുരുക്കന്മാരിൽ നിന്ന് സുറിയാനിയും അറബിയും ചില മിഷണറി സുഹൃത്തുക്കളിൽ നിന്നും ഇംഗ്ലീഷും അദ്ദേഹം പരിചയിച്ചു. 1852 ചിങ്ങം 6 ന് കശ്ശീശാപട്ടമേറ്റ് പഴഞ്ഞി, ചാലിശ്ശേരിപ്പള്ളികളിൽ അദ്ദേ

ഹം സേവനം അനുഷ്ഠിച്ചു വരുമ്പോൾ ആണ് നവീകരണ മെത്രാച്ചന് രാജകീയ വിളംബരം ലഭിക്കുന്നത്. വിളംബരം വന്നതോടെ ആർത്താറ്റ് - കുന്നംകുളം മഹാഇടവകയിലെ പള്ളികളെല്ലാം നവീകരണ മെത്രാന്റെ അധീനതയിലായി. നവീകരണത്തെ ചെറുക്കുവാൻ നാനൂറോളം കുടുംബങ്ങളെ അദ്ദേഹം സജ്ജരാക്കി. കൊച്ചിരാജാവിന്റെ അനുമതിയോടെ കുന്നംകുളം കിഴക്കേ പുത്തൻപള്ളി അദ്ദേഹം സ്ഥാപിച്ച് 1852 വൃശ്ചികം 12 മുതൽ (അന്നായിരുന്നു പഴയസെമിനാരി സ്ഥാപകന്റെ ഓർമ്മപ്പെരുന്നാൾ) അവിടെ പതിവായി ആരാധിച്ച് വന്നു. അനുമതിക്കായി കൊച്ചി രാജാവിന് നൽകിയ അപേക്ഷയിൽ നവീകരണമെത്രാനെ സ്വീകരിക്കുവാൻ വിശ്വാസപരമായി കഴിയാത്തതിനാലാണ് പുതിയ പള്ളിയുടെ ആവശ്യം നേരിട്ടതെന്ന് തുറന്നെഴുതിയിരുന്നു (എം. പി. വർക്കി, പു. 9, 10). പുതിയ പള്ളിയുടെ വിവരമറിഞ്ഞപ്പോൾ നവീകരണ മെത്രാൻ കോപിച്ചു. അവിടെ ദിവ്യകർമ്മങ്ങൾ നടത്തിക്കരുതെന്ന് ദിവാൻ ശങ്കരവാരിയർക്ക് എഴുതി അയച്ചു. ദിവാൻ ഉടനെ ഉത്തരവ് പുറപ്പെടുവിച്ചു. അന്യായമായ ഉത്തരവിനെ ജോസഫ് കത്തനാർ ലംഘിച്ചു. വാദപ്രതിവാദങ്ങൾക്ക് ശേഷം ജോസഫ് കത്തനാരുടെ പ്രവൃത്തി ന്യായമെന്ന് ദിവാൻ വിധിച്ചു (വർക്കി, പു. 10). നിയമയുദ്ധത്തിൽ ഗോലിയാത്തിനെ തറ പറ്റിച്ച യുവകോമള വൈദികനെ - അഭിനവ ദാവീദിനെ - സഭ ആദര പൂർവ്വം ശ്രദ്ധിച്ചു.



**പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II**

മലങ്കരയിലെ നവീകരണ വ്യഗ്രതയെക്കുറിച്ചും പുതിയ മെത്രാനെ അയച്ചുതരുവാൻ ആവശ്യപ്പെട്ടുകൊണ്ടും അയച്ചിരുന്ന കത്തുകൾക്ക് പാത്രിയർക്കീസ് ഒടുവിൽ മറുപടി അയച്ചു: “... അവിടെ നിന്നും രണ്ടോ മൂന്നോ കശ്ശീശന്മാരെ ഇവിടേയ്ക്ക് പറഞ്ഞയച്ചാൽ ശോധനചെയ്ത് പഠിച്ച് മെത്രാന്റെ സ്ഥാനം കൊടുത്തയയ്ക്കുന്നതാകുന്നു” (കണ്ടനാട്ട് ഗ്രന്ഥവരി, പു. 176). ഈ കത്തിന്റെ അടിസ്ഥാനത്തിൽ യൂയാക്കീം കൂറിലോസ് ഒരു യോഗം 1863 ധനു 11 ന് കോട്ടൂർ പള്ളിയിൽ സമ്മേളിച്ച് ‘ഇവിടെ നിന്ന് കൊള്ളാകുന്ന പട്ടക്കാർ പോകുന്നതിന് തയാറല്ലാത്തതിനാൽ അവിടെ നിന്ന് രണ്ട് ബാവാമാരെയും പത്ത് റമ്പാന്മാരെയും വേണ്ടുന്ന പുസ്തകങ്ങളും മൂറോനും കൊടുത്ത് അയക്കണമെന്ന്’ മറുപടി തയാറാക്കി. മറ്റൊരു

മെത്രാന്റെ സാന്നിധ്യം തന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ യൂയാക്കീം കൂറിലോസ് ഇക്കാര്യത്തിൽ വിമുഖനായിരുന്നു. ഈ സമയത്ത് 1038 (1863) മീനം 2 ന് പുലിക്കോട്ടിൽ ജോസഫ് കത്തനാർ കോട്ടൂരെത്തി കൂറിലോസിനെ കണ്ട് കടൽ യാത്രയ്ക്ക് തയാറാണെന്നറിയിച്ചു. ശിഷ്യൻ, ആത്മീയ പുത്രൻ, തൊഴിയൂർ വ്യവഹാരവും വരാപ്പുഴ ആർച്ച് ബിഷപ്പ് തനിക്കെതിരായി നൽകിയ മാനനഷ്ടക്കേസും തനിക്കുവേണ്ടി ഏറ്റെടുത്ത് നടത്തിയ ആൾ എന്നീ നിലകളിലൊക്കെ അഭിനവ മെത്രാൻ സ്ഥാനാർത്ഥി കൂറിലോസിന് പ്രിയങ്കരനായിരുന്നുവെങ്കിലും സ്വദേശിയും പ്രാപ്തനും ജനസമ്മതനുമായ അദ്ദേഹം മെത്രാനായി വന്നാൽ സ്വന്തം സ്ഥാനത്തിന്റെ പ്രസക്തിയ്ക്കു മങ്ങലേല്ക്കുമെന്ന് അതിബുദ്ധിമാനായ കൂറിലോസ് ഗ്രഹിച്ചു. എങ്കിലും പള്ളിക്കാരുടെ സമ്മർദ്ദം വർദ്ധിച്ചതോടെ അദ്ദേഹം ജനഹിതത്തിന് വഴങ്ങുന്നതായി ഭാവിച്ച് ഇപ്രകാരം പാത്രിയർക്കീസിന് കത്ത് തയ്യാറാക്കി "... കോട്ടൂർ പള്ളിയിൽ പള്ളിക്കാർ കൂടിയ സമയം ഈ കശ്ശീശ പോകുന്നതിനായി എത്തപ്പെട്ടിട്ടില്ലാത്തതിനാലത്രേ ഇപ്രകാരം പള്ളിക്കാർ എഴുതുവാൻ സംഗതി വന്നത്. അതിനാൽ തിരുമുമ്പാകെ ഈ ആൾ വന്നാൽ തിരുമനസ്സുപോലെ ചെയ്യുന്നതിന് ഒക്കെ എനിക്കും പള്ളിക്കാർക്കും സമ്മതമാകുന്നു. 1864 മീനം 11" (ഗ്രന്ഥവരി, പു. 180). ആർത്താറ്റ്, കുറുപ്പമ്പടി മുതലായ പള്ളിക്കാർ എഴുതിയ കത്തുകളിൽ കൂറിലോസ് ഒപ്പും മുദ്രയും വച്ച് കൊടുത്തയച്ചു. കോട്ടയത്ത് ഇടവഴിക്കൽ പീലിപ്പോസ് കത്തനാരെ കാണുകയോ ശുപാർശകത്ത് സ്വീകരിക്കുകയോ അരുതെന്ന് കൂറിലോസ് നിർദ്ദേശിച്ചു. ശീമയിലെ ബാവാമാർക്കും നാട്ടുകാർക്കും കത്തുകളും പാത്രിയർക്കീസിന് ഏകദേശം 35 രൂപാ തൂക്കം വെള്ളിയിൽ തീർത്ത അംശവടിയും കൂറിലോസ് കൊണ്ടുവന്നിരുന്ന സ്വർണ്ണം പൂശിയ സ്ലീബായും കൊടുത്തയച്ചു (*ഗ്രന്ഥവരി*, പു. 364).

കുന്നംകുളത്തുകാർ സ്വരൂപിച്ച് നൽകിയ അഞ്ഞൂറ് രൂപായും അങ്കമാലി, അകപ്പറമ്പ്, കുറുപ്പമ്പടി, കോതമംഗലം, കുന്നക്കുരുടി, കടമറ്റം, കോലഞ്ചേരി തുടങ്ങിയ ഇടവകകൾ നൽകിയ സംഭാവനകളുമായി യാത്രയായ ജോസഫ് (ഇട്ടൂപ്പ്) കത്തനാരോടൊപ്പം കണ്ടനാട്ട് മട്ടുമ്മേൽ ഗീവറുഗ്ഗീസ് കത്തനാരും പരിചാരകൻ കുന്നംകുളം കുത്തൂർ താരപ്പനും മർദ്ദീനിലേക്ക് 1863 മേടം 14 ന് കുന്നംകുളത്തു നിന്ന് യാത്രയായി (രസകരവും ഭാവതീവ്രവും സംഭവബഹുലവും ഉദ്വേഗപൂർണ്ണവുമായ ഈ സാഹസികയാത്രയുടെ വിവരണം 'ഒരു പരദേശയാത്രയുടെ കഥ' എന്ന പേരിൽ അദ്ദേഹം എഴുതിയത് 1902 ൽ അദ്ദേഹത്തിന്റെ ജീവചരിത്രത്തിന്റെ ഭാഗമായി എം. പി. വർക്കിയും സ്വതന്ത്രകൃതിയായി 2003 ൽ ഈ ഗ്രന്ഥകാരനും പ്രസിദ്ധീകരിച്ചു. മലയാളത്തിലെ യാത്രാവിവരണ സാഹിത്യ ശാഖയിലെ രണ്ടാമത്തെ കൃതിയായ ഇതിന്റെ പ്രചോദനവും മാതൃകയും സ്വീകരിച്ചാണ്

അദ്ദേഹത്തിന്റെ ശിഷ്യൻ പരുമല മാർ ഗ്രീഗോറിയോസ് ഊർശ്ലേം യാത്ര എന്ന കൃതി രചിച്ചിട്ടുള്ളത്).

സ്വദേശിയായ ഒരു മെത്രാൻ വാഴിക്കപ്പെടരുത് എന്ന് നിർബ്ബന്ധമുള്ള കൂറിലോസ് മെത്രാൻ സ്വന്തമായും പള്ളികളും വ്യക്തികളും മുഖേനയും പാത്രിയർക്കീസ് ബാവായ്ക്ക് കൊടുത്തയച്ച കത്തുകളിൽ മെത്രാൻ സ്ഥാനാർത്ഥിയ്ക്ക് പ്രതികൂലമായ പല പരാമർശങ്ങളുമുണ്ടായിരുന്നെങ്കിലും തൽസംബന്ധമായ പരിശോധനകൾക്ക് നിയോഗിക്കപ്പെട്ട കമ്മിറ്റി സ്ഥാനാർത്ഥി യോഗ്യനെന്ന് സംശയാതീതമായി അഭിപ്രായപ്പെട്ടതിനാൽ 1864 മേടം 25 ന് അദ്ദേഹത്തെ റമ്പാനായും 26 ന് മെത്രാനായും സ്ഥാനം നൽകി. അർമ്മീനിയൻ മെത്രാനും മർദ്ദീനിലെ മെത്രാനും ബാവായോടൊപ്പം സ്ഥാനാഭിഷേകത്തിൽ പങ്കെടുക്കുകയും സുസ്താത്തിക്കോനിൽ ഒപ്പുവയ്ക്കുകയും ചെയ്തു (യാക്കോബ് ദ്വിതീയൻ ബാവാ നൽകിയതും കോനാട്ട് മാത്തൻ ശെമ്മാശൻ – പിന്നീട് മലങ്കര മല്പാൻ മാത്തൻ കോറി – വിവർത്തനം ചെയ്തതുമായ സുസ്താത്തിക്കോന്റെ പൂർണ്ണരൂപം ഈ ഗ്രന്ഥകാരൻ എഴുതിയ 'മലങ്കരയുടെ മഹാനായ മാർ ദീവന്നാസ്യോസ്' എന്ന ജീവചരിത്രത്തിന്റെ 47–53 വരെ പുറങ്ങളിൽ കാണുക).

നവാഭിഷിക്തനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് 1865 ചിങ്ങം 24 ന് കൊച്ചിയിലെത്തി. അദ്ദേഹത്തെ സ്വീകരിക്കുവാൻ പോയ കരോട്ടുവീട്ടിൽ ശെമവൂൻ കോറി കണ്ടനാട്ട് ഗ്രന്ഥവരിയിൽ എഴുതുന്നു: "പാത്രിയർക്കീസ് ബാവാ അദ്ദേഹത്തിന് കൊടുത്തിട്ടുള്ള കസവുകാപ്പാ മുതലായതും സ്ലീബായും കുരിശും മൂറോനും വടിയും മാർ കൗമ്മായുടെയും മാർ യാക്കൂബ് ബുർദ്ദാനയുടേയും മാർ യാക്കോബ് മപസ്ക്കൊയുടെയും... അസ്ഥികളും മലയാളമൊക്കെ ഭരിപ്പാനായി കൊടുത്തിട്ടുള്ള സുസ്താത്തിക്കോനും എന്നെ കാണിച്ച് സന്തോഷമായിരിക്കയാൽ 25–ാം തീയ്യതി വൈകുന്ന സമയം അദ്ദേഹത്തിന്റെ എതിരേല്പിനായി കുന്നംകുളത്തു നിന്നും പനക്കൽ കാക്കു കത്തനാരച്ചൻ പനക്കൽ ഇയ്യപ്പൻ മുതലായ ഏതാനും പേരും വരികയും...."

പുതിയ മെത്രാന്റെ വരവിൽ അസന്തുഷ്ടനായ കൂറിലോസ്, അങ്കമാലി, കണ്ടനാട്, കോതമംഗലം, മുളന്തുരുത്തി എന്നീ പ്രബല ഇടവകകളെ സ്വാധീനിച്ചു. പൊതു ശത്രുവിനെ സഭ തല്ക്കാലത്തേങ്കിലും മറന്നു. അത്താനാസ്യോസിന്റെ ഗ്രൂപ്പ്, കൂറിലോസിന്റെ ഗ്രൂപ്പ്, പുതിയ മെത്രാൻ ദീവന്നാസ്യോസിന്റെ ഗ്രൂപ്പ് എന്നിങ്ങനെ സഭ ത്രിമുഖ സംഘമായി. അനുരഞ്ജനകലയുടെ മാന്ത്രികൻ ആയ പുലിക്കോട്ടിൽ മെത്രാച്ചൻ നയം കൊണ്ടും സ്നേഹം കൊണ്ടും പാളയത്തിലെ പടയെ സാന്ത്വനിപ്പിച്ചു. നവീകരണ മെത്രാനെതിരായി നടപടികൾ ആരംഭിച്ചു; ഹർജികൾ അയച്ചു. ദിവാനുമായി അഭിമുഖ സംഭാഷണം നടത്തി. ഒന്നും വേണ്ടത്ര പ്രയോജ

നപ്രദമാകാഞ്ഞതിനാൽ 1869 ഫെബ്രുവരി 3 ന് മദിരാശിയിൽ ബാരിസ്റ്റർ മോയിൻ സായിപ്പ് മുഖേന ഗവർണ്ണർക്ക് ദീർഘമായ ഒരു സങ്കടഹർജി ബോധിപ്പിച്ചു (ഹർജിയുടെ പൂർണ്ണരൂപത്തിന് മലങ്കരസഭ: ചരിത്രവും സംസ്കാരവും, പു. 644-650 കാണുക). ഹർജിക്ക് ഇപ്രകാരം മറുപടി ലഭിച്ചു: "ഹർജിയിൽ കാണിച്ചിരിക്കുന്ന കാര്യങ്ങളിൽ ഗവണ്മെന്റ് പ്രവേശിക്കുന്നതല്ല. ഈ സംഗതി ഇടപെട്ട കാര്യങ്ങളിൽ ബ്രിട്ടീഷ് റസിഡന്റ് തന്നിട്ടുള്ള കല്പനയെ സ്ഥിരപ്പെടുത്തിയിരിക്കുന്നു എന്ന് അറിഞ്ഞു കൊള്ളണം" (കണ്ടനാട്ട് *ഗ്രന്ഥവരി,* പു. 249).

പാത്രിയർക്കീസിന്റെ പിന്തുണ മറുഭാഗം ആർജിച്ചു എന്ന് സംശയാതീതമായി ബോധ്യമായപ്പോൾ പാലക്കുന്നത്ത് മെത്രാച്ചൻ പരസ്യമായി നിലപാടുകളും മുൻ അഭിപ്രായങ്ങളും ഭേദപ്പെടുത്തി. പാത്രിയർക്കീസിന് മലങ്കരയിൽ കാര്യമില്ലെന്നും മെത്രാന്മാരെ വാഴിക്കുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സാന്നിദ്ധ്യമോ അനുവാദമോ ആവശ്യമില്ലെന്നും അദ്ദേഹം പ്രസ്താവിപ്പാൻ തുടങ്ങുകയും 1868 ഇടവം 9 ന് (സ്വർഗ്ഗാരോഹണപ്പെരുന്നാൾ) തന്റെ ചിറ്റപ്പന്റെ മകൻ പാലക്കുന്നത്ത് തോമസ് കത്തനാരെ കോട്ടയം സെമിനാരി ചാപ്പലിൽ വച്ച് റമ്പാനാക്കുകയും ചെയ്തു. 19-ന് പെന്തിക്കോസ്തിയിൽ പാലക്കുന്നത്ത് മെത്രാച്ചനും തൊഴിയൂരിലെ ആലത്തുക്കാരൻ മെത്രാച്ചനും ചേർന്ന് റമ്പാനെ തോമസ് മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. അതിനുശേഷം പാലക്കുന്നത്ത് വലിയമെത്രാച്ചൻ സ്വയം പാത്രിയർക്കീസ് എന്ന് വിശേഷിപ്പിച്ചു. കൊച്ചുമെത്രാച്ചനും ആലത്തൂക്കാരൻ മെത്രാച്ചനും ചേർന്ന് അദ്ദേഹത്തെ പാത്രിയർക്കീസായി അവരോധിക്കുമെന്ന് അക്കാലത്ത് ഒരു ശ്രുതി പരന്നു (*ഗ്രന്ഥവരി,* പു. 229).

പുലിക്കോട്ടിൽ മെത്രാച്ചനെ അംഗീകരിക്കാതെയും അദ്ദേഹത്തെ പഴിച്ചുകൊണ്ടും ദിനരാത്രങ്ങൾ കഴിച്ചുകൂട്ടിയ കൂറിലോസിനെ ശാസിച്ചുകൊണ്ട് പാത്രിയർക്കീസ് കല്പന അയച്ചതായും തുടർന്ന് കൂറിലോസ് ഒതുങ്ങിയതായും ഗ്രന്ഥവരിയിൽ കാണുന്നു (പു. 236). വർഷങ്ങളായി മുടങ്ങിക്കിടന്ന വട്ടിപ്പണപ്പലിശ 35000 രൂപ പുലിക്കോട്ടിൽ മെത്രാച്ചന്റെ തടസവാദം അവഗണിച്ചുകൊണ്ട് പാലക്കുന്നത്തു മെത്രാച്ചനും കൂട്ടുട്രസ്റ്റികളും വാങ്ങി.

1870-ൽ പുലിക്കോട്ടിൽ മെത്രാച്ചൻ കൊച്ചിയിൽ സെന്റ് തോമസ് പ്രസ് എന്ന പേരിൽ ഒരു അച്ചുകൂടം സ്ഥാപിച്ചു. 'മലയാളത്തിലും സുറിയാനിയിലും ദുർല്ലഭമായി ഇംഗ്ലീഷിലും അച്ചടിവേലകൾ ചെയ്തുവരുന്നത് കൂടാതെ പരജനങ്ങൾക്കു വിദ്യയും നാഗരികതയും അഭിവൃദ്ധിയായി വരുവാൻ വേണ്ടി 'കേരള പതാക' എന്ന നാമധേയമായി ഒരു വർത്തമാനപത്രിക കൊല്ലം 1048-ാമാണ്ട് (1872) ചിങ്ങം 1-ാം തീയതി മുതൽ മാസത്തിൽ രണ്ടു തവണയായി പ്രസിദ്ധം ചെയ്തുവരുന്നു' (*ഗ്രന്ഥവരി*).

സഭയ്ക്ക് ആവശ്യമായ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുവാൻ ഏർപ്പാടാക്കിയ കർമ്മനിരതനും ക്രാന്തദർശിയുമായ പുലിക്കോട്ടിൽ മെത്രാച്ചൻ മലങ്കരയിൽ ദയറാ പ്രസ്ഥാനം ആരംഭിക്കുവാൻ നിശ്ചയിച്ചു. മർദ്ദീൻ യാത്രയിൽ കണ്ട ദയറാകൾ മാതൃകാപരമായി മനസ്സിൽ ഉണ്ടായിരുന്നു. വളരെ അന്വേഷണങ്ങൾക്കു ശേഷം ദയറാ പ്രസ്ഥാനത്തിന്റെ അധിപൻ ആകുവാൻ അനുയോജ്യനായ ഒരു വൈദികനെ അദ്ദേഹം കണ്ടെത്തി. സ്വശിഷ്യനും മുളന്തുരുത്തി സ്വദേശിയുമായ ചാത്തുരുത്തിൽ ഗീവറുഗീസ് കശ്ശീശായെയാണ് അദ്ദേഹം കണ്ടെത്തിയത്. 'മശിഹാകാലം 1872 മീനമാസം 26-ാം തീയതി ഞായറാഴ്ച മുളന്തുരുത്തിയിൽ വച്ച് പുലിക്കോട്ടിൽ മെത്രാപ്പോലീത്താ കണ്ടനാട്ട് പള്ളിപ്പുറത്തുകാരൻ കല്ലറക്കൽ എന്നും മുളന്തുരുത്തിൽ കരപുള്ളിൽ എന്നും പള്ളത്തട്ടേൽ എന്നും തറവാട്ടുപേരും സാധാരണയായി ചാത്തുരുത്തിൽ എന്ന് വിളിച്ചുവരുന്ന കോറി ഗീവറുഗീസ് കഹനായ്ക്ക് റമ്പത്വം കൊടുത്തു. ഈ സ്ഥാനം കൊടുത്തത് അദ്ദേഹത്തിന്റെ പൂർണ്ണ മനസ്സാലും ആഗ്രഹത്തിൻ പേരിൽ മെത്രാപ്പോലീത്താ ചെയ്തതാകുന്നു' (*ഗ്രന്ഥവരി,* പു. 319). മുളന്തുരുത്തിയ്ക്കടുത്തുള്ള വെട്ടിക്കൽ കുരിശുപള്ളി കെട്ടിടത്തിൽ പുതിയ റമ്പാനെ ചുമതലപ്പെടുത്തി.

പനക്കൽ ഐപ്പുരുവിന്റെ പണ്ടകശാലയിൽ (കൊച്ചിക്കോട്ടയിലെ) സ്ഥാപിതമായ സെന്റ് തോമസ് അച്ചുകൂടവും അവിടെനിന്ന് പുറപ്പെട്ട കേരള പതാകയും മലങ്കരസഭയുടെ സാംസ്കാരിക മുഖത്തിന്റെ രണ്ട് ശക്തി സ്രോതസ്സുകളായി. ആംഗ്ലേയ മിഷണറിമാരെ മാറ്റിനിർത്തിയാൽ കേരളത്തിലെ ആദ്യത്തെ അച്ചടിശാലയും ആദ്യത്തെ പത്രവും പുറപ്പെടുവിച്ചതിന്റെ ബഹുമതി സുറിയാനി സമുദായത്തിനാണ്. അതുപോലെ വെട്ടിക്കൽ ദയറാ ഒന്നാമത്തെ ആശ്രമമായി. ചാത്തുരുത്തി റമ്പാന്റെ നേതൃത്വത്തിൽ മൂക്കഞ്ചേരി ഗീവറുഗീസ് റമ്പാൻ തുടങ്ങി ഒരു സംഘം ദയറാക്കാരെ പുലിക്കോട്ടിൽ മെത്രാച്ചൻ സ്ഥാനം കൊടുത്ത് നിയമിച്ചു. ഈ പ്രവർത്തനങ്ങൾ അഭൂതപൂർവവും നവോന്മേഷദായകങ്ങളുമായിരുന്നു. യുദ്ധകാലാവസ്ഥയിൽ ജീവിക്കുകയും യുദ്ധത്തിൽ സർവസൈന്യാധിപനായി പോരാടേണ്ടി വരികയും ചെയ്ത അദ്ദേഹം സഭയുടെ കെടുതികൾക്ക് മുൻഗാമികളെ കുറ്റപ്പെടുത്തിയില്ല. പ്രശ്നങ്ങളൊക്കെ അവസാനിച്ച ശേഷം സൃഷ്ടിപരമായ പ്രവർത്തനങ്ങൾ ആരംഭിക്കുവാനായി കാര്യങ്ങൾ നീട്ടിവച്ചില്ല. ഇടയബോധം തന്നിൽ വിശ്വാസപൂർവം ഏല്പിച്ച ദൗത്യങ്ങളെ നിറവേറ്റാനുള്ള കർമ്മസരണികൾ ത്യാഗപൂർവ്വം, ക്ഷമാപൂർവം വെട്ടിത്തുറക്കുകയാണ് ചെയ്തത്.

'ജീവിതം എനിയ്ക്കൊരു ചൂളയായിരുന്നപ്പോൾ
ഭൂവിനാ വെളിച്ചത്താൽ വെണ്മ ഞാനുളവാക്കി' എന്ന ജീയുടെ വരി

കൾ പുലിക്കോട്ടിൽ മെത്രാച്ചന്റെ കർമ്മനിരതമായ ജീവിതത്തെ സത്യസന്ധമായി ഉപന്യസിക്കുന്നു.

ശീമയിൽനിന്ന് വന്ന സ്തേഫാനോസ് അത്താനാസ്യോസ്, ശെമവൂൻ റമ്പാൻ എന്നിവരുടെ നേതൃത്വത്തിൽ ആർത്താറ്റ് പള്ളിയിലെ സെഹിയോൻ ബംഗ്ലാവിൽ അദ്ദേഹം ആരംഭിച്ച പ്രാദേശിക സെമിനാരി നിലച്ചുപോയിരുന്നു. കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശത്തിലുമായി. വെട്ടിക്കൽ ദയറാ ഒരു സെമിനാരിയായി പ്രവർത്തിക്കുവാൻ അദ്ദേഹം നേതൃത്വം നൽകി. മുളന്തുരുത്തി ഇടവകയുടെ സംരക്ഷണയിൽ ആ കേന്ദ്രത്തിന്റെ പ്രവർത്തനം സുഗമമാക്കി. തെക്കൻ ദിക്കിലും അത്തരമൊരു ശക്തികേന്ദ്രം അദ്ദേഹം ആഗ്രഹിച്ചു; തൽഫലമായി മാവേലിക്കരയിൽ തഴക്കര സെമിനാരി അദ്ദേഹം ആരംഭിച്ചു. എന്നാൽ ആ സ്ഥാപനം പൊതുസഭയുടെ ചുമതലയിൽ വിട്ടുകിട്ടായ്കയാൽ അവിടുത്തെ പ്രവർത്തനം തുടരാനായില്ല. മറ്റൊരു കേന്ദ്രത്തിനായി അന്വേഷണം തുടർന്നു.

അന്വേഷണകഥ കണ്ടനാട് ഗ്രന്ഥവരിയിൽ നിന്ന് സംഗ്രഹിക്കാം: 1042 മീനത്തിൽ (1867) കോട്ടയത്തിന് തെക്കുള്ള പള്ളികളിൽ സന്ദർശനം നടത്തിയപ്പോൾ പല പള്ളികളിലും അനുഷ്ഠാനക്രമങ്ങളിലും ആചാരക്രമങ്ങളിലും തെറ്റുകൾ കണ്ടു. നവീകരണക്കാരുടെ നേതൃത്വത്തിൽ വൈദിക സെമിനാരി അപകടകരമായ ദിശയിലേക്ക് പ്രയാണം ചെയ്യുന്നു എന്ന് ബോദ്ധ്യമായി. തെക്കൻ പ്രദേശങ്ങളിൽ ഒരു പുതിയ സെമിനാരി എന്ന ആശയം മനസ്സിലുദിച്ചു. തിരുവല്ലായിൽ മാന്നാർ അരികുപുറത്ത് മാത്തൻ സ്ഥലം പരുമലയിൽ ദാനം ചെയ്തു. കെട്ടിടം പണിക്ക് തന്റെ പത്തായപ്പുര പൊളിച്ചുനൽകുകയും ചെയ്തു (പു. 325). സെമിനാരിയിൽ പള്ളിപണിയാൻ സർക്കാരിൽ നിന്ന് അനുവാദം ലഭിക്കുന്ന മുറയ്ക്ക് അത് നിർവഹിക്കണമെന്ന് നിരണം തുടങ്ങിയ ഏതാനും ഇടവകകളും സമ്മതിച്ചു. വെട്ടിക്കൽ ദയറായിൽനിന്ന് ചാത്തുരുത്തി റമ്പാച്ചനെ വരുത്തി പരുമല സെമിനാരിയുടെ ചുമതല ഏല്പിച്ചു. സെമിനാരിപ്പണിയും വൈദിക വിദ്യാഭ്യാസവും അവിടെ ഏകകാലത്ത് നടത്താനായി. ഈ യാത്രയിൽ നവീകരണത്തോട് എതിർപ്പുള്ള ഏതാനും പള്ളികളെ സംഘടിപ്പിക്കുവാനും പുലിക്കോട്ടിൽ മെത്രാച്ചൻ സമയം കണ്ടെത്തി.

മലങ്കരയുടെ തെക്കും വടക്കും സഞ്ചരിച്ച് നവീകരണത്തോട് ചെറുക്കുവാൻ തയാറുള്ളവരെ കണ്ടെത്തി സംഘടിപ്പിച്ചശേഷം അദ്ദേഹം അനന്തര നടപടികളിലേക്ക് നീങ്ങി. അതിനായി സഭയുടെ ഒരു സുന്നഹദോസ് അദ്ദേഹം പരുമല സെമിനാരിയിൽ 1873-ൽ വിളിച്ചു ചേർത്തു.

### 1873-ലെ പരുമല സുന്നഹദോസ്

1873 ചിങ്ങം 27-ന് ചേർന്ന പരുമല യോഗത്തിൽ 80 ലധികം പള്ളിക

ളുടെ പ്രതിനിധികൾ പങ്കെടുത്തു. യൂയാക്കിം കൂറിലോസ് ആധ്യക്ഷ്യം വഹിച്ചു. പുലിക്കോട്ടിൽ മെത്രാച്ചൻ നിർദ്ദേശിച്ച ദിശയിൽ താഴെ പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചു. അവയുടെ സംഗ്രഹം കണ്ടനാട്ട് ഗ്രന്ഥവരിയിൽ നിന്ന് സംഗ്രഹിച്ച് ചേർക്കുന്നു (പൂർണ്ണരൂപത്തിന് *മലങ്കരസഭ: ചരിത്രവും സംസ്കാരവും* കാണുക. പു. 657–669).

1. പാലക്കുന്നത്ത് മെത്രാച്ചനെ അനുനയിപ്പിക്കുവാൻ ഒരു ഡപ്യൂട്ടേഷനെ ചുമതലപ്പെടുത്തുന്നു. ആ യത്നം പരാജയപ്പെട്ടാൽ പുലിക്കോട്ടിൽ മെത്രാച്ചന് വിളംബരം ലഭിക്കുവാൻ കൂട്ടായി ശ്രമിക്കുകയും വേണം.

2. മെത്രാന്മാരുടെ ഏകനായകശക്തി സഭയ്ക്ക് ഗുണകരമല്ല. സഭാഭരണത്തിന് മെത്രാനും പട്ടക്കാരനും അയ്മേനിയും ചേർന്ന ഒരു സംഘം സഭാഭരണത്തിനായി രൂപവത്ക്കരിക്കപ്പെടണം. ആ അസോസ്യേഷന് കൃത്യവും നിർവചിക്കപ്പെട്ടതുമായ രൂപഭാവങ്ങളും അധികാരപരിധികളും ഉണ്ടായിരിക്കണം.

3. എല്ലാ പള്ളികളും അതിൽ മെമ്പർമാർ ആകണം. പള്ളിയുടെ ഫീസ് വാങ്ങി വികാരിയെ മെമ്പർ ആക്കണം.

4. മെമ്പർമാരുടെ അംഗത്വഫീസ് കൂടാതെ അംഗങ്ങൾക്ക് ക്ലാസ് തിരിച്ച് അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന വരുമാനവും ചേർത്തു സമുദായത്തിന് ഒരു പൊതുഫണ്ട് സ്വരൂപിക്കേണ്ടതാണ്.

5. അസോസ്യേഷന്റെ ആലോചനാ സമിതിയായും കാര്യങ്ങൾ നടത്തുന്നതിനായും നാലു പട്ടക്കാരും എട്ട് അയ്മേനികളും അടങ്ങുന്ന ഒരു കമ്മിറ്റി തെരഞ്ഞെടുക്കപ്പെടണം.

6. കമ്മിറ്റി നിശ്ചയിക്കുന്ന ഒരാൾ സിക്രട്ടറിയും മറ്റൊരാൾ ഖജാൻജിയും ആവണം. എഴുത്തുകുത്തുകൾക്കും കണക്കുകൾക്കും പ്രമാണ സൂക്ഷിപ്പിനും സിക്രട്ടറിയും പണച്ചുമതലയ്ക്കു ഖജാൻജിയും ബാദ്ധ്യതപ്പെട്ടിരിക്കണം.

7. പ്രധാന സംഗതികൾക്ക് സമിതി അസോസ്യേഷന്റെ അനുമതി വാങ്ങിച്ചിരിക്കണം.

8. പള്ളി സംബന്ധവും സഭാ സംബന്ധവുമായ വ്യവഹാരങ്ങൾ ഈ കമ്മിറ്റി നടത്തണം.

9. വിദ്യാലയങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ ആരംഭിച്ച് നടത്തുവാൻ ഈ കമ്മിറ്റിയ്ക്ക് ചുമതലയുണ്ട്.

10. എല്ലാ ഇടവകകളിലും സ്ത്രീ പുരുഷഭേദമെന്യേ പഠിക്കുവാൻ പഠിത്തവീടുകൾ കമ്മിറ്റി ഏർപ്പെടുത്തണം.

11. പള്ളികളുടെ റിപ്പയർ, പുതിയ പള്ളികളുടെ സ്ഥാപനം, സ്കൂളുകൾ എന്നിവയ്ക്ക് ആവശ്യമെങ്കിൽ തക്ക ഉറപ്പുകൾ വാങ്ങി പൊതുഫണ്ടിൽ നിന്ന് ചെലവിട്ട് ക്രമശ്ശഃ കമ്മിറ്റി വസൂലാക്കണം.

12. ഇടവകകളിലെ സ്ഥാവര – ജംഗമസ്വത്തുക്കളുടെ പട്ടിക തയാറാക്കി കൈക്കാരന്മാരും വികാരിമാരും ഒപ്പിട്ട് മെത്രാച്ചനും കമ്മിറ്റിക്കാർക്കും കൊടുക്കണം. കണക്കുകളുടെ തെരട്ടുകൾ അപ്രകാരം തന്നെ ചെയ്യണം.

13. വിദ്യാഭ്യാസ പ്രചാരണം, ബാലവിവാഹം പോലെയുള്ള പതിവുകൾ റദ്ദാക്കൽ, മാമ്മൂദീസാ, വിവാഹം, ശവസംസ്കാരം ഇവയുടെ രജിസ്റ്ററുകൾ തയാറാക്കൽ എന്നിവയ്ക്ക് കമ്മിറ്റി മെത്രാച്ചൻ വഴി വികാരിമാരെ ചട്ടം കെട്ടണം.

14. സഭയിലും വെളിയിലും സുവിശേഷവേല നടത്തുവാൻ പ്രാപ്തരായ വൈദികരെ ശമ്പളം കൊടുത്ത് നിയമിക്കണം.

15. കാനോനുകളുടെ വിവർത്തനം, നടപടിക്രമങ്ങൾ, വേദവ്യാഖ്യാനം, ചരിത്രം തുടങ്ങിയ പുസ്തകങ്ങൾ കാലാനുസൃതമായി ഉണ്ടാക്കണം.

16. അസോസ്യേഷൻ മെത്രാൻ സ്ഥാനാർത്ഥികളെ മുൻകൂട്ടി തെരഞ്ഞെടുത്ത് പരിശീലനത്തിന് ഏർപ്പാടാക്കണം.

17. മെത്രാച്ചനും, അസോസ്യേഷനും സമ്മതനായ ഒരാൾ അർക്കദിയാക്കോൻ എന്ന നിലയിൽ മെത്രാച്ചന്റെ സഹായി ആയിരിക്കണം.

18. മെത്രാച്ചന്മാരുടെ ചെലവ് സമുദായം വഹിക്കണം; വരുമാനം കുടുംബക്കാർക്ക് കൊടുക്കരുത്, കൂദാശകൾക്ക് പ്രതിഫലമായി പണം വാങ്ങരുത്. മറിച്ച് ചെയ്താൽ നടപടികൾക്ക് ഏർപ്പാടാക്കാം.

19. പള്ളിയുടെയും സമുദായത്തിന്റെയും കണക്കുകൾ ഉൾപ്പെടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തണം. ആറുമാസത്തിലൊരിക്കൽ അല്ലെങ്കിൽ ആണ്ടുതോറും പിരിച്ച് അന്ത്യോഖ്യാ സിംഹാസനത്തിലേക്കയക്കണം.

20. വികാരിമാരും ഇടവകയോഗവും കമ്മിറ്റിക്കാരും മല്പാന്മാരും സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ വൈദികവിദ്യാർത്ഥികൾക്ക് പട്ടം കൊടുക്കാവൂ.

21. കാലോചിത നിയമങ്ങൾ ആവശ്യാനുസരണം ഉണ്ടാക്കുവാൻ കമ്മിറ്റിക്ക് സ്വാതന്ത്ര്യം നൽകുന്നു.

22. കമ്മിറ്റിക്കാർ കുറ്റം ചെയ്താൽ വിചാരണ ചെയ്ത് അവരെ പുറത്താക്കി പകരം ആളെ നിയമിക്കുവാൻ അസോസ്യേഷന് അധികാരം ഉണ്ടായിരിക്കും.

23. മെത്രാന്മാരെ യോജിപ്പിക്കാനുള്ള ഡപ്യൂട്ടേഷൻ ഈ കമ്മിറ്റിയുടെ നിയന്ത്രണത്തിൽ നിയമിക്കപ്പെടണം.

24. ഈ നിശ്ചയങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിപ്പിച്ച് പ്രസിദ്ധം ചെയ്യുകയും അതിന്റെ പ്രതികൾ രാജാക്കന്മാർക്കും റസിഡണ്ടിനും അയച്ചുകൊടുക്കുകയും അസോസ്യേഷനെ സ്ഥിരപ്പെടുത്തിത്തരുവാൻ അപേക്ഷിക്കുകയും വേണം.

25. ആറുമാസത്തിനകം മെമ്പർമാരെ മുഴുവൻ ചേർത്ത് ഫീസ് നിശ്ചയിച്ച് കാര്യങ്ങളെ വ്യവസ്ഥപ്പെടുത്തുകയും ആവശ്യമായ നിയമങ്ങൾ നിർമ്മിക്കുകയും ചെയ്യേണ്ടതാണ്.

26. പരുമല പഠിത്തവീടിന് സ്ഥലം കൊടുത്ത മാത്തനോടും മറ്റ് ഗണ്യമായി സംഭാവന ചെയ്യുന്നവരെയും അടുത്തയോഗത്തിൽ നന്ദി അറിയിപ്പാൻ അവരുടെ പൂർണ്ണ ലിസ്റ്റ് തയാറാക്കണം.

27. അദ്ധ്യക്ഷൻ മാർ കൂറിലോസിനോട് യോഗം നന്ദി രേഖപ്പെടുത്തുന്നു.

യോഗത്തിൽ പങ്കെടുത്ത എം. പി. വർക്കി 1902, 1903 എന്നീ വർഷങ്ങളിൽ എഴുതിയ മാർ ദീവന്നാസ്യോസ്, മാർ ഗ്രീഗോറിയോസ് എന്നിവരുടെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയ സമകാല സാക്ഷ്യവും പ്രസക്തമാണ്: “സുറിയാനിക്കാരുടെ മതസ്വാതന്ത്ര്യത്തെ തടയുന്നതും മാർ അത്താനാസ്യോസിനെ അന്യായമായി അനുകൂലിക്കുന്നതുമായ തിരുവെഴുത്ത് വിളംബരത്തെ അസ്ഥിരപ്പെടുത്തുന്നതിനും മാർ അത്താനാന്യോസിനെ അന്ത്യോഖ്യാ പാത്രിയർക്കീസ് മുടക്കിയ കല്പനയെ ഫലിപ്പിക്കുന്നതിനും ബാവായുടെ ആഗമനം കൊണ്ടേ സാധിക്കുകയുള്ളു എന്ന് കണ്ട്, അവിടുന്ന് മലയാളത്തേക്ക് പുറപ്പെടണമെന്ന് നമ്മുടെ കഥാനായകൻ മുഖാന്തിരം മലങ്കര സുറിയാനിക്കാർ സമർപ്പിച്ച ഹർജിയുടെ യുക്തിയുക്തത ബാവായ്ക്ക് ബോദ്ധ്യമായി” (*മാർ ദീവന്നാസ്യോസ്*, പു. 121).

“..... ഈ വക പ്രവൃത്തികൾ സഫലങ്ങളാകാഞ്ഞതിനാൽ എന്തൊക്കെയാണ് ഇനി വേണ്ടതെന്ന് മെത്രാപ്പോലീത്താ അവർകളുടെ ഉത്സാഹത്താൽ .... പരുമലെ മലങ്കര ഇടവകജനങ്ങളുടെ ഒരു മഹായോഗം കൂടി. ഇതിൽ ഗീവറുഗീസ് റമ്പാൻ (ചാത്തുരുത്തിൽ) വലിയൊരുത്സാഹിയും മാർ ദീവന്നാസ്യോസിന് ഉത്തമനായ സഹായിയും ആയിരുന്നു. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മലയാളത്തേയ്ക്ക് നീങ്ങണമെന്ന് ഒരപേക്ഷ അയയ്ക്കുന്നതിന് യോഗത്തിൽ തീർച്ചയാക്കി (*മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ*, പു. 26).

1873 ചിങ്ങം 27-ന് പരുമലയിൽ ചേർന്ന സുന്നഹദോസിൽ വച്ച് ക്രമീകരിക്കപ്പെട്ട മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ ആദ്യയോഗം ധനു 26 ന് ചേർന്നു. യൂയാക്കീം മാർ കൂറിലോസിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ സഹോദരൻ മക്കുദിശാ ഗബ്രിയേൽ ആധ്യക്ഷ്യം വഹിച്ചു.

കോനാട്ട് ഗീവറുഗീസ് മല്പാൻ, പനക്കൽ യാക്കോബ് കത്തനാർ, എളന്തുരുത്തിൽ പീലിപ്പോസ് കത്തനാർ, വെളിയത്ത് കോറെപ്പിസ്കോപ്പാ, എന്നീ നാലു വൈദികരെയും പനക്കൽ ഐപ്പൂരു, മല്ക്കി മക്കുദിശാ ഗബ്രിയേൽ, കല്ലറക്കൽ കോര, കുന്നുംപുറത്ത് കോര കുര്യൻ, അറക്കപ്പറമ്പിൽ യാക്കോബ്, ചിറക്കടവിൽ കൊച്ചുകോരുള, കളപ്പുരയ്ക്കൽ യാക്കോബ്, പുത്തൻവീട്ടിൽ കോശി കൊച്ചുകോശി, പുതുപ്പള്ളി ഗീവറുഗീസ് എന്നിവരെ പ്രഥമ മാനേജിംഗ് കമ്മറ്റി അംഗങ്ങളായി തെരഞ്ഞെടുത്തു. സിക്രട്ടറി ആയി കോര കുര്യനെയും സുറിയാനി സിക്രട്ടറിയായി എടവഴിക്കൽ പീലിപ്പോസ് കോറെപ്പിസ്കോപ്പായെയും യോഗം നിശ്ചയിച്ചു.

1874 ചിങ്ങം 20 ന് യൂയാക്കീം മാർ കൂറിലോസ് അന്തരിച്ചു; 22 ന് മുളന്തുരുത്തിയിൽ കബറടക്കി.

## E. പത്രോസ് തൃതീയൻ

1873 ലെ പരുമല സുന്നഹദോസിന്റെ അപേക്ഷപ്രകാരം 74-ാം വയസ്സിൽ പത്രോസ് തൃതീയൻ പാത്രിയർക്കീസ് കോൺസ്റ്റാന്റിനോപ്പിളിൽ തുർക്കി സുൽത്താനെ കണ്ട് ലണ്ടൻ വഴി മലങ്കരയിലേക്ക് പുറപ്പെട്ടു. യാത്രയുടെ പുരോഗതി അറിയിച്ചുകൊണ്ടും യാത്രാച്ചിലവിനുള്ള പണം ആവശ്യപ്പെട്ടുകൊണ്ടും പാത്രിയർക്കീസ് മലങ്കരയിലേക്കയച്ച കത്തുകളും കമ്പികളും കണ്ടനാട് ഗ്രന്ഥവരിയുടെ 418 മുതൽ 440 വരെ പുറങ്ങളിൽ കാണുന്നുണ്ട്. രണ്ടു തവണയായി അഞ്ഞൂറ് പവൻ ഇക്കാര്യത്തിന് ലണ്ടനിലേക്കയച്ചതായി വർക്കി രേഖപ്പെടുത്തിയിട്ടുണ്ട് (*മാർ ദീവന്നാസ്യോസ്*, പു. 121).

യാത്രച്ചിലവെത്തിക്കാൻ ആവശ്യപ്പെട്ട് പുലിക്കോട്ടിൽ മെത്രാച്ചൻ പള്ളികൾക്കയച്ച പൊതു കല്പനയെ തുടർന്ന് കുറുപ്പമ്പടിപ്പള്ളിയിൽ നിന്ന് സാരമായ ഒരു തുക അയച്ചതായി ആത്തുങ്കൽ ഗീവറുഗീസ് കത്തനാർ *കുറുപ്പമ്പടി പള്ളിചരിത്ര*ത്തിൽ (പു. 172) രേഖപ്പെടുത്തിയിട്ടുണ്ട്.

1875 ഇടവം 10-ന് ബാവാ ബോംബെയിലും ഊട്ടിയിൽ ഗവർണർ വില്യം റോബിൻസൺ സായിപ്പിനെ സന്ദർശിച്ച് ആവശ്യമായ ശുപാർശക്കത്തുകളോടെ ഇടവം 28 ന് (29 ന് എന്ന് ഗ്രന്ഥവരിയിൽ) കുന്നംകുളം പള്ളിയിലും ബാവാ എത്തി. മിഥുനം 5 ന് വ്യാഴാഴ്ച കുന്നംകുളം ചിറളയം പള്ളിയിൽ വച്ച് കോനാട്ട് ഗീവറുഗീസ് മല്പാനെ റമ്പാനാക്കി. 8 ന് കുർബാന കഴിഞ്ഞ് കൊച്ചിയ്ക്ക് യാത്ര തിരിച്ചു. മലങ്കരയിലെങ്ങും അദ്ദേഹത്തിന് രാജോചിത സ്വീകരണം ലഭിച്ചു. മിഥുനം 24-ന് ബാവാ നിരണത്ത് വി. കുർബാന അർപ്പിച്ചു. പാലക്കുന്നത്ത് മെത്രാച്ചനെ കാണുവാൻ ആവശ്യപ്പെട്ട് ദൂതന്മാരെ അയച്ചതിന് ഫലമുണ്ടായില്ല. എങ്കിലും സന്ദർശനത്തി

യതി മാറ്റി മാറ്റി ബാവായെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ അനുനയിപ്പിക്കുവാൻ ശ്രമിച്ച ഇടനിലക്കാരും നിരാശരായി. ഈ സമയമത്രെയും തന്റെ നില ഭദ്രമാക്കുവാനും പാത്രിയർക്കീസിന്റെ ശ്രമങ്ങൾ വ്യർത്ഥമാക്കുവാനുമുള്ള ശ്രമങ്ങളിൽ പാലക്കുന്നത്ത് മെത്രാച്ചൻ മുഴുകി (*മലങ്കരസഭാ നവീകരണത്തിന്റെ മുന്നോടികൾ*, ഡോ. ടി. സി. കോര, പു. 42).

കർക്കിടകം 2 ന് ബാവായും റസിഡണ്ടും തമ്മിൽ തിരുവനന്തപുരം തൈക്കാട് ബംഗ്ലാവിൽ വച്ചും 5 ന് ബാവായും മഹാരാജാവുമായി നക്ഷത്ര ബംഗ്ലാവിൽ വച്ചും കൂടിക്കാഴ്ചകൾ നടന്നു. പാലക്കുന്നത്ത് മത്തിയാസിന്റെ വിളംബരം റദ്ദാക്കുവാൻ ബാവാ 7 ന് ഹർജി നൽകി. 8 ന് വടക്കേക്കൊട്ടാരത്തിൽ വച്ച് ഇളയ രാജാവുമായി കൂടിക്കാഴ്ചയിൽ ബാവായുടെ ചിത്രം വരപ്പിച്ചെടുക്കുവാനുള്ള രാജാവിന്റെ ആഗ്രഹം ബാവാ അനുവദിച്ചു. 16 ദിവസം കൊണ്ട് ചിത്രരചന പൂർത്തിയായി. ഇളയരാജാ പാത്രിയർക്കീസിന് 15 പവനോളം വരുന്ന സ്വർണ്ണക്കുരിശുമാലയും രാജാവിന്റെ ചിത്രവും സമ്മാനിച്ചു. ശംഖുമുഖം കൊട്ടാരത്തിൽ വച്ച് മഹാരാജാവും ബാവായും പുലിക്കോട്ടിൽ മെത്രാച്ചനും സംഭാഷണം നടത്തി. രാജാവിന്റെയും ഭരണക്കാരുടെയും സഹായസഹകരണങ്ങൾ ഉറപ്പുവരുത്തി ബാവായും പരിവാരവും മടക്കയാത്രയായി.

തന്റെ തുടർച്ചയായ ക്ഷണം സ്വീകരിക്കാനും തന്നെ വന്ന് കാണുവാനും കൂട്ടാക്കാതിരുന്ന പാലക്കുന്നത്ത് മെത്രാൻ നിരണം പള്ളിയിലുണ്ടെന്നറിഞ്ഞു കൂടെയുള്ളവരുടെ വിലക്ക് വകവയ്ക്കാതെ ബാവാ നിരണം പള്ളിയിലെത്തി. 'ബാവായും റമ്പാച്ചന്മാരും (കോനാട്ട് റമ്പാച്ചനും ചാത്തുരുത്തി റമ്പാച്ചനും) ഞങ്ങൾ ഒന്നു രണ്ടു പട്ടക്കാരും മക്കുദീശാ ഗബ്രിയേലും.... ഏതാനും ജനക്കൂട്ടവും ആയിട്ട് നിരണത്ത് പള്ളിയിലേക്ക് പോവുകയും ചെയ്തു. ... നിരണത്തേക്ക് പോകുന്നതിലുള്ള ഭയത്താൽ പുലിക്കോട്ടിൽ മെത്രാപ്പോലീത്താ ബാവായോട് ഒരുമിച്ച് പോകാതെ പള്ളിയ്ക്ക് സമീപം പള്ളിവാതുക്കൽ യാക്കോബ് എന്നവന്റെ വീട്ടിൽ ചെന്ന് താമസിച്ചു. ബാവായും ജനക്കൂട്ടവുമായി പള്ളിയിലേക്കു വരുന്നു എന്ന് ബലയാർ (പാത്രിയർക്കീസ് പാലക്കുന്നത്തു മെത്രാച്ചനെ ബലയാർ എന്നും മത്തിയാസ് എന്നുമല്ലാതെ സ്ഥാനപ്പേരിൽ ഒരിക്കലും പരാമർശിച്ചിട്ടില്ല) എന്ന് പറയുന്ന പാലക്കുന്നൻ കേട്ടപ്പോൾ അയാളോടുകൂടെ ഏതാനും പട്ടക്കാരും ക്രിസ്ത്യാനികളും ഭയന്ന് പള്ളിയുടെ വടക്കു വശത്തുള്ള ചമയപ്പുര മാളികയിൽ കയറി വാതിലടച്ചു.

'.... ബാവാ മദ്ബഹായിൽ കയറി ലുത്തിനിയായും കഴിച്ച്.... ബലയാർ എവിടെ എന്നും അവനെ കാണണമെന്നും അവന്റെ അരക്കച്ചയുടെ ശക്തി എന്തുമാത്രമെന്ന് അറിയണമെന്നും മറ്റും കോപത്തോടെ കല്പിച്ചു. ബല

യാർ അവിടെ ഉണ്ടെന്നും ഭയത്താൽ മുറിക്കകത്ത് കയറി വാതിൽ അടച്ചു എന്നും തിരുമനസ്സ് അറിയിച്ചപ്പോൾ കോപത്തോടെ അവന്റെ മുറിയുടെ വാതിൽ ഇപ്പോൾ പൊളിക്കണമെന്നും അവൻ ഇരിക്കുന്ന മുറി എവിടെ എന്നും കല്പിച്ചപ്പോൾ ഞങ്ങൾ എല്ലാവരും കരഞ്ഞ് തൃക്കാൽക്കൽ വീണ് വന്ദിച്ചു. കരുണയുള്ള പിതാവേ അവിടെ പോകയും കതകു പൊളിക്കയും ചെയ്യരുതേ എന്നും പുറത്ത് ഇറങ്ങിയിരുന്ന് ആളയച്ചാൽ തിരുമുമ്പാകെ അയാൾ വരുമെന്നും വരാത്തപക്ഷം തിരുമുമ്പാകെ ഞങ്ങൾ ഹാജരാക്കാമെന്നും തിരുമനസ്സറിയിച്ചപ്പോൾ ദൈവകൃപയാൽ അനുസരിച്ച് അവിടന്ന് എഴുന്നള്ളി പൂമുഖത്ത് പോയിരുന്നു. 'അവൻ വരട്ടെ' എന്നും 'വരാത്തപക്ഷം കൊണ്ടുവരണ'മെന്നും കല്പനയായി. വിളിപ്പാനായി പലരെയും അയച്ചുവെങ്കിലും പാലക്കുന്നത്ത് മെത്രാച്ചൻ വാതിൽ തുറന്നില്ല. ഒടുവിൽ കണ്ടനാട് ഗ്രന്ഥവരിയുടെ എഴുത്തുകാരനെ വിളിച്ചുപറഞ്ഞു: 'നീ മുമ്പേ അവന്റെ സ്നേഹിതൻ അല്ലോ. നീ അവന്റെ അടുക്കൽ ചെന്ന് നമ്മുടെ മുമ്പാകെ വരുവാൻ പറയണം. അവനോട് ഒന്നും നാം ചെയ്യുന്നതല്ല എന്നും ഈ സ്ഥാനം നിനക്ക് ലഭിച്ചത് എവിടെനിന്നാകുന്നുവെന്ന് മാത്രം ചോദിക്കുകയും നമ്മുടെ കല്പന അനുസരിപ്പാൻ പാടില്ലാത്തപക്ഷം നാം കൊടുത്തിരിക്കുന്ന മസനപ്സായും മെത്രാന്റെ ചമയത്തിന്റെ ഉടുപ്പുകളും നമ്മുടെ മുമ്പാകെ വച്ചിട്ട് അവൻ പൊയ്ക്കൊള്ളട്ടെ എന്നും അല്ലാത്തപക്ഷം മേല്പറഞ്ഞ സാമാനങ്ങൾ അവനിൽ നിന്ന് നാം എടുക്കുമെന്നും ആയതിന് ഇടവരുത്തരുതെന്നും' മറ്റും പറയണമെന്ന് കല്പിച്ചയച്ചപ്പോൾ ഞാൻ ചെന്ന് കതക് മുട്ടി വിളിച്ചു. ഞാൻ എന്നറിഞ്ഞപ്പോൾ അകത്തുണ്ടായിരുന്ന ഏതാനും പട്ടക്കാർ എന്തെന്ന് ചോദിച്ചു. ... കതക് തുറപ്പാൻ ഇപ്പോൾ പാടില്ലെന്നും അയാൾ നമ്മുടെ ശത്രുവായ ബാവായോട് ഒരുമിച്ച് വന്നിരിക്കയാൽ തൽക്കാലം വിശ്വസിപ്പാൻ പാടില്ലെന്നും ഈ വിവരങ്ങൾക്ക് തഹശീൽദാരുടെ പേർക്ക് എഴുതി അയച്ചിട്ടുണ്ടെന്നും തഹശീൽദാർ ഇപ്പോൾ വരുമെന്നും അപ്പോൾ കതക് തുറന്നുകൊള്ളാമെന്നും മറ്റും എന്നോട് മറുപടി പറഞ്ഞു.' ഗ്രന്ഥവരിയുടെ എഴുത്തുകാരൻ കരോട്ടുവീട്ടിൽ ശെമവൂൻ കോറി വിവരങ്ങൾ ബാവായെ അറിയിച്ചു. സന്ധ്യ കഴിഞ്ഞെത്തിയ തഹസീൽദാരോടും മെത്രാച്ചനെ ഇറക്കിവിടുവാൻ ബാവാ ആവശ്യപ്പെട്ടു. തഹസീൽദാരുടെ അഭ്യർത്ഥനയും മെത്രാൻ നിരസിച്ചു. തഹസീൽദാർ തന്റെ നിസ്സഹായാവസ്ഥ ബാവായെ അറിയിച്ചു. ബാവാ അവിടെ നിന്ന് യാത്രയാവുകയും ചെയ്തു (*ഗ്രന്ഥവരി, പു.* 480 –485).

1876 കുംഭം 23 ന് ഇപ്രകാരം മഹാരാജാവിന്റെ വിളംബരം പുറപ്പെട്ടു:

ശ്രീ പത്മനാഭദാസ വഞ്ചി ബാലരാമവർമ്മ കുലശേഖരകിരീടപതി മന്നെസുൽത്താൻ മഹാരാജരാജ രാമരാജബഹദൂർ ജംഗനൈറ്റ് ഗ്രാൻന്റ്

കമാൻഡർ ഓഫ് ദി മോസ്റ്റ് എക്സാൾട്ടഡ് ഓർഡർ ഓഫ് ദി സ്റ്റാർ ഓഫ് ഇന്ത്യാ മഹാരാജ അവർകൾ സകലമാനപേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം:

ആന്റിയോക്കിൽ നിന്ന് എഴുത്ത് വന്നത് കൊണ്ട് മാർ അത്തനേഷ്യസിനെ സിറിയൻ പള്ളിയിൽ മെത്രാൻ സ്ഥാനത്തേക്ക് നിയമിച്ചിട്ടുള്ളതായി 1027 -ാമാണ്ട് കർക്കിടകമാസം 15-ാം തീയതി ഉണ്ടായ വിളംബരത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് കൊണ്ടും ആന്റിയോക്കിലെ ഇപ്പോഴത്തെ പേട്രിയാർക്കോ പേട്രിയാർക്കിന്റെ പൂർവികനോ മേൽപ്പറഞ്ഞ മാർ അത്തനേഷ്യസിനെ സ്ഥാനത്തിൽനിന്നും മാറ്റി മറ്റൊരു മെത്രാനെ നിയമിച്ചിരിക്കുന്നതായി അറിയുന്നത് കൊണ്ടും ഇതിൽ സംബന്ധമുള്ള സകലമാന പേരെയും ഇതിനാൽ അറിയപ്പെടുത്തുന്നതെന്തെന്നാൽ -

ഏതെങ്കിലും പള്ളികളുടെയോ അവയിൽ ചേർന്നിട്ടുള്ള വസ്തുവിന്റെ ഉടമസ്ഥതയെയോ അവയിലേയ്ക്കുള്ള അവകാശങ്ങളെയോ അല്ലെങ്കിൽ തൽസംബന്ധികളായ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയോ മാറ്റുകയോ ചെയ്യേണ്ടതിലേയ്ക്കുള്ള അധികാരത്തെയോ കുറിച്ചുള്ള ഏതെങ്കിലും വ്യവഹാരങ്ങളെ കോടതികളിൽ എടുത്ത് വിസ്തരിച്ച് തീർച്ചപ്പെടുത്തുന്നതിലേക്ക് മുമ്പിൽ ഉണ്ടായ വിളംബരം ഒരു പ്രകാരത്തിലും ബാധകമാണെന്ന് വിചാരിച്ചുപോകരുതാത്തതാകുന്നു.

ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും ബോധിക്കുന്നതുപോലെ മെത്രാനെ മാറ്റുകയും മറ്റൊരാളെ നിയമിക്കുകയും ചെയ്യുന്നതിൽവച്ച് ഉത്ഭവിക്കാവുന്ന മറ്റ് വല്ല തർക്കങ്ങളിലും സർക്കാരിൽ നിന്ന് അക്രമം നടക്കാതെ സമാധാനത്തെ സംരംക്ഷിക്കുന്നതിന് മാത്രമേ പ്രവേശിക്കുകയുള്ളു.

കാലക്രമേണ ഇപ്പോൾ ഭേദപ്പെട്ട് പോയിട്ടുള്ളവയായ ഓരോ സമയങ്ങളിലും ഓരോ സംഗതിവശാലും ഉണ്ടായിട്ടുള്ള വിളംബരങ്ങളാൽ സിറിയൻ പള്ളിയിൽ ഓരോ സ്ഥാനനിയമങ്ങളെക്കുറിച്ച് സർക്കാരിലേക്കുള്ളതായിട്ട് പ്രദർശിക്കപ്പെടുന്നതായി തോന്നുന്ന എല്ലാ സംബന്ധത്തെയും ഇപ്പോൾ മുതൽ ഒഴിച്ചുകളയുന്നതാകുന്നു. എല്ലാ കക്ഷിക്കാരും ഈ രാജ്യത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കോടതി മുഖാന്തരേണ താന്താങ്ങൾക്ക് അർഹങ്ങളായി തോന്നുന്ന സങ്കടനിവൃത്തികൾ വരുത്തിക്കൊള്ളേണ്ടതാകുന്നു എന്ന് എല്ലാവരെയും സ്പഷ്ടമായി തെര്യപ്പെടുത്തുന്നു. എന്ന് 1051-മാണ്ട് കുംഭമാസം 23-ാം തീയ്യതി.”

ആതിഥേയനും അതിഥിയ്ക്കും സന്തോഷമായി. തൊഴിയൂരിലെ കൂറിലോസ് ബാവായെ കാണാൻ അനുവാദം ആവശ്യപ്പെട്ടു; അനുവാദം നൽകി. എന്നാൽ പാലക്കുന്നത്ത് മെത്രാച്ചനെ കണ്ടതിനുശേഷം അദ്ദേഹം തീരുമാനം മാറ്റി. പരുമലയിലെ 1873 ൽ കൂടിയ സുന്നഹദോസിനെപ്പറ്റി

യും അസോസ്യേഷനെപ്പറ്റിയും മാനേജിംഗ് കമ്മറ്റിയെപ്പറ്റിയും ബാവാ അറിഞ്ഞു. തന്റെ അദ്ധ്യക്ഷതയിൽ സുന്നഹദോസു കൂടി അവയെ ഉറപ്പിക്കണമെന്ന് ബാവാ നിർബന്ധം പിടിച്ചു. അതിഥി കാണിക്കുന്ന ദുഃസ്വാതന്ത്ര്യം സഹിച്ചേ പറ്റു എന്ന കാലാവസ്ഥയായിരുന്നു; സഭയുടെ ശക്തി സമാഹരിച്ച് വ്യവഹാരം നടത്തണമെങ്കിൽ അസോസ്യേഷൻ കൂടുന്നത് ആവശ്യമാണെന്നും പാത്രിയർക്കീസിന് മലങ്കരയിൽ ലഭിച്ച വൻസ്വാധീനം കൂടുതൽ സഹായകമാകുമെന്നും പുലിക്കോട്ടിൽ മെത്രാച്ചൻ ചിന്തിരിച്ചിരിക്കാം.

ചേപ്പാട്ട് മെത്രാച്ചനിൽനിന്നും പാലക്കുന്നത്ത് മെത്രാച്ചനിൽനിന്നും പട്ടമേറ്റിരുന്ന നിരവധിപേർക്ക് ബാവാ വീണ്ടും പട്ടം കൊടുത്തു. ദശാംശം റിശീസാ ആയി നൽകുവാൻ പള്ളികൾക്ക് കല്പന അയച്ചു. 1876 മിഥുനം 15 ന് തൃപ്പൂണിത്തുറ മൂക്കഞ്ചേരി ഗീവറുഗീസ് കശ്ശീശാ, വടക്കൻപറവൂർ കൂരൻ (കടവിൽ) പൗലൂസ് കശ്ശീശാ, അങ്കമാലി അമ്പാട്ട് ഗീവറുഗീസ്സ് കശ്ശീശാ എന്നിവർക്ക് മുളന്തുരുത്തിപ്പള്ളിയിൽ വച്ച് ബാവാ റമ്പാൻ സ്ഥാനം നൽകി.

## മുളന്തുരുത്തി സുന്നഹദോസ്

1876 മിഥുനം 15. 1876 ഇടവം 22 ന് കരിങ്ങാച്ചിറ പള്ളിയിൽനിന്ന് ബാവാ അയച്ച കല്പനപ്രകാരം കൂടിയ സുന്നഹദോസിന്റെ ആദ്യദിനമായിരുന്നു അന്ന്. വടക്ക് നിന്ന് 26, തെക്കുനിന്ന് 36. ആകെ 62 പള്ളികളുടെ പ്രതിനിധികൾ ആദ്യദിവസം പങ്കെടുത്തു. അടുത്ത ദിവസം 150 പള്ളികളുടെ പ്രതിനിധികൾ പങ്കെടുത്തു. ഒപ്പിടുന്ന അന്ത്യദിനമായപ്പോൾ 103 പള്ളികളിൽ നിന്നായി 281 പ്രതിനിധികളേ ഒപ്പിടുവാൻ അവശേഷിച്ചുള്ളു (പ്രതിനിധികളുടെ പേരുവിവരം പൂർണ്ണരൂപത്തിൽ *മലങ്കരസഭ: ചരിത്രവും സംസ്കാരവും,* 686-697 വരെ പുറങ്ങളിൽ കാണാം. തുടർന്ന് കാനോനാകൾ 697-704 പുറങ്ങളിൽ പൂർണ്ണരൂപത്തിൽ കാണാം).

മുളന്തുരുത്തി കാനോനാകളുടെ സംക്ഷിപ്ത രൂപം ഇപ്രകാരമാണ്:

1. മിഥുനം 17-ന് ബാവായുടെ കല്പനയ്ക്കുള്ള മറുപടി വായിച്ചശേഷം അന്ത്യോഖ്യാ സിംഹാസനത്തിലേക്കുള്ള അനുസരണവും സഭയുടെ വിശ്വാസവും പ്രഖ്യാപിക്കുന്ന കരാർ ആധാരം രജിസ്റ്റർ ചെയ്ത് പകർപ്പുകൾ പള്ളിയിൽ സൂക്ഷിക്കുവാനും ഒരു കോപ്പി ബാവായെ ഏല്പിക്കുവാനും തീരുമാനിച്ചു.

2. ഓരോ ഇടവകയും അംഗസംഖ്യയുടെ വിശദാംശങ്ങൾക്ക് ഇടവക രജിസ്റ്റർ തയാറാക്കണം. ഒരു പകർപ്പ് ബാവായ്ക്ക് നൽകണം. റിശീസാപ്പിരിവ് ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും. റിശീസാ സിംഹാസന

ത്തിലേക്കുള്ളതാണ്.

3. കാനോനും നടപടികളും അച്ചടിച്ച് മുദ്ര വച്ച് പള്ളികൾക്കു നൽകും. അത് കൃത്യമായി പാലിക്കണം.

4. മാമ്മൂദീസാ, വിവാഹം, ശവസംസ്കാരം എന്നിവയുടെ രജിസ്റ്ററുകൾ വികാരിമാരുടെ ചുമതലയിൽ എഴുതി സൂക്ഷിക്കണം.

5. വിശ്വാസസ്ഥിരത, അച്ചടക്കം, സഭയ്ക്ക് പൊതുചുമതലക്കാർ, പൊതുഫണ്ട് ഇവ ഉണ്ടാക്കണം.

6. ഇടവകയിലെ മതപരമായ വ്യവഹാരങ്ങൾ പൊതുഫണ്ടിൽ നിന്ന് നടത്തണം.

7. വിദ്യാഭ്യാസ പ്രവർത്തനം നടത്തണം; മെത്രാന്മാരുടെ ഏകനായകത്വം ഇല്ലാതാവണം; ഒരു പൊതുഫണ്ട് ഉണ്ടാക്കണം; അതിലേക്ക് സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ രൂപീകരിക്കണം; പാത്രിയർക്കീസന്മാർ അതിന്റെ രക്ഷാധികാരികളും അന്നന്ന് ഭരിക്കുന്ന മെത്രാപ്പോലീത്താമാർ പ്രസിഡണ്ടുമാരും ആയിരിക്കണം. നാല് ക്ലാസ് ആയി ഇതിൽ ജനങ്ങളെ ചേർക്കണം. യഥാക്രമം 100 രൂ., 50 രൂ., 25 രൂ., 10 രൂപ ഫീസായി നൽകണം. പള്ളികൾ 500 രൂപാ മുതൽ താഴോട്ട് യഥാശക്തി അംഗത്വഫീസ് നൽകണം. രൊക്കം പണമില്ലാത്തവർ സിക്രട്ടറിക്ക് കടപ്പത്രം നൽകി ചേരാവുന്നതാണ്.

8. മെത്രാന്മാരുടെ ഏകനായകശക്തി ദോഷം ചെയ്യുന്നു. അസോസ്യേഷനിൽ നിന്ന് എട്ടും, പതിനാറ് ഒന്നാംക്ലാസ് അയ്മേനികളും പ്രസിഡന്റ് മെത്രാപ്പോലീത്തായും അടങ്ങിയ ഒരു നിർവാഹകസമിതി വേണം. ശമ്പളത്തോടുകൂടിയ സിക്രട്ടറിയും ജാമ്യം സ്ഥിരപ്പെടുത്തിവരുന്ന ഒരു സ്രാപ്പും വേണം (?). നിർവചിക്കപ്പെട്ട നിയമാവലിയോടെ ഇവർ സമുദായകാര്യങ്ങൾക്ക് ചുമതലപ്പെട്ടിരിക്കണം. മാവേലിക്കര, പുതുപ്പള്ളി, വാകത്താനം, കോട്ടൂർ, നീലംപേരൂർ, കണ്ടനാട്ട്, മുളന്തുരുത്തി, തെക്കൻപറവൂർ എന്നീ ഇടവകകളിലെ എട്ട് വൈദികരെയും കുന്നംകുളം, കോട്ടയം, കണ്ടനാട്, മുളന്തുരുത്തി, കുറുപ്പമ്പടി, നിരണം, കുമരകം, ഒളശ്ശ, കുമരകംകരി, പള്ളം, പുതുപ്പള്ളി, മാമ്മലശ്ശേരി, പുത്തൻകാവ്, പാമ്പാക്കുട, മുളന്തുരുത്തി, അങ്കമാലി എന്നിവിടങ്ങളിൽ നിന്നായി പതിനാറ് അയ്മേനികളെയും ചേർത്ത് മാനേജിംഗ് കമ്മറ്റിയോഗം രൂപീകരിച്ചു.

9. ധനസമാഹരണം, സബ്കമ്മറ്റി നിയമനം എന്നിവയ്ക്ക് ഇവർക്ക് സ്വാതന്ത്ര്യമുണ്ട്. വാർഷിക കണക്കുകൾ അച്ചടിപ്പിച്ച് ഒരു പ്രതി ബാവായ്ക്കും ഒരു പ്രതി പള്ളികൾക്കും നൽകണം. മെമ്പർമാരെ നീക്കാനും നിയമിപ്പാനും സ്ഥിരപ്പെടുത്തുവാനും കമ്മിറ്റിക്കാർക്ക് അധികാരം നൽകുന്നു.

10. അസോസ്യേഷനിൽ ചേരാനിടയുള്ള ഒന്നാംക്ലാസുകാരുടെ ലിസ്റ്റ് ഇപ്പോൾ തയാറാക്കുന്നു. പ്രധാന സംഗതികൾ കമ്മിറ്റി മുഖേന ഇവരെ വിളിച്ച് അഭിപ്രായം സിക്രട്ടറി ശേഖരിക്കേണ്ടതാണ്.

11. സഭാനിയമങ്ങൾ സംരക്ഷിക്കുക, പരിഷ്കരിക്കുക, തെരട്ടുകൾ അംഗീകരിക്കുക, പള്ളി കൈക്കാരന്മാരെ സ്ഥിരപ്പെടുത്തുക, വിദ്യാലയങ്ങൾ സ്ഥാപിക്കുക, പുസ്തകങ്ങൾ അച്ചടിപ്പിക്കുക, പള്ളികളുടെ കേടുപാടുകൾ തീർക്കുക, പുതിയ പള്ളികൾ നിർമ്മിക്കുക എന്നിവ കമ്മിറ്റിയുടെ ചുമതലയാകുന്നു.

12. റിശീസാ പിരിവ്, മെത്രാപ്പോലീത്തായ്ക്കുള്ള വരവിനങ്ങൾ, ദയറായക്കാരുടെ ജീവിതച്ചിലവ് വികാരിമാരുടെ ശമ്പളം, സിക്രട്ടറി മുതലായവരുടെ ശമ്പളം തുടങ്ങിയവയ്ക്ക് കമ്മിറ്റിയ്ക്ക് ചുമതലയുണ്ടായിരിക്കും.

13. തെരട്ട്, ഇടവകയുടെ സമ്പൂർണ്ണ സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ അപ്പപ്പോഴത്തെ രേഖകൾ, മാമ്മൂദീസാ, വിവാഹം, ശവസംസ്കാരം എന്നീ രജിസ്റ്ററുകളുടെ ആണ്ടടക്കമുള്ള വിവരങ്ങൾ എന്നിവ വികാരി, കൈക്കാരൻ, നാലു യോഗപ്രതിനിധികൾ എന്നിവർ ഒപ്പിട്ട് കമ്മിറ്റിയുടെ പേർക്ക് ഓരോ ഇടവകയും അയക്കണം.

14. മേല്പറഞ്ഞ എല്ലാ അധികാരങ്ങളും മുഖ്യമായും പ്രസിഡന്റ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് ആയിരിക്കും. ശേഷം കമ്മിറ്റിക്കാർ അദ്ദേഹത്തിന്റെ സഹായികൾ ആയിരിക്കും.

15. മെത്രാപ്പോലീത്താ പള്ളി സന്ദർശിക്കുമ്പോൾ തെരട്ടുകൾ പരിശോധിക്കണം, കൈക്കാരന്മാരെ സ്ഥിരപ്പെടുത്തണം. സ്കൂളുകൾ മുതലായവ സ്ഥാപിക്കുക, തർക്കങ്ങൾ പരിഹരിക്കുക, പ്രസക്ത കാര്യങ്ങൾ ചെയ്യുക എന്നിവ കൂടാതെ ഇവ രേഖപ്പെടുത്തിയ ഒരു ഡയറി സൂക്ഷിക്കുകയും അവ കമ്മിറ്റിയിൽ വായിക്കുകയും ചെയ്യണം.

16. അംഗത്വഫീസ് ഭൂരിപക്ഷാഭിപ്രായപ്രകാരം അസോസ്യേഷന് ഉണ്ടായിരിക്കും.

17. സിറിയൻ സഭയ്ക്കും മലങ്കരസഭയ്ക്കും പാത്രിയർക്കീസിനോടുള്ള അവകാശവും സംബന്ധവും സമവും തുല്യവും ആയിരിക്കും. രണ്ടു സഭകളുടെ കമ്മിറ്റികൾ അന്യോന്യതയിൽ ഇരിക്കണം. കമ്മിറ്റിയുടെ അറിവോടും അനുമതിയോടും കൂടി ചെയ്യുന്ന സമുദായകാര്യങ്ങൾ സാധുവായിരിക്കും.

18. നിശ്ചയങ്ങളിൽ ബാവായും മെത്രാപ്പോലീത്തായും സമൂഹക്കാരും ഒപ്പിട്ട് ഉറപ്പിക്കണമെന്ന് നിശ്ചയിച്ചു, ഒപ്പിട്ടു.

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. ഒപ്പും മുദ്രയും.

മിഥുനം 17-ന് മൂന്നാം ദിവസം മുളന്തുരുത്തി സുന്നഹദോസ് സമാപിച്ചു.

## മുളന്തുരുത്തി സുന്നഹദോസിന് ശേഷം

1873-ൽ പരുമലയിൽ വച്ച് രൂപംകൊള്ളുകയും 1876-ൽ മുളന്തുരുത്തിയിൽ വച്ച് ഉറപ്പിക്കുകയും ചെയ്ത മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടനയാണ്. എസ്.എൻ.ഡി.പി., എൻ.എസ്.എസ്., യോഗക്ഷേമസഭ, എം.ഇ.എസ്., പുലയർ മഹാസഭ തുടങ്ങി പിന്നീട് കേരളത്തിലുണ്ടായ എല്ലാ സാമുദായിക സംഘടനകൾക്കും ഇത് മാതൃകയും പ്രചോദനവും ആയിത്തീർന്നു. മഹാവൃക്ഷങ്ങളല്ലാതെ മലങ്കരസഭയിൽ വനമുണ്ടായിരുന്നില്ല എന്ന അപര്യാപ്തത ഇതോടെ മാറി. ഇടവകകളുടെ ശക്തി സമാഹരിക്കുവാൻ ഇതോടെ സംവിധാനമായി. അസോസ്യേഷൻ സഭയുടെ അമൂർത്തരൂപവും കോട്ടയം പഴയസെമിനാരി അതിന്റെ മൂർത്ത പ്രതീകവുമായി. സഭയുടെ പിന്നീടുള്ള സർവവികസനങ്ങൾക്കും അടിസ്ഥാന ഊർജം പകർന്നത് അമൂർത്തവും മൂർത്തവുമായ ഈ സഭാ പ്രതീകങ്ങളാണ്.

സുന്നഹദോസിന്റെ ഒന്നാം കാനോന പൂർണ്ണമായും രണ്ടാം കാനോന ഭാഗികമായും പാത്രിയർക്കീസിന്റെ താല്പര്യപ്രകാരവും ശേഷം കാനോനാകൾ 1873-ലെ പരുമല സുന്നഹദോസിൽ പ്രകടമാക്കപ്പെട്ട മലങ്കരസഭയുടെ താല്പര്യപ്രകാരവും രൂപംകൊണ്ടവയാണ്. ഒന്നു രണ്ടു മാസങ്ങൾക്ക് ശേഷവും കരാർ ആധാരങ്ങൾ ഹാജരാക്കപ്പെടുന്നില്ല എന്ന് ബാവാ കാര്യങ്ങളെ ബുദ്ധിപൂർവ്വം അപഗ്രഥിച്ചു. അദ്ദേഹം പ്രവർത്തനനിരതനായി.

1876 ചിങ്ങം 15 ന് മുളന്തുരുത്തിയിൽ വച്ച് വി. മൂറോൻ കൂദാശ ചെയ്തു. കഴിയുന്നത്ര പേർ പങ്കെടുക്കണമെന്നും കൈമുത്ത് സമർപ്പിക്കണമെന്നും പള്ളികളെ അറിയിച്ചിരുന്നു. മൂറോൻ വിതരണം സംബന്ധിച്ച് ബാവാ അയച്ച കല്പനയിൽ അദ്ദേഹത്തിന്റെ ദ്രവ്യാഗ്രഹം പ്രകടമാകുന്നത് കാണുക:

'.... ശുദ്ധമുള്ള മൂറോനാൽ അഭിഷേകം ചെയ്യപ്പെട്ടവൻ അതിന്റെ പ്രതിഫലം കൊടുക്കാതെ ഇരുന്നാൽ അവന്റെ ശരീരം വെടിപ്പായിരിക്കുകയില്ല. കൊയ്ത്തുകാരുടെ നിലവിളി പുരുഷാരങ്ങളുടെ കർത്താവിന്റെ ചെവികൾക്ക് പ്രവേശിച്ചു എന്ന് യാക്കോബ് ശ്ലീഹാ പറഞ്ഞതുപോലെ കൂലിക്കാരന്റെ കൂലി എന്നല്ലാതെ ഇത് ഒരു സമ്മാനവും ചിലവർപ്പുകളുമല്ലെന്ന്

അറിഞ്ഞുകൊള്ളണം. നിങ്ങൾ വേഗം റിശീസാകൾ ശേഖരിച്ച് ദൈവത്തിൽ നിന്ന് പാത്രിയർക്കീസിന് നിങ്ങളുടെമേലുള്ള കടം നിങ്ങൾ വീട്ടണം. ..” (1876 കർക്കിടകം 31-ന് ബാവാ അയച്ച കല്പനയിൽ നിന്ന്).

അത് കഴിഞ്ഞ് പാമ്പാക്കുട കോനാട്ട് ഗീവറുഗീസ് റമ്പാനും വടക്കൻ പറവൂർ കടവിൽ പൗലൂസ് റമ്പാനും മുളന്തുരുത്തി ചാത്തുരുത്തിൽ ഗീവറുഗീസ് റമ്പാനും അങ്കമാലി അമ്പാട്ട് ഗീവറുഗീസ് റമ്പാനും മെത്രാൻ സ്ഥാനം നൽകുവാൻ തീരുമാനിച്ചു. ബാവാ ആവശ്യപ്പെട്ട വ്യവസ്ഥകളിൻപ്രകാരം ഉടമ്പടി തയാറാക്കി എറണാകുളത്ത് രജിസ്റ്റർ ചെയ്തു.

സമൂഹക്കാർ സ്ഥലത്തുണ്ടായിട്ടും അവരോട് ആലോചിക്കാതെ ഇപ്രകാരം ചെയ്യുന്നതിൽ പ്രതിഷേധിച്ച് പനക്കൽ ഐപ്പൂരുവും കുര്യൻ റൈട്ടറും ബാവായ്ക്ക് കത്തെഴുതി. അതിന്റെ ആദ്യഭാഗം '.... ആലോചന കൂടാതെ ചെയ്യുന്നപക്ഷം ഈ സമൂഹത്തിൽ നിന്ന് ഞങ്ങളെ ഒഴിപ്പിച്ച് തരുന്നതിന് കല്പന ഉണ്ടാകുവാൻ അപേക്ഷിക്കുന്നു. 1876 ചിങ്ങം 16.” കരോട്ടുവീട്ടിൽ ശെമവൂൻ കോറി, മാലിത്തറ ഏലിയാസ് കത്തനാർ, എളന്തുരുത്തിൽ പീലിപ്പോസ് കത്തനാർ, ചാലപ്പുറത്ത് കോറി യാക്കോബ്, തോപ്പിൽ ലൂക്കോസ് കത്തനാർ, പനക്കൽ ഐപ്പൂരു, കുര്യൻ റൈട്ടർ, മുറിപുരക്കൽ കുരുവിള, ചാലിൽ ചെറിയാ, പുത്തൻപുരയ്ക്കൽ തോമ്മാ, ചാത്തുരുത്തിൽ വർക്കി, കോനാട്ട് ഇട്ടൻ, തുകലൻ പൗലൂസ്, കല്ലറക്കൽ പൗലോസ് എന്നിവർ പേർ വെച്ചെഴുതിയ പ്രതിഷേധക്കുറിപ്പ് ബാവാ അവഗണിച്ചു.

'മെത്രാന്റെ സ്ഥാനം കൊടുക്കുന്നത് എന്റെ അധികാരമെന്നും മറ്റൊരുത്തനും ഇതിൽ പ്രവേശിപ്പാൻ ഇട ഇല്ലെന്നും ബാവാ കല്പിച്ചു. കരാർ ഉടമ്പടി പള്ളിക്കാർ സമർപ്പിക്കാഞ്ഞത് പുലിക്കോട്ടിൽ മെത്രാച്ചൻ തടഞ്ഞതുമൂലമെന്ന് ബാവാ ധരിച്ചു. മെത്രാന്റെ അധികാരം വെട്ടിച്ചുരുക്കുവാനുള്ള പുറപ്പാടാണ് മെത്രാൻവാഴ്ചയിൽ പ്രകടമായത്. ഒരു മെത്രാൻ കൈയാളിയിരുന്ന മലങ്കരസഭയെ ഏഴായി വിഭജിച്ച് അതിലൊരാൾ മാത്രമായി മലങ്കരമെത്രാനെ ചെറുതാക്കുക; മലങ്കരസഭാഭരണം തന്റെ അവകാശമാണ്: ഇവയായിരുന്നു ബാവായുടെ ലക്ഷ്യങ്ങൾ. 1876 വൃശ്ചികം 22 (ഞായർ) ന് കോനാട്ട് ഗീവറുഗീസ്സ് യൂലിയോസിനെയും കടവിൽ പൗലോസ് അത്താനാസ്യോസിനെയും ബാവാ ഏകനായി വാഴിച്ച് അവർക്ക് യഥാക്രമം തുമ്പമൺ, കോട്ടയം ഇടവകകൾക്ക് സുസ്താത്തിക്കോൻ നൽകി. അടുത്ത ഞായർ വൃശ്ചികം 29 ന് അവിടെവച്ച് തന്നെ അമ്പാട്ട് ഗീവറുഗീസ് കൂറിലോസ്, ചാത്തുരുത്തിൽ ഗീവറുഗീസ് ഗ്രീഗോറിയോസ് എന്നിവരെ വാഴിച്ച് അവർക്ക് യഥാക്രമം അങ്കമാലി, നിരണം ഇടവകകൾക്ക് സുസ്താത്തിക്കോൻ നൽകി. പത്രോസ് തൃതീയൻ ബാവായുടെ കൂടെ മലങ്കരയിൽ വന്ന അബ്ദുള്ളാ ഗ്രീഗോറിയോസും മലങ്കര

മെത്രാൻ മാർ ദീവന്നാസ്യോസും തെക്കൻ ഇടവകകളിൽ പര്യടനത്തി ലായിരുന്നു; അവരെ ഈ വിവരം അറിയിച്ചുമില്ല.

1876 ഡിസംബർ 3 ന് കൊച്ചി മഹാരാജാവ് പുതിയ വിളംബരം പ്രസിദ്ധീ കരിച്ചു; തിരുവിതാംകൂർ വിളംബരത്തിന്റെ അതേ മാതൃകയിൽ. ഇതോടെ മാർ അത്താനാസ്യോസ് കോടതികൾക്ക് അതീതൻ എന്ന നില മാറി. രണ്ട് സംസ്ഥാനങ്ങളിലേയും വിളംബരം പുറത്തുവന്നതോടെ വ്യവഹാര ത്തിന് അനുകൂലമായ അന്തരീക്ഷം രൂപപ്പെട്ടു.

പുതിയ സംഭവവികാസങ്ങൾ കലഹകാരണമാകുന്നതിന് മുമ്പ് വട്ടി പ്പണപ്പലിശ വാങ്ങുന്നതിൽ നിന്നും സെമിനാരി മുതലായ സഭാസ്വത്തു ക്കളുടെ കൈവശാവകാശത്തിൽ നിന്നും നവീകരണ മെത്രാനെ ഒഴുപ്പി ക്കുവാനുള്ള നീക്കത്തിന്റെ പ്രാരംഭമായി അസോസ്യേഷന്റെ ഒരു യോഗം വെളിയനാട്ട് പള്ളിയിൽ 1877 മകരം 15 മുതൽ 17 വരെ സമ്മേളിച്ചു. കേസിന് പതിനായിരം രൂപ ചെലവു വരുമെന്ന് കണക്കാക്കി കമ്മറ്റിക്കാർ 60 രൂപാ വീതവും ആലോചനക്കാർ 30 രൂപാ വീതവും എടുപ്പാൻ നിശ്ചയിച്ചു. വക്കീ ലായി വാക്കർ സായിപ്പിനെ നിശ്ചയിച്ചു. യോഗത്തിൽ ബാവാ ഹൂദായ കാനോൻ പരിചയപ്പെടുത്തുകയും അംഗങ്ങൾ അമ്മീൻ പറഞ്ഞ് അത് അംഗീകരിക്കുകയും ചെയ്തു.

“അതിന് ശേഷം മലയാളം ഏഴ് ഇടവകയായി തിരിച്ചിരിക്കുന്നുവെന്നും ഇപ്പോൾ അഞ്ച് മെത്രാന്മാർ മലയാളത്തിലുള്ളതിനോടു കൂടി രണ്ടു പേർ ക്കും കൂടി പട്ടം കൊടുക്കണമെന്നും മറ്റും പിതാവ് നിശ്ചയിച്ച് കൂട്ടത്തോട് കല്പിച്ചു. രണ്ടു പേർക്കും കൂടെ പട്ടം കൊടുക്കണമെന്നുള്ള കാര്യത്തിൽ ജനത്തിന് തീരുമാനം ഇഷ്ടം ഇല്ലെന്നും ഇപ്പോൾ ഈ അഞ്ചു പേരു ള്ളത് മതി ഇതിൽ പൊതുകാര്യങ്ങൾ അമ്പേഷിക്കുന്നതിന് പുലിക്കോ ട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കമ്മിറ്റിയിൽ തലവൻ ആയി കല്പിച്ച് ആക്കിത്തരണമെന്നും കൂട്ടമായി പിതാവിന്റെ തിരുമു മ്പാകെ സങ്കടം എഴുതിവച്ചു. ആയത് അവിടുത്തെ ഇഷ്ടത്തിന് വിരോധം ആയിരുന്നതിനാൽ കോപിച്ച്, ‘ആത്മീയമായ നമ്മുടെ കാര്യത്തിൽ പ്രവേ ശിപ്പാൻ നിങ്ങൾക്കെന്ത് കാര്യം’ എന്നും മറ്റും കല്പിച്ച് ആ കടലാസ് കീറി കൂട്ടത്തിന്റെ മുമ്പാകെ ഇട്ടുകളഞ്ഞു. ... മെത്രാപ്പോലീത്തായുടെയും പനയ്ക്കൽ ഐപ്പൂരുവിന്റെയും കുര്യൻ റൈട്ടറുടെയും ആലോചനയാൽ കൂട്ടം മേൽപ്രകാരം നമ്മുടെ മുമ്പാകെ എഴുതിവയ്പാൻ ഇടവന്നതാകുന്നു എന്നും മറ്റും കല്പിച്ച് അവർ മൂവരുടെ മേൽ കോപിച്ചു. ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മേലിൽ ഈ കൂട്ടത്തിൽ പ്രവേശിക്കരുതെന്ന് കല്പിച്ചു” (കണ്ടനാട്ട് ഗ്രന്ഥവരി, പു. 620-626).

മെത്രാപ്പോലീത്തായെ അസോസ്യേഷനിൽ മേലാൽ പ്രവേശിക്കരു

തെന്ന് മുടക്കിയതോടെ ഭൂരിഭാഗംപേരും സ്ഥലം വിട്ടു. പരാജയം പുറത്തുകാണിക്കാതെ ശേഷിച്ചവരെയുംകൊണ്ട് സമ്മേളനം തുടർന്നു.

മുളന്തുരുത്തി സുന്നഹദോസ് നിശ്ചയിച്ച 80 പേരോടുകൂടി 355 പേരെക്കൂടി അവർ നിർദ്ദേശിച്ചു. 30 രൂപ ഫീസും നിശ്ചയിച്ചു. പ്രധാനന്മാർ കുംഭം 16-ന് കോട്ടയത്ത് ചേരാൻ നിശ്ചയിച്ച് 18-ാം തീയതി യോഗം പിരിഞ്ഞു. തീരുമാനങ്ങളൊന്നും പ്രാവർത്തികമായില്ല. ഇതിൽ പ്രതിഷേധിച്ച് ബാവാ തിരിച്ചുപോകുകയാണെന്ന് ഭീഷണിപ്പെടുത്തി. ഐപ്പൂരു, കുര്യൻ റൈട്ടർ എന്നിവർ ബാവായെ അനുനയിപ്പിച്ചു. ഭീഷണി പിൻവലിക്കുകയും ചെയ്തു. 1052 (1877) മീനം 15 ന് കുന്നത്തുനാട് രജിസ്റ്റർ ആപ്പീസിൽ മുറിമറ്റത്തിൽ പൗലൂസ് റമ്പാനും കരോട്ടുവീട്ടിൽ ശെമവൂൻ റമ്പാനും പാത്രിയർക്കീസിന് ഉടമ്പടി രജിസ്റ്റർ ചെയ്തു കൊടുത്തു. അക്കൊല്ലത്തെ ഹാശാശുശ്രൂഷ ബാവാ കുറുപ്പമ്പടി പള്ളിയിൽ നടത്തി. നേരത്തെ വാഴിച്ച നാലു മെത്രാന്മാർക്കുള്ള സുസ്താത്തിക്കോനിൽ റവന്യൂ മേധാവി പിസ്ക്കോള സായിപ്പിനെക്കൊണ്ട് ഒപ്പും സർക്കാർ മുദ്രയും പതിപ്പിച്ച് നൽകി. മേടം 25 ന് ബാവാ കുന്നംകുളത്തിന് പുറപ്പെട്ടു. ഇടവം 7 വരെ ചിറളയം പള്ളിയിൽ താമസിച്ചു. അഞ്ഞൂർ പള്ളിയിലെ കൂറിലോസ് ബാവായെ കാണുവാൻ അർദ്ധരാത്രിയിലെത്തി. കൂടിക്കാഴ്ച അടുത്ത പ്രഭാതത്തിലാകാമെന്ന ബാവായുടെ നിലപാട് അസ്വീകാര്യമായതിനാൽ അദ്ദേഹം രാത്രിയിൽത്തന്നെ തിരിച്ചുപോയി. പുലിക്കോട്ടിൽ മെത്രാച്ചനെ ബാവാ വരുത്തി.

"ഇതുവരെ തിരുമുമ്പാകെ വരാതെ ഇരുന്നതിനെക്കുറിച്ചും മറ്റും ഇനിമേലിൽനിന്നെ കാണുന്നതിന് എനിക്ക് മനസ്സില്ലെന്നും മറ്റും അതി കോപമായി കല്പിച്ചു എങ്കിലും ശേഷം മെത്രാന്മാർ രജിസ്റ്റർ ചെയ്തതുപോലെ (ഉടമ്പടി) റജിസ്റ്റർ ചെയ്യണമെന്നും അപ്രകാരം ചെയ്തുതരുന്ന പക്ഷം ഇനി കണ്ടനാട്, കൊല്ലം, കൊച്ചി ഇങ്ങനെ മൂന്ന് ഇടവകകൾ ഉണ്ടെന്നും ഇതിൽ ഏതെങ്കിലും അദ്ദേഹത്തിന് ഉറപ്പിച്ചു കൊടുക്കാമെന്നും ആയതല്ലാത്തപക്ഷം ഇടവകയും മറ്റും കൊടുക്കുന്നതല്ലെന്നും മറ്റും ഉറപ്പായി കല്പിച്ചു. തൽക്കാലം കല്പനപ്രകാരം റജിസ്റ്റർ ചെയ്യാൻ സമ്മതിച്ചില്ല." മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ്, കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് എന്നിവരെ ബാവാ ചിറളയം പള്ളിയിൽ വച്ച് 1877 ഇടവം 5-ന് 40-ാം പെരുന്നാളിൽ വാഴിച്ച് യഥാക്രമം കണ്ടനാട്, കൊച്ചി ഇടവകകൾക്കായി സുസ്താത്തിക്കോൻ നൽകി. നൂറുമീറ്റർ അകലെയുള്ള പഴയപള്ളിയിൽ താമസിച്ചിരുന്ന മാർ ദീവന്നാസ്യോസ് ക്ഷണിക്കപ്പെടുകയോ പങ്കെടുക്കുകയോ ചെയ്തില്ല. ഇടവം 7 ന് ചാലിശ്ശേരിയിലെത്തി ബാവായെ മുഖം കാണിക്കാതെ ആതിഥേയനും യാത്രയാക്കാനെത്തി. 9 ന് ബാവായെ യാത്രയാക്കാൻ മെത്രാന്മാരും രണ്ടുനാല് പട്ടക്കാരും നൂറി

ലേറെ ജനങ്ങളും പട്ടാമ്പി റെയിൽവേസ്റ്റേഷനിലെത്തി. 12 മണിക്ക് ബാവാ യാത്രയായി. ആ വണ്ടിയിൽ മറ്റൊരു മുറിയിൽ പുലിക്കോട്ടിൽ മെത്രാച്ചനും ബാവാ അറിയാതെ കയറി. ബാവായുടെ കൂടെവന്ന അബ്ദുള്ളാ മാർ ഗ്രീഗോറിയോസ് മെത്രാൻ അപ്പോഴും ബാവായെ ധിക്കരിച്ച് പള്ളികൾ സന്ദർശിക്കുകയായിരുന്നു. 'പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസും ഗ്രീഗോറിയോസ് അബ്ദുള്ളായും നമ്മുടെ കല്പനയ്ക്ക് വിരോധികളാകയാൽ അവരോടുകൂടെ നിങ്ങൾ യാതൊരു സംബന്ധവും ചെയ്തുപോകരു'തെന്ന് ബാവാ പോകുമ്പോൾ മെത്രാന്മാരെ പ്രത്യേകം വിലക്കിയിരുന്നു. മെത്രാന്മാർ 6 പേരും ഇടവം 17 ന് കണ്ടനാട്ട് എത്തി അബ്ദുള്ളായെ കണ്ട് നാട്ടിൽ പോകാനുള്ള ബാവായുടെ കല്പന കൈമാറി; അന്ന് തന്നെ വെട്ടിക്കൽ എത്തി 40 ദിവസത്തേക്ക് മെത്രാന്മാർ 6 പേരും ഉപവാസം ആരംഭിക്കുകയും ചെയ്തു.

1875 ഇടവം 28 ന് കുന്നംകുളത്ത് വന്ന് 1877 ഇടവം 9 ന് തിരിച്ചുപോയ പത്രോസ് തൃതീയൻ ബാവാ വാർദ്ധക്യത്തിലും കർമ്മനിരതൻ ആയിരുന്നു. 24 മാസങ്ങളിലെ അദ്ദേഹത്തിന്റെ മലങ്കര സന്ദർശനം സംഭവബഹുലം തന്നെ. മെത്രാൻവാഴ്ചകളും മൂറോൻ കൂദാശയും മുളന്തുരുത്തി - വെളിയനാട് അസോസ്യേഷനുകളും മലങ്കര മെത്രാനെ റജിസ്റ്റേർഡ് ഉടമ്പടി കൊടുക്കാത്തതിന്റെ പേരിൽ മുടക്കിയതും നാം കണ്ടു കഴിഞ്ഞു. 'ദീവന്നാസ്യോസ് യൗസേഫ് മെത്രാപ്പോലീത്താ ബോംബെ വരെ നമ്മുടെ കൂടെ വന്ന് നല്ല അനുസരണവും മനസ്താപവും കാണിച്ചിരിക്ക കൊണ്ട് അവനെ നാം സ്വീകരിച്ച് കൊല്ലം, മാവേലിക്കര മുതലായ സ്ഥലങ്ങൾ ഭരിപ്പാനായി' കല്പന കൊടുത്തതോടെ (1877 ഇടവം 16 ലെ കല്പന) ആ സന്ദർശനത്തിന്റെ പ്രത്യക്ഷഘട്ടം അവസാനിച്ചു. അദ്ദേഹം ചെയ്ത കുറെ നടപടികളും പരിഷ്കാരങ്ങളും പരാമർശം അർഹിക്കുന്നു.

1. മലങ്കര സഭാംഗങ്ങൾ തലവരിപ്പണം (റിശീസാ) പാത്രിയർക്കീസിന് നൽകുന്നതിന് കീഴ്‌വഴക്കം സ്ഥാപിച്ചു.

2. മുളന്തുരുത്തിയിൽ യൂയാക്കീം മാർ കൂറിലോസിന്റെ കബറിങ്കൽ വച്ചിരുന്ന വിളക്കും ചുറ്റിലും വച്ചിരുന്ന മെഴുകുതിരികളും വലിച്ചെറിഞ്ഞു; കബറിന്റെ മുൻവശത്തെ പലക തകർത്തു.

3. ചിറളയം പള്ളിയിൽ ശാക്രുള്ള മഫ്രിയാനയുടെ സ്മാരക കബറിടം ഉണ്ടായിരുന്നത് പൊളിച്ചുകളയിച്ചു.

4. വടക്കൻപറവൂർ പള്ളിയുടെ മദ്ബഹായുടെ വടക്കുഭാഗത്തുണ്ടായിരുന്ന അബ്ദുൾ ജലീൽ മാർ ഗ്രീഗോറിയോസിന്റെ കബറിടം പൊളിപ്പിച്ചു; ഭൗതികാവശിഷ്ടം അവിടെനിന്ന് നീക്കം ചെയ്തു.

5. കുറുപ്പമ്പടി പള്ളിയുടെ ഹൈക്കലായിൽ തെക്കും വടക്കും സ്ഥാപി

ച്ചിരുന്ന യൽദൊ ബസേലിയോസിന്റെയും അന്ത്രയോസിന്റെയും സ്മാരക കബറിടങ്ങൾ പൊളിച്ചുകളഞ്ഞു.

6. ഈ കബറു പൊളിക്കൽ പരിപാടി ഭയന്ന് യൽദൊ ബസേലിയോസിന്റെ കബറിടം സ്ഥിതിചെയ്യുന്ന കോതമംഗലം ചെറിയപള്ളിയിലേക്ക് ബാവായെ ക്ഷണിക്കുന്നത് വേണ്ടെന്നു വച്ചു. തൊട്ടടുത്ത് കുറുപ്പമ്പടി പ്പള്ളിയിൽ ദിവസങ്ങളോളം താമസിച്ച ബാവാ തന്നെ സന്ദർശിച്ച കോതമംഗലത്തുകാരോട് അവിടത്തെ കബറിടം പൊളിച്ചുകളയുവാൻ ഉപദേശിച്ചു.

7. സിറിയൻ സഭയുടെ കോളനിയായി മലങ്കരസഭയെ മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി വൈദികർ തല ക്ഷൗരം ചെയ്തു കറുത്ത തൊപ്പിയും പുറത്തിറങ്ങുമ്പോൾ കറുത്ത കുപ്പായവും ധരിക്കണമെന്ന് നിഷ്കർഷിച്ചു. മെത്രാന്മാരുടെ മുതലവായൻ കിരീടത്തിനു പകരം മത്തങ്ങാ മുടി നടപ്പാക്കി. മെത്രാന്മാരുടെ സൂർപ്ലീസ് ശെമ്മാശന്മാരുടെ അൽമത്തി എന്നിവ നിർത്തലാക്കി. പുരുഷന്മാർ മീശയും താടിയും വളർത്തണമെന്നും ശീമയിലെ മാതൃകയിൽ വസ്ത്രധാരണം നടത്തണമെന്നും കല്പനയിറക്കി.

8. ആണ്ടുതക്സാക്രമങ്ങൾ എല്ലാം വ്യത്യാസപ്പെടുത്തി ശീമയിലെ മാതൃകയിലാക്കി. യൽദൊ പെരുന്നാളിൽ ശ്ലീഹാ വായനയ്ക്കു മുമ്പുള്ള ശുശ്രൂഷയുടെ ഗീതങ്ങൾ നിർത്തലാക്കി. മുമ്പില്ലാതിരുന്ന സ്ലീബാ ആഘോഷം നടപ്പിലാക്കി. രണ്ടു ഘട്ടമായി നടത്തിയിരുന്ന യൽദൊ ശുശ്രൂഷകൾ ഇതോടെ അതീവ ഹ്രസ്വമായി.

9. ദനഹായുടെ ശുശ്രൂഷയിൽ, മൂറോൻ കൂദാശയുടെ ചില ഭാഗങ്ങളെ ഓർമ്മിപ്പിക്കുന്ന അനുഷ്ഠാനങ്ങൾ നിർത്തലാക്കി. പ്രുമിയോന് മുമ്പായി ഇപ്പോൾ ഉപയോഗിക്കുന്ന 'കോനൂനോ യൗനോയോ' ഗാനവും ധൂപക്കുറ്റി വാഴ്വും പഴയക്രമത്തിലുണ്ടായിരുന്നില്ല. വെള്ളം നിറച്ച ഭരണി പ്രദക്ഷിണ സമയത്തും ശുശ്രൂഷാസമയത്തും മറ്റൊരാൾ ചുമന്നു നില്ക്കുക, വാഴ്വിന് ശേഷം കന്തീലാ ശുശ്രൂഷയിലെന്നപോലെ വാഴ്ത്തപ്പെട്ട വെള്ളം കൊണ്ട് ജനങ്ങളുടെ നെറ്റിയിൽ റൂശ്മാ വരയ്ക്കുക ഇതൊക്കെയും ബാവായുടെ പരിഷ്കാരങ്ങളാണ്. മാലാഖമാരുടെ സ്തുതിപ്പും കൗമ്മയും ചൊല്ലി ശുശ്രൂഷ അവസാനിപ്പിച്ച് വാഴ്ത്തപ്പെട്ട ജലം അല്പം കുടിച്ചു പിരിയുന്ന പതിവും നിർത്തലാക്കി. ദനഹാ കഴിഞ്ഞ് മാമ്മൂദീസാ തൊട്ടിയിൽ ആദ്യം ആൺകുഞ്ഞിനെ മാമ്മൂദീസാ മുക്കണം എന്ന പതിവും മോറാന്റെ സംഭാവനയാണ്.

10. വലിയ നോമ്പാരംഭത്തിൽ ഉച്ചനമസ്കാരത്തോട് ചേർന്ന് അനുതാപത്തിന്റെ ശുശ്രൂഷ എന്ന നിലയിൽ കന്തീലായുടെ ക്രമപ്രകാരം പട്ടക്കാർ സൈത്ത് കൂദാശ ചെയ്ത് അതുകൊണ്ട് ജനങ്ങളെ മുദ്രയിടുന്ന മഹനീയ

മായ പതിവ് മോറാൻ നിർത്തലാക്കി. പകരം ദുഃഖശനിയാഴ്ച നടത്തുവാനുള്ള ശുബ്ക്കോനോയുടെ ക്രമം ആവശ്യാനുസരണം വ്യത്യാസപ്പെടുത്തി വലിയനോമ്പാരംഭത്തിലേക്ക് മാറ്റി. സൈത്ത് കൂദാശ മേല്പട്ടക്കാരന്റെ മാത്രം കർത്തവ്യമായി പരിമിതപ്പെടുത്തി.

11. പാതിനോമ്പിന് ഒരു പുതിയ ശുശ്രൂഷാക്രമം സ്ലീബാ ആഘോഷത്തോടെ മോറാൻ നടപ്പിൽ വരുത്തി. മുമ്പ് പ്രത്യേക ശുശ്രൂഷകളൊന്നും കുരിശുനാട്ടലിന് ഉപയോഗിച്ചിരുന്നില്ല. പാതിനോമ്പിനും 40-ാം വെള്ളിയാഴ്ചയും ഉച്ചക്കുമ്പിടീലിന് ശേഷമാണ് കുർബാന അർപ്പിച്ചിരുന്നത്. 40 കുമ്പിടീൽ ആ ദിവസങ്ങളിൽ മോറാൻ നിർത്തലാക്കി.

12. ഓശാനയുടെ പ്രദക്ഷിണഗാനം വ്യത്യസ്തമായിരുന്നു. കുക്കിലിയോനും കോനൂനോ യൗനോയോ ഗാനങ്ങളും ഇല്ലായിരുന്നു. സെദ്റാ കഴിഞ്ഞ് 'കൂക്കോയോ' ഗാനമല്ല 'തൂബോല് യാലൂദെ' എന്ന ഗാനമായിരുന്നു. ലുത്തിനിയായിൽ രണ്ടു പാത്രിയർക്കാസ്ഥാനികളെയും ഒരു എപ്പിസ്കോപ്പാസ്ഥാനിയേയും പരാമർശിച്ചിരുന്നത് ഭേദപ്പെടുത്തി. വാഴ്ത്താനുള്ള ഓല പ്രദക്ഷിണവേളയിലും ശുശ്രൂഷാവേളയിലും ഒരു അയ്മേനിയെ ഏല്പിക്കുന്ന പതിവ് മോറാൻ നടപ്പാക്കിയത് ചിലർ അനുകരിച്ചു.

13. ഹാശാ ആഴ്ചയിൽ കൈമുത്ത്, കുക്കിലിയോൻ, ഏവൻഗേലി വായനയുടെ വ്യത്യസ്ത മൊഴികൾ, ഓരോ ദിവസത്തേക്കും പ്രത്യേകം കൗമ്മാകൾ, ഉച്ചയ്ക്ക് സന്ധ്യാപ്രാർത്ഥന നടത്തുക: ഇതൊക്കെ പുതിയ പരിഷ്ക്കാരങ്ങളാണ്. പെസഹായുടെ കുർബാന നൽകുവാൻ സന്ധ്യ വരെ ഒരു പട്ടക്കാരൻ ഒരുക്കത്തോടെ ഇരിക്കുക തുടങ്ങി ഇന്ന് നടത്തിവരുന്ന പല ഹാശാ സമ്പ്രദായങ്ങളും ബാവാ ആവിഷ്ക്കരിച്ചതാണ്.

14. ദുഃഖവെള്ളിയുടെ ക്രമം മലങ്കരയിൽ അതീവ ലളിതമായിരുന്നു. പല പാട്ടുകളും പണ്ട് ഇല്ല. ഏവൻഗേലി സമയത്തെ തിരി കെടുത്തലും ഈർക്കിൽ കുരിശ് മെഴുകുതിരിയിൽ കുത്തി നിർത്തലും ആരംഭിച്ചു. ഏവൻഗേലി കഴിഞ്ഞുള്ള ലുത്തിനിയാ ഒഴിവാക്കി. പ്രദക്ഷിണങ്ങൾക്ക് ദിശാഭേദം ഉണ്ടായിരുന്നില്ല. കബറടക്കവും ശനിയുടെ സന്ധ്യാപ്രാർത്ഥനയും കഴിഞ്ഞ് പിരിഞ്ഞാൽ മതിയെന്ന് കല്പിച്ചത് ചില സ്ഥലങ്ങളിൽ നടപ്പായി.

15. ദുഃഖശനി ഉച്ചതിരിഞ്ഞു കുർബാന അർപ്പിച്ചാൽ മതിയെന്ന് പഠിപ്പിച്ചു (22 1/2 യ്ക്ക് ശേഷം).

16. ഉയിർപ്പിന്റെ അതീവ ഹ്രസ്വമായിരുന്ന ക്രമം മാറി. ആദ്യത്തെ രഹസ്യശുശ്രൂഷയും പ്രഖ്യാപനവും ആവിഷ്ക്കരിച്ചു.

നമ്മുടെ ആണ്ടുതക്സാക്രമങ്ങൾ അന്ത്യോഖ്യൻ ശൈലിയിലാണ്

പ്രാചീന കാലം മുതൽ അനുഷ്ഠിച്ച് വരുന്നതെന്ന് വളരെ അശ്രദ്ധമായും ഉദാസീനമായും നാം പറയാറുണ്ട്. ഇക്കാര്യത്തിൽ ഗൗരവമായ ഏതെങ്കിലും പഠനം ആവശ്യമാണെന്ന് പോലും ആരും ചിന്തിക്കാറില്ല. പത്രോസ് തൃതീയന് മുമ്പ് മലങ്കരയിൽ നടപ്പിലിരുന്ന ശുശ്രൂഷാക്രമങ്ങളെപ്പറ്റി ഗൗരവമായ പഠനം ആവശ്യമാണ്.

17. പെന്തിക്കോസ്തിപ്പെരുന്നാളിന്റെ ഇന്നുള്ള ഗാനങ്ങളും പ്രദക്ഷിണ സമയത്തെ വെള്ളം തളിയും പാത്രിയർക്കീസ് ആവിഷ്ക്കരിച്ചവയാണ്.

18. 'ക്രോയ്ത്തൊാദ് റൂഹോ കാദീശോ'യുടെ ആഹ്വാനം നടത്തി സ്ഥാന സാധുതയുള്ള കാർമ്മികൻ കൈ ആഘോഷപൂർവം ആവസിപ്പിക്കുന്ന വേളയിലാണ് കൂദാശകളിൽ പരിശുദ്ധാത്മാവിന്റെ അവരോഹണം സംഭവിക്കുന്നത് എന്ന് കുർബാന, മാമ്മൂദീസാ, പട്ടാഭിഷേകം, മൂറോൻ കൂദാശ എന്നിവയുടെ ക്രമങ്ങളിൽ ശെമ്മാശൻ ഔദ്യോഗികമായി പ്രഖ്യാപിക്കുന്ന ഒരു സഭയിൽ മാമ്മൂദീസായിൽ വെള്ളത്തിൽ പരിശുദ്ധാത്മാവാസം ഉണ്ടാകുന്നത് വി. മൂറോൻ കലർത്തുന്നതുകൊണ്ടാണെന്ന് പാത്രിയർക്കീസ് പ്രചരിപ്പിച്ചു. മൂറോന്റെ പ്രാധാന്യം വർദ്ധിപ്പിക്കുവാനും അത് കൂദാശ ചെയ്യുന്ന ആളിന്റെ പ്രഭാവം ഉയർത്തുവാനും അത് സഹായിച്ചേക്കുമെങ്കിലും സഭയുടെ അടിസ്ഥാനവിശ്വാസം അനധികൃതമായി ഭേദപ്പെടുത്തുകയാണ് ആ പഠിപ്പിക്കലിലൂടെ മോറാൻ നിവർത്തിച്ചത്. കഥയറിയാതെ ആട്ടം കാണുക പതിവാക്കിയ പല പ്രാമാണികരും മോറാന്റെ പ്രചാരണത്തിന് ആമ്മീൻ പാടുന്നുണ്ട്.

അതുല്യമായ മനുഷ്യാവതാരത്തിൽ ദൈവത്വവും മനുഷ്യത്വവും അത്ഭുതകരമായി സമ്മേളിച്ച മിശിഹായുടെ പ്രതീകമാവാനല്ലാതെ പരിശുദ്ധാത്മാവിന്റെ പ്രതീകമാവാൻ സഭ ഉദ്ദേശിച്ചിട്ടില്ലെന്ന് മൂറോൻ കൂദാശയുടെ ശുശ്രൂഷാക്രമം സൂക്ഷ്മമായി പരിശോധിച്ചാൽ അറിയാം. സ്ഥിരീകരണ കൂദാശയിൽ മാധ്യമമായി മൂറോൻ ഉപയോഗിക്കുന്നത് കൈവെപ്പിന്റെ പൂർത്തീകരണവും പ്രതീകവുമെന്ന നിലയിലാണ്. പരിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണം എന്നതിന് ക്രമത്തിൽ ഉപയോഗിച്ച മൂലപദം 'മെശ്ത്തമ്ലോ' എന്നാണ്. യഥാർത്ഥ പരിശുദ്ധാത്മ വ്യാപാരമില്ലാത്ത സ്ഥാനദാനങ്ങൾക്കുപയോഗിക്കുന്ന പദമാണ് അത്. കശ്ശീശായെ കോറിയാക്കുമ്പോഴും എപ്പിസ്കോപ്പായെ മേൽസ്ഥാനങ്ങളിലേക്കു സിംഹാസനാരോഹണം ചെയ്യിക്കുമ്പോഴും ഉപയോഗിക്കുന്ന പദമാണത്. തന്മൂലം സ്ഥിരീകരണ ശുശ്രൂഷയിൽ പരിശുദ്ധാത്മാവിന്റെ പൂർത്തീകരണം എന്ന പദപ്രയോഗത്തിൽ പരിശുദ്ധാത്മദാനം അല്ല അതിന്റെ ഔപചാരികത മാത്രമാണ് വിവക്ഷിക്കപ്പെടുന്നത്.

മൂറോൻ അഭിഷേകം നടത്തുമ്പോൾ ചൊല്ലുന്ന 'തവഹൃദയംബലമാർ

ന്നീടട്ടെ' എന്നാദിയായ ഗാനം സ്ഥിരീകരണ ശുശ്രൂഷയുടെ സാംഗത്യവും സന്ദേശവും പ്രഖ്യാപിക്കുന്നുണ്ടെങ്കിലും തൽസ്ഥാനത്ത് ഇന്ന് ചൊല്ലുന്നത് 'ദൈവം ചൊന്നാൻ' എന്ന് ആരംഭിക്കുന്ന ഗാനമാണ്. ഈ ഗാനം കൂദാശാക്രമത്തിലുണ്ടായിരുന്നില്ല. പത്രോസ് തൃതീയൻ കൂട്ടിച്ചേർത്തതാണീ ഗാനം. ഈ ഗാനം നൽകുന്ന തെറ്റായ സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് മാമ്മൂദീസായിൽ പൗരോഹിത്യ നൽവരം ദാനം ചെയ്യുന്നു എന്ന വഴി തെറ്റിയ വ്യാഖ്യാനം ഉടലെടുത്തത്. മാമ്മൂദീസാ സ്വീകരിച്ച ആൺകുട്ടികളെ മദ്ബഹായിൽ പ്രവേശിപ്പിക്കുന്ന പതിവും ബാവാ നടപ്പിൽ വരുത്തിയ പരിഷ്കാരമാണ്. ബാവാ വരുന്നതിനു മുമ്പുള്ള കൈയെഴുത്ത് ശുശ്രൂഷാക്രമങ്ങൾ പരിശോധിച്ചാൽ ഈ കാര്യങ്ങൾ അറിയാം.

19. വി. കുർബാനയിൽ ഉപയോഗിച്ചിരുന്ന അതീവ ഹ്രസ്വവും പ്രസക്തവുമായിരുന്ന തുബ്ദേനുകൾക്ക് പകരം അന്ത്യോഖ്യൻ സഭയിലെ പിതാക്കന്മാരുടെ പേരുകളും മറ്റും ചേർത്ത് വികസിപ്പിച്ചതും എപ്പിസ്കോപ്പസിയെ ഊതിവീർപ്പിക്കുന്നതുമായ തുബ്ദേനുകൾ പരിചയപ്പെടുത്തി. പുലിക്കോട്ടിൽ മെത്രാച്ചൻ പതിമൂന്ന് പതിപ്പുകളിലായി പ്രസിദ്ധീകരിച്ച കുർബാനക്രമത്തിൽ പഴയ തുബ്ദേനുകൾ കാണാം. നവീകരിച്ച രൂപത്തിലാണെങ്കിലും മാർത്തോമ്മാസഭ ഇന്നും ഉപയോഗിക്കുന്നത് ഈ തുബ്ദേനുകൾ തന്നെ. കോട്ടയം പഴയസെമിനാരിയിൽ മല്പന്മാരായിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരും കോനാട്ട് മാത്തൻ കത്തനാരും ചേർന്ന് പ്രസിദ്ധീകരിച്ച കുർബാനക്രമത്തിലൂടെയാണ് അന്ത്യോഖ്യൻ പിതാക്കന്മാരുടെ പേരുകളും എപ്പിസ്കോപ്പൽ താല്പര്യങ്ങളും അതീവ പ്രകടമായ പുതിയ തുബ്ദേനുകൾ സാർവത്രികമായി പ്രചരിച്ചത്.

20. വി. കുർബാനയിലെ ഖണ്ഡിപ്പിന്റെ സമയത്ത് തക്സായിൽ ചേർത്ത മൂന്ന് പ്രാർത്ഥനകളിൽ ഏതെങ്കിലും ഒന്ന് ചൊല്ലിയാൽ മതി എന്ന് രേഖപ്പെടുത്തിയിരുന്നത് എടുത്ത് മാറ്റി മൂന്നും ചൊല്ലുവാൻ നിർദ്ദേശിച്ചു.

21. വി. കുർബാനയിൽ 'മക്കളിലപ്പൻ....' എന്നാരംഭിക്കുന്ന കുക്കിലിയോൻ മാത്രമേ പതിവായി ചൊല്ലിയിരുന്നുള്ളു. ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും ചേർത്തു കുക്കിലിയോൻ സെറ്റുകൾ ബാവാ വർദ്ധിപ്പിച്ചു.

22. വി. കുർബ്ബാന ഒരുക്കമുള്ളവർക്ക് നൽകുന്നത് ആഘോഷപൂർവ്വം മൂന്ന് പ്രാർത്ഥനകളോടെ പടിഞ്ഞാറോട്ട് കൊണ്ടുവരുമ്പോൾ ആണെന്ന് പ്രാർത്ഥനകൾ വ്യക്തമാക്കുന്നുണ്ട്. മലങ്കരയിലെ പൂർവിക പതിവും അപ്രകാരമായിരുന്നു. മറ്റു പട്ടക്കാരോ പൂർണ്ണ ശെമ്മാശന്മാരോ സന്നിഹിതരെങ്കിൽ അവരുടെ സഹായത്തൊടെയും അല്ലാത്തപക്ഷം വിരിച്ചൊരുക്കിയ ഏവൻഗേലിയോൻ പീഠമോ മറ്റോ ഉപയോഗിച്ചും കുർബ്ബാന കൊടുത്തി

രുന്നു. തൊഴിയൂർ സഭയിലും നവീകരണസഭയിലും ഇത് ഇപ്പോഴും തുടരുന്നു. മോറാൻ അത് നിർത്തലാക്കിയെന്ന് മാത്രമല്ല; ഈ കാനോനിക നടപടി തുടരുന്നത് ശാപാർഹമെന്ന് കല്പനയിറക്കുകയും കുർബ്ബാന നൽകൽ എന്ന അതിപ്രധാനമായ ചടങ്ങ് കുർബ്ബാനയ്ക്ക് ശേഷം എന്ന് ക്രമീകരിക്കുകയും പടിഞ്ഞാറോട്ട് ആഘോഷപൂർവം വരുന്ന അനുഷ്ഠാനവും തൽസമയം ചൊല്ലുന്ന പ്രാർത്ഥനകളും അപ്രസക്തമാക്കുകയും ചെയ്തു.

23. വി. കുർബ്ബാന കഴിഞ്ഞാൽ ഒരു കൗമ്മാ നമസ്കരിച്ച് ആളുകൾ പിരിഞ്ഞുപോകുന്ന സമ്പ്രദായമാണ് മലങ്കരയിലുണ്ടായിരുന്നത്. അന്നത്തെ കുർബ്ബാനക്രമത്തിലും അപ്രകാരം നിർദ്ദേശിച്ചിരുന്നു. മോറാൻ അത് നിർത്തലാക്കി. പകരം യാക്കോബിന്റെ രാഗത്തിൽ ഒരു ഗാനം ആവിഷ്ക്കരിച്ചു. ത്രിവിധ വൈദികപദവികൾ ഭൂമിയിൽ കർത്താവ് ഏർപ്പാടാക്കിയതാണെന്ന് അലങ്കാരഭാഷയിൽ പൗരോഹിത്യത്തിന്റെ സ്ഥാപനത്തെയും അധികാരത്തെയും വ്യാഖ്യാനിക്കുന്ന ദീർഘമായ ഗാനവും ശുശ്രൂഷക്കാർ മാത്രം ചൊല്ലിയാലും മതിയാവുന്ന ഗാനങ്ങളും കഴിഞ്ഞ് ഒടുവിൽ കർത്തൃപ്രാർത്ഥനയും മറ്റും എന്ന ക്രമീകരണം അങ്ങനെയാണ് മുൻപറഞ്ഞ മല്പാന്മാരുടെ മലയാളം ക്രമത്തിലൂടെ പ്രചരിച്ചത്. മലങ്കരയിലെ പൂർവിക സമ്പ്രദായം ചില സ്ഥലങ്ങളിലെങ്കിലും തുടരുന്നുണ്ട്. ചരിത്രമറിയാത്ത പുതിയ 'മല്പാന്മാർ' ആ സമ്പ്രദായത്തെ 'തെറ്റ് തിരുത്തുന്ന' ആവേശത്തോടെ ശപിക്കുന്നതും കണ്ടിട്ടുണ്ട്. കാരമില്ലാത്ത ഉപ്പ്!! എന്ന സഹതാപമാണ് ഈ അഭിനവ മല്പാന്മാർ അർഹിക്കുന്നതെന്ന് തോന്നുന്നു.

24. വിവാഹ ശുശ്രൂഷയിൽ ഏവൻഗേലിയോൻ വായനയ്ക്ക് മുമ്പായി വധൂവരന്മാരെ കൈ ചേർത്തു പിടിപ്പിച്ചിരുന്നു. തൊഴിയൂർക്കാരും നവീകരണക്കാരും ഈ പൂർവ്വിക പതിവ് മാറ്റിയില്ല. മോറാൻ ഈ അനുഷ്ഠാനം ശുശ്രൂഷയുടെ ഒടുവിലേക്ക് മാറ്റി.

25. പട്ടംകൊടയിൽ കോറൂയോ, യൗപ്പദ്യക്കിനോ എന്നിവർക്ക് തൊപ്പിയില്ല; ശുശ്രൂഷക്കുപ്പായവുമില്ല; അവർ പട്ടമേല്ക്കുമ്പോൾ മുട്ടുകുത്തി നില്ക്കേണ്ടതുമില്ല. അവരുടെ സ്ഥാനദാന ശുശ്രൂഷയിൽ അമാലോഗിയാ വായനയും ഇല്ല. അതെല്ലാം മോറാൻ ആവിഷ്ക്കരിച്ചു.

26. പട്ടംകൊടയിലെ കൈ ആഘോഷിക്കുന്നതും 'ക്രൊയ്ത്തൊദ്റൂഹോ കാദീശോ'യുടെ പ്രാർത്ഥന ചൊല്ലുന്നതും 'നീസേറൂഹോ കാദീശോ' എന്ന കാത്തിസ്മാഗാനവും (കോറൂസൂസോ ഗാനമല്ല) കൈവെപ്പും ഏക സമയത്ത് നടത്തുവാൻ ഉദ്ദേശിക്കപ്പെട്ടവയാണ്; നിർദ്ദേശിക്കപ്പെട്ടവയാണ്. മാമ്മൂദീസായിലും കുർബ്ബാനയിലും മൂറോൻ കൂദാശയിലും സമാന അനുഷ്ഠാനങ്ങൾ ഇപ്പോഴും ഏകകാലത്താണ് നടത്തപ്പെടുന്നത്. എന്നാൽ പട്ടംകൊടയിൽ ഇവ ഒന്നിച്ച് നടത്താതെ ഒന്നിന് ശേഷം ഒന്ന്

എന്ന നിലയിലാണ് മോറാൻ മെത്രാന്മാരെ പരിശീലിപ്പിച്ചത്. തന്മൂലം അനുഷ്ഠാനത്തിന്റെ ഭാവതീവ്രതയും ഏകാഗ്രതയും അർത്ഥ സാന്ദ്രതയും നഷ്ടപ്പെടുവാൻ ഇടയാവുന്നു.

മലങ്കരസഭയുടെ പ്രാചീനതമമായ അനുഷ്ഠാന പാരമ്പര്യങ്ങളെയും അർത്ഥസമ്പുഷ്ടമായ സാഹിത്യരൂപങ്ങളെയും നിഷേധിച്ച് ഒരു വിദേശ സഭയുടെ സമാന്തരതകളെ തൽസ്ഥാനത്ത് സന്നിവേശിപ്പിച്ച് വൃദ്ധനായ പത്രോസ് തൃതീയൻ മലങ്കരസഭയെ കോളനിയാക്കി മാറ്റുവാൻ തന്ത്ര പൂർവ്വം നടത്തിയ കൗശലങ്ങൾ വിശദമായ പഠനത്തിനും അപഗ്രഥനത്തിനും വിധേയമാക്കേണ്ടതാണ്. മലങ്കരസഭയിൽ കാലുകുത്തിയ ആദ്യത്തെ പാത്രിയർക്കീസ്, മലങ്കരയിലെ വ്യവഹാര യുദ്ധാന്തരീക്ഷം, ബാവായുടെ ആജ്ഞാശക്തിയും കർമ്മകുശലതയും, മലയാളിയുടെ അപകർഷതാ ബോധം ഇവയെല്ലാം ഈ പരിണാമപ്രക്രിയയെ സുഗമമാക്കി. ആജ്ഞാനുവർത്തികളാവാൻ റജിസ്റ്റേർഡ് ഉടമ്പടിയിലൂടെ ബന്ധനസ്ഥരായ ആറ് മെത്രാന്മാരും അവരുടെ ശിഷ്യരും പ്രശിഷ്യരുമായ മല്പാന്മാരും അച്ചടിച്ച നടപടിക്രമപ്പുസ്തകവും അച്ചടിച്ച കൂദാശക്രമ – ആണ്ടുതക്സാ ക്രമങ്ങൾ ഇവയിലൂടെ പരിണാമ പ്രക്രിയ സുനിശ്ചിതവും സുസ്ഥിരവും ആയിത്തീർന്നു (വിശദമായ പഠനത്തിന് *മലങ്കരസഭയും സിറിയൻ പാത്രിയർക്കീസന്മാരുടെ അധികാര ദുർവിനിയോഗവും* എന്ന ഗ്രന്ഥം കാണുക. പു. 59–113).

പത്രോസ് തൃതീയൻ ബാവായുടെ മടക്കയാത്ര കഴിഞ്ഞ് വെട്ടിക്കൽ ദയറായിൽ നാല്പത് ദിവസത്തെ ഉപവാസത്തിൽ കഴിച്ചുകൂട്ടിയ അഭിനവ മെത്രാന്മാരുടെ മുമ്പിൽ കുറെ ചോദ്യങ്ങൾ അവശേഷിച്ചു.

1. സിവിൽ വ്യവഹാരം ആർ, എങ്ങനെ നടത്തും? 2. പിതാവ് പിരിച്ചുവിട്ട അസോസ്യേഷനും മാനേജിംഗ് കമ്മിറ്റിയും പുനർജ്ജീവിപ്പിക്കാതെ വ്യവഹാരത്തിനുള്ള ശക്തി സംഭരിക്കുന്നതെങ്ങനെ? 3. അവ വിളിച്ചു കൂട്ടുവാൻ ആർക്കാണ് അധികാരം? വിളിച്ചുകൂട്ടുന്നത് പിതാവിനെ ധിക്കരിക്കലാകുമോ? 4. മലങ്കര മെത്രാൻ ആയ ഗുരുവിനോട് സ്വീകരിക്കേണ്ടുന്ന സമീപനം എന്ത്? 5. പാത്രിയർക്കീസ് മുടക്കിയ മാർ ദീവന്നാസ്യോസുമായി സംബന്ധം പുലർത്തണമോ? അപ്രകാരം ചെയ്താൽ ബാവാ തങ്ങളെയും മുടക്കുമോ? 6. സ്വതന്ത്രമായി അധികാരം ലഭിച്ച മെത്രാസനങ്ങളെ കോഓർ ഡിനേറ്റ് ചെയ്യാനുള്ള സംവിധാനം എന്താണ്? 7. പാത്രിയർക്കീസിന്റെ സന്ദർശനം ഉണ്ടാക്കിയ ചെലവുകൾ, സിവിൽ വ്യവഹാരച്ചെലവുകൾ എന്നിവയ്ക്കായി പതിനയ്യായിരത്തിലധികം രൂപയുടെ ബാധ്യത ആർ ഏറ്റെടുക്കും?

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മിഥുനം 23 ന് വെട്ടിക്കൽ ദയ

റായിലെത്തി. സുസ്താത്തിക്കോനുകൾ പരസ്പരം കൈമാറി വായിച്ചു. ഇതുവരെയും മലയാളത്തിനുടെ ദീവന്നാസ്യോസ് എന്നെഴുതിയിരുന്നത് മാറ്റി 'കൊല്ലം ഇടവകയുടെ' എന്ന് മാറ്റി എഴുതേണ്ടിവന്നതിനാൽ താൻ സ്ഥാനം ഒഴിയുകയാണെന്നും ബാധ്യതകളും ചുമതലകളും പുതിയ മെത്രാന്മാർ പങ്കിട്ട് ഏറ്റെടുക്കണമെന്നും മലങ്കര മെത്രാപ്പോലീത്താ പറഞ്ഞതിനാൽ ശേഷം പേർ ചിന്താധീനരായി പറഞ്ഞു: 'ഞങ്ങൾ പള്ളികളിലേക്ക് എഴുതുകയോ നടന്ന് പിരിക്കുകയോ ചെയ്യുന്നപക്ഷം പിരിക്കുന്നതിന് ഞെരുക്കം. താങ്കൾ തന്നെ എല്ലാ പള്ളികളിലും നടന്ന് പിരിക്കുന്നതിന് ഞങ്ങൾക്ക് വിരോധമില്ല; സന്തോഷവുമാണ്.' കൂടുതൽ കാര്യങ്ങൾ അങ്ങു നിർദ്ദേശിക്കുന്നതെല്ലാം ഞങ്ങൾക്ക് സമ്മതം എന്ന് അവർ തുടർന്ന് പറഞ്ഞത് സ്തംഭനം നീക്കാൻ സഹായകമായി. സന്തോഷത്തോടെയും ഐക്യത്തോടെയും അവർ പിരിഞ്ഞു.

### മാർ ദീവന്നാസ്യോസ് വീണ്ടും അമരക്കാരൻ

പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് 1052 (1877) കർക്കിടകം 4 ന് തിങ്കളാഴ്ച കാലിന്മേൽ എലി കടിച്ച് വിഷബാധ ഏറ്റ് നിര്യാതനായി; മാരാമണ്ണ് പള്ളിയിൽ സംസ്കരിക്കപ്പെട്ടു. അദ്ദേഹം പട്ടംകൊടുത്ത പാലക്കുന്നത്ത് തോമസ് അത്താനാസ്യോസ് പിൻഗാമിയായി.

1053 ൽ കന്നി 29 ന് മെത്രാന്മാരും സമുദായപ്രമാണികളും കൊച്ചിയിൽ സമ്മേളിച്ച് ചില തീരുമാനങ്ങൾ എടുത്തു:

1. കോട്ടയം സെമിനാരി, വട്ടിപ്പണം മുതലായ പൊതു സമുദായ സ്വത്തുക്കൾക്കായി സിവിൽ വ്യവഹാരം നടത്തണം.

2. ഇതിനായി ശേഷം മെത്രാന്മാർ യൗസേഫ് മാർ ദീവന്നാസ്യോസിനും കമ്മിറ്റിക്കാർക്കും സമ്മതപത്രം കൊടുക്കണം.

3. മാർ അത്താനാസ്യോസ് പുതുപ്പള്ളിയിൽ ശെമ്മാശന്മാക്ക് വൈദിക പരിശീലനം നൽകണം (വൃശ്ചികം മുതൽ).

4. സുറിയാനിക്കാർക്കായി സർക്കാരിൽ നിന്ന് നിശ്ചയിച്ചിരിക്കുന്ന ഗ്രാന്റുകൾക്ക് യൗസേഫ് മാർ ദീവന്നാസ്യോസ് ഹർജി ബോധിപ്പിച്ച് നടത്തിക്കൊള്ളണം.

ഫലത്തിൽ ഈ തീരുമാനത്തോടെ മലങ്കരമെത്രാപ്പോലീത്താസ്ഥാനവും അതിന്റെ അധികാരങ്ങളും പുനഃസ്ഥാപിതമായി; ആറു മെത്രാന്മാരും പൊതുസഭയുടെ ഭരണത്തിൽ മലങ്കരമെത്രാപ്പോലീത്തായുടെ സഫ്രഗന്മാർ - സഹായികൾ - ആയി. പാത്രിയർക്കീസിന്റെ റദ്ദാക്കലും മുടക്കും അസ്ഥിരപ്പെട്ടു. മാർ ദീവന്നാസ്യോസ് അദ്ധ്യക്ഷനായ മാനേജിംഗ് കമ്മിറ്റിയ്ക്ക് ആറ് മെത്രാന്മാരും ചേർന്ന് ഇപ്രകാരം എഴുതി അയച്ചു. 1877 കന്നി

27 ന് എഴുതിയ ആ കത്തിൽ വെട്ടിക്കൽ ദയറായിൽ യാക്കോബ് റമ്പാനും ചെമ്പിൽ പള്ളിയിൽ അമ്പലത്തുങ്കൽ പത്രോസ് കത്തനാരും സാക്ഷികളായി ഒപ്പിട്ടിരുന്നു: "... സുറിയാനി അസോസ്യേഷൻ കമ്മിറ്റിയിലേക്ക് എഴുതുന്നത്: നമ്മുടെ പൊതുസ്ഥലമാകുന്ന കോട്ടയത്ത് സെമിനാരിയും അതിൽ ഉൾപ്പെട്ട വസ്തുക്കളും വട്ടിപ്പണം മുതലായത് കൈവശം വരുത്തേണ്ടതിന് വേണ്ടി വരുന്ന സകല വ്യവഹാരങ്ങളും നിങ്ങൾ കമ്മിറ്റിക്കാർ ചെയ്തു കൈവശപ്പെടുത്തേണ്ടതിനും നമ്മുടെ വിശുദ്ധ പിതാവായ മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവായുടെ അനുവാദ പ്രകാരം അതുകൾ കൊണ്ട് പൊതുവിൽ പഠിത്തം, അച്ചടി മുതലായത് നിങ്ങൾ നടത്തുന്നതിനും ഞങ്ങൾ സമ്മതിച്ച് താഴെ പറയുന്ന സാക്ഷികളുടെ മുമ്പിൽ ഒപ്പിട്ടിരിക്കുന്നു." 1877 തുലാം 7 ന് ആറ് മെത്രാച്ചന്മാർ ചേർന്ന് എഴുതിയ മറുപടികത്തിലും ഈ കാര്യം പരാമർശിക്കുന്നത് കാണുക: "... ഞങ്ങൾ എല്ലാവരും കൂടി കൊച്ചിയിൽ കൂടി വട്ടിപ്പണത്തിന്റെയും സെമിനാരിയുടെയും കാര്യത്തെക്കുറിച്ച് ആലോചിച്ചാറെ, എല്ലാവരും കൂടി അന്യായപ്പെട്ട് വ്യവഹാരം നടത്തുന്നത് ശരിയല്ല എന്നും അതിനാൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ നടത്തുന്നതും ആയത് കൈവശപ്പെട്ട് വരുന്നപക്ഷം വിശുദ്ധ പിതാവിനെ ബോധിപ്പിച്ച് വരുന്ന കല്പന പ്രകാരം പൊതുവിൽ വേണ്ടപ്പെടുന്ന കാര്യങ്ങൾ നടത്തുന്നത് സമ്മതമെന്നും മറ്റും ഞങ്ങൾ എല്ലാവരും കൂടി എഴുതിക്കൊടുത്തു; തിരുവനന്തപുരത്തേയ്ക്ക് പോയിരിക്കുന്നു' (കണ്ടനാട്ട് ഗ്രന്ഥവരി, പു. 683). 1878 മകരം 1-ന് മലങ്കരയിലെ എല്ലാ പള്ളികൾക്കുമായി യൗസേഫ് മാർ ദീവന്നാസ്യോസ് ഒരു കല്പന അയച്ചു. സർവ്വസമ്മതമായി അതിൽ മെത്രാപ്പോലീത്തായുടെ ഔദ്യോഗിക സ്ഥാനനാമം ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു: 'യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ കമ്മിറ്റിയുടെ പ്രസിഡണ്ടായ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ.' (പു. 696).

മേൽ കല്പനപ്രകാരം 1878 കുംഭം 6 ന് പരുമലയിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ യോഗം ഔദ്യോഗികമായി യൗസേപ്പ് മാർ ദീവന്നാസ്യോസിന്റെ അധ്യക്ഷതയിൽ ചേർന്നു; തീരുമാനങ്ങൾ:

1. പാത്രിയർക്കീസ് റദ്ദാക്കിയ അസോസ്യേഷനും സഭാ മാനേജിംഗ് കമ്മിറ്റിയും പുനർജ്ജീവിപ്പിച്ചു.

2. മാർ ദീവന്നാസ്യോസ് രണ്ടിന്റെയും പ്രസിഡണ്ടായിരിക്കും. അദ്ദേഹം പഴയപോലെ മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എന്ന് മേലിലും ഔദ്യോഗികനാമം ഉപയോഗിക്കണം.

3. വ്യവഹാരം, വിദ്യാലയങ്ങൾ, സെമിനാരികൾ ഇവ നടത്തുന്നതിനും സ്ഥാപിക്കുന്നതിനും ക്രിയാത്മക നടപടികൾ സ്വീകരിച്ചു.

4. പുതിയ മെമ്പർമാരെ ചേർത്തു കമ്മിറ്റി വിപുലമാക്കി.

5. പുതുപ്പള്ളി ഗീവറുഗ്ഗീസിനെ മുതൽപിടി ആയും കാരിക്കൽ കുരുവിള ഈപ്പനെ സിക്രട്ടറി ആയും നിശ്ചയിച്ചു.

6. മെത്രാന്മാരുടെയും കമ്മിറ്റിക്കാരുടെയും ചുമതലയിൽ കടപ്പത്രം മുഖേന 6000 രൂപ ശേഖരിച്ച് തിരുവനന്തപുരത്ത് ചെന്ന് എത്രയും പെട്ടെന്ന് വ്യവഹാരം ആരംഭിക്കണം.

തെക്കു പരുമലയിൽ മാർ ഗ്രീഗോറിയോസിന്റെ ചുമതലയിലും വടക്ക് വെട്ടിക്കൽ ദയറായിൽ മാർ യൂലിയോസിന്റെ ചുമതലയിലും വൈദിക വിദ്യാഭ്യാസം ആരംഭിച്ചു. പുലിക്കോട്ടിൽ മെത്രാപ്പോലീത്താ പൂർവ്വിക മഹത്വത്തിലേക്ക് വന്നതിൽ കൊച്ചിയുടെ ശെമവൂൻ ദീവന്നാസ്യോസ് (കണ്ടനാട് ഗ്രന്ഥവരിയുടെ എഴുത്തുകാരൻ) അസഹിഷ്ണുവായിരുന്നു. അദ്ദേഹത്തിന്റെ ഈ നിലപാട് മൂലമാകാം സ്വന്തം ഇടവകയായ കണ്ടനാട് ഉൾപ്പെടെ ഒരു ഇടവകയും അദ്ദേഹത്തെ സ്വീകരിച്ചില്ല; കണ്ടനാട് പള്ളി യിൽ ആരാധന നടത്തുവാൻ പോലും അദ്ദേഹത്തിന് ഇടവകയുടെ അനു വാദം ലഭിച്ചില്ല. താമസസ്ഥലം എങ്ങും ലഭിക്കാഞ്ഞതിനാൽ കണ്ടനാട് പള്ളിയുടെ ഒരഅപ്രധാന മുറിയിൽ താമസിക്കാനിടം ലഭിച്ചു. മരണം വരെ അവിടെതന്നെ ആരാധനകൾ നടത്തി. അന്തരിച്ചപ്പോൾ മൃതദേഹം കുളിപ്പി ക്കുവാൻ ഒരു ചെമ്പ് പോലും കണ്ടനാട്ട് പള്ളിക്കാർ കൊടുത്തില്ല. മൃത ദേഹം അവിടെ സംസ്കരിക്കുവാൻ വിസമ്മതിക്കുകയും ചെയ്തു. ഒടു വിൽ പുലിക്കോട്ടിൽ മെത്രാച്ചൻ പണിയിച്ച കടുങ്ങമംഗലം പള്ളിയിൽ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കബറടക്കപ്പെടുകയാണുണ്ടായത് (കരോട്ടുവീട്ടിൽ കുടുംബാംഗവും ഗ്രന്ഥകാരന്റെ സഹപ്രവർത്തകയുമായ ഡോ. താരാ സൈമൺ നൽകിയ വിവരം).

(1879) 1054 കുംഭം 24 ന് തോമസ് അത്താനാസ്യോസ് മുതൽപേരെ പ്രതിയാക്കി യൗസേഫ് മാർ ദീവന്നാസ്യോസ് വാദിയായി ആലപ്പുഴ ജില്ലാ ക്കോടതിയിൽ സിവിൽ വ്യവഹാരം ആരംഭിച്ചു. മൂന്ന് നാല് കൊല്ലത്തെ അനിശ്ചിതത്വത്തിന് ശേഷം മലങ്കരയുടെ അമരക്കാരൻ ആരെന്ന് ഒരിക്കൽ കൂടി വ്യക്തമായി.

പ്രാരംഭവിചാരണ കഴിയാൻ മൂന്ന് വർഷമെടുത്തു. പുലിക്കോട്ടിൽ മെത്രാച്ചൻ തിരുവനന്തപുരത്തു ചെന്ന് പ്രത്യേകം ആവശ്യപ്പെട്ടതനുസ രിച്ച് ദിവാൻജി ഈ കേസുകാര്യത്തിന് പ്രത്യേക ജഡ്ജിയായി ടി. സി. കൃഷ്ണമേനോൻ അവർകളെ നിയമിക്കുകയും ചെയ്തു. മാലിത്തറ ഏലി യാസ് കത്തനാരും കാരിക്കൽ കുരുവിള ഈപ്പനും വാദിഭാഗത്ത് ചുമതല ക്കാരും ഇ. എം. ഫിലിപ്പ് വ്യവഹാര കാര്യസ്ഥനുമായി പ്രവർത്തിച്ചു. ഫിലി പ്പിനെ അസോസ്യേഷൻ സെക്രട്ടറിയായി ആലപ്പുഴ കൂടിയ മാനേജിംഗ്

കമ്മിറ്റി നിയമിച്ചു. വാദിഭാഗത്തേക്ക് 77 ഉം പ്രതിഭാഗത്തേയ്ക്ക് 103 ഉം സാക്ഷികളെ 1057 മകരം മുതൽ 1059 കുംഭം വരെ വിസ്തരിച്ചു. അന്യായത്തിന്റെ സംക്ഷേപം.

1. മാർ അത്താനാസ്യോസിനെ പാത്രിയർക്കീസ് മുടക്കിയിരുന്നു. 2. 1051 ലെ വിളംബരം മൂലം അദ്ദേഹത്തിനെതിരെ വ്യവഹാരം കൊടുക്കുവാനുള്ള തടസം നീങ്ങി. 3. ഒന്നാം പ്രതി (തോമസ് അത്താനാസ്യോസ്) മുൻഗാമി സ്ഥാനഭ്രഷ്ടനായ ഉടനെ വസ്തുവകകൾ വാദിയെ ഏല്പിക്കേണ്ടതായിരുന്നു. 4. അവ കൈവശം വയ്ക്കാൻ ഒന്നാം പ്രതിക്കും മറ്റും അവകാശമില്ല (റോയൽക്കോടതി വിധി, പു. 3).

പത്രികയുടെ സംക്ഷേപം. 1. വാദിയുടെ ഔദ്യോഗിക സ്ഥാനങ്ങളെപ്പറ്റി വ്യക്തമായ വിവരം നൽകിയിട്ടില്ല. 2. മിസ് ജോയിന്റർ എന്ന സാങ്കേതിക ദോഷമുണ്ട്. 3. വാദിയുടെ അവകാശങ്ങൾക്ക് റസ്ജൂഡിക്കേറ്റ എന്ന വാദ തടസമുണ്ട്. 4. അന്യായത്തിന് കാലഹരണദോഷമുണ്ട്. 5. അന്യായക്കാരന് സ്ഥാനവും സഭയുടെ അംഗീകാരവും ലഭിച്ചിട്ടില്ല. 6. വാദി ബാധ്യതക്കാരനും മതാചാര വിരുദ്ധനും അംഗഭംഗമുള്ളവനും ആണ്. 7. അന്യായ പട്ടികയിലെ വസ്തുവഹകളെ അവകാശപ്പെടാൻ വാദിക്ക് അർഹതയില്ല. 8. മലങ്കരസഭയ്ക്ക് അസോസ്യേഷനുമായി ബന്ധമില്ല. 9. മലങ്കരസഭമേൽ പാത്രിയർക്കീസിന് യാതൊരുവിധ അധികാരവുമില്ല. 10. പാലക്കുന്നത്തു മെത്രാച്ചന്റെ വാഴ്ചയിലെ അന്ത്യോഖ്യൻ പങ്കാളിത്തം യാദൃച്ഛികം മാത്രമാണ്. 11. വാദി അന്ത്യോഖ്യായിലെ ഏത് പാത്രിയർക്കീസിൽ നിന്ന് സ്ഥാനമേറ്റു എന്ന് വ്യക്തമല്ല. 12. അന്ത്യോഖ്യായുടെ കൈവെപ്പ് മലങ്കരയിലെ പിന്തുടർച്ചയ്ക്ക് അർഹത നൽകുന്നില്ല. 13. മുൻഗാമി പിൻഗാമിയെ കണ്ടെത്തി വാഴിക്കുകയാണ് മലങ്കരയിലെ പാരമ്പര്യം. 14. ഒന്നാം പ്രതി അപ്രകാരം മുൻഗാമിയാൽ സ്ഥാനവും ചുമതലകളും ഏല്പിക്കപ്പെട്ട ആളാണ്. 15. പാത്രിയർക്കീസ് വാദിയെ മുടക്കുകയും സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. 16. പട്ടികയിൽ ഒരു ഭാഗം മുൻഗാമിയുടെ കാലം മുതലേ അന്യകൈവശമാണ്. 17. പട്ടികയിലെ വസ്തുവഹകൾ വീണ്ടെടുക്കുവാൻ വാദിയെ ആരും ചുമതലപ്പെടുത്തിയിട്ടില്ല (പൂർണ്ണരൂപം കണ്ടനാട് ഗ്രന്ഥവരിയിലുണ്ട്).

വാദിയ്ക്ക് അനുകൂലമായി 1059 മിഥുനം 16 ന് (1884) കോടതിയിൽ നിന്ന് വിധിയുണ്ടായി (കൂടുതൽ വിവരങ്ങൾക്ക് ഇ. എം. ഫിലിപ്പിന്റെ ആത്മകഥയായ *മലങ്കരസഭയുടെ രഹസ്യ പേടകം,* പു. 30–33 നോക്കുക).

ഇതിനിടയിൽ ചില ആഭ്യന്തരകലഹങ്ങൾ പാത്രിയർക്കീസിന്റെ ആശീർവാദത്തോടെ അരങ്ങേറുന്നുണ്ടായിരുന്നു. മലയാളത്തിനുടെ മെത്രാപ്പോലീത്താ എന്ന നിലയിൽ മാർ ദീവന്നാസ്യോസ് പ്രവർത്തിക്കുന്നതിനെ

കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്, ശെമവൂൻ മാർ ദീവന്നാസ്യോസ് എന്നിവർ പല രൂപത്തിൽ എതിർത്തുപോന്നു. ശെമവൂൻ ദീവന്നാസ്യോസ് ഒരു ഘട്ടത്തിൽ പുലിക്കോട്ടിൽ മെത്രാച്ചനെതിരെ വ്യവഹാരപ്പെടുകയും ചെയ്തു. കരിങ്ങാച്ചിറ പള്ളിയുമായി നടന്ന വ്യവഹാരം കാര്യങ്ങൾക്ക് ശമനമുണ്ടാക്കി. ആ വ്യവഹാരത്തിൽ പള്ളിക്കാർ വാദിച്ചത് ശെമവൂൻ ദീവന്നാസ്യോസിനെ ജനം തെരഞ്ഞെടുത്തില്ല എന്ന വിഷയത്തിലാണ്. പള്ളിക്കനുകൂലമായ വിധി ശേഷം മെത്രാന്മാരെയും ശാന്തരാക്കി: അവരാരും ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവർ ആയിരുന്നില്ലല്ലോ. തുടർന്ന് മലങ്കര മെത്രാനെതിരെ പരസ്യമായി രംഗത്ത് വരുവാൻ എതിർപ്പുള്ള മെത്രാന്മാർ ഭയപ്പെടുകയും ചെയ്തു.

നവീകരണക്കാരുമായുള്ള കേസിൽ – സെമിനാരിക്കേസിൽ – സാക്ഷി എന്ന നിലയിൽ ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് മാത്രമാണ് കോടതിയുടെ സമൻസ് കൈപ്പറ്റി സാക്ഷിമൊഴി നൽകിയത്. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ സുറിയാനിക്കാരുടെ അസോസ്യേഷൻ കമ്മിറ്റിയിൽ പ്രസിഡണ്ടായി വിശുദ്ധ പിതാവാകുന്ന മോറാൻ പാത്രിയർക്കീസ് ബാവായും കമ്മിറ്റിക്കാരും ശേഷം പള്ളിക്കാരും കൂടി നിശ്ചയിച്ചിരിക്കുന്നു എന്നും ആത്മീയ കാര്യത്തിൽ ഞങ്ങൾ മെത്രാന്മാർ എല്ലാവരും ഒരുപോലെ അധികാരപ്പെട്ടിരിക്കുന്നുവെന്നും ലൗകിക കാര്യങ്ങൾ അദ്ദേഹം ഞങ്ങളിൻ മീതെ എന്നും മറ്റും പരുമല മെത്രാച്ചൻ സാക്ഷി വിസ്താരത്തിൽ മൊഴി കൊടുത്തു (*കണ്ടനാട് ഗ്രന്ഥവരി,* പു. 727).

മുറപ്രകാരം റിശീസാ ലഭിക്കാത്തതിൽ കുപിതനായ പാത്രിയർക്കീസ് ശെമവൂൻ മാർ അത്താനാസ്യോസിനെ (ഇദ്ദേഹം സ്തേഫാനോസ് മെത്രാച്ചന്റെ കൂടെ വന്ന റമ്പാനും പുലിക്കോട്ടിൽ മെത്രാച്ചന്റെ ഗുരുവും ആയിരുന്നു) പിരിവ് നടത്താനയച്ചു. 64 കാരനായ ഇദ്ദേഹത്തോടൊപ്പം സ്ലീബാ ശെമ്മാശനും ഉണ്ടായിരുന്നു (പില്ക്കാലത്ത് സ്ലീബാ ഒസ്താത്തിയോസ്). 1880 ധനു 3 ന് കൊച്ചിയിലെത്തിയ ഇദ്ദേഹം ശിഷ്യനായ മലങ്കരമെത്രാനോടും പ്രശിഷ്യനായ ചാത്തുരുത്തിൽ മെത്രാച്ചനോടുമൊത്ത് പരുമലയിൽ താമസിക്കുമ്പോഴാണ് അനുകൂലമായ കോടതിവിധിയുണ്ടായത്.

പാലക്കുന്നത്ത് തോമസ് അത്താനാസ്യോസും കൂട്ടരും 1884 കന്നി 25 ന് അപ്പീൽ ഫയൽ ചെയ്തു. വാദിഭാഗത്തേക്ക് ആർ. രാമനാഥരായരും (പുലിക്കോട്ടിൽ മെത്രാച്ചന്റെ ഭാഗം) മറുഭാഗത്തേക്ക് ഗാൻസ് സായിപ്പും ഹാജർ ആയി. ഈ കേസിൽ കീഴ്ക്കോടതി വിധി സ്ഥിരപ്പെടുത്തിക്കൊണ്ടും ചെലവ് അനുവദിച്ചുകൊണ്ടും 1885 തുലാം 29 ന് പുലിക്കോട്ടിൽ മെത്രാച്ചന് അനുകൂലമായി വിധിയുണ്ടായി. വിധി നടത്തുവാൻ കോടതിയുദ്യോഗസ്ഥൻ ആമ്മീൻ കോട്ടയത്ത് വന്നപ്പൾ സെമിനാരിക്കെട്ടിടങ്ങൾ പൂട്ടിക്കാണുകയാൽ വിവരം കോർട്ടിലേക്ക് റിപ്പോർട്ട് ചെയ്തതിൽ

കൊല്ലനെ വരുത്തിത്തുറപ്പിക്കാൻ ആമ്മീന്റെ പേർക്കും വേണ്ട സഹായങ്ങൾ ചെയ്തുകൊടുപ്പാൻ മജിസ്ട്രേറ്റിന്റെയും പോലീസ് ഇൻസ്പെക്ടറുടെയും പേർക്കും ഉത്തരവായി. അതിൻപ്രകാരം സെമിനാരിയുടെ പൂട്ടുകൾ എടുപ്പിച്ച് നടത്തിക്കൊടുക്കുകയും ചെയ്തു. 1886 കർക്കിടകം 3 ന് തന്റെ കാരണവൻ സ്ഥാപിച്ച് അന്ത്യവിശ്രമം കൊള്ളുന്ന സെമിനാരിയിൽ മലങ്കര മെത്രാൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസും റിശീസാ പിരിവുകാരൻ മാർ അത്താനാസ്യോസും താമസമാരംഭിച്ചു. മറ്റു സ്വത്തുക്കൾ കൈവശപ്പെടുത്തുന്നതിന് മുമ്പ് പാലക്കുന്നത്ത് മെത്രാച്ചൻ റോയൽക്കോടതിയിൽ അപ്പീൽ നൽകി. ഈ കേസിൽ വാദം കേട്ടത് ചീഫ് ജസ്റ്റീസ് കൃഷ്ണസ്വാമിരായരും ഓറംസ്ബിയും സീതാ രാമയ്യരും ആയിരുന്നു.

മലങ്കര മെത്രാന്മാർ അതത് കാലത്ത് രേഖപ്പെടുത്തി വന്നത് എന്ന പകലോമറ്റം മെത്രാന്മാർ അവകാശപ്പെട്ടിരുന്ന സഭാചരിത്രം, പാലക്കുന്നത്ത് വലിയ മെത്രാച്ചന്റെ ഒറിജിനൽ സുസ്താത്തിക്കോൻ തുടങ്ങി കൈവശമുണ്ടെന്ന് അവകാശപ്പെട്ടിരുന്ന പല സഭാരേഖകളും നവീകരണ വിഭാഗം കോടതിയിൽ ഹാജരാക്കിയില്ല. പള്ളിക്കര പള്ളിയിൽ വച്ച് അവ മോഷ്ടിക്കപ്പെട്ടു എന്ന് പാലക്കുന്നത്ത് ജൂനിയർ മെത്രാച്ചൻ കോടതിയെ സത്യം ചെയ്ത് ബോധിപ്പിച്ചു. മോഷണകഥ സൗകര്യപൂർവ്വം കെട്ടിച്ചമച്ചതാണെന്നും തങ്ങൾ അത് വിശ്വസിക്കുന്നില്ലെന്നും ജഡ്ജിമാർ മോഷണകഥയെ പരിഹാസപൂർവ്വം തിരസ്കരിച്ചു. കേസിലെ വാദമുഖങ്ങൾ ബലപ്പെടുത്തുവാൻ, മലങ്കരയിലെ പൂർവിക നടപടികൾക്കും ചട്ടങ്ങൾക്കും അനുയോജ്യമാണ് അവ എന്ന് കാണിപ്പാൻ, 'മലങ്കരക്കാനോൻ' എന്ന പേരിൽ ഒരു ലഘു പുസ്തകം എഴുതിത്തയാറാക്കി അച്ചടിപ്പിക്കുകയും അത് പാലക്കുന്നത്ത് വലിയ മെത്രാച്ചൻ ശേഖരിച്ച് വിവർത്തനം ചെയ്തു തയാറാക്കിയതാണെന്ന് അവകാശപ്പെട്ടുകൊണ്ട് കോടതിയിൽ ഹാജരാക്കുകയും ചെയ്തു. മലങ്കരയിൽ പൂർവികമായി ഒരു കാനോൻഗ്രന്ഥവും ഉണ്ടായിരുന്നില്ല. തന്മൂലം നവീകരണക്കാർ ഹാജരാക്കിയ കാനോൻ നൂറു ശതമാനവും വ്യാജമായിരുന്നു. ഈ വ്യാജ കാനോനെ നേരിടുവാൻ വെളിയനാട്ട് അസോസ്യേഷൻ പത്രോസ് ബാവാ അവതരിപ്പിച്ച് പാസ്സാക്കിയെടുത്ത ഹൂദായ കാനോൻ പുലിക്കോട്ട് മെത്രാച്ചന്റെ ഭാഗം ഹാജരാക്കി. മലങ്കരസഭയിലെ ചില പതിവുകൾക്ക് പ്രമാണമാകാൻ പാകത്തിൽ ഹൂദായകാനോന്റെ കൈയെഴുത്തുപ്രതിയിൽ മുളന്തുരുത്തി സുന്നഹദോസിന്റെ ചില കാനോനാകൾ പൂർവ്വിക കാനോനാകൾ എന്ന മട്ടിൽ എഴുതി ചേർത്തിരുന്നു. ഒരു ഡസനോളം വരുന്ന ഈ തിരുത്തലുകൾ സാങ്കേതികമായി വ്യാജമെന്ന് കുറ്റപ്പെടുത്തണമെങ്കിലും മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകൾ ആയിരുന്നതിനാൽ, മുളന്തുരുത്തിയുടെ വിലാസം മറച്ചുവച്ചു എന്ന അർത്ഥത്തിൽ മാത്രമേ അതിനെ കുറ്റപ്പെടുത്താനാവൂ (പില്ക്കാലത്ത് സമുദായക്കേസിൽ ഇരുനൂറിലേറെ തിരുത്തലുകൾ വരുത്തി

പാത്രിയർക്കീസ് ഭാഗം ഹാജരാക്കിയ 18 അക്കം കാനോൻ ഇതല്ല. സ്ലീബാ ഒസ്താത്തിയോസിന്റെ കയ്പടയിലെന്ന് തോന്നിക്കുന്ന കൃത്രിമം നിറഞ്ഞ – ഒറിജിനൽ റഫ് വർക്ക് ചെയ്ത കാനോൻ ഗ്രന്ഥം – ഈ എഴുത്തുകാരന്റെ കൈവശമുണ്ട്. ഈ പതിനെട്ടക്കം കാനോനും സെമിനാരിക്കേസിൽ ഹാജരാക്കിയ 18 അക്കം കാനോനും ഒരേ ഗ്രന്ഥമാണെന്ന് എല്ലാ എഴുത്തുകാരും തെറ്റിദ്ധരിച്ചിട്ടുണ്ട്. ഈ പില്ക്കാല കൃത്രിമ കാനോൻ ആണ് ഈയിടെ ഉദയഗിരി സെമിനാരിക്കാർ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചത്). പുലിക്കോട്ടിൽ മെത്രാച്ചന്റെ കാനോനെ കാപ്പിക്കാനോൻ എന്ന് സ്ഥാനത്തും അസ്ഥാനത്തും വിമർശിക്കുന്നവർ മലങ്കരക്കാനോനോ യഥാർത്ഥ തിരുത്തു കാനോനോ കണ്ടവരല്ല എന്ന് രേഖപ്പെടുത്തുന്നത് ദുഃഖത്തോടെയാണ്. നമ്മുടെ സഭാചരിത്ര സാഹിത്യ ഗവേഷണരംഗം എത്രമേൽ പരിതാപകരമാണ്!!

റോയൽ കോടതിയിൽ അന്തിമവിധി പ്രസ്താവിക്കുന്നതിന് മുമ്പ് രാജിശ്രമം നടത്തുവാൻ മഹാരാജാവ് കല്പിക്കുകയും ദിവാൻ രാമരായരെയും ഹജ്ജൂർ സിക്രട്ടറി വാറ്റ്സിനെയും സർവാധി നീലകണ്ഠപിള്ളയെയും മധ്യസ്ഥന്മാരായി നിയോഗിക്കുകയും ചെയ്തു. ദിവാന്റെ ബംഗ്ലാവിൽ ഇരുകക്ഷികളും ഹാജരായി. 'നവീകരണക്കാർ നൂതനമായി സ്വീകരിച്ചിരിക്കുന്ന മതവിപരീതങ്ങളെ പരിത്യജിച്ച് അവരും അവരുടെ പിതാക്കന്മാരും മുമ്പിനാലെ കൈക്കൊണ്ടിരുന്ന പ്രാചീന വിശ്വാസത്തിലും അന്ത്യോഖ്യാ സിംഹാസനത്തിന്റെ ആത്മീയ ആജ്ഞയിലും ഇരിക്കണമെന്നല്ലാതെ അവരെ പിരിച്ചുവിടണമെന്ന് ഞങ്ങൾക്ക് അശേഷം ആഗ്രഹമില്ലെന്നും അവർ അതിന് സമ്മതിച്ചാൽ അവരെ സ്വീകരിക്കാനും സ്ഥാനപൂർത്തി വരുത്തി വേണ്ട അധികാരങ്ങളോടും കൂടി നടത്താനും പാത്രിയർക്കീസ് ബാവാ അനുവദിച്ച് കല്പന അയച്ചിട്ടുണ്ടെന്നും അവർ അതിന് വഴിപ്പെടുന്നപക്ഷം ഞാൻ സ്വസ്ഥനായിരുന്നുകൊണ്ട് സർവ്വാധികാരവും എതിർകക്ഷി മെത്രാനെ ഏല്പിച്ചുകൊടുക്കുവാൻ സന്നദ്ധനാണെന്നും മറ്റും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വളരെ വാക്ചാതുര്യത്തോടും ഹൃദയംഗമമായും പ്രസ്താവിക്കുകയും ദിവാൻജി മുതൽപേർ തന്റെ ഔദാര്യത്തെയും സമചിത്തതയെയും കുറിച്ച് പ്രശംസിക്കുകയും ചെയ്തു. എതിർകക്ഷിയുടെ പ്രസ്താവന, യാക്കോബായ വിശ്വാസം മനഃസാക്ഷിയ്ക്ക് വിപരീതമാകയാൽ കൈക്കൊള്ളുവാൻ മനസ്സില്ലെന്നായിരുന്നു. മനഃസാക്ഷിയ്ക്ക് വിപരീതമായി പ്രവർത്തിക്കണമെന്ന് ഉപദേശിപ്പാൻ മധ്യസ്ഥർക്ക് അവകാശമില്ലാത്തത് കൊണ്ട് യോജിപ്പുണ്ടാകയില്ലെന്ന് അവർ തീരു മാനിച്ചു" (*രഹസ്യപേടകം,* പു. 48–49).

ഇരുകക്ഷികളും അവരവരുടെ ചെലവ് വഹിക്കണമെന്ന ഭേദഗതിയോടെ കീഴ്ക്കോടതി വിധി സ്ഥിരപ്പെടുത്തിക്കൊണ്ട് റോയൽക്കോടതിയുടെ

ഭൂരിപക്ഷവിധി 1889 ൽ പ്രഖ്യാപിക്കപ്പെട്ടു. ഓറംസ്ബി വിയോജനക്കുറിപ്പട ങ്ങിയ ന്യൂനപക്ഷവിധിയും എഴുതി. ഭൂരിപക്ഷവിധി നടപ്പാക്കുവാൻ മഹാ രാജാവ് കല്പനയായി. രണ്ടു കക്ഷികളോടുമായി ദിവാൻ പ്രസ്താവിച്ചു: വിധിപ്രകാരം സെമിനാരിയും സ്വത്തുക്കളും ഒഴിഞ്ഞുകൊടുക്കാതെ ഒരു നിവൃത്തിയുമില്ല. ഓരോ പള്ളിയും ഇതുപോലെ ഒഴിഞ്ഞുകൊടുക്കേ ണ്ടിവരും. അപ്പോൾ നവീകരണക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരി ഹാരമായി ഇരുകക്ഷികളുള്ള പള്ളികൾ പള്ളികളിന്മേലോ സ്വത്തുക്കളി ന്മേലോ വരുമാനങ്ങളിന്മേലോ അവർക്ക് യാതോരവകാശവും കൂടാതെ അവരുടെ കർമ്മങ്ങൾ ഒരു ക്ലിപ്തസമയത്ത് പള്ളികളിൽ വച്ച് ചെയ്തു കൊള്ളാൻ അവർക്ക് അനുവദിച്ചുകൊടുക്കണമെന്ന് ദിവാൻജി മെത്രാപ്പോ ലീത്തായോട് ആവശ്യപ്പെട്ടു. അപ്രകാരം അനുവദിക്കുന്നത് ട്രസ്റ്റിനു വിരോധവും ന്യായരഹിതവും ആണെങ്കിലും ദിവാൻജി പറഞ്ഞതാക കൊണ്ട് സമ്മതിക്കുന്നുവെന്ന് മാർ ദീവന്നാസ്യോസ് ഇതിന് മറുപടി പറഞ്ഞു.. ദിവാൻജിയും കൂട്ടുമധ്യസ്ഥന്മാർക്കുമുണ്ടായ സന്തോഷം അല് പമല്ലായിരുന്നു. ഇത്രത്തോളം ഇവിടെ സമ്മതിച്ചത് ഒരു വലിയ സംഗതി യാണെന്നുള്ള അഭിപ്രായത്തോടുകൂടി ഇതിന് ചേർന്ന് രാജിപ്പെട്ട് പോക ണമെന്ന് ദിവാൻജി എതിർകക്ഷിയോട് ആവശ്യപ്പെട്ടു. ആ കക്ഷിയിലുള്ള ദൂരസ്ഥന്മാരായ യോഗ്യന്മാരോട് ആലോചിക്കാതെ മറുപടി പറയാൻ തര മില്ലെന്ന് അവർ ഒഴികഴിവ് പറകയാൽ ആലോചിച്ച് മറുപടി പറയുന്നതിന് ഒരു അവധി നിശ്ചയിച്ച് യോഗം പിരിഞ്ഞു. ഈ അവധി കഴിഞ്ഞപ്പോൾ മേൽപ്പറഞ്ഞ ആലോചനയ്ക്ക് സമ്മതമില്ലെന്ന് അവർ മറുപടി കൊടുക്ക യാൽ രാജി നടക്കുകയില്ലെന്ന് ദിവാൻ കൊട്ടാരത്തിലേക്ക് റിപ്പോർട്ട് ചെയ്യു കയും ഭൂരിപക്ഷ ജഡ്ജിമാരുടെ വിധി സ്ഥിരപ്പെടുത്തി ഹൈക്കോർട്ടിലേ ക്കയക്കുകയും ചെയ്തു" (*രഹസ്യഭേദകം*, പു. 49).

1892 വൃശ്ചികത്തിൽ കോടതിയിൽ വച്ച് സ്ഥാനചിഹ്നങ്ങളായ വടി, മുടി, സ്ലീബാ തുടങ്ങിയവ പാലക്കുന്നത്ത് തോമസ് അത്താനാസ്യോസിൽ നിന്ന് പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ഏറ്റുവാങ്ങി. നിരാശ നായ തോമസ് അത്താനാസ്യോസ് 1893 കർക്കിടകത്തിൽ നിര്യാതനായി. മലങ്കരസഭാ ചരിത്രത്തിൽ നിർണ്ണായക പ്രാധാന്യമുള്ള സെമിനാരിക്കേ സിന്റെ വിജയത്തെപ്പറ്റി ചില പ്രാമാണികരുടെ വിലയിരുത്തലുകൾ കേൾ ക്കുക: ".. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഒരസാമാന്യ സമർ ത്ഥനായിരുന്നെങ്കിലും കേസ് ജയിച്ചത് അദ്ദേഹത്തിന്റെയോ വേറെ ആരു ടെയെങ്കിലുമോ സാമർത്ഥ്യം കൊണ്ടല്ലെന്നാണ് എന്റെ വിശ്വാസം. അദ്ദേ ഹത്തിന്റെ പ്രാർത്ഥന വളരെ ശക്തിയേറിയതായിരുന്നു. മാനുഷികമായ എല്ലാ വീഴ്ചകൾക്കും പാപങ്ങൾക്കും അദ്ദേഹം വശംവദനായിരുന്നുവെ ങ്കിലും അനുതാപത്താലും പൊടിഞ്ഞ ഹൃദയത്തോടു കൂടിയ പ്രാർത്ഥ നയാലും ദൈവത്തെ സ്വാധീനമാക്കുവാൻ ദാവീദിന്റെ ആത്മാവ്

അദ്ദേഹത്തിന്റെമേൽ ഉണ്ടായിരുന്നു. ഏതുകാര്യം ഉദ്ദേശിച്ചുകൊണ്ട് അദ്ദേഹം പ്രാർത്ഥിച്ചുവോ ആ കാര്യം അതിശയകരമായ വിധത്തിൽ സാധിച്ചുകിട്ടാൻ തക്കവണ്ണം തന്റെ എരിവേറിയ പ്രാർത്ഥനയ്ക്ക് ശക്തിയുണ്ടായിരുന്നു എന്നുള്ളതിന് ഞാൻ ഒരു ദൃക്സാക്ഷിയാകുന്നു. ഈ പ്രാർത്ഥനാശക്തികൊണ്ടും ദൈവകൃപകൊണ്ടും എതിർകക്ഷിയോടുള്ള ദൈവകോപം കൊണ്ടും സെമിനാരി വ്യവഹാരം ദൈവവിചാരണയിലായിരുന്നു ആദ്യന്തം നടത്തപ്പെട്ടതെന്ന് എനിക്ക് പൂർണ്ണബോധ്യം വന്നിട്ടുണ്ട്. .. ഒരു ഹിന്ദുവായിരുന്ന വക്കീൽ രാമനാഥരായർക്കും ഈ ബോദ്ധ്യം വന്നുവെങ്കിൽ അത് ആശ്ചര്യമല്ലയോ? ഓരോ സന്ദർഭങ്ങളിൽ പ്രത്യക്ഷമായി കണ്ടുവന്ന ദൈവവിചാരണയെക്കുറിച്ച് അദ്ദേഹം ഒരിക്കൽ ഇപ്രകാരം എന്നോടു പറഞ്ഞു: 'ഇങ്ങനെ ആശ്ചര്യകരമായ ഒരു കേസ് ഞാൻ കണ്ടിട്ടില്ല. ഇത് നടത്തുന്നത് ഞാനോ നിങ്ങളോ മെത്രാപ്പോലീത്തായോ അല്ല, ഈശ്വരൻ തന്നെയാണ്. ഈശ്വരൻ നടത്തിയതിന്റെ അടയാളങ്ങൾ ഒരിക്കലല്ല, പല പ്രാവശ്യം ഞാൻ കാണുന്നു. അത് കാണുമ്പോൾ ആശ്ചര്യംകൊണ്ട് എന്റെ രോമങ്ങൾ എഴുന്ന് നില്ക്കുന്നു. ഈ കേസ് തോറ്റുപോകുമെന്ന് ഒരിക്കലും ഭയപ്പെടേണ്ട' (*രഹസ്യപേടകം,* പു. 65).

വൈദികട്രസ്റ്റിയായിരുന്ന പുന്നത്ര ചാണ്ടപ്പിള്ള കത്തനാരെ (താഴത്തച്ചൻ) നീക്കം ചെയ്യാൻ 1069-ൽ ആലപ്പുഴ കോടതിയിൽ നൽകിയ കേസ് 1077 (1902) മകരം 21 ന് അനുകൂലമായി വിധിച്ചു. 1895 വൃശ്ചികം 9, 10, 11 തീയതികളിൽ ചേർന്ന യോഗം കോനാട്ട് മാത്തൻ മല്പാനെ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുത്തു. കോട്ടയം ചെറിയപള്ളിക്കേസിൽ 1899 കർക്കിടകം 31 ന് അനുകൂല വിധിയുണ്ടായി. താഴത്തച്ചന്റെ അപ്പീൽ ഹൈക്കോടതി തള്ളി. 1901 കുംഭം 27 ന് പള്ളി പുലിക്കോട്ടിൽ മെത്രാച്ചൻ നടത്തിഎടുത്തു. പുത്തൻകാവ്, നിരണം, കായംകുളം, പുതുപ്പള്ളി, നിലയ്ക്കൽ തുടങ്ങിയ പള്ളികളും അദ്ദേഹത്തിന്റെ കൈവശത്തിൽ വന്നു. ഏറ്റവും ഒടുവിൽ അദ്ദേഹത്തിന്റെ ഇടവകപ്പള്ളിയായ ആർത്താറ്റ് - ചാട്ടുകുളങ്ങര പള്ളിയും അന്തിമമായി കൊച്ചി റോയൽകോടതിയുടെ 1905 കർക്കിടകം 31 ലെ വിധിയോടെ അദ്ദേഹത്തിന് ലഭിച്ചു.

ഇപ്രകാരം പാലക്കുന്നത്ത് മെത്രാച്ചന്റെ രാജകീയ വിളംബരം പിൻവലിച്ചതുമുതൽ പുലിക്കോട്ടിൽ മെത്രാപ്പോലീത്താ നടത്തിയ സർവ വ്യവഹാരങ്ങളും ഓരോന്നായി വിജയം കണ്ടു. നീതിപീഠങ്ങളിലൂടെ അദ്ദേഹം നടത്തിയ നിയമയുദ്ധങ്ങൾ സഭാ സ്വത്തുക്കൾ വീണ്ടെടുക്കുവാൻ മാത്രമല്ല, സ്വന്തം ക്യാമ്പിലെ പിറുപിറുപ്പുകളും പടലപിണക്കങ്ങളും ഗ്രൂപ്പ് മത്സരങ്ങളും ഇല്ലാതാക്കി സഭയെ സ്വന്തം കുടക്കീഴിൽ നിഷ്ക്കണ്ടകമാക്കുവാനും സഹായകമായി. 1872 മുതൽ 1886 വരെ ഈ നിയമയുദ്ധങ്ങളുടെ അണിയറ പരുമല സെമിനാരിയും 1886 മുതൽ പഴയസെമിനാരിയും ആയിരുന്നു.

മലങ്കരസഭാ ചരിത്രത്തിൽ അനന്വയം എന്ന വിശേഷണം അർഹിക്കുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായുടെ പ്രവർത്തനവും പ്രസക്തിയും സഭയ്ക്കകത്തെന്നപോലെ സഭയ്ക്ക് പുറത്തും വിലയിരുത്തപ്പെടേണ്ടതുണ്ട്. ആ ജീവചരിത്രത്തിന്റെ ഒരു പുനർവായന കൊണ്ടേ ഇത് സാദ്ധ്യമാകൂ.

## കേരള നവോത്ഥാനത്തിന്റെ രാജശില്പി

പുതിയൊരു നൂറ്റാണ്ടിലേയ്ക്ക് മലങ്കരസഭയേയും കേരള ജനതയേയും തദ്വാരാ ഭാരത സംസ്കാരത്തേയും ഉപനയിക്കുവാൻ അവതരിച്ച ഗംഭീരാത്മാവായ സംക്രമപുരുഷന്റെ ശൈലികളാണ് അദ്ദേഹം ആവിഷ്കരിച്ചത്. ബ്രാഹ്മണാധിപത്യത്തിന്റെ കീഴിൽ അമർന്നിരുന്ന കേരളം ചരിത്രം കണ്ടതിലേയ്ക്കും വച്ച് ഏറ്റവും വലിയ സാംസ്കാരിക അപചയത്തിന് വിധേയമായ കാലഘട്ടം ആയിരുന്നു അത്. ഐതിഹ്യാധിഷ്ഠിതമായ അന്ധതകൾ, പൗരോഹിത്യ ദുർഭരണം, ഫ്യൂഡൽ മേധാവിത്വം, കുടുംബ സങ്കല്പത്തിന്റെ തകർച്ച, ഇവ 19-ാം നൂറ്റാണ്ടിൽ ഉച്ചാവസ്ഥയിലെത്തി. സ്വാമി വിവേകാനന്ദന്റെ 'ഭ്രാന്താലയമെന്ന' പരാമർശം മാത്രം മതിയാകും അക്കാലത്തെ ഭയാനകമായ സാംസ്കാരികത്തകർച്ചയെ അളക്കുവാൻ. അക്കാലത്തെ കേരളസംസ്കാരത്തെ പി. കെ. ബാലകൃഷ്ണൻ വിലയിരുത്തുന്നത് കാണുക:

"…. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ പിറവി വരെയുള്ള അമ്പത് കൊല്ലം അത്ഭുതകരവും അവിശ്വസനീയവുമായ പരിവർത്തനങ്ങളാണ് കേരളക്കരയിൽ വരുത്തിയത്. 1850 ന് അപ്പുറത്തേയ്ക്ക് കടന്നാൽ, പണ്ടെന്നോ പണ്ട് പണ്ടെന്നോ പറയാവുന്ന ഒരു പ്രാകൃത കാലത്തിലാണ് നാം ചെന്നെത്തുക. അതുപോലെ 1900 കഴിഞ്ഞാൽ തീർത്തും ആധുനികമായ ഒരു യുഗത്തിലും നാം വന്നെത്തും' (*ചന്തുമേനോൻ: ഒരു പഠനം*, പു 62-64). ഈ യുഗ പരിവർത്തനത്തെ സാദ്ധ്യമാക്കിയ ആരോഗ്യകരമായ പ്രവണതകൾ പുഷ്പിച്ച് കായ്ച്ച വിളഭൂമി മലങ്കരസഭയാണ്. അതിന്റെ കർഷകൻ അന്നത്തെ പ്രതിഭാശാലിയായ മലങ്കര മെത്രാപ്പോലീത്തായും.

### 1. കേരളത്തിലെ ഒന്നാമത്തെ സമുദായ സംഘടന

വിശ്വസ്ത അനുയായികളുടെ ഒരു സംഘടന രൂപീകരിക്കാത്ത പ്രവാചകപ്രതിഭകൾ മതരംഗത്തോ രാഷ്ട്രീയ രംഗത്തോ സാമുദായിക - സാഹിത്യ - സാംസ്കാരിക രംഗത്തോ ഉണ്ടായിട്ടില്ല. കല്ലിച്ചും കുന്നിച്ചും ചാലകശക്തി നഷ്ടപ്പെട്ട ഗോവർദ്ധന പർവതത്തിന് തന്റെ മാന്ത്രികസ്പർശനത്താൽ ചലനശക്തി നൽകിയിട്ടാണ് ഇന്ദ്രകോപത്തെയും കാലക്കെടുതികളെയും ചെറുക്കുവാൻ കൃഷ്ണൻ അതിനെ സജ്ജമാക്കിയത്. ഇരു

നൂറോളം വൻ ഇടവകകളെ ഒരു സംഘടനയുടെ കീഴിൽ അണിനിരത്തി കൊച്ചു കൊച്ചു വിഷയങ്ങളിലേക്ക് വികേന്ദ്രീകരിക്കപ്പെട്ടും ശിഥിലമായും ചെലവഴിക്കപ്പെട്ടിരുന്ന ശക്തിസ്രോതസ്സുകളെ ഏകമുഖമായി കേന്ദ്രീകരിച്ച് അപ്രതിഹതമായ ആ ഊർജ്ജസ്രോതസ്സിനെ നവോത്ഥാന സംരംഭങ്ങൾക്ക് വാഹനമാക്കുക. അതാണ് 1873-ൽ പരുമല വച്ചും 1876-ൽ മുളന്തുരുത്തിയിൽ വച്ചും അദ്ദേഹം രൂപവത്ക്കരിച്ച് സ്ഥിരപ്പെടുത്തിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന സമുദായ സംഘടനയിലൂടെ അദ്ദേഹം സാധിച്ചത്. പൂർവ മാതൃകകളൊന്നും മുമ്പിലില്ലാതിരുന്നിട്ടും അദ്ധ്വാനശീലനായ ആ പ്രതിഭാശാലി, കൊച്ചി - തിരുവിതാംകൂർ സംസ്ഥാനങ്ങളിൽ ചിതറിക്കിടക്കുന്ന ഇടവകകളെ ഈ ലക്ഷ്യത്തിലേക്ക് പ്രബോധിപ്പിച്ച് വിജയം കണ്ടെത്തുവാൻ നടത്തിയ ക്ലേശപൂർണ്ണമായ സഞ്ചാരത്തിന്റെ അവിരാമമായ കഥകൾ ആരെയും അത്ഭുതപ്പെടുത്തും. കുന്നംകുളത്തുനിന്ന് തിരുവനന്തപുരം വരെ ഒട്ടൊക്കെ ജലമാർഗ്ഗമായും ഒട്ടൊക്കെ കാൽനടയായും അദ്ദേഹം നടത്തിയ ജൈത്രയാത്രയുടെ വീരകഥകൾ പില്ക്കാലത്ത് ഭാരതത്തിൽ 600 ലേറെ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ കീഴിൽ സംയോജിപ്പിക്കുവാൻ ഉരുക്കുമനുഷ്യനായ സർദാർ പട്ടേൽ ചെയ്ത കഠിനാദ്ധ്വാനത്തോട് താരതമ്യം ചെയ്യുവാൻ കഴിയും. എല്ലാ പള്ളികളിൽ നിന്നും ഒരു വൈദിക പ്രതിനിധിയും രണ്ട് അവൈദിക പ്രതിനിധികളും പ്രതിനിധാനം ചെയ്യുന്ന അസോസ്യേഷന്റെ മഹാവേദി, അതിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ഏതാനും വൈദികരും അതിന്റെ ഇരട്ടി അവൈദികരും അടങ്ങുന്ന ഒരു പ്രവർത്തകസമിതി, അതിനൊരു ഖജാൻജിയും ഒരു സിക്രട്ടറിയും. അതത് കാലത്തെ മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷൻ, എല്ലാ ഇടവകകൾക്കും അംഗത്വ ഫീസ്, എല്ലാ അംഗങ്ങൾക്കും ക്ലാസ് തിരിച്ച് അംഗത്വഫീസ്, അപ്രകാരം സ്വരൂപിക്കുന്ന പൊതു നിധി, സമൂഹത്തിന്റെ ലക്ഷ്യങ്ങളും അധികാരപരിധികളും നിർവചിച്ച് അസോസ്യേഷന്റെ അംഗീകാരത്തോടെ പ്രാബല്യത്തിൽ വരുത്തുക എന്ന് തുടങ്ങി ആ സംഘടനയുടെ രൂപവും ഭാവവും അതിന്റെ ജനാധിപത്യ ഘടനയും നോക്കിയാൽ ഒരു ജനാധിപത്യ ഭരണകൂടത്തിന്റെ ഭരണഘടനയും ഭരണസംവിധാനവും അതിൽ അടങ്ങിയിരുന്നു എന്ന് കാണാം. രാജഭരണം കൊടികുത്തി വാഴുന്ന ഒരു നാട്ടിൽ ജനാധിപത്യ സംവിധാനം വിഭാവനം ചെയ്ത് സൂക്ഷ്മമായ വിശദാംശങ്ങളോടെ അത് ആവിഷ്കരിച്ച് പ്രാവർത്തികമാക്കിയ പുലിക്കോട്ടിൽ മെത്രാച്ചനെ കേരളസഭയുടെയും സംസ്കാരത്തിന്റെയും ഒന്നാമത്തെ ജനാധിപത്യ പ്രവാചകൻ എന്ന് വിശേഷിപ്പിക്കേണ്ടതുണ്ട്. നിധി കാക്കുന്ന ഭൂതങ്ങളെപ്പോലെ സ്വന്തം ഇടവകയിൽ മുഖം താഴ്ത്തി അകർമ്മണ്യതയോടെ കാലം വ്യർത്ഥമായി കഴിച്ചുകൂട്ടിയ ഇടവകകളെ ബഹിർമ്മുഖരാക്കി വലിയ സ്വപ്നങ്ങളിലേക്കും കർമ്മരംഗങ്ങളിലേക്കും ഉപനയിക്കുവാൻ ഈ കർമ്മ

കുശലനായ ജനാധിപത്യ പ്രവാചകന് കഴിഞ്ഞു. മെത്രാന്മാരുടെ ഏകനായക പ്രഭാവവും സ്ഥാനതാല്പര്യവും അഹന്തയും ഊരിവച്ചിട്ടാണ് അദ്ദേഹം ഈ ജനകീയ ശൈലിയിലേക്ക് കാലത്തെ മറികടന്ന് ഉഡ്ഡയനം ചെയ്തത്. ഓരോ ഇടവകയ്ക്കും പ്രാതിനിധ്യം ഉള്ളതും ഓരോ ഇടവകയെ നിയന്ത്രിക്കുന്നതുമായ ആ പൊതുവേദിയെ തന്റെ സ്വപ്നശതങ്ങൾ സഫലമാക്കുവാൻ അദ്ദേഹം ഉപകരണമാക്കി. 'എഴുന്നേറ്റിട്ടു വേണ്ടേ നാം എങ്ങോട്ടും സഞ്ചരിക്കുവാൻ?' എന്ന് പുരോഗതി എന്ന കവിതയിലെ അനുഷ്ടുപ്പ് പദ്യത്തിലൂടെ പില്ക്കാലത്ത് മഹാകവി ഉള്ളൂർ പ്രബോധിപ്പിച്ചതുപോലെ സമുദായത്തിന്റെ ഉറക്കം വിട്ടുള്ള ഉണർന്നെഴുന്നേല്ക്കലാണ് അസോസ്യേഷൻ രൂപവത്ക്കരണത്തിലൂടെ സാധിച്ചത്.

മെത്രാൻ, വൈദികർ, അത്മായക്കാർ എന്നിങ്ങനെ സഭയിലുള്ള ത്രിവിധ ശക്തിധാരകളെ പ്രതീകാത്മകമായി പ്രതിനിധീകരിക്കുന്ന മെത്രാൻ - വൈദിക - അത്മായ ട്രസ്റ്റികളുടെ കൂട്ടുത്തരവാദിത്തത്തിൽ സഭാ ട്രസ്റ്റിന്റെ ധനസമാഹരണവും ധനവിനിയോഗവും നിർവഹിക്കുക എന്ന ശൈലിയിലന്തർഭവിച്ച ഏകോപനരഹസ്യവും ജനാധിപത്യബോധവും എത്രമേൽ ശ്ലാഘനീയമല്ല? പില്ക്കാലത്ത് നിയോജക മണ്ഡലങ്ങളായി, നാടിനെ യൂണിറ്റുകളാക്കിത്തിരിച്ച് അവയിൽ നിന്ന് സംസ്ഥാന നിയമസഭകളിലേയ്ക്കും പാർലമെന്റിലേയ്ക്കും ജനപ്രതിനിധികളെ തെരഞ്ഞെടുക്കുകയും അവരിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ഒരു മന്ത്രിസഭയിലൂടെ - ഭരണസമിതിയിലൂടെ - ഭരണം നിർവഹിക്കുകയും ചെയ്യുന്ന പാർലമെന്ററി ജനാധിപത്യ ഭരണവ്യവസ്ഥാ സംവിധാനങ്ങളുടെ ശൈലിയിൽ അസോസ്യേഷന്റെ ഊടും പാവും സംവിധാനം ചെയ്യുവാൻ ഭാരതത്തിന്റെ തെക്കേ അറ്റത്തെ ഒരു ചെറിയ സമുദായത്തിന്റെ നേതാവായ കുന്നംകുളത്തുകാരനെ ഒന്നേമുക്കാൽ നൂറ്റാണ്ടിന് മുമ്പ് ആരാണ് പഠിപ്പിച്ചത്? ഒന്നേമുക്കാൽ നൂറ്റാണ്ടിനു ശേഷവും മെച്ചപ്പെട്ട മറ്റൊരു സഭാ ഭരണസംവിധാനം ആവിഷ്കരിക്കുവാൻ മറ്റൊരു സഭയ്ക്കും സമുദായത്തിനും കഴിഞ്ഞിട്ടില്ല എന്നത് അതിന്റെ സ്ഥാപകന്റെ ക്രാന്തദർശിത്വത്തെ പ്രഘോഷിക്കുന്നുണ്ട്. സ്വതന്ത്രഭാരതത്തിന്റെ പരമോന്നതനീതിപീഠം 1958-ലും 1995-ലും മലങ്കരസഭയുടെ പരമാധികാരം മേലിലും ഈ അസോസ്യേഷനിൽത്തന്നെ നിക്ഷിപ്തമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുള്ളത് ആ സംഘടനയുടെ നിത്യനൂതനത്വത്തെയും സർവാംഗീണ സൗന്ദര്യത്തെയും അല്ലേ വെളിപ്പെടുത്തുന്നത്. ആ സംഘടനയുടെ സുതാര്യ തേജസിനെ വിഴുങ്ങുവാൻ ചില കാളസർപ്പങ്ങൾ ശ്രമിച്ചിട്ടുണ്ടെങ്കിലും അതിപ്പോഴും തിളക്കത്തോടെ പ്രകാശം വിതറുന്നു. പില്ക്കാലത്ത് ഈഴവ സമുദായവും നമ്പൂതിരി സമുദായവും മുസ്ലീം - നായർ - പുലയ - സാംബവ സമുദായങ്ങളുമൊക്കെ വളർന്നതും ശക്തിപ്രാപിച്ചതും പുലിക്കോട്ടിൽ മെത്രാച്ചന്റെ 'കാൽനഖേന്ദു മരീചി'കളെ ആശ്രയിച്ചും അനുകരിച്ചുംകൊണ്ടാണ്. ഇക്കാ

ര്യത്തിൽ പില്ക്കാല സമുദായാചാര്യന്മാരായ നാരായണഗുരു, മന്നത്ത് പത്മനാഭൻ തുടങ്ങിയ സമുദായനേതാക്കൾക്ക് മലങ്കരസഭയും പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായും മാർഗ്ഗദർശനം നൽകി എന്നത് വിസ്മരിക്കാവുന്നതല്ല.

അസോസ്യേഷൻ പ്രവർത്തനക്ഷമമായതോടെ പണ്ടില്ലാത്ത നവോന്മേഷം സഭയിൽ സംജാതമായി. സഭയുടെ പൊതുഭരണത്തിൽ വൈദികർക്കും അത്മായർക്കും പങ്കാളിത്തം ലഭിച്ചതിന്റെ ആഹ്ലാദമായിരുന്നു അതിന്റെ രഹസ്യം. ഈ വൈദിക - അവൈദിക പങ്കാളിത്തവും ജനാധിപത്യശൈലിയുടെ നിഷ്ഠയും പില്ക്കാലത്ത് വേണ്ടത്ര പരിഗണിക്കപ്പെടാതെ പോയതാണ് സഭയിലെ അശാന്തിയുടെയും കലഹത്തിന്റെയും അടിസ്ഥാനഹേതുവെന്ന് അനേകർ ചിന്തിക്കുന്നുണ്ട്. പിറവി കൊണ്ട് മറ്റെല്ലാ കേരളീയ സമുദായങ്ങളെയും ആവേശം കൊള്ളിച്ചുവെങ്കിലും ഓട്ടമത്സരത്തിനിറങ്ങിയ മുയലിന്റെയും ആമയുടെയും കഥയിലെ മുയലിനെപ്പോലെ പിൽക്കാലത്ത് അസോസ്യേഷൻ പരിഹാസ്യമായ മന്ദതയിലായോ എന്ന് സംശയിക്കുന്നവരുണ്ട്. ഒരു കാര്യം വളരെ തീർച്ച: മലങ്കരസഭയിൽ അസ്വസ്ഥതകളും ഭിന്നതകളും അകലുവാൻ ആദ്യം ചെയ്യേണ്ടത് അസോസ്യേഷനെ അതിന്റെ സ്ഥാപിതോദ്ദേശ്യങ്ങൾക്കനുസൃതം പുനഃസംവിധാനം ചെയ്ത് സുതാര്യമാക്കുകയാണ്.

## 2. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

ത്രൈവർണ്ണികൾ എന്ന് അറിയപ്പെടുന്ന ബ്രാഹ്മണ - ക്ഷത്രിയ - വൈശ്യ വിഭാഗങ്ങളടങ്ങിയ ഒരു ന്യൂനപക്ഷത്തെ മാറ്റിനിർത്തിയാൽ ശേഷമുള്ള ഭൂരിപക്ഷത്തിനും അക്ഷരാഭ്യാസം ലഭ്യമാവാത്ത രാഷ്ട്രീയ സാംസ്കാരിക പാരമ്പര്യങ്ങൾ - ശൂദ്രമക്ഷരസംയുക്തം ദൂരതഃപരിവർജ്ജയേൽ - ആണ് അക്കാലത്ത് കേരളം ഭരിച്ചിരുന്നത്. അക്ഷരം അഗ്നിയാണെന്നും അത് വരേണ്യവർഗ്ഗത്തിന് മാത്രം അവകാശപ്പെട്ടതല്ലെന്നും പഠിപ്പിച്ച ശ്രുതി - സ്മൃതി നിയമങ്ങളെ വെല്ലുവിളിച്ചുകൊണ്ട് അക്ഷരാഗ്നിയെ ഗ്രീക്കു മിത്തോളജിയിലെ പ്രൊമിത്യൂസിനെപ്പോലെ പുലിക്കോട്ടിൽ മെത്രാച്ചൻ മണ്ണിലേക്കിറക്കിക്കൊണ്ടുവന്നു. അദ്ദേഹം കൊച്ചി - തിരുവിതാംകൂർ പ്രദേശങ്ങളിൽ സ്ഥാപിച്ച സ്കൂളുകളിലൂടെയാണീ അത്ഭുതം സാധിച്ചത്. 250 ലേറെ മലയാളം സ്കൂളുകൾ അദ്ദേഹം സ്ഥാപിച്ചതായി അദ്ദേഹത്തിന്റെ അന്തേവാസിയായിരുന്ന ചീരൻ വി. വർഗ്ഗീസ് രേഖപ്പെടുത്തിയിട്ടുണ്ട് (ദി ഫെയ്ത്ത് ഓഫ് അവർ ഫാദേഴ്സ്, പു. 110). അദ്ദേഹത്തിന്റെ കഠിനപ്രയത്നഫലമായി അവയിൽ നൂറിലേറെ വിദ്യാലയങ്ങൾക്ക് സർക്കാർ ഗ്രാന്റ് ലഭിച്ചതായി അദ്ദേഹത്തിന്റെ സെക്രട്ടറി ഇ. എം. ഫിലിപ്പ് സാക്ഷ്യം നൽകുന്നു (*മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ*). ഒന്നര ദശാബ്ദമായി തന്റെ ഉള്ളിൽ ജ്വലിച്ചിരുന്ന അക്ഷരസ്നേഹം വ്യാപകമായ ഒരു

പ്രസ്ഥാനമായി പടർന്നു പന്തലിക്കത്തക്കവിധം അദ്ദേഹം പ്രഖ്യാപിക്കുന്നത് പരുമല പടിയോലയിലാണ് (1873. 9-ാം നമ്പർ നിശ്ചയം. *മലങ്കര സഭ: ചരിത്രവും സംസ്കാരവും*, പു. 662). ഒരു സഭാനേതാവ് സഭയുടെ ആഭ്യന്തരപ്രശ്നങ്ങളുടെ നീർച്ചുഴിയിൽപ്പെട്ട് നട്ടംതിരിയുമ്പോൾ ഒരു സാംസ്കാരിക നവോത്ഥാനംകൊണ്ട് നാടിന്റെ ഉയിർത്തെഴുന്നേല്പ് സാധിക്കുവാനുള്ള സ്വപ്നത്തെ താലോലിച്ചു. സഭാ വ്യവഹാരത്തിനും പള്ളികൾ പണിയുവാനും പണം സ്വരൂപിക്കുവാനായി കേരളക്കരയിലെ പള്ളികളിലെങ്ങും സഞ്ചരിക്കുന്ന കൂട്ടത്തിൽ ഓരോ ഇടവകയിലും കുറഞ്ഞത് ഒരു വിദ്യാലയം എന്ന ആശയം അദ്ദേഹം പ്രാവർത്തികമാക്കി. മാർ യൗസേബിയോസ് (തുമ്പമൺ) എഴുതുന്നു: 'സഭയിലെ ഒന്നാമത്തെ വിദ്യാഭ്യാസസ്ഥാപനമായ എം. ഡി. സെമിനാരി സ്കൂൾ സ്ഥാപിച്ചത് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആണ്. മലങ്കരസഭയിലെ വിദ്യാഭ്യാസമിഷന്റെ തുടക്കം അവിടെയാണെന്ന് പറയാം. ക്രാന്തദർശിയായ മാർ ദീവന്നാസ്യോസിനോട് സഭയും സമൂഹവും കടപ്പെട്ടിരിക്കുന്നു' (ക്രാന്തദർശിയായ പിതാവ് - ലേഖനം - ചരമനവതി ജൂബിലി സ്മരണിക, തൃശ്ശൂർ, 1999, പു. 31). സ്കൂൾ നടത്തിപ്പിൽ അദ്ദേഹം സഹിച്ച ക്ലേശങ്ങൾ ഡോ. സാമുവൽ ചന്ദനപ്പള്ളി ഇപ്രകാരം വിശദീകരിക്കുന്നു: ".... വിദ്യാഭ്യാസമേഖല ആയിരുന്നു മാർ ദീവന്നാസ്യോസിന്റെ മറ്റൊരു പ്രവർത്തനദിശ. സാമ്പത്തികമായി വളരെ അധികം ഞെരുക്കങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നപ്പോഴും സ്കൂൾ സ്ഥാപനത്തിൽ നിന്ന് അദ്ദേഹം പിന്മാറിയില്ല. മോതിരവും അംശവടിയും കൂടെക്കൂടെ പണയം വയ്ക്കുകയും വീണ്ടെടുക്കുകയും ചെയ്തുകൊണ്ടാണ് സ്കൂളുകൾ സ്ഥാപിച്ചത്. പണസമ്പാദനമല്ലായിരുന്നു പ്രത്യുത ആശയസമ്പാദനവും.... ലക്ഷ്യം. വിദ്യാസമ്പന്നതയിലൂടെ വിജ്ഞാനകുതുകികളും വിവേകമതികളുമായ ഒരു തലമുറയുടെ ഉദയം അദ്ദേഹം സ്വപ്നം കണ്ടു. ... അതുവഴി സമൂഹത്തിന്റെ സമഗ്ര പുരോഗതിയും" (*മലങ്കര സഭാപിതാക്കന്മാർ,* പു. 127).

ഏത് സാമൂഹ്യമാറ്റവും വിജയിക്കുക വിദ്യയുടെ വെളിച്ചം നേടിയ മനസ്സുകളിലാണെന്ന് അദ്ദേഹം കണ്ടെത്തി. സമഗ്രമായ ഒരു നവോത്ഥാനം സംഭവിക്കണമെങ്കിൽ അക്ഷരാഭ്യാസം അനിവാര്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഇന്നത്തെപ്പോലെ വിദ്യാലയ നടത്തിപ്പ് ഒരു വ്യവസായവും ധനാഗമമാർഗ്ഗവും ആയിരുന്നില്ല. അക്കാലത്ത് വിദേശങ്ങളിൽ നിന്ന് ധനസമാഹരണം സാദ്ധ്യവുമായിരുന്നില്ല. സ്വന്തം നാട്ടിലെ വിഭവം സമാഹരിച്ച് നാടിന്റെ നവോത്ഥാനം ദ്രുതഗതിയിലാക്കുവാൻ അദ്ദേഹം യത്നിച്ചു. 'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു' എന്ന ക്രിസ്തുവചനത്തെ കാലോചിതമായും സംസ്കാരാഭിമുഖമായും വ്യാഖ്യാനിക്കുവാൻ മെത്രാപ്പോലീത്തായ്ക്ക് കഴിഞ്ഞതിന്റെ നിദർശനമാണ് അദ്ദേഹം സ്ഥാപിച്ച 250 ലേറെ വിദ്യാലയങ്ങൾ. ഇത്രയും വിദ്യാലയങ്ങളിലൂടെ അക്ഷരാഭ്യാസം

നേടിയ ഒരു തലമുറയാണ് കേരള നവോത്ഥാനത്തിന്റെ ആദ്യകാല വക്താക്കളായിത്തീർന്നത്. ഈ വിദ്യാലയങ്ങളിലെല്ലാം ജാതി - മത - വർഗ്ഗ - ലിംഗഭേദമെന്യേ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചത് മൂലം അക്ഷരജ്വാലയുടെ സ്ഫുലിംഗങ്ങൾ ഏകകാലത്ത് എല്ലാ സമുദായങ്ങളിലും കൊളുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. വൈദികവിദ്യാർത്ഥിയാവാൻ അദ്ദേഹം പഴഞ്ഞിയിൽ നിന്ന് കൊണ്ടുപോയി പരുമലയിൽ താമസിപ്പിച്ച ചീരൻ വി. വർഗ്ഗീസ് പില്ക്കാലത്ത് എഴുതി: “1890 മുതൽ അദ്ദേഹം ഭരണഭാരം ഏറ്റെടുത്തു. പള്ളികളുടെ എണ്ണം 175-ൽ നിന്നും 282 ആയി ഉയർന്നു. അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനത്താൽ 3 ഹൈസ്കൂളുകൾ, 8 മിഷൻ സ്കൂളുകൾ, നിരവധി ഇംഗ്ലീഷ് പ്രൈമറി വിദ്യാലയങ്ങൾ തുടങ്ങിയവ ഉണ്ടായി. 250-ൽ കുറയാതെ മലയാളം സ്കൂളുകളും അദ്ദേഹം സ്ഥാപിച്ചു” (*ഫെയ്ത്ത്,* പു. 110).

പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ ഭരണകാലത്ത് കാരുചിറ ഗീവർഗീസ് റമ്പാൻ (പിന്നീട് രണ്ടാം കാതോലിക്കാ) ഔദ്യോഗികമായി പഴയസെമിനാരിയിലെ മാർത്തോമസ് പ്രസിൽ നിന്ന് പ്രസിദ്ധീകരിച്ച *മലങ്കര ഇടവക പഞ്ചാംഗ*ത്തിൽ അന്ന് 3 ഇംഗ്ലീഷ് ഹൈസ്കൂളുകളും 9 ഇംഗ്ലീഷ് മിഡിൽ സ്കൂളുകളും സർക്കാർ ഗ്രാന്റുള്ളവയും ഇല്ലാത്തവയുമായി 200 മലയാളം പ്രൈമറി സ്കൂളുകളും 2 പെൺപള്ളിക്കൂടങ്ങളും ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ളതായും 1908 ൽ പ്രസിദ്ധീകരിച്ച പഞ്ചാംഗത്തിൽ 10 ഇംഗ്ലീഷ് മിഡിൽ സ്കൂളുകളും 3 പെൺപള്ളിക്കൂടങ്ങളും എന്ന നിലയിലേക്ക് ഇത് ഉയർന്നിട്ടുള്ളതായും സഭാചരിത്ര ഗവേഷകനായ ജോയ്സ് തോട്ടയ്ക്കാട് ചൂണ്ടിക്കാട്ടുന്നു.

കോട്ടയത്തും തിരുവല്ലായിലും കുന്നംകുളത്തും ആരംഭിച്ച സെക്കണ്ടറി വിദ്യാലയങ്ങൾ ഇന്നും നിലനില്ക്കുന്നു. പില്ക്കാലത്ത് സഭാനേതൃത്വത്തിലേക്ക് വന്നവരുടെ പരിഗണനക്രമത്തിൽ വിദ്യാ വിതരണം ഇല്ലാതെ പോയി. കോളജ് കോട്ടയം എം. ഡി. സെമിനാരി കോമ്പൗണ്ടിൽ നിർമ്മിക്കാൻ നടത്തിയ മാർ ദീവന്നാസ്യോസ് സെമിനാരി ഷോടതിയിൽ നിന്ന് 1901-ൽ സർവ ചെലവുകളും കിഴിച്ച് 35000 രൂപയോളം ലാഭമുണ്ടായപ്പോൾ മാനേജർ വട്ടശ്ശേരിൽ മല്പാനച്ചൻ പ്രഖ്യാപിച്ചത് “നമുക്കിപ്പോൾ കോളജ് ആവശ്യമില്ല” എന്നാണ് (*കെ. സി. മാമ്മൻമാപ്പിളയും മലങ്കരസഭയും,* പു. 20). ഈ ഉദാസീനമായ നിലപാട് മൂലം പല സ്കൂളുകളും പിന്നീട് പ്രവർത്തനരഹിതമായി. കുറെ എണ്ണം അതത് സ്ഥലത്തെ പള്ളിപ്രമാണികൾ കൈയടക്കി. കുറെ എണ്ണം സർക്കാരിലേക്ക് കൈമാറി. പിൻഗാമിയായി വന്ന വട്ടശ്ശേരിൽ മെത്രാച്ചൻ ഏല്പിച്ച കുറെ സ്കൂളുകൾ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് സഭാത്യാഗം ചെയ്തപ്പോൾ റീത്തുകാരുടെ കൈവശത്തിലുമായി.

## സെമിനാരികൾ

സെക്കുലർ വിദ്യാഭ്യാസ പ്രചരണത്തോടൊപ്പം വൈദിക വിദ്യാ പുരോഗതിയ്ക്കുവേണ്ടിയും പുലിക്കോട്ടിൽ മെത്രാച്ചൻ അഹോരാത്രം പണിയെടുത്തു. തന്റെ പൂർവികൻ സ്ഥാപിച്ച കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശമായപ്പോൾ നാടിന്റെ നാനാഭാഗത്തും പെറ്റി സെമിനാരികൾ സ്ഥാപിച്ചുകൊണ്ടാണ് അദ്ദേഹം പ്രതികരിച്ചത്. കുന്നംകുളം ആർത്താറ്റ് പള്ളിയിൽ സെഹിയോൻ ബംഗ്ലാവ് പണിത് അവിടെ ഒരു സെമിനാരി, കോട്ടയത്ത് ഒരു എം. ഡി. സെമിനാരി, പരുമലയിൽ ഒരു സെമിനാരി, വെട്ടിക്കൽ ദയറായിൽ ഒരു സെമിനാരി, ആലുവായിൽ തൃക്കുന്നത്തു സെമിനാരി, മാവേലിക്കരയിൽ തഴക്കര സെമിനാരി എന്നിങ്ങനെ ആറ് മൈനർ സെമിനാരികൾ അദ്ദേഹത്തിന്റെ കാലത്ത് സ്ഥാപിച്ചു. ഇതിൽ തൃക്കുന്നത്തു സെമിനാരി ഒഴിച്ചുള്ളവ അദ്ദേഹം തനിയെ സ്ഥാപിച്ചതും തൃക്കുന്നത്തു സെമിനാരി അദ്ദേഹത്തിന്റെ നേതൃത്വത്തിലും പ്രോത്സാഹനത്തിലും സ്ഥാപിക്കപ്പെട്ടതുമാണ്. കോട്ടയം പഴയസെമിനാരി കൈവശത്തിൽ വന്നപ്പോഴാണ് അവ നിർത്തലാക്കിയത്. സാമൂഹ്യമാറ്റത്തിനുള്ള മലങ്കരസഭയുടെ പങ്കാളിത്തത്തിന് ഈ വൈദികപരിശീലന കേന്ദ്രങ്ങളും ശക്തി പകർന്നു. പരമ്പരാഗത ശിക്ഷണത്തോടൊപ്പം ലോക ക്ലാസിക് ഭാഷകളായ ഗ്രീക്കും ഇംഗ്ലീഷും ഇന്ത്യൻ ക്ലാസിക് ഭാഷയായ സംസ്കൃതവും കേരളത്തിന്റെ തറവാട്ടുഭാഷയായ തമിഴും മലയാളവും സെമിറ്റിക് ഭാഷയായ ഹീബ്രു, സുറിയാനി ഭാഷകളും അവിടെ പഠിപ്പിക്കാൻ ഏർപ്പാടാക്കിയിരുന്നു.

ഇതോടൊപ്പം പരാമർശമർഹിക്കുന്നവയാണ് അദ്ദേഹം പ്രേരണ നൽകിയതിന്റെ ഫലമായി ഓരോ ഇടവകയിലും രൂപംകൊണ്ട മതവിദ്യാഭ്യാസ പാഠശാലകൾ. ഒരർത്ഥത്തിൽ മലങ്കരയിലെ സണ്ടേസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉപജ്ഞാതാവ് എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാവുന്നതാണ്. മതവിദ്യാഭ്യാസം ഫലപ്രദമാക്കുവാൻ ആവശ്യമായ വേദകഥകളും മറ്റും അച്ചടിപ്പിക്കുന്ന കാര്യം പരുമല പടിയോലയിലെ തീരുമാനങ്ങളിൽ വ്യക്തമായ സൂചനയുണ്ട്. 1908 ലെ *മലങ്കര ഇടവക പഞ്ചാംഗ*ത്തിൽ സഭയിൽ 100 സണ്ടേസ്കൂളുകൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി 1901 ൽ കോട്ടയത്ത് അഖില മലങ്കരാടിസ്ഥാനത്തിൽ ആഘോഷിച്ചപ്പോൾ നൽകിയ മംഗളപത്രത്തിൽ അദ്ദേഹത്തിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളെ താഴെ പറയുംവിധം സ്മരിച്ചിട്ടുണ്ട്: "..... സമുദായം ഒട്ടുക്കുള്ള കുട്ടികളുടെ വിദ്യാഭ്യാസം വകയ്ക്ക് ഈ പ്രധാന സ്ഥലത്ത് (കോട്ടയം) ഒരു ഹൈസ്കൂൾ സ്ഥാപിച്ചത്, അതിന്റെ നിലനില്പിനുവേണ്ടി ഒരു ലക്ഷം രൂപയുടെ ഷോടതി അനുവദിപ്പിച്ച് നടത്തിയത്, ....കുന്നംകുളങ്ങര മുതലായി വടക്കും തെക്കു

മുള്ള ചില ഇടവകപ്പള്ളികളോടും ചേർന്ന് ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തിയത്, രാജ്യം ഒട്ടുക്ക് പ്രാഥമിക വിദ്യാഭ്യാസം വകയ്ക്ക് അനേകം പള്ളിക്കൂടങ്ങൾ നടത്തുന്നത്..... (എം. പി. വർക്കി, *മാർ ദീവന്നാസ്യോസ്,* ഉപസംഹാര അദ്ധ്യായം).

അദ്ദേഹത്തിന്റെ ജീവചരിത്രം ഗാനരൂപത്തിലെഴുതിയ ചിങ്ങവനം കാരൻ കുരുടൻ ചാക്കോ ചാക്കോയും ഇക്കാര്യം സമർത്ഥിച്ചു:

"പള്ളിക്കധിപതി പള്ളികൾ എത്രയോ
പള്ളിക്കൂടങ്ങളും ഏർപ്പെടുത്തി" (*മാർ ദീവന്നാസ്യോസ് ചരിത്രഗാനം,* 1901, പു. 33).

### 3. ഭാഷാഭിമാനം

ദേശാഭിമാനത്തിന്റെ അവിഭാജ്യഘടകമാണ് മാതൃഭാഷാഭിമാനം. സാംസ്കാരിക രംഗത്ത് സംസ്കൃതവും മതരംഗത്ത് സുറിയാനിയും കൊടികുത്തി വാണിരുന്ന അക്കാലത്ത് ഭാഷാഭിമാനം അന്തസ്സുള്ളവർക്ക് ചേരാത്ത അധഃകൃത വികാരമെന്നെണ്ണിയിരുന്നു. ഭാഷാഭിമാനികൾ പോലും സംസ്കൃത പ്രണയം വിട്ട് ഒരു ഭാഷാ പ്രീണന നയം അവലം ബിച്ചിരുന്നില്ല. തുഞ്ചത്തെഴുത്തച്ഛൻ തൊട്ട് കേരളവർമ്മ വലിയകോയി ത്തമ്പുരാൻ വരെയുള്ള ഭാഷാഭിമാനികളുടെ രചനകൾ പരിശോധിച്ചാൽ ഇത് വ്യക്തമാകും.

സഭയിലാണെങ്കിൽ കാര്യങ്ങൾ സുറിയാനിമയം ആയിരുന്നു. സുറി യാനി ഭാഷയിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്തവർ പോലും മലയാളം പ്രാർത്ഥനകൾ സുറിയാനി ലിപിയിലെഴുതി തങ്ങൾ സുറിയാനി ഭാഷാ പണ്ഡിതരെന്ന് അഭിനയിക്കുന്ന കാലം (കർസോനി എന്ന് അറിയപ്പെട്ടി രുന്ന ഈ പ്രത്യേക ഭാഷാസങ്കേതം ഉപയോഗിച്ചെഴുതിയ പ്രാർത്ഥനാ ക്രമങ്ങളും പ്രസംഗങ്ങളും ആരാധനാക്രമത്തിലെ നിർദ്ദേശകക്കുറിപ്പുകളും ഈ ഗ്രന്ഥകാരൻ പഠനവിഷയമാക്കിയിട്ടുണ്ട്). മലയാളം പ്രാർത്ഥനകളും ജനങ്ങളോടുള്ള ആഹ്വാനങ്ങൾപോലും സുറിയാനി പദങ്ങൾ ഉപയോ ഗിച്ച് ആരംഭിച്ച് പിന്നീട് മാത്രം മലയാളം ഉപയോഗിക്കുന്ന ശൈലി ഇപ്പോഴും അപ്രത്യക്ഷമായിട്ടില്ല. ഇപ്രകാരം സംസ്കൃതവും സുറിയാ നിയും മതരംഗത്തെ കുലീന ഭാഷയായി ആദരിച്ചുപോന്ന കാലത്ത് മാർ യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കുർബാനയുടെയും പ്രാർ ത്ഥനയുടെയും സാധാരണക്കാർ ചൊല്ലുവാനുള്ള ഭാഗങ്ങൾ വിവർത്തനം ചെയ്ത് ആയിരം കോപ്പി വീതമുള്ള പതിമൂന്ന് പതിപ്പുകളെങ്കിലും 1850 മുതൽ 1906 വരെയുള്ള കാലഘട്ടത്തിൽ പ്രസിദ്ധീകരിച്ചു. വിവർത്തന ത്തിൽ ഭാഷയ്ക്ക് നൽകിയ പ്രാധാന്യം വ്യക്തമാക്കുവാൻ ഒരു ഈരടി ഉദ്ധരിക്കാം:

"മക്കളിലപ്പൻ കൃപ ചെയ്‌വതുപോലെ - ഹാ -
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും
പുല്ലിനു തുല്യം നരനുടെ നാളുകൾ അഹോ - ഹാ -
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ"

ഈ ശൈലി എഴുത്തച്ഛന്റേതോ കേരളവർമ്മയുടെതോ അല്ല. ചെറുശ്ശേരിയുടെ ശൈലിയാണ് മലങ്കരസഭ അനുകരിക്കുവാൻ ശ്രമിച്ചത്. തന്റെ പൂർവ്വികൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസും കായംകുളം പീലിപ്പോസ് റമ്പാനും ചേർന്ന് വിവർത്തനം ചെയ്ത് 1811 ൽ ബോംബെ കൊറിയർ പ്രസിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധീകരിച്ച റമ്പാൻ ബൈബിളിലെ മലയാള പരിഭാഷ പള്ളികളിലെ ആരാധനകളിൽ ഏവൻഗേലിയോൻ വായനയ്ക്ക് ഉപയോഗിക്കുവാൻ അദ്ദേഹം നിർദ്ദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വേദവായനക്കുറിപ്പും നടപടിക്രമവും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരവും (മുളന്തുരുത്തി കാനോൻ) അനുവാദപ്രകാരവും മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടത് ഇക്കാലത്താണ്. വി. കുർബാനയുടെ പ്രുമിയോൻ - സെദ്റാകൾ, കന്തീലാ, കഹനൈത്താ, കൂദാശക്രമങ്ങൾ, ആണ്ടു തക്സാ എന്നീ ആരധനക്രമങ്ങളുടെ ഗദ്യവിവർത്തനങ്ങൾ ഭാഷയിൽ തയാറാക്കപ്പെട്ടത് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ്. ഈ വിവർത്തനങ്ങളിലെ ഭാഷ സംസ്കൃതത്തിന്റെയോ തമിഴിന്റെയോ സുറിയാനിയുടെയോ ചുവയില്ലാത്ത ശുദ്ധ മലയാളമാണ്. സ്ലീബാ, സാത്താൻ, ആകൽക്കറുസാ, കൂദാശ, ഏവൻഗേലിയോൻ തുടങ്ങി സുറിയാനി ഭാഷയിലെ തത്സമവും തത്ഭവവും ആയ പദങ്ങളെക്കൊണ്ട് മലയാള ഭാഷാ പദാവലി സംഘാതത്തെ സമ്പന്നവും സമ്പുഷ്ടവുമാക്കാൻ ഈ വിവർത്തനങ്ങൾ വലിയൊരളവിൽ സഹായിച്ചു. മറ്റു മതങ്ങളെല്ലാം തന്നെ അവരവരുടെ മതസാഹിത്യവും ആരാധനാ സാഹിത്യവും പ്രാദേശിക ഭാഷയിലാക്കുവാൻ പുലിക്കോട്ടിൽ മെത്രാച്ചന്റെ ഭാഷാസ്നേഹപരമായ ഈദൃശ സംരംഭങ്ങൾ പ്രേരണയും പ്രചോദനവും നൽകി.

അദ്ദേഹം ആരംഭിച്ച് നടത്തിയ പത്രമാസികകൾ ആണ് അദ്ദേഹത്തിന്റെ ഭാഷാഭിമാനത്തിന്റെ മറ്റൊരു മുഖം. അതീവ ശുഷ്ക്കമായിരുന്ന അക്കാലത്തെ പത്രപ്രവർത്തനരംഗം. ഒരു മതമേലദ്ധ്യക്ഷന്റെ പ്രവർത്തനമേഖല ആത്മീയം മാത്രമെന്ന് ധരിച്ചുവശായ ഒരു സമുദായത്തിന്റെ തലവൻ മാതൃഭാഷാ വിജൃംഭിതനായി കേരളപതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ പത്രമാസികകൾ ആരംഭിച്ച് നടത്തി. കേരളപതാക ദേശീയ നവോത്ഥാന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ലേഖനങ്ങളും വാർത്തകളും പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചു. ഉത്പതിഷ്ണുക്കളായ എഴുത്തുകാരുടെ രചനകൾ അതിലൂടെ വെളിച്ചം കണ്ടു. നവോത്ഥാനത്തിന്റെ വൈദേശിക മാതൃകകളെയും സംരംഭങ്ങളെയും കേരള

പതാക മലയാളിക്ക് പരിചയപ്പെടുത്തി. 1872 ചിങ്ങം 1 മുതൽ മാസത്തിൽ രണ്ടു തവണയായി പ്രസിദ്ധം ചെയ്തുപോന്ന കേരള പതാക മുഖേന യാണ് നവോത്ഥാനത്തെ യാഥാർത്ഥ്യമാക്കുന്ന ആശയ കുസുമങ്ങൾ പുലി ക്കോട്ടിൽ മെത്രാച്ചൻ സാംസ്കാരിക കേരളത്തിലെ ശ്രോതാക്കളുടെ മുമ്പിൽ സമർപ്പിച്ചത്. സ്വന്തമായൊരാസ്ഥാനം പോലും ഇല്ലാതിരുന്ന അക്കാലത്ത് കുന്നംകുളത്തുകാരൻ പനയ്ക്കൽ ഐപ്പൂരു മുതലാളിയുടെ പണ്ടകശാലയാണ് കൊച്ചിയിൽ കേരള പതാകയുടെ ആഫീസ് ആയി പ്രവർത്തിച്ചത്.

## ഇടവക പത്രിക

ഇടവക പത്രിക തികച്ചും സഭാപരമായ ദൗത്യമാണ് നിർവഹിച്ചിരുന്ന ത്. മറ്റ് സഭകൾ – മുഖ്യമായും ആംഗ്ലിക്കൻ മിഷണറി സഭകൾ – അവരുടെ മാധ്യമങ്ങൾ മുഖേന മലങ്കരസഭയുടെ വിശ്വാസപാരമ്പര്യങ്ങളടങ്ങിയ സംസ്കാരത്തെ വിമർശിച്ച് എഴുതിയ ലേഖനങ്ങൾക്ക് ചുട്ടമറുപടി നൽകു വാനാണ് ഇടവകപത്രിക സഫലമായി യത്നിച്ചത്. സഭയുടെ നിലപാടുക ളെയും കാഴ്ചപ്പാടുകളെയും ആഴത്തിലും വ്യാപ്തിയിലും വ്യാഖ്യാനിക്കു വാൻ ഇടവകപത്രിക ശ്രദ്ധിച്ചു. ഇടവകകളുടെ ഏകീകരണം, ഭരണ – അനുഷ്ഠാന സംബന്ധമായി ഇടവകകൾ അനുവർത്തിക്കേണ്ട കാര്യങ്ങൾ, വിശ്വാസ ചർച്ചകൾ, ചരിത്ര സംവാദങ്ങൾ എന്നിവകൾക്ക് പത്രിക വേദിയൊരുക്കി. വാർത്തകളിലൂടെ ഇടവകകൾ തമ്മിലും അദ്ധ്യക്ഷന്മാരും ഇടവകകളും തമ്മിലും ആരോഗ്യകരമായ ബന്ധങ്ങൾ വളർത്തിയെടുക്കു വാൻ പത്രിക ശ്രദ്ധിച്ചു. പത്രിക മലങ്കരസഭയെ കെട്ടുറപ്പുള്ള ഒരു കുടുംബ സങ്കല്പത്തിലേക്ക് വളർത്തി. മലങ്കര അസോസ്യേഷന്റെയും കമ്മിറ്റിയുടെ യും രൂപീകരണം, നവീകരണക്കാരുമായുള്ള വ്യവഹാരം, പാത്രിയർക്കീസി ന്റെ സന്ദർശനങ്ങളും ചെയ്തികളും, ബാവാ വിദേശത്തുനിന്ന് അയച്ച കല്പനകളുടെ പരിഭാഷകൾ, മെത്രാപ്പോലീത്താമാരുടെ ഇടവക സന്ദ ർശനം, ഇടവകകളിലെ വിദ്യാലയ സ്ഥാപനം തുടങ്ങി വിജ്ഞാനപ്രദവും കൗതുകകരവും ഉത്കണ്ഠാജനകവും ആയ വാർത്തകളും വിലയിരുത്ത ലുകളും വീക്ഷണങ്ങളും പേറിയാണ് ഇടവകപത്രികയുടെ ഓരോ ലക്കവും പുറപ്പെട്ടിരുന്നത്. കണ്ടത്തിൽ വർഗീസ് മാപ്പിള, എം. പി. വർക്കി, കൊട്ടാരത്തിൽ ശങ്കുണ്ണി, ഇ. എം. ഫിലിപ്പ്, ഇടവഴിക്കൽ വലിയ ഫീലി പ്പോസച്ചൻ, ഇടവഴിക്കൽ പീലിപ്പോസ് കോറെപ്പിസ്കോപ്പാ, കുറിയൻ റൈട്ടർ തുടങ്ങിയ എഴുത്തുകാരെ വളർത്തിയെടുക്കുന്നതിലും വട്ടശ്ശേ രിൽ ഗീവറുഗീസ് മല്പാൻ, കോനാട്ട് മാത്തൻ മല്പാൻ, ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് മല്പാൻ ഇവരെ ആഘോഷപൂർവം പരിചയപ്പെ ടുത്തുന്നതിലും ഇടവകപത്രിക വിജയിച്ചു.

സുറിയാനി സുവിശേഷകന്റെ ശൈലി വ്യത്യസ്തമായിരുന്നു. ബൈബിളിന്റെ സുവിശേഷ ദൗത്യനിർവഹണത്തിനാണ് ഈ മാസിക പ്രാധാന്യം നൽകിയത്. ജാത്യാചാരങ്ങൾ, വിവാഹ സങ്കല്പങ്ങൾ, അന്ധവിശ്വാസങ്ങൾ തുടങ്ങി സമകാലിക സാമൂഹിക വിഷയങ്ങളെ ബൈബിൾ ദർശനത്തിന്റെ കാഴ്ചപ്പാടിൽ നവീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യാനാണീ മാസിക ശ്രദ്ധിച്ചത്. ഇടവകപത്രിക രണ്ടാഴ്ചയിലൊരിക്കലും സുറിയാനി സുവിശേഷകൻ മാസത്തിലൊരിക്കലുമാണ് പ്രസിദ്ധീകരിച്ചിരുന്നത്. അയിത്തം, വർണ്ണാശ്രമധർമ്മങ്ങൾ, ബ്രാഹ്മണ മേധാവിത്വം, സ്ത്രീകളോടുള്ള അവഗണന, മരുമക്കത്തായം, ബഹുഭാര്യത്വം, ബഹു ഭർതൃത്വം, ദുർദ്ദേവതാരാധന, വിഗ്രഹാരാധന, ശൈശവ വിവാഹം, ആർഭാടപൂർണ്ണവും അർത്ഥരഹിതവുമായ ആഘോഷങ്ങളെ നിയന്ത്രിച്ചിരുന്ന അന്ധവിശ്വാസങ്ങൾ തുടങ്ങിയ പ്രശ്നങ്ങളിൽ ബൈബിളിന്റെ കാഴ്ചപ്പാടും മാർഗ്ഗദർശനവും വെളിപ്പെടുത്തുന്ന 'സുവിശേഷകന്റെ' ശബ്ദം സാംസ്കാരിക കേരളത്തിന് വലിയൊരാവേശമായി. ശുദ്ധീകരിക്കുക അല്ലെങ്കിൽ നശിക്കുക എന്ന മുദ്രാവാക്യം കേരളീയ സമുദായങ്ങളിൽ സാർവത്രികമായി. 'മാറ്റുവിൻ ചട്ടങ്ങളെ സ്വയം, അല്ലെങ്കിൽ മാറ്റും അതുകളീ നിങ്ങളെത്താൻ' എന്ന വിരൽചൂണ്ടലിന്റെ ശബ്ദം അവശ സമുദായങ്ങളിൽ സാർവത്രികമായി അനുരണനങ്ങൾ സൃഷ്ടിച്ചു. ഈഴവ – നായർ – നമ്പൂതിരി – മുസ്ലീം സമുദായങ്ങൾ ആഭ്യന്തര പരിശോധനയ്ക്കും ശുദ്ധീകരണത്തിനും സംഘടിതമായ യത്നം ആരംഭിച്ചത് ഇക്കാലത്താണ്. കേരളത്തിലെ രണ്ടാമത്തെ സാമുദായിക സംഘടനയായ ശ്രീനാരായണ ധർമ്മ പരിപാലന സംഘം രൂപവത്ക്കരിക്കപ്പെടുന്നത് 1902–ലാണ് എന്നോർക്കുക. ചെറുശ്ശേരി ചാത്തു നായർ, ജോസഫ് ഫെൻ എന്ന പേരിൽ ക്രിസ്തുമതം സ്വീകരിച്ചതും 'അജ്ഞാന കുഠാരം' എന്ന വിമർശകാവ്യം രചിച്ചതും ഇക്കാലത്തു തന്നെ. സമുദായ പരിഷ്കാരം അനിവാര്യമാക്കുന്ന 'ഇന്ദുലേഖ' എന്ന നോവലിന്റെ തിരപ്പുറപ്പാടും പതിതസംസ്കാരത്തെ ബിംബകല്പനയിലൂടെ കരളലിയിക്കുംവിധം ആഖ്യാനം ചെയ്ത 'വീണപൂവി'ന്റെ അവതാരവും വ്യക്തമാക്കുന്നത് മറ്റൊന്നല്ല. 'ദൈവം സ്നേഹമാകുന്നു' എന്ന ബൈബിൾ ദർശനമാണ് കേരളത്തിലെ എല്ലാ സമുദായങ്ങളിലും നാളിതുവരെ നടത്തിയിട്ടുള്ള നവോത്ഥാനയത്നങ്ങളുടെ അടിസ്ഥാനബീജം. നാരായണഗുരു, സഹോദരൻ അയ്യപ്പൻ, വാഗ്ഭടാനന്ദൻ തുടങ്ങി കേരളം കണ്ട നവോത്ഥാന നായകരെല്ലാം ബൈബിൾ അനാവരണം ചെയ്യുന്ന സ്നേഹദർശനത്തിന്റെ അടിത്തറയിൽ സ്വസമുദായങ്ങളിലെ കാര്യങ്ങളെ വ്യാഖ്യാനിക്കുകയും പുനഃസംവിധാനം ചെയ്യുകയും ചെയ്തതോടെയാണ് കേരള നവോത്ഥാനം ഒരു വൻ പ്രസ്ഥാനമായി വികസിച്ചത്. സുറിയാനി സുവിശേഷകനാണ് ഈദൃശ ചിന്തകളും സന്ദേശങ്ങളും ദർശനങ്ങളും സാംസ്കാരിക കേരളത്തിലെ ജനസാമാന്യത്തിന്റെ

മുമ്പിൽ ശക്തമായി അവതരിപ്പിച്ച മുഖ്യ പത്രം. കൊച്ചിയിൽനിന്നും കോട്ടയത്തുനിന്നും പുറപ്പെട്ട ഈ പ്രസിദ്ധീകരണങ്ങളിലൂടെ പ്രത്യക്ഷമായും പരോക്ഷമായും അവയുടെ സ്ഥാപകൻ പുലിക്കോട്ടിൽ മെത്രാപ്പോലീത്താ സാധിച്ചത് മലയാള ഭാഷയുടെ ശാക്തീകരണവും എഴുത്തുകാരുടെ വളർച്ചയും തന്മൂലമുള്ള സാഹിത്യ പുരോഗതിയും ആയിരുന്നു.

## 4. അച്ചടി സ്ഥാപനങ്ങൾ

ഹൃദയത്തിൽ ആശയങ്ങളുടെ തീച്ചൂളയും പേറി നടക്കുന്നവർക്ക് ആശയ പ്രകാശന മാധ്യമത്തിന്റെ അനിവാര്യത അനുഭവപ്പെടും. പുലിക്കോട്ടിൽ മെത്രാച്ചൻ ആശയങ്ങൾ ചീറ്റുന്ന പ്രവാചക സ്രോതസ്സായിരുന്നു. അച്ചടിയുടെ സാധ്യത മറ്റാരെയുംകാൾ മുമ്പ് അദ്ദേഹം ഗ്രഹിച്ചു. അച്ചടിശാലകൾ സ്ഥാപിക്കുന്നത് തന്റെ മുഖ്യ ദൗത്യങ്ങളിലൊന്നായി അദ്ദേഹം വരിച്ചു. തങ്ങൾക്കുപയോഗിക്കാനുള്ള തക്സാക്രമങ്ങൾ പകർത്തി എഴുതുവാനാണ് വൈദിക പരിശീലനത്തിന്റെ സിംഹഭാഗവും വൈദികവിദ്യാർത്ഥികൾ ചെലവഴിച്ചിരുന്നത്. തലമുറകൾ കഴിയുംതോറും കൈയെഴുത്തു പകർപ്പുകളിൽ വൈകല്യങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നു. ഉല്പതിഷ്ണുവായ ഇദ്ദേഹം വൈദികനായിരിക്കുമ്പോൾ തന്നെ തലശ്ശേരിയിലെ മിഷണറിമാരിൽ നിന്ന് ഒരു കല്ലച്ച് പ്രസ് വിലയ്ക്കു വാങ്ങി കുന്നംകുളത്ത് സ്ഥാപിച്ചു.

പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് എന്ന പേരിൽ 1850 കളിൽ സ്ഥാപിച്ച ഈ പ്രസിൽ നിന്ന് കുർബാന തക്സാ, മാമ്മൂദീസാ – വിവാഹ കൂദാശ ക്രമങ്ങൾ എന്നിവയുടെ സുറിയാനിരൂപങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചു. ഇന്ത്യയിലാദ്യമായി സുറിയാനിഭാഷ അച്ചടിയിലേക്ക് പ്രവേശിക്കുന്നത് ഈ കല്ലച്ച് പ്രസിലാണ് (ഇവിടെ അച്ചടിച്ച മേല്പറഞ്ഞ ഗ്രന്ഥങ്ങൾ ഇതെഴുതുന്ന ആളുടെ ഗ്രന്ഥശേഖരത്തിലുണ്ട്). 1850 കളുടെ ആദ്യവർഷങ്ങളിൽ ആരംഭിച്ച ഈ കല്ലച്ച് പ്രസിൽ നിന്ന് ക്രമേണ മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള പുസ്തകങ്ങളും അച്ചടിച്ചു തുടങ്ങി. പ്രസ്സുകളുടെ നാട് എന്ന് പില്ക്കാല പ്രസിദ്ധി നേടിയ കുന്നംകുളത്ത് ആദ്യം അച്ചടി ആരംഭിച്ചത് സുറിയാനിസഭയുടെ നേതാവായ പുലിക്കോട്ടിൽ ജോസഫ് (ഇട്ടൂപ്പ്) കത്തനാർ ആണ്. മെത്രാപ്പോലീത്താ ആയതിന് ശേഷം പ്രവർത്തനരംഗം കൊച്ചിയിലേക്ക് മാറിയപ്പോൾ പ്രസ് കൊച്ചിയിലെ പനയ്ക്കൽ മുതലാളിയുടെ പണ്ടകശാലയിൽ സെന്റ് തോമസ് അച്ചുകൂടം എന്ന പേരിൽ പ്രവർത്തിച്ചു തുടങ്ങി. കല്ലച്ചുപ്രസ് പിന്നീട് പരുമലയിൽ സെമിനാരി സ്ഥാപിച്ചപ്പോൾ അവിടേക്ക് മാറ്റി. കൊച്ചിയിൽ വച്ച് സെന്റ് തോമസ് പ്രസിൽ നിന്നാണ് കേരള പതാക, ഇടവക പത്രിക എന്നീ പത്രങ്ങളുടെ പ്രസിദ്ധീകരണം ആരംഭിച്ചത്. നമസ്കാരക്രമം തുടങ്ങിയ ആരാധനക്രമങ്ങൾക്ക് പുറമെ ഇടവഴിക്കൽ പീലിപ്പോസ് കത്തനാരുടെ സഭാ

പഞ്ചാംഗം, വിശ്വാസപരമായ ലഘുഗ്രന്ഥങ്ങൾ തുടങ്ങിയവയും മലയാളം, സുറിയാനി ഇംഗ്ലീഷ്, തമിഴ് ഭാഷകളിലെ ഗ്രന്ഥങ്ങളും അച്ചടിക്കാൻ ഈ പ്രസിൽ സൗകര്യമുണ്ടായിരുന്നു. സെമിനാരി കേസിന് ശേഷം 1889 മുതൽ കോട്ടയത്തുനിന്ന് സർക്കുലറുകളും മലയാളത്തിലും സുറിയാനിയിലുമുള്ള പള്ളിക്രമങ്ങളും ഇടവകപത്രിക, സുറിയാനി സുവിശേഷകൻ തുടങ്ങിയ പത്രമാസികകളും അച്ചടിച്ചു വന്നു. കേരളത്തിന്റെ അഭിമാനമായ എഴുത്തച്ഛൻ കൃതികളും കൃഷ്ണഗാഥയും തുള്ളൽ കൃതികളും അച്ചടിയിലേക്ക് വരുന്നതിന് എത്രയോ ദശകങ്ങൾക്കു മുമ്പ് ഈ നവോത്ഥാന നായകൻ തന്റെ സമുദായാംഗങ്ങളുടെ സഭാജീവിതത്തെ ഉന്മേഷപ്പെടുത്തുമാറ് അച്ചടിശാലകളിലൂടെ ആവശ്യമായ ഗ്രന്ഥങ്ങൾ അച്ചടിച്ച് വിതരണം ചെയ്തതിലെ ഭാവനാപ്രപഞ്ച വിസ്തൃതി അനുപമം തന്നെ.

### 5. അധഃകൃതോദ്ധാരണം

മലങ്കരസഭയ്ക്ക് മിഷൻ പ്രവർത്തനം സംഘടിതമായ രൂപത്തിൽ ആദ്യമുണ്ടാവുന്നത് പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ പ്രവർത്തനത്തിലാണ്. മതപരിവർത്തനം ലക്ഷ്യം വച്ചിരുന്നില്ലെങ്കിലും അനേകം പേരുടെ മതപരിവർത്തനത്തെ സാദ്ധ്യമാക്കിയ അന്തരീക്ഷം അന്നുണ്ടായി. താൻ സ്ഥാപിച്ച 250 ലേറെ പ്രാഥമിക വിദ്യാലയങ്ങളിൽ അധഃകൃത സമുദായങ്ങൾക്ക് പ്രവേശനം നൽകലായിരുന്നു അദ്ദേഹത്തിന്റെ ഈ ദിശയിലുള്ള പ്രധാന പ്രവർത്തനം. കുലീനതയിലും ഒട്ടൊക്കെ സവർണ്ണതയിലും അഭിരമിച്ചിരുന്ന സുറിയാനി ക്രിസ്ത്യാനികൾക്ക് മെത്രാപ്പോലീത്തായുടെ ഈ പ്രവർത്തനം ഹിതകരമായിരുന്നില്ല. 'പുലയന് ആത്മാവുണ്ടോ?' എന്നു ചോദിക്കുന്ന (ഘാതകവധം എന്ന നോവലിലെ സുറിയാനി ക്രിസ്ത്യാനിയായ ഒരു കഥാപാത്രത്തിന്റെ ചോദ്യം) കുലീനതയുടെ അഹന്തയിൽ ക്രിസ്തീയത മരവിച്ചുപോയ ഒരു സമുദായത്തെ തന്റെ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അദ്ദേഹം ക്രമേണ വിജയിക്കുക തന്നെ ചെയ്തു. കുഷ്ഠരോഗികളെപ്പോലെ പരിഷ്കൃത സമുദായങ്ങൾ അയിത്തം കല്പിച്ച് അകറ്റിനിർത്തിയിരുന്ന അവർണ്ണസമുദായങ്ങളെ 'എനിക്ക് മനസ്സുണ്ട്. നീ ശുദ്ധമാക' എന്ന് കല്പിച്ച യേശുവിന്റെ സാന്നിദ്ധ്യം അനുഭവപ്പെടുത്തിക്കൊണ്ട് സ്നേഹിക്കുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ആകർഷിക്കുകയും ചെയ്തു. സെക്കുലർ വിദ്യാലയങ്ങളിൽ മാത്രമല്ല സണ്ടേസ്കൂളുകളിലും അവർക്കു പ്രവേശനം അനുവദിക്കുകയും ശുചിത്വം, ദൈവസ്നേഹം, മനുഷ്യസാഹോദര്യം എന്നീ മൂല്യങ്ങളുടെ വെളിച്ചം അവർക്ക് പകർന്നുകൊടുക്കുകയും ചെയ്തു. വസ്ത്രധാരണ സമ്പ്രദായം കുടുംബസങ്കല്പങ്ങൾ എന്നീ രംഗങ്ങളിൽ അധഃകൃത സമുദായങ്ങളിലുണ്ടായ പ്രബുദ്ധത മേലാളന്മാരെ വിറളി പിടിപ്പിച്ചതിന്റെ ഉദാഹരണങ്ങൾ മേൽമുണ്ട് കലാപത്തിലും ചാന്നാർ കലാപത്തിലും ദൃശ്യമാണ്. വെട്ടി

ക്കൽ, പരുമല, കുന്നംകുളം എന്നീ പ്രാചീന സുറിയാനി ക്രിസ്ത്യാനി കേന്ദ്രങ്ങളിൽ അവരുടെ മേൽനോട്ടത്തിൽ അവർണ്ണരെ ഉദ്ധരിക്കുവാനായി അക്ഷരഭ്യാസ കേന്ദ്രങ്ങളും ശുചിത്വ പരിശീലന പ്രബോധനങ്ങളും നടത്തിയിരുന്നു. അഖില മലങ്കരാടിസ്ഥാനത്തിൽ വൈദികസംഘടന അദ്ദേഹം രൂപവത്ക്കരിച്ചപ്പോൾ പ്രത്യേക വൈദഗ്ദ്ധ്യവും പരിശീലനവും ലഭിച്ച വൈദികരെ മിഷൻ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ അദ്ദേഹം മറന്നില്ല. ഇപ്രകാരം അവർണ്ണ സമുദായങ്ങളിൽ രണ്ടുതരം പ്രതികരണങ്ങൾ ഉളവാക്കി. ക്രൈസ്തവ സഭയിലേയ്ക്കുള്ള മതപരിവർത്തനമായിരുന്നു ഒരു പ്രതികരണം. പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ ഭരണത്തിൽ നൂറിലേറെ പുതിയ ദേവാലയങ്ങൾ ആവിർഭവിച്ചതിന്റെ പിന്നിൽ ഈ മതപരിവർത്തനം മൂലം സംഭവിച്ച സഭാവികസനം ഉണ്ടായിരുന്നു. അദ്ദേഹം ഒരു വിജാതീയ മിഷൻ സംഘടിപ്പിച്ചു. വിദേശ സഭകൾക്ക് പങ്കാളിത്തമില്ലാതെ ഭാരതത്തിന്റെ മണ്ണിൽ പിറന്ന ആദ്യത്തെ മിഷൻ സംഘടന ഇതാണ്. അവർണ്ണരെ 'മനുഷ്യരാക്കാ'നുള്ള ആഹ്വാനങ്ങൾ അദ്ദേഹത്തിന്റെ സർക്കുലറുകളിൽ കാണാമായിരുന്നു. ഈ ആഹ്വാനങ്ങളിൽ ആകൃഷ്ടനായി ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് വിജാതീയ മിഷന്റെ പ്രസ്ഥാനത്തെ വിപുലമാക്കി. സുറിയാനിക്കാരുടെ ജാത്യാഭിമാനത്തോട് കലഹിച്ച് ചിലപ്പോഴെല്ലാം പരിവർത്തിത സഭാംഗങ്ങൾക്കു വേണ്ടി പ്രത്യേക പള്ളികൾ ഏർപ്പെടുത്തുവാൻ പോലും ഈ രണ്ട് മെത്രാച്ചന്മാർ തയാറായി. ഈ നേതൃത്വത്തിൽനിന്ന് ലഭിച്ച അർപ്പണബോധവും പരിശീലനവുമാണ് പില്ക്കാലത്തെ മിഷണറിപ്രസ്ഥാനമായ സ്ലീബാദാസ സമൂഹ സ്ഥാപനത്തിൽ എത്തിച്ചേർന്നത്.

### 6. ജനകീയ ശൈലിയും സുതാര്യതയും

വൈദിക സ്വേച്ഛാധിപത്യം ഹിന്ദുമതത്തെ മലിനമാക്കുന്നതും കത്തോലിക്കാസഭയെ അക്രൈസ്തവമാക്കുന്നതും സൂക്ഷ്മമായി വിലയിരുത്തിയ പുലിക്കോട്ടിൽ മെത്രാച്ചന്റെ സുചിന്തിതമായ സംഭാവനയാണ് എപ്പിസ്കോപ്പസിയും ജനാധിപത്യവും സംയോജിപ്പിച്ച നവീന ഭരണശൈലി. അതുവരെയും സഭാഭരണം മെത്രാനിൽ മാത്രം അധിഷ്ഠിതമായിരുന്നു. 1873-ലെ പരുമല സമ്മേളനത്തിൽ ഈ ഏകാധിപത്യ പ്രവണതയെ 'മെത്രാന്മാരുടെ ഏകനായകശക്തി' എന്ന് വിശേഷിപ്പിച്ച് അതിന് അറുതി വരുത്തണമെന്ന് ആവേശപൂർവ്വം വാദിക്കുന്നുണ്ട്. അങ്ങനെയാണ് സഭയിൽ ആദ്യമായി നിർവചിക്കപ്പെട്ട അധികാരങ്ങളോടുകൂടിയ ഒരു പൊതു സമുദായവേദിയായി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനും അതിന്റെ കർമ്മസമിതിയായി മാനേജിംഗ് കമ്മിറ്റിയും പിറന്നുവീണത്. ഈ ജനാധിപത്യ സംഘടനകളുടെ പിതാവ് പുലിക്കോട്ടിൽ മെത്രാപ്പോലീത്താ ആണ്. പൊതുസഭയുടെ ഭരണത്തിൽ മെത്രാൻ, വൈദികർ,

അത്മായർ എന്നീ മൂന്ന് വിഭാഗങ്ങൾക്കും പങ്കാളിത്തം അനുവദിക്കുന്ന ഭരണസംവിധാനമാണ് അദ്ദേഹം ആവിഷ്കരിച്ചത്. മെത്രാൻ ട്രസ്റ്റി, വൈദികട്രസ്റ്റി, അത്മായട്രസ്റ്റി എന്നിങ്ങനെ ത്രിതല കൈക്കാരന്മാർ പൊതുസഭാതലത്തിൽ അദ്ദേഹത്തിന് മുമ്പും പിമ്പും ഉണ്ടെങ്കിലും ഈ മൂന്ന് വിഭാഗത്തെയും അർഹമായ പങ്കാളിത്തം നൽകി സഭാഭരണം നിർവഹിച്ച മലങ്കര മെത്രാപ്പോലീത്തന്മാർ അദ്ദേഹത്തിനു മുമ്പോ പിമ്പോ ഉണ്ടായിട്ടില്ല. മലങ്കരസഭയുടെ സ്വത്തുക്കൾ പങ്കുവച്ച് പിരിഞ്ഞ കൊച്ചിൻ അവാർഡ് ഈ മൂന്ന് ട്രസ്റ്റി സ്ഥാനങ്ങൾ നടപ്പിൽ വരുത്തിയെങ്കിലും അത് വേണ്ടതുപോലെ പ്രാവർത്തികമായില്ല. പിന്നീട് പലപ്പോഴും വട്ടിപ്പണപ്പലിശ വാങ്ങുവാൻ ഒപ്പിടുക മാത്രമായി ഈ ട്രസ്റ്റിമാരുടെ ചുമതല. പില്ക്കാലത്ത് സഭാസ്വത്ത് പല ഷെഡ്യൂളുകൾ ആയി തിരിച്ച് പുരാതന സ്വത്തുക്കളുടെ മാത്രം ചുമതലക്കാരായി കൂട്ടുട്രസ്റ്റികളുടെ അധികാര പരിധി പരിമിതപ്പെടുത്തി. പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ കാലത്താകട്ടെ സഭയുടെ പൊതുകാര്യങ്ങളിലെല്ലാം കൂട്ടുട്രസ്റ്റിമാർ പങ്കാളികളും കൈകാര്യകർത്താക്കളുമായിരുന്നു. അവർ തമ്മിലുള്ള പരസ്പര ധാരണ അസൂയാവഹമായിരുന്നു. സുതാര്യതയുടെ സുവർണ്ണദശയായിരുന്നു ആ കാലഘട്ടം. ഇടവകപത്രികയിൽ സുതാര്യമായ ചർച്ചയിലൂടെ പൊതുജനാഭിപ്രായം അറിയാനും സംഘടിപ്പിക്കുവാനും അദ്ദേഹം ജാഗ്രത പുലർത്തി. സഭാഭരണത്തിൽ വികേന്ദ്രീകരണത്തെ അക്ഷരത്തിലും ആത്മാവിലും അദ്ദേഹം പ്രയോജനപ്പെടുത്തി. ഏകാധിപത്യപ്രവണത രാജഭരണ രംഗത്തും, പൗരോഹിത്യ പ്രവണത സഹോദര മത - സഭാ വിഭാഗങ്ങളിലും അത്മായാധിപത്യം നവീകരണസഭകളിലും കൊടികുത്തി വാഴുന്ന ഒരു കാലത്ത് സഭയിലെ എല്ലാ വിഭാഗങ്ങൾക്കും പങ്കാളിത്തബോധം ഉറപ്പുവരുത്തുന്ന ജനകീയ എപ്പിസ്കോപ്പൽ ഭരണത്തിന്റെ സമ്മിശ്ര ശൈലി അദ്ദേഹം ആവിഷ്കരിച്ചു. എപ്പിസ്കോപ്പൽ ഭരണസംവിധാനത്തിന്റെ പ്രലോഭനങ്ങളും സമ്മർദ്ദങ്ങളും അതിജീവിച്ചാണ് അദ്ദേഹം ഈ വിചിത്ര ശൈലി ആവിഷ്കരിച്ചത്. ഭാരതത്തിൽ ജനാധിപത്യയുഗം പുലരുന്നതിന് ഒട്ടുവളരെ മുമ്പ് മലങ്കരസഭയിൽ ജനാധിപത്യയുഗത്തിന്റെ പ്രഭാതം പൊട്ടിവിരിഞ്ഞതങ്ങനെയാണ്.

മെത്രാപ്പോലീത്തായുടെ പ്രവർത്തന ഡയറി ആണ്ടിലൊരിക്കൽ സമുദായത്തിന്റെ മുഴുവൻ പ്രാതിനിധ്യമുള്ള പൂർണ്ണ സുന്നഹദോസിന്റെ - മാനേജിംഗ് കമ്മിറ്റിയുടെ മുമ്പിൽ സമർപ്പിക്കുവാൻ അദ്ദേഹം മുളന്തുരുത്തി കാനോനാകളിൽ വ്യവസ്ഥ ചെയ്തു. പരസ്പരം അതിക്രമിച്ച് കടക്കാനാവാത്തവിധം സ്ഥാനികളുടെയും സമിതികളുടെയും അവകാശ കർത്തവ്യപരിധികളെ നിർവചിക്കുവാൻ ആവശ്യമായ നടപടിചട്ടങ്ങൾക്ക് അദ്ദേഹം രൂപംനൽകി. അദ്ദേഹം തയാറാക്കിയ നിയമാവലികൾ പൊതുസഭയുടെ ഏകകണ്ഠമായ വികാരമാകയാലും അവയിൽ എല്ലാ വിഭാഗ

ങ്ങൾക്കും അർഹമായ പങ്കാളിത്തം അനുവദിക്കുന്നതിനാലും അവയോട് ആരും ഒരിക്കലും വിയോജിച്ചിരുന്നില്ല. പരുമല സമ്മേളന നിശ്ചയങ്ങ ളിലോ മുളന്തുരുത്തി കാനോനാകളിലോ എപ്പിസ്കോപ്പൽ താല്പര്യങ്ങളെ പിന്താങ്ങുന്നതോ വൈദിക - അത്മായ താല്പര്യങ്ങളെ നിഷേധിക്കു ന്നതോ ആയ സമീപനങ്ങൾ ഉണ്ടായിരുന്നില്ല. ഏതു വിപത്തിലും, പാത്രി യർക്കീസ് മുടക്കിയപ്പോൾ പോലും ഒരു ചെറിയ അപസ്വരം പോലുമി ല്ലാതെ സഭ ഒന്നടങ്കം പുലിക്കോട്ടിൽ മെത്രാപ്പോലീത്തായെ സർവ്വാത്മനാ പിന്തുണച്ചത് അദ്ദേഹത്തിന്റെ ഭരണശൈലിയ്ക്ക് ലഭിച്ച അംഗീകാരമായി വേണം കാണുവാൻ. യാതൊരു പൂർവമാതൃകയും അദ്ദേഹത്തിന്റെ മുമ്പി ലില്ലായിരുന്നു. പില്ക്കാലത്ത് ഉണ്ടായ സർവ ഭരണഘടനകൾക്കും നട പടിചട്ടങ്ങൾക്കും അദ്ദേഹത്തിന്റെ ഭാവനയിൽ വിടർന്ന 'ഘടന'യുടെ ശൈലി മാതൃകയായിത്തീർന്നു.

### 7. ആത്മീയ സംഘടനകളുടെ പ്രോദ്ഘാടകൻ

പാശ്ചാത്യ സഭാഭരണശൈലിയുടെയും നവീകരണ പ്രവണതകളുടെ യും പ്രഹരങ്ങളേറ്റ് താറുമാറായ മലങ്കരസഭയെ ഘട്ടം ഘട്ടമായും ഭാഗം ഭാഗമായും ശാക്തീകരിച്ച് അഭിലഷണീയമായ പുരോഗതിയിലേക്ക് ജനപ ങ്കാളിത്തത്തോടെ നയിക്കുവാൻ ആത്മീയ സംഘടനകളെ സ്ഥാപിച്ച് അവ യുടെ ഗ്രാസ്റൂട്ട് തല പ്രവർത്തനത്തിലൂടെ പുനരുജ്ജീവിപ്പിക്കുവാനും കഴിയുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. ഓരോ ഇടവകയിലും സണ്ടേസ്കൂൾ സ്ഥാപിക്കുവാനും അവയിലൂടെ വേദകഥകളും വിശ്വാസപാഠങ്ങളും വളരു ന്നതലമുറയ്ക്ക് നൽകുവാനും അദ്ദേഹം നിർദ്ദേശിച്ചത് ഫലവത്തായി. വിശ്വാസ പ്രബോധനങ്ങൾക്ക് ചോദ്യോത്തര രീതിയിൽ ലഘുഗ്രന്ഥങ്ങൾ തയാറാക്കി അച്ചടിപ്പിച്ച് അദ്ദേഹം വിതരണം ചെയ്തു. മുഖ്യമായും നവീക രണക്കാർ ഉയർത്തിയ വെല്ലുവിളികളെ നേരിടാൻ സജ്ജമാക്കുംവിധമാണ് ചോദ്യോത്തര ഗ്രന്ഥങ്ങൾ സംവിധാനം ചെയ്തിരുന്നത്. അവയോടൊ പ്പം രണ്ടുനേരമായി ഏഴു യാമങ്ങളിലെ പ്രാർത്ഥനകൾ കുട്ടികളെ കൊണ്ട് ഹൃദിസ്ഥമാക്കിക്കുവാൻ സണ്ടേസ്കൂൾ പഠനത്തിൽ നിഷ്കർഷിച്ചിരുന്നു. വിശ്വാസപരമായ കാര്യങ്ങളിൽ സഭയുടെ നിലപാടുകൾ മലയാള പുസ്ത കങ്ങളിൽ ലഭ്യമായത് ഇക്കാലത്താണ്.

പുലിക്കോട്ടിൽ മെത്രാപ്പോലീത്താ ഭാവനാപൂർവം രൂപവത്ക്കരിച്ച മറ്റൊരു പ്രസ്ഥാനം വൈദികസംഘമാണ്. സഭയിലെ രക്തധമനികളാണ് വൈദികർ എന്നും അവരിലൂടെ ദൈവിക ചിന്തയും ജീവനും പ്രസരിക്കണ മെങ്കിൽ അവരെ കാലോചിതമായി പ്രബോധിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം നിശ്ചയിച്ചു. ആണ്ടുതോറും വൈദികരുടെ മഹാസമ്മേളനങ്ങൾ സഭാതലത്തിൽ നടത്തുവാനും ഗ്രാസുറൂട്ട് തലത്തിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും പ്രശ്ന പരിഹാരങ്ങൾ ആരായുവാനും അദ്ദേഹം ഉദ്യമിച്ചു.

ഇടവകയ്ക്ക് വെളിയിൽ ഭദ്രാസന - പൊതു സഭാതലങ്ങളിൽ വൈദികർക്ക് കർത്തവ്യമുണ്ടെന്നും വൈദികർ സഭയുടെ പൊതുസ്വത്താണ് എന്നുമുള്ള തിരിച്ചറിവിലേക്കുള്ള പ്രയാണത്തിന്റെ ആദ്യനടപടി ആയിരുന്നു ഇത്. 1900 മേടം 1 ന് കടമ്പനാട് പള്ളിയിൽ നിന്നും അയച്ച പൊതു കല്പനയിൽ വൈദികസംഘരൂപീകരണത്തെപ്പറ്റിയുള്ള സ്ഥാപകന്റെ സ്വപ്നങ്ങൾ പ്രകടമാകുന്നുണ്ട്:

"നമ്മുടെ സഭയ്ക്ക് നേരിട്ടുകൊണ്ടിരിക്കുന്ന അന്യോപദ്രവങ്ങളെ തടുക്കുന്നതിനുള്ള ശ്രമത്തിൽ ഒഴിച്ചുകൂടാതെ വന്നുകൂടുന്ന വ്യവഹാരങ്ങളാലും മറ്റും സഭയുടെ ആത്മീയ വളർച്ചയ്ക്ക് ആവശ്യപ്പെട്ട പരിഷ്ക്കാരങ്ങൾ ഒന്നും നടപ്പാക്കുവാനും അതിനായി പരിശ്രമിക്കുവാനും സമയവും സൗകര്യവും കിട്ടാതെ നമ്മുടെ ആയുസ് വൃദ്ധതയെ പ്രാപിച്ചിരിക്കുന്നത് ഓർക്കുമ്പോൾ നമുക്ക് വളരെ വ്യസനം ഉണ്ട്. ... അതിനാൽ നമ്മുടെ സഭയുടെ ഉയർച്ചയ്ക്ക് കാരണഭൂതരായിരിക്കേണ്ട നമ്മുടെ പട്ടക്കാരിൽ ഭക്തിയും വിശ്വാസവും വർദ്ധിപ്പിയ്ക്കുന്നതിനും യോഗ്യന്മാരെ ഇതിലേയ്ക്ക് ആകർഷിപ്പാൻ തക്കവണ്ണം അവരുടെ അന്തസ്സിനെ ഉയർത്തുന്നതിനും അത്യന്തം ആവശ്യമായിരിക്കുന്ന ശ്രമങ്ങളിൽ നാം ഇനിയും മുഴുകാതിരുന്നാൽ നമ്മുടെ സഭ നാമാവശേഷമായിപ്പോകും" (*മാർ ദീവന്നാസ്യോസ് ദ്വിതീയൻ ചരമനവതി സുവനീർ,* തൃശ്ശൂർ, 1999, പു. 95, 96).

മേല്പട്ടക്കാരുടെ ആലോചനാസംഘം, സുവിശേഷ സംഘം എന്നിവയുടെ പ്രവർത്തനത്തിൽ വൈദികർക്ക് പങ്കാളിത്തം നൽകുവാനും അവരുടെ ദർശനവും സഭാസ്നേഹവും പൊതു സഭാതലത്തിൽ പ്രയോജനപ്പെടുത്തുവാനും വൈദികസംഘം മൂലം അവസരമുണ്ടായി.

മാർ ദീവന്നാസ്യോസ് സഭയിലെ ആത്മീയ നവോത്ഥാനത്തിനായി രൂപംകൊടുത്ത മറ്റൊരു പ്രസ്ഥാനമാണ് ദയറാ പ്രസ്ഥാനം. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധംവരെ മലങ്കരസഭയിൽ ദയറാ പ്രസ്ഥാനം രൂപപ്പെട്ടിട്ടില്ലായിരുന്നു. മർദ്ദീൻ യാത്രയിൽ അദ്ദേഹം കണ്ട ദയറാകളും അവയുടെ ചരിത്രങ്ങളും അവ മൂലം സിറിയൻ സഭയ്ക്കും പൊതുസഭയ്ക്കും ഉണ്ടായ നേട്ടങ്ങളും അറിയാനിടയായ നാൾ മുതൽ ഈ പ്രസ്ഥാനം മലങ്കരയിൽ സ്ഥാപിക്കുവാൻ അദ്ദേഹം വെമ്പൽ കൊണ്ടു. മുളന്തുരുത്തി ഇടവകയിലെ വെട്ടിക്കൽ പ്രദേശം അനുയോജ്യമെന്ന് കണ്ടെത്തിയ അദ്ദേഹം ആ സ്ഥലം പള്ളിയിൽനിന്നും എഴുതി വാങ്ങി. ഒരു കുരിശും ചെറിയ കെട്ടിടവും അവിടെ ഉണ്ടായിരുന്നു. അതിനെ അദ്ദേഹം ഒരു ദയറാ ആയി പ്രഖ്യാപിച്ചു. മലങ്കരയിലെ ഒന്നാമത്തെ ആശ്രമം. മുളന്തുരുത്തി ചാത്തുരുത്തിൽ ഗീവറുഗീസ് കോറിയ്ക്ക് 1872 മീനം 26 ന് അദ്ദേഹം ദയറോയൂസോയുടെ സ്ഥാനം കൊടുത്തു; വെട്ടിക്കൽ ദയറായിലെ റീശ് ആയി ചാത്തുരുത്തിൽ റമ്പാനെ നിയമിച്ചു. ക്രമേണ വെട്ടിക്കൽ ദയറാ മലങ്കരയുടെ പുണ്യപുരു

ഷനെ വാർത്തെടുത്ത തപോഭൂമിയും വൈദികപരിശീലനകേന്ദ്രവും ആയി മാറി. ക്രമേണ വെട്ടിക്കൽ ദയറായിലെ റമ്പാന്മാരുടെ എണ്ണം വർദ്ധിച്ചു. 1873 മുതൽ പരുമലയിൽ വൈദിക വിദ്യാഭ്യാസത്തിന് നേതൃത്വം നൽകുവാൻ ചാത്തുരുത്തി റമ്പാച്ചൻ നിയോഗിക്കപ്പെട്ടപ്പോൾ വെട്ടിക്കൽ ദയറായിലെ മൂക്കഞ്ചേരിൽ ഗീവറുഗീസ് റമ്പാൻ റീശ് ദയറോയോ ആയി നിയമിതനായി. പത്രോസ് തൃതീയൻ ബാവാ പട്ടംകൊടുത്ത ആറു മെത്രാന്മാർ നാല്പത് ദിവസം ഉപവസിച്ചത് ഈ ദയറായിലാണ്. പില്ക്കാലത്ത് സഭയിൽ പിറവിയെടുത്ത ബഥനി, പത്തനാപുരം താബോർ, ഓതറ, മൈലപ്ര, പുതുപ്പാടി തുടങ്ങിയ ആശ്രമങ്ങൾ വെട്ടിക്കൽ ദയറായുടെ പ്രവർത്തനത്തിൽ നിന്ന് പ്രചോദനം നേടി രൂപംകൊണ്ടവയാണ്.

മാർ ദീവന്നാസ്യോസിന്റെ നേതൃപാടവത്തിന്റെ ഫലമായി രൂപംകൊണ്ട മറ്റൊരു ആത്മീയ സംഘടനയാണ് വിദ്യാർത്ഥിപ്രസ്ഥാനം. വിദ്യാർത്ഥികളെ സഭയോട് പ്രതിബദ്ധതയുള്ളവരാക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ പ്രതീക്ഷ അസ്ഥാനത്തായില്ല. ഇക്കഴിഞ്ഞ നൂറ്റാണ്ടിൽ സഭയുടെ നേതൃനിരയിൽ വന്ന മിക്ക അത്മായ - വൈദിക - മെത്രാൻസ്ഥാനികളും വിദ്യാർത്ഥി പ്രസ്ഥാനത്തിലെ പ്രവർത്തകരായിരുന്നു. തന്റെ പ്രിയ ശിഷ്യനും പുണ്യചരിതനുമായ പരുമലയിലെ സിദ്ധൻ അവിചാരിതമായി ദിവംഗതനായപ്പോൾ വിദ്യാർത്ഥിപ്രസ്ഥാനത്തിന് ആ പുണ്യവാന്റെ പേർ നൽകുകയും മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനം എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു.

### 8. ജാത്യൈക്യ സംഘം

കൂനൻകുരിശ് സത്യത്തെ തുടർന്ന് മാതൃസഭയിൽ നിന്ന് 1653-ൽ അടർന്നുപോയ കത്തോലിക്കാസഭയെ തിരിച്ചുകൊണ്ടുവരുവാൻ പല മലങ്കര മെത്രാന്മാരും ശ്രമിച്ചിട്ടുണ്ട്. പുലിക്കോട്ടിൽ മെത്രാച്ചനും അക്കാര്യത്തിൽ എളിയ ശ്രമം നടത്തി. സാദ്ധ്യമായ രംഗങ്ങളിൽ സഹകരണം ആരംഭിച്ച് പ്രവർത്തനം കൂടുതൽ മേഖലകളിലേക്കു വ്യാപിപ്പിക്കാമെന്ന പ്രതീക്ഷയിൽ കത്തോലിക്കാ സഭയിലെ നിധിയിരിക്കൽ മണിക്കത്തനാരുമായി സഹകരിച്ച് അദ്ദേഹം ജാത്യൈക്യ സംഘം സ്ഥാപിച്ചു. രണ്ടുപേരുടെയും പേരിൽ വുഡ്ലാൻഡ് ബംഗ്ലാവും സ്ഥലവും വിലയ്ക്കു വാങ്ങി. അതിന്റെ പിന്നിൽ പ്രവർത്തിച്ച എക്യുമെനിക്കൽ വികാരം ആരും വിലയിരുത്തിയിട്ടില്ല. ലോകതലത്തിൽ എക്യുമെനിക്കൽ ആശയങ്ങൾ മുള പൊട്ടുന്നതിന് എത്രയോ മുമ്പ് ഈ കൊച്ചു കേരളത്തിൽ സഭൈക്യ ദാഹവുമായി ഈ പ്രതിഭാശാലി പ്രവർത്തനം ആരംഭിച്ചു. ഇരുനേതാക്കളും കൂടി ഒരു സ്കൂൾ സ്ഥാപിച്ച് കൂടുതൽ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനിടയിൽ റോമ്മാ സുറിയാനിക്കാരും യാക്കോബായ സുറിയാനിക്കാരും യോജിച്ച് പള്ളിക്കൂടം നടത്തിക്കൂടാ എന്ന് പോപ്പിന്റെ ഉത്തരവ്

വന്നു. തൽഫലമായി പള്ളിക്കൂടം നടത്തുന്നതിൽ നിന്ന് മാണിക്കത്ത നാർ പിന്മാറി. അപ്പോൾ സംയുക്തമായി വാങ്ങിയിരുന്ന ഭൂമിയിൽ റോമ്മാ സുറിയാനിക്കാർക്കുള്ള അവകാശത്തെ മാർ ദീവന്നാസ്യോസ് കൊടുത്ത് തീർത്തു. അങ്ങനെ എം. ഡി. സെമിനാരിയും സ്ഥലവും യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ വകയായി തീർന്നു (*മലങ്കര നസ്രാണി കൾ,* വാല്യം 3, പു. 266).

### 9. രാഷ്ട്രീയ രംഗങ്ങളിൽ

തമിഴ് ബ്രാഹ്മണർക്ക് മാത്രം സർക്കാരിലെ ഉയർന്ന തസ്തികകളിൽ നിയമനം ലഭിച്ചിരുന്ന കാലമായിരുന്നു അത്. നികുതിദായകരായ തദ്ദേശീ യരെ അവഗണിക്കുന്നത് അനീതിയാണെന്ന് മെത്രാപ്പോലീത്താ ഇടവകപ ത്രികയിലൂടെ പ്രബോധിപ്പിച്ചു. അങ്ങനെയിരിക്കെ ആയിടെ സിംഹാസനാ രൂഢനായ വിശാഖം തിരുനാൾ മഹാരാജാവ് കോട്ടയം സന്ദർശിച്ചു. സമു ദായത്തിന്റെ വികാരം പ്രതിഫലിപ്പിക്കുന്ന ഒരു മംഗളപത്രം മെത്രാപ്പോലീ ത്താ മഹാരാജാവിന് സമർപ്പിച്ചു. സ്വന്തം കൈപ്പടയിൽ രാജാവ് ഇപ്രകാരം മറുപടി നൽകി: സുറിയാനിസഭയിലെ വൈദികന്മാരും ജനങ്ങളുമേ, നിങ്ങൾ ഇപ്പോൾ നമ്മുടെ മുമ്പാകെ സമർപ്പിച്ച ഇമ്പവും പരമാർത്ഥവും ഉള്ള മംഗളപത്രത്തിൽ നമുക്ക് സംതൃപ്തി ഉളവായിരിക്കുന്നു. നിങ്ങളുടെ സമുദായം പൂർവികകാലം മുതലേ ഉള്ളതും ചരിത്രസംബന്ധമായ സാഹിത്യത്തോടുകൂടിയതുമായ ഒരു സംഘവും തൃപ്തിയുടെയും സമാ ധാനത്തിന്റെയും രാജഭക്തിയുടെയും ഉത്തമ ദൃഷ്ടാന്തവുമാകുന്നു. നിങ്ങ ളുടെ സമുദായം അനുഭവിച്ചുവരുന്ന പദവികൾ ഭേദവും കൂടാതെ നിങ്ങൾക്ക് നിലനിറുത്താമെന്ന് ഉറപ്പിച്ച് കൊൾവിൻ. സർക്കാർ ജീവനം അതിന്റെ മിക്കതുറകളിലും മതവിഷയം ആലോചിക്കാതെ എല്ലാവർക്കും തുറക്കപ്പെട്ടിരിക്കുന്നു. മതവിശ്വാസം ഗൗനിക്കാതെ യോഗ്യതയും ശേഷിയും ഉള്ളവരെ അംഗീകരിക്കുന്നതാകുന്നുവെന്ന് നാം നിങ്ങ ളോടുറപ്പ് പറയുന്നു" (പാറേട്ട്, വാല്യം 3, പു. 299).

മംഗളപത്ര സമർപ്പണം കഴിഞ്ഞ് അഞ്ചാം വർഷത്തിൽ മഹാരാജാവ് നാടു നീങ്ങി. അദ്ദേഹത്തിന്റെ വാഗ്ദാനം വേണ്ടത്ര പ്രയോജനപ്പെടു ത്തുവാൻ സമയം ലഭിച്ചില്ല. അതുകൊണ്ട് മാർ ദീവന്നാസ്യോസിന്റെ രാഷ്ട്രീയ സാമൂഹ്യ യജ്ഞം പൂർണ്ണമായി വിജയിച്ചില്ല. അക്കാലത്ത് തിരു വിതാംകൂർ സർക്കാരിൽ ഉയർന്ന ഉദ്യോഗങ്ങൾ വഹിച്ചിരുന്നത് പ്രധാന മായി പരദേശ ബ്രാഹ്മണരായിരുന്നതുകൊണ്ടും അവർക്ക് സമർത്ഥരായ നാട്ടുകാരോടു അസൂയ തോന്നുക സാധാരണമായിരുന്നതുകൊണ്ടും നസ്രാണികളെയും നായന്മാരെയും ഒഴിച്ചുനിർത്താനുള്ള വിദ്യകൾ അവർ സ്വീകരിച്ചുകൊണ്ടിരുന്നു. പിന്നീട് കേരളീയ സമുദായങ്ങളിൽ താഴ്ന്ന വിഭാഗങ്ങളെ സർക്കാർ ഉദ്യോഗത്തിൽനിന്ന് തള്ളിയപ്പോഴും മലയാളി

കൾക്ക് പൊതുവിൽ സർക്കാർ ഉദ്യോഗസ്ഥാനങ്ങൾ അപ്രാപ്യമായപ്പോഴും ഈ നവോത്ഥാന നായകൻ പ്രതിഷേധശബ്ദവുമായി മുമ്പിലെത്തി.

ആ അനീതിക്കെതിരെ നസ്രാണിയും നായരും നമ്പൂതിരിയും യോജിച്ച് പതിനായിരത്തിഇരുപത്തിഎട്ടുപേർ ഒപ്പിട്ട 'മലയാളി മെമ്മോറിയൽ' 1891 ജനുവരി 1 ന് ശ്രീമൂലം മഹാരാജാവിന് നൽകി. അതിന് മറുപടി ലഭിക്കാതെവന്നപ്പോൾ നാടിന്റെ നാനാഭാഗങ്ങളിലും പ്രതിഷേധയോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടു. തിരുവിതാംകൂറിൽ ഇദംപ്രഥമമായി നടന്ന രാഷ്ട്രീയ പ്രക്ഷോഭത്തെ തിരശ്ശീലയ്ക്കു പിന്നിൽ നിന്നുകൊണ്ടായിരുന്നുവെങ്കിലും നിയന്ത്രിച്ച പ്രധാനന്മാരിൽ ഒരുവൻ മാർ ദീവന്നാസ്യോസ് ആയിരുന്നു. ഒടുവിൽ 1891 ജൂലൈ മാസത്തിൽ മെമ്മോറിയൽകാർക്ക് അനുകൂലമായി മറുപടി ലഭിച്ചു. ജനകീയ ഭരണത്തിലേക്കുള്ള ആദ്യ ചുവടുവയ്പിൽ ഭാഗഭാക്കാകുന്നതിന് തക്ക ദീർഘദൃഷ്ടിയുള്ള ആളായിരുന്നു ജോസഫ് ദീവന്നാസ്യോസ് എന്നാണല്ലോ ഇത് തെളിയിക്കുന്നത് (പാറേട്ട്, വാല്യം 3, പു. 300, 301).

### 10. മഹാജന സഭ

ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച അഭ്യസ്തവിദ്യരുടെ കൈകളിലാണ് കേരളത്തിന്റെ മതപുരോഗതിയും സാമൂഹ്യ പുരോഗതിയും എന്ന് കാലത്തെ വിവേചിച്ചറിഞ്ഞ പ്രത്യുല്പന്നമതിയായ മെത്രാപ്പോലീത്താ സഭയിലെ അഭ്യസ്തവിദ്യർക്കായി മഹാജനസഭ എന്ന ഒരു സംഘടന രൂപവത്ക്കരിച്ചു. മലങ്കരസഭയുടെ മസ്തിഷ്ക്കമായി ഏറെക്കാലം മഹാജനസഭ പ്രവർത്തിച്ചു. 1897 മേടത്തിൽ കോട്ടയം എം. ഡി. സെമിനാരിയിൽ സാമൂഹ്യപരിഷ്കാരത്തെ ഉദ്ദേശിച്ച് രൂപീകരിച്ച സഭ പിന്നീട് കൂടുതൽ ജനകീയമായി. പാറേട്ട് എഴുതുന്നു: "യോജിച്ച് നിന്ന് പ്രവർത്തിക്കാതെ ജീവിത സമരത്തിൽ വിജയം വരിക്കാൻ സാധിക്കുകയില്ല എന്ന് ജോസഫ് മാർ ദീവന്നാസ്യോസിന് നിശ്ചയമുണ്ടായിരുന്നു. ... സഭേതര കാര്യങ്ങളിലും സംഘടിപ്പിക്കുവാൻ അദ്ദേഹം മുൻകൈ എടുത്തു. ആ പ്രവർത്തനഫലങ്ങളിൽ ഒന്നായിരുന്നു സാമൂഹ്യസമ്മേളനം അല്ലെങ്കിൽ മലങ്കര മഹാജനസഭ എന്ന സംഘടന. 1910 ഇടവത്തിൽ ഇ. ജെ. ജോൺ അബ്ദുള്ളാ പാത്രിയർക്കീസിനയച്ച തുറന്ന കത്തിൽ എഴുതി: 'മലങ്കര മഹാജനസഭയുടെ ഉത്ഭവചരിത്രം, സുറിയാനി സമുദായത്തിന്റെ വർത്തമാനകാല ചരിത്രത്തിൽ സുപ്രസിദ്ധമാണ്. സുറിയാനിസഭയിൽ മുളച്ചുവളർന്ന മതഭേദത്തോടുള്ള പോരാട്ടത്തിൽ ആയുസ്സിനെ വിനിയോഗിക്കേണ്ടിവന്ന ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കൃത്യാന്തര ബാഹുല്യം നിമിത്തം സമുദായത്തിന്റെ വിദ്യാഭ്യാസകേന്ദ്രസ്ഥാനമായ എം. ഡി. സെമിനാരിയ്ക്കു കൂടിയും ഉണ്ടായ ഞെരുക്കത്തെയും അനേകം പള്ളികളിലെ കുഴപ്പങ്ങളെയും മറ്റും പല സമുദായ വിപത്തുകളെയും കണ്ടുകൊണ്ട് സഹിച്ചി

രിക്കാൻ സമുദായ സ്നേഹം അനുവദിക്കാത്ത.... ആലോചിച്ച് ഏകദേശം 15 വർഷം മുമ്പ് സ്ഥാപിച്ചിട്ടുള്ളതാണ് മഹാജനസഭ" (പാറേട്ട്, വാല്യം 3, പു. 301). ആണ്ടുതോറും സമ്മേളിക്കുന്ന മഹാജനസഭയിലും വൈദിക സമ്മേളനത്തിലും ഉരുത്തിരിയുന്ന കർമ്മപഥങ്ങൾ അസോസ്യേഷനിലൂടെയും മാനേജിംഗ് കമ്മിറ്റിയിലൂടെയും പ്രവർത്തനപദ്ധതികളായി രൂപം പ്രാപിക്കുന്ന തേജോമയമായ ഒരു കാലഘട്ടമായിരുന്നു അത്.

## 11. പത്രപ്രവർത്തനം, സാഹിത്യപ്രവർത്തനം

സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങളുടെ സ്ഥാനത്തേപ്പറ്റി മറ്റാരേക്കാളും മെത്രാപ്പോലീത്താ ബോധവാനായിരുന്നുവെന്ന് അദ്ദേഹം ആരംഭിച്ച് നടത്തിയ പത്രമാസികകൾ വ്യക്തമാക്കുന്നു. ഇ. എം. ഫിലിപ്പ് ആത്മകഥയിൽ എഴുതുന്നു: "മലയാള മനോരമ നടത്തുന്നതിനായി വർഗീസ് മാപ്പിള ആരംഭിച്ച കമ്പനിയിൽ മെത്രാപ്പോലീത്താ ഓഹരിക്കാരനായിരുന്നു. മലയാള മനോരമയുടെ ആഫീസ് ഏതാനും കാലം വുഡ്ലാൻഡ് ബംഗ്ലാവിൽ നടത്തി. പിന്നീടാണ് വുഡ്ലാൻഡ് തോപ്പിന്റെ വേറൊരു ഭാഗത്ത് ഇന്ന് കാണുന്ന ..... പ്രസും ഓഫീസും അവിടെയാക്കിയത്. ജോസഫ് ദീവന്നാസ്യോസും വർഗീസ് മാപ്പിളയും തമ്മിലുണ്ടായിരുന്നതും സമുദായത്തിന് പലവിധ നന്മകൾക്കുമിടയാക്കിയതുമായ വേഴ്ച, ഇരുവർക്കുമുണ്ടായിരുന്ന പത്രപ്രവർത്തനക്കമ്പത്തിൽ നിന്ന് ഉൽഭൂതമായതാവാം" (*രഹസ്യപേടകം*, പു. 117).

മെത്രാപ്പോലീത്തായെ ഒരു സാഹിത്യകാരൻ എന്ന നിലയിൽ അനേകരും മനസ്സിലാക്കിയിട്ടില്ല. പ്രസന്നവും ദീപ്തവും ആർജ്ജവത്വം നിറഞ്ഞതുമായ ഗദ്യശൈലി അദ്ദേഹത്തിന് സ്വന്തമായിരുന്നുവെന്ന് അദ്ദേഹം എഴുതിയ യാത്രാവിവരണകൃതി - *ഒരു പരദേശയാത്രയുടെ കഥ* - വ്യക്തമാക്കുന്നു. മലയാളത്തിലെ രണ്ടാമത്തെ യാത്രാവിവരണം തന്നെയാണത്. നിരീക്ഷണ സ്വഭാവം, അപഗ്രഥന പാടവം, സൂക്ഷ്മ വർണ്ണനകൾ, രസകരമായ വാങ്മയ ചിത്രങ്ങൾ, ധ്വനിമധുരമായ ആത്മഗതങ്ങൾ, കുറിയ്ക്കുകൊള്ളുന്ന ഭാവാലങ്കാരങ്ങൾ, അപസർപ്പകകഥയുടെ ഉദ്വേഗം സൃഷ്ടിക്കുന്ന ആത്മസംഘർഷ രംഗങ്ങൾ, വ്യക്തിത്വമുള്ള ശൈലി, ആകർഷകമായ ആഖ്യാന ചാതുരി എന്നിവ കൊണ്ട് അനുഗൃഹീതമായ ആ ലഘുകൃതിയെ മലയാളത്തിലെ ലക്ഷണമൊത്ത ഒന്നാമത്തെ യാത്രാവിവരണകൃതി എന്നാണ് വിശേഷിപ്പിക്കേണ്ടത്. മലയാള ഗദ്യശൈലിയ്ക്ക് പ്രായപൂർത്തിയായി എന്ന് 'ഇന്ദുലേഖ'യേക്കാൾ മുമ്പ് വിരചിതമായ ഈ കൃതി സാക്ഷിക്കുന്നു. റവ. ജോർജ് മാത്തന്റെ ഗദ്യത്തേക്കാൾ മാധുരവും പ്രസന്നതയും ഓജസ്സും നിറഞ്ഞതാണ് ഇതിന്റെ രചന. കഥാനായകന്റെ വിപദിധൈര്യം, സംഘർഷ മുഹൂർത്തങ്ങളിലെ മനഃസാന്നിദ്ധ്യം, ആത്മധൈര്യം, മനഃസ്ഥൈര്യം, ഔചിത്യപൂർണ്ണമായ സമീപനങ്ങൾ, ദൈവാ

ശ്രയത്തിലധിഷ്ഠിതമായ തീരുമാനങ്ങൾ ഇവയൊക്കെ ധീരോദാത്തനായകൻ കൂടെയായ ഒരു ഗംഭീര പുരുഷന്റെ ചിത്രമാണ് വായനക്കാർക്ക് സമ്മാനിക്കുന്നത്.

റോയൽക്കോടതി വിധി മലങ്കരസഭാ ചരിത്രത്തിലെ നിർണ്ണായകമായ ഒരു നാഴികക്കല്ലാണ്. പാത്രിയർക്കീസിന് മലങ്കരയിൽ ആത്മീയ മേലധികാരം മാത്രമേ ഉള്ളൂ എന്ന വിധി പ്രഖ്യാപനത്തിലൂടെ പാത്രിയർക്കീസ് മെത്രാന്മാരിൽനിന്നും ചില പള്ളികളിൽ നിന്നും ആവശ്യപ്പെട്ടു വാങ്ങിയിരുന്ന രജിസ്റ്റേർഡ് ഉടമ്പടികൾ നിരർത്ഥകങ്ങളും അസാധുവുമായി. പാത്രിയർക്കീസിന് മലങ്കരയിൽ ലൗകികവും ആത്മീയവും വൈദികവും ആയ സർവാധികാരമുണ്ടെന്നാണ് അവയിൽ രേഖപ്പെടുത്തിയിരുന്നത്. റോയൽക്കോടതി വിധിയോടെ സ്വന്തം കാൽച്ചുവട്ടിലെ മണൽ ഒലിച്ചുപോവുന്നതായി പാത്രിയർക്കീസിന് തോന്നി. മാർ ദീവന്നാസ്യോസിന്റെ അനുപമമായ കഴിവുകളെപ്പറ്റി നേരിൽ അറിയാമായിരുന്നതിനാൽ ഈ വിധിയിലും ദീവന്നാസ്യോസിന് പങ്കുണ്ടെന്ന് അദ്ദേഹം വിലയിരുത്തി.

1892 നവംബർ 7 ന് അദ്ദേഹം 24 മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും അയച്ച കല്പന ഇങ്ങനെ: "... പാത്രിയർക്കീസിന് ലൗകിക കാര്യങ്ങളിൽ അധികാരമില്ലെന്ന് വിധിച്ചതുകൊണ്ട് നിങ്ങൾ എന്ത് വിചാരിക്കുന്നു? ആ അധികാരം അശേഷം പോയി എന്ന് തോന്നിയിട്ട് നിങ്ങളുടെ അന്തർഗ്ഗതം സാധിച്ചു എന്നു വച്ച് സന്തോഷിക്കുന്നുവോ? ഈ നിസ്സാര വിചാരം നിങ്ങൾക്കുണ്ടാവരുത്. ഉള്ള ജഡ്ജിമാർ എല്ലാവരും കൂടി വിധിച്ചു കഴിഞ്ഞാലും പാത്രിയർക്കാസ്ഥാനത്തിന്റെ റൂഹായ്ക്കടുത്ത അധികാരം ആത്മീയകാര്യങ്ങളിലാകട്ടെ, ലൗകിക കാര്യങ്ങളിലാകട്ടെ ഇല്ലാതായിപ്പോവുകയില്ല. എന്തെന്നാൽ അവ രണ്ടും യോജിച്ചും ബന്ധിച്ചും ഇരിക്കുന്നു. ... മെത്രാന്മാരിൽ ഒരുവൻ മൂലമോ സുന്നഹദോസിന്റെ അംഗങ്ങൾ നിമിത്തമോ നമ്മുടെ പുത്രനായ ദീവന്നാസ്യോസ് മുഖാന്തിരമോ ഉണ്ടായത്? അവനെ നാം വാത്സല്യപുത്രനെപ്പോലെ വിചാരിച്ച് എല്ലാവർക്കും മേലായി അവന്റെ കൊമ്പിനെ നാം ഉയർത്തിയിരിക്കുന്നു. .... 41-ാം മസ്മൂറിൽ എന്റെ അപ്പം ഭക്ഷിക്കുന്ന മനുഷ്യൻ എന്നോട് വഞ്ചന ചെയ്തു എന്ന് പറഞ്ഞിരിക്കുന്ന പ്രകാരം ഇപ്പോൾ അവൻ അവന്റെ കുതികാലിനെ ഉയർത്തിയിരിക്കുന്നു."

അനന്തരം പാത്രിയർക്കീസ് മലങ്കരയിൽ സാധിച്ച കാര്യങ്ങൾ ഓരോന്നായി എണ്ണിപറഞ്ഞതിന്റെ ശേഷം എഴുതുന്നു: "നമ്മുടെ കല്പന നിമിത്തം അവന്റെ കൈപ്പിടിയിൽ തങ്ങളുടെ ജീവനെ വെച്ചുകൊടുത്തിട്ടുള്ള അവന്റെ സഹോദരന്മാരായ മെത്രാന്മാരുടെ തലയിൽ ചവിട്ടുകയും ചെയ്തിരിക്കുന്നു. നമ്മുടെ കല്പനപ്രകാരം അവർ അവനെ വണങ്ങിയതാകകൊണ്ട് ഇപ്പോൾ അവൻ ചവുട്ടിയത് അവരുടെ മേൽ മാത്രമല്ല,

നമ്മുടെ മേൽ അത്രേ. ആയതുകൊണ്ട് ഇനി മേലാൽ സുന്നഹദോസിന്റെ യാതൊരു കാര്യവും നിശ്ചയിപ്പാനും പൊതുവിനടുത്ത കാര്യങ്ങളിൽ പ്രവേശിപ്പാനും അവന് അധികാരമില്ലെന്നും നാം കല്പിച്ചിരിക്കുന്നു. ... ഈ രണ്ട് ഇടവകകളെ വിട്ട് മറ്റ് ഇടവകകളിലേക്ക് കാൽ ചവിട്ടുവാനും സഞ്ചരിപ്പാനും അവന് അനുവാദമില്ല. ... മെത്രാന്മാരിൽ ഒരുവനെയും സുന്നഹദോസിന്റെ പ്രസിഡന്റ് ആക്കുവാൻ ന്യായവും ആവശ്യവും ഇല്ല. ... കശീശന്മാരിൽ ഒരാളെ തെരഞ്ഞെടുത്ത് കൊൾവിൻ. അത് സാമർത്ഥ്യമുള്ള മല്പാൻ ആയിരിക്കട്ടെ" (പാറേട്ട്, വാല്യം 3, പു. 234–240). റോയൽ ക്കോടതി വിധി നിഷേധിച്ച് അധികാരം വീണ്ടും പ്രയോഗിക്കുവാൻ ബാവാ ഉദ്യമിക്കുന്ന ചിത്രമാണ് ഈ കല്പനയിൽ കാണുന്നത്. അന്ത്യോഖ്യൻ രക്തം സിരകളിൽ ഒഴുകുന്ന ഏതൊരാളെയും പ്രവർത്തനരംഗത്തേയ്ക്കു ക്ഷണിക്കുന്ന ഈ ആഹ്വാനത്തെ മലങ്കരസഭയിൽ ആരെങ്കിലും അനുകൂലിച്ചിരുന്നെങ്കിൽ മലങ്കരസഭാചരിത്രം വ്യത്യസ്തമായേനെ. പാത്രിയർക്കീസിന്റെ മുൻ മുടക്ക്കല്പന പോലെ ഈ മുടക്ക് കല്പനയും എഴുതിയ കടലാസിന്റെ വില പോലും കിട്ടാതെ വ്യർത്ഥമായിപ്പോയി. മലങ്കര മെത്രാനെതിരായി നില്ക്കുവാൻ ഒരുത്തർക്കും ഒരു കാരണവും ഉന്നയിക്കാൻ പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടായിരുന്നില്ല. വൈദികരും ജനങ്ങളും മെത്രാന്മാരും തമ്മിലും കൂട്ടുട്രസ്റ്റികൾ തമ്മിലും അത്രമാത്രം ഐക്യവും ബോധ്യവും പരസ്പര വിശ്വാസവും അന്ന് നിലനിന്നിരുന്നു.

കോനാട്ട് ഗീവറുഗീസ് മാർ യൂലിയോസ് 1884 മീനം 9 ന് നിര്യാതനായി. പാമ്പാക്കുടയിൽ കബറടങ്ങി. ശെമവൂൻ മാർ ദീവന്നാസ്യോസ് 1886 ഒക്ടോബർ 2 ന് നിര്യാതനായി കടുങ്ങമംഗലത്ത് കബറടങ്ങി. ശീമയിൽ നിന്ന് വന്ന ശെമവൂൻ മാർ അത്താനാസ്യോസ് 1889 ജൂൺ 11 ന് നിര്യാതനായി. കോട്ടയം പുത്തൻപള്ളിയിൽ കബറടങ്ങി. അമ്പാട്ട് ഗീവറുഗീസ് മാർ കൂറിലോസ് 1891 മാർച്ച് 9 ന് നിര്യാതനായി. അങ്കമാലിയിൽ കബറടങ്ങി.

മലങ്കരസഭയുടെ ചരിത്രത്തിൽ മുമ്പും പിമ്പും സംഭവിച്ചിട്ടില്ലാത്ത രണ്ടു മെത്രാൻ വാഴ്ചകൾ ഇക്കാലത്ത് നടന്നു. ദേശീയ ബോധ്യങ്ങൾ കൊണ്ട് ഉത്തേജിതനായ ഒരു കത്തോലിക്കാ വൈദികൻ മാർ ദീവന്നാസ്യോസിന്റെ ഭരണശൈലിയുടെ സുതാര്യതയും ജനാധിപത്യശൈലിയും കണ്ട് ആകൃഷ്ടനായി മലങ്കരസഭയിൽ അംഗമായി. മാറ്റങ്ങൾക്ക് നേരെ മുഖം തിരിക്കുകയും മാറ്റങ്ങളുടെ വക്താക്കളെ ക്രൂരമായി അവഗണിക്കുകയും ചെയ്ത കത്തോലിക്കാസഭയ്ക്ക് പ്രവാചകഹൃദയമുള്ള ഈ വൈദികനെ ഉൾക്കൊള്ളാനുള്ള ഹൃദയവിസ്തൃതി ഇല്ലായിരുന്നു. അദ്ദേഹത്തോടൊപ്പം ഗോവയുടെ സ്വാതന്ത്ര്യസമരപ്പോരാളിയായിരുന്ന നിരവധിപേർ ഗോവ, സിലോൺ എന്നീ പ്രദേശങ്ങളിൽ നിന്ന് മലങ്കരസഭയുടെ അതിരുകൾ

വിശാലമാക്കിക്കൊണ്ട് സഭാംഗങ്ങളായി. ഗോവ, സൗത്ത് കാനറാ തുടങ്ങിയ സ്ഥലങ്ങളിൽ വിദ്യാലയങ്ങളും ദേവാലയങ്ങളും സ്ഥാപിച്ച് ഗോവയുടെ സ്വാതന്ത്ര്യസമരം നയിച്ച ഫാ. അൽവാറീസിനെ പരുമല മാർ ഗ്രീഗോറിയോസ് റമ്പാനാക്കി. പാത്രിയർക്കീസിന്റെ അനുവാദം തേടി 1889 ജൂലൈ 29 ന് കോട്ടയത്തുവച്ച് മാർ യൂലിയോസ് എന്ന സ്ഥാനനാമത്തിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാൻ സ്ഥാനം നൽകി.

അതുപോലെ അമേരിക്കൻ പ്രോട്ടസ്റ്റന്റ് എപ്പിസ്കോപ്പൽ സഭയിലെ റീനിവിലാത്തി എന്ന വൈദികനെ മാർ ദീവന്നാസ്യോസ് സഭയിലേക്ക് സ്വീകരിക്കുകയും പാത്രിയർക്കീസിന്റെ അനുവാദവും മലങ്കര മെത്രാന്റെ നിർദ്ദേശവും അനുസരിച്ച് പരുമല മാർ ഗ്രീഗോറിയോസിന്റെ നേതൃത്വത്തിൽ അദ്ദേഹത്തെ തീമോത്തിയോസ് എന്ന സ്ഥാനനാമത്തിൽ സിലോണിൽ വച്ച് 1892 ഇടവം 17 ന് മെത്രാനായി വാഴിക്കുകയും ചെയ്തു. കടവിൽ അത്താനാസ്യോസും അൽവാറീസ് യൂലിയോസും ഈ അഭിഷേക ചടങ്ങിൽ പങ്കെടുത്തു. മലങ്കരസഭ മാർ ദീവന്നാസ്യോസിന് നൽകിയ ജൂബിലി മംഗളപത്രത്തിൽ "..... അപ്പോസ്തോലിക കാലം മുതൽ കുളത്തിലെ വെള്ളംപോലെ ഈ കേരളത്തിന്റെ അതിരുകൾക്കകത്ത് കെട്ടിനില്ക്കുന്ന നമ്മുടെ സത്യവിശ്വാസത്തെ ബ്രിട്ടീഷ് ഇൻഡ്യാ, സിലോൺ മുതലായവയിൽ മാത്രമല്ല അമേരിക്കാ തുടങ്ങിയ ദൂരദേശങ്ങളിലും യഥാശക്തി പ്രചരിപ്പിക്കുവാൻ ആരംഭിച്ചിട്ടുള്ളത്..." എന്ന് പരാമർശിച്ചിട്ടുള്ളത് ഈ രണ്ട് മെത്രാന്മാരെ യഥാക്രമം കേരളത്തിന് വെളിയിലും ഭാരതത്തിന് വെളിയിലും നിയമിച്ച് കൊച്ചു മലങ്കരസഭയെ ഭാരതതലത്തിലും ഭാരത ബാഹ്യതലത്തിലും വ്യാപിച്ച് വളരുവാൻ അവസരം ഉണ്ടാക്കിയ സംഭവങ്ങളെ അനുസ്മരിച്ചുകൊണ്ടാണ്. മെത്രാപ്പോലീത്തായുടെ ആ വിശാല ദർശനം ഉൾക്കൊള്ളുവാൻ പിൻഗാമികൾക്ക് കഴിഞ്ഞില്ല എന്ന ദുഃഖസത്യം അവശേഷിക്കുന്നു. ഗോവയിലേക്കും അമേരിക്കയിലേക്കും നിയോഗിക്കപ്പെട്ട ഈ മെത്രാന്മാരെ അന്വേഷിക്കുവാനോ ആപത്തുകളിൽ സഹായിക്കുവാൻ പോലുമോ പിൽക്കാല മലങ്കരസഭയ്ക്ക് കഴിഞ്ഞില്ല. കത്തോലിക്കാ സഭയുടെ പകയ്ക്കും പ്രതികാരത്തിനും ഇരയായ അൽവാറീസ് മെത്രാച്ചൻ 1929 സെപ്തംബർ 23 ന് കാലം ചെയ്തു. ഒരു വൈദികന്റെ പോലും കാർമ്മികത്വമില്ലാതെ മലങ്കരയുടെ ആ മെത്രാപ്പോലീത്താ ഒരനാഥനെപ്പോലെ ഗോവയിലെ മുനിസിപ്പൽ ശ്മശാനത്തിൽ സംസ്കരിക്കപ്പെട്ടു. മാർ തീമോത്തിയോസ് അമേരിക്കാ, യൂറോപ്പ്, ആഫ്രിക്കാ മുതലായ ഭൂഖണ്ഡങ്ങളിൽ മിഷണറിപ്രവർത്തനം നടത്തി. 1929 ജൂലൈ 29 ന് അന്തരിച്ചു. ഈ രണ്ടു മെത്രാന്മാരുടെ പ്രവർത്തനങ്ങളെ അന്വേഷിക്കുവാനോ മലങ്കരയുടെ നിയന്ത്രണത്തിൽ പരിപോഷിപ്പിക്കുവാനോ പില്ക്കാല മലങ്കരസഭയുടെ സാരഥികൾക്ക് കഴിയാതെ വന്നത് അവരുടെ സദ്യശസ്സിലെ തീരാക്കളങ്കം ചാർത്തിയ ഉത്തരം തേടുന്ന പ്രഹേളിക

യായി അവശേഷിക്കുന്നു.

കേസുകളൊക്കെ ജയിച്ചെങ്കിലും അതിന്റെ നടത്തിപ്പ്, സ്കൂളുകളുടെ നിർമ്മാണം, പരുമല സെമിനാരി ചാപ്പൽ, കരുവാറ്റ, ചാലശ്ശേരി, തിരുവാങ്കുളം, കാട്ടൂർ, അയിരൂർ, മഞ്ഞപ്ര, തിരുവനന്തപുരം, അല്ലപ്ര, വേങ്ങൂർ, കൊടശ്ശനാട്, പുത്തൻകാവ്, കണ്ണ്യാട്ട്നിരപ്പേൽ, കുണ്ടറ, മാറാട്ടിൽ, ഓണക്കൂർ, നെല്ലിക്കൽ, ചേലാട്, മഴുവന്നൂർ, കുന്നംകുളം തുടങ്ങിയുള്ള പള്ളികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും തുടങ്ങിയ കാര്യങ്ങളിൽ ഏർപ്പെട്ടതുമൂലം മലങ്കര മെത്രാപ്പോലീത്തായുടെ കടങ്ങൾ അവശേഷിച്ചു. പണം ഈടാക്കാൻ കടം നൽകിയവർ ചില കോടതിവിധികളും സമ്പാദിച്ചു. മഹാരാജാവിന്റെ അനുവാദത്തോടെ അദ്ദേഹം ഒരു വിപുലമായ ഷോടതി നടത്തി. 1901 മാർച്ച് 14 ന് നറുക്കെടുപ്പ് നടത്തി. അതിൽനിന്ന് ലഭിച്ച 350000 രൂപ ലാഭം കൊണ്ട് പ്രതിസന്ധി പരിഹരിക്കുവാനും നിർമ്മാണ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുവാനും കഴിഞ്ഞു.

പ്രായാധിക്യംമൂലം സ്ഥാനമൊഴിയുവാൻ 1895-ൽ കൂടിയ അസോസ്യേഷൻ യോഗത്തിൽ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു (എം. പി. വർക്കി, പു. 42). 63 കാരനായ അദ്ദേഹം തുടരട്ടെ എന്ന് അസോസ്യേഷൻ അപേക്ഷിച്ചത് അദ്ദേഹം സ്വീകരിച്ചു. മലങ്കരസഭ സന്ദർശിച്ച ആദ്യത്തെ പാത്രിയർക്കീസ് 96-ാം വയസ്സിൽ 1896 കന്നിയിൽ നിര്യാതനായി. അബ്ദുൾ മശിഹാ പുതിയ പാത്രിയർക്കീസായതിൽ പ്രതിഷേധിച്ച് പരാജയപ്പെട്ട സ്ഥാനാർത്ഥി അബ്ദുള്ളാ ഗ്രീഗോറിയോസ് കത്തോലിക്കാസഭയിൽ ചേർന്നു.

കോട്ടയം പഴയസെമിനാരിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിൽ ദീവന്നാസ്യോസ് ഏറെ ശ്രദ്ധിച്ചു. വട്ടശ്ശേരിൽ ഗീവറുഗീസ്സ്, കോനാട്ട് മാത്തൻ എന്നീ മല്പാന്മാരെ അദ്ധ്യാപകരായും കൊച്ചുപറമ്പിൽ റമ്പാനെ മാനേജർ ആയും നിയമിച്ചു. സെമിനാരി ചാപ്പലിന്റെ നിർമ്മാണം പൂർത്തിയാക്കി അതിന്റെ കൂദാശ 1897-ൽ മാർ ദീവന്നാസ്യോസ് നിർവഹിച്ചു. കൊച്ചിയിലായിരുന്ന സെന്റ് തോമസ് പ്രസ് കോട്ടയം സെമിനാരിയിലേക്ക് മാറ്റി. അതതു കാലങ്ങളിൽ പള്ളികളിൽ ഉണ്ടാകുന്ന തർക്കങ്ങൾ കാലതാമസം കൂടാതെ പ്രതിനിധികൾ മുഖേനയോ നേരിട്ടോ സ്ഥലത്തുചെന്ന് കേട്ട് തീരുമാനിക്കുന്ന സ്വഭാവം മൂലം ആഭ്യന്തര വ്യവഹാരങ്ങൾ ഒഴിവായിരുന്നു. പ്രശ്നങ്ങൾ അവഗണിച്ച് വഷളായി ഗ്രൂപ്പ് വടംവലിയിലേക്കും സഭാത്യാഗത്തിലേക്കും കോടതികളിലേക്കും വളരുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. മാർ ദീവന്നാസ്യോസിന്റെ പ്രവർത്തനങ്ങളെപ്പറ്റി കുറുപ്പമ്പടി പള്ളിയുടെ ചരിത്രം ഇപ്രകാരം സംക്ഷേപിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ".... മാർ ദീവന്നാസ്യോസിന്റെ ശ്രദ്ധ മലങ്കരയിലുള്ള പള്ളികളിൽ സുവിശേഷപരമായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നുള്ള

തായിരുന്നുവെന്ന് മേൽ പ്രസ്താവിച്ചിട്ടുണ്ട്. തൽഫലമായി ഇടവകകളിൽ സണ്ടേസ്കൂൾ, അക്രൈസ്തവരുടെ ഇടയിലെ വേല, മലയാളം ഇംഗ്ലീഷ്സ്കൂൾ സ്ഥാപനം, പ്രാർത്ഥനായോഗങ്ങൾ, മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി സംഘം, സുവിശേഷ പ്രസംഗസംഘം, ദീവന്നാസ്യോസ് വിദ്യാപ്രചരണ സംഘം, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ സ്ഥാപനങ്ങൾ പ്രചാരത്തിൽ ആയിത്തീർന്നു. 1898-ൽ ഈ ഇടവകയിൽ ഒരു ഞായറാഴ്ചക്കൂട്ടം സ്ഥാപിച്ചു. അതോടുകൂടി ഇടവകയുടെ ഓരോ കരകളിലും ഞായറാഴ്ചക്കൂട്ടം സ്ഥാപിച്ചു. ... നെടുങ്ങപ്ര ... 1903-ൽ ഒരു പള്ളിക്കൂടം സ്ഥാപിച്ചു. 1908-ൽ പുഴക്കാട്ട് കരയിൽ ഒരു സണ്ടേസ്കൂൾ കെട്ടിടം പണിയിച്ചു. 1906-ൽ തെക്കുനിന്ന് ഒരു ഉപദേശിയെ 7 രൂപ ശമ്പളത്തിൽ സുവിശേഷപ്രവർത്തനത്തിനായി നിയമിച്ചു. ഓരോ കരയിലേയും ഞായറാഴ്ചക്കൂട്ടങ്ങൾ ഓരോ പട്ടക്കാരുടെ ചുമതലയിൽ ആയിരുന്നു. 1908-ൽ ഈ പള്ളിയിൽ സണ്ടേസ്കൂൾ സ്ഥാപിച്ചു." ആത്തുങ്കൽ ഗീവറുഗീസ് കോറെപ്പിസ്കോപ്പാ നൽകുന്ന ഈ വിവരണത്തിന് (പു. 201, 202) സദൃശ്യമായി മലങ്കരയിലെ പ്രധാന ഇടവകകളെല്ലാം ഇക്കാലത്തെ ഇടവകകളിലെ പ്രബുദ്ധതയെ സ്മരിച്ചിട്ടുണ്ട്. (പി. സി. കുഞ്ഞാത്തു, *കുന്നംകുളം ആർത്താറ്റ് പള്ളിച്ചരിത്രം*, പു. 16-22, 24, 31 കാണുക).

1901 വൃശ്ചികം 12 ന് മാർ ദീവന്നാസ്യോസിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി മലങ്കര അസോസിയേഷന്റെ തീരുമാനപ്രകാരം കോട്ടയം പഴയ സെമിനാരിയിൽ വച്ച് അഖില മലങ്കരാടിസ്ഥാനത്തിൽ ആഘോഷിച്ചു. ആഘോഷക്കമ്മറ്റിയുടെ പ്രസിഡണ്ട് കടവിൽ മാർ അത്താനാസ്യോസും ട്രഷറർ കാരുചിറ ഗീവറുഗീസ് റമ്പാനും (രണ്ടാം കാതോലിക്കാ) ആയിരുന്നു (വിശദവിവരങ്ങൾ എം. പി. വർക്കി, പു. 143, *നവതി സ്മരണിക* 1999, പു. 48, 49, കാതോലിക്കേറ്റിന്റെ നിധി, പു. 130-131 എന്നിവയിൽ കാണാം). ഈ ജൂബിലി ആഘോഷം കഴിഞ്ഞ ഉടനെ മൂക്കഞ്ചേരി എം. പി. വർക്കി 'മാർ ദീവന്നാസ്യോസ്' എന്ന പേരിലും ചിങ്ങവനത്ത് പുലുത്തുരുത്തിൽ ചാക്കോ ചാക്കോ എന്ന അന്ധൻ 'മാർ ദീവന്നാസ്യോസ് ചരിത്രഗാനം' എന്ന പേരിലും ഗദ്യത്തിലും പദ്യത്തിലുമായി ഓരോ ജീവചരിത്രം 1901 ൽത്തന്നെ പരസ്പരം അറിയാതെ പ്രസിദ്ധീകരിച്ചു. ആദ്യകൃതി മലയാള മനോരമയും രണ്ടാമത്തെ കൃതി പഴയസെമിനാരിയിലെ മാർതോമസ് പ്രസുമാണ് പ്രസിദ്ധീകരിച്ചത്.

മംഗളപത്രത്തിൽ സൂചിതമായതിൻപ്രകാരം അദ്ദേഹത്തെ മഫ്രിയാന ആയി വാഴിക്കുവാൻ കോനാട്ട് മാത്തൻ മല്പാൻ തുടങ്ങിയവർ പാത്രിയർക്കീസുമായി എഴുത്തുകുത്തുകൾ നടത്തി. സഭയിലെ മെത്രാന്മാരും വൈദിക - അത്മായ പ്രമുഖരും ഈ കാര്യത്തിൽ ഏകാഭിപ്രായക്കാരായിരുന്നു.

**കനത്ത ആഘാതം**

കാര്യങ്ങൾ ഈവിധം സന്തോഷകരമായിരിക്കേയാണ് പരുമല മാർ ഗ്രീഗോറിയോസിന്റെ ആകസ്മികമായ നിര്യാണം സംഭവിച്ചത്. 1902 നവംബർ 2 ന് ആ ദീപം പരുമലയിൽ അസ്തമിച്ചത് മലങ്കര സഭയേയും മലങ്കര മെത്രാനേയും ഇടിത്തീവീണാലെന്നവിധം സ്തംഭിപ്പിച്ചു. അതിസൂക്ഷ്മതയോടെ താൻ തെരഞ്ഞെടുത്ത് സന്യാസം നൽകി, റീശ്ദയറോയോ ആയും സെമിനാരി മല്പാനായും അവസരങ്ങൾ നൽകി തന്റെ പിൻഗാമിയാകാൻ വളർത്തിക്കൊണ്ടുവന്ന കൊച്ചുമെത്രാച്ചൻ 54-ാം വയസ്സിൽ ദേഹവിയോഗം ചെയ്യുക - സ്വന്തം കാലിനടിയിലെ ഭൂമി പെട്ടെന്ന് അപ്രത്യക്ഷമായതുപോലെ. പരുമലയിൽ തന്റെ പ്രിയ ശിഷ്യന്റെ അസുഖ വാർത്ത കേട്ട് ഓടിയെത്തിയ വലിയതിരുമേനി അദ്ദേഹം കാലം ചെയ്തു എന്ന തെറ്റായ വാർത്ത കേട്ട് നിലവിളിച്ച വിവരം ദൃക്സാക്ഷിയായ കാരുചിറ ഗീവർഗീസ് റമ്പാൻ തന്റെ ഡയറിയിൽ ഇപ്രകാരം കുറിച്ചിട്ടിരിക്കുന്നു: "22-ന് ഗീവറുഗീസു റമ്പാച്ചൻ കുർബ്ബാന ചൊല്ലുകയും പാമ്പാക്കുട മല്പാനച്ചൻ തിരുമേനിയുടെ സുഖക്കേടിനെപ്പറ്റി പ്രസംഗിക്കയും എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കയും ചെയ്തു. തിരുമേനി കഴിഞ്ഞു പോയി എന്ന് എല്ലാവരും വിചാരിച്ചുപോകയും വിവരം മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായോട് അറിയിച്ചതിൽ വളരെ വ്യസനിച്ച് നിലവിളിക്കയും ചെയ്തു" (*കാതോലിക്കേറ്റിന്റെ നിധി*, വള്ളിക്കാട്ട് ദയറ, കോട്ടയം, 2006, പു. 138). നവം. 2 ന് അർദ്ധരാത്രിക്ക് പ. പരുമല തിരുമേനി കാലം ചെയ്തു. ആ ദേഹവിയോഗം താങ്ങാനാവാതെ മുറിയിലിരുന്ന് മാർ ദിവന്നാസ്യോസ് വിങ്ങിപ്പൊട്ടി. തളർന്ന് വിറയാർന്ന് കബറടക്കത്തിനെത്തി. പലവട്ടം മുറി വിട്ടിറങ്ങി ചാപ്പലിൽ എത്തിയെങ്കിലും അംശവസ്ത്രങ്ങളണിഞ്ഞ് സിംഹാസനത്തിലിരിക്കുന്ന കനിഷ്ഠ സഹോദരന്റെ മുഖത്തു നോക്കുമ്പോഴേയ്ക്കും ഏങ്ങലടികൊണ്ട് നിരുദ്ധകണ്ഠനായി ഒരൊറ്റ പദം പോലും ഉച്ചരിക്കാതെ തിരിച്ച് മുറിയിലെത്തി തളർന്ന് വീഴുകയായിരുന്നു (വി. സി. മാത്യു വേഴപ്പറമ്പിൽ, *ചരമനവതി സ്മരണിക,* 1999, പു. 47). കർമ്മോത്സുകനും കർമ്മനിരതനുമായ മലങ്കര മെത്രാൻ തന്റെ ശക്തി മുഴുവൻ ചോർന്ന് പോയാലെന്നവിധം അവശനായി. തന്റെ സകല വിപത്തുകളിലും നിഴൽപോലെ അനുഗമിച്ച പ്രിയശിഷ്യൻ ഓർമ്മയായി, തേങ്ങലായി അവശേഷിച്ചു. റോയൽക്കോടതി കേസിൽ സാക്ഷിയായി പരുമല മെത്രാച്ചൻ നൽകിയ സാക്ഷിമൊഴികൾ കേസിലെ വിജയത്തിന് വഴിയൊരുക്കിയത് ഗദ്ഗദകണ്ഠനായി അദ്ദേഹം ഓർത്തു.

".... വാദിയെ (മാർ ദീവന്നാസ്യോസിനെ) ഇതിന് മുമ്പിരുന്ന പാത്രിയർക്കീസ് മലയാളം അടച്ച് (പൂർണ്ണമായി) മെത്രാനായിട്ടാണ് വാഴിച്ചിരുന്നത്. ആ വാദിയ്ക്ക് വേറെയും സ്ഥാനം ഉണ്ട്. ആയത് മലയാളത്തിലുള്ള സുറി

യാനിക്കാരുടെ പൊതുവിന്നടുത്ത കമ്മിറ്റിയിലെ പ്രസിഡന്റ് ആണ്. ആ പ്രസിഡന്റ് എന്നുള്ള അധികാരം മലയാളത്തെ സുറിയാനി പള്ളികൾ ഏഴ് ഇടവകയായി ഭാഗിച്ചിട്ടുണ്ട്. അതുകളിന്മേലൊക്കെയും വസ്തുക്കൾ മേലൊക്കെയും പൊതുവിന്നടുത്ത അധികാരവും വാദിയ്ക്കുണ്ട്. പരുമല സെമിനാരി പണിയിച്ചിട്ടുള്ളതും വാദി ആകുന്നു. അതിനുള്ള മുതൽ ശേഖരപ്പെടുത്തിയതും ചെലവ് ചെയ്യിച്ചതും വാദിയാകുന്നു. നമ്മെയും നമ്മെപ്പോലെ വേറെ മെത്രാന്മാരെയും വാഴിച്ചിട്ടുള്ളതുകൊണ്ട് വാദിയ്ക്ക് ഈ വ്യവഹാരം കൊണ്ടുവരുന്നതിന് യാതൊരു ദോഷവും ഇല്ല. വാദിയ്ക്ക് സർക്കീട്ട് ചെയ്യേണ്ടതായ സമയം നീക്കിയുള്ള താമസമൊക്കെയും പരുമലയിൽ ആകുന്നു. ... വാദിയുടെ വകയായി, കട്ടിൽ, കിടക്ക, മേശ, കസേരകൾ, കല്ലച്ചുകൂടം, പെട്ടി, ബോട്ട് മുതലായി അനേകം സാമാനങ്ങൾ അവിടെയുണ്ട്. ... വാദിയ്ക്ക് പ്രസിഡന്റ് സ്ഥാനം ലഭിച്ചത് പാത്രിയർക്കീസ് ബാവായാലും സഭയാലും ആകുന്നു. ഈ വാദിയ്ക്ക് മലയാളം ഒട്ടുക്ക് എല്ലാ ഇടവകയിന്മേലും പൊതുവിന്നടുത്ത അധികാരം ഉണ്ട്. ... പൊതുവിന്നടുത്ത അധികാരം എന്നത്, ഏഴ് ഇടവകയ്ക്കും കൂടി സംബന്ധമുള്ള വസ്തുക്കൾമേലും കമ്മിറ്റി കൂടുമ്പോൾ നിശ്ചയിക്കപ്പെടുന്നതായ പൊതുവിന്നടുത്ത വല്ല മുതൽശേഖരങ്ങളുടെമേലും പണികൾമേലും സർക്കാർ സംബന്ധമായ വ്യവഹാരങ്ങൾമേലും വിശേഷമായി ചെയ്യപ്പെടുന്ന വല്ല ആശുപത്രി മേലും പൊതുവിൽ പട്ടത്വത്തിനായിട്ട് നിയമിപ്പാനുള്ള സെമിനാരികൾ മേലും സ്കൂളിന്മേലും മറ്റും ആകുന്നു. നമ്മുടെ അധികാരങ്ങളിൽ ഉൾപ്പെട്ട പള്ളികൾമേലും പൊതുവിന്നടുത്ത മേലധികാരം വാദിക്കുള്ളതാകുന്നു. പൊതുവിന്നടുത്തത് എന്നു പറഞ്ഞാൽ ആത്മിക സംബന്ധമായും വസ്തു സംബന്ധമായും ഉള്ള അധികാരങ്ങൾ ആകുന്നു. മുമ്പേ നാം ആശുപത്രി എന്നു പറഞ്ഞതും ആത്മസംബന്ധമായിട്ടുള്ളതാകുന്നു.

.... നമുക്ക് മെത്രാന്റെ സ്ഥാനം കിട്ടിയതിൽ പിന്നെ മേൽപ്പറഞ്ഞതുപോലെ വാദിക്കുള്ള മേലധികാരത്തെപ്പറ്റി പാത്രിയർക്കീസ് ബാവായിൽ നിന്ന് എന്തെങ്കിലും പ്രമാണമുണ്ടായതായി നമുക്ക് അറിവില്ല. ....

നമുക്കും നമ്മെപ്പോലെ വേറെ മെത്രാന്മാർക്കും ഉണ്ടായിരിക്കുന്ന സ്ഥാനപത്രം കൊണ്ട് വാദിയ്ക്ക് മുമ്പുണ്ടായിരുന്ന സ്ഥാനപത്രത്തെ അസ്ഥിരപ്പെടുത്തിയതായി ഒന്നും പറഞ്ഞിട്ടില്ല.

.... അന്യായപ്പെട്ടിട്ടുള്ള കോട്ടയത്ത് സെമിനാരി മുതലായത് മേലും അതുകൾക്ക് വ്യവഹാരപ്പെടുത്തുവാനും ഉള്ള അധികാരം വാദിയ്ക്കാകുന്നു... കോട്ടയത്ത് സെമിനാരി മുതലായ വസ്തുക്കൾക്ക് വേറെ മെത്രാന്മാർക്കാർക്കും അധികാരം കൊടുത്തിട്ടില്ല" (1055 കന്നി 2 ന് - 1879 - പരുമലയെത്തിയ കമ്മീഷൻ ശേഖരിച്ച സാക്ഷിമൊഴികൾ).

മറ്റു മെത്രാന്മാർ കോടതിയുടെ സമൻസ് കൈപ്പറ്റാതെ ഒഴിഞ്ഞുമാറിയപ്പോൾ പരുമല പിതാവ് മാത്രമാണ് മലങ്കര മെത്രാന് അനുകൂലമായി ഇത്ര വ്യക്തമായ സാക്ഷിമൊഴികൾ നൽകിയത്. സ്കൂൾ, പള്ളി ഇവയുടെ സ്ഥാപനത്തിലും പള്ളിത്തർക്കങ്ങളിലും മലങ്കര മെത്രാന്റെ നാവും കരവും ആയി ആ പുണ്യാത്മാവ് പ്രവർത്തിച്ചു. ശേഷം മെത്രാന്മാർ സ്വാതന്ത്ര്യവും പാത്രിയർക്കീസിനോട് അന്യായമായ ചായ്‌വും കാണിക്കുമ്പോൾ അവരെ ഉപദേശിക്കുന്ന റോൾ കൊച്ചുമെത്രാച്ചന്റേതായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ മലങ്കര മെത്രാന്റെ ബഹിശ്ചരപ്രാണൻ ആയിരുന്നു കൊച്ചുമെത്രാച്ചൻ. കൊച്ചുമെത്രാച്ചൻ പ്രധാന കാർമ്മികനായും മലങ്കര മെത്രാൻ സഹകാർമ്മികനായും നടന്ന ചില പള്ളികൂദാശകളും പട്ടംകൊടകളും തീരെ അസാധാരണമായിരുന്നില്ല. ആ തേജസ് പൊലിഞ്ഞതോടെ താൻ തീർത്തും ഏകാന്തപഥികനായി എന്ന് മലങ്കര മെത്രാന് തോന്നി.

ആയിടെ താൻ നേതൃത്വം കൊടുത്ത് ആരംഭിച്ച വിദ്യാർത്ഥിപ്രസ്ഥാനത്തിന് അദ്ദേഹം കൊച്ചുമെത്രാച്ചന്റെ പേർ നൽകി. താൻ വൈദികനായിരിക്കെ കുന്നംകുളത്ത് സ്ഥാപിച്ച യാക്കോബായ സഭാ അഭിവർദ്ധിനി സംഘം എന്ന പേർ മാറ്റി തൽസ്ഥാനത്ത് മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ അസോസ്യേഷൻ എന്ന് നാമകരണം ചെയ്തു (വാസ്തവത്തിൽ ഈ സംഘം പില്ക്കാലത്ത് അദ്ദേഹം സ്ഥാപിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ മിനിയേച്ചർ രൂപമായിരുന്നു. ആർത്താറ്റ് പള്ളി സംബന്ധിച്ച് നവീകരണക്കാരുമായി നടന്ന കേസിൽ കുന്നംകുളത്ത് ശിഥിലമായി കിടന്നിരുന്ന അഞ്ച് ഇടവകകളെ ഒരു ട്രസ്റ്റിന്റെ കീഴിൽ ഏകോപിച്ച് ശക്തി സംഭരിക്കുവാനാണ് അദ്ദേഹം ഈ യാക്കോബായ സഭാ അഭിവർദ്ധിനി സംഘം 1850 കളിൽ രൂപീകരിച്ചത്. ആർത്താറ്റ്, ചിറളയം, പഴയ പള്ളി, തെക്കേ അങ്ങാടി, കിഴക്കേ പുത്തൻപള്ളി എന്നീ അഞ്ച് ഇടവകകൾ ചേർന്നാണ് പില്ക്കാലത്ത് ആർത്താറ്റ് – കുന്നംകുളം മഹായിടവക എന്ന മഹാശക്തി രൂപപ്പെട്ടത്).

വലിയ മെത്രാച്ചന് 70 വയസ്സ് പ്രായം. തന്റെയും സഭയുടെയും സുഖദുഃഖങ്ങളിലും ഭയാശങ്കകളിലും ഉത്കണ്ഠകളിലും പങ്കാളിയായിരുന്ന ഒരാളിനെ പിൻഗാമിസ്ഥാനത്തേയ്ക്ക് വച്ചിരുന്നത് ഫലപ്രദമാകാതെ പോയി. മറ്റൊരു പിൻഗാമിക്കുവേണ്ടി ആ വൃദ്ധനയനങ്ങൾ മലങ്കരസഭയിലാകെ തെരഞ്ഞു. പ്രാപ്തി, കാര്യശേഷി, ആജ്ഞാശക്തി, ആത്മീയ പൗരുഷം, പാണ്ഡിത്യം, സഭാസ്നേഹം എന്നിവയിൽ അഗ്രഗണ്യനായിരുന്ന വട്ടശ്ശേരിൽ മല്പാനിൽ ആ കണ്ണുകൾ ഒടുവിൽ ചെന്നുപറ്റി. എപ്പിസ്കോപ്പസിയുടെ കടുംപിടുത്തക്കാരൻ എന്നനിലയിൽ, താൻപോരിമയുടെയും ആത്മവിശ്വാസത്തിന്റെയും പിൻബലമുള്ള അവിനയം എന്നിവ മറ്റു യോഗ്യതകളുടെ മുമ്പിൽ അവഗണിക്കാവുന്നവയായിരുന്നു. 1903 നവംബർ

2 ന് മാർ ദീവന്നാസ്യോസ്, വട്ടശ്ശേരിൽ മല്പാന് റമ്പാൻ സ്ഥാനം നൽകി. എപ്പിസ്കോപ്പൽ ഭരണശൈലിക്കനുകൂലമായും ജനാധിപത്യശൈലിക്കനുകൂലമായും സഭയിൽ രണ്ടു ഗ്രൂപ്പുകൾ ശക്തിപ്പെടുന്നതായും സെമിനാരിയിലെ രണ്ടു മല്പാന്മാർ വ്യത്യസ്ത ഗ്രൂപ്പുകൾക്ക് നേതൃത്വംനൽകുന്നതായും ക്രമേണ പരസ്യമായി. ശീമക്കാരൻ സ്ലീബാ ശെമ്മാശ്ശൻ, അദ്ദേഹം ശീമയിൽ ചെന്ന് കൊണ്ടുവന്ന അത്താനാസ്യോസിന്റെ കാലശേഷവും മലങ്കരയിൽ തങ്ങുന്നതിനെപ്പറ്റി ചില അസുഖകരങ്ങളായ അഭ്യൂഹങ്ങൾ സഭയിലുണ്ടായി. പ്രമേഹവും വാതരോഗവും വലിയ മെത്രാച്ചനെ ശാരീരികമായും സഭയിൽ രൂപപ്പെട്ടുവരുന്ന ധ്രുവീകരണങ്ങൾ മാനസികമായും പരവശതയിലാക്കി.

75 കാരനായ വലിയ മെത്രാച്ചൻ 1083 (1908) കുംഭം 15 ന് പഴയസെമിനാരിയിൽ വിളിച്ചുകൂട്ടിയ മലങ്കര അസോസ്യേഷനിൽ രണ്ട് മെത്രാൻ സ്ഥാനാർത്ഥികളായി വട്ടശ്ശേരിൽ റമ്പാനും കൊച്ചുപറമ്പിൽ പൗലൂസ് റമ്പാനും തെരഞ്ഞെടുക്കപ്പെട്ടു. പുലിക്കോട്ടിൽ മെത്രാച്ചൻ കോനാട്ട് മല്പാനെ കൊണ്ട് നിർദ്ദേശിച്ചതനുസരിച്ച് വട്ടശ്ശേരിൽ റമ്പാനെ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റും പിൻഗാമിയും ആയിട്ടാണ് തെരഞ്ഞെടുത്തത്. 1907 നവംബർ 2 ന് കടവിൽ മാർ അത്താനാസ്യോസ് നിര്യാതനായി ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ കബറടങ്ങി. കൊച്ചി, അങ്കമാലി, തുമ്പമൺ, കോട്ടയം, നിരണം എന്നീ അഞ്ച് ഇടവകകളിലേയും മെത്രാന്മാർ നിര്യാതരാവുകയും ശേഷം രണ്ട് മെത്രാന്മാർ വാർദ്ധക്യത്തിലെത്തുകയും ചെയ്തുവെങ്കിലും പത്രോസ് തൃതീയന്റെ ഇടവക വിഭജനം നിരാകരിച്ച് ഭാവിയിൽ രണ്ടു മെത്രാന്മാർ മതി എന്നു മലങ്കരസഭ തീരുമാനിക്കുകയായിരുന്നു. ഇക്കാലത്ത് അബ്ദുൾ മശിഹാ ബാവായുടെ സർക്കാർ സമ്മതപത്രമായ ഫർമാൻ തുർക്കി സർക്കാർ പിൻവലിക്കുകയും കത്തോലിക്കാസഭയിൽ ചേർന്ന അബ്ദുള്ളാ മാർ ഗ്രീഗോറിയോസ് തിരിച്ചെത്തി തെരഞ്ഞെടുപ്പിന്റെ പിന്തുണയോടെ പാത്രിയർക്കീസായി അവരോധിക്കപ്പെടുകയും ചെയ്തു.

അൽവാറീസ് യൂലിയോസിനെയും റീനിവിലാത്തി തീമോത്തിയോസിനെയും പോലെ പുതിയ മെത്രാന്മാരെയും ഇവിടെ വാഴിക്കുവാൻ അനുവാദം ലഭിക്കുമെന്ന പ്രതീക്ഷയിൽ അനുകൂലാഭിപ്രായം പാത്രിയർക്കീസ് പ്രകടിപ്പിച്ചില്ല. അദ്ദേഹം നിർദ്ദേശിച്ചതനുസരിച്ച് റമ്പാച്ചന്മാരെ ഊർശ്ലേമിലേക്കയച്ചു. മെത്രാൻ തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെ സ്ലീബാ ശെമ്മാശൻ ധൃതിപ്പെട്ട് സ്വദേശത്തേക്കു പോയി. 1908 മേടം 12 ന് നിയുക്ത മെത്രാന്മാർ ഊർശ്ലേമിലെത്തി. മേടം 13 ന് സ്ലീബാ ശെമ്മാശൻ ഉൾപ്പെടെ ഏഴ് പേർക്ക് മർദ്ദീനിൽ വച്ച് മെത്രാൻ സ്ഥാനം നൽകി. ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാനായ സ്ലീബായ്ക്ക് മലങ്കര മെത്രാനായി ഭരണം

നടത്തുവാനുള്ള സുസ്താത്തിക്കോനാണ് നൽകിയത്. ഇടവം 18 ന് കൊച്ചുപറമ്പിൽ പൗലൂസ് റമ്പാച്ചന് കൂറിലോസ്, വട്ടശ്ശേരിൽ റമ്പാച്ചന് ദീവന്നാസ്യോസ് എന്നീ സ്ഥാനനാമങ്ങളിൽ മെത്രാൻ സ്ഥാനം നൽകി. ശീമയിൽ വൈദികവിദ്യാഭ്യാസം നടത്തിയിരുന്ന ഔഗേൻ റമ്പാൻ, ഇവിടെ നിന്ന് റമ്പാന്മാരെ അനുഗമിച്ച പുന്നൂസ് റമ്പാൻ (മൂന്നാം കാതോലിക്കാ), കരോട്ടുവീട്ടിൽ യൂയാക്കീം കത്തനാർ (പരുമലയിൽ കബറടങ്ങിയ മാർ ഈവാനിയോസ്), പാറേട്ട് മാത്യൂസ് ശെമ്മാശൻ (മാർ ഈവാനിയോസ്), ഐപ്പ്, യോഹന്നാൻ തുടങ്ങിയവർ വാഴ്ചയിൽ പങ്കെടുത്തു (*മലങ്കര നസ്രാണികൾ*, വാല്യം 4, പു. 112). മാർ ഒസ്താത്തിയോസിന്റെ സുസ്താത്തിക്കോന്റെ വിവരം അറിഞ്ഞതോടെ അനുഭവ സമ്പന്നനും കുശാഗ്രബുദ്ധിയുമായ പുലിക്കോട്ടിൽ മെത്രാച്ചൻ അസ്വസ്ഥനായി. അചിരേണ മൂന്ന് മെത്രാന്മാരും മലങ്കരയിലെത്തി. 1908 ജൂലൈ 17 ന് നാട്ടിലെത്തിയ മെത്രാന്മാർക്ക് സ്വീകരണങ്ങൾ ഒട്ടേറെ ലഭിച്ചു.

1908 വൃശ്ചികം 11 ന് മാനേജിംഗ് കമ്മിറ്റി കൂടി. മാർ ദീവന്നാസ്യോസിനെ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റ് ആയി നിയമിച്ചു. മാർ ഗീവറുഗീസ് ദീവന്നാസ്യോസിനെ തന്റെ പിൻഗാമിയായി അംഗീകരിക്കുകയും വട്ടിപ്പണത്തിന്റെ പലിശ അദ്ദേഹത്തിന്റെ രശീതിൻപടി കൊടുക്കുകയും ചെയ്യണമെന്ന് ബ്രിട്ടീഷ് റസിഡന്റിന് കോട്ടയം ചെറിയപള്ളിയിൽ നിന്ന് 1909 മെയ് 28 ന് മുൻഗാമി എഴുതി. മലങ്കര അസോസ്യേഷന്റെ തെരഞ്ഞെടുപ്പും പാത്രിയർക്കീസിന്റെ കൈവെപ്പും മുൻഗാമിയുടെ ആശീർവാദവും അംഗീകാരവും രേഖപ്പെടുത്തിയിരുന്ന കത്തിൻപ്രകാരം റസിഡന്റ് അനുകൂലമായ കത്ത് കൂട്ടുട്രസ്റ്റികൾക്കയക്കുകയും പിൻഗാമിയുടെ ഒപ്പ് സാക്ഷ്യപ്പെടുത്തി അയക്കുവാൻ കൂട്ടുട്രസ്റ്റികളോടാവശ്യപ്പെടുകയും ചെയ്തു. ജൂലൈ 19 ന് കൂട്ടുട്രസ്റ്റികൾ റസിഡന്റ് ആവശ്യപ്പെട്ടപ്രകാരം വട്ടശ്ശേരി മെത്രാച്ചന്റെ ഒപ്പ് സാക്ഷ്യപ്പെടുത്തി മറുപടി അയച്ചു. ഇതിനോടകം മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക വസതിയും ആസ്ഥാനവും പിൻഗാമിയ്ക്ക് കൈമാറി മുൻഗാമി കോട്ടയം ചെറിയപള്ളിയിലേക്ക് താമസം മാറിയിരുന്നു. ഇപ്രകാരം മാലോകരും ഭരണാധികാരികളും അറികെ, പിൻഗാമിയെ ഭരണത്തിലിരുത്തിയ മുൻഗാമിയുടെ ഉൾക്കാഴ്ച പ്രവാചകസഹജമെന്നേ പറയാവൂ. 1909 മെയ് 28 ന് ബ്രിട്ടീഷ് റസിഡന്റിന് കത്തെഴുതിയ ശേഷം 44 ദിവസം മാത്രമേ മുൻഗാമി ജീവിച്ചിരുന്നുള്ളു.

ജീവിതകാലത്ത് ആഗ്രഹിച്ചിട്ട് സാധിക്കാത്ത ഒരാഗ്രഹം ആ വൃദ്ധമനസ്സിൽ അവശേഷിച്ചു. അകന്നുപോയ നവീകരണസഭയെ മലങ്കരസഭയിലേയ്ക്ക് പുനരാനയിക്കുക. ഇക്കാര്യം അന്ത്യകല്പനയിലൂടെ പിൻഗാമിയെ അദ്ദേഹം ചുമതലപ്പെടുത്തി (1909 ഇടവം 28 ന് എഴുതിയ അന്ത്യകല്

പന. *ചരമനവതി സുവനീർ*, തൃശൂർ, 1999, പു. 92-95 കാണുക).

ലണ്ടനിൽ മലങ്കരസഭയ്ക്ക് ഒരു സ്ഥാനപതി ഉണ്ടായാൽ കൊള്ളാമെന്ന് അദ്ദേഹം ആഗ്രഹിച്ചു. പ്രിസ്ബിറ്റീറിയൻ സഭയിൽ വൈദികനായ റവ. എസ്. ഡി. ബാബായെ മാർ ദീവന്നാസ്യോസ് മലങ്കരസഭയിലെ അംഗമായി സ്വീകരിച്ചു. ജന്മംകൊണ്ട് പൂനായിലെ പാർസിമതക്കാരനായ അദ്ദേഹത്തെ മാർ ദീവന്നാസ്യോസ് യെരുശലേമിലേക്കയച്ച് അവിടത്തെ മാർ ഈവാനിയോസിനെക്കൊണ്ട് വൈദികപട്ടം കൊടുപ്പിച്ചു. അദ്ദേഹത്തെ ലണ്ടനിൽ മലങ്കരസഭയുടെ അംബാസഡറായി നിയമിച്ചു. അദ്ദേഹം മാർ യാക്കോബിന്റെ തക്സാ തർജിമ ചെയ്ത് ഇംഗ്ലീഷിൽ കുർബാന അർപ്പിച്ച് വന്നു. ഇംഗ്ലീഷ് പത്രങ്ങളിലും മറ്റും നമ്മുടെ സഭയെക്കുറിച്ച് ലേഖനമെഴുതി. എഡ്വേർഡ് ചക്രവർത്തിയുടെ ശവസംസ്കാരയാത്രയിൽ സുറിയാനിസഭയുടെ പ്രതിനിധിയായി അദ്ദേഹം ക്ഷണിക്കപ്പെടുകയും മറ്റു രാജ്യങ്ങളിലെ സ്ഥാനപതികളോട് തുല്യമായി സ്വീകരിക്കപ്പെടുകയും ചെയ്തു. ഇദ്ദേഹം മുഖേന ബ്രിട്ടീഷ് ഭരണത്തിലുള്ള സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിൽ മലങ്കരസഭയെപ്പറ്റിയുള്ള ഖ്യാതി വർദ്ധിക്കുവാനിടയായി. അൽവാറീസ് മാർ യൂലിയോസ്, റീനി വിലാത്തി മാർ തീമോത്തിയോസ്, റവ. ഫാ. ബാബാ എന്നീ മൂന്ന് പേർ മൂലം മലങ്കരസഭയുടെ ഖ്യാതി ലോകമെങ്ങും വ്യാപിക്കുവാൻ ഇടയായി. അദ്ദേഹത്തിന് മുമ്പോ പിമ്പോ ഇപ്രകാരമൊരു യശോവിസ്തൃതി മലങ്കരസഭയ്ക്ക് ലഭിച്ചിട്ടില്ല.

മരണത്തോടടുക്കുമ്പോൾ സഭയുടെ ഭാവിയെക്കുറിച്ച് ആശങ്ക ജനിപ്പിക്കുന്ന ഒരു വെല്ലുവിളി ഉയരുന്നത് അദ്ദേഹത്തിന് കേൾക്കാമായിരുന്നു. ആ വെല്ലുവിളി മുഴക്കിയ ഗോല്യാത്ത് സ്ലീബാ ഒസ്താത്തിയോസ് ആയിരുന്നു. താൻ കോട്ട കെട്ടി ഭദ്രമാക്കിയ ക്രമീകരണങ്ങളെ തകർക്കുമെന്ന് ഈ അഭിനവ ഗോലിയാത്ത് പരസ്യമായി വീരവാദം മുഴക്കിയിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിതാ: ജോസഫ് ദീവന്നാസ്യോസിന്റെ കാലം ഒന്നു കഴിയട്ടെ. ഭരണം നടത്തുന്നത് എങ്ങനെയെന്ന് കാണിച്ചുതരാം" (പാറേട്ട്, വാല്യം 3, പു. 291). വലിയ മെത്രാച്ചൻ ജീവിച്ചിരിക്കുമ്പോൾ ഭിന്നതയുടെ യാതൊരു വിത്തും മലങ്കരമണ്ണിൽ വളരുവാൻ സാദ്ധ്യമല്ലെന്ന് ഒസ്താത്തിയോസ് മെത്രാച്ചന് അനുഭവത്തിലൂടെ അറിയാമായിരുന്നു. അങ്ങനെയിരിക്കെയാണ് മാർ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലേക്ക് പുറപ്പെട്ട വിവരം വലിയ മെത്രാച്ചൻ അറിയുന്നത്. ആ അറിവ് അദ്ദേഹത്തെ ചിന്താധീനനാക്കി. വാതരോഗബാധിതനായി കോട്ടയം ചെറിയപള്ളിയിൽ വിശ്രമിച്ചിരുന്ന അദ്ദേഹത്തിന്റെ രോഗം വർദ്ധിക്കുവാൻ ഈ വാർത്ത കാരണമായി. ഒടുവിൽ തന്റെ ശക്തിയുടെയും വിജയത്തിന്റെയും രഹസ്യം പിൻഗാമിയ്ക്ക് വെളിപ്പെടുത്തി കൊടുക്കുവാൻ ആ ഗംഭീരാത്മാവ് പ്രസാദിച്ചു. മെത്രാന്മാരെയും കൂട്ടു ട്രസ്റ്റിമാരെയും അദ്ദേഹം കോട്ടയം ചെറിയ

പള്ളിയിലേക്ക് ക്ഷണിച്ചുവരുത്തി. മെത്രാന്മാർ തമ്മിലുള്ള പരസ്പര ബഹുമാനത്തിൽ അധിഷ്ഠിതമായ സാഹോദര്യവും കൂട്ടു ട്രസ്റ്റിമാർ തമ്മിലുള്ള ഐക്യവുമാണ് തന്റെ ജീവിത വിജയത്തിന്റെ രഹസ്യമെന്ന് വികാരഭരിതനായി അദ്ദേഹം വെളിപ്പെടുത്തി. അബ്ദുള്ളാ ബാവായുടെ വരവ് ഭിന്നതയുടെ പല രംഗങ്ങളും സൃഷ്ടിക്കുമെന്നും അപ്പോഴെല്ലാം എന്ത് ത്യാഗവും ചെയ്തും ഐക്യം കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കണമെന്നും വലിയ മെത്രാച്ചൻ കൊച്ചു മെത്രാച്ചന്മാരെയും കൂട്ടു ട്രസ്റ്റിമാരെയും അന്തിമമായി പ്രബോധിപ്പിച്ചു. വട്ടശ്ശേരിൽ മെത്രാച്ചനും കൊച്ചുപറമ്പിൽ മെത്രാച്ചനും വലിയ മെത്രാച്ചനെ ആലിംഗനം ചെയ്തുകൊണ്ടും കോനാട്ട് മാത്തൻ മല്പാനും സി. ജെ. കുര്യനും കണ്ണുനീർ വാർത്തുകൊണ്ടിരുന്ന വലിയ മെത്രാച്ചന്റെ വലതുകരം മാറിമാറി ചുംബിച്ചും അന്ത്യപ്രബോധനം അനുസരിച്ചുകൊള്ളാമെന്ന് മലങ്കരയുടെ മഹാത്മാവും തങ്ങളുടെ ഗുരുവും മാർഗ്ഗദർശിയുമായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന് ഉറപ്പു കൊടുത്തു.

സംഭവബഹുലമായ ഒരു നീണ്ട പകലിന് ശേഷം ആ സൂര്യൻ എരിഞ്ഞടങ്ങി. 1909 മിഥുനം 28 ന് ആ കർമ്മയോഗി 76-ാം വയസ്സിൽ നിര്യാതനായതോടെ മലങ്കരസഭാചരിത്രത്തിലെ തിളക്കമാർന്ന സുവർണ്ണയുഗവും സമാധാനകാലവും അസ്തമിച്ചു. തന്റെ പൂർവ്വികൻ സ്ഥാപിച്ചതും താൻ പണി പൂർത്തിയാക്കി കൂദാശ ചെയ്തതുമായ കോട്ടയം പഴയസെമിനാരി ചാപ്പലിന്റെ വടക്കേ കബർ മുറിയിൽ ആ മഹാത്മാവ് അന്ത്യവിശ്രമം കൊള്ളുന്നു.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, ഗീവറുഗീസ്സ് മാർ ബസ്സേലിയോസ്, ഔഗേൻ മാർ ബസ്സേലിയോസ്, മാത്യൂസ് പ്രഥമൻ, മാത്യൂസ് മാർ കൂറിലോസ്, തോമസ് മാർ തീമോത്തിയോസ് എന്നീ പില്ക്കാല മലങ്കര മെത്രാന്മാരെയെല്ലാം സൂക്ഷ്മമായി നിരീക്ഷിച്ചശേഷം പാറേട്ട് 1976-ൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിനെപ്പറ്റി എഴുതിയ സാക്ഷ്യം ഇങ്ങനെയായിരുന്നു:

“മലങ്കര നസ്രാണികളെ സംബന്ധിച്ചിടത്തോളം അത്യന്തം വിപത്ക്കരമായ ഒരു ഘട്ടത്തിലാണ് മാർ ജോസഫ് ദീവന്നാസ്യോസ് എന്ന നക്ഷത്രം ഉദിച്ചത്.... ആശയ്ക്ക് ഇടനൽകുന്ന ഇന്നത്തെ നിലയ്ക്ക് അസ്തിവാരം ഉറപ്പിച്ചതും ജോസഫ് ദീവന്നാസ്യോസ് ആയിരുന്നു. ... ഒരു കോപ്പ പായസത്തിന് വേണ്ടി ജന്മാവകാശം തീറുകൊടുക്കാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. പത്രോസ് തൃതീയനും മാർ ദീവന്നാസ്യോസും തമ്മിൽ പൊരുതി. .. രക്തരഹിതവും ശബ്ദരഹിതവും ആയിരുന്നു ആ സമരം. രണ്ട് ചാണക്യന്മാർ തമ്മിൽ നടന്നതായതുകൊണ്ട് അങ്ങനെ അല്ലാതെ വരാൻ തരമില്ല. ... മലങ്കരയുടെ ബലം കുറയ്ക്കാൻ സ്വീകരിച്ച തന്ത്രം ബലം വർദ്ധിപ്പിയ്

ക്കാൻ ഉപയോഗിക്കണമെന്ന് നീതികുശലനും നയതന്ത്രജ്ഞനുമായ ആ മഹാപണ്ഡിതൻ തീർച്ചപ്പെടുത്തി. ... പാത്രിയർക്കീസിന്റെ സൃഷ്ടികൾ ആയിരുന്ന ആറു പുതിയ മെത്രാന്മാരെയും അദ്ദേഹം പാട്ടിലാക്കി. ... ആ ഒറ്റ വിജയത്തിന് മാത്രമായി മാർ ജോസഫ് ദീവന്നാസ്യോസിന് അത്ഭുത പ്രവർത്തകസ്ഥാനം കൊടുത്താൽ ഒട്ടും അധികമാവില്ല. പത്തുവർഷം നാലുമാസത്തെ സമരം കൊണ്ട് അദ്ദേഹം സമ്പൂർണ്ണ വിജയം കൈവരിച്ചു. മാർ ഗീവറുഗീസ് ദീവന്നാസ്യോസ് 1926-ൽ തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്ന്.... സമ്പാദിച്ച വിധിയും മൂന്നാം കാതോലിക്കോസ് പില്ക്കാലത്ത് സുപ്രീംകോടതിയിൽ നിന്ന് സമ്പാദിച്ച വിധിയും ജോസഫ് ദീവന്നാസ്യോസ് ഭയന്നും സംശയിച്ചും ഇട്ട അടിസ്ഥാനത്തിന്മേലാണ് ഉറപ്പിച്ചതെന്ന് ഓർത്താൽ അദ്ദേഹത്തിന്റെ ശ്രമഫലം എത്ര വിശിഷ്ടമാണെന്ന് മനസ്സിലാക്കുവാൻ കഴിയും. ... പ്രീണനങ്ങളും പീഡനങ്ങളും പ്രയാസങ്ങളും അവഗണിച്ചും സഹിച്ചും പിതാക്കന്മാരുടെ വിശ്വാസത്തിൽ തുടർന്നു എന്ന് അഭിമാനിക്കാൻ കഴിവുണ്ടായിരുന്ന നസ്രാണികൾക്ക് ഒരുമിച്ച് നിൽക്കാൻ ആവശ്യമായ സംഘടനാ സ്വാതന്ത്ര്യം 1800 സംവത്സര കാലത്തേയ്ക്ക് മലങ്കരയിൽ ഇല്ലായിരുന്നു. ആ കുറവ് പരിഹരിച്ച മഹാനാണ് ജോസഫ് ദീവന്നാസ്യോസ്. മനം പതറാതെ, ഹൃദയം കുലുങ്ങാതെ, കാൽ വഴുതാതെ മുമ്പോട്ട് കുതിച്ച് കയറിയ, സുന്നഹദോസിലും ഭരണത്തിലും മാപ്പിളയ്ക്കുള്ള സ്ഥാനം ശരിയ്ക്ക് അംഗീകരിച്ച മഹാനാണ് ദീവന്നാസ്യോസ്. .... മുളന്തുരുത്തി സുന്നഹദോസിന്റെയും മലങ്കര നസ്രാണികളുടെ വ്യസ്ഥാപിത ഭരണക്രമത്തിന്റെയും മഹാശില്പിയും ജാതിയുടെ സംഘാടകനും ആയ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസിനെ നമുക്ക് നമസ്കരിക്കാം" (പാറേട്ട്, *മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകൾ*, ഉപസംഹാര വാക്യം). 'ഈവിധം ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു മെത്രാൻ നസ്രാണികൾക്ക് ഇതേവരെ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല' (പാറേട്ട്, വാല്യം 3, പു. 302).

# അദ്ധ്യായം 6

# മലങ്കരയുടെ കോട്ട

## A. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായുടെ അന്ത്യകാലത്ത് അസിസ്റ്റന്റും പിൻഗാമിയും എന്ന നിലയിൽ ഭരണത്തിൽ പ്രവേശിപ്പിച്ച വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് പരുമലയിലെ പുണ്യവാന്റെ ശിഷ്യൻ, കോട്ടയം പഴയ സെമിനാരിയിലെ മല്പാൻ, പ്രത്യുല്പന്നമതിയായ പ്രഭാഷകൻ, ദൈവ ശാസ്ത്രത്തിലും കാനോനിലും അതുല്യ പാണ്ഡിത്യം നേടി 'മതോപദേശസാരം' രചിച്ച ഗ്രന്ഥകാരൻ, വലിയ മെത്രാച്ചന്റെ മനഃസാക്ഷി സൂക്ഷിപ്പുകാരൻ, കറ കളഞ്ഞ സഭാസ്നേഹി, പ്രകടനപരത തൊട്ടുതീണ്ടിയിട്ടില്ലാത്ത ആത്മീ യതയുടെ നിറകുടം എന്നീ നിലകളിൽ സമുദായത്തിന്റെ കണ്ണിലുണ്ണിയും 1876 ഒക്ടോബർ 12 ന് പത്രോസ് തൃതീയൻ ബാവായിൽ നിന്ന് പുതുപ്പ ള്ളിയിൽ വച്ച് മ്സമ്രോനോ സ്ഥാനം പ്രാപിച്ചതുമുതൽ സഭയിലാകെ അറിയപ്പെട്ടിരുന്ന ആളും ആയിരുന്നു. ഗുരുവായ പരുമല പുണ്യവാന്റെയും പത്രോസ് ബാവായുടെ അനുചരനായി വന്ന അബ്ദുള്ളാ മാർ ഗ്രീഗോറി യോസിന്റെയും കൂടെ സെക്രട്ടറിയായും ദ്വിഭാഷിയായും മലങ്കരയുടെ തെക്കും വടക്കും പലവട്ടം സഞ്ചരിച്ച അദ്ദേഹം 1858 ഒക്ടോബർ 31 ന് മല്ലപ്പള്ളി വട്ടശ്ശേരിൽ ഔസേപ്പിന്റെയും ഏലിയുടേയും പുത്രനായി ജനിച്ചതു മുതൽ നവീകരണ കോലാഹലങ്ങളുടെ മദ്ധ്യേയാണ് വളർന്നത്. സെക്കണ്ടറി വിദ്യാഭ്യാസം ഔപചാരികമായി പൂർത്തിയാക്കുവാൻ കഴി ഞ്ഞില്ലെങ്കിലും കഠിന പ്രയത്നം ചെയ്ത് പരസഹായം കൂടാതെ ഇംഗ്ലീഷ് ഗ്രഹിക്കുവാനുള്ള കഴിവ് ആർജ്ജിച്ചു. പരുമല മാർ ഗ്രീഗോറിയോസ്, മുറിമറ്റത്തിൽ മാർ ഈവാനിയോസ് എന്നിവരിൽ നിന്ന് സുറിയാനി ഭാഷയും വ്യാകരണവും ദൈവശാസ്ത്രവും കാനോനും അഭ്യസിച്ചു. സത്യ സന്ധതയിലും കാര്യപ്രാപ്തിയിലും ബുദ്ധിശക്തിയിലും മികച്ചുനിന്ന അദ്ദേഹം പുലിക്കോട്ടിൽ മെത്രാച്ചൻ നേതൃത്വം നൽകിയ മഹാജനസഭ, വിദ്യാർത്ഥിപ്രസ്ഥാനം, ഷോടതി, വൈദികസംഘം എന്നിവയിലെ പ്രധാന അണിയറപ്രവർത്തകൻ ആയിരുന്നു. തന്റെ പ്രധാന പ്രവർത്തന രംഗങ്ങ ളുടെ പ്രധാന സ്ഥാനത്ത് ഈ ധൈഷണിക ആചാര്യനെ പ്രയോജനപ്പെടു ത്തുവാൻ മലങ്കര മെത്രാപ്പോലീത്താ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സമുദായ ത്തിന്റെ ഭാവി ഇദ്ദേഹത്തിന്റെ കൈകളിൽ സുരക്ഷിതമാവും എന്ന പ്രതീ ക്ഷയിൽ തന്റെ ഒടുവിലത്തെ വർഷങ്ങളിൽ ഈ കുശാഗ്രബുദ്ധിയുടെ സേവനത്തിലും സഹായത്തിലും മലങ്കരമെത്രാൻ പൂർണ്ണമായി ആശ്രയി ച്ചിരുന്നു. മല്പാന്റെ ആലോചനയും പങ്കാളിത്തവും കൂടാതെ യാതൊരു

കാര്യവും വലിയ മെത്രാച്ചൻ ചെയ്തിരുന്നില്ല. തന്മൂലം കൊച്ചുമെത്രാച്ചൻ അധ്യക്ഷസ്ഥാനത്ത് പുതുമുഖമായിരുന്നുവെങ്കിലും മലങ്കര മെത്രാന്റെ ഭരണരംഗങ്ങൾ അദ്ദേഹത്തിന് അപരിചിതം ആയിരുന്നില്ല.

മലങ്കര അസോസ്യേഷന്റെ തെരഞ്ഞെടുപ്പോടെ മെത്രാൻസ്ഥാനം പ്രാപിക്കുവാൻ തങ്ങൾ യെരുശലേമിൽ എത്തുന്നതിന് മുമ്പായി മലങ്കരയിൽ ശെമ്മാശനായി കൃത്യമായ മേൽവിലാസങ്ങളൊന്നുമില്ലാതെ കഴിഞ്ഞിരുന്ന സ്ലീബായെ, അബ്ദുള്ളാ ബാവാ മെത്രാനാക്കിയതും മലങ്കരസഭ മുഴുവന്റേയും ഭരണച്ചുമതല അദ്ദേഹത്തിന് കൊടുക്കുന്നതായി അദ്ദേഹത്തിന്റെ സുസ്താത്തിക്കോനിൽ രേഖപ്പെടുത്തിയതും തന്റെ സുസ്താത്തിക്കോനിൽ മലങ്കരസഭയും മലങ്കരമെത്രാപ്പോലീത്തായും ആവശ്യപ്പെട്ടതിൻപ്രകാരം പിൻഗാമി എന്ന് ചേർക്കാതിരുന്നതും വട്ടശ്ശേരിൽ മെത്രാച്ചനെ ചിന്താധീനനാക്കി. പാത്രിയർക്കീസ് മലങ്കരയിലെത്തുന്നതിന് മുമ്പ് കാര്യങ്ങൾക്കൊക്കെ ചിട്ടയും വ്യക്തമായ ധാരണയും വരുത്തുവാൻ അദ്ദേഹം നിശ്ചയിച്ചു. ചുമതലയേറ്റതിന് ശേഷം ആദ്യത്തെ മാനേജിംഗ് കമ്മിറ്റി 1909 ചിങ്ങം 15 ന് ചേർന്നു. ബെസ്ഗാസാമുറിയുടെ മൂന്ന് പൂട്ടുകളുടെ മൂന്ന് താക്കോലുകൾ കൂട്ടു ട്രസ്റ്റികളായ മൂന്ന് പേരുടെ കൈവശമിരിക്കേണ്ടതായിരുന്നുവെങ്കിലും പരസ്പര സമ്മതത്തോടെ മൂന്ന് താക്കോലുകളും പുലിക്കോട്ടിൽ മെത്രാച്ചന്റെ കൈവശത്തിലാണിരുന്നത്. കൊച്ചു മെത്രാച്ചന്റെ ഭരണം വന്നപ്പോൾ കൂട്ടുട്രസ്റ്റികൾ അവരവരുടെ താക്കോലുകൾ ആവശ്യപ്പെട്ടു. പുതിയ മലങ്കരമെത്രാപ്പോലീത്തായോടുള്ള അവിശ്വാസ്യതയായി വരുമെന്നതിനാൽ താക്കോലുകൾ തുടർന്നും മലങ്കര മെത്രാപ്പോലീത്താ വശം ഇരിക്കട്ടെ എന്നും കൂട്ടുട്രസ്റ്റികൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായാൽ മെത്രാൻ ട്രസ്റ്റിയുടെ അഭിപ്രായപ്രകാരമാണ് കാര്യങ്ങൾ നടക്കേണ്ടതെന്നും കമ്മിറ്റി തീരുമാനിച്ചത് വൈദിക - അത്മായ ട്രസ്റ്റികൾക്ക് അമർഷം ഉണ്ടാക്കി. സമുദായത്തിലെ ആദ്യത്തെ ചേരിതിരിവ് അവിടെ ആരംഭിക്കുന്നു. കൊച്ചുപറമ്പിൽ കൂറിലോസിന് കോട്ടയം, കൊച്ചി എന്നീ ഇടവകകൾ, ഈവാനിയോസിന് കണ്ടനാട്, അങ്കമാലി ഇടവകകൾ എന്നിങ്ങനെ ഇടവക വിഭജനം നടത്തി. പരദേശിയാകയാൽ ഒസ്താത്തിയോസിന് അദ്ദേഹം ആവശ്യപ്പെട്ടിട്ടും ഇടവകകൾ നൽകിയില്ല. ഈ നടപടി മാർ ഒസ്താത്തിയോസിൽ അമർഷം ജനിപ്പിച്ചു. ഇപ്രകാരം ആദ്യത്തെ മാനേജിംഗ് കമ്മിറ്റിയിൽ തന്നെ പ്രകടമായ ചേരിതിരിവുകൾ രൂപപ്പെട്ടു. പാത്രിയർക്കീസ് എത്തുന്നതിന് മുമ്പ് ബന്ധപ്പെട്ടവർ ചേരികൾ വിപുലപ്പെടുത്തുവാനും ശക്തിപ്പെടുത്തുവാനും ആരംഭിച്ചു.

ലൗകികാധികാരങ്ങൾ റോയൽകോടതി വിധിയിലൂടെ നഷ്ടപ്പെട്ടത് വീണ്ടെടുക്കുവാൻ അബ്ദുള്ളാ ബാവാ പ്രതിജ്ഞാബദ്ധനായിരുന്നു. അതിനാവശ്യമായ പിന്തുണ അദ്ദേഹത്തിന് ആവശ്യമായിരുന്നതിനാൽ

അസംതൃപ്തരായ വൈദിക - അത്മായ നേതാക്കളെ മാർ ഒസ്താത്തിയോസ് മുഖേന കണ്ടെത്തുവാനും അവരെ സംഘടിപ്പിക്കുവാനും മലങ്കരയിലെത്തുന്നതിന് മുമ്പേ അബ്ദുള്ളാ ബാവാ ശ്രമിച്ചു തുടങ്ങി. താനും മലങ്കര മെത്രാപ്പോലീത്തായും തമ്മിൽ നിയമയുദ്ധം ഉണ്ടായാൽ കൂടെ നില്ക്കാമോ എന്ന് സ്വീകരണത്തിനെത്തിയ ഫാ. പി. റ്റി. ഗീവറുഗീസിനോട് ബാവാ ബോംബെയിൽ വച്ച് ചോദിച്ചു. മലങ്കരമെത്രാനുമായി വ്യവഹാരമുണ്ടാകുന്നപക്ഷം ചെലവുകൾക്കായി 10000 രൂപ പാത്രിയർക്കീസിന് നൽകാമെന്ന് ഒരു അസംതൃപ്തൻ ബാവായെ കത്തുമൂലം അറിയിച്ചിരുന്നു. ഇപ്രകാരം വിങ്ങിപ്പൊട്ടാറായ ഒരന്തരീക്ഷത്തിലാണ് അബ്ദുള്ളാ ബാവാ ആരും ക്ഷണിക്കാത്ത ഒരു മലങ്കര സന്ദർശനത്തിന്റെ ഭാഗമായി 1909 കന്നി 23 ന് വെള്ളിയാഴ്ച കുന്നംകുളത്ത് വന്നുചേർന്നത്. അവിടത്തെ ചില തർക്കങ്ങളിൽ അദ്ദേഹം അനധികൃതമായി ഇടപെട്ട് കന്നി 30 ന് ഇടവകയോഗം കൂടുകയും 13 പേരുള്ള കമ്മിറ്റിയെ നിയമിക്കുകയും 17 വകുപ്പുകളുള്ള ഒരു ഭരണനടപടിക്രമം പാസ്സാക്കുകയും ചെയ്തു (*ആർത്താറ്റ് പള്ളിച്ചരിത്രം*, പി. സി. കുഞ്ഞാത്തു, പു. 118-120).

മാർ അബ്ദുള്ളായുടെ ദ്രവ്യാഗ്രഹം 1876 മുതൽ കുപ്രസിദ്ധമായിരുന്നു. അദ്ദേഹം കുന്നംകുളം പള്ളിയിൽ വന്നപ്പോൾ പൂർവ്വികമായി 'മലയാളത്തുള്ള എല്ലാ പള്ളികളുടെയും പേരിൽ' റവ. ഡോ. ക്ലോഡിയസ് ബുക്കാനൻ 1808 ൽ പാലൂർ - ചാട്ടുകുളങ്ങര പള്ളിയുടെ ത്രോണോസിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ - പില്ക്കാലത്ത് കോട്ടയം പഴയസെമിനാരി സ്ഥാപകൻ സഭാ ജ്യോതിസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ - സാന്നിധ്യത്തിൽ സമർപ്പിച്ച് സമ്മാനിച്ച സ്വർണ്ണപ്പതക്കം മിസ്റ്റർ പാത്തപ്പൻ പാത്രിയർക്കീസിന് കാണിച്ചുകൊടുക്കുകയും ബാവാ അത് പെട്ടിയിൽ വച്ച് കൊണ്ടുപോകയും ചെയ്തു. പിന്നീട് വക്കീൽ നോട്ടീസയച്ച് നിയമനടപടികൾക്ക് ഇടവക മുതിർന്നപ്പോൾ ആണ് അദ്ദേഹം അത് തിരിച്ചുകൊടുത്തത് (*ആർത്താറ്റ് പള്ളിച്ചരിത്രം*, പു. 123).

കുന്നംകുളം ഇടവകയിൽ പനക്കൽ കുഞ്ഞൻ മാത്തു ചിമ്മാർ പേരിൽ തൃശൂർ പടിഞ്ഞാറേ കോട്ടവാതുക്കൽ 1895 ൽ സ്ഥലം വാങ്ങുകയും 1903-ൽ പള്ളിപണിയാൻ അനുവാദം ലഭിക്കുകയും 1907 -ൽ പുലിക്കോട്ടിൽ മെത്രാച്ചന്റെ കല്പനപ്രകാരം പണപ്പിരിവ് നടത്തുകയും 1904 -ൽ ആർത്താറ്റ് പള്ളിക്കാര്യത്തിൽ 400 രൂപ സംഭാവന നൽകിയതുമായ തൃശൂരിൽ അബ്ദുള്ളാ ബാവാ 1909 തുലാം 1 ന് ഒരു പള്ളിക്ക് ശിലയിട്ടു. മാർ ഗീവറുഗീസ് സഹദായുടെ നാമം സ്ഥലവാസികൾ നിർദ്ദേശിച്ചുവെങ്കിലും പാത്രിയർക്കീസ് എന്ന നിലയിൽ താൻ ആദ്യം ശിലയിടുന്ന മലങ്കരയിലെ പള്ളി മാർ ഇഗ്നാത്തിയോസിന്റെ നാമത്തിലാകട്ടെ എന്ന് ബാവ നിശ്ചയിക്കുകയാണുണ്ടായത് (ചാക്കോ സൂപ്രണ്ടിന്റെയും കോലാടി ദാവീദ്

ശെമ്മാശന്റെയും കഠിനാധ്വാനത്തിന്റെ ഫലമായി ദേവാലയം പൂത്തിയായി. പുലിക്കോട്ടിൽ മെത്രാച്ചന്റെ സഹോദരീപുത്രൻ ചെറുവത്തൂർ കുറിയാക്കോസ് കത്തനാർ 1912 മിഥുനം 4 ന് പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു (*ആർത്താറ്റ് പള്ളിച്ചരിത്രം*, പു. 108, 109).

അക്കൊല്ലം തുലാം 20 ന് പരുമല പെരുനാളിൽ പാത്രിയർക്കീസ് ബാവാ പങ്കെടുത്തു. നടവരവായി ലഭിച്ച മൂവ്വായിരം രൂപ കൈമുത്തായി ആവശ്യപ്പെട്ടിട്ടും നൽകാത്തതിൽ ബാവാ കുപിതനായി. തിരുവനന്തപുരത്തെത്തി മഹാരാജാവിനെ മുഖം കാണിച്ച അദ്ദേഹം തിരിച്ച് കോട്ടയത്തെത്തി വൃശ്ചികം 12 ന് പഴയസെമിനാരി സ്ഥാപകന്റെ പെരുന്നാളിന് കോട്ടയത്ത് ഒരു സുന്നഹദോസ് – അസോസ്യേഷൻ – വിളിച്ചുകൂട്ടി. എട്ട് ദിവസം വരെ താമസിപ്പാൻ ഒരുങ്ങിവരണമെന്ന് 1909 തുലാം 15 ന് സെമിനാരിയിൽ നിന്നയച്ച സർക്കുലറിൽ ആവശ്യപ്പെട്ടിരുന്നു. മീറ്റിംഗിൽ ഹാജരായ ഇലഞ്ഞിക്കൽ ജോൺ വക്കീൽ സുന്നഹദോസ് നടപടി സാക്ഷിക്കുന്നു: “12 ന് പെരുന്നാൾ. അന്ന് മീറ്റിംഗ് കൂടിയില്ല. പിറ്റേന്ന് ഉച്ചയ്ക്ക് ആരംഭിച്ചു. പാത്രിയർക്കീസിന്റെ പ്രാരംഭ പ്രസംഗം കഴിഞ്ഞ് ബാവായും മെത്രാന്മാരും മുറികളിൽ പോയി. സി. ജെ. കുര്യൻ, എം. എ. ചാക്കോ, ജോൺ വക്കീൽ എന്നിവരെ മുറിയിൽ വിളിച്ച് പാത്രിയർക്കീസിന്റെ അധികാരം സമ്മതിക്കുന്ന രേഖ ആവശ്യപ്പെട്ടു. അവർ താഴെയിറങ്ങി 1000 ത്തോളം വരുന്ന പ്രതിനിധികളോട് കാര്യം പറഞ്ഞു. അല്പനേരത്തെ നിശബ്ദതയ്ക്കും കൂടിയാലോചനകൾക്കും ശേഷം എം. പി. വർക്കിയും മറ്റും ‘പാത്രിയർക്കീസ് ആവശ്യപ്പെട്ടത് ചെയ്യാൻ പാടില്ല’ എന്ന് അസന്ദിഗ്ദ്ധമായി പറഞ്ഞു.”

ഇതിൽ കുപിതനായ ബാവായെ സാന്ത്വനിപ്പിക്കാൻ നടത്തിയ ശ്രമങ്ങളൊന്നും വേണ്ടത്ര വിജയിച്ചില്ല. ലൗകികാധികാരം സംബന്ധിച്ച് യോഗത്തിന്റെ അഭിപ്രായം അറിഞ്ഞപ്പോൾ ബാവാ ആ വിഷയം തത്ക്കാലം മാറ്റിവച്ചു. എത്ര മെത്രാന്മാർ വേണമെന്ന് തീരുമാനിക്കാനായി അടുത്ത ആവശ്യം. അക്കാര്യത്തിലും ബാവായുടെ ആഗ്രഹത്തോട് പള്ളിക്കാർ വിയോജിച്ചു. എത്രയും കുറച്ച് മെത്രാന്മാർ മതി എന്നായിരുന്നു യോഗത്തിന്റെ നിലപാട്. ചുരുക്കത്തിൽ പരസ്പരം മനസ്സിലാക്കലല്ലാതെ മറ്റൊന്നും വൃശ്ചികം യോഗത്തിൽ നടന്നില്ല. ഇതിനിടയിൽ ലൗകികാധികാരം സമ്മതിച്ച് ഉടമ്പടി കൊടുത്തില്ലെങ്കിൽ മുടക്കിക്കളയുമെന്ന് പത്രോസ് തൃതീയൻ പുലിക്കോട്ടിൽ മെത്രാപ്പോലീത്തായോട് ഭീഷണിപ്പെടുത്തിയ അതേ വാക്കുകളിൽ അബ്ദുള്ളാ ബാവാ വട്ടശ്ശേരിൽ മെത്രാപ്പോലീത്തായോടും ഭീഷണി പുറപ്പെടുവിച്ചു. മുൻഗാമിയുടെ നിലപാടിൽ പിൻഗാമിയും ഉറച്ചുനിന്നു. വട്ടശ്ശേരിൽ മെത്രാച്ചനെ കൊച്ചാക്കുവാൻ ലഭിച്ച അവസരമെന്ന നിലയിൽ കൂട്ടുട്രസ്റ്റികളായ കോനാട്ട് മല്പാനും സി. ജെ.

കുര്യനും ബാവായെ അനുകൂലിച്ചു. വലിയമെത്രാപ്പോലീത്തായുടെ ശിക്ഷണത്തിൽ സഭാസേവനരംഗത്തെത്തിയ കെ. സി. മാമ്മൻമാപ്പിള, ഇ. ജെ. ജോൺ വക്കീൽ, പോലീസ് സൂപ്രണ്ട് എം. എ. ചാക്കോ തുടങ്ങിയവർ മലങ്കരസഭയുടെ വീരപൗരുഷത്തിന്റെ പ്രതീകമായി വളർന്നുകൊണ്ടേയിരുന്ന വട്ടശ്ശേരിൽ മെത്രാച്ചനെ ധൈര്യപ്പെടുത്തി. ബാവാക്കക്ഷി, മെത്രാൻ കക്ഷി എന്നീ ലേബലുകളിൽ സമുദായം ധ്രുവീകരിക്കപ്പെട്ടു.

അനുരഞ്ജനം അസാധ്യമെന്ന് വന്നപ്പോൾ 'ജാത്യാഭിമാനി' എന്ന പേരിൽ മഹാദേവർ പട്ടണം എന്ന സ്ഥലത്തുനിന്ന് 1909 ധനു 1 ന് ഒരു നീണ്ട ലഘുലേഖ പ്രസിദ്ധീകൃതമായി. മലങ്കരസഭയുടെ ചരിത്രം, വർത്തമാനകാല സംഭവവികാസങ്ങൾ, സഭയുടെ ഉറച്ച നിലപാടുകൾ എന്നിവ അപഗ്രഥിച്ച് വിശദീകരിച്ച ആ നോട്ടീസിൽ സിംഹാസനത്തിൽ നിന്ന് രാഷ്ട്രീയ കാരണങ്ങളാൽ പുറത്താക്കപ്പെട്ട അന്ത്യോഖ്യായുടെ സീനിയർ പാത്രിയർക്കീസിന്റെ സഹായം തങ്ങൾ തേടുമെന്ന് അർത്ഥശങ്ക വരാതെ വ്യക്തമാക്കിയിരുന്നു. ഫാ. പി. ടി. ഗീവർഗീസിനെപ്പോലെ ഉന്നതവിദ്യാഭ്യാസം നേടിയ പ്രാപ്തരായ വൈദികരും മറ്റുമുള്ള മലങ്കരസഭയ്ക്ക് അതിന് കഴിയുമെന്ന് അറിയാമായിരുന്ന പാത്രിയർക്കീസ് ഈ നോട്ടീസിലെ സന്ദേശം ആഴത്തിൽ ഗ്രഹിച്ച് ഞെട്ടുക തന്നെ ചെയ്തു. 1910 ചിങ്ങം 23 ന് അദ്ദേഹം പുറപ്പെടുവിച്ച ഒരു സർക്കുലറിൽ തനിക്കെതിരായ ആരോപണങ്ങളെ നിഷേധിക്കുവാനും സ്വന്ത നിലപാടുകൾ വിശദീകരിക്കുവാനും പാത്രിയർക്കീസ് ശ്രമിച്ചു.

പ്രധാന പള്ളികൾ സന്ദർശിച്ച് വിധേയത്വ ഉടമ്പടികൾ വാങ്ങുവാൻ പാത്രിയർക്കീസ് നിശ്ചയിച്ചു. പുതുപ്പള്ളി, കണ്ടനാട്, കരിങ്ങാശ്ര എന്നീ ഇടവകകൾ അർദ്ധമനസ്സോടെ ഉടമ്പടി നൽകി. ഉടമ്പടി ആവശ്യപ്പെടുകയില്ല എന്ന മുൻകൂർ വ്യവസ്ഥയിൽ മാത്രമേ പിന്നീട് അദ്ദേഹത്തെ പള്ളികളിൽ ക്ഷണിച്ചുള്ളൂ. പള്ളിക്കര, അകപ്പറമ്പ്, പറവൂർ പള്ളികൾ ആ വ്യവസ്ഥയിൽ അദ്ദേഹത്തെ സ്വീകരിച്ചു. അയ്യമ്പള്ളിയിൽ അദ്ദേഹം വ്യവസ്ഥ ലംഘിച്ചത് മൂലം ബഹളം ഉണ്ടായി.

ഇത്രയുമായപ്പോഴേക്കും പാത്രിയർക്കീസ് പുതിയ തന്ത്രം മെനഞ്ഞു. മെത്രാൻസ്ഥാനം ആഗ്രഹിക്കുന്നവർക്ക് ഉടമ്പടി വാങ്ങി പട്ടം കൊടുക്കുവാൻ പത്രോസ് തൃതീയനെപ്പോലെ പിൻഗാമിയും നിശ്ചയിച്ചു. 1910 ഇടവം 25 ന് അപ്രകാരം ഉടമ്പടി കൊടുത്ത അകപ്പറമ്പ് പൗലൂസ് റമ്പാനെ 1910 ജൂൺ 9 ന് അകപ്പറമ്പ് പള്ളിയിൽ വച്ച് മാർ അബ്ദുള്ളാ മെത്രാനായി വാഴിച്ചു. 1910 ചിങ്ങം 11 ന് അപ്രകാരം ഉടമ്പടി കൊടുത്ത ഇടവഴിക്കൽ ഗീവർഗീസ് റമ്പാന് ചിങ്ങം 15 ന് സേവേറിയോസ് എന്ന പേരിൽ മെത്രാൻസ്ഥാനം നൽകി. ചിങ്ങം 29 ന് നേരത്തെ മെത്രാൻസ്ഥാനം സ്വീകരിച്ച കൂറിലോസും ഉടമ്പടി നൽകി. നേരിട്ടും ദൂതന്മാർ മുഖേനയും ആവശ്യ

പ്പെട്ടിട്ടും വട്ടശ്ശേരിൽ മെത്രാൻ പാത്രിയർക്കീസിന്റെ ലൗകികാധികാരം അംഗീകരിക്കുന്ന ഉടമ്പടി നൽകാൻ സന്നദ്ധനാകാത്തതിൽ പാത്രിയർക്കീസ് രോഷാകുലനായി. തന്റെ കൂടെ മലങ്കരയിലേക്കും വിനീത വിധേയനായി സഞ്ചരിച്ച 1876-ലെ ശെമ്മാശന്റെ മുഖമല്ല; ഗൗരവം തുടിച്ചു നിൽക്കുന്ന ഒരു സൈന്യാധിപന്റെ ഭാവം ബാവാ ശ്രദ്ധിച്ചു. കാര്യങ്ങൾ ഒരു മുടക്കിൽ കലാശിക്കുമെന്ന് ഏവർക്കും ഉറപ്പായപ്പോൾ അതൊഴിവാക്കുവാൻ നേതൃതലത്തിൽ ആലോചന തുടങ്ങി. തൽഫലമായി 1910 മേടം 22 ന് കോട്ടയം എം. ഡി. സെമിനാരിയിൽ 'മഹാജനസഭ' യോഗം ചേർന്നു; ഒരു പ്രതിനിധി സംഘം ബാവായെ കണ്ട് മെമ്മോറാണ്ടം കൊടുക്കുവാൻ നിശ്ചയിച്ചു. മേടം 28 ന് സന്ദർശനം നടന്നു. 'മുളന്തുരുത്തി സുന്നഹദോസിനെയും പരേതനായ പത്രോസ് പാത്രിയർക്കീസ് മുദ്ര വച്ച് സ്ഥിരപ്പെടുത്തിയിട്ടുള്ള അതിലെ നിയമങ്ങളുടെ ഉദ്ദേശ്യങ്ങളെയും നമ്മുടെ വി. പിതാക്കന്മാരുടെ സകല നിശ്ചയങ്ങളെയും നാം ഒട്ടും തന്നെ നിരാകരിക്കുന്നതല്ല' എന്ന് ബാവാ ഇടവം 1 ന് അവർക്ക് രേഖാമൂലം മറുപടി നൽകി (പാറേട്ട്, വാല്യം 4, പു. 299). മുളന്തുരുത്തി തീരുമാനങ്ങൾ പാലിച്ചുകൊള്ളാമെന്ന് ഉറപ്പ് നൽകി മലങ്കര മെത്രാപ്പോലീത്താ നൽകിയ മറുപടിയിൽ ഇങ്ങനെ സ്വാഭിപ്രായം രേഖപ്പെടുത്തി: 'അസോസ്യേഷൻ കമ്മറ്റിയെക്കുറിച്ച്, അത് നമ്മുടെ കാവലും സഹായിയും മാർഗ്ഗദർശിയുമെന്നാണ് നാം വിചാരിക്കുന്നത്.'

ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ മലങ്കരസഭാംഗങ്ങൾ പ്രബുദ്ധരാണെന്നും അന്യായമായ അധികാരപ്രവണതകളെ അനുകൂലിക്കുകയില്ലെന്നും പുതിയ പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പ്, അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കൽ, മറ്റൊരു പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പും നിയമനവും എന്നീ വിഷയങ്ങളിൽ മുളന്തുരുത്തി സുന്നഹദോസ് തീരുമാനിച്ച 'അന്യോന്യം' പാത്രിയർക്കീസ് ലംഘിച്ചുവെന്നും അവകാശമില്ലാത്ത ചുമതലകൾ അടിമത്തമാണെന്ന് ഓർക്കണമെന്നും ലൗകികാധികാരം വിട്ടുകൊടുക്കുന്നത് കോടതി തീരുമാനങ്ങളുടെ ലംഘനമാകുമെന്നും തങ്ങൾ വിശ്വാസപൂർവ്വം തെരഞ്ഞെടുക്കുന്ന മലങ്കരമെത്രാപ്പോലീത്താ എന്തെങ്കിലും അന്യായം പ്രവർത്തിച്ചുവെങ്കിൽ അക്കാര്യം തങ്ങളോട് വ്യക്തമാക്കണമെന്നും മറ്റും വിവരിക്കുന്ന ഒരു തുറന്ന കത്ത് ഇടവ മാസത്തിൽ തന്നെ പാത്രിയർക്കീസിന് അയച്ചു. വിയോജിപ്പിന്റെ പാത വിസ്തൃതമായിക്കൊണ്ടേയിരുന്നു. ശാന്തിദൂതുകൾ അവഗണിക്കപ്പെട്ടു. ശാന്തിസന്ദേശവാഹകർ അവഹേളിക്കപ്പെട്ടു. കുരുക്ഷേത്രയുദ്ധം അനിവാര്യമായി. 1910 കന്നി 4 ന് കോട്ടയം എം. ഡി. സെമിനാരിയിൽ മലങ്കര മെത്രാനെ അനുകൂലിക്കുന്നവർ യോഗം ചേർന്നു. ചെറിയമഠത്തിൽ യാക്കോബ് കത്തനാർ ആധ്യക്ഷ്യം വഹിച്ചു. പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, പണിക്കർവീട്ടിൽ ഫാ. പി. റ്റി. ഗീവറുഗീസ്, ജോൺ വക്കീൽ

എന്നിവർ പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് രണ്ടാംസെഷനിൽ ഇ. ജെ. ജോൺ വക്കീൽ ആധ്യക്ഷ്യം വഹിച്ചു. യോഗതീരുമാനങ്ങൾ. 1. നിയമപ്രകാരം അന്ത്യോഖ്യാ സിംഹാസനത്തിന്റെ അധികാരങ്ങൾ സമ്മതിക്കുന്നു. 2. സഭയുടെ വിശ്വാസാചാരങ്ങൾ അംഗീകരിക്കുന്നു. 3. ചരിത്രപരമായി മലങ്കരസഭയ്ക്കുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുവാൻ പാത്രിയർക്കീസ് നടത്തുന്ന ശ്രമങ്ങളിൽ വ്യസനിക്കുന്നു. 4. മലങ്കരയിൽ ഭരണം നടത്തുന്ന മെത്രാന്മാർ തദ്ദേശീയരും തദ്ദേശീയരാൽ തെരഞ്ഞെടുക്കപ്പെട്ടവരുമാകണം. പാത്രിയർക്കീസ് വാഴിച്ചത് കൊണ്ടു മാത്രം പോരാ. 5. മുടക്കും സസ്പെൻഷനുമൊക്കെ കമ്മിറ്റി കാനോൻ പ്രകാരം ചെയ്യണം. 6. കുഴപ്പങ്ങൾ തീരുന്നതുവരെ ആരും പാത്രിയർക്കീസിനെ ക്ഷണിക്കുന്നതല്ല. 7. സ്ലീബാ മാർ ഒസ്താത്തിയോസ് പിൻവലിക്കപ്പെടണം. 8. മലങ്കരയിലെ ഭരണാധികാരികൾ അസോസ്യേഷൻ തെരഞ്ഞെടുത്ത മാനേജിംഗ് കമ്മിറ്റി മാത്രമാകുന്നു.

1910 കന്നി 8 ന് ഒരു മുഖപ്രസംഗത്തിലൂടെ മലയാള മനോരമ ഈ തീരുമാനങ്ങൾക്ക് വിപുലമായ പ്രചാരം നൽകി. ദേശീയ വിപത്തുകൾക്കെതിരെ പൊതുജനാഭിപ്രായം സംഘടിപ്പിക്കുവാൻ പ്രതിജ്ഞാബദ്ധമായ ആ പത്രത്തിന്റെ അന്നത്തെ നേതൃത്വം ദേശീയത, ജനാധിപത്യം, നിയമപരത, തത്വദീക്ഷ, നീതിബോധം എന്നീ മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഭൂരിപക്ഷ ജനവികാരത്തെ പിന്തുണച്ചു. വ്യക്തിപരമായ കാരണങ്ങളാൽ മലങ്കരമെത്രാപ്പോലീത്തായോട് വിയോജിച്ച് നില്ക്കേണ്ട അവസരത്തിലും മെത്രാപ്പോലീത്തായുടെ തത്വദീക്ഷയെ പുകഴ്ത്തുവാനുള്ള വലിയ ഹൃദയം മനോരമയുടെ അന്നത്തെ പത്രാധിപർക്ക് വേണ്ടുവോളം ഉണ്ടായിരുന്നു.

മുളന്തുരുത്തി, മാന്തുരുത്തേൽ ഇടവകകൾ തുടങ്ങിവച്ച പ്രചാരണയോഗങ്ങൾ സഭയിലെങ്ങും അനുവർത്തിക്കപ്പെട്ടു. മനോരമയുടെ അവശേഷമായി പ്രസിദ്ധീകരിച്ച 'മലങ്കരസഭാ രക്ഷകൻ' ഈ പ്രചാരണത്തിന്റെ ജിഹ്വ ആയിരുന്നു. 'മലങ്കര സുറിയാനി സഭാ സംരക്ഷകസംഘം' എന്ന പേരിൽ ഒരു സംഘടന രൂപീകൃതമായി. കെ. സി. മാമ്മൻമാപ്പിള, ഇ. ജെ. ജോൺ, കെ. വി. ചാക്കോ, എ. പീലിപ്പോസ് തുടങ്ങിയവർ അതിന് നേതൃത്വം നല്കി. ജനങ്ങളുടെ പ്രബുദ്ധതയും പ്രതികരണവും പ്രകടമാവുംതോറും അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ബുദ്ധി മലങ്കര മെത്രാന്റേതാണെന്ന വിശ്വാസത്തിൽ പാത്രിയർക്കീസിന് അദ്ദേഹത്തോടുള്ള അനിഷ്ടം വർദ്ധിച്ചുകൊണ്ടേയിരുന്നു. എരിതീയിൽ എണ്ണ ഒഴിക്കുവാൻ കൂട്ടുട്രസ്റ്റികൾ ഒരിക്കലും മറന്നിരുന്നുമില്ല. പഴയസെമിനാരിയിൽ നിന്ന് മലങ്കര മെത്രാനെ പുറത്തുചാടിക്കാൻ അവിടെ ഒരു ശ്രമം ആരംഭിച്ചു. ദൃക്സാക്ഷിയായ ഫാ. പി. റ്റി. ഗീവർഗീസ് (പില്ക്കാലത്ത് ആർച്ച് ബിഷപ്പ്

ഈവാനിയോസ്) ആ സംഭവങ്ങളെ തന്റെ ആത്മകഥയായ *ഗിരിദീപ*ത്തിൽ വിവരിക്കുന്നതിപ്രകാരമാണ്:

"അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ, ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, കൂറിലോസ് മെത്രാപ്പോലീത്താ, അത്താനാസ്യോസ് മെത്രാപ്പോലീത്താ, യൂയാക്കീം റമ്പാൻ, ഔഗേൻ റമ്പാൻ, ശീമക്കാരായ രണ്ട് റമ്പാന്മാർ, കോനാട്ട് മല്പാനച്ചൻ എന്നിവർ പഴയസെമിനാരിയിലെത്തി പ്രത്യേകം പ്രത്യേകം മുറികളിൽ ആവാസമുറപ്പിച്ചു. സെമിനാരിയുടെ കിഴക്കേ കെട്ടിൽ മൂന്നാമത്തെ നിലയും പടിഞ്ഞാറെ കെട്ടിൽ രണ്ടാമത്തെ നിലയിലെ വടക്കേ മുറിയും കമ്മിറ്റി മാളികയും പാത്രിയർക്കീസ് ബാവായുടെ ആധിപത്യത്തിലുമായി. ഇങ്ങനെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും മട്ടയ്ക്കൽ മല്പാനച്ചനും ശെമ്മാശന്മാരും താമസിച്ചുവന്ന ചുരുക്കം ചില മുറികളൊഴിച്ച് രണ്ടും മൂന്നും നിലകളിലുള്ള സർവ്വ മുറികളുടേയും താക്കോലുകൾ മറുപക്ഷത്തായിക്കഴിഞ്ഞു. ഇവയ്ക്ക് പുറമേ പ്രസ്തുതയാണ്ട് ഇടവം 1-ാം തീയതി പ്രസ് മുറിയുടെ താക്കോലും ട്രസ്റ്റിമാരിലൊരാൾ കൈക്കലാക്കി" (പു. 13. 2-ാം പതിപ്പ്).

1911-ൽ ഉത്ഭവിച്ച സമരിക്കേസിൽ സംഭവങ്ങളുടെ ചുരുളഴിയുന്നു. സെമിനാരിയിൽ മാനേജർ ആയി പ്രവർത്തിച്ചിരുന്ന മട്ടയ്ക്കൽ മല്പാനച്ചനെ അവിശ്വാസം ആരോപിച്ച് കൂട്ടുട്രസ്റ്റികൾ നോട്ടീസ് നൽകി മാറ്റുന്നതായി അറിയിച്ചു. മാനേജരെ ആക്കുന്നതും നീക്കുന്നതും മലങ്കര മെത്രാപ്പോലീത്തായുടെ അധികാരമായതിനാൽ ഈ നോട്ടീസിന് വിലയില്ലെന്ന് മെത്രാപ്പോലീത്താ വ്യക്തമാക്കി. ഒടുവിൽ കമ്മിറ്റി മാളിക, ബെസ്ഗാസാമുറി തുടങ്ങിയവ ജപ്തി ചെയ്ത് പോലീസ് അധീനതയിൽ വയ്ക്കുവാൻ ഇടവം 5 ന് മട്ടിസ്ട്രേട്ട് ഉത്തരവ് പുറപ്പെടുവിച്ചു.

".... പ്രസിദ്ധപ്പെട്ട സെമിനാരി സമരിക്കേസും ആരംഭിച്ചു. ഇതിൽ വിജയം ലഭിക്കുന്നതിന് മെത്രാപ്പോലീത്തായെ മുടക്കാതെ യാതൊരു നിർവ്വാഹവുമില്ലെന്ന് പാത്രിയർക്കീസ് ബാവായും അദ്ദേഹത്തിന്റെ പക്ഷക്കാരും ആലോചിച്ചുറപ്പിച്ചു. അങ്ങനെയാണ് 1911 ഇടവം 28 ന് ശനിയാഴ്ച പ്രസ്തുത കല്പന അടുത്തമുറിയിൽ താമസിച്ചിരുന്ന മലങ്കര മെത്രാപ്പോലീത്തായ്ക്ക് അടിയന്തിരത്തിൽ അഞ്ചൽമാർഗ്ഗം ലഭിക്കാൻ ഇടയായതും" (*ഗിരിദീപം*, പു. 13). ആർച്ച്ബിഷപ്പ് തുടർന്നെഴുതി: 'മുടക്കിന് മുമ്പ് അനുവർത്തിക്കേണ്ടുന്ന യാതൊരു കാനോനിക നടപടിയും ഗൗനിക്കപ്പെട്ടിട്ടില്ല. മേല്പട്ടക്കാരുടെ സുന്നഹദോസിൽ വച്ച് മെത്രാപ്പോലീത്തായുടെ സമാധാനങ്ങൾ ആവശ്യപ്പെടുകയും ഉണ്ടായില്ല.'

മുടക്കുകല്പനയുടെ അന്ത്യവാക്യങ്ങൾ ഇപ്രകാരം: "..... ഇങ്ങനെ നിങ്ങളെക്കുറിച്ചുണ്ടായിരുന്ന എന്റെ ആശ ഛേദിക്കപ്പെട്ടു. അതിനാൽ ഉന്ന

തമായ മേല്പട്ടസ്ഥാനത്തു നിന്ന് നിങ്ങളെ മുടക്കുകയും തള്ളുകയും ഉരിയുകയും ചെയ്തിരിക്കുന്നു. ... ഈ സന്ദേശം കിട്ടുന്ന നാഴിക മുതൽ മേല്പട്ടക്കാരനോ കത്തനാരോ ആയിരിപ്പാനും ആ സ്ഥാനങ്ങൾക്കടുത്ത യാതൊരു പ്രവൃത്തിയും ചെയ്വാനും നിങ്ങൾക്ക് അധികാരവും അനുവാദവും ഇല്ല. നിങ്ങൾ മേല്പട്ടക്കാരനോ കത്തനാരോ അല്ല. മേല്പട്ടക്കാരുടെയും കത്തനാരന്മാരുടേയും കൂട്ടത്തിൽ നിന്ന് ഞാൻ നിങ്ങളെ തള്ളിയിരിക്കുന്നു. ഞാൻ നിങ്ങൾക്ക് തന്നത് നിങ്ങളിൽ നിന്ന് എടുക്കുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം അറിഞ്ഞുകൊൾക." 1911 ഇടവം 26-ന് കോട്ടയത്ത് പഴയസെമിനാരിയിൽ നിന്ന്.

താഴെ പറയുന്ന കാരണങ്ങൾ മുടക്കിനാധാരമായി കല്പനയിൽ കാണിച്ചിട്ടുണ്ട്:

1. പൊതുമുതലുകൾ പക്ഷഭേദം കൂടാതെ കൈകാര്യം ചെയ്യുന്നില്ല. 2. സർവസ്വാതന്ത്ര്യത്തോടു കൂടി അധികാരം നടത്തുന്നു. 3. സ്വാതന്ത്ര്യാധികാരത്തിന് വക്രമാർഗ്ഗങ്ങൾ അവലംബിക്കുന്നു. 4. സഭയിൽ വിവാദങ്ങളും കലഹങ്ങളും ഛിദ്രങ്ങളും ഉണ്ടാക്കുന്നു. 5. മേലധികാരി ഇല്ലാത്ത വിധം പ്രവർത്തിക്കുന്നു. 6. നിയമാനുസൃത മേലാവിനെ അനുസരിക്കുന്നില്ല. 7. അന്ത്യോഖ്യായോട് വെറുപ്പ് വളരാൻ വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നു. 8. വിശ്വാസ വിരുദ്ധ പ്രചാരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ശൽമൂസായിലെ സത്യപ്രതിജ്ഞകളെ ലംഘിക്കുന്നു. 10. നിങ്ങളുടെ കൈകൾക്ക് വിറയലുണ്ട്; പരാശ്രയം കൂടാതെ കുർബ്ബാനയും മറ്റ് മേല്പട്ടകർമ്മങ്ങളും ചെയ്യാൻ നിങ്ങൾക്ക് സാധ്യമല്ല.

ഇടവം 29 ന് മെത്രാപ്പോലീത്തായുടെ ആസ്ഥാനത്ത് മുടക്ക് കല്പന വായിക്കാനേർപ്പാടാക്കി എങ്കിലും വാർത്ത കേട്ട് ഞായറാഴ്ച സെമിനാരി ചാപ്പലിൽ വന്നുകൂടിയ ജനങ്ങളുടെ ബാഹുല്യം നിമിത്തം അതിന് ധൈര്യമുണ്ടായില്ല. മുടക്കിന്റെ വാർത്ത പരസ്യമായതോടെ മാർ ദീവന്നാസ്യോസിന്റെ ആസ്ഥാനമായ പഴയസെമിനാരി ഒരു സവിശേഷ തീർത്ഥാടന കേന്ദ്രമായി മാറി. തങ്ങളുടെ അഭിമാനവും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിന് വേണ്ടി കുരിശ് ചുമക്കാൻ ഒരുങ്ങിയ പിതാവിനെ കണ്ട് കൈമുത്തി അനുഗ്രഹം പ്രാപിക്കുന്നതിനും അദ്ദേഹത്തെ ധൈര്യപ്പെടുത്തുന്നതിനും ആയി മലങ്കരയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും സമുദായാഭിമാനികൾ അവിടേക്ക് ഒഴുകി. ഇടവം 32, മിഥുനം 3, മിഥുനം 7 എന്നീ തീയതികളിൽ സുദീർഘമായി മുഖപ്രസംഗം എഴുതിയ മനോരമ അവസരത്തിനൊത്തുയർന്നു.

തന്നെ മുടക്കിയാൽ മുടക്കിനെ സ്വർണ്ണമാലപോലെ ധരിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും ഒരു മുടക്ക് സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങൾ

അറിയാമായിരുന്ന മെത്രാച്ചൻ അതൊഴിവാക്കാൻ എത്ര താഴാനും തയാറായിരുന്നു. കെ. സി. മാമ്മൻ മാപ്പിള അദ്ദേഹത്തിന്റെ *ജീവിതസ്മരണ*യിൽ എഴുതുന്നു: ".... ഒരു രാത്രി നിരാശാവിവശനായി പഴയസെമിനാരിയിൽ പാത്രിയർക്കീസ് താമസിക്കുന്ന മുറിയിൽ കയറിചെന്ന് കണ്ണീരൊഴുക്കി കൊണ്ട് അദ്ദേഹത്തിന്റെ കാലിൽ കെട്ടിപ്പിടിച്ചുകൊണ്ട്.... വല്ല വിധേനയും ഈ സഭ നശിക്കാതിരുന്നാൽ കൊള്ളാമെന്ന് എനിക്കാഗ്രഹമുണ്ട്. അങ്ങനെയുള്ള നടപടികൾ ഒന്നും കൈക്കൊള്ളരുതെന്ന് ഞാൻ അപേക്ഷിക്കുന്നു. ഞാൻ വേണമെങ്കിൽ സ്ഥാനം ഒഴിഞ്ഞേക്കാം എന്ന് പറഞ്ഞു. 'മറ്റ് മെത്രാച്ചന്മാർ ചെയ്തതുപോലെ ചെയ്യാമോ?' ഉത്തരം: അങ്ങനെ ചെയ്യാൻ എന്റെ മനഃസാക്ഷി അനുവദിക്കുന്നില്ല. സഭ എന്റെ കാര്യ വിചാരത്തിൽ ഏല്പിക്കപ്പെട്ട ഒരു ട്രസ്റ്റ് ആണ്. അതിനെ ഞാൻ എങ്ങനെ ഒറ്റിക്കൊടുക്കും? അത് ഒരിക്കലും എന്നെക്കൊണ്ട് സാധ്യമല്ല" (മനോരമ ആഴ്ചപ്പതിപ്പ്, 1956 സെപ്തം. 22).

മുറിമറ്റത്തിൽ മാർ ഈവാനിയോസും അൽവാറീസ് മാർ യൂലിയോസും സംയുക്തമായി മിഥുനം 2 ന് പള്ളികൾക്കയച്ച ഒരു സർക്കുലറിൽ മുടക്കു കല്പനയിലെ ഓരോ ഖണ്ഡികയും പരിശോധിച്ച് അവയെല്ലാം അടിസ്ഥാനരഹിതവും അവ്യക്തവുമായ ആരോപണങ്ങളാണെന്നും ഉടമ്പടിയുടെ കാര്യത്തിൽ ഉടക്കിയതിന്റെ പേരിൽ മാത്രമുണ്ടായ ഈ നടപടി കാനോനികമായും നിയമപരമായും നിലനില്ക്കത്തക്കതല്ലെന്നും തങ്ങളുടെ നിലപാട് വിശ്വാസികളെ അറിയിച്ചു. ഇതിൽ കോപപരവശനായ പാത്രിയർക്കീസ് മഹാവൃദ്ധതയിൽ അകപ്പെട്ട് ചെവിയ്ക്ക് കേൾവിക്കുറവും മറ്റും സംഭവിച്ചതുകൊണ്ട് ഇടവകക്കാരുടെ അപേക്ഷ അനുസരിച്ച് ഇടവക ഭരണത്തിൽ നിന്ന് ഒഴിവാക്കുന്നുവെന്ന് ഈവാനിയോസിനും ഒരു മണിക്കൂറിനകം കോട്ടയം വിട്ടുകൊള്ളണമെന്നും ഒരാഴ്ചക്കകം സിലോണിലെത്തി ചാർജ്ജെടുത്തുകൊള്ളണം എന്നും കാണിച്ച് ഒരു കത്ത് അൽവാറീസ് യൂലിയോസിനും രജിസ്റ്റർ ചെയ്ത് അയച്ചു. രണ്ടുപേരും താമസിച്ചിടത്ത് മുൻ പതിവുപ്രകാരം തുടർന്നു.

1086 മിഥുനം 13 ന് കോട്ടയം എം. ഡി. സെമിനാരിയിൽ മാനേജിംഗ് കമ്മറ്റി ചേർന്നു. മലങ്കര മെത്രാനും അൽവാറീസ് മാർ യൂലിയോസും നേതൃത്വം നൽകി. 1911 ചിങ്ങം 22 ന് മാനേജിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം അസോസ്യേഷൻ സമ്മേളിച്ചു. അസോസ്യേഷൻ കൂടുന്നതിനു മുമ്പുണ്ടായ ഒരു അനുഭവം *ഗിരിദീപം* രേഖപ്പെടുത്തുന്നു: "മുടക്കുണ്ടായ ഉടനെ നാം ആ വിവരം കാണിച്ച് അബ്ദൽ മശിഹാ ബാവാ തിരുമനസ്സിലേക്ക് കമ്പി അടിച്ചു. താമസിയാതെ ആശ്വാസകരമായ മറുപടി കല്പന വന്നു. .... 'ദീവന്നാസ്യോസും കൂടെയുള്ളവരും അനുഗ്രഹീതർ ആകുന്നു. അബ്ദുള്ളായുടെ മുടക്ക് അസാധുവായിട്ടുള്ളതത്രേ!' കമ്പിയുമായി തൽ

ക്ഷണം നാം പഴയസെമിനാരിയിലെത്തി. മെത്രാപ്പോലീത്താ തിരുമേനിയെ വിവരം ഗ്രഹിപ്പിച്ചു. ഇവിടെ നിന്ന് അങ്ങോട്ട് കമ്പിയടിച്ചിരുന്ന വിവരമേ അറിഞ്ഞിട്ടില്ലായിരുന്ന മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് നമ്മുടെ പക്കൽ നിന്ന് ആ മറുപടികമ്പി വാങ്ങി വായിച്ചു. അതാ, തിരുമനസ്സിലെ ഗണ്ഡതടങ്ങളിലൂടെ ഇരു കണ്ണുകളിൽ നിന്നും കണ്ണുനീർ അനർഗളമായി പ്രവഹിക്കാൻ തുടങ്ങുന്നു" (*ഗിരിദീപം,* പു. 24). അതിന് ശേഷം 1911 വൃശ്ചികം 15 ന് മെദിയാത്തിൽ നിന്ന് അബ്ദൽ മശിഹാ പാത്രിയർക്കീസ് മാർ ദീവന്നാസ്യോസിന് ദീർഘമായ ഒരു ആശ്വാസ കല്പന അയച്ചു കൊടുത്തത് വേനൽമഴ പോലെ കുളിർമ്മയായി.

സമരിക്കേസിലെ ആദ്യ കോടതിവിധി 1811 ചിങ്ങം 19 ന് മജിസ്ട്രേറ്റ് രാഘവാചാരി പ്രഖ്യാപിച്ചു. സെമിനാരി മേലും മറ്റും മെത്രാപ്പോലീത്തായ്ക്കുള്ള കൈവശാവകാശം സ്ഥാപിക്കുന്ന വിധിയെത്തുടർന്നു പിറ്റേ ദിവസം വസ്തുവഹകൾ മെത്രാച്ചന് നടത്തിക്കൊടുത്തു. ഹൈക്കോർട്ടിലെ റിവിഷൻ ഹർജിയിൽ കൂട്ടുട്രസ്റ്റികൾക്കും കൂട്ടവകാശം ഉണ്ടെന്ന് വിധിയായി. കൈവശാവകാശം ഉറപ്പിക്കുവാൻ കൂട്ടുട്രസ്റ്റികൾ ശ്രമിച്ചത് കുറെ അസ്വസ്ഥ രംഗങ്ങൾ സൃഷ്ടിച്ചു. പാറേട്ട് എഴുതുന്നു: "സെമിനാരി പുരയിടത്തിൽ നിന്ന് തേങ്ങ ഇടുവിച്ച് കൈവശം ഉറപ്പിക്കുന്നതിന് ഏതാനും പരവരും അവരുടെ ദേഹരക്ഷക്കായി നാട്ടകം ചെറിയാന്റെ നേതൃത്വത്തിൽ കുറേ റൗഡികളും ആയി ട്രസ്റ്റികളുടെ പക്ഷത്തെ ഒരു പ്രബലൻ മീനം 16-ാം തീയതി പുറപ്പെട്ടു. പരവരുമായി വന്നവരോട് എതിർക്കാൻ ആ നിലയിൽ ഉള്ളവർ മെത്രാപ്പോലീത്തായുടെ പക്ഷത്ത് അപ്പോൾ അവിടെ ഹാജരുണ്ടായിരുന്നില്ല. എങ്കിലും കൊതുകിന്റത്ര വലിപ്പമുള്ള സെമിനാരി മാനേജർ മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ അവരോട് എതിരിട്ടു. അദ്ദേഹത്തോടൊന്നിച്ച് ഒന്നോ രണ്ടോ ശെമ്മാശന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. .... തേങ്ങാ ഇടുവിക്കരുതെന്ന് വിലക്കി. .... അവർ മല്പാന്റെ താടിമീശയ്ക്ക് പിടിച്ചു വലിച്ചുകൊണ്ട് അദ്ദേഹത്തെ നിർദ്ദയം പ്രഹരിച്ചു. മെത്രാപ്പോലീത്താ ഇത് കണ്ട് അമ്പരന്ന് തൽക്ഷണം എന്താണ് ചെയ്യേണ്ടതെന്നറിയാതെ നിമിഷനേരത്തേക്ക് വികാരസ്തബ്ധനായി. തനിക്കുവേണ്ടിയാണല്ലോ മല്പാൻ ഈ അവമതിയും പീഡയും സഹിക്കുന്നതെന്ന വിചാരവും മനസ്സിലൂടെ മിന്നൽപ്പിണർ പോലെ പാഞ്ഞു. .... മാർ കൂറിലോസ്, കോനാട്ട് മല്പാൻ, സി. ജെ. കുരിയൻ ഇവർ തെങ്ങിൻതോപ്പിൽ നടക്കുന്നത് കാണുന്നുണ്ടായിരുന്നു. മെത്രാപ്പോലീത്താ ഒരു ചൂരൽവടി എടുത്തുകൊണ്ട്.... ആഞ്ഞ് ഉയർത്തി മല്പാന്റെ പുറത്ത് തീർത്തൊരടി കൊടുത്തു. മല്പാൻ വേദന കൊണ്ട് പുളഞ്ഞു. ..... സി. ജെ. കുര്യൻ 'തിരുമേനി കോപിക്കരുതേ' എന്ന് പറഞ്ഞു. .... താൻ അത്ര മര്യാദക്കാരനാണെങ്കിൽ മല്പാനെ തല്ലുന്ന തന്റെ അനുജനെ തിരികെ വിളിക്ക്.' ഇതോടുകൂടി തേങ്ങ ഇറക്കലും കൈവശപ്പെടുത്തലും അവസാനിച്ചു."

മുൻ പ്രസ്താവിച്ചപ്രകാരം 1811 ചിങ്ങം 22 ന് കോട്ടയം എം. ഡി. സെമിനാരിയിൽ അസോസ്യേഷൻ കൂടി. മെത്രാപ്പോലീത്തായുടെയും ഇ. ജെ. ജോണിന്റെയും പ്രസംഗങ്ങൾക്ക് ശേഷം ഉണ്ടായ യോഗനിശ്ചയങ്ങൾ:

1. മെത്രാപ്പോലീത്തായോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. 2. മുടക്കുകല്പന അസാധുവാണെന്ന് സ്ഥാപിച്ച് പരസ്യമായ കല്പന അയച്ച രണ്ട് മെത്രാന്മാരെ അഭിനന്ദിക്കുന്നു. 3. മുടക്കിൽ കാണിച്ച കാര്യങ്ങൾ അല്ല ഉടമ്പടിക്കാര്യമാണ് മുടക്കിന്റെ യഥാർത്ഥ ഹേതു. 4. പാത്രിയർക്കീസിന്റെ മുടക്കുകല്പന മലങ്കരസഭ നിരാകരിക്കുന്നു. 5. അന്ത്യോഖ്യൻ ബന്ധം ദോഷമില്ലാതെ തുടരാൻ മാർഗ്ഗം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ പുന്നൂസ് റമ്പാൻ, കാരുചിറ റമ്പാൻ, പാമ്പാടി റമ്പാൻ എന്നിവരും മാനേജിംഗ് കമ്മിറ്റി നിർദ്ദേശിക്കുന്ന ഏതാനുംപേരും ചേർന്ന് ശീമയിൽ ചെന്ന് അബ്ദൽ മശിഹാ പാത്രിയർക്കീസുമായി ബന്ധപ്പെട്ട് വിവരം അസോസ്യേഷനിലേക്ക് റിപ്പോർട്ട് ചെയ്യണം. 6. അബ്ദുള്ളായുടെ എല്ലാ കല്പനകളേയും നിരാകരിക്കണം. 7. റിശീസായുടെ കാര്യം മേൽ റിപ്പോർട്ടിൻ മേലുള്ള തീരുമാനപ്രകാരം തീരുമാനിക്കുന്നതാണ്. 8. കൂട്ടു ട്രസ്റ്റികളായി പാലപ്പിള്ളിൽ പൗലോസ് കത്തനാരെയും കോട്ടയത്ത് ചിറക്കടവിൽ കോരുള അബ്രഹാമിനെയും തെരഞ്ഞെടുത്തു. 9. മലങ്കര നേരിട്ടിരിക്കുന്ന വിപത്തിനെ തടയുവാൻ സമുദായ വക പണം ഉപയോഗിക്കാം. 10 സെക്രട്ടറി സ്ഥാനത്ത് ഇ. എം. ഫിലിപ്പ് രാജിവയ്ക്കയാൽ തൽസ്ഥാനത്ത് കെ. വി. ചാക്കോയെ സ്ഥിരപ്പെടുത്തി. 11. 1911 ചിങ്ങം 14 ന് അബ്ദുള്ളാ വിളിച്ചുകൂട്ടിയ ആലുവായോഗം അസാധുവാകുന്നു.

മാർ കൂറിലോസിനെ സമാന്തര മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുത്തതാണ് ചിങ്ങം 14 ലെ ആലുവായോഗത്തിന്റെ പ്രധാന നിശ്ചയം. തനിക്ക് വേണ്ടി പോരാടാൻ ഒരു സൈന്യത്തലവനെ നിയോഗിച്ചു എന്ന സംതൃപ്തിയോടെ പാത്രിയർക്കീസ് കന്നി 28 ന് മലങ്കരയോട് യാത്ര പറഞ്ഞു.

ഇതിനുശേഷമാണ് സെമിനാരിയുടെ കൂട്ടുകൈവശവിധിയും തെങ്ങുകയറി പറമ്പ് കൈവശപ്പെടുത്തുവാനുള്ള വിഫലശ്രമവും അരങ്ങേറിയത്. ഇതോടെ സെമിനാരി കലാപഭൂമിയായി മാറി; റൗഡികളുടെ വിഹാരരംഗവും. സമാധാനലംഘനം ഒഴിവാക്കാൻ കോട്ടയത്തുള്ള എല്ലാ പള്ളികളും സർക്കാർ അടച്ചു പൂട്ടി. മീനം 8 ന് സെമിനാരി ചാപ്പലും അടച്ചു. മെത്രാപ്പോലീത്തായുടെ അംഗരക്ഷകനായി തിരുവല്ലായിൽ നിന്നും പി. ടി. ഗീവർഗ്ഗീസ് പണിക്കരച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് കെ. എം. മാമ്മൻ മാപ്പിള ആറ്റുപുറത്ത് പാപ്പിയെ നിയോഗിച്ചു. ആനപ്പാപ്പി എന്നും കൂടെ വിളിക്കപ്പെട്ടിരുന്ന ഇയാൾ ചുമതലയേറ്റതിന്റെ പിറ്റേദിവസം 1912 മീനം 19 ന് കൊല്ലപ്പെട്ടു. അതിദാരുണമായ ആ കൊലപാതകത്തോടെ സെമി

നാരിയുടെ പിരിമുറുക്കം കൂടിയ അന്തരീക്ഷം ഒന്നയഞ്ഞു. കേസ് ഒടുവിൽ തെളിഞ്ഞു; പ്രതികളെ ജീവപര്യന്തം തടവിന് കോട്ടയം സെഷൻസ് കോടതി 1912 കന്നി 26 ന് വിധി പ്രഖ്യാപിച്ചു.

മാർ ദീവന്നാസ്യോസിനെ വധിക്കാനും ശ്രമങ്ങൾ നടന്നതായി സമകാല പ്രസ്താവമുണ്ട്. *ഗിരിദീപം* പറയുന്നു: "അക്കാലത്ത് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ജീവനെ ലക്ഷ്യം വച്ച് പല തരം വിക്രിയകൾ നടത്തപ്പെട്ട അനേകം രാത്രികൾ കഴിഞ്ഞുപോയിട്ടുണ്ട്. സെമിനാരി കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള വടക്കുവശത്തെ മുറിയിൽ തിരുമേനി നിർബാധം ഉറങ്ങിക്കൊണ്ടിരിക്കവേ, പ്രസ്തുത മുറിയുടെ പുറത്ത് മുളങ്കോവണിവച്ച് ജനൽ വഴി അകത്ത് പ്രവേശിപ്പാൻ പലപ്പോഴും ചട്ടമ്പികൾ ശ്രമിച്ചിട്ടുണ്ടെന്നും തദവസരത്തിൽ ഗോവേണി തെറ്റിപ്പോവുകയോ കയറിയ ആൾക്ക് തലചുറ്റൽ അനുഭവപ്പെടുകയോ ചെയ്കയാൽ മാത്രം ഉദ്ദേശ്യം നിവർത്തിക്കപ്പെടാത്തതാണെന്നും കേൾക്കുമ്പോൾ വായനക്കാർക്ക് ഹൃദയസ്പന്ദനം കൂടുതലായി തോന്നുന്നില്ലയോ?" (പു. 14). പാറേട്ട് എഴുതുന്നു: "..... ദീവന്നാസ്യോസിനെ വധിക്കുന്നതിനും ശ്രമങ്ങൾ നടന്നു എന്നും അദ്ദേഹം അത്ഭുതകരമാംവിധം രക്ഷപ്പെട്ടു എന്നും പറയപ്പെടുന്നുണ്ട്. ..... ഗോവണിവഴി കയറാൻ താൻ പലപ്രാവശ്യം ശ്രമിച്ചു എന്നും മുകളിൽ എത്തി ജനൽപടിയിൽ പിടിച്ചുകഴിഞ്ഞ ശേഷം ആരോ ദൂരത്തേക്ക് വലിച്ചെറിയുന്ന അനുഭവമാണ് ഉണ്ടായതെന്നും ആവിധം സംഭവിച്ചില്ലായിരുന്നുവെങ്കിൽ മെത്രാപ്പോലീത്തായുടെ കഥ താൻ കഴിക്കുമായിരുന്നുവെന്നും ആനപ്പാപ്പിക്കേസിൽ ഒന്നാംപ്രതിയായിരുന്ന കമാലുദീൻ ജീവപര്യന്തം ശിക്ഷ അനുഭവിച്ച് ജയിൽ വിമുക്തനായി വന്ന ശേഷം പലരോടും പറയാറുണ്ടായിരുന്നു" (വാല്യം 4, പു. 423, 424). മെത്രാപ്പോലീത്തായുടെ മൊഴിയിലും ഈ ശ്രമങ്ങളെപ്പറ്റി സൂചനയുണ്ട്: "..... എതിർഭാഗക്കാർ എന്റെ ജീവഹാനി വരുത്തുവാൻ ശ്രമിക്കുകയുണ്ടായി. ... മാർ ഈവാനിയോസ് (ബഥനി), മാർ പീലക്സീനോസ് (കാരുചിറ) മാർ ഗ്രീഗോറിയോസ് (കുറിച്ചി) എന്നിവരെ അബ്ദൽ മശിഹാ മെത്രാന്മാരായി വാഴിച്ചത് എന്റെ ജീവന് ഹാനി വരാതിരിക്കാനുള്ള മാർഗ്ഗമായിട്ടു കൂടിയാണ് ഞാൻ വിചാരിച്ചിട്ടുള്ളത്...." (വട്ടിപ്പണക്കേസ് മൊഴി, പു. 1143). കെ. സി. മാമ്മൻമാപ്പിള തന്റെ 'ജീവിതസ്മരണ'കളിൽ ഈ പരാമർശങ്ങളെ പിൻതാങ്ങുന്നുണ്ട് (മനോരമ ആഴ്ചപ്പതിപ്പ്, 1956 ഒക്ടോ. 27).

## B. അബ്ദുൽ മശിഹാ ബാവാ, ഒന്നാം കാതോലിക്കാ

1912 ഇടവം 23 ന് അന്ത്യോഖ്യായുടെ സീനിയർ പാത്രിയർക്കീസ് അബ്ദൽ മശിഹാ മലങ്കരയിലെത്തി. സഭ അവിഭക്തമായിരുന്ന കാലത്തു തന്നെ കാതോലിക്കേറ്റിനെപ്പറ്റി മലങ്കരസഭാപിതാക്കന്മാർ ചിന്തിച്ചിരുന്നു.

നവീകരണ വ്യവഹാര പശ്ചാത്തലത്തിൽ കൂടിയ മുളന്തുരുത്തി സുന്നഹദോസിന്റെ തീരുമാനപ്രകാരം സ്ഥിരീകരിക്കപ്പെടുകയും റോയൽകോടതി വിധിയിലെ അംഗീകാരത്തോടെ അനിഷേധ്യമാവുകയും ചെയ്ത പാത്രിയർക്കീസിന്റെ ആത്മീയ മേലധികാരം ഇല്ലായ്മ ചെയ്യാനുള്ള മാർഗ്ഗമായിട്ടും മഹാത്മാവായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന് സമർഹമായ അംഗീകാരം നൽകാനായിട്ടുള്ള മാർഗ്ഗമായിട്ടുമാണ് അപ്രകാരം ശ്രമം തുടങ്ങിയത്. ശേഷിച്ച പിടിവള്ളിയും വിട്ടുപോകാൻ സമ്മതമല്ലാത്തതുകൊണ്ട് ആ അഭ്യർത്ഥന നിരസിക്കപ്പെട്ടു. മലങ്കരമെത്രാന്റെ ഭരണാധികാരികൾ അന്ത്യോഖ്യൻ പ്രതിനിധി എന്ന നിലയിൽ സ്ലീബാ ഒസ്താത്തിയോസിന് നല്കുമെങ്കിൽ വട്ടശ്ശേരിൽ ദീവന്നാസ്യോസിനെ കാതോലിക്കാസ്ഥാനത്ത് അവരോധിക്കുവാൻ അബ്ദുള്ളാ ബാവായ്ക്ക് സമ്മതമായിരുന്നു. പക്ഷേ, അത് ഇവിടെ സമ്മതമുള്ള കാര്യമായിരുന്നില്ല. അന്ത്യോഖ്യൻ സഭാ ഭിന്നതയും മലങ്കരയിലെ ഭിന്നതകളും രൂക്ഷമായപ്പോൾ മലങ്കരസഭയുടെ സ്വപ്നസാക്ഷാത്കാരത്തിന് അനുകൂലമായ പശ്ചാത്തലമായി. ഇതു സംബന്ധിച്ച എഴുത്തുകുത്തുകൾ നടത്തിയത് മാർ ദീവന്നാസ്യോസിന്റെ ശിഷ്യനും ബഹിശ്ചരപ്രാണനുമായ ഫാ. പി. ടി. ഗീവറുഗീസ് ആണ്. യാത്രച്ചിലവിനുള്ള പണം ലഭിച്ചതോടെ അബ്ദൽ മശിഹാ പുറപ്പെട്ടു. കപ്പൽവഴി കറാച്ചിയിലും അവിടെ നിന്ന് തീവണ്ടി വഴി ബോംബെയിലും 1912 മിഥുനം 1 ന് (ഇടവം 31?) ആർത്താറ്റ് - കുന്നംകുളം പള്ളിയിലുമെത്തി. മുൻ അസോസ്യേഷൻ തീരുമാനപ്രകാരം നടത്തിയ എഴുത്തുകുത്തുകളുടെ ഫലമായി വന്നുചേർന്ന അദ്ദേഹം കുന്നംകുളം, എറണാകുളം, മാന്തുരുത്തേൽ, മുളന്തുരുത്തി, തെക്കൻപറവൂർ, കാഞ്ഞിരമറ്റം എന്നീ പള്ളികളിലെ സന്ദർശനം കഴിഞ്ഞ് കർക്കിടകം 12 ന് പരുമല സെമിനാരിയിലെത്തി. 1912 ചിങ്ങം 14 ന് കമ്മിറ്റി ചേർന്നു. കമ്മിറ്റി പ്രതിനിധികൾ ഔദ്യോഗികമായി ബാവായെ കണ്ട് മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ - സീനിയർ മെത്രാപ്പോലീത്തായെ - കാതോലിക്കാ ആയി വാഴിക്കുവാൻ അപേക്ഷിച്ചു. ചിങ്ങം 17 ന് ബാവാ അക്കാര്യം പ്രസിദ്ധപ്പെടുത്തുന്ന ഒരു സർക്കുലർ പള്ളികൾക്കയച്ചു. അതിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ചിങ്ങം 26 ന് കല്ലാശ്ശേരി പുന്നൂസ് റമ്പാനെ മാർ ഗ്രീഗോറിയോസ് എന്ന പേരിൽ പരുമലപള്ളിയിൽ വച്ച് മെത്രാനായി വാഴിച്ചു. 1912 സെപ്തംബർ 17 ന് മാർ ദീവന്നാസ്യോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും സഹകരണത്തിൽ മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനാധിപതിയായ പൗരസ്ത്യകാതോലിക്കായായി നിരണം പള്ളിയിൽ വച്ച് അഭിഷേകം ചെയ്തു. ഇതോടെ സെലൂഷ്യയിലും തിഗ്രീസിലുമായി സ്ഥിതിചെയ്തിരുന്ന കാതോലിക്കാ - മഫ്രിയാന സ്ഥാപനം മലങ്കരയിലേക്ക് ഔദ്യോഗികമായും കാനോനികമായും സ്ഥാപിതമായി. മേല്പട്ടക്കാരെ വാഴിക്കുവാനും മൂറോൻ

കൂദാശ ചെയ്യുവാനുമായി പാത്രിയർക്കീസിന് അവശേഷിച്ചിരുന്ന ആത്മീയ മേലധികാരം ശൂന്യതയിലെത്തുകയും ചെയ്തു. കാതോലിക്കാ വാഴ്ച നടക്കാതിരിക്കുവാൻ പാത്രിയർക്കീസിനു മേൽ ശീമയിൽ നിന്ന് ബാവായോടൊപ്പം വന്ന റമ്പാന്മാർ സമ്മർദ്ദവും ഭീഷണിയും മുഴക്കിയതായും ഒടുവിൽ ഫാ. പി. ടി. ഗീവറുഗീസ് വാഗ്ദാനം ചെയ്ത സുരക്ഷിതത്വത്തിന്റെ ഉറപ്പിലാണ് വാഴ്ച നടന്നതെന്നും *ഗിരിദീപം* പ്രസ്താവിച്ചിട്ടുണ്ട് (പു. 31–33).

"... നിങ്ങളുടെ അപേക്ഷാനുസരണം നമ്മുടെ ആത്മീയ വാത്സല്യവാനായ ഈവാനിയോസിനെ ബസ്സേലിയോസ് എന്ന നാമധേയത്തിൽ മഫ്രിയാനയായി കിഴക്കിന്റെയും അതായത് ഇന്ത്യയിലേയും മറ്റുമുള്ള മാർത്തോമ്മായുടെ സിംഹാസനത്തിന്റെ കാതോലിക്കായായി നാം പട്ടം കൊടുത്തിരിക്കുന്നു..." എന്നിങ്ങനെ വിവരിച്ചുകൊണ്ട് നിരണം പള്ളിയിൽ നിന്ന് കന്നി 2–ാം തീയതിയും (സെപ്തം. 17) ".... കാതോലിക്കാ നിര്യാണം പ്രാപിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തിൽ ഒരു കാതോലിക്കായെ വാഴിക്കാൻ നിങ്ങളുടെ മെത്രാന്മാർക്ക് അധികാരവും അവകാശവും ഉണ്ട്. ഇതിൽ നിന്നും നിങ്ങളെ വിരോധിപ്പാൻ ഒരുത്തനും അധികാരമില്ല..." എന്നിങ്ങനെ വിവരിച്ചുകൊണ്ട് 1913 കുംഭം 8–ാം തീയതി പരുമല സെമിനാരിയിൽ നിന്നു അബ്ദൽ മശിഹാബാവാ ഓരോ കല്പന പള്ളികൾക്കയച്ചു. 1913 മകരം 29 ന് ചെങ്ങന്നൂർ പള്ളിയിൽ വച്ച് പാത്രിയർക്കീസ് കാതോലിക്കായുടേയും മറ്റും സഹകരണത്തിൽ കാരുചിറ റമ്പാനെ മാർ പീലക്സീനോസ് എന്ന പേരിലും കരോട്ടുവീട്ടിൽ യൂയാക്കീം റമ്പാനെ മാർ ഈവാനിയോസ് എന്ന പേരിലും മെത്രാനായി അഭിഷേകം ചെയ്തു. കുംഭം 20 ന് അബ്ദൽ മശിഹാ പാത്രിയർക്കീസ് സ്വദേശത്തേയ്ക്ക് യാത്രയായി.

അബ്ദുള്ളാ ബാവായുടെയും അനുയായികളുടേയും പീഡനങ്ങൾ മൂലം അബ്ദൽ മശിഹാ വളരെ പ്രയാസപ്പെട്ടു. പിന്നീട് 1915 ആഗസ്റ്റ് 30 ന് പാത്രിയർക്കീസന്മാരുടെ അന്ത്യ വിശ്രമരംഗമായ കുർക്കുമാ ദയറായിൽ വെച്ച് അദ്ദേഹം അന്തരിച്ചു. അവിടെത്തന്നെ കബറടക്കപ്പെടുകയും ചെയ്തു. കാഴ്ച നഷ്ടപ്പെട്ട് ഭരണമില്ലാതെ കഴിഞ്ഞ മാർ അബ്ദുള്ളാ യെരുശലേമിലെ മാർക്കോസിന്റെ ദയറായിൽ 1915 നവംബർ 25 ന് നിര്യാതനായി; അവിടെത്തന്നെ സംസ്ക്കരിക്കപ്പെട്ടു.

വധഭീഷണിയുടെ മധ്യേയാണ് വടക്കൻ ഭദ്രാസനങ്ങളുടെ മധ്യേ കിടന്ന മാർ ഈവാനിയോസ് വൃദ്ധനായിട്ടും മറ്റുള്ളവരുടെ നിർബന്ധത്തിനു വഴങ്ങിയും സഭയുടെ ക്ഷേമത്തെ പ്രതിയും അക്കാലങ്ങളിൽ ആകർഷകമല്ലാതിരുന്ന കാതോലിക്കാ പദവി സ്വീകരിച്ചത്. സഭയ്ക്ക് പൊതുവായ ഒരാസ്ഥാനം – കോട്ടയം പഴയസെമിനാരി – ഒരു നൂറ്റാണ്ടു

മുമ്പേ തയാറാക്കപ്പെട്ടിരുന്നുവെങ്കിലും സാർവത്രിക പിതാവായ മലങ്കരയുടെ ഒന്നാം കാതോലിക്കാ സ്ഥിരവാസത്തിന്നിടം കാണാതെ ക്ലേശിച്ചു. സ്വന്തം ഇടവക - കോലഞ്ചേരി - യിൽ എതിർപ്പുണ്ടായപ്പോൾ മൂവാറ്റുപുഴ പുന്നൂസ് വക്കീലിന്റെ വീട്ടിൽ താമസിച്ചു. പിന്നീട് കോട്ടൂർ പള്ളിയിൽ താമസിച്ചു. ഒടുവിൽ പഴയസെമിനാരിയിൽ അദ്ദേഹത്തിന് താമസിക്കാനിടം കിട്ടി. രോഗിയായ അദ്ദേഹത്തിന് അവിടെ തൃപ്തികരമായ പരിചരണവും സ്വാതന്ത്ര്യവും ലഭിക്കാതെ വന്നപ്പോൾ സ്വതന്ത്രവും ദേശീയവുമായ സഭയുടെ പരമാധ്യക്ഷൻ വേദികട്രസ്റ്റി പാലപ്പിള്ളിൽ മാണി പൗലൂസ് കത്തനാരുടെ പരിരക്ഷണയിൽ പാമ്പാക്കുട ചെറിയപള്ളിയിൽ അന്ത്യദിനങ്ങൾ കഴിച്ചുകൂട്ടി. യൂയാക്കീം ഈവാനിയോസ് ഏതാനും വൈദികരുടെ സഹകരണത്തിൽ കന്തീല നടത്തി. 1913 മെയ് 2 ന് മലങ്കരയിലെ പ്രഥമ കാതോലിക്കാ കാലം ചെയ്തു. ആദ്യത്തെ മൂന്നു ശുശ്രൂഷകൾ വൈദികർ നടത്തി. പിറ്റേദിവസം യൂയാക്കീം ഈവാനിയോസ് മെത്രാച്ചന്റെ കാർമ്മികത്വത്തിൽ മൂന്നിന്മേൽ കുർബ്ബാന നടന്നു; നാലാം ക്രമം അപ്പോൾ നടത്തി. നഗരികാണിക്കലും അന്ത്യയാത്രപറച്ചിലും കഴിഞ്ഞ് അന്ത്യക്രമം നടത്തവേ സഭാഭാസുരൻ എം. എ. അച്ചന്റെ അകമ്പടിയോടെ എത്തി പ്രൗഢഗംഭീരമായ ചരമപ്രസംഗം നടത്തി. പള്ളിയുടെ വടക്കേ വരാന്തയിൽ കിഴക്ക് തയ്യാറാക്കിയ കബറിടത്തിൽ അദ്ദേഹത്തെ സംസ്ക്കരിച്ചു.

(കെ. വി. മാമ്മൻ എഴുതുന്നു: 'അദ്ദേഹത്തിന്റെ കബർ 1956 വരെ പാമ്പാക്കുട ചെറിയപള്ളിയുടെ വടക്കേ വരാന്തയിൽ ഒരു തുളസിത്തറപോലെ കിടന്നിരുന്നു. 1956-ൽ കോട്ടയം ഇടവകയുടെ മാത്യൂസ് മാർ ഈവാനിയോസ് എന്തിനോ ആ പള്ളിയിൽ ചെന്നപ്പോൾ മലങ്കരയിലെ ഒന്നാം കാതോലിക്കായുടെ കബർ കാണുവാനും അതിന്റെ ശോച്യാവസ്ഥ മനസ്സിലാക്കുവാനും ഇടയായി. അദ്ദേഹം സ്വന്തം പണം ചെലവ് ചെയ്ത് കബർ പുതുക്കിപ്പണിയിച്ച് ഒരു മാർബിൾ ശില അവിടെ സ്ഥാപിക്കുകയും ചെയ്തു. അടുത്തകാലത്ത് കോലഞ്ചേരിയിലുള്ള ചുരുക്കം ചിലരുടെ ഉത്സാഹത്തിന്റെ ഫലമായി ഇന്ന് കാണുന്നപ്രകാരമുള്ള ഒരു കബർ കെട്ടിടവും കബറിനു മുകളിലുള്ള മറ്റു പണികളും നടത്തി അവിടെ മനോഹരമാക്കി. *മലങ്കരസഭയിലെ കാതോലിക്കാമാർ*, 1999, പു. 142)

1913 മുതൽ 1956 വരെ മലങ്കരസഭയുടെ നേതൃനിരയിലുള്ള ആരും സഭയ്ക്ക് നാണക്കേടുണ്ടാക്കിയ ഈ കബറിടം കണ്ടില്ല; അഥവാ കണ്ടതായി നടിച്ചില്ല!!

## ഒന്നാം കാതോലിക്കായുടെ ജീവചരിത്രം ഒറ്റ നോട്ടത്തിൽ

കോലഞ്ചേരി ഇടവകയിൽ മുറിമറ്റത്ത് കുരിയൻ - മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ. ജനനം 17-1-1836. ചേപ്പാട്ട് മാർ ദീവന്നാ

സ്യോസ് ശെമ്മാശുപട്ടം നൽകി. യൂയാക്കീം മാർ കൂറിലോസ് കശ്ശീശാപട്ടം നൽകി. 1876 ജൂൺ 29-ന് മുളന്തുരുത്തിയിൽ വച്ച് 24 അംഗ മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പത്രോസ് തൃതീയൻ ബാവാ മാനേജിംഗ് കമ്മിറ്റിയോട് ആലോചിക്കാതെ മെത്രാന്മാരെ വാഴിച്ചതിനെ എതിർത്ത് വെളിയനാട് സുന്നഹദോസിൽ വച്ച് ആ സ്ഥാനം രാജി വച്ചു. 1877 മാർച്ച് 25 ന് കുറുപ്പമ്പടി പള്ളിയിൽ വച്ച് പത്രോസ് തൃതീയൻ റമ്പാൻ സ്ഥാനം നൽകി. 1877 മെയ് 17 ന് കുന്നംകുളം ചിറളയം പള്ളിയിൽ വച്ച് മാർ ഈവാനിയോസ് എന്ന പേരിൽ പത്രോസ് തൃതീയൻ മെത്രാപ്പോലീത്താ ആയി വാഴിച്ച് കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതല നൽകി (കണ്ടനാട്, തെക്കൻപറവൂർ, ചെമ്പിൽ, കുറിഞ്ഞി, പുറ്റുമാനൂർ, കണ്ണ്യാട്ട് നിരപ്പേൽ, നെച്ചൂർ, മാമ്മലശ്ശേരി, പിറവം, ഓണക്കൂർ, കോലഞ്ചേരി, കോട്ടൂർ, പാമ്പാക്കുട, രാമമംഗലം, മുളക്കുളം, മണ്ണത്തൂർ, വടകര, കുഴിക്കാട്ടുകുന്നേൽ, പുതുവേലി, പാലക്കുഴ, കടമറ്റം എന്നീ പള്ളികൾ)

1878 ജൂൺ 16 ന് മാമ്മലശ്ശേരി പള്ളിയിൽ വച്ച് സുന്ത്രോണിസോ നടത്തി. 1889 ജൂലൈ 29 ന് കോട്ടയം പഴയസെമിനാരിയിൽ നടന്ന അൽവാറീസ് യൂലിയോസിന്റെ മെത്രാഭിഷേകത്തിൽ സഹകാർമ്മികൻ. 1911 ആഗസ്റ്റ് 19 ന് മുളന്തുരുത്തിയിൽ നടന്ന മാർ അബ്ദുള്ളായുടെ മൂറോൻ കൂദാശയിൽ സഹകാർമ്മികൻ. 1912 സെപ്തം. 8 കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസിന്റെ മെത്രാൻ വാഴ്ചയിൽ സഹകാർമ്മികൻ. 1912 സെപ്തം. 15. നിരണത്ത് വച്ച് പൗരസ്ത്യ കാതോലിക്കാ ബസേലിയോസ് പൗലൂസ് പ്രഥമൻ എന്ന പേരിൽ അബ്ദൽ മശീഹാ പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ സിനഡ് വാഴിച്ചു. 1913 ഫെബ്രു. 9 ന് ചെങ്ങന്നൂർപള്ളിയിൽ നടന്ന യൂയാക്കീം ഈവാനിയോസ്, കാരുചിറ പീലക്സീനോസ് (പിന്നീട് രണ്ടാം കാതോലിക്കാ) എന്നിവരുടെ മെത്രാൻ വാഴ്ചയിൽ സഹകാർമ്മികൻ. 1913 മെയ് 2 ന് പാമ്പാക്കുട ചെറിയ പള്ളിയിൽ കാലം ചെയ്തു. 1913 മെയ് 3 ന് കബറടക്കം നടത്തി. (പരുമല മാർ ഗ്രീഗോറിയോസ്, കടവിൽ അത്താനാസ്യോസ് എന്നിവരുടെ കബറടക്ക ശുശ്രൂഷകൾക്ക് മെത്രാപ്പോലീത്താ ആയിരിക്കെ ഇദ്ദേഹം പ്രധാന കാർമ്മികൻ ആയിരുന്നു)

1913-ൽ തിരുവനന്തപുരം ജില്ലാക്കോടതിയിൽ വട്ടിപ്പണക്കേസ് ഫയൽ ചെയ്തു. മുടക്കിലിരിക്കേ മാർ ദീവന്നാസ്യോസ് കശ്ശീശാപട്ടം കൊടുത്ത ചെറുവത്തൂർ യാക്കോബ് കശ്ശീശായ്ക്കെതിരെ (കണ്ടിക്കൽ ചാക്കുണ്ണി അച്ചൻ) ഉണ്ടായ കുന്നംകുളം കേസിലാണ് ആദ്യം വിധിയുണ്ടായത്. രണ്ടു കേസിലേയും വാദഗതികൾ ഒരേ സംഗതികൾ തന്നെ. കുന്നംകുളം കേസ് 1917 മേടം 30 ന് അന്യായം ചെലവ് സഹിതം തള്ളി മാർ ദീവന്നാസ്യോസിന് ഗുണമായി വിധിച്ചു. 1918 ലെ അപ്പീൽക്കോടതി കീഴ്ക്കോടതി വിധിയെ അപ്പാടെ ശരി വച്ചു.

വട്ടിപ്പണക്കേസിൽ സ്പെഷൽ ജഡ്ജി ജി. ശങ്കരപ്പിള്ള 1919 ചിങ്ങം 30 ന് വിധി പറഞ്ഞു: ചെലവു സഹിതമുള്ള വിധി വട്ടശ്ശേരിൽ മെത്രാച്ചന് അനുകൂലമായിരുന്നു. താഴെ പറയുന്ന കാര്യങ്ങൾ വിധിയിൽ സ്ഥിരപ്പെട്ടു:

1. ആത്മീയ മേലധ്യക്ഷനാണെങ്കിലും പാത്രിയർക്കീസിന് മലങ്കരയിലെ സ്വത്തുക്കളിന്മേൽ അധികാരം ഒട്ടുമില്ല. 2. ആത്മീയ മേൽനോട്ടമുണ്ട്; ഉൾഭരണത്തിൽ പ്രവേശനം പാത്രിയർക്കീസിനില്ല. 3. മാർ ദീവന്നാസ്യോസിന്റെ ഭാഗത്തുനിന്ന് ഹാജരാക്കിയ കാനോൻ യഥാർത്ഥ കാനോൻ ആണ്. 4. മെത്രാനെ മുടക്കാൻ സുന്നഹദോസിന്റെ വിചാരണയും നിശ്ചയവും വേണം. 5. അബ്ദൽ മശിഹാ ആത്മീയാധികാരമുള്ള പാത്രിയർക്കീസാണ്. 6. മാർ അബ്ദുള്ളാ സ്വത്തുക്കളിന്മേൽ അധികാരം കാംക്ഷിച്ചു. 7. ഈ മോഹത്തെ ചെറുത്തതുകൊണ്ടാണ് മുടക്ക് ഉണ്ടായത്. 8 മുടക്കിൽ പറയുന്ന കുറ്റങ്ങൾ സാധുവല്ല. 9. മുടക്ക് അകാനോനികവും സ്വാഭാവിക നീതിക്ക് വിരുദ്ധവും തന്മൂലം അസാധുവുമാണ്. 10. കൂട്ടുട്രസ്റ്റിമാരെ തൽസ്ഥാനത്തു നിന്ന് നീക്കിയത് സാധുവാണ്. 11. പുതിയ കൂട്ടു ട്രസ്റ്റികൾ നിയമാനുസൃതമായി നിയമിക്കപ്പെട്ടവരും തന്മൂലം വട്ടിപ്പണപലിശ വാങ്ങാൻ അർഹരുമാണ്. 12. കൂറിലോസിന്റെ പിൻതുടർച്ചക്കാരനായി അത്താനാസ്യോസിനെ തെരഞ്ഞെടുത്തത് സാധുവല്ല. 13. കൂറിലോസ് മെത്രാപ്പോലീത്തൻ ട്രസ്റ്റിയായി സാധുവായ യോഗത്തിൽ വച്ച് തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല.

ജില്ലാക്കോടതി വിധിക്കെതിരെ പാത്രിയർക്കീസ് പക്ഷം ഹൈക്കോടതിയിൽ അപ്പീൽ നല്കി.

### ദയറാ പ്രസ്ഥാനം

വെട്ടിയ്ക്കൽ ആശ്രമം സ്ഥാപിച്ചു കൊണ്ടും ചാത്തുരുത്തി റമ്പാന് സ്ഥാനം കൊടുത്ത് അവിടെ നിയമിച്ചുകൊണ്ടും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ആരംഭിച്ച ദയറാ പ്രസ്ഥാനം ശക്തി പ്രാപിച്ചില്ല. മലങ്കരയിലെ രണ്ടാമത്തെ ദയറാ പ്രസ്ഥാനം ബഥനി ആണ്; സ്ഥാപകർ ഫാ. പി. ടി. ഗീവർഗീസും ഫാ. അലക്സിയോസും. കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പൽ സ്ഥാനത്തു നിന്ന് സെറാമ്പൂർ കോളജിൽ അധ്യാപകനായത് പണിക്കരച്ചനും മലങ്കരസഭയ്ക്കും ഒരു വഴിത്തിരിവായി. ഇലഞ്ഞിക്കൽ ജോൺ വക്കീൽ 100 ഏക്കർ ഭൂമി സൗജന്യമായി നൽകി. മാമ്മൻ മാപ്പിളയുടെയും മറ്റും ഉത്സാഹത്താൽ 300 ഏക്കർ ഭൂമി സർക്കാരിൽ നിന്ന് പതിച്ചു കിട്ടി. കാഷായവസ്ത്രം ധരിച്ച് മശിഹാനുകരണസഭ (Order of Imitation of Christ - OIC) എന്ന പേരിൽ 1918–ൽ റാന്നി പെരുനാട്ടിലെ മുണ്ടൻമലയിൽ ഈ പ്രസ്ഥാനം സ്ഥാപിതമായി. സഭയിലെ മിഷണറി സമൂഹമാകാൻ ഉദ്ദേശിക്കപ്പെട്ട ഈ പ്രസ്ഥാനത്തിന്

മലങ്കര മെത്രാപ്പോലീത്തായുടെ സർക്കുലർ പ്രകാരം അധ്യക്ഷൻ കരുവാറ്റാ, കാർത്തികപ്പള്ളി, ചേപ്പാട്, പള്ളിപ്പാട്, മാവേലിക്കര, വെണ്ണിക്കുളം, കല്ലൂപ്പാറ, കവിയൂർ, പള്ളം, കുറിച്ചി, കുഴിമറ്റം, വാകത്താനം, കോഴഞ്ചേരി, വഞ്ചിത്ര, കുന്നംകുളം, പഴഞ്ഞി, ആലപ്പുഴ, കൊച്ചി മുതലായ ഇടവകകളിൽ നിന്ന് വിപുലമായ സഹായങ്ങൾ സ്വീകരിച്ചു. ഫാ. അലക്സിയോസ് കേരളത്തിനും ഇന്ത്യയ്ക്കും വെളിയിൽ സഞ്ചരിച്ച് ഗണ്യമായ തുകകൾ ശേഖരിച്ചു. സുവിശേഷവേലയുടെ ഉണർവിന് വേണ്ടി സമുദായം ദാഹിച്ചിരിക്കുന്നു എന്ന് പിരുവുകാരുടെ അനുഭവസ്മരണകൾ സാക്ഷിക്കുന്നു. (*ഗിരിദീപം,* പു. 101–109). വ്രതാനുഷ്ഠാനം, യാമപ്രാർത്ഥനകളിലെ നിഷ്ഠ, നോമ്പുകളും ഉപവാസങ്ങളും, കൃഷി പശു വളർത്തൽ തുടങ്ങിയവ ആശ്രമസ്ഥരുടെ ദിനചര്യകളിൽപെടുന്നു. അചിരേണ ബഥനിമലയിലും തിരുവല്ലായിലെ കന്യാസ്ത്രീമഠം, തിരുമൂലപുരം ഗൃഹം എന്നിവയിലുമായി ആശ്രമസ്ഥർ, സന്യാസ പരിശീലനാർത്ഥികൾ, അനാഥക്കുഞ്ഞുങ്ങൾ എന്നിങ്ങനെ ബഥനിയുടെ കർത്തവ്യങ്ങളും സേവനമേഖലകളും വികസിച്ച് വന്നു.

മലങ്കരസഭയുടെ മനഃസാക്ഷിയിൽ നിത്യമായ ചോദ്യചിഹ്നം അവശേഷിപ്പിച്ച ഒരു സംഭവം ഇവിടെ രേഖപ്പെടുത്തുവാനുണ്ട്. പാത്രിയർക്കീസിന്റെ അനുമതിയോടെ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ശേഷം മെത്രാന്മാരുടെ സഹകരണത്തിൽ വാഴിച്ച അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ 1923 സെപ്തം 23 ന് കാലം ചെയ്തു. മലങ്കരസഭയുടെ മിഷണറിയായി കർണ്ണാടക, സൗത്ത് കാനറ, ഗോവ എന്നിവിടങ്ങളിൽ കത്തോലിക്കാ സഭയുടെ പീഡനങ്ങളെ ചെറുത്ത് അതിജീവിച്ച അദ്ദേഹത്തിന്റെ ജീവിതസൗകര്യങ്ങൾ ആരും അന്വേഷിച്ചില്ല. വൃദ്ധനും രോഗിയുമായപ്പോൾ പോലും മലങ്കരസഭയുടെ സൗഹാർദ്ദപൂർവ്വമായ അന്വേഷണം അദ്ദേഹത്തിന് ലഭിച്ചില്ല. അദ്ദേഹം സഭാചരിത്രത്തിൽ ഏറ്റവും അവസാനം പ്രത്യക്ഷപ്പെടുന്നത് അബ്ദുള്ളാ ബാവാ വട്ടശ്ശേരിൽ മെത്രാച്ചനെ മുടക്കിയ അവസരത്തിലാണ്. അദ്ദേഹം മുറിമറ്റത്തിൽ ഈവാനിയോസുമൊന്നിച്ച് മുടക്കിന്റെ കാരണങ്ങൾ ബാലിശവും അകാനോനികവും അടിസ്ഥാനരഹിതവുമാണെന്ന് വിശദീകരിക്കുന്ന സംയുക്തമായ ലേഖനം കൊണ്ട് സഭയുടെ പ്രശംസ പിടിച്ചു പറ്റി.

അന്തരിച്ചപ്പോൾ മലങ്കരസഭയിൽ നിന്ന് ആരും അവകാശപ്പെടാതിരുന്നതിനെത്തുടർന്ന് ഗോവയിലെ മുനിസിപ്പൽ ശ്മശാനത്തിൽ ഒരു വൈദികന്റെ പോലും കാർമ്മികത്വമില്ലാതെ അനാഥനെപ്പോലെ മലങ്കരസഭയുടെ ആ മെത്രാപ്പോലീത്താ സംസ്കരിക്കപ്പെട്ടു. എന്തുകൊണ്ട് ലജ്ജാകരമായ ഈ സ്ഥിതിവിശേഷം ഉണ്ടായി എന്നത് ഉത്തരം തേടുന്ന പ്രഹേളികമായി സഭാചരിത്രത്തിൽ അവശേഷിക്കുന്നു.

പാത്രിയർക്കീസിന്റെ അനുവാദപ്രകാരവും പുലിക്കോട്ടിൽ മെത്രാച്ചന്റെ നിർദ്ദേശപ്രകാരവും പരുമല മാർ ഗ്രീഗോറിയോസും മറ്റും ചേർന്ന് സിലോണിൽ വച്ച് വാഴിച്ച റിനിവിലാത്തി മാർ തീമോത്തിയോസും അവഗണനയ്ക്ക് പാത്രമായി.

ഇങ്ങനെയിരിക്കേ ഹൈക്കോടതിയിലെ വട്ടിപ്പണക്കേസിൽ 1923 മീനം 10 ന് വട്ടശ്ശേരിൽ മെത്രാച്ചന് എതിരായി വീരരാഘവ അയ്യങ്കാർ, ചാറ്റ്ഫീൽഡ്, പപ്പുപിള്ള എന്നിവരടങ്ങിയ ഫുൾബഞ്ച് വിധി പ്രസ്താവിച്ചു. വിധിയുടെ സംക്ഷേപം ഇതാണ്: 1. 18 അക്കം കാനോൻ സ്വീകാര്യമാണ്. 2. പാത്രിയർക്കീസിന് മെത്രാനെ വാഴിക്കാം, മുടക്കാം. 3. മുടക്ക് നടപടികളൊന്നും കാനോനിൽ ഇല്ല. 4. മുടക്ക് സാധുവാണ്; തന്മൂലം ട്രസ്റ്റി സ്ഥാനത്തിന് യോഗ്യനല്ല. 5. അത്താനാസ്യോസിന്റെ മലങ്കര മെത്രാൻ സ്ഥാനം സ്വീകാര്യമല്ല. 6. കോനാട്ട് മല്പാനും സി. ജെ. കുര്യനും ട്രസ്റ്റിമാർ തന്നെ. 7. ശീശ്മയെപ്പറ്റി പ്രസ്താവമില്ല.

ഹൈക്കോടതിവിധി സഭയിൽ ഞെട്ടൽ ഉണ്ടാക്കി. മനോരമ ഉശിരൻ മുഖപ്രസംഗങ്ങളിലൂടെ ആളുകളുടെ മനോവീര്യം നിലനിർത്താനും വിധിയുടെ ന്യായരാഹിത്യം വെളിപ്പെടുത്താനും ശ്രമിച്ചു. ചിലരൊക്കെ അനുരഞ്ജനശ്രമങ്ങളിൽ മുഴുകി. വേണ്ടിവന്നാൽ ഒരു സ്വതന്ത്രസഭയുടെ ഭാഗമാകാൻ മലങ്കരയുടെ നാനാഭാഗങ്ങളിലും ബഥനിപള്ളികൾ സ്ഥാപിതമായി. വളരെ ആലോചനകൾക്കുശേഷം 1923 ജൂൺ 23 ന് മാർ ദീവന്നാസ്യോസ് കുണ്ടറയിൽ നിന്ന് മർദ്ദീനിലേക്ക് യാത്രയായി; ആഗസ്റ്റ് 1 ന് മർദ്ദീനിലെത്തി. പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, ശുശ്രൂഷകൻ പരുമല ഐപ്പ്, കുന്നംകുളം വാറു എന്നിവർ കൂടെയുണ്ടായിരുന്നു. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് മെത്രാപ്പോലീത്തായുടെ വാദമുഖങ്ങളെല്ലാം ശ്രദ്ധിച്ചു. 'മലങ്കരസഭയിൽ സമാധാനമുണ്ടായി കാണണമെന്നേ എനിക്കാഗ്രഹമുള്ളൂ. ഞാൻ വയസ്സനും രോഗിയും ആണ്. ഇനി സ്വസ്ഥമായി ജീവിക്കണമെന്നാണ് ആഗ്രഹം. മലങ്കരസഭയിൽ സമാധാനം ഉണ്ടാകുകയും മേൽനടപടിക്കാവശ്യമായവ ഏർപ്പെടുത്തിക്കാണുകയും ചെയ്താലുടൻ അസോസ്യേഷൻ കൂടി ഒരു മെത്രാപ്പോലീത്തായെ മലങ്കര മെത്രാപ്പോലീത്താ ആയി അതായത് എന്റെ പിൻഗാമിയായി തെരഞ്ഞെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നതാണ്. അത് കഴിഞ്ഞ് സകലതും അദ്ദേഹത്തെ ഏല്പിച്ച് സ്വസ്ഥമായിരിക്കുവാനാണ് എന്റെ ആഗ്രഹം. ... അബ്ദുൾ മശിഹാ അഭിഷേകം ചെയ്ത മേൽപ്പട്ടക്കാരെ അംഗീകരിച്ച് സഭയിൽ സമാധാനം പുനഃസ്ഥാപിക്കണം എന്ന് അഭ്യർത്ഥിക്കുന്നു' (പാറേട്ട്, വാല്യം 4, പു. 598, 607, 608) '.... 4 മാസം കഴിഞ്ഞപ്പോൾ മുടക്കഴിച്ചിരിക്കുന്നതായി ബാവാ പള്ളിയിൽ പ്രഖ്യാപിച്ചു. മുടക്കഴിക്കൽ സന്ദേശം മലങ്കരസഭയിൽ കൊണ്ടുചെന്ന്

അവിടുത്തെ സഭാപരമായ സാഹചര്യങ്ങൾ കണ്ടശേഷം ആവശ്യമെന്ന് തോന്നുന്നപക്ഷം മാത്രം പ്രസിദ്ധപ്പെടുത്തിയാൽ മതി എന്ന നിർദ്ദേശ ത്തോടുകൂടി പാത്രിയർക്കീസ് യൂലിയോസ് മെത്രാനെ ഏല്പിച്ചു' (പാറേട്ട്, പു. 618) '.... പാത്രിയർക്കീസിന്റെ സമാധാനസന്ദേശം കണ്ടാൽ കൊള്ളാ മെന്ന് മാർ ദീവന്നാസ്യോസ് ആവശ്യപ്പെട്ടു. ... ഒരു തടസവും പറയാതെ യൂലിയോസ് തന്റെ പോക്കറ്റിൽ നിന്ന് അതെടുത്തു. ചെറിയമഠത്തിൽ മല്പാൻ അത് വാങ്ങി നിവർത്തിപ്പിടിച്ചു. .... ചെറിയമഠത്തിൽ മല്പാൻ ഉച്ചത്തിൽ വായിച്ചു. നാമും പാറേട്ടച്ചനും അടുത്തുള്ള വരാന്തയിൽ ഉണ്ടാ യിരുന്നു. ചുരുങ്ങിയ വാചകത്തിൽ കാര്യമെല്ലാം ഭംഗിയായി എഴുതിയി ട്ടുണ്ടായിരുന്നു. .... ആർക്കോണത്ത് നിന്ന് ഷൊർണൂർ എത്തിയപ്പോൾ കിടപ്പിലാണെന്ന് പറയപ്പെട്ട ഒസ്താത്തിയോസ് വന്നിരിക്കുന്നു. ... യൂലി യോസ് മെത്രാൻ കോട്ടയത്തെത്തിയപ്പോഴേക്കും ഈ പറഞ്ഞതെല്ലാം കെട്ടുകഥകളാണെന്ന് ചിലർ ചെണ്ടകൊട്ടാൻ തുടങ്ങി. രാവും പകലും എന്നതുപോലെ സംഗതികൾക്കാകപ്പാടെ ഒരു വ്യത്യാസം' (*ഗിരിദീപം,* പു. 37, 38).

ആശ്ചര്യകരമായ ഒരു കാര്യം ഇവിടെ പ്രസ്താവിപ്പാനുണ്ട്. പാത്രി യർക്കാ സന്ദർശനത്തിൽ ബാവാ പറഞ്ഞു: 'മലങ്കരയ്ക്ക് മഫ്രിയാനയെ വാഴിക്കുന്നതിന് അദ്ദേഹം (അബ്ദൽ മശിഹാ) ചില കല്പനകൾ കൊടു ത്തിട്ടുള്ളതായി അറിയുന്നു. അത് നമുക്ക് ഇഷ്ടമില്ലാത്തതാണ്. അതിന് സമ്മതിക്കുന്നതല്ല. അതിനാൽ ആ കല്പനകൾ അനുസരിച്ച് അവർ മഫ്രിയാനയെ വാഴിക്കുന്നതല്ലെന്ന് മെത്രാൻ ഒരെഴുത്ത് എഴുതി തരണം' എന്ന് പാത്രിയർക്കീസ് പറഞ്ഞപ്പോൾ ഞാൻ അവരോട് പറയാം അവർ ചെയ്യുമെന്നാണ് എന്റെ വിശ്വാസം' എന്ന് നാം മറുപടി പറയുകയുണ്ടായി (1924 മകരം 9 ന് പരുമല സെമിനാരിയിൽ നിന്ന് മാർ ദീവന്നാസ്യോസ് അയച്ച സർക്കുലർ. പത്രത്തിൽ ഇത് പ്രസിദ്ധപ്പെടുത്തി. പാറേട്ട്, പു. 622).

നീണ്ട കാത്തിരിപ്പിനുശേഷം കാലത്തിന്റെ സമ്മർദ്ദം കൊണ്ട് ദൈവ ത്തിന്റെ പദ്ധതിയനുസരിച്ച് മലങ്കരയിൽ സ്ഥാപിതമായ കാതോലിക്കേറ്റ് ഇല്ലാതായാൽപോലും ഏറെ ദുഃഖിക്കേണ്ടതില്ല. മുടക്ക് റദ്ദാക്കി മലങ്കര യിൽ സമാധാനം സ്ഥാപിക്കലാണ് തന്റെ പ്രഥമവും മുഖ്യവുമായ കർത്ത വ്യമെന്ന ചിന്തയിൽ ആണ് ഈ കല്പന പ്രസിദ്ധീകരിക്കപ്പെട്ടത് എന്ന തിൽ സംശയിക്കാനില്ല. ഒരുപക്ഷേ, ഒന്നാം കാതോലിക്കായുടെ കാല ശേഷം നീണ്ടകാലത്തേക്ക് രണ്ടാം കാതോലിക്കായെ വാഴിക്കാതിരുന്ന തിന് ഈ ചിന്തയും കാരണമായിരിക്കാം. അന്ത്യോഖ്യയുമായി അനുര ഞ്ജനപ്പെട്ട് സഭയിൽ സമാധാനം പുനഃസ്ഥാപിക്കുക എന്ന ആത്മീയ ലക്ഷ്യത്തിന് വേണ്ടി കാതോലിക്കാ ഇല്ലാത്ത ഒരു കാലത്ത് ആ സ്ഥാപ നത്തെ ബലി കൊടുക്കുന്നത് താരതമ്യേന പ്രതിബന്ധരഹിതമാവും എന്ന്

അദ്ദേഹത്തിന് തോന്നിയിരിക്കാം. കാനോനികമായി എല്ലാ ആത്മീയ കർമ്മങ്ങളും നിർവഹിക്കാൻ ഒരു മെത്രാപ്പോലീത്തായെ ഹൂദായകാനോൻ അധികാരപ്പെടുത്തിയിട്ടുണ്ട് എന്നതിനാൽ കാതോലിക്കായോ പാത്രിയർക്കീസോ ഒരു സഭയുടെ നിലനില്പിന് അനുപേക്ഷണീയനല്ലെന്ന ദൂരക്കാഴ്ച കാനോൻ പണ്ഡിതനായ വട്ടശ്ശേരിൽ മെത്രാച്ചൻ ന്യായമായും കരുതിയിരിക്കാം.

മർദ്ദീൻ സന്ദർശനം വിഫലമായി; മാർ ഒസ്താത്തിയോസും കൂടെയുള്ളവരും ചേർന്ന് വിഫലമാക്കി. 1923 കുംഭം 19 ന് സി. ജെ. കുര്യൻ അന്തരിച്ചു. തങ്ങളുടെ ട്രസ്റ്റി സ്ഥാനത്തെ ചെറുതായി കാണാൻ ഉദ്യമിച്ച മെത്രാൻട്രസ്റ്റിയെ തോല്പിക്കാൻ ജീവിതവും ധനവും ഉഴിഞ്ഞുവച്ച അദ്ദേഹം ഒടുവിൽ തോറ്റു നിരാശനായി. പാത്രിയർക്കീസിന് ലൗകിക അധികാരം കൊടുക്കുവാൻ പാടില്ലെന്ന് ആലുവായോഗത്തിൽ പോലും നിലപാടെടുത്ത സി. ജെ. കുര്യൻ മെത്രാച്ചനോടുള്ള വിരോധത്തിന്റെ ബലിക്കല്ലിൽ സ്വജീവിതം ഹോമിച്ചു. പാറേട്ടിന്റെ നിരീക്ഷണം കേൾക്കുക: "... പിതൃവ്യനായിരുന്ന കുര്യൻ റൈട്ടർക്ക് മാത്യൂസ് അത്താനാസ്യോസിന്റെയും ജോസഫ് ദീവന്നാസ്യോസിന്റെയും കാലത്ത് സമുദായ കാര്യങ്ങളിൽ ഉണ്ടായിരുന്ന ഉന്നതസ്ഥാനമോ നിയന്ത്രണസ്വാധീനങ്ങളോ തനിക്കും വേണമെന്ന് സി. ജെ. കുര്യൻ ആഗ്രഹിച്ചു. ഗീവറുഗീസ് ദീവന്നാസ്യോസ് അത് വകവച്ച് കൊടുത്തില്ല. വക വച്ചുകൊടുക്കാൻ താത്വികമായി നിവൃത്തി ഇല്ലെന്ന് അദ്ദേഹം വിശ്വസിച്ചു. അവർ തമ്മിൽ തെറ്റി... എന്തിനും പോരുന്ന കോനാട്ട് മല്പാനെയും ആ വഴിയ്ക്ക് തുർക്കികളെയും കൂട്ടിപ്പിടിച്ചുകൊണ്ട് ഭാരതയുദ്ധത്തിനു പുറപ്പെട്ടു.... മാർ ഗീവറുഗീസ് ദീവന്നാസ്യോസും സി. ജെ. കുര്യനും യോജിച്ച് പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇന്നത്തെ നില എന്തായിരിക്കുമായിരുന്നു?" (പു. 636).

### C രണ്ടാം കാതോലിക്കാ

കോട്ടയം ഇടവകയുടെ വാകത്താനം കാരുചിറ പീലക്സീനോസിനെ 1925 ഏപ്രിൽ 30 ന് നിരണം പള്ളിയിൽ വച്ച് ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (കുറിച്ചി), യൂയാക്കിം മാർ ഈവാനിയോസ് എന്നിവരടങ്ങിയ സിനഡ് രണ്ടാം കാതോലിക്കാ ആയി വാഴിച്ചു. അംശവസ്ത്രങ്ങൾ ഉൾപ്പെടെ സ്വന്തം വസ്ത്രങ്ങളെല്ലാം സ്വന്തം തയ്യൽമെഷീൻ ഉപയോഗിച്ച് അദ്ദേഹം തയ്യാറാക്കിയിരുന്നു. കുർബ്ബാനയ്ക്കു ഗോതമ്പ് പൊടി തിരികല്ലിൽ സ്വയം പൊടിച്ച് അദ്ദേഹം തയ്യാറാക്കിയിരുന്നു. ആശാരിപ്പണിയിലും കൽപ്പണിയിലും പരിശീലനം നേടിയ കലാകാരനായിരുന്നു അദ്ദേഹം. 1906-ൽ അദ്ദേഹം തയ്യാറാക്കിയ സഭാപഞ്ചാംഗം ശ്രദ്ധേയം. 1906 ധനു 30 ന് പ്രസിദ്ധപ്പെടുത്തിയ പഞ്ചാംഗം ഒരു വാർഷിക പ്രവർത്തനമാക്കാൻ ഉദ്ദേശിച്ചിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസ് പുലിക്കോട്ടിൽ ദ്വിതീയൻ

മലങ്കര മെത്രാപ്പോലീത്താ (ഇദ്ദേഹത്തിന്റെ ചിത്രവും കൊടുത്തിട്ടുണ്ട്) പൗലൂസ് അത്താനാസ്യോസ്, പൗലൂസ് ഈവാനിയോസ് എന്നിവരുടെ വിവരണമുണ്ട്. അദ്ദേഹം ചേർത്ത മലങ്കരയിലെ പിതാക്കന്മാരുടെ ലിസ്റ്റ് മാർത്തോമ്മായിൽ ആരംഭിക്കുന്നു. പാലക്കുന്നത്തു വലിയ മെത്രാച്ചനും കിടങ്ങൻ മെത്രാച്ചനും അതിലുണ്ട്. അന്നുള്ള 314 പള്ളിയുടെ പേർ ചേർത്തിട്ടുണ്ട്. 3 ഇംഗ്ലീഷ് ഹൈസ്കൂളുകൾ, 9 ഇംഗ്ലീഷ് മിഡിൽ സ്കൂളുകൾ, 200 മലയാളം പ്രൈമറി വിദ്യാലയങ്ങൾ, 2 പെൺ പള്ളിക്കൂടങ്ങൾ എന്നിവ അന്ന് സഭയ്ക്ക് ഉള്ളതായി പഞ്ചാംഗത്തിൽ ചേർത്തിട്ടുണ്ട്.

അന്നത്തെ മാനേജിംഗ് കമ്മിറ്റിയിൽ മെത്രാന്മാർക്ക് പുറമേ 8 വൈദികരും 11 അവൈദികരും അംഗങ്ങൾ. ഇ. എം. ഫിലിപ്പ് അസോസ്യേഷൻ സെക്രട്ടറി, മലങ്കര സുറിയാനി സുവിശേഷകസംഘം പ്രവർത്തിച്ചിരുന്നു. 85 സണ്ടേസ്കൂളുകളും 6 പുതുക്രിസ്ത്യാനി ഇടവകകളും അന്നുണ്ടായിരുന്നു. കൂടാതെ 1905 മുതൽ 1931 വരെ നോമ്പു കണക്ക്, 72 അറിയിപ്പുകാരുടെ പേരുകൾ, അന്ത്യോഖ്യാ പാത്രിയർക്കീസുമാരുടെ ലിസ്റ്റ് എന്നിവ പഞ്ചാംഗത്തിലുണ്ട്.

1928 ഡിസം. 17 ന് രണ്ടാം കാതോലിക്കാ അന്തരിച്ചു. വാകത്താനം വള്ളിക്കാട്ട് ദയറായിൽ കബറടക്കി. ഹൈക്കോടതി ഫുൾബെഞ്ചിന്റെ പരിഗണനയിലായിരുന്ന വട്ടിപ്പണഅപ്പീൽ പുനർ വിചാരണകേസ് കാതോലിക്കേറ്റിന് അനുകൂലമായി 1928 ജൂലൈ 4 ന് വിധിച്ചു. ചെലവു സഹിതം വിധിച്ച വിധിയിൽ മുടക്ക് അസാധു ആണെന്നും മൂറോൻ കൂദാശ, മെത്രാൻവാഴ്ച എന്നിവയ്ക്കുള്ള പാത്രിയർക്കാ അധികാരം ശൂന്യപ്രായമായി എന്നും എടുത്ത് പറഞ്ഞിരുന്നു.

### രണ്ടാം കാതോലിക്കായുടെ ജീവചരിത്രത്തിലെ നാഴികക്കല്ലുകൾ

1870 ജനുവരി 11 ന് വാകത്താനം കാരുചിറ കുടുംബത്തിൽ ജനിച്ചു. 1886 ജൂൺ 13 ന് വാകത്താനം സെന്റ് ജോൺസ് പള്ളിയിൽ വച്ച് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് കോറൂയോ സ്ഥാനം നൽകി. 1892 സെപ്തം. 18 ന് കുറിച്ചി വലിയപള്ളിയിൽ വച്ച് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് പൂർണ്ണ ശെമ്മാശനാക്കി. 1896 ആഗ. 16 ന് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ വച്ച് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് കശ്ശീശാ സ്ഥാനം നൽകി. 1896 ആഗ. 23 ന് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ വച്ച് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് റമ്പാനാക്കി.

1913 ഫെബ്രു. 9 ന് ചെങ്ങന്നൂർ പഴയപള്ളിയിൽ വച്ച് അബ്ദൽ മശിഹാ പാത്രിയർക്കീസ് ബാവായുടെ നേതൃത്വത്തിലുള്ള സിനഡ് മെത്രാപ്പോ

ലീത്താ സ്ഥാനം നൽകി. 1925 ഏപ്രിൽ 30 ന് നിരണം പള്ളിയിൽ വച്ച് കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു. 1925 മെയ് 19 ന് ബഥനിയുടെ ഈവാനിയോസിന് എപ്പിസ്ക്കോപ്പാസ്ഥാനം നൽകി (നിരണം). 1928 ഡിസം. 17 ന് നെയ്യൂർ ആശുപത്രിയിൽ വച്ച് കാലം ചെയ്തു. 18 ന് വള്ളിക്കാട്ട് ദയറായിൽ കബറടക്കി.

1927 ഇടവം 28 ന് ക്നാനായ ഇടവകയുടെ ഇടവഴിക്കൽ സേവേറിയോസ് അന്തരിച്ചു.

തോമസ് ദീയസ്ക്കോറോസ്, മീഖായേൽ ദീവന്നാസ്യോസ് എന്നീ രണ്ടു മെത്രാന്മാരെ 1926 തുലാം മാസത്തിൽ പാത്രിയർക്കീസ് യെരുശലേമിൽ വച്ച് പട്ടം കെട്ടി. 1927 മെയ് 15 ന് ഔഗേൻ മാർ തിമോത്തിയോസിനെ ഏലിയാസ് തൃതീയൻ ബാവാ യെറുശലേമിൽ വച്ച് പട്ടം കെട്ടി. 1925 മേടം 18 ന് നിരണം അസോസ്യേഷൻ ആബോ ഗീവറുഗീസ്, പാമ്പാടി കുര്യാക്കോസ് റമ്പാൻ, പാറേട്ട് മാത്യൂസ് കത്തനാർ, പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ, സി. എം. തോമസ് ശെമ്മാശൻ എന്നിവരെ മേല്പട്ടത്തിന് തിരഞ്ഞെടുത്തിരുന്നു. ആ യോഗം തന്നെയാണ് കാരുചിറ പീലക്സീനോസിനെ കാതോലിക്കാസ്ഥാനത്തേയ്ക്കും തെരഞ്ഞെടുത്തത്. 1925 മെയ് 19 ന് ബഥനിയുടെ മാർ ഈവാനിയോസിനെ രണ്ടാം കാതോലിക്കാ മെത്രാനായി വാഴിച്ചു.

ഹൈക്കോടതി വിധി മൂലമുണ്ടായ ദോഷങ്ങൾ പുനർവിചാരണയുടെ വിധിയോടെ സാങ്കേതികമായി പരിഹൃതമായി എങ്കിലും അത് സൃഷ്ടിച്ച ഞെട്ടൽ മൂലമുണ്ടായ അലയടികൾ അണിയറയിൽ ചലനങ്ങളുണ്ടാക്കി. 18 അക്കം കാനോൻ ശരിയായ കാനോൻ ആണെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു വിധി. നവീകരണക്കേസിൽ ഹാജരാക്കിയ കാനോൻ ഒരു വൻ ബാധ്യതയായതിനാൽ അതിൽ നിന്ന് ശാശ്വത മോചനം സാധ്യമല്ലെന്ന് പ്രചരിപ്പിക്കപ്പെട്ടു. നവീകരണക്കേസിൽ ഹാജരാക്കിയ 18 അക്കം കാനോനിൽ ചില ചില്ലറ പൊടിക്കൈകൾ പ്രയോഗിച്ചിരുന്നതിനാൽ അത് 'കാപ്പി കാനോൻ' എന്ന് പരിഹസിക്കപ്പെടുകയും അതിന്റെ പിതൃത്വം ജോസഫ് ദീവന്നാസ്യോസിൽ ആരോപിച്ച് പിൻമുറക്കാർ പരിശുദ്ധി അവകാശപ്പെടുകയും ചെയ്യുന്ന ആവേശത്തള്ളലിൽ നവീകരണക്കേസിൽ ഹാജരാക്കിയ കാനോൻ എന്ന് അവകാശപ്പെട്ടുകൊണ്ട് വട്ടിപ്പണക്കേസിൽ സ്ലീബാ ഒസ്താത്തിയോസിന്റെ ആശീർവ്വാദ കർമ്മത്തോടെ ഹാജരാക്കിയ 18 അക്കം കാനോൻ മുമ്പ് ഹാജരാക്കിയ കാനോൻ തന്നെയോ എന്ന് ആരും പരിശോധിച്ചില്ല. കൈയെഴുത്ത് സുറിയാനി ആയതുകൊണ്ട് സാധാരണ വൈദികർക്ക് അത് അഗമ്യമായിരുന്നു. പരിശോധിക്കുവാൻ ശേഷിയും ശേമുഷിയും ഉള്ള വട്ടശ്ശേരിൽ മെത്രാച്ചനെപ്പോലെയുള്ളവർ മുൻ തലമുറയുടെ പാപഭാരത്തിൽ തങ്ങൾക്ക് പങ്കി

ല്ലെന്ന് കൈകഴുകി മാലോകരെ വിളംബരം ചെയ്തറിയിക്കുന്ന തിരക്കിൽ ആ പരിശോധനയ്ക്കു മുതിർന്നുമില്ല. അന്നത്തെ വിളംബരവും പ്രചാരണവും 'പിമ്പേ ഗമിക്കുന്ന ബഹുഗോക്കളുടെ മാതൃകയിൽ ഏറ്റുപറയാനല്ലാതെ ഒരന്വേഷണമോ പരിശോധനയോ കൂടാതെ നവീകരണകേസ് നടത്തിയ പൂർവ്വപിതാക്കളുടെ മേൽ കണ്ണുമടച്ച് ചെളിവാരിയെറിയുന്ന പ്രവർത്തനരീതി ശരിയോ എന്ന് നാളിതുവരെ ഒരു ചരിത്രകാരനും ചോദിച്ചിട്ടില്ല. നവീകരണക്കേസിൽ ഹാജരാക്കിയ 18 അക്കം കാനോനിൽ തിരുത്തലുകൾ ഉണ്ടെന്നത് ശരി തന്നെ. തിരുത്തിയ കാനോൻ കാപ്പിയിൽ മുക്കി പഴക്കം കൃത്രിമമായി ഉണ്ടാക്കി എന്നതും ശരി തന്നെ. എന്നാൽ കാപ്പിക്കാനോനിൽ തിരുത്തായിക്കൂട്ടിച്ചേർത്ത പതിനൊന്ന് ഖണ്ഡികകളും മുളന്തുരുത്തി സുന്നഹദോസിന്റെ തീരുമാനങ്ങളും നിലപാടുകളും മലങ്കര സഭയിലെ സാർവ്വത്രികമായ പൊതു പൂർവ്വിക പാരമ്പര്യങ്ങളുമാണ്. മുളന്തുരുത്തി എന്ന് പ്രത്യേക ശീർഷകത്തിൽ ചേർക്കാതെ പഴയ ശീർഷകങ്ങളിൽ എഴുതിച്ചേർത്തു എന്നുള്ള സാങ്കേതികഅർത്ഥത്തിൽ മാത്രമേ കാപ്പികാനോനിൽ വ്യാജമുള്ളൂ. കൂട്ടിച്ചേർത്ത 11 വ്യവസ്ഥകളും മലങ്കര സഭയിൽ സർവ്വസമ്മതമായി തീരുമാനിക്കപ്പെട്ട വസ്തുതകളാണ്. ഈ തിരുത്തലുകൾ ചേർത്ത ഹൂദായകാനോന്റെ പോരായ്മകൾ മലങ്കര സഭയിലെ അനുഷ്ഠാനങ്ങൾക്കും പാരമ്പര്യങ്ങൾക്കും അനുസൃതമായി പരിഷ്കരിച്ചത് നവീകരണഭാഗത്തു നിന്ന് ഹാജരാക്കിയ നൂറു ശതമാനവും വ്യാജമായ മലങ്കരക്കാനോനെ കോടതിയിൽ നേരിടുവാൻ വേണ്ടിയായിരുന്നു. മലങ്കരക്കാനോനും നവീകരണക്കേസിൽ സഭ ഔദ്യോഗികമായി ഹാജരാക്കിയ കാനോൻ പോലെ ആരും പരിശോധിച്ചിട്ടില്ല. മലങ്കര കാനോൻ അച്ചടിച്ച രൂപത്തിൽ ഈ ഗ്രന്ഥകാരന്റെ കൈവശമുണ്ട്. മലങ്കര സഭയിലെ പൂർവ്വിക കാനോനാകളെ വിവർത്തനം ചെയ്ത് പ്രസിദ്ധപ്പെടുത്തുന്നു എന്ന വൻ സേവനം ചെയ്യുന്നു എന്ന് പാലക്കുന്നത്തു വലിയ മെത്രാച്ചന്റെ അവകാശത്തോടെ പ്രസിദ്ധീകരിച്ച മലങ്കര കാനോൻ നവീകരണക്കാരുടെ പഠിപ്പിക്കലുകളെ ന്യായീകരിക്കുവാനും പ്രമാണവിധേയമെന്ന് വരുത്തുവാനും വേണ്ടി പടച്ചൊരുക്കിയ നിയമാവലിയാണ്. അത് രൂപത്തിലും ഭാവത്തിലും കാനോനല്ല. കാനോന്റെ സംസ്കാരം വേരുറക്കാത്ത മലങ്കരയിൽ ഈ കള്ള നാണയം എളുപ്പം ചിലവാകുമായിരുന്നു. ജഡ്ജിമാരുടെ മുമ്പിൽ ഈ മലങ്കരക്കാനോനെതിരായി വസ്തു നിഷ്ഠമായ വാദമുഖങ്ങളൊന്നും അവതരിപ്പിച്ചു കാണുന്നില്ല. പകരം അതിനെ നിഷ്പ്രഭമാക്കാൻ മുളന്തുരുത്തി സുന്നഹദോസിന്റെ തീരുമാനങ്ങൾ തിരുകികയറ്റിയ ഹൂദായകാനോൻ ഹാജരാക്കുകയാണ് ചെയ്തത്. കാപ്പിക്കാനോൻ സെമിനാരിക്കേസു കഴിഞ്ഞപ്പോൾ നശിപ്പിക്കാനേർപ്പാട് ചെയ്തു. സാങ്കേതികമായ വ്യാജങ്ങൾ പോലും സഭയിലവശേഷിപ്പിച്ചു കൂടാ എന്ന് അന്നത്തെ സഭാസാരഥിയ്ക്ക് നിർബ്ബന്ധമുണ്ടായിരുന്നു.

പാറേട്ട് എഴുതുന്നു: “സെമിനാരി വ്യവഹാരം കഴിഞ്ഞപ്പോൾ ഈ കള്ള ക്കാനോൻ വെളിയിൽ കാണാൻ ഇടവരുന്നത് ആപല്ക്കരമാണെന്നുള്ള വിചാരത്താൽ എല്ലാം ചുട്ടുകരിക്കുന്നതിന് ഏർപ്പാട് ചെയ്തു” (പു. 497). 1889 ൽ ചുട്ടുനശിപ്പിച്ച ഈ കാനോന്റെ പ്രതി രണ്ടു പതിറ്റാണ്ടുകൾക്ക് ശേഷം എങ്ങനെ പ്രത്യക്ഷപ്പെട്ടു എന്ന ചോദ്യം സ്വാഭാവികമാണ്. വ്യാജ കാനോന്റെ ഒരു കോപ്പി നശിപ്പിക്കാതെ ഒരാൾ - കോനാട്ട് മല്പാനെന്ന് ചില സൂചനകളുണ്ട് - സൂക്ഷിച്ചു എന്ന അതിലാഘവത്തോടെയുള്ള ഉത്തരത്തോടെ ആ ചോദ്യം എല്ലാവരും അവസാനിപ്പിച്ചു. എന്നാൽ സത്യം അതല്ല. വ്യാജ 18 അക്കം കാനോൻ സെമിനാരിക്കേസിൽ ഹാജരാ ക്കിയ കഥ ആദ്യം മുതലേ അറിയാവുന്ന ആളായിരുന്നു കോനാട്ട് മല് പാൻ. വട്ടിപ്പണക്കേസിലേയ്ക്ക് അനുയോജ്യമായ നൂറോളം തിരുത്തലു കൾ കാനോനിൽ വരുത്തി ഒരു പുതിയ 18 അക്കം കാനോൻ പാത്രിയർക്കാ അനുഭാവികൾ നിർമ്മിക്കുകയാണ് അന്ന് ചെയ്തത്. ഈ മഹാപാതകം ചെയ്തത് സ്ലീബാ ഒസ്താത്തിയോസ് ആണെന്ന് അഭ്യൂഹിക്കാൻ ചില തെളിവുകളുണ്ട്.

### തിരുത്തു കാനോൻ

വട്ടിപ്പണക്കേസിൽ ഹാജരാക്കുവാൻ വേണ്ടി തയ്യാറാക്കിയ ഈ പുതിയ 18 അക്കം കാനോൻ സെമിനാരിക്കേസിലെ സാക്ഷിയായ കോനാട്ട് മല്പാൻ തന്നെ സത്യം ചെയ്ത് 18 അക്കം കാനോനെന്ന് പരിചയപ്പെടു ത്തിയപ്പോൾ ഏവരും - വാദി, പ്രതി ഭേദമില്ലാതെ എല്ലാവരും - അത് വിശ്വസിച്ചു പോയി. പുതിയ 18 അക്കം കാനോനിൽ 100 ഓളം തിരുത്തലു കൾ ഉണ്ട്. സത്യകാനോനിലെ കുറെയേറെ ഭാഗങ്ങൾ വിട്ടുകളഞ്ഞിട്ടു മുണ്ട്. ഇപ്രകാരം വ്യാജമായി ചമക്കപ്പെട്ട പുതിയ 18 അക്കം കാനോനാണ് ഇപ്പോൾ 1994-ൽ ആദ്യ പതിപ്പായി ഉദയഗിരി സെമിനാരിയിൽ നിന്ന് മലയാള പരിഭാഷയായി പ്രസിദ്ധീകരിച്ച 18 അക്കം കാനോൻ. 1929-ൽ ഏലിയാസ് ബാവാ നൽകിയ അനുവാദ കല്പന, യാക്കൂബ് യൂലിയോസ് നടത്തിയ വിവർത്തനം, കണിയാമ്പറമ്പിൽ കോറിയുടെ പരിശോധന തുട ങ്ങിയ തൂവലുകൾത്തന്നെ ഈ കാനോൻ വ്യാജകാനോൻ ആണെന്നു തെളിയിക്കുന്നു. ഈ വ്യാജകാനോൻ തയാറാക്കാനുള്ള റഫ് വർക്കുകളും ഹോംവർക്കുകളും ചെയ്ത സുറിയാനി കയ്യെഴുത്തു കാനോൻ കണ്ടെടു ക്കപ്പെട്ടതോടെയാണ് ഉദയഗിരിക്കാനോന് ആധാരമായുള്ളതും വട്ടിപ്പണ ക്കേസിൽ കോനാട്ട് മല്പാൻ സത്യം ചെയ്ത് ഹാജരാക്കിയതുമായ 18 അക്കം കാനോന്റെ നിർമ്മാണരഹസ്യം പുറത്തായത്.

1890-ൽ പുതുപ്പള്ളി യാക്കോബ് കശ്ശീശായുടെ മകൻ ഗീവർഗ്ഗീസ് കശ്ശീ ശയാണ് അതിമനോഹരമായ ഈ സുറിയാനി കയ്യെഴുത്ത് ഗ്രന്ഥത്തിന്റെ പകർപ്പുകാരൻ. റഫ് വർക്കുകൾ എല്ലാം പെൻസിൽ കൊണ്ട് അടയാളപ്പെ

ടുത്തിയിരിക്കുന്നു. പദങ്ങളുടെ തിരുത്തലുകൾ അടിവരയിട്ട് കാണിച്ച് പുതിയ പദം മാർജിനിൽ സുറിയാനിയിൽ എഴുതിയിരിക്കുന്നു. ഒഴിവാക്കാനുള്ള ഖണ്ഡികകൾ മാർജ്ജിനിൽ ലംബവരകൊണ്ട് അടയാളപ്പെടുത്തി ഗുണനചിഹ്നം മാർക്ക് രേഖപ്പെടുത്തിയിരിക്കുന്നു. സത്യ കാനോനിൽ റീശ് കൊഹനെ എന്ന് രേഖപ്പെടുത്തിയ ഭാഗത്തെല്ലാം തിരുത്തുകാരൻ പാത്രിയർക്കീസ് എന്ന് മാർജ്ജിനിൽ എഴുതിയിട്ടുണ്ട് (മലയാള വിവർത്തകനും രസികനാണ് – സിംഹാസനം എന്നർത്ഥമായ കുർസിയോ എന്ന പദം എപ്പിസ്ക്കോപ്പായുടെയെയോ മെത്രാപ്പോലീത്തായുടെയോ വിശേഷണമാകുമ്പോൾ പീഠം എന്നും അതേ പദം പാത്രിയർക്കീസിന്റെ വിശേഷണമാകുമ്പോൾ സിംഹാസനം എന്നും വിവർത്തകൻ ശ്രദ്ധാപൂർവ്വം വിവർത്തനം ചെയ്തിട്ടുണ്ട്). ഈ റഫ് വർക്കിൽ രേഖപ്പെടുത്തിയ എല്ലാ ഭേദഗതികളും ഉദയഗിരിക്കാനോനിൽ അതേപടി സ്വീകരിച്ചിട്ടുണ്ട്. റഫ് വർക്കിന് ഉപയോഗിച്ച കയ്യക്ഷരം കണ്ടിട്ട് സ്ലീബാ ഒസ്താത്തിയോസിന്റെ കൈപ്പടയോട് വലിയ സാദൃശ്യം തോന്നുന്നുണ്ട്. ഈ റഫ് വർക്ക് ചെയ്ത കൈയെഴുത്ത് കാനോൻ ഗ്രന്ഥം ഇതെഴുതുന്ന ആളിന്റെ കൈവശത്തിലുണ്ട്).

കാപ്പിക്കാനോനിൽ മുളന്തുരുത്തി നിശ്ചയങ്ങൾ പൂർവ്വിക കാനോനുകളുടെ ഭാഗമായി എഴുതി ചേർത്തത് ഈയിടെ കാലം ചെയ്ത ശീശക്ക് മെത്രാച്ചൻ പാത്രിയർക്കീസിന്റെ ആശീർവാദത്തോടെ ഹോളണ്ടിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധീകരിച്ച സുറിയാനിക്കാനോൻ പുസ്തകത്തിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇപ്രകാരം ഒരു അടിക്കുറിപ്പും അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്: "ഇന്ത്യയിലെ (കാനോൻ) കോപ്പിയിൽ നിന്നാണ് ഈ അനുബന്ധക്കാനോനുകൾ എടുത്തിട്ടുള്ളത്. കേരളത്തിലെ (ഇന്ത്യ) ഉയർന്ന കോടതി സ്വീകരിച്ചിട്ടുള്ളതാകുന്നു ഇത്. ഇതിന് മാറ്റം വരാതിരിക്കുവാൻ ഇവ മൂലകൃതിയോടൊപ്പം അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളതാകുന്നു."

ഹോളണ്ടിൽ നിന്നും അച്ചടിച്ച് പ്രസിദ്ധീകരിച്ച കാനോൻ പൂർണ്ണമായും എ. അക്കം കാനോനോട് ഒത്തിരിക്കുന്നു. കാപ്പിക്കാനോനിലെ 11 നിശ്ചയങ്ങൾ ഹോളണ്ട് കാനോനിൽ നിന്ന് വിവർത്തനം ചെയ്തു ചേർക്കുന്നു:

1. ഹൂദായകാനോൻ മൂന്നാം അദ്ധ്യായം 1–ാം ഖണ്ഡിക – ശീർഷകം – ഹൂദായ.

മെത്രാപ്പോലീത്തായ്ക്കും എപ്പിസ്കോപ്പായ്ക്കും രോഗികളുടേയും മാമ്മൂദീസായുടെയും തൈലം കൂദാശ ചെയ്യാം. എന്നാൽ അവരെ പാത്രിയർക്കീസ് അനുവദിച്ചാൽ അത്യാവശ്യം പ്രമാണിച്ച് അവർക്കും മൂറോൻ കൂദാശ നടത്താം (വിശദീകരണം – ഹൂദായ കാനോൻ പ്രകാരം മെത്രാ

പ്പോലീത്തായ്ക്കും മൂറോൻ കൂദാശ ചെയ്യാം; സഭയുടെ തലവനും സുന്നഹദോസ് അദ്ധ്യക്ഷനും ആണെങ്കിൽ. എന്നാൽ മലങ്കരസഭ അന്ത്യോഖ്യൻ സിംഹാസനത്തിന്റെ കീഴിലാണെന്ന് മുളന്തുരുത്തി നിശ്ചയങ്ങളിലുണ്ട്. അപ്പോൾ മെത്രാപ്പോലീത്തായ്ക്ക് സ്വയമേവ മുറോൻ കൂദാശ ചെയ്തുകൂടാ. ഹൂദായകാനോനും മുളന്തുരുത്തി നിശ്ചയവും ഒന്നിച്ചുചേർത്ത് തന്മൂലം കാപ്പിക്കാനോനിലെ വ്യവസ്ഥ തയാറാക്കി. നമ്മുടെ ഭരണഘടനയിലും മൂറോൻ കൂദാശ സഭാതലവന്റെ മാത്രം കർത്തവ്യമാണല്ലോ).

2. "... രോഗികളുടെ സൗഖ്യത്തിനായി ഉപയോഗിക്കുന്ന തൈലം വേറെയാകുന്നു."

(ഹൂദായ കാനോനിൽ മാമ്മൂദീസായിലും രോഗീലേപനത്തിലും ഒരേ തൈലം ഉപയോഗിക്കുന്നു എന്ന് പറയുന്നുണ്ട്. രണ്ട് തൈലത്തിനും ഒരേ ശുശ്രൂഷയാണ്. റൂശ്മാ രണ്ട് തൈലങ്ങൾ വിഭജിച്ച് അവ മേൽ വ്യത്യസ്തമായി നടത്താം. അതാണ് മലങ്കരയിലെ പതിവ്. വിഭജിക്കാതെ ഒന്നിച്ചും നടത്താം. ആ ശൈലിയാണ് ഹൂദായകാനോനിലെ പരാമർശത്തിനാധാരം. കാപ്പിക്കാനോൻ രോഗീലേപനതൈലം വേറെ എന്ന് പരാമർശിച്ചത് മലങ്കരയിലെ പതിവിന് പ്രമാണം ഉണ്ടാവാനാണ്).

3."..... ഇപ്പോൾ മുതൽ ഞങ്ങൾ തീരുമാനിക്കുന്നതെന്തെന്നാൽ, അവസാനത്തിൽ, 'നിങ്ങളെല്ലാവരും സമാധാനത്തോടെ പോകുവിൻ' എന്നതിന് ശേഷമായിരിക്കണം കുർബ്ബാന കൊടുക്കേണ്ടത്....."

(കുർബ്ബാന നൽകുവാനുള്ള സമയം 'സേലൂൻ ബശ്ലോമ്മോ'യ്ക്ക് ശേഷമെന്ന് പത്രോസ് തൃതീയൻ കല്പന മൂലം മലങ്കരയിൽ ഭേദഗതി ചെയ്തിരുന്നു. ഈ ഭേദഗതിയ്ക്ക് കാനോനിക പ്രമാണം ചമയ്ക്കാൻ ആ കല്പനയിലെ വാക്യങ്ങൾ കാപ്പിക്കാനോനിൽ കൂട്ടിച്ചേർത്തു).

4, 5. ആറാം അദ്ധ്യായത്തിലെ തിരുത്ത് ഒന്ന് ".... പരേതരുടെ മൂന്നാം ദിവസവും... ഒമ്പതാം ദിവസവും.... മുപ്പതാം ദിവസവും ആണ്ടു തികയുമ്പോഴും ഗാനങ്ങളും പ്രാർത്ഥനകളും നടത്തണം എന്നിങ്ങനെയുള്ള ഹൂദായകാനോൻ നിയമത്തിൽ 40-ാം നാളിലെ ഓർമ്മ പറയുന്നില്ല. മലങ്കരയിൽ 40-ാം ദിനം ഓർക്കാറുണ്ട്. അത് നിയമവൽക്കരിക്കാൻ ഇപ്രകാരം കൂട്ടിച്ചേർത്തു:

"കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തതിനെ പ്രതി 40-ാം ദിവസവും ആണ്ട് തികയുവോളവും മസ്മൂറാകളും പ്രാർത്ഥനകളും നിവർത്തിക്കണം."

"എന്നാൽ വിശ്വാസികളുടെയും ഓർമ്മ നടത്തുവാൻ നമുക്ക് കടപ്പാടുണ്ട്."

(40-ാം ദിവസത്തെ അനുഷ്ഠാനങ്ങളും വിശ്വാസികളായ മരിച്ചു പോയവരെ ഓർക്കുന്ന പതിവും കാനോനികമെന്ന് സ്ഥാപിക്കുവാൻ ഈ രണ്ട് തിരുത്തലുകൾ കൂട്ടിച്ചേർത്തു).

6. ആറാം അധ്യായം 1-ാം ഖണ്ഡിക: "എന്നാൽ പ്രധാനാചാര്യൻമാർ, ആചാര്യന്മാർ, ദയറായക്കാർ എന്നിവരുടെ ശവശരീരങ്ങളിൽ വ്രണങ്ങളോ അഴുക്കുകളോ ഉണ്ടെങ്കിൽ പ്രധാനാചാര്യന്മാരുടെയോ പുരോഹിതന്മാരുടെയോ ശരീരം മുഴുവനും കഴുകുന്നത് തെറ്റല്ല."

(മലങ്കരയിലെ സമ്പ്രദായമാണിത്. കൈകാലുകളും മുഖവും മാത്രം കഴുകിയാൽ മതി എന്ന് ഹൂദായ കാനോൻ. മലങ്കരയിലെ പതിവ് പ്രമാണവത്ക്കരിക്കാൻ ഈ തിരുത്ത് എഴുതിച്ചേർത്തു).

7. ഏഴാം അദ്ധ്യായത്തിൽ ഒന്നാം ഖണ്ഡിക. ആ തിരുത്തിൽ ഈ കാര്യങ്ങൾ കാണുന്നു.

a. അന്ത്യോഖ്യായുടെ കീഴിലാണ് മലങ്കര.

b. അവർ സ്വന്തമായി പാത്രിയർക്കീസിനെയോ (കാതോലിക്കായെയോ) വാഴിക്കരുത്.

c. കാതോലിക്കാ കീഴ്സ്ഥാനിയാണ്.

d. മലങ്കരയിലെ മെത്രാൻ വാഴ്ച പാത്രിയർക്കീസ് മാത്രം നടത്തുന്നു.

( എ, ഡി, എന്നീ പ്രസ്താവനകൾ 19-ാം നൂറ്റാണ്ടിൽ മലങ്കരയിൽ അംഗീകൃതമായിരുന്ന വിശ്വാസം. ബി, സി എന്നിവ സെമിനാരിക്കേസിൽ അപ്രസക്തം. ഒരു മുഴം മുമ്പേ വടി എറിഞ്ഞതാകണം).

8. 'പൗരസ്ത്യർക്ക് അവർക്കായിട്ട് മപ്രിയാനയെയോ മെത്രാപ്പോലീത്തായെയോ എപ്പിസ്ക്കോപ്പായെയോ വാഴിക്കുവാൻ അധികാരമില്ല. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് അവർ സ്ഥാനം പ്രാപിക്കണം.'

(സെമിനാരിക്കേസിലെ നമ്മുടെ പ്രധാന വാദമാണിത്. അതിനായി കാനോൻ വ്യവസ്ഥ ഉണ്ടാക്കി. മഫ്രിയാനക്കാര്യം പത്രോസ് ബാവാ നിഷ്ക്കർഷിച്ചതാകാനാണിട).

9. "കഹനേന്മാരും ശെമ്മാശന്മാരും അധികാരികളും അവരെ ഏല്പിച്ചിട്ടുള്ള കാര്യങ്ങൾ ഒഴിച്ച് യാതൊന്നും ചെയ്യരുത്."

(കശ്ശീശന്മാർ മെത്രാനെ വാഴിച്ചത്, സൈത്ത് കൂദാശ നടത്തുന്നത് തുടങ്ങിയ മലങ്കരയിലെ പതിവുകൾ ആവർത്തിക്കാതിരിക്കാൻ പത്രോസ് തൃതീയൻ ഏർപ്പെടുത്തിയ നിബന്ധനയാണിത്)

10. ഏഴാം അദ്ധ്യായം 3-ാം ഖണ്ഡിക. 'പാത്രിയർക്കീസ് വാഴിക്കപ്പെ

ടുന്നത്.... അദ്ദേഹത്തിന്റെ കീഴിലുള്ളവരായ കാതോലിക്കാ.... എന്നിവരാലത്രേ. മപ്രിയാനയ്ക്ക് മെത്രാപ്പോലീത്തായെയും.... വാഴിക്കാനധികാരമുണ്ട്. ... മെത്രാപ്പോലീത്തായ്ക്ക് അന്യോന്യം വാഴിക്കാനധികാരമില്ല. ... പാത്രിയർക്കീസ് അവരെ വാഴിക്കണം. ......"

(പാത്രിയർക്കീസിന്റെ താല്പര്യം ഇതിലുണ്ട്. അത് മുളന്തുരുത്തി സുന്നഹദോസ് അംഗീകരിച്ച ആത്മീയ മേലധികാരത്തിന്റെ ഭാഗമായി അദ്ദേഹം നിഷ്കർഷിച്ചതാകണം)

11. "പാത്രിയർക്കീസിനാലോ കാതോലിക്കായാലോ ശപിക്കപ്പെട്ടവരും ഭ്രഷ്ടരാക്കപ്പെട്ടവരുമായ മെത്രാപ്പോലീത്താമാരിൽ നിന്നും എപ്പിസ്ക്കോപ്പാമാരിൽ നിന്നും സ്ഥാനം ഏറ്റ വൈദികർ പരിശുദ്ധ സഭയിൽ ശുശ്രൂഷ ചെയ്യുവാൻ വേണ്ടി അംഗീകരിക്കപ്പെടരുത്. ..."

(നവീകരണ മെത്രാന്മാരിൽ നിന്ന് പട്ടമേറ്റവർക്ക് അഴിച്ചു പട്ടം നൽകിയ സംഭവങ്ങളെ ന്യായീകരിക്കുവാൻ ഈ തിരുത്ത് കൂട്ടിച്ചേർത്തു. പത്രോസ് തൃതീയനും യൂയാക്കീം കൂറിലോസും നടത്തിയ പല പട്ടംകൊടകളെയും ന്യായീകരിക്കുവാൻ ഈ തിരുത്ത് ആവശ്യമായിരുന്നു).

18 അക്കം കാനോൻ സ്ലീബാ ഒസ്താത്തിയോസ് എഴുതിയുണ്ടാക്കിയെന്ന് അന്ന് തന്നെ പ്രസ്താവമുണ്ട് (പാറേട്ട്, പു. 696).

സാങ്കേതികത്വത്തിൽ മാത്രം വ്യാജമെന്ന് വിശേഷിപ്പിക്കാവുന്നതും സെമിനാരിക്കേസിൽ 18 അക്കം എന്ന് പേരിട്ടതുമായ ഈ കാപ്പിക്കാനോന്റെ മറവിലാണ് അസംഖ്യം വ്യാജങ്ങളും നിരാധാരങ്ങളുമായ വ്യവസ്ഥകൾ എഴുതിച്ചേർത്ത് പുതിയ 18 അക്കം കാനോൻ കോടതിയിലെത്തിയത്. ഹൈക്കോടതിവിധിയിലൂടെ ഈ നവീന 18 അക്കം കാനോൻ അധികൃതമായപ്പോൾ സഭയുടെ ഭാവി ഇരുളടഞ്ഞുവെന്ന് പലർക്കും തോന്നി. ഇതിനെ മറികടക്കുവാനാണ് റോമാസഭയുമായി ഐക്യപ്പെടുക എന്ന ചിന്ത രൂപംകൊണ്ടത്. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനത്ത് റോമ്മാപാപ്പാ എന്ന ഏക വ്യവസ്ഥ സ്വീകാര്യമെങ്കിൽ യോജിപ്പും ഐക്യവും സ്വാഗതാർഹമായിരുന്നു. ബഥനിയുടെ ഈവാനിയോസ് ആണ് ഇക്കാര്യത്തിൽ എഴുത്തുകുത്തുകൾ നടത്തിയിരുന്നത്. സഭ മുഴുവൻ തന്നോടൊപ്പമുണ്ട് എന്ന ചിത്രമാണ് ബഥനി മെത്രാൻ റോമൻ അധികൃതരുടെ മുമ്പിൽ വച്ചത്. അവരുടെ വ്യവസ്ഥകൾ പലതും അദ്ദേഹം വെളിപ്പെടുത്തിയതുമില്ല. പുനർ വിചാരണയും വിധിയും ഗുണമായപ്പോൾ ഐക്യതാല്പര്യം പലർക്കും നഷ്ടപ്പെട്ടത് സ്വാഭാവികം.

1925 ജൂൺ 6 ന് യൂയാക്കീം ഈവാനിയോസ് നിര്യാതനായി. പരുമല സെമിനാരിയിൽ കബറടക്കപ്പെട്ടു.

### സ്ലീബാദാസ സമൂഹം

സുറിയാനി ക്രിസ്ത്യാനികൾ ജാതീയമായ ആഭിജാത്യത്തിന് ആവശ്യത്തിലേറെ പ്രാധാന്യം നൽകിയിരുന്നു. അയിത്ത ജാതിക്കാരെ ഉയർത്തുവാൻ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ബോധപൂർവ്വമായ ശ്രമങ്ങൾ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ ആരംഭിച്ചുവെങ്കിലും അവരെ മതത്തിൽചേർത്ത് തുല്യരായിക്കാണുവാനുള്ള സന്നദ്ധത പൊതുവേ പ്രകടമായിരുന്നില്ല. പുലയപ്പള്ളികൾ പ്രത്യേകമായി സ്ഥാപിച്ച് അധഃകൃതരിൽ നിന്ന് മതപരിവർത്തനം ചെയ്തവരെ ഉൾക്കൊള്ളുവാൻ പുലിക്കോട്ടിൽ മെത്രാച്ചനും പരുമല മെത്രാച്ചനും ശ്രമിച്ചുവെങ്കിലും സമുദായത്തിന്റെ സഹകരണം കുറവായതിനാൽ ആ നീക്കം വളരെയേറെ വിജയിച്ചു എന്ന് പറഞ്ഞുകൂടാ. ഫാ. പി. റ്റി. ഗീവറുഗീസിന്റെ സഹായത്തോടെ കൽക്കട്ടയിലും സെറാമ്പൂരിലും, പഠിച്ച പുതിയ നേതൃനിര പ്രത്യക്ഷപ്പെട്ടതോടെ കാലാവസ്ഥ മാറി. പ്രൊട്ടസ്റ്റന്റ് മിഷനറി പ്രവർത്തനം ഈ മാറ്റത്തിന് പ്രേരണ ചെലുത്തി. ഈ പ്രവർത്തനത്തിന്റെ മുൻനിരയിൽ നിന്നത് മൂക്കഞ്ചേരി എം. പി. പത്രോസ് ശെമ്മാശൻ ആയിരുന്നു. ശെമ്മാശന്റെ തീപ്പൊരി പ്രസംഗങ്ങളും ഭാഷാപോഷിണിയിലെയും അന്നുണ്ടായിരുന്ന ദിനപത്രങ്ങളിലെയും സഭാ പ്രസിദ്ധീകരണങ്ങളിലെയും കരളലിയിപ്പിക്കുന്ന ലേഖനങ്ങളും പൊതുജന മനഃസാക്ഷിയെ ഉണർത്തുവാൻ പര്യാപ്തമായിരുന്നു. 1907 മീനം 2 ന് വടക്കൻപറവൂർ പള്ളിയിൽ നിന്ന് പുലിക്കോട്ടിൽ മെത്രാച്ചൻ എം. പി. പത്രോസിന് പ്രസംഗകനാവാൻ അനുവാദ കല്പന നൽകി (*കർമ്മേലിലെ കർമ്മയോഗി*, അനിയൻ കല്ലത്ത്, പുറം. 51, 52). പുലിക്കോട്ടിൽ മെത്രാച്ചൻ സ്ഥാപിച്ച വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വാർഷിക കോൺഫ്രൻസുകൾ ആ യുവ വിപ്ലവകാരിയ്ക്ക് ദിശാബോധം നൽകി. 'ഇടവകപത്രിക'യിൽ സമുദായത്തെ ഉയർത്തുന്ന ലേഖനങ്ങൾ തുടരെതുടരെ എഴുതി. എം. പി. പത്രോസിനെ വൈദികനാവാൻ വിട്ടുതരണമെന്ന് പുലിക്കോട്ടിൽ മെത്രാച്ചൻ 1908 മീനം 2 ന് മൂക്കഞ്ചേരി തറവാട്ടിലെ കാരണവർക്ക് എഴുതി (മുൻ പുസ്തകം, പു. 39). 1816-ൽ യൂയാക്കീം മാർ ഈവാനിയോസിൽ നിന്ന് ആദ്യ പട്ടം സ്വീകരിച്ച അദ്ദേഹം വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്ത് സുവിശേഷ പ്രവർത്തനത്തിനുള്ള ഒരു ഫണ്ട് സ്വരൂപിച്ചു. 1924-ൽ ശെമ്മാശനായിരിക്കേ അദ്ദേഹം സ്ലീബാദാസ സമൂഹം സ്ഥാപിച്ചു. ഹൈസ്ക്കൂളിലെ ജോലി രാജിവച്ച് സുവിശേഷയത്നത്തിനിറങ്ങിത്തിരിച്ച ഒരു ഉന്നത ബിരുദധാരി കക്ഷി ഭേദമെന്യേ പള്ളികൾക്കു ചുറ്റുമുള്ള അവർണ്ണ സമുദായങ്ങളിൽ ക്രിസ്തുവിനെ പരിചയപ്പെടുത്തി. 1926 മേടം 22 ന് സ്ലീബാ ഒസ്താത്തിയോസ് ചെമ്പിൽ പള്ളിയിൽ വച്ച് അദ്ദേഹത്തിന് കശ്ശീശാ പട്ടം നൽകി. അധഃകൃതോദ്ധാരണത്തിന് കൊച്ചി രാജാവ് ഇദ്ദേഹത്തെ സ്പെഷ്യൽ ഓഫീസറായി 1925-ൽ

നിയമിച്ചു. ശമ്പളം സ്വീകരിക്കാതെ ഈ തസ്തികയിൽ പ്രവർത്തിച്ചു. 1937-ലെ ക്ഷേത്രപ്രവേശന വിളംബരത്തിന്റെ പശ്ചാത്തലത്തിൽ എം. പി. പത്രോസ് അച്ചനിലൂടെ മലങ്കരസഭ പ്രവർത്തനനിരതമായിരുന്നു. ഈ മേഖലയിൽ ഗാന്ധിജിയും മറ്റും സജീവമായി ശ്രദ്ധ പതിപ്പിക്കുന്നതിനു വളരെ മുമ്പ് മൂക്കഞ്ചേരി ശെമ്മാശൻ അധഃകൃതോദ്ധാരണം ജീവിത ശൈലിയാക്കി മാറ്റി. നൂറ് കണക്കിന് അധഃകൃത ബാലികാ ബാലന്മാരെ സ്ക്കൂളുകളിൽ പ്രവേശിപ്പിച്ചു. അവർക്ക് പ്രത്യേകം സ്കൂളുകൾ തുറന്നു. അവർക്കായി പ്രത്യേകം കോളനികൾ സജ്ജമായി. ഉത്തര ഭാരതത്തിലെങ്ങും സ്വപ്നം കാണാൻ കഴിയാതിരുന്ന ഒരത്ഭുതമായിട്ടാണ് അവരെല്ലാം ഈ മുന്നേറ്റത്തെ കണക്കാക്കിയത്. 1923 മേടം 30 ന് തൃശൂരിൽ ശെമ്മാശൻ സംഘടിപ്പിച്ച പുലയ മഹാസമ്മേളനം അധഃകൃതരെ സർക്കാർ മുതൽ കൊണ്ട് നടത്തുന്ന പൊതു സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കാത്തതിനെതിരെ പ്രതിഷേധ പ്രമേയം പാസ്സാക്കി. സ്കൂളുകൾ, ആശുപത്രികൾ, കോടതികൾ, കിണറുകൾ, ചന്തകൾ, തെരുവുകൾ, ശ്മശാനങ്ങൾ, ജോലിസ്ഥലങ്ങൾ, വിശ്രമസ്ഥലങ്ങൾ, ദേവാലയങ്ങൾ ഇവയെല്ലാം പ്രമേയം പേരെടുത്ത് പരാമർശിച്ചു. തീണ്ടൽ, തൊടീൽ മുതലായവ നിർത്തലാക്കാൻ സമ്മേളനം മറ്റൊരു പ്രമേയത്തിലൂടെ രാജാവിനോട് അഭ്യർത്ഥിച്ചു. അക്കാലങ്ങളിൽ നടന്ന മിക്ക അധഃകൃത യോഗങ്ങളിലും സഹോദരൻ അയ്യപ്പനും പത്രോസ് ശെമ്മാശനും പ്രസംഗകരായിരുന്നു. 1919 ഇടവം 1 ന് തൃപ്പൂണിത്തുറ സ്കൂൾ മൈതാനത്ത് ഈ രണ്ട് മഹാന്മാരും പ്രസംഗിച്ച സമ്മേളനത്തിലാണ് പുലയർക്കും പറയർക്കും സംസ്ഥാനത്തെ സകല റോഡുകളിലും സർവതന്ത്ര സ്വതന്ത്രമായി സഞ്ചരിക്കാമെന്നു കൊച്ചി രാജാവിന്റെ ചരിത്രപ്രസിദ്ധമായ വിളംബരം ദിവാൻജി പ്രഖ്യാപിച്ചത്.

സുറിയാനിസഭയിലെ ആരാധനകളെ സുറിയാനി ഭാഷയിൽ നിന്ന് മോചിപ്പിക്കുവാനും ഇദ്ദേഹം നേതൃത്വം നൽകി. വിഫലമായെങ്കിലും വട്ടശ്ശേരിൽ മെത്രാച്ചന് 1920 ഇടവം 15 ന് 28 വൈദികരും 28 അവൈദികരും കൂട്ടായി ഇക്കാര്യത്തിനു വേണ്ടി സമർപ്പിച്ച 'സുറിയാനി മെമ്മോറിയൽ' പ്രത്യേകം പ്രസ്താവ്യമാണ്. മൂക്കഞ്ചേരി - പുലിക്കോട്ടിൽ ശെമ്മാശന്മാരുടെ നേതൃത്വത്തിൽ തയാറാക്കിവന്ന മലയാള വിവർത്തനങ്ങൾ ഉപയോഗിക്കരുതെന്ന് 1920 ചിങ്ങം 22 ന് കോട്ടയം സെമിനാരിയിൽ നിന്ന് വട്ടശ്ശേരിൽ മെത്രാച്ചൻ സുഗ്രീവാജ്ഞ പുറപ്പെടുവിച്ചെങ്കിലും പുരോഗമനം ആഗ്രഹിച്ച സഭ അചിരേണ വിവർത്തനങ്ങളെ സ്വാഗതം ചെയ്തു. പില്ക്കാലത്തുണ്ടായ എല്ലാ മലയാള ആരാധനാക്രമങ്ങളുടെയും ആവിർഭാവം ഇക്കാലത്താണുണ്ടായത്. ഹാശാ, പ്രുമിയോൻ, കുർബ്ബാനതക്സാ, ആണ്ടുതക്സാ എന്നിങ്ങനെ കുന്നംകുളം എ. ആർ. പി. പ്രസിൽ നിന്ന് പ്രസിദ്ധീകരിച്ച വിവർത്തനങ്ങൾക്ക് വമ്പിച്ച പ്രചാരമാണ് ലഭിച്ചത്.

സഭയുടെ ഔദ്യോഗികകേന്ദ്രങ്ങളിൽ നിന്ന് ആശീർവാദങ്ങൾ വേണ്ടത്ര ലഭിച്ചില്ലെങ്കിലും ബഥനി ആശ്രമത്തിന് സമാന്തരമായി സഭയിലുണ്ടായ സുവിശേഷ മുന്നേറ്റമായി സ്ലീബാദാസ സമൂഹ സ്ഥാപനത്തെ പരിഗണിക്കാതെ വയ്യ.

## D. മൂന്നാം കാതോലിക്കോസ്

അടുത്ത കാതോലിക്കാസ്ഥാനത്തേയ്ക്ക് പ്രവർത്തനക്ഷമത, കാര്യപ്രാപ്തി, വിശ്വസ്തത എന്നീ കാര്യങ്ങളിൽ അതുല്യ പ്രതിഭയായിരുന്ന ബഥനിയുടെ ഈവാനിയോസിനെയാണ് പലരും പ്രതീക്ഷിച്ചത് (മലങ്കര മെത്രാന്റെ ശിഷ്യനും മനഃസ്സാക്ഷി സൂക്ഷിപ്പുകാരനും, അതീവ വിശ്വസ്തനും എന്ന നിലയിൽ മെത്രാപ്പോലീത്താ മർദീനിൽ പോകുമ്പോൾ പുലിക്കോട്ടിൽ മെത്രാച്ചൻ സ്ഥാപിച്ചതും പിൻഗാമി എന്ന നിലയിൽ തന്റെ മാനേജ്മെന്റിൽ വന്നതുമായ വിദ്യാലയങ്ങൾ എല്ലാം ബഥനി മെത്രാച്ചനെയാണ് ഏല്പിച്ചത്. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മുൻഗാമിയെപ്പോലെ പ്രവേശിക്കാതിരുന്ന മലങ്കര മെത്രാൻ മർദീനിൽ നിന്ന് മടങ്ങി വന്ന ശേഷവും സ്കൂളുകൾ മടക്കി വാങ്ങിയില്ല. ബഥനി മെത്രാച്ചൻ സഭ വിട്ടു പോയപ്പോഴാണ് സ്കൂളുകൾ അദ്ദേഹത്തിന്റെ കൈവശമാണെന്ന് പലരും അറിയുന്നത്. പിന്നീട് കേസുകൾ നടത്തി കുറെ സ്കൂളുകൾ വീണ്ടെടുത്തുവെങ്കിലും കുറെ സ്കൂളുകൾ സഭയ്ക്ക് നഷ്ടപ്പെടുക തന്നെ ചെയ്തു). എന്നാൽ എല്ലാവരുടേയും പ്രതീക്ഷകളും കണക്കുകൂട്ടലുകളും തെറ്റി. താരതമ്യേന അപ്രശസ്തനായ മാർ ഗ്രീഗോറിയോസിനെ (കല്ലാശ്ശേരി) 1929 ഫെബ്രുവരി 15 ന് കോട്ടയം ഏലിയാ ചാപ്പലിൽ വച്ച് വാഴിച്ചു. വട്ടശ്ശേരിൽ മെത്രാച്ചൻ ആയിരുന്നു മുഖ്യ കാർമ്മികൻ. 16-ന് പുതിയ കാതോലിക്കാ പാമ്പാടി കുറിയാക്കോസ് റമ്പാച്ചനെ ഗ്രീഗോറിയോസ് എന്ന പേരിലും ബഥനിയുടെ യാക്കോബ് റമ്പാനെ തെയോഫിലോസ് എന്ന പേരിലും മെത്രാന്മാരാക്കുകയും ബഥനി ഈവാനിയോസിനെ മെത്രാപ്പോലീത്താ ആയി ഉയർത്തുകയും ചെയ്തു.

1930 കന്നി 4 ന് ബഥനിയുടെ മെത്രാപ്പോലീത്താ കൊല്ലത്ത് ചെന്ന് റോമ്മാ സഭയുമായി ഐക്യപ്പെട്ടു. 1930 ചിങ്ങം 19 ന് കോട്ടയം പഴയ സെമിനാരിയിൽ അസോസ്യേഷൻ യോഗം ചേർന്നു. മാനേജിംഗ് കമ്മിറ്റി അംഗസംഖ്യ 33 എന്ന് തീർച്ചപ്പെടുത്തി. പുത്തൻകാവിൽ ഗീവർഗീസ് റമ്പാൻ, ഫാ. മാത്യൂസ് പാറേട്ട്, ചെറിയമഠത്തിൽ സ്കറിയാ കത്തനാർ, വാളക്കുഴിയിൽ ജോസഫ് കത്തനാർ, ബഥനിയിലെ ഫാ. അലക്സിയോസ്, കെ. സി ചാക്കോ എന്നിവരെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. ഭരണഘടനയുടെ ഡ്രാഫ്റ്റ് തയാറാക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു.

സി. ജെ. കുര്യനും 1927 തുലാം 22 ന് കോനാട്ട് മല്പാനും നിര്യാതരായതോടെ ആ കക്ഷിയിൽ നേതൃക്ഷാമമനുഭവപ്പെട്ടു. മെത്രാന്മാർ തമ്മിൽ ഐക്യമില്ലാതായി. പുനർകേസിൽ ദീവന്നാസ്യോസ് വിജയിക്കുകയും ചെയ്തു. അചിരേണ പാത്രിയർക്കീസ് ബാവായെ സ്വന്തം കക്ഷിക്കാർ ക്ഷണിച്ചു. അദ്ദേഹം 1931 മാർച്ചിൽ ആലുവായിലെത്തി. മീനം 10 ന് മലങ്കര മെത്രാൻ ബാവായെ സന്ദർശിച്ചു. ആദ്യം നല്ല സമീപനമായിരുന്നു. ക്രമേണ അത് മാറി. 1931 മിഥുനം 16 ന് വട്ടശ്ശേരിൽ മെത്രാച്ചനെ കുറുപ്പംപടിയിൽ വിളിച്ചു വരുത്തി പഴുതടച്ച് മുടക്കുവാൻ വിഫലശ്രമം നടന്നു. പ്രത്യുല്പന്നമതിയായ മെത്രാച്ചൻ ആ അഗ്നിപരീക്ഷയെ അതിജീവിച്ചു. മിഥുനം 22 ന് കുറുപ്പംപടി യോഗം ചേർന്ന് മുടക്കാൻ നടത്തിയ ശ്രമവും പാളിപ്പോയി.

മിഥുനം 26 ന് അസോസ്യേഷൻ എറികാട്ട് ഇ. ഐ. ജോസഫിനെ അത്മായട്രസ്റ്റിയായി തെരഞ്ഞെടുത്തു. ഏലിയാസ് തൃതീയൻ 1932 കുംഭം 1 ന് മഞ്ഞനിക്കര കാലം ചെയ്തു കബറടങ്ങി. കാനോൻ നിശ്ചയമനുസരിച്ച് പാത്രിയർക്കീസിനെ സഭയുടെ ആസ്ഥാനമായ പഴയ സെമിനാരിയിൽ സംസ്ക്കരിക്കുവാൻ മലങ്കര മെത്രാപ്പോലീത്താ ആവശ്യപ്പെട്ടുവെങ്കിലും ഫലിച്ചില്ല.

ഭരണഘടനാ കമ്മിറ്റി പലവട്ടം ചേർന്നു. വിശ്വാസം, ശിക്ഷണം ഇവയിൽ മെത്രാന്മാരുടെ സുന്നഹദോസിന് പൂർണ്ണ അധികാരം സമ്മതിച്ചു. അടുത്തഘട്ടത്തിൽ മെത്രാന്മാർ ആവശ്യപ്പെട്ടതനുസരിച്ച് എല്ലാ കാര്യങ്ങളിലും അവസാനാധികാരം സുന്നഹദോസിനാണെന്ന് ജനം സമ്മതിച്ചു. ഒടുവിലായപ്പോൾ കാതോലിക്കാബാവായും മലങ്കര മെത്രാനും കൺവീനർ ഒ. എം. ചെറിയാനുമായി ഏകാഭിപ്രായമുണ്ടായില്ല. സമ്പൂർണ്ണ എപ്പിസ്ക്കോപ്പൽ ഭരണം വേണമെന്ന് മെത്രാച്ചൻ ശഠിച്ചു. വിശ്വാസം, പൗരോഹിത്യം, അനുഷ്ഠാനങ്ങൾ ഇവ ഒഴിച്ച് മറ്റു കാര്യങ്ങൾ തീരുമാനിക്കുവാൻ അധികാരം ജനങ്ങൾക്കാണെന്ന് പൊതു ധാരണയായി. എപ്പിസ്ക്കോപ്പൽ ഭരണത്തിൽക്കുറഞ്ഞ ഒരു ശൈലി സ്വീകാര്യമല്ലെന്ന് മലങ്കര മെത്രാൻ തറപ്പിച്ച് പറഞ്ഞു. ഭരഘടനാക്കമ്മിറ്റിയിൽ അംഗമല്ലാതിരുന്ന മലങ്കര മെത്രാൻ സ്വന്തമായി ഒരു ഭരണഘടനാഡ്രാഫ്റ്റ് എഴുതിയുണ്ടാക്കി 'കേരള കേസരി' പത്രത്തിൽ 1932 മിഥുനം 9 മുതൽ പ്രസിദ്ധീകരിച്ചു. ഈ വിഷയത്തിൽ ഫാ. പാറേട്ടിന്റെ ഡയറി കൂടുതൽ വെളിച്ചം നൽകുന്നു: "... 'പണസംബന്ധമായ കാര്യങ്ങളിൽ പരമാധികാരം ജനങ്ങൾക്ക് ഇരിക്കണമെന്നാണ് അവർ (ഒ. എം. ചെറിയാനും മറ്റും) പറയുന്നത്. അത് മെത്രാച്ചന് തീരെ സമ്മതമല്ല' മിഥുനം 23" (പാറേട്ട്, പു. 777).

'ഒ. എം. ചെറിയാനെ കൂട്ടിക്കൊണ്ട് പഴയസെമിനാരിയിൽ പോയി. വലിയ മെത്രാച്ചനുമായി ഭരണഘടന സംബന്ധിച്ച് സംസാരിച്ചു. പണ

സംബന്ധമായ കാര്യങ്ങളിൽ പരമാധികാരം ജനങ്ങൾക്ക് ഇരിക്കണമെന്നു ള്ളതാണ് തർക്കവിഷയം. അതിനെപ്പറ്റി പറഞ്ഞ് ഒരു ഒത്തുതീർപ്പിലെ ത്താൻ കഴിഞ്ഞില്ല. 1930 മിഥുനം 26' (പു. 780). കാതോലിക്കായ്ക്ക് മെത്രാന്മാരുടെ മേൽ അധികാരം ഉണ്ടായിരിക്കണമെന്ന മൂന്നാം കാതോ ലിക്കായുടെ അഭിപ്രായം മലങ്കര മെത്രാന് സ്വീകാര്യമായില്ല.

ഇതിനിടയിൽ യൂലിയോസ് 1928 ചിങ്ങം 2 ന് മാർ ദീവന്നാസ്യോസിനെ സസ്പെണ്ട് ചെയ്യുന്നതായി നോട്ടീസയച്ചു. ആ കേസ് പൂർത്തിയാക്കാൻ അദ്ദേഹത്തിന്റെ കക്ഷിക്ക് സാമ്പത്തിക ഞെരുക്കം മൂലം കഴിഞ്ഞില്ല.

1928 മിഥുനം 19 ന് ഹൈക്കോടതി ഫുൾബെഞ്ചിന്റെ വിധിയിൽ വട്ട ശ്ശേരിൽ മെത്രാച്ചനെ അബ്ദുള്ളാ ബാവാ മുടക്കിയത് അസാധുവാ ണെന്നും മാർ ദീവന്നാസ്യോസ്, പാലപ്പിള്ളിലച്ചൻ, കോരുത് എന്നീ ട്രസ്റ്റി മാർക്ക് വട്ടിപ്പണത്തിന്റെ പലിശ വാങ്ങാം എന്നും പ്രസ്താവിച്ചിരുന്നു. കാനോൻ, പാത്രിയർക്കീസിന്റെ അധികാരം എന്നീ വിഷയങ്ങളിൽ അയ്യ ങ്കാരുടെ മുൻവിധി ഫുൾബെഞ്ച് അസ്ഥിരപ്പെടുത്തിയെങ്കിലും അവയെ സംബന്ധിച്ച് തീർപ്പൊന്നും ഫുൾബെഞ്ച് സ്വീകരിച്ചില്ല. ഈ വിധിയെ തുടർന്ന് സെമിനാരി മാർ ദീവന്നാസ്യോസിന്റെയും മാനേജർ മട്ടയ്ക്കൽ മല്പാന്റെയും കൈവശത്തിൽ വീണ്ടും വന്നു ചേർന്നു. രണ്ടാം സമരി ക്കേസിൽ ഇപ്രകാരം വിജയം കൈവരിച്ച മലങ്കര മെത്രാനെ താല്ക്കാലി കമായി തളച്ചിടുവാനാണ് യൂലിയോസ് സസ്പെൻഷൻ പുറപ്പെടുവിച്ചത്. പാത്രിയർക്കീസിന്റെ മുടക്ക് അസാധുവായി തീർന്നിരിക്കേ ഒരു സസ് പെൻഷൻ ഫലപ്രദമാവുമെന്ന് യൂലിയോസ് പോലും വിചാരിച്ചിരുന്നില്ല. അണികളുടെ ആത്മവീര്യം തകരരുതല്ലോ. സി. ജെ. കുര്യൻ അന്തരിച്ച തിന്റെ അനാഥത്വം ആ കക്ഷിയെ ക്ഷീണിപ്പിച്ച സമയം ആയിരുന്നു അത്.

389 രൂപാ  കമ്മീഷണറുടെ യാത്രപ്പടിയായി കെട്ടിവയ്ക്കാനുള്ള ഉത്തര വ് പാലിക്കാത്തതിനാൽ ആ സംഖ്യ പലിശ സഹിതം വസൂലാക്കുവാൻ വിധിച്ചുകൊണ്ട് സസ്പെൻഷൻ കേസിൽ 1931 മകരം 10 ന് കമ്മീഷണർ വിധി പ്രസ്താവിച്ചു.

1930 മാർച്ച് 19 ന് സീബ്ലാ മാർ ഒസ്താത്തിയോസ് കുന്നംകുളം ആർ ത്താറ്റ് പുത്തൻപള്ളിയിൽ കബറടങ്ങി. അദ്ദേഹത്തിന്റെ ദൗത്യങ്ങൾ പരാ ജയപ്പെട്ടു. ആ അന്ത്യം ദയനീയമായിരുന്നു. മലങ്കര മെത്രാനെന്ന നിലയിൽ മലങ്കരയിലെ എല്ലാ മെത്രാസനങ്ങളുടേയും ഭരണാധികാരിയായി അബ്ദു ള്ളാ ബാവായിൽ നിന്ന് സുസ്താത്തിക്കോൻ പ്രാപിച്ച അദ്ദേഹം കോനാട്ട് മല്പാൻ, സി. ജെ. കുര്യൻ എന്നിവരുടെ അന്ത്യത്തേക്കാൾ ശോചനീ യമായ ഒരവസ്ഥയിലാണ് ജീവിതാന്ത്യത്തിലെത്തിയത്. അദ്ദേഹത്തിന്റെ പ്രാതിനിധ്യ സ്വഭാവമുള്ള രണ്ടു പാതകങ്ങൾ അവിസ്മരണീയമാണ്.

അതീവ പരിശുദ്ധമെന്ന് പൊതു സഭ എക്കാലവും കരുതിപ്പോന്ന കാനോൻ ഗ്രന്ഥത്തിൽ ഒരു കക്ഷിയുടെ വിജയത്തിനു വേണ്ടി നൂറിലേറെ തിരുത്തുകൾ സ്വന്തം കൈപ്പടയിൽ എഴുതിച്ചേർത്ത് സഭയുടെ ഒരു അടിസ്ഥാനപ്രമാണത്തെ വികലമാക്കുകയും നിഷ്കളങ്കരായ പിൻ തലമുറകൾ തെറ്റായ ദിശയിലേക്ക് പ്രയാണം ചെയ്യുവാൻ വഴിയൊരുക്കുകയും ചെയ്തു എന്നതാണ് ഒന്നാമത്തെ പാതകം. പാലൂരിലെ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളിയിലെ ഐക്യം നശിപ്പിച്ച് ഒരു വിഭാഗത്തെ കൃത്രിമവും വക്രവുമായ മാർഗ്ഗങ്ങളിലൂടെ അടർത്തിയെടുത്ത്ഒരു ബദൽ ഇടവകസൃഷ്ടിക്കുവാൻ ശ്രമിച്ചതാണ് രണ്ടാമത്തെ പാതകം. രണ്ടിന്റെയും തിക്തഫലം അദ്ദേഹത്തെ കാത്തു നിന്നു.

മലങ്കരയിൽ തെക്കും വടക്കുമുള്ള പള്ളികളിൽ സഞ്ചരിച്ച അദ്ദേഹത്തിന് സ്ഥിരമായ ഒരാസ്ഥാനം നിർമ്മിക്കുവാൻ കഴിഞ്ഞില്ല. മാർ യൂലിയോസ് മലങ്കരയിലെത്തിയതോടെ അദ്ദേഹം മിക്കവാറും അനാഥനായി. മലങ്കരസഭയിലെ ഏറ്റവും പ്രാചീനമായ കുന്നംകുളം ഇടവകയിൽ നിന്ന് പല കാരണങ്ങളാൽ അസംതൃപ്തരായിരുന്ന ആളുകളെ സംഘടിപ്പിച്ച് അവിടെ ഒരു സമാന്തര ദേവാലയം പണിയിച്ച് അവിടം തന്റെ അന്ത്യവിശ്രമരംഗമാക്കി. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ പുരാതന ദേവാലയത്തോട് മത്സരിച്ച് പുതിയ പള്ളി പണിയാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ വേണ്ടത്ര വിജയിച്ചില്ല. കാര്യങ്ങളെ അദ്ദേഹത്തിന്റെ വാക്കുകളിൽ പകർത്താം:

".... എന്റെ മക്കളേ, നമ്മുടെ ഈ ബലഹീനകാലത്തിൽ ഈ പള്ളിയുടെ മക്കളാകുന്ന സത്യവിശ്വാസികളായ നിങ്ങളെക്കണ്ട് സംസാരിക്കുന്നതിനും ആലോചിക്കുന്നതിനും നമുക്ക് ആഗ്രഹമുള്ളതിനാൽ നാം ചിലർക്ക് കല്പന അയച്ചതിൽ ഒരാളല്ലാതെ മറ്റാരും വരാഞ്ഞതിൽ വളരെ വ്യസനിക്കുന്നു... ഇതിന് മുമ്പ് പല അവസരങ്ങളിലും നാം നിങ്ങളെ കാണുമ്പോൾ നമ്മുടെ ഈ പള്ളിപ്പണിയുടെ കാര്യത്തെപ്പറ്റിയും, പള്ളിക്കാര്യത്തെപ്പറ്റിയും മറ്റു കാര്യങ്ങളെ സംബന്ധിച്ചും പറയുന്ന പതിവുണ്ടായിരുന്നു. അതുകൊണ്ട് നിങ്ങൾ നമ്മുടെ അടുക്കൽ വന്നാൽ ഈ വക കാര്യങ്ങൾ നാം പറയുമ്പോൾ, അതിന് നിങ്ങൾ കടക്കാരാകുമെന്ന് ഭയപ്പെട്ടും ബാവാ വല്ലതും കല്പിച്ചാൽ എങ്ങനെ ആകുന്നു അനുസരിക്കാതെ വല്ല സൂത്രവും പറഞ്ഞ് പോരുന്നതെന്നും മറ്റും ശങ്കിച്ചിട്ടാകുന്നു നിങ്ങൾ നമ്മുടെ മുഖം കാണാതിരിക്കുന്നതെന്ന് നമുക്ക് ബോധ്യമായി...."

പള്ളിപ്പണിയുടെ കാര്യത്തിൽ മാത്രമല്ല; ഉപജീവനം കഴിക്കുന്നതിന്റെ കാര്യത്തിൽപ്പോലും അദ്ദേഹം നേരിട്ട ദുരന്താനുഭവങ്ങളെ അദ്ദേഹം വിശദീകരിക്കുന്നത് കേൾക്കുക: "... ഇനി രണ്ടാമത്തെ സംഗതി എന്റെ ചിലവിനെക്കുറിച്ചാകുന്നു. ഈ ആവശ്യത്തിലേക്ക് ചിലരുടെ ഉത്സാഹത്താൽ

പലരിൽ നിന്നും മാസവരി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ച് കുറിച്ചിട്ട ചിലരൊക്കെ കൊടുക്കുകയും ചെയ്തു. ഇപ്പോഴും ചിലർ കൊടുക്കുന്നുണ്ടായിരിക്കാം. ശരിയായ വിവരം നമുക്കറിവില്ല. ഇപ്പോൾ അതും നമ്മുടെ ആളുകൾക്ക് ഭാരമായിത്തീർന്നിരിക്കയാൽ ആരാണ് ബാവായെ കൊണ്ടുവന്നതെങ്കിൽ അവർ ചെലവിന് കൊടുക്കട്ടെ എന്ന് ചിലർ; ബാവാ വന്ന വഴിയ്ക്ക് തന്നെ പോയാൽ കൊള്ളാം എന്ന് ചിലർ; ബാവാ വന്നാലും പോയാലും എനിക്ക് വിരോധമില്ല, എന്നെക്കൊണ്ടൊന്നും കഴിയുകയില്ലെന്ന് ചിലർ; ബാവാ ഇവിടെ കാലം ചെയ്യണം, അതുവരെ എങ്ങനെ എങ്കിലും കഴിഞ്ഞുകൂടും എന്നൊക്കെയുള്ള ഭിന്നാഭിപ്രായങ്ങൾ ധാരാളം നമ്മുടെ ചെവിയിൽ എത്തിയിരിക്കുന്നു" (ആർത്താറ്റ് സിംഹാസനപള്ളി സുവനീർ, പുറം നമ്പർ ഇല്ല. പ്രസംഗത്തിന്റെ മലയാളം പരിഭാഷ). യാക്കൂബായക്കാർ, മശീഹൈക്യ സ്വഭാവം എന്നീ രണ്ട് കൃതികളും മലേക്കുരിശ് പള്ളിയും ആർത്താറ്റ് പുത്തൻപള്ളിയും പുതിയ 18 അക്കം കാനോനും അദ്ദേഹത്തിന്റെ നിത്യസ്മാരകങ്ങൾ തന്നെ.

മലങ്കരസഭയുടെ തർക്കങ്ങൾക്ക് മദ്ധ്യേ അനുരഞ്ജനശ്രമങ്ങൾ നടക്കുന്ന സമയം തന്നെ, നേരത്തെ മലങ്കരസഭയുടെ ഐക്യത്തിൽ നിന്ന് അടർന്നുപോയ സി. എം. എസ്., മാർത്തോമ്മാ വിഭാഗങ്ങളെ മലങ്കരസഭയോട് അടുപ്പത്തിൽ നിർത്തുവാൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ അന്ത്യകല്പനയുടെ അന്തഃസത്തയെ സാക്ഷാത്കരിച്ച് കൊണ്ട്, ഒരു മഹനീയമായ എക്യുമെനിക്കൽ സംരംഭം ആലുവാ കേന്ദ്രമായി അരങ്ങേറി. അതാണ് യൂണിയൻ ക്രിസ്ത്യൻ കോളജ്. കെ. സി. ചാക്കോയുടെ ഉത്സാഹത്തിലും എ. എം. വർക്കി, സി. പി. മാത്യു, വി. എം. ഇട്ട്യേര എന്നിവരുടെ സഹകരണത്തിലും 1921 ജൂൺ 8 ന് ഒരു കലാലയം ആരംഭിച്ചു. കോളജ് സ്ഥാപകൻ കെ. സി. ചാക്കോ മെത്രാൻ സ്ഥാനത്തേക്കും പ്രഥമ പ്രിൻസിപ്പൽ വർക്കി, പ്രൊഫ. റ്റി. വി. ജോൺ എന്നിവർ ഭരണഘടനാ കമ്മിറ്റിയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. കോളജിലെ ചാപ്പലിന്റെ സ്ഥിരകൂദാശ ഔഗേൻ മാർ തീമോത്തിയോസ് ആണ് നിർവ്വഹിച്ചത്. ആലുവായിലെ ഓർത്തഡോക്സ് കേന്ദ്രമായി പ്രവർത്തിച്ച ചാപ്പലും കോളജും പല പില്ക്കാല അനുരഞ്ജന ചർച്ചകൾക്കും വേദിയായി. അന്താരാഷ്ട്ര തലത്തിൽ എക്യുമെനിക്കൽ ചിന്തകൾ മുള പൊട്ടുന്നതിന് മുമ്പ് മലങ്കരസഭയിലെ ഭാവനാശാലികൾ ആ രംഗത്ത് ക്രിയാത്മകമായി പ്രവർത്തിച്ചതിന്റെ സന്തതികളാണ് കോളജ്, ഫെലോഷിപ്പ് ഹൗസ്, റൂറൽ മെഡിക്കൽ സെന്റർ, സെറ്റിൽമെന്റ് സ്കൂൾ, മഹിളാലയം സ്കൂൾ തുടങ്ങിയ ആലുവായിലെ സ്ഥാപനങ്ങൾ. ഭാവനാപൂർവ്വം അവയെ നയിക്കുവാൻ അന്നത്തെ സഭാനേതൃത്വ നിരയ്ക്ക്, നിർഭാഗ്യവശാൽ കഴിയാതെപോയി.

1932 ഏപ്രിൽ 22 ന് കോട്ടയം പഴയസെമിനാരി ചാപ്പലിൽ വച്ച് മൂന്നാം കാതോലിക്കാ മൂറോൻ കൂദാശ നടത്തി. ഒരു മലയാളിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ആദ്യത്തെ മൂറോൻ കൂദാശ (മൂറോൻ കൂദാശയിലെ പ്രധാന കാർമ്മികനെ റീശ് കൊഹനെ (പ്രധാന പട്ടക്കാരൻ) എന്ന് വിശേഷിപ്പിച്ചിട്ടുണ്ടെങ്കിലും പാത്രിയർക്കീസ്, കാതോലിക്കാ, മെത്രാപ്പോലീത്താ എന്നിവർക്ക് മാത്രമേ മൂറോൻ കൂദാശ നടത്താനാവൂ എന്ന് ഹൂദായ കാനോനിൽ ബാർ എബ്രായ വിശദീകരിച്ചു. സ്ലീബാ ഒസ്താത്തിയോസ് അനധികൃതമായി തിരുത്തിയെഴുതിയ 18 അക്കം കാനോനിൽ മൂറോൻ കൂദാശ നടത്തുന്നത് പാത്രിയർക്കീസാണെന്നു വിധിച്ചു. പാത്രിയർക്കീസ് ബാവായുടെ അനുഗ്രഹ കല്പനയോടെ സുറിയാനി സഭയിലെ ഉപയോഗത്തിനായി ഈയിടെ നിര്യാതനായ ശീശക്ക് മെത്രാച്ചൻ ഹോളണ്ടിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധീകരിച്ച സുറിയാനിക്കാനോൻ വെളിച്ചം കണ്ടതോടെ സ്ലീബാ ഒസ്താത്തിയോസ് തിരുത്തിയുണ്ടാക്കിയ 18 അക്കം വ്യവഹാരകാനോനും ആ കൃത്രിമക്കാനോൻ മലയാളത്തിൽ വിവർത്തനം ചെയ്ത യാക്കോബ് യൂലിയോസും അതിന്റെ പ്രസിദ്ധീകരണം നിർവ്വഹിച്ച ഉദയഗിരി സെമിനാരി അധികൃതരും അതിനെ സത്യകാനോൻ എന്ന് ഏറ്റുപാടുന്ന എറാൻമൂളികളായ വൈതാളികരും ശാപാർഹമായ ഒരു സഭാദ്രോഹകൃത്യത്തിലാണ് അറിയാതെയാണെങ്കിൽപ്പോലും പങ്കുചേർന്നതെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞു. ഹോളണ്ട് കാനോന്റെ നിരവധി പ്രതികൾ ശീശക്ക് മെത്രാച്ചൻ അയച്ചുകൊടുത്തത് പുറത്തെടുക്കാനാവാതെ വെട്ടിക്കൽ ഉദയഗിരി സെമിനാരിയുടെ ഇരുട്ടുമുറിയിൽ ചിതലിനും പുഴുവിനും ഭക്ഷണമായിത്തീർന്നുകൊണ്ടിരിക്കുന്നുവെന്ന് അവിടത്തെ മല്പാന്മാരിലൂടെ അറിയാൻ കഴിഞ്ഞിട്ടുണ്ട്).

മൂറോൻ കൂദാശയുടെ വിവരം പ്രഖ്യാപിച്ച് മൂന്നാം കാതോലിക്കാ പള്ളികൾക്ക് കല്പന അയച്ചപ്പോൾ അദ്ദേഹത്തോടൊപ്പം ഗുരുവായ പരുമല മെത്രാച്ചനിൽ നിന്ന് തിരുത്തുകളില്ലാത്ത അസ്സൽ ഹൂദായ കാനോൻ പഠിച്ച ബദൽ മലങ്കര മെത്രാൻ – ആലുവായിലെ വലിയതിരുമേനിയെന്നും വിശ്വാസസംരക്ഷകനെന്നും അഭിധാനമുള്ള കുറ്റിക്കാട്ടിൽ മാർ അത്താനാസ്യോസ് 1932 മീനം 27 ന് പള്ളികൾക്കയച്ച 18–ാം നമ്പർ കല്പനയിൽ എഴുതി:

“വി. അന്ത്യോഖ്യാ സിംഹാസനത്തിൽ വാഴുന്ന പാത്രിയർക്കീസന്മാരല്ലാതെ ആരും സ്വമേധയായി ഇന്നുവരെ നടത്തിയിട്ടില്ലാത്ത ഈ കർമ്മം നടത്താമെന്ന് വിചാരിക്കുന്ന ആളിന്റെ ഈ സാഹസപ്രവൃത്തിയെപ്പറ്റി നാം എന്തു പറയേണ്ടു.” ഈ അകാനോനിക കർമ്മത്തിൽ പങ്കാളികളാകയോ ദ്രവ്യം സംഭാവന ചെയ്യുകയോ അരുതെന്ന് അദ്ദേഹം കല്പനയിൽ വിലക്കി.

അനുഗ്രഹപ്രദമായി ആ മൂറോൻ കൂദാശ പഴയസെമിനാരിയിൽ നടന്നു. സഭയുടെ ആത്മവിശ്വാസം അതോടെ വർദ്ധിക്കുകയും ചെയ്തു.

വർഷങ്ങളായി നിലച്ചുപോയിരുന്ന വൈദിക വിദ്യാഭ്യാസം 1933-ൽ എം. ഡി. സെമിനാരിയിൽ ആരംഭിച്ചത് ഈ കാലത്തെ പ്രധാന സംഭവങ്ങളിൽ ഒന്നാണ്.

ഏലിയാസ് തൃതീയന്റെ പിൻഗാമിയെ കണ്ടെത്താൻ ശീമയിൽ ശ്രമം നടന്നു. അതിൽ മലങ്കരസഭയ്ക്ക് അർഹമായ പങ്കാളിത്തം ലഭിച്ചില്ലെങ്കിൽ പുതിയ പാത്രിയർക്കീസിനെ മലങ്കരസഭയിൽ സ്വീകരിക്കുകയില്ലെന്ന ദീവന്നാസ്യോസിന്റെ അറിയിപ്പ് അവഗണിക്കപ്പെട്ടു. മലങ്കര മെത്രാനെ മാത്രം ക്ഷണിച്ചു; അത് നിരസിക്കപ്പെടുകയും ചെയ്തു, അപ്രേം പ്രഥമൻ പാത്രിയർക്കീസായി. കോട്ടയം എം. ഡി. ഹോസ്റ്റലും മർത്തമറിയം സമാജത്തിന്റെ സഭാതല സംഘടനയും മാർ ദീവന്നാസ്യോസിന്റെ കാലത്താണുണ്ടായത്. 1934 കുംഭം 12 ന് ആ ധീരസേനാനി ഇഹലോകത്തോട് യാത്ര പറഞ്ഞു. പഴയസെമിനാരി ചാപ്പലിന്റെ തെക്കേ മുറിയിൽ കബറടക്കി.

1909 മുതൽ 1934 വരെയുള്ള കാൽ നൂറ്റാണ്ട് ഒരു സുവർണ്ണകാലത്തിന്റെ പശ്ചാത്തല പ്രഭയിൽ സഭ നിലനില്പിനു വേണ്ടി പടപൊരുതിയ കാലം എന്ന നിലയിൽ നിർണ്ണായക പ്രാധാന്യം അർഹിക്കുന്നു. പാത്രിയർക്കീസുമായുള്ള ഒളിഞ്ഞും തെളിഞ്ഞുമുള്ള പോരാട്ടത്തിന്റെ കാലമായിരുന്നു ഇത്. സർവസൈന്യാധിപൻ വട്ടശ്ശേരിൽ മെത്രാച്ചൻ തന്നെ. പുലിക്കോട്ടിൽ മെത്രാച്ചന്റെ കാലത്തെ ട്രസ്റ്റികൾ - കോനാട്ടച്ചനും സി. ജെ. കുര്യനും ഒരു പക്ഷത്ത് പാത്രിയർക്കീസിനെ മുൻനിർത്തി യുദ്ധനിര സജ്ജീകരിച്ചപ്പോൾ അതേ ശിക്ഷണപാരമ്പര്യത്തിൽ സമുദായത്തിന്റെ മുന്നണിയിലേക്ക് വന്ന ഫാ. പി. ടി. ഗീവർഗീസ്, ഔഗേൻ റമ്പാൻ, കെ. സി. മാമ്മൻ മാപ്പിള, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, മണലിൽ യാക്കോബ് കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ, ഇ. ജെ. ജോൺ വക്കീൽ, അഡ്വ. ഇ. ജെ. പീലിപ്പോസ്, ഒ. എം. ചെറിയാൻ, എം. പി. വർക്കി, ഏ. എം. വർക്കി, എം. എ. ചാക്കോ, മാരേട്ട് പീലിപ്പോസ് ജഡ്ജി, കുന്നുകുഴി കുരുവിള എഞ്ചിനീയർ, കെ. വി. ചാക്കോ, ചിത്രമെഴുത്ത് കെ. എം. വർഗ്ഗീസ്, പത്രോസ് മത്തായി എന്നിവർ വട്ടശ്ശേരിൽ മെത്രാച്ചന്റെ പിന്നിൽ ഉറച്ചു നിന്നു. പുലിക്കോട്ടിൽ മെത്രാച്ചന്റെ കാലത്ത് രൂപംകൊടുത്ത മഹാജനസഭയിൽ പ്രവർത്തിച്ച് തഴക്കം നേടിയ ഈ അത്മായനിരയോട് കിടപിടിക്കാവുന്ന അത്മായ നേതൃത്വം പിന്നീട് സഭയിലുണ്ടായില്ലെന്ന സത്യം ചിന്തോദ്ദീപകമാണ്.

വട്ടശ്ശേരിൽ മെത്രാച്ചനെ, വിലയിരുത്തുമ്പോൾ അവിസ്മരണീയമായ ചില സംഭാവനകൾ സ്മരിക്കാതെ വയ്യ. അതിൽ പ്രധാനമാണ് പൂർവ്വ

മാതൃകകൾ ഒന്നും ഇല്ലാതിരിക്കെ 'സൽഗാ'യുടെ മാതൃകയിൽ അദ്ദേഹം രചിച്ച *മതോപദേശ സാരങ്ങൾ.* ഗുരുമുഖങ്ങളിൽ നിന്നും ഗ്രന്ഥശാലകളിൽ നിന്നും സ്വന്തം ഉപാസനയിൽ നിന്നും ആർജ്ജിച്ച വിജ്ഞാനത്തെ കൈമുതലാക്കി വൈദിക പരിശീലന പാഠ്യപദ്ധതിയ്ക്ക് രൂപം നൽകുന്നതിന്റെ ഭാഗമായിട്ടാണ് ഈ ലക്ഷണഗ്രന്ഥം അദ്ദേഹം എഴുതിയത്. വിശ്വാസവിഷയങ്ങളെ പ്രാധാന്യം അടിസ്ഥാനമാക്കി ലിസ്റ്റ് ചെയ്ത് വേദപുസ്തകത്തിന്റെ സുനിശ്ചിതവും സുവ്യക്തവും സുദൃഢവുമായ അടിസ്ഥാനത്തിൽ അവയെ അവതരിപ്പിക്കുവാനുള്ള ശ്രമമാണ് *മതോപദേശസാര*ത്തിൽ നാം കാണുന്നത്. വേദപുസ്തകം, സുറിയാനി ഭാഷയിലെ വ്യാഖ്യാന ഗ്രന്ഥങ്ങൾ, സഭാചരിത്രം, കാനോൻ എന്നീ അടിസ്ഥാന വിഷയങ്ങളിൽ അദ്ദേഹം ആർജ്ജിച്ച അനന്യവും അസാമാന്യവും ആയ പാണ്ഡിത്യത്തെ ആ ലഘുഗ്രന്ഥം വിളംബരം ചെയ്യുന്നുണ്ട്. നവീകരണക്കാരോടുള്ള ആശയപരമായ യുദ്ധത്തിൽ മതോപദേശസാരം വഹിച്ച പങ്ക് അതുല്യമാണ്.

പാത്രിയർക്കീസിനെ തലപ്പത്ത് പ്രതിഷ്ഠിക്കുന്ന ഒരു എപ്പിസ്ക്കോപ്പൽ ഹയരാർക്കി ആണ് മതോപദേശത്തിന്റെ കർത്താവ് വിഭാവനം ചെയ്തത്. സഭയുടെ ശിക്ഷണം റോമൻസഭയുടെ മാതൃകയിലാക്കാൻ അദ്ദേഹം യത്നിച്ചു. പൗരോഹിത്യപരമായ മേലധികാരം അന്ത്യോഖ്യയ്ക്കെന്ന് അദ്ദേഹം പ്രമാണമെഴുതിയത് അന്നത്തെ അവസ്ഥയിൽ കുറ്റകരമല്ല. മൂറോൻ കൂദാശ ചെയ്യുന്ന കാർമ്മികനെ അദ്ദേഹം പ്രധാന മേല്പട്ടക്കാരൻ എന്നേ വിശേഷിപ്പിച്ചിട്ടുള്ളൂ എന്നത് പ്രശംസനീയമാണ്. ഞങ്ങളുടെ പാത്രിയർക്കീസായ ഇഗ്നാത്യോസ് എന്ന പ്രയോഗം താൻ അച്ചടിച്ച കുർബ്ബാനക്രമത്തിലെ തുബ്ദേനിൽ വ്യത്യാസപ്പെടുത്തി മൂന്ന് പാത്രിയർക്കീസന്മാരിലൊരാളായി അദ്ദേഹത്തെ പുനർ നിർണ്ണയിച്ചതിലും ബുദ്ധി കൂർമ്മതയുണ്ട്. "... കർമ്മാചാരങ്ങൾക്കടുത്ത നടപടിക്രമങ്ങളെയും മര്യാദകളെയും ക്രമപ്പെടുത്തുവാൻ കാതോലികവും ശ്ലൈഹികവുമായ നമ്മുടെ വിശുദ്ധസഭയിലെ മേല്പട്ടക്കാർ, പട്ടക്കാർ മുതലായവർ ഒത്തുകൂടുന്ന പൊതുവിന്നടുത്ത സുന്നഹദോസുകൾക്ക് അധികാരമുണ്ട്' എന്ന അദ്ദേഹത്തിന്റെ സുന്നഹദോസ് സങ്കല്പം മേല്പട്ടക്കാരുടെ മാത്രമായി സങ്കോചിപ്പിച്ചത് പില്ക്കാലത്തെ എപ്പിസ്ക്കോപ്പൽ താല്പര്യങ്ങളുടെ കടന്നാക്രമണമായിട്ടേ കാണാൻ കഴിയൂ.

സെമിനാരി മല്പാനായിരുന്ന കാലത്ത് പ്രസിദ്ധീകരിച്ച സുറിയാനി ഒന്നാം പാഠപുസ്തകമാണ് അദ്ദേഹത്തിന്റെ മറ്റൊരു സംഭാവന. സുറിയാനി ഭാഷാ പരിജ്ഞാനം അപരിത്യാജ്യമായിരുന്ന അക്കാലത്ത് ഇപ്രകാരം ഒരു പാഠപുസ്തകം ശാസ്ത്രീയമായി തയ്യാറാക്കപ്പെടുന്നത് ആദ്യമായിട്ടാണ്. ഒന്നാം പാഠമെന്ന് പേരാണെങ്കിലും അത് മാത്രം പഠിച്ചാലും

സുറിയാനിഭാഷാ ഗ്രന്ഥങ്ങൾ സ്വന്തമായി വായിച്ച് ഗ്രഹിക്കാനുള്ള വിജ്ഞാനം നേടാനാകും. കഠിനാദ്ധ്വാനം ചെയ്യാൻ തയാറാണെങ്കിൽ ഗുരു സഹായം കൂടാതെ തന്നെ ആ പുസ്തകം ഉപയോഗിച്ച് സുറിയാനിഭാഷാ വിജ്ഞാനം നേടാനാകും. ഒരു നൂറ്റാണ്ടുകാലം മുഴുവൻ കേരളീയ വൈദി കസെമിനാരികളിൽ ഈ പുസ്തകം പാഠപുസ്തകമായി ഉപയോഗത്തി ലായിരുന്നു. അതിന്റെ മാതൃകയിൽ മറ്റൊരു പുസ്തകം പ്രത്യക്ഷപ്പെട്ടത് വളരെക്കാലത്തിന് ശേഷമാണ്.

അദ്ദേഹവും കോനാട്ട് മല്പാനും ചേർന്ന് 1903 ൽ പ്രസിദ്ധീകരിച്ച കുർബ്ബാനക്രമമാണ് മറ്റൊരു സംഭാവന. കൃംതാ നമസ്ക്കാരത്തിന്റെ ഗീതങ്ങളും കുർബ്ബാനക്രമത്തിന്റെ ഗീതങ്ങളും ആദ്യമായി പ്രത്യക്ഷപ്പെ ട്ടത് ഇതിലാണ്. സഭയിലെ ആരാധനയുടെ ഏകീകരണത്തിനുവേണ്ടി ഇവിടെ ഉപയോഗത്തിലിരുന്ന തുബ്ദേനുകൾ മാറ്റി തൽസ്ഥാനത്തു അന്ത്യോഖ്യൻ പിതാക്കന്മാരുടെ പേരുകൾ അടങ്ങിയ ഇന്നത്തെ തുബ് ദേനുകൾ ഇതിൽ സ്വീകരിച്ചുവെങ്കിലും പേട്രിയാർക്കൽ ഹയരാർക്കി മന സ്സിൽ അംഗീകരിച്ച അദ്ദേഹത്തിന് അതിൽ തകരാറൊന്നും തോന്നിയിരി ക്കാനിടയില്ല. പത്രോസ് ബാവാ പട്ടം കൊടുത്ത ആറ് മെത്രാന്മാരിലൂടെ അന്ത്യോഖ്യൻ തുബ്ദേനുകൾ പ്രചരിച്ചുകൊണ്ടേയിരുന്നു. കുർബ്ബാന ക്രമത്തിലെ തുബ്ദേനുകളും പ്രചാരത്തിലിരുന്നു. ഏകീകരണം ആഗ്ര ഹിച്ച മല്പാൻ കൂടുതൽ പ്രചരണസാധ്യതയുള്ളതെന്ന അടിസ്ഥാന ത്തിൽ പുതിയ തുബ്ദേനുകളെ സ്വീകരിച്ചതാവാം. ഏതായാലും ആ ക്രമമാണ് പിന്നീട് മലങ്കരയിൽ സാർവത്രികമായി ഉപയോഗത്തിൽ വന്നത്. പുലിക്കോട്ടിൽ മെത്രാച്ചന്റെ കാലശേഷം പഴയ കുർബ്ബാനക്രമത്തിലെ തുബ്ദേനുകൾ അപ്രത്യക്ഷമാവുക തന്നെ ചെയ്തു. കാതോലിക്കാ സ്ഥാപനത്തിന് ശേഷവും മാർ ഇഗ്നാത്യോസിനെ തുബ്ദേനിലും മറ്റും നിലനിർത്തിയത് അദ്ദേഹത്തെ ആഴമായി സ്വാധീനിച്ച പാത്രിയർക്കാ ഹയ രാർക്കിയിലുള്ള വിശ്വാസം മൂലമാകും. ഈ ആഭിമുഖ്യം അദ്ദേഹം തയ്യാറാ ക്കിയ ഭരണഘടനാഡ്രാഫ്റ്റിലും പ്രകടമാണ്.

വട്ടശ്ശേരിൽ മെത്രാപ്പോലീത്തായുടെ വ്യക്തിത്വത്തിന്റെ താഴെപറയുന്ന കതിരുകൾ പ്രശംസാപൂർവ്വം നിരീക്ഷിക്കപ്പെടേണ്ടവയാണ്. 1. ട്രസ്റ്റ് വിനിയോഗത്തിലെ സുതാര്യതയും സത്യസന്ധതയും. 2. കാപട്യങ്ങളും മുഖസ്തുതികളും വെറുക്കുന്ന ആത്മീയ പൗരുഷം. 3. കാലത്തോടൊപ്പം വരാനുള്ള സന്നദ്ധത. 4. സന്യാസിയുടെ ലാളിത്യം, നിസ്സംഗത, നിർഭയത്വം എന്നീ വൈശിഷ്ട്യങ്ങൾ. 5. പതറാത്ത ആത്മധൈര്യം. 6. പ്രതിപക്ഷ ബഹുമാനം. 7. ആസൂത്രണവൈഭവം. 8. ജീവിതനിഷ്ഠകൾ. 9. ഹൃദയവിശാലത. 10. പ്രത്യുല്പന്നമതിത്വം. 11. എക്യുമെനിക്കൽ ദർശനം. 12. സ്വർണ്ണനാവുകാരൻ എന്ന് വിശേഷിപ്പിക്കാവുന്ന പ്രസംഗപാടവം. 13. സമഗ്ര സഭാദർശനം.

സഭയിലെ യോജിപ്പ് അദ്ദേഹത്തിന്റെ വലിയ സ്വപ്നമായിരുന്നു. അന്ത്യകാലത്തും അതിനായി ശ്രമിച്ചു. അക്കാര്യത്തിൽ നിയോഗിക്കപ്പെട്ട ആലുവായിലെ അത്താനാസ്യോസ് മെത്രാച്ചൻ കോട്ടയം പഴയസെമിനാരിയിലെത്തിയെങ്കിലും ചാപ്പലിൽ പ്രവേശിക്കുവാനോ മെത്രാപ്പോലീത്തായുടെ സൽക്കാരം സ്വീകരിക്കുവാനോ സംഭാഷണം നടത്തുവാൻ പോലുമോ തയാറാകാതെ തിരിച്ചുപോയത് വട്ടശ്ശേരിൽ പിതാവിനെ മുറിപ്പെടുത്തി. ആ ആഘാതത്തിൽ ഏതാനും ദിവസങ്ങൾക്കകം ഇഹലോകവാസം വെടിയുമ്പോഴും ഈ സഫലമാകാത്ത ആഗ്രഹം അദ്ദേഹത്തിന്റെ കണ്ണുകളിൽ നനവായി അവശേഷിച്ചു.

## അദ്ധ്യായം 7

# ആധുനികഘട്ടം

## മൂന്നാം കാതോലിക്കാ (തുടർച്ച)

തന്റെ ജീവിതകാലത്ത് രൂപംകൊണ്ട് വളർന്ന രണ്ടു മൂന്ന് പ്രതിസന്ധികൾക്ക് പരിഹാരം കാണാതെയാണ് വട്ടശ്ശേരിൽ മെത്രാപ്പോലീത്താ ദിവംഗതനായത്.

1. കൂട്ടുട്രസ്റ്റികളോടും തദനന്തരം പാത്രിയർക്കാ താല്പര്യങ്ങളോടും നടത്തേണ്ടിവന്ന യുദ്ധങ്ങളുടെ പ്രതിരൂപമായ വ്യവഹാരത്തിരമാല അഥവാ സമുദായക്കേസുകൾ.

2. കാതോലിക്കോസും മലങ്കര മെത്രാപ്പോലീത്തായും തമ്മിൽ നടന്ന മേലധികാര സ്പർശിയായ ശീതസമരം.

3. എപ്പിസ്കോപ്പൽ ഭരണശൈലിയുടെ കടുംപിടുത്തങ്ങളെച്ചൊല്ലി ഭരണഘടന കമ്മിറ്റി കൺവീനർ ഒ. എം. ചെറിയാൻ തുടങ്ങിയ അത്മായ നേതൃത്വവുമായി നടത്തിയ ഉരസലുകൾ.

ഗംഭീരപുരുഷനായ മലങ്കര മെത്രാപ്പോലീത്തായുടെ വ്യക്തിപ്രഭാവം മൂലം ഇവയൊന്നും ആഭ്യന്തര സഭാസമാധാനത്തിന് ഭീഷണി ഉയർത്തിയിരുന്നില്ല. എങ്കിലും തന്റെ വ്യക്തിത്വത്തിന്റെ അധൃഷ്യത സ്വന്തം തടവറയായിത്തീർന്നുവോ എന്ന് അദ്ദേഹം ചിന്തിച്ചിരുന്നതായി 1934 കുംഭം 1 ന് കോട്ടയം പഴയസെമിനാരിയിൽ നിന്ന് അയച്ച അന്ത്യകല്പനയിൽ സൂചനയുണ്ട്. “.... സമുദായ നന്മയെ മാത്രം ലാക്കാക്കി നാം സ്വീകരിച്ച പല പദ്ധതികളെപ്പറ്റിയും പരമാർത്ഥമായ അഭിപ്രായ വ്യത്യാസം നമ്മുടെ പ്രിയ മക്കളിൽ ചിലർക്കെല്ലാം ഉണ്ടായിട്ടുണ്ടെന്നുള്ള സംഗതിയെപ്പോലെ മർമ്മഭേദകമായ വേറൊരു സ്മരണ ഈ ഘട്ടത്തിൽ നമുക്കില്ല. പ്രിയ മക്കളേ, നാമെല്ലാവരും മനുഷ്യസാധാരണങ്ങളായ പല തരം ബലഹീനതകളോട് കൂടിയവരാണെന്നും നമ്മുടെ പിതാക്കന്മാർ വളരെ വാശിയോടും ദണ്ഡത്തോടും കൂടി നടത്തിയ പല വഴക്കുകളും തർക്കങ്ങളും എത്രയും നിസ്സാരങ്ങളും ബുദ്ധിശൂന്യങ്ങളുമായി നമുക്കിപ്പോൾ തോന്നാറുള്ളത് പോലെ എത്രയും ഘനമേറിയവയെന്ന് നാം കണക്കാക്കി വരുന്ന മിക്ക സംഗതികളും ഭാവിതലമുറയിലെ ആളുകൾ നിസ്സാരങ്ങളും ബുദ്ധിശൂന്യങ്ങളും ആയവയെന്ന് വിധിക്കാനിടയുണ്ടെന്നും നിങ്ങൾ ധരിച്ച്, ചെറിയ ആട്ടിൻകൂട്ടമാകുന്ന നമ്മുടെ പാവപ്പെട്ട സഭ ഛിന്നഭിന്നമായിത്തീരാതിരിക്കുവാനായി സകല വാശികളും വഴക്കുകളും ഉപേക്ഷിച്ചും സഭയുടെ യോജിപ്പിനായി യഥാർത്ഥമായ സ്വാർത്ഥ പരിത്യാഗത്തോടുകൂടിയും

സർവാത്മനാ പ്രയത്നിക്കണമെന്നുള്ളത് ദൈവസന്നിധിയിൽ നിങ്ങളുടെ സർവപ്രധാനമായ ചുമതലയായി നമ്മുടെ പ്രിയ മക്കളിൽ ഓരോരുത്തരും സ്വീകരിക്കണമെന്ന് നമ്മുടെ അവസാന ശ്വാസത്തോടുകൂടി നാം പ്രബോധിപ്പിച്ചു കൊള്ളുന്നു...."

ഈ മൂന്ന് പ്രതിസന്ധികളും അത്യസാധാരണമായ വിധത്തിൽ പരിഹരിക്കുവാൻ വട്ടശ്ശേരിൽ മെത്രാച്ചന്റെ ശിഷ്യൻ കൂടിയായ മൂന്നാം കാതോലിക്കാ ആത്മാർത്ഥമായി ശ്രമിച്ചു. വമ്പന്മാർ കൊമ്പുകുത്തിയിടത്ത് സഭയുടെ കൊമ്പുയർത്തുവാൻ മൂന്നാം കാതോലിക്കായെ ദൈവം ശക്തിപ്പെടുത്തി.

ഒഴിവുവന്ന മലങ്കര മെത്രാന്റെ സ്ഥാനത്തേക്ക് ആളിനെ തെരഞ്ഞെടുക്കുവാൻ ആദ്യം വട്ടം കൂട്ടിയെങ്കിലും അത് മാറ്റിവച്ച് ഹോംസിൽ സമാധാനദൂതനായി പുതിയ പാത്രിയർക്കീസിനെ സന്ദർശിക്കാനാണ് അദ്ദേഹം ആദ്യം യാത്രയായത്. 1934 ജൂൺ 21 ന് അപ്രേം പാത്രിയർക്കീസും ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കായും ഹോംസിൽ വച്ച് കൂടിക്കണ്ടു. മലങ്കര സംഘത്തിൽ ചെറിയമഠത്തിൽ സ്കറിയാ മല്പാനും, ഫാ. സി. എം. തോമസും (പിന്നീട് നിരണം മെത്രാച്ചൻ) ഉണ്ടായിരുന്നു. അർഹമായ സ്ഥാനബഹുമതികളോടെ കാതോലിക്കാ സ്വീകരിക്കപ്പെട്ടുവെങ്കിലും കോളനിവാഴ്ചയുടെ അധീശത്ത മനോഭാവവും ധാർഷ്ട്യവും പാത്രിയർക്കീസ് ചർച്ചകളിൽ പുലർത്തിയത് സമാധാനശ്രമങ്ങളെ പരാജയപ്പെടുത്തി. മലങ്കരയിലെ ചെറു സംഘത്തെ ഹോംസിൽ വച്ച് ഭീഷണികളുപയോഗിച്ച് കീഴ്പെടുത്താനുള്ള ശ്രമം പോലുമുണ്ടായത് മലങ്കരയിൽ സംഭ്രമം സൃഷ്ടിച്ചു. 1934 ആഗസ്റ്റ് 4 ന് കുന്നംകുളം ക്രിസ്ത്യാനികളുടെ പ്രതിഷേധമഹായോഗം കൂടി. '....നാലു ലക്ഷം പ്രജകളുടെ മതാധ്യക്ഷനായ.... ബാവാ തിരുമനസ്സിലെ ജീവാപായം വരുത്തുവാൻ സിറിയാ രാജ്യക്കാരായ സുറിയാനി മെത്രാന്മാർ.... പരിശ്രമിച്ചതിനെ ഈ യോഗം വളരെ ഗൗരവമായും സങ്കടകരമായും വീക്ഷിക്കുകയും.... ജീവരക്ഷയ്ക്കായി വേണ്ട തക്ക നടപടികൾ ഉടനടി നടത്തുന്നതിന് ഈ യോഗം അപേക്ഷിച്ചുകൊള്ളുന്നു' എന്ന് പാസ്സാക്കിയ പ്രമേയം ഇന്ത്യാ സ്റ്റേറ്റ് സെക്രട്ടറി, വിദേശകാര്യ സെക്രട്ടറി, സർ ജോൺ സൈമൺ, വിദ്യാഭ്യാസ ബോർഡ് അദ്ധ്യക്ഷൻ ഹാലിഫാക്സ് പ്രഭു, ഇന്ത്യാ വൈസ്രോയി, പൊളിറ്റിക്കൽ ഏജന്റ്, കൊച്ചി – തിരുവിതാംകൂർ ദിവാന്മാർ, ബ. മദ്രാസ് ഗവർണർ, സിറിയയിലെ ഫ്രഞ്ച് മാൻഡേറ്ററി, സംസ്ഥാനത്തിലെ ബ്രിട്ടീഷ് ഉപദേശകൻ, പാലസ്തീനിലെ ഹൈക്കമ്മീഷണർ, അർമ്മീനിയ അലക്സാന്ത്രിയ എന്നീ സഭകളുടെ പാത്രിയർക്കീസന്മാർ തുടങ്ങിയവർക്ക് അയച്ചുകൊടുത്തു' (പാറേട്ട് വാല്യം 5, പു. 60).

പ്രമേയത്തിന് പ്രതികരണമുണ്ടായി. ബ്രിട്ടീഷ് വിദേശകാര്യമന്ത്രി സർ ജോൺ സൈമൺ ഡമാസ്കസ്, ബെയ്റൂട്ട്, ആലപ്പോ, യരുശലേം എന്നീ

പട്ടണങ്ങളിലെ ബ്രിട്ടീഷ് കോൺസൽമാർക്ക് മലങ്കരയിൽനിന്ന് ചെന്നിട്ടുള്ള കാതോലിക്കോസിന്റെയും പാർട്ടിയുടെയും സ്ഥിതിഗതികൾ അന്വേഷിച്ച് അവർക്കാവശ്യമുള്ള സഹായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം എന്ന് എഴുതിയിരുന്നു. ആ ദിക്കിലെ ഉദ്യോഗസ്ഥന്മാരിലൂടെ വിവരം പാത്രിയർക്കീസ് അറിഞ്ഞതോടെ പ്രശ്നങ്ങൾ കുഴപ്പം കൂടാതെ അവസാനിച്ചു" (*മലങ്കരസഭ: ചരിത്രവും സംസ്കാരവും*, പു. 1024).

സമാധാനശ്രമം പരാജയപ്പെട്ടു. ബാവാ യെരുശലേം സന്ദർശനം കഴിഞ്ഞ് 1036 കന്നി 24 ന് കേരളത്തിൽ മടങ്ങിയെത്തി.

കാതോലിക്കാ – മലങ്കര മെത്രാൻ സ്ഥാനങ്ങൾ ഒരാളിൽ ലയിച്ചതോടെ രണ്ട് സ്ഥാനങ്ങൾ തമ്മിലുണ്ടായിരുന്ന അധികാര മത്സരങ്ങളും തജ്ജന്യമായ ഉരസലുകളും അപ്രത്യക്ഷമായി എന്നത് നേരാണെങ്കിലും അതിന്റെ മറുവശം കാണാതിരുന്നു കൂടാ. കാതോലിക്കാ സ്ഥാനം ആവശ്യപ്പെടുന്നത് സാത്വിക തേജസ്സാണ്. മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ആവശ്യപ്പെടുന്നത് രാജസതേജസ്സാണ്. ഭാരതീയശൈലി കടമെടുത്ത് പറഞ്ഞാൽ, ആദ്യത്തേത് ബ്രഹ്മതേജസ്സും രണ്ടാമത്തേത് ക്ഷാത്രതേജസ്സും ആവശ്യമായ സ്ഥാനങ്ങളാണ്. ഈ രണ്ട് തേജസ്സുകളും ഒരാളിൽ സമ്മേളിക്കുക എളുപ്പമല്ല. അതിന്റെ അപരിഹാര്യമായ പൊരുത്തക്കേടുകൾ പില്ക്കാലത്ത് സഭയിൽ പ്രകടമായിട്ടുണ്ട്. ഗീവറുഗീസ് ദ്വിതീയൻ ബാവായിൽ ബ്രഹ്മതേജസ്സ് വേണ്ടുവോളമുണ്ടായിരുന്നു. ക്ഷാത്രതേജസ്സ് കഷ്ടിയും. തന്മൂലം അദ്ദേഹത്തിന്റെ കൂദാശാനുഷ്ഠാനങ്ങൾ ഗംഭീരങ്ങളും തേജോമയങ്ങളും ആയിരുന്നുവെങ്കിലും കാൽനൂറ്റാണ്ടുകാലം നീണ്ടുനിന്ന മലങ്കര മെത്രാന്റെ ഭരണം അത്രതന്നെ തേജസുറ്റതായി വിലയിരുത്താനാവില്ല.

സിംഹപരാക്രമിയും ക്ഷാത്രതേജസ്സിന്റെ നിറകുടവും ആയ വട്ടശ്ശേരിൽ മെത്രാച്ചനിൽനിന്ന് മലങ്കര മെത്രാൻ സ്ഥാനം ഏറ്റെടുത്ത കുറിച്ചിബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന 1935 കുംഭം 10 ലെ മാനേജിംഗ് കമ്മിറ്റിയുടെ ഒരു തീരുമാനം ഈ വ്യതിയാനത്തെ വിശദീകരിക്കുവാൻ പര്യാപ്തമാണ്: ".... സുറിയാനി പട്ടക്കാർ ഇപ്പോൾ ഫാദർ എന്നും കശ്ശീശാ എന്നും കത്തനാർ എന്നും ഇങ്ങനെ പല വിധത്തിൽ അവരുടെ പേരുകളോട് കൂട്ടിച്ചേർത്ത് ഉപയോഗിച്ചുവരുന്നതായി കാണുന്നു. ഇതിനെപ്പറ്റി എന്തെങ്കിലും വ്യവസ്ഥയുണ്ടാവണം. ഉടനെ കാതോലിക്കായും മെത്രാന്മാരും സന്നിഹിതരായ പട്ടക്കാരുമായി ആലോചിച്ച് പ്രസ്താവിച്ചു. സന്യാസാശ്രമത്തിൽ ഉൾപ്പെട്ടിട്ടുള്ള അവിവാഹിതരായ പട്ടക്കാരെ ഫാദർ എന്നും അവിവാഹിതരായ മറ്റു പട്ടക്കാരെ കശ്ശീശാ എന്നും വിവാഹിതരായ പട്ടക്കാരെ കത്തനാർ എന്നും ഇനിമേൽ നാമകരണം ചെയ്യണം" (പാറേട്ട് വാല്യം 5, പു. 73).

പരിഹാസ്യവും അന്തഃസാരവിഹീനവുമായ ഇത്തരം കൊച്ചുവർത്തമാനങ്ങൾ പറയാനുള്ള വേദിയായി മാനേജിംഗ് കമ്മിറ്റി മാറിയത് അദ്ധ്യക്ഷപദവിയുടെ ക്ഷാത്രവീര്യത്തിന്റെ അഭാവത്തെയാണ് കാണിക്കുന്നത്. തീരുമാനം നടപ്പിലായതായോ നടപ്പിലാക്കുവാൻ ആരെങ്കിലും ശ്രമിച്ചതായോ അറിയുന്നില്ല.

1934-ലെ സഭാഭരണഘടനയ്ക്ക് മൂന്നാം കാതോലിക്കായുടെ ഭരണകാലത്ത് വന്നുചേർന്ന ഭേദഗതികൾ പരിശോധിച്ചാലും ഈ വ്യതിയാനം വ്യക്തമാകും. 1934-ലെ ഭരണഘടന വളരെ വില കൊടുത്ത് രൂപംനൽകിയ പല അടിസ്ഥാനതത്വങ്ങളും ഭരണഘടനാ കമ്മിറ്റിയുടെ ശില്പികൾ അന്തരിച്ചതോടെ ഭേദഗതിയുടെ രൂപത്തിലും റദ്ദാക്കലിന്റെ രൂപത്തിലും അരങ്ങേറി. അടിസ്ഥാനപ്രമാണത്തിന്റെ ചാരിത്ര്യം സംരക്ഷിക്കുവാൻ ബ്രഹ്മതേജസിന്റെ ഉടമയായിരുന്ന സഭാതലവന് കഴിയാതെ പോയി. ഭരണഘടന നിലവിൽ വന്നശേഷവും, ഭരണഘടന റദ്ദാക്കിയ *ഇടവകപട്ടക്കാർ* എന്ന ലേബലിൽ പട്ടംകൊട നിർബാധം നടന്ന് വന്നിരുന്നതും ഈ പശ്ചാത്തലത്തിൽ വേണം ഗ്രഹിക്കുവാൻ. മലങ്കര മെത്രാപ്പോലീത്തായോട് ഭരണപരമായി വിധേയത്വമുള്ള ഭദ്രാസന ഭരണം എന്ന ഫെഡറൽ തത്വം വിസ്മരിച്ച് ഓരോ ഭദ്രാസനവും ഓരോ സ്വതന്ത്ര സഭ എന്ന നിലയിൽ സർവതന്ത്രസ്വതന്ത്രമായി വിലസുവാൻ ഇടവന്നതും ഈ മേൽനോട്ടത്തിന്റെ അപായകരമായ അപാകതയായി വിലയിരുത്തപ്പെടേണ്ടതാണ്. മെത്രാന്മാരുടെ സ്ഥലംമാറ്റം, ഭദ്രാസന പുനർവിഭജനം, റിട്ടയർമെന്റ്, മേൽപ്പട്ടക്കാരുടെ ശമ്പളം തുടങ്ങിയ പല പുരോഗമന പദ്ധതികളും സഭയുടെ ദീർഘകാല ആഗ്രഹങ്ങളും ശക്തമായ അഭിപ്രായങ്ങളുമായി രൂപപ്പെട്ടപ്പോഴും അവ പ്രാവർത്തികമാക്കാൻ കഴിയാതെപോയത് സഭാനേതൃത്വത്തിലെ ക്ഷാത്രതേജസ്സിന്റെ അപര്യാപ്തത മൂലമാണ്.

1934 ഡിസംബർ 26 ന് കോട്ടയം എം. ഡി. സെമിനാരിയിൽ അസോസ്യേഷൻ സമ്മേളിച്ചു. കാതോലിക്കായെ മലങ്കര മെത്രാനായി തിരഞ്ഞെടുത്തു; മലങ്കരസഭാ ഭരണഘടന പാസ്സാക്കി. ബഥനിയിലെ ഫാ. അലക്സിയോസിനെ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. പുതിയ അസോസിയേഷൻ സെക്രട്ടറിയായി കെ. എം. മാത്തൻ മാപ്പിളയെ തെരഞ്ഞെടുത്തു.

നേരത്തെ ചൂണ്ടിക്കാണിച്ച രണ്ടും മൂന്നും പ്രശ്നങ്ങൾക്ക് ഇതോടെ പരിഹാരമായി. കാതോലിക്കാ - മലങ്കര മെത്രാൻ സ്ഥാനങ്ങൾ ഒരേ വ്യക്തിയിൽ ഒന്നിച്ചതോടെ ആ സ്ഥാനികൾ തമ്മിലുണ്ടായിരുന്ന അധികാര വടംവലികൾക്ക് പൂർണ്ണ വിരാമമായി. ഭരണഘടനയിൽ എപ്പിസ്ക്കോപ്പൽ ജനാധിപത്യത്തിന്റെ തത്വങ്ങൾക്ക് പാരസ്പര്യം അംഗീകരിച്ചതോടെ തൽസംബന്ധമായി ഉണ്ടായിരുന്ന ശീതസമരങ്ങളും അവസാനിച്ചു.

(ഇന്നത്തെ ഭരണഘടന 1934-ലെ ഭരണഘടനയിൽ നിന്ന് വ്യത്യസ്തമാണ്. പല വകുപ്പുകളും നീക്കം ചെയ്യപ്പെട്ടു. പല വകുപ്പുകളും കൂട്ടിച്ചേർക്കപ്പെട്ടു. പല വകുപ്പുകളും ഭേദഗതി ചെയ്യപ്പെട്ടു. വട്ടശ്ശേരിൽ മെത്രാപ്പോലീത്താ പരാജയപ്പെട്ടിടത്ത് പില്ക്കാല എപ്പിസ്കോപ്പസി പിൻവാതിലിലൂടെ വിജയം കണ്ടുവെന്ന് ഒരു താരതമ്യ പഠനം വ്യക്തമാക്കുന്നു. എപ്പിസ്ക്കോപ്പൽ താല്പര്യങ്ങൾ 34-ലെ ഘടനയിലെ ജനാധിപത്യബോധത്തെ ക്രമേണ വിഴുങ്ങിക്കൊണ്ടിരിക്കുന്നു. പിൽക്കാലത്ത് പല സമിതികൾക്കും ഘടനയ്ക്ക് വിധേയമെന്ന് പ്രഖ്യാപിച്ചുകൊണ്ട് രൂപമെടുത്ത ഉപചട്ടങ്ങളും നടപടിക്രമങ്ങളും ഫലത്തിൽ 34-ലെ ഭരണഘടനയുടെ അന്തഃസത്തയോട് ആദരവ് പുലർത്തിയിട്ടില്ല. അവയിൽ പലതും 34-ലെ ഘടനയുടെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്യപ്പെടാവുന്നവയാണ്. താല്പര്യങ്ങളുടെ മുൻവിധി മൂലം അനേകരും ഈ സത്യം വേണ്ടത്ര ഗ്രഹിക്കാതെയാണ് വീറ്റോ അധികാരം തുടങ്ങിയ കാര്യങ്ങളിലും മെത്രാന്മാരുടെ സ്ഥലംമാറ്റം തുടങ്ങിയ കാര്യങ്ങളിലും സുചിന്തിതമല്ലാത്ത അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നത്. ഭരണപരമായി അസോസ്യേഷനും മാനേജിംഗ് കമ്മിറ്റിയും മലങ്കര മെത്രാന്റെ മേലധികാരസ്ഥാപനങ്ങളാണെന്ന് വട്ടശ്ശേരിൽ മെത്രാച്ചന്റെ കോടതി സാക്ഷിമൊഴികൾ അനേകരും വിസ്മരിച്ച് തുടങ്ങിയത് വിസ്മയകരം തന്നെ.!!)

വലിയനോമ്പിലെ 36-ാം ഞായറാഴ്ച കാതോലിക്കാദിനമായി നിശ്ചയിച്ച് ഒരു കാതോലിക്കാനിധി രൂപംകൊണ്ടതും 34-ലെ എം. ഡി. അസോസ്യേഷൻ തീരുമാനപ്രകാരമാണ്. ഒ. എം. ചെറിയാൻ കൺവീനർ ആയ കമ്മിറ്റിയുടെ ഉത്സാഹത്താൽ ആദ്യ വർഷം ഇരുപത്തീരായിരത്തിലധികം രൂപാ സംഭരിച്ചു.

1935 ആഗസ്റ്റ് 22 ന് മറുഭാഗം തങ്ങളുടെ പക്ഷത്തെ പള്ളികളുടെ യോഗം അസോസ്യേഷൻ എന്ന ഭാവത്തിൽ വിളിച്ചു കൂട്ടി കുറ്റിക്കാട്ടിൽ പൗലൂസ് അത്താനാസ്യോസിനെ മലങ്കര മെത്രാനായും പൂക്കുന്നേൽ ജോസഫ് കത്തനാർ, തുകലൻ അവിരാ എന്നിവരെ കൂട്ടുട്രസ്റ്റിമാരായും തെരഞ്ഞെടുത്തു. മറുഭാഗത്തെ മൂന്ന് ട്രസ്റ്റിമാർക്കും പാത്രിയർക്കീസിന്റെ അംഗീകാരമില്ലെന്നും അവർ ഒരു നവീന സഭയാണെന്ന വാദവും ക്രമേണ ഉടലെടുത്തു.

1938 മാർച്ച് 10 ന് സമുദായക്കേസ് ആരംഭിച്ചു.

1937 ആഗസ്റ്റ് ആദ്യവാരത്തിൽ ആഗോള സഭാ കൗൺസിലിന്റെ എഡിൻബറോ സമ്മേളനത്തിൽ കാതോലിക്കാ പ്രത്യേക ക്ഷണപ്രകാരം പങ്കെടുത്ത് ലോകസഭാ കൗൺസിലിന്റെ ആദ്യ എക്യുമെനിക്കൽ സംരംഭത്തിൽ സജീവ സംരംഭകനായി. ആ സമ്മേളനവും തുടർന്നു നടന്ന

യൂറോപ്പ് സന്ദർശനവും ഇന്ത്യൻ സഭയുടെ യശസ്സ് ലോകരാഷ്ട്രങ്ങളിൽ ആദ്യമായി എത്തിച്ചു. സംഘത്തിൽ അലക്സിയോസ് റമ്പാനും സി. എം. തോമസ് റമ്പാനും ഉണ്ടായിരുന്നു.

1937 വൃശ്ചികം 14 ന് വാളക്കുഴിയിൽ മാർ സേവേറിയോസ് റീത്തിൽ പോയി. 1938 മീനം 25 ന് അലക്സിയോസ് റമ്പാനെ കണ്ടനാട് കർമ്മേൽ ദയറായിൽ വച്ച് തേവോദോസ്യോസ് എന്ന പേരിൽ മൂന്നാം കാതോലിക്കാ മെത്രാനാക്കി. 1940 മേടം 14 ന് മാവേലിക്കര പുതിയകാവ് പള്ളിയിൽവച്ച് പത്തനാപുരം താബോർ ദയറാധിപൻ തോമസ് റമ്പാനെ ദീവന്നാസ്യോസ് എന്ന പേരിലും മെത്രാനാക്കി. അവർക്ക് യഥാക്രമം കൊല്ലത്തിന്റെയും നിരണത്തിന്റെയും ചുമതല നല്കി.

1939–ൽ സമുദായക്കേസ് വിസ്തരിക്കുവാൻ സ്പെഷ്യൽ ജഡ്ജിയെ നിയമിച്ചു. ഇതിനിടയിൽ കാന്റർബറി ആർച്ച്ബിഷപ്പ് കാതോലിക്കായോട് ബന്ധപ്പെട്ടു. അനുരഞ്ജനമുണ്ടാക്കുവാൻ താല്പര്യം കാട്ടി. ബിഷപ്പ് പെക്കൻഹാം വാൽഷ്, ഫാ. പാറേട്ട് തുടങ്ങിയവർ 39 തുലാം 7 ന് മഞ്ഞിനിക്കരയിൽ ചെന്ന് യൂലിയോസിനെ കണ്ടു. അഭിമാനകരമായ രാജി വ്യവസ്ഥകൾക്ക് യൂലിയോസ് തയാറായില്ല. ആ യത്നം പരാജയപ്പെട്ടു.

1941–ൽ ചില രാജിശ്രമങ്ങൾ ആലുവാ കേന്ദ്രീകരിച്ച് ഉണ്ടായി. ചർച്ചകൾക്കുശേഷം രാജിവ്യവസ്ഥകൾ ഇരുകൂട്ടരും സമ്മതിച്ചു. ഔഗേൻ മാർ തീമോത്തിയോസും യൂണിയൻ ക്രിസ്ത്യൻ കോളജ് സ്ഥാപകൻ കെ. സി. ചാക്കോയുമാണ് ഇതിന്റെ നേതൃനിരയിൽ; ചർച്ചകൾ നടന്നത് ആലുവാ കോളജിലും. മാർ അത്താനാസ്യോസ് കാതോലിക്കായെ ഒരു പ്രാർത്ഥന നടത്തി സ്വീകരിക്കുക എന്ന വ്യവസ്ഥ ഒടുവിൽ ത്യാഗപൂർവ്വം കാതോലിക്കാ സമ്മതിച്ചു. അതുപ്രകാരം തന്റെ സഹപാഠിയായ അത്താനാസ്യോസിന്റെ മുമ്പിൽ തല കുനിച്ചു കൊടുക്കുവാൻ ബാവാ തൃക്കുന്നത്തു സെമിനാരിയിലെത്തി. ആലുവാ വട്ടമേശ സമ്മേളന തീരുമാനം നടപ്പിലാക്കാൻ പക്ഷേ, അത്താനാസ്യോസ് തയാറായില്ല. യൂലിയോസ് പെട്ടെന്നു സ്ഥലം വിട്ടതാണത്രെ കാരണം. ആ രംഗത്തിന് ദൃക്സാക്ഷിയായ കോനാട്ട് അബ്രഹാം മല്പാൻ എഴുതുന്നു: "..... അന്ന് ആ വിശുദ്ധ പിതാവ് കല്പിച്ച് നൽകിയ മറുപടി ഇന്നും എന്റെ ചെവികളിൽ മുഴങ്ങുകയാണ്. 'മെത്രാച്ചാ, എന്റെ സ്ഥാനത്തിന് എന്തെങ്കിലും ന്യൂനതയുള്ളതായി എനിക്ക് അശേഷം ബോധ്യമില്ല. അങ്ങനെ ബോധ്യമുണ്ടായിരുന്നെങ്കിൽ കേവലം പ്രൗഢിക്കുവേണ്ടി മാത്രം വേഷം ധരിക്കുന്നവനല്ല ഞാൻ. എന്നാൽ സഭയിലെ സമാധാനത്തിന് വേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ ഞാൻ സന്നദ്ധനാണ്. നിങ്ങൾക്കൊക്കെ നിർബന്ധമാണെങ്കിൽ യോഹന്നാൻ സ്നാപകന്റെ മുമ്പിൽ യേശുക്രിസ്തു ചെയ്തതുപോലെ ആരുടെ മുമ്പിൽ വേണമെങ്കിലും തല കുനിച്ച് കൊടുക്കാം. സന്ന

ദ്ധതയുള്ളവൻ എന്റെ തലയിൽ കൈവയ്ക്കുകയോ എന്തു വേണമെങ്കിലും ചെയ്തുകൊള്ളട്ടെ. അതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അതിന്റെ പാപം ആ കൈ വയ്ക്കുന്നവന്റെ തലയിൽ ഇരിക്കും. എനിക്കതിൽ പങ്കുണ്ടായിരിക്കുകയില്ല' (*ഔഗേൻ ബാവാ*, അവതാരിക, പു. 19, 20).

ആലുവാ വട്ടമേശസമ്മേളനം പരാജയപ്പെട്ടതിനെത്തുടർന്ന് മാർ തീമോത്തിയോസ് ധീരമായ നിലപാടെടുത്തു. പാത്രിയർക്കീസ് അദ്ദേഹത്തിന് ഷോക്കോസ് നോട്ടീസ് നൽകി. 1942 കന്നി 23 ന് കണ്ടനാട് പള്ളി പ്രതിപുരുഷയോഗം മൂവാറ്റുപുഴ അരമനയിൽ ചേർന്ന് കാതോലിക്കോസിനും പുത്തൻകാവിൽ പീലക്സീനോസിനും സ്വീകരണം നൽകി. മെത്രാസനത്തിലെ 54 പള്ളികളിൽ 50 പള്ളികളും സ്വീകരണത്തിൽ പങ്കെടുത്തു. കണ്ടനാട് ഭദ്രാസനം ഔപചാരികമായി കാതോലിക്കേറ്റിൽ ചേർന്നു. പാത്രിയർക്കീസ് മാർ തീമോത്തിയോസിനെ മുടക്കിയതായി യൂലിയോസ് പ്രചരിപ്പിച്ചതോടെ പല പള്ളികളും ഔഗേൻ മെത്രാച്ചനെ കൈവിട്ടു. അക്കൊല്ലം പെസഹാ ശുശ്രൂഷകൾ കഴിഞ്ഞ് പിറവം പള്ളിയിൽ വിശ്രമിച്ചിരുന്ന മെത്രാപ്പോലീത്തായെ റൗഡികളെ വിട്ട് ദേഹോപദ്രവമേല്പിക്കുവാൻ മറുഭാഗത്തിന് കഴിഞ്ഞു. പിറവം മർദ്ദനം എന്ന പേരിൽ അതൊരു ചരിത്രസംഭവമായി മാറി.

1944 ചിങ്ങം മുതൽ സഭാപ്രവർത്തനങ്ങളെ 1. ധനകാര്യവും പൊതുകാര്യ നിർവഹണവും 2. പൊതുസ്വത്തുക്കൾ 3. വൈദിക വിദ്യാഭ്യാസവും പട്ടക്കാരും 4. സണ്ടേസ്കൂൾ 5. റൂളുകളും ഘടനയും 6. ഇടവകകളും മെത്രാസനങ്ങളും 7. വിദ്യാർത്ഥികളും വിദേശ മിഷനും 8. പ്രസിദ്ധീകരണങ്ങൾ 9. സമുദായ സ്കൂളുകൾ 10. വനിതാ സമാജങ്ങൾ 11. പള്ളിക്കെട്ടിടങ്ങളും ആരാധനയും 12. യുവജന സമാജങ്ങൾ എന്നിങ്ങനെ വകുപ്പുകളാക്കി അവയുടെ ചുമതല വർക്കിംഗ് കമ്മിറ്റിയിലെ അനുയോജ്യരായ പ്രഗത്ഭരെ ഏല്പിച്ച് പരീക്ഷിച്ചു. എന്നാൽ ധീരമായ ആ പരിഷ്കാരത്തോട് കാതോലിക്കാ വിയോജിച്ചു; ആ ക്യാബിനറ്റ് പരീക്ഷണം പരാജയപ്പെടുകയും ചെയ്തു.

1941 ആഗസ്റ്റ് 5 ന് എം. എ. ചാക്കോ നിര്യാതനായി. മുൻ മലങ്കര മെത്രാന്റെ സജീവ സഹപ്രവർത്തകനായ അദ്ദേഹം കൊച്ചിയിലെ നായർ പട്ടാളം കമാണ്ടറും കൊച്ചിയിലെ പോലീസ് കമ്മീഷണറും ആയിരുന്നു. അഖിലലോക സഭാ കൗൺസിൽ പ്രസിഡന്റ് ആയിരുന്ന മിസ്സ് സാറാ ചാക്കോ ഇദ്ദേഹത്തിന്റെ മകൾ ആയിരുന്നു. സമുദായക്കേസിനാധാരമായ പല സംഭവങ്ങളിലും സജീവ പങ്കാളിയായിരുന്ന ഇദ്ദേഹം സമുദായക്കേസിൽ സാക്ഷിയായി മൊഴി കൊടുക്കുവാൻ കോട്ടയം പഴയസെമിനാരിയിൽ താമസിക്കുമ്പോഴാണ് അന്ത്യമുണ്ടായത്. തൃശൂർ പടിഞ്ഞാറേക്കോട്ട

പള്ളിയിൽ അദ്ദേഹം സംസ്കരിക്കപ്പെട്ടു. സജീവ സഭാപ്രവർത്തകൻ ആയിരുന്ന ഡോ. ചാക്കോ ജോർജ്, ചാക്കോ സൂപ്രണ്ടിന്റെ പുത്രനാണ്.

1947 സെപ്റ്റംബർ 15 ന് പ്രൊഫ. കെ. സി. ചാക്കോ നിര്യാതനായി. തിരുമൂലപുരം പള്ളിയിൽ സംസ്കരിക്കപ്പെട്ടു. മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു എങ്കിലും അദ്ദേഹം സ്ഥാനം സ്വീകരിച്ചില്ല. സഭാ സമാധാനശ്രമങ്ങളിൽ എപ്പോഴും അദ്ദേഹം മുൻപന്തിയിലായിരുന്നു. പ്രാർത്ഥനാ മനുഷ്യൻ എന്നറിയപ്പെട്ടിരുന്ന അദ്ദേഹം 1947 സന്ധി ആലോചനക്കായി കാതോലിക്കായെ കണ്ടു. മാർത്തോമ്മാ സഭയിലെ സഫ്രഗൻ യൂഹാനോൻ തീമോത്തിയോസും ഒന്നിച്ച് ഓഗസ്റ്റ് ഒടുവിൽ തിരുവനന്തപുരത്തെത്തി. കെ. പി. അബ്രഹാം, എം. സി. തോമസ്, ഡോ. പാലാമ്പടം എന്നിവരുമായി ചർച്ച നടത്തി. കെ. പി. ഏബ്രഹാം ഒരു വ്യവസ്ഥ വച്ചു. ഈ സംഭാഷണത്തിൽ ഏർപ്പെടുന്ന ഇരുവിഭാഗക്കാരും യോജിക്കുന്ന വ്യവസ്ഥകൾ താൻ അംഗീകരിക്കുന്നുവെന്ന് കാതോലിക്കായിൽ നിന്ന് ഒരു കല്പന കെ. സി. ചാക്കോ വാങ്ങണം. അതുപോലെ ഒരു കത്ത് യൂലിയോസിൽ നിന്ന് താനും വാങ്ങാമെന്ന് ഉറപ്പ് നൽകുന്നു. കെ. സി. ചാക്കോ അത് സമ്മതിച്ചു. വ്യവസ്ഥകൾ ഒന്നും കണ്ടില്ലെങ്കിലും കുട്ടി (കെ. സി. ചാക്കോ) സഭയുടെ ദോഷത്തിന് ഇടവരുത്തുകയില്ല എന്നു പറഞ്ഞ് കാതോലിക്കോസ് കത്ത് എഴുതിക്കൊടുത്തു. പക്ഷേ, കെ. പി. അബ്രഹാം യൂലിയോസ് മെത്രാന്റെ അടുക്കൽ ചെന്ന് നിർബന്ധിച്ചെങ്കിലും അങ്ങനെ ഒരു കത്തു നൽകാൻ അദ്ദേഹം വിസമ്മതിച്ചു. സന്ധി പൊളിഞ്ഞു. രണ്ടു ദിവസം കഴിഞ്ഞ് പ്രൊഫ. ചാക്കോ ദിവംഗതനായി. 1951 മേടം 20 ന് പാലാമ്പടം ഡോ. തോമസും അന്തരിച്ചു.

1927-ൽ കോനാട്ട് മല്പാന്റെ അദ്ധ്യക്ഷതയിൽ സന്ധി ആലോചന സംബന്ധിച്ച് ആലുവായിൽ നടന്ന മഹാസമ്മേളനത്തിന്റെ പിന്നിലും ബിഷപ്പ് വാൽഷ്, ബിഷപ്പ് ഗോർ, വൈസ്രോയി ഇർവിൻ പ്രഭു ഇവരെ മദ്ധ്യസ്ഥരാക്കിയതിന്റെ പിന്നിലും പ്രവർത്തിച്ച കൈകൾ കെ. സി. ചാക്കോയുടേതായിരുന്നു. മഹർഷി തുല്യനായി ജീവിച്ച അദ്ദേഹത്തെ സഭാസമാധാനത്തിന്റെ രക്തസാക്ഷി എന്നു വിശേഷിപ്പിക്കാം.

സ്പെഷ്യൽ ജഡ്ജി ബി. കൃഷ്ണയ്യർ 1943 ജനുവരി 18-ന് സമുദായ ക്കേസിൽ പാത്രിയർക്കീസ് കക്ഷി നല്കിയ അന്യായം ചെലവ് സഹിതം തള്ളി വിധി പ്രസ്താവിച്ചു. വാദികൾ തിരുവിതാംകൂർ ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. ടി. എം. കൃഷ്ണസ്വാമി അയ്യർ, നോക്സ്, സത്യനേശൻ എന്നിവർ ഉൾപ്പെട്ട ഫുൾ ബഞ്ച് കേസ് കേട്ടു. ഈ കേസിൽ പാത്രിയർക്കീസ് കക്ഷിയ്ക്ക് അനുകൂലമായ വിധിയുണ്ടായി. ഇതിനെതിരെ കൊടുത്ത റിവ്യൂ ഹർജി തിരു - കൊച്ചി ഹൈക്കോടതി സ്വീകരിച്ചു. കുഞ്ഞിരാമൻ, ജോസഫ് വിതയത്തിൽ, പി. കെ. സുബ്രഹ്മണ്യയ്യർ എന്നി

വരടങ്ങിയ ഫുൾബഞ്ച് 21-12-1951 ൽ റിവ്യൂ ഹർജി തള്ളി. പ്രത്യേക അനുമതി പ്രകാരം സുപ്രീംകോടതിയിൽ കാതോലിക്കാ ഭാഗം അപ്പീൽ നൽകി. സുപ്രീംകോടതി ഹൈക്കോടതിവിധി അസ്ഥിരപ്പെടുത്തുകയും പാത്രിയർക്കീസ് കക്ഷിയുടെ വാദങ്ങൾ വീണ്ടും വാദം കേൾക്കാൻ ഹൈക്കോടതിയോടാവശ്യപ്പെടുകയും ചെയ്തു. 31-12-1956 ൽ പാത്രിയർക്കീസ് കക്ഷിയുടെ വാദങ്ങൾ അപ്പാടെ സ്വീകരിച്ച് വിധിയുണ്ടായി.

1946 ആഗസ്റ്റ് 8 ന് എം. സി. കുറിയാക്കോസ് റമ്പാന്റെ പത്രാധിപത്യത്തിൽ 'മലങ്കരസഭ' മാസികയുടെ പ്രസിദ്ധീകരണം തുടങ്ങി. 1909 ന് ശേഷം പ്രസിദ്ധീകരണം നിലച്ചുപോയ ഇടവകപ്പത്രികയുടെ സ്ഥാനത്താണ് മലങ്കരസഭ പ്രത്യക്ഷപ്പെട്ടത്. സഭയുടെ കേന്ദ്ര ആഫീസ് ഇക്കാലത്തു തുടങ്ങി. 1945 ചിങ്ങം 17-ന് പി. എൻ. നൈനാൻ, കുറിയാക്കോസ് റമ്പാനെ തുടർന്ന് സെക്രട്ടറിയായി.

1930 നവംബർ 3 ന് തുമ്പമൺ ഭദ്രാസനാധിപനായി വാഴിക്കപ്പെട്ട പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സീനോസ്, ബഥനിയിലെ ദരിദ്രാവസ്ഥയിൽ നിന്ന് കത്തോലിക്കാസഭയുടെ പച്ചയായ പുൽപ്പുറങ്ങൾ തേടി മലങ്കര റീത്ത് സ്ഥാപിച്ച ഈവാനിയോസിന്റെ അഭാവം വളരെയേറെ നികത്തി. കാതോലിക്കേറ്റിന്റെ ശക്തനായ ആദ്യത്തെ വക്താവ് എന്ന വിശേഷണം അർഹിക്കുന്ന ഇദ്ദേഹം ഉജ്ജ്വല വാഗ്മിയും മികച്ച സംഘാടകനുമായിരുന്നു. പത്തനംതിട്ടയിലെ ബേസിൽ ദയറാ, കാതോലിക്കേറ്റ് കോളജ് എന്നിവ ഈ കർമ്മയോഗിയുടെ സംഭാവനകൾ ആണ്. സഭയിലെ പുത്തനായ ഉണർവ് പ്രസംഗകനായ ഇദ്ദേഹം കുന്നംകുളത്ത് വച്ച് 1951 ഏപ്രിൽ 17 ന് മരത്തംകോട് പള്ളിയിൽ വച്ച് നെഞ്ചുവേദനയെത്തുടർന്ന് 54-ാം വയസ്സിൽ നിര്യാതനാവുകയും പുത്തൻകാവിൽ കബറടങ്ങുകയും ചെയ്തു.

1949 -ൽ കോട്ടയം കേന്ദ്രമായി പീസ് ലീഗ് എന്ന ഒരു സംഘടന സഭാസമാധാനത്തിനായി രൂപം കൊണ്ടു. 1950 ജനുവരി 9 ന് അവരുടെ ശ്രമഫലമായി ഇരുഭാഗത്തേയും മെത്രാന്മാർ ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ സമ്മേളിച്ചു. കാതോലിക്കേറ്റിനെ നിഷേധിക്കുന്ന വ്യവസ്ഥകളിൽ പ്രതിഷേധിച്ച് മാർ തേവോദോസ്യോസ് സമ്മേളനം ബഹിഷ്കരിച്ചു. ഒപ്പു വച്ചവർ പിന്നീട് ഭീഷണി നീങ്ങിയപ്പോൾ പിന്മാറി. പാത്രിയർക്കീസും ആ വ്യവസ്ഥകൾ അംഗീകരിച്ചില്ല. ക്രമേണ സംഘടന നാമാവിശേഷമായി.

1950 ഡിസംബർ 21 ന് കേരള ഹൈക്കോടതി മലങ്കരസഭയ്ക്കെതിരായി വിധി പ്രഖ്യാപിച്ചപ്പോൾ അതുവരെ മലങ്കര മെത്രാന്റെയും കാതോലിക്കായുടെയും ഔദ്യോഗിക ആസ്ഥാനമായിരുന്ന പഴയസെമിനാരിയുടെ

കൈവശാവകാശത്തെക്കുറിച്ച് ആശങ്കയുണ്ടായി. എട്ട് ഏക്കർ വിസ്തീർണ്ണ മുള്ള ദേവലോകം കുന്ന് കെ. സി. മാമ്മൻ മാപ്പിളയുടെ മുഖ്യ ഉത്സാഹ ത്തിൽ വില കൊടുത്തു വാങ്ങി. സ്ഥലവിലയായ ഒന്നരലക്ഷം രൂപ ഒരൊ റ്റമാസം കൊണ്ട് സംഘടിപ്പിക്കുവാൻ കഴിഞ്ഞു. മാങ്ങാനം എബനേസർ ദയറായിൽ താമസിച്ചിരുന്ന ബാവാ ദേവലോകം കുന്നിലെ ബംഗ്ലാവി ലേക്കു താമസം മാറ്റി. 1953 ഫെബ്രുവരി 2 ന് ചാപ്പലിന്റെ പണി പൂർത്തി യായി. 1956 ആഗസ്റ്റ് 15 ന് മദ്ബഹാ കൂദാശ ചെയ്തു. 1957 ൽ ഓഫീസ് കെട്ടിടം നിർമ്മിച്ചു. 1961-ൽ അരമനകെട്ടിടത്തിന്റെ ആദ്യനിലയുടെ ഉദ്ഘാ ടനം അർമ്മീനിയൻ കാതോലിക്കാ വസ്കൻ ഒന്നാമൻ നിർവഹിച്ചു. 1946 ആഗസ്റ്റ് 4 ന് പൗലൂസ് സേവേറിയോസ്, ഗീവറുഗീസ് മാർ ഗ്രീഗോറി യോസ് എന്നിവരെ അപ്രേം ബാവാ മെത്രാന്മാരായി വാഴിച്ചു.

1947 നവംബർ 2 ന് പരുമലയിൽ ചേർന്ന സുന്നഹദോസ് തീരുമാന പ്രകാരം 1685-ൽ കോതമംഗലത്ത് കബറടങ്ങിയ യൽദൊ മാർ ബസ്സേലി യോസ്, 1902 ൽ പരുമലയിൽ കബറടങ്ങിയ ഗീവറുഗീസ് മാർ ഗ്രീഗോറി യോസിനെയും പരിശുദ്ധ പദവിയിൽ മൂന്നാം കാതോലിക്കാ പ്രഖ്യാപിച്ചു.

1951 ഏപ്രിൽ 15 ന് ഹോംസിൽ വച്ച് ഏബ്രഹാം മാർ ക്ലീമ്മീസ് മെത്രാ നായി വാഴിക്കപ്പെട്ടു.

1951 ഏപ്രിൽ 20 ന് (മുമ്പെന്നപോലെ അന്നും വലിയനോമ്പിലെ 40-ാം വെള്ളി) മൂന്നാം കാതോലിക്കാ രണ്ടാമതും മൂറോൻ കൂദാശ കോട്ടയം പഴയസെമിനാരിയിൽ വച്ച് നടത്തി. 1951 മെയ് 17 ന് കോട്ടയം എം. ഡി. യിൽ ചേർന്ന അസോസ്യേഷൻ മാത്യൂസ് റമ്പാൻ, ദാനിയേൽ റമ്പാൻ എന്നിവരെ മേല്പട്ടസ്ഥാനത്തേക്കു തെരഞ്ഞെടുത്തു. നേരത്തെ തെര ഞ്ഞെടുക്കപ്പെട്ടവരും പുതിയ മെത്രാൻ സ്ഥാനാർത്ഥികളും ഉൾപ്പെടെ അഞ്ചു പേരെ മേല്പട്ടക്കാരായി വാഴിക്കുവാൻ മൂന്നാം കാതോലിക്കോസ് നിശ്ചയിച്ചു. മാത്യൂസ് റമ്പാൻ വൈദികസെമിനാരിയുടെയും ദാനിയേൽ റമ്പാൻ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെയും പ്രിൻസിപ്പൽമാർ ആയിരുന്നു. വെണ്ണിക്കുളം സി. പി. ചാണ്ടിയുടെ സേവനം പ്രയോജന പ്പെടുത്തി ബുധനാഴ്ച നമസ്കാരം ഗാനവല്ക്കരിച്ച് ഞായറാഴ്ച നമ സ്കാരത്തിന്റെ ശൈലിയിൽ അവതരിപ്പിച്ചത് ഇക്കാലത്താണ്. എം. ഡി. സെമിനാരിയിലാണ് അന്ന് വൈദിക വിദ്യാഭ്യാസം നടത്തിയിരുന്നത്.

1952 മെയ് മാസത്തിൽ ചെറിയമഠത്തിൽ സ്കറിയാ മല്പാനും 1953 ജനുവരി 25 ന് കുറ്റിക്കാട്ടിൽ പൗലൂസ് അത്താനാസ്യോസും 1950-ൽ പൂക്കു ന്നേൽ ജോസഫ് കത്തനാരും (മറുഭാഗത്തെ വൈദിക ട്രസ്റ്റി) 1954 ജനു വരി 1 ന് കെ. സി. മാമ്മൻമാപ്പിളയും 1953 ജൂലായ് 15 ന് ആർച്ച് ബിഷപ്പ് ഈവാനിയോസും 1956 ജനുവരി 18 ന് മീഖായേൽ ദീവന്നാസ്യോസും

(പാണമ്പടി) 1965 ജനുവരി 18 ന് ജോസഫ് മാർ സേവേറിയോസും (തിരുവല്ല) 1957 ജൂൺ 28 ന് അപ്രേം പാത്രിയർക്കീസും 1955 ഡിസംബർ 25 ന് പാലപ്പിള്ളി മാണി പൗലൂസ് കത്തനാരും (വൈദിക ട്രസ്റ്റി) അന്തരിച്ചു. 1955 ജൂലൈയിൽ കോതമംഗലം മാർ അത്താനാസ്യോസ് കോളജ് ആരംഭിച്ചു.

1950 ഒക്ടോബർ 19 ന് പൗലൂസ് പീലക്സിനോസ് ഹോംസിൽ വച്ച് മെത്രാനായി വാഴിക്കപ്പെട്ടു.

1953 മെയ് 15 ന് മൂന്നാം കാതോലിക്കാ അഞ്ചു പുതിയ മെത്രാന്മാരെ ഒന്നിച്ച് വാഴിച്ചു. കോട്ടയം ഏലിയാ ചാപ്പൽ ആയിരുന്നു അഭിഷേക വേദി. കോടതി മുഖേന ഈ കർമ്മം തടയാൻ മറുഭാഗം നൽകിയ അപേക്ഷ ചെലവു സഹിതം തള്ളി. കെ. സി. മാമ്മൻമാപ്പിള, ഫാ. കെ. ഫീലിപ്പോസ്, തുടങ്ങിയവർ മുഖ്യ സംഘാടകർ ആയിരുന്നു. സ്ലീബാദാസ സമൂഹ സ്ഥാപകൻ പത്രോസ് മാർ ഒസ്താത്തിയോസ് (മലബാർ), പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് (കോട്ടയം), മാത്യൂസ് മാർ അത്താനാസ്യോസ് (ബാഹ്യകേരളം. 5–ാം കാതോലിക്കാ), ദാനിയേൽ മാർ പീലക്സീനോസ് (തുമ്പമൺ), മാത്യൂസ് മാർ കൂറിലോസ് (കൊല്ലം. ആറാം കാതോലിക്കാ) എന്നിവരാണ് എം. ഡി. സെമിനാരിയിൽ വച്ച് അന്ന് അഭിഷേകം ചെയ്യപ്പെട്ടവർ.

1956 ഒക്ടോബർ 31 ന് എത്യോപ്യൻ ചക്രവർത്തി ഹെയിലി സെലാസി മലങ്കരസഭാ സന്ദർശനം നടത്തി. ബാവായെ സന്ദർശിച്ചതിന് പുറമെ ചേപ്പാട് ഉൾപ്പെടെ ചില പഴയ പള്ളികളും സ്ഥാപനങ്ങളും ചക്രവർത്തി സന്ദർശിച്ചു.

1957 ഫെബ്രുവരി 27 ന് റുമേനിയൻ പാത്രിയർക്കീസ് ജസ്റ്റീനിയനും ഏപ്രിലിൽ അർമ്മീനിയൻ ബിഷപ്പ് മെറണിക്ക് പൊളാഡിയനും കാതോലിക്കായെ സന്ദർശിച്ചു.

സുപ്രീംകോടതി നിർദ്ദേശപ്രകാരം സമുദായക്കേസ്സിൽ ഹൈക്കോടതി അപ്പീൽവാദം കേട്ടു. 1956 ഡിസംബർ 31 ന് ജസ്റ്റീസ് ശങ്കരന്റെ നേതൃത്വത്തിലുള്ള ഫുൾബഞ്ച് ബാവായുടെ റിവിഷൻ ഹർജി തള്ളി വിധിയായി. തുടർന്ന് സുപ്രീംകോടതിയിൽ കാതോലിക്കോസ് അപ്പീൽ സമർപ്പിച്ചു.

1957 ജൂൺ 21 ന് പാത്രിയർക്കാ വിഭാഗം മണർകാട് പള്ളിയിൽ അസോസ്യേഷൻ ചേർന്ന് ക്ലീമ്മീസ് മെത്രാച്ചനെ മെത്രാപ്പോലീത്തൻ ട്രസ്റ്റിയായും വി. എം. ഗീവർഗീസ് കത്തനാരെ വൈദികട്രസ്റ്റിയായും തെരഞ്ഞെടുത്തു. പാത്രിയർക്കാ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ ക്ഷണം കിട്ടിയ ക്ലീമ്മീസ് അതിൽ പങ്കെടുത്തു. യാക്കോബ് സേവേറിയോസ് പുതിയ പാത്രിയർക്കീസായി.

1958 സെപ്റ്റംബർ 12 ന് കാതോലിക്കാപക്ഷത്തിനനുകൂലമായി സുപ്രീം കോടതി വിധി പ്രഖ്യാപിച്ചു. മറുഭാഗം നൽകിയ റിവ്യൂ ഹർജി (ചെലവു സഹിതം) തള്ളി. അഞ്ചു ജഡ്ജിമാർ ഉൾപ്പെട്ട കോൺസ്റ്റിറ്റ്യൂഷൻ ബഞ്ച് 1958 ഒക്ടോബർ 28 ന് അന്തിമ വിധി പ്രസ്താവിച്ചു. 20 കൊല്ലം നീണ്ടു നിന്ന സമുദായക്കേസ് ഒടുവിൽ കാതോലിക്കോസിന് അനുകൂലമായ വിധിയോടെ അവസാനിച്ചു.

### അന്തിമവിധിയുടെ സാരാംശം

1. കാതോലിക്കോസ് നിയമാനുസരണം നിയമിക്കപ്പെട്ട മലങ്കര മെത്രാപ്പോലീത്തായും സഭ വക സ്വത്തുക്കളുടെ എക്സ് ഒഫിഷ്യോ ട്രസ്റ്റിയുമാണ്.

2. മലങ്കര മെത്രാപ്പോലീത്താ ആയി കാതോലിക്കായെ തെരഞ്ഞെടുക്കുകയും സഭാ ഭരണഘടന ഏകകണ്ഠമായി പാസ്സാക്കുകയും ചെയ്ത 1934 ഡിസംബർ 26 ന് കൂടിയ എം. ഡി. അസോസ്യേഷൻ സാധുവായ യോഗമാണ്. പാത്രിയർക്കീസ് ഭാഗത്തെ മെത്രാന്മാർ മലങ്കര അസോസ്യേഷനാൽ സ്വീകരിക്കപ്പെട്ടവരല്ല.

സഭാ സമാധാനം യാഥാർത്ഥ്യമായി. സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ കാതോലിക്കോസ് ഒരു പൊതു സർക്കുലറിൽ ഇപ്രകാരം സഭയെ അറിയിച്ചു: “നമ്മുടെ എല്ലാ പള്ളികളിലും ഈ മാസം 15 ന് സ്തോത്രബലി അർപ്പിക്കണം. .... നമ്മുടെ സഹോദരങ്ങളുടെ വികാരങ്ങളെ ഒരു വിധത്തിലും മുറിപ്പെടുത്തരുത്. മുമ്പെന്നപോലെ ഇനിയും ഒന്നായി കഴിഞ്ഞു കൂടുന്നതാണ് നമുക്ക് ബലവും നേട്ടവും. ...” ആ മഹാപുരോഹിത സന്ദേശം പ്രശാന്തഗംഭീരമായ സഭയുടെ തിരമാലകൾ അച്ചടക്കമുള്ള താളത്തിൽ ഏറ്റുപാടി.

തങ്ങൾക്ക് മലങ്കരയിൽ ഭരണമില്ലെന്ന് പ്രഖ്യാപിക്കുന്ന പരമോന്നത കോടതിയുടെ വിധി വായിച്ച് മാർ ക്ലീമ്മീസ്, മാർ പീലക്സീനോസ്, മാർ ഗ്രീഗോറിയോസ്, മാർ സേവേറിയോസ് എന്നീ മെത്രാച്ചന്മാർ ഞെട്ടുക തന്നെ ചെയ്തു. അവർക്കെന്തെങ്കിലും പ്രതീക്ഷ നൽകുവാൻ യൂലിയോസിനു കഴിഞ്ഞില്ല. കാനോനിലെ കൃത്രിമം, കോടതികളിൽ ഹാജരാക്കിയ രേഖകളിലെ കൃത്രിമം, സാക്ഷിമൊഴികളിലെ കള്ളസാക്ഷ്യങ്ങൾ എല്ലാം സുപ്രീംകോടതി വിധിയോടെ ജലരേഖകളായി. അപ്പോഴാണ് തങ്ങൾക്ക് മെത്രാൻപട്ടം തന്ന അപ്രേം ബാവായുടെ വാക്കുകൾ കടമെടുത്ത് *വൃദ്ധൻ പുന്നൂസെ*ന്നും *വ്യാജവേഷധാരി* എന്നും തങ്ങൾ വിളിച്ചു കൂവുകയും പരമാർത്ഥികളായ വിശ്വാസികളെക്കൊണ്ട് വിളിച്ച് കൂവിക്കുകയും ചെയ്തത് ആരെയാണോ ആ പ്രതാപിയായ രാജർഷിയുടെ ഇമ്പകരവും അമൃതതുല്യവുമായ വചോമാധുര്യം അവരുടെ ആത്മാവിന്റെ അഗാധതയിൽ

ആഞ്ഞു പതിച്ചത്: "മുമ്പെന്നപോലെ ഇനിയും നാം ഒന്നായി കഴിയുന്ന താണ് നമുക്ക് ബലവും നേട്ടവും." കാലിനടിയിലെ മണ്ണ് മുഴുവൻ ഒലി ച്ചുപോയ അവസ്ഥയിൽ മെത്രാന്മാർ പാത്രിയർക്കീസിനെ ബന്ധപ്പെട്ടു. രാഷ്ട്രീയക്കാരെ വോട്ടു കാണിച്ച് ആകർഷിച്ച് അവരുടെ പിന്തുണ തേടി കോടതിവിധിയെ കൊഞ്ഞനംകാട്ടുവാൻ മാത്രം നാടിന്റെ ജനാധിപത്യ ബോധ്യങ്ങൾ അന്ന് അധഃപതിച്ചിരുന്നില്ല. പരസ്പര സ്വീകരണം എന്ന ആശയം പ്രബലമായി. ജയിച്ച വിഭാഗത്തിന്റെ നേതാവ് വീണവരുടെ നേരെ ക്രിസ്തീയ ക്ഷമയുടെയും സൗഹാർദ്ദത്തിന്റെയും വലംകൈ നീട്ടി. പര സ്പര സ്വീകരണത്തിന്റെ തീയതി, സ്ഥലം, സമയം, നടപടികൾ എന്നിവ ചർച്ച ചെയ്യപ്പെട്ടു. സ്വീകരണ കല്പനകൾ അംഗീകാരത്തിനായി ഇരുഭാ ഗവും പരസ്പരം കൈമാറി. ഗത്യന്തരമില്ലാത്ത പരിതഃസ്ഥിതിയിൽ കാര്യ ങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു.

### സഭാ സമാധാനം

1958 ഡിസംബർ 16 ന് രാത്രി 11 മണിക്ക് ഇരുഭാഗത്തെയും മെത്രാ ന്മാർ – മലബാർ പര്യടനത്തിലായിരുന്ന കൊച്ചിയുടെ മാർ സേവേറിയോസ് ഒഴികെ – കാതോലിക്കായുടെ ഔദ്യോഗിക ആസ്ഥാനവും പുലിക്കോ ട്ടിൽ മാർ ദീവന്നാസ്യോസ് ജോസഫ് പ്രഥമൻ, പുലിക്കോട്ടിൽ മാർ ദീവ ന്നാസ്യോസ് ജോസഫ് ദ്വിതീയൻ, വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവ ന്നാസ്യോസ് എന്നിവരുടെ അന്ത്യവിശ്രമരംഗവും അനേകം ചരിത്ര സംഭ വങ്ങൾക്കും ദൃശ്യങ്ങൾക്കും മൂകവേദിയും സാക്ഷിയുമായ പഴയസെമി നാരിയുടെ ബലിപീഠം പരസ്പര സ്വീകരണവേദിയായി. പാത്രിയർക്കീസ് 447–ാം നമ്പർ കല്പനയിൽ ഇപ്രകാരം എഴുതി:

"…. മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കേണ്ടതിലേക്കായി ഇതി നാൽ മാർ ബസ്സേലിയോസ് ഗീവറുഗ്ഗീസിനെ കാതോലിക്കോസായി നാം സ്വീകരിച്ചിരിക്കുന്നു. …"

105–ാം നമ്പർ കല്പനയിൽ കാതോലിക്കോസ് മാർത്തോമ്മാ ശ്ലീഹാ യുടെ സിംഹാസനത്തിൽ ആരൂഢനായ എന്ന് പരമ്പരാഗത ശൈലിയിൽ വിവരിക്കുന്ന ചുവന്ന മഷിയിലെഴുതിയ ലെറ്റർപാഡിൽ സംശയരഹിതവും അർത്ഥസാന്ദ്രവും ധ്വനിമധുരവുമായ ഭാഷയിൽ എഴുതി:

"സഭയിലെ സമാധാനത്തിനു വേണ്ടി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ പാസ്സാക്കി നടപ്പിലിരിക്കുന്ന ഭരണഘടനയ്ക്ക് വിധേ യമായി മോറാൻ മാർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയനെ അന്ത്യോ ഖ്യാ പാത്രിയർക്കീസായി സ്വീകരിക്കുന്നതിന് നാം പ്രസാദിച്ചിരിക്കുന്നു.

അദ്ദേഹത്തിന്റെ കീഴിൽ മലങ്കരയുള്ള മേല്പട്ടക്കാരെയും ടി. ഭരണ

ഘടനയിലെ വ്യവസ്ഥകൾക്ക് അനുസരണമായി സ്വീകരിക്കുന്നതിന് നമുക്ക് സന്തോഷമുണ്ട്. ...”

നേരത്തെ അയച്ച നോട്ടീസ് അനുസരിച്ച് പുത്തൻകാവ് പള്ളിയിൽ വച്ച് 1958 ഡിസംബർ 26 ന് മലങ്കര അസോസ്യേഷന്റെ യോഗം കാതോലിക്കോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. മണലിൽ യാക്കോബ് കത്തനാരെയും ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിനെയും കൂട്ടുട്രസ്റ്റികളായി തെരഞ്ഞെടുത്തു. ‘ആചന്ദ്രതാരം പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിന്റെ കൊടിക്കീഴിൽ ഞങ്ങൾ അണിനിരക്കും” എന്ന് പൗലൂസ് പീലക്സീനോസ് മെത്രാച്ചൻ പ്രഖ്യാപിച്ചത് ഈ മഹാ സമ്മേളനത്തിൽ വച്ചാണ്.

അസോസ്യേഷനു മുമ്പു തന്നെ മറുഭാഗത്തെ മെത്രാന്മാർ കാതോലിക്കോസിന് താഴെക്കാണുന്ന ഉടമ്പടി എഴുതി ഒപ്പിട്ട് ശൽമൂസായുടെ സംക്ഷിപ്തരൂപമായി സമർപ്പിച്ചു:

“..... സഭയുടെ ഭാവികാര്യങ്ങൾ തിരുമനസ്സിലെ ആജ്ഞയിൻകീഴിൽ ഭംഗിയായി നടക്കുമെന്ന് വിശ്വസിക്കുന്നു. അവയുടെ നിവർത്തിയ്ക്ക് സഭയുടെ കാനോനുകളും നടപ്പിലിരിക്കുന്ന ഭരണഘടനയും അപ്പഴപ്പോൾ, തിരുമേനി നൽകുന്ന നിർദ്ദേശങ്ങളും അനുസരിച്ച് എപ്പോഴും ഞാൻ പ്രവർത്തിച്ചുകൊള്ളാമെന്ന് അറിയിച്ചുകൊള്ളുന്നു.”

മെത്രാന്മാർ നൽകിയ ശൽമൂസാ (ഉടമ്പടി) സ്വീകരിച്ച കാതോലിക്കോസ് ‘മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിൽ ആരൂഢനായ’ എന്ന് താൻ സ്ഥാനമേറ്റ 1929 മുതൽ ഉപയോഗിച്ചുപോരുന്ന പരമ്പരാഗതമായ ഔദ്യോഗിക ലറ്റർപാഡിൽ പുതിയ മെത്രാന്മാരടക്കം മലങ്കരയിലെ എല്ലാ മെത്രാന്മാരെയും വിവിധ ഭദ്രാസനങ്ങളിൽ ചുമതലയേല്പിക്കുന്ന നിയമനകല്പന 1959 ഫെബ്രുവരി 25 ന് 31-ാം നമ്പർ സർക്കുലറായി എല്ലാ പള്ളികൾക്കും അയച്ചു.

കാര്യങ്ങൾ മംഗളകരമായി നീങ്ങിക്കൊണ്ടിരിക്കെ അമംഗളമായ ചില സൂചനകൾ അങ്ങിങ്ങ് പ്രത്യക്ഷപ്പെട്ടു. ഓരോ ഭദ്രാസനത്തിലും ലയിക്കുവാൻ ബാധ്യസ്ഥമായ സിംഹാസനപ്പള്ളികളെ ഭദ്രാസന മെത്രാന്മാരിൽ നിന്നും അടർത്തിയെടുത്ത് സ്വന്തം നിലനില്പും താവളവും ഭരണഘടനയെ ധിക്കരിച്ചുകൊണ്ട് ഭദ്രമാക്കുവാൻ യൂലിയോസ് മെത്രാച്ചൻ ശ്രമിച്ചതാണ് അതിലൊന്ന്. കുന്നംകുളം സിംഹാസനപ്പള്ളി ഇപ്രകാരം അനധികൃതമായി കൈവശപ്പെടുത്തുവാൻ യൂലിയോസ് ശ്രമിച്ചപ്പോൾ മാർ സേവേറിയോസ് മെത്രാച്ചന്റെ കീഴിൽ കൊച്ചി മെത്രാസന വൈദികർ 1959 ഏപ്രിൽ 9 ന് യോഗം ചേർന്ന് ഇപ്രകാരം പ്രതിഷേധിച്ചു: “മലങ്കര സഭയിൽ സമാധാനം പുനഃസ്ഥാപിതമായതിനെത്തുടർന്ന് ഓരോ ഭദ്രാ

സനത്തിലും ഉൾപ്പെട്ട പള്ളികൾ ഇടവക വിഭജനം മൂലം അതത് ഭദ്രാസന മെത്രാപ്പോലീത്താമാരുടെ കീഴിൽ ഉൾപ്പെട്ടിരിക്കെ, കൊച്ചി ഭദ്രാസനത്തിൽ ഉൾപ്പെട്ട കുന്നംകുളം ആർത്താറ്റ് പുത്തൻപള്ളി (സിംഹാസന പ്പള്ളി) കൊച്ചി ഭദ്രാസനത്തിൽ നിന്നും വേർപെടുത്തുവാൻ മാർ യൂലിയോസ് മെത്രാപ്പോലീത്താ തിരുമേനി നടത്തിയ അനിഷ്ട സംഭവങ്ങളിൽ ഈ യോഗത്തിനുള്ള ഉത്ക്കണ്ഠ ഖേദപൂർവ്വം രേഖപ്പെടുത്തുന്നു" (വൈദികസംഘം മിനിട്സിൽ നിന്ന്). "പാത്രിയർക്കീസും കാതോലിക്കോസും പരസ്പരം സ്വീകരിച്ച് കഴിഞ്ഞതുകൊണ്ട് കാതോലിക്കോസിന്റെ അധികാരപരിധിയിൽ ചമയ്ക്കപ്പെട്ടിട്ടുള്ളവയും പാത്രിയർക്കീസ് അധികാരം നടത്തിവരുന്നതുമായ സിംഹാസനപ്പള്ളികളും പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ പള്ളികളും സമാജവും സംഘടനകളും കാതോലിക്കേറ്റിന്റേതായി തീർന്നിട്ടുള്ളതും അവയുടെ ഭരണം അതത് ഇടവക മെത്രാന്മാർ നടത്തേണ്ടതുമാകുന്നു" എന്ന് 1959 ഫെബ്രുവരി 2 ന് കൂടിയ സിനഡ് തീരുമാനിച്ചതിന്റെ പശ്ചാത്തലത്തിലാണ് കൊച്ചി ഭദ്രാസനയോഗം ഈ ഉത്ക്കണ്ഠ പ്രമേയം പാസ്സാക്കിയത്. ഇത് മാർ യൂലിയോസിന്റെ അതൃപ്തിയ്ക്ക് കാരണമായി. സീനിയർ മെത്രാനായ ഔഗേൻ തീമോത്തിയോസിന്റെ സഹമെത്രാനായി കണ്ടനാടിന്റെ ഭരണം പുതിയ സാഹചര്യത്തിൽ പങ്കിടേണ്ടിവന്നത് പൗലൂസ് പീലക്സീനോസിനും അതൃപ്തിയ്ക്ക് കാരണമായി. ചുവന്ന മഷിയിലെഴുതിയതും മാർത്തോമ്മാ സിംഹാസന പരാമർശം അടങ്ങിയതുമായ ലറ്റർഹെഡ് ഉപയോഗിക്കുന്നതിൽ അഹിതം രേഖപ്പെടുത്തി പാത്രിയർക്കീസ് അയച്ച കത്താണ് അമംഗളത്തിന്റെ സൂചനയായി പ്രത്യക്ഷപ്പെട്ട മറ്റൊരു സംഭവം. തക്ക മറുപടി ഇതിന് നൽകിയത് തല്ക്കാലം സ്ഥിതിഗതികൾ ശാന്തമാക്കിയെങ്കിലും പാത്രിയർക്കീസിന്റെയും യൂലിയോസിന്റെയും പീലക്സീനോസിന്റെയും അതൃപ്തികളെ വേണ്ടത്ര ഗൗരവത്തിലെടുക്കുവാനോ ആവശ്യമായത്ര പ്രതിരോധം സൃഷ്ടിക്കുവാനോ സഭയുടെ ഔദ്യോഗിക നേതൃത്വം ശ്രമിച്ചില്ല. വൈകാരിക ഐക്യം ശക്തിപ്പെടുത്തുവാൻ മൗനം പാലിക്കുക എന്ന കുറ്റകരമായ ഉദാസീനതയാണ് നേതൃത്വം അന്ന് കാണിച്ചത്. സഭാസമാധാനം കരഗതമായതിന്റെ ലഹരിയിൽ കർത്തവ്യങ്ങൾ പലതും വിസ്മൃതമായി. യോജിപ്പ് അനിവാര്യമായ ഒരു സാഹചര്യത്തിലുണ്ടായതാണെന്നും അതുവരെ കാതോലിക്കേറ്റിനെതിരായി മറുപക്ഷം ഉന്നയിച്ചിരുന്ന ഗൗരവതരമായ ആരോപണങ്ങൾ മനുഷ്യരുടെ മനസ്സിൽ പ്രതിഷേധമായി അടിഞ്ഞുകൂടി കിടക്കുന്നുണ്ടെന്നും ബോധപൂർവ്വമായ പ്രബോധനങ്ങൾ നൽകിയും തെറ്റായ ഉപദേശങ്ങളും രേഖകളും കീഴ്വഴക്കങ്ങളും നിർമ്മാർജ്ജനം ചെയ്തും സഭയുടെ ഭിത്തിയെ ബലപ്പെടുത്തുവാനുമുള്ള ശ്രമങ്ങൾ ഉണ്ടായില്ല. മാർ ഗ്രീഗോറിയോസും മാർ സേവേറിയോസും യഥാക്രമം അങ്കമാലി – കൊച്ചി ഭദ്രാസനങ്ങളിൽ ഭരണഘടന നടപ്പിലാക്കുവാൻ കല്പന

അയച്ചതു മാത്രമാണീ രംഗത്തു നടന്ന പ്രവർത്തനം. 1959 മാർച്ച് 3 ന് കരിങ്ങാച്ചിറ പള്ളിയിൽ നിന്ന് പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ അയച്ച 11-ാം നമ്പർ കല്പനയുടെ ഉള്ളടക്കം ശ്രദ്ധിക്കുക:

"ഇതേവരെ നമ്മുടെ സഭയ്ക്ക് ക്രമീകൃതമായ ഒരു ഭരണഘടന സാർവത്രികമായി നടപ്പിലില്ലായിരുന്നു. സമാധാനം കൈവന്ന ഈ ഘട്ടത്തിൽ നമ്മുടെ സഭയ്ക്ക് സുചിന്തിതമായി നിർമ്മിക്കപ്പെട്ട ഒരു ഭരണഘടന ലഭിച്ചിരിക്കുന്നു. മേലിൽ പള്ളികളുടെ ഭരണം സംബന്ധിച്ച് അതിലുള്ള വ്യവസ്ഥകൾ എല്ലായിടത്തും പാലിക്കപ്പെടണം. അതിലെ നിബന്ധനകൾക്ക് വിരുദ്ധമായ യാതൊരു നടപ്പുകളോ കീഴ്വഴക്കങ്ങളോ തുടർന്നുകൊണ്ടിരിപ്പാൻ പാടില്ല. ഭരണഘടന അനുസരിച്ച് നമ്മുടെ കൊച്ചി ഭദ്രാസനപ്പൊതുയോഗം അടുത്ത സൗകര്യത്തിൽ കൂടി ആവശ്യമായ തീർപ്പുകളും കൗൺസിൽ തെരഞ്ഞെടുപ്പും നടത്തുന്നതാണ്."

അങ്കമാലിയുടെ ഗ്രീഗോറിയോസ് മെത്രാച്ചൻ ഇപ്രകാരം കല്പനയെഴുതി: "..... ദൈവകൃപയാൽ സഭയിൽ സമാധാനം വന്നിരിക്കകൊണ്ടും സഭയുടെ ഏകീകരണത്തിനും അഭിവൃദ്ധിക്കും അത് ആവശ്യമാണെന്നുള്ളതുകൊണ്ട് കേന്ദ്രത്തിൽ നിന്ന് നമുക്ക് അയച്ചുകിട്ടിയിട്ടുള്ള ഭരണഘടന നടപ്പിൽ വരുത്തുന്നതിനായി അതിന്റെ ഒരു പ്രതി ഇത് സഹിതം അയയ്ക്കുന്നു. ... ഏതൊരു വ്യതിയാനവും പ്രാരംഭത്തിൽ പ്രയാസമെന്ന് തോന്നാമെങ്കിലും ശുഭാപ്തി വിശ്വാസത്തോടെ കൈകാര്യം ചെയ്യുമ്പോൾ നന്മയ്ക്കായി പരിണമിക്കുന്നതാണ്."

കാര്യങ്ങൾക്ക് നന്നായി തുടക്കമിട്ടുവെങ്കിലും അവയ്ക്കൊന്നിനും ഫോളോഅപ്പ് പ്രവർത്തനങ്ങൾ ഉണ്ടായില്ല. വൈദികരുടെ സ്ഥലംമാറ്റം നടപ്പിലായില്ല. ഇടവകപ്പട്ടക്കാർ എന്ന കീഴ്വഴക്കം റദ്ദാക്കപ്പെട്ടില്ല. സ്വന്തമായി ഭരണഘടനകളും നടപടിചട്ടങ്ങളും പിന്തുടർന്നു പോരുന്ന ഇടവകകളിൽ സഭാഭരണഘടനയ്ക്ക് വേണ്ടത്ര പ്രവേശനം ലഭിച്ചില്ല. ഭദ്രാസനതലത്തിലല്ലാതെ ഇടവകതലത്തിൽ ഭരണഘടനയുടെ തത്വങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാൻ ഫലപ്രദമായ നടപടികൾ യാതൊന്നും ഉണ്ടായില്ല. പല മുൻ പാത്രിയർക്കാ ഇടവകകളിലും കാതോലിക്കോസിന്റെ കല്പനയുടെ ശീർഷകവാക്യങ്ങൾ സ്ഥിരമായി വായിക്കാതെയായി. ഇതൊന്നും അത്ര കാര്യമായി ആരും പരിഗണിച്ചില്ല. സഭാസമാധാനത്തിന് ശേഷം സഭ പുലർത്തിയ ഉദാസീനതകളെയും അജാഗ്രതകളെയും കുറിച്ച് വൈദിക സെമിനാരിയിലെ മല്പാൻ ഫാ. എൻ. എ. യോഹന്നാൻ പ്രവാചകസഹജമായ ഉൾക്കാഴ്ചയോടെ എഴുതി:

".... സമാധാനം ഉണ്ടായിക്കഴിഞ്ഞു എന്ന് വിചാരിച്ച് ഇനിയുമൊന്നും ചെയ്യാനില്ലാത്തതുപോലെ നാം മൗനമായിരിക്കുകയല്ല വേണ്ടത്. അതു

പോലെ ലൗകികമായ സന്തോഷപ്രകടനങ്ങളിലും സ്വീകരണ സന്നാഹ ങ്ങളിലും മാത്രം നിമഗ്നരായി കഴിയുകയുമല്ല.... ഈ സമാധാനത്തിന്റെ അടിസ്ഥാനത്തിൽ മറ്റു സമുദായങ്ങൾക്കൂടി യോജിച്ച് ഏകയോഗമായ ഒരു ഭാരതീയസഭ രൂപമെടുക്കുകയാണെങ്കിൽ ഭാരതത്തിലേയ്ക്ക് കൊടു ക്കാവുന്നതിലേക്കും വലിയ സംഭാവനയായിരിക്കും അത്..... വിലയേറിയ ഒരു സന്ദർഭം കർത്താവ് തന്നിരിക്കുന്നു. ... സംഭവിച്ച കാര്യങ്ങൾക്ക് നാം നന്ദിയുള്ളവരും സംഭവിപ്പാനുള്ള കാര്യങ്ങൾക്ക് നാം സന്നദ്ധതയുള്ള വരും ആയിരിക്കണം...." (*മലങ്കരയുടെ പ്രവാചകൻ,* പു. 56). ".... ദൈവം സഭയെ രക്ഷിക്കട്ടെ. പ്രകടനങ്ങളും ജാഥകളും മുദ്രാവാക്യങ്ങളും കാണു കയും കേൾക്കുകയും ചെയ്യുമ്പോൾ എന്റെ ഉള്ള് നീറുകയാണ്. ഇതു കൊണ്ടൊന്നും സഭയെ കെട്ടിപ്പടുക്കുവാൻ സാധിക്കുകയില്ലെന്ന് ഇവർ മനസ്സിലാക്കുന്നില്ലല്ലോ.... അഗ്നിപർവതത്തിന്റെ മുകളിലത്തെ ഉദ്യാനം പോലെ ചിലതെല്ലാം കണ്ട് ഏതൊക്കെയോ നേടി എന്ന് ആശ്വസിക്കാ മെങ്കിലും അന്തർഭാഗം വെന്തുരുകുകയാണെന്ന് അനേകർക്ക് അറിയാൻ പാടില്ല' (*ദാർശികനായ കർമ്മയോഗി,* പു. 12). മല്പാനച്ചന്റെ (യൂഹാ നോൻ മാർ സേവേറിയോസ്) ഈ പ്രവാചകോചിതമായ നിരീക്ഷണം നേതൃതലത്തിൽ ഔദ്യോഗികമായിത്തന്നെ പരിഹസിക്കപ്പെട്ടു.

അസംതൃപ്ത വിഭാഗത്തിന്റെ പുളിച്ചുതേട്ടലിന്റെ ബഹിർഗ്ഗമനമായി രുന്നു അന്ത്യോഖ്യൻ മൂവ്മെന്റ്. പൗലൂസ് പീലക്സീനോസ് അതിന് നേതൃത്വം നൽകി. പാത്രിയർക്കീസ് ചില സൂചനകൾ കൊണ്ട് ആ നീക്കത്തെ ആശീർവദിച്ചു. തന്റെ മുൻ പ്രതിജ്ഞാപത്രം പീലക്സീനോസ് പരസ്യമായി പിൻവലിച്ചു. കാതോലിക്കായുടെ വിശദീകരണ നോട്ടീസിന് ധിക്കാരപൂർവ്വം മറുപടി നൽകിയതോടെ പൗലൂസ് പീലക്സീനോസ് 1960 ഏപ്രിൽ 27 ലെ സുന്നഹദോസിൽ വിചാരണയ്ക്കായി ക്ഷണിക്കപ്പെട്ടു. അദ്ദേഹം ഹാജരായില്ല. സിനഡു തീരുമാനപ്രകാരം 1960 ജൂൺ 17 ന് അദ്ദേഹത്തെ മുടക്കിക്കൊണ്ട് കാതോലിക്കാ സർക്കുലർ പുറപ്പെടുവിച്ചു. ഏറെ താമസിയാതെ അദ്ദേഹം പാത്രിയർക്കീസിനെ സന്ദർശിച്ചു. ഉടനെ നടപടിയൊന്നും ഉണ്ടായില്ല.

ഏലിയാസ് മാർ യൂലിയോസ് 1962 ഫെബ്രുവരി 19 നും (മഞ്ഞിനി ക്കര) പൗലൂസ് മാർ സേവേറിയോസ് 1962 മാർച്ച് 17 നും (ആർത്താറ്റ് പുത്തൻപള്ളി) ദിവംഗതരായി.

1961 സെപ്റ്റംബറിൽ ഗ്രീക്ക് ഓർത്തഡോക്സ് സഭകളുടെ എക്യുമെ നിക്കൽ പാത്രിയർക്കീസ് വിളിച്ചുകൂട്ടിയ റോഡ്സ് പാൻ ഓർത്തഡോക്സ് കോൺഫ്രൻസിൽ മലങ്കരസഭയിൽ നിന്ന് ഒരു പ്രതിനിധിസംഘം പങ്കെ ടുത്തു. 1961-ൽ ഡൽഹിയിൽ സമ്മേളിച്ച സഭകളുടെ ലോക സമ്മേളന ത്തിൽ സഭയുടെ സജീവമായ പങ്കാളിത്തവും നേതൃത്വവും ഉണ്ടായിരു

ന്നു. വിദേശ സഭാപ്രതിനിധികൾ ഡൽഹി സമ്മേളനങ്ങൾക്ക് ശേഷം മലങ്കരസഭയെ ഔപചാരികമായി സന്ദർശിക്കുകയും ചെയ്തു. സൈപ്രസ് പ്രസിഡന്റ് ആർച്ച് ബിഷപ്പ് മക്കാറിയോസ് 1962 നവംബറിൽ കാതോലിക്കോസിനെ സന്ദർശിച്ചു.

രഹസ്യ പ്രാർത്ഥന, സഹദേന്മാരുടെ ചരിത്രം, പറുദൈസാ, മാർ യൂഹാനോൻ മാംദാന എന്നീ ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തിയ മൂന്നാം കാതോലിക്കാ അനുയോജ്യരായ വിദഗ്ദ്ധർ അടങ്ങിയ ഒരു സംഘത്തെ സ്വന്തം സഹായത്തിന് പ്രയോജനപ്പെടുത്തിയിരുന്നു. പാറേട്ട് മാർ ഈവാനിയോസ്, തോമ്മാ മാർ ദീവന്നാസ്യോസ്, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, നരിമറ്റത്തിൽ യോഹന്നാൻ മല്പാൻ, ഫാ. കെ. ഫീലിപ്പോസ് എന്നിവർ ആ സംഘത്തിലെ പ്രധാനികൾ ആയിരുന്നു.

1962 മേയ് 17 ന് ചേർന്ന നിരണം അസോസ്യേഷൻ പിൻഗാമിയായി ഔഗേൻ മാർ തീമോത്തിയോസിനെ തെരഞ്ഞെടുത്തു. വടക്കൻ പ്രദേശത്തോടുള്ള അവഗണന, പാത്രിയർക്കീസ് ഭാഗത്തോടുള്ള അവഗണന എന്നീ വിരുദ്ധചിന്തകളെ മൗനമാക്കുവാൻ ഈ തെരഞ്ഞെടുപ്പിന് കഴിഞ്ഞു. സംഭവബഹുലമായ ഒമ്പത് പതിറ്റാണ്ടുകൾ സഭയുടെ നാനാവിധമായ അനുകൂല പ്രതികൂല സംഭവങ്ങൾക്ക് സാക്ഷിയും നായകനുമായിരുന്ന ആ മഹാപുരോഹിത തേജസ്സ് 1964 ജനുവരി 3 ന് ഈ ലോകത്തിൽ നിന്ന് അന്തർദ്ധാനം ചെയ്തു. താൻ ആരംഭിച്ച് ആദ്യഘട്ടം മാത്രം പണിപൂർത്തിയായ ദേവലോകം അരമനയിലെ കബർമുറിയിൽ അദ്ദേഹം കബറടങ്ങി. ചില അപശകുനങ്ങൾ അങ്ങിങ്ങ് കാണപ്പെട്ടിരുന്നതും പൗലൂസ് പീലക്സീനോസ് മുടക്കപ്പെട്ടതുമായ സംഭവങ്ങൾ മാറ്റിനിർത്തിയാൽ സാമാന്യേന, താരതമ്യേന സമാധാന കാലാവസ്ഥയിൽ ജീവിതത്തിന്റെ അന്ത്യനാളുകൾ കഴിച്ചുകൂട്ടുവാൻ അദ്ദേഹത്തിന് ഭാഗ്യമുണ്ടായി. 1874 ജൂൺ 16 മുതൽ 1964 ജനുവരി 3 വരെ ഏതാണ്ട് തൊണ്ണൂറ് വർഷം അദ്ദേഹം ജീവിച്ചു.

## മൂന്നാം കാതോലിക്കാ: ജീവചരിത്രം ഒറ്റനോട്ടത്തിൽ

1874 ജൂൺ 16 ന് കുറിച്ചി കല്ലാശ്ശേരി ഉലഹന്നാൻ – ആച്ചിയമ്മ ദമ്പതികളുടെ മകനായി പുന്നൂസ് ജനിച്ചു. 1890 ജൂൺ 1 ന് കടവിൽ അത്താനാസ്യോസ് കോറൂയോ സ്ഥാനം നൽകി. 1892 ഏപ്രിൽ 25 ന് കടവിൽ അത്താനാസ്യോസ് പൂർണ്ണ ശെമ്മാശ്ശനാക്കി. 1898 നവം. 24 ന് ചാത്തുരുത്തിൽ മാർ ഗ്രിഗോറിയോസ് റമ്പാനാക്കി. 1911 സെപ്തം. 7. ന് എം. ഡി. അസോസ്യേഷൻ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1912 സെപ്തം. 8 ന് അബ്ദുൽ മശിഹാ ബാവായിൽ നിന്ന് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാൻ സ്ഥാനമേറ്റു.

1929 ഫെബ്രു. 15 ന് കോട്ടയം ഏലിയാ ചാപ്പലിൽ വച്ച് കാതോലിക്കാ സ്ഥാനമേറ്റു. 1934 ഡിസം. 26. കോട്ടയം എം. ഡി. അസോസ്യേഷൻ മലങ്കര മെത്രാപ്പോലീത്തായായി തിരഞ്ഞെടുത്തു. 1964 ജനു. 3. കാലം ചെയ്തു. ദേവലോകത്തു കബറടക്കി.

1932 ഏപ്രിൽ 22, 1951 ഏപ്രിൽ 20 എന്നീ തീയതികളിൽ കോട്ടയം പഴയസെമിനാരിയിൽ വച്ച് മൂറോൻ കൂദാശ.

**മേല്പട്ടക്കാരെ വാഴിച്ചു**

സെപ്തം. 15. നിരണം ഒന്നാം കാതോലിക്കാവാഴ്ച. സഹകാർമ്മികൻ.

1913 ഫെബ്രു. 9. കാരുചിറ ഗ്രീഗോറിയോസ്, യൂയാക്കീം ഈവാനിയോസ്. ചെങ്ങന്നൂർ – സഹകാർമ്മികൻ.

1925 ഏപ്രിൽ 30. രണ്ടാം കാതോലിക്കാ സ്ഥാനാരോഹണം. സഹകാർമ്മികൻ. നിരണം.

1925 മെയ് 1. ബഥനി ഈവാനിയോസ്. നിരണം. സഹകാർമ്മികൻ.

1929 ഫെബ്രു. 15. ഏലിയാ ചാപ്പൽ. ബഥനി ഈവാനിയോസ്. മെത്രാപ്പോലീത്താ സ്ഥാനം. പ്രധാന കാർമ്മികൻ.

1929 ഫെബ്രു. 16. പാമ്പാടി ഗ്രീഗോറിയോസ്, ബഥനി തെയോഫിലോസ്. ഏലിയാചാപ്പൽ. പ്രധാന കാർമ്മികൻ.

1930 നവം. 3. പുത്തൻകാവ് പീലക്സീനോസ്. എപ്പിസ്ക്കോപ്പാ. പരുമല. പ്രധാന കാർമ്മികൻ.

1933 മെയ് 25. വാളക്കുഴി സേവേറിയോസ് എപ്പിസ്ക്കോപ്പാ. തിരുവല്ല, ബഥനി. പ്രധാന കാർമ്മികൻ.

1934 ജൂൺ 1. മാർ ഗ്രീഗോറിയോസ്, മാർ പീലക്സീനോസ്, മാർ സേവേറിയോസ് – മെത്രാപ്പോലീത്തന്മാർ. പഴയസെമിനാരി.

1938 ഏപ്രിൽ 7. തേവോദോസ്യോസ് എപ്പിസ്ക്കോപ്പാ. കണ്ടനാട് കർമ്മേൽ.

1940 മെയ് 6. മാർ ദീവന്നാസ്യോസ് എപ്പിസ്ക്കോപ്പാ. പുതിയകാവ് പള്ളി.

1941 ഏപ്രിൽ 8. തേവോദോസ്യോസ്, ദീവന്നാസ്യോസ് – മെത്രാപ്പോലീത്താസ്ഥാനം. ആലുവാ യു. സി. കോളജ് ചാപ്പൽ.

1953 മെയ് 15. ഒസ്താത്തിയോസ്, ഈവാനിയോസ്, അത്താനാസ്യോ

സ്, പീലക്സീനോസ്, കൂറിലോസ് എപ്പിസ്ക്കോപ്പന്മാർ മാർ ഏലിയാ ചാപ്പൽ.

1959 ജൂലൈ 12. കോട്ടയം പഴയസെമിനാരി. 5 പേരെയും മെത്രാപ്പോലീത്തന്മാരാക്കി.

1942 ഒക്ടോ. 9. ഔഗേൻ തീമോത്തിയോസ് കാതോലിക്കേറ്റിൽ ചേർന്നു.

1958. ഡിസം. 16. മാർ ഗ്രീഗോറിയോസ്, മാർ സേവേറിയോസ്, മാർ ക്ലീമ്മീസ്, മാർ പീലക്സീനോസ് എന്നിവർ കാതോലിക്കേറ്റിൽ ചേർന്നു.

## B. നാലാം കാതോലിക്കാ

പാലൂർ - ചാട്ടുകുളങ്ങര ഇടവകയിൽ നിന്ന് കുടിയേറിപ്പാർത്ത വെങ്ങോല തുരുത്തി ചേട്ടാകുളത്തുംകര അബ്രഹാം കത്തനാരുടെയും പുത്തൻകുരിശിൽ അന്നാമ്മയുടെയും രണ്ടാമത്തെ പുത്രനായി 1884 ജൂൺ 26 ന് ജനിച്ച മത്തായി കോനാട്ട് മാത്തൻ മല്പാന്റെ കീഴിൽ സുറിയാനി അഭ്യസിച്ച് കടവിൽ അത്താനാസ്യോസിൽ നിന്ന് ആദ്യ പട്ടമേറ്റ് കോട്ടയം എം. ഡി. ഹൈസ്കൂളിൽ പഠിച്ചു. 1905-ൽ സ്ലീബാ ശെമ്മാശനോടൊപ്പം അസ്സീറിയായിൽ ചെന്ന് പൂർണ്ണശെമ്മാശനായി. തുറബ്ദീനിലെ ഔഗേൻ ദയറായിൽവച്ച് അദ്ദേഹം ഔഗേൻ എന്ന പേർ സ്വീകരിച്ചു. പുരാതന സുറിയാനി ഗ്രന്ഥങ്ങൾ വായിച്ച് പഠിച്ച് ഗവേഷണം നടത്തി. 1908-ൽ അബ്ദുള്ളാ ബാവായിൽനിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു; അങ്ങനെ ശർവോയോ റമ്പാനായി പഠനം തുടർന്നു. അബ്ദുൾ മശിഹാ - അബ്ദുള്ളാ ബാവാമാരെപ്പറ്റി യഥാർത്ഥ വിവരങ്ങൾ ഇദ്ദേഹം മുഖേന മലങ്കരസഭ യഥാസമയം അറിഞ്ഞു. സ്ലീബാ ഒസ്താത്തിയോസ് റമ്പാച്ചന് കശീശ്ശാപട്ടം നൽകി (കോട്ടയം ചെറിയപള്ളി). അബ്ദുള്ളാ, ഒസ്താത്തിയോസ് എന്നിവരുടെ ദ്വിഭാഷിയായി വർത്തിച്ചു. നിരണത്തെ പ്രഥമ കാതോലിക്കാ വാഴ്ചയിൽ പങ്കെടുത്തു. വടകര കേന്ദ്രമാക്കി സുവിശേഷ വേലയ്ക്ക് നേതൃത്വം നൽകി. പിൽക്കാല സ്ലീബാദാസ സമൂഹ സ്ഥാപനത്തിന്റെ പശ്ചാത്തലമായിരുന്നു ഈ സുവിശേഷവേല. വടകര ഇംഗ്ലീഷ് സ്കൂൾ റമ്പാച്ചന്റെ പ്രയത്നഫലമാണ്.

കോടനാട് ചെട്ടിനട സീയോൻ ആശ്രമം, പള്ളി, ഔഗേൻ ഹൈസ്കൂൾ, പിറവം സെമിനാരി സ്കൂൾ, കോലഞ്ചേരി ഹൈസ്കൂൾ എന്നിവയും അദ്ദേഹത്തിന്റെ പ്രയത്നഫലമാണ്.

ഏലിയാസ് തൃതീയൻ അദ്ദേഹത്തെ 1927 മെയ് 15 ന് യെരുശലേമിലെ മർക്കോസിന്റെ ദയറായിൽ വച്ച് തീമോത്തിയോസ് എന്ന പേരിൽ വാഴിച്ച് കണ്ടനാടിന്റെ മെത്രാനായി നിയമിച്ചു. പിറവം സെമിനാരിയിലും പിന്നീട് മുവാറ്റുപുഴ അരമന പണിയിച്ച് അവിടെയും താമസിച്ചു. കാതോലിക്കേ

റ്റിൽ ലയിച്ചശേഷം കോട്ടയം വൈദികസെമിനാരിയിൽ പ്രിൻസിപ്പൽ ആയി. തുമ്പമൺ പീലക്സീനോസ് മെത്രാച്ചൻ അന്തരിച്ചപ്പോൾ അതിന്റെ ചുമതലയുമായി പത്തനംതിട്ടയിൽ താമസിച്ചു.

1958-ൽ സഭ യോജിച്ചുവെങ്കിലും പാത്രിയർക്കീസിന്റെ കൈവെപ്പിൽ ദിവ്യത്വം കണ്ടിരുന്ന കുറെപ്പേർ അതിനെ വൈമനസ്യത്തോടെയാണ് സ്വീകരിച്ചത്. പുതിയ കാതോലിക്കായെ വാഴിക്കേണ്ടി വന്നപ്പോൾ ഭരണ ഘടനയിലെ വ്യവസ്ഥപ്രകാരം പാത്രിയർക്കീസിനെ ക്ഷണിച്ചു. അദ്ദേഹം വരികയും ചെയ്തു. വൈദ്യൻ കല്പിച്ചതും രോഗി ഇച്ഛിച്ചതും ഒന്നെന്ന മട്ടിൽ യാക്കോബ് തൃതീയൻ അദ്ധ്യക്ഷനായ മലങ്കര സുന്നഹദോസ് അദ്ദേ ഹത്തെ നാലാം കാതോലിക്കാ ആയി 1964 മെയ് 22 ന് കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ച് സ്ഥാനാരോഹണം ചെയ്യിച്ചു. സഭായോജിപ്പിനെപ്പറ്റി അവശേഷിച്ച ഉത്ക്കണ്ഠകൾ എല്ലാവരിൽനിന്നും മാറി. പാത്രിയർക്കീസ് ബാവായുടെ പങ്കാളിത്തം കാതോലിക്കാവാഴ്ചയിൽ ഉണ്ടാകുമെന്ന് ഉറ പ്പായതോടെ പൗലൂസ് പീലക്സീനോസ് നിലപാടുകൾ മാറ്റി. അന്ത്യകല്പ നയിൽ മൂന്നാം കാതോലിക്കോസ് പ്രവചിച്ചതുപോലെ അദ്ദേഹം സ്വസ ഹോദര മെത്രാന്മാരുടെ സംഘത്തിൽ തിരിച്ചുവരാൻ ആഗ്രഹം പ്രകടി പ്പിച്ചു. സുന്നഹദോസ് അദ്ദേഹത്തെ സ്വീകരിച്ച് കണ്ടനാടിന്റെ പൂർണ്ണ ചുമതല വിശ്വാസപൂർവം ഭരമേല്പിക്കുകയും ചെയ്തു.

1958-ലെ സുന്നഹദോസ് നീങ്ങിയ വഴിയിലൂടെ 1964-ന് ശേഷവും സുന്നഹദോസ് ഉദാസീനമായി നീങ്ങി. 1958-വരെ തല്ക്കാല വിജയ ങ്ങൾക്കുവേണ്ടിയും കോടതിയാവശ്യങ്ങൾക്കുവേണ്ടിയും കാനോൻ, പട്ടത്വം തുടങ്ങിയ കാര്യങ്ങളിൽ ചെയ്തുകൂട്ടിയ കൃത്രിമങ്ങൾ, അസത്യ പ്രസ്താവനകൾ എന്നിവ ഇരുഭാഗങ്ങൾക്കും മെത്രാന്മാരുടെ യോജിച്ച ഉത്തരവാദിത്വത്തിൽ പൊളിച്ചെഴുത്തു നടത്തുകയും അവയുടെ നിജ സ്ഥിതി ജനങ്ങളെ അറിയിക്കുകയും ചെയ്യാൻ ആരും തുനിഞ്ഞില്ല. ആക മാന സുറിയാനിസഭ, സിംഹാസനം, മുടക്ക്, വ്യർത്ഥൻ എന്നിങ്ങനെ അര നൂറ്റാണ്ടുകാലം പാടിനടന്ന വ്രണങ്ങൾ പട്ടുശീലകൾകൊണ്ട് മുറുക്കിക്കെ ട്ടിയാൽ സുഖപ്പെട്ടുകൊള്ളുമെന്ന് സഭാനേതൃത്വം തെറ്റിദ്ധരിച്ചു.

സഭാ സമാധാന പശ്ചാത്തലം ക്രിയാത്മകമായി പ്രയോജനപ്പെടുത്തു വാൻ ചില കർമ്മപരിപാടികൾക്ക് ആരംഭം കുറിച്ചു. ഒരു പ്ലാനിംഗ് കമ്മിറ്റി പ്രവർത്തനത്തിൽ വന്നു. 1963 ജൂലൈ മാസത്തിൽ റഷ്യയിലെ അല ക്സിസ് പാത്രിയർക്കീസിന്റെ മെത്രാൻസ്ഥാനാഭിഷേക കനകജൂബിലി യിൽ മാത്യൂസ് അത്താനാസ്യോസ്, ദാനിയേൽ പീലക്സീനോസ് എന്നി വർ പങ്കെടുത്തു. കാതോലിക്കേറ്റ് സെൻട്രൽ ഓഫീസ് കാര്യക്ഷമമാക്കാൻ തീരുമാനമായി. എം. ഡി. സെമിനാരി വളപ്പിൽ കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കാൻ തീരുമാനമായി. ഭരണകാര്യക്ഷമതയ്ക്കായി 1963 സെപ്റ്റം

ബറിൽ എപ്പിസ്കോപ്പൽ കൗൺസിൽ രൂപം കൊണ്ടു. റൂൾ കമ്മിറ്റി നിയമിതമായി. അങ്കമാലിയുടെ മാർ ഗ്രീഗോറിയോസിനെയും കണിയാമ്പറമ്പിൽ കുരിയൻ കോറിയേയും യഥാക്രമം സണ്ടേസ്കൂളിന്റെ പ്രസിഡണ്ടും ഡയറക്ടർ ജനറലും ആയി നിയമിച്ചു. ഫാ. കെ. ഡേവിഡ് പബ്ലിക്കേഷൻ ഓഫീസർ ആയി.

1964 ഡിസംബറിൽ കത്തോലിക്കാ സഭയുടെ ദിവ്യകാരുണ്യ കോൺഗ്രസ് ബോംബെയിൽവച്ച് നടന്നു. അവിടെയെത്തിയ പോൾ ആറാമൻ മാർപ്പാപ്പായുടെ അഭിലാഷപ്രകാരം ഔഗേൻ കാതോലിക്കാ 1964 ഡിസംബർ 3 ന് ബോംബെയിലെ കർദ്ദിനാൾ വലേറിയൻ ഗ്രാഷ്യസിന്റെ അരമനയിൽവച്ച് മാർപാപ്പായുമായി ഔദ്യോഗിക സന്ദർശനം നടത്തി. രണ്ട് ശ്ലൈഹിക സഭാതലവന്മാരുടെ ഈ പൗരസ്ത്യ - പാശ്ചാത്യ സംഗമത്തിന്റെ പ്രധാന അണിയറ പ്രവർത്തകൻ ഫാ. കെ. പീലിപ്പോസ് (പിന്നീട് മാർ തെയോഫിലോസ്) ആയിരുന്നു.

1965 ജനുവരിയിൽ ഓർത്തഡോക്സ് സഭാ തലവന്മാരുടെ ഒരു സുന്നഹദോസ് ഹെയ്‌ലി സലാസി ചക്രവർത്തി എത്യോപ്യായിലെ അഡിസ് അബാബയിൽ വിളിച്ചു കൂട്ടി. ചക്രവർത്തിയോട് സന്ദർശനവേളയിൽ മുൻ കാതോലിക്കാ വെളിപ്പെടുത്തിയ അഭിലാഷം നിറവേറുകയായിരുന്നു. സിറിയൻ സഭയുടെ തലവനായ അന്ത്യോഖ്യാ പാത്രിയർക്കീസ് തുടങ്ങിയ ദേശീയ സഭാതലവന്മാരോടൊന്നിച്ച് ഇന്ത്യൻ ദേശീയ സഭയുടെ തലവൻ എന്ന നിലയിൽ പൗരസ്ത്യ കാതോലിക്കായും പങ്കെടുത്തു. സിനഡ് സിക്രട്ടറി ദാനിയേൽ പീലക്സീനോസ്, പൗലൂസ് പീലക്സീനോസ്, ഫാ. ടി. സി. ജേക്കബ്, ഫാ. ടി. പോൾ വർഗീസ്, ഫാ. ഡോ. വി. സി. ശാമുവേൽ, ഫാ. ഡോ. കെ. സി. ജോസഫ് എന്നിവർ ഔഗേൻ ബാവായുടെ പ്രതിനിധി സംഘത്തിലുണ്ടായിരുന്നു. ഫാ. ടി. പോൾ വർഗീസ്, ഫാ. ഡോ. വി. സി. ശാമുവേൽ എന്നിവർ മുഖ്യ സംഘാടകരായിരുന്ന ഈ സിനഡ് ജനുവരി 15 മുതൽ പല സെഷനുകളായി നടന്നു.

കോപ്റ്റിക് സഭയുടെ കേന്ദ്രങ്ങൾ, യെരുശലേം, ഡമാസ്കസ്, ഹോംസ്, ആലപ്പോ തുടങ്ങിയ കേന്ദ്രങ്ങൾ സംഘം സന്ദർശിച്ചു. മൂസലിൽ സെന്റ് തോമസ് പള്ളിയിൽ സൂക്ഷിച്ചിരുന്ന മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് പാത്രിയർക്കീസ്, കാതോലിയ്ക്കായ്ക്ക് കൈമാറി. അത് ബാവാ ദേവലോകത്ത് സ്ഥാപിച്ചു. സുന്നഹദോസിന്റെ തീരുമാനപ്രകാരം ഓറിയന്റൽ ഓർത്തഡോക്സ് സഭകൾക്ക് പൊതുവായി സണ്ടേസ്കൂൾ പാഠാവലികൾ സജ്ജീകരിക്കുവാൻ ഫാ. പോൾ വർഗീസിന്റെ (പിന്നീട് മാർ ഗ്രീഗോറിയോസ്) ചുമതലയിൽ ഒരു കമ്മിറ്റി രൂപീകരിച്ചു (ആ കരിക്കുലം കമ്മിറ്റി നിർദ്ദേശിച്ച കരിക്കുലം അടിസ്ഥാനമായി തയാറാക്കിയ പാഠപുസ്തകമാണ് മലങ്കരസഭയിൽ ഇപ്പോൾ ഉപയോഗിക്കുന്നത്).

മാർ ഏലിയാ ചാപ്പൽ പൗരസ്ത്യകാതോലിക്കായുടെ ഔദ്യോഗിക കത്തീഡൽ ആയി ബാവാ 1966 മാർച്ചിൽ പ്രഖ്യാപിച്ചു. മാർച്ച് 24 ന് അസോസ്യേഷൻ സെക്രട്ടറിയായി പി. സി. ഏബ്രഹാം തെരഞ്ഞെടുക്കപ്പെട്ടു.

1966 ആഗസ്റ്റ് 6-ാം തീയതി കൊല്ലം ഇടവകയുടെ അലക്സിയോസ് മാർ തേവോദോസ്യോസ് കാലം ചെയ്ത് പെരുനാട് ബഥനി ആശ്രമത്തിൽ കബറടങ്ങി. അങ്കമാലിയുടെ മാർ ഗ്രീഗോറിയോസ് നവംബർ 6 ന് കാലം ചെയ്തു തൃക്കുന്നത്തു സെമിനാരിയിൽ കബറടങ്ങി.

1965 ഫെബ്രുവരി 1 മുതൽ വൈദികസെമിനാരി ഒരു ബി. ഡി. കോളജായി സെറാമ്പൂർ സർവകലാശാലയോട് അഫിലിയേറ്റു ചെയ്തു. കാതോലിക്കാ ദിനം സഭാദിനമായി ആഘോഷിക്കുവാൻ തുടങ്ങി. 1964-ൽ തന്നെ കോലഞ്ചേരിയിൽ മലങ്കര മെഡിക്കൽ മിഷന്റെ പ്രവർത്തനം ആരംഭിച്ചു. 1965 ഡിസംബർ 28 ന് കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ മെത്രാൻ സ്ഥാനത്തേക്ക് ഫാ. കെ. ഫീലിപ്പോസ്, ഫാ. എൻ. എ. യോഹന്നാൻ മല്പാൻ, ഫാ. സി. ടി. തോമസ്, ഫാ. ടി. പോൾ വർഗ്ഗീസ്, ഫാ. എം. വി. ജോർജ് എന്നിവരെ തെരഞ്ഞെടുത്തു (ഫാ. സി. എം. തോമസ്, ഫാ. പി. എം. ഗീവറുഗ്ഗീസ് എന്നീ പാത്രിയർക്കീസ് ഭാഗത്തെ സ്ഥാനാർത്ഥികൾ വോട്ടെടുപ്പിൽ പരാജയപ്പെട്ടു).

രാജിവച്ച മണലിൽ അച്ചന് പകരം റ്റി. എസ്. ഏബ്രഹാം കോറിയെ വൈദികട്രസ്റ്റിയായി തെരഞ്ഞെടുത്തു (മുൻ കാതോലിക്കാമാരും മലങ്കര മെത്രാന്മാരും ചെയ്തിരുന്നതിൽ നിന്നു വ്യത്യസ്തമായി കണക്കില്ലാതെ കൈമുത്തായും മറ്റും ലഭിക്കുന്ന വൻ തുകകൾ സഭയുടെ സ്വത്തായി പരിഗണിക്കാതെ സ്വന്ത ഇഷ്ടപ്രകാരം ചെലവഴിക്കുവാൻ പുതിയ കാതോലിക്കാ തുടങ്ങിയതിനോടുള്ള പ്രതിഷേധമായാണ് വൈദികട്രസ്റ്റി രാജി വച്ചതെന്ന് അദ്ദേഹം പില്ക്കാലത്ത് തുറന്ന് പറഞ്ഞിട്ടുണ്ട്).

സിനഡിന്റെ അംഗീകാരം ലഭിച്ച മൂന്ന് മെത്രാൻ സ്ഥാനാർത്ഥികളെ മാർ തെയോഫിലോസ്, മാർ സേവേറിയോസ്, മാർ തീമോത്തിയോസ് എന്നീ പേരുകൾ നൽകി 1966 ഓഗസ്റ്റ് 24 ന് കോലഞ്ചേരി പള്ളിയിൽവച്ച് ഔഗേൻ ബാവാ പ്രധാന കാർമ്മികനായ സുന്നഹദോസ് മെത്രാന്മാരായി വാഴിക്കുകയും അവരെ യഥാക്രമം അങ്കമാലി, കൊച്ചി, മലബാർ എന്നീ മെത്രാസനങ്ങളിൽ നിയമിക്കുകയും ചെയ്തു.

അസോസ്യേഷൻ തെരഞ്ഞെടുത്ത ഫാ. പോൾ വറുഗ്ഗീസ്, ഫാ. എം. വി. ജോർജ്, എന്നിവർക്ക് അംഗീകാരം നൽകാതിരുന്ന സുന്നഹദോസിന്റെ നിലപാട് പല സ്ഥലങ്ങളിലും പ്രതിഷേധത്തിന് വഴിയൊരുക്കി. അസോ

സ്യേഷനും സിനഡും തമ്മിൽ അകലുകയാണോ എന്നു പോലും സംശയിച്ചു. ഈ പശ്ചാത്തലത്തിലാണ് നിയുക്ത കാതോലിക്കായെ തെരഞ്ഞെടുക്കുന്നതിനെപ്പറ്റി ചില ആലോചനകൾ ഉണ്ടായത്. കാതോലിക്കായുടെ അസിസ്റ്റന്റ് ആയി ദാനിയേൽ മാർ പീലക്സീനോസ് നിയമിക്കപ്പെട്ടതോടെ അദ്ദേഹത്തിന് മുൻതൂക്കം കൈവന്നു. കാതോലിക്കാ പക്ഷത്ത് അടിയുറച്ചു നിന്ന മാർ പീലക്സീനോസ് മാർ അത്താനാസ്യോസ് എന്നിവരായിരുന്നു സ്ഥാനാർത്ഥികൾ. ഒരു മത്സരത്തിന്റെ സാദ്ധ്യതകൾ തെളിഞ്ഞുവന്നു. ഇതോടെ പാത്രിയർക്കീസ് കോട്ടകളെ സ്വാധീനിക്കുവാൻ പ്രത്യക്ഷമായും പരോക്ഷമായും ശ്രമങ്ങൾ നടന്നു. 1934-ലെ ഭരണഘടനയിൽ പാത്രിയർക്കീസ് എന്നു പരാമർശിച്ച ഭാഗങ്ങളിലെല്ലാം അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന് അനധികൃതമായി തിരുത്തി ഭരണഘടനയുടെ പുതിയ പതിപ്പുകൾ അച്ചടിച്ച് വിതരണം ചെയ്തത് മുൻ പാത്രിയർക്കാ ഭദ്രാസനങ്ങളുടെ പിന്തുണ ഉറപ്പാക്കുവാൻ സഹായിച്ചു. അസോസ്യേഷൻ തെരഞ്ഞെടുത്തിട്ടും സിനഡിൽ തങ്ങളെ കഠിനമായി എതിർത്ത ദാനിയേൽ മാർ പീലക്സീനോസ് വിജയിക്കരുതെന്ന് ഫാ. പോൾ വർഗ്ഗീസും ഫാ. എം. വി. ജോർജും ആഗ്രഹിച്ചെങ്കിൽ അവരെ കുറ്റപ്പെടുത്താനാവില്ല. മഞ്ഞനിക്കര കബറിൽ ശുശ്രൂഷകനായി വന്ന് ക്രമേണ ഡലിഗേറ്റായി പ്രവർത്തിച്ചുവന്ന അപ്രേം ആബൂദി റമ്പാൻ മാർ അത്താനാസ്യോസിന്റെ അനുകൂല നിലപാടുകളെ പിന്താങ്ങി. പില്ക്കാലത്ത് പാത്രിയർക്കീസ് ഭാഗത്തെ എഴുത്തുകാർ മാർ അത്താനാസ്യോസ് പാത്രിയർക്കീസ് അനുഭാവിയായി അഭിനയിക്കുകയായിരുന്നു എന്ന് കുറ്റപ്പെടുത്തിയിട്ടുണ്ട്.

ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കായുടെ കാലം മുതൽ കാതോലിക്കായുടെ അസിസ്റ്റന്റ് പദവി വഹിച്ചിരുന്ന ദാനിയേൽ പീലക്സീനോസിനെ അന്നത്തെ സീനിയർ മെത്രാൻ തോമ്മാ മാർ ദീവന്നാസ്യോസ് പരസ്യമായി അനുകൂലിച്ചതോടെ ഗ്രൂപ്പ് ധ്രുവീകരണം ദ്രുതഗതിയിലായി.

1967 ഡിസംബർ 21 ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് ഔഗേൻ കാതോലിക്കാ വി. മൂറോൻ കൂദാശ നിർവഹിച്ചു.

നിയുക്ത കാതോലിക്കായുടെ തെരഞ്ഞെടുപ്പ് ഗ്രൂപ്പ് വടംവലിയുടെ വേദിയാകുമെന്ന് ഉറപ്പായപ്പോൾ മേല്പട്ടക്കാർ പരുമലയിൽ യോഗം കൂടി. തോമ്മാ ദീവന്നാസ്യോസ്, മാർ ഈവാനിയോസ്, മാർ സേവേറിയോസ്, മാർ തീമോത്തിയോസ് എന്നീ മേല്പട്ടക്കാർ ദാനിയേൽ മാർ പീലക്സീനോസിനെയും ഏബ്രഹാം മാർ ക്ലീമ്മീസ്, പൗലൂസ് മാർ പീലക്സീനോസ്, ഫിലിപ്പോസ് മാർ തെയോഫിലോസ് എന്നിവർ മാർ അത്താനാസ്യോസിനെയും അനുകൂലിച്ചു. ഭൂരിപക്ഷം സംശയാതീതമായി വ്യക്തമായപ്പോൾ തങ്ങളുടെ മെത്രാസനങ്ങൾ അത്താനാസ്യോസിനെ പിന്തുണയ്ക്കു

ന്നതായി അങ്കമാലി – ക്നാനായ മെത്രാച്ചന്മാർ പ്രസ്താവിച്ചു. ഇതോടെ മാർ ദാനിയേൽ പീലക്സീനോസ് മത്സരരംഗം ഒഴിവാക്കുവാൻ തന്റെ നാമനിർദ്ദേശ പത്രിക പിൻവലിക്കുകയാണെന്ന് വികാരനിർഭരമായ ഭാഷയിൽ പ്രഖ്യാപിച്ചു (ഫാ. എം. ഒ. ജോൺ, മലങ്കരസഭാദീപം, 2006 ജൂലൈ 1–16). 1970 ഡിസംബർ 31 ന് കോട്ടയം എം. ഡി. സെമിനാരിയിൽ കൂടിയ അസോസ്യേഷൻ, മാർ അത്താനാസ്യോസിനെ ഏകകണ്ഠമായി നിയുക്ത കാതോലിക്കാ ആയി തെരഞ്ഞെടുക്കുകയും ചെയ്തു. അതോടെ ഉപരിതലത്തിൽ ശാന്തത അനുഭവപ്പെട്ടുവെങ്കിലും അന്തർഭാഗത്ത് ചില അസ്വസ്ഥതകൾ തിളച്ച് മറിയുന്നുണ്ടായിരുന്നു. യൂലിയോസ്, പീലക്സീനോസ്, ക്ലീമ്മീസ് എന്നിവർ ഒളിഞ്ഞ് പ്രോത്സാഹിപ്പിച്ച അന്ത്യോഖ്യൻ മൂവ്മെന്റ് പൗലൂസ് മാർ സേവേറിയോസ്, ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് എന്നിവർ കാതോലിക്കേറ്റിന്റെ ശക്തരായ വക്താക്കളായതോടെ നിഷ്പ്രഭമായി എങ്കിലും അവർ ഇരുവരും കാലഗതി പ്രാപിച്ചതോടെ പ്രവർത്തനക്ഷമമാവാൻ തുടങ്ങി. അതിനെ പ്രോത്സാഹിപ്പിക്കുവാൻ ആബൂദിറമ്പാനും അദ്ദേഹത്തിന്റെ 'സിറിയൻ വോയ്സും' ആവോളം ശ്രമിച്ചുകൊണ്ടേയിരുന്നു. 1966 ലെ മെത്രാൻ വാഴ്ചയുടെ പശ്ചാത്തലത്തിൽ മെത്രാന്മാരുടെ വിദ്യാഭ്യാസയോഗ്യതകളെപ്പറ്റി സഭയിലെങ്ങും ഒരു പൊതുധാരണ ഉണ്ടായത് കോലഞ്ചേരി മെഡിക്കൽ മിഷൻ ഓർഗനൈസിംഗ് സിക്രട്ടറി ഫാ. സി. എം. തോമസ്, പെരുമ്പിള്ളി വികാരി ഫാ. പി. എം. ഗീവറുഗീസ് എന്നിവർ മെത്രാൻ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുവാൻ കാരണമാവുകയും യോഗ്യതകളുടെ അടിസ്ഥാനത്തിൽ തങ്ങൾക്കൊരിക്കലും മെത്രാന്മാരാവാനൊക്കുകയില്ലെന്ന നിരാശ ജനിപ്പിക്കുക കൂടി ചെയ്തു. അങ്കമാലിയിൽ മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ഭദ്രാസന ശമ്പളപദ്ധതിയും വൈദികരുടെ സ്ഥലംമാറ്റവും ഭരണപരിഷ്കാരമായി ആരംഭിച്ചത് സുരക്ഷിത താവളങ്ങളിലെ സ്ഥിരത നഷ്ടപ്പെടുമെന്ന ഭീതി അവിടെ ഭൂരിപക്ഷമായിരുന്ന 'ഇടവകപട്ടക്കാർക്ക്' അങ്കലാപ്പ് സൃഷ്ടിച്ചു. ക്രമേണ കൊച്ചിയിലും കണ്ടനാട്ടും ഈ ഭീതി പടർന്നു. പാത്രിയർക്കാ വിഭാഗത്തെ തലസ്ഥാനമായിരുന്ന അങ്കമാലി പ്രദേശത്തിന് സഭായോജിപ്പോടു കൂടി ആ പ്രാധാന്യം നഷ്ടപ്പെട്ടത് ഏറെപ്പേരെ അസ്വസ്ഥരാക്കി. മെത്രാന്മാരെ ആക്കാനും നീക്കാനും ചരട്വലി നടത്തി വന്നവർക്ക് പണി നഷ്ടപ്പെട്ടതുപോലെയായി. 1958 ലുണ്ടായ സുപ്രീംകോടതി വിധി കാലഹരണപ്പെടുന്നത് 12 വർഷം കഴിഞ്ഞാണെന്നതിനാൽ 1970 വരെ എല്ലാവരും പ്രതിഷേധങ്ങൾ അതീവ രഹസ്യമായി സൂക്ഷിച്ചു.

## സമാധാനം ഉലയുന്നു

1970 സെപ്റ്റംബർ 12 ന് സുപ്രീംകോടതി വിധിയ്ക്ക് പന്ത്രണ്ടു വയസ്സായി. 'ചെലവ്' സഹിതം വിധിച്ച വിധിയുടെ 'ചെലവ്' കാതോലിക്കാ

ഭാഗത്തിന് കൊടുക്കുന്നതിൽനിന്ന് സാങ്കേതികമായി വിമുക്തി നേടിയതോടെ രഹസ്യ അറകളുടെ വാതിലുകൾ തുറക്കപ്പെട്ടു. അതുവരെ കുടത്തിൽ സൂക്ഷിച്ചിരുന്ന ഭൂതത്തെ പാത്രിയർക്കീസ് കുടത്തിൽനിന്നു കെട്ടഴിച്ചുവിട്ടു. 203-ാം നമ്പർ കല്പനയുടെ ബാഹ്യരൂപത്തിൽ ആ ദുർഭൂതം 1970-ൽ മലങ്കരയിലെത്തി. "....യോഹന്നാന്റെ ഏവൻഗേലിയോനിൽ നിന്ന് (യോഹന്നാൻ 20:21-24) വ്യക്തമാകുന്നപ്രകാരം അദ്ദേഹം ഒരു പുരോഹിതനായിട്ടില്ലായിരുന്നു. ഒരു പുരോഹിതൻ പോലും ആകാതിരിക്കേ എങ്ങനെ മഹാപുരോഹിതനായി? ഒരു മഹാപുരോഹിതൻ അല്ലാതിരിക്കേ എങ്ങനെ സിംഹാസനം സ്ഥാപിച്ചു...." എന്നിങ്ങനെ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തേയും പൗരോഹിത്യത്തേയും നിഷേധിക്കുന്ന ഒരു കല്പന യാക്കോബ് തൃതീയൻ നാലാം കാതോലിക്കായ്ക്ക് അയച്ചുകൊടുത്തു. പുതിയ ദൈവശാസ്ത്ര വ്യാഖ്യാനം ലഭിച്ചതോടെ മാളങ്ങളിൽ ഒളിച്ചിരുന്നവർ വെളിയിൽ ചാടി.

മാർത്തോമ്മായുടെ സിംഹാസനം എന്ന പ്രയോഗം നവീനമാണെന്നും പത്രോസിന്റെ ഏക സിംഹാസനം എന്ന അന്ത്യോഖ്യാ വിശ്വാസത്തിന് ആ പ്രയോഗം അന്യമായതിനാൽ അത് വിശ്വാസവിപരീതമാണെന്നും കുറെ 'അന്ധന്മാർ' ആ കല്പനയ്ക്കു ഓശാന പാടി. കഥയറിയാതെ ആട്ടം ആടിയ അവർ സംഘടിച്ചു. അങ്കമാലിയിലേയും പിന്നീട് കൊച്ചിയിലേയും മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ഇത് സംബന്ധിച്ച് മെമ്മോറാണ്ടങ്ങൾ കാതോലിയ്ക്കായ്ക്ക് നൽകി.

വാസ്തവത്തിൽ പാത്രിയർക്കീസിന്റെ സിംഹാസനത്തിന് കാതോലിക്കാ സിംഹാസനം കീഴ്പെട്ടിരിക്കണമെന്നേ പാത്രിയർക്കീസ് ഉദ്ദേശിച്ചിരുന്നുള്ളു. അതിന് അന്യൂനമെന്ന് തോന്നിക്കുന്ന ഒരു വേദപശ്ചാത്തലം സൃഷ്ടിച്ചെടുക്കാനുള്ള ശ്രമമാണ് യാക്കൂബ് തൃതീയനെയും ഒരു വേദവിപരീതത്തിലേയ്ക്ക് വഴുതി വീഴിച്ചത്. ക്രൈസ്തവലോകത്തിനു മുമ്പിൽ മുഴുവൻ അദ്ദേഹത്തെ പരിഹാസപാത്രമാക്കിയ 203-ാം നമ്പർ കല്പന നാളിതുവരെ പിൻവലിക്കപ്പെട്ടിട്ടില്ല. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസന പരാമർശം പോലെ ചുവന്ന മഷിയിൽ രേഖപ്പെടുത്തിയ ലെറ്റർഹെഡ് കാതോലിക്കാ ഉപയോഗിക്കുന്നതിലും പാത്രിയർക്കീസ് 203-ാം നമ്പർ കല്പനയിലും മറ്റും അസന്തുഷ്ടി രേഖപ്പെടുത്തിയിരുന്നു.

പാത്രിയർക്കാ - കാതോലിക്കാ സിംഹാസനങ്ങൾ തമ്മിൽ പല കാലത്തും സ്ഥാനത്തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. കഫർത്തൂത്താ സുന്നഹദോസിന്റെ നിശ്ചയങ്ങളാണ് ആ ബന്ധത്തെ നിർവചിക്കുന്ന കാനോനുകളായി കാതോലിക്കാ കൂടി ആയിരുന്ന ബാർ എബ്രായ ഹൂദായ കാനോനിൽ നിർദ്ദേശിച്ചിട്ടുള്ളത്. ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ആ ബന്ധത്തെ മലങ്കരസഭ വീക്ഷിക്കുന്നതും സഭാ ഭരണഘടനയിൽ വ്യവ

സ്ഥപ്പെടുത്തിയിട്ടുള്ളതും. കഫർത്തൂത്താ നിശ്ചയങ്ങൾ ഹൂദായ കാനോനിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

"യൂഹാനോൻ പാത്രിയർക്കീസ്. യൗനായകാലം 1180-ാം ആണ്ട് (എ.ഡി. 1491) ശ്ബോത്ത് (ഫെബ്രുവരി) മാസത്തിൽ കഫർത്തൂത്തോയിൽ സമ്മേളിച്ച സുന്നഹദോസിൽ വച്ച് 8 നിശ്ചയങ്ങൾ ചെയ്തിട്ടുണ്ട്.

1. മാർ മത്തായിയുടെ ദയറായിലെ എപ്പിസ്കോപ്പന്മാരും ദയറായക്കാരും തെഗ്രീസിലെ സിംഹാസനത്തിൽ വാഴുന്ന മഫ്രിയാനയ്ക്ക് കീഴ്പെട്ടിരിക്കണം.

2. ക്ഷണിക്കപ്പെടുമ്പോഴല്ലാതെ തെഗ്രീസിലെ ഇടവകകളിൽ ഭരണരീത്യാ അന്ത്യോഖ്യാ പാത്രിയർക്കീസ് പ്രവേശിച്ചുകൂടാ. മഫ്രിയാന പാത്രിയർക്കീസിന്റെ ഇടവകകളിലും പ്രവേശിക്കരുത്.

3. മഫ്രിയാന അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൂട്ടത്തിൽ സന്നിഹിതനായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ വലത്ത് വശത്ത് ഒന്നാമതായിട്ടിരിക്കുകയും അദ്ദേഹത്തിന്റെ പിന്നാലെ പേർ പ്രസ്താവിക്കപ്പെടുകയും കുർബ്ബാന അനുഭവിക്കുകയും ചെയ്യണം.

4. മഫ്രിയാന ജീവിച്ചിരിക്കേ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ പാത്രിയർക്കീസിനെ വാഴിക്കരുത്. അങ്ങനെയല്ലാതെ ചെയ്താൽ പൗരസ്ത്യർക്ക് സ്വയമായി മഫ്രിയാനയെ വാഴിക്കുവാനും അധികാരമുണ്ടായിരിക്കും. പാത്രിയർക്കീസിന്റെ മേൽ കൈവെപ്പ് നടത്തേണ്ടത് മഫ്രിയാനയോ സുന്നഹദോസ് അദ്ധ്യക്ഷനോ എന്നതിനെക്കുറിച്ച്: പാശ്ചാത്യർ രണ്ട് എപ്പിസ്കോപ്പാമാരെയും പൗരസ്ത്യർ രണ്ടു പേരെയും തെരഞ്ഞെടുത്തിട്ട് ഈ നാലുപേരും കൂടി സമ്മതിക്കുന്ന ആൾ കൈവെപ്പ് നടത്തിക്കൊള്ളണം.

5. കർദു, ബെസ്സബദായി ഇടവകകളും അറബികൾ സമ്മതിക്കുന്ന പക്ഷം മാദായരായ നെഗ്റോനായരും തെഗ്രീസിനിരിക്കണം.

6. പൗരസ്ത്യരും പാശ്ചാത്യരും തമ്മിലുണ്ടായ തർക്കങ്ങളുടെ തീരുമാനം.

7. പാത്രിയർക്കീസിന്റെ ഇടവകയിൽ മഫ്രിയാന വാഴിച്ച മൂന്ന് എപ്പിസ്കോപ്പന്മാരുടെ വൃത്താന്തം.

8. മഫ്രിയാനയാൽ നിരോധിക്കപ്പെടുന്ന എപ്പിസ്കോപ്പാ പാത്രിയർക്കീസിനാലും നിരോധിക്കപ്പെട്ടവനായിരിക്കും എന്ന് അറിഞ്ഞുകൊൾക.

(വിവ. കോനാട്ട് ഏബ്രഹാം മല്പാൻ. 1974. പു. 73, 74. അദ്ധ്യായം 7. ഒന്നാം ഖണ്ഡിക)

## അസ്വീകാര്യം

203-ാം നമ്പർ കത്തിന് സിനഡിന്റെ നിശ്ചയപ്രകാരം 26-8-70 ൽ 155-ാം നമ്പർ ആയി കാതോലിക്കാ മറുപടി ഇപ്രകാരം നൽകി: "…. മാർത്തോമ്മാശ്ലീഹായുടെ പൗരോഹിത്യം, സിംഹാസനം, കാതോലിക്കേറ്റിന്റെ അധികാരം ഇവയെ സംബന്ധിച്ചുള്ള കത്തിലെ പ്രസ്താവന സത്യത്തിനും സഭാവിശ്വാസത്തിനും യോജിക്കാത്തതും പിതാക്കന്മാരുടെ ചരിത്രത്തിനും കാനോനുകൾക്കും എതിരുമാണെന്നും തൻനിമിത്തം അവ ഒരിക്കലും സ്വീകാര്യങ്ങളല്ലെന്നും പ്രതിഷേധാർഹങ്ങളാണെന്നുമാണ് ഇവിടെ എല്ലാവരുടെയും അഭിപ്രായം….. പാത്രിയർക്കാ സിംഹാസനവും കാതോലിക്കാ സിംഹാസനവും തമ്മിൽ കാനോനികവും മലങ്കരസഭാ ഭരണഘടനപ്രകാരവുമുള്ള ഐക്യബന്ധം ഏറ്റക്കുറച്ചിൽ കൂടാതെ സംരക്ഷിക്കപ്പെട്ട് കാണ്മാൻ ഞങ്ങൾ എല്ലാവരും ആഗ്രഹിക്കുന്നു…. അങ്ങയുടെ ജ്ഞാനത്തിന് ഇത് മതി…."

മേൽക്കാണിച്ച ഹൂദായ കാനോനിലെ കഫർത്തൂത്താ നിശ്ചയങ്ങൾ സ്ലീബാ ഒസ്താത്തിയോസ് വെട്ടിത്തിരുത്തി പുതുതായി എഴുതിയുണ്ടാക്കിയ 18 അക്കം കാനോനിൽ എടുത്തുമാറ്റിയിട്ടുണ്ടെങ്കിലും പാത്രിയർക്കീസിന്റെ കീഴിൽ സിറിയൻ സഭയിലെ ഉപയോഗത്തിനായി ഈയിടെ അന്തരിച്ച ശീശക് മെത്രാച്ചൻ ഹോളണ്ടിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച സുറിയാനി ഹൂദായ കാനോനിൽ കഫർത്തൂത്താ നിശ്ചയങ്ങൾ അതേപടി കിടപ്പുണ്ടെന്ന കാര്യം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

തോമ്മാ ദീവന്നാസ്യോസ് 1972 ഡിസംബർ 3 കാലം ചെയ്തു. പത്തനാപുരത്ത് കബറടങ്ങി.

മാർത്തോമ്മായുടെ പൗരോഹിത്യവും സിംഹാസനവും ചോദ്യം ചെയ്യപ്പെട്ട പശ്ചാത്തലത്തിൽ പഴയ പാത്രിയർക്കീസ് ഭാഗത്തെ പല ഇടവകകളും പഴയ ലാവണത്തിലേക്ക് തിരിച്ചുപോവാൻ ഒരുക്കം തുടങ്ങി. എന്നാൽ പ്രബുദ്ധരായ പട്ടക്കാരും കുറെ വിശ്വാസികളും കാതോലിക്കേറ്റിൽ ഉറച്ചുനിന്നു. അവിടങ്ങളിൽ പല ഇടവകകളിലും രണ്ടു വിഭാഗങ്ങൾ രൂപപ്പെട്ടു. മാർത്തോമ്മായുടെ സിംഹാസനം എന്ന ചിരപുരാതനമായ പ്രയോഗം നവീനവും വേദവിപരീതവും ആണെന്ന് പ്രചരിച്ചതോടെ പഴ പാത്രിയർക്കീസ് വിഭാഗം അന്ത്യോഖ്യാ വിശ്വാസികൾ എന്ന യാക്കോബായ വിശ്വാസികളെന്നും പത്രോസിന്റെ ഏക സിംഹാസനവാദക്കാർ, അന്ത്യോഖ്യായുടെ കീഴിലുള്ള മലങ്കരസഭ എന്നൊക്കെ സ്വയം വിശേഷിപ്പിച്ചുകൊണ്ട് പുനർജനിക്കുകയായിരുന്നു. ഭിന്നതകളുടെ ആഴം വർദ്ധിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന അപ്രേം ആബൂദി റമ്പാനെ തീമോത്തിയോസ് എന്ന പേരിൽ മെത്രാനായി പാത്രിയർക്കീസ് വാഴിച്ചയച്ചത് ശക്ത

മായ പ്രതിഷേധത്തിനും ചെറുത്തുനില്പിനും ഇടയാക്കി. അചിരേണ കടവിൽ പോൾ റമ്പാൻ, ഫാ. സി. എം. തോമസ്, ഫാ. പി. എം. ഗീവറുഗീസ്, ഫാ. കുരിയൻ മേപ്രാൽ എന്നിവരെ യഥാക്രമം അത്താനാസ്യോസ്, ദീവന്നാസ്യോസ്, ഗ്രീഗോറിയോസ്, കൂറിലോസ് എന്ന പേരുകളിൽ മെത്രാന്മാരായി വാഴിച്ചതോടെ സഭാവിഭജനം സുനിശ്ചിതമായി. പുതിയ മെത്രാന്മാരെ കാതോലിക്കായും കേരളത്തിലെ കോടതികളും പള്ളി പ്രവേശനത്തിൽ നിന്ന് നിരോധിച്ചു. എന്നാൽ അനുകൂലികളെ സംഘടിപ്പിച്ച് ഇടവകകളിൽ ക്രമസമാധാനപ്രശ്നം ഉണ്ടാക്കി അവിടങ്ങളിലൊക്കെ രണ്ട് കക്ഷികൾക്കും ആരാധനാവേദി ഒരുക്കുവാനുള്ള തന്ത്രത്തിൽ പുതിയ മെത്രാന്മാർ വിജയിച്ചു. നിശ്ചിത യോഗ്യതകൾ ഇല്ലാത്തതിനാൽ വൈദിക സ്ഥാനം നിരസിക്കപ്പെട്ട ഡസൻകണക്കിന് യുവാക്കൾക്ക് വേണ്ടത്ര പരിശീലനം നൽകാതെ വൈദികപട്ടം നൽകിയത് ഇടവകകളെ ആത്മീയമായി ദരിദ്രമാക്കി. പുതിയ വൈദികർ സമാന്തര വികാരിമാരായി നിയമിക്കപ്പെട്ടു തുടങ്ങി. വ്യവസ്ഥാപിത മാർഗ്ഗങ്ങളെ അട്ടിമറിച്ച് നിലനില്പിന് വേണ്ടി ഈ വൈദികരും അവരുടെ അനുകൂലികളും ഒരു സമാന്തര സഭാസംവിധാനം സാധിച്ചെടുത്തു. എറണാകുളം ജില്ലയിൽ നിർണ്ണായക ഭൂരിപക്ഷമുള്ള ഇക്കൂട്ടർ ഭദ്രാസനാസ്ഥാനങ്ങളായ ആലുവാ തൃക്കുന്നത്തു സെമിനാരിയും, കൊരട്ടി സീയോൻ സെമിനാരിയും കൈവശപ്പെടുത്തുവാൻ ഹീനമായ തന്ത്രങ്ങൾ പലകുറി പയറ്റിയെങ്കിലും ഫലപ്രദമായില്ല. വ്യവഹാരങ്ങൾ നിത്യസംഭവങ്ങളായി. വടക്കൻ ഭദ്രാസനങ്ങളിലെ വൈദികർ കോടതിവരാന്തകളിലും, ആർ. ഡി. ഒ. ഓഫീസുകളിലും വക്കീൽ ഭവനങ്ങളിലും പോലീസ് സ്റ്റേഷനുകളിൽപ്പോലും നിത്യസന്ദർശകരാകേണ്ടി വന്നു. മുൻ വ്യവഹാരകാലങ്ങളിൽ കക്ഷികാര്യങ്ങൾക്കായി പണം ചെലവിടുവാൻ സി. ജെ കുര്യൻ, പാലാമ്പടം തോമസ്, പനയ്ക്കൽ മാത്തു എന്നിവർ സന്നദ്ധരായിരുന്നതിനാൽ അന്ന് പണത്തിന് ക്ലേശിക്കേണ്ടി വന്നിട്ടില്ല. പുതിയ കക്ഷിതർക്കത്തിൽ അത്തരം പണച്ചാക്കുകൾ ലഭ്യമല്ലെന്ന് തിരിച്ചറിഞ്ഞ ഏതാനും വൈദികർ മഞ്ഞിനിക്കര, പെരുമ്പിള്ളി, കുന്നംകുളം സിംഹാസനപ്പള്ളി എന്നീ ദേവാലയങ്ങളെ തന്ത്രപൂർവ്വവും ബോധപൂർവ്വവും തീർത്ഥാടനകേന്ദ്രങ്ങളായി സംഘടിപ്പിച്ചു. ബോധപൂർവമായ സംഘടിത പ്രചാരവേലയ്ക്ക് ഫലമുണ്ടായി. അങ്ങനെയാണ് ആവശ്യമായ ധനം കണ്ടെത്തിയത്. ഒടുവിൽ 1975 സെപ്തംബർ 7 ന് പൗലൂസ് പീലക്സീനോസിനെ സമാന്തര കാതോലിക്കാ ആയി പാത്രിയർക്കീസ് വാഴിച്ച് പുതിയ ഭിന്നതയെ ശാശ്വതീകരിച്ചു.

കോലഞ്ചേരി ആശുപത്രി, വിദ്യാർത്ഥി സെന്ററുകൾ തുടങ്ങി പുരോഗമന പാതയിൽ പ്രയാണമാരംഭിച്ച മലങ്കരസഭ അതിന്റെ എല്ലാ ഊർജ്ജവും പ്രതിരോധ പ്രവർത്തനത്തിലേയ്ക്ക് തിരിച്ചുവിട്ടു. ഒടുവിൽ നടന്ന ഒരു പ്രവർത്തനം ഇടവക – മെത്രാസന – കേന്ദ്രതലത്തിൽ വിപുലമായി

ആഘോഷിക്കപ്പെട്ട മാർത്തോമ്മാ ശ്ലീഹായുടെ പത്തൊമ്പതാം ശത വാർഷികമായിരുന്നു. മാർത്തോമ്മായുടെ പൗരോഹിത്യവും സിംഹാസനവും ചോദ്യം ചെയ്യപ്പെട്ട സാഹചര്യത്തിൽ മലങ്കരസഭ പ്രബുദ്ധമായതിന്റെ ഉന്മേഷം ഈ വിവിധതല ആഘോഷങ്ങളിൽ പ്രകടമായി. സമാപന സമ്മേളനം കോട്ടയം എം. ഡി. സെമിനാരി കോമ്പൗണ്ടിൽ 1972 ഡിസംബർ 31 ന് നടന്നു. യെറുശലേം പാത്രിയർക്കീസ് ഡർഡേറിയൻ ബാവാ വിശിഷ്ടാതിഥിയായി സംബന്ധിച്ചു.

1974 ഒക്ടോബർ 2 ന് നിരണം അസോസ്യേഷൻ മെത്രാൻ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്ത ഫാ. എം. വി. ജോർജ്, ഫാ. ടി. പോൾ വർഗീസ്, ഫാ. കെ. കെ. പുന്നൂസ്, ഫാ. കെ. സി. തോമസ്, ഫാ. പി. വി. ജോസഫ് എന്നിവരെ 1975 ഫെബ്രുവരി 16 ന് നിരണം വലിയപള്ളിയിൽ വച്ച് യഥാക്രമം ഒസ്താത്തിയോസ്, ഗ്രീഗോറിയോസ്, തേവോദോസ്യോസ്, മക്കാറിയോസ്, പക്കോമിയോസ് എന്നീ പേരുകളോടെ ഔഗേൻ ബാവാ മെത്രാന്മാരായി വാഴിച്ചു. അവരെ യഥാക്രമം നിരണം, ഡൽഹി, കൽക്കട്ട, ബോംബെ, കണ്ടനാട് എന്നീ മെത്രാസനങ്ങളിൽ നിയമിച്ചു.

തൊണ്ണൂറ് വയസിലെത്തിയ നാലാം കാതോലിക്കാ 1975 ഒക്ടോബറിൽ മാതൃകാപരമായ ഒരു കീഴ്വഴക്കം സ്ഥാപിച്ചുകൊണ്ട് സ്ഥാനത്യാഗം ചെയ്തു. പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന മാർ അത്താനാസ്യോസിനെ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന അഭിധാനത്തിൽ പാറേട്ട് മാർ ഈവാനിയോസ് അദ്ധ്യക്ഷനായ സിനഡ് മലങ്കരയിലെ അഞ്ചാം കാതോലിക്കായായി സ്ഥാനാരോഹണം ചെയ്യിച്ചു. കുർബാനയ്ക്കും മറ്റും ദാനിയേൽ പീലക്സീനോസ് നേതൃത്വം നൽകി. കോട്ടയം പഴയസെമിനാരിയിൽ നടന്ന സ്ഥാനാരോഹണച്ചടങ്ങുകൾക്ക് ശേഷം ദേവലോകത്തെത്തിയ പുതിയ കാതോലിക്കായെ ഔഗേൻ ബാവാ ശിരസ്സിൽ കൈവെച്ച് അനുഗ്രഹിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

കഠിനവ്രതാനുഷ്ഠാനങ്ങൾ കൊണ്ട് ശുഷ്ക ശരീരനായ നാലാം കാതോലിക്കാ 1975 ഡിസംബർ 8 ന് ഇഹലോകവാസം വെടിഞ്ഞു. ദേവലോകത്ത് മുൻഗാമിയുടെ കബറിന്നരികെ അദ്ദേഹത്തിന്റെ കബറടക്കം നടത്തി. അദ്ദേഹത്തെപ്പോലെ പരിനിഷ്ഠിത പാണ്ഡിത്യമുള്ള സുറിയാനി ഭാഷാ വിദഗ്ദ്ധർ മലയാളക്കരയിലോ സിറിയൻ സഭയിലോ സമീപകാലത്തെങ്ങും ജനിച്ചിട്ടില്ല. സുറിയാനിയിലുള്ള അപാരപാണ്ഡിത്യം അദ്ദേഹം പ്രകടമാക്കിയത് അവയിൽ പലതും മലയാളത്തിലേക്ക് വിവർത്തനം ചെയ്തുകൊണ്ടാണ്.

പട്ടംകൊടയുടെ വിവിധ ക്രമങ്ങൾ, പള്ളി കൂദാശയുടെ ക്രമം, മൂറോൻ

കൂദാശയുടെ ക്രമം, പെങ്കീസാ പ്രുമിയോനുകൾ, നാല്പത് നോമ്പിലെയും കഷ്ടാനുഭവാഴ്ചയിലെയും മൂന്നു നോമ്പിലെയും പ്രുമിയോൻ, സെദ്റാകൾ, തോമ്മാശ്ലീഹാ, ഗീവറുഗീസ് സഹദാ എന്നിവരുടെ പെരുന്നാളുകളിലെ പെങ്കീസാ നമസ്കാരം എന്നിവയുടെ മലയാള വിവർത്തനങ്ങൾ അദ്ദേഹത്തിന്റെ സംഭാവനയാണ്. ആണ്ടടക്കമുള്ള ഹൂത്തോമ്മോകൾ സുറിയാനിയിൽ കവനം ചെയ്തതും അത് മലയാള ഭാഷയിലേക്ക് വിവർത്തനം ചെയ്തതും അദ്ദേഹമാണ്. കഷ്ടാനുഭവാഴ്ചയിലെ നമസ്കാരം ആദ്യം വൃത്താനുവൃത്തം വിവർത്തനം ചെയ്തത് അദ്ദേഹമാണ്. ഓർത്തഡോക്സ് സഭയുടെ മലയാളത്തിലെ ആരാധനാ സാഹിത്യത്തെ സമ്പുഷ്ടമാക്കുവാൻ ഇത്രയേറെ സംഭാവനകൾ നല്കിയ ഒരു മേല്പട്ടക്കാരൻ മലങ്കരസഭയിലുണ്ടായിട്ടില്ല. മതോപദേശസത്യങ്ങൾ, മരണാനന്തരാവസ്ഥ, വി. സുന്നഹദോസുകൾ എന്നീ സ്വതന്ത്രകൃതികളും അദ്ദേഹത്തിന്റെ സംഭാവനയാണ്. അദ്ദേഹത്തിന്റെ ഗുരു കോനാട്ട് മാത്തൻ മല്പാൻ സുറിയാനിയിൽനിന്ന് വിവർത്തനം ചെയ്ത പുതിയനിയമം ഭാഷാപരമായി പരിശോധിച്ച് പ്രസിദ്ധീകരണക്ഷമമാക്കിത്തീർത്തത് അദ്ദേഹമാണ്.

അക്ഷരത്തിലും അർത്ഥത്തിലും അദ്ദേഹം തികഞ്ഞ ദയറാക്കാരനായിരുന്നു. ആഡംബരപ്രിയം ജീവിതസൗകര്യങ്ങളുടെ ഒരു മേഖലയിലും അദ്ദേഹത്തെ കീഴ്പെടുത്തിയിട്ടില്ല. വിജ്ഞാനോപാസന അദ്ദേഹം തപസ്സായി സ്വീകരിച്ചു; വ്രതാനുഷ്ഠാനങ്ങൾ ജീവിതശൈലിയായും. സുറിയാനിയിലെ ആരാധനാ പാരമ്പര്യങ്ങൾ പരിരക്ഷിക്കുവാൻ അദ്ദേഹം അഹോരാത്രം പ്രതിജ്ഞാബദ്ധനായിരുന്നു. കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രേരണയും പശ്ചാത്തലവും ഒരുക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് നിർണ്ണായകം തന്നെയായിരുന്നു. ഭക്തിയോഗവും ജ്ഞാനയോഗവും ജീവിതവ്രതമാക്കിയ അദ്ദേഹം സ്വഗുരുവായ ഒന്നാം കാതോലിക്കായുടെ ജീവിതത്തെ സ്വജീവിതത്തിൽ പുനർജ്ജനിപ്പിച്ചു. അദ്ദേഹം നേടിയ ആരാധനാ സംസ്കാരം സ്വശിഷ്യരായ യൂഹാനോൻ മാർ സേവേറിയോസ്, യാക്കോബ് മാർ യൂലിയോസ്, യാക്കോബ് മാർ തീമോത്തിയോസ് എന്നീ മെത്രാന്മാരിലൂടെ പിൻതലമുറകളിലേക്ക് സംക്രമിപ്പിച്ചിട്ടാണ് അദ്ദേഹം തൃപ്തനായത്. സുവിശേഷവേലയിലും ആദ്ധ്യാത്മികതയുടെ പാരമ്യത്തിലും ശോഭിച്ച ഈ പിതാവിനെ പ്രകടനപരത തൊട്ടുതീണ്ടിയിരുന്നില്ല. രാജർഷിപദത്തിലെത്തിയപ്പോഴും ബ്രഹ്മർഷിപദം അദ്ദേഹം കൈവെടിഞ്ഞിരുന്നില്ല. ലോകപ്രശസ്തരായ മേല്പട്ടക്കാരുടെ ഒരു സംഘത്തെ മലങ്കരസഭ ആദ്യമായി കണ്ടത് അദ്ദേഹത്തിന്റെ കാലത്താണ്. കുപ്രസിദ്ധമായ പിറവം മർദ്ദനത്തിന്റെ ഇരയായ അദ്ദേഹത്തെ പലരും ജീവിച്ചിരിക്കുന്ന സഹദാ എന്ന് ആദരപൂർവ്വം വിശേഷിപ്പിച്ചിട്ടുണ്ട്.

കരുത്തനായ ഒരു പിൻഗാമിയെ മലങ്കരസഭയുടെ ചുക്കാൻ ഏല്പിച്ചു എന്ന കൃതകൃത്യതയോടെ ആ സഞ്ചാരി സ്വർഗ്ഗം പൂകി.

### നാലാം കാതോലിക്കാ: ജീവചരിത്രം ഒറ്റനോട്ടത്തിൽ

1885 ജൂൺ 26. വെങ്ങോല ചേട്ടാകുളത്തുംകര അബ്രഹാം കശ്ശീശാ - അന്നമ്മ ദമ്പതികളുടെ പുത്രനായി ജനിച്ചു. 1905 ൽ കടവിൽ അത്താനാസ്യോസ് ശെമ്മാശുപട്ടം നൽകി. 1908 ൽ യെരുശലേമിലെ മർക്കോസിന്റെ ദയറായിൽ വച്ച് ഔഗേൻ റമ്പാനായി. 1927 മെയ് 15 ന് യെരുശലേമിൽ വച്ച് ഏലിയാസ് തൃതീയൻ ബാവാ മെത്രാപ്പോലീത്തായാക്കി. കണ്ടനാടിന്റെ ചുമതല.

1943 ഒക്ടോബർ 9 ന് പാത്രിയർക്കീസ് കക്ഷിയിൽ നിന്നു വിട്ട് കാതോലിക്കേറ്റിൽ ചേർന്നു. 1962 മെയ് 17. നിരണം അസോസ്യേഷൻ പിൻഗാമിയായി തെരഞ്ഞെടുത്തു. 1964 ജനുവരി 3. മലങ്കര മെത്രാപ്പോലീത്തായായി. 1964 മേയ് 22 ന് കോട്ടയം. ഏലിയാ ചാപ്പലിൽ വച്ച് യാക്കോബ് തൃതീയൻ അദ്ധ്യക്ഷനായ സിനഡ് കാതോലിക്കായാക്കി.

1966 ആഗസ്റ്റ് 24 നി കോലഞ്ചേരിയിൽ വച്ച് മാർ തെയോഫിലോസ്, മാർ സേവേറിയോസ്, മാർ തീമോത്തിയോസ് എന്നീ മെത്രാപ്പോലീത്താമാരെ വാഴിച്ചു. 1967 ഡിസംബർ 21 ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് മൂറോൻ കൂദാശ നടത്തി. 1975 സെപ്തംബർ 24 ന് മലങ്കര മെത്രാൻ സ്ഥാനം പിൻഗാമിയെ ഏല്പിച്ചു. 1975 ഒക്ടോബർ 27. സ്ഥാനത്യാഗം ചെയ്ത് പിൻഗാമിയെ വാഴിക്കാൻ ഏർപ്പാടാക്കി. 1975 ഡിസംബർ 8 ന് കാലം ചെയ്തു. ഡിസംബർ 9 ന് ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടക്കം.

### C. അഞ്ചാം കാതോലിക്കാ

കോട്ടയം മണർകാട് ഇടവകയിൽ വടക്കൻമണ്ണൂർ വട്ടക്കുന്നേൽ കുര്യൻ കത്തനാരുടെയും ഒളശ്ശ പുളിക്കപ്പറമ്പിൽ മറിയാമിന്റെയും പത്തുമക്കളിൽ ഒമ്പതാമനായി വി. കെ. മാത്യൂസ് (കുട്ടച്ചൻ) 1907 മാർച്ച് 27 ന് ജനിച്ചു. എം. ഡി. സെമിനാരി സ്കൂളിലും സി. എം. എസ്. കോളജിലും പഠിച്ചു. തിരുവനന്തപുരം സയൻസ് കോളജിൽനിന്നും ബി. എ., കൽക്കട്ട ബിഷപ്സ് കോളജിൽനിന്നും ബി. ഡി. തുടങ്ങിയ ഡിഗ്രികൾ സമ്പാദിച്ചു. സമുദായക്കേസിന്റെ അണിയറക്കാരനായും സെമിനാരി അദ്ധ്യാപകനായും കോടതികളിൽ സാക്ഷിയായും കാനോൻ വിദഗ്ദ്ധൻ ആയും പ്രവർത്തിച്ച് ഖ്യാതി നേടി. വർക്കിംഗ് കമ്മിറ്റിയിലും മാനേജിംഗ് കമ്മിറ്റിയിലും അംഗമായി. 1945 ആഗസ്റ്റ് 18 ന് ഗീവറുഗീസ് ദ്വിതീയൻ ബാവാ പഴയസെമിനാരിയിൽ വച്ച് ആദ്യപട്ടവും 19 ന് ഏലിയാ ചാപ്പലിൽ വച്ച് പൂർണ്ണശെ

മ്മാശുപട്ടവും 1946 ഒക്ടോബർ 27 ന് ഏലിയാ ചാപ്പലിൽ വച്ച് കശ്ശീശാ പട്ടവും 1951 സെപ്റ്റംബർ 21 ന് റമ്പാൻ സ്ഥാനവും 1953 മെയ് 15 ന് ഏലിയാ കത്തീഡ്രലിൽ വച്ച് മെത്രാൻ സ്ഥാനവും നൽകി. ചർച്ച് വീക്കിലി പത്രാധിപസമിതി അംഗമായും വൈദികസെമിനാരി പ്രിൻസിപ്പൽ ആയും പ്രവർത്തിച്ചു. സഭയുടെ മർമ്മപ്രധാനമായ കർമ്മമേഖലകളിൽ ഇദ്ദേഹം പങ്കാളിത്തം വഹിച്ചു. ലേഖകൻ, പ്രസംഗകൻ, ഭരണകർത്താവ്, അദ്ധ്യാപകൻ, സുറിയാനി പണ്ഡിതൻ എന്നീ നിലകളിൽ പ്രശസ്തി നേടിയിരുന്നു.

അലക്സിയോസ് മാർ തേവോദോസിയോസിന്റെ കാലത്ത് കേരളത്തിന് വെളിയിൽ സ്ഥാപിതമായ ഇടവകകളെ ശക്തമായ ബാഹ്യ കേരള ഭദ്രാസനമെന്ന നിലയിൽ പുനഃസംഘടിപ്പിച്ചത് ഇദ്ദേഹത്തിന്റെ നേട്ടമാണ്. ഇന്ന് ഡൽഹി, ബോംബെ, മദ്രാസ്, കൽക്കട്ട തുടങ്ങിയ ഭദ്രാസനങ്ങളായി വളർന്ന ബാഹ്യകേരള ഭദ്രാസനത്തിന്റെ ശിലയിട്ടത് മാർ തേവോദോസ്യോസ് ആയിരുന്നെങ്കിലും അതിനെ കരുത്തുറ്റ വളർച്ചയിലേക്ക് നയിച്ചത് മാർ അത്താനാസ്യോസിന്റെ ആജ്ഞാശക്തിയും സംഘാടക പാടവവും ആണ്. ആജ്ഞാശക്തിയും സംഘാടക പാടവവും - ഇവയാണ് മറ്റു പലരിൽ നിന്നും അദ്ദേഹത്തെ വ്യത്യസ്തനാക്കുന്ന മുഖ്യ ഘടകങ്ങൾ. സമ്പന്നവും കുലീനവുമായ പുരോഹിത കുടുംബത്തിലെ പണ്ഡിതനായ വൈദികന്റെ തലയെടുപ്പും ഗാംഭീര്യവും ഉത്ക്കർഷതാബോധവും അദ്ദേഹത്തിൽ സദാ പ്രകടമായിരുന്നു.

പ്രശ്നസങ്കീർണ്ണമായ സാഹചര്യത്തിലാണ് ഔഗേൻ ബാവായിൽ നിന്ന് അദ്ദേഹം സഭാഭരണമേറ്റത്. പാത്രിയർക്കീസിന്റെ ആശീർവാദത്തോടെ ഒരു സമാന്തര സഭ രൂപപ്പെട്ടു വരികയായിരുന്നു. പള്ളിക്കയ്യേറ്റങ്ങൾ, അരമന കയ്യേറ്റങ്ങൾ, എണ്ണമറ്റ കോടതിക്കേസുകൾ, കള്ളപ്രചരണങ്ങളുമായി പുറത്തിറങ്ങുന്ന പ്രസിദ്ധീകരണങ്ങൾ, കേന്ദ്ര - ഭദ്രാസന ഭരണതലങ്ങളിലെ ശൈഥില്യം ഇതൊക്കെ സഭയെ അരാജകത്വത്തിലേക്ക് നയിച്ചിരുന്നു. 1955 മുതൽ കാതോലിക്കേറ്റ് ഓഫീസിന്റെ മേൽനോട്ടം മൂന്നാം കാതോലിക്കാ ഇദ്ദേഹത്തെ ഏല്പിച്ചിരുന്നുവെങ്കിലും തൽസംബന്ധമായ ചുമതലകൾ ഫലപ്രദമായി നിർവഹിക്കുവാൻ കഴിഞ്ഞിരുന്നില്ല. അസോസ്യേഷനുകൾ, മാനേജിംഗ് കമ്മിറ്റി യോഗങ്ങൾ ഇവയുടെ നിയന്ത്രണം, വർക്കിംഗ് കമ്മിറ്റി ഉപാദ്ധ്യക്ഷ സ്ഥാനം, കോർപ്പറേറ്റ് സ്കൂളുകളുടെ മാനേജർ, റൂൾ കമ്മിറ്റി പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച മുൻപരിചയം അദ്ദേഹത്തിന് കരുത്തു പകർന്നു.

കാതോലിക്കേറ്റ് അരമന, ചാപ്പൽ, ഓഫീസ് സമുച്ചയം എന്നിങ്ങനെ ദേവലോകത്തെ സ്ഥാപനങ്ങൾ പല ഘട്ടങ്ങളായാണ് പൂർത്തീകരിച്ചത്. എട്ട് ഏക്കർ വിസ്തൃതിയുള്ള ദേവലോകത്ത് വനിതാ സമാജാംഗങ്ങൾ

പിരിച്ചു നൽകിയ പണമുപയോഗിച്ച് ചാപ്പൽ നിർമ്മിച്ചു. 1953 ഫെബ്രു വരി 2 ന് പണി പൂർത്തിയായി. 1957-ൽ ഓഫീസ് കെട്ടിടം നിർമ്മിതമായി. അരമനകെട്ടിടത്തിന്റെ ഒന്നാം നിലയുടെ ഉദ്ഘാടനം 1963-ൽ അർമ്മീനി യായുടെ വസ്ക്കൻ ഒന്നാമൻ കാതോലിക്കാ നിർവഹിച്ചു. അരമനയുടെ പണി 1980-ൽ പൂർത്തിയായി. അഞ്ചാം കാതോലിക്കായുടെ കഠിനാദ്ധ്വാ നത്താൽ പൂർത്തിയായ അരമനയുടെ ഉദ്ഘാടനം ജോർജിയൻ കാതോ ലിക്കാ ഈലിയാ രണ്ടാമൻ 1982-ൽ നിർവഹിച്ചു. ഇപ്പോൾ അവിടെയുള്ള ഓഫീസുകൾ:

1. പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായു ടെയും സിക്രട്ടറിയേറ്റ്, 2. എപ്പിസ്കോപ്പൽ സുന്നഹദോസ് ഓഫീസ്, 3. എം. ഒ. സി. കോളജുകളുടെ ഓഫീസ്, 4. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ ഓഫീസ്, 5. സണ്ടേസ്കൂൾ ഓഫീസ്, 6. മലങ്കരസഭാ മാസികയുടെ ഓഫീസ്, 7. കാതോലിക്കേറ്റ് പ്രസ്, 8. കോട്ടയം സെൻട്രൽ ഭദ്രാസന ഓഫീസ്, 9. കാതോലിക്കേറ്റ് & എം. ഡി. സ്കൂളുകളുടെ ഓഫീസ്, 10. എം. ഒ. സി. പബ്ലിക്കേഷൻസിന്റെ ഓഫീസ്, 11. മലങ്കര സഭാ പത്രികയുടെ ഓഫീസ്, 12. ആർദ്രാ ചാരിറ്റബിൾ സൊസൈറ്റിയുടെ ഓഫീസ്.

ദേവലോകം അരമനയും മറ്റും പൂർത്തിയാക്കുന്നതിൽ കോലഞ്ചേരി ചാക്കോപിള്ള, മർത്തമറിയം വനിതാ സമാജം, ഡോ. മിസ്സിസ് പുന്നൻ ലൂക്കോസ്, ഫാ. ടി. ജി. സഖറിയാ, മാത്യൂസ് മാർ കൂറിലോസ് മെത്രാ പ്പോലീത്താ എന്നിവരുടെ പേരുകൾ പല തരത്തിൽ അവിസ്മരണീയ മാണ്.

### അതിർ വിശാലമാക്കി

മാർത്തോമ്മാ എന്ന പട്ടം സ്ഥാനനാമത്തോട് ചേർത്തുപയോഗിച്ചതിൽ പൈതൃകത്തോടും മലങ്കരസഭാചരിത്രത്തോടും അദ്ദേഹത്തിനുള്ള ആഭി മുഖ്യം ദൃശ്യമാണ്. എപ്പിസ്കോപ്പൽ സഭ എന്ന ആശയത്തോട് കൂടുതൽ ആഭിമുഖ്യമുണ്ടായിരുന്ന അദ്ദേഹം ആ നിലയിൽ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകി. ആത്മീയ സംഘടനകൾക്കുണ്ടായ ഭരണഘടനക ളിലും നടപടിച്ചട്ടങ്ങളിലും ഈ ആഭിമുഖ്യം ദൃശ്യമാണ്. ആണ്ടിൽ രണ്ടു തവണ പ്രഖ്യാപിത തീയതികളിൽ എപ്പിസ്കോപ്പൽ സിനഡ് കൂടുന്ന ശൈലി ഇദ്ദേഹം ആവിഷ്കരിച്ചു. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ഇതോടെ കാര്യക്ഷമമായി. സമകാലീന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വേദി എന്ന നിലയിൽ സിനഡിന്റെ പ്രസക്തി വർദ്ധിച്ചു. സിനഡിന്റെ പ്രസക്ത തീരുമാനങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചതും ഇദ്ദേഹത്തിന്റെ കാലത്താണ്.

1975-ൽ രൂപീകൃതമായ കൽക്കട്ടാ മെത്രാസനം, 1976-ൽ രൂപം കൊണ്ട

മദ്രാസ് - ബോംബെ ഭദ്രാസനങ്ങൾ, 1976 -ൽ രൂപീകൃതമായ ദൽഹി ഭദ്രാസനം 1985 ഏപ്രിൽ 14 ന് നിലവിൽവന്ന കുന്നംകുളം മെത്രാസനം, 1982 ൽ നിലവിൽ വന്ന ഇടുക്കി ഭദ്രാസനം, 1982 ഏപ്രിൽ 21 ന് രൂപം കൊണ്ട കോട്ടയം സെൻട്രൽ ഭദ്രാസനം, 1979-ൽ രൂപീകൃതമായ അമേരിക്കൻ മെത്രാസനം, 1985 മാർച്ച് 10 ന് നിലവിൽ വന്ന ചെങ്ങന്നൂർ മെത്രാസനം, 1979 ജനുവരി 1 ന് നിലവിൽ വന്ന തിരുവനന്തപുരം ഭദ്രാസനം എന്നിങ്ങനെ സഭയുടെ അതിരുകൾ ബാഹ്യകേരളത്തിലും ബാഹ്യഭാരതത്തിലും വികസിപ്പിച്ചെടുത്തതിന്റെ ബഹുമതി അഞ്ചാം കാതോലിക്കാ അർഹിക്കുന്നു.

മുൻഗാമികളായ ഒന്നാം കാതോലിക്കായുടെ പാമ്പാക്കുട ചെറിയപള്ളിയിലെ കബറിടവും രണ്ടാം കാതോലിക്കായുടെ വാകത്താനം വള്ളിക്കാട്ട് ദയറായിലെ കബറിടവും പുനർനിർമ്മാണം ചെയ്ത് സ്ഥാനോചിതമാം വിധം പുനഃസംവിധാനം ചെയ്തതും അനാഥനെപ്പോലെ ഗോവയിലെ മുനിസ്സിപ്പൽ ശ്മശാനത്തിൽ ഒരു വൈദികന്റെയും കാർമ്മികത്വമില്ലാതെ അടക്കം ചെയ്യപ്പെട്ട അൽവാറീസ് മാർ യൂലിയോസിന്റെ കബറിടം അധികൃതരുടെ സഹായവും അനുവാദവും തേടി കണ്ടെത്തി ഭൗതികാവശിഷ്ടങ്ങൾ ഗോവാ പഞ്ചിം പള്ളിയിൽ കബറടക്കശുശ്രൂഷയുടെ ക്രമം നടത്തി സംസ്കരിച്ച് കബറിടം പണിതതും അപ്രകാരം വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ കാലത്ത് സഭയ്ക്ക് നേരിട്ട് ലജ്ജാഹേതുക്കൾ പരിഹരിക്കുകയും ചെയ്തതിന്റെ ബഹുമതി ഇദ്ദേഹത്തിനാണ്. മൂന്നും നാലും കാതോലിക്കാമാരുടെ കബറിടങ്ങളും അദ്ദേഹം പുനർനിർമ്മാണം നടത്തി സുന്ദരമാക്കി.

റഷ്യ, റൂമേനിയ, ബൾഗേറിയ എന്നീ സഭകൾ അദ്ദേഹം ഔദ്യോഗികമായി സന്ദർശിച്ചു. റഷ്യൻ പാത്രിയർക്കീസ് അവിടത്തെ പരോമന്നത ബഹുമതിയായ 'ഓർഡർ ഓഫ് സെന്റ് വ്ളാഡിമർ' പദവിയും ലെനിൻ ഗ്രാഡ് യൂണിവേഴ്സിറ്റി ഫെല്ലോ സ്ഥാനവും നൽകി ഇദ്ദേഹത്തെ ആദരിച്ചു. 1981-ൽ റഷ്യയിൽ നടന്ന സർവമത സമ്മേളനത്തിന്റെ രക്ഷാധികാരി, മോസ്ക്കോയിൽ നടന്ന നിരായുധീകരണ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ എന്നീ നിലകളിൽ പങ്കെടുത്തു. റോം, അമേരിക്കാ എന്നീ കേന്ദ്രങ്ങൾ സന്ദർശിച്ചു. കത്തോലിക്കാ - ഓർത്തഡോക്സ് സഭകളുടെ ഔദ്യോഗിക സംഭാഷണങ്ങൾക്ക് (ഡയലോഗിന്) തുടക്കം കുറിച്ചു.

1981-ൽ ഡമാസ്കസിൽ വച്ച് ആകമാന സുറിയാനി സഭയുടെ സുന്നഹദോസ് എന്ന് വിശേഷിപ്പിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസ് ഒരു സമ്മേളനം വിളിച്ചുകൂട്ടിയിരുന്നു. മലങ്കരയിലെ വിഘടിത മെത്രാന്മാർ അതിൽ പങ്കെടുത്തിരുന്നു. നാലാം കാതോലിക്കായേയും അദ്ദേഹത്തിന്റെ മെത്രാന്മാരെയും നിരോധിക്കുന്ന ചില തീരുമാനങ്ങൾ അവിടെ അനധികൃതമായി

സ്വീകരിച്ചു. മലങ്കരയുമായുള്ള ബന്ധത്തെപ്പറ്റിയുള്ള അന്ത്യോഖ്യൻ സങ്കല്പങ്ങൾ അവിടുത്തെ തീരുമാനങ്ങളിൽ പ്രകടമാണ്.

1. പാത്രിയർക്കീസ് എല്ലാ നിയമങ്ങൾക്കും അതീതനാണ്.
2. മൂറോൻകൂദാശ ആ പരമാദ്ധ്യക്ഷതയുടെ പ്രതീകമാണ്.
3. റിശീസാ പാത്രിയർക്കീസിനിരിക്കണം.
4. പാത്രിയർക്കാ ഡലിഗേറ്റ് മലങ്കരയിൽ ഉണ്ടായിരിക്കും.
5. കാതോലിക്കാ പാത്രിയർക്കീസിന് വാർഷിക റിപ്പോർട്ട് നൽകണം.
6. സിനഡ് തീരുമാനങ്ങൾ പാത്രിയർക്കീസിന് അയച്ചുകൊടുക്കണം.
7. മെത്രാന്മാർക്കു നൽകുന്ന സ്ഥാത്തിക്കോനിൽ പാത്രിയർക്കീസ് കൗണ്ടർസൈൻ ചെയ്യണം.
8. ക്നാനായ മെത്രാസനം പാത്രിയർക്കീസിന്റെ കീഴിലായിരിക്കും.
9. മലങ്കരയിൽ നിന്ന് പാത്രിയർക്കാ സ്ഥാനാർത്ഥി ഉണ്ടായിക്കൂടാ.
10. മലങ്കരയിൽ നിന്ന് 2 പേർക്ക് പാത്രിയർക്കാ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാം.

സിനഡിന്റെ മുടക്കു പ്രാവർത്തികമാക്കുവാൻ പുതിയ വ്യവഹാരങ്ങൾ പ്രത്യക്ഷപ്പെട്ടു. ഒടുവിൽ കേസുകൾ സ്പെഷ്യൽ കോടതിയിൽനിന്ന് സുപ്രീംകോടതിയിലെത്തി.

1983 ജൂൺ 3 ന് അഞ്ചാം കാതോലിക്കാ വത്തിക്കാനിലെത്തി ജോൺ പോൾ മാർപ്പാപ്പായെ കണ്ട് സംഭാഷണങ്ങൾ നടത്തിയതും 1985 ഫെബ്രുവരി 8 ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് മാർപ്പാപ്പാ കാതോലിക്കായെ സന്ദർശിച്ച് സംഭാഷണം നടത്തിയതും എക്യുമെനിക്കൽ രംഗത്തെ പ്രധാന സംഭവങ്ങളാണ്.

അഞ്ചാം കാതോലിക്കായുടെ പ്രോത്സാഹനം മൂലം സഭയിൽ ബഹുമുഖമായ നേട്ടങ്ങൾ ഉണ്ടായി. അദ്ദേഹത്തിന്റെ പ്രധാന കർമ്മമേഖലയായിരുന്ന വൈദികസെമിനാരിയാണ് ഇക്കാര്യത്തിൽ പ്രഥമ പരാമർശം അർഹിക്കുന്നത്. അത്മായ വേദശാസ്ത്ര പരിശീലന പദ്ധതിയായ ദിവ്യബോധനം കോഴ്സും അതിന്റെ സർട്ടിഫിക്കറ്റ് - ഡിപ്ലോമാ - ബിരുദ കോഴ്സുകളും ആവശ്യമായ പാഠപുസ്തകങ്ങളും ഉണ്ടാകുന്നത് ഇക്കാലത്താണ്.

നാഷണൽ ക്രിസ്ത്യൻ കൗൺസിൽ, കെ.സി.സി. എന്നിവയിൽ മലങ്കരസഭ അംഗമാകുന്നത് ഇക്കാലത്താണ്. ബൈബിൾ സൊസൈറ്റിയിൽ അംഗമായതും വൈദികസെമിനാരി സെറാമ്പൂരിൽ അഫിലിയേറ്റ് ചെയ്തതും ഇദ്ദേഹത്തിന്റെ ബഹുമതിയുടെ തൂവലുകൾ ആണ്.

1978 മെയ് 15 ന് പഴഞ്ഞി സെന്റ് മേരീസ് പള്ളിയിൽ വച്ച് യാക്കോബ് മാർ പോളിക്കാർപ്പോസ്, സഖറിയാ മാർ ദീവന്നാസ്യോസ്, ഗീവറുഗീസ്

മാർ ദീയസ്കോറോസ്, മാത്യൂസ് മാർ ബർന്നബാസ്, യൂഹാനോൻ മാർ അ ത്താനാസ്യോസ് എന്നിവരെ മെത്രാന്മാരായി വാഴിക്കുകയും അവരെ യഥാക്രമം കൊച്ചി, മദ്രാസ്, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിയ മിക്കുകയും ചെയ്തു.

മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് 1985 മെയ് 15 ന് മാത്യൂസ് മാർ എപ്പിപ്പാനിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ്, തോമസ് മാർ അത്താനാസ്യോസ്, ഗീവറുഗീസ് മാർ ഈവാനിയോസ്, പൗലൂസ് മാർ മിലിത്തിയോസ് എന്നിവരെ മേല്പട്ടക്കാരായി വാഴിക്കുകയും അവരെ യഥാക്രമം കൊല്ലം, തുമ്പമൺ, ചെങ്ങന്നൂർ, കോട്ടയം, കുന്നംകുളം എന്നീ മെത്രാസനങ്ങളിൽ നിയമിക്കുകയും ചെയ്തു.

അഞ്ചാം കാതോലിക്കാ 1977 ഏപ്രിൽ 1 ന് പഴയസെമിനാരിയിൽ വച്ചും 1988 മാർച്ച് 25 ന് ദേവലോകത്തുവച്ചും വി. മൂറോൻ കൂദാശ നിർവഹിച്ചു.

വെണ്ണിക്കുളം സി. പി. ചാണ്ടി എന്ന സഭാകവിയുടെ പ്രതിഭയെ പ്രയോ ജനപ്പെടുത്തിയ അഞ്ചാം കാതോലിക്കാ ബുധനാഴ്ച നമസ്കാരം, ദുഃഖ വെള്ളിയാഴ്ച നമസ്കാരം, പെരുന്നാൾ ശുശ്രൂഷാ ക്രമം, കൂദാശക്രമ ങ്ങൾ, കന്തീലാ, കഹനൈത്താ തുടങ്ങിയ ക്രമങ്ങളുടെ വൃത്താനുവൃത്ത തർജ്ജിമയും സ്ലീബാ നമസ്കാരവും പ്രത്യേക പാട്ടുകളും ചേർന്ന (ഇന്നു പയോഗിക്കുന്ന) കുർബ്ബാനക്രമവും മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയി ട്ടുണ്ട്.

പള്ളി സന്ദർശനവേളകളിൽ ലഭ്യമായ സുറിയാനി കൈയെഴുത്തു പുസ്തകങ്ങൾ ശേഖരിക്കുന്ന സ്വഭാവമുണ്ടായിരുന്നതിനാൽ കൈയെ ഴുത്തു ഗ്രന്ഥങ്ങളുടെ വൻ ശേഖരം, മലയാളം, സുറിയാനി ഭാഷകളിലുള്ള പഴയ ഗ്രന്ഥങ്ങളുടെ വൻ ശേഖരം (മഞ്ഞപ്ര അച്ചന്മാരുടെ കൈവശമു ണ്ടായിരുന്ന ഗ്രന്ഥശേഖരം 25000 രൂപ കൊടുത്താണ് അദ്ദേഹം അക്കാ ലത്ത് വാങ്ങിയത്! സഭാചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ടിന്റെ ഗ്രന്ഥ ശേഖരവും ഫയലുകളും പാറേട്ട് മാർ ഈവാനിയോസിന്റെ വിലപ്പെട്ട ഡയറികളും നഷ്ടപ്പെട്ടു പോകാതെ അദ്ദേഹം ഭാവി തലമുറയ്ക്കു വേണ്ടി സൂക്ഷിച്ചു), പ. വട്ടശ്ശേരിൽ തിരുമേനിയുടെയും പ. ഗീവർഗീസ് ദ്വിതീ യൻ ബാവായുടെയും കല്പനബുക്കുകൾ എന്നിവ ചേർത്ത് കാതോലി ക്കേറ്റ് ലൈബ്രറി സൃഷ്ടിക്കുവാൻ സാധിച്ചു. പിന്നീട് വന്ന കാതോലി ക്കാബാവായുടെ കാലത്ത് ആർക്കും വേണ്ടാതെ ഉപേക്ഷിക്കപ്പെട്ടു കിടന്ന ഈ ലൈബ്രറി, ഓർത്തഡോക്സ് വൈദികസെമിനാരി അദ്ധ്യാപകനായ ഫാ. സി. സി. ചെറിയാൻ, സഭാചരിത്ര ഗവേഷകരായ എം. കുര്യൻ തോമ സ്, വർഗീസ് ജോൺ തോട്ടപ്പുഴ, ജോയ്സ് തോട്ടയ്ക്കാട് എന്നിവരുടെ നിരന്തര പരിശ്രമഫലമായി ഓർത്തഡോക്സ് സെമിനാരി ആർക്കൈവ്സി

ലേക്ക് ഇപ്പോൾ മാറ്റിയിട്ടുണ്ട്. ആണ്ടടക്കമുള്ള പ്രസംഗങ്ങൾ, വി. കൂദാശകൾ എന്നിവ പ്രശസ്ത കൃതികളാണ്. ആകർഷകമായ പെരുമാറ്റവും വക്രതയില്ലാത്ത വ്യക്തിത്വവും പ്രാദേശികത ആക്രമിക്കാത്ത സഭാ ദർശനവും ഗംഭീരമായ ആരാധനകളും ഭരണരംഗത്തെ കൃത്യതയും സൂക്ഷ്മതയും പണമിടപാടുകളിലെ അവധാനതയും അഞ്ചാം കാതോലിക്കായെ മറ്റു പലരിൽനിന്നും വ്യത്യസ്തനാക്കുന്നു.

ധാരാളം പുതിയ ദേവാലയങ്ങളും ഭദ്രാസനങ്ങളും ആരാധനാലയങ്ങളും ആതുരാലയകേന്ദ്രങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും മിഷൻ പ്രവർത്തന കേന്ദ്രങ്ങളും മറ്റും പുതുതായി ഉണ്ടായതും ഉണ്ടായിരുന്നവ വികസിക്കപ്പെട്ടതും ഇക്കാലത്തെ ശ്രദ്ധേയമായ വളർച്ച തന്നെ. അദ്ദേഹത്തിന് കൈമുത്തായി ലഭിച്ച തുകകൾ ഉപയോഗിച്ചാണ് വടക്കൻ ഭദ്രാസനങ്ങളിലുള്ള ഒട്ടുമിക്ക കാതോലിക്കേറ്റ് സെന്ററുകൾക്കും തുടക്കമിട്ടത്.

കുർബാനക്രമവും ആരാധനക്രമങ്ങളും ഇംഗ്ലീഷ്, ഹിന്ദി, തമിഴ് എന്നീ ഭാഷകളിലേക്ക് വിവർത്തനം ചെയ്തതിൽ ഇദ്ദേഹത്തിന്റെ നേതൃത്വവും പ്രോത്സാഹനവുമുണ്ട്.

കുന്നംകുളം മെഡിക്കൽ മിഷൻ ആശുപത്രി, പഴഞ്ഞി എം. ഡി. കോളജ് എന്നിവ അദ്ദേഹത്തിന്റെ ആസൂത്രണ വൈഭവത്തിന്റെ ഫലമായി രൂ പംകൊണ്ട സ്ഥാപനങ്ങൾ ആണ്.

യാക്കോബ് പോളിക്കാർപ്പോസ് 26-12-1988 ലും യൂഹാനോൻ അത്താനാസ്യോസ് 12-10-1980 ലും ദാനിയേൽ പീലക്സീനോസ് 13-12-1990 ലും യൂഹാനോൻ സേവേറിയോസ് 16-5-90 ലും ജോസഫ് പക്കോമിയോസ് 19-8-91 ലും കാലം ചെയ്തു. യഥാക്രമം കൊരട്ടി സീയോൻ സെമിനാരി, പെരുനാട് ബഥനി ആശ്രമം, പത്തനംതിട്ട ബേസിൽ അരമന, കൊരട്ടി സീയോൻ സെമിനാരി, മുളക്കുളം പള്ളി എന്നിവിടങ്ങളിൽ ഇവരെ കബറടക്കി.

അഖിലഭാരത സഭയാണ് തന്റെ സ്വപ്നം എന്ന് അഞ്ചാം കാതോലിക്കാ സ്ഥാനാരോഹണവേദി മുതൽ പല വേദികളിലും അവകാശപ്പെട്ടു. എങ്കിലും തദനുസരണമായ നടപടികൾ ഒന്നും ഉണ്ടായതായി അറിവില്ല. കുറെ വൈദികർക്ക് കോർഎപ്പിസ്കോപ്പാ സ്ഥാനവും, കുറെപ്പേർക്ക് റമ്പാൻ സ്ഥാനവും, കുറെപ്പേർക്കു റമ്പാൻ - കോറിസ്ഥാനങ്ങൾ ഒന്നിച്ചും നൽകിയതിന്റെ പേരിലും കുറെ ദേവാലയങ്ങൾ അർത്ഥരഹിതമായി കത്തീഡ്രലുകളായി പ്രഖ്യാപിക്കപ്പെട്ടതിലും അദ്ദേഹം വിമർശിക്കപ്പെട്ടിട്ടുണ്ട്.

അന്ത്യകാലത്ത് അദ്ദേഹത്തിന് സംസാരശേഷി പൂർണ്ണമായും നഷ്ടപ്പെട്ടു. കൈകാലുകളുടെ ചലനശേഷിയും നഷ്ടപ്പെട്ടു. ആ പരിതഃസ്ഥി

തിയിൽ 1991 ഏപ്രിൽ 27 ന് മലങ്കര മെത്രാപ്പോലീത്തായുടെയും കാതോലിക്കായുടെയും സ്ഥാനങ്ങൾ അദ്ദേഹം ഒഴിഞ്ഞു. 1980 മേയ് 1 ന് കൂടിയ മലങ്കര അസോസ്യേഷൻ അഞ്ചാം കാതോലിക്കായുടെ പിൻഗാമിയായി തെരഞ്ഞെടുത്തിരുന്ന മാത്യൂസ് മാർ കൂറിലോസിനെ 1991 ഏപ്രിൽ 29 ന് പരുമലയിൽ വച്ച് ഡോ. തെയോഫിലോസിന്റെ പ്രധാന കാർമ്മികത്വത്തിൽ സിനഡ് ആറാം കാതോലിക്കായായി വാഴിച്ചു.

### അഞ്ചാം കാതോലിക്കാ: ജീവചരിത്രം ഒറ്റനോട്ടത്തിൽ

1907 മാർച്ച് 27 ന് ജനനം. മെയ് 12 ന് വടക്കൻമണ്ണൂർ പള്ളിയിൽ വച്ച് മാമ്മൂദീസാ. 1945 ആഗസ്റ്റ് 18 ന് പഴയസെമിനാരിയിൽ വച്ച് മ്സമ്രോനോ. ആഗസ്റ്റ് 19 ന് ഏലിയാ ചാപ്പലിൽ വച്ച് പൂർണ്ണശെമ്മാശ്ശൻ. 1966 ആഗസ്റ്റ് 27 ന് ഏലിയാ ചാപ്പലിൽ വച്ച് കശ്ശീശായായി. എല്ലാ സ്ഥാനങ്ങളും ഗീവറുഗീസ് ദ്വിതീയൻ ബാവായാണ് നൽകിയത്.

1951 മെയ് 17 ന് എം. ഡി. അസോസ്യേഷൻ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1951 സെപ്തംബർ 21 ന് പഴയ സെമിനാരിയിൽ വച്ച് റമ്പാനായി. 1953 മെയ് 15 ന് ഏലിയാ ചാപ്പലിൽ വച്ച് മാർ അത്താനാസ്യോസ് എന്ന പേരിൽ എപ്പിസ്കോപ്പായായി സ്ഥാനമേറ്റു. 1959 ജൂലൈ 12 ന് മെത്രാപ്പോലീത്താ. 1960 ൽ ബാഹ്യകേരള ഭദ്രാസനാധിപനായി.

1970 ഡിസംബർ 11 ന് എം. ഡി. അസോസ്യേഷനിൽ വച്ച് നിയുക്ത കാതോലിക്കായായി തെരഞ്ഞെടുത്തു. 1975 സെപ്തംബർ 24 ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേറ്റു. 1975 ഒക്ടോബർ 27 ന് പഴയസെമിനാരിയിൽ വച്ച് പൗരസ്ത്യ കാതോലിക്കായായി. 1985 ഫെബ്രു. 8 ന് കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ച് കാതോലിക്കാ – മാർപ്പാപ്പാ കൂടിക്കാഴ്ച. 1990 സെപ്തംബർ 26 ന് കങ്ങഴ ആശുപത്രിയിൽ വച്ച് തൈലാഭിഷേകം നടത്തി. 1991 ജനുവരി 3 ന് ദേവലോകം അരമനയിൽ വച്ച് കന്തീലാ ശുശ്രൂഷ. 1991 ഏപ്രിൽ 27 ന് സ്ഥാനത്യാഗം ചെയ്തു. 1996 നവംബർ 8 ന് കാലം ചെയ്തു. 1996 നവംബർ 9. ദേവലോകത്ത് കബറടക്കം. 1978 ഏപ്രിൽ 1, 1988 മാർച്ച് 25 എന്നീ തീയതികളിൽ പഴയസെമിനാരിയിൽ വച്ചും ദേവലോകത്തു വച്ചും മൂറോൻ കൂദാശകൾ നടത്തി.

1978 മെയ് 15 ന് പഴഞ്ഞിയിൽ വച്ച് മാർ പോളിക്കാർപ്പോസ്, മാർ ദീയസ്കോറോസ്, മാർ ബർന്നബാസ്, മാർ ദീവന്നാസ്യോസ്, മാർ അത്താനാസ്യോസ് എന്നിവരെ എപ്പിസ്കോപ്പാമാരായി വാഴിച്ചു. 1981 ഫെബ്രു. 28 ന് പഴയസെമിനാരിയിൽ വച്ച് അവരെ മെത്രാപ്പോലീത്താമാരാക്കി. 1985 മെയ് 13 ന് മാവേലിക്കര വച്ച് മാർ എപ്പിപ്പാനിയോസ്, മാർ യൗസേബിയോസ്, മാർ അത്താനാസ്യോസ്, മാർ ഈവാനിയോസ്, മാർ മിലിത്തിയോസ് എന്നിവരെ എപ്പിസ്കോപ്പന്മാരാക്കി.

## D. ആറാം കാതോലിക്കാ

കൊല്ലത്തിനടുത്ത് പെരിനാട്ടിലെ പുതുശ്ശേരിലഴകത്ത് പുത്തൻവീട്ടിൽ ഇടിക്കുള - അന്നമ്മ ദമ്പതികളുടെ എട്ടു മക്കളിൽ മൂത്ത പുത്രനായി 1915 ജനുവരി 30 ന് ജനിച്ച ഇ. മാത്യൂസ് കൽക്കട്ടാ ബിഷപ്സ് കോളജ്, ന്യൂയോർക്കിലെ ജനറൽ തിയോളജിക്കൽ കോളജ് എന്നിവിടങ്ങളിലും കോട്ടയം പഴയസെമിനാരിയിലും ബേസിൽ ദയറാ എന്നിവിടങ്ങളിലും പഠന പരിശീലനം നേടി. തെങ്ങുംതറയിൽ ഗീവറുഗീസ് കോറി, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ എന്നിവരാണ് സുറിയാനി ഗുരുക്കൾ. 1938 ഏപ്രിൽ 17 ന് കുണ്ടറ സെമിനാരിയിൽ വച്ച് കോറൂയോ 1941 മെയ് 6 ന് പൂർണ്ണ ശെമ്മാശുപട്ടം. ക്രമേണ വൈദികൻ. 1951 സെപ്തംബർ 21-ന് റമ്പാൻ. ഏലിയാ കത്തീഡ്രലിൽ വച്ച് 1953 മെയ് 15 ന് മെത്രാൻ. സ്ഥാനങ്ങൾ എല്ലാം നൽകിയത് മൂന്നാം കാതോലിക്കാ. ആദ്യം കൊല്ലം സഹായ മെത്രാൻ. തേവോദോസ്യോസ് കാലം ചെയ്തതിന് ശേഷം പൂർണ്ണ ഭദ്രാസന ചുമതല. 38-ാം വയസ്സിൽ മേല്പട്ടക്കാരനായി. 1980 മേയ് 1 ന് അസോസ്യേഷൻ നിയുക്ത കാതോലിക്കായായി തെരഞ്ഞെടുത്തു. 1991 ഏപ്രിൽ 29 ന് പരുമലയിൽ വച്ച് കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു.

വൈദികനായി ഓതറ ദയറായിൽ ഏറെക്കാലം കഴിച്ചു കൂട്ടി. അദ്ദേഹത്തെ രൂപപ്പെടുത്തിയത് ഈ ദയറാ ജീവിതമാണ്. എയ്ഞ്ചൽ അച്ചൻ എന്നാണ് മുഖശ്രീയുള്ള ഈ വൈദികൻ അറിയപ്പെട്ടിരുന്നത്. വൈദിക സെമിനാരി കോട്ടയം എം. ഡി. സെമിനാരിയിൽ പ്രവർത്തിക്കുമ്പോൾ അദ്ധ്യാപകൻ ആയിരുന്നു. മികച്ച ധ്യാനഗുരു, പ്രഭാഷകൻ, എന്നീ നിലകളിൽ അറിയപ്പെട്ടിരുന്നു. കാനോനാ നമസ്കാരം ഇദ്ദേഹം വിവർത്തനം ചെയ്തിട്ടുണ്ട്. ഒട്ടധികം ആശ്രമങ്ങളും കോളജുകളും ധാരാളം വിദ്യാലയങ്ങളും പീരുമേട്, ശാസ്താംകോട്ട എഞ്ചിനിയറിംഗ് കോളജുകളും സ്ഥാപിച്ചു. ഏറ്റവും പിൻനിരയിൽക്കിടന്ന കൊല്ലം മെത്രാസനത്തെ മുൻനിരയിലെത്തിച്ചു. കൊല്ലത്തിന്റെ ആദ്യത്തെ മുഴുവൻ സമയ മെത്രാനായിരുന്നു അദ്ദേഹം. ആദ്യത്തെ ആൾ മലങ്കര മെത്രാപ്പോലീത്താ കൂടെ ആയ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ആയിരുന്നു. അടുത്ത ആൾ ബഥനിയുടെയും ബാഹ്യകേരളത്തിന്റെയും ചുമതലയുള്ള അലക്സിയോസ് തേവോദോസിയോസ് ആയിരുന്നു. രണ്ടു പേരിൽ നിന്നും വ്യത്യസ്തനായി ഭദ്രാസന കാര്യങ്ങളിൽ പൂർണ്ണ ശ്രദ്ധ ചെലുത്താനായപ്പോൾ കൊല്ലം മെത്രാസനം അതിവേഗം വളർന്നു. ഏവർക്കും സ്വീകാര്യനായ യുവമെത്രാപ്പോലീത്താ ഇടംകൈ കൊണ്ടും വലംകൈ കൊണ്ടും സമ്പാദിച്ചതെല്ലാം ഭദ്രാസനത്തിന് വളമായി അർപ്പിച്ചു.

ഏറെക്കാലം യുവജനപ്രസ്ഥാനത്തിന്റെയും സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെയും പ്രസിഡന്റായിരുന്നു. മാനേജിംഗ് കമ്മിറ്റി യോഗങ്ങളിലും മറ്റും

അദ്ധ്യക്ഷവേദിയും സദസ്സും പ്രക്ഷുബ്ധമാകുന്ന വേളകളിൽ എഴുന്നേറ്റ് നിന്ന് സൗമ്യമായ മധുരവാക്കുകളും പുഞ്ചിരിയും പൊഴിച്ച് കനം കൂടിയ നിമിഷങ്ങളെ ലാഘവപ്പെടുത്തുവാൻ പ്രത്യേക കഴിവുണ്ടായിരുന്നു. നർമ്മ ഭാഷണ പ്രിയനായിരുന്നു അദ്ദേഹം.

ശബരിമല പൂങ്കാവന സംബന്ധിയായി നിലയ്ക്കലിൽ മതസംഘർഷ സാധ്യത അപായകരമാംവിധം വർദ്ധിച്ചപ്പോൾ ക്രിസ്തീയ സമുദായങ്ങളുടെ നേതൃത്വം ഏറ്റെടുത്ത് സർക്കാരുമായി സഹകരിച്ച് പ്രശ്നം പരിഹരിച്ചതും നിലയ്ക്കൽ എക്യുമെനിക്കൽ ആരാധനാകേന്ദ്രം ആരംഭിച്ചതും അദ്ദേഹത്തിന്റെ തൊപ്പിയിൽ പൊൻതൂവലുകൾ ചാർത്തി.

സഭയുടെ ആഭിമുഖ്യത്തിലുള്ള സമൂഹവിവാഹം, ഭൂദാന പ്രസ്ഥാനം ഇവയുടെ ഉപജ്ഞാതാവ് ആറാം കാതോലിക്കാ ആണ്. കോട്ടയം വൈദികസെമിനാരിയുടെ അഭൂതപൂർവമായ വളർച്ച, നാഗ്പൂർ സെമിനാരിയുടെ ആരംഭം, ഭിലായ് എഞ്ചിനീയറിംഗ് കോളജ് തുടങ്ങിയ പ്രവർത്തനങ്ങൾ ബാവായുടെ കാലത്തെ നേട്ടങ്ങളാണ്.

സുൽത്താൻബത്തേരി, മാവേലിക്കര, കണ്ടനാടും അങ്കമാലിയും വിഭജിച്ച് ഓരോന്നിനും ഈസ്റ്റ് - വെസ്റ്റ്, യൂറോപ്പ് - കാനഡ എന്നീ ഭദ്രാസനങ്ങളും ആറാം കാതോലിക്കായുടെ നേട്ടങ്ങളാണ്.

1995-ൽ പുതിയ വ്യവഹാരങ്ങൾക്ക് അന്തിമവിധിയുണ്ടായി. പാത്രിയർക്കീസ് പക്ഷം ഉന്നയിച്ച വാദമുഖങ്ങളെല്ലാം കോടതി തള്ളി. മുടക്ക് അസാധുവെന്നും ഡമാസ്കസ് യോഗം മലങ്കരയെ ബാധിക്കില്ലെന്നും സിംഹാസനവാദത്തിൽ കഴമ്പില്ലെന്നും കോടതി പ്രഖ്യാപിച്ചു. ഭരണഘടന അംഗീകരിക്കാത്തവർക്ക് സഭാഭരണം നിർവഹിക്കാനാവില്ലെന്ന് വന്നപ്പോൾ പാത്രിയർക്കീസ് ഭാഗത്തെ എല്ലാ മെത്രാന്മാരും ഭരണഘടന അംഗീകരിക്കുന്നതായി സുപ്രീംകോടതിയെ രേഖാ മൂലം അറിയിച്ചു. സമാന്തരമായി രണ്ടു തന്ത്രങ്ങൾ അവർ ആവിഷ്ക്കരിച്ചു:

1. ഐക്യം ഭാവിച്ച് വിവിധ തലങ്ങളിൽ അനന്തമായ ചർച്ചകൾ സംഘടിപ്പിക്കുക.

2. കാതോലിക്കായുടെ മലങ്കര മെത്രാൻ സ്ഥാനം സംശയാതീതമല്ലെന്ന് കോടതിയിൽ പരാതിപ്പെടുക.

രണ്ടും വലിയൊരളവിൽ ഫലിച്ചു. സമാധാനത്തിനായുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കേ ശ്രേഷ്ഠ കാതോലിക്കാ പൗലോസ് പ്രഥമൻ, പെരുമ്പിള്ളിൽ മാർ ഗ്രീഗോറിയോസ്, ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് എന്നിവർ കാലം ചെയ്തു. സമാധാനശ്രമങ്ങൾ വഞ്ചനയാണെന്ന് തിരിച്ചറിഞ്ഞ് പാത്രിയർക്കാ പക്ഷത്തെ ഡോ. ഏബ്രഹാം മാർ സേവേറിയോ

സ്, ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തോസ്, ഡോ. സഖറിയാ മാർ നിക്കോളവാസ് എന്നീ മെത്രാന്മാരെ ആറാം കാതോലിക്കാ കാതോലിക്കേറ്റിലേയ്ക്ക് ഔദാര്യപൂർവ്വം സ്വീകരിച്ചു. അവരുടെ ഇടവകകളിൽ വൈദികരും ജനങ്ങളും രണ്ടു ഭാഗത്തായി ധ്രുവീകരിക്കപ്പെട്ടത് പുതിയ പള്ളി വ്യവഹാരങ്ങൾക്ക് കാരണമായി. ഒടുവിൽ സുപ്രീംകോടതി ഭേദഗതി ചെയ്ത 34 ലെ ഭരണഘടന പ്രകാരം ഇരുഭാഗവും ജസ്റ്റീസ് മളീമഠിന്റെ സാന്നിദ്ധ്യത്തിലും കാതോലിക്കായുടെ അദ്ധ്യക്ഷതയിലും അസോസ്യേഷൻ ചേർന്ന് മലങ്കര മെത്രാനെയും മാനേജിംഗ് കമ്മിറ്റിയേയും തെരഞ്ഞെടുക്കുവാൻ സുപ്രീംകോടതി ഇരുവിഭാഗങ്ങളോടും ആജ്ഞാപിച്ചു. നിരീക്ഷകന്റെ യാത്രപ്പടി ഇരുവിഭാഗങ്ങളും മുൻകൂറായി കെട്ടി വയ്ക്കുവാനും കോടതി നിർദ്ദേശിച്ചു. അസോസ്യേഷൻ കൂടാനുള്ള ഏർപ്പാടുകൾ ഇടവകതലം മുതൽ ആരംഭിച്ച് പൂർത്തിയാക്കി. 2002 മാർച്ച് 20 ന് നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ നടന്ന അസോസ്യേഷൻ കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ബഹു ഭൂരിപക്ഷത്തോടെ തെരഞ്ഞെടുത്തു സ്ഥിരപ്പെടുത്തി. 3464 പേർ അനുകൂലമായും 9 പേർ പ്രതികൂലമായും വോട്ടു ചെയ്ത വിവരം ജസ്റ്റീസ് മളീമഠ് കോടതിക്ക് റിപ്പോർട്ട് ചെയ്തു. അസോസ്യേഷനിൽ തങ്ങൾക്ക് ഭൂരിപക്ഷമില്ലെന്ന് അറിയാവുന്ന മറുപക്ഷം അസോസ്യേഷനിൽ നിന്ന് വിട്ടു നിന്നു.

1989 ഡിസംബർ 28 ന് അസോസ്യേഷൻ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തിരുന്ന നാലു പേരെ കുറിയാക്കോസ് മാർ ക്ലീമ്മീസ്, ഗീവറുഗീസ് മാർ കൂറിലോസ്, ഇയ്യോബ് മാർ പീലക്സീനോസ്, സഖറിയാ മാർ അന്തോണിയോസ് എന്നീ പേരുകളിൽ 1991 ഏപ്രിൽ 30 ന് പരുമലയിൽ വച്ച് ആറാം കാതോലിക്കാ മേല്പട്ടസ്ഥാനം നൽകി. അവരെ യഥാക്രമം സുൽത്താൻബത്തേരി, ബോംബെ, ഡൽഹി, കണ്ടനാട്, കൊച്ചി മെത്രാസനങ്ങളിലേക്കു നിയമിക്കുകയും ചെയ്തു.

1992 സെപ്തംബർ 10 ന് പരുമലയിൽ വച്ച് ചേർന്ന അസോസ്യേഷൻ നിയുക്ത കാതോലിക്കായായി തോമസ് മാർ തീമോത്തിയോസിനെ തെരഞ്ഞെടുത്തു. മെത്രാൻ സ്ഥാനത്തേക്ക് ഫാ. പൗലൂസ് ഒ. ഐ. സി., ഫാ. ജേക്കബ് ചെറിയാൻ എന്നിവരെ തെരഞ്ഞെടുത്തു. 1993 ആഗസ്റ്റ് 16 ന് അവരെ യഥാക്രമം അങ്കമാലി - മാവേലിക്കര, മദ്രാസ് എന്നീ മെത്രാസനങ്ങളിൽ നിയമിച്ചു (പിന്നീട് അങ്കമാലിയിൽ നിന്നു വിടർത്തി).

അടൂർ സെന്റ് സിറിൾസ് കോളജ്, കൊട്ടാരക്കര സെന്റ് ഗ്രീഗോറിയോസ് കോളജ് എന്നിവയുടെയും കൊല്ലം ഭദ്രാസനത്തിലെ 16-ൽപ്പരം സ്കൂളുകളുടെയും സ്ഥാപക മാനേജർ ആണ്. ദേശീയ അന്തർദേശീയ കോൺഫ്രൻസുകളിലും സമ്മേളനങ്ങളിലും മലങ്കരസഭയെ ഔദ്യോഗിക

മായി പ്രതിനിധീകരിച്ചിട്ടുണ്ട്. അമേരിക്ക, കാനഡ, ഗൾഫ് നാടുകൾ, യൂറോപ്യൻ രാജ്യങ്ങൾ, വിശുദ്ധ നാടുകൾ തുടങ്ങിയ സ്ഥലങ്ങൾ നിരവധി വട്ടം സന്ദർശിച്ചു. 1999 മാർച്ച് 26 ന് 40-ാം വെള്ളിയാഴ്ച ആറാം കാതോലിക്കാ മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ദേവലോകം അരമന ചാപ്പലിൽ വച്ച് വി. മൂറോൻ കൂദാശ നടത്തി.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്താ 1815-ൽ സ്ഥാപിച്ച കോട്ടയം വൈദികസെമിനാരിയുടെ 175-ാം വാർഷികം സഭാതലത്തിൽ 1990-ൽ ഒരു വർഷം നീണ്ടുനിന്ന പരിപാടികളോടെ ആഘോഷിച്ചു. ഉദ്ഘാടനം കോട്ടയത്തും സമാപനം കുന്നംകുളത്തും വച്ചു നടന്നു. പാലൂർ - ചാട്ടുകുളങ്ങര പള്ളിയിൽ ആറാം കാതോലിക്കാ വി. കുർബാനാ മദ്ധ്യേ, പ സുന്നഹദോസ് തീരുമാനപ്രകാരം സെമിനാരി സ്ഥാപകന് 'സഭാ ജ്യോതിസ്' എന്ന ബഹുമതി ബിരുദം പ്രഖ്യാപിച്ചു. കോട്ടയത്ത് വൈദികസെമിനാരിയുടെ ആഭിമുഖ്യത്തിലും കുന്നംകുളത്ത് ആഘോഷക്കമ്മിറ്റിയുടെ മുഖ്യ ചുമതലയിലും സെമിനാറുകൾ നടത്തപ്പെട്ടു. ഈ ആഘോഷം ശാശ്വതീകരിക്കുവാൻ സഭാതലത്തിൽ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് ചീഫ് എഡിറ്റർ ആയി 'മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശം' എന്ന ബൃഹത് റഫറൽ ഗ്രന്ഥവും ഈ ഗ്രന്ഥകാരൻ എഡിറ്ററും ഗ്രന്ഥകാരനുമായി സെമിനാർ പ്രബന്ധങ്ങൾ, സെമിനാരി സ്ഥാപകന്റെ ജീവചരിത്രം എന്നീ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടു.

ലോകത്തെങ്ങുമുള്ള മലങ്കരസഭാമക്കൾ സംഭാവന ചെയ്ത ഒന്നരക്കോടി രൂപ ചെലവു ചെയ്ത് പഴയസെമിനാരി കോമ്പൗണ്ടിൽ ഒരു 'സ്മൃതി മന്ദിരം' 2002 നവംബർ 25 ന് സെമിനാരി സ്ഥാപകന്റെ പെരുനാൾ ദിനത്തിൽ ഉദ്ഘാടനം ചെയ്തു. അതിന്റെ ഒരു നില മാത്യൂസ് പ്രഥമന്റെയും ഒരു നില പൗലൂസ് മാർ ഗ്രീഗോറിയോസിന്റെയും ഒരു നില ഫീലിപ്പോസ് മാർ തെയോഫിലോസിന്റെയും ഓർമ്മയ്ക്കായി സമർപ്പിച്ചിരിക്കുന്നു. സഭാ മാനേജിംഗ് കമ്മിറ്റി ഹാൾ, ലൈബ്രറി കോംപ്ലക്സ്, എക്യുമെനിക്കൽ പഠന ഗവേഷണകേന്ദ്രം എന്നീ ആവശ്യങ്ങൾക്കായി സ്മൃതി മന്ദിരം ഉപയോഗിക്കപ്പെടുന്നു. ചടങ്ങിൽ വച്ച് ഫാ. ഡോ. ജോസഫ് ചീരനും കെ. വി. മാമ്മനും അഡ്വ. പി. സി. മാത്യു പുലിക്കോട്ടിലും ചേർന്ന് എഴുതിയ *ഇൻഡ്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും* എന്ന ഗ്രന്ഥം പ്രകാശിപ്പിച്ചു.

2002-ൽ പ. പരുമല പിതാവിന്റെ ചരമ ശതാബ്ദി സഭാതലത്തിൽ ആഘോഷിച്ചു. 'പുണ്യ സ്മൃതി', 'പരുമല സ്മൃതി' എന്നീ ഈടുറ്റ ഗ്രന്ഥങ്ങൾ ഇതിന്റെ ഭാഗമായി പ്രകാശിപ്പിച്ചു.

'മലങ്കര വർഗ്ഗീസ്' എന്ന് അറിയപ്പെടുന്ന പെരുമ്പാവൂർ സ്വദേശിയും മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി അംഗവുമായ ടി. എം. വറുഗീസ് 2002 ഡിസംബർ 5 ന് അതിദാരുണമായ രീതിയിൽ അകാരണമായി കൊല്ലപ്പെട്ട സംഭവം അരങ്ങേറി. സഭാകലഹത്തിന് ഈ നൂറ്റാണ്ടിൽ ഒരു രക്തസാക്ഷി കൂടെയായി.

വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് 2003 ഫെബ്രുവരി 24 ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് സിനഡിന്റെ തീരുമാനപ്രകാരം പരിശുദ്ധൻ ആയി പ്രഖ്യാപിച്ചു. ഒരു പ്രത്യേക ശുശ്രൂഷാ മദ്ധ്യേയാണ് ആറാം കാതോലിക്കാ ഈ പ്രഖ്യാപനം നടത്തിയത്.

സുപ്രീംകോടതി അനുകൂലമായി വിധിച്ചിട്ടും അസോസ്യേഷൻ സർവസമ്മതമായി കൂടിയിട്ടും രസ്ഥാന്വേഷികൾ വ്യവഹാരങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. പുതിയ വ്യവഹാരം സുപ്രീംകോടതിയിലെ വിചാരണ കാത്തു കഴിയുകയാണ്.

2004 ജൂൺ 10 ന് പരുമല സെമിനാരിയിൽ വച്ച് ചേർന്ന മലങ്കര അസോസ്യേഷൻ മെത്രാൻസ്ഥാനത്തേക്ക് ഫാ. ഡോ. കെ. ജെ. ഗബ്രിയേൽ, ഫാ. ഡോ. എം. സി. ചെറിയാൻ, ഡോ. യൂഹാനോൻ റമ്പാൻ, ഔഗേൻ റമ്പാൻ എന്നിവരെയും വൈദികട്രസ്റ്റിയായി ഫാ. ഡോ. ഒ. തോമസിനെയും തെരഞ്ഞെടുത്തു.

2005 മാർച്ച് 5 ന് പരുമല സെമിനാരിയിൽ വച്ച് നിയുക്ത മെത്രാന്മാരെ മാർ ഗ്രീഗോറിയോസ്, മാർ തെയോഫിലോസ്, മാർ ക്രിസോസ്റ്റമോസ്, മാർ ദീവന്നാസ്യോസ് എന്നീ പേരുകളിൽ മെത്രാന്മാരായി വാഴിക്കുകയും അവരെ യഥാക്രമം തിരുവനന്തപുരം, മലബാർ, നിരണം, അങ്കമാലി - ഇടുക്കി എന്നീ മെത്രാസനങ്ങളിലേക്ക് നിയമിക്കുകയും ചെയ്തു.

അങ്കമാലി ഭദ്രാസനത്തിന്റെയും തൃക്കുന്നത്തു സെമിനാരിയുടെയും ചുമതല വഹിച്ചിരുന്ന പൗലൂസ് പക്കോമിയോസ് മെത്രാപ്പോലീത്തായെ അവിടെനിന്നു വിടർത്തുകയും മാവേലിക്കരയിൽ സ്ഥിരപ്പെടുത്തുകയും മലങ്കര മെത്രാപ്പോലീത്താ അങ്കമാലിയുടെയും തൃക്കുന്നത്തു സെമിനാരിയുടെയും ഭരണച്ചുമതല ഏറ്റെടുക്കുകയും ചെയ്തു. 2006 ഫെബ്രുവരി മുതൽ ഏഴാം കാതോലിക്കാ ചുമതല വഹിക്കുന്നു. വിഘടിത വിഭാഗത്തിലെ ശ്രേഷ്ഠ കാതോലിക്കായും അദ്ദേഹത്തിന്റെ മെത്രാന്മാരും ഉപവാസയജ്ഞം, പ്രാർത്ഥനായജ്ഞം, ഉപരോധം തുടങ്ങിയ വിവിധ സമരമുറകൾ അഴിച്ചുവിട്ട് രംഗം വഷളാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും അവയൊന്നും ഇതുവരെ വിജയിച്ചിട്ടില്ല. 25-1-2007 ൽ തൃക്കുന്നത്തു സെമിനാരിയിൽ പിതാക്കന്മാരുടെ കബറിങ്കൽ, വിഘടിത വിഭാഗം മെത്രാ

ന്മാരെ ജില്ലാ ഭരണകൂടം കയറ്റിയതിൽ പ്രതിഷേധിക്കുവാൻ ഓർത്ത ഡോക്സ് സഭ ഫെബ്രു. 13 നു തിരുവനന്തപുരത്തു നടത്തിയ സെക്രട്ടറി യേറ്റ് മാർച്ചിൽ പങ്കെടുത്ത വൈദികരുൾപ്പെടെയുള്ളവരെ പോലീസ് ക്രൂര മായി മർദ്ദിച്ചു.

പുതിയ സഹസ്രാബ്ദത്തിലേക്ക് പ്രവേശിപ്പിച്ച സമൂഹത്തിലെ സഭയു ടെ പ്രധാന അമരക്കാരൻ എന്ന നിലയിൽ ആറാം കാതോലിക്കാ വേണ്ട വിധം ശോഭിച്ചുവോ എന്ന് സംശയമുണ്ട്. സഭയുടെ പൊതു താല്പര്യം പരിഗണിക്കുന്നതിലുമേറെ പ്രാദേശിക താല്പര്യം അദ്ദേഹത്തെ സ്വാധീ നിച്ചതായി ആരോപണം ഉയർന്നിരുന്നു. വ്യവസ്ഥാപിത സമിതികളുടെ നിയന്ത്രണങ്ങൾക്ക് അതീതനാണ് താൻ എന്ന മട്ടിൽ പല സ്ഥാപന ങ്ങൾക്കും വേണ്ടി പണം അമിതമായി നൽകിയതിന്റെ പേരിൽ മാനേജിംഗ് കമ്മിറ്റിയിൽ പലപ്പോഴും വാഗ്വാദങ്ങൾ ഉണ്ടായിട്ടുണ്ട്. അതീവ വാർ ദ്ധക്യത്തിന്റെ പിടിയിൽ ശരീരം അത്രയേറെ പരവശമായിരുന്നില്ലെങ്കിലും ഇച്ഛാശക്തിയും ഓർമ്മശക്തിയും പലപ്പോഴും വികലമായിരുന്നു. ഈ അവസ്ഥ പലരും ചൂഷണം ചെയ്തിരുന്നുവോ എന്ന് സംശയം.

ക്ഷീണാധിക്യം മൂലം അദ്ദേഹം 2005 ഒക്ടോബർ 30 ന് സ്ഥാനമൊഴി ഞ്ഞു. 2006 ജനുവരി 26 ന് ദിവംഗതനായി. അദ്ദേഹത്തിന്റെ മരണപത്ര ത്തിൽ നിർദ്ദേശിച്ചതനുസരിച്ച് ശാസ്താംകോട്ടയിൽ അദ്ദേഹം സ്ഥാപിച്ച ബൃഹത് സ്ഥാപനങ്ങൾക്കു മദ്ധ്യേയുള്ള ചാപ്പലിൽ 27 ന് കബറടക്കി. തൊണ്ണൂറ്റിഒന്നാം വയസ്സിൽ ഇഹലോകവാസം വെടിയുമ്പോഴും ആ മുഖതേജസ് മങ്ങിയിരുന്നില്ല. മേല്പട്ടക്കാരുടെ റിട്ടയർമെന്റ്, സ്ഥലംമാറ്റം എന്നിങ്ങനെ സഭയുടെ സാർവത്രികമായ പല ചിരകാലാഭിലാഷങ്ങളും തത്വത്തിൽ അംഗീകരിക്കുവാനല്ലാതെ പ്രയോഗത്തിൽ സാക്ഷാത്ക്കരിക്കു വാൻ ആറാം കാതോലിക്കായ്ക്കും അദ്ദേഹത്തിന്റെ സിനഡിനും കഴി യാതെ പോയി.

## ആറാം കാതോലിക്കാ: ജീവചരിത്രം ഒറ്റനോട്ടത്തിൽ

1915 ജനുവരി 30 ന് പെരിനാട് പുതിശേരഴികത്ത് പുത്തൻവീട്ടിൽ ഇടി ക്കുള – അന്നമ്മ ദമ്പതികളുടെ മൂത്ത പുത്രനായി ജനിച്ചു. 1938 കുണ്ടറ യിൽ വച്ച് ഗീവറുഗ്ഗീസ് രണ്ടാമൻ കോറൂയോ സ്ഥാനം നൽകി. 1941 മേയ് 6 ന് അടൂർ പറന്തലിൽ വച്ച് ശെമ്മാശൻ. 1941 മേയ് 25 ന് പഴയ സെമിനാരിയിൽ വച്ച് കശ്ശീശയായി. 1951 മെയ് 21 ന് പഴയസെമിനാരി യിൽ വച്ച് റമ്പാനായി. 1953 മേയ് 15 ന് ഏലിയാ ചാപ്പലിൽ വച്ച് മാർ കൂറിലോസ് എന്ന പേരിൽ എപ്പിസ്കോപ്പായായി വാഴിക്കപ്പെട്ടു. 1959 ജൂലൈ 12 ന് മെത്രാപ്പോലീത്തായായി. 1965 ൽ കൊല്ലം ഭദ്രാസനാധിപ നായി. 1980 മെയ് 1 ന് എം. ഡി. അസോസ്യേഷൻ നിയുക്ത കാതോലി

ക്കായായി തെരഞ്ഞെടുത്തു. 1991 ഏപ്രിൽ 27 ന് മലങ്കര മെത്രാപ്പോലീത്തായായി. 1991 ഏപ്രിൽ 29 ന് പരുമലയിൽ വച്ച് കാതോലിക്കായായി സ്ഥാനമേറ്റു.

1991 ഏപ്രിൽ 30 ന് പരുമല വച്ച് മാർ പീലക്സീനോസ്, മാർ ക്ലീമ്മീസ്, മാർ കൂറിലോസ്, മാർ അന്തോണിയോസ്, മാർ സേവേറിയോസ് എന്നിവരെ വാഴിച്ചു. 1993 ആഗസ്റ്റ് 16 ന് പരുമല വച്ച് മാർ പക്കോമിയോസ്, മാർ ഐറേനിയോസ് എന്നിവരെ വാഴിച്ചു. 1991 ഒക്ടോബർ 25 ന് ഏഴു പേരേയും 93 സെപ്തംബർ 22 ന് സേവേറിയോസിനെയും മെത്രാപ്പോലീത്താമാരാക്കി. 2005 മാർച്ച് 5 ന് മാർ ഗ്രീഗോറിയോസ്, മാർ തെയോഫിലോസ്, മാർ ദീവന്നാസ്യോസ്, മാർ ക്രിസോസ്റ്റമോസ് എന്നിവർക്ക് പരുമലയിൽ വച്ച് മെത്രാൻ സ്ഥാനം കൊടുത്തു.

2005 ഒക്ടോബർ 30 ന് സ്ഥാനത്യാഗം ചെയ്തു. 2006 ജനുവരി 26 ന് ദേവലോകത്ത് വച്ച് കാലം ചെയ്തു. 2006 ജനുവരി 27 ന് ശാസ്താംകോട്ടയിൽ കബറടക്കി.

### F. ഏഴാം കാതോലിക്കാ

ആറാം കാതോലിക്കാ മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ സ്ഥാനത്യാഗം ചെയ്തതിനെത്തുടർന്ന്, ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ആയി നേരത്തെ തെരഞ്ഞെടുക്കപ്പെട്ടിരുന്ന മലബാറിന്റെ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ 2005 നവംബർ 31 ന് പരുമലയിൽ വച്ച് കാതോലിക്കാ ആയി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. ഏഴാം കാതോലിക്കായുടെ സ്ഥാനാരോഹണച്ചടങ്ങുകൾ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസിന്റെ നേതൃത്വത്തിലുള്ള സിനഡ് ആണ് നടത്തിയത്. നവംബർ 30 ന് അദ്ദേഹം മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനം സ്വീകരിച്ചിരുന്നു. കാതോലിക്കാ സ്ഥാനാരോഹണ ശുശ്രൂഷയുടെ അന്ത്യഘട്ടത്തിൽ മുൻഗാമി മദ്ബഹായിൽ സന്നിഹിതനാവുകയും പിൻഗാമിയെ സ്ഥാനചിഹ്നങ്ങൾ അണിയിച്ച് ചുംബിക്കുകയും ചെയ്തത് ഒരു ചരിത്ര സംഭവമായി.

തിരുവല്ലാ നെടുമ്പ്രം മുളമൂട്ടിൽ ഇട്ടിയവിര തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും നാലാമത്തെ പുത്രനായി ഇദ്ദേഹം മാവേലിക്കരയിൽ 1921 ഒക്ടോബർ 29 ന് ജനിച്ചു. പോസ്റ്റ് ഗ്രാഡ്വേറ്റ് ബിരുദവും ബി. റ്റി. യും നേടി പത്തനാപുരം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, കോളജ് പ്രൊഫസർ എന്നീ നിലകളിൽ ജോലി ചെയ്തു. പത്തനാപുരം ദയറായിൽ തോമ്മാ ദീവന്നാസ്യോസിന്റെ മേൽനോട്ടത്തിൽ സന്യാസപരിശീലനം നേടി. 1942 മാർച്ച് 11 ന് കോട്ടയം കാരാപ്പുഴ ചാപ്പലിൽ വച്ച് കോറൂയോ, 1947 മെയ് 22 ന് തിരുവല്ലാ ബഥനി അരമന ചാപ്പലിൽ വച്ച് പൂർണ്ണ ശെമ്മാശൻ, 1950 ജനുവരി 25 ന് പത്തനാപുരം താബോർ ദയറായിൽ വച്ച്

കശ്ശീശാ എന്നീ സ്ഥാനങ്ങൾ ഗീവറുഗ്ഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് സ്വീകരിച്ചു. 1965 മെയ് 16 ന് ഔഗേൻ ബാവാ റമ്പാൻ സ്ഥാനം നൽകി. 1965 ഡിസംബർ 28 ന് മലങ്കര അസോസ്യേഷൻ (കോട്ടയം എം. ഡി.) മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1966 ഓഗസ്റ്റ് 24 –ന് കോലഞ്ചേരിയിൽ വച്ച് മാർ തീമോത്തിയോസ് എന്ന പേരിൽ മെത്രാനായി ഔഗേൻ കാതോലിക്കാ പട്ടംകെട്ടി. 1966 നവംബർ 11 ന് പത്രോസ് മാർ ഒസ്താത്തിയോസിന്റെ അസിസ്റ്റന്റ് ആയും 1968 ഫെബ്രുവരി 2 ന് സ്വതന്ത്രമായും മലബാറിന്റെ ചുമതലയിലേക്ക് നിയമിക്കപ്പെട്ടു.

മലബാർ മെത്രാസനം നേരത്തെ രൂപവത്ക്കരിക്കപ്പെട്ടുവെങ്കിലും സ്വന്തമായി ഒരാസ്ഥാനം ഉണ്ടായിരുന്നില്ല. ആദ്യ മെത്രാൻ പൗലൂസ് മാർ സേവേറിയോസ് കൊരട്ടി ആസ്ഥാനമാക്കിയും അദ്ദേഹത്തെ പിന്തുടർന്ന പത്രോസ് ഒസ്താത്തിയോസ് മുളന്തുരുത്തി കർമ്മേൽ ദയറാ ആസ്ഥാനമാക്കിയുമാണ് മലബാറിന്റെ ഭരണം നിർവഹിച്ചിരുന്നത്. അവർ രണ്ടു പേർക്കും യഥാക്രമം കൊച്ചിയുടെയും സ്ലീബാദാസ സമൂഹത്തിന്റെയും ചുമതല വഹിക്കേണ്ടി വന്നിരുന്നതിനാൽ മലബാറിന് ഒരു പൂർണ്ണസമയ മെത്രാന്റെ സേവനം ലഭിച്ചിരുന്നില്ല.

മലബാർ അതിവിസ്തൃതമായ ഒരു കുടിയേറ്റ മേഖലയാണ്. 1940 മുതൽ കേരളത്തിന്റെ എറണാകുളം, കോട്ടയം, കൊല്ലം തുടങ്ങിയ ജില്ലകളിൽ നിന്ന് വയനാട് ഉൾപ്പെട്ട മലബാറിലേക്ക് ആളുകൾ കുടിയേറിപ്പാർത്തു തുടങ്ങി. ആദ്യകുടിയേറ്റത്തലമുറ മലമ്പനിയുടെ പിടിയിൽ അകപ്പെട്ടുവെങ്കിലും തളരാതെയും ആത്മവിശ്വാസം കൈവിടാതെയും പോരാടി. അനന്തര തലമുറകൾ മണ്ണിനോടു യുദ്ധം ചെയ്ത് കാപ്പി, ചായ, റബർ എന്നീ കൃഷിത്തോട്ടങ്ങൾ ക്ഷമാപൂർവം വച്ചുപിടിപ്പിച്ച് മലബാറിലെ മണ്ണ് പൊന്നാക്കി മാറ്റിയതിന്റെ കഥകൾ 'വിഷകന്യക'യിൽ എസ്. കെ. പൊറ്റക്കാട് ചിത്രീകരിച്ചിട്ടുണ്ട്. റോഡുകളില്ല, സ്കൂളുകൾ ഇല്ല, ദേവാലയങ്ങളും ആശുപത്രികളും ഇല്ല എന്നിങ്ങനെ ഇല്ലായ്മയുടെ കൂമ്പാരമായിരുന്നു മലബാർ. മലമ്പ്രദേശങ്ങളിൽ ചെറിയ ഷെഡ്ഡുകളായി ആദ്യ ദേവാലയങ്ങൾ രൂപം പൂണ്ടു. കാട്ടുമൃഗങ്ങളും പകർച്ചവ്യാധികളും നിത്യ സാധാരണമായ ഒരു നാട്. മലബാറിലെ കാടുകളിൽ നിന്ന് വെടിവെച്ചും മറ്റും നശിപ്പിച്ച കാട്ടുപോത്തുകളുടെയും കുലമാനുകളുടെയും കൊമ്പുകൾ അവർ നൽകിയത് കലാരസികനായ പൗലൂസ് സേവേറിയോസ് മെത്രാച്ചൻ കലാസുഭഗമായ രൂപങ്ങൾ നിർമ്മിച്ച് കൊരട്ടി സീയോൻ സെമിനാരിയുടെ ചുമരുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

1966 ആയപ്പോഴേക്കും പകർച്ചവ്യാധികൾ കീഴടങ്ങിയതോടെ കുടിയേറ്റക്കാരുടെ വരവ് ശക്തമായി. മുളങ്കമ്പും പുല്ലും പനമ്പട്ടയും ഉപയോഗിച്ച് നിരവധി ദേവാലയങ്ങൾ ഉയർന്നു. ഈ അവസ്ഥയെയാണ് മാർ തീമോത്തി

യോസ് മൂലധനമൊന്നുമില്ലാതെ നേരിട്ടത്. കോഴിക്കോട് നടക്കാവിൽ ഇംഗ്ലീഷ് പള്ളിയുടെ സമീപത്തു സ്ഥിതിചെയ്തിരുന്ന പള്ളിയിൽ അദ്ദേഹം താല്ക്കാലികമായി താമസിച്ചുംകൊണ്ട് അതിവിസ്തൃതവും അതി ദരിദ്രവും ആയ ഭദ്രാസനത്തിൽ ഇടയവൃത്തി ആരംഭിച്ചു. ഓലഷെഡ്ഡുകൾ മാറ്റി പള്ളികൾക്ക് സ്ഥിരമായ കെട്ടിടങ്ങൾ നിർമ്മിക്കാനും ദേവാലയങ്ങളില്ലാത്ത നിരവധി കേന്ദ്രങ്ങളിൽ പള്ളികൾ നിർമ്മിക്കാനും അദ്ദേഹം അഹോരാത്രം അവിശ്രമം അദ്ധ്വാനിച്ചു. അതിമധുരവും ഹൃദ്യവുമായ ആരാധനയുടെ അഭൗമമായ സുഗന്ധം പ്രസരിപ്പിച്ച് അദ്ദേഹം മലങ്കരസഭയുടെ ഇന്ത്യയിലും വിദേശത്തുമുള്ള ഇടവകകളിൽ സ്ഥിരം സാന്നിദ്ധ്യമായി. ആ ജൈത്രയാത്രകൾ അതീവ ഫലപ്രദമായി. അചിരേണ കോഴിക്കോട് റീജിയണൽ എഞ്ചിനിയറിംഗ് കോളജിന് സമീപം ചാത്തമംഗലത്ത് സ്ഥിരമായ ഒരു ആസ്ഥാനത്തിന് രൂപം നൽകി. അതാണ് മൗണ്ട് ഹെർമ്മോൻ അരമന. മലബാറിന്റെ പരുക്കൻ അന്തരീക്ഷത്തിലേക്ക് പത്തനാപുരം ദയറായിൽ നിന്നും കുടിയേറ്റ മേഖലകളിൽ നിന്നുമായി വൈദികരുടെ സംഘത്തെ അദ്ദേഹം സംഘടിപ്പിച്ചു.

ഇക്കാലത്താണ് അശനിപാതം പോലെ കക്ഷിവഴക്കുകൾ പൊട്ടിപ്പുറപ്പെട്ടത്. ശബ്ദകോലാഹലങ്ങൾ അധികമുണ്ടാക്കാതെ ഇടവകകളെ ഉറപ്പിച്ചുനിർത്തുവാനും ഭിന്നത അനിവാര്യമായ സ്ഥലങ്ങളിൽ പുതിയ പള്ളികൾ നിർമ്മിക്കാനും അദ്ദേഹം ശ്രമിച്ചത് വലിയൊരളവിൽ വിജയം കണ്ടു. നാലഞ്ച് ജില്ലകളിലായി വ്യാപിച്ചുകിടന്ന അവികസിത മെത്രാസനത്തെ കഠിനാദ്ധ്വാനം ചെയ്ത് സഭയുടെ മുഖ്യധാരയിലേക്ക് അദ്ദേഹം ആനയിച്ചു. മീനങ്ങാടി ആസ്ഥാനമാക്കി വിഘടിത വിഭാഗത്തിന് പുതിയൊരു മെത്രാസനം രൂപംകൊണ്ടിട്ടും അത് മലബാറിന് ഒരു ഭീഷണിയാവാൻ ഇടയായില്ല. എന്ന് മാത്രമല്ല സുൽത്താൻബത്തേരി ആസ്ഥാനമാക്കി വയനാട് മേഖലയെ ഒരു പുതിയ ഭദ്രാസനമാക്കി വളർത്തിയെടുക്കുന്നതിലും അദ്ദേഹം വിജയിച്ചു. ഭദ്രാസന ചുമതലയോടൊപ്പം പത്തനാപുരം ദയറായുടെ സുപ്പീരിയർ സ്ഥാനവും അദ്ദേഹം വഹിച്ചു. സഖറിയാ മാർ ദീവന്നാസ്യോസ്, ഇയ്യോബ് മാർ പീലക്സീനോസ്, യാക്കോബ് മാർ ഐറേനിയോസ് എന്നീ മേല്പട്ടക്കാരെ വളർത്തിയെടുക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് നിസ്സാരമെന്ന് പറയാനാവില്ല.

ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ പ്രസിഡന്റ് സ്ഥാനം അദ്ദേഹം വഹിച്ചിട്ടുണ്ട്. ഹെർമ്മോൻ സന്ദേശം എന്ന ഒരു മാസിക കുറെക്കാലം പ്രവർത്തിച്ചിരുന്നു. അവിശ്രമ പരിശ്രമിയായ അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനങ്ങൾക്കുള്ള അംഗീകാരമെന്നോണം മലങ്കരസഭ അദ്ദേഹത്തെ ഏഴാം കാതോലിക്കാ ആയി വാഴിച്ചു. മാർത്തോമ്മാ ദിദിമോസ് എന്ന പേരിൽ ആ പദവി അദ്ദേഹം സ്വീകരിച്ചു.

അങ്കമാലിയുടെ ആസ്ഥാനമായ തൃക്കുന്നത്തു സെമിനാരി മുൻഗാമി അധികാരപ്പെടുത്തിയതനുസരിച്ച് സ്വന്തം ഭരണസീമയിൽ ക്രമീകരിക്കുകയും ചില തടസ്സങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ച മാനജരച്ചനെ മാനേജർ സ്ഥാനത്തുനിന്നും ചാപ്പൽ വികാരി സ്ഥാനത്തുനിന്നും മുൻഗാമി മാറ്റി പുതിയ ക്രമീകരണം വരുത്തിയിരുന്നതിനെ ഉറപ്പിക്കുകയും ചെയ്ത അദ്ദേഹം, താൻ കാതോലിക്കാ ആയതോടെ തന്റെ അങ്കമാലിയിലെ അസിസ്റ്റന്റായി തൃശൂർ മെത്രാസനത്തിന്റെ യൂഹാനോൻ മാർ മിലിത്തോസിനെ ഭരണച്ചുമതലയേല്പിച്ചു. അവശ്യമെന്ന് തോന്നിയപ്പോൾ വീണ്ടും മാനേജർ സ്ഥാനത്ത് അഴിച്ചുപണി നടത്തുവാൻ അദ്ദേഹം മടിച്ചില്ല.

സഭയുടെ പല ഭാഗത്തുനിന്നും ഉയർന്ന ശബ്ദങ്ങൾക്ക് ചെവി കൊടുത്ത ഏഴാം കാതോലിക്കാ വർക്കിംഗ് കമ്മിറ്റിയെ പുനഃസംഘടിപ്പിച്ചതും ഉപദേശകസംഘമായി എപ്പിസ്കോപ്പൽ ഉപസമിതിയെ നിയമിച്ചതും വ്യവഹാര കാര്യനിർവഹണത്തിനായി കാര്യക്ഷമതയുള്ള ഒരു സമിതിയെ നിയോഗിച്ചതും തന്റെ ഫുൾടൈം അസിസ്റ്റന്റ് ആയി കുന്നംകുളത്തിന്റെ പൗലൂസ് മാർ മിലിത്തിയോസിനെ ചുമതലപ്പെടുത്തിയതും സഭാവൃത്തങ്ങളിൽ സംതൃപ്തി ജനിപ്പിച്ചിട്ടുണ്ട്.

85-ാം വയസ്സിലെത്തിയ ഏഴാം കാതോലിക്കാ ഒരു പിൻഗാമിയെ കണ്ടെത്താൻ 2006 സെപ്തംബർ 21 നു വിളിച്ചുകൂട്ടിയ മലങ്കര അസോസ്യേഷൻ ഇടയ്ക്കുണ്ടായ വ്യവഹാരം മൂലം അനിശ്ചിതത്വത്തിലായി എങ്കിലും നിശ്ചിത പ്രോഗ്രാം അനുസരിച്ച് പരുമലയിൽ സെപ്റ്റംബർ 21 ന് ആരംഭിക്കാനായി എങ്കിലും അതിന്റെ നടപടികൾ ഒക്ടോബർ 12 ന് പരുമലയിൽ ത്തന്നെ ചേർന്ന രണ്ടാം ഘട്ടത്തിലാണ് അസോസ്യേഷന് പൂർത്തീകരിക്കുവാൻ കഴിഞ്ഞത്. അധികം പ്രായമില്ലാത്ത ഒരു സ്ഥാനാർത്ഥി തെരഞ്ഞെടുക്കപ്പെടണമെന്ന് സഭയിൽ പൊതുവായി ആഗ്രഹമുണ്ടായി. ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ്, ഡോ. തോമസ് മാർ മക്കാറിയോസ്, മാത്യൂസ് മാർ എപ്പിപ്പാനിയോസ്, പൗലൂസ് മാർ മിലിത്തിയോസ് എന്നിവർക്കു വേണ്ടി നാമനിർദ്ദേശപത്രിക സമർപ്പിച്ചു. സുന്നഹദോസിലെ രഹസ്യവോട്ടെടുപ്പിൽ മാർ മിലിത്തിയോസിന് വൻഭൂരിപക്ഷം ലഭിച്ചതിനെ തുടർന്ന് അദ്ദേഹം സുന്നഹദോസ് പിന്തുണയ്ക്കുന്ന സ്ഥാനാർത്ഥിയായി. മറ്റു മൂന്നു പേരും സ്ഥാനാർത്ഥിത്വം പിൻവലിച്ചതിനെത്തുടർന്ന് മാർ മിലിത്തിയോസ് സഭാ മാനേജിംഗ് കമ്മിറ്റി പിന്തുണയ്ക്കുന്ന സ്ഥാനാർത്ഥിയായി. 2006 ഒക്ടോബർ 12 നു പരുമലയിൽ ചേർന്ന രണ്ടാം ഘട്ട അസോസ്യേഷൻ പൗലൂസ് മാർ മിലിത്തിയോസിനെ ശ്രേഷ്ഠ നിയുക്ത കാതോലിക്കായായി ഏകകണ്ഠമായി തെരഞ്ഞെടുത്തു.

## ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലൂസ് മാർ മിലിത്തിയോസ്

മലങ്കരസഭയുടെ എട്ടാം കാതോലിക്കായുടെ സ്ഥാനത്തേക്ക് 2006 ഒക്ടോബർ 12 ന് പരുമല അസോസ്യേഷൻ തെരഞ്ഞെടുത്ത പൗലൂസ് മാർ മിലിത്തിയോസ് തൃശ്ശൂർ ജില്ലയിൽ പഴഞ്ഞി ഇടവകയിൽ വെസ്റ്റ് മങ്ങാട് ദേശത്തു കൊള്ളന്നൂർ ഐപ്പ് – കുഞ്ഞീറ്റി ദമ്പതിമാരുടെ രണ്ട് ആൺമക്കളിൽ ഇളയ മകനായി 1946 ആഗസ്റ്റ് 30 ന് ജനിച്ചു. പഴഞ്ഞി ഗവ. ഹൈസ്കൂളിലും തൃശൂർ സെന്റ് തോമസിലും പഠിച്ച് സയൻസിൽ ബിരുദമെടുത്തു. കോട്ടയം സി. എം. എസ്. കോളജിൽ നിന്നും സോഷ്യോളജിയിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ബിരുദമെടുത്തു. കോട്ടയം വൈദിക സെമിനാരിയിൽ പഠിച്ച് ബി. ഡി. ബിരുദം സമ്പാദിച്ചു.

1972 ഏപ്രിൽ 8-ന് പരുമല സെമിനാരിയിൽ വച്ച് യൗപ്പദ്യക്കിനോ പട്ടവും 1973 മെയ് 31 ന് കൊരട്ടി സെമിനാരി ചാപ്പലിൽ വച്ച് പൂർണ്ണ ശെമ്മാശുപട്ടവും 1973 ജൂൺ 2 ന് കൊരട്ടിയിൽ വച്ച് കശ്ശീശാപട്ടവും യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് സ്വീകരിച്ചു.

മൂലേപ്പാട്, എറണാകുളം സെന്റ് മേരീസ് പള്ളികളിൽ സഹവികാരിയായിരുന്നു. മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ സ്വാധീനത്തിൽ വളർന്ന ഇദ്ദേഹം കോട്ടയം – തിരുവനന്തപുരം സ്റ്റുഡന്റ് സെന്ററുകളിൽ വാർഡൻ ആയി പ്രവർത്തിച്ചു.

1982 ഡിസംബർ 28-ന് തിരുവല്ലയിൽ ചേർന്ന അസോസ്യേഷൻ ഇദ്ദേഹത്തെ മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 14-5-1983 ന് പരുമല വച്ച് മാത്യൂസ് മാർ കൂറിലോസ് റമ്പാൻ സ്ഥാനം നൽകി. പരുമലയിൽ വിശ്രമിച്ചിരുന്ന യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് ഉപരി പള്ളിക്രമങ്ങൾ പരിശീലിച്ചു. 15-5-1985 ന് പുതിയകാവിൽ വച്ച് മാത്യൂസ് പ്രഥമൻ ബാവാ മിലിത്തിയോസ് എന്ന നാമത്തിൽ എപ്പിസ്കോപ്പായാക്കി. 1985 ആഗസ്റ്റ് 29-ന് പാലൂർ – ആർത്താറ്റ് പള്ളിയിൽ സുന്ത്രോണീസോ നടന്നു. ആഗസ്റ്റ് 31 ന് കുന്നംകുളം ഭദ്രാസനത്തിന്റെ അധിപനായി.

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം പ്രസിഡന്റായിരുന്ന ഇദ്ദേഹം ഇപ്പോൾ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രസിഡന്റായും വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റ് ആയും പ്രവർത്തിക്കുന്നു. റഷ്യ, ജർമ്മനി, ഗൾഫ് മേഖലകളിൽ ഒന്നിലേറെ തവണ സന്ദർശനം നടത്തിയുണ്ട്.

കുന്നംകുളം ഭദ്രാസനം രൂപീകരിച്ചതിനെത്തുടർന്ന് ആദ്യ മെത്രാപ്പോലീത്താ ആയി നിയമിതനായ ഇദ്ദേഹം ഏറെത്താമസിയാതെ ആർത്താറ്റ് അതിവിസ്തൃതമായ ഒരു കോമ്പൗണ്ടിൽ തലയെടുപ്പുള്ള അരമനയും ചാപ്പലും നിർമ്മിച്ചു.

വൈദിക ക്ഷേമനിധിയുടെ സെക്രട്ടറി, കൊച്ചി ഭദ്രാസന മർത്ത മറിയം സമാജം പ്രസിഡന്റ്, പഴഞ്ഞി എം. ഡി. കോളജ് ലോക്കൽ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം സ്ഥാനമേറ്റ കാലത്ത് കൊച്ചി ഭദ്രാസനത്തിൽ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റ് ആയി പ്രവർത്തിച്ചിട്ടുണ്ട്.

**ഉപസംഹാരം**

മൂന്നാം സഹസ്രാബ്ദത്തിലേക്കും 21-ാം നൂറ്റാണ്ടിലേക്കും പ്രവേശിച്ച മലങ്കരസഭയ്ക്ക് അഭിമാനിക്കുവാൻ ധാരാളം വകയുണ്ട്. 20 നൂറ്റാണ്ടു കാലം അക്രൈസ്തവമായ സാഹചര്യങ്ങളിൽ ചെറുത്തുനില്പിന്റെ മുഖവുമായി ജീവിച്ച സഭ കാലത്തിന്റെ പ്രതിലോമ സാമൂഹിക വെല്ലുവിളികളെ അതിജീവിക്കുന്നതിൽ വിജയിച്ചത് തന്നെ രോമഹർഷണാനുഭവമാണ്. മൂല്യബോധത്തിന്റെയും പ്രയത്നത്തിന്റെയും നിഷ്കളങ്കമായ വിശ്വസ്തതയുടെയും പേരിൽ ചിലപ്പോഴൊക്കെ ലഭിച്ചിട്ടുള്ള പാരിതോഷികങ്ങളും അംഗീകാരങ്ങളും പ്രോത്സാഹനങ്ങളും മാത്രം നിരീക്ഷിച്ച് ഭൂതകാലത്തെ സർവതോ ഭദ്രം എന്ന് വിശേഷിപ്പിക്കുന്നത് സൂക്ഷിച്ചുവേണം. ഭൂതകാലത്തെ സുവർണ്ണരേഖകളെ വാഴ്ത്തിപ്പാടേണ്ടത് മതേതര ഭാരതത്തിൽ ആവശ്യമാണെങ്കിലും ആ 'പിന്നോക്കം നോക്കി പ്രസ്ഥാനം' നമ്മെ എങ്ങും എത്തിക്കുകയില്ല എന്ന് തിരിച്ചറിയേണ്ടതുണ്ട്. സമകാല സമൂഹത്തിന് വെളിച്ചവും മാർഗ്ഗദർശനവും നൽകാൻ ആവില്ലെങ്കിൽ കാരമില്ലാത്ത ഉപ്പിന്റെ അവസ്ഥയിൽ ക്രൈസ്തവസഭ എത്തിച്ചേരും. പൂർവ്വിക ക്രൈസ്തവസഭയുടെ ഭാരതത്തിലെ അവകാശികൾ എന്ന നിലയിൽ മലങ്കരസഭയ്ക്ക് ഇക്കാര്യത്തിൽ ഏറെ പ്രവർത്തിക്കുവാൻ കഴിയണം. അതിനുള്ള കർമ്മപദ്ധതികൾ പുതിയ സഹസ്രാബ്ദത്തിലെത്തിയ സഭ സ്വീകരിക്കുക തന്നെ വേണം. റോയൽക്കോടതി സ്ഥിരീകരിച്ച പാത്രിയർക്കീസിന്റെ ആത്മീയ മേലധികാരത്തെ പ്രതിരോധിക്കുവാനാണ് കാതോലിക്കേറ്റ് സ്ഥാപനം കൊണ്ട് ലക്ഷ്യം വച്ചതെങ്കിലും ആ ലക്ഷ്യത്തെ മാർഗ്ഗം മാത്രമായി സ്വീകരിച്ച് പുതിയ ലക്ഷ്യങ്ങൾ പ്രഖ്യാപിക്കുവാനും സാക്ഷാത്ക്കരിക്കുവാനും ആ സ്ഥാപനം മൂലം നമുക്കു കഴിയണം.

**എ.** കാതോലിക്കേറ്റ് ഏറ്റെടുത്ത് സാക്ഷാത്ക്കരിക്കേണ്ടുന്ന പ്രധാന ലക്ഷ്യം സഭകളുടെ ഐക്യം തന്നെയാണ്. അവിഭക്ത ഭാരതസഭയുടെ അവകാശവാദം അർത്ഥവത്താക്കാനുള്ള ഏകമാർഗ്ഗമാണത്. ദേശീയാദ്ധ്യ

ക്ഷന്മാരുടെ കീഴിൽ കഴിയുന്ന ഏതാനും സഭകൾ കേരളത്തിലുണ്ട്. കടും പിടുത്തങ്ങൾ ഒഴിവാക്കി അവരുമായി ക്രിയാത്മകമായ ഡയലോഗുകൾ ആരംഭിക്കണം. അതിന് ചില അടിത്തറകൾ ആദ്യമേ സജ്ജമാകണം.

### 1. പൗരോഹിത്യ സങ്കല്പങ്ങൾ

എപ്പിസ്കോപ്പാ സ്ഥാനികളും അവർ മുഖേനയുള്ള കൈവെപ്പും പിൽക്കാല നൂറ്റാണ്ടുകളിൽ സഭ സ്വീകരിച്ച ക്രമീകരണമാണെന്ന് തിരിച്ചറിയുകയും അലക്സാന്ത്രിയ, ഇന്ത്യ തുടങ്ങിയ ശ്ലൈഹിക സഭകളിൽ ക്രിസ്തുവർഷത്തിന്റെ ആദ്യനൂറ്റാണ്ടുകളിൽ കശ്ശീശന്മാരുടെ (പ്രസ്ബിറ്റർ) സംഘം വഴിയാണ് കൈവെപ്പ് നടന്നിരുന്നതെന്നും അക്കാലങ്ങളിൽ കഹനൂസായുടെ രണ്ടു ചുമതലകളെയാണ് കശ്ശീശാ – എപ്പിസ്കോപ്പാ പദങ്ങൾ അർത്ഥമാക്കിയിരുന്നതെന്നും അവയുടെ നൽവരങ്ങൾ വ്യത്യസ്തമായിരുന്നില്ലാ എന്നും തന്മൂലമാണ് പുതിയനിയമത്തിൽ പല ഭാഗത്തും രണ്ട് സ്ഥാനങ്ങളേയും പര്യായപദമായി ഉപയോഗിച്ചിരുന്നതെന്നും അംഗീകരിക്കുകയും വേണം. ഐക്യചർച്ചകളിൽ ഐക്യത്തിന് വേണ്ടി മാത്രം ശ്ലൈഹികകാല പാരമ്പര്യം സ്വീകാര്യമോ എന്ന് പരിശോധിക്കണം. മുടക്കുകളും മറ്റും വരുന്നത് എപ്പിസ്കോപ്പാമാരുടെ നേരെ ആയതിനാൽ ഐക്യചർച്ചകൾ കൈവെപ്പിന്റെ കാര്യത്തിൽ വഴിമുട്ടിപ്പോകാൻ ധാരാളം സാദ്ധ്യതയുണ്ട്. പ്രസ്ബിറ്റീരിയൻ ശൈലിയിലുള്ള കൈവെപ്പ് എന്ന ആശയം ഐക്യത്തിന് വേണ്ടി മാത്രം സ്വീകരിച്ച് ഡയലോഗുകളെ ലക്ഷ്യത്തിലേക്ക് നയിക്കുവാൻ കാതോലിക്കേറ്റിന് കഴിയണം.

### 2. വിശ്വാസ സത്യങ്ങൾ

കൈവെപ്പ് പോലെ വിവാദപരമാണ് വിശ്വാസപരമായ നിലപാടുകളും. പല സഭകളും വിശ്വാസേതര കാരണങ്ങളാൽ സഭാഗാത്രത്തിൽ നിന്നും ഭ്രംശിച്ചു പോയിട്ടുണ്ട്. പല സഭകളും പല വിശ്വാസ വിഷയങ്ങളിലും നിയതമായ നിലപാടുകൾ ഇനിയും നിർവചിച്ച് പ്രഖ്യാപിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഐക്യശ്രമങ്ങൾക്ക് നിഖ്യാ വിശ്വാസപ്രമാണമാണ് മുഖ്യ അവലംബമെന്ന് പ്രഖ്യാപിക്കപ്പെടണം. അതിന് വിധേയമായി അപ്രധാന കാര്യങ്ങളിലുള്ള വിശ്വാസപരമായ നിലപാടുകളെ വൈയക്തിക വ്യത്യസ്തതകളായി അംഗീകരിക്കുവാൻ കഴിയണം. ഐക്യം യാഥാർത്ഥ്യമാകുമെങ്കിൽ അതിലോലമായ വിശ്വാസങ്ങളുടെ അതിർവരമ്പുകൾ അപ്രത്യക്ഷമാവുക തന്നെ ചെയ്യും.

### 3. അനുഷ്ഠാന പാരമ്പര്യങ്ങൾ

മലങ്കരസഭ ഇന്ന് പിന്തുടർന്നുവരുന്ന ആചാരാനുഷ്ഠാനങ്ങൾ എത്രയോ തലമുറകളിലൂടെയും നൂറ്റാണ്ടുകളിലൂടെയും പരണമിച്ചുണ്ടായവയാ

ണ്. അലക്സാന്ത്രിയ, അർമ്മീനിയൻ, പേർഷ്യൻ, സിറിയൻ, റോമൻ സഭകളുടെ ബന്ധം അവയിൽ ഒളിഞ്ഞും തെളിഞ്ഞും കാണാം. ചില സ്ഥലങ്ങളിൽ സഭാ കലണ്ടറുകൾ, പെരുന്നാളുകൾ, ആചാരങ്ങൾ എന്നിവ മലങ്കര സഭയിൽ തന്നെ വിവിധങ്ങൾ ആണ്. വൈദികവേഷങ്ങളിലും ഈ വൈവിധ്യം അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. കമ്മീസ് മിക്കവാറും അപ്രത്യക്ഷമായി. താടിമീശ വെട്ടി ഒതുക്കുന്നവരും അപ്പാടെ നീക്കം ചെയ്യുന്നവരുമാണ് കൂടുതൽ വൈദികരും. തൊപ്പി കർമ്മാനുഷ്ഠാന വേളകളിലേക്ക് ചുരുങ്ങിയിരിക്കുന്നു. ഈ വൈവിദ്ധ്യങ്ങളെ വലിയ ഒരളവിൽ ഉൾക്കൊള്ളുവാനും അംഗീകരിക്കുവാനും ഐക്യശ്രമങ്ങളിൽ വിശാല ഹൃദയം വേണം.

### 4. വിവാഹം

വൈദികരും മേല്പട്ടക്കാരും വിവാഹിതരാവുന്നത് വേദപുസ്തകാടിസ്ഥാനത്തിൽ നിഷേധിക്കാനാവില്ല. വിവാഹിതരായ മേല്പട്ടക്കാരും പട്ടക്കാരും ഉള്ള സഭകൾ ഉണ്ട്. മേല്പട്ടക്കാർ അവിവാഹിതർ ആയ റമ്പാന്മാർ ആകണമെന്ന് നിഷ്കർഷിക്കുന്ന സഭകളുമുണ്ട്. അതത് സഭകൾ പുലർത്തുന്ന സമ്പ്രദായവും ശൈലിയും അംഗീകരിക്കുവാൻ ഐക്യശ്രമങ്ങൾക്ക് കഴിയണം. ഓരോ സഭയിലെ വൈവിധ്യമാർന്ന ഭരണസമ്പ്രദായങ്ങൾ തുടരുവാനും ഐക്യശ്രമങ്ങളിൽ തടസമുണ്ടായിക്കൂടാ. കാതോലിക്കേറ്റിന്റെ ദേശീയ കൊടിക്കീഴിൽ ഈ വ്യത്യസ്തതകളെയും വൈവിധ്യങ്ങളെയും ഉൾക്കൊള്ളുവാനുള്ള കാഴ്ചപ്പാടിലേക്ക് സഭകൾ ഉയരണം. മതേതര ഭാരതം ഈ ക്രിയാത്മകമായ ഐക്യശ്രമങ്ങളെ അനിവാര്യമാക്കുന്നു എന്ന ഉൾബോധത്തിലേക്ക് വളർന്നാൽ ഇതൊന്നും അസാധ്യമാകുകയില്ല. ഈ കാര്യത്തിൽ മുൻകൈ എടുക്കേണ്ടത് സ്വാഭാവികമായും കാതോലിക്കേറ്റിന്റെ പ്രഥമ പരിഗണനയായി വരേണ്ടതല്ലേ?

**ബി.** സഭകളുടെ ഐക്യത്തിനായുള്ള ശ്രമങ്ങൾക്ക് സമാന്തരമായി സഭയ്ക്കകത്തും ക്രിയാത്മക ചലനങ്ങൾ ഉണ്ടാകണം. പരമ പ്രധാനമായിട്ടുള്ളത് അഭ്യന്തര വ്യവഹാരം ഇല്ലായ്മ ചെയ്യുകയാണ്.

നമ്മുടെ പല ഇടവകകളിലും തർക്കങ്ങളും വ്യവഹാരങ്ങളും നിലനിൽക്കുന്നു. ഇവകൾ പരിഹരിക്കുവാൻ വിശ്വാസ്യതയുള്ള കോടതി സംവിധാനങ്ങൾ ഭദ്രാസനങ്ങളിലും പൊതുസഭാതലത്തിലും ഉണ്ടാകണം. അവൈദിക – വൈദിക പങ്കാളിത്തത്തോടെ കോടതികൾ ഭരണഘടനാവിധേയമായി സ്ഥാപിക്കണം. നിയമ ബിരുദം നേടിയവരും സഭാകാനോനുകൾ, ഭരണഘടന, വേദശാസ്ത്രം തുടങ്ങിയവയിൽ അവഗാഹം നേടിയവരും ആയ സഭാംഗങ്ങളുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

**സി.** ഇന്ത്യൻ സഭയ്ക്ക് സ്വന്തമായി ഒരു കാനോൻ ഇതുവരെയില്ല. ഓരോ വിദേശ മെത്രാന്മാർ അവരവരുടെ സഭയിലെ കാനോനുകളെ ഭാഗീകമായി ഈ സഭയിൽ പ്രചരിപ്പിച്ചു. ഈ ശൂന്യതയിലാണ് നവീകരണ മെത്രാന്മാർ പൂർവ്വികമായ കാനോൻ എന്ന് വിശേഷിപ്പിച്ച് 'മലങ്കര കാനോൻ' എന്ന വ്യാജ സൃഷ്ടിയുമായി പ്രത്യക്ഷപ്പെട്ടത്. ഇതിനോടകം സിറിയൻ സഭയിലെ ഹൂദായകാനോൻ പത്രോസ് തൃതീയൻ മലങ്കരയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരുന്നു. ഹൂദായകാനോനിൽ മുളന്തുരുത്തി നിശ്ചയങ്ങൾ തിരുകിക്കയറ്റി നവീകരണക്കാരുടെ 'മലങ്കര കാനോനെ' പ്രതിരോധിക്കുവാൻ മലങ്കരസഭയുടെ ഔദ്യോഗികപക്ഷം '18 അക്കം' കാനോൻ കോടതിയിൽ അവതരിപ്പിച്ചു. സെമിനാരിക്കേസിൽ ആ കാനോൻ കോടതിയുടെ അംഗീകാരം നേടി.

സമുദായക്കേസിൽ തിരുത്തുകളില്ലാത്ത ഹൂദായകാനോൻ മലങ്കരസഭയുടെ ഔദ്യോഗികപക്ഷം അവതരിപ്പിച്ചു. പാത്രിയർക്കീസ് പക്ഷമാകട്ടെ നൂറിലധികം തിരുത്തുകൾ വരുത്തിയ കൃത്രിമക്കാനോൻ '18 അക്കം' കാനോൻ എന്ന് അവകാശപ്പെട്ടുകൊണ്ട് അവതരിപ്പിച്ചു. ഇതാണ് നമ്മുടെ കാനോൻ ചരിത്രം. ശുദ്ധകാനോൻ കോനാട്ട് അബ്രഹാം മല്പാൻ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൃത്രിമ കാനോൻ ഉദയഗിരി സെമിനാരിയും വിവർത്തനം ചെയ്ത രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈയിടെ ഹോളണ്ടിൽ നിന്ന് പാത്രിയർക്കീസിന്റെ കീഴിലുള്ള ശീശക്ക് മെത്രാച്ചൻ സുറിയാനിയിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച കാനോൻ സത്യകാനോൻ ഏതെന്ന് തെളിയിക്കുവാൻ പര്യാപ്തമാണ്.

ഏതായാലും ഹൂദായകാനോൻ അതേപടി നമുക്ക് അപ്രസക്തവും തന്മൂലം അസ്വീകാര്യവും ആണ്. അവയിൽ നിന്ന് സ്വീകാര്യമായവ സ്വീകരിച്ചും മലങ്കരയിലെ അസോസ്യേഷൻ മാനേജിംഗ് കമ്മിറ്റി, എപ്പിസ്ക്കോപ്പൽ സുന്നഹദോസ് എന്നിവയുടെ തീരുമാനങ്ങൾ, വട്ടശ്ശേരിൽ പിതാവിന്റെ മതോപദേശസാരം, യൂഹാനോൻ മാർ സേവേറിയോസ് പിതാവിന്റെ ശുശ്രൂഷാ സംവിധാനം ഇവയിലെ നിർദേശങ്ങൾ എന്നിവയിൽ നിന്ന് ഉചിതമായവ സ്വീകരിച്ചും എഡിറ്റ് ചെയ്തും ഒരു ഇന്ത്യൻ ഓർത്തഡോക്സ് സഭാ കാനോൻ നിർമ്മിക്കുവാൻ കാതോലിക്കേറ്റ് അടിയന്തിരമായും മുൻകൈ എടുക്കേണ്ടതുണ്ട്.

**ഡി.** നമ്മുടെ സഭാ ഭരണഘടന 1934-ൽ രൂപംകൊണ്ടതാണ്. അതിനൊരഴിച്ചുപണി ആവശ്യമാണ്. നമ്മുടെ പല ആഭ്യന്തര വ്യവഹാരങ്ങളും ഭരണഘടനയുടെ അപര്യാപ്തത കൊണ്ടാണ് ഉടലെടുക്കുന്നത്. ഭരണഘടനയുടെ തത്വങ്ങൾക്ക് ലംഘനം വരാതെ അതിനെ കാലോചിതമാക്കണം. വ്യക്തമാക്കാതെയും നിർവചിക്കാതെയും കിടക്കുന്ന കാര്യങ്ങൾ നിർവചിക്കുകയും വ്യക്തമാക്കുകയും വേണം. ആത്മീയസംഘടനകളുടെ

ഭരണഘടനകളും മുഖ്യഭരണഘടനയും തമ്മിൽ ബന്ധപ്പെടുത്തേണ്ടുന്ന സന്ദർഭങ്ങളുണ്ട്. പൊതു സഭാതലത്തിലും ഭദ്രാസനതലത്തിലുമുള്ള വൈദികസംഘടനകൾക്ക് സുന്നഹദോസിന്റെ കീഴ്ഘടകങ്ങൾ എന്ന നിലയിൽ ചുമതലകൾ നൽകി അവയുടെ സേവനം പ്രയോജനപ്പെടുത്തണം. ആവശ്യമെങ്കിൽ കോർഎപ്പിസ്ക്കോപ്പന്മാരെ ഭരണഘടനയുടെ പരിധിയിൽപ്പെടുത്തി പ്രയോജനപ്പെടുത്തണം. ഇടവകയുടെ ദൂരപരിധി, താല്കാലിക – സ്ഥിരാംഗത്വം, സഭാ കോടതികൾ തുടങ്ങിയ കാര്യങ്ങൾ ഭരണഘടനയുടെ വിഷയങ്ങളാക്കണം. നട്ടും ബോൾട്ടും ഇളകിയ ഇന്നത്തെ അവസ്ഥ മാറി നട്ടും ബോൾട്ടും മുറുക്കി ആവശ്യമായിടത്ത് ഓയിലും ഗ്രീസും കൊടുത്ത് ഘർഷണം കുറച്ച് സുഖകരവും സുഗമവുമായ ഒരു സഞ്ചാരം സഭാവാഹനത്തിനുറപ്പു വരുത്തുവാൻ ഭരണഘടനാപരിഷ്ക്കാരം അപരിത്യാജ്യമാണ്.

**എഫ്.** സഭയുടെ നാനാവിധമായ വളർച്ചകളെക്കുറിച്ച് നമുക്ക് അഭിമാനമാണുള്ളതെങ്കിലും ആ വളർച്ചയുടെ വിശദാംശങ്ങൾ സാമൂഹ്യ ശ്രദ്ധയുടെ മുഖ്യധാരയിലെത്തിക്കുന്നതിൽ നാം അമ്പേ പരാജയപ്പെട്ടവരാണ്. ദേശീയ സംസ്ക്കാര – ചരിത്ര ചർച്ചകളിൽ മലങ്കരസഭയുടെ സാന്നിദ്ധ്യം തീരെ അപര്യാപ്തമായത് സാഹിത്യവിഭാഗം നമുക്ക് വേണ്ടത്ര ഇല്ലാതെ പോയതിനാലാണ്. ഔദ്യോഗികമായ ഒരു ചരിത്രം പോലും രചിക്കുവാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. യുഗപുരുഷന്മാരായ സഭാസാരഥികളെപ്പോലും പള്ളിമതിലിനുള്ളിൽ ഒതുക്കിനിർത്തുവാനല്ലാതെ അവർ അർഹിക്കുന്ന വിശാല സാംസ്ക്കാരിക ഭൂമികയിലേക്ക് പരിചയപ്പെടുത്തുവാൻ ഒരു ശ്രമവും വേണ്ടത്ര ഉണ്ടായിട്ടില്ല. കാതോലിക്കേറ്റിന് കീഴിൽ ശക്തമായ ഒരു സാംസ്ക്കാരിക വകുപ്പ് രൂപപ്പെടുകയും അവരുടെ ചുമതലയിൽ സഭയ്ക്ക് ശക്തമായ ഒരു സാഹിത്യ പ്രബുദ്ധതയും സാഹിത്യ സംസ്ക്കാരവും വളർന്നു ബലപ്പെടുകയും ചെയ്യണം. ചരിത്രവും വിശ്വാസവും വേദവ്യാഖ്യാനങ്ങളുമൊക്കെ സ്വയം വായിച്ചു പഠിക്കുവാൻ മലയാളത്തിലും ഇംഗ്ലീഷിലും ആവശ്യമായ അടിസ്ഥാനഗ്രന്ഥങ്ങൾ സമയബന്ധിതമായി ആസൂത്രിതമായി, ആധികാരികമായി രചിക്കപ്പെടണം. അടിയന്തിര പ്രാധാന്യമുള്ള ഒരു കർമ്മരംഗമായി കാതോലിക്കേറ്റ് ഇതിനെ പരിഗണിക്കണം.

സാംസ്ക്കാരിക വകുപ്പിന് കീഴിൽ ഒരു ഗവേഷണ വിഭാഗം പ്രവർത്തിക്കണം. സുറിയാനി, തമിഴ്, സംസ്കൃതം, വട്ടെഴുത്ത്, കർസോനി തുടങ്ങിയ ലിപി – ഭാഷാ സഞ്ചയങ്ങളിൽ ശ്വാസംമുട്ടി കിടക്കുന്ന സഭയുടേയും പള്ളികളുടേയും ചരിത്രം പുറത്തു കൊണ്ടുവരുവാൻ ഗവേഷണം കൂടിയേ കഴിയൂ. ആവശ്യമെങ്കിൽ ഗവേഷണ താല്പര്യമുള്ള യുവ വൈദികർക്കും മറ്റും സ്കോളർഷിപ്പ് നൽകി സഭയുടെ തനിമകളും വേരുകളും തേടിയുള്ള അന്വേഷണം ത്വരിതപ്പെടുത്തുവാൻ സഭയുടെ ഔദ്യോഗിക തലത്തിൽ

ശ്രമം തുടങ്ങേണ്ടതാണ്. പ്രത്യേകിച്ചും തമിഴ് അറിയുന്ന വൈദിക വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തി ക്രിസ്തുവർഷാരംഭകാലത്ത് കേരളം ഉൾപ്പെടെയുള്ള തമിഴകത്ത് രചിക്കപ്പെട്ട സംഘംകൃതികളെ അടിസ്ഥാനമാക്കിയുള്ള മതചരിത്ര പഠനം പ്രോത്സാഹിപ്പിക്കുവാൻ വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ ഗവേഷണ വിദ്യാർത്ഥികളെ കണ്ടെത്തുവാൻ ശ്രമിക്കേണ്ടതാണ്.

കൃത്യമായി ആസൂത്രണം ചെയ്യാതെയും ലക്ഷ്യബോധമില്ലാതെയും ആധികാരിക സ്വഭാവമില്ലാതെയും ഭാഷാശുദ്ധിപോലും പാലിക്കാതെയും നമുക്ക് ധാരാളം പുസ്തകങ്ങൾ ഉണ്ടാകുന്നുണ്ട്. ആ അദ്ധ്വാനം ലക്ഷ്യബോധത്തോടെ ആസൂത്രണം ചെയ്താൽ അവിശ്വസനീയമായ ഫലം നൽകുമെന്നത് തീർച്ചയാണ്.

ആധുനിക കമ്പ്യൂട്ടർ യുഗത്തിൽ പുതിയ സേവന മേഖലകളെ ചൂഷണാന്തരീക്ഷമില്ലാതെ സംവിധാനം ചെയ്യാൻ നമുക്ക് കഴിയും. സ്ഥലസൗകര്യമുള്ള പട്ടണപ്രദേശങ്ങളിലെ ഇടവകകൾക്ക് ഫ്ളാറ്റ് നിർമ്മാണമാവാം; സ്ത്രീകളെ സംഘടിപ്പിച്ച് ലഘുഭക്ഷണസാധനങ്ങൾ തയാറാക്കുന്ന തൊഴിലുകൾ നൽകാം, അൺ എയ്ഡഡ്, അൺ റക്കഗ്നൈസ്ഡ് വിദ്യാലയങ്ങൾ സ്ഥാപിച്ച് ആ രംഗത്ത് നടമാടുന്ന കാപ്പിറ്റേഷൻ ച്യുതികൾ ഒഴിവാക്കി കുറെ ചെറുപ്പക്കാർക്ക് തൊഴിൽ നൽകാം, ഐ. ടി. സി. കളിലൂടെ വിദഗ്ധ തൊഴിലാളികളെ പരിശീലിപ്പിക്കാനാവും, വൻ ഇടവകകൾക്കും ഭദ്രാസനകേന്ദ്രങ്ങൾക്കും ചൂഷണരഹിതമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താം. വൃദ്ധഭവനങ്ങളും നേഴ്സിംഗ് വിദ്യാലയങ്ങളും പരീക്ഷിക്കാവുന്നതാണ്. വൻ ലാഭേച്ഛയില്ലാത്ത സ്വാശ്രയ മേഖലകളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരീക്ഷിക്കുവാൻ ഇപ്പോൾ തുറന്നുകിട്ടിയ അവസരം സാമൂഹ്യബോധം കൈവിടാതെ പ്രയോജനപ്പെടുത്താവുന്നതാണ്.

സങ്കുചിത താല്പര്യങ്ങൾക്കതീതമായി, കാലത്തിന്റെ ചുവരെഴുത്തുകൾ ശ്രദ്ധിച്ചുകൊണ്ട് യേശുക്രിസ്തുവിന്റെ ആത്മാവിൽ ആത്മീയവും സേവനപരവുമായ പദ്ധതികൾ കാതോലിക്കേറ്റ് ആവിഷ്ക്കരിച്ച് നടപ്പാക്കുമെങ്കിൽ പ്രബുദ്ധമായ തലമുറ അവയെ പിന്തുണയ്ക്കുമെന്നത് നിസ്തർക്കമായ കാര്യമാണ്. നാളിതുവരെയുള്ള മലങ്കരസഭാ ചരിത്രം സമ്മാനിക്കുന്ന അമൂല്യമായ പാഠവും അതു തന്നെയാണ്.

# അദ്ധ്യായം 8

# മലങ്കരസഭ ഒറ്റനോട്ടത്തിൽ

എ. ഡി. 52–ൽ വി. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ഈ സഭ പലപ്പോഴും അഗ്നിപരീക്ഷണങ്ങളെ അഭിമുഖീകരിച്ചും അതിജീവിച്ചും ചിലപ്പോൾ രാജാക്കന്മാരുടെ പരിലാളന അനുഭവിച്ചും ഇരുപത്തിഒന്നാം നൂറ്റാണ്ടിലേക്കു പ്രവേശിച്ചിരിക്കുന്നു. പ്രത്യേക മെത്രാന്മാർ ആദിമ നൂറ്റാണ്ടുകളിൽ ഇല്ലായിരുന്നു. പിന്നീട് അലക്സാണ്ട്രിയ, പേർഷ്യാ തുടങ്ങിയ സ്ഥലങ്ങളിലെ മെത്രാന്മാർ സന്ദർശകരായി ചിലപ്പോഴൊക്കെ വന്നുംപോയും കൊണ്ടിരുന്നു. 1653 മുതൽ സഭ ഏക മേല്പട്ടക്കാരന്റെ കീഴിൽ അവിഭക്ത മെത്രാസനമായി 1876 വരെ തുടർന്നു. അതു മുതൽ സഭയിൽ ഏഴു മേല്പട്ടക്കാരും ഏഴു മെത്രാസനങ്ങളുമായി. അതിനുശേഷം പല ഘട്ടങ്ങളിലായി ഭദ്രാസനങ്ങളുടേയും മേല്പട്ടക്കാരുടേയും എണ്ണവും വർദ്ധിച്ചു. അവയെ ഒറ്റനോട്ടത്തിൽ വിലയിരുത്തുവാനാണ് ഇവിടെ ഉദ്യമിക്കുന്നത്.

## 1. കൊച്ചി: സീയോൻ സെമിനാരി, കൊരട്ടി പി. ഒ, തൃശ്ശൂർ ഫോൺ: 0488 – 732023

1876 മാർച്ച് 25 ന് നിലവിൽ വന്നു. കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് പ്രഥമ സാരഥി. അതിനുശേഷം കക്ഷിഭിന്നതയുണ്ടായപ്പോൾ ഓർത്തഡോക്സ് വിഭാഗത്തിലെ അതത് കാലത്തെ മലങ്കര മെത്രാപ്പോലീത്തന്മാർ നേരിട്ട് ഭരണം നടത്തി. 1958–ൽ സുപ്രീംകോടതി വിധിയെത്തുടർന്ന് പൗരസ്ത്യ കാതോലിക്കാ അതുവരെ വിഘടിച്ച് നിന്ന പാത്രിയർക്കീസ് ഭാഗത്തെ കാതോലിക്കേറ്റിലേയ്ക്ക് സ്വീകരിച്ച് സഭയിൽ ഐക്യം പുനഃസ്ഥാപിച്ചപ്പോൾ, അതേവരെ പാത്രിയർക്കീസ് വിഭാഗത്തിന്റെ കൊച്ചി സാരഥിയായിരുന്ന പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ യോജിച്ച കൊച്ചിയുടെ മെത്രാപ്പോലീത്തായായി പ. കാതോലിക്കാ നിയമിച്ചു. അതുവരെയും പുലിക്കോട്ടിൽ സഭാരത്നം പ. ദീവന്നാസ്യോസ് രണ്ടാമൻ, പ. വട്ടശ്ശേരിൽ ദീവന്നാസ്യോസ്, പ. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ എന്നിവർ ഭരണം നടത്തി. പൗലൂസ് മാർ സേവേറിയോസ് 1962 മാർച്ച് 17 ന് കാലം ചെയ്ത് 18 ന് ആർത്താറ്റ് (കുന്നംകുളം) സിംഹാസന (പുത്തൻ) പള്ളിയിൽ കബറടങ്ങിയശേഷം അല്പകാലം പ. ഔഗേൻ കാതോലിക്കായും ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായും ഭരണം നടത്തി. 1966 ഒക്ടോബർ 1 മുതൽ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഭരണമേറ്റു. ഇദ്ദേഹത്തിന് അസുഖം നേരിട്ടപ്പോൾ യാക്കോബ് മാർ പോളിക്കാർപ്പോസ് അസി. മെത്രാപ്പോലീത്തായായി. 1986 ഡിസംബർ 26 ന് അദ്ദേഹം കാലം

ചെയ്ത് 27 ന് കൊരട്ടി സീയോൻ സെമിനാരിയിൽ കബറടക്കപ്പെട്ടു. മാർ യൂഹാനോൻ സേവേറിയോസ് മെത്രാപ്പോലീത്താ 1990 മെയ് 16 ന് കാലം ചെയ്ത് ആസ്ഥാനമായ കൊരട്ടി സീയോൻ സെമിനാരിയിൽ കബറടങ്ങി. ഏതാനും കാലം പ. മാത്യൂസ് പ്രഥമൻ ബാവായും പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായും ചുമതല വഹിച്ചു. 1991 ൽ സഖറിയ മാർ അന്തോണിയോസ് കൊച്ചിയുടെ മെത്രാപ്പോലീത്തായായി നിയമിതനായി.

മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മാലിയാങ്കര, കോട്ടക്കാവ്, ഗോക്കമംഗലം എന്നീ പള്ളികൾ കൊച്ചിയിലാണ്. അതിവിസ്തൃതമായ ഈ ഭദ്രാസനം വിഭജിച്ച് മലബാർ, കുന്നംകുളം, തൃശ്ശൂർ എന്നീ മെത്രാസനങ്ങൾ പിന്നീട് രൂപീകൃതമായി. പരുമല മാർ ഗ്രീഗോറിയോസ്, മൂക്കഞ്ചേരിൽ മാർ ഒസ്താത്തിയോസ്, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, പൗലൂസ് മാർ സേവേറിയോസ് തുടങ്ങിയ മെത്രാന്മാർ ഈ മെത്രാസനത്തിലെ അംഗങ്ങളായിരുന്നു. ഈ ഭദ്രാസനത്തിൽ പെട്ട കടുംഗമംഗലം പള്ളിയിൽ ശെമവൂൻ ദീവന്നാസ്യോസ്, വെട്ടിക്കൽ ദയറായിൽ കാട്ടുമങ്ങാട് ഗീവർഗ്ഗീസ് കൂറിലോസ്, മുളന്തുരുത്തിയിൽ മാർ ഈവാനിയോസ്, മാർ ഗ്രീഗോറിയോസ്, യൂയാക്കീം മാർ കൂറിലോസ് എന്നിവരും കൊരട്ടി സീയോൻ സെമിനാരിയിൽ യൂഹാനോൻ സേവേറിയോസ്, യാക്കോബ് പോളിക്കാർപ്പോസ് എന്നീ പിതാക്കന്മാരും കബറടങ്ങിയിട്ടുണ്ട്. 45 പള്ളികളും അത്രയും വൈദികരും ഉണ്ട്. ആസ്ഥാനവും ചാപ്പലും ആദ്യം മാമ്പ്ര സീനായ് ആശ്രമം ആയിരുന്നു. പിന്നീട് കൊരട്ടിയിൽ അരമനയും ചാപ്പലും പൗലൂസ് മാർ സേവേറിയോസ് നിർമ്മിച്ചു. യൂഹാനോൻ മാർ സേവേറിയോസ് ചാപ്പൽ നവീന മാതൃകയിൽ പുതുക്കിപ്പണിതു. അരമന പുരയിടം തെങ്ങിൻതോപ്പാക്കിയതും അദ്ദേഹമായിരുന്നു. അരമനയോട് ചേർന്ന് മാർ സേവേറിയോസ് പ്രൈമറി സ്കൂൾ പ്രവർത്തിക്കുന്നു. 1876-ലെ സുന്നഹദോസും ആദ്യത്തെ മൂറോൻ കൂദാശയും നടന്ന മുളന്തുരുത്തി, കൂനൻ കുരിശ് സത്യം പ്രഖ്യാപിച്ച മട്ടാഞ്ചേരി, ഒന്നാം മാർത്തോമ്മായെ വാഴിച്ച ആലങ്ങാട്, വെട്ടിക്കൽ ദയറാ എന്നീ പ്രശസ്ത ദേവാലയങ്ങളും കൊരട്ടിയിലെയും അരീപ്പാലത്തെയും വൃദ്ധഭവനങ്ങളും തൃശ്ശൂരിലെ കാരുണ്യ ഗൈഡൻസ് കേന്ദ്രവും യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷന്റെ ആസ്ഥാനവും ഈ ഭദ്രാസനത്തിലാണ്. 'സീയോൻ സന്ദേശം' എന്ന ഒരു മാസിക (ഫാ. ഡോ. ജോസഫ് ചീരൻ - പത്രാധിപർ) ഏതാനും കാലം കൊരട്ടിയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു.

## 2. അങ്കമാലി (വെസ്റ്റ്) തൃക്കുന്നത്ത് സെമിനാരി, ആലുവാ.

**ഫോൺ: 0484 - 2624339**

1876-ൽ രൂപീകൃതമായി. അമ്പാട്ട് ഗീവർഗ്ഗീസ് മാർ കൂറിലോസ്, കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്, പുലിക്കോട്ടിൽ ജോസഫ് മാർ

ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ, ഗീവർഗ്ഗീസ് മാർ ഗ്രിഗോറിയോസ് എന്നിവർ വിവിധ ഘട്ടങ്ങളിൽ ഭരണം നടത്തി.

ആലുവാ തൃക്കുന്നത്ത് സെമിനാരിയാണ് ആസ്ഥാനം. ആസ്ഥാനദേവാലയത്തിൽ കടവിൽ അത്താനാസ്യോസ്, ഗീവറുഗ്ഗീസ് ഗ്രിഗോറിയോസ്, ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് എന്നീ പിതാക്കന്മാർ കബറടങ്ങിയിട്ടുണ്ട്. മാർ തെയോഫിലോസിനോടൊപ്പം മാർ ബർന്നബാസും അദ്ദേഹം അമേരിക്കൻ ഭദ്രാസനത്തിലേക്ക് സ്ഥലംമാറ്റപ്പെട്ടതിനെ തുടർന്ന് 1993 മുതൽ പൗലൂസ് മാർ പക്കോമിയോസും ഭരണത്തിൽ വന്നു. 2005 ൽ അദ്ദേഹത്തെ മാറ്റി, മലങ്കര മെത്രാപ്പോലീത്താ ഭരണം ഏറ്റെടുക്കുകയും സഹായിയായി തോമസ് മാർ തീമോത്തിയോസിനെ നിയമിക്കുകയും ചെയ്തു. അദ്ദേഹം കാതോലിക്കാ സ്ഥാനം ഏറ്റതോടെ അങ്കമാലിയുടെ ഭരണം മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള നിയന്ത്രണത്തിലായി. 2006 ൽ യൂഹാനോൻ മാർ മിലിത്തോസിനെ സഹായ മെത്രാനായി നിയമിച്ചുവെങ്കിലും 2006 അവസാനമായപ്പോഴേക്കും അദ്ദേഹത്തെ ആ സ്ഥാനത്തു നിന്നു വിടർത്തി.

പോർട്ടുഗീസുകാരുടെ വരവിനു മുമ്പേ അർക്കദിയാക്കോമാരുടെ ആസ്ഥാനം അങ്കമാലിയായിരുന്നു. ഒന്നാം മാർത്തോമ കബറടങ്ങിയത് ഇവിടെയാണ്. എ. ഡി. 9–ാം നൂറ്റാണ്ടിൽ വന്ന മാർ സാബോർ, മാർ അപ്രോത് പിതാക്കന്മാർ സ്ഥാപിച്ച അകപ്പറമ്പ് പള്ളിയും യൽദൊ മഫ്രിയാന കബറടങ്ങിയ കോതമംഗലം ചെറിയപള്ളിയും അമ്പാട്ട് കൂറിലോസ്, കടവിൽ അത്താനാസ്യോസ്, പരുമല മാർ ഗ്രീഗോറിയോസ്, കോനാട്ട് മാർ യൂലിയോസ് എന്നീ നാലു മെത്രാന്മാരെ വാഴിച്ച വടക്കൻപറവൂർ പള്ളിയും ഈ ഭദ്രാസനത്തിലാണ്. പാലൂരിന്റെ തലപ്പള്ളി സ്ഥാനം നഷ്ടപ്പെട്ടതിന്റെ ശേഷം വടക്കൻ ഭാഗത്തെ തലപ്പള്ളി സ്ഥാനം അങ്കമാലിക്കു ലഭിച്ചു. അങ്കമാലി പടിയോല പ്രസിദ്ധം. അങ്കമാലിയിൽ വച്ചാണ് ആർച്ച് ബിഷപ്പ് മെനേസിസ് (1599) സുറിയാനിക്കാരുടെ ആരാധനാ ചരിത്രഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കിയത്. കോതമംഗലം മാർ അത്താനാസ്യോസ് ആർട്സ് ആൻഡ് സയൻസ് കോളജ്, എഞ്ചിനീയറിംഗ് കോളജ്, കോതമംഗലം സ്റ്റുഡന്റ് സെന്റർ, കിഴക്കമ്പലം സെന്റ് മേരീസ് ദയറാ (കോൺവെന്റ്), അനാഥാലയം, വളയൻചിറങ്ങര ബാലഭവൻ, മടവൂർ ബ്ലൈൻഡ് റീഹാബിലിറ്റേഷൻ സെന്റർ, യൂണിയൻ ക്രിസ്ത്യൻ കോളജിനടുത്തുള്ള സ്റ്റുഡന്റ് സെന്റർ തുടങ്ങിയവ ഈ ഭദ്രാസനത്തിലാണ്. 125 പള്ളികളും അത്രയും തന്നെ വൈദികരും ഉള്ള ഈ മെത്രാസനം അടുത്തകാലത്ത് ഈസ്റ്റ് വെസ്റ്റ് എന്നിങ്ങനെ രണ്ടായി വിഭജിച്ചു. ഇപ്പോൾ വീണ്ടും ഒന്നാക്കുവാൻ നീക്കങ്ങൾ നടക്കുന്നു. കുറേക്കാലം പാത്രിയർക്കീസ് ഭാഗത്തെ വൈദീക പരിശീലനകേന്ദ്രമായി തൃക്കുന്നത്ത് സെമിനാരി പ്രവർത്തിച്ചി

ട്ടുണ്ട്. കാരുചിറ ഗീവറുഗ്ഗീസ് റമ്പാന്റെ (പിന്നീട് രണ്ടാം കാതോലിക്കാ) നേതൃത്വത്തിൽ ഭദ്രാസന ആസ്ഥാനമന്ദിരം പണിതീരും വരെ അങ്കമാലി മെത്രാപ്പോലീത്താ വടക്കൻപറവൂർ പള്ളിയിൽ താമസിച്ചു. തൃക്കുന്നത്തു സെമിനാരിയിൽ നിന്ന് 'സഭാചന്ദ്രിക' എന്ന ഒരു പ്രസിദ്ധീകരണം മാസിക യായും പിന്നീട് ത്രൈമാസികയായും ഏതാനും വർഷം മുമ്പു വരെ പ്രസി ദ്ധീകരിച്ചിരുന്നു. അബ്ദുൽ ജലീൽ മാർ ഗ്രിഗോറിയോസിന്റെ കബറിടം വടക്കൻപറവൂർ പള്ളിയിൽ സ്ഥിതി ചെയ്യുന്നു.

### 3. കണ്ടനാട് (ഈസ്റ്റ്) ബിഷപ്പ്സ് ഹൗസ്, മൂവാറ്റുപുഴ
**ഫോൺ: 0485 – 2832401, 2833401**

1876–ൽ ഈ ഭദ്രാസനം രൂപീകൃതമായി. പ്രഥമ മെത്രാപ്പോലീത്താ ആയി കുന്നകുളം ചിറളയം പള്ളിയിൽ വച്ച് പട്ടമേറ്റ മുറിമറ്റത്തിൽ പൗലൂ സ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (ഒന്നാം കാതോലിക്കാ) നിയ മിതനായി. അതിന് ശേഷം ഔഗേൻ മാർ തീമോത്തിയോസ് (നാലാം കാതോലിക്കാ), പൗലൂസ് മാർ പീലക്സീനോസ് (ശ്രേഷ്ഠ കാതോലിക്കാ), ജോസഫ് മാർ പക്കോമിയോസ് എന്നിവർ നിയമിതരായി. മാർ തീമോത്തി യോസും മാർ പീലക്സീനോസും യഥാക്രമം മെത്രാൻ കക്ഷി, ബാവാ കക്ഷി വിഭാഗത്തിൽ ഭരിക്കുമ്പോൾ സഭ 1958 ൽ ഐക്യപ്പെടുകയും മാർ തീമോത്തിയോസിനെ സീനിയർ മെത്രാപ്പോലീത്തായായും മാർ പീലക് സീനോസിനെ സഹായ മെത്രാനായും പ. ഗീവറുഗ്ഗീസ് ദ്വിതീയൻ ബാവാ നിയമിച്ചു.

വീണ്ടും പിളർന്ന ഭദ്രാസനത്തിന്റെ പാത്രിയർക്കീസ് ഭാഗത്ത് ഡോ. തോമസ് മാർ അത്താനാസ്യോസും ഓർത്തഡോക്സ് ഭാഗത്ത് ഡോ. മാത്യൂസ് മാർ സേവേറിയോസും നിയമിതരായി. മാർ അത്താനാസ്യോസ് കാതോലിക്കേറ്റും സഭാഭരണഘടനയും അംഗീകരിച്ചു. കണ്ടനാട് വിഭജിച്ച് ഈസ്റ്റ്, വെസ്റ്റ് എന്ന് രണ്ടായി പ്രഖ്യാപിക്കുകയും ഈസ്റ്റിന്റെ ചുമതല ഡോ. അത്താനാസ്യോസിനും വെസ്റ്റിന്റെ ചുമതല ഡോ. സേവേ റിയോസിനും നൽകുകയും ചെയ്തു. ഔഗേൻ മാർ തീമോത്തിയോസ് ആസ്ഥാനം മൂവാറ്റുപുഴയിൽ ക്രമീകരിച്ചിരുന്നു. മാർ സേവേറിയോസ് മീമ്പാറ കാതോലിക്കേറ്റ് സെന്റർ ആസ്ഥാനമായി ഉപയോഗിക്കുന്നു.

1809–ൽ 8–ാം മാർത്തോമ്മായുടെ അധ്യക്ഷതയിൽ സഭയുടെ സുന്ന ഹദോസ് സമ്മേളിച്ചതും പുലിക്കോട്ടിൽ ജോസഫ് റമ്പാനും (പിന്നീട് പഴയസെമിനാരി സ്ഥാപകൻ ജോസഫ് ദീവന്നാസ്യോസ് ഒന്നാമൻ) കായംകുളം പീലിപ്പോസ് റമ്പാനും ചേർന്ന് തയ്യാറാക്കിയ കണ്ടനാട് പടി യോല അംഗീകരിച്ചതുമായ മർത്ത മറിയം പള്ളി സുപ്രസിദ്ധമാണ്. പല പ്പോഴും പകലോമറ്റം മാർത്തോമ്മാ മെത്രാന്മാർ ആസ്ഥാന ദേവാലയമായി

കണ്ടനാട് പള്ളി ഉപയോഗിച്ചിട്ടുണ്ട്. 1728-ൽ മാർത്തോമ്മാ നാലാമനും 1764-ൽ ശക്രുള്ളാ മഫ്രിയാനയും ഈ പള്ളിയിൽ കബറടങ്ങി.

പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കബറടങ്ങിയ കർമ്മേൽ ദയറായും ഏഴാം മാർത്തോമ്മാ കബറടങ്ങിയതും 1966-ൽ ഡോ. തെയോഫിലോസ്, മാർ സേവേറിയോസ്, മാർ തീമോത്തിയോസ് എന്നീ പിതാക്കന്മാരെ വാഴിച്ചതും ആദ്യത്തെ മലങ്കര മെഡിക്കൽ മിഷൻ ആശുപത്രി സ്ഥാപിച്ചതുമായ കോലഞ്ചേരി, ഒന്നാം കാതോലിക്കാ പ. പൗലൂസ് പ്രഥമൻ ബാവാ കബറടങ്ങിയ പാമ്പാക്കുട ചെറിയപള്ളി, കോനാട്ട് മല്പാന്മാരുടെ പഠിത്തവീട് സ്ഥാപിച്ച പാമ്പാക്കുട പള്ളി, ഒമ്പതാം മാർത്തോമ്മാ കബറടങ്ങിയ കടമറ്റം തുടങ്ങിയ പ്രശസ്ത ദേവാലയങ്ങൾ കണ്ടനാട് ഭദ്രാസനത്തിലാണ്. കോനാട്ട് മാർ യൂലിയോസ് കബറടങ്ങിയ പാമ്പാക്കുട വലിയപള്ളിയും സെന്റ് പീറ്റേഴ്സ് ആൻഡ് പോൾസ് ആർട്സ് ആൻഡ് സയൻസ് കോളജും മെഡിക്കൽ കോളജ് സ്ഥിതിചെയ്യുന്ന കോലഞ്ചേരിയും കണ്ടനാട് ഭദ്രാസനത്തിന്റെ പ്രശസ്തി വിളിച്ചറിയിക്കുന്നു. വടകര സെന്റ് ജോൺസ് പള്ളിയും ഔഗേൻ ബാവാ സ്ഥാപിച്ച ഹൈസ്കൂളും പ്രസിദ്ധം തന്നെ. മൂവാറ്റുപുഴ അരമനയോട് ചേർന്ന് പണിതിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സ് ഭദ്രാസനത്തിന്റെ ആദായമാർഗ്ഗം വർദ്ധിപ്പിച്ചിട്ടുണ്ട്. ആസ്ഥാനത്തു നിന്ന് 'ഡയോസിഷൻ ബുള്ളറ്റിൻ' എന്ന ഒരു പത്രിക മാസം തോറും പ്രസിദ്ധീകരിക്കുന്നുണ്ട്. പാമ്പാക്കുടയിലുള്ള മാർ യൂലിയോസ് പ്രസ്സിൽ നിന്നാണ് സുറിയാനിയിലും മലയാളത്തിലുമുള്ള അച്ചടിച്ച പുസ്തകങ്ങൾ ഒരു നൂറ്റാണ്ടിലേറെക്കാലമായി പുറത്തിറങ്ങിക്കൊണ്ടിരുന്നത്. ഭദ്രാസനത്തിൽ 80 പള്ളികളും 60 വൈദികരും ഉണ്ട്.

## 4. കോട്ടയം: കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് ഡയോസിഷൻ സെന്റർ, കോട്ടയം. ഫോൺ: 0481 - 2564329

1876-ൽ ഭദ്രാസനം രൂപീകൃതമായി. സഭയുടെ ആസ്ഥാനം പാലൂർ നിന്ന് അങ്കമാലിയിലേക്കും അവിടെ നിന്ന് കോട്ടയത്തേക്കും മാറ്റി. പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്താ വൈദീകസെമിനാരി കോട്ടയത്ത് ആരംഭിച്ചത് മുതലാണ് കോട്ടയം സഭയുടെ തലസ്ഥാനനഗരി എന്ന സ്ഥാനത്തേക്ക് ഉയർന്നത്. ആദ്യം സി. എം. എസ്സ്. കാരും പിന്നീട് നവീകരണക്കാരും ഒടുവിൽ പാത്രിയർക്കീസ് കക്ഷിയും ബലപരീക്ഷണം നടത്തിയത് പഴയസെമിനാരിയുടെ കൈവശാവകാശം സ്ഥാപിക്കുവാനാണ്. ദൈവകൃപയാൽ അതിന്നും ഓർത്തഡോക്സ് സഭയുടെ കൈവശത്തിൽ തുടരുന്നു.

കോട്ടയത്തിന്റെ പ്രഥമ സാരഥി കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ആയിരുന്നു. പൗലൂസ് മാർ ഈവാനിയോസ്

(ഒന്നാം കാതോലിക്കാ), ഗീവറുഗ്ഗീസ് മാർ പീലക്സീനോസ് (രണ്ടാം കാതോലിക്കാ), വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ, പാമ്പാടി കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് (1929–1965), പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് (1954–1981) എന്നിവർ ഭരണം നടത്തി. ജോസഫ് മാർ പക്കോമിയോസ്, യൂഹാനോൻ മാർ അത്താനാസ്യോസ് എന്നിവർ പാറേട്ട് മെത്രാപ്പോലീത്തായുടെ സഹായികളായി നിയമിതരായി. 1981 മുതൽ 85 വരെ മാർത്തോമ്മാ പ്രഥമൻ കാതോലിക്കാ നേരിട്ട് ഭരണം നടത്തി. ഇക്കാലത്ത് മാത്യൂസ് മാർ ബർന്നബാസ് സഹായ മെത്രാനായിരുന്നു. 1985 ആഗസ്റ്റ് മുതൽ ഗീവറുഗ്ഗീസ് മാർ ഈവാനിയോസ് ഭദ്രാസന സാരഥിയായി ചുമതലയേറ്റു. ആദ്യ കാലങ്ങളിൽ പഴയസെമിനാരിയും പിന്നീട് പാമ്പാടി ദയറായും ആസ്ഥാനമായിരുന്നു. ഇടക്കാലത്ത് എം. ഡി. (കോട്ടയം) സെമിനാരിയിൽ പ്രവർത്തിച്ച ആസ്ഥാനം ഈരേക്കടവിലുള്ള കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് സെന്ററിലേക്ക് മാറ്റിയിരുന്നു. ഇപ്പോൾ എം. ഡി. സെമിനാരി കോമ്പൗണ്ടിൽ പുതിയ ആസ്ഥാന മന്ദിരം പണിതിട്ടുണ്ട്.

സഭയുടെ മസ്തിഷ്കമായ വൈദിക സെമിനാരിയും ആദ്യ കാലങ്ങളിലെ മലങ്കര മെത്രാപ്പോലീത്തൻ ആസ്ഥാനവും പ. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ, പ. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ, പ. വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് ദീവന്നാസ്യോസ് എന്നീ മൂന്ന് മലങ്കര മെത്രാപ്പോലീത്താമാരുടെയും ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് പിതാവിന്റെയും കബറിടങ്ങളും മാനേജിംഗ് കമ്മിറ്റിയും എപ്പിസ്ക്കോപ്പൽ സുന്നഹദോസും സമ്മേളിക്കുന്ന കെട്ടിട സമുച്ചയങ്ങളും സ്ഥിതിചെയ്യുന്ന പഴയസെമിനാരി തന്നെയാണ് കോട്ടയത്തെ പ്രമുഖ സഭാകേന്ദ്രം. പുലിക്കോട്ടിൽ പ. ജോസഫ് ദിവന്നാസ്യോസ് ദ്വിതീയൻ സ്ഥാപിച്ച എം. ഡി. സെമിനാരിയും, സഭ 1970 കളിൽ നിർമ്മിച്ച എം. ഡി. കൊമേഴ്സ്യൽ സെന്ററും, വാകത്താനം വള്ളിക്കാട്ട് ദയറാ (പരിശുദ്ധനായ രണ്ടാം കാതോലിക്കായുടെ കബറിടം), പാമ്പാടി മാർ കുറിയാക്കോസ് ദയറാ (പ. പാമ്പാടി തിരുമേനിയുടെ കബറിടം), പ്രമുഖ ജോർജിയൻ തീർത്ഥാടനകേന്ദ്രമായ പുതുപ്പള്ളി വലിയപള്ളി, ബസേലിയോസ് കോളജ്, വിദ്യാർത്ഥിപ്രസ്ഥാനം കേന്ദ്ര ഓഫീസും സ്റ്റുഡന്റ് സെന്ററും, യുവജനപ്രസ്ഥാനം കേന്ദ്ര ഓഫീസ്, മർത്ത മറിയം സമാജം കേന്ദ്ര ഓഫീസ് തുടങ്ങി കോട്ടയത്തെ അതി പ്രശസ്തമാക്കുന്ന ധാരാളം സഭാ സ്ഥാപനങ്ങൾ ഉണ്ട്. സെമിനാരിയിൽ പുലിക്കോട്ടിൽ ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ സ്ഥാപിച്ചിരുന്ന സെന്റ് തോമസ് അച്ചുകൂടത്തിൽ നിന്നാണ് 'ഇടവകപത്രിക' മുതലായ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളും സുറിയാനിയിലും മലയാളത്തിലുമുള്ള ആരാധനാക്രമങ്ങളും ഇറങ്ങിയിരുന്നത്. പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറി

യോസ് കോളജ്, കങ്ങഴ ആശുപത്രിയും നേഴ്സിംഗ് കോളജും, എം. ഡി. സെമിനാരി ഹൈസ്കൂൾ, വാകത്താനം ഹയർസെക്കണ്ടറി സ്കൂൾ തുടങ്ങിയവയും പാമ്പാടി അഭയഭവൻ, ബാലഭവൻ തുടങ്ങിയ സ്ഥാപനങ്ങളും വാകത്താനം ബസേലിയോസ് ദയറായും കോട്ടയത്തിന് തിലകക്കുറി ചാർത്തുന്നു. 90 പള്ളികളും അത്രയും വൈദികരുമുണ്ട്.

### 5. തുമ്പമൺ: മാർ ബേസിൽ അരമന, പത്തനംതിട്ട
**ഫോൺ: 0468 – 2325942, 2222243**

1876–ൽ രൂപം കൊണ്ടു. ആദ്യത്തെ ഭദ്രാസന സാരഥി കോനാട്ട് ഗീവറുഗ്ഗീസ് മാർ യൂലിയോസ് ആണ്. പരുമല ഗീവറുഗ്ഗീസ് മാർ ഗ്രിഗോറിയോസ്, യൂയാക്കീം മാർ ഈവാനിയോസ്, പുത്തൻകാവിൽ ഗീവറുഗ്ഗീസ് മാർ പീലക്സീനോസ്, പ. പുലിക്കോട്ടിൽ ദീവന്നാസ്യോസ് ദ്വിതീയൻ, പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, പ. ഔഗേൻ കാതോലിക്കാ എന്നീ മലങ്കര മെത്രാപ്പോലീത്തന്മാരും ഇടക്കാലങ്ങളിൽ ഭരണം നടത്തി. 1985 സെപ്തംബർ മുതൽ ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ ദാനിയേൽ മാർ പീലക്സീനോസിന്റെ അസിസ്റ്റന്റ് ആയും പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗാനന്തരം പൂർണ്ണ ചുമതലക്കാരനായും ഭരണം നിർവഹിക്കുന്നു.

പത്തനംതിട്ട ബേസിൽ അരമന ആണ് ആസ്ഥാനം. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, മാക്കാംകുന്ന് കൺവൻഷൻ, യൂത്ത് സെന്റർ, മാർ പീലക്സീനോസ് ഐ. ടി. സി. തുമ്പമൺ, മർത്ത മറിയം മന്ദിരം തുടങ്ങിയവ ഭദ്രാസനത്തിലെ സ്ഥാപനങ്ങളാണ്. നൂറോളം പള്ളികളും അത്ര തന്നെ വൈദികരും ഉണ്ട്. മൈലപ്ര ആശ്രമം ഭദ്രാസന അതിർത്തിയിലാണ്.

### 6. നിരണം: ബഥനി അരമന, തിരുവല്ല – 689101
**ഫോൺ: 0473 – 601357**

1876 ലാണ് നിലവിൽ വന്നത്. മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷ പ്രവർത്തനമായി സ്ഥാപിക്കപ്പെട്ട നിരണം പള്ളി ഭദ്രാസനത്തിന്റെ അഭിമാനം. പരുമല ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് പ്രഥമ സാരഥി. പ. പുലിക്കോട്ടിൽ ദ്വിതീയൻ, പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, കല്ലാശ്ശേരിൽ ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ്, ജോസഫ് മാർ സേവേറിയോസ്, തോമ്മാ മാർ ദീവന്നാസ്യോസ് എന്നിവരും ഭദ്രാസന സാരഥികളായിരുന്നു. പ. ഔഗേൻ ബാവായും പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായും നേരിട്ട് ഇടക്കാലങ്ങളിൽ ഭരണം നടത്തിയിട്ടുണ്ട്. 1976 മുതൽ ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഭരണം നിർവ്വഹിക്കുന്നു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അസിസ്റ്റന്റ് ആയി

2005 ൽ ചുമതലയേറ്റു. 2006 ൽ മാർ ഒസ്താത്തിയോസ് സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് 2007 ജനുവരിയിൽ മാർ ക്രിസോസ്റ്റമോസ് ഭദ്രാസനത്തിന്റെ പൂർണ്ണ ചുമതല ഏറ്റെടുത്തു.

പ. ചാത്തുരുത്തി മാർ ഗ്രീഗോറിയോസിന്റെയും കരോട്ടുവീട്ടിൽ യൂയാക്കീം മാർ ഈവാനിയോസിന്റെയും കബറിടങ്ങൾ സ്ഥിതിചെയ്യുന്ന പരുമല പള്ളി അന്തർദേശീയ തീർത്ഥാടനകേന്ദ്രമാണ്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് സ്ഥാപിച്ച പരുമല സെമിനാരി നവീകരണകാലത്ത് കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശത്തിലായിരുന്നപ്പോൾ വൈദികവിദ്യാഭ്യാസ കേന്ദ്രമായിരുന്നു. ചാത്തുരുത്തിൽ ഗീവർഗ്ഗീസ് റമ്പാനെ ആദ്യം വെട്ടിക്കൽ ദയറായിൽ നിയമിച്ചതും അവിടെ നിന്നും പരുമല സെമിനാരിയുടെ ചുമതല ഏല്പിച്ചതും പുലിക്കോട്ടിൽ മെത്രാപ്പോലീത്താ തന്നെയായിരുന്നു. അവികസിത പ്രദേശവും യക്ഷിക്കാവുമായിരുന്ന പരുമല ഒരു സെമിനാരിയുടെ ആവിർഭാവത്തോടെ പുണ്യഭൂമിയായി മാറി. 1873 ൽ ഇവിടെ വച്ച് പുലിക്കോട്ടിൽ പ. ജോസഫ് ദീവന്നാസ്യോസ് ദ്വിതീയൻ വിളിച്ചു ചേർത്ത മലങ്കര പള്ളിപ്രതിപുരുഷയോഗത്തെ പരുമല സുന്നഹദോസ് എന്നും അതിലെ കാനോനുകളെ പരുമല പടിയോല എന്നും ചരിത്രകാരന്മാർ വിശേഷിപ്പിച്ചിട്ടുണ്ട്. ഈ തീരുമാനങ്ങൾ തന്നെയാണ് 1876 ൽ മുളന്തുരുത്തിയിൽ ചേർന്ന സുന്നഹദോസ് അംഗീകരിച്ചത്.

മറ്റൊരു തീർത്ഥാടനകേന്ദ്രമാണ് നിരണം. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ചു എന്നത് മാത്രമല്ല ഈ പള്ളിയുടെ പ്രാധാന്യം. പകലോമറ്റം മെത്രാന്മാരിൽ പലരുടേയും ആസ്ഥാനം നിരണം പള്ളിയായിരുന്നു. രണ്ടാം മാർത്തോമ്മായും അഞ്ചാം മാർത്തോമ്മായും ഇവിടെ കബറടങ്ങി. ആറാം മാർത്തോമ്മാ ഈ ആസ്ഥാന ദേവാലയത്തിൽ വെച്ച് എഴുതാൻ ആരംഭിച്ച സഭാചരിത്രം *നിരണം ഗ്രന്ഥവരി* എന്ന പേരിൽ അറിയപ്പെടുന്നു (കോട്ടയം സോഫിയാ ബുക്സ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്). മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ ഒന്നാം കാതോലിക്കായായി അബ്ദുൾ മ്ശിഹാ പാത്രിയർക്കീസിന്റെ സഹകരണത്തിൽ സ്ഥാനാരോഹണം ചെയ്യിച്ചത് ഇവിടെ വെച്ചാണ്. നിരവധി തവണ മലങ്കര അസോസ്യേഷൻ യോഗങ്ങൾ ഇവിടെ ചേർന്നിട്ടുണ്ട്. സമീപ കാലത്തായി നടന്ന പല അസോസ്യേഷൻ യോഗങ്ങളും മേല്പട്ടവാഴ്ചകളും പരുമല സെമിനാരിയിൽ വച്ചാണ് നടന്നിട്ടുള്ളത്.

തൊണ്ണൂറോളം പള്ളികളും അത്രയും തന്നെ വൈദികരും ഉള്ള ഈ ഭദ്രാസനത്തിൽ ഹരിപ്പാട് മിഷൻ സെന്റർ, കരുണഗിരി ബാലഭവൻ, രണ്ട് ആശുപത്രികൾ, 15 സ്കൂളുകൾ, 1 ഐ. ടി. സി. എന്നിവയുണ്ട്. തിരുവല്ല ബഥനി അരമനയാണ് ഇപ്പോഴത്തെ ഭദ്രാസന ആസ്ഥാനം.

**7. കൊല്ലം: ബിഷപ്പ്സ് ഹൗസ്, ക്രോസ് ജംഗ്ഷൻ, കൊല്ലം. ഫോൺ: 0474-743535, 746900**

1876 -ൽ രൂപീകൃതമായി. മലങ്കര മെത്രാപ്പോലീത്താ പ. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമ സാരഥിയായി. പരുമല മാർ ഗ്രീഗോറിയോസ്, കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസ്, അലക്സിയോസ് മാർ തേവോദോസ്യോസ് എന്നിവർ വിവിധ കാലങ്ങളിൽ ഭരണം നടത്തി. 1953 മുതൽ മാത്യൂസ് മാർ കൂറിലോസ് (മാത്യൂസ് ദ്വിതീയൻ കാതോലിക്കാ) വിസ്തൃതമായ ഈ മെത്രാസനത്തിന്റെ ഭരണം സമർത്ഥമായി നിർവഹിച്ചു. 1985 മുതൽ മാത്യൂസ് മാർ എപ്പിപ്പാനിയോസ് അസിസ്റ്റന്റായി ചുമതലയേറ്റു. 1991 മുതൽ അദ്ദേഹം പൂർണ്ണ ചുമതല വഹിക്കുന്നു.

ശാസ്താംകോട്ട മെഡിക്കൽ മിഷൻ, ബോയ്സ് ഹോം അടൂർ, മർത്ത മറിയം മന്ദിരം അടൂർ, അടൂർ സെന്റ് മേരീസ് കോൺവെന്റ്, ശൂരനാട് കോൺവെന്റ്, ആദിത്യനെല്ലൂർ കോൺവെന്റ്, ചെങ്ങമനാട് ബെത്‌ലഹേം ആശ്രമം, പട്ടാഴി ആശ്രമം, ചായ്‌ലോട ആശ്രമം, കിഴക്കെ കല്ലട ആശ്രമം, ശൂരനാട് ആശ്രമം, സെന്റ് പോൾസ് സുവിശേഷാലയം, കുമ്പഴ സെമിനാരി, കോട്ടപ്പുറം സെമിനാരി, പത്തനാപുരം മൗണ്ട് താബോർ ദയറാ, കോൺവെന്റ്, അടൂർ സെന്റ് സിറിൽസ് കോളജ്, കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളജ്, പതിനാറിൽപരം സ്കൂളുകൾ എന്നിവ ഭദ്രാസനത്തിന്റെ പ്രശസ്തി വർദ്ധിപ്പിക്കുന്നു.

കൊല്ലം അഭ്യന്തര മിഷന്റെ പ്രവർത്തനവും മാതൃകാപരമാണ്. 140 പള്ളികളും 125 വൈദികരും ഉണ്ട്. മേൽപ്പറഞ്ഞ 7 ഭദ്രാസനങ്ങളും പ്രഖ്യാപിച്ചതും അവിടേയ്ക്ക് ആദ്യത്തെ സാരഥിമാരെ നിയോഗിച്ചതും അന്ത്യോഖ്യായുടെ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ആണ്. അസോസ്യേഷനും മാനേജിംഗ് കമ്മിറ്റിയും നിലവിൽ വന്നെങ്കിലും ഏകപക്ഷീയമായ പ്രഖ്യാപനമാണ് അദ്ദേഹം നടത്തിയത്. ആരംഭത്തിൽ ഓരോ ഭദ്രാസനത്തിലും ഏതാണ്ട് 22 പള്ളികൾ ഉണ്ടായിരുന്നു. ഭദ്രാസന വിഭജനം സഭയിൽ ഇല്ലായിരുന്നെങ്കിലും അത് സഭയുടെ പിൽക്കാല വികസനത്തിന് വഴി തെളിയിച്ചു. മെത്രാന്മാർ പലരുണ്ടായെങ്കിലും മലങ്കര മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഭദ്രാസന ഭരണം നിർവ്വഹിക്കുവാൻ ദൈവം ഇടയാക്കി. അല്പം സ്വാതന്ത്ര്യം കാട്ടാൻ ശ്രമിച്ചവരെ ജനങ്ങൾ നിരാകരിച്ചു. നവീകരണ വിഭാഗവുമായി വ്യവഹാരം നടത്തേണ്ടി വന്ന ആ കാലഘട്ടത്തിൽ സഭയിൽ ശൈഥില്യം ഉണ്ടാവാതെ നോക്കുവാൻ മലങ്കര മെത്രാപ്പോലീത്തായുടേയും പരുമല മാർ ഗ്രീഗോറിയോസിന്റെയും നേതൃത്വത്തിൽ സഭയ്ക്ക് സാധിച്ചു. നൂതനവും പുരോഗമനോത്സുകവുമായ പ്രവർത്തനശതം കൊണ്ട് സഭ മുന്നേറുമ്പോൾ ഗ്രൂപ്പ് താല്പര്യങ്ങളോ വ്യക്തിതാല്പര്യങ്ങളോ ഉന്നയിച്ച് ജനങ്ങളുടെ അപ്രീതി സമ്പാദിക്കുവാൻ ആരും ഉദ്യമിച്ചില്ല.

**8. മലബാർ: മൗണ്ട് ഹെർമ്മോൻ അരമന, ആർ. ഇ. കോളജ് പി. ഒ., കോഴിക്കോട്. ഫോൺ: 0495 – 287278**

കോഴിക്കോട്, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ തിരുവിതാംകൂർ – കൊച്ചി പ്രദേശങ്ങളിൽ നിന്ന് വൻ തോതിൽ കുടിയേറ്റങ്ങൾ ഉണ്ടായി. അവിടെ പുരാതന ദേവാലയങ്ങൾ ഒന്നും ഇല്ലാതിരുന്നതിനാൽ കുടിയേറ്റക്കാരുടെ ശക്തിയനുസരിച്ച് താൽക്കാലികങ്ങളായ ആരാധനാലയങ്ങൾ ആദ്യം ഉയർന്നു. പിന്നീട് അവയെല്ലാം പല ഘട്ടങ്ങളിലായി സ്ഥിര ദേവാലയങ്ങളായി വികസിച്ചു. ചില നഗരപ്രദേശങ്ങളിൽ അന്യസഭകളുടെ ദേവാലയം ഉപയോഗിച്ചിരുന്നുവെങ്കിലും അവിടങ്ങളിലും പിൽക്കാലങ്ങളിൽ സ്വന്തം ദേവാലയങ്ങളുണ്ടായി. ഈ സംഭവവികാസങ്ങളെ ഫലപ്രദമായി ഏകീകരിക്കുന്നതിനു വേണ്ടി മലബാർ ഭദ്രാസനം രൂപീകരിക്കപ്പെടുകയും കൊച്ചിയുടെ പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ 1946 നുശേഷം ചുമതലക്കാരനായി നിയമിക്കുകയും ചെയ്തു.

1958 ലെ സഭാസംയോജനത്തെ തുടർന്ന് മാർ സേവേറിയോസിനെ മലബാറിൽ നിന്ന് വിടർത്തുകയും 1953 മുതൽ മലബാറിന്റെ ചുമതല വഹിച്ചിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായെ ചുമതല ഏല്പിക്കുകയും ചെയ്തു. സ്വന്തമായി ഒരു ആസ്ഥാനം ഇല്ലാതിരുന്നതിനാൽ മെത്രാപ്പോലീത്താ മുളന്തുരുത്തി കർമ്മേൽ ദയറായിൽ വസിച്ചുകൊണ്ടാണ് ഭദ്രാസന ഭരണം നിർവ്വഹിച്ചിരുന്നത്. 1966 നവംബർ 11 മുതൽ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ചുമതലയേറ്റു. കോഴിക്കോടിനടുത്ത് ചാത്തമംഗലത്ത് മൗണ്ട് ഹെർമ്മോൻ അരമന പണിത് പിന്നീട് അവിടെ ആസ്ഥാനമാക്കി. അത്യദ്ധ്വാനം ചെയ്ത് ചിതറിപ്പാർക്കുന്ന കുടിയേറ്റകേന്ദ്രങ്ങളിൽ പള്ളികൾ സ്ഥാപിക്കുകയും താല്ക്കാലിക ദേവാലയങ്ങൾ സ്ഥിര സ്വഭാവമുള്ളവയാക്കി തീർക്കുകയും ചെയ്തു. ഉദ്ദേശ്യം 90 ദേവാലയങ്ങളുണ്ട്. അറുപതോളം വൈദികരും ഉണ്ട്. മെത്രാപ്പോലീത്തായുടെ സഹായിയായി ഡോ. ഐറേനിയോസ് കുറച്ചുകാലം പ്രവർത്തിച്ചു.

മെത്രാപ്പോലീത്താ കാതോലിക്കാ സ്ഥാനം സ്വീകരിക്കുന്ന ഘട്ടത്തിൽ ഭദ്രാസന സഹായിയായി 2005 മുതൽ ഡോ. സഖറിയാ മാർ തെയോഫിലോസിനെ ചുമതലയേൽപ്പിച്ചു. 2006 അവസാനം അദ്ദേഹത്തിനു പൂർണ്ണചുമതല നൽകി.

പുതുപ്പാടി സെന്റ് പോൾസ് ആശ്രമവും, ബാല – ബാലികാ ഭവനങ്ങളും കോൺവെന്റും, മണ്ണപ്ര ചിൽഡ്രൻസ് ഹോം തുടങ്ങിയവയും 5 വിദ്യാലയങ്ങളും ഭദ്രാസനത്തിലുണ്ട്.

### 9. ക്നാനായ ഭദ്രാസനം: മലങ്കര മെത്രാപ്പോലീത്താ, ദേവലോകം, കോട്ടയം

ക്നായിത്തോമയുടെ കൂടെ വന്ന സിറിയക്കാരുടെ പിൻഗാമികളാണ് ക്നാനായക്കാർ എന്ന് വിശ്വസിക്കപ്പെടുന്നു. ഇവരുടെ 14 പള്ളികൾ ചേർത്ത് 1910 ൽ ക്നാനായ ഭദ്രാസനം രൂപീകരിക്കുകയും അതിന് മേൽപ്പട്ടക്കാരനായി ഇടവഴിക്കൽ മാർ സേവേറിയോസിനെ പ. അബ്ദുള്ളാ പാത്രിയർക്കീസ് നിയമിക്കുകയും ചെയ്തു. 1926 ൽ മാർ ദീയസ്ക്കോറോസ് പിൻഗാമിയായി വന്നു. ഇദ്ദേഹം കത്തോലിക്കാ സഭയിൽ ചേർന്നപ്പോൾ 1932 ൽ ഭദ്രാസനത്തിന് സ്വയംഭരണാവകാശം നൽകി. താമരപ്പള്ളി എബ്രഹാം കോറെപ്പിസ്ക്കോപ്പാ, പി. ജെ. തോമസ് കശ്ശീശാ എന്നിവർ അഡ്മിനിസ്ട്രേറ്റർമാരായി. 1951-ൽ ഏപ്രിൽ 15 -ന് എബ്രഹാം മാർ ക്ലിമ്മീസിനെ ഹോംസിൽ വെച്ച് പ. അപ്രേം പാത്രിയർക്കീസ് വാഴിച്ചു നിയമിച്ചു. 1952 -ൽ ക്നാനായ ഭദ്രാസന ഭരണഘടന അംഗീകരിച്ചു. സഭാ യോജിപ്പിനെത്തുടർന്ന് ക്ലിമ്മീസ് മെത്രാപ്പോലീത്താ കാതോലിക്കേറ്റിന്റെ കീഴിൽ വരികയും സഭാഭരണഘടനപ്രകാരമുള്ള എല്ലാ അവകാശങ്ങളും നേടുകയും ചെയ്തു. 1970 കളിൽ കക്ഷി ഭിന്നത രൂക്ഷമായ കാലത്ത് മാർ ക്ലിമ്മീസ് പാത്രിയർക്കീസ് വിഭാഗത്തോടൊപ്പം ചേർന്നു. ചിങ്ങവനം മാർ അപ്രേം സെമിനാരിയാണ് ആസ്ഥാനം. ഇപ്പോൾ മലങ്കര മെത്രാപ്പോലീത്താ നേരിട്ട് ഭരണം നിർവ്വഹിക്കുന്നു.

### ബാഹ്യകേരള ഭദ്രാസനങ്ങൾ

1950 കളിൽ കേരളത്തിന് വെളിയിൽ ഉദ്യോഗാർത്ഥവും വിദ്യാഭ്യാസാർത്ഥവും സഭാംഗങ്ങൾ താമസമായി. കോയമ്പത്തൂർ, മദ്രാസ്, ബാംഗ്ലൂർ, ബോംബെ തുടങ്ങിയ നഗരങ്ങളിൽ ദേവാലയങ്ങളുണ്ടായി. ആദ്യ കാലങ്ങളിൽ ബാഹ്യകേരളാ ഭദ്രാസന ചുമതല വഹിച്ചിരുന്നത് അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായായിരുന്നു. 1953 മുതൽ മാത്യൂസ് മാർ അത്താനാസ്യോസ് (പ. മാത്യൂസ് പ്രഥമൻ ബാവാ) ആ ചുമതല വഹിച്ചു. കോട്ടയം എം. ഡി. സെമിനാരിയായിരുന്നു അദ്ദേഹത്തിന്റെ ആസ്ഥാനം. 1976 ൽ ബാഹ്യകേരള ഭദ്രാസനത്തെ 4 ഭദ്രാസനങ്ങളായി വിഭജിച്ചു.

### 10. മദ്രാസ്: 56, സുറാപേട്ട് മെയിൻ റോഡ്, വിനായക നഗർ, മദ്രാസ് - 600099. ഫോൺ: 044-556 1897, 556 0645

1976 -ൽ നിലവിൽ വന്നു. ഭദ്രാസനത്തിന്റെ ആദ്യ സാരഥി സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായായിരുന്നു. 1979 ജനുവരി 1 മുതൽ സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ചുമതല

യേറ്റു. മദ്രാസ് അണ്ണാനഗറിൽ ആസ്ഥാനം സ്ഥിതി ചെയ്യുന്നു. ആന്ധ്രാ, കർണ്ണാടക, തമിഴ്നാട്, മലയാ, സിങ്കപ്പൂർ, ആസ്ട്രേലിയ എന്നിവിടങ്ങളിലെ ഇടവകകൾ ഈ ഭദ്രാസനത്തിന്റെ കീഴിലാണ്. 50 ലേറെ ഇടവകകളും അത്രയും തന്നെ വൈദികരും ഉണ്ട്. മദ്രാസ് മെഡിക്കൽ മിഷൻ, മൈസൂർ ശാന്തിഭവൻ, വെല്ലൂർ സ്നേഹഭവൻ, ബാംഗ്ലൂർ സർവ്വീസ് സെന്റർ, കൂടാതെ ഏതാനും സ്കൂളുകളും ഭദ്രാസനത്തിലുണ്ട്. ഡോ. യാക്കോബ് മാർ ഐറേനിയോസ് ആണ് ഇപ്പോഴത്തെ മെത്രാപ്പോലീത്താ. തടാകം ആശ്രമം ഈ ഭദ്രാസനത്തിന്റെ പരിധിയിലാണ്.

**11. ബോംബെ: ഓർത്തഡോക്സ് ചർച്ച് സെന്റർ, സെക്റ്റർ 10, വാഷി, ന്യൂ ബോംബെ - 400 703. ഫോൺ: 022 - 7663427, 7650876**

1976 -ൽ ഈ ഭദ്രാസനം രൂപീകൃതമായി. ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായായിരുന്നു പ്രഥമ സാരഥി. 1979 -ൽ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ചുമതലയേറ്റു. അതിനുശേഷം ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ഇപ്പോൾ ചുമതല വഹിക്കുന്നു. മഹാരാഷ്ട്രാ, ഗോവ, ഗുജറാത്ത്, ബഹറിൻ, ദോഹ, സൗദിഅറേബ്യ എന്നിവിടങ്ങളിലായി അമ്പതിലേറെ ഇടവകകളും നാൽപ്പതിലേറെ വൈദികരും ഉണ്ട്. വാഷി കടൽതീരത്താണ് ആസ്ഥാനം. 1989 ഫെബ്രുവരി 5 ന് ആസ്ഥാനം കൂദാശ ചെയ്തു. മെത്രാപ്പോലീത്തായുടെ വസതി, കോൺഫറൻസ് ഹാൾ, അതിഥി മന്ദിരം, ഭദ്രാസന സെക്രട്ടറിയേറ്റ്, റിക്രിയേഷൻ ലോബി, ആത്മീയ സംഘടനകളുടെ ഓഫീസ് എന്നിവ ഈ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നു. ബോംബെയിലെ സ്റ്റുഡന്റ് സെന്റർ മറ്റൊരു പ്രശസ്ത സ്ഥാപനമാണ്.

**12. കൽക്കത്ത: സെന്റ് തോമസ് ആശ്രമം, പി. ബി. 24, കൈലാസ് നഗർ, ഭിലായ്, ദുർഗ്. ഫോൺ: 0788-381309, 383266**

1975 -ൽ ഈ ഭദ്രാസനം രൂപംകൊണ്ടു. പ്രഥമ സാരഥി സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായാണ്. മധ്യപ്രദേശ്, ഒറീസ, ബീഹാർ, ബംഗാൾ, ആസാം, മേഘാലയ, നാഗാലാന്റ്, വടക്കുകിഴക്കൻ മേഘാലയത്തിലെ ചെറുപ്രദേശങ്ങൾ, കുവൈറ്റ്, അഹമ്മദി, മസ്ക്കറ്റ്, സലാല എന്നീ പ്രദേശങ്ങൾ ഈ ഭദ്രാസനത്തിന്റെ പരിധിയിലാണ്. നാഗ്പൂർ സെമിനാരി ഈ ഭദ്രാസനത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഭിലായ് സെന്റ് തോമസ് കോളജ്, ജബൽപൂർ, റൂർക്കല, ഭിലായ്, കോർബാ, നാഗപ്പൂർ, ബൊക്കാറ, ഡിമാപ്പൂർ പ്രദേശങ്ങളിലെ പത്തു സ്കൂളുകൾ അഭിമാനം വളർത്തുന്നു.

മക്കോഡിയൻ വില്ലേജ് മിഷൻ, ഭദ്രാസന സെന്റർ, ആശ്രമം, ബാലഭവനം എന്നിവയും ഉണ്ട്. ഭിലായിലും ബൊക്കാറോയിലും 31 ഏക്കറോളം

സ്ഥലമുണ്ട്. അവിടെ സ്കൂളും കോളജും പ്രവർത്തിക്കുന്നു. മെഡിക്കൽ മിഷൻ സെന്റർ, സിസ്റ്റർ ഹുഡ് എന്നിവ പ്രവർത്തിക്കുന്നു.

അറുപതോളം ക്രിസ്ത്യൻ സെന്ററുകളിൽ ആരാധന നടത്തുന്നു. അമ്പതോളം വൈദികരുണ്ട്.

**13. ന്യൂഡൽഹി: Delhi Orthodox Church Centre, Thuglaqabad Institutional Area, New Dehi - 110 062. Ph. 011- 6086417, 6089203.**

1976 –ൽ ഡൽഹി ഭദ്രാസനം രൂപീകൃതമായി. ഡൽഹി, ഹരിയാന, പഞ്ചാബ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, അബുദാബി, ദുബായ്, എത്യോപ്യ, ലണ്ടൻ, നൈജീരിയ, വെസ്റ്റ് ജർമ്മനി, സാംബിയ എന്നീ പ്രദേശങ്ങളിലെ ഇടവകകൾ ഈ ഭദ്രാസനത്തിന്റെ കീഴിൽപ്പെടുന്നു. ഡൽഹി ഓർത്തഡോക്സ് സെന്റർ ആണ് ആസ്ഥാനം. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പ്രഥമ സാരഥിയായിരുന്നു. അദ്ദേഹത്തിന്റെ സഹായിയായി നിയമിക്കപ്പെട്ട ഇയ്യോബ് മാർ പീലക്സീനോസ് ഇപ്പോൾ ഭദ്രാസന സാരഥിയായി പ്രവർത്തിക്കുന്നു. അറുപതോളം പള്ളികളും നാൽപ്പതോളം വൈദികരും ഉണ്ട്.

**14. അമേരിക്ക: Indian Orthodox Church Centre, 80-34 Common Wealth BLVD, Bellrose, New York-11426. Ph.718-470-9844**

1979 –ൽ നിലവിൽ വന്നു. ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായാണ് പ്രഥമ സാരഥി. ഇപ്പോൾ മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ ഭദ്രാസന സാരഥിയായും സഖറിയാ മാർ നിക്കോളവാസ് സഹായമെത്രാനായും പ്രവർത്തിക്കുന്നു. ന്യൂയോർക്കിലെ ബെൽറോസിലാണ് ആസ്ഥാനം. 50 ഇടവകകളും അത്രയും തന്നെ വൈദികരും പ്രവർത്തിക്കുന്നു.

**15. കാനഡ, യു. കെ., യൂറോപ്പ്: Episcopal Diocesan house 1114 Delaware Avenue, Buffalo, New York-14209 Ph. 716-886-1207**

അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന ഡോ. മക്കാറിയോസ് ഇതിന്റെ ചുമതല വഹിക്കുന്നു. ഫിലാഡൽഫിയ ആണ് ഔദ്യോഗിക ആസ്ഥാനം.

**16 തിരുവനന്തപുരം: Orthodox Church Centre, Ulloor, Medical College P.O., Trivandrum - 695 011. Ph: 0471 - 2442509.**

1979 –ൽ നിലവിൽ വന്ന ഈ ഭദ്രാസനത്തിന്റെ പ്രഥമ സാരഥി ഗീവർഗ്ഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ ആണ്. അദ്ദേഹത്തിനു

ശേഷം മാത്യൂസ് ദ്വിതീയൻ ബാവാ ചുമതലയേറ്റു. പിന്നീട് മാത്യൂസ് മാർ എപ്പിപ്പാനിയോസ് ചുമതലക്കാരനായി. 2005 മുതൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് എപ്പിസ്ക്കോപ്പാ ചുമതല വഹിക്കുന്നു. നൂറോളം ഇടവകകളും എഴുപതോളം വൈദികരും ഉണ്ട്. ഉള്ളൂരിൽ സ്ഥാപിതമായ ഓർത്തഡോക്സ് സെന്ററാണ് ആസ്ഥാനം.

ചെറുവെക്കൽ, താബോർഗിരിയിലെ വികലാംഗ ബാലകേന്ദ്രം, ആലൂരിലെ മാർ ദീവന്നാസ്യോസ് മെമ്മോറിയൽ സെന്റർ 13 ഏക്കർ വിസ്തൃതിയുള്ള സ്ഥലമാണ്. അവിടെ ചാപ്പൽ, മർത്ത മറിയം മന്ദിരം, ടൈലറിംഗ് ക്ലാസ്സുകൾ, കിന്റർഗാർട്ടൻ എന്നിവയും റബ്ബർതോട്ടവും നടത്തിവരുന്നു. ഹോളി ട്രിനിറ്റി കൾച്ചറൽ സെന്റർ, ഹോളിക്രോസ് കോൺവെന്റ് ഇവ പ്രശസ്ത സ്ഥാപനങ്ങളാണ്. തിരുവനന്തപുരത്ത് 5 ഏക്കറും, കരുവാളൂരിൽ ഒരു ഏക്കർ സ്ഥലവും ഭദ്രാസനം വകയായിട്ടുണ്ട്.

### 17. ചെങ്ങന്നൂർ: Bethel Aramana, Chengannoor - 689121. Ph. 0479 - 2453310, 2451331

1985 മാർച്ച് 10 ന് ഭദ്രാസനം രൂപീകരിച്ചു. ആഗസ്റ്റ് 1 ന് പ്രഥമ സാരഥിയായി തോമസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ നിയമിതനായി. ചെങ്ങന്നൂർ ബഥേൽ അരമനയാണ് ആസ്ഥാനം. അറുപതോളം പള്ളികളും അത്രതന്നെ വൈദികരും ഉണ്ട്. 'ബഥേൽ പത്രിക' മാസികയായി പ്രസിദ്ധീകരിക്കുന്നു.

### 18 മാവേലിക്കര: M. S. Seminary, Thazhakkara, Mavelikara Ph: 0479 2309900

നവീനമായി രൂപീകരിച്ച ഭദ്രാസനം. പൗലൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായാണ് പ്രഥമ സാരഥി. മാവേലിക്കര തഴക്കര സെമിനാരി ആസ്ഥാനമായി ഉപയോഗിക്കുന്നു. സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് കോളജ്, ആറാം മാർത്തോമ്മാ, ഗീവർഗീസ്സ് പീലക്സീനോസ് എന്നിവർ കബറടങ്ങിയ പുത്തൻകാവ് പള്ളി തുടങ്ങിയവ ഈ ഭദ്രാസന പരിധിയിലാണ്. ഉദ്ദേശ്യം 40 പള്ളികളും അത്രയും വൈദികരും ഉണ്ട്.

### 19. കോട്ടയം സെൻട്രൽ: Devalokam, Kottayam - 686038 Ph. 0481- 2578060, 2570569, 2578500

1982 –ൽ ഈ ഭദ്രാസനം നിലവിൽ വന്നു. മലങ്കര മെത്രാപ്പോലീത്താ ഇതിന്റെ ചുമതല വഹിക്കുന്നു. പ. ദിദിമോസ് പ്രഥമൻ ബാവാ ആണ് ഇപ്പോഴത്തെ സാരഥി. ദേവലോകം അരമനയിൽ ഓഫീസ് സ്ഥിതിചെയ്യുന്നു. പള്ളികളും ചാപ്പലുകളുമായി ഒരു ഡസൻ ദേവാലയങ്ങളും അത്രയും വൈദികരുമുണ്ട്. പഴയസെമിനാരി, ബസേലിയോസ് കോളജ്, ചെറിയ

പള്ളി ആശുപത്രി, സെന്റ് ജോൺസ് ഹൈസ്കൂൾ, സെന്റ് തോമസ് ഗേൾസ് ഹൈസ്കൂൾ, കിന്റർഗാർട്ടൻ സ്കൂൾ, താഴത്തങ്ങാടി സ്കൂൾ എന്നിവ ഭദ്രാസനാതിർത്തിയിൽ പെടുന്നു. കാതോലിക്കാബാവായുടെ ആസ്ഥാനദേവാലയമായ ഏലിയാ കത്തീഡ്രലിൽ വെച്ചാണ് ജോൺ പോൾ മാർപ്പാപ്പായും മാത്യൂസ് പ്രഥമൻ കാതോലിക്കായും സൗഹൃദ സംഭാഷണങ്ങൾ നടത്തിയത്. മിക്ക ആത്മീയ സംഘടനകളുടെയും കേന്ദ്ര ഓഫീസ് ഭദ്രാസനാതിർത്തിയിലാണ്.

## 20 ഇടുക്കി: ഗത്സീമോൻ അരമന, ചക്കുപള്ളം, കുമളി - 686 509 ഫോൺ: 0486 - 2882248

1982 -ൽ ഈ ഭദ്രാസനം നിലവിൽ വന്നു. പ്രഥമ സാരഥിയായി മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ 1982 -ൽ നിയമിതനായി. അദ്ദേഹം അമേരിക്കൻ ഭദ്രാസനത്തിലേക്ക് സ്ഥലംമാറ്റപ്പെട്ടപ്പോൾ ഡോ. മാത്യൂസ് മാർ സേവേറിയോസ് നിയമിതനായി. പിന്നീട് പൗലോസ് മാർ പക്കോമിയോസ് ഭദ്രാസനാധിപനായി. പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നും വന്ന ഏബ്രഹാം മാർ സേവേറിയോസ് അതിനുശേഷം ചുമതല വഹിച്ചു. അദ്ദേഹം തിരിച്ചുപോയതിനെ തുടർന്ന് കുറേക്കാലം മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിലായിരുന്നു. 2005 -ൽ ഔഗേൻ മാർ ദീവന്നാസ്യോസ് ഭദ്രാസനാധിപനായി ചുമതലയേറ്റു.

30 പള്ളികളും ഇരുപതോളം വൈദികരും ഉണ്ട്. കുമളിക്കടുത്ത് ചക്കുപള്ളത്താണ് ആസ്ഥാനം. ഇടുക്കി ഓർത്തഡോക്സ് മെഡിക്കൽ സെന്റർ, സോഷ്യൽ വെൽഫെയർ സെന്റർ എന്നീ സ്ഥാപനങ്ങൾ ഉണ്ട്.

## 21. കണ്ടനാട് വെസ്റ്റ്: മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ - 682 308. ഫോൺ: 0484 - 2760286, 2763025

കണ്ടനാട് രണ്ട് കക്ഷികളിലായി മെത്രാന്മാരും പള്ളികളും നിലവിലിരുന്നു. ഡോ. മാർ അത്താനാസ്യോസ് കാതോലിക്കേറ്റിൽ ചേർന്നപ്പോൾ ഭദ്രാസനം വിഭജിച്ച് കണ്ടനാട് വെസ്റ്റ് എന്ന പേരിൽ ഭദ്രാസനം രൂപീകരിച്ച് അതിന്റെ ചുമതല ഡോ. മാത്യൂസ് മാർ സേവേറിയോസിന് നൽകി. മീമ്പാറ പക്കോമിയോസ് മൗണ്ടിലുള്ള അരമനയാണ് അദ്ദേഹത്തിന്റെ ആസ്ഥാനം. ഈ മെത്രാസനം കക്ഷിവഴക്കിന്റെ രൂക്ഷത അനുഭവിക്കുന്നു. മലങ്കരസഭയിൽ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഒന്നാം സ്ഥാനം ഈ ഭദ്രാസനത്തിനാണ്. കോലഞ്ചേരിയിൽ പുതിയ ഭദ്രാസനാസ്ഥാനം പണിതുകൊണ്ടിരിക്കുന്നു.

## 22 അങ്കമാലി ഈസ്റ്റ്

ഈ മെത്രാസനം രൂപീകരിച്ചത് കാതോലിക്കേറ്റിനോട് സംയോജിച്ച

ഡോ. ഏബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ ഉൾക്കൊള്ളാനാണ്. ഇതിന്റെ അദ്ധ്യക്ഷനായി അദ്ദേഹം നിയമിതനായി. 2005 -ൽ അദ്ദേഹം കാതോലിക്കേറ്റിനെ ഉപേക്ഷിച്ച് പോയപ്പോൾ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ തൽസ്ഥാനത്ത് നിയമിതനായി. അദ്ദേഹം കാതോലിക്കാ ആയി ഉയർത്തപ്പെട്ട സാഹചര്യത്തിൽ സഹായിയായി ഔഗേൻ മാർ ദീവന്നാസ്യോസ് നിയമിക്കപ്പെട്ടിട്ടുണ്ട്. ഇവിടെയും കക്ഷിഭിന്നത രൂക്ഷമാണ്. ഔഗേൻ മാർ ദീവന്നാസ്യോസ് ആണ് ഇപ്പോഴത്തെ സാരഥി.

## 23. കുന്നംകുളം: ബിഷപ്പ്സ് ഹൗസ്, ആർത്താറ്റ് പി. ഒ., കുന്നംകുളം 0488 – 522 3001, 04885 225001

1985 ഏപ്രിൽ 18 ന് ഔപചാരികമായി ഭദ്രാസനം നിലവിൽ വന്നു. ഓഗസ്റ്റ് 1 മുതൽ പൗലൂസ് മാർ മിലിത്തിയോസ് ഭദ്രാസന സാരഥിയായി നിയമിക്കപ്പെട്ടു. 50 ദേവാലയങ്ങളും 25 വൈദികരുമുണ്ട്. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ചതും ആദ്യകാലങ്ങളിൽ മലങ്കരസഭയുടെ തലപ്പള്ളി എന്ന് അറിയപ്പെടുന്നതും, ടിപ്പു സുൽത്താന്റെ പടയാളികൾ 1789 -ൽ തീ വെച്ചതും ആർത്താറ്റ് പടിയോലയുടെയും രക്തസാക്ഷികളുടെയും പേരിൽ പ്രസിദ്ധി നേടിയതും ഉദയംപേരൂർ സുന്നഹദോസിനെ ബഹിഷ്ക്കരിച്ചതിന്റെ പേരിൽ ചരിത്രപ്രസിദ്ധിയാർജ്ജിച്ചതും പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ഒന്നാമൻ (കോട്ടയം പഴയസെമിനാരി സ്ഥാപകൻ) പ. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ (പരുമല-കോട്ടയം എം. ഡി. സെമിനാരികളുടെ സ്ഥാപകൻ) എന്നിവരുടെ ജന്മനാട് എന്ന പ്രസിദ്ധി നേടിയതും ആയ സ്ഥലമാണ് കുന്നംകുളം. കുന്നംകുളം മെഡിക്കൽ മിഷൻ ആശുപത്രി, പഴഞ്ഞി എം. ഡി. കോളജ്, മേരി മഗ്ദലൈൻ കോൺവെന്റ്, എം. ജി. എം. അസോസ്യേഷൻ, കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡി സെന്റർ തുടങ്ങിയവ ഭദ്രാസനാതിർത്തിക്കുള്ളിലാണ്. കുന്നംകുളത്തു നിന്ന് 'ഇടവകപത്രിക' എന്ന കുടുംബമാസിക പ്രസിദ്ധീകരിക്കുന്നുണ്ട്. മലങ്കരസഭയിലെ വിസ്തൃതിയുടെ പേരിൽ പ്രസിദ്ധമായ ആർത്താറ്റ് (പാലൂർ – ചാട്ടുകുളങ്ങര) സെമിത്തേരിയും മല്പാൻ ഭവനത്തിന്റെയും പ്രാചീനമായ സണ്ടേസ്കൂളിന്റെയും പേരിൽ പ്രസിദ്ധി നേടിയ പഴഞ്ഞിയും ഈ ഭദ്രാസനത്തിലാണ്. പതിനെട്ടാം നൂറ്റാണ്ടിൽ സഭയിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെട്ട് തൊഴിയൂരിൽ അഭയം തേടിയ കാട്ടുമങ്ങാട്ട് കൂറിലോസിന്റെ അനുയായികൾ രണ്ടു മെത്രാന്മാരും ഏതാനും ദേവാലയങ്ങളും ഒരു ഡസൻ വരുന്ന വൈദികരും ഈ പ്രദേശത്ത് സ്ഥിതിചെയ്യുന്നു. ആർത്താറ്റ് സെന്റ് മേരീസ് പുത്തൻ (സിംഹാസന) പള്ളിയിൽ സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെയും പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെയും കബറിടങ്ങൾ സ്ഥിതി

ചെയ്യുന്നു. ഭദ്രാസനാതിർത്തിയിൽപ്പെട്ട മരത്തംകോട് പള്ളിയിൽ വെച്ചാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി – ഗീവർഗ്ഗീസ് മാർ പീല ക്സീനോസ് – കാലം ചെയ്തത്. ബഥനി ആശ്രമവും, ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളും, എം. ജെ. ഡി. സ്കൂളും ഏതാനും പ്രൈമറി സ്കൂളുകളും ഭദ്രാസനത്തിലുണ്ട്. ഇവിടെ സ്ഥിതിചെയ്യുന്ന ക്രിസ്ത്യാ നികളുടെ തലപ്പള്ളിയിൽ നിന്ന് (പാലൂർ – ആർത്താറ്റ്) താലൂക്കിനും സ്ഥലത്തെ രാജവംശത്തിനും തലപ്പള്ളി എന്ന പേർ സിദ്ധിച്ചു.

### 24. സുൽത്താൻബത്തേരി: നിർമ്മലഗിരി, പൂമല, സുൽത്താൻ ബത്തേരി - 673592. Ph. 0493 - 2620969

വിസ്തൃതമായ മലബാർ വിഭജിച്ച് 1985 –ൽ സുൽത്താൻബത്തേരി രൂപംകൊണ്ടു. 1991 –ൽ ഭദ്രാസന സാരഥിയായി കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ നിയമിതനായി. ബത്തേരിയിൽ പൂമല നിർ മ്മലഗിരിയിൽ ആസ്ഥാനം ക്രമീകരിച്ചിട്ടുണ്ട്. അമ്പതിലേറെ പള്ളികളും മുപ്പതോളം വൈദികരുമുണ്ട്. സുൽത്താൻബത്തേരി ആർട്സ് & സയൻസ് കോളജ് മികച്ച സ്ഥാപനമാണ്.

### 25. തൃശ്ശൂർ: ഗത്സീമോൻ അരമന, ബൈപ്പാസ് ജംഗ്ഷൻ, മണ്ണുത്തി, തൃശ്ശൂർ. Ph. 0487 - 2371748, 2371039

തൃശ്ശൂർ ഭദ്രാസനാധിപൻ കാതോലിക്കേറ്റിൽ ലയിച്ചതോടെ ഈ ഭദ്രാ സനം മലങ്കരസഭയുടേതായി. ആസ്ഥാനം മണ്ണുത്തിയിലെ ഗത്സീമോൻ അരമന. കക്ഷിഭിന്നത രൂക്ഷമാണ്. ഒന്നര ഡസൻ ദേവാലയങ്ങളും അത്ര തന്നെ വൈദികരുമുണ്ട്. ഡോ. യൂഹാനോൻ മാർ മിലിത്തോസ് മെത്രാ പ്പോലീത്തായാണ് ഭദ്രാസനാധ്യക്ഷൻ.

### മലങ്കരസഭ: ദൈവശാസ്ത്ര വിദ്യാഭ്യാസം

എ. ഡി. ഒന്നാം നൂറ്റാണ്ടു മുതൽ മലങ്കരസഭ അലക്സാന്ത്ര്യൻ സഭ യുമായി ബന്ധപ്പെട്ടിരുന്നതിനാൽ നമ്മുടെ ദൈവശാസ്ത്ര വിദ്യാഭ്യാസം ആ കേന്ദ്രവുമായി ബന്ധപ്പെട്ടു നടന്നിരിക്കാം. എ. ഡി. 190 –ൽ ആ കേന്ദ്ര ത്തിൽ നിന്ന് വന്ന പാന്റീനസ് ഈ ബന്ധം സുവ്യക്തമാക്കുന്നു. പിന്നീട് പേർഷ്യയുമായി ബന്ധമുണ്ടായപ്പോൾ അവിടത്തെ എഡ്ലേസാ, നിസിബീ സ്, തുടങ്ങിയ വൈദികാലയങ്ങളുമായി ബന്ധപ്പെട്ടിരിക്കാം. പിന്നീട് മല്പാൻ പള്ളിക്കൂടങ്ങളിലായിരുന്നു ദൈവശാസ്ത്ര പരിശീലനം. പരി ശീലനത്തെപ്പറ്റി അവസാന വാക്കു പറയാൻ ഉള്ള അവകാശം മല്പാന്റേ തായിരുന്നു. പോർച്ചുഗീസ് ആഗമനത്തോടെ സെമിനാരികൾ ആരംഭിച്ചു. കൊടുങ്ങല്ലൂരിലും, കൊച്ചിയിലും, വൈപ്പിക്കോട്ടയിലും വരാപ്പുഴയിലും മംഗലപ്പുഴയിലും പാശ്ചാത്യരീതിയിൽ അവർ സെമിനാരികൾ സ്ഥാപിച്ചു.

1809 -ലെ കണ്ടനാട് പടിയോലയിലാണ് വേദശാസ്ത്ര വിദ്യാഭ്യാസത്തിനായി തെക്കും വടക്കും പഠിത്തവീടുകൾ ആരംഭിക്കാൻ തീരുമാനമായത്. എട്ടാം മർത്തോമ്മായുടെ ഉപദേശകരിലൊരാളായി സഭ നിശ്ചയിച്ച പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ, എട്ടാം മാർത്തോമ്മായുടെ അഹിതത്തെ അവഗണിച്ച് ബ്രിട്ടീഷ് റസിഡണ്ടിന്റെയും തിരുവിതാംകൂർ റാണിയുടെയും സഹായത്തോടെ കോട്ടയത്ത് ഇന്നത്തെ വൈദികസെമിനാരി 1814 -ൽ പൂർത്തിയാക്കി. അദ്ദേഹം തന്നെയായിരുന്നു പ്രഥമ പ്രിൻസിപ്പൽ. ദൈവശാസ്ത്രവും ഇംഗ്ലീഷ് പഠനവും അവിടെ ആരംഭിച്ചു. സി. എം. എസ്. മിഷണറിമാരുടെ സേവനം ഇക്കാര്യത്തിൽ ലഭ്യമായി. സ്ഥാപകന്റെ കാലശേഷം മിഷണറിമാർ സെമിനാരിയിൽ പ്രൊട്ടസ്റ്റന്റ് ഉപദേശങ്ങൾ പ്രചരിപ്പിച്ചത് തർക്കവിഷയമായി. 1836 ലെ മാവേലിക്കര സുന്നഹദോസിൽ വച്ച് മിഷണറിബന്ധം വിച്ഛേദിച്ചു. അതിനുശേഷം സഭയ്ക്കുള്ളിലെ നവീകരണവാദികൾ സെമിനാരി കൈവശപ്പെടുത്തി. വ്യവഹാരം തുടങ്ങി. ഒപ്പം സമാന്തരമായി വെട്ടിക്കൽ, പരുമല, തഴക്കര, കുന്നംകുളം, കോട്ടപ്പുറം സെമിനാരികളിൽ വൈദികവിദ്യാഭ്യാസം നടന്നു. 1889 -ൽ വീണ്ടും വൈദിക സെമിനാരി നമ്മുടെ നിയന്ത്രണത്തിലായി. ഭദ്രാസനങ്ങൾ ഏഴായിത്തിരിച്ചെങ്കിലും സെമിനാരിച്ചുമതല മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരുന്നു. പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ദ്വിതീയൻ ആയിരുന്നു അന്നത്തെ മലങ്കര മെത്രാപ്പോലീത്താ. പിന്നീട് പാത്രിയർക്കീസ് വിഭാഗവുമായി ഉരസലുണ്ടായപ്പോഴും പഴയസെമിനാരിയിലെ വൈദിക വിദ്യാഭ്യാസം തടസ്സപ്പെട്ടു. കോട്ടയം എം. ഡി. സെമിനാരിയിൽ അത് തുടർന്നു.

1943 മുതൽ ക്രമീകൃതമായ 4 വർഷത്തെ കോഴ്സും പാഠ്യപദ്ധതിയുമെല്ലാം തയ്യാറായി. 1960 -ൽ പഠനം വീണ്ടും പഴയസെമിനാരിയിലേക്ക് മാറ്റി. പല കെട്ടിട സമുച്ചയങ്ങളും പ്രസ്ഥാനങ്ങളും അവിടെ ഉയർന്നു. 1965 -ൽ സെറാമ്പൂർ യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്ത് ബിരുദം കൊടുക്കുവാൻ തുടങ്ങി. 1965 -ൽ 150-ാം വർഷ ജൂബിലി നടത്തി. ഫാ. കെ. ഡേവിഡ്, ഫാ. സി. ജെ. സ്ക്കറിയ മല്പാൻ, ഔഗേൻ മാർ തീമോത്തിയോസ്, വി. കെ. മാത്യൂസ് റമ്പാൻ (വട്ടക്കുന്നേൽ ബാവ), ഡോ. തെയോഫിലോസ് മെത്രാപ്പോലീത്താ, ഫാ. പോൾ വർഗ്ഗീസ്സ് (ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്) എന്നിവർ പ്രിൻസിപ്പൽമാരായി. ഫാ. ഡോ. കെ. എം. ജോർജ്ജ് ആണ് ഇപ്പോൾ പ്രിൻസിപ്പൽ.

1997 -ൽ ഓർത്തഡോക്സ് സെമിനാരിയും മാർത്തോമ്മാ സെമിനാരിയും കണ്ണൻമൂല സി. എസ്. ഐ. സെമിനാരിയും ചേർന്ന് സംയുക്ത വേദശാസ്ത്ര ബിരുദാനന്തര ബിരുദ പഠനവേദിയൊരുക്കി. എഫ്. എഫ്. ആർ. ആർ. സി. (Federated Faculty for Research Religion and Culture)

എന്നാണതിന്റെ പേർ. അത്മായക്കാർക്കായി ദിവ്യബോധനത്തിന്റെ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബിരുദ കോഴ്സുകൾ നടത്തുന്നുണ്ട്. സോഫിയാ സെന്റർ, ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക് എന്നിവ സെമിനാരിയുടെ ആധുനിക കാലത്തെ നേട്ടങ്ങളാണ്. തിരുവചനഭാഷ്യം, സഭാവിജ്ഞാനകോശം എന്നിവ പുറത്തിറക്കി. G. S. T., B.D., M.Th. എന്നീ ബിരുദങ്ങൾക്കിവിടെ സൗകര്യമുണ്ട്. ഈയിടെ പണിതീർത്ത സ്മൃതി സമുച്ചയം ലൈബ്രറി, റിസർച്ച് സൗകര്യങ്ങൾ വിപുലീകരിച്ചു.

1950 കൾ വരെ മലങ്കര മെത്രാപ്പോലീത്താമാരുടെ ആസ്ഥാനമായിരുന്നു വൈദികസെമിനാരി. നിരവധി അസോസ്യേഷനുകളും മൂറോൻ കൂദാശകളും ഇവിടെ നടന്നിട്ടുണ്ട്.

### പരുമല സെമിനാരി

1872 –ലാണ് പരുമല സെമിനാരി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ ആരംഭിച്ചത്. പഴയസെമിനാരി പാലക്കുന്നത്ത് മെത്രാന്മാരുടെ കൈവശമായപ്പോൾ വൈദികവിദ്യാഭ്യാസം ഇവിടെ ആരംഭിച്ചു. ഈ തീർത്ഥാടനകേന്ദ്രത്തിൽ കാതോലിക്കാ വാഴ്ചയും മെത്രാൻ വാഴ്ചയും അസോസ്യേഷൻ യോഗങ്ങളും നിരവധി വട്ടം നടന്നിട്ടുണ്ട്.

പിറവം, പാമ്പാക്കുട, ആലുവാ തൃക്കുന്നത്തു സെമിനാരി, മഞ്ഞനിക്കര ദയറാ, മലേക്കുരിശു ദയറാ, പത്തനംതിട്ട, മുളംതുരുത്തി, വെട്ടിക്കൽ, കുന്നംകുളം, പഴഞ്ഞി എന്നിവിടങ്ങളിൽ സെമിനാരിയും മല്പാൻ പാഠശാലകളും വിവിധ കാലയളവിൽ പ്രവർത്തിച്ചു.

## വിലാസങ്ങൾ

1. **ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി**
   ചുങ്കം, കോട്ടയം – 686001
   E-mail: orthosem@sancharnet.in
   Ph: 0481-2566526, 2568088, 2302571
   Principal: Fr. Dr. K. M. George
   Vice Principal: Fr. Dr. Jacob Kurian
   Manager: Fr. M. C. Kuriakose

2. **St.Thomas Orthodox Theological Seminary**
   Ubalicode, Brahnan P.O., Kalweswar
   Maharashtra - 441501, Ph: 04118 271696, 271991
   E-mail: orthoservicenagapur@hotmail.com
   Principal: Fr. Dr. Regi Mathew
   Vice Principal: Fr. Ninan K. George

# ആധ്യാത്മിക സംഘടനകൾ

**സണ്ടേസ്കൂൾ**
OSSAE, ദേവലോകം, കോട്ടയം ഫോൺ: 0481 2572890
പ്രസിഡന്റ്: പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ
ഡയറക്ടർ: ഫാ. ടി. ജെ. ജോഷ്വാ ഫോൺ: 0481 2432232
OVBS Director: Fr. John Mathew
Secretary: C. U. Mathew Ph: 0481 2563219

1. **മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനം**
Student Centre, PB 610, Kottayam - 1
0481 - 2567338, 2567215
പ്രസിഡന്റ്: ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത
സെക്രട്ടറി ഫാ. ഡോ. വി. എം. ഏബ്രഹാം.

2. **ഓർത്തഡോക്സ് യുവജനപ്രസ്ഥാനം**
സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
ഓൾഡ് സെമിനാരി റോഡ്, ചുങ്കം, കോട്ടയം - 680 001
ഫോൺ: 0481 - 2583997
പ്രസിഡന്റ്: യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്താ
ജന. സെക്രട്ടറി: ഫാ. വർഗ്ഗീസ് വർഗ്ഗീസ് ഫോൺ: 0481-2506112

3. **മർത്ത മറിയം വനിതാസമാജം**
മർത്ത മന്ദിരം, കഞ്ഞിക്കുഴി
കോട്ടയം - 686004 ഫോൺ: 0481 2571840
പ്രസിഡണ്ട്: കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ
ജന. സെക്രട്ടറി: അക്കാമ്മ പോൾ ഫോൺ: 0479 - 2303352
ജോ. സെക്രട്ടറി: ഡെയ്സി ജോർജ്ജ് ഫോൺ: 0484 - 2373168

4. **സ്ലീബാദാസ സമൂഹം**
കർമ്മേൽ ദയറാ, കണ്ടനാട് ഫോൺ: 0484 2792159
പ്രസിഡണ്ട്: ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ
ജന. സെക്രട്ടറി: ഫാ. എം. ടി. സാമുവേൽ റമ്പാൻ

5. **സെന്റ് തോമസ് വൈദികസംഘം**
പി. ബി. നമ്പർ 98, കോട്ടയം - 1
പ്രസിഡണ്ട്: ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ
സെക്രട്ടറി: ഫാ. ഡോ. ജോൺ മാത്യൂസ്

**6. മലങ്കര ഓർത്തഡോക്സ് ബസ്ക്യാമ അസോസ്യേഷൻ**
പ്രസിഡണ്ട്: ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ
സെക്രട്ടറി: എലിസബേത്ത് തോമസ് ഫോൺ: 0479 – 2472339

**7. ഓർത്തഡോക്സ് ക്രിസ്ത്യൻ ബാലസമാജം**
പ്രസിഡണ്ട്: ഡോ. യാക്കൂബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ
ജനറൽ സെക്രട്ടറി: ഫാ. തോമസ് മാത്യു

**8. ഓർത്തഡോക്സ് ക്രിസ്ത്യൻ ബാലികാസമാജം**
പ്രസിഡണ്ട്: കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ
ജനറൽ സെക്രട്ടറി: മറിയാമ്മ ശാമുവേൽ ഫോൺ: 0481 2431786

**9. മലങ്കര ഓർത്തഡോക്സ് ചർച്ച് പ്രയർ ഗ്രൂപ്പ് അസോസ്യേഷൻ**
പ്രസിഡണ്ട്: തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ
ജന. സെക്രട്ടറി: ഫാ. കുരുവിള മാത്യു ഫോൺ: 0469 – 2710022

**10. സെന്റ് പോൾസ് ആന്റ് സെന്റ് തോമസ് സുവിശേഷക സംഘം**
സെൻട്രൽ ഓഫീസ്: സെന്റ് പോൾസ് എം.റ്റി.സി. മാവേലിക്കര 690130
പ്രസിഡണ്ട്: ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്
ജനറൽ കൺവീനർ: ഫാ. നഥാനിയേൽ റമ്പാൻ

**11. മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മിഷൻ ബോർഡ്**
പ്രസിഡണ്ട്: ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്
ഫീലിപ്പോസ് മാർ യൗസേബിയോസ്
Outside Kerala: സ്തേഫാനോസ് മാർ തേവോദോസ്യോസ്

**12. നാഷണൽ അസോസ്യേഷൻ ഫോർ മിഷൻ സ്റ്റഡീസ്**
പ്രസിഡണ്ട്: ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്
സെക്രട്ടറി: പ്രൊഫ. ഡി. മാത്യൂസ്

# ASRAMS

**Bethany Asram,** Ranni-Perunad-689 711 ☎ 04735 240223

**Mount Tabore Dayara,** Pathanapuram-689 695 ☎ 0475 2352231 2352475

**Bethlehem Asram**, Chengamanad, Kottarakara ☎ 0474 2402543
**St. George Dayara,** Othera, Tiruvalla ☎: 0469 2656808
**St. Paul's Asram,** Puthuppady, Kozhikode - 673 586
☎ 0495 2235247
**Holy Trinity Asram,** Angady, Ranni-689 674 ☎ 04735 200335

**Mar Kuriakose Asram,** Kumbazha North, Pathanamthitta
☎ 0468 2222295 2321295
**Mar Baselius Dayara,** Njaliakuzhy, Vakathanam
☎ 0481 2462629 2462099
**Mount Carmel Asram,** Mathilakom,East Kallada, Kollam-691 502
☎ 0474 2585262 2585062
**Mount Horeb Asram,** Muthupilakad P.O., Sasthamkotta-690 520
☎ 0476 2830778 2831712
**M.G.D. Asram And Balabhavan,** Karunagiri, Karukachal.
☎ 0481 2486384
**Christa Sishya Asram,** Thadagom P.O., Coimbatore
☎ 0422 2658228
**Mount Calvary Asram,** Pattazhy, Kottarakara ☎ : 0475 2399575
**Mar Gregorios Bethel Asram,** Kuttikonam, Kunnicode
☎ : 0475 2322450
**St. George Mount Asram,** Chayalode Adoor - 691 556
☎ 04734 240949 240933
**St. George Asram**, Kulamudi, Mylom, Kottarakara. ☎ 0474 2452119
**Mount Tabore Asram,** Mathuramala, Pattazhy. ☎ 0475 2399797
**St. Gregorios Mount Asram,** Kottarakkara ☎ 0474 2451707
**St. Thomas Asram,** Nellipathy, Agali P.O.,Palakkad,☎ 0492 2454430
**St. Thomas Asram,** Sooranad P.O., Kollam - 690 522
**Mar Augen Asram,** Piramadom (S), Pampakkuda ☎ 0485 2272122
**St. Thomas Karunya Asram,** Trivandrum ☎ 0471 2596418

## CONVENTS

**Bethany Convent,** Ranni-Perunad-689 711 ☎ 04735 240224
**Mount Tabore Convent,** Pathanapuram ☎ 0475 2352483 2353483
**St. Mary Magdalene Convent,** Adupputty, Kunnamkulam
☎ 04885 222960
**Bethlehem Convent,** Kizhakkambalam, Alwaye ☎ 0484 2680283
**Nazerath Convent,** Kadampanad South P.O., Adoor
☎ 04734 282146
**Basalel Convent,** Sooranad P.O., Kollam-690 522
☎ 0476 2851427
**St. Mary's Convent,** Adoor-691 523 ☎ 04734 229259
**Baselios Convent,** Kottarakara ☎ 0474 2452543
**St. Mary's Convent,** Kozhimala, Vallamkulam ☎ 0469 2656104
**St: Pauls convent and Balikabhavan,** Puthuppady,
Kozhikode - 673 586 ☎ 0495 2235017

**Mount Carmel Convent,** East Kallada, Kollam - 691 502
☎ 0474 2585362
**Gethsemon Convent,** Adichanalloor, Kollam-691 573
☎ 0474 2243097
**Holy Cross Convent,** Sreekariyam, Trivandrum ☎ 0471 2418767
**St. Mary's Convent,** Thumpamon - 689 502 ☎ 04734 266297
**St. Gregorios Convent,** Kalanthode,Chathamangalam, Kozhikode

# HOSPITALS

**Malankara Medical Mission Hospital,** Kolenchery-682 311
☎ 0484 2760251-2760258
**MGDM Hospital,** Devagiri, Kangazha-686 555
☎ 0481 2496246,47,48
**St. Gregorios Mission Hospital,** Parumala
☎ 0479 2312266 2312465
**St. Mary's Hospital,** Eraviperoor-689 542 ☎ 0469 2664447
**M.D. Cheriapally Hospital,** Kottayam ☎ 0481 2566588
**Mar Theodosius Memorial Bethany Hospital,**Ranni-Perunad-689 711
☎ 04735 240225 240536
**Mar Theodosius Medical Mission Hospital,** Sasthamkotta
Poruvazhy P.O., Kollam-690 520 ☎ 0476 2830258 2831758
**St. Andrews' Hospital,** Puthencavu, Chengannur☎ 0479 2452478
**St. Mary's Hospital,** Vallamkulam, Tiruvalla ☎ 0469 2618291
**St. George's Hospital,** Puthuppady, Kozhikode - 673 586
☎ 0495 2235245
**Malankara Medical Mission Hospital,** Kunnamkulam-680 503
☎ 04885 222944
**CDM Hospital,** Kottappady, Kunnamkulam ☎ 04885 253377
**Paret Mar Ivanios Hospital,** Puthuppally, Kottayam☎ 0481 2352873
**Mar Baselius Medical Mission Hospital,** Kothamangalam
☎ 0485 2822203 - 2822207
**St. Mary's Hospital,** Manarcad, Kottayam ☎ 0481 2372161 2370177
**Idukki Orthodox Medical Centre,** Nettithozhu, Kumily
☎ 04868 285056
**Kurisupally General and Eye Clinic,** Puthenangady, Kottayam
☎ 0481 2580047
**Bishop Walsh Medical Centre,** Thadagom, Coimbatore
☎ 0422 2658619
**Madras Medical Mission,** 4-A. J.J. Nagar, Mogappair, Madras-600 050
☎ 044 26259801-10
**B.M.P. Mission Hospital,** Uditnarayanpur P.O., Kalahandi-766 001

☎ 06670 231099

**M.G Asram Medical Aid Clinic,** Mulanthuruthy ☎ 0484 2792475

**Malankara Medical Mission Eye Hospital,** Kariampady

☎ 04936 247274

**Mount Tabore Medical Mission Hospital**, Mathur, Pudukottai Dt.

☎ 04339 250589

**St. Thomas Mission Hospital** Attappady, Agali P.O.,Palakkad

☎ 0492 2454470

**B.G.M. Trust and Hospital** Kundara

**St. Paul's Dispensary,** Panimunda P.O., Orissa - 766 110

**Abayanikethan Hospital,** Makhodia - 462221,

☎ 07572 273764, 273704

**St. Mary's Hospital,** Pothanicad, Muvattupuzha

**St. Thomas Charitable Dispensary,** Calcutta - 700 013

## ORPHANAGES

**St. Mary's Boys Home,** Thalacode, Mulanthuruthy

☎ 0484 2711290

**St. Paul's Bala Bhavan,** Puthuppady, Kozhikode.

☎ 0495 2235247

**Mar Baselius Children's Home,** Mannapra, Palakkad

☎ 0492 2255556

**Mar Baselius Children's Home,** Vadavucode - 682310,

☎ 0484 2730464

**St. Thomas Children's Home,** Bhilai M.P. ☎ 0788 2381309

**St. Thomas Balabhavan,** Haripad-690 514 ☎ 0479 2412764

**Valayanchirangara Balagram,** Perumbavoor. ☎ 0484 2657141

**M.G.D. Asram Balabhavan,**Karunagiri,Karukachal

☎ 0481 2486384

**St. Gregorios Balagram,** Nirmalagiri, Yacharam, A.P

☎ 08414 243234

**M.G.M. Abhaya Bhavan,** Pothenpuram, Pampady

☎ 0481 2507741

**Holy Trinity Disabled Children's Home,** Alathara, Sreekariyam, Tiruvananthapuram. ☎ 0471 2418767

**Mar Gregorios Rehabilitation Centre,** Kodunganoor P.O., Tiruvananthapuram - 695013 ☎ 0471 2378436

**Mar Gregorios Asram,** Kandanad. ☎ 0484 2792140 2792424

**M.G. Bethel Karuna Centre,** South Karassery,

Thathankulam P.O. (T.N.) 628622. ☎ 04630 263274
**St. Mary's Balikamandiram,** Kizhakkambalam, Alwaye.
☎ 0484 2680283
**Basalel Girls' Home,** Sooranad - 690 522. ☎ 0476 2851427
**St. George Balikagram,**St.Thomas Nagar, Mamuridi, Dehu Road, Cantt. P.O., Pune-412 101. ☎ 020 27671066
**Joseph Mar Pachomios Memorial Pratheeksha Bhavan,** Karimpana P.O., Koothattukulam ☎ 0485 2253504
**Mar Baselius Santhi Bhavan,** Thalavoor, Kottarakara
☎ 0475 2328103
**Bethanya Bhavan,** Tiruvalla - 689 101 ☎ 0469 2600158
**NAMS Snehasadan,** No. 28, Vodarahalli, Vidyaranyapura, Bangalore-560 097 ☎ 080 28561975
**Mar Baselios Gregorios Mercy Home,** Mannadisala, Vechoochira, Ranni. ☎ 04735 265533
**St. Thomas Balabhavan,** Vazhuthoor, Neyyattinkara
☎ 0471 2224603
**St. Thomas Balabhavan,** Nellipathy, Agali P.O., Palakkad.
**Karunya Visranthi Bhavan,** Kattela, Sreekariyam, Trivandrum-695 017 ☎ 0471 2596418
**St. Macreena Santhi bhavan,** Baselios Convent, Kottarakara
☎ 0475 2452543
**Cheppad Mar Dionysius Foundation,** Cheppad ☎ 0479 2474182
**St. Paul's Balagram,** P.B. 45, Itarsi M.P. - 461111
☎ 07572 273940
**BMM II Sneha Bhavan**, Kizhakketheruvu, Kottarakkara
☎ 0474 2456060
**Vattasseril Mar Dionysius Home,** Madavoor, Muvattupuzha
**Mar Baselius Children's Home,** Vadavucode - 682 310
**Mar Gregorios Balabhavan,** Thadagom, Coimbatore
**BMM II Balabhavan**, Chengamanadu, Kottarakkara.
**Karunalayam,** Belavadi P. O., Mysore - 570018 ☎ 0821 2404559
**St. Thomas Children's Home,** Sasthamkotta.
**Hanna Bhavan,** Koratty - 680 308
**Kottukalam Visranthy Bhavan**, Kuzhimattom
**Mar Athanasius Memorial Prathyasa Bhavan**, Kuzhimattom
**Pulikottil Mar Divannasios Bhavan,** CDM Hospital Bldgs.,

Kottappady ☎ 04885 23377

**Mar Baselius Augen I Memorial Prathiasa Bhavan,** Piramadom Pampakuda ☎ 0485 2273402

**Mar Baselius Paulose I Memorial Prasanthi Bhavan,** Kadayirippu, Kolencherry. ☎ 0484 2763025

**Asha Bhavan**, Kozhimala P. O., Thiruvalla ☎ 0469 2656561

**Bethel Convent & Sneha Bhavan**, Ambalam P. O., Tirunelvely

**Prerana School for ment. retarded**, St. Thomas OTS, Nagpur

**St. Gregorios Daya Bhavan**, No. 69, Bhaktharahalli P. O., Tumkur - 572120

# COLLEGES

**Catholicate College,** Pathanamthitta ☎ 0468 2222223, 2325253
**Baselius College,** Kottayam-686 001 ☎ 0481 2563918 2565958
**St. Mary's College,** S. Battery-673 592 ☎ 04936 220246
**St. Gregorios College,** Kottarakara ☎ 0474 2453133
**St. Stephen's College,** Maloor, Pathanapuram ☎ 0475 2352385
**St. Thomas College,** Ranni ☎ 04735 226238 226738
**St. Peter's College,** Kolencherry ☎ 0484 2760238 2760217
**K. G. College,** Pampady ☎ 0481 2505212, 2508212
**Mar Dionysius College,** Pazhanji ☎ 04885 276729 277577
**St. Cyril's College,** Adoor ☎ 04734 210043
**Mount Tabore Training College,** Pathanapuram ☎ 0475 2352323
**Mar Athanasius College,** Kothamangalam ☎0485 2822378 2822512
**Mar Athanasius College of Engg.,** Kothamangalam.
☎ 0485 2822363
**BMM II Training College,** Kottarakkara ☎ 0474 2453544
**St. Mary's Syrian College,** Brahmavar ☎ 08252 261293
**St. Thomas College,** Bhilai ☎ 0788 2275970 2274223
**M.G.M. Junior College,** Bhilai ☎ 0788 2355849
**M P C College of Engg. & Tech.,** Bhilai (M.P.)
☎ 0788 2436282 2432920
**Mar Baselios College of Engg. & Tech.,** Peerumedu
☎ 04869 233571 233572

# H.S. SCHOOL

**St. Mary's Hr. Sec. School**, Jabalpur ☎ 0761 2330726
**Ponnaiah Higher Secondary School,** Trichy ☎ 0431 2415694
**M.G.M. Hr.Sec. School,** Bokaro Steel City ☎ 06542 247654
**M.D. Seminary, Hr. Sec. School,** Kottayam ☎ 0481 2563949

**M.G.M. Hr. Sec. School,** Tiruvalla ☎ 0469 2602425
**Catholicate Hr. Sec. School,** Pathanamthitta. ☎ 0468 2222294
**J. M. Hr. Sec. School,** Vakathanam. ☎ 0481 2462356
**M. G. Hr. Sec. School,** Thumpamon. ☎ 04734 266802
**Metropolitan Hr. Sec. School,** Puthenkavu ☎ 0479 2452991
**S. B. Hr. Sec. School,** Vennikulam, ☎ 0469 2650555
**R. M. Hr. Sec. School,** Vadavucode, ☎ 0484 2731109
**St. Stephen's Hr. Sec. School,** Pathanapuram ☎ 0475 2352811
**St. Gregorios Hr. Sec. School,** Kottarakara,
**St. John's Hr. Sec. School,** Mattom ☎ 0479 2302859
**St. George's V.H. S.S.,** Chowalloor
**Mar Philoxenos V.H.S.S**. Kumbazha,
**St. George's V. H. S. S.**, Attachakal ☎ 0468 2344862
**B.M.M. Sr. Sec. School,** Pothenpuram. ☎ 0481 2506431
**St. Peter's Sr. Sec. School,** Kadayiruppu, Kolenchery
**M. G. M. Res. Public Scholl,** Kottarakara ☎ 0474 2452647

# TELEPHONE NUMBERS

## CENTRES AND OFFICES

| | | | |
|---|---|---|---|
| Basil Aramana, Pathanamthitta | 0468 | 2325942 | 2222243 |
| Baselius Jubilee Centre,Tiruvalla | 0469 | 2603357 | 2701357 |
| Bethany Aramana, Tiruvalla | 0469 | 2701357 | 2603357 |
| Bethany Asram, Elappara | 04869 | | 242525 |
| Bethany Asram, Kunnamkulam | 04885 | 222369 | 223529 |
| Bethany Asram, Kuzhimattom | 0481 | 2432088 | 2432278 |
| Bethany Asram, R. Perunad | 04735 | | 240223 |
| Bethany Convent, Kunnamkulam | 04885 | | 222953 |
| Bethany Convent, R. Perunad | 04735 | | 240224 |
| Bethany Convent, Pullarikunnu | 0481 | | 2598288 |
| Bethel Aramana, Chengannur | 0479 | 2451331 | 2453310 |
| Bethlehem Asram, Chengamanad | 0474 | 2402554 | 2402543 |
| Bethlehem Convent,Kizhakkambalam | 0484 | | 2680283 |
| Bethsaida, Vengola, Perumbavoor | 0484 | 2525937 | 2523466 |
| Bishop's House, Bhilai | 0788 | 2383266 | 2381309 |
| Bishop's House, Bombay | 022 | 27663427 | 27650876 |
| Bishop's House, Kollam | 0474 | 2746900 | 2743535 |
| Bishop's House, Kunnamkulam | 04885 | 224001 | 223001 |

| | | | | |
|---|---|---|---|---|
| Bishop's House, Madras | 044 | | 25561897 | 25560645 |
| Bishop's House, Muvattupuzha | 0485 | | 2832401 | 2833401 |
| Bishop's House, S. Battery | 04936 | | | 220969 |
| Bishop's House, Trissur | 0487 | | 2371748 | 2371039 |
| Bishop's House, Trivandrum | 0471 | | | 2442509 |
| Bombay Orthodox Centre | 022 | | 27663427 | 27650876 |
| Carmel Dayara, Kandanad | 0484 | | | 2792159 |
| Catholicate Office, Devalokam | 04812578392 | | 2578234 | 2578499 |
| Catholicate Aramana, Devalokam | 04812578060 | | 2570569 | 2578500 |
| Catholicate & M.D. Schools | 0481 | | | 2571485 |
| Delhi Orthodox Centre | 011 | | 29956417 | 29955203 |
| Ephraim Seminary, Chingavanam | 0481 | | 2430109 | 2430327 |
| Gethsemon Aramana,Chakkupallom | 04868 | | | 282248 |
| Holy Trinity Asram, Ranni | 04735 | | | 200335 |
| Kuriakose Mar Gregorios Centre,Kottayam | 0481 | | 2304376 | 2564329 |
| Malankara Coffee Estate, Peermade | 04869 | | | 232195 |
| Mar Epiphanios Centre, Adoor | 04734 | | | 227117 |
| Mar Gregorios Asram, Kandanad | 0484 | | 2792140 | 2792424 |
| Mar Kuriakose Asram, Mylapra | 0468 | | 2222295 | 2321295 |
| Mar Kuriakose Dayara, Pampady | 0481 | | | 2505431 |
| Mar Kuriakose Seminary, Kundara | 0474 | | | 2524016 |
| Martha Mariam Mandiram,Kottayam | 0481 | | | 2571840 |
| Martha Mariam Mandiram, Othera | 0469 | | | 2656104 |
| Martha Mariam Mandiram,Tiruvalla | 0469 | | | 2600158 |
| MOC Colleges' Office | 0481 | | | 2573533 |
| MS Seminary Thazhakkara | 0479 | | | 2309900 |
| Mount Hermon, Kozhikode | 0495 | | | 2287278 |
| Mount Tabore Dayara | 0475 | | 2352475 | 2352231 |
| Mount Tabore Convent | 0475 | | 2353485 | 2352483 |
| Orthodox Seminary, Kottayam | 0481 | | 2566526 | 2568500 |
| Orthodox Seminary, Nagpur | 07118 | | 271991 | 271696 |
| Parumala Seminary | 0479 | 2312226 | 2312202 | 2312328 |
| Sion Seminary, Koratty | 0480 | | | 2732023 |
| St. George Dayara, Othera | 0469 | | | 2654808 |
| St. Thomas MissionCentre, Haripad | 0479 | | | 2412764 |
| Sophia Centre, Kottayam | 0481 | | | 2566650 |
| Student Centre, Alwaye | 0484 | | | 2604068 |

| | | | |
|---|---|---|---|
| Student Centre, Kottayam | 0481 | | 2567338 |
| Student Centre, Kothamangalam | 0485 | | 2824980 |
| Student Centre, Trivandrum | 0471 | | 2477604 |
| St. Basil Bible School, Sasthamkotta | 0476 | | 2831712 |
| St. Pauls Asram, Puthuppady | 0495 | | 2235247 |
| St Paul's M.T.C., Mavelikara | 0479 | 2342674 | 2302473 |
| St. Thomas Dayara, Vettickel | 0484 | | 2740220 |
| Threesai Subaho Centre,Pampakuda | 0485 | | 2272829 |
| Thrikunnathu Seminary, Alwaye | 0484 | | 2624339 |
| V.M.D.M. Centre, Edamulackel | 0475 | | 2273493 |
| Vallikkattu Dayara, Vakathanam | 0481 | | 2462550 |
| Vettickal Dayara, Mulanthuruthy | 0484 | | 2740220 |

## MALANKARA SYRIAN CHRISTIAN ASSOCIATION

*Malankara Metropolitan Trustee:* **H. H. Baselius Mar Thoma Didimos I**, Catholicate Palace, Devalokam, Kottayam - 686 038 Ph: 0481 2578500, 2574323

*Vaidika Trustee:* **Rev. Dr. O. Thomas**, Odattil, Ramapuram, Karikkad P. O., Alappuzha, 0479 2472339.

*Lay Trustee* : **Sri. P.C. Abraham**, Padinjarekara, Kottayam-686 001, Ph: 0481 2562142 2568285 2568804

*Association Secretary* : **Dr. Alexander Karackal,** Chakkummoottil, Tiruvalla Ph: 0469 2600610 0481 2578392 2578234 2573810

### പൊതു വിദ്യാഭ്യാസം

1909-ൽ ചേർന്ന കണ്ടനാട് സുന്നഹദോസിൽ വച്ചാണ് മലങ്കരസഭയുടെ വിദ്യാഭ്യാസനയം സംബന്ധിച്ച് ആദ്യത്തെ തീരുമാനം രേഖപ്പെടുത്തിയിട്ടുള്ളത്. കണ്ടനാട് പടിയോലയിൽ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ വെളിച്ചത്തിലാണ് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ, പിന്നീട് സഭാജ്യോതിസ് ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ കോട്ടയത്ത് പഠിത്തവീട് (പഴയസെമിനാരി) പണിയിച്ചതും അവിടെ വൈദിക വിദ്യാഭ്യാസത്തോടൊപ്പം സെക്കുലർ വിദ്യാഭ്യാസം ആരംഭിച്ചതും. തിരുവനന്തപുരം - കൊച്ചി പ്രദേശത്തെ പ്രഥമ ഇംഗ്ലീഷ് പരിശീലനകേന്ദ്രം കൂടിയാണത്. പിന്നീട് 1873 -ൽ പരുമലയിലും 1876 -ൽ

മുളന്തുരുത്തിയിലും ചേർന്ന അസോസ്യേഷൻ യോഗങ്ങളിൽ നാടുനീളെ വിദ്യാലയങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചതിന്റെ പശ്ചാത്തലത്തിൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മഹാത്മാവായ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ അക്കാര്യത്തിൽ നേതൃത്വം നൽകി. 250 ലേറെ വിദ്യാലയങ്ങൾ അന്ന് തിരു - കൊച്ചിയിലാരംഭിച്ച തായി സമകാല രേഖയുണ്ട്. നേരിട്ടും പ്രേരണ നൽകിയും ആരംഭിച്ച ആ വിദ്യാലയങ്ങളിൽ ജാതി - മത - വർഗ്ഗ - ലിംഗഭേദമെന്യേ വിദ്യാർത്ഥി കളെ പ്രവേശിപ്പിച്ച് വിദ്യാഭ്യാസ വിപ്ലവത്തിനും തദ്വാര കേരള നവോ ത്ഥാനത്തിനും അദ്ദേഹം ആരംഭം കുറിച്ചു. സവർണ്ണർക്ക് പ്രത്യേകിച്ച് ആൺകുട്ടികൾക്ക് മാത്രമായി അക്ഷരാഭ്യാസം പരിമിതപ്പെടുത്തിയിരുന്ന അക്കാലത്ത് മലങ്കരസഭ സാംസ്കാരിക രംഗത്തു നടത്തിയ കുതിച്ചുചാട്ടം അത്ഭുതാവഹം തന്നെയായിരുന്നു. നൂറിലേറെ സ്കൂളുകൾക്ക് അന്ന് സർക്കാരിൽ നിന്ന് ഗ്രാന്റ് ലഭിച്ചത് തീരെ അപര്യാപ്തമായിരുന്നു. വിദ്യാ ഭ്യാസം ഒരു കച്ചവടരംഗമായി അധഃപതിച്ചിട്ടില്ലാത്ത ആ കാലത്ത് അദ്ധ്യാ പകർക്ക് ശമ്പളം നൽകാനായി പലപ്പോഴും മലങ്കര മെത്രാപ്പോലീത്താ യുടെ ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ ആയ സുവർണ്ണ അംശവടിയും സ്ലീബായും കുരിശുമാലയും പണയം വച്ചിരുന്നതായി സമകാല രേഖക ളിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പിൻഗാമികളുടെ കാലത്ത് പല വിദ്യാലയങ്ങളുടെയും പ്രവർത്തനം നിലച്ചു. കുറെ സ്കൂളുകൾ സർക്കാ രിലേക്ക് വിട്ടുകൊടുത്തു. കുറെ എണ്ണം മാർ ഈവാനിയോസ് സഭ വിട്ടു പോയപ്പോൾ കൊണ്ടുപോയി. അവശേഷിച്ചത് രണ്ട് ഡസൻ സ്കൂളുകൾ മാത്രം! ഒരു നൂറ്റാണ്ടിന് ശേഷവും കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലും അല്ലാതെയുമായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ 150 ൽ താഴെ.

## സുവിശേഷ സംഘടനകൾ

മലങ്കരസഭയുടെ സുവിശേഷ ദർശനം ആരംഭിക്കുന്നത് മഹാത്മാവായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീ ത്തായിൽ നിന്നാണ്. അദ്ദേഹം ആരംഭിച്ച 'സുറിയാനി സുവിശേഷകൻ' എന്ന മാസിക മുഖ്യമായും ലക്ഷ്യമിട്ടിരുന്നത് സുവിശേഷ പ്രചരണമാണ്. സിലോൺ, മംഗലാപുരം, ബോംബെ എന്നിവിടങ്ങളിലെ സുവിശേഷവേല നിർവഹിക്കുവാൻ അദ്ദേഹം അൽവാറീസ് മാർ യൂലിയോസിനെ നിയോ ഗിച്ചു (1888). സുവിശേഷ പ്രചരണം ലക്ഷ്യമാക്കി മറ്റൊരു മെത്രാപ്പോലീ ത്തായെ - റിനി വിലാത്തി മാർ തീമോത്തിയോസ് - 1892 ൽ അദ്ദേഹം അമേരിക്കയിലേക്ക് നിയോഗിച്ചു. എന്നാൽ ഈ അഖില ലോക വീക്ഷണം 1909-ൽ അദ്ദേഹം കാലം ചെയ്തതോടെ അസ്തമിക്കുകയും ഈ രണ്ട് മെത്രാന്മാരുടെ സുവിശേഷവേലയുടെ ഫലങ്ങൾ നമുക്ക് നഷ്ടപ്പെടുക യും ചെയ്തു. മലങ്കര മെത്രാപ്പോലീത്തായോട് സഹകരിക്കുവാൻ അന്ന

ത്തെ മെത്രാന്മാരിൽ അല്പമെങ്കിലും താല്പര്യം കാണിച്ചത് അദ്ദേഹത്തിന്റെ ശിഷ്യൻ പരുമല മാർ ഗ്രീഗോറിയോസ് മാത്രം. 1892 -ൽ സംഘടിപ്പിച്ച വൈദികയോഗ തീരുമാനങ്ങളിൽ ഒന്ന് ഒരു സുവിശേഷക സംഘം ഉണ്ടാകണം എന്നാണ്. അപ്രകാരം കോതമംഗലത്ത് കോനാട്ട് മാത്തൻ മല്പാന്റെ നേതൃത്വത്തിൽ മലബാർ ത്രീസായ് ശുബഹോ എന്ന സുവിശേഷസംഘം ഉടലെടുത്തു. അതിന്റെ ശാഖകൾ മാവേലിക്കര, തിരുവല്ല, കോട്ടയം, കുന്നംകുളം, മുളന്തുരുത്തി എന്നീ പ്രദേശങ്ങളിൽ രൂപീകൃതമായി. സഭയ്ക്കകത്തെ ജാതിചിന്തകൾ മൂലം ഈ പ്രവർത്തനം വേണ്ടത്ര വിജയിച്ചില്ല.

## സ്ലീബാദാസ സമൂഹം

മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയനും പരുമല മാർ ഗ്രീഗോറിയോസും ആരംഭിച്ച സുവിശേഷ പ്രയത്നങ്ങൾക്ക് ശക്തമായ പിന്തുണയുണ്ടാകുന്നത് മൂക്കഞ്ചേരിൽ എം. പി. പത്രോസ് കശ്ശീശായുടെ നേതൃത്വത്തിലാണ്. 1886-ൽ ജനിച്ച അദ്ദേഹത്തിൽ സുവിശേഷത്തിന്റെ ദീപശിഖ കാണിച്ചത് പുലിക്കോട്ടിൽ തിരുമേനിയാണ്. പരസ്യയോഗങ്ങളിലും മറ്റും പ്രസംഗിക്കാൻ മലങ്കര മെത്രാപ്പോലീത്താ പത്രോസിനെ കല്പന മൂലം 1907 -ൽ അധികാരപ്പെടുത്തി. കുറെ സുവിശേഷകന്മാരെ തിരുമേനി നിയമിച്ചു. 1924 സെപ്തംബർ 27 ന് (അക്കാലങ്ങളിൽ സ്ലീബാ പെരുന്നാൾ പഴയ കലണ്ടർ പ്രകാരം ആയിരുന്നു) സ്ലീബാ പെരുന്നാളിൽ 'സ്ലീബാദാസ സമൂഹം' ഔപചാരികമായി ആരംഭിച്ചു. 25000 ത്തോളം പേരെ മാമ്മൂദീസാ നൽകി സഭയിലേയ്ക്കു സ്വീകരിക്കുവാൻ അദ്ദേഹത്തിന്റെ സമൂഹത്തിന് സാധിച്ചു. സമൂഹത്തിൽ ഒരു ഡസൻ പേർ ഇപ്പോൾ പ്രവർത്തകരായുണ്ട്.

## സെന്റ് പോൾസ് മിഷൻ

ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് 1953 -ൽ മാവേലിക്കരയിൽ ഈ സംഘം സ്ഥാപിച്ചു. 1959-ൽ മലബാറിലെ പുതുപ്പാടി സെന്റ് പോൾസ് ആശ്രമവും ബാലഭവനവും സ്ഥാപിതമായി. ഈ തലമുറയിലെ മികച്ച സുവിശേഷ പ്രവർത്തനങ്ങൾക്ക് സംഘം നേതൃത്വം നൽകുന്നു.

വിവിധ സുവിശേഷ സംഘങ്ങളുടെ വിവരങ്ങൾ (പ്രധാനപ്പെട്ടവ മാത്രം)

| പേര് | സ്ഥാപകൻ | വർഷം |
|---|---|---|
| 1. തുമ്പമൺ ഭദ്രാസന മിഷൻ | പുത്തൻകാവ് മാർ പീലക്സീനോസ് | 1935 |
| 2. തെക്കൻ തിരുവിതാംകൂർ മിഷൻ | കെ. വി. ഗീവർഗ്ഗീസ് റമ്പാൻ | 1964 |
| 3. ബഥനി ആശ്രമം | ഫാ. പി.റ്റി.ഗീവർഗ്ഗീസ് & ഫാ. അലക്സിയോസ് | 1918 |

| | | |
|---|---|---|
| (ക്രിസ്താനുകരണ സമൂഹം) | | |
| 4. ഭിലായി മിഷൻ | ഫാ. കെ. കെ. പുന്നൂസ് (ഡോ. തേവോദോസ്യോസ്) | 1972 |
| 5. ആൻഡമാൻസ് മിഷൻ | ഫാ. എം. വി. ജോർജ് (മാർ ഒസ്താത്തിയോസ്) | 1964 |
| 6. സ്വമേധാ സുവിശേഷ സംഘം | ഫാ. കെ. ഒ. തോമസ് | |
| 7. ആർദ്രാ ചാരിറ്റബിൾ സൊസൈറ്റി | ഡോ. തോമസ് അത്താനാസ്യോസ് | 2001 |
| 8. തടാകം പി. എസ്. ആശ്രമം | ബിഷപ്പ് പെക്കൻഹാം വാൽഷ് | 1936 |
| 9. കാരുണ്യാ ഗൈഡൻസ് സെന്റർ | മാർ ഒസ്താത്തിയോസ് | 1989 |
| 10. യാച്ചാരം ബാലഗ്രാം | മാർ ഒസ്താത്തിയോസ് | |
| 11. കലഹണ്ടി പ്രോജക്ട്, ഒറീസ്സാ | മാർ ഒസ്താത്തിയോസ് | |
| 12. സെന്റ് ജോർജ് ബാലികാഗ്രാം | മാർ ഒസ്താത്തിയോസ് | 1993 |
| 13. സെന്റ് പോൾസ് ബാലഗ്രാം, ഇറ്റാർസി | മാർ ഒസ്താത്തിയോസ് | |

## മലങ്കരസഭയെ 1653 മുതൽ നയിച്ച മേൽപട്ടക്കാർ

**മേൽപട്ടക്കാർ (എപ്പിസ്കോപ്പാ, മെത്രാപ്പോലീത്താ, കാതോലിക്കാ) മേൽപ്പട്ടസ്ഥാന സ്ഥാനമേറ്റ തീയതി, കാലം ചെയ്ത തീയതി, കബറടങ്ങിയിരിക്കുന്ന സ്ഥലം എന്ന ക്രമത്തിൽ**

| | | | |
|---|---|---|---|
| മാർത്തോമ്മാ I തോമസ് അർക്കദിയാക്കോൻ | 1.6.1653 | 22.4.1670 | അങ്കമാലി |
| മാർത്തോമ്മാ II | 1670 | 13.4.1686 | നിരണം |
| മാർത്തോമ്മാ III | 168/7 | 19.4.1688 | കടമ്പനാട് |
| മാർത്തോമ്മാ IV | 1688/9 | 24.3.1728 | കണ്ടനാട് |
| മാർത്തോമ്മാ V | 1728 | 8.5.1765 | നിരണം |
| മാർത്തോമ്മാ VI | 10.7.1761 | | |
| (മാർ ദീവന്നാസ്യോസ് I വലിയ) | 10.7.1770 | 8.4.1808 | പുത്തൻകാവ് |
| മാർ കൂറിലോസ് I കാട്ടുമങ്ങാട് | 28.11.1271/2 (?) | 9.7.1802/3 | തൊഴിയൂർ |
| ഗീവർഗ്ഗീസ് മാർ കൂറിലോസ് II കാട്ടുമങ്ങാട് | 1794 | 28.5.1809/10 | വെട്ടിക്കൽ |
| മാർതോമ്മാ VII | 5.5.1796 | 4.7.1809 | കോലഞ്ചേരി |
| ജോസഫ് മാർ ഈവാനിയോസ്, കാണിയാവള്ളി | 1802 (?) | 1807 (?) | തൊഴിയൂർ |
| സ്കറിയാ മാർ പീലക്സീനോസ് I ചീരൻ | 1807 | 1811 | തൊഴിയൂർ |
| മാർതോമ്മാ VIII | 2.7.1809 | 22.1.1816 | പുത്തൻകാവ് |
| ഗീവർഗീസ് മാർ പീലക്സീനോസ് കിടങ്ങൻ | 1811 | 6.2.1829 | തൊഴിയൂർ |
| ജോസഫ് മാർ ദീവന്നാസ്യോസ് പുലിക്കോട്ടിൽ I | 21.3.1815 | 24.11.1816 | പഴയസെമിനാരി |
| മാർതോമ്മാ IX | 1815 | 1817/8 | കടമറ്റം |
| ഗീവർഗീസ് മാർ ദീവന്നാസിയോസ് III പുന്നത്ര | 19.10.1817 | 16.5.1825 | കോട്ടയം ചെറിയപള്ളി |
| ഫിലിപ്പോസ് മാർ ദീവന്നാസിയോസ് IV ചേപ്പാട്ട് | 27.8.1825 | 9.10.1855 | ചേപ്പാട് |
| ഗീവർഗീസ് മാർ കൂറിലോസ് III കുത്തൂർ | 27.3.1829 | 14.06.1856 | തൊഴിയൂർ |
| മാത്യൂസ് മാർ അത്താനാസിയോസ്, പാലക്കുന്നത്ത് | 14.2.1842 | 16.7.1877 | മാരാമൺ |
| ജോസഫ് മാർ കൂറിലോസ് IV ആലത്തൂർ | 1.2.1857 | 31.1.1888 | തൊഴിയൂർ |
| ജോസഫ് മാർ ദീവന്നാസിയോസ് V പുലിക്കോട്ടിൽ II | 30.4.1865 | 11.7.1909 | പഴയസെമിനാരി |
| തോമസ് മാർ അത്താനാസിയോസ് പാലക്കുന്നത്ത് | 31.4.1865 | 10.8.1893 | |
| ഗീവർഗീസ് മാർ യൂലിയോസ് കോനാട്ട് | 3.12.1876 | 2.3.1884 | പാമ്പാക്കുട |
| പൗലൂസ് മാർ അത്താനാസിയോസ് കടവിൽ | 3.12.1876 | 2.11.1906 | ആലുവാ |
| ഗീവർഗീസ് മാർ കൂറിലോസ് അമ്പാട്ട് | 10.12.1876 | 9.3.1891 | അങ്കമാലി |
| ഗീവർഗീസ് മാർ ഗ്രീഗോറിയോസ് ചാത്തുരുത്തിൽ | 10.12.1876 | 2.11.1902 | പരുമല |
| ശെമവൂൻ മാർ ദീവന്നാസിയോസ് കരവട്ട് വീട്ടിൽ | 17.5.1877 | 2.10.1886 | കടുങ്ങമംഗലം |
| പൗലൂസ് മാർ ഈവാനിയോസ് മുറിമറ്റത്ത് | 17.5.1877 | | |

| | | | |
|---|---|---|---|
| (മാർ ബസേലിയോസ് പൗലോസ് I കാതോലിക്കാ) | 15.9.1912 | 2.5.1913 | പാമ്പാക്കുട |
| അൽവാറീസ് മാർ യൂലിയോസ് | 29.7.1889 | 23.9.1923 | ഗോവ, പഞ്ചിം |
| റിനെ വിലാത്തി മാർ തീമോത്തിയോസ് | 29.5.1892 | 8.7.1929 (?) | |
| ഗീവർഗീസ് മാർ ദീവന്നാസ്യോസ് IV വട്ടശ്ശേരിൽ | 31.5.1908 | 23.2.1934 | പഴയസെമിനാരി |
| പൗലൂസ് മാർ കൂറിലോസ് കൊച്ചുപറമ്പിൽ | 31.5.1908 | 14.12.1917 | പാണമ്പടി |
| പൗലൂസ് മാർ അത്താനാസിയോസ് കുറ്റിക്കാട്ടിൽ | 9.6.1910 | 25.1.1953 | ആലുവാ |
| ഗീവർഗീസ് മാർ സേവേറിയോസ്, ഇടവഴിക്കൽ | 28.8.1910 | 11.6.1927 | കോട്ടയം വലിയപള്ളി |
| ഗീവർഗീസ് മാർ ഗ്രീഗോറിയോസ് കല്ലാശ്ശേരിൽ | 8.9.1912 | | |
| (മാർ ബസേലിയോസ് ഗീവർഗ്ഗീസ് II കാതോലിക്കാ) | 15.2.1929 | 3.1.1964 | ദേവലോകം |
| യൂയാക്കിം മാർ ഈവാനിയോസ് | 9.2.1913 | 6.6.1925 | പരുമല |
| ഗീവർഗീസ് മാർ പീലക്സീനോസ്/ | 9.2.1913 | | |
| (മാർ ബസ്സേലിയോസ് ഗീവർഗീസ് I കാതോലിക്കാ) | 30.4.1925 | 17.12.1928 | വാകത്താനം |
| ഔഗേൻ മാർ തീമോത്തിയോസ് | 15.5.1927 | | |
| (മാർ ബസ്സേലിയോസ് ഔഗേൻ I കാതോലിക്കാ) | 22.5.1964 | 8.12.1975 | ദേവലോകം |
| കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് | 16.2.1929 | 5.4.1965 | പാമ്പാടി |
| ഗീവർഗീസ് മാർ പീലക്സീനോസ് | 3.11.1930 | 17.4.1951 | പുത്തൻകാവ് |
| അലക്സിയോസ് മാർ തേവോദോസിയോസ് | 7.4.1938 | 6.8.1965 | പെരുനാട് ബഥനി |
| തോമ്മാ മാർ ദീവന്നാസിയോസ് | 6.5.1940 | 3.12.1972 | പത്തനാപുരം |
| ഗീവർഗീസ് മാർ ഗ്രീഗോറിയോസ് | 4.8.1946 | 6.11.1966 | ആലുവാ |
| പൗലോസ് മാർ സേവേറിയോസ് | 4.8.1946 | 17.3.1962 | ആർത്താറ്റ് |
| പത്രോസ് മാർ ഒസ്താത്തിയോസ് | 15.5.1953 | 2.2.1968 | മുളന്തുരുത്തി |
| മാത്യൂസ് മാർ ഈവാനിയോസ് | 15.5.1953 | 31.8.1980 | പാമ്പാടി |
| മാത്യൂസ് മാർ അത്താനാസിയോസ്/ മാർ ബസേലിയോസ് | 15.5.1953 | | |
| മാർത്തോമ്മാ മാത്യൂസ് I കാതോലിക്കാ | 27.10.1975 | 8.11.1996 | ദേവലോകം |
| ദാനിയേൽ മാർ പീലക്സീനോസ് | 15.5.1953 | 13.12.1990 | പത്തനംതിട്ട |
| മാത്യൂസ് മാർ കൂറിലോസ് | 15.5.1953 | | |
| മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് II കാതോലിക്കാ | 29.4.1991 | 26.1.2006 | ശാസ്താംകോട്ട |
| ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് | 24.8.1966 | 28.9.1997 | ആലുവാ |
| യൂഹാനോൻ മാർ സേവേറിയോസ് | 24.8.1966 | 16.5.1990 | കൊരട്ടി |
| തോമസ് മാർ തീമോത്തിയോസ് | 24.8.1966 | | |
| (പ. മാർത്തോമ്മാ ദിദിമോസ് പ്രഥമൻ) | 31.10.2005 | | |
| ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് | 16.2.1975 | | |
| ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് | 16.2.1975 | 24.11.1996 | പഴയസെമിനാരി |
| സ്തേഫാനോസ് മാർ തേവോദോസിയോസ് | 16.2.1975 | | |
| ഡോ. തോമസ് മാർ മക്കാറിയോസ് | 16.2.1975 | | |
| ജോസഫ് മാർ പക്കോമിയോസ് | 16.2.1975 | 19.8.1991 | മുളക്കുളം |
| യാക്കോബ് മാർ പോളിക്കർപ്പോസ് | 15.5.1978 | 26.12.1986 | കൊരട്ടി |
| സഖറിയാ മാർ ദീവന്നാസിയോസ് | 15.5.1978 | 7.7.1997 | പത്തനാപുരം |
| മാത്യൂസ് മാർ ബർന്നബാസ് | 15.5.1978 | | |
| ഗീവർഗീസ് മാർ ദീയസ്ക്കോറോസ് | 15.5.1978 | 23.7.1999 | റാന്നി |
| യൂഹാനോൻ മാർ അത്താനാസ്യോസ് | 15.5.1978 | 12.10.1980 | പെരുനാട് ബഥനി |
| മാത്യൂസ് മാർ എപ്പിഫാനിയോസ് | 15.5.1985 | | |
| ഫിലിപ്പോസ് മാർ യൗസേബിയോസ് | 15.5.1985 | | |
| തോമസ് മാർ അത്താനാസിയോസ് | 15.5.1985 | | |
| ഗീവർഗീസ് മാർ ഈവാനിയോസ് | 15.5.1985 | | |
| പൗലോസ് മാർ മിലിത്തിയോസ് | 15.5.1985 | | |
| ഡോ. തോമസ് മാർ അത്താനാസിയോസ് | 3.5.1990 | | |
| യൂഹാനോൻ മാർ മിലിത്തിയോസ് | 23.12.1990 | | |
| കുറിയാക്കോസ് മാർ ക്ലിമ്മീസ് | 30.4.1991 | | |
| ഇയ്യോബ് മാർ പീലക്സീനോസ് | 30.4.1991 | | |
| സഖറിയാ മാർ അന്തോനിയോസ് | 30.4.1991 | | |

| | |
|---|---|
| ഡോ. മാത്യൂസ് മാർ സേവേറിയോസ് | 30.4.1991 |
| ഗീവർഗീസ് മാർ കൂറിലോസ് | 30.4.1991 |
| പൗലോസ് മാർ പക്കോമിയോസ് | 16.8.1993 |
| ഡോ. യാക്കോബ് മാർ ഐറേനിയോസ് | 16.8.1993 |
| ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് | 5.3.2005 |
| ഔഗേൻ മാർ ദീവന്നാസ്യോസ് | 5.3.2005 |
| ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് | 5.3.2005 |
| ഡോ. സഖറിയാ മാർ തെയോഫിലോസ് | 5.3.2005 |

# മലങ്കരയിൽ വന്ന് കബറടങ്ങിയ വിദേശ മേൽപ്പട്ടക്കാർ

| മേൽപ്പട്ടക്കാർ | മലങ്കരയിൽ വന്ന വർഷം | കാലം ചെയ്ത തീയതി |
|---|---|---|
| മാർ ഗ്രീഗോറിയോസ് അബ്ദേദ് ജലീൽ | 1665 | 24.4.1671 |
| മാർ അന്ത്രയോസ് (?) | 1678 | 29.2.1692 |
| മാർ ബസേലിയോസ് യെൽദോ മഫ്രിയാന | 1685 | 29.9.1685 |
| ഹിദായത്തുള്ളാ മാർ ഈവാനിയോസ് | 1685 | 13.8.1693 |
| മാർ ഗബ്രിയേൽ (?) | 1708 | 19.2.1731 |
| മാർ ബസേലിയോസ് ശക്രള്ളാ മഫ്രിയാന | 1751 | 20.10.1764 |
| യൂഹാനോൻ മാർ ഗ്രീഗോറിയോസ് | 1751 | 18.7.1773 |
| യൂഹാനോൻ മാർ ഈവാനിയോസ് | 1751 | 18.4.1794 |
| യൂയാക്കീം മാർ കൂറിലോസ് | 1846 | 1.9.1874 |
| ശെമവൂൻ മാർ അത്താനാസ്യോസ് | 1881 | 11.6.1889 |
| സ്ലീബാ മാർ ഒസ്താത്തിയോസ് | 1908 | 19.3.1930 |
| ഏലിയാസ് മാർ യൂലിയോസ് | 1923 | 19.2.1962 |
| മാർ ഇഗ്നാത്തിയോസ് ഏലിയാസ് III പാത്രിയർക്കീസ് | 1931 | 13.2.1932 |

# വിശുദ്ധ മൂറോൻ കൂദാശകൾ

| പ്രധാന കാർമ്മികൻ (പാത്രിയർക്കീസ് / കാതോലിക്കാ) | സ്ഥലം / പള്ളി | തീയതി |
|---|---|---|
| മാർ ഇഗ്നാത്തിയോസ് പത്രോസ് III | മുളന്തുരുത്തി മാർത്തോമ്മൻ പള്ളി | 27.2.1876 |
| മാർ ഇഗ്നാത്തിയോസ് അബ്ദുള്ളാ I | മുളന്തുരുത്തി മാർത്തോമ്മൻ പള്ളി | 19.8.1911 |
| മാർ ബസ്സേലിയോസ് ഗീവർഗ്ഗീസ് II | കോട്ടയം പഴയസെമിനാരി ചാപ്പൽ | 22.4.1932 |
| മാർ ബസ്സേലിയോസ് ഗീവർഗ്ഗീസ് II | കോട്ടയം പഴയസെമിനാരി ചാപ്പൽ | 22.4.1951 |
| മാർ ബസ്സേലിയോസ് ഔഗേൻ I | കോട്ടയം പഴയസെമിനാരി ചാപ്പൽ | 21.12.1967 |
| മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് I | കോട്ടയം പഴയസെമിനാരി ചാപ്പൽ | 1.4.1977 |
| മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് I | കോട്ടയം ദേവലോകം അരമന ചാപ്പൽ | 25.3.1988 |
| മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് II | കോട്ടയം ദേവലോകം അരമന ചാപ്പൽ | 26.3.1999 |

1750 ന് മുമ്പ് മലങ്കരയിൽ വിശുദ്ധ മൂറോൻ കൂദാശ നടന്നിട്ടുണ്ടോ എന്ന് നിശ്ചയമില്ല. എന്നാൽ 1751 –ൽ മലങ്കരയിൽ വന്ന മാർ ബസേലിയോസ് ശക്രള്ളാ മഫ്രിയാന വി. മൂറോൻ കൂദാശ നടത്തിയതായി പറയപ്പെടുന്നു.

# സഭയിലെ ആനുകാലിക പ്രസിദ്ധീകരണങ്ങൾ: ചരിത്രം

**1. കേരളപതാക:** 1870 -ൽ കൊച്ചിയിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ ആരംഭിച്ച സെന്റ് തോമസ് പ്രസ്സിൽ നിന്ന് 1872 ചിങ്ങം 1 മുതൽ മാസത്തിൽ രണ്ടു തവണ (ദ്വൈവാരിക) ആയി മെത്രാപ്പോലീത്തായുടെ ചുമതലയിൽ പ്രസിദ്ധീകരിച്ചിരുന്ന ഈ പത്രം "പരജനങ്ങൾക്ക് വിദ്യയും നാഗരികതയും അഭിവൃദ്ധി"പ്പെടുത്താൻ ശ്രമിച്ചു. മലങ്കരസഭയുടെ ഈ പ്രഥമ പത്രം പിന്നീട് 'പശ്ചിമതാരക' എന്ന പത്രത്തിൽ ലയിപ്പിക്കുകയും ഒടുവിൽ രണ്ടും നാമാവശേഷമാവുകയും ചെയ്തു.

**2. ഇടവക പത്രിക:** പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ 1892-ൽ പ്രസിദ്ധീകരണം ആരംഭിച്ചു. കോട്ടയത്തേക്ക് മാറ്റിസ്ഥാപിച്ച സെന്റ് തോമസ് പ്രസ്സിൽ നിന്ന് മാസികയായി പുറത്തിറങ്ങി. കുറെക്കാലം ഇ. എം. ഫിലിപ്പായിരുന്നു പത്രാധിപർ. മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ അസോസ്യേഷനും മാനേജിംഗ് കമ്മിറ്റിയും നടത്തുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, പുരോഗമന പദ്ധതികളുടെ ആഹ്വാനങ്ങൾ, ലോകസഭാവാർത്തകൾ, നവീകരണവ്യവഹാരാനന്തരം സഭയിൽ നടന്ന പരിഷ്ക്കാരങ്ങൾ, വാർത്തകൾ തുടങ്ങിയവ മാസിക പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചു. സഭയുടെ സുതാര്യതയുടെ പ്രതീകമായിരുന്ന ഈ പ്രസിദ്ധീകരണം പിൻഗാമിയുടെ കാലത്ത് നിലച്ചുപോയി. സഭയുടെ ഔദ്യോഗിക ജിഹ്വയായ ഇടവകപത്രികയുടെ 10-ാം പുസ്തകം (1901) 10-ാം (തുലാം) ലക്കത്തിൽ മശിഹാനുകരണം, സുറിയാനി അച്ചടി, തെക്കൻ യാത്ര, ഒരഭിപ്രായം, സൂഷ്മദൃഷ്ടി പതിച്ചാൽ, കുർബ്ബാനയെക്കുറിച്ച്, വിശ്വാസവിഷയം, സൂചനകൾ, ജൂബിലി പ്രോഗ്രാം എന്നീ ശീർഷകങ്ങൾ അദ്ധ്യായങ്ങളായി കാണുന്നുണ്ട്. ഓർത്തഡോക്സ് സെമിനാരി ആർക്കൈവ്സിലും പാമ്പാക്കുട കോനാട്ട് ലൈബ്രറിയിലും ഈ മാസികയുടെ പഴയ ലക്കങ്ങൾ സൂക്ഷിച്ചിട്ടുണ്ട്.

**3. സുറിയാനി സുവിശേഷകൻ:** പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ ഇടവക തോറും സ്ഥാപിച്ച സുവിശേഷസംഘത്തിന്റെ ചുമതലയിൽ വിദ്യാലയങ്ങളും സണ്ടേസ്കൂളുകളും പള്ളികളില്ലാത്ത കേന്ദ്രങ്ങളിൽ വായനായോഗങ്ങളും ആരംഭിച്ച് നടത്തിയിരുന്ന കാലത്ത് സഭയുടെ വിശ്വാസകാര്യങ്ങൾ ആധികാരികമായി പഠിപ്പിക്കുവാനും വിജാതീയ മിഷൻ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്ന ബൈബിൾ ദർശനങ്ങൾ പ്രചരിപ്പിച്ച് സഭയുടെ മിഷണറി പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുവാനും ഈ മാസിക ഉദ്യമിച്ചു. ഇതിന്റെ ഫലപ്രദമായ പ്രചാരണത്തിനായി പുലിക്കോട്ടിൽ മെത്രാച്ചൻ 1907 കന്നി 21 ന് കോട്ടയം

പഴയസെമിനാരിയിൽ നിന്ന് ഏഴ് ഖണ്ഡികകളുള്ള ഒരു പൊതുകല്പന അയച്ചിട്ടുണ്ട്. "നമ്മുടെ ശിരസ്സാകുന്ന രക്ഷിതാവിന്റെ അവയവങ്ങളും തന്റെ ഹിതത്തെ നിറവേറ്റുവാൻ കടപ്പെട്ടവരുമായ വാത്സല്യമക്കളേ, ക്രിസ്ത്യാനിസഭയുടെ മുഖ്യവേലയും അതിന്റെ വളർച്ചയ്ക്ക് വേണ്ടിയുള്ള നിത്യപ്രയത്നവും കർത്താവിന്റെ അന്ത്യകല്പനയുടെ നിർവഹണവും സുവിശേഷവേലയാകുന്നു...." എന്നു തുടങ്ങുന്ന ആ കല്പന സണ്ടേസ്കൂൾ വിശ്വാസ പരിപാലനം, സുവിശേഷ പ്രവർത്തനം എന്നിവ ത്വരിതപ്പെടുത്തുവാനുള്ള ആഹ്വാനവും 'സുറിയാനി സുവിശേഷകൻ' മാസികയുടെ പ്രവർത്തനത്തിൽ പങ്കുചേരാനുള്ള നിർബന്ധപൂർണ്ണമായ അഭ്യർത്ഥനയും അടങ്ങിയതാണ് (ചരമ നവതി സുവനീർ, പു. 65). ഈ മാസികയുടെ പ്രസിദ്ധീകരണം തുടങ്ങിയ വർഷവും നിലച്ച വർഷവും കൃത്യമയി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

**4. മലങ്കരസഭ:** ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ ഉത്സാഹത്തിൽ 1946 ആഗസ്റ്റ് 8 ന് എം. സി. കുര്യാക്കോസ് റമ്പാൻ പത്രാധിപരായി ഈ മാസിക ആരംഭിച്ചു. സഭയുടെ ഔദ്യോഗിക മുഖപത്രമാണ്. കഴിഞ്ഞ 50 വർഷമായി മുടങ്ങാതെ പ്രസിദ്ധീകരിച്ചു വരുന്നു. ഫാ. റ്റി. വി. ജോർജ്, ഫാ. റ്റി. ജി. സഖറിയാ, ഫാ. ഡോ. ജേക്കബ് കുര്യൻ തുടങ്ങിയവർ വിവിധ കാലഘട്ടങ്ങളിൽ ഈ മാസികയുടെ ചുമതലക്കാരായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. ഇപ്പോഴത്തെ പത്രാധിപർ ഫാ. ഡോ. ജോൺ പണിക്കർ ആണ്.

**5. ബഥനി മാസിക:** ആരംഭത്തെപ്പറ്റി കൃത്യമായി അറിവില്ല. ഫാ. പി. റ്റി. ഗീവർഗ്ഗീസ് ആരംഭിച്ചു. 1925 മെയ് 1 ന് മാസിക നിലവിൽ വന്നു. തിരുവല്ലയിൽ നിന്ന് ആരംഭിച്ച ഈ മാസികയിൽ പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ, ഫാ. മാത്യൂസ് പാറേട്ട് എന്നിവർ എഡിറ്റർമാർ ആയിരുന്നു. മാർ ഈവാനിയോസ് കത്തോലിക്കാസഭയിൽ ചേർന്നതോടെ അത് സഭയിൽ അപ്രസക്തമായി.

**6. സുറിയാനി സഭാകാഹളം:** 1922-ൽ പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശൻ ആദ്യം കോട്ടയം സെന്റ് തോമസ് പ്രസ്സിലും പിന്നീട് കുന്നംകുളത്ത് സ്വന്തം പ്രസിലും (എ. ആർ. പി.) അച്ചടിച്ചു. വട്ടിപ്പണക്കേസിൽ തോറ്റ സമുദായത്തിന്റെ മനോവീര്യം നിലനിർത്തുവാൻ ഈ മാസിക യത്നിച്ചു. 'മലങ്കരസഭാ ഭാസുരൻ' എന്ന വിശേഷണം പ. വട്ടശ്ശേരിൽ തിരുമേനിയ്ക്ക് നൽകിക്കൊണ്ട്, അദ്ദേഹത്തിന്റെ പേരിനു മുന്നിൽ അത് അച്ചടിച്ചു തുടങ്ങിയത് ഈ മാസികയിലാണ്. പത്രാധിപർ പില്ക്കാലത്ത് റീത്തിൽ ചേർന്നതോടെ മാസിക അപ്രസക്തമായി.

**7. ആത്മപോഷിണി:** പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ കുന്നം

കുളത്തു നിന്ന് ആരംഭിച്ച് നടത്തിയ സാഹിത്യ മാസിക. എ. ആർ. പി. (അക്ഷര രത്ന പ്രകാശിക) യിൽ നിന്ന് ഇറങ്ങിയിരുന്ന മാസിക ഒരു കാലത്ത് ഏറ്റവും പ്രമുഖ സാഹിത്യ മാസിക ആയിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, വള്ളത്തോൾ നാരായണമേനോൻ തുടങ്ങിയ എഴുത്തുകാർ എഡിറ്റർമാരായിരുന്നു.

**8. കഥാകൗമുദി:** പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ കുന്നംകുളം എ. ആർ. പി. പ്രസിൽ നിന്നും പുറത്തിറക്കി.

**9. ഓർത്തഡോക്സ് സഭ:** 1937 -ൽ തിരുവല്ല ബഥനി പ്രിന്റിംഗ് ഹൗസിൽ നിന്ന് പുറപ്പെട്ടു. പി. എം. ജേക്കബ് പ്രിന്ററും പബ്ളിഷറും.

**10. മലങ്കര സേവകൻ:** അബ്ദുള്ളാ ബാവാ വട്ടശ്ശേരിൽ മെത്രാച്ചനെ മുടക്കിയ കാലത്ത് കോട്ടയത്തു നിന്ന് പുറപ്പെട്ട വാരികയ്ക്ക് ഇസ്സഡ്. എം. പാറേട്ട്, എൻ. ഐ. പോത്തൻ, ജോർജ്ജ് ജോസഫ് പടിഞ്ഞാറെ തലയ്ക്കൽ, എം. സി. മാത്യു മാളിയേക്കൽ എന്നിവർ നേതൃത്വം നൽകി.

**11. ഓർത്തഡോക്സ് യൂത്ത്:** യുവജനപ്രസ്ഥാനം, വിദ്യാർത്ഥിപ്രസ്ഥാനം എന്നിവയുടെ മുഖപത്രമായി 1958-ൽ പ്രസിദ്ധീകരണമാരംഭിച്ചു. ഫാ. കെ. വി. ശാമുവേൽ ദീർഘകാലം പബ്ളിഷർ ആയിരുന്നു. 1996 ൽ പ്രവർത്തനം നിലച്ചു.

**12. സീയോൻ സന്ദേശം:** കൊച്ചി ഭദ്രാസനത്തിന്റെ പ്രസിദ്ധീകരണം. കൊരട്ടി, വടക്കാഞ്ചേരി, കുന്നംകുളം പ്രസുകളിൽ നിന്ന് പ്രസിദ്ധപ്പെടുത്തി. ഞാർത്താങ്കൽ കോരുത് മല്പാൻ, ചെമ്മണ്ണൂർ ഗീവറുഗ്ഗീസച്ചൻ, ഫാ. ജോസഫ് വെണ്ടറപ്പിള്ളി, ഫാ. ജോസഫ് ചീരൻ എന്നിവർ എഡിറ്റർമാരായിരുന്നു. സഭാ തർക്കങ്ങളുടെ ചുഴിയിൽപെട്ട് 1972 ഡിസംബറിൽ നിർത്തി. മാർത്തോമ്മായുടെ 19-ാം ചരമശതാബ്ദിപ്പതിപ്പാണ് അവസാനമിറക്കിയത്.

**13. സഭാ ചന്ദ്രിക:** ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ നിന്ന് പാത്രിയർക്കീസ് ഭാഗത്തിന്റെ മുഖപത്രമായി ഇറക്കിയിരുന്ന മാസിക. പലപ്പോഴും മുടങ്ങി. ചിലപ്പോൾ ദ്വൈമാസികമായും ചിലപ്പോൾ ത്രൈമാസികമായും ഇറങ്ങി. ഇപ്പോൾ നിലച്ച മട്ടാണ്.

**14. ദി സ്റ്റാർ ഓഫ് ദി ഈസ്റ്റ്:** അടൂർ ചാവടിയിൽ ഡോ. സി. ടി. ഈപ്പൻ ആരംഭിച്ചു. പിന്നീട് കോട്ടയം സോഫിയാ സെന്ററിൽ നിന്ന് 1979 മുതൽ ത്രൈമാസികയായി പ്രസിദ്ധീകരിച്ചു. പൗലോസ് മാർ ഗ്രീഗോറിയോസ് ചീഫ് എഡിറ്റർ ആയിരുന്നു. ഫാ. ഡോ. കെ. എം. ജോർജ് എഡിറ്ററും. 1996 -ൽ മാർ ഗ്രീഗോറിയോസ് കാലം ചെയ്തതോടെ പ്രസിദ്ധീകരണം നിലച്ചു.

**15. ചർച്ച് വീക്കിലി:** 1946 ആഗസ്റ്റ് 20 ന് തുടങ്ങി. എൻ. എം. ഏബ്രഹാം, പ്രൊഫ. കെ. സി. ചാക്കോ, ബിഷപ്പ് പെക്കൻ ഹാം വാൽഷ്, ഫാ. കെ. സി. വർഗ്ഗീസ് തുടങ്ങിയവരായിരുന്നു ആദ്യകാല പ്രവർത്തകർ. ആദ്യം കോട്ടയത്ത് നിന്നിറങ്ങി. ഇപ്പോൾ ആലുവാ ഫെലോഷിപ്പ് ഹൗസിൽ നിന്ന് ഇറങ്ങുന്നു. എം. കുര്യൻ, കെ. വി. മാമ്മൻ എന്നിവർ ദീർഘകാലം എഡിറ്റർമാർ ആയിരുന്നു. ഇപ്പോൾ പ്രൊഫ. കെ. കെ. അബ്രഹാം ആണ് എഡിറ്റർ (മാസത്തിലൊരിക്കലായി പ്രസിദ്ധീകരിക്കുന്നു).

**16. മലങ്കരദീപം:** സഭാസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ വാരികയായി പ്രസിദ്ധീകരിച്ചു. 1970 കളിലെ സഭാവിഭജന പശ്ചാത്തല ത്തിൽ ഇത് വാർത്താ പ്രധാന വാരിക ആയിരുന്നു. ഇസഡ്. എം. പാറേട്ട്, പി. വി. വർഗ്ഗീസ് ക്ലേറി എന്നിവർ നേതൃത്വം നൽകി. കോട്ടയത്ത് നിന്ന് ഇറങ്ങിയിരുന്ന ഈ പത്രം നിലച്ചുപോയി.

**17. ഓർത്തഡോക്സ് ഹെറാൾഡ്:** മാത്യൂസ് പ്രഥമൻ കാതോലി ക്കായുടെ കാലത്ത് ദേവലോകത്ത് നിന്ന് ആരംഭിച്ച വാർത്താ പ്രധാനമായ പ്രസിദ്ധീകരണം. ഫാ. മാത്യൂസ് വർഗീസ് (ഷേബാലി) ആയിരുന്നു എഡി റ്റർ. ബാവാ രോഗിയായപ്പോൾ നിലച്ചു. ഇതേ പേരിൽ ഇപ്പോൾ ഒരു ഓൺലൈൻ പ്രസിദ്ധീകരണം ഫാ. മാത്യൂസ് വർഗീസ് (ഷേബാലി) എഡി റ്റർ ഇൻ ചാർജായി പ്രസിദ്ധീകരിച്ചു വരുന്നു.

**18. ദീപ്തി:** കോട്ടയം വൈദികസെമിനാരിയുടെ വാർഷിക പ്രസിദ്ധീ കരണം. 1970 കൾ മുതൽ പ്രസിദ്ധീകരിച്ചു വരുന്നു.

**19. നസ്രാണി:** ജോയ്സ് തോട്ടയ്ക്കാടിന്റെ പത്രാധിപത്യത്തിൽ 1989–1991 കാലഘട്ടത്തിൽ കോട്ടയത്തു നിന്നും പ്രസിദ്ധീകരിച്ചു വന്ന ദ്വൈമാസികം. 2005–2006 കാലഘട്ടത്തിൽ *മലങ്കര നസ്രാണി* എന്ന പേരിൽ ഒരു ഓൺലൈൻ പ്രസിദ്ധീകരണവും ദ്വൈവാരികയായി അദ്ദേഹം നടത്തി യിരുന്നു.

**20. മലങ്കരസഭാദീപം:** 1994 മുതൽ കോട്ടയത്തു നിന്ന് പ്രസിദ്ധീകരി ക്കുന്ന വാർത്താ പ്രധാനമായ ദ്വൈവാരിക. ഫാ. ഡോ. എം. ഒ. ജോൺ മാനേജിംഗ് എഡിറ്റർ. സഭാചരിത്ര പ്രധാനമായ അവലോകനങ്ങൾ, ആനു കാലിക പ്രമേയങ്ങൾ ഇവ ചർച്ച ചെയ്യുന്ന ദീപം പ്രചുരപ്രചാരം നേടിയി ട്ടുണ്ട്.

**21. ഹെർമ്മോൻ സന്ദേശം:** മലബാർ ഭദ്രാസനത്തിന്റെ മാസിക. ഇപ്പോൾ നിലച്ചിരിക്കുന്നു.

**22. പുരോഹിതൻ:** സഭയിലെ സെന്റ് തോമസ് വൈദികസംഘ ത്തിന്റെ ത്രൈമാസികമായി ഈ മുഖപത്രം കോട്ടയം സെമിനാരിയിൽ

നിന്നിറങ്ങുന്നു. പൗലോസ് മാർ ഗ്രീഗോറിയോസ് ദീർഘകാലം ചീഫ് എഡിറ്റർ ആയി പ്രവർത്തിച്ചു. ഇപ്പോഴത്തെ എഡിറ്റർ ഫാ. ഡോ. കെ. എം. ജോർജ്ജ് ആണ്. സെമിനാരി അദ്ധ്യാപകരാണ് മുഖ്യ ലേഖകർ.

**23. ഇടവക പത്രിക:** കുന്നംകുളത്ത് ക്രിസ്ത്യൻ സ്റ്റഡി സെന്ററിന്റെ ചുമതലയിൽ 2003 ഏപ്രിൽ മുതൽ കുടുംബമാസികയായി പ്രസിദ്ധീകരിക്കുന്നു. ചരിത്രം, വിശ്വാസം, ആരാധന, സമകാല പ്രശ്നങ്ങൾ എന്നിവയോട് പ്രതികരിക്കുന്നു. ചീഫ് എഡിറ്റർ: ഫാ. ഡോ. ജോസഫ് ചീരൻ.

**24. ഓർത്തഡോക്സ് വോയ്സ്:** തിരുവനന്തപുരത്തു നിന്ന് പ്രൊഫ. ജോഷ്വാ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന വാർത്താ പ്രധാനമായ വിമർശനാത്മക മാസിക. പല അത്മായ പ്രമുഖരും ഈ പത്രത്തിൽ പ്രവാചകോചിതമായി എഴുതിയിട്ടുണ്ട്. ഇപ്പോൾ പ്രസിദ്ധീകരണം നിലച്ചിരിക്കുന്നു.

**25. തദ്ദേവൂസ്:** കോട്ടയത്തു നിന്ന് ഫാ. ഡോ. സി. ജി. മാത്യൂസ് എഡിറ്റർ ആയി പ്രസിദ്ധീകരിക്കുന്ന മാസിക.

**25. അത്മായവേദി:** അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദിയുടെ മുഖപത്രമായി കോട്ടയത്തു നിന്ന് പുറപ്പെടുന്നു. അത്മായശബ്ദം പ്രതിധ്വനിപ്പിക്കുന്ന ഈ മാസിക ആനുകാലിക - സഭാചരിത്ര വിഷയങ്ങൾ മുഖ്യമായും ചർച്ച ചെയ്യുന്നു. വേറിട്ട വിമർശന ശബ്ദം പുറപ്പെടുവിക്കുന്നു.

**27. ബഥേൽ പത്രിക:** ചെങ്ങന്നൂർ മെത്രാസനത്തിന്റെ മുഖപത്രമായ മാസിക. ബുള്ളറ്റിൻ രൂപത്തിലിറങ്ങുന്നു.

**28. കണ്ടനാട് ഡയോസിഷൻ ബുള്ളറ്റിൻ:** ഡോ. തോമസ് അത്താനാസ്യോസിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ അരമനയിൽ നിന്ന് ഇറങ്ങുന്നു.

**29. ഓർത്തഡോക്സ് യുവജനം:** യുവജനപ്രസ്ഥാനത്തിന്റെ മുഖപത്രമായി ആരംഭിച്ച പുതിയ മാസിക. കോട്ടയത്തു നിന്നിറങ്ങുന്നു. പ്രസ്ഥാനം പ്രസിഡന്റും ജനറൽ സെക്രട്ടറിയും മുഖ്യ ഭാരവാഹികൾ.

**30. പൗരസ്ത്യ താരം:** കൊല്ലം മെത്രാസനത്തിന്റെ മുഖപത്രമായ മാസിക. ബുള്ളറ്റിൻ രൂപത്തിലിറങ്ങുന്നു. ബിഷപ്പ്സ് ഹൗസ്, കൊല്ലം.

**31. ദൂതൻ:** മിഷൻ ബോർഡിന്റെ മുഖപത്രമായ ത്രൈമാസികം. സെന്റ് പോൾസ് മിഷൻ സെന്റർ, മാവേലിക്കര.

**32. സ്നേഹലോകം:** മാസിക. സെന്റ് തോമസ് മിഷൻ സെന്റർ, ഹരിപ്പാട്.

**33. ദി ലൈറ്റ്:** ത്രൈമാസികം. സെന്റ് തോമസ് ആശ്രമം, ഭിലായ്.

**34. ദി ഗെയ്റ്റ് വേ:** ദ്വൈമാസികം. ചർച്ച് സെന്റർ, ന്യൂ ബോംബെ.

**35. എം. ജി. ഒ. സി. എസ്. എം. ന്യൂസ് & വ്യൂസ്:** ത്രൈമാസികം. സ്റ്റുഡന്റ് സെന്റർ, കോട്ടയം.

**36. സ്നേഹദർശനം:** ത്രൈമാസികം. ഉളനാട്, പന്തളം.

**37. ഡയോസിഷൻ വോയ്സ്:** ത്രൈമാസികം. ബെൻറോസ്, അമേരിക്ക.

**38. പ്രയത്ന:** ഡൽഹി മെത്രാസനത്തിലെ എം.ജി.ഒ.സി.എസ്.എം. പ്രസിദ്ധീകരിക്കുന്ന ത്രൈമാസികം.

**39. സഹയാത്ര:** ഇംഗ്ലീഷ് മാസിക. ഓർത്തഡോക്സ് സെമിനാരി, നാഗപ്പൂർ.

**40. വൈദികസെമിനാരി ബുള്ളറ്റിൻ:** ത്രൈമാസികം. വൈദികസെമിനാരി, കോട്ടയം.

**41. സത്യവിശ്വാസദീപ്തി:** കോട്ടയം മെത്രാസനത്തിന്റെ മുഖപത്രമായ ത്രൈമാസിക. കെ. എം. ജി. സെന്റർ, കോട്ടയം.

ഓരോ കാലഘട്ടത്തിൽ പ്രത്യേക സാഹചര്യങ്ങളിൽ ആരംഭിക്കുകയും ദൗത്യം പൂർത്തിയാക്കിയും പൂർത്തിയാക്കാതെയും നിന്നുപോകുകയും ചെയ്ത ഈ ലിസ്റ്റിൽ വന്നിട്ടില്ലാത്ത നിരവധി പ്രസിദ്ധീകരണങ്ങൾ ഉണ്ട്. മലങ്കരസഭയിലെ നൂറോളം ദേവാലയങ്ങളിൽ നിന്നും ഇപ്പോൾ ഇടവക ബുള്ളറ്റിനുകളോ ആദ്ധ്യാത്മിക സംഘടനകളുടെ ചുമതലയിൽ പ്രസിദ്ധപ്പെടുത്തുന്ന പ്രസിദ്ധീകരണങ്ങളോ (മാസിക/ദ്വൈമാസികം/ത്രൈമാസികം) ഇറങ്ങുന്നുണ്ട്.

# കുറിപ്പുകൾ

(കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ മലങ്കരസഭയുടെ വിശ്വാസം, ചരിത്രം, ആരാധന, ഭരണം എന്നിവ സംബന്ധിച്ച് ലഭ്യമായ ഒട്ടേറെ രേഖകൾ കണ്ടെടുക്കുവാൻ ഏതാനും വർഷങ്ങൾക്കിടയിലെ സഭാചരിത്ര ഗവേഷണങ്ങൾക്കിടയിൽ സാധിച്ചു. അതത് ഗ്രന്ഥശാലാ ഉടമകളോടും ഈ ഗവേഷണയജ്ഞത്തിൽ 'ഫെലോഷിപ്പ്' അനുവദിക്കുക മൂലം സാമ്പത്തിക സഹായം നൽകിയ യു. ബി. സി. എച്ച്. ഇ. എ. (United Board of Christian Higher Education in Asia) യോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. തിരുവനന്തപുരം, നിരണം, ചെങ്ങന്നൂർ, തിരുവല്ല, കോട്ടയം, കുറുപ്പമ്പടി, കോതമംഗലം, കണ്ടനാട്, പറവൂർ, മുളന്തുരുത്തി, ചേപ്പാട്, ആലുവാ, കൊരട്ടി, തൃശ്ശൂർ, പഴഞ്ഞി, കുന്നംകുളം, തൊഴിയൂർ, പാലയൂർ (ചാവക്കാട്), അങ്കമാലി, മാന്നാനം തുടങ്ങി കേരളത്തിലെമ്പാടുമുള്ള വിവിധ ക്രൈസ്തവ സഭകളുടെ ദേവാലയങ്ങളും മെത്രാസനകേന്ദ്രങ്ങളും ആർക്കൈവ്സുകളും പുരോഹിത ഭവനങ്ങളും മറ്റും സന്ദർശിച്ച് ഗവേഷണം വിജയിക്കുവാൻ സഹായിച്ചവരോടെല്ലാം നന്ദി രേഖപ്പെടുത്തട്ടെ.

**1. ഉദയംപേരൂർ കാനോനാകൾ**: അവിഭക്ത മലങ്കരസഭയെ റോമൻ സഭയിൽ ലയിപ്പിക്കുന്നതിനും പൂർവ്വിക വിശ്വാസങ്ങളും ആചാരങ്ങളും വ്യത്യാസപ്പെടുത്തി നവീകരിക്കുന്നതിനുമായി ആർച്ച്ബിഷപ്പ് മെനേസ്സിന്റെ നേതൃത്വത്തിൽ നടന്ന 1599-ലെ സമ്മേളനത്തിന്റെ കാനോനാകൾ ലത്തീനിലും കർസോനിയിലും മലയാളം പേച്ചിലും എഴുതിവച്ചിരുന്നു. അതിൽ മലയാളം പേച്ചിൽ എഴുതിവച്ചിരുന്ന കൈയെഴുത്തു കാനോൻ മാന്നാനം സെന്റ് ജോസഫ് കർമ്മലീത്താ ആശ്രമത്തിലെ ആർക്കൈവ്സിൽ നിന്ന് ഈ ഗ്രന്ഥകാരൻ കണ്ടെടുത്തു. തമിഴ് ലിപിയുടെ മാതൃകയിൽ ചതുരവടിവിൽ എഴുതുന്ന സമ്പ്രദായം പൂർണ്ണമായും മാറി ആധുനിക രൂപത്തിലാവുന്നത് 1829-ലെ ബെഞ്ചമിൻ ബെയ്‌ലിയുടെ മലയാളം ബൈബിൾ പരിഭാഷയോടെയാണ്.

**2. അഗ്നാത്തെയോസിന്റെ കത്ത്:** ഈ പേര് ഇഗ്നാത്തെയോസ്, അഹത്തള്ളാ എന്നീ വിവിധ രൂപത്തിൽ കാണാറുള്ളതിന്റെ അടിസ്ഥാനം അറിഞ്ഞു കൂടാ. ഇദ്ദേഹത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിലാണ് 12 വൈദികർ ചേർന്ന് അലക്സാണ്ട്രിയൻ മാതൃകയിൽ തോമ്മാ അർക്കദിയാക്കോനെ എപ്പിസ്ക്കോപ്പാ ആയി വാഴിച്ചത്. അദ്ദേഹം ഇഗ്നാത്തിയോസ് പാത്രിയർക്കീസെന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, അന്ത്യോഖ്യാ പാത്രിയർക്കീസന്മാരുടെ പട്ടികയിൽ അദ്ദേഹത്തിന്റെ പേരില്ല. മാത്രവുമല്ല, അന്ത്യോഖ്യൻസഭ ഉപയോഗിക്കാറുള്ള പാശ്ചാത്യ സുറിയാനിയിലല്ല, പൗരസ്ത്യ കൽദായ സുറിയാനിയിലാണ് ഈ കത്ത് എഴുതിയിട്ടുള്ളതും, ഇത് അദ്ദേഹത്തെ അലക്സാണ്ട്രിയൻ സഭയുമായി ബന്ധിപ്പിക്കുന്നു.

പാപ്പായിൽ നിന്ന് അധികാരം പ്രാപിച്ചു എന്ന് കത്തിൽ കാണുന്നു (റോമ്മാ പാപ്പാ എന്നില്ല). അലക്സാണ്ട്രിയൻ സഭാദ്ധ്യക്ഷൻ 'പാപ്പാ' എന്ന് അറിയപ്പെട്ടിരുന്നു. 12 വൈദികർ ചേർന്ന് മെത്രാനെ വാഴിക്കുന്ന പതിവ് അലക്സാണ്ട്രിയൻ സഭയിൽ നിലവിലിരുന്നതായി നിരവധി രേഖകളുണ്ട്. 1653-ലെ കൂനൻകുരിശ് സത്യത്തിന് ശേഷം കേരളത്തിൽ നിന്ന് ഒരു പത്രോസ് കശ്ശീശാ അലക്സാണ്ട്രിയൻ പാപ്പായെ സന്ദർശിച്ച് മെത്രാനെ അയച്ചുതരുവാൻ ആവശ്യപ്പെട്ടതായി ആ സഭയുടെ കേന്ദ്രത്തിൽ രേഖയുണ്ട്. അതിന് തൊട്ടു പിറകേയാണ് ഈ പിതാവ് വരുന്നതും. അതും അദ്ദേഹത്തെ അലക്സാണ്ട്രിയയുമായി ബന്ധിപ്പിക്കുന്നു.

ഇവിടെ നിന്നും പോയ പത്രോസ് കശ്ശീശായാണ് പത്രാസ് മാർ അഹത്തള്ളാ എന്ന പേരിൽ ഇവിടെ വന്നതെന്ന് പി. വി. മാത്യു എഴുതിവച്ചിട്ടുള്ളത് നിരാസ്പദമാണ്. സ്വന്തം നാട്ടിലേക്ക് അദ്ദേഹം പൗരസ്ത്യ സുറിയാനിയിൽ കത്തെഴുതുമായിരുന്നില്ല. പന്ത്രണ്ട് വൈദികർ ചേർന്ന് ഒരു മെത്രാനെ വാഴിക്കാമെന്ന അറിവ് പത്രോസ് കശ്ശീശായ്ക്ക് ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം അലക്സാണ്ട്രിയായിൽ പോകേണ്ട കാര്യം ഉണ്ടായിരുന്നുവോ?

**3. കണ്ടനാട്ട് പടിയോല:** ഇട്ടൂപ്പ് റൈട്ടറുടെ സഭാചരിത്രത്തിൽ അല്പം നവീകരിച്ച രൂപത്തിൽ ഈ പടിയോല ചേർത്തിട്ടുണ്ടെങ്കിലും നമ്മുടെ മിക്ക സഭാചരിത്രകാരന്മാർക്കും പടിയോലയുടെ പൂർണ്ണരൂപം പരിചിതമല്ല. പടിയോല എഴുതിയ അതേവർഷം എഴുതിയ ഒരു പകർപ്പ് ഗ്രന്ഥകാരന്റെ ഗവേഷണങ്ങൾക്കിടയിൽ കണ്ടെത്തി. അതിൽ നിന്നും പടിയോലയുടെ ശരിയായ പാഠം, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ (സെമിനാരി സ്ഥാപകൻ) 175-ാം ചരമജൂബിലിയോടനുബന്ധിച്ച് 'മലങ്കരസഭ' പ്രസിദ്ധീകരിച്ച സ്പെഷ്യൽ പതിപ്പിൽ ഈ ഗ്രന്ഥകാരൻ കൊടുത്തിട്ടുണ്ട്. രേഖയുടെ അസ്സൽരൂപം ഗ്രന്ഥകാരന്റെ സൂക്ഷിപ്പിലുണ്ട്.

**4. മാർത്തോമ്മായുടെ ഇന്ത്യൻ സുവിശേഷം:** ഗവേഷണശ്രമത്തിൽ കണ്ടെടുത്ത ഈ അമൂല്യ ഗ്രന്ഥം ചീരൻ തറവാട്ടിലെ വൈദികർ പരമ്പരയായി സൂക്ഷിച്ചുപോന്നതും ഒടുവിൽ ഫാ. ഗീവറുഗ്ഗീസ് ചീരൻ സംരക്ഷിച്ചിരുന്നതുമായ കൈയെഴുത്ത് ശേഖരത്തിൽ നിന്നാണ് ലഭിച്ചത്. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരിക്കേ അകാലനിര്യാണം പ്രാപിച്ച ജ്യേഷ്ഠ സഹോദരൻ സി. എം. ജോർജ്ജ് പ്രസ്തുത ഗ്രന്ഥശേഖരം ഈ ഗ്രന്ഥകാരനെ ഏല്പിച്ചതിലുള്ള നന്ദി പ്രകാശിപ്പിക്കുന്നു. ജീർണ്ണിച്ച രൂപത്തിലുള്ള ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**5. സങ്കീർത്തന വിവർത്തനം:** കുന്നംകുളത്തുള്ള ഒരു പ്രാചീന ദേവാലയത്തിൽ നിന്ന് കണ്ടെടുക്കപ്പെട്ട ഈ കൃതി പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ വിവർത്തനമാണ്. ഇപ്രകാരമൊരു വിവർത്തനത്തെപ്പറ്റി പി. ചെറിയാൻ ഉദ്ധരിച്ച ചില കത്തുകളിൽ പരാമർശമുണ്ടായിരുന്നെങ്കിലും

അതു ഭാഗികമായോ പൂർണ്ണമായോ കണ്ടെടുക്കപ്പെട്ടത് ഇപ്പോഴാണ്. സുറിയാനിയിൽ നിന്ന് നേരിട്ട് വിവർത്തനം ചെയ്യപ്പെട്ട ഈ കൃതി പ്രാചീന മലയാള ലിപി, ഭാഷ, മലയാളം ബൈബിൾ എന്നിവയുടെ ചരിത്ര പഠനത്തിൽ വലിയ പ്രാധാന്യം അർഹിക്കുന്നു (ഈ ഗ്രന്ഥകാരന്റെ 'സഭാജ്യോതിസ് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ ജീവചരിത്രം' പരിശോധിക്കുക).

**6. മലങ്കരസഭാചരിത്രം:** പതിനെട്ടാം നൂറ്റാണ്ടിലുണ്ടായ ഈ കയ്യെഴുത്തുകൃതി അജ്ഞാത കർത്തൃകമാണ്. പ്രാചീന മലയാള ലിപിയിലുള്ള ഈ രചന മുളന്തുരുത്തിയിൽ നിന്ന് കണ്ടെടുത്തു. 1685-നുശേഷം പ്രചരിപ്പിക്കപ്പെട്ട സിറിയൻ ആഭിമുഖ്യം *നിരണം ഗ്രന്ഥവരി*യിലെന്നപോലെ ഇതിലും കാണാം. മൂലരൂപം ഗ്രന്ഥകാരന്റെ കൈവശമുണ്ട്.

**7. പെന്തിക്കോസ്തി ക്രമം:** പഴഞ്ഞി, കുന്നംകുളം, തൊഴിയൂർ പ്രദേശങ്ങളിൽ അടുത്തകാലം വരെയും പത്രോസ് തൃതീയൻ ബാവായുടെ വരവുവരെ മലങ്കരയിൽ മുഴുവനും ഉപയോഗിച്ചുവന്ന ആണ്ടുതക്സാ പഴഞ്ഞി ഗീവറുഗ്ഗീസ് ചീരൻ കശ്ശീശായുടെ ശേഖരത്തിൽ നിന്ന് കണ്ടെടുത്തു. ഇതിലെ കുറിപ്പുകളെല്ലാം 'കർസോനി' ഭാഷയിലെഴുതപ്പെട്ടവയാണ്.

**8. കുർബ്ബാനക്രമം:** പ്രാചീന മലയാള ലിപിയിൽ എഴുതപ്പെട്ട ഈ ക്രമം കുന്നംകുളത്തു നിന്ന് കണ്ടെടുത്തു. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ ഈ വിവർത്തനം കുർബ്ബാനക്രമത്തിന്റെ പ്രഥമ വിവർത്തനമാണ്. കേരളത്തിലെ ആരാധനക്രമത്തിന്റെ ചരിത്രചർച്ചയിൽ ഇതിന് വലിയ പ്രാധാന്യമുണ്ട്. ഇതിന്റെ പൂർണ്ണരൂപം സഭാ ജ്യോതിസ്സിന്റെ ജീവചരിത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**9. സഭാചരിത്രഫലകം:** അങ്കമാലിയുടെ കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ വടക്കൻപറവൂർ പള്ളിയിൽ നിന്ന് ശേഖരിച്ച ഈ പുസ്തകം കാലംചെയ്ത യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ കൊരട്ടി സീയോൻ സെമിനാരിയിലുള്ള ആർക്കൈവ്സിൽ നിന്ന് കണ്ടെടുത്തു. സെന്റ് തോമസ്, ക്നായിത്തോമ്മാ, സാപ്പോർ, അഫ്രോത്ത് തുടങ്ങിയവരുടെ സന്ദർശനങ്ങളും മാർ ഗ്രിഗോറിയോസ് ജലീൽ, മാർത്തോമ്മാ (പകലോമറ്റം) മെത്രാന്മാർ തുടങ്ങിയവർ കബറടങ്ങിയ തീയ്യതികൾ മുതലായവ ഇതിൽ 'കർസോനി' ഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**10. ബൈബിൾ വിവർത്തനം:** 1811-ൽ പ്രസിദ്ധീകരിച്ച ഈ വിവർത്തനം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ, കായംകുളം ഫീലിപ്പോസ് റമ്പാൻ, തിമ്മയ്യാപ്പിള്ള തുടങ്ങിയവർ ചേർന്ന ഒരു ടീം നടത്തിയ പ്രവർത്തനമാണ്. ഉള്ളൂരിന്റെ സാഹിത്യചരിത്രത്തിൽ കായംകുളം റമ്പാന്റെ പേരിൽ ഈ വിവർത്തനം രേഖപ്പെടുത്തിയതു കണ്ട് പലരും അത് പകർത്തി

വച്ചിട്ടുണ്ട്. ഉള്ളൂർ ബൈബിൾ ചരിത്രത്തിൽ ഗവേഷണം നടത്തിയ ആളല്ല. വളരെ ഉപരിപ്ലവമായി നടത്തിയ ഒരന്വേഷണമേ ക്രിസ്ത്യൻ സമുദായത്തെപ്പറ്റി ഉള്ളൂർ നടത്തിയിട്ടുള്ളൂ. എന്നാൽ ബൈബിൾ ചരിത്രത്തെപ്പറ്റി ഗൗരവപൂർണ്ണമായി ഗവേഷണം നടത്തിയ പി. ടി. കുരുവിള, റവ. പി. ടി. തോമസ്, മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശൻ (പിന്നീട് മാർ ഒസ്തത്തിയോസ്) തുടങ്ങിയവർ 1811-ലെ വിവർത്തനം ഒരു ടീം വർക്കാണെന്ന് അസന്ദിഗ്ദ്ധമായ ഭാഷയിൽ സമർത്ഥിച്ചിട്ടുണ്ട്. ഈ പുസ്തകത്തെ മുഖ്യമായും മുൻനിർത്തി ഡോ. സുകുമാർ അഴീക്കോടിന്റെ മേൽനോട്ടത്തിൽ ഒരു പി. എച്ച്. ഡി. പ്രബന്ധം തയ്യാറാക്കപ്പെട്ടിട്ടുണ്ട്.

**11. മാർ ഈവാനിയോസിന്റെ കല്പന:** കോട്ടയം ദേവലോകം ആർക്കൈവ്സിൽ നിന്ന് കണ്ടെടുത്ത ഈ കല്പന ചെങ്ങന്നൂരിൽ വച്ച് പില്ക്കാലത്ത് മാർത്തോമ്മാ നാലാമനായി തീർന്ന തോമ്മാ കശ്ശീശാ എഴുതിയതാണ്. ഈ സമകാലീനരേഖ 1685-ൽ വന്ന് മുളന്തുരുത്തിയിൽ കാലം ചെയ്ത ഈവാനിയോസിനെ യൂഹാനോൻ മാർ ഈവാനിയോസ് എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. നമ്മുടെ സഭാചരിത്രത്തിൽ ഇദ്ദേഹത്തെ ഹിദായത്തുള്ളാ എന്നാണ് വിശേഷിപ്പിച്ചു പോരാറുള്ളത്.

**12. 13. 14. മാർത്തോമ്മാ അഞ്ചാമന്റെ മൂന്ന് കത്തുകൾ:** ഈ കത്തുകളെപ്പറ്റി നമ്മുടെ സഭാചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടില്ല. 1751-ൽ വന്ന ശാക്രുള്ളാ ബാവായുടെ ഗ്രന്ഥശേഖരത്തിൽ നിന്നാണ് ഈ കത്തുകൾ ലഭിച്ചത്. കത്തുകളുടെ മാർജിനുകളിൽ കത്തുകൾ കിട്ടിയ വിവരവും മറ്റും അറബി ഭാഷയിൽ എഴുതി വെച്ചിട്ടുണ്ട്. വിദേശ സഭാദ്ധ്യക്ഷന്മാരുടെ വരവിനെപ്പറ്റി അതിശയോക്തിയും അത്യുക്തിയും കലർന്ന ഐതിഹ്യങ്ങളാണ് നമ്മുടെ സഭാചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളതെന്ന് ഈ കത്തുകളുടെ കണ്ടെത്തൽ വ്യക്തമാക്കുന്നു. 3 കത്തുകളും കാലം ചെയ്ത മാർ പോളിക്കാർപ്പോസ് മെത്രാച്ചന്റെ മുളന്തുരുത്തി പള്ളിയിൽ അദ്ദേഹം ശേഖരിച്ചിരുന്ന സുറിയാനി രേഖകളോടൊപ്പം ഈ ഗ്രന്ഥകാരൻ സൂക്ഷിക്കുന്നു. കത്തുകൾ പാശ്ചാത്യ സുറിയാനിയിൽ എഴുതപ്പെട്ടിരിക്കുന്നു.

**15.** കായംകുളം ഫീലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും ആത്മസുഹൃത്തുക്കളായിരുന്നു. തെക്കുഭാഗത്തേയും വടക്കു ഭാഗത്തേയും പ്രതിനിധാനം ചെയ്തിരുന്ന ഇവർ 6-ാം മാർത്തോമ്മായുടെ അനൗപചാരിക ഉപദേഷ്ടാക്കളും 8-ാം മാർത്തോമ്മായുടെ ഔപചാരിക ഉപദേഷ്ടാക്കളുമായിരുന്നു. ബുക്കാനൻ ദൗത്യത്തെപ്പറ്റിയുള്ള കൂടിയാലോചനകൾ, കണ്ടനാട് പടിയോലയുടെ രചന, വേദപുസ്തക വിവർത്തനം, 8-ാം മാർത്തോമ്മായ്ക്കെതിരായ നീക്കം എന്നിവയിൽ ഇവരുടെ നിർണ്ണായക സ്ഥാനം പഠനീയമാണ്. ഇട്ടൂപ്പ് റമ്പാൻ കോട്ടയം സെമിനാരി സ്ഥാപിച്ചപ്പോൾ അതിലെ പ്രധാന മല്പാനായി കായംകുളം റമ്പാനെ നിയമി

ക്കുവാൻ ആലോചിച്ചെങ്കിലും അതിനു മുമ്പേ അദ്ദേഹം നിര്യാതനായി. ഈ നിര്യാണത്തിൽ മനംനൊന്ത് ഇട്ടൂപ്പ് റമ്പാൻ സുറിയാനി ഭാഷയിൽ കൂക്കോയോ രാഗത്തിൽ എഴുതിയ വിലാപഗീതം, ഒരു പക്ഷേ കേരളത്തിലെ ഒന്നാമത്തെ വിലാപഗീതമാകാം. കൽദായ സുറിയാനിയിലെഴുതിയ ഈ ഗീതം കുന്നംകുളം പള്ളിയിൽ നിന്നും കണ്ടെടുത്തത് ഈ ഗ്രന്ഥകാരൻ സൂക്ഷിച്ചിട്ടുണ്ട്.

**16. തോമ്മാ അർക്കദിയാക്കോന്റെ കത്ത്:** കോട്ടയം പഴയസെമിനാരിയിലെ ആർക്കൈവ്സിൽ നിന്ന് കണ്ടെടുത്ത ഈ രേഖ വത്തിക്കാൻ ശേഖരത്തിൽ നിന്ന് ലഭിച്ചതാണ്. അതിന്റെ ഫോട്ടോക്കോപ്പി ഗ്രന്ഥകാരന്റെ കൈവശമുണ്ട്. കൂനൻകുരിശ് പ്രതിജ്ഞയ്ക്കു മുമ്പ് മലങ്കരസഭ പുലർത്തിയ പ്രക്ഷുബ്ധമായ മനസ്സിനെ ഈ കത്ത് അനാവരണം ചെയ്യുന്നു. കത്തും അടിയിലെ ഒപ്പും കൽദായ സുറിയാനിയിലാണ്.

**17.** അറബി – സുറിയാനി ഗാർസുനിയിൽ എഴുതപ്പെട്ട ഈ രേഖ തൊഴിയൂരിലെ അർക്കൈവ്സിൽ നിന്ന് ഈ ഗ്രന്ഥകാരൻ കണ്ടെടുത്തു. പ്രാരംഭവും ഉപസംഹാരവും ഇല്ല. അബ്ദുൽ ജലീൽ ഗ്രീഗോറിയോസ്, സിറിയൻ സഭയോടു ബന്ധപ്പെട്ട ഊർശ്ലേം പാത്രിയർക്കീസല്ല എന്ന് ഈ സ്താത്തിക്കോൻ തെളിയിക്കുന്നുണ്ട്. പൊന്നാനിയിൽ കപ്പലിറങ്ങി ചാട്ടുകുളങ്ങര (പാലൂർ) പള്ളിയിലെത്തിയ ഇദ്ദേഹത്തെ ചാട്ടുകുളങ്ങരക്കാർ സ്വീകരിക്കാതിരുന്നത് തന്മൂലമാകാം. രേഖയുടെ ഫോട്ടോകോപ്പി സൂക്ഷിച്ചിട്ടുണ്ട്.

**18. കുർബ്ബാനക്രമം:** മലങ്കരസഭ ഇന്നുപയോഗിച്ചു വരുന്ന കുർബ്ബാന ക്രമം മുളന്തുരുത്തി സുന്നഹദോസിന് ശേഷം അന്ത്യോഖ്യൻ രീതിയിൽ പരിഷ്ക്കരിക്കപ്പെട്ടതാണെന്ന് കുറുപ്പംപടിയിൽ നിന്നും കണ്ടെടുക്കപ്പെട്ട ഈ ക്രമം തെളിയിക്കുന്നു. ശീമയിലെ പിതാക്കന്മാരുടെ പേരുകൾ ഉൾപ്പെടുത്തുക മാത്രമല്ല, പുരോഹിത സ്ഥാനങ്ങളെ സംബന്ധിച്ച് പ്രാചീനസഭ പുലർത്തിയിരുന്ന ചില വിശ്വാസങ്ങളെയും ഈ തിരുത്തലുകൾ വ്യത്യാസപ്പെടുത്തുന്നു. 19-ാം നൂറ്റാണ്ടിൽ പ്രസിദ്ധീകരിച്ച ഈ ക്രമത്തിന്റെ 11 പതിപ്പുകളിൽ 5 പതിപ്പുകളുടെ കോപ്പികൾ ഗ്രന്ഥകാരൻ സൂക്ഷിക്കുന്നുണ്ട്.

**19. ഗ്രീഗോറിയോസിന്റെ പ്രബോധന ലേഖനം:** കൽദായ സുറിയാനിയിലെഴുതിയ ഈ രേഖ മുളന്തുരുത്തിയിലെ ആർക്കൈവ്സിൽ നിന്ന് കണ്ടെടുത്തു. മലങ്കരസഭയിൽ 1665-ന് മുമ്പ് പേറെദ്‌യൂത്താസ്ഥാനികൾ ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുന്ന ഈ രേഖ മലങ്കരസഭാചരിത്രം പുനരവലോകനം ചെയ്യുവാൻ നിർബന്ധിക്കുന്നു. മുളന്തുരുത്തിയിലെ ഈ രേഖ മാർ ഗ്രീഗോറിയോസിന്റെ ദ്വിഭാഷിയായി അറബിയും ഗാർസുനിയും പഠിക്കാൻ ശ്രമിച്ച ഒന്നാം മാർത്തോമ്മായുടെ കയ്പടയാണോ എന്ന് സംശയിക്കണം. 1647- ൽ ഒന്നാം മാർത്തോമ്മാ വിദേശത്തേയ്ക്കയച്ച കത്തിലെ

കൈയെഴുത്തും ഈ രേഖയിലെ കൈയെഴുത്തും സമാനമാണ്. രേഖയുടെ ഫോട്ടോകോപ്പി സൂക്ഷിക്കുന്നു.

**20. യൽദൊ ബസേലിയോസ് മഫ്രിയാന:** പാശ്ചാത്യ സുറിയാനിയിൽ മുഖ്യമായും എഴുതപ്പെട്ട ഈ രേഖ മാർ പോളിക്കാർപ്പോസ് മെത്രാച്ചന്റെ ഗ്രന്ഥശേഖരത്തിൽ നിന്ന് കണ്ടെടുത്തു. കൂദേദ്, ബെസ്രാ തുടങ്ങിയ നിരവധി സ്ഥലങ്ങളിലെ പട്ടംകൊടകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ബസ്സേലിയോസ് യൽദൊ കാതോലിക്കായും മഫ്രിയാനയും എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പേർഷ്യൻ പട്ടംകൊടക്രമത്തിൽ പട്ടമേല്ക്കുന്ന കശ്ശീശയ്ക്കു സ്ഥാനചിഹ്നമായി കുരിശും, കിരീടവും, തിരുശേഷിപ്പ് പേടകവും ഐക്കണും മറ്റും നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പട്ടംകൊട പള്ളി കൂദാശ, തൈലം കൂദാശ, കുർബ്ബാനതക്സാ എന്നീ ക്രമങ്ങൾ അടങ്ങിയ ഗ്രന്ഥസമുച്ചയത്തിന്റെ മൂലരേഖ ഗ്രന്ഥകാരൻ സൂക്ഷിക്കുന്നു.

**21. മാർ ഈവാനിയോസിന്റെ കടമറ്റം കല്പന:** ദേവലോകം ആർക്കൈവ്സിൽ നിന്ന് കിട്ടിയ ഈ രേഖയിൽ സുറിയാനി ആചാരങ്ങൾ, കാനോനാകൾ എന്നിവയോടൊപ്പം മലങ്കരസഭാ ചരിത്രത്തിന് അദ്ദേഹം നൽകിയ ഭാഷ്യങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഫോട്ടോകോപ്പി സൂക്ഷിക്കുന്നു.

**22. ഇന്ത്യയിലേക്കുള്ള യാത്രാവിവരണം:** കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ് ശേഖരിച്ച സുറിയാനി കയ്യെഴുത്തു ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ നിന്ന് കണ്ടെടുത്തത്. ഈദൃശ വിവരണങ്ങളുടെ പശ്ചാത്തലത്തിലാണ് *നിരണം ഗ്രന്ഥവരി* എഴുതപ്പെട്ടത്. ഇ. എം. ഫിലിപ്പ് ഒരു യാത്രാവിവരണം അവതരിപ്പിക്കുന്നതുമായി ഇതിന് യാതൊരു ബന്ധവുമില്ല. 1751-ൽ വന്ന സംഘത്തിൽ പലരും യാത്രാവിവരണമെഴുതിയിട്ടുണ്ടാവാം. ഈ വിവരണം പാശ്ചാത്യ സുറിയാനിയിൽ കോറെപ്പിസ്ക്കോപ്പാ ഗീവറുഗ്ഗീസ് (കാട്ടുമങ്ങാട്ട് കൂറിലോസിന്റെ ഗുരു) എഴുതിയിട്ടുള്ളതാണ്.

**23: കുന്നംകുളം ബൈബിൾ പകർപ്പ്:** കൽദായ സുറിയാനിയിലെഴുതിയ ഈ പുസ്തകം കോട്ടയം 'സീരി'യിൽ നിന്ന് കണ്ടെടുത്തു. 1794-ൽ എഴുതിയ ഈ പുസ്തകം കുന്നംകുളം (ചിറളയം) ലാസറിന്റെ പള്ളിയിൽ വെച്ച് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ ശിഷ്യൻ കുത്തൂർ ഗീവർഗ്ഗീസ് ശെമ്മാശ്ശൻ നിർവ്വഹിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഗുരുശിഷ്യ ചിത്രത്തിന്റെ പശ്ചാത്തലത്തിലാണ് 1800 -ൽ കുന്നംകുളം സന്ദർശിച്ച ഫ്രാൻസിസ് ബുക്കാനൻ പരാമർശിക്കുന്ന (ശിഷ്യന്റെ അകമ്പടിയോടെ മാത്രം സഞ്ചരിക്കുന്ന അവിവാഹിതനായ, സഭാവിഷയങ്ങളിൽ പണ്ഡിതനായ 'കുന്നംകുളം പാപ്പാ' പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനാണെന്ന് ഈ ഗ്രന്ഥകാരൻ അഭ്യൂഹിക്കുന്നത്. ആ തലമുറയിൽ കുന്നംകുളം ഭാഗത്ത് മറ്റൊരു മല്പാൻ ജീവിച്ചിരുന്നതായി തെളിവുകളില്ല. ഈ കുത്തൂരെ ശെമ്മാശ്ശൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ കോട്ടയത്ത് സിമ്മ

നാരി ചുമതലയിലായിരുന്ന കാലത്തു കുന്നംകുളം മല്പാൻ പാഠശാലയിൽ കുത്തൂർ മല്പാനായി പ്രവർത്തിച്ചിരുന്നു. പിൽക്കാലത്ത് ഇദ്ദേഹത്തെയാണ് ചേപ്പാട് മെത്രാച്ചൻ തൊഴിയൂർ മെത്രാനായി വാഴിച്ചത്. ഇദ്ദേഹത്തിന്റെ പ്രേഷ്ഠ ശിഷ്യരായിരുന്നു ആലത്തൂർ ജോസഫ് കത്തനാരും കോലാടി ചാക്കുണ്ണി കത്തനാരും. മെത്രാൻ സ്ഥാനാർത്ഥികളായ ഇവരിൽ ആലത്തൂക്കാരൻ കശ്ശീശായെ പാലക്കുന്നത്ത് മെത്രാച്ചൻ മെത്രാൻ സ്ഥാനം കൊടുത്ത് പാട്ടിലാക്കി.

**24. 25. പുലിക്കോട്ടിൽ മൽപ്പാൻ വിവർത്തനം ചെയ്ത പഴയനിയമം:** കുന്നംകുളത്തെ പ്രശസ്തമായ പനയ്ക്കൽ കുടുംബത്തിൽ നിന്ന് കണ്ടെടുത്ത ഈ പുസ്തകത്തിന്റെ ചില ഭാഗങ്ങൾ കോട്ടയം പഴയസെമിനാരി ആർക്കൈവ്സിലുണ്ട്. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ ചുമതലയിൽ ബൈബിൾ വിവർത്തനം പൂർണ്ണമായും പഴയസെമിനാരിയിൽ വച്ച് നിർവ്വഹിച്ചതായി ബെയ്ലി – മൺറോ – തോംസൺ കത്തുകളിൽ നിന്ന് വ്യക്തമാവുന്നുണ്ട് (പി. ചെറിയാന്റെ സഭാചരിത്രം പരിശോധിക്കുക). അപ്രകാരം വിവർത്തനം ചെയ്യപ്പെട്ടതിന്റെ പല ഭാഗങ്ങളും ഇനിയും കണ്ടുകിട്ടിയിട്ടില്ല. സങ്കീർത്തനങ്ങൾ, സുവിശേഷങ്ങൾ, ചില പഴയനിയമ പുസ്തകങ്ങൾ എന്നിവ ലഭ്യമാണ്. ഇവയിലെ ഭാഷാരീതി അസ്വീകാര്യമായതിനാലാണ് ഇവ ഉപേക്ഷിക്കപ്പെട്ടത്. പകരം ബെയ്ലിയുടെ വിവർത്തനം രൂപംകൊള്ളുകയും ചെയ്തു. 1829–ലെ ബെയ്ലി ബൈബിളിന്റെ ചരിത്രം പി. ചെറിയാന്റെ സഭാചരിത്രത്തിൽ ഉദ്ധരിച്ച കത്തുകളിൽ നിന്ന് മനസ്സിലാക്കാം. ഇതുവരെ ലഭിച്ച വേദപുസ്തക ഭാഗങ്ങളും മൽപ്പാന്റെ കുർബ്ബാനക്രമത്തിലെ ഭാഷയും ശൈലിയും ലിപി വ്യത്യാസവും സമാനമാണ്. ഗ്രന്ഥകാരന്റെ 'സഭാ ജ്യോതിസ്' എന്ന ജീവചരിത്രഗ്രന്ഥം (പുറം. 106, 107) പരിശോധിക്കുക.

**26. മുളന്തുരുത്തി ഗ്രന്ഥവരി:** 1685–ൽ വന്ന മാർ ബസ്സേലിയോസ് യൽദൊ ബാവാ, മാർ ഈവാനിയോസ് ഇവരെപ്പറ്റി വിപ്ലവാത്മകമായ വിവരങ്ങൾ നൽകുന്ന ഈ രേഖ മുളന്തുരുത്തിക്കാരൻ മാർ പോളിക്കർപ്പോസ് മെത്രാച്ചന്റെ ഗ്രന്ഥശേഖരത്തിൽ നിന്ന് കണ്ടെടുത്തു. പല ഐതിഹ്യങ്ങളെയും നിഷേധിക്കുന്ന ഈ രേഖ പ്രാചീന മലയാള ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നു. അർമ്മീനിയൻ വ്യാപാരികൾ മുഖേനയാണ് ഈ വിദേശ സഭാദ്ധ്യക്ഷന്മാർ വന്നതെന്ന് ഈ രേഖ സംശയരഹിതമായി വ്യക്തമാക്കുന്നു. സിറിയൻ – മലങ്കരസഭാ ബന്ധങ്ങളെപ്പറ്റി ചില പുത്തൻ ഉൾക്കാഴ്ചകൾ ഈ രേഖ നൽകുന്നു. അങ്കമാലിയ്ക്ക് ശേഷം കുറേക്കാലം മുളന്തുരുത്തിപ്പള്ളി സഭാകേന്ദ്രമായി പ്രവർത്തിച്ചു എന്ന് ഈ രേഖ വ്യക്തമാക്കുന്നു. മലങ്കര വികാരി എന്ന നിയമനം ആദ്യമായി കാണുന്നതും ഈ രേഖയിലാണ്.

**27. പാലൂർ മെത്രാസനം:** ഇന്നത്തെ പാലയൂർ പള്ളി 1800 വരെ ചാവ

ക്കാട് പള്ളി എന്ന പേരിൽ അറിയപ്പെട്ടു. അക്കാലങ്ങളിൽ അതിന് തോമ്മാ ശ്ലീഹായുമായി ബന്ധമുണ്ടെന്ന് ആരും രേഖപ്പെടുത്തിയിട്ടില്ല. 19–ാം നൂറ്റാണ്ടിന്റെ ആദ്യ ശതകത്തിൽ പഴയകൂർ – പുത്തൻകൂർ വിഭജനം ചാട്ടുകുളങ്ങര (പാലൂർ) പള്ളിയിൽ പൂർത്തീകരിച്ചപ്പോൾ പൂർവ്വിക പള്ളി നഷ്ടപ്പെട്ടുവെങ്കിലും പൂർവ്വിക പേരായ പാലൂർ എന്ന പദം കൊണ്ട് തങ്ങൾക്കു കിട്ടിയ ചാവക്കാട് പള്ളിയെ പഴയകൂറ്റുകാർ വിശേഷിപ്പിച്ചു. പുതിയകൂറ്റുകാരുടെ പള്ളി കിട്ടിയ ആഹ്ലാദത്തിൽ പഴയ പേരിന്റെ സ്ഥാനത്ത് ആർത്താറ്റ് എന്ന് പേർ സ്വീകരിക്കുകയും ചെയ്തു. പഴയകൂറ്റുകാരെ പള്ളിയിൽ നിന്ന് ആർത്ത് ആട്ടി ഇറക്കുക എന്ന ആഹ്വാനമാകാം ആർത്താട്ട് എന്ന ശബ്ദത്തിന്റെ ആദിസ്വരൂപം. ഇന്ന് പാലയൂരിൽ കാണുന്ന എല്ലാ ചരിത്ര പ്രാധാന്യവും ഒന്നൊന്നര നൂറ്റാണ്ടുകൊണ്ട് പ്രചരിപ്പിച്ച് സംഘടിപ്പിച്ചെടുത്തതാണ്. മാർത്തോമ്മാശ്ലീഹായുടെ കേരളസന്ദർശനം 20–ാം നൂറ്റാണ്ടിന്റെ പകുതിയിൽ പോലും ഔദ്യോഗികമായി അംഗീകരിക്കാതിരുന്ന ഒരു സഭ പില്ക്കാലത്ത് സെന്റ് തോമസിന്റെ പേരിലുള്ള ദേവാലയമായി ചാവക്കാട്ടുപള്ളിയെ വികസിപ്പിച്ചെടുത്തതാണ് പാലയൂർ പള്ളിപ്പുരാണം. അതിന്റെ പ്രസിദ്ധമായ ഒരു തെളിവാണീ രേഖ. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ കേരളത്തിലെത്തിയ അബ്ദുള്ളാ പാത്രിയർക്കീസിന്റെ ഈ കല്പനയിൽ ചാട്ടുകുളങ്ങരയെ പാലൂർ എന്നും ചാട്ടുകുളങ്ങര മെത്രാസനത്തെ പാലൂർ മെത്രാസനമെന്നും വിളിച്ചിരിക്കുന്നു. ചാട്ടുകുളങ്ങര (പാലൂർ) ഒരു കാലത്ത് മലങ്കരയിലെ ആദ്യ മെത്രാസനമായിരുന്നുവോ? സെന്റ് തോമസ് പൈതൃകം ചാട്ടുകുളങ്ങര പള്ളിയ്ക്കുണ്ടെന്ന് പുത്തേഴത്തു രാമമേനോൻ *ശക്തൻതമ്പുരാനിൽ* സംശയരഹിതമായി രേഖപ്പെടുത്തിയിട്ടുണ്ട്. ചാട്ടുകുളങ്ങര (പാലൂർ) പള്ളിയുൾപ്പെട്ട പ്രദേശത്തെ തലപ്പള്ളി എന്ന് വിളിച്ചതുകൊണ്ടാണോ പില്ക്കാലത്ത് താലൂക്കുകൾക്ക് പേരിട്ടപ്പോൾ തലപ്പള്ളി നില്ക്കുന്ന ഭാഗത്തിന് തലപ്പിള്ളി താലൂക്ക് എന്ന് പേരായത്? രേഖയുടെ അസ്സൽ ഗ്രന്ഥകാരന്റെ കൈവശമുണ്ട്. ഈ കല്പന തൃശൂരിലെ ഓർത്തഡോക്സ് ദേവാലയത്തിൽ നിന്നാണ് കണ്ടെടുത്തത്.

**28. കർസോനിരേഖ:** തൃശ്ശൂർ മാർ അപ്രേം മെത്രാപ്പോലീത്തായുടെ ആസ്ഥാനത്തുള്ള നെസ്തോറിയൻ ആർക്കൈവ്സിൽ നിന്ന് ഇതു കണ്ടെടുത്തു. സാധാരണ ചരിത്രങ്ങളും ഐതിഹ്യങ്ങളും എഴുതിവയ്ക്കുവാൻ കർസോനി ഭാഷ ഉപയോഗിച്ചിരുന്നു എന്ന് ഈ രേഖ ബോധ്യപ്പെടുത്തുന്നു. ഇതിന്റെ ഫോട്ടോകോപ്പി സൂക്ഷിച്ചിട്ടുണ്ട്.

**29. സുസ്താത്തിക്കോൻ 1685:** പാശ്ചാത്യ സുറിയാനിയിലെഴുതപ്പെട്ട ഈ രേഖ തൊഴിയൂർ ഇടവകയുടെ ആർക്കൈവ്സിൽ നിന്ന് കണ്ടെടുത്തു. ഇതിന്റെ തുടക്കവും അവസാനവും രേഖപ്പെടുത്തിയ ഭാഗം ജീർണ്ണിച്ച് നഷ്ടപ്പെട്ടുപോയിരിക്കുന്നു. മൂറോൻ കൂദാശ നിർവ്വഹിക്കുവാൻ ഈ രേഖ

യിലൂടെ പ. യൽദൊ ബാവാ, മാർ ഈവാനിയോസിനെ മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് അവരോധിച്ചപ്പോൾ അധികാരപ്പെടുത്തിയിരിക്കുന്നു. മെത്രാപ്പോലീത്തായെ മൂറോൻ കൂദാശ ചെയ്യുവാൻ അധികാരപ്പെടുത്തുന്ന ഹൂദായകാനോൻ മാത്രമേ യൽദൊ മഫ്രിയാന അറിഞ്ഞിരുന്നുള്ളൂ എന്ന് ഇത് വ്യക്തമാക്കുന്നു. മലങ്കരസഭയിലെ കാനോൻ തർക്കം പരിഹരിക്കുവാൻ, ഇരു വിഭാഗവും പരിശുദ്ധനായി പ്രഖ്യാപിക്കുന്ന കോതമംഗലം ബാവായുടെ ഈ സ്താത്തിക്കോൻ കണ്ടെടുത്തത് മൂലം സാധിക്കേണ്ടതാണ്.

**30. പ്രാചീന തക്സായിലെ ഖണ്ഡിപ്പിന്റെ ക്രമം:** ഇപ്പോൾ തക്സായിൽ ഖണ്ഡിപ്പിന്റെ ക്രമത്തിൽ 3 ഖണ്ഡികകൾ ഉള്ളത് പ്രാചീന ക്രമത്തിലും ഉണ്ടായിരുന്നുവെങ്കിലും അവയിൽ ഏതെങ്കിലും ഒന്ന് മാത്രം ഉപയോഗിച്ചാൽ മതി എന്ന് നിർദ്ദേശിക്കുന്നു. 'ഫ്രോസോ' എന്ന പദം ഓരോ പ്രാർത്ഥനയ്ക്കും ഇടയിൽ മുമ്പുണ്ടായിരുന്നു. ആരാധനക്രമങ്ങളിൽ വന്നതും വരുത്തിയതുമായ മാറ്റങ്ങളുടെ ചരിത്ര പഠനത്തിൽ ഇദൃശ വ്യത്യസ്തതകൾക്കു പ്രാധാന്യമേറും (രേഖ പ്രാചീനമായ കൽദായ സുറിയാനിയിലെഴുതിയത് നിരണത്തു നിന്ന് കണ്ടെടുത്തു. കേരളത്തിൽ ആദ്യം അച്ചടിച്ച തക്സായിൽ പോലും ഈ പദങ്ങളുണ്ടായിരുന്നത് അടുത്ത കാലത്താണ് അപ്രത്യക്ഷമായത്).

**31. വിശ്വാസപ്രമാണത്തിന് മുമ്പ് ആശീർവാദം:** പഴയ കൽദായ തക്സാകളിൽ വേദപഠിതാക്കളെ പിരിച്ചുവിടുന്നതിന്റെ ഒരു ആശീർവാദം കിടപ്പുണ്ട്. ഒരു സമാധാനാശംസയുമുണ്ട്. അതിനുശേഷമാണ് ധൂപക്കുറ്റി വാഴ്ത്തൽ. ഗവേഷകാർഹമാണ് ഇത്. മലങ്കരയിൽ പൂർവ്വകാലത്തു ഉപയോഗിച്ചിരുന്ന ഒരു പൂർവ്വിക തക്സായുടെ അവശിഷ്ടമാകാം ഇത്.

**32.** മാമ്മൂദീസായിൽ ആൺകുട്ടികളേയോ പെൺകുട്ടികളേയോ മദ്ബഹായിൽ പ്രവേശിപ്പിക്കുന്ന പതിവ് മലങ്കരസഭയിൽ ഉണ്ടായിരുന്നില്ല. ഗ്രന്ഥകാരൻ കണ്ടെടുത്തു പരിശോധിച്ച നിരവധി കൈയെഴുത്തു ക്രമങ്ങളിലൊന്നാണീ രേഖ.

**33. കശ്ശീശായുടെ സ്ഥാനചിഹ്നങ്ങൾ:** പകലോമറ്റം മാർത്തോമ്മാ മെത്രാന്മാരിലൊരാളെഴുതിയ ഈ പട്ടംകൊട പുസ്തകത്തിൽ പട്ടമേല്ക്കുന്ന പുരോഹിതന് സ്ഥാനചിഹ്നങ്ങളായി സ്ലീബാ, ഐക്കൺ തുടങ്ങിയവ നൽകുവാൻ നിർദ്ദേശിച്ചിരിക്കുന്നു. അന്ത്യോഖ്യൻ ക്രമങ്ങളിൽ കാണാത്ത ഈ നിർദ്ദേശം സിറിയൻ സഭയുടേതല്ലാത്ത ഒരു പട്ടംകൊട ക്രമം മലങ്കരസഭയിൽ പ്രചാരത്തിലിരുന്നു എന്ന് സൂചിപ്പിക്കുന്നു.

**34. മെശഹോദ്കുദിശോ:** മാമ്മൂദീസാക്രമത്തിൽ ഈ ഗാനം മുമ്പില്ലായിരുന്നു. 'തവഹൃദയം ബലമാർന്നീടട്ടെ' എന്നാരംഭിക്കുന്ന ഗാനമേ സ്ഥിരീകരണത്തിന്റെ കൂദാശയായ മൂറോനഭിഷേക സമയത്തു ചൊല്ലിയിരുന്നുള്ളൂ. ആ ചടങ്ങിന് പൗരോഹിത്യവുമായി ഒരു ബന്ധവുമില്ലായി

രുന്നു. പത്രോസ് മൂന്നാമൻ കൂട്ടിച്ചേർത്തതാണ് ഈ ഗാനമെന്ന് ആദ്യ പതിപ്പുകളിൽ പ്രസ്താവിച്ചിരുന്നതായി ഈ രേഖ വ്യക്തമാക്കുന്നു.

**35. വിവർത്തനത്തിന്റെ മറവിൽ നവീകരണം:** പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസും തുടർന്ന് തോമസ് മാർ അത്താനാസ്യോസും നവീകരണ സംരംഭങ്ങളെ വളർത്താനുപയോഗിച്ച ചില മാർഗ്ഗങ്ങൾ ചോദ്യം ചെയ്യപ്പെടാതെ വയ്യ. മലയാളത്തിലുള്ള ആരാധനകൾക്കായി ദാഹിച്ച സമൂഹത്തിന് മലയാളത്തിൽ ആദ്യമായി ആരാധനക്രമങ്ങൾ പൂർണ്ണമായി ലഭിച്ചു. തങ്ങൾ പുരാതനമായി സുറിയാനി ഭാഷയിൽ മാത്രം നടത്തിവരുന്ന ആരാധനക്രമങ്ങളുടെ പരിഭാഷ എന്ന നിലയിലാണ് അവ സ്വാഗതം ചെയ്യപ്പെട്ടത്. സുറിയാനിക്രമങ്ങളുടെ അസ്സൽ പരിഭാഷയാണെന്നാണ് നേതാക്കളും വിവർത്തകരും അവകാശപ്പെട്ടത്. അതിനപ്പുറം ഒരന്വേഷണം ആരും നടത്തിയിട്ടില്ല. അപ്പോഴേക്കും മുടക്കും ബദൽ മെത്രാനും കോടതിയും ഒക്കെ ആയപ്പോൾ സഭാന്തരീക്ഷത്തിന്റെ പിരിമുറുക്കം ഏറെ വർദ്ധിച്ചു. അവിടെ പഠനവും ചർച്ചയും അസാധ്യമായത് സ്വാഭാവികം. എന്നാൽ ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ വിവർത്തനങ്ങൾ എന്ന് ആണയിട്ട് പ്രസിദ്ധീകരിച്ച എല്ലാ ആരാധനക്രമങ്ങളിലും ചില കൈക്രിയകൾ നടത്തിയിരുന്നു എന്ന് വ്യക്തമാകും. അപ്രകാരമുള്ള ഒരു പുസ്തകമാണ് 20-ാം നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിൽ വിവർത്തകന്റെ പേരില്ലാതെ വിവർത്തനമെന്ന് അവകാശപ്പെട്ട് ജോഷ്വായുടെ പേരിൽ ഇറക്കിയ ഈ പള്ളിക്രമപുസ്തകം. മൂലഭാഷയിലെ ആശയങ്ങൾ നവീകരണത്തിനനുയോജ്യമായി വ്യത്യാസപ്പെടുത്തിയ ക്രമങ്ങൾ വിവർത്തനമെന്ന ലേബലിൽ ഇറക്കിയത് അനേകം പരമാർത്ഥ ബുദ്ധികളെ വഴിതെറ്റിച്ചുവോ എന്ന് സംശയിക്കണം. ഇത് ഉപരിഗവേഷണത്തിന് വിധേയമാക്കാവുന്നതാണ്.

**36. ആർത്താറ്റ് പടിയോല:** പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ സകല വിദേശ ബന്ധങ്ങളെയും ബഹിഷ്ക്കരിക്കുകയും മാർ ത്തോമ്മാ ശ്ലീഹായുടെ പൂർവ്വിക പാരമ്പര്യങ്ങളിൽ ഉറച്ചുനിൽക്കുകയും ചെയ്യുമെന്ന് ചാട്ടുകുളങ്ങരപ്പള്ളിക്കാർ ഭീഷ്മപ്രതിജ്ഞയെടുത്തു; പകലോമറ്റം മെത്രാന്മാരുടെ റോമ്മാമത പ്രേമമാണവരെ പ്രകോപിപ്പിച്ചത്. ഈ പടിയോല മലങ്കരസഭാ ചരിത്രത്തിലെ 'മാഗ്നാക്കാർട്ടാ' എന്ന് ഇതിനോടകം വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. മലങ്കരസഭാ ചരിത്രങ്ങളും, *നിരണം ഗ്രന്ഥവരി* എന്ന സമകാല ചരിത്രം പോലും അവഗണിച്ച ഈ പടിയോല തിരുവനന്തപുരം കാര്യവട്ടത്തുള്ള പുരാവസ്തു ശേഖരത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അതിന്റെ ഫോട്ടോ ഗ്രന്ഥകാരന്റെ കൈവശമുണ്ട്.

# മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ ചരിത്രം

**മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ നടന്ന തീയതിയും സ്ഥലവും അദ്ധ്യക്ഷന്റെ പേരും പ്രധാന തീരുമാനങ്ങളും താഴെ കൊടുക്കുന്നു.**

1. 8-9-1873. പരുമല. യൂയാക്കീം മാർ കൂറിലോസ് & പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് II. അസോസ്യേഷൻ രൂപീകരണം, മാനേജിംഗ് കമ്മിറ്റി, നിയമാവലി.

2. 27-30 ജൂൺ 1876. മുളന്തുരുത്തി. പത്രോസ് III, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് II. അസോസ്യേഷൻ; മാനേജിംഗ് കമ്മിറ്റി ഇവ ഉറപ്പിച്ചു; ധനാഗമ മാർഗ്ഗങ്ങൾ തീരുമാനിച്ചു.

3. 27-30 ജനുവരി 1877. വെളിയനാട്. പത്രോസ് തൃതീയൻ. പ്രതിനിധികൾ യോഗം ബഹിഷ്കരിച്ചു.

4. 18-2-1878. പരുമല. പുലിക്കോട്ടിൽ ദ്വിതീയൻ. പുതിയ കമ്മിറ്റി. നവീകരണക്കേസ്. പണപ്പിരിവ്.

5. 26-4-1879. പുതുപ്പള്ളി. പുലിക്കോട്ടിൽ ദ്വിതീയൻ. പള്ളികൾ 4 ക്ലാസ്. പിരിവ് നിശ്ചയിച്ചു.

6. 11-13 സെപ്റ്റംബർ 1886. പഴയസെമിനാരി. പുലിക്കോട്ടിൽ ദ്വിതീയൻ. പള്ളിവരുമാനം 5% പൊതുവിന്. കോനാട്ട് യോഹന്നാൻ മല്പാൻ, കുന്നുംപുറത്ത് കോര ഉലഹന്നാൻ കൂട്ടുട്രസ്റ്റിമാർ.

7. 30-31 മാർച്ച് 1892. പഴയസെമിനാരി. പുലിക്കോട്ടിൽ ദ്വിതീയൻ. 24 കമ്മിറ്റി അംഗങ്ങൾ. നടപടിക്രമം (കമ്മിറ്റിയുടെ).

8. 21-23 നവംബർ 1895. പഴയസെമിനാരി. പുലിക്കോട്ടിൽ ദ്വിതീയൻ. കോനാട്ട് മാത്തൻ മല്പാനെ ട്രസ്റ്റിയായി തിരഞ്ഞെടുത്തു.

9. 24, 25 ഏപ്രിൽ 1901. പഴയസെമിനാരി. പുലിക്കോട്ടിൽ ദ്വിതീയൻ. സി. ജെ. കുരിയൻ ട്രസ്റ്റി. പുതിയ 24 പേർ. മലങ്കര മെത്രാന്റെ ജൂബിലി ആഘോഷിക്കും.

10. 27-2-1908. പഴയസെമിനാരി. പുലിക്കോട്ടിൽ ദ്വിതീയൻ. വട്ടശ്ശേരിൽ റമ്പാൻ, കൊച്ചുപറമ്പിൽ റമ്പാൻ, മെത്രാൻ തെരഞ്ഞെടുപ്പ്. 26 പുതിയ അംഗങ്ങൾ.

11. 25-27 നവംബർ 1909. പഴയസെമിനാരി. അബ്ദുള്ളാ II പാത്രിയർക്കീസ്. ലൗകീകാധികാരം - തീരുമാനമില്ല.

12. 7-9-1911. കോട്ടയം എം. ഡി. വട്ടശ്ശേരിൽ ദീവന്നാസ്യോസ്. പാലപ്പിള്ളിൽ മാണി പൗലൂസ് അച്ചൻ, ചിറക്കടവിൽ കൊച്ചുകോരുള ട്രസ്റ്റിമാർ.

13. 4-9-1930. പഴയസെമിനാരി. വട്ടശ്ശേരിൽ ദീവന്നാസ്യോസ്. മെത്രാൻ സ്ഥാനാർത്ഥികൾ. 36 കമ്മിറ്റിക്കാർ. ഭരണഘടനാ കമ്മിറ്റി.

14. 10-7-1931. എം. ഡി. വട്ടശ്ശേരിൽ ദീവന്നാസ്യോസ്. എറികാട്ട് ജോസഫ് ട്രസ്റ്റി.

15. 26-12-1934. എം. ഡി. ഗീവറുഗീസ്സ് II കാതോലിക്കാ. ബാവായെ മലങ്കര മെത്രാനാക്കി. ഭരണഘടന അംഗീകരിച്ചു. 60 കമ്മിറ്റിക്കാർ. 1. മെത്രാൻ സ്ഥാനാർത്ഥി. 10 പേർ വർക്കിംഗ് കമ്മിറ്റി. കാതോലിക്കാനിധി.

16. 17-5-1951. എം. ഡി. ഗീവറുഗീസ്സ് II. ഭരണഘടനാ ഭേദഗതി. 2 മേല്പട്ടസ്ഥാനി.

17. 26-12-1958. പുത്തൻകാവ്. ഗീവറുഗീസ്സ് II. കമ്മിറ്റി 66 + 15 പേർ.

18. 16-8-1959. എം. ഡി. ഗീവറുഗീസ്സ് II. മണലിൽ അച്ചൻ, ഉപ്പൂട്ടിൽ ഏബ്രഹാം ട്രസ്റ്റിമാർ. മറുഭാഗം മെത്രാന്മാരെ സ്വീകരിച്ചു.

19. 17-5-1962. നിരണം. ഗീവറുഗീസ്സ് II. കമ്മിറ്റി 72 പേർ. 18 നോമി നേഷൻ. ഔഗേൻ മാർ തീമോത്തിയോസ് പിൻഗാമി.

20. 28-12-1965. എം. ഡി. ഔഗേൻ ബാവാ. ടി. എം. ഏബ്രഹാം കോറി ട്രസ്റ്റി. 5 പേർ മേല്പട്ടം. കമ്മിറ്റി (86+22).

21. 31-12-1970. എം. ഡി. ഔഗേൻ I. മാർ അത്താനാസ്യോസ് പിൻഗാമി. കമ്മിറ്റി (86+22).

22. 7-10-1974. നിരണം. മാത്യൂസ് മാർ ഈവാനിയോസ്. 5 മെത്രാച്ചന്മാർ. കമ്മിറ്റി (86+22).

23. 16-5-1977. മാവേലിക്കര. മാത്യൂസ് I കാതോലിക്കാ. 5 മെത്രാന്മാർ.

24. 1-5-1980. എം. ഡി. മാത്യൂസ് I. പിൻഗാമി. പി. സി. ഏബ്രഹാം ട്രസ്റ്റി. കമ്മിറ്റി (90+24).

25. 28-12-82. തിരുവല്ല. മാത്യൂസ് I. കോനാട്ട് ഏബ്രഹാം മല്പാൻ ട്രസ്റ്റി. 5 മെത്രാന്മാർ.

26. 23-10-85. എം. ഡി. മാത്യൂസ് I. മാനേജിംഗ് കമ്മിറ്റി (90+24).

27. 29-12-87. എം. ഡി. മാത്യൂസ് I. ഫാ. മത്തായി നൂറനാൽ വൈദിക ട്രസ്റ്റി.

28. 28-12-89. പത്തനംതിട്ട. മാത്യൂസ് I. 5 മെത്രാന്മാർ. കമ്മിറ്റി 108+30.

29. 10-9-92. പരുമല. മാത്യൂസ് II കാതോലിക്കാ. പിൻഗാമി. 2 മെത്രാന്മാർ.

30. 26-5-94. പരുമല. മാത്യൂസ് II. കമ്മിറ്റി (108+30).

31. 20-3-2002. പരുമല. മാത്യൂസ് II. കാതോലിക്കാ സ്ഥാനം സ്ഥിരീ കരിച്ചു. കമ്മിറ്റി (108+30). മളീമറ് നിരീക്ഷകൻ.

32. 10-6-2004. പരുമല. മാത്യൂസ് II. വൈദികട്രസ്റ്റി. 4 മെത്രാന്മാർ.

33. 21-9-2006, 12-10-2006. പരുമല. ദിദിമോസ് I കാതോലിക്കാ. പിൻഗാമിയെ തെരഞ്ഞെടുത്തു.

# ഗ്രന്ഥസൂചിക


അച്യുതമേനോൻ സി., *കൊച്ചിൻ സ്റ്റേറ്റ് മാനുവൽ.*
അബ്രഹാം (ഫാ.) കോനാട്ട്, *ഹൂദായകാനോൻ.*
അബ്ദുൽ ആഹാദ് റമ്പാൻ, *സുറിയാനി സഭാചരിത്രം.*
അബ്രഹാം സി. ഇ. (ഫാ.), *സഭാചരിത്ര സംഗ്രഹം.*
ബർണാദ് തോമ്മാ (ഫാ.), *മാർത്തോമ്മാ ക്രിസ്ത്യാനികൾ* (2 വാല്യം).
ബാബു പോൾ, ഡി. (ഡോ.), *വിനി വിസി വിഡി.*
ബാബു പോൾ, ഡി. (ഡോ.), *എ സെയിന്റ് ഫ്രം കൂദേദ്.*
ബാർ എബ്രായ, *ഹൂദായ കാനോൻ* (അച്ചടിയും കൈയെഴുത്തും).
ബ്രൗൺ, എൽ. ഡബ്ലിയു. (ബിഷപ്പ്), *ദി ഇന്ത്യൻ ക്രിസ്ത്യൻസ് ഓഫ് സെന്റ് തോമസ്*, 1956.
ബുക്കാനൻ, ക്ലോഡിയസ്, *ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യാ,* 1819.
ബുക്കാനൻ, ക്ലോഡിയസ്, *റമ്പാൻ ബൈബിൾ.*
ബുക്കാനൻ, ഫ്രാൻസിസ്: *ഫ്രാൻസിസ് ബുക്കാനന്റെ കേരളം,* 1981.
കാൽഡ്വൽ (ബിഷപ്പ്), *ദ്രാവിഡ ഭാഷാ വ്യാകരണം.*
ചാൾസ് ബിഗ്ഗ്, ദി *ക്രിസ്ത്യൻ പ്ലാറ്റോണിസ്റ്റ്സ് ഓഫ് അലക്സാണ്ട്രിയ*
ചാക്കോ പുലുത്തുരുത്തിൽ, *മാർ ദിവന്നാസ്യോസ് ചരിത്രഗാനം,* 1901.
ചാക്കോ. ടി. സി., *മലങ്കര മാർത്തോമ്മാ സഭാചരിത്രം*, 1936
ചെറിയാൻ സി. പി. ഡോ., *ഓർത്തഡോക്സ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യ.*
ചെറിയാൻ പി., *ദി മലബാർ സിറിയൻസ് ആൻഡ് ദി സി.എം.എസ്.,* 1940.
ചേടിയത്ത് ജി., *ബാർ എബ്രായ സഭാചരിത്രം*
ചേടിയത്ത് ജി., *ആദിമ സഭാ പിതാക്കന്മാർ*
ചുമ്മാർ ചൂണ്ടൻ (ഡോ.), *ക്രിസ്ത്യൻ ഫോക്ക് സോങ്സ്,* 1983.
ഡേവിഡ്. കെ. (ഫാ.), *മലങ്കര സുറിയാനി സഭ* (മൂന്നാം പതിപ്പ്), 1959.
ഡേവിഡ് ഡാനിയേൽ, *ദി ഓർത്തഡോക്സ് ചർച്ച് ഓഫ് ഇന്ത്യ,* 1972.
ദീവന്നാസ്യോസ് ജോസഫ് പുലിക്കോട്ടിൽ II, *ഒരു പരദേശ യാത്രയുടെ കഥ.*
ദീവന്നാസ്യോസ് ജോസഫ് പുലിക്കോട്ടിൽ II, *കുർബ്ബാന തക്സാ (സുറിയാനി).*
ദീവന്നാസ്യോസ് ഗീവറുഗ്ഗീസ് (വട്ടശ്ശേരിൽ), *മതോപദേശസാരം.*
ദീവന്നാസ്യോസ് ഗീവറുഗ്ഗീസ് (വട്ടശ്ശേരിൽ), *കുർബ്ബാനാക്രമം.*
ഗാലറ്റ് എം., *ദി ഡച്ച് ഇൻ മലബാർ,* 1984.
ഗീവറുഗ്ഗീസ് നെടുന്തള്ളിൽ. ഫാ., *യൽദൊ മാർ ബസ്സേറിയോസ്സ്*
ഗീവറുഗ്ഗീസ് ആത്തുങ്കൽ (കോറി), *കുറുപ്പമ്പടി പള്ളിച്ചരിത്രം,* 1981.
ജോർജ്ജ് മേനാച്ചേരി (പ്രൊഫ.), *സെന്റ് തോമസ് ക്രിസ്ത്യൻസ് ഇൻ ഇന്ത്യാ എൻസൈക്ലോപീഡിയ,* 1973.
ഗോപാലകൃഷ്ണൻ. പി. കെ., *കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം.*
ഗ്രീഗോറിയോസ്. പരുമല, *ഊർശ്ലേം യാത്രാ വിവരണം.*
ഹഫ് ജെയിംസ്, *എ ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യാ* (4 Vols), (1939–1945).

ഹഫ് പിയേഴ്സൺ, *മെമ്മോയേഴ്സ്... ഓഫ് ബുക്കാനൻ,* 1812.
ഹണ്ട്. ഡബ്ലിയു. എസ്., *ദി ആംഗ്ലിക്കൻ ചർച്ച് ഇൻ ട്രാവൻകൂർ ആൻഡ് കൊച്ചിൻ (1816-1916)*, 1920.
ഇഞ്ചക്കലോടി. (ഫാ.), *മാർ ഈവാനിയോസ് (പാർട്ട് 1, 2),* 1957.
ഇട്ടൂപ്പ് റൈട്ടർ. പുകടിയിൽ, *സുറിയാനി സഭാ ചരിത്രം*, 1906.
ഈവാനിയോസ് (ആർച്ച് ബിഷപ്പ്), *ഗിരിദീപം.*
ഫാ. ജേക്കബ് പനയ്ക്കൻ, *വി. കുർബ്ബാനധ്യാനം*, 1905.
ഫാ. ജേക്കബ് പനയ്ക്കൻ, മാർ ദീവന്നാസ്യോസ് ദശകത്രയം, 1909.
ഫാ. ജേക്കബ് പനയ്ക്കൻ, *സുറിയാനി കീർത്തനമാല.*
ജോസഫ് എൻ. കെ., *ജാതിയ്ക്ക് കർത്തവ്യൻ ഗീവറുഗ്ഗീസ്.*
ജോസഫ്. പി. എം. (ഫാ.), *കാലം ചെയ്ത അച്ചൻ,* 1983.
ജോസഫ്. പി. എം. (ഫാ.), *എം. ഡി. സെമിനാരി സ്ഥാപകൻ.*
ജോസഫ് ചീരൻ (ഫാ. ഡോ.), *സഭാജ്യോതിസ്*, 1991.
ജോസഫ് ചീരൻ (ഫാ. ഡോ.), മലങ്കരസഭയും കേരള സംസ്ക്കാരവും, 1994.
ജോസഫ് ചീരൻ (ഫാ. ഡോ.), *ഇന്ത്യൻ ഓർത്തഡോക്സ് സഭ,* 1994.
ജോസഫ് ചീരൻ (ഫാ. ഡോ.), *മഹാത്മാവായ കർമ്മയോഗി,* 1994.
ജോസഫ് ചീരൻ (ഫാ. ഡോ.), *വട്ടശ്ശേരിൽ തിരുമേനി,* 2001.
ജോസഫ് ചീരൻ (ഫാ. ഡോ.), *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും*, 2002.
ജോസഫ് ചീരൻ (ഫാ. ഡോ.), *പാത്രിയർക്കീസന്മാരുടെ അധികാര ദുർവിനിയോഗം,* 2006.
ജോസഫ് ചീരൻ (ഫാ. ഡോ.), *ഇന്ത്യൻ ഓർത്തഡോക്സ് സഭ: സംസ്ക്കാര പഠനങ്ങൾ,* 2005
ജോസഫ് ചീരൻ (ഫാ. ഡോ.), *മലങ്കരസഭയുടെ പ്രവാചകൻ.*
ജോസഫ് ചീരൻ (ഫാ. ഡോ.), *ഭാരതത്തിലെ പ്രാചീന ബൈബിൾ*, 2000.
ജോസഫ് ചീരൻ (ഫാ. ഡോ.), *സെമിനാർ പ്രബന്ധങ്ങൾ*, 1991.
ജോസഫ് ചീരൻ (ഫാ. ഡോ.), ബൈബിളും ആധുനിക മലയാള കവിതകളും, 2002.
ജോസഫ് നെടുങ്കുന്നം, *തച്ചിൽ മാത്തു തരകൻ.*
ജോസഫ്. കെ. സി. (ഫാ.) (എഡി.), *കൊച്ചി ഭദ്രാസന ഡയറക്ടറി.*
ജോൺ സ്റ്റുവർട്ട്, *നെസ്തോറിയൻ മിഷനറി എന്റർപ്രൈസ്*, 1928.
കുഞ്ഞൻപിള്ള ഇളംകുളം, *കേരളത്തിലെ ഇരുളടഞ്ഞ ഏടുകൾ*, 1953.
കുഞ്ഞാത്തു, പി. സി., *ആർത്താറ്റ് പള്ളിചരിത്രം*, 1946.
കുരിയാച്ചൻ, ഈക്കാക്കു, ആർത്താറ്റ് പള്ളിയുടെ ചരിത്രപ്പാട്ട്, 1825.
കുറിയാക്കോസ് എം. കെ., ഹിസ്റ്ററി... സോഴ്സ് മെറ്റീരിയൽ, 1982.
കുറിയാക്കോസ് ഒ. ഐ. സി. (ഫാ.), *ഒരു വിദേശയാത്രയും കുറെ ചിതറിയ ചിന്തകളും,* 1976.
കുരുവിള. പി. ടി., *ബൈബിൾ നൂറ്റാണ്ടുകളിലൂടെ,* 1971.
കുര്യൻ തോമസ് (എഡി.), *നിരണം ഗ്രന്ഥവരി*, സോഫിയാ ബുക്സ്, കോട്ടയം, 2000.

കുരിയൻ കണിയാമ്പറമ്പിൽ (കോറി), *സുറിയാനി സഭാചരിത്രം.*
ലോഗൻ, *മലബാർ മാനുവൽ.*
മക്കൻസി. കേണൽ, *സ്റ്റേറ്റ് ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ട്രാവൻകൂർ*, 1901.
മാത്യൂസ് അത്താനാസ്യോസ്, *മലങ്കരക്കാനോൻ.*
മാത്യു. പി. വി., *കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ* (വാല്യം 1, 2).
മാത്യു. പി. വി., *സുഗന്ധനാട് നസ്രാണി ചരിത്രം.*
മനോരമ (പബ്ലി), *റോയൽ കോടതി വിധി.*
മനോരമ (പബ്ലി), *സഭാ ഭരണഘടന,* 1934.
മാമ്മൻ കെ. വി., *രണ്ടായിരം വർഷം പിന്നിട്ട മലങ്കരസഭ.*
മാമ്മൻ കെ. വി., *മലങ്കരസഭയിലെ കാതോലിക്കാമാർ.*
മാമ്മൻ കെ. വി., *ആനപ്പാപ്പിയും മലങ്കര വർഗ്ഗീസും.*
മാത്യു പുരയ്ക്കൽ, *പുന്നത്ര കുടുംബചരിത്രം,* 1966.
മാത്യു. പി. സി. അഡ്വ., *ആർത്താറ്റ് പള്ളിപ്പാട്ടും ചരിത്രരേഖകളും.*
മാത്യു. പി. സി. അഡ്വ., *കെ. സി. മാമ്മൻമാപ്പിളയും മലങ്കരസഭയും.*
മാത്യു. പി. സി. അഡ്വ., *നിരണം പള്ളിച്ചരിത്രം.*
മാത്യു ഡാനിയേൽ, *കേരള ക്രൈസ്തവ സംസ്ക്കാരം,* 1985.
മിങ്ങാന. എ., *ഏർലി സ്പ്രെഡ് ഓഫ് ക്രിസ്ത്യാനി,* 1926.
നാഗമയ്യ, *ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ.*
പാറേട്ട് ഇസഡ്. എം., *മലങ്കര നസ്രാണികൾ* (വാല്യം 4, 5, 6), 1966.
പാറേട്ട് ഇസഡ്. എം., *മുളന്തുരുത്തി സുന്നഹദോസ്,* 1966.
ഫിലിപ്പ്. ഇ. എം., *മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ,* 1929, 1951.
ഫിലിപ്പ്. ഇ. എം., *മലങ്കരസഭയുടെ രഹസ്യപേടകം.*
പൊടിപാറ തോമസ്, *കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ,* 1972.
രമേശൻ നായർ എസ്. (വിവ), *ചിലപ്പതികാരം.*
രാമമേനോൻ പുത്തേഴത്ത്, *ശക്തൻ തമ്പുരാൻ,* 1989.
ശങ്കുണ്ണിമേനോൻ. പി., *തിരുവിതാംകൂർ ചരിത്രം.*
സാമുവൽ ചന്ദനപ്പള്ളി ഡോ., *മിഷണറി മലയാള ഗദ്യമാതൃകകൾ.*
സാമുവൽ ചന്ദനപ്പള്ളി ഡോ., *മലങ്കരസഭാപിതാക്കന്മാർ,* 1990.
സാമുവൽ. വി. സി. (ഫാ. ഡോ.), *സഭ വളരുന്നു.*
സാമുവൽ. വി. സി. (ഫാ. ഡോ.), *ഭാരതസഭ.*
സാമുവൽ. വി. സി. (ഫാ. ഡോ.), *ട്രൂത്ത് ട്രയംഫ്സ്.*
സാമുവൽ. വി. സി. (ഫാ. ഡോ.), *സ്വാനുഭവവേദിയിൽ.*
സേവേറിയോസ് യൂഹാനോൻ, *ശുശ്രൂഷാസംവിധാനം.*
സേവേറിയോസ് യൂഹാനോൻ, *വഴിത്തിരിവിലെ വെല്ലുവിളികൾ.*
എം. പി. വർക്കി, *മാർ ദീവന്നാസ്യോസ്.*
എം. പി. വർക്കി, *മാർ ഗ്രിഗോറിയോസ്.*
സ്കറിയ (ഫാ.) നെടുന്തള്ളിൽ, *കോതമംഗലം ബാവാ.*
തോമസ്. പി. ജെ. (ഡോ.), *മലയാള സാഹിത്യവും ക്രിസ്ത്യാനികളും.*
തോമ്മാ കത്തനാർ പാറേമ്മാക്കൽ, *വർത്തമാനപുസ്തകം.*
വർഗ്ഗീസ് ചീരൻ, *ഫെയ്ത്ത് ഓഫ് അവർ ഫാദേഴ്സ്.*
വർഗ്ഗീസ്. കെ. സി. (ഫാ.), *മലബാർ സ്വതന്ത്ര സുറിയാനി സഭാചരിത്രം.*

വാൻഡർപ്ലോഗ്. ഒ. പി., *സിറിയക് മാനുസ്ക്രിപ്റ്റ്സ് ഓഫ് തോമസ് ക്രിസ്ത്യൻസ്*, 1983.

**കയ്യെഴുത്ത് ഗ്രന്ഥങ്ങൾ**

ബസ്സേലിയോസ്സ് യൽദൊ മഫ്രിയാന, *1685 പള്ളിക്രമ പുസ്തക സമാഹാരം* (സുറിയാനി).

ഗ്രിഗോറിയോസ് അബ്ദുൽ ജലീൽ, *1665 സുസ്താത്തിക്കോൻ* (അറബി ഗാർസുനി).

ഈവാനിയോസ് ചെങ്ങന്നൂർ, *സന്യാസിനീ സന്യാസിമാരുടെ ക്രമം* (സുറിയാനി).

കാട്ടുമങ്ങാട്ട് കൂറിലോസ്, *കുർബ്ബാനതക്സാ* (സുറിയാനി കൽദായ).

പുലിക്കോട്ടിൽ മത്തായി ഫാ., *ഹൂദായകാനോൻ* (സുറിയാനി).

ഗീവറുഗ്ഗീസ് പുതുപ്പള്ളി, *ഹൂദായകാനോൻ* (സുറിയാനി).

ഗീവറുഗ്ഗീസ് ചീരൻ ഫാ., *കുർബ്ബാന തക്സാ.*

അജ്ഞാതകർത്തൃകം, *ക്രൈസ്തവ സഭാചരിത്രം.*

ശെമവൂൻ മാർ ദീവന്നാസ്യോസ്, *കണ്ടനാട് ഗ്രന്ഥവരി.*

പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് I, *സങ്കീർത്തനം* (പരിഭാഷ).

പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് I, *കുർബ്ബാനക്രമം* (പരിഭാഷ).

പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് I, *ആർത്താറ്റ് പടിയോല.*

കുരിയത് കത്തനാർ, *സങ്കീർത്തനം* (പരിഭാഷ).

5-ാം മാർത്തോമ്മാ, *മൂന്നു സുറിയാനി കത്തുകൾ.*

*കണ്ടനാട്ട് പടിയോല.*

തോമ്മാ അർക്കദിയാക്കോൻ, *റോമിലേക്കയച്ച സുറിയാനി കത്തുകൾ* (കൽദായ).

ചാക്കുണ്ണി കത്തനാർ കോലാടി, *കുർബ്ബാനക്രമം* (കൽദായ)

8-ാം മാർത്തോമ്മാ, *പട്ടംകൊട പുസ്തകം* (സുറിയാനി).

ഔഗേൻ ബാവാ, *പള്ളിക്കൂദാശ* (വിവർത്തനം).

വട്ടക്കുന്നേൽ ബാവാ, *പട്ടംകൊട ക്രമം* (മലയാളം).

വട്ടക്കുന്നേൽ ബാവാ, *മൂറോൻ കൂദാശക്രമം* (മലയാളം).

**സുവനീർ, ഡയറക്ടറി, എൻസൈക്ലോപീഡിയ**

വൈദിക ഡയറക്ടറി, 1989.

കൊച്ചി ഭദ്രാസന ഡയറക്ടറി, 1972.

റോയൽ കോടതിവിധി, 1975.

സുപ്രീംകോടതി വിധി, 1995.

പാലയൂർ സുവനീർ, 1972.

കാതോലിക്കോസ് സുവനീർ, 1946.

ശതാബ്ദി സുവനീർ, കുന്നംകുളം (പുത്തൻപള്ളി), 1953.

ആർത്താറ്റ് ഇടവക സുവനീർ, 1976.

പഴഞ്ഞി സണ്ടേസ്കൂൾ ശതാബ്ദി സ്മരണിക, 1971.

കോട്ടയം പഴയസെമിനാരി 175-ാം വാർഷിക സുവനീർ, 1990.

മാർ ദീവന്നാസ്യോസ് നവതി സുവനീർ, 1999.

ചൊവ്വന്നൂർ മില്ലേനിയം സുവനീർ, 2002